# മലയാളത്തിന്റെ വിജ്ഞാനഭാഷാസ്വരൂപം:

## കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നയസമീപനത്തെയും ആദ്യദശകത്തിലെ പ്രവർത്തനങ്ങളെയും മുൻനിർത്തിയുള്ള വിശകലനാത്മക പഠനം

**കാലിക്കറ്റ് സർവകലാശാലയിൽ**
**ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി**
**സമർപ്പിക്കുന്ന പ്രബന്ധം**

**മുരളീധരൻ സി. എം.**

മലയാള വിഭാഗം
**ശ്രീ നീലകണ്ഠ ഗവ. സംസ്കൃത കോളെജ്, പട്ടാമ്പി**
**മെയ് 2024**

# MALAYALAM AS LANGUAGE OF KNOWLEDGE:

## An analytical study based on the policy approach and programmes during the first decade of Kerala Bhasha Institute

Thesis submitted to the University of Calicut
for the Award of
DOCTOR OF PHILOSOPHY

**MURALEEDHARAN C. M.**

Dept. of Malayalam
**S N G S College, Pattambi**

**May 2024**

# സത്യപ്രസ്താവന

കാലിക്കറ്റ് സർവകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി സമർപ്പിക്കുന്ന "മലയാളത്തിന്റെ വിജ്ഞാനഭാഷാസ്വരൂപം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നയസമീപനത്തെയും ആദ്യദശകത്തിലെ പ്രവർത്തനങ്ങളെയും മുൻനിർത്തിയുള്ള വിശകലനാത്മക പഠനം" എന്ന ഈ ഗവേഷണപ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും പരീക്ഷയ്ക്കോ അസോസിയേറ്റ്ഷിപ്പിനോ ഫെലോഷിപ്പിനോ മറ്റേതെങ്കിലും അംഗീകാരത്തിനോ വേണ്ടി സമർപ്പിക്കപ്പെട്ടതല്ലെന്ന് ഇതിനാൽ സത്യപ്രസ്താവന ചെയ്യുന്നു. പ്രബന്ധത്തിൽ എ. ഐ. സൃഷ്ടിച്ച ഉള്ളടക്കം ഇല്ലെന്നും സാക്ഷ്യപ്പെടുത്തുന്നു.

പട്ടാമ്പി

25-05-2024

**മുരളീധരൻ സി. എം.**

# സാക്ഷ്യപത്രം

**ഡോ. എച്ച്. കെ. സന്തോഷ്**
വകുപ്പുമേധാവി, മലയാളവിഭാഗം
എസ്. എൻ. ജി. എസ്. കോളെജ്
പട്ടാമ്പി

കാലിക്കറ്റ് സർവകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി മുരളീധരൻ സി. എം. സമർപ്പിക്കുന്ന "മലയാളത്തിന്റെ വിജ്ഞാനഭാഷാസ്വരൂപം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നയസമീപനത്തെയും ആദ്യദശകത്തിലെ പ്രവർത്തനങ്ങളെയും മുൻനിർത്തിയുള്ള വിശകലനാത്മക പഠനം" എന്ന പ്രബന്ധം എന്റെ മേൽനോട്ടത്തിലാണ് തയ്യാറാക്കിയിരിക്കുന്നത് എന്നും ഇത് മറ്റൊരു അംഗീകാരത്തിനു വേണ്ടിയും സമർപ്പിക്കപ്പെട്ടിട്ടില്ല എന്നും സാക്ഷ്യപ്പെടുത്തുന്നു.



പട്ടാമ്പി
25-05-2024 **ഡോ. എച്ച്. കെ. സന്തോഷ്**

# സാക്ഷ്യപത്രം

**ഡോ. എച്ച്. കെ. സന്തോഷ്**
വകുപ്പുമേധാവി, മലയാളവിഭാഗം
എസ്. എൻ. ജി. എസ്. കോളെജ്
പട്ടാമ്പി

കാലിക്കറ്റ് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി മുരളീധരൻ സി.എം. സമർപ്പിപ്പിച്ച 'മലയാളത്തിന്റെ വിജ്ഞാനഭാഷാസ്വരൂപം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നയസമീപനത്തെയും ആദ്യദശകത്തിലെ പ്രവർത്തനങ്ങളെയും മുൻനിർത്തിയുള്ള വിശകലനാത്മക പഠനം' എന്ന ഗവേഷണ പ്രബന്ധം വിധികർത്താക്കൾ ശുപാർശ ചെയ്ത പ്രകാരം പരിഷ്കരിച്ചിട്ടുണ്ടെന്നും ഹാർഡ് കോപ്പിയിലും സോഫ്റ്റ് കോപ്പിയിലും തീസിസിന്റെ ഉള്ളടക്കം ഒന്നുതന്നെയാണെന്നും സാക്ഷ്യപ്പെടുത്തുന്നു.



പട്ടാമ്പി
17.03.2025

**ഡോ. എച്ച്. കെ. സന്തോഷ്**

# കൃതജ്ഞത

പഠനത്തിനാവശ്യമായ നിർദേശങ്ങൾ നൽകിയ മാർഗദർശി ഡോ. എച്ച്. കെ. സന്തോഷ്, ഡോക്ടറൽ കമ്മിറ്റി അംഗങ്ങൾ എന്നിവരോടുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു. പ്രീ സബ്മിഷൻ സെമിനാറിൽ അഭിപ്രായങ്ങളും നിർദേശം നൽകിയവരോടും നന്ദി.

നിരന്തരം പ്രോത്സാഹിപ്പിക്കുകയും തെളിച്ചം നൽകുകയും ചെയ്ത കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുൻ അസി. ഡയറക്ടർ കെ. കെ. കൃഷ്ണകുമാറിനോടുള്ള കടപ്പാട് നിസ്സീമമാണ്. ആവശ്യമായ വിവരങ്ങൾ നൽകിയ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണാധികാരികൾ, ജീവനക്കാർ, ലൈബ്രേറിയൻ എല്ലാവർക്കും നന്ദി. ആദ്യനാളുകളിലെ അനുഭവങ്ങളും വിവരങ്ങളും പങ്കുവച്ച ഇൻസ്റ്റിറ്റ്യൂട്ടിലെ മുൻകാല ജീവനക്കാരായ പതിനേഴുപേരോടും പ്രത്യേക നന്ദി.

നിരവധി വ്യക്തികളുടേയും സ്ഥാപനങ്ങളുടേയും സഹായസഹകരണങ്ങളുടെ പിൻബലത്തിലാണ് ഈ പഠനവും ഇതിന്റെ ഭാഗമായുള്ള മൂന്ന് പുസ്തകങ്ങളും–*ഭാഷാസൂത്രണം: പൊരുളും വഴികളും, വിജ്ഞാനവും വിജ്ഞാനഭാഷയും, മലയാളഭാഷയുടെ വൈജ്ഞാനികപദവി*– യാഥാർത്ഥ്യമാക്കുവാൻ കഴിഞ്ഞത്. ഇരുപത്തിയാറ് പൊതു ലൈബ്രറികൾ, പന്ത്രണ്ട് ഹോം ലൈബ്രറികൾ എന്നിവയ്ക്ക് പുറമേ, പൊതുസഞ്ചയങ്ങളടക്കം വലിയതോതിൽ സൈബർലോകത്തിന്റെ സേവനവും പ്രയോജനപ്പെടുകയുണ്ടായി. സഹായങ്ങൾ നൽകിയ എല്ലാവരുടേയും പേരെടുത്ത് പറയുക എളുപ്പമല്ല. അവരോടെല്ലാമുള്ള നന്ദി രേഖപ്പെടുത്തുന്നു. അവസാനരൂപം വായിച്ച് സ്ഖലിതങ്ങൾ ചൂണ്ടിക്കാട്ടിയത് ഡോ. സുസ്മിത, വി. ചന്ദ്രബാബു എന്നിവരാണ്. ഡാറ്റാവിശകലനത്തിന് നാഷണൽ സ്റ്റാറ്റിറ്റിക്സ് ഓഫീസിലെ ഉദ്യോഗസ്ഥനും സുഹൃത്തുമായ സുനിൽദേവ് നൽകിയ സഹായവും പ്രത്യേകം സൂചിപ്പിക്കേണ്ടതുണ്ട്.

ഈ പ്രബന്ധം തയ്യാറാക്കുന്നതിന് ഉപയോഗിച്ച ലിബറെ ഓപ്പൺ ഓഫീസ്, സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ്ങ് തയ്യാറാക്കിയ മഞ്ജരി ഫോണ്ട്, ലെ ഔട്ട് നിർവഹിക്കാൻ പ്രയോജനപ്പെടുത്തിയ LATEX, റഫറൻസ് മാനേജ്മെന്റിന് പ്രയോജനപ്പെടുത്തിയ Zotero എന്നീ സ്വതന്ത്ര സംരഭങ്ങളോടുള്ള കടപ്പാടും രേഖപ്പെടുത്താൻ ഈ അവസരം ഉപയോഗിക്കുന്നു. LATEXപഠനത്തിന് പിന്തുണ നൽകിയ സുഹൃത്ത് മുജീബിനും പ്രത്യേക നന്ദി. സാങ്കേതികരംഗത്തെ മുന്നേറ്റങ്ങളെ പ്രയോജനപ്പെടുത്താൻ ശ്രമിച്ചപ്പോൾ നേരിട്ട ചില പരിമിതികൾ പ്രബന്ധഗാത്രത്തിലുള്ള സൈറ്റേഷനിലും ബിബ്ലിയോഗ്രാഫിയിലും ഇടയ്ക്കുള്ള ഇംഗ്ലീഷുപദങ്ങളുടെ രൂപത്തിൽ കാണാം. Zotero, LATEXതുടങ്ങിയ സങ്കേതങ്ങളെ മലയാളത്തിന് അനുയോജ്യമായ രീതിയിൽ മാറ്റങ്ങൾ വരുത്തി ഒരുക്കേണ്ടതുണ്ട് (customize) എന്നാണ് ഇത് കാണിക്കുന്നത്. സർവകലാശാലകളുടെയും ഭാഷാസാങ്കേതികരംഗത്ത് പ്രവർത്തിക്കുന്നവരുടെയും ശ്രദ്ധ ഇക്കാര്യത്തിൽ പതിയേണ്ടതുണ്ട്.

പഠനത്തിന്റെ തുടക്കം മുതൽ ഒടുക്കം വരെ ഒപ്പം നിന്ന എന്റെ ജീവിതപങ്കാളിയോടും പ്രിയപ്പെട്ട കുടുംബാംഗങ്ങളോടുമുള്ള കടപ്പാട് ഹൃദയത്തിൽ സൂക്ഷിക്കുന്നു.

വിജ്ഞാനോൽപ്പാദനചരിത്രത്തിലെ പേരറിയാത്ത ആദ്യപഥികർക്ക് ഈ പ്രബന്ധം സമർപ്പിക്കുന്നു.
“നമ്മളവർക്കായ് പാടുന്നു, അവരുടെ വഴിയേ പോകുന്നു.
നമ്മുടെ വഴികളിലവരുടെ ദീപം സ്വർണവെളിച്ചം വിതറുന്നു!”

**മുരളീധരൻ സി. എം.**

# ഉള്ളടക്കം


ചുരുക്കെഴുത്തുകൾ 21

സംഗ്രഹം 23

ആമുഖം 25

0.1 പശ്ചാത്തലം . . . 25
0.2 പഠനമേഖല . . . 26
0.3 പഠനവിഷയം . . . 27
0.4 പഠനത്തിന്റെ പ്രാധാന്യം . . . 27
0.5 പൂർവപഠനങ്ങൾ . . . 30
0.6 പഠനത്തിന്റെ ലക്ഷ്യവും വ്യാപ്തിയും . . . 32
0.7 രീതിശാസ്ത്രം . . . 33
0.8 പ്രബന്ധഘടന . . . 34
0.9 പരിമിതികൾ . . . 36

1 വിജ്ഞാനഭാഷാസ്വരൂപവും ഭാഷാസൂത്രണവും 39

1.1 ആമുഖം . . . 39
1.2 ഭാഷയും സമൂഹവും . . . 39
1.3 വിജ്ഞാനം, വിജ്ഞാനഭാഷ . . . 43
1.3.1 വിജ്ഞാനോൽപ്പാദനം ആരംഭം . . . 46
1.3.2 വിജ്ഞാനോൽപ്പാദനം – നാഗരികസമൂഹം . . . 47
1.3.3 നവോത്ഥാനവും വൈജ്ഞാനികവിപ്ലവവും . . . 49
1.3.4 വികസിക്കുന്ന വൈജ്ഞാനികരംഗം . . . 51

1.4 വിജ്ഞാനഭാഷയുടെ സവിശേഷതകൾ . . . . . . . . . . . . . . . . . . . 53
1.4.1 സവിശേഷഭാഷകൾ . . . . . . . . . . . . . . . . . . . . . . . . . . 55
1.4.2 സാങ്കേതികപദങ്ങൾ– രൂപവും ഭാവവും . . . . . . . . . . . . . . . 56
1.4.3 അക്കാദമിക ജേണലുകൾ . . . . . . . . . . . . . . . . . . . . . . . 62
1.5 പ്രമുഖ വൈജ്ഞാനിക ഭാഷകളുടെ
ആവിർഭാവവും വളർച്ചയും . . . . . . . . . . . . . . . . . . . . . . . . . 65
1.5.1 സംസ്കൃതം . . . . . . . . . . . . . . . . . . . . . . . . . . . . . . 65
1.5.2 ചൈനീസ് . . . . . . . . . . . . . . . . . . . . . . . . . . . . . . . 68
1.5.3 അറബി . . . . . . . . . . . . . . . . . . . . . . . . . . . . . . . . 71
1.5.4 ഗ്രീക്ക്. . . . . . . . . . . . . . . . . . . . . . . . . . . . . . . . . 74
1.5.5 ലാറ്റിൻ . . . . . . . . . . . . . . . . . . . . . . . . . . . . . . . . 76
1.6 ശാസ്ത്രം നാട്ടുഭാഷകളിലേക്ക്–
വിപ്ലവപരമായ ഒരു ദിശാവ്യതിയാനം . . . . . . . . . . . . . . . . . . . 79
1.7 ഇംഗ്ലീഷിന്റെ അധീശത്വത്തിലേക്ക് . . . . . . . . . . . . . . . . . . . . 83
1.7.1 ജർമൻ . . . . . . . . . . . . . . . . . . . . . . . . . . . . . . . . 84
1.7.2 ഫ്രഞ്ച് . . . . . . . . . . . . . . . . . . . . . . . . . . . . . . . . 85
1.7.3 ഇംഗ്ലീഷ് . . . . . . . . . . . . . . . . . . . . . . . . . . . . . . . 87
1.8 ആഗോളീകരണം മാറ്റിമറിച്ച ഭാഷാരംഗം . . . . . . . . . . . . . . . . . . 92
1.9 വിവരസാങ്കേതികവിപ്ലവവും ഡിജിറ്റൽ വിഭജനവും . . . . . . . . . . . . . 96
1.10 വൈജ്ഞാനികവിനിമയത്തിലെ
അസന്തുലിതാവസ്ഥ . . . . . . . . . . . . . . . . . . . . . . . . . . . . 99
1.11 ഭാഷാസൂത്രണം . . . . . . . . . . . . . . . . . . . . . . . . . . . . . . 105
1.11.1 ഭാഷാസൂത്രണ വിഭാഗങ്ങൾ . . . . . . . . . . . . . . . . . . . . . 108
1.12 വൈജ്ഞാനികവിനിമയവും ഭാഷാസൂത്രണവും . . . . . . . . . . . . . . . 114

**2 വൈജ്ഞാനികമലയാളത്തിന്റെ പടവുകൾ 139**

2.1 ആമുഖം . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 139
2.2 ആദ്യനാളുകൾ . . . . . . . . . . . . . . . . . . . . . . . . . . . . . . . 140
2.3 മിഷണറികാലം . . . . . . . . . . . . . . . . . . . . . . . . . . . . . . 155
2.4 ആനുകാലികങ്ങളും പത്രങ്ങളും . . . . . . . . . . . . . . . . . . . . . . 165

2.5 പാഠപുസ്തകങ്ങൾ . . . . . . . . . . . . . . . . . . . . . . . . . . . 169

2.6 സാങ്കേതികപദങ്ങൾക്കുള്ള ശ്രമങ്ങൾ . . . . . . . . . . . . . . . . . . . . 173

2.7 സംഘടിതശ്രമങ്ങളും വ്യക്തിഗതശ്രമങ്ങളും . . . . . . . . . . . . . . . . 186

2.8 ഐക്യകേരളത്തിലെ മുന്നേറ്റങ്ങൾ . . . . . . . . . . . . . . . . . . . . . 193

2.9 ഭാഷയ്ക്കായുള്ള സ്ഥാപനങ്ങൾ . . . . . . . . . . . . . . . . . . . . . . . 201

2.9.1 കേരള സാഹിത്യ അക്കാദമി . . . . . . . . . . . . . . . . . . . 201

2.9.2 കേരള സർവകലാശാലയും മലയാള സർവകലാശാലയും . . . 204

2.9.3 മലയാളം ലെക്സിക്കൺ . . . . . . . . . . . . . . . . . . . . . . 205

2.9.4 സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് . . . . . . . . . . . . . . . . 206

2.10 മറ്റ് കോർപ്പസ് ആസൂത്രണ ശ്രമങ്ങൾ . . . . . . . . . . . . . . . . . . 207

2.10.1 വ്യാകരണ–ഭാഷാശാസ്ത്ര ഗ്രന്ഥങ്ങൾ . . . . . . . . . . . . . . . . 207

2.10.2 നിഘണ്ടുക്കളും വിജ്ഞാനകോശങ്ങളും . . . . . . . . . . . . . . . 209

2.10.3 അക്കാദമിക ജേണലുകൾ . . . . . . . . . . . . . . . . . . . . . 212

2.10.4 ലിപി ആവിഷ്ക്കരണവും മാനകീകരണവും . . . . . . . . . . . . 214

2.10.5 ഭാഷാകമ്പ്യൂട്ടിങ്ങ് . . . . . . . . . . . . . . . . . . . . . . . . . . 216

2.11 വിജ്ഞാനമലയാളം ഇന്ന് . . . . . . . . . . . . . . . . . . . . . . . . . 218

2.11.1 പുസ്തകങ്ങൾ . . . . . . . . . . . . . . . . . . . . . . . . . . . 219

2.11.2 പത്രമാധ്യമങ്ങൾ . . . . . . . . . . . . . . . . . . . . . . . . . . 222

2.11.3 ദൃശ്യമാധ്യമങ്ങൾ . . . . . . . . . . . . . . . . . . . . . . . . . . 225

2.11.4 റേഡിയോ . . . . . . . . . . . . . . . . . . . . . . . . . . . . . 226

2.11.5 സാഹിത്യത്തിലെ വൈജ്ഞാനികധാര . . . . . . . . . . . . . . . 226

2.11.6 ഗവേഷണരംഗം . . . . . . . . . . . . . . . . . . . . . . . . . . 228

2.12 വിജ്ഞാനഭാഷയും അധ്യയനമാധ്യമവും . . . . . . . . . . . . . . . . . . 229

2.13 ഉപസംഹാരം . . . . . . . . . . . . . . . . . . . . . . . . . . . . . . 231

**3 കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്: രൂപീകരണവും പ്രവർത്തനങ്ങളും 243**

3.1 ആമുഖം . . . . . . . . . . . . . . . . . . . . . . . . . . . . . . . . 243

3.2 പശ്ചാത്തലം . . . . . . . . . . . . . . . . . . . . . . . . . . . . . . 244

3.3 ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് രൂപീകരണം . . . . . . . . . . . . . . . . . . . . . 251

3.4 പ്രവർത്തന പരിപ്രേക്ഷ്യം . . . . . . . . . . . . . . . . . . . . . . . . . 256

3.5 സ്ഥാപന ഘടന . . . . . . . . . . . . . . . . . . . . . . . . . . . . 260
3.6 സെമിനാറുകളും മാതൃകാക്ലാസുകളും . . . . . . . . . . . . . . . . . . . . 264
3.7 പുസ്തകനിർമാണ പദ്ധതി . . . . . . . . . . . . . . . . . . . . . . . . 269
3.8 ശബ്ദാവലികൾ . . . . . . . . . . . . . . . . . . . . . . . . . . . . . 281
3.8.1 വിജ്ഞാനശബ്ദാവലി . . . . . . . . . . . . . . . . . . . . . . . 284
3.8.2 മാനവികശബ്ദാവലി . . . . . . . . . . . . . . . . . . . . . . . 287
3.8.3 കൃഷിശബ്ദാവലി . . . . . . . . . . . . . . . . . . . . . . . . 288
3.8.4 എൻജിനീയറിങ്ങ് ശബ്ദാവലി . . . . . . . . . . . . . . . . . . . . 288
3.8.5 ഭാഷാശാസ്ത്രശബ്ദാവലി . . . . . . . . . . . . . . . . . . . . . . 290
3.8.6 ഭരണശബ്ദാവലി . . . . . . . . . . . . . . . . . . . . . . . . . 290
3.8.7 മീറ്റിയറോളജി ശബ്ദാവലി . . . . . . . . . . . . . . . . . . . . . 291
3.8.8 വൈദ്യകശബ്ദാവലി . . . . . . . . . . . . . . . . . . . . . . . . 291
3.8.9 സാഹിത്യശബ്ദാവലി . . . . . . . . . . . . . . . . . . . . . . . 293
3.8.10 വാണിജ്യശബ്ദാവലി . . . . . . . . . . . . . . . . . . . . . . . 293
3.9 പത്രമാസികാപ്രസാധനം . . . . . . . . . . . . . . . . . . . . . . . . 294
3.9.1 വിജ്ഞാനകൈരളി . . . . . . . . . . . . . . . . . . . . . . . . 295
3.9.2 വിജ്ഞാനപോഷിണി . . . . . . . . . . . . . . . . . . . . . . . 300
3.9.3 വിജ്ഞാനരംഗം . . . . . . . . . . . . . . . . . . . . . . . . . 304
3.10 ഭാഷാമാനകീകരണം . . . . . . . . . . . . . . . . . . . . . . . . . 305
3.11 ടൈപ്പ്റൈറ്റർ പരിഷ്കരണം . . . . . . . . . . . . . . . . . . . . . . . 309
3.12 ചുരുക്കെഴുത്ത് മാന്വൽ . . . . . . . . . . . . . . . . . . . . . . . . . 312
3.13 ലിപിപരിഷ്കരണം . . . . . . . . . . . . . . . . . . . . . . . . . . 313
3.14 ഭരണഭാഷാരംഗം . . . . . . . . . . . . . . . . . . . . . . . . . . . 314
3.15 അധ്യയനമാധ്യമരംഗം . . . . . . . . . . . . . . . . . . . . . . . . . 315
3.16 ഭാരതീയ ഭാഷാവിദ്യാലയം . . . . . . . . . . . . . . . . . . . . . . . 319
3.17 മലയാളം ബ്രിഡ്ജ് കോഴ്സ് . . . . . . . . . . . . . . . . . . . . . . . 322
3.18 പ്രത്യേക തൊഴിൽദാന പദ്ധതി . . . . . . . . . . . . . . . . . . . . . 323
3.19 പരിഭാഷാ പരിശീലനം . . . . . . . . . . . . . . . . . . . . . . . . . 326
3.20 മറ്റു പ്രവർത്തനങ്ങൾ . . . . . . . . . . . . . . . . . . . . . . . . . 327

**4 ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടും മലയാള ഭാഷാസൂത്രണവും** **345**

4.1 ആമുഖം . . . . . . . . . . 345

4.2 ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടും സമാനസ്ഥാപനങ്ങളും . . . . . . . . . . 346

4.3 പുസ്തകപ്രസിദ്ധീകരണം . . . . . . . . . . 351

4.4 ആനുകാലികങ്ങൾ . . . . . . . . . . 370

4.5 ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഷാപരിചരണം . . . . . . . . . . 378

4.6 സാങ്കേതികപദാവലികൾ . . . . . . . . . . 383

4.6.1 പരിമിതികളും പ്രശ്നങ്ങളും . . . . . . . . . . 387

4.6.2 പദരൂപീകരണം: കാഴ്ചപാടിലെ വൈരുധ്യങ്ങൾ . . . . . . . . . . 397

4.6.3 പദങ്ങളുടെ സ്ഥായിത്വം . . . . . . . . . . 401

4.6.4 സി.എസ്.ടി.ടി.യുടെ പങ്ക് . . . . . . . . . . 414

4.6.5 സംസ്കൃതാധിഷ്ഠിതപദങ്ങളും ആധുനികശാസ്ത്രവും . . . . . . . . . . 416

4.7 ലിപിപരിഷ്കരണം, മാനകീകരണം,
ആധുനികീകരണം . . . . . . . . . . 420

4.8 പരിണിതിയും പ്രതിസന്ധിയും . . . . . . . . . . 431

4.8.1 ആന്തരിക കാരണങ്ങൾ . . . . . . . . . . 431

4.8.2 ബാഹ്യകാരണങ്ങൾ . . . . . . . . . . 458

**ഉപസംഹാരം** **481**

**ശുപാർശകൾ** **494**

**ബിബ്ലിയോഗ്രാഫി** **498**

**സൂചിക** **526**

**അനുബന്ധങ്ങൾ** **532**

01. Principles for Evolution of Terminology-CSTT . . . . . . . . . . 533

02. പാഠപുസ്തകനിർമാണത്തിനായി
വിവിധ സംസ്ഥാനങ്ങളിൽ രൂപീകരിക്കപ്പെട്ട സംവിധാനങ്ങൾ . . . . . 535

03. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് രൂപീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് . . . . . . 536

04. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതിയുടെ ആദ്യയോഗത്തിന്റെ മിനുട്സ് . . 538

05. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഭരണഘടനയും നിയമാവലിയും . . . . . . . . . . . . . 540
06. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അക്കാദമിക വിഭാഗത്തിലെ സ്റ്റാഫ് –1972 മാർച്ച് . . 549
07.ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ആദ്യവർഷങ്ങളിൽ നടത്തിയ സെമിനാറുകൾ/ ശിൽപ്പശാലകൾ/മാതൃകാ ക്ലാസുകൾ . . . . . . . . . . . . . . . . . . . . 552
08. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകനിർമാണ പദ്ധതി– 1973 ലെ ലിസ്റ്റ് . . . . 554
09. വിജ്ഞാനകൈരളി 1–10 വാല്യങ്ങളിലെ ലേഖനങ്ങളുടെ സൂചിക . . . . . . 556
10. മലയാളപദങ്ങൾക്ക് ഒരു ഏകീകൃത ലിപിവിന്യാസരീതി . . . . . . . . . . . 558
11. പരിഷ്കരിച്ച മലയാളലിപികളുടെ ആവൃത്തിവിതരണം . . . . . . . . . . . 562
12. മലയാളം ടൈപ്പ് റൈറ്റർ ഭാഷ . . . . . . . . . . . . . . . . . . . . . . . . 569
13. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പദനിർമാണ രീതികൾ . . . . . . . . . . . . . . . . . . . . 574
14. ദ്വിപദ നാമകരണപദ്ധതി മലയാളത്തിൽ . . . . . . . . . . . . . . . . . . . 584
15. വിജ്ഞാനശബ്ദാവലി ഒന്നാം വാല്യത്തിലെ പദങ്ങൾ– A മുതൽ J വരെ . . 586
16. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ– സിൽ നമ്പർ 1 മുതൽ 1200 വരെ . . . . . . . . . . . . . . . . . . . . . . . . . . . . . . . 588
17. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചരിത്രത്തിലെ ചില പ്രധാന സംഭവങ്ങൾ . . . . . 590

# പട്ടികകളുടെ സൂചിക


1.1 വാക്കും പദവും തമ്മിലുള്ള വ്യത്യാസങ്ങൾ. അവലംബം (Khan 699). . . . 59

2.1 1972 ഒക്ടോബർ 31 വരെ മലയാളഭാഷയിൽ പുറത്തിറങ്ങിയ വൈജ്ഞാനികകൃതികൾ– എം. എൻ. സുബ്രഹ്മണ്യൻ തയ്യാറാക്കിയ ശാസ്ത്രഗ്രന്ഥസൂചിയിൽ ക്രോഡീകരിച്ചത്. . . . . . . . . . . . . . . . . . 152

3.1 ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകനിർമാണ പദ്ധതി. 1973 ൽ പരിഷ്കരിച്ച ലിസ്റ്റ് അനുസരിച്ച് പ്രകൃതിശാസ്ത്രവിഭാഗം തയ്യാറാക്കേണ്ട പുസ്തകങ്ങൾ . 272

3.2 ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകനിർമാണ പദ്ധതി. 1973 ൽ പരിഷ്കരിച്ച ലിസ്റ്റ് അനുസരിച്ച് ഭൗതികശാസ്ത്രവിഭാഗം തയ്യാറാക്കേണ്ട പുസ്തകങ്ങൾ 273

3.3 ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകനിർമാണ പദ്ധതി. 1973 ൽ പരിഷ്കരിച്ച ലിസ്റ്റ് അനുസരിച്ച് സാങ്കേതികശാസ്ത്രവിഭാഗം തയ്യാറാക്കേണ്ട പുസ്തകങ്ങൾ . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 273

3.4 ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകനിർമാണ പദ്ധതി. 1973 ൽ പരിഷ്കരിച്ച ലിസ്റ്റ് അനുസരിച്ച് സാമൂഹികശാസ്ത്രവിഭാഗം തയ്യാറാക്കേണ്ട പുസ്തകങ്ങൾ274

3.5 ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകനിർമാണ പദ്ധതി. 1973 ൽ പരിഷ്കരിച്ച ലിസ്റ്റ് അനുസരിച്ച് ഭാഷാവിഭാഗം തയ്യാറാക്കേണ്ട പുസ്തകങ്ങൾ . . . . . 274

3.6 ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ആദ്യദശകത്തിൽ ഒന്നാം പതിപ്പായി പുറത്തിറക്കിയ പുസ്തകങ്ങൾ. . . . . . . . . . . . . . . . . . . . . . . . . . . . . . . 280

3.7 ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനു വേണ്ടി സാംഖ്യിക വിദഗ്ധനായ എസ്. വിജയനാഥൻ പിള്ള നടത്തിയ പഠനം മലയാളം ടൈപ്പ് റൈറ്ററുകളിലേക്ക് നിർദേശിച്ച ലിപിരൂപങ്ങൾ . . . . . . . . . . . . . . . . . . . . . . . 311

3.8 ഭാരതീയ ഭാഷാവിദ്യാലയം പദ്ധതിയിൽ തമിഴ്, കന്നഡ, ബംഗാളി ഭാഷകളിൽ നടന്ന കോഴ്സുകളുടെ വിവരങ്ങൾ . . . . . . . . . . . . . . . . 320

4.1 കേന്ദ്ര പദ്ധതി പ്രകാരം ഇരുപത് വർഷങ്ങൾ കൊണ്ട് ഇന്ത്യൻ ഭാഷക ളിൽ നിർമിക്കപ്പെട്ട വൈജ്ഞാനികഗ്രന്ഥങ്ങളുടെ എണ്ണം. . . . . . . . . 347
4.2 വിവിധ വൈജ്ഞാനികമേഖലകളിൽ 1969–78, 1979–88 ദശകങ്ങളിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ എണ്ണം താരതമ്യം . . 358
4.3 1969–78, 1979–88 ദശകങ്ങളിൽ പദ്ധതി–പദ്ധതിയേതര ഇനങ്ങളിലായി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയ പുസ്തകങ്ങൾ താരതമ്യം . . . . . . . . 360
4.4 1969–78, 1979–88 ദശകങ്ങളിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയ പുസ്ത കങ്ങളിലെ മൗലികഗ്രന്ഥങ്ങൾ, പരിഭാഷാ ഗ്രന്ഥങ്ങൾ, പുനരാഖ്യാനം എന്നിവ തമ്മിലുള്ള അനുപാതം . . . . . . . . . . . . . . . . . . . . . . . 361
4.5 1969–78, 1979–88 ദശകങ്ങളിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയ പുസ്ത കങ്ങൾ അവയുടെ ഉള്ളടക്കസ്വഭാവം അനുസരിച്ച് . . . . . . . . . . . . 362
4.6 1969–78, 1979–88 ദശകങ്ങളിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയ പുസ്ത കങ്ങൾ ഇൻസ്റ്റിറ്റ്യൂട്ടിലെ അക്കാദമികവിഭാഗങ്ങൾ അനുസരിച്ച് . . . . . 362
4.7 വിജ്ഞാനകൈരളിയുടെ 1, 21, 41 വാല്യങ്ങളിലെ ലേഖനങ്ങളുടെ ഉള്ളട ക്കസ്വഭാവം താരതമ്യം . . . . . . . . . . . . . . . . . . . . . . . . . 375
4.8 ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ശബ്ദാവലികളിലെ സാങ്കേതികപദങ്ങളുടെ ഏകദേശ എണ്ണം . . . . . . . . . . . . . . . . . . . . . . . . . . . . . 384
4.9 വിജ്ഞാനശബ്ദാവലിയുടെ ഒന്നും രണ്ടും പതിപ്പുകളിൽ സ്വിച്ച് എന്ന പദത്തിനും ഉപപദങ്ങൾക്കും നൽകിയ മലയാളപദങ്ങൾ. . . . . . . . . . 388
4.10 ഹീലിയം, ഹൈഡ്രോഡയനാമിക്സ് എന്നീ സാങ്കേതികപദങ്ങളുടെ ഉപയോഗം ഇംഗ്ലീഷ്, ഫ്രെഞ്ച്, ജർമൻ, ഇറ്റാലിയൻ, റഷ്യൻ ഭാഷകളിൽ . 396
4.11 വിജ്ഞാനശബ്ദാവലി ഒന്നാം വാല്യത്തിലെ A മുതൽ J വരെയുള്ള അക്ഷ രങ്ങളിലെ പദങ്ങളിൽ വ്യത്യസ്തരീതികളിൽ ഒന്നാം പദമായി അന്താരാഷ്ട്ര പദങ്ങൾ നൽകിയവയുടെ എണ്ണം . . . . . . . . . . . . . . . . . . . . . . 402
4.12 വിജ്ഞാനശബ്ദാവലി ഒന്നാം വാല്യത്തിലെ A മുതൽ J വരെയുള്ള അക്ഷരങ്ങളിലെ പദങ്ങളിൽ ഒന്നാം പദമായി അന്താരാഷ്ട്രപദങ്ങൾ നൽകാത്തവയ്ക്ക് രണ്ടാം പദമായി കൊണ്ടുവന്ന അന്താരാഷ്ട്ര പദങ്ങളുടെ എണ്ണം . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 403

4.13 സാങ്കേതികപദങ്ങൾ വിജ്ഞാനശബ്ദാവലിയിലും അതിനുശേഷവും: വിജ്ഞാനശബ്ദാവലി ഒന്ന്–രണ്ട് പതിപ്പുകൾ, ത്രിഭാഷാപദകോശം, ശാസ്ത്രനിഘണ്ടു, സാങ്കേതികപദാവലി എന്നിവയിൽ തിരഞ്ഞെടുക്കപ്പെട്ട ഭൗതികശാസ്ത്ര പദങ്ങൾ ഉപയോഗിക്കപ്പെട്ട വിധം . . . . . . . . . . . . 409

4.14 തിരഞ്ഞെടുത്ത ഭൗതികശാസ്ത്രപദങ്ങളിൽ അന്താരാഷ്ട്രപദങ്ങളുടെ ഉപയോഗനിരക്ക്: വിജ്ഞാനശബ്ദാവലി ഒന്ന്–രണ്ട് പതിപ്പുകൾ, ത്രി ഭാഷാപദകോശം, ശാസ്ത്രനിഘണ്ടു, സാങ്കേതികപദാവലി എന്നിവയെ മുൻനിർത്തി. . . . . . . . . . . . . . . . . . . . . . . . . . . . . . . 409

4.15 വിജ്ഞാനശബ്ദാവലി ഒന്നാം പതിപ്പിലെ അമ്പത് ഭൗതികശാസ്ത്രപദ ങ്ങൾക്ക് പിന്നീട് വിവിധ സാങ്കേതികപദകോശങ്ങളിൽ സംഭവിച്ച വ്യതി യാനം . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 409

4.16 ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ അക്കാദമികവിഭാഗം, ഭരണ വിഭാഗം എന്നിവ യിലെ സ്റ്റാഫ് നില 1970, 1973, 1978 വർഷങ്ങളിൽ, വിജ്ഞാനമുദ്രണം പ്രസ്സിലെ സ്റ്റാഫ് നില 1978 ൽ . . . . . . . . . . . . . . . . . . . . . . . 437

4.17 ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകങ്ങൾ വിഷയമേഖലകൾക്കനുസരിച്ച്– ഒന്നാം ദശകവും അഞ്ചാം ദശകവും തമ്മിലുള്ള താരതമ്യം . . . . . . . . 440

4.18 ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2022 ലെ കാറ്റലോഗിൽ ലഭ്യമായ പുസ്തകങ്ങളുടെ ഇനം തിരിച്ചുള്ള വിശകലനം . . . . . . . . . . . . . . . . . . . . . . . . . 443

4.19 ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിവിധ കാലങ്ങളിലെ ഡയറക്ടർമാരും അവരുടെ പ്രവർത്തനകാലയളവും . . . . . . . . . . . . . . . . . . . . . . . 457

# ചിത്രസൂചിക


3.1 കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകനിർമാണ പദ്ധതി–1973, വിവിധ മേഖലകളുടെ പ്രാതിനിധ്യം വിശദമാക്കുന്ന പൈ ചാർട്ട് . . . . . . . . . . 275

3.2 വിജ്ഞാനകൈരളിയുടെ ആദ്യ ഒൻപതു വാല്യങ്ങളിലെ ലേഖനങ്ങളുടെ ഉള്ളടക്കച്ചേരുവയുടെ പൈ ചാർട്ട്. . . . . . . . . . . . . . . . . . . . . . . . 296

3.3 ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് രൂപകൽപ്പന ചെയ്ത മലയാളം ടൈപ്പ്റൈറ്റർ കീ ബോർഡ്. . . . . . . . . . . . . . . . . . . . . . . . . . . . . . . . . 311

4.1 1850–1860 മുതൽ 1991–2000 വരെയുള്ള കാലയളവിൽ മലയാളത്തിൽ പുറത്തിറങ്ങിയ സാഹിത്യകൃതികളുടെയും സാഹിത്യേതരകൃതികളുടെയും എണ്ണം–താരതമ്യം. . . . . . . . . . . . . . . . . . . . . . . . . . 353

4.2 വിജ്ഞാനകൈരളി ലേഖനങ്ങളിൽ ശാസ്ത്രം, സാമൂഹികശാസ്ത്രം, ഭാഷ, മറ്റുള്ളവ എന്നീ വിഭാഗങ്ങളിൽ 1, 21, 41 വാല്യങ്ങളിൽ വന്ന വ്യതിയാനം. 376

# ചുരുക്കെഴുത്തുകൾ

ആർ. എൻ. ഐ. ............... റജിസ്ട്രാർ ഓഫ് ന്യൂസ് പേപ്പേർസ് ഫോർ ഇന്ത്യ

ഇ. എം. എസ്. ............................... ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്

എ. ആർ. ......................................... എ. ആർ. രാജരാജവർമ

എച്ച്.ഡി.സി .......................... ഹയർ ഡിപ്ലോമ ഇൻ കോ ഓപ്പറേഷൻ

എഡി. ........................................................... എഡിറ്റർ

എൻ. സി. ഇ. ആർ. ടി. ....നാഷണൽ കൗൺസിൽ ഓഫ് എഡ്യൂക്കേഷനൽ റിസർച്ച് ആന്റ് ട്രെയിനിങ്ങ്

എൻ. വി. ......................................... എൻ. വി. കൃഷ്ണവാരിയർ

എൽ. എം. എസ്. ............................ . ലണ്ടൻ മിഷനറി സൊസൈറ്റി

എസ്. സി. ഇ. ആർ. ടി. ..ദി സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിങ്

കാ. ............................................................. കാണുക

ഗവ. ...................................................... ഗവൺമെന്റ്

ജെ. ടി. എസ്. ............................. ജൂനിയർ ടെക്നിക്കൽ സ്കൂൾ

ജെ. ഡി. സി. ....................... ജൂനിയർ ഡിപ്ലോമ ഇൻ കോ–ഓപ്പറേഷൻ

ഡി. ടി. പി. ....................................... ഡെസ്ക് ടോപ്പ് പബ്ലിഷിങ്ങ്

ഡി. പി. ഐ. ..................... ഡയറക്ടർ ഓഫ് പബ്ലിക്ക് ഇൻസ്ട്രക്ഷൻ

പരി. ........................................................... പരിഭാഷ

പി എസ്. സി. ............................... പബ്ലിക്ക് സർവീസ് കമ്മീഷൻ

പി. ടി. ബി. ...................................... പി. ടി. ഭാസ്കരപ്പണിക്കർ

ബി.സി. ഇ. .................. ബിഫോർ ക്രിസ്റ്റ്യൻ ഇറ (പൊതുവർഷത്തിനു മുമ്പ്)

യു. എ. ഇ. .............................. യുനൈറ്റഡ് അറബ് എമിറേറ്റ്സ്

യു. എസ്. എ. ............................ യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്ക

യു. കെ. ...................................................... യുണൈറ്റഡ് കിങ്ഡം

യു. ജി. സി. .................................. യൂനിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ

വിവ. ............................................................. വിവർത്തനം

സമാ. ........................................................... സമാഹരണം

സമ്പാ. ........................................................... സമ്പാദനം

സി. ഇ. .............................................. കോമൺ ഇറ (പൊതുവർഷം)

സി. എം. എസ്. ..................................... ചർച്ച് മിഷനറി സൊസൈറ്റി

സി.എസ്.ടി.ടി. ................. കമ്മീഷൻ ഫോർ സയന്റിഫിക്ക് ആന്റ് ടെക്നിക്കൽ ടെർമിനോളജി

സ്റ്റെപ്സ് STEPS ..... സയന്റിഫിക്ക് ടെക്നിക്കൽ ആന്റ് എഡ്യുക്കേഷനൽ പബ്ലിഷിങ്ങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

ഫിൽസ FILSA .................. ഫെഡറേഷൻ ഓഫ് ഇന്ത്യൻ ലാംഗ്വേജ് സയൻസ് അസോസിയേഷൻസ്

# സംഗ്രഹം

സംസ്ഥാന രൂപീകരണത്തിനുശേഷം മലയാളത്തിലെ വൈജ്ഞാനികസാഹിത്യം വളർച്ച നേടിയിട്ടുണ്ടെങ്കിലും, ആവശ്യവുമായി താരതമ്യം ചെയ്യുമ്പോൾ അത് നിരവധി വെല്ലുവിളികളെ നേരിടുന്നു. മലയാളത്തിലെ ഭാഷാപോഷണശ്രമങ്ങളിൽ ഏറ്റവും വിപുലമായതും ആസൂത്രിതവുമായിരുന്നതും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വ ത്തിൽ നടന്ന പ്രവർത്തനങ്ങളായിരുന്നു. ആധുനിക വിജ്ഞാനപ്രചാരണത്തിനുള്ള ഫലപ്രദമായ മാധ്യമമായി മലയാളഭാഷയെ വികസിപ്പിക്കുകയും അതിന്റെ സമ്പത്തും ശക്തിയും ദ്രുതഗതിയിൽ വളർത്തുകയും ചെയ്യുക എന്നതായിരുന്നു ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുഖ്യലക്ഷ്യം.

ഭാഷാസൂത്രണ സങ്കൽപ്പനങ്ങളുടെ വെളിച്ചത്തിൽ മലയാളത്തിന്റെ വൈജ്ഞാ നികഭാഷാസ്വരൂപത്തെ വിലയിരുത്താനും അതിനെ നിർണയിക്കുന്നതിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എത്രത്തോളം സ്വാധീനം ചെലുത്തി എന്ന് പരിശോധിക്കാനും ശ്രമിക്കുന്നു. ഒപ്പം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനപഥത്തിൽ വന്ന ദിശാമാറ്റത്തേയും അതിന്റെ കാരണങ്ങളേയും വിശകലനം ചെയ്യുന്നു.

**താക്കോൽ വാക്കുകൾ**

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കോർപ്പസ് ആസൂത്രണം, ഭാഷാസൂത്രണം, മലയാളഭാഷ, വിജ്ഞാനഭാഷ, വൈജ്ഞാനികപദവി, ശാസ്ത്രഭാഷ, ശാസ്ത്ര–സാങ്കേതികപദങ്ങൾ

# ആമുഖം

## 0.1 പശ്ചാത്തലം

ഒരു ജീവൽഭാഷയ്ക്ക് സ്വാഭാവികമായ വികാസപരിണാമങ്ങൾ സംഭവിക്കുന്നുണ്ടെങ്കിലും അതതു ഭാഷാസമൂഹത്തിന്റെ ബോധപൂർവമായ ഇടപെടലുകളിലൂടെ ശരിയായ ഭാഷാസൂത്രണം നടത്തിയാൽ മാത്രമേ ആ ഭാഷ സമഗ്രവും സമകാലികവുമായ വിനിമയാവശ്യങ്ങൾക്ക് പര്യാപ്തമാകുകയുള്ളൂ. ആധുനിക വൈജ്ഞാനികവിഷയങ്ങൾ കൈകാര്യം ചെയ്യാൻ കഴിയുംവിധം മലയാളം വികസിക്കേണ്ടതിനെക്കുറിച്ചുള്ള ചർച്ചകൾ അക്കാദമികമണ്ഡലത്തിലും പൊതുചർച്ചകളിലും മറ്റും സമീപകാലത്ത് സജീവമായി വരികയാണ്. ചിലപ്പോഴെങ്കിലും ഈ ചർച്ചകൾ ഭൂതകാലമാഹാത്മ്യത്തിൽ അഭിരമിക്കാനുള്ള വേദികളായി മാറുകയും ചെയ്യുന്നുണ്ട്. വിജ്ഞാനവും വിജ്ഞാനഭാഷയും[1] ചരിത്രത്തിന്റെ സ്ഥലികളിൽ തളംകെട്ടിക്കിടക്കുന്നവയല്ല. അവ നിരന്തരം നവീകരിക്കപ്പെടുന്നവയാണ്. കേരളം രൂപീകരിച്ച് നടപ്പാക്കേണ്ട വൈജ്ഞാനികഭാഷാനയം സംബന്ധിച്ച ആലോചനകൾക്ക് കരുത്തുപകരുംവിധം അക്കാദമികപഠനമേഖലയിലെ പ്രഥമപരിഗണനയും ഉൾക്കരുത്തും ഇനിയും ഈ വിഷയത്തിന് കൈവന്നിട്ടില്ല. ബാഹ്യമണ്ഡലത്തിൽ (periphery) ഒതുങ്ങിപ്പോവാതെ ആഴത്തിലുള്ള വിശകലനങ്ങളിലേക്കും മൂർത്തമായ പ്രവർത്തനപരിപാടികളിലേക്കും ഇത്തരം ചർച്ചകളെ വികസിപ്പിക്കേണ്ടതുണ്ട്. ഭാഷാശേഷിയിലും പ്രയോഗമണ്ഡലത്തിലും മലയാളം പരിമിതപ്പെട്ടുപോയ വൈജ്ഞാനികവ്യവഹാരമണ്ഡലത്തിലെ പ്രശ്നങ്ങൾ സൂക്ഷ്മതലത്തിൽ നിർധാരണം ചെയ്തുകൊണ്ടേ ഇതു സാധ്യമാവൂ.

ഉൽപ്പാദനമേഖലയിൽനിന്നും സേവനമേഖലയിൽനിന്നും ഉപഭോക്തൃമേഖലയിൽനിന്നുമെല്ലാം അന്യമാക്കപ്പെട്ട മലയാളഭാഷ ഇന്ന് സ്കൂൾ ക്ലാസ്മുറികളിലെ പഠനത്തിൽനിന്നും വലിയതോതിൽ നിഷ്കാസിതമായിക്കൊണ്ടിരിക്കുന്നു. കേവലമായ

ക്ലാസിക്കൽ പദവിയോ ശ്രേഷ്ഠഭാഷാപദവിയോ ഭാഷയെ രക്ഷിക്കില്ല. ക്ലാസ്മുറിയി ലില്ലാത്ത ഭാഷയിൽ ഒരിക്കലും വിജ്ഞാനം കൈകാര്യം ചെയ്യപ്പെടില്ല. വിജ്ഞാനം കൈകാര്യം ചെയ്യപ്പെടാത്ത ഭാഷ ദൈനംദിനവ്യവഹാരങ്ങളിലേക്ക് മാത്രമായി ചുരുങ്ങു കയും കേവലം പേച്ചുവഴക്കങ്ങളുടെ ഗണത്തിലേക്ക് മാറുകയും ചെയ്യും. നിശ്ചിതഭാഷയിൽ ഉൽപ്പാദിപ്പിച്ച വിജ്ഞാനത്തെത്തേടി മറ്റു ഭാഷകളെത്തുമ്പോഴാണ് ആ ഭാഷ ഉയർന്ന നിലവാരത്തിലെത്തുന്നത്. സവിശേഷ വൈജ്ഞാനിക മണ്ഡലങ്ങളിലേക്കും അവയെ കേന്ദ്രീകരിച്ച ഉന്നതമായ ചിന്തകളിലേക്കും കടന്നുചെല്ലാൻ കഴിയുംവിധം ഭാഷയെ ഒരുക്കിനിർത്തുകയെന്നത് അത്യന്തം പ്രാധാന്യമർഹിക്കുന്നു.

സമഗ്രമായ ഭാഷാസൂത്രണപ്രക്രിയയ്ക്കും ഇച്ഛാശക്തിയോടെയുള്ള ഇടപെടലിനും മലയാളഭാഷയിൽ ഇതുവരെയും തുടക്കമിടാനായില്ല എന്നത് വലിയ ന്യൂനതയാണ്. ഭരണകൂടതലത്തിൽ സംഭവിക്കേണ്ട ഭാഷാസൂത്രണവും ദിശാബോധത്തോടെയുള്ള നടപ്പാക്കലും മാത്രമല്ല, അടിത്തട്ടിൽ നിന്നുയർന്നുവരുന്ന ഭാഷാമുന്നേറ്റങ്ങളും ഇന്ന് മലയാളത്തിന്റെ കാര്യത്തിൽ പ്രസക്തവും പ്രധാനവുമാണ്. വിപുലമായ പങ്കാളി ത്തചർച്ചകളിലൂടെ രൂപംകൊള്ളുന്ന സമഗ്രമായ ഒരു ഭാഷാനയം ഇതിന്റെ മുന്നോ ടിയുമാണ്. ഭാഷയുടെ പദവിയെ മുൻനിർത്തിയുള്ള ആസൂത്രണം (Status planning), ഭാഷയുടെ കോർപ്പസ് തലത്തിലുള്ള ആസൂത്രണം (Corpus planning), ഭാഷാസ മാർജനം സംബന്ധിച്ച ആസൂത്രണം (Acquisition planning) എന്നിങ്ങനെയുള്ള മൂന്നുതരം ഭാഷാസൂത്രണങ്ങളും ഇതിലുൾപ്പെടുന്നു. മലയാളത്തെ ഒരു വൈജ്ഞാനിക ഭാഷയായി മാറ്റാനുള്ള ആസൂത്രിതശ്രമങ്ങൾക്ക് അടിത്തറയാവേണ്ടത് ഈ രംഗത്ത് ഇതുവരെ നടന്ന പ്രവർത്തനങ്ങളുടെ ആഴത്തിലുള്ള വിശകലനമാണ്.

## 0.2 പഠനമേഖല

മലയാളത്തിന്റെ ഇതഃപര്യന്തമുള്ള ചരിത്രത്തിൽ ഭാഷാവികസനത്തിനായി നടന്ന ഏറ്റവും വലിയ ശ്രമമായിരുന്നു 1968 ൽ സ്ഥാപിതമായ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ (തുടർന്നങ്ങോട്ട് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്) നേതൃത്വത്തിൽ നടന്നത് (ഗോവിന്ദപ്പിള്ള, “വൈജ്ഞാനികസാഹിത്യവും പി.ടി.ബി.യും” 121) എന്ന് പൊതുവെ വിലയിരുത്താ റുണ്ടെങ്കിലും അതിനെക്കുറിച്ച് പഠിക്കാൻ അക്കാദമിക പഠനമേഖല ഇതുവരെ തയ്യാറായിട്ടില്ല. വലിയതോതിൽ വിമർശനങ്ങൾക്കു വിധേയമായിട്ടുണ്ടെങ്കിലും, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നടപ്പാക്കിയ ബഹുമുഖപ്രവർത്തനങ്ങളിൽ അടിസ്ഥാനപരമായ

പ്രവർത്തനങ്ങളുണ്ടായിരുന്നു; ഒപ്പം സമഗ്രസമീപനവുമുണ്ടായിരുന്നു. എന്നാൽ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്ക് ഏതാണ്ട് ഒരു വ്യാഴവട്ടത്തിനുള്ളിൽത്തന്നെ മുരടിപ്പ് അനുഭവപ്പെട്ടു. മലയാളഭാഷാസൂത്രണപ്രക്രിയയിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എങ്ങനെയൊക്കെ സക്രിയമായി ഇടപെട്ടു എന്ന് പരിശോധിക്കാനും വിജയപരാജയങ്ങളുടെ കാരണങ്ങൾ അറിയാനുമുള്ള ഒരന്വേഷണമാണിത്.

## 0.3 പഠനവിഷയം

'മലയാളത്തിന്റെ വിജ്ഞാനഭാഷാസ്വരൂപം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നയസമീപനത്തെയും ആദ്യദശകത്തിലെ പ്രവർത്തനങ്ങളെയും മുൻനിർത്തിയുള്ള വിശകലനാത്മക പഠനം' എന്നതാണ് ഈ പഠനത്തിന്റെ ശീർഷകം. വിജ്ഞാനം മാനവരാശിയുടെ പൊതുസ്വത്താണെന്നും അത് എല്ലാവർക്കും അവകാശപ്പെട്ടതും പ്രാപ്യമാകേണ്ടതുമാണെന്നും, അങ്ങനെ പ്രാപ്യമാക്കാൻ മാതൃഭാഷയിൽ വിജ്ഞാനം കൈകാര്യം ചെയ്യുന്നതിന് അതീവ പ്രാധാന്യമുണ്ടെന്നുമുള്ള അടിത്തറയിലാണ് ഈ പഠനം നിലകൊള്ളുന്നത്. വിജ്ഞാനഭാഷാവികസനത്തിൽ പ്രധാനമായ പ്രശ്നം നിലനിൽക്കുന്നത് മലയാളഭാഷയിലല്ല, അതിനോടുള്ള മലയാളികളുടെ സമീപനത്തിലാണ് എന്ന പരികൽപ്പനയിൽ നിന്നാണ് പഠനം ആരംഭിക്കുന്നത്.

## 0.4 പഠനത്തിന്റെ പ്രാധാന്യം

ഏതൊരു ഭാഷയുടെയും വികാസത്തിൽ ഇതരഭാഷകളുമായുള്ള സമ്പർക്കം ഒരു പ്രധാന ഘടകമാണ്. മലയാളത്തിന്റെ വികാസഗതിയിൽ നിർണായകമായി സ്വാധീനിച്ച ഭാഷകളാണ് സംസ്കൃതവും ഇംഗ്ലീഷും. ഭാഷാവികാസത്തിന്റെ ഒരു ഘട്ടം സംസ്കൃത തത്സമപദങ്ങൾ ഉപയോഗിക്കാൻ പാകത്തിൽ മലയാളത്തിന്റെ എഴുത്തുവ്യവസ്ഥയെ പരിഷ്കരിച്ചതാണെന്ന് കാണാം. ദ്രമിഡസംഘാതാക്ഷരത്തോടൊപ്പം ആര്യയെഴുത്തുകൂടി ഉൾച്ചേർത്തുകൊണ്ടുള്ള മലയാള അക്ഷരമാലയുടെ വികാസം മലയാളത്തിന്റെ അസ്തിത്വം ഉറപ്പിച്ചെടുക്കുന്നതിലെ നിർണായകമായ ഒരു പടവാണ്. അങ്ങനെ പ്രബലമാക്കപ്പെട്ട മലയാളത്തിന്റെ തുടർവികാസത്തിൽ നിർണായകമായ മറ്റൊരു ഘട്ടം അച്ചടിയുടെ കടന്നുവരവാണ്. അച്ചടിക്കുവേണ്ടി ബെഞ്ചമിൻ ബെയ്‌ലി രൂപം നൽകിയ മലയാളലിപിയെ ഏതാണ്ട് അതേരൂപത്തിൽ മലയാളികൾ ഇന്നും പിന്തുടരുന്നു.

വൈജ്ഞാനികമേഖലകളിലെ മലയാളത്തിന്റെ ഭൂതകാലശേഖരങ്ങളിൽ സംസ്കൃതത്തിന്റെ മായാത്ത മുദ്രയുണ്ട്. അവയുടെ ക്രമികമായ വികാസത്തിൽ, മലയാളത്തിന് സഹായിയായി നിലകൊണ്ടതാവട്ടെ ഇംഗ്ലീഷ് ഭാഷയും. ഇന്ന് വിജ്ഞാനത്തിന്റെ സമസ്തമേഖലകളിലും ഇംഗ്ലീഷ് രീതിയിലൂടെയാണ് മലയാളിസമൂഹം പ്രയാണംചെയ്യുന്നത്. ഇംഗ്ലീഷ് ഭാഷ വഴി തുറന്നുകിട്ടിയ കിളിവാതിലിലൂടെയാണ് പുതിയ കാറ്റും വെളിച്ചവും ഇവിടെ പ്രസരിച്ചത്. കൊളോണിയൽ കാലഘട്ടത്തിൽ മറ്റുഭാഷകൾക്കെന്നപോലെ മലയാളത്തിനും ഇംഗ്ലീഷുമായി ഇടപഴകാതിരിക്കാൻ നിർവാഹമുണ്ടായിരുന്നില്ല.

ഒരു ഭാഷ സമ്പുഷ്ടമാകുന്നതിന് ആ ഭാഷയിൽ സാഹിത്യകൃതികളോടൊപ്പം വ്യാകരണകൃതികളും നിഘണ്ടുക്കളും കാവ്യശാസ്ത്രഗ്രന്ഥങ്ങളും ഇതര വൈജ്ഞാനികകൃതികളും ആവശ്യമാണ്. സ്വന്തമായി ഒരു വ്യാകരണഗ്രന്ഥമില്ലെങ്കിലും കേരളഭാഷയ്ക്ക് സ്വന്തമായി വ്യാകരണരൂപങ്ങളുണ്ടെന്ന് ലീലാതിലകകാരൻ നൂറ്റാണ്ടുകൾക്കുമുമ്പേ ചൂണ്ടിക്കാട്ടുകയുണ്ടായി. കാലമേറെക്കഴിഞ്ഞ് വിദേശികൾക്ക് മലയാളം പഠിക്കേണ്ട സാഹചര്യവുമായി ബന്ധപ്പെട്ടാണ് മലയാളത്തിന് സ്വന്തമായി ഒരു വ്യാകരണഗ്രന്ഥത്തിന്റെ ആവശ്യകത ബോധ്യമാവുന്നത്. വ്യാകരണഗ്രന്ഥങ്ങളും നിഘണ്ടുക്കളും നിർമിക്കുന്നതിൽ വിദേശികൾ ചെയ്ത സേവനം വിലപ്പെട്ടതാണ്. അർണോസുപാതിരിയിൽ തുടങ്ങി ആഞ്ചലോസ് ഫ്രാൻസിസ് മെത്രാൻ, ക്ലമന്റ് പിയാനിയസ് പാതിരി, റോബർട്ട് ഡ്രമണ്ട്, എഫ്. സ്പ്രിംഗ്, റവ. ജോർജ് മാത്തൻ എന്നിവരിലൂടെ നീളുന്ന വലിയ ഒരു നിരയാണ് വ്യാകരണഗ്രന്ഥങ്ങൾ രചിക്കാൻ തയ്യാറായ മിഷണറിമാർ. നിഘണ്ടുവിന്റെ കാര്യവും വ്യത്യസ്തമല്ല. ഗുണ്ടർട്ടിന്റെയും ബെയ്‌ലിയുടെയും നിഘണ്ടുക്കൾ ഇക്കൂട്ടത്തിൽ ശ്രദ്ധേയങ്ങളാണ്.

പദ്യരൂപത്തിലായിരുന്നു മലയാളത്തിൽ സാഹിത്യമായാലും വിജ്ഞാനസാഹിത്യമായാലും ആദ്യകാലത്ത് രചിച്ചിരുന്നത്. *ഭാഷാകൗടലീയം, യുക്തിഭാഷ* എന്നിവപോലുള്ളവ ഏറെ ഉണ്ടായിട്ടില്ല. പാശ്ചാത്യ സാഹിത്യമാതൃകകളുമായുള്ള പരിചയത്തോടെയാണ് ഗദ്യസാഹിത്യം സജീവമാകുന്നത്. ഇംഗ്ലീഷ് പുസ്തകങ്ങളുടെ രീതിയിൽ കഥ പറയാനുള്ള ശ്രമമായിരുന്നു *ഇന്ദുലേഖ*. നോവൽ, ചെറുകഥ, നാടകം, യാത്രാവിവരണം, ആത്മകഥ തുടങ്ങിയ സാഹിത്യരൂപങ്ങൾ മലയാളത്തിലേയ്ക്ക് കടന്നുവരുന്നതും പാശ്ചാത്യ സാഹിത്യരൂപങ്ങളുമായുള്ള പരിചയത്തിൽനിന്നുതന്നെ. അച്ചടിയുടെ പ്രചാരത്തോടെ പത്രങ്ങളും ആനുകാലികങ്ങളും പ്രസിദ്ധീകൃതമായതോടെയാണ് മലയാളസാഹിത്യം പുതിയ ഉണർവും ഗതിവേഗവും നേടിയത്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിലുമായാണ് നവോത്ഥാനം എന്നുവിളിക്കുന്ന അവസ്ഥയിലൂടെ മലയാളക്കര കടന്നുപോവുന്നത്. ബ്രിട്ടീഷ് അധിനിവേശം അവസാനിച്ച് ഐക്യകേരളം രൂപപ്പെട്ടുന്നതുവരെയുള്ള കാലഘട്ടം സാമൂഹ്യമുന്നേറ്റത്തിന്റെ ആവേശം തുടിച്ചുനിൽക്കുന്ന ഏടുകളായി ചരിത്രത്തിൽ അവശേഷിക്കുന്നു. ആവേശഭരിതമായ ഈ ഘട്ടത്തിൽനിന്ന് ഊർജമുൾക്കൊണ്ട് ഭാഷയിൽ ഒരു പുതിയ നവോത്ഥാനം കോളണിയനന്തര കാലഘട്ടത്തിൽ കടന്നുവരികയുണ്ടായി. ഒരു വൈജ്ഞാനികഭാഷയായി വളരാനുള്ള മലയാളത്തിന്റെ കുതിച്ചുചാട്ടത്തിന്റെ കാലമെന്ന് അതിനെ വിശേഷിപ്പിക്കാം. ഭാഷയ്ക്കുവേണ്ടിയുള്ള സംഘടിതപ്രവർത്തനങ്ങളുടെ കാലംകൂടിയാണിത്. ഈദൃശപ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് 1968 ൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്ത ഭാഷാനവീകരണ പ്രവർത്തനമാണ്. ഡോ.എൻ.വി.കൃഷ്ണവാരിയരുടെ (തുടർന്നങ്ങോട്ട് എൻ.വി.) നേതൃത്വത്തിൽ ആരംഭിച്ച ഈ പ്രവർത്തനം മലയാളഭാഷയെ ആധുനികവിജ്ഞാനത്തിന്റെ വ്യവഹാരത്തിന് പൂർണമായും സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഏറ്റെടുത്തത്. സമഗ്രമായ ഈ പരിപാടി കേന്ദ്ര സർക്കാരിന്റെ പ്രാദേശികഭാഷാവികസനത്തിനായുള്ള ദേശീയപദ്ധതിയുടെ ഭാഗമായിരുന്നു.

ആധുനിക വിജ്ഞാനസംപ്രേഷണത്തിന് അനിവാര്യമായ പുത്തൻ പദാവലികളുടെ ആവിഷ്കാരം, മലയാളഭാഷയിൽ ശാസ്ത്ര–സാങ്കേതിക വിഷയങ്ങളിൽ ഉന്നതവിദ്യാഭ്യാസം സാധ്യമാക്കുന്നതിനാവശ്യമായ പാഠപുസ്തകങ്ങളും അനുബന്ധഗ്രന്ഥങ്ങളും പ്രസിദ്ധീകരിക്കൽ എന്നിവയായിരുന്നു ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന കർമപരിപാടികൾ. ഈ മേഖലകളിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് ആദ്യഘട്ടത്തിൽ കഴിഞ്ഞു.

എന്നാൽ ഈ മുന്നേറ്റം അധികകാലം നീണ്ടുനിന്നില്ല. അതിന്റെ പ്രവർത്തനങ്ങൾ ലക്ഷ്യം കാണാതെ ക്രമേണ സ്തംഭനാവസ്ഥയിലായി. ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ നടന്ന ഈ ഭാഷാനവോത്ഥാനത്തെ ആരും വിശദമായ പരിശോധനയ്ക്ക് വിധേയമാക്കിയതായി അറിവില്ല. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പ്രവർത്തനങ്ങളെ വിശദമായി രേഖപ്പെടുത്തുക, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഇറക്കിയ വൈജ്ഞാനികഗ്രന്ഥങ്ങളെ ഉള്ളടക്കപരമായും ഗണപരമായും പരിശോധിക്കുക തുടങ്ങിയവയൊക്കെ പ്രാധാന്യമർഹിക്കുന്നു. രൂപീകരണഘട്ടത്തിലെ ലക്ഷ്യങ്ങളിൽനിന്ന് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അകന്നുപോയതിന്റെ, അതിന്റെ ദൗത്യങ്ങൾ ലക്ഷ്യം കാണാതെ പോയതിന്റെ, കാരണങ്ങളിലേക്ക് ആഴത്തിലുള്ള പരിശോധനകൾ നടക്കേണ്ടതുണ്ട്. അത്തരമൊരു പഠന

ത്തെ അടിസ്ഥാനമാക്കി ഭാഷാനവീകരണ/ ആധുനികീകരണ പ്രവർത്തനത്തിനു സമഗ്രമായ ഒരു കർമപരിപാടി ആവിഷ്കരിക്കേണ്ടത് അത്യാവശ്യമാണ്.

വൈജ്ഞാനികരംഗത്തെ വമ്പിച്ച പുരോഗതിയും അതോടൊപ്പം വൈജ്ഞാനികവിനിമയരംഗത്ത് നടന്ന മഹാവിസ്ഫോടനങ്ങളും കണക്കിലെടുത്തുകൊണ്ടുള്ള ആഴത്തിലുള്ള ഒരു ഭാഷാനവീകരണമാണ് ഇനി വേണ്ടത്. ആധുനികകാലത്തിന്റെ ആവശ്യങ്ങൾക്കിണങ്ങുന്ന ഒരു വിജ്ഞാനഭാഷയെന്ന നിലയിലേക്ക് ഭാഷയെ പരിവർത്തിപ്പിക്കാനുള്ള ബഹുമുഖമായ പ്രവർത്തനങ്ങളിലൂടെമാത്രമേ മലയാള സംരക്ഷണപ്രവർത്തനങ്ങൾ അർത്ഥപൂർണമാവൂ. ഐക്യകേരളരൂപീകരണത്തിന് തൊട്ടടുത്ത ദശകങ്ങളിൽ ഭാഷയ്ക്കുവേണ്ടിനടന്ന പ്രവർത്തനങ്ങളെ – അതിന്റെ നേട്ടങ്ങൾ, പോരായ്മകൾ, പറ്റിയ പാളിച്ചകൾ എന്നിവ – ആഴത്തിൽ പരിശോധിച്ചുകൊണ്ടേ ഈ രംഗത്ത് ഇനിയുള്ള ലക്ഷ്യവും ദിശയും നിർണയിക്കാൻ കഴിയൂ.

## 0.5 പൂർവപഠനങ്ങൾ

*കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്: പശ്ചാത്തലവും പ്രവർത്തനവും* എന്ന കെ. എ. വാസുക്കുട്ടന്റെ പുസ്തകം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തന്നെയാണ് പ്രസിദ്ധീകരിച്ചത്. സ്ഥാപനത്തിന്റെ ചരിത്രത്തിലേക്കും ആദ്യകാല പ്രവർത്തനങ്ങളിലേക്കും വെളിച്ചം വീശുന്നുണ്ടെങ്കിലും പ്രവർത്തനങ്ങളെ വിശകലനം ചെയ്യാനോ, നിലനിന്നിരുന്ന സാമൂഹികസാഹചര്യം ഈ പ്രവർത്തനങ്ങളോട് എങ്ങനെ പ്രതികരിച്ചുവെന്ന് വിലയിരുത്താനോ പുസ്തകം തുനിഞ്ഞിട്ടില്ല. ഒരു ഔദ്യോഗിക ചരിത്രരചന എന്ന നിലയിലുള്ള പരിമിതിയും ഈ പുസ്തകത്തിനുണ്ട്.

വൈജ്ഞാനികഭാഷയെക്കുറിച്ച് ആഴത്തിലുള്ള പഠനങ്ങൾ മലയാളത്തിൽ പൊതുവെ കുറവാണ്. *മലയാള ശാസ്ത്രസാഹിത്യ പ്രസ്ഥാനം– ഒരു പഠനം* എന്ന കാവുമ്പായി ബാലകൃഷ്ണന്റെ കൃതി കോഴിക്കോട് സർവകലാശാലയിൽ സമർപ്പിച്ച ഡോക്ടറൽ പ്രബന്ധത്തിന്റെ പുസ്തകരൂപമാണ്. മലയാളത്തിലെ ശാസ്ത്രസാഹിത്യശാഖയുടെ വളർച്ചയുടെ ചരിത്രം പരിശോധിക്കുകയാണ് പ്രധാനമായും ഈ പുസ്തകം ചെയ്യുന്നത്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളെ അടയാളപ്പെടുത്തുന്നുണ്ടെന്നല്ലാതെ അതിന്റെ വിശദാംശങ്ങളിലേക്ക് ഈ പുസ്തകം കടക്കുന്നില്ല.

*ആധുനിക ശാസ്ത്രവിഷയങ്ങളുടെ പ്രതിപാദനം മലയാളത്തിൽ: ശാസ്ത്രസാങ്കേതികപദങ്ങൾ നിർമിക്കാനുള്ള പരിശ്രമങ്ങളുടെ ചരിത്രപരവും വിവരണാത്മ*

*കവും വിമർശനാത്മകവുമായ ഒരു പഠനം* എന്നത് കെ.എ.വാസുക്കുട്ടൻ കേരള സർവകലാശാലയുടെ ഓറിയന്റൽ ഫാക്കൽറ്റിയിൽ സമർപ്പിച്ച ഗവേഷണ പ്രബന്ധമാണ്. മലയാളത്തിൽ ശാസ്ത്ര–സാങ്കേതികപദങ്ങളുടെ രൂപീകരണത്തിനു വേണ്ടി നടന്ന ശ്രമങ്ങളെ ഉദാഹരണങ്ങളോടെ ഡോക്യുമെന്റ് ചെയ്യുന്നതിലാണ് പ്രബന്ധം പ്രധാനമായും ഊന്നിയത്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ച പദങ്ങൾ ഏതൊക്കെ തരത്തിലുള്ളവയാണെന്ന് പ്രബന്ധം കൃത്യമായി അടയാളപ്പെടുത്തുന്നുണ്ട്. എന്നാൽ, ചരിത്രപരമായി മൊത്തത്തിൽ പരിശോധിക്കാനുള്ള ശ്രമമായതുകൊണ്ടുതന്നെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ ശ്രമങ്ങളെ പ്രത്യേകമെടുത്ത് ആഴത്തിൽ പരിശോധിക്കാൻ പ്രബന്ധം തുനിഞ്ഞിട്ടില്ല. മാത്രമല്ല, ഈ ശ്രമത്തെ വൈജ്ഞാനികഭാഷാവികസനനയത്തിന്റെ പരിപ്രേക്ഷ്യത്തിലേയ്ക്ക് കണ്ണിചേർക്കാനും പ്രബന്ധം മുതിർന്നിട്ടില്ല.

ഭാഷാസൂത്രണമെന്ന പഠനമേഖലയുടെ അടിത്തറയിൽനിന്നുകൊണ്ടാണ് ഈ പഠനം നടത്തുന്നത്. ഭാഷാസൂത്രണമെന്ന സങ്കൽപനത്തെ ആഴത്തിൽ പരിശോധിക്കുന്ന പുസ്തകങ്ങൾ മലയാളത്തിൽ ഇല്ലെന്ന തിരിച്ചറിവിനെത്തുടർന്ന് ആ മേഖലയെക്കുറിച്ച് പഠിച്ച് ഒരു പുസ്തകമെഴുതാൻ ഈ പ്രബന്ധകർത്താവ് തുനിയുകയുണ്ടായി. *'ഭാഷാസൂത്രണം: പൊരുളും വഴികളും– മലയാളത്തിന്റെ നാളെ: ചർച്ചകൾക്കൊരാമുഖം'* എന്ന പുസ്തകം അങ്ങനെ ഈ പഠനത്തിന്റെ ഭാഗമായി രൂപപ്പെട്ടതാണ്. *വിജ്ഞാനവും വിജ്ഞാനഭാഷയും* എന്ന പുസ്തകവും ഈ പഠനത്തിന്റെ ഭാഗമായി രൂപപ്പെടുത്തിയതുതന്നെ. വിജ്ഞാനഭാഷ എന്ന സങ്കൽപനത്തെയും ലോകവൈജ്ഞാനികഭാഷകളുടെ ചരിത്രഗതികളെയും ഈ പുസ്തകം പരിശോധിക്കുന്നു.

*പത്തൊമ്പതാം നൂറ്റാണ്ടിലെ മലയാള ഭാഷാസൂത്രണം: ജോർജ് മാത്തന്റെ കൃതികൾ അവലംബമാക്കി ഒരു പഠനം* എന്ന രാജേന്ദ്രൻ.കെ.യുടെ പ്രബന്ധം ഭാഷാസൂത്രണമെന്ന പഠനമേഖലയെ മുൻനിർത്തിയാണെങ്കിലും അത് പേര് സൂചിപ്പിക്കുന്നതുപോലെ പത്തൊമ്പതാം നൂറ്റാണ്ടിലെ ശ്രമങ്ങളെ പൊതുവെയും ജോർജ് മാത്തന്റെ കൃതികളെ സവിശേഷമായും ആണ് പരിശോധിക്കുന്നത്.

ചുരുക്കത്തിൽ, ഭാഷാസൂത്രണത്തിന്റെ അടിത്തറയിൽ മലയാളത്തിന്റെ വൈജ്ഞാനികഭാഷാസ്വരൂപത്തെ വിലയിരുത്തുകയോ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുകയോ ചെയ്യുന്ന ഒരു പഠനവും ഇതുവരെ നടന്നിട്ടില്ല. ഈയൊരു പശ്ചാത്തലത്തിലാണ് 'മലയാളത്തിന്റെ വിജ്ഞാനഭാഷാസ്വരൂപം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നയസമീപനത്തെയും ആദ്യദശകത്തിലെ പ്രവർത്തനങ്ങളെയും മുൻനിർത്തിയുള്ള വിശകലനാത്മക പഠനം' എന്ന ഈ പഠനം പ്രസക്തമാവുന്നത്.

## 0.6 പഠനത്തിന്റെ ലക്ഷ്യവും വ്യാപ്തിയും

- കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നയപരിപാടിയെ വിലയിരുത്തുകയും ആ നയപരിപാടിയുടെ ഭാഗമായി നടപ്പാക്കിയ പ്രവർത്തനങ്ങളെ മൊത്തത്തിലും, ആദ്യദശകത്തിലെ പ്രവർത്തനങ്ങളെ സവിശേഷമായി ആഴത്തിലും പരിശോധനയ്ക്ക് വിധേയമാക്കുക എന്നത് ഈ പഠനത്തിന്റെ ലക്ഷ്യമാണ്.

- വിജ്ഞാനഭാഷ എന്നാൽ എന്ത്, വൈജ്ഞാനികഭാഷാദിശയിൽ മലയാളം സഞ്ചരിച്ച വഴികൾ ഏതൊക്കെ, അതിന്റെ ഇന്നത്തെ അവസ്ഥയെന്താണ് തുടങ്ങിയ കാര്യങ്ങളും ഈ പഠനം അന്വേഷിക്കുന്നു.

- മലയാളത്തിന്റെ വൈജ്ഞാനികസ്വരൂപം നിർണയിക്കുന്നതിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാനം അന്വേഷിച്ചറിയാനും അടയാളപ്പെടുത്താനും ഈ പഠനം ലക്ഷ്യമിടുന്നു.

- ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആദ്യദശകത്തിലെ പ്രവർത്തനങ്ങളെ കഴിയാവുന്നത്ര വിശദാംശങ്ങളോടെ ഡോക്യുമെന്റ് ചെയ്യുക എന്നതും പഠനത്തിന്റെ ലക്ഷ്യങ്ങളിൽപ്പെടുന്നു.

- വിജ്ഞാനഭാഷാ വളർച്ചയിൽ പ്രധാനമായ കോർപ്പസ് ആസൂത്രണത്തെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വിഭാവനം ചെയ്തതും നടപ്പാക്കിയതും എങ്ങനെയെന്ന് സൂക്ഷ്മതലത്തിൽ ഈ പഠനം അന്വേഷിക്കുന്നു.

- ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയ ശബ്ദാവലികളിൽ ശാസ്ത്ര–സാങ്കേതിക പദങ്ങൾ നിഷ്പാദിപ്പിച്ച രീതി എന്തായിരുന്നുവെന്നും അവയുടെ ചേരുവകളെന്തായിരുന്നുവെന്നും അന്വേഷിക്കുന്നു.

- *വിജ്ഞാനശബ്ദാവലി*യിലെ തിരഞ്ഞെടുത്ത ഏതാനും വാക്കുകൾ എത്രത്തോളം മലയാളത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയെന്ന് ഈ പഠനം പരിശോധിക്കുന്നു.

- ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനെയും അതിന്റെ പ്രവർത്തനങ്ങളെയും ഒറ്റപ്പെട്ട ഘടകങ്ങളെന്ന നിലയിൽ നോക്കിക്കാണാതെ നിലവിലുണ്ടായിരുന്ന സാമൂഹിക–രാഷ്ട്രീയ സാഹചര്യങ്ങൾ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ എങ്ങനെ നിർണയിച്ചുവെന്ന് അടയാളപ്പെടുത്തുക എന്നതും പഠനത്തിന്റെ ലക്ഷ്യമാണ്.

- വിജ്ഞാനവിസ്ഫോടനത്തിന്റേതായ ഈ ആധുനികകാലഘട്ടത്തിന് അനുയോജ്യമായ രീതിയിലേക്ക് മലയാളഭാഷയെ വളർത്താനുതകുന്ന സമഗ്രവും ശാസ്ത്രീയവുമായ ഒരു വിജ്ഞാനഭാഷാനയം കരുപ്പിടിപ്പിക്കേണ്ടതുണ്ട്. അതിലേക്ക് സഹായകമായ കരുക്കൾക്കു വേണ്ടിയുള്ള അന്വേഷണങ്ങളിൽ ഈ പഠനം പങ്കുചേരുന്നു.

## 0.7 രീതിശാസ്ത്രം

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം അതിന്റെ സുവർണദശയിലായിരുന്ന ആദ്യ പത്തുവർഷങ്ങളെയാണ് ഈ പഠനം പ്രധാനമായും ലക്ഷ്യമിടുന്നത്. അക്കാലത്ത് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയ ഗ്രന്ഥങ്ങളെയും ആനുകാലികങ്ങളെയും ഈ അന്വേഷണം പഠനവിധേയമാക്കുന്നു. ഈ പുസ്തകങ്ങളിൽ രൂപപ്പെട്ട രചനാശൈലിയുടെ പ്രത്യേകത, വായനക്കാരുമായി സംവദിക്കുന്നതിന് അവയ്ക്ക് എത്രത്തോളം കഴിഞ്ഞു, അവയിൽ ഉപയോഗിച്ച സാങ്കേതികപദങ്ങൾ, ഈ സാങ്കേതികപദങ്ങളും പാഠവും തമ്മിലുള്ള ചേർച്ച തുടങ്ങിയ കാര്യങ്ങളും ഈ പഠനം പരിശോധിയ്ക്കുന്നു. ആദ്യകാലഘട്ടത്തിലെ പ്രവർത്തനങ്ങളെ പരിശോധനയ്ക്ക് വിധേയമാക്കുന്നതോടൊപ്പം അവയെ പിൽക്കാല പ്രവർത്തനങ്ങളുമായി താരതമ്യം ചെയ്യാനും പഠനം മുതിരുന്നു.

ഭാഷാസൂത്രണസങ്കൽപ്പനങ്ങളുമായി ബന്ധിപ്പിച്ചാണ് ഈ പഠനം നടത്തുന്നത് എന്നതിനാൽ അതിന്റെ രീതിശാസ്ത്രസമീപനമാണ് ഇവിടെ പ്രയോജനപ്പെടുത്തുന്നത്. നിരവധി പഠനമേഖലകളുമായി കൈകോർക്കുന്ന ഒരു പഠനമേഖലയാണ് ഭാഷാസൂത്രണം. സാമൂഹിക ഭാഷാശാസ്ത്രത്തിൽനിന്ന് വ്യത്യസ്തമായി ഭാഷയെ മുൻനിർത്തി സമൂഹത്തെ പഠിക്കുകയാണ് ഭാഷാസാമൂഹികശാസ്ത്രം ചെയ്യുന്നത്. ആദ്യകാലത്ത് അത് നരവംശശാസ്ത്രം, സോഷ്യോളജി തുടങ്ങിയവയെയാണ് പ്രയോജനപ്പെടുത്തിയിരുന്നത്. എന്നാലിപ്പോൾ അവയ്ക്കുപുറമെ, ഹിസ്റ്റോറിയോഗ്രാഫി, എത്തനോഗ്രാഫി, പൊളിറ്റിക്കൽ സയൻസ്, സൈക്കോളജി, ഇക്കണോമിക്സ് എന്നിങ്ങനെ നിരവധി പഠനമേഖലകളുമായി കൈകോർക്കുന്ന അന്തർവൈജ്ഞാനികമേഖലയാണ് ഭാഷാസൂത്രണം. ഈ അന്തർവൈജ്ഞാനികസമീപനം ഉൾക്കൊണ്ട് സന്ദർഭങ്ങൾക്ക് അനുയോജ്യമായ വിശകലനരീതികളെ ഈ പഠനം പിന്തുടരുന്നുണ്ട്.

കിട്ടാവുന്നത്രയും രേഖകൾ കണ്ടെത്താൻ ശ്രമിച്ചിട്ടുണ്ട്. ആദ്യദശകത്തിലെ പുസ്തകങ്ങളെ താരതമ്യം ചെയ്യാനായി തൊട്ടടുത്ത ദശകത്തിലെ പുസ്തകങ്ങളെയും പഠനത്തിന്റെ ഭാഗമായി ക്രോഡീകരിച്ചു. രണ്ടു ദശകങ്ങളിലുമായി ആകെ പ്രസിദ്ധീകരിച്ച

1126 പുസ്തകങ്ങളെ തേടിപ്പിടിച്ച് അടിസ്ഥാനവിവരങ്ങൾ പട്ടികപ്പെടുത്തി. ഇതിനു പുറമെ, അഞ്ചാം ദശകത്തിലെ പുസ്തകങ്ങളുടെ പരിമിതമായ വിവരങ്ങളും ക്രോഡീകരിച്ചു. ഒന്നാം പതിപ്പെന്ന രീതിയിൽ 1266 പുസ്തകങ്ങളാണ് ഇക്കാലയളവിൽ പ്രസിദ്ധീക രിച്ചിരുന്നത്. *വിജ്ഞാനകൈരളി*യിലെ പത്തുവാല്യങ്ങളിലെ 1929 ലേഖനങ്ങളുടെ ഉള്ളടക്കസൂചിക തയ്യാറാക്കി. *വിജ്ഞാനശബ്ദാവലി* ഒന്നാം വാല്യത്തിലെ പതിനെണ്ണാ യിരത്തോളം (18307 പദങ്ങൾ) പദങ്ങളെ പരിശോധിച്ച് അവയിൽ ഇംഗ്ലീഷ് പദങ്ങൾ ലിപ്യന്തരണം നടത്തിയവ എത്രയുണ്ടെന്നും മറ്റേതെങ്കിലും തരത്തിൽ ഇംഗ്ലീഷ് പദങ്ങളെ ബന്ധിപ്പിച്ചവ എത്രയെന്നും കണക്കാക്കി. *വിജ്ഞാനശബ്ദാവലി*യിലെ ഈ 18307 പദങ്ങളിൽ 2010 ൽ പ്രസിദ്ധീകരിച്ച ശാസ്ത്രനിഘണ്ടുവിൽ എത്രയെണ്ണം കടന്നുവ ന്നുവെന്നും അവയുടെ ഉപയോഗത്തിൽ വന്ന മാറ്റങ്ങളെത്രയെന്നും കണക്കാക്കി. പുസ്തകനിർമാണപദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ആയിരത്തിമുന്നൂറിലധികം വരുന്ന ഗ്രന്ഥങ്ങളുടെ ലിസ്റ്റ് കണ്ടെടുക്കാനും അവയിൽ എത്രമാത്രം ഫലപ്രാപ്തിയിലെത്തിക്കാൻ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് സാധിച്ചുവെന്ന് അന്വേഷിക്കാനും കഴിഞ്ഞു. ഇത്തരത്തിൽ പ്രാഥമിക സ്രോതസ്സുകളെ വലിയതോതിൽ പ്രയോജനപ്പെടുത്താൻ പഠനം ശ്രമിച്ചിട്ടുണ്ട്.

## 0.8 പ്രബന്ധഘടന

ആമുഖവും ഉപസംഹാരവും കൂടാതെ നാല് അധ്യായങ്ങളാണ് ഈ പ്രബന്ധത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. അനുബന്ധമായി പഠനമേഖലയുമായി ബന്ധപ്പെട്ട പതിനേഴ് ഡോക്യുമെന്റുകൾ കൂടി പ്രബന്ധത്തോടൊപ്പമുണ്ട്. ആമുഖത്തിൽ പഠനത്തിന്റെ ലക്ഷ്യം, വ്യാപ്തി, പ്രാധാന്യം, പരിമിതികൾ എന്നിവയോടൊപ്പം പ്രബന്ധഘടനയും വ്യക്തമാക്കു ന്നു.

ഒന്നാം അധ്യായം, ഭാഷയും സമൂഹവും തമ്മിലും, ഭാഷയും വിജ്ഞാനവും തമ്മിലും, വിജ്ഞാനവും വിജ്ഞാനഭാഷയും തമ്മിലുമുള്ള പാരസ്പര്യത്തെ വിശദീകരിച്ചശേഷം വിജ്ഞാനഭാഷയുടെ സവിശേഷതകളെ പരിശോധിക്കുന്നു. വിജ്ഞാനഭാഷകളുടെ ആവിർഭാവവും വളർച്ചയും സംസ്കൃതം, ചൈനീസ്, അറബി, ഗ്രീക്ക്, ലാറ്റിൻ എന്നീ ഭാഷകളെ മുൻനിർത്തി വ്യക്തമാക്കുകയാണ് ചെയ്യുന്നത്. ശാസ്ത്രം നാട്ടുഭാഷകളിൽ കൈകാര്യം ചെയ്യാൻ തുടങ്ങിയത് എപ്രകാരമാണ് വലിയൊരു പരിവർത്തനമായി മാറിയതെന്ന് തുടർന്ന് വിശദീകരിക്കുന്നുമുണ്ട്. അതിനുശേഷം ആഗോളീകരണം ഭാഷാരംഗത്തെ എങ്ങനെ സ്വാധീനിച്ചുവെന്നും വൈജ്ഞാനികവിനിമയത്തിൽ അനന്ത

സാധ്യതകൾ തുറന്ന വിവരസാങ്കേതികവിദ്യാരംഗത്തെ വളർച്ച എങ്ങനെ ഡിജിറ്റൽ ഡിവൈഡിനിടയാക്കിയെന്നതും പരിശോധിക്കുന്നു. വൈജ്ഞാനികവിനിമയരംഗത്ത് നിലനിൽക്കുന്ന അസന്തുലിതാവസ്ഥയുടെ നഖചിത്രം രേഖപ്പെടുത്തിക്കൊണ്ട് അതു പരിഹരിക്കുന്നതിൽ ഭാഷാസൂത്രണത്തിനുള്ള പങ്ക് ഈ അധ്യായത്തിന്റെ അവസാന ഭാഗത്ത് വ്യക്തമാക്കുന്നുണ്ട്. ഭാഷാസൂത്രണം എന്ന അക്കാദമിക പഠനമേഖലയെ വിശദീകരിക്കാനും ഈ ഭാഗം പ്രയോജനപ്പെടുത്തുന്നു. മലയാളത്തെ വിജ്ഞാനഭാഷ യായി പരിവർത്തിപ്പിക്കാനുള്ള ചർച്ചകൾക്ക് ആശയപരമായ ഒരടിത്തറ രൂപപ്പെടു ത്തുകയാണ് ആദ്യ അധ്യായത്തിലൂടെ. ഇതിന്റെ വെളിച്ചത്തിലാണ് തുടർന്നുവരുന്ന അധ്യായങ്ങളിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നത്.

വൈജ്ഞാനികമലയാളത്തിന്റെ പടവുകൾ എന്ന രണ്ടാം അധ്യായത്തിൽ വിജ്ഞാ നമലയാളത്തിന്റെ ചരിത്രഗതികളെ സാമൂഹികപശ്ചാത്തലത്തിൽ പരിശോധിക്കുന്നു. ലംബമാനമായി നോക്കിക്കാണുന്നതിനുപകരം ആദ്യനാളുകൾ, മിഷണറിക്കാലം, ആനു കാലികങ്ങളും പത്രങ്ങളും, പാഠപുസ്തകങ്ങൾ, സാങ്കേതികപദങ്ങൾക്കുള്ള ശ്രമങ്ങൾ, സംഘ ടിതശ്രമങ്ങളും വ്യക്തിഗത ശ്രമങ്ങളും, ഐക്യകേരളത്തിലെ മുന്നേറ്റങ്ങൾ, ഭാഷയ്ക്കായുള്ള സ്ഥാപനങ്ങൾ, മറ്റു കോർപ്പസ് ആസൂത്രണ ശ്രമങ്ങൾ എന്നിങ്ങനെ വ്യത്യസ്ത അടരുകളി ലേക്ക് കടന്നുചെന്നാണ് ഈ പരിശോധന. അതിനുശേഷം വിജ്ഞാനമലയാളത്തിന്റെ പൊതുവായുള്ള ഇന്നത്തെ അവസ്ഥയെ ചുരുങ്ങിയ വാക്കുകളിൽ രേഖപ്പെടുത്തിക്കൊണ്ട് അധ്യയനമാധ്യമരംഗത്ത് ഇന്ന് മലയാളം നേരിടുന്ന പ്രതിസന്ധിയെ വ്യക്തമാക്കുന്നു ണ്ട് ഈ അധ്യായത്തിൽ.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് രൂപംകൊണ്ട പശ്ചാത്തലം, അതിന്റെ രൂപീകരണം, അത് മുന്നോട്ടുവച്ച നയപരിപാടികൾ, സ്ഥാപനത്തിന്റെ ഘടന എന്നിവയാണ് മൂന്നാം അധ്യാ യത്തിന്റെ ആദ്യഭാഗത്ത്. തുടർന്ന് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ആദ്യദശകത്തിൽ നടത്തിയ പ്രവർത്തനങ്ങളെയും അതിന്റെ വൈവിധ്യത്തെയും വിശകലനത്തിലേക്ക് കടക്കാതെ വിശദീകരിക്കുകയും ചെയ്യുന്നുണ്ട്.

വലിപ്പംകൊണ്ട് മുന്നിൽ നിൽക്കുന്ന നാലാം അധ്യായം ആദ്യദശകത്തിലെ പ്രവർത്തനങ്ങളെ സവിശേഷമായും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളെ മൊത്ത ത്തിലും വിശകലനവിധേയമാക്കുന്നു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടും സമാനസ്ഥാപനങ്ങളും, പുസ്തകപ്രസിദ്ധീകരണം, ആനുകാലികങ്ങൾ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഷാപരിചരണം, സാങ്കേതികപദാവലികൾ, ലിപി പരിഷ്കരണം– മാനകീകരണം– ആധുനികീകരണം, എന്നിങ്ങനെ വിശാലമായ മേഖലകളായിത്തിരിച്ച് ആ രംഗങ്ങളിലെ നേട്ടങ്ങളെയും

കോട്ടങ്ങളെയും വിശദമാക്കുന്നു. സാങ്കേതികപദങ്ങളെക്കുറിച്ചുള്ള ഭാഗത്ത്, പരിമിതികളും പ്രശ്നങ്ങളും വിശദമാക്കുന്നതോടൊപ്പം പദരൂപീകരണഘട്ടത്തിൽ ആശയതലത്തിൽ നിലനിന്ന വൈരുധ്യങ്ങളെ അന്വേഷിക്കുകയും ചെയ്യുന്നു. തുടർന്ന് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയ സാങ്കേതികപദങ്ങളിൽ എത്രമാത്രം ഭാഷയിൽ പ്രതിഷ്ഠിതമായി എന്ന് പരിശോധിക്കുന്നുമുണ്ട്. പരിണിതിയും പ്രതിസന്ധിയും എന്ന ഭാഗത്ത് നേട്ട–കോട്ടങ്ങളുടെ ആന്തരികവും ബാഹ്യവുമായ കാരണങ്ങളെ എടുത്തുകാട്ടാനും ശ്രമിക്കുന്നു.

നാല് അധ്യായങ്ങളിലൂടെയും എത്തിച്ചേർന്ന നിഗമനങ്ങളെ ഉപസംഹാരം എന്ന ഭാഗത്ത് അവതരിപ്പിക്കുന്നുണ്ട്. സാമാന്യം വിപുലമായ അനുബന്ധങ്ങളാണ് പ്രബന്ധത്തോട് ഉൾച്ചേർത്തിരിക്കുന്നത്. അവയിൽ ചിലവ ചരിത്രപരമായി ഡോക്യുമെന്റ് ചെയ്യപ്പെടേണ്ടവയാണെന്നതിനാലാണ് ഉൾപ്പെടുത്തിയതെങ്കിൽ പ്രബന്ധത്തിൽ വിശകലനത്തിന് ഉപോദ്ബലകമായ ഡാറ്റാബേസുകൾ എന്നനിലയ്ക്കാണ് മറ്റുചിലത് ഉൾപ്പെടുത്തിയത്. നിരവധി പേജുകൾ വരുന്ന അനുബന്ധങ്ങൾ മാതൃകാപേജുകൾ മാത്രം പ്രബന്ധത്തോടൊപ്പം ചേർക്കുകയും മുഴുവൻ പേജുകളും കാണാൻ ആവശ്യമായ ക്യൂ. ആർ. കോഡ് നൽകുകയുമാണ് ചെയ്തിട്ടുള്ളത്. പ്രബന്ധഗാത്രത്തിൽ പരാമർശിച്ചിട്ടുള്ളവയ്ക്ക് പുറമേ ഏതാനും പുസ്തകങ്ങളുടെ വിവരങ്ങൾ മാത്രമേ ബിബ്ലിയോഗ്രാഫിയിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. വിശകലനത്തിന് പ്രയോജനപ്പെടുത്തിയ ആയിരത്തിനടുത്ത് പുസ്തകങ്ങളുടേയും ഇരുനൂറിനടുത്ത് *വിജ്ഞാനകൈരളി*ലക്കങ്ങളുടേയും വിവരങ്ങൾ കൂടി ഉൾക്കൊള്ളിച്ചാലേ ബിബ്ലിയോഗ്രാഫി പൂർണമാവുകയുള്ളുവെങ്കിലും പ്രായോഗികത പരിഗണിച്ച് അവ ഉൾപ്പെടുത്തിയിട്ടില്ല. പ്രബന്ധത്തിനൊടുവിൽ പദസൂചിക നൽകാനും സോഫ്റ്റ് കോപ്പിയിൽ അതിന് ബന്ധപ്പെട്ട പേജുകളിലേക്ക് അനായാസം കടക്കാൻ കഴിയുംവിധം ലിങ്ക് നൽകാനും ശ്രമിച്ചിട്ടുണ്ട്.

## 0.9 പരിമിതികൾ

നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ഭാവിയിലെ ഉപയോഗങ്ങൾക്കായി സൂക്ഷിക്കാതിരിക്കുകയെന്നത് കേരളത്തിൽ പ്രവർത്തിക്കുന്ന സംഘടനകളുടെയും സ്ഥാപനങ്ങളുടെയും പൊതുസ്വഭാവമാണ്. ഏതാനും വർഷങ്ങൾക്കുമുമ്പുപോലും നടന്ന ഒരു സംഗതിയെക്കുറിച്ച് പ്രാഥമികസ്രോതസ്സിൽ നിന്നുള്ള വിവരങ്ങൾ ലഭ്യമാവില്ല എന്നതാണ് സ്ഥിതി. പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ, ആനുകാലികങ്ങൾ എന്നിവയുടെ കോപ്പികൾ തന്നെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ കൃത്യമായി സൂക്ഷിച്ചിട്ടില്ല. അവയിൽ കിട്ടാ

ത്തവയെല്ലാം മറ്റു ലൈബ്രറികളിൽനിന്ന് കിട്ടിയെങ്കിലും ആദ്യകാലത്തെ ഫയലുകളും രേഖകളും പൂർണമായി കണ്ടെത്താനായില്ല. അതുകൊണ്ടുതന്നെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ മുഴുവനായി രേഖപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്നത് ഒരു പരിമിതിയാണ്.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനെക്കുറിച്ചുള്ള ആദ്യപഠനമാണിതെന്നതിനാൽ നിരവധി വിഷയങ്ങളെ പരാമർശിക്കേണ്ടി വന്നിട്ടുണ്ട്. ഇവയിൽ പലതിനേയും സൂക്ഷ്മതലത്തിൽ കൂടുതൽ ആഴത്തിൽ ഇനിയും പഠനവിധേയമാക്കേണ്ടിയിരിക്കുന്നു. ഉദാഹരണമായി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ശാസ്ത്രപുസ്തകങ്ങൾ, സാമൂഹികശാസ്ത്രപുസ്തകങ്ങൾ, ഭാഷാപുസ്തകങ്ങൾ എന്നിങ്ങനെ പുസ്തകങ്ങളെത്തന്നെ വിശദമായി പഠിക്കാനുണ്ട്. സാങ്കേതികപദങ്ങളെയും വിഷയമേഖല തിരിച്ചോ അവയുടെ സ്വഭാവമനുസരിച്ചോ പഠനവിധേയമാക്കാം.

ആദ്യദശകത്തിലെ പ്രവർത്തനങ്ങളാണ് പഠനവിഷയമെന്നതിനാൽ തുടർന്നുള്ള ദശകങ്ങളിലെ പ്രവർത്തനങ്ങളെ സാമാന്യമായി നോക്കിക്കാണാനേ ഈ പഠനം ശ്രമിച്ചിട്ടുള്ളൂ. വിജ്ഞാനഭാഷാതലത്തിൽ നിന്നുകൊണ്ടുള്ള അന്വേഷണം എന്ന നിലയിൽ മറ്റു മേഖലകളിലേക്ക് – മാനവവിഭവശേഷിയുടെ തലം, സാമ്പത്തികതലം, മാനേജ്മെന്റ്തലം തുടങ്ങിയവയിലേക്ക്– ഈ അന്വേഷണം കടന്നുചെന്നിട്ടില്ല. ഇത്തരം ഘടകങ്ങൾ കൂടി ഉൾച്ചേരുമ്പോഴേ സ്ഥാപനത്തെക്കുറിച്ച് പൂർണമായ ഒരവലോകനമാകൂ. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനൊപ്പം മറ്റ് സംസ്ഥാനങ്ങളിൽ രൂപംകൊണ്ട സ്ഥാപനങ്ങൾ ഏതവസ്ഥയിലാണ് എന്ന് വിശദമായി പരിശോധിക്കാനും ഈ പഠനത്തിന് കഴിഞ്ഞിട്ടില്ല.

## കുറിപ്പുകൾ

1. വിജ്ഞാനഭാഷ എന്നതിന് തുല്യമായൊരു പ്രയോഗം ഇംഗ്ലീഷിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. അവിടെ ഫിക്ഷൻ, നോൺ ഫിക്ഷൻ എന്ന വേർതിരിവ് കാണാം. ലാംഗ്വേജ് ഓഫ് സയൻസ്, ലാംഗ്വേജ് ഓഫ് സോഷ്യൽ സയൻസസ് എന്ന രീതിയിൽ വെവ്വേറെ ഉപയോഗിക്കുന്നു. സ്കോളർലി ലാംഗ്വേജ് എന്ന പ്രയോഗത്തിനു കീഴിൽ അക്കാദമിക എഴുത്തുകളിൽ പാലിക്കേണ്ട ചിട്ടവട്ടങ്ങളൊക്കെയാണുള്ളത്. ഈ പ്രബന്ധത്തിൽ വിജ്ഞാനഭാഷ എന്നും ശാസ്ത്രഭാഷ എന്നും ഉപയോഗിക്കുന്നുണ്ട്. ദൈനംദിന ഉപയോഗത്തിലുള്ള ഭാഷയിൽനിന്ന് വ്യത്യസ്തമായ രീതിയിലുള്ള ഒരു ഭാഷയാണ് വൈജ്ഞാനികരംഗത്ത് നിലനിൽക്കുന്നത്. അതിനെയാണ് വിജ്ഞാനഭാഷയെന്ന് വിളിക്കുന്നത്.

# അധ്യായം 1

# വിജ്ഞാനഭാഷാസ്വരൂപവും ഭാഷാസൂത്രണവും

## 1.1 ആമുഖം

ഭാഷ, സമൂഹം, വിജ്ഞാനം എന്നിവ തമ്മിലുള്ള പാരസ്പര്യത്തെ വിശദമാക്കുക, വിജ്ഞാനഭാഷയെന്ന മേഖലയേയും അതിന്റെ സവിശേഷതകളേയും ആഴത്തിൽ പരിചയപ്പെടുക, അതിന്റെ ചരിത്രഗതികളെ അടുത്തറിയുക, വൈജ്ഞാനികഭാഷകൾക്കിടയിൽ ഇന്ന് നിലനിൽക്കുന്ന അസന്തുലിതാവസ്ഥയുടെ സ്വഭാവം, അതിന്റെ കാരണങ്ങൾ തുടങ്ങിയവ കണ്ടെത്തുക, ഈ അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിൽ ഭാഷാസൂത്രണത്തിന് എന്ത് ചെയ്യാൻ കഴിയുമെന്ന് അന്വേഷിക്കുക എന്നിവയാണ് ഈ അധ്യായത്തിലൂടെ ചെയ്യുന്നത്.

## 1.2 ഭാഷയും സമൂഹവും

ലോകവുമായി നാം നിരന്തരം ഭാഷയിലൂടെ സംവദിക്കുന്നു. ലോകം ഭാഷകളാൽ നിർവചിക്കപ്പെടുന്നു. ചുറ്റുമുള്ള എല്ലാറ്റിന്റെയും സത്ത ഭാഷയാണ്. ചുറ്റും നടക്കുന്നതിന്റെ അർത്ഥവും ധാരണയും പകരുന്നതും മറ്റൊന്നല്ല. അനുഭവങ്ങളുടെ ലോകത്തിനുള്ളിൽ മനുഷ്യർ ഉണ്ടാക്കുന്ന വിവേചനങ്ങൾ പ്രാഥമികമായും ഭാഷ അനുവദിക്കുന്ന വിവേചനങ്ങളാണ്. മനുഷ്യഭാഷകൾ ഉൽപ്പാദനക്ഷമത, വിനിമയക്ഷമത എന്നീ ഗുണ

വിശേഷങ്ങളെ പിൻപറ്റുന്നവയാണ്. അവ നിലവിലുള്ള സാമൂഹ്യധാരണകളെയും അറിവുകളെയും ആശ്രയിക്കുകയും ചെയ്യുന്നു. ഇവിടെ ഉൽപ്പാദനക്ഷമത എന്നത് പദനിർമാണക്ഷമതയെയും വിനിമയക്ഷമത എന്നത് സ്ഥലത്തിലോ കാലത്തിലോ ഇല്ലാത്തതിനെക്കുറിച്ച് ആശയവിനിമയം നടത്താനുള്ള ശേഷിയെയുമാണ് സൂചിപ്പിക്കുന്നത് ("Language"). ഭാഷയിലൂടെയാണ് ഓരോ വ്യക്തിയും വൈജ്ഞാനികാന്വേഷണത്തിന്റെ ആദ്യഘട്ടം മുതൽ, അതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതും ഭാവനയെ പുതിയ തലങ്ങളിലേക്ക് നയിക്കുന്നതും. ചിന്തകളെയും ആശയങ്ങളെയും വ്യാഖ്യാനിക്കാൻ കഴിയുംവിധം ഭാഷയ്ക്കും വിജ്ഞാനത്തിനും തമ്മിൽ ശക്തമായ ഒരു ബന്ധമുണ്ട്.

ഒരേസമയം നിരന്തരമായി രൂപപ്പെട്ടുകൊണ്ടിരിക്കുന്നതും നിരന്തരമായി ഒഴുകിക്കൊണ്ടിരിക്കുന്നതുമാണ് ഭാഷ. നിയതമായ വ്യവസ്ഥകളെ പിന്തുടരുമ്പോഴും അവയെ തട്ടിമാറ്റാനും പുതിയ മേച്ചിൽപ്പുറങ്ങൾ കണ്ടെത്താനും അത് ശ്രമിക്കുന്നു. സ്ഥായിയായ ഒരു രൂപത്തിലോ വ്യവസ്ഥയിലോ ഭാഷയെ തളച്ചിടാനാവില്ല.

ഉപകരണങ്ങളുടെയും ആയുധങ്ങളുടെയും നിർമാണം, മീൻപിടിക്കൽ, വർണങ്ങളുടെ ഉപയോഗം തുടങ്ങിയ ബഹുമുഖപ്രവർത്തനങ്ങളിലേക്ക് മാനവരാശി പ്ലിസ്റ്റോസീൻ കാലഘട്ടത്തിന്റെ അവസാനമാവുമ്പോഴേക്കും കടന്നിരിക്കുമെന്നാണ് ശാസ്ത്രലോകം കണക്കാക്കുന്നത് (Szathmáry and Számadó 40). ഇവയോടൊപ്പംതന്നെ ഭാഷാപ്രയോഗത്തിലേക്കും അവർ കടന്നിട്ടുണ്ടാവും. സംഘങ്ങൾക്കകത്തും സംഘങ്ങൾ തമ്മിലുമെല്ലാം ഇത്തരം പ്രവർത്തനങ്ങളെ പകർന്നുനൽകാൻ ഭാഷ പ്രയോജനപ്പെട്ടു. കൂട്ടായ്മ, സഹകരണം തുടങ്ങിയവ രൂപപ്പെടുത്താനും വിപുലീകരിക്കാനും ഭാഷ അടിത്തറയായി. ഒരു ലക്ഷത്തി ഇരുപതിനായിരം വർഷങ്ങൾക്കുമുമ്പുതന്നെ വലിയതോതിൽ ആശയവിനിമയത്തിന് ഭാഷ പ്രയോജനപ്പെട്ടിരിക്കും എന്നും കണക്കാക്കിപ്പോരുന്നു.

വലിയ വലിയ കൂട്ടായ്മകൾ സാധ്യമാക്കാനും സാംസ്കാരികവിപ്ലവത്തിന് തുടക്കമിടാനും ഭാഷ മനുഷ്യരെ പ്രാപ്തരാക്കി. തലമുറകളിൽനിന്ന് തലമുറകളിലേക്ക് സഞ്ചിതമായ രീതിയിൽ മാനവസംസ്കാരത്തെ കൈമാറാനും തുണയായത് ഭാഷതന്നെ. സാംസ്കാരികമായ മുന്നേറ്റം മനുഷ്യപരിണാമത്തെപ്പോലും സ്വാധീനിക്കുന്ന ഒന്നായി മാറി. ആയിരം ജീനുകളേക്കാളും ശ്രേഷ്ഠമാവാൻ ഒരു വാക്കിനു കഴിയുമെന്ന് സാംസ്കാരികവിപ്ലവം തെളിയിച്ചു. വൈജ്ഞാനിക മുന്നുപാധികളിന്മേൽ നിർമിച്ചതും മറ്റെല്ലാറ്റിലേക്കും വാതിൽ തുറക്കുന്നതുമായതിനാൽ ഭാഷയാണ് പരിണാമസംബന്ധിയായ ഏറ്റവും പ്രധാനപ്പെട്ട കണ്ടെത്തൽ(42).

മറ്റുജീവികളും വിവിധരീതികളിൽ ആശയവിനിമയപ്രക്രിയയിൽ പങ്കെടുക്കാറുണ്ടെങ്കിലും അവയിൽനിന്നെല്ലാം മനുഷ്യഭാഷ തികച്ചും വ്യതിരിക്തതയാർന്നതാണ്. പദസമ്പത്തിന്റെ വൈപുല്യം, ദ്യോതകപദങ്ങൾ അഥവാ നിർവഹണപദങ്ങൾ, ഭൂത–ഭാവി കാലങ്ങളെ പരാമർശിക്കാനുള്ള കഴിവ്, രൂപകം, ശ്ലേഷോക്തി തുടങ്ങിയ ഘടകങ്ങൾ, വഴക്കവും ആവർത്തനസ്വഭാവവുമുള്ള പദവിന്യാസഘടന എന്നീ ഘടകങ്ങൾ മനുഷ്യഭാഷയുടെ സവിശേഷതകളാണ്. ആംഗ്യഭാഷയിലൂടെ ആരംഭിച്ച മനുഷ്യരുടെ ആശയവിനിമയരീതി സംസാരഭാഷയിലേക്ക് മാറിവന്നതിൽ സിൻകിനേഷ്യ[1]യ്ക്ക് നിർണായകമായ പങ്കുണ്ട് (രാമചന്ദ്രൻ. വി. എസ്. 275). വൈകാരികശബ്ദങ്ങളോടൊപ്പം നടത്തിയ അംഗവിക്ഷേപങ്ങളാണ് വാക്കുകളുടെ പിറവിയിലേക്ക് നയിച്ചത്.

ഭാഷയിൽനിന്ന് വേർതിരിച്ചുകാണാൻ കഴിയാത്ത ഘടകമാണ് സമൂഹം. കൂട്ടായ ജീവിതമാണ് ഭാഷ എന്ന ഘടകത്തെ ഒരാവശ്യമാക്കി മാറ്റിയതുതന്നെ. ഒറ്റയായ വ്യക്തിക്ക് ഭാഷയുടെ ആവശ്യമില്ല. രണ്ടാമതായി ഒരാൾ ഉള്ളപ്പോഴാണ് ആശയവിനിമയസന്ദർഭങ്ങൾ രൂപംകൊള്ളുന്നത്. മനുഷ്യപൂർവികർക്ക് ഇരുകാലുകളിൽ നിവർന്നുനിൽക്കാൻ കഴിഞ്ഞതോടെയാണ് കൈകളുടെ സവിശേഷമായ സിദ്ധികൾ പ്രയോജനപ്പെടുത്താൻ കഴിഞ്ഞത്. ഇത് തലച്ചോറിന്റെ വളർച്ചയെ പരിപോഷിപ്പിച്ചു. ശബ്ദാവയവങ്ങളുടെ പരിണാമവും നിവർന്നുനിൽക്കാൻ കഴിഞ്ഞതിന്റെ തുടർച്ചയായിരുന്നു (ശിവശങ്കരൻ 144). ഇതെല്ലാം സംഭവിച്ചാലും സമൂഹമെന്ന ഘടകമില്ലെങ്കിൽ ഭാഷ വളരില്ലായിരുന്നു. പദത്തിന്റെയോ പദസമൂഹത്തിന്റെയോ സഹായത്താൽ മസ്തിഷ്കത്തിൽ രേഖപ്പെടുത്തപ്പെടുന്ന അനുഭവങ്ങൾ, പദങ്ങൾ നിർമിക്കുന്ന ബന്ധങ്ങളാൽ ആശയമായി മാറുന്നു (വേണു 260). ആശയങ്ങൾ രൂപപ്പെടുന്നത് വ്യക്തികളുടെ തലയിലാണെങ്കിലും അത് ജീവിക്കുന്നത് സമൂഹത്തിലെ ഒരുകൂട്ടം തലകൾക്കകത്താണ് (ചൈൽഡ്, *സമൂഹവും അറിവും*, 95).

ഭാഷാസവിശേഷതകളിലെ മറ്റൊരു പ്രധാനഘടകം ചിന്തയും ഭാഷയും തമ്മിലുള്ള ബന്ധമാണ്. ചിന്തയ്ക്ക് ഭാഷ ആവശ്യമാണോ എന്ന ചോദ്യം തത്വചിന്തയുടെ മേഖലയിലേക്ക് മാറ്റിവെക്കാവുന്ന ഒന്നാണെന്ന് (രാമചന്ദ്രൻ. വി. എസ്. 310) അഭിപ്രായമുള്ളവരുണ്ട്. അടിസ്ഥാനചോദനകളിൽ ചിലവയെക്കുറിച്ചുള്ള ചിന്തകൾ ഭാഷാസഹായമില്ലാതെയും വാക്കുകളുടെ സഹായമില്ലാതെയും മനസ്സിൽ ഉരുവംകൊള്ളുന്നുണ്ടാവാം. എന്നാൽ അത്തരം ചിന്തകൾ എത്രമാത്രം പ്രാകൃതാവസ്ഥയിൽ തുടരുമെന്നുള്ളത് എളുപ്പത്തിൽ ബോധ്യപ്പെടാവുന്നതേയുള്ളൂ. ആശയങ്ങളുടെ വാഹനമാണ് ഭാഷയെന്നു പറയാം (Savory 11). മനുഷ്യരുടെ ഉയർന്ന മാനസികശേഷികളിൽ ഏറ്റവും

പ്രാധാന്യം ഭാഷയ്ക്കാണെന്ന് വിഗോട്സ്കി അഭിപ്രായപ്പെടുന്നു. ചിന്തയെയും ഭാഷയെയും വേർതിരിച്ചുപഠിക്കുന്നത് ശരിയല്ല. ചിന്തയും ഭാഷയും വികാസം പ്രാപിക്കുന്നത് വേറിട്ടാണെങ്കിലും പരസ്പരം ഇഴപിരിച്ചെടുക്കാൻ കഴിയുന്ന ഘടകങ്ങളല്ല അവ. ഭാഷാരഹിതചിന്തയും ചിന്താരഹിതഭാഷയും സമ്മേളിക്കുന്ന നൈസർഗികഘട്ടം ശിശുക്കളിലുണ്ടെങ്കിലും ഏതാണ്ട് രണ്ടുവയസ്സാകുമ്പോഴേക്കും ഇവ തമ്മിൽ സമന്വയിച്ച് പുതിയൊരു രൂപം കൈക്കൊള്ളുന്നു. ഭാഷ വാചികവും യുക്തിപരവുമാകുന്നത് ഈ ഘട്ടത്തിലാണ്. ഒരു വൈകാരികമായ അനുഭവം മാത്രമായി അതുവരെ അനുഭവപ്പെട്ട ഭാഷ ഈ ഘട്ടം തൊട്ട് ഒരു വൈജ്ഞാനിക അനുഭവംകൂടിയായി മാറുന്നു. സാമൂഹികാനുഭവങ്ങളാണ് ഭാഷയുടെ ഉറവിടമെന്ന് വിഗോട്സ്കി വ്യക്തമാക്കുന്നു (പുരുഷോത്തമൻ, *വിഗോട്സ്കിയും വിദ്യാഭ്യാസവും* 103).

പ്രകൃതിയിൽ ഇടപെട്ടും പ്രതിപ്രവർത്തിച്ചുമാണ് മനുഷ്യരുടെ അറിവുൽപ്പാദനം നടക്കുന്നത്. നിലനിൽക്കുന്ന സാമൂഹികബന്ധങ്ങൾ അറിവിനെ നിർണയിക്കുന്നതിലെ സുപ്രധാനഘടകമായി മാറുകയും ചെയ്യുന്നു. സമൂഹങ്ങളുടെ കൂട്ടായ അനുഭവങ്ങളുടെ ഉൽപ്പന്നമാണ് ഓരോ കാലഘട്ടത്തിലെയും അറിവ് (ഗണേശ്, *അറിവിന്റെ വിനിമയം കേരളത്തിൽ* 23). മൂർത്തമായും അമൂർത്തമായും മാത്രമല്ല, ധൈഷണികമായും പ്രായോഗികമായും അറിവ് സമൂഹത്തിൽ നിലനിൽക്കുന്നു. സാമൂഹ്യജീവിതത്തിൽ മാത്രമല്ല, അറിവുൽപ്പാദനത്തിലും ഭാഷ നിർണായകമാകുന്നു. ഉപകരണങ്ങളും ആയുധങ്ങളും ഉപയോഗിച്ചുള്ള കൂട്ടായ പ്രവർത്തനവേളകളാണ് ആശയവിനിമയസന്ദർഭങ്ങളെയും അതുവഴി ഭാഷയെയും സൃഷ്ടിച്ചത്. കേവലമായ ആശയവിനിമയം എന്ന തലത്തിനപ്പുറത്തേക്ക് ഭാഷ വളരുകയും സാമൂഹികജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലെയും സജീവസാന്നിധ്യമായി മാറുകയും ചെയ്തു. തലമുറകൾ തങ്ങളുടെ അനുഭവങ്ങളേയും ഓർമകളേയും പുതുതലമുറകൾക്ക് കൈമാറാനും ഭാഷയെ ആശ്രയിക്കുന്നു. ലഭിച്ച അനുഭവങ്ങളേയും ധാരണകളേയും മറ്റുള്ളവരിലേക്കും പുതുതലമുറകളിലേക്കും കൈമാറാൻ കഴിഞ്ഞുവെന്നതിനാലാണ് അതിജീവനത്തിനായുള്ള മത്സരത്തിൽ സവിശേഷമായ രീതിയിൽ മുന്നേറാൻ ഹോമോസാപ്പിയൻസ് എന്ന സ്പീഷീസിന് കഴിഞ്ഞത്. അതിന് സഹായകമായത് ഭാഷയെന്ന സിദ്ധിയല്ലാതെ മറ്റൊന്നുമല്ല.

സാമൂഹികസംവിധാനത്തിലെ ഭാഷയുടെ കേന്ദ്രസ്ഥാനവും പ്രാമുഖ്യവും നിരവധി പണ്ഡിതരുടെ അന്വേഷണവിഷയമായിരുന്നു; ഇപ്പോഴുമാണ് (Sasisekaran 1). എന്താണ് ഭാഷ, എങ്ങനെയാണ് ഭാഷ ഉത്ഭവിച്ചത്, എങ്ങനെയാണ് അത് വികസിച്ചത് തുടങ്ങിയ ചോദ്യങ്ങൾക്ക് പണ്ഡിതർ വ്യത്യസ്തകോണുകളിൽനിന്ന് ഉത്തരങ്ങൾ

നൽകിയിട്ടുണ്ട്. ഇനിയും പുതിയ ഉത്തരങ്ങൾ കടന്നുവന്നേക്കാം. എങ്കിലും മനുഷ്യാ ധ്വാനം, സാമൂഹികജീവിതം എന്നിവയെ പരിഗണിക്കാത്ത ഒരു ഭാഷാസങ്കൽപ്പത്തിന് അടിത്തറ ഉണ്ടാവുകയില്ല. കാരണം, അധ്വാനഫലമായി രൂപംകൊള്ളുകയും മാറുകയും ചെയ്യുന്ന സാമൂഹികബന്ധത്തിന്റെ വ്യവസ്ഥയും ബോധവും ഭാഷയിലൂടെ പ്രകടീഭവിക്കു ന്നു (ശ്രീകുമാർ. പി. 25).

## 1.3 വിജ്ഞാനം, വിജ്ഞാനഭാഷ

വിശേഷപ്പെട്ട ജ്ഞാനം, വിവേചിച്ചറിഞ്ഞ ജ്ഞാനം എന്നൊക്കെയാണ് വിജ്ഞാനം[2] എന്ന പദത്തിന്റെ അർത്ഥമെങ്കിലും മലയാളത്തിൽ അറിവ്, ജ്ഞാനം, വിജ്ഞാനം എന്നീ പദങ്ങൾ അർത്ഥഭേദമില്ലാതെയാണ് ഉപയോഗിക്കുന്നത് (മുരളീധരൻ, *വിജ്ഞാനവും വിജ്ഞാനഭാഷയും*, 25). ഇംഗ്ലീഷിലെ നോളജ് (knowledge)[3] എന്ന പദത്തിന് തുല്യമായി ഈ മൂന്ന് പദങ്ങളും മലയാളത്തിൽ ഉപയോഗിച്ചുപോരുന്നു. അനുഭവങ്ങളിലൂ ടെയോ വിദ്യാഭ്യാസത്തിലൂടെയോ വസ്തുതകൾ, വിവരങ്ങൾ, നൈപുണികൾ എന്നിവ ആർജിക്കുന്നതാണ് നോളജ്. ഒരു വിഷയത്തെക്കുറിക്കുന്ന സൈദ്ധാന്തികമോ പ്രായോ ഗികമോ ആയ ധാരണയാണത്. വിവരങ്ങളും അനുഭവങ്ങളും ഉൾക്കാഴ്ചകളും കൂടിച്ചേരു മ്പോഴാണ് വിജ്ഞാനം സൃഷ്ടിക്കപ്പെടുന്നത്.

അറിവ് യുക്തിപരമായ പാറ്റേണുകളെ മുൻനിർത്തി ക്രമത്തിൽ മുന്നേറുന്ന ഒന്നാണ് (ചൈൽഡ്, *സമൂഹവും അറിവും*, 100). അറിവു നേടുകയെന്നത് ഓർമിച്ചുവെക്കലോ വിവരങ്ങളെ നിഷ്ക്രിയമായി കണ്ണാടിയിൽ പ്രതിഫലിപ്പിക്കലോ അല്ല. ഓരോ അറിവും ഒരു മുന്നറിവിൽ കെട്ടിപ്പടുക്കപ്പെടുന്ന ഒന്നാണ്. വാക്കുകളോ പ്രതീകങ്ങളോ ഉപയോഗി ച്ച്, ആർജിതമായ അറിവിനെ മറ്റുള്ളവരിലേക്ക് കൈമാറാൻ മനുഷ്യർക്ക് കഴിയുന്നു. കൈമാറ്റം ചെയ്യുന്നത് അനുഭവങ്ങളിലൂടെയോ അല്ലാതെയോ ആർജിച്ച അറിവാകാം. ഇത്തരത്തിൽ അറിവ് കൈമാറ്റപ്രക്രിയയിൽ ഏർപ്പെടാൻ കഴിയുന്ന ഒരേ ഒരു സ്പീഷീസ് മനുഷ്യർ മാത്രമാണെന്നാണ് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ന് കരുതു ന്നത്.

വിജ്ഞാനം എന്ന പദത്തെ കുറച്ചുകൂടി ആഴത്തിൽ ഇവിടെ പരിശോധിക്കേണ്ടതു ണ്ട്. വിജ്ഞാനം എന്നു കേൾക്കുമ്പോഴേക്കും ശാസ്ത്രം, സാമൂഹികശാസ്ത്രം, മാനവികവി ഷയങ്ങൾ എന്നിവയെല്ലാം മനസ്സിലേക്ക് കടന്നുവരും. ശാസ്ത്രം എന്ന പദം സയൻസ് എന്ന ഇംഗ്ലീഷ് പദത്തിനുപകരമായാണ് മലയാളത്തിൽ ഉപയോഗിക്കുന്നത്. ശാസ്ത്രം

(शास्त्र) എന്ന സംസ്കൃതപദത്തിന് ഒന്നിലധികം അർത്ഥങ്ങളുണ്ട്. സംസ്കൃതനിഘണ്ടു (www.sanskritdictionary.com) അനുസരിച്ച് അധ്യാപന സാമഗ്രികൾ, നിയമസംഹിതകൾ, ഗ്രന്ഥങ്ങളും രേഖകളും– പ്രത്യേകിച്ചും മതപരമോ ശാസ്ത്രീയമായതോ ആയവ, ദൈവികപദവിയെക്കുറിച്ചുള്ള വിശുദ്ധ ഗ്രന്ഥങ്ങൾ എന്നിവയെല്ലാം ശാസ്ത്രത്തിൽ ഉൾപ്പെടും. ഗുരുവിനാൽ ശാസിക്കപ്പെട്ടതിനെയും ഭാരതത്തിൽ ശാസ്ത്രം എന്ന് വിളിച്ചു വന്നു. ചിട്ടപ്പെടുത്തി എഴുതിയവയാണവ. അതുപ്രകാരം അർത്ഥശാസ്ത്രം, ലോഹശാസ്ത്രം, വാസ്തുശാസ്ത്രം, ശബ്ദശാസ്ത്രം, ജ്യോതിശ്ശാസ്ത്രം, വൈദ്യശാസ്ത്രം തുടങ്ങിയവയോടൊപ്പം കാമശാസ്ത്രം, ഗൗളിശാസ്ത്രം, പക്ഷിശാസ്ത്രം എന്നിങ്ങനെ പലതരം ശാസ്ത്രങ്ങൾ വേറെയുമുണ്ട്. സംസ്കൃതത്തിലെ ശാസ്ത്രത്തിന് ഏറെക്കുറെ ലാറ്റിനിലെ disciplina യോടാണ് സാമ്യം. അതുകൊണ്ടുതന്നെ സയൻസ് എന്ന പദത്തിന്റെ അർത്ഥതലം ശാസ്ത്രം എന്ന വാക്കിന് ഉൾക്കൊള്ളാൻ കഴിയുന്നില്ലെന്ന് പലരും ചൂണ്ടിക്കാണിച്ചിട്ടുണ്ട് (ഗോവിന്ദപ്പിള്ള, *വൈജ്ഞാനികവിപ്ലവം ഒരു സാംസ്കാരിക ചരിത്രം* 42; അരവിന്ദൻ et al. 10). എന്നാൽ ഈ പ്രശ്നം ഒരു പരിധിയോളം ഇംഗ്ലീഷിലും നിലവിലുണ്ട്. സയന്റിഫിക്ക് ക്രിയേഷനിസം (ശാസ്ത്രീയ സൃഷ്ടിവാദം), സ്യൂഡോ സയൻസ് (കപടശാസ്ത്രം), തുടങ്ങിയ ചില പ്രയോഗങ്ങൾ അവിടെയും കാണാം.

ശാസ്ത്രം എന്ന സങ്കല്പനം കാലങ്ങളിലൂടെയും ഭാഷകളിലൂടെയും മാറി മാറി വന്ന ഒന്നാണ്(Roelli 567). സയൻസ്, സയന്റിസ്റ്റ് എന്നീ പദങ്ങൾ പൗരാണികകാലത്തെ യൂറോപ്യൻ ഭാഷകളിലും കാണാൻ കഴിയില്ല. ഫിലോസഫിയായിരുന്നു ഒരുകാലത്ത് പ്രധാനം. ശാസ്ത്രത്തെ സൂചിപ്പിക്കാൻ നാച്വറൽ ഫിലോസഫി എന്നും ശാസ്ത്രജ്ഞരെ സൂചിപ്പിക്കാൻ നാച്വറൽ ഫിലോസഫേഴ്സ് എന്നും ഉപയോഗിച്ചിരുന്നു. ഇംഗ്ലീഷിലെ സയൻസിന് ഫ്രഞ്ചിലെ പദം science എന്നുതന്നെയാണ്. ജർമൻ ഭാഷയിൽ അത് Wissenschaft ഉം റഷ്യനിൽ наука (nauka)യും ആധുനിക ഗ്രീക്കിൽ επιστήμη (epistími) ഉം ലാറ്റിനിൽ scientia യുമാണ്. ഈ പദങ്ങൾ ഒരേ അർത്ഥത്തെയല്ല ദ്യോതിപ്പിക്കുന്നത്. ഗണിതം, പ്രകൃതിശാസ്ത്രങ്ങൾ, ചരിത്രം, സാമൂഹിക ശാസ്ത്രങ്ങൾ, സാങ്കേതികശാസ്ത്രങ്ങൾ എന്നീ മേഖലകളെല്ലാം ഫ്രഞ്ച്, ജർമൻ, റഷ്യൻ, ആധുനിക ഗ്രീക്ക് എന്നീ ഭാഷകളിൽ സയൻസ് എന്ന പദത്തിന് കീഴിൽ വരുന്നു. എന്നാൽ ആധുനിക ഇംഗ്ലീഷിൽ അങ്ങനെയല്ല. അവിടെ സയൻസ്, സ്കോളർഷിപ്പ് എന്നിങ്ങനെ വേർതിരിവുണ്ട്. ചരിത്രം, സാഹിത്യം തുടങ്ങിയവയെങ്കിലും സയൻസിൽനിന്ന് മാറ്റിനിർത്തപ്പെടും. ഇന്നു കാണുന്ന നിഷ്കൃഷ്ടമായ അർത്ഥം സയൻസിന് ഇംഗ്ലീഷിൽ കൈവന്നുതുടങ്ങുന്നത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പാതിയിലാണ്. അതായത് ജർമൻ, ഫ്രഞ്ച്,

റഷ്യൻ, ആധുനിക ഗ്രീക്ക് ഭാഷകൾ സയൻസ് എന്ന ഒറ്റപ്പദംകൊണ്ട് വിവക്ഷിക്കുന്ന മേഖലയെ ഇംഗ്ലീഷ് ഭാഷ രണ്ട് പദങ്ങൾ ഉപയോഗിച്ചാണ് അടയാളപ്പെടുത്തുന്നത്. ഇതിനെ രണ്ടിനേയും കൂടി യോജിപ്പിച്ചുപറയാൻ ഇംഗ്ലീഷിൽ മറ്റു വാക്കുകളുമില്ല.

ശാസ്ത്രത്തിന്റെ രീതി ഉപയോഗിക്കുന്നവയെ ശാസ്ത്രം എന്ന് വിളിക്കാമെങ്കിൽ വിഷയങ്ങൾക്കല്ല, രീതിക്കാണ് പ്രാധാന്യം. ശാസ്ത്രം, സയൻസ് എന്നീ പദങ്ങൾ വിശാലമായ അർത്ഥതലത്തിലാണ് ഈ പ്രബന്ധത്തിൽ തുടർന്ന് ഉപയോഗിക്കുന്നത്. ഇംഗ്ലീഷിലെ മോഡേൺ സയൻസിനെ മാത്രമല്ല, നിരീക്ഷണം, വിശകലനം, അനുമാനം, പരീക്ഷണം, സിദ്ധാന്തവൽക്കരണം എന്ന ശാസ്ത്രരീതിയെ പ്രയോജനപ്പെടുത്തി മുന്നേറുന്ന, അഥവാ ശാസ്ത്രീയമായ രീതിയിലൂടെ നേടുന്ന എല്ലാ അറിവുകളെയും ഇവിടെ ശാസ്ത്രം എന്ന് വിവക്ഷിക്കുന്നു. വിജ്ഞാനം എന്ന പദത്തെയും സമാനാർത്ഥത്തിൽ ഉപയോഗിക്കും. ശാസ്ത്രരീതിയുടെ അടിത്തറയില്ലാത്ത പഠനരൂപങ്ങളെ പുറത്തുനിർത്തുകയും ചെയ്യും.

ചിന്തയെയും ഭാഷയെയും വേർതിരിച്ച് കാണാൻ കഴിയില്ലെങ്കിലും ശാസ്ത്രത്തിന്റെ നിർവചനങ്ങളിലോ വിശദീകരണങ്ങളിലോ, ശാസ്ത്രത്തിൽ ഭാഷ വഹിക്കുന്ന പങ്കിനെ പലപ്പോഴും വേണ്ടത്ര പരിഗണിക്കാറില്ല. ഒരു ചിന്താപദ്ധതി (Denkstil– thought style)[4] ശാസ്ത്രീയമായി മാറാൻ റെയ്‌ലി (Roelli) മുന്നോട്ടുവെക്കുന്ന മാനദണ്ഡങ്ങൾ ഇവയാണ്.

1. നന്നായി നിർവചിക്കപ്പെട്ട വിഷയവും ചിട്ടയായ ഒരു രീതിശാസ്ത്രവും.
2. പാറ്റേണുകൾ കണ്ടെത്തുകയും അവ ഘട്ടം ഘട്ടമായി വിശദീകരിക്കുകയും ചെയ്യൽ.
3. സ്ഥിരീകരണത്തിനോ നിരാകരണത്തിനോ വേണ്ടിയുള്ള നിഷ്പക്ഷമായ അന്വേഷണം.

ഇത്രത്തോളം പ്രാധാന്യമുള്ളവയല്ലെങ്കിലും മറ്റു മൂന്ന് മാനദണ്ഡങ്ങൾകൂടി അദ്ദേഹം നിർദേശിക്കുന്നു.

1. യോജിപ്പും വന്ധ്യതയില്ലായ്മയും (coherence and non-sterility).
2. സമൂഹ ഉദ്യമങ്ങൾ (community effort).
3. ഫലങ്ങളുടെ ഔപചാരികവൽക്കരണം (formalisation of results).

അവസാനത്തേത് ശാസ്ത്രഭാഷയുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ്. ശാസ്ത്രം നേടിയ ഉൾക്കാഴ്ചകളെ ഔപചാരികവും കർക്കശവുമായ രീതിയിൽ വിവരിക്കേണ്ടതുണ്ട്. അതിന്

പ്രത്യേക ചിഹ്നങ്ങൾ, രേഖാചിത്രങ്ങൾ, എന്നിവയ്ക്കുപുറമേ ഒരു പ്രത്യേകഭാഷതന്നെ വേണ്ടിവരും. പ്രമാണാനുസാരിയായ ഒരു പ്രത്യേകഭാഷ ശാസ്ത്രത്തിന്റെ ചരിത്രത്തോടൊപ്പം രൂപപ്പെടുന്നതും വികസിക്കുന്നതും കാണാൻ കഴിയും.

### 1.3.1 വിജ്ഞാനോൽപ്പാദനം ആരംഭം

പിയർ ദുഹാം (Pierre Duhem) അഭിപ്രായപ്പെട്ടതുപോലെ, ശാസ്ത്രപ്രമാണങ്ങൾക്ക് കേവലമായ ഒരു തുടക്കമില്ല (*Latin as the Language of Science and Learning* 539). ശാസ്ത്രത്തിലെ ഏതെങ്കിലുമൊരു പ്രമാണം ചിന്തിക്കുകയും തയ്യാറാക്കുകയും മുന്നോട്ടുവെക്കുകയും ചെയ്തതിനെപ്പറ്റി അന്വേഷിച്ച് പുറകോട്ടു പോകുന്തോറും, അവിടെയൊക്കെ ഒരു ചങ്ങലപോലെ അതിലേക്ക് നയിച്ച ചിന്തിക്കലും തയ്യാറാക്കലും മുന്നോട്ടുവെക്കലും പ്രക്രിയകൾ കാണാം. ശാസ്ത്രത്തിന്റെ ആരംഭമെന്നത്, ആത്യന്തികമായി എന്താണ് ശാസ്ത്രമെന്ന് ഒരാൾ നോക്കിക്കാണുന്നതിനെയും നിർവചിക്കുന്നതിനെയും ആശ്രയിച്ചിരിക്കും.

വനവാസികളായി പ്രാകൃതാവസ്ഥയിൽ കഴിഞ്ഞ മനുഷ്യപൂർവികർ ചെയ്തുനോക്കിയും പിഴവുതീർക്കുകയും ചെയ്യുന്ന പ്രക്രിയയിലൂടെയാണ് (Trial and error method) വിജ്ഞാനോൽപ്പാദനത്തിന്റെ അടിപ്പടവുകൾ പണിതത്. ഏതെല്ലാം കായകൾ വിഷക്കായകളാണെന്നും ഏതെല്ലാം കായകൾ വിശപ്പടക്കാൻ ഉപയോഗിക്കാമെന്നും അതിൽ ഏതെല്ലാം കൂടുതൽ രുചികരമാണെന്നും ഏതെല്ലാം കൂടുതൽ ഊർജം നൽകുമെന്നുമെല്ലാം നിരവധി നാളുകളിലെ അനുഭവങ്ങളിൽനിന്ന് അവർ മനസ്സിലാക്കി. ഇത്തരത്തിൽ നേടിയ അറിവിനെ ചുറ്റുമുള്ളവരിലേക്ക് പകർന്നു. മാത്രമല്ല അത് പുതിയ തലമുറയിലേക്ക് പകരാനും അവർക്ക് കഴിഞ്ഞു. തലമുറകളിൽനിന്ന് തലമുറകളിലേക്ക് ഒരേ കാര്യമല്ല പകർന്നത് എന്നതാണ് ശ്രദ്ധേയം. തുടർച്ചയായ മെച്ചപ്പെടുത്തലുകളും കൂട്ടിച്ചേർക്കലുകളുമായിരുന്നു ആ കൈമാറ്റത്തിന്റെ സവിശേഷത (മുരളീധരൻ, *വിജ്ഞാനവും വിജ്ഞാനഭാഷയും* 38). അനേകവർഷങ്ങൾ പിന്നിട്ടപ്പോഴും പക്ഷികളുടെ കൂടുകൾ ഒരേ ഭാവത്തിലും രൂപത്തിലും നിലനിന്നതിൽനിന്ന് ഭിന്നമായി മനുഷ്യരുടെ വീടുകൾ പടിപടിയായി ഭാവത്തിലും രൂപത്തിലും വളർച്ച പ്രാപിച്ചു. അറിവിന് ഊട്ടംകൂടിവരുന്ന സ്വഭാവമില്ലായിരുന്നെങ്കിൽ മാനവരാശി ഇതുവരെ സൃഷ്ടിച്ച ഭൗതികവും സാംസ്കാരികവുമായ നേട്ടങ്ങളൊന്നും തന്നെ രൂപപ്പെടുമായിരുന്നില്ല.

ആദിമമനുഷ്യരുടെ അറിവുനേടൽപ്രക്രിയ കേവലം അനുഭവാത്മകരീതി (Empirical Method)കളിൽ മാത്രം ഒതുങ്ങിനിന്നില്ല. പഞ്ചേന്ദ്രിയാനുഭവങ്ങളിലൂടെ നേടിയ അനുഭ

വങ്ങളെ യുക്തിചിന്തയ്ക്ക് വിധേയമാക്കാൻ കാലക്രമേണ അവർ പരിശീലിച്ചു. പ്രകൃതി ചില ജീവികൾക്കു നൽകിയതുപോലുള്ള സവിശേഷമായ സിദ്ധികളോ ശരീരഭാഗങ്ങളോ മനുഷ്യർക്കില്ലെങ്കിലും ആ പരിമിതികളെല്ലാം മുറിച്ചുകടക്കാൻ അവർക്കായി. പരസ്പരപൂരകങ്ങളായി വർത്തിച്ച ബുദ്ധിശക്തിയും അധ്വാനവുമാണ് അവരെ അതിന് പ്രാപ്തരാക്കിയത്. പ്രതികൂലമായ ജീവിതാവസ്ഥകളെ ബുദ്ധിയും കൈകളുമുപയോഗിച്ച് തരണം ചെയ്യാനുള്ള ശ്രമത്തിൽ ഉപകരണങ്ങളും ആയുധങ്ങളും രൂപപ്പെട്ടു. മൃഗങ്ങളുടെ എല്ലുകളും പ്രത്യേകതരം കല്ലുകളുമെല്ലാം വേട്ടയാടലും കായ്കനികളുടെ സംഭരണവും എളുപ്പമാക്കുന്നതിനുള്ള ഉപകരണങ്ങളായി. വേട്ടയാടലും അമ്പ്, വില്ല്, ചാട്ടുളി തുടങ്ങിയ ഉപകരണങ്ങളുടെ നിർമാണവും ജന്തുശാസ്ത്രം, ഗതികം തുടങ്ങിയ ശാസ്ത്രശാഖകളുടെ തുടക്കമായിരുന്നു (പരമേശ്വരൻ, *അറിവിന്റെ പൊരുൾ* 14).

വേട്ടയാടിയും പെറുക്കിത്തിന്നും കഴിഞ്ഞ മനുഷ്യസമൂഹം (Hunter-gatherer societies) അധ്വാനം, ബുദ്ധിശക്തി, അറിവ് എന്നിവ കൈമുതലാക്കി പുരാതനശിലായുഗം, നവീനശിലായുഗം, താമ്രയുഗം, വെങ്കലയുഗം, അയോയുഗം എന്നിങ്ങനെ മാനവസംസ്കൃതിയുടെ പടവുകൾ ചവിട്ടിക്കയറി (മുരളീധരൻ, *വിജ്ഞാനവും വിജ്ഞാനഭാഷയും* 65-76). വൈജ്ഞാനികാടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ ഈ ചവിട്ടുപടികൾ ഓരോന്നും പിന്നിട്ടവയേക്കാൾ വലിയ മുന്നേറ്റങ്ങളായിരുന്നു. ആഹാരസമ്പാദനത്തിനുവേണ്ടി ചെലവഴിച്ചിരുന്ന സമയം കുറച്ചുകൊണ്ടുവരാനും വിശ്രമത്തിനും സർഗാത്മകപ്രവർത്തനങ്ങൾക്കും സമയം മാറ്റിവെക്കാനും നവീനശിലായുഗത്തിൽ സാധ്യമായി. വലിച്ചുകൊണ്ടുപോവാൻ കഴിയുന്ന വണ്ടികൾ, മൺപാത്രങ്ങൾ, നൂൽനൂൽപ്പ്, നെയ്ത്ത് തുടങ്ങിയവ ഇക്കാലത്തിന്റെ സംഭാവനയായി മാറി. രാസപരിണാമപ്രക്രിയകളെക്കുറിച്ചുള്ള ഗഹനമായ അറിവും പ്രയോഗവും ഉള്ളടങ്ങുന്ന ഒന്നായിരുന്നു മൺപാത്രനിർമാണമെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

### 1.3.2 വിജ്ഞാനോൽപ്പാദനം - നാഗരികസമൂഹം

നദീതടങ്ങൾ കേന്ദ്രീകരിച്ചുള്ള നാഗരികതകളുടെ ഉദ്ഭവത്തോടെ വൈജ്ഞാനികമുന്നേറ്റം പുതിയ യുഗത്തിലേക്ക് കടന്നിരുന്നു. നിരവധിയായ മുന്നേറ്റങ്ങളുടെ കാലഘട്ടമാണിതെങ്കിലും എഴുത്തുവിദ്യയുടെ കടന്നുവരവാണ് ഏറ്റവും ശ്രദ്ധേയം. വൈജ്ഞാനികചരിത്രത്തിലെ ഒരു പാരഡൈം ഷിഫ്റ്റ് ആയിരുന്നു അത്. എഴുത്തുരീതികളും സമൂലമായ പരിവർത്തനത്തിന് വിധേയമായ ഒന്നാണ്. ആദ്യകാലത്ത് കളിമൺ പലകക

ളിൽ രേഖപ്പെടുത്തി ചുട്ടെടുക്കുകയോ ശിലകളിൽ ആലേഖനം ചെയ്യുകയോ ആയിരുന്നു രീതിസമ്പ്രദായം. വിസ്തൃതമായ കൃഷിസ്ഥലങ്ങൾ, ആട്ടുമാട്ടുകളുടെയും കന്നുകാലികളു ടെയും കൂട്ടങ്ങൾ, വലിയതോതിലുള്ള നികുതിപിരിവ് എന്നിവ കൈകാര്യം ചെയ്യേണ്ടിയി രുന്ന സുമേറിയൻ ക്ഷേത്രക്കണക്കുകൾ തൃപ്തികരമായി സൂക്ഷിക്കുന്നതിനായി, സാമൂഹി കമായി അംഗീകൃതമായ ഒരു രേഖപ്പെടുത്തൽ സമ്പ്രദായമെന്ന നിലയിലാണ് എഴുത്തു വിദ്യ രൂപപ്പെട്ടത് (ചൈൽഡ്, *മനുഷ്യൻ സ്വയം നിർമിക്കുന്നു* 214). കളിമണ്ണിൽ രേഖപ്പെ ടുത്തിയ ചിത്രങ്ങളും ചില ചിഹ്നങ്ങളുമായിരുന്നു ആദ്യകാല അക്ഷരരൂപങ്ങൾ. വ്യക്തികൾ എന്ന നിലയിൽ പുരോഹിതർ കണ്ടെത്തിയ ഈ ആലേഖനസമ്പ്രദായം പുരോഹിതസമൂ ഹവും തുടർന്ന് സമൂഹവും അംഗീകരിച്ചതാവണം. ചിത്രങ്ങളുടെയും ചിഹ്നങ്ങളുടെയും ലിപി പിന്നീട് ലളിതവൽക്കരിക്കപ്പെടുകയും ആപ്പിന്റെ ആകൃതിയിലുള്ള രൂപങ്ങളായി മാറുകയും ചെയ്തു. ക്യൂണിഫോം ലിപി എന്ന് വിളിക്കപ്പെടുന്ന ഈ സമ്പ്രദായം ഏതാണ്ട് മൂവായിരം കൊല്ലക്കാലത്തോളം നിലനിന്നു (വേലായുധൻ 21).

സുമേറിയയിലെ എഴുത്തുസമ്പ്രദായമായ ക്യൂണിഫോമും ഈജിപ്തിൽ രൂപപ്പെട്ട ഹൈറോഗ്ലിഫിക്സ് സമ്പ്രദായവും ഫിനീഷ്യന്മാർ സമന്വയിപ്പിച്ചു. ആധുനികരീതിയിലുള്ള അക്ഷരങ്ങളുടെ തുടക്കം അവിടെയാണ്. കച്ചവടക്കാരായ ഫിനീഷ്യർ അവരുടെ അക്ഷ രമാലയെ ഗ്രീസിലെത്തിച്ചു. ഗ്രീസിൽനിന്ന് അത് യൂറോപ്പിലേക്കും മറ്റു പ്രദേശങ്ങളിലേ ക്കും വ്യാപിച്ചു. അക്ഷരരൂപങ്ങളിൽ വന്ന മാറ്റത്തോടൊപ്പം എഴുതാനുള്ള പ്രതലത്തിലും മാറ്റം വന്നു. മൺകട്ടകളിൽ നിന്ന് അത് ഓലകളിലേക്കും പാപ്പിറസ് ചുരുളുകളിലേക്കും മൃഗങ്ങളുടെ തുകലുകളിലേക്കും സിൽക്ക് തുണികളിലേക്കും കടലാസിലേക്കുമായി മാറി.

പ്രമുഖ നദീതടസംസ്കാരങ്ങൾ വിവിധ കാരണങ്ങളാൽ അസ്തമിച്ചെങ്കിലും വൈജ്ഞാ നികധാരയുടെ പ്രവാഹം നിലച്ചില്ല. ബി. സി. ഇ. ആറാം നൂറ്റാണ്ടോടെ ഗ്രീസിൽ പുതിയ വൈജ്ഞാനികയുഗം ആരംഭിക്കുന്നതുവരെ ലോകം ഇരുണ്ട യുഗത്തിലായിരുന്നുവെന്ന യൂറോകേന്ദ്രിതവാദം ശക്തമായ രീതിയിൽ ചോദ്യംചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ത്യൻ, അറബ്, ചൈനീസ് വിജ്ഞാനധാരകൾ നടത്തിയ മുന്നേറ്റത്തെ തമസ്കരിച്ചുകൊണ്ടാണ് ഇത്ത രമൊരു വാദം ഉയർത്തപ്പെട്ടത്. യൂറോപ്യൻ ചരിത്രകാരന്മാർ ചരിത്രത്തെ ക്ലാസിക്കൽ പൗരാണികകാലം, മധ്യകാലം, ആധുനിക കാലം എന്നിങ്ങനെ മൂന്നായി വിഭജിച്ചു. യൂറോകേന്ദ്രിതമായ ഈ വിഭജനപ്രകാരംതന്നെ മധ്യകാലത്തെ ഇരുണ്ടയുഗമെന്ന് വിളിക്കുന്നതിൽ അപാകതകളുണ്ട് (മുരളീധരൻ, *വിജ്ഞാനവും വിജ്ഞാനഭാഷയും* 94). ഗണിതം, വൈദ്യശാസ്ത്രം, ജ്യോതിശ്ശാസ്ത്രം എന്നീ മേഖലകളിലെ മുന്നേറ്റങ്ങളും, പേപ്പർ, അച്ചടി, വെടിമരുന്ന് തുടങ്ങിയ സാങ്കേതികരംഗത്തെ കണ്ടെത്തലുകളും ചൈനീസ്

വിജ്ഞാനധാരയുടെ കുതിപ്പിന്റെ നിദർശനങ്ങളാണ്. ഗണിതം, ജ്യോതിശ്ശാസ്ത്രം, വൈദ്യശാസ്ത്രം, തർക്കശാസ്ത്രം, ലോഹശാസ്ത്രം, കാലാവസ്ഥാശാസ്ത്രം, രാഷ്ട്രതന്ത്രം, ഭാഷാശാസ്ത്രം എന്നിങ്ങനെ നിരവധി മേഖലകളിൽ ഇന്ത്യൻ വൈജ്ഞാനികധാര മുന്നേറി. അറബ് ധാരയാകട്ടെ[5] രസതന്ത്രം, ഭൗതികം, ഗണിതം, ജ്യോതിശ്ശാസ്ത്രം, വൈദ്യശാസ്ത്രം തുടങ്ങിയ മേഖലകളിൽ നേട്ടങ്ങൾ കൈവരിച്ചു. അതിലുപരി അന്യംനിന്നു പോവുമായിരുന്ന യവന–റോമൻ വൈജ്ഞാനികസമ്പത്തിനെ ശേഖരിച്ച് അവർ സംരക്ഷിച്ചു. നവോത്ഥാനയൂറോപ്പിലേക്ക് പ്രാചീന യവന– റോമൻ കൃതികളും ഇന്ത്യയിലെ ഗണിതസമ്പ്രദായവും ചൈനയിലെ വെടിമരുന്നും അച്ചടിയും മറ്റും എത്തിച്ചതും അറബികളായിരുന്നു. ഇത് വലിയൊരു കാൽവെപ്പായിരുന്നു (ആർ.വി.ജി.മേനോൻ 123).

### 1.3.3 നവോത്ഥാനവും വൈജ്ഞാനികവിപ്ലവവും

നവോത്ഥാനം ഒരുക്കിയ അരങ്ങിൽ വൈജ്ഞാനികവിപ്ലവം[6] യാഥാർത്ഥ്യമായതോടെ നിരവധി വിശ്വാസങ്ങളും പ്രമാണങ്ങളും കടപുഴകി. അതുവരെ തുടർന്നുപോന്ന, എന്തിന് എന്നതിനുപകരം എന്ത്, എന്തുകൊണ്ട് എന്നിവ അന്വേഷണ പ്രമേയങ്ങളായി മാറുന്നത് ഈ കാലഘട്ടത്തിലാണ്. അരിസ്റ്റോട്ടിൽ മുതൽ പിന്തുടർന്നുപോന്നതും സിദ്ധാന്തവും പ്രയോഗവും തമ്മിൽ വലിയ അന്തരം നിലനിൽക്കുകയും ചെയ്തിരുന്ന നിഗമനരീതിക്ക് (deductive method) പകരം പരീക്ഷണ നിരീക്ഷണങ്ങളിലൂടെ അന്വേഷിക്കുന്ന ആധുനികസയൻസിന്റെ സമീപനരീതി ആരംഭിക്കുകയും ചെയ്യുന്നത് ഇക്കാലത്താണ്. അരിസ്റ്റോട്ടിലിന്റെ ഭൂകേന്ദ്രസിദ്ധാന്തം ചോദ്യംചെയ്ത കോപ്പർനിക്കസിന്റെ *ഓൺ ദി റെവല്യൂഷൻസ് ഓഫ് ദി സെലസ്റ്റിയൽ സ്ഫിയേഴ്സ്* എന്ന പുസ്തകവും ആൻഡ്രിയാസ് വിസേലിയസിന്റെ *ഓൺ ദി ഫാബ്രിക്ക് ഓഫ് ദി ഹ്യൂമൺ ബോഡി* എന്ന പുസ്തകവും പുറത്തിറങ്ങിയ 1543 ലാണ് വൈജ്ഞാനികവിപ്ലവത്തിന്റെ തുടക്കമെന്ന് കണക്കാക്കുന്നു(ഗോവിന്ദപ്പിള്ള, *വൈജ്ഞാനികവിപ്ലവം ഒരു സാംസ്കാരിക ചരിത്രം* 239). തന്റെ ചെറിയ ടെലിസ്കോപ്പിലൂടെ ഗലീലിയോ കാണിച്ച കാഴ്ചകൾ മതമേധാവിത്വത്തെയും സമൂഹത്തെയും ഒരുപോലെ പിടിച്ചുകുലുക്കി. പരിശോധിച്ച് ബോധ്യപ്പെട്ടേ ആരു പറഞ്ഞ കാര്യവും സ്വീകരിക്കാവൂ എന്നതായിരുന്നു ഗലീലിയോവിന്റെ മതം. ശാസ്ത്രം തെരുവിൽ ചർച്ചചെയ്യപ്പെടണമെന്ന് ആഗ്രഹിച്ച അദ്ദേഹം പണ്ഡിതഭാഷയായ ലാറ്റിനെ മാറ്റിനിർത്തി ജനങ്ങൾക്കു മനസ്സിലാവുംവിധം ദേശ്യഭാഷയിൽ ശാസ്ത്രകാര്യങ്ങൾ കൈകാര്യം ചെയ്തു. വൈജ്ഞാനികകാര്യങ്ങൾ മാതൃഭാഷയിൽ പ്രസിദ്ധീകരിക്കുക എന്നത് അക്കാ

ലത്ത് വിപ്ലവകരമായൊരു പ്രവർത്തനമായിരുന്നു. അതിനു തുനിഞ്ഞു എന്നുള്ളതുകൊണ്ടുകൂടിയാണ് പള്ളിമേധാവിത്വം ഗലീലിയോയ്ക്കെതിരെ തിരിയുന്നത് (അരവിന്ദാക്ഷൻ 61).

വൈജ്ഞാനികവിപ്ലവത്തിന്റെ ഒരു തുടർച്ചതന്നെയായിരുന്നു ജ്ഞാനോദയം (Enlightenment)[7]. ഐസക് ന്യൂട്ടൺ 1687 ൽ പ്രസിദ്ധീകരിച്ച പ്രിൻസിപ്പിയയെ വൈജ്ഞാനികവിപ്ലവത്തിന്റെ ഉച്ചസ്ഥായിയായും ജ്ഞാനോദയത്തിന്റെ തുടക്കമായും അടയാളപ്പെടുത്താറുണ്ട്. ചിലരാകട്ടെ റെനെ ദെക്കാർത്തെയുടെ *ഡിസ്കോഴ്സസ് ഓൺ മെത്തേഡ്* എന്ന പുസ്തകമാണ് ജ്ഞാനോദയത്തിന്റെ തുടക്കമായി കാണുന്നത്. സ്പിനോസ, ജോൺ ലോക്ക്, പിയേർ ബേൽ, വോൾട്ടയർ, ഐസക് ന്യൂട്ടൺ തുടങ്ങിയ പ്രമുഖരുടെ പുത്തൻ ആശയങ്ങളും അവയുയർത്തിയ ആശയസംഘട്ടനങ്ങളുമെല്ലാം ചേർന്ന് സമ്പന്നമായൊരു കാലഘട്ടമായിരുന്നു ഇത്. നൂറ്റാണ്ടുകളായി മേൽക്കോയ്മ പുലർത്തിയിരുന്ന കത്തോലിക്കാസഭയുടെ പ്രാമാണ്യം കുറയാനും യൂറോപ്പിൽ പിൽക്കാലത്ത് നടന്ന വിപ്ലവങ്ങൾക്ക് അടിത്തറയിടാനും ജ്ഞാനോദയം കാരണമായി.

ഇതേ കാലഘട്ടത്തിൽ രൂപംകൊണ്ട ശാസ്ത്രസംഘടനകൾ സവിശേഷപ്രാധാന്യമുള്ളവയായിരുന്നു. പ്ലാറ്റോയുടെ അക്കാദമിയിൽ തുടങ്ങി പണ്ഡിതരുടെ കൂട്ടായ്മകൾ ചരിത്രത്തിന്റെ ഭാഗമായിരുന്നുവെങ്കിലും ആദ്യകാല പണ്ഡിതന്മാരുടെ കൂട്ടായ്മകളിൽനിന്ന് വ്യത്യസ്തമായിരുന്നു വൈജ്ഞാനികവിപ്ലവകാലത്ത് രൂപംകൊണ്ടവ[8]. മതാധിപത്യത്തിൻ കീഴിൽ ലക്ഷ്യങ്ങളിൽനിന്ന് വ്യതിചലിച്ച യൂണിവേഴ്സിറ്റികൾക്കുള്ള ബദലുകൾ എന്ന നിലയിൽകൂടിയാണ് പുതിയകാല കൂട്ടായ്മകൾ രൂപംകൊണ്ടത്. ഏതാനും ചിലരുടെ മുൻകയ്യാണ് രൂപീകരണത്തിന് കാരണമായതെങ്കിലും പല അക്കാദമികളും ദേശീയതലത്തിലേക്ക് ഉയർന്നു. ശാസ്ത്രജ്ഞർക്ക് സംവാദങ്ങളിൽ ഏർപ്പെടാനും കൂട്ടായ പ്രവർത്തനങ്ങളിൽ ഏർപ്പെടാനുമുള്ള വേദികൾ അതോടെ യാഥാർത്ഥ്യമായി. ഇവയുടെ ഏറ്റവും വലിയ സംഭാവന, ആർ.വി.ജി.മേനോൻ ചൂണ്ടിക്കാണിച്ചതുപോലെ ശാസ്ത്രപ്രബന്ധങ്ങൾ എഴുതുന്നതിനും അവതരിപ്പിക്കുന്നതിനുമുള്ള ചിട്ടയാർന്ന മാതൃക സൃഷ്ടിച്ചതാണ് (*ശാസ്ത്രസാങ്കേതിക വിദ്യകളുടെ ചരിത്രം* 207). ധിഷണാശാലികളുടെ ഒറ്റതിരിഞ്ഞ പ്രവർത്തനമെന്നതിൽനിന്ന് ശാസ്ത്രം ഒരു സാമൂഹ്യസ്ഥാപനമായി വളരുന്നതിന്റെ നിദർശനംകൂടിയായിരുന്നു ഈ അക്കാദമികൾ (ഗോവിന്ദപ്പിള്ള, *വൈജ്ഞാനികവിപ്ലവം ഒരു സാംസ്കാരിക ചരിത്രം* 435). ആരു പറഞ്ഞു എന്നതല്ല, വസ്തുനിഷ്ഠമായ പരീക്ഷണ നിരീക്ഷണങ്ങളെ പിന്തുടരുന്നുണ്ടോ എന്നതാണ് ആധികാരികതയുടെ അടിസ്ഥാനം

എന്ന് സ്ഥാപിക്കാൻ അക്കാദമികളുടെ പ്രവർത്തനങ്ങൾക്കായി. റോയൽ സൊസൈറ്റിയുടെ Nullius in verba[9]എന്ന പ്രമാണവാക്യം ഈ പുതിയ കാഴ്ചപ്പാടിന്റെ മുഖമുദ്ര പേറുന്നതായിരുന്നു.

മധ്യകാലഘട്ടത്തിനൊടുവിൽ ശാസ്ത്രരംഗത്തുണ്ടായ അത്ഭുതാവഹമായ വികാസത്തിന് കാരണമായി ഉൽപ്പാദനരംഗത്തെ മാറ്റങ്ങളെ എംഗൽസ് ചൂണ്ടിക്കാട്ടുന്നു. നാലു കാര്യങ്ങളാണ് അദ്ദേഹം വിശദീകരിച്ചത്. 1) യാന്ത്രികവും ഭൗതികവുമായ വസ്തുക്കളുടെ ഉൽപ്പാദനത്തിനുവേണ്ടി വ്യത്യസ്തമായ പരീക്ഷണമാർഗങ്ങളും പുതിയ ഉപകരണങ്ങളുടെ നിർമാണവും സാധ്യമായിത്തീർന്നു. 2) പശ്ചിമ– മധ്യ യൂറോപ്പ് പരസ്പരബദ്ധമായ രൂപത്തിൽ വളർന്നുവന്നു. 3) ഉൽപ്പാദനത്തിനുവേണ്ടി നടന്ന ഭൂമിശാസ്ത്രപരമായ പര്യവേക്ഷണങ്ങൾ കാലാവസ്ഥാശാസ്ത്രം, ജന്തുശാസ്ത്രം, സസ്യശാസ്ത്രം, ശരീരശാസ്ത്രം തുടങ്ങിയ മേഖലകളിൽ പുതിയ കണ്ടെത്തലുകളിലേക്ക് നയിച്ചു. 4) അച്ചടിവിദ്യ യാഥാർത്ഥ്യമായി (*പ്രകൃതിയുടെ വൈരുധ്യാത്മകത* 232).

അച്ചടിയുടെ ആദ്യരൂപം കടന്നുവന്നത് ചൈനയിൽനിന്നാണെങ്കിലും അത് വലിയൊരു വഴിത്തിരിവായി മാറുന്നത് പതിനഞ്ചാം നൂറ്റാണ്ടിൽ ജൊഹാനസ് ഗുട്ടൻബർഗ് അഴിച്ചുമാറ്റി പുനരുപയോഗിക്കാവുന്ന അച്ചുകൾ ഉപയോഗിച്ചുള്ള അച്ചടിവിദ്യ യാഥാർത്ഥ്യമാക്കിയതോടുകൂടിയാണ്. ഏതാനും കുലീനരിൽ ഒതുങ്ങിനിന്നിരുന്ന വൈജ്ഞാനികരംഗം വലിയതോതിൽ ജനങ്ങളുടേതായി മാറുന്നത് ഇതോടുകൂടിയാണ്. കുലീനഘട്ടത്തെ പിന്തള്ളി നവോത്ഥാനത്തിന്റെ ജനകീയഘട്ടം ആരംഭിക്കുന്നതും ഇതോടെയാണ്. അച്ചടിയുടെ വ്യാപനം പലതലങ്ങളിൽ സമൂഹത്തെ ബാധിക്കുന്നുണ്ട്. പതിനഞ്ചാം നൂറ്റാണ്ടിൽ മാർട്ടിൻ ലൂഥറിന്റെ നേതൃത്വത്തിൽ കത്തോലിക്കാസഭയിൽ നടന്ന മുന്നേറ്റം വിജയിക്കാനുള്ള കാരണം അദ്ദേഹമുയർത്തിയ ആശയങ്ങൾ അച്ചടിച്ച് വൻതോതിൽ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കാൻ കഴിഞ്ഞതാണ്.

### 1.3.4 വികസിക്കുന്ന വൈജ്ഞാനികരംഗം

ശാസ്ത്രമേഖലയുടെ വികാസത്തോടൊപ്പം സാമൂഹികശാസ്ത്രമേഖലയും[10] വികസിക്കുന്നുണ്ടായിരുന്നു. പ്ലാറ്റോയുടെ കാലംവരെ വേരുകൾ ഉള്ളതാണെങ്കിലും സാമൂഹികശാസ്ത്രങ്ങളുടെ ഉദയം ജ്ഞാനോദയകാലത്താണ് ("Social science"). ഐറിഷ് തത്വചിന്തകനായ വില്യം തോംപ്സണാണ് സോഷ്യൽ സയൻസ് എന്ന പദം ആദ്യമായി ഉപയോഗിച്ചത്. ഓഗസ്റ്റ് കോംതിനെ സോഷ്യോളജിയുടെ പിതാവായി കണക്കാക്കുന്നു. അദ്ദേഹം

ആദ്യം ഉപയോഗിച്ചിരുന്നത് സോഷ്യൽ ഫിസിക്സ് എന്ന പദമായിരുന്നു. മനുഷ്യവംശത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് വിവിധ ശാസ്ത്രശാഖകൾ രൂപപ്പെടുന്നതുപോലെ തന്നെയാണ് സാമൂഹികശാസ്ത്രങ്ങളും രൂപപ്പെടുന്നത് എന്ന് കോംത് അഭിപ്രായപ്പെട്ടു. സാമൂഹികശാസ്ത്രങ്ങളുടെ വളർച്ച വലിയതോതിൽ നടന്നത് പത്തൊമ്പതാം നൂറ്റാണ്ടിലാണ്. പഴയരീതിയിലുള്ള സാമ്രാജ്യങ്ങൾ തകർന്നുവീഴുകയും പുതിയ സാമ്രാജ്യങ്ങൾ രൂപമെടുക്കുകയും കൊളോണിയലിസം വ്യാപിക്കുകയുമെല്ലാം ചെയ്ത പത്തൊമ്പതാം നൂറ്റാണ്ടിൽ ലോകം അടിമുടി മാറിമറിഞ്ഞു. ഫ്രഞ്ചുവിപ്ലവം ചരിത്രഗതിയെ ആഴത്തിൽ സ്വാധീനിച്ചു. ഇത്തരം കാര്യങ്ങളുടെ പ്രതിഫലനങ്ങൾ ജനങ്ങളുടെ ചിന്തകളിൽ വരികയും വലിയതോതിലുള്ള രാഷ്ട്രീയവൽക്കരണം നടക്കുകയും ചെയ്തു. ഇതെല്ലാം സാമൂഹികശാസ്ത്രങ്ങളുടെ വളർച്ചയ്ക്ക് വളമേകി (മുരളീധരൻ, *വിജ്ഞാനവും വിജ്ഞാനഭാഷയും*, 125).

പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകൾ വൈജ്ഞാനികമേഖലയെ സംബന്ധിച്ച് കുതിച്ചൊഴുക്കിന്റെ കാലയളവായി. ശാസ്ത്രവിഷയങ്ങളും സാമൂഹികശാസ്ത്രവിഷയങ്ങളും ഈ കുതിപ്പിന്റെ ഭാഗമായിരുന്നു. അസംഖ്യം ശാഖകളും ഉപശാഖകളുമായി വൈജ്ഞാനികരംഗം വളർന്ന് പന്തലിച്ചിരിക്കുന്നു.[11] അറിവിനെക്കുറിച്ചുതന്നെ പഠിക്കുന്ന ജ്ഞാനശാസ്ത്രം (epistemology)[12] വലിയൊരു ശാഖയായി വളർന്നിരിക്കുന്നു. വൈജ്ഞാനിക വിസ്ഫോടനത്തിന്റെ കാലമാണിത്. ഏതാനും ആയിരം വർഷങ്ങൾ മാത്രം വരുന്ന പരിമിതമായ ആധുനികകാലഘട്ടത്തിൽ മാനവസംസ്കാരം സൃഷ്ടിച്ച വിജ്ഞാനത്തിന്റെ ഭീമമായ അളവുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ, ലക്ഷക്കണക്കിന് വർഷങ്ങൾ നീണ്ടുനിന്ന പ്രാചീനശിലായുഗകാലഘട്ടത്തിൽ ഉൽപ്പാദിപ്പിക്കപ്പെട്ട വിജ്ഞാനത്തിന്റെ അളവ് തുലോം കുറവാണെന്ന് കാണാം. വിജ്ഞാനത്തിന്റെ സഞ്ചിതശേഖരം ഇരട്ടിക്കാനെടുക്കുന്ന സമയം കുറഞ്ഞുകൊണ്ടേയിരിക്കുന്നു. അധ്വാനം, സമൂഹം, ഭാഷ എന്ന ത്രിത്വത്തെ മുൻനിർത്തിയാണ് ഈ ജൈത്രയാത്ര ആരംഭിച്ചത്. പ്രകൃതിയിൽ ഇടപെട്ടുകൊണ്ട് മനുഷ്യർ നടത്തുന്ന അറിവുൽപ്പാദനം തുടർച്ചയായി നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രക്രിയയാണെന്ന് അതിന്റെ ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. അത് ഒരു സാമൂഹികപ്രക്രിയയാണ്. ഒരറിവും സ്വയംഭൂവായി രൂപപ്പെടുന്നില്ല. കടന്നുപോയ തലമുറകൾ സൃഷ്ടിച്ച അറിവിന്റെ അടിത്തറയിലാണ് പുതിയ അറിവുകൾ ഉൽപ്പാദിപ്പിക്കപ്പെടുന്നത്. ഇന്ന് രൂപപ്പെടുന്ന അറിവിന്റെ മുകളിലാണ് നാളത്തെ അന്വേഷണങ്ങൾ രൂപംകൊള്ളേണ്ടത്. സമൂഹത്തിന്റെ സൃഷ്ടിയായ അറിവ് സമൂഹത്തിന്റെ പൊതുസ്വത്താണ്. സമൂഹത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് ഇന്ധനമായി വർത്തിക്കേണ്ട ഒന്നാണ് അറിവ്. അതുകൊണ്ടുതന്നെ അറിവിന്റെ ഉൽപ്പാദനത്തിലും വിനിമയത്തിലും എല്ലാവർക്കും

തുല്യഅവസരങ്ങൾ ലഭ്യമാവേണ്ടതുണ്ട്. സാമൂഹികമോ സാമ്പത്തികമോ സാംസ്കാരികമോ രാഷ്ട്രീയമോ ആയ അതിർവരമ്പുകൾ വിജ്ഞാനത്തിന്റെ പ്രാപ്യതയുടെ കാര്യത്തിൽ വ്യക്തികൾക്കും സമൂഹങ്ങൾക്കും മുന്നിൽ വിലങ്ങുതടികളാവരുത്.

വിവിധ ഭാഷകളിലുള്ള അച്ചടി, ഡിജിറ്റൽ രൂപങ്ങളിലായി സങ്കൽപ്പങ്ങൾക്കതീതമായ ഭീമാകാരമായ ഒരു വൈജ്ഞാനികഭണ്ഡാഗാരത്തിന്റെ ഉടമകളാണ് ഇന്ന് മനുഷ്യരാശി. അക്കാദമികമേഖലകളുടെ വളർച്ചയുടെ ഘട്ടത്തിൽ, ഭാഷയും വിജ്ഞാനവും തമ്മിലുള്ള ബന്ധം പഴയപോലെ ലളിതമല്ലാതായി. പേച്ചുവഴക്കങ്ങളിലേക്ക് ജ്ഞാനം പ്രവഹിക്കുമ്പോഴേ അത് വിജ്ഞാനഭാഷയാവൂ (രാജൻ ഗുരുക്കൾ, സയൻസുകളെ സ്വയം ആവിഷ്കരിച്ച് മലയാളത്തെ ജ്ഞാനഭാഷയാക്കുക) എന്ന് ചൂണ്ടിക്കാട്ടപ്പെട്ടിട്ടുണ്ട്. ജ്ഞാനോൽപ്പാദനത്തിന് അനുയോജ്യമാം വിധം ഭാഷകളെ ഒരുക്കേണ്ടതുണ്ട്. വിജ്ഞാനഭാഷയെന്തെന്നും അതിന്റെ സവിശേഷതകളെന്തെന്നും അൽപ്പം വിശദീകരിക്കേണ്ടതുണ്ട്.

## 1.4 വിജ്ഞാനഭാഷയുടെ സവിശേഷതകൾ

ഏതൊരു ഭാഷയ്ക്കും രണ്ടു സ്വഭാവങ്ങളുണ്ട്; വൈകാരികവും വിവരദായകവുമായ സ്വഭാവങ്ങൾ. ഭാഷയിലെ കൃതികളെ സർഗാത്മകകൃതികളെന്നും വൈജ്ഞാനികകൃതികളെന്നും രണ്ടായി വിഭജിക്കാറുമുണ്ട്. വൈജ്ഞാനികകൃതികളിൽ സർഗാത്മകത ഉണ്ടാവാമെങ്കിലും അതിൽ ഉള്ളടക്കത്തിന്റെ സത്തയ്ക്കാണ് പ്രാമുഖ്യം. വിജ്ഞാനത്തിന്റെ അടിത്തറ ഭാഷയാണെന്നിരിക്കെ, പണ്ഡിതർ അവരുടെ ആശയങ്ങൾ അവതരിപ്പിക്കുന്നതിന് വിജ്ഞാനഭാഷ ഉപയോഗിക്കുന്നു എന്നുപറയുന്നത് എന്തിനാണെന്ന കാര്യം വിശദീകരിക്കേണ്ടതുണ്ട്.

ഏതുഭാഷയിലും ശാസ്ത്രവും മറ്റു വൈജ്ഞാനികമേഖലകളും കൈകാര്യം ചെയ്യാൻ കഴിയും (അച്യുത് ശങ്കർ 254) എന്നതിൽ തർക്കമില്ല. എന്നാൽ, ദൈനംദിനവ്യവഹാരങ്ങൾക്കുമാത്രം ഉപയോഗിച്ചുപോരുന്ന ഒരു ഭാഷയിൽ വൈജ്ഞാനികവിനിമയം സാധ്യമാകില്ല. വൈജ്ഞാനികവിഷയങ്ങളെ ഉൾക്കൊള്ളാൻ കഴിയണമെങ്കിൽ ഭാഷകൾ അതിനനുസരിച്ച് ഒരുങ്ങേണ്ടതുണ്ട്. അത്തരത്തിൽ സജ്ജമാകുന്ന ഭാഷകളിലൂടെ മാത്രമേ വൈജ്ഞാനികവിനിമയം സാധ്യമാകൂ. വിഷയമേഖലയുടെ സങ്കീർണത കൂടുന്നതിനനുസരിച്ച് അത് വിനിമയം ചെയ്യുന്ന ഭാഷയുടെ ശൈലിയിലും മാറ്റങ്ങൾ വന്നുചേരും. അനുദിനം വികസിച്ചുവരുന്ന ആധുനിക വൈജ്ഞാനികമണ്ഡലത്തെ ഉൾക്കൊള്ളാൻ കഴിയുംവിധം ഒരു ഭാഷ സജ്ജമാവുമ്പോഴാണ് ആ ഭാഷ വൈജ്ഞാനികഭാഷയായി മാറു

ന്നത് (രാജൻ ഗുരുക്കൾ, "മലയാളം ശ്രേഷ്ഠമല്ല, തമിഴ് ക്ലാസിക്കലുമല്ല" 204). എത്ര മാത്രം വൈജ്ഞാനികമേഖലകളെ ഭാഷയിൽ കൈകാര്യം ചെയ്യാൻ കഴിയുന്നുവോ അത്രമാത്രം ഭാഷ വളരുന്നു. ഭാഷയ്ക്കകത്തുള്ള വൈജ്ഞാനികഭാഷകളുടെ വളർച്ച ഭാഷ യുടെ വളർച്ചയുടെ അടയാളമായി മാറുന്നു. ഭാഷയുടെ ഏതുതരത്തിലുള്ള ഉപയോ ഗത്തെയും സാധ്യമാക്കുകയാണ് അതിന്റെ വൈജ്ഞാനികവിനിമയക്ഷമത. അത് സാധ്യമാകാതെ പോവുമ്പോൾ ഭാഷ കേവലം സാഹിത്യഭാഷ മാത്രമായി ചുരുങ്ങുന്നു. അതിന് അതിജീവനക്ഷമത[13] കുറയുന്നു.

വൈജ്ഞാനികഭാഷ അല്ലെങ്കിൽ ശാസ്ത്രഭാഷയെന്നത് കാവ്യഭാഷ എന്നതു പോലെ ഭാഷയ്ക്കുള്ളിലെ ഒരു ശൈലിയാണ് (രാമചന്ദ്രൻ നായർ, "ശാസ്ത്രഭാഷ" 5). അതിനെ നിശ്ചിതഭാഷയിൽ വിളക്കിച്ചേർക്കുകയാണ് വേണ്ടത്. സയൻസാകട്ടെ, ഏകശിലാത്മകമായ ഭാഷാഘടന ഉള്ള ഒന്നല്ല. ജീവശാസ്ത്രത്തിന്റെ ഭാഷയും കമ്പ്യൂ ട്ടർ സയൻസിന്റെ ഭാഷയും തമ്മിൽ സാമ്യമില്ല. ഗണിതത്തിന്റെ ഭാഷ വ്യത്യസ്തമായ മറ്റൊരു ഭാഷയാണ്. സാമൂഹികശാസ്ത്രങ്ങളുടെ കാര്യവും ഇതുതന്നെ. ഭാഷാശാസ്ത്ര ത്തിന്റെ ഭാഷയും സോഷ്യോളജിയുടെ ഭാഷയും വൈജാത്യമുള്ളവയാണ്. ഇത്തരം വൈജാത്യങ്ങൾക്കിടയിലും വൈജ്ഞാനികഭാഷ സാമാന്യമായ ചില ശൈലീധർമങ്ങൾ കാത്തുസൂക്ഷിക്കുന്നു എന്നതാണ് ശ്രദ്ധേയം. ഏതു വിഷയമേഖലയായാലും ഋജുത്വം, ലാളിത്യം, സുതാര്യത, കൃത്യത, ചാരുത തുടങ്ങിയവ ശാസ്ത്രഭാഷ പാലിക്കേണ്ട സാമാ ന്യശൈലീ ധർമങ്ങളാണ്. വെവെല്ലിനെ (Whewell) ഉദ്ധരിച്ചുകൊണ്ട് സവോറി അഭിപ്രായപ്പെട്ടതുപോലെ, നമ്മുടെ അറിവ് കൃത്യവും ബുദ്ധിപരവുമാകുമ്പോൾ, കൃത്യവും ബുദ്ധിപരവുമായ ഒരു ഭാഷയും നമുക്ക് ആവശ്യമായി വരും. അവ്യക്തതയും ഭാവുകത്വവും അപൂർണതയും നമ്മൾ ഒഴിവാക്കും. നമ്മുടെ ഭാഷയിലെ ഓരോ പദവും സ്ഥിരമായി നിശ്ചയിച്ചിരിക്കുന്നതും കർശനമായി പരിമിതപ്പെടുത്തിയിരിക്കുന്നതുമായ അർത്ഥത്തെ പിന്തുടരും (*The Language Of Science* 97). ശാസ്ത്രഭാഷകളെന്നത് ശാസ്ത്രം കൈകാര്യം ചെയ്യാനായുള്ള നിർദിഷ്ട ഭാഷയുടെ സവിശേഷ രൂപമോ, ശാസ്ത്രം കൈകാര്യം ചെയ്യുന്ന വ്യതിരിക്തതയാർന്ന ഭാഷകളുടെ കൂട്ടമോ ആകാം. രണ്ടായാലും അവ സാങ്കൽപ്പിക നിർമിതികളാണെന്ന് (imagined constructs) മൈക്കേൽ ഡി.ഗോർഡിൻ (*Scientific Babel* 24) അഭിപ്രായപ്പെട്ടിട്ടുണ്ട്.

ശാസ്ത്രഭാഷയുടെ പ്രത്യേകതകൾ സാങ്കേതികപദങ്ങളിലും പദവ്യവസ്ഥയിലും മാത്ര മൊതുങ്ങുന്നില്ല. യുക്തിപരമായ ചിന്തയേയും അത് പ്രതിഫലിപ്പിക്കുന്നു. ശാസ്ത്രത്തെ പ്പോലെ തന്നെ ശാസ്ത്രഭാഷയും ചിട്ടയോട്ടുകൂടിയതും കാര്യങ്ങളെ കൃത്യമായി വിവരിക്കുന്ന

തുമായിരിക്കണം. ഉൾക്കാഴ്ചകളെ പ്രാമാണികവൽക്കരിക്കാനുള്ള ശാസ്ത്രത്തിന്റെ സ്വഭാവത്തിന്റെ ഒരു ഉപോൽപ്പന്നമെന്ന നിലയിൽ ശാസ്ത്രഭാഷയെ നോക്കിക്കാണാം. ശാസ്ത്രഭാഷയുടെ മാനദണ്ഡങ്ങളായി റോയെല്ലി അഞ്ചുകാര്യങ്ങൾ ചൂണ്ടിക്കാട്ടുന്നു. 1-നന്നായി നിർവചിക്കപ്പെട്ട പദാവലി, 2-കൃത്യതയും അവ്യക്തതയില്ലായ്മയും, 3-വിപുലീകരണ സ്വഭാവവും വഴക്കവും, 4-സുഗ്രഹത, 5-തെളിവുകളെ ആധാരമാക്കലും നടപടിക്രമവും (*Latin as the Language of Science and Learning* 99)എന്നിവയാണവ.

സയൻസ് വികസിക്കുന്നതിനനുസരിച്ച് സങ്കൽപനങ്ങളിൽ തുടർച്ചയായി പുതുക്കലുകൾ വന്നുകൊണ്ടിരിക്കും. അതിനനുസരിച്ച് സാങ്കേതികപദങ്ങളെയും തുടർച്ചയായി പിന്തുടരുകയും പുതുക്കുകയും ചെയ്യേണ്ടതുണ്ട്. സാങ്കേതികപദങ്ങളുടെ രംഗം ഒറ്റത്തവണയുള്ള ഒരു പ്രവർത്തനമായി കാണാൻ കഴിയില്ല. അത് നിരന്തരമായി നടക്കേണ്ട പ്രവർത്തനമാണ് (Meena Ravindran 3) ശാസ്ത്ര-സാങ്കേതികരംഗത്തെ പ്രവർത്തനങ്ങൾ എല്ലാ തരത്തിലുള്ള അതിരുകളെയും ഭേദിച്ച് അന്താരാഷ്ട്രതലത്തിൽ ഏകോപിക്കപ്പെടുന്നതുകൊണ്ടുതന്നെ ശാസ്ത്ര-സാങ്കേതികപദങ്ങളുടെ കാര്യവും അന്താരാഷ്ട്ര പശ്ചാത്തലത്തിൽ നോക്കിക്കാണേണ്ടതുണ്ട്.

### 1.4.1 സവിശേഷഭാഷകൾ

ഓരോ വിഷയമേഖലയും അതുമായി ബന്ധപ്പെട്ട നിരവധി പദങ്ങളും പ്രയോഗങ്ങളും ഉൾക്കൊള്ളുന്നവയാണ്. ഒരു പ്രത്യേകമേഖലയിലോ വിഷയത്തിലോ വിശേഷപഠനം നടത്തുന്നവർ ഉപയോഗിച്ചുപോരുന്ന ഭാഷാരീതിയെ സവിശേഷഭാഷ (Special Language) എന്നു വിളിക്കാം. പേര് സൂചിപ്പിക്കുന്നതുപോലെതന്നെ അത് സവിശേഷമായ ഉപയോഗത്തിനുവേണ്ടിയുള്ളതാണ്. സവിശേഷമായ ഉപയോഗമെന്നത്, ഒരു പ്രത്യേക സമൂഹത്തിൽ അർത്ഥശങ്കക്കിടയില്ലാത്ത രീതിയിൽ വിജ്ഞാനം വിനിമയം ചെയ്യാൻ രൂപപ്പെട്ടുവരുന്ന ഒരു ഉപഭാഷയെന്ന് വിശദീകരിക്കാം. അതായത് അത് ബോധപൂർവം ഉപയോഗിച്ചുപോരുന്ന ഒന്നാണ്. സവിശേഷഭാഷ എത്രമാത്രം പ്രാമാണീകരിക്കുന്നുവോ അത്രമാത്രം അത് പൊതുഭാഷയിൽനിന്ന് അകന്നിരിക്കും (Thellefsen 208).

അർത്ഥവിജ്ഞാനപരമായോ പദവിന്യാസപരമായോ പൊതുഭാഷ പിന്തുടർന്നു പോരുന്ന കീഴ്വഴക്കങ്ങളെ സവിശേഷഭാഷകൾ അതേപടി പിന്തുടരുന്നില്ല. സവിശേഷഭാഷയുടെ ലക്ഷ്യവും ധർമവും വളരെ വ്യത്യസ്തമായതിനാൽ നിശ്ചിത

വൈജ്ഞാനികമേഖലയുടെ സ്വഭാവത്തിനനുസരിച്ച് പൊതുഭാഷയുടെ നിയമ ങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ കൊണ്ടുവരേണ്ടിവരും. ഒരു വലിയ പരിധിയോളം അർത്ഥരൂപീകരണത്തെക്കുറിച്ചുള്ള ഭാഷാശാസ്ത്രപരമായ കാഴ്ചപ്പാടുകൾ ഇവിടെ ഒഴിവാക്കപ്പെടും. വിജ്ഞാനവിനിമയത്തിന്റെ ചിട്ടയാർന്ന രീതിസംവിധാനത്തിന് കൊടുക്കുന്ന മുൻഗണനയാണിവിടെ പ്രധാനം. രീതിസംവിധാനത്തിന്റെ പ്രവർത്തനക്ഷമതയും ഉപയോഗയോഗ്യതയും മുൻനിരയിലേക്കുവരികയും പൊതുഭാഷാഘടകത്തിന്റെ സാമാന്യധർമങ്ങളുടെ പ്രാധാന്യം കുറയുകയും ചെയ്യുന്നു. ഏതെങ്കിലും വിഷയമേഖല യിൽ ആഴത്തിലുള്ളതും സവിശേഷമായതുമായ പഠനം നടത്തുന്നവരാണ് സാധാരണ യായി സവിശേഷഭാഷ ഉപയോഗിക്കുന്നത്. അതായത്, സമൂഹത്തിലെ മുഴുവനാളുകളും ഉപയോഗിക്കുന്നതിനെ സവിശേഷഭാഷ എന്ന് വ്യവഹരിക്കാനാവില്ല; അത് ഭാഷാഭേദ മാണെങ്കിൽപോലും. പരസ്പരം വ്യത്യസ്തമായിരിക്കുമ്പോഴും സവിശേഷഭാഷകൾ പങ്കുവെ ക്കുന്ന സാധർമ്യങ്ങളെ ഇങ്ങനെ ക്രോഡീകരിക്കാം. ഒന്ന്- ഒരു ലക്ഷ്യം മാത്രമുള്ളവ യാണ് സവിശേഷഭാഷകൾ. രണ്ട്-അവയുടെ ഉപയോക്താക്കൾ പരിമിതമായിരിക്കും. മൂന്ന്-സ്വയം ആർജിച്ചെടുക്കുന്നവയാണവ. നാല്- സാമാന്യഭാഷയേക്കാൾ സ്വതന്ത്ര ങ്ങളാണവ (സീന ജോൺ 38). സവിശേഷഭാഷയിലൂടെയുള്ള ആശയവിനിമയത്തിന്റെ അടിസ്ഥാന സ്വഭാവങ്ങളെയാവട്ടെ ഇങ്ങനെ അടയാളപ്പെടുത്താം. അവ സംക്ഷിപ്തവും സൂക്ഷ്മവും വൈയക്തികവുമല്ലാത്ത സ്വഭാവം പുലർത്തണം. തോതിലും തരത്തിലും, പേരും പേരുമായി ബന്ധപ്പെട്ട പദക്കൂട്ടങ്ങളുടെ കാര്യത്തിലും കൃത്യത പുലർത്തണം. അവ വാമൊഴിയെക്കാൾ വരമൊഴിക്ക് പ്രാധാന്യം നൽകുന്നവയായിരിക്കണം.

### 1.4.2 സാങ്കേതികപദങ്ങൾ- രൂപവും ഭാവവും

സാങ്കേതികപദങ്ങൾ (Technical terms) സവിശേഷഭാഷയുടെ തനിമയും അതിന്റെ നട്ടെല്ലുമാണ്. പൊതുഭാഷയിൽനിന്ന് സവിശേഷഭാഷകളെ വേർതിരിക്കുന്നത് സാങ്കേ തികപദങ്ങളാണ്. സവിശേഷഭാഷകളെ പരസ്പരം വ്യത്യസ്തമാക്കുന്ന ഘടകവും മറ്റൊ ന്നല്ല. സാങ്കേതികപദമെന്നത് ഒരു സവിശേഷ സന്ദർഭത്തിൽ സവിശേഷാർത്ഥം പ്ര ദാനം ചെയ്യുന്ന ഒരു വാക്കോ, ഒരു സംയുക്തവാക്കോ, നിരവധി വാക്കുകൾ കൂടിച്ചേർന്ന പ്രയോഗമോ ആകാം[14]. സാങ്കേതികപദത്തിന്റെ അർത്ഥം മറ്റൊരു സന്ദർഭത്തിലുള്ള അതേ വാക്കിന്റെതന്നെ അർത്ഥത്തിൽനിന്നോ അതിന്റെ നിത്യവ്യവഹാരത്തിലുള്ള അർത്ഥത്തിൽനിന്നോ വ്യത്യസ്തമായിരിക്കും. അർത്ഥമുള്ളവയോ ഇല്ലാത്തവയോ പ്ര

തികങ്ങളോ സാങ്കേതികപദങ്ങളായി ഉപയോഗത്തിൽ വരാം. ശാസ്ത്രീയം എന്ന് വിളിക്കപ്പെടുന്ന മണ്ഡലങ്ങളിലാണ് അവ ഉപയോഗിക്കപ്പെടുന്നത്. സാധാരണപദങ്ങളുടെയും സാങ്കേതികപദങ്ങളുടെയും ഇടയ്ക്ക് അർധസാങ്കേതികപദങ്ങൾ എന്നു വിളിക്കാവുന്നവയും ഉണ്ട് (വാസുക്കുട്ടൻ, "ആധുനിക ശാസ്ത്രവിഷയങ്ങളുടെ പ്രതിപാദനം മലയാളത്തിൽ" 16). ജ്ഞാനവിജ്ഞാനവുമായി ബന്ധപ്പെടുത്തി ആലോചിക്കുമ്പോൾ അറിവും ഭാഷയും തമ്മിലുള്ള ബന്ധത്തിന്റെ സൂചകപദമാണ് സാങ്കേതികപദങ്ങൾ. വൈജ്ഞാനികശാഖയെന്ന നിലയിൽ വികസിച്ചുവന്ന ആശയങ്ങളെ വിവരിക്കാൻ സവിശേഷാർത്ഥത്തിൽ ഉപയോഗിക്കുന്ന പദങ്ങളാണവ (സീന ജോൺ 27).

പൊതുഭാഷയുടെ കാര്യം ഇതിൽനിന്ന് വ്യത്യസ്തമാണെന്ന് നേരത്തെ വിശദീകരിച്ചിരുന്നുവല്ലോ. നിരവധി കാര്യങ്ങളാൽ സ്വാധീനിക്കപ്പെടുന്ന ഒന്നാണ് ഭാഷയെന്നതിനാൽ, അതിൽ, കൃത്യമായ ഒരർത്ഥത്തിന് വാക്ക് നിർണയിക്കുകയും വാക്കുകൾക്ക് സാംസ്കാരികമായ അർത്ഥം പകർന്നുനൽകുകയും ചെയ്യുകയെന്നത് നിരവധി വെല്ലുവിളികൾ നിറഞ്ഞ കൃത്യമാണ്. വസ്തുക്കളുടെയോ പ്രതിഭാസങ്ങളുടെയോ നാമകരണത്തിലേക്ക് നയിക്കുന്ന ഘടകങ്ങൾ എല്ലായ്പ്പോഴും ശാസ്ത്രീയ പിൻബലമുള്ളതായിരിക്കണമെന്ന് നിർബന്ധമില്ല. സാമൂഹികവും രാഷ്ട്രീയവും സാംസ്കാരികവുമായ കാര്യങ്ങളും ചിലപ്പോഴൊക്കെ ഇതിലേക്ക് നയിച്ചേക്കാം.

ശബ്ദാവലി എന്ന അർത്ഥത്തിൽ നാമകരണപദ്ധതി (nomenclature) എന്ന പദം ആദ്യമായി ഉപയോഗിക്കുന്നത് പതിനേഴാം നൂറ്റാണ്ടിൽ ഫ്രഞ്ചുഭാഷയിലാണ്. ആ നൂറ്റാണ്ടിന്റെ ആദ്യപകുതി പിന്നിടുമ്പോഴേക്കും കുറച്ചുകൂടി കൃത്യത ഈ പദത്തിന് കൈവരിക്കാൻ കഴിയുന്നുണ്ട്. ഇംഗ്ലീഷിൽ നോമൺക്ലേച്ചറിനു തുല്യമായി ടെർമിനോളജി എന്ന പദം 1801 ൽ ഉപയോഗിച്ചുതുടങ്ങി. എന്നാൽ ഇന്നുകാണുന്ന തരത്തിലുള്ള അർത്ഥവ്യക്തതയോടെ ടെർമിനോളജി[15] എന്ന പദം ആ ഭാഷയിൽ അടയാളപ്പെടുത്തപ്പെടുന്നത് 1933 ലെ ഓക്സ്ഫോർഡ് ഡിക്ഷണറിയിലാണ് (30). പ്രകൃതിശാസ്ത്രമേഖലയിൽ ആധുനികരീതിയിലുള്ള നാമകരണതത്വങ്ങൾ രൂപപ്പെടുന്നത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിലാണ് [16]. ശാസ്ത്രീയമായ സാങ്കേതികപദങ്ങളുടെ രൂപീകരണത്തിലേക്കും അതിന്റെ നിയമങ്ങളുടെ ഏകീകരണത്തിലേക്കും നയിച്ച ഏറ്റവും പ്രധാന ഘടകം വ്യവസായവിപ്ലവമാണ് (Khan 696). വോസ്റ്ററുടെ പഠനങ്ങളെത്തുടർന്നാണ് വിജ്ഞാനശാഖയെന്ന നിലയിൽ സാങ്കേതികപദപഠനം അടയാളപ്പെടുത്തപ്പെടുന്നത്. സാങ്കേതികപദപഠനമെന്നത് വിപുലപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു പഠനമേഖലയാണി

ന്ന്. എങ്കിലും മലയാളത്തിൽ ഈ പഠനമേഖലയ്ക്ക് ഇതുവരെ അർഹമായ പ്രാതിനിധ്യം വന്നിട്ടില്ല.

വാക്കും (Word) പദവും (Term) തമ്മിലുള്ള വ്യത്യാസം മലയാളികളുടെ നിത്യവ്യവഹാരത്തിൽ അർത്ഥവ്യത്യാസമുള്ളവയല്ല. എന്നാൽ വൈജ്ഞാനികമണ്ഡലത്തിൽ ഇവ ഭിന്നമായ അർത്ഥതലങ്ങളെ പ്രതിനിധാനം ചെയ്യുന്നു. സാധാരണ വാക്കുകളുടെ രൂപപരവും നിരുക്തിപരവുമായ സവിശേഷതകളെ പദങ്ങളും പിൻപറ്റുന്നുണ്ടെങ്കിലും പദങ്ങൾ അവയിൽനിന്ന് ഭിന്നമാണ്. സവിശേഷമണ്ഡലങ്ങളിൽ ഉപയോഗിക്കാനുള്ളതാണ് എന്നതിനാൽത്തന്നെ അവയ്ക്ക് വാക്കുകളെപ്പോലെ സ്വതന്ത്രമായ നിലനിൽപ്പില്ല. ഭാഷാശാസ്ത്രപരമായ പ്രത്യേകതകളോടൊപ്പം (ശബ്ദകോശതലം, വാക്യഘടനാതലം, അർത്ഥതലം) സങ്കൽപ്പനപരമായ[17] നിബന്ധനകളും (വിഭാഗപരമായ– Generic, വാഹകശേഷിപരമായ–portative, ആകസ്മികമായ–casual) അവ ഉൾക്കൊള്ളുന്നു. കൃത്യമായ വ്യവസ്ഥയ്ക്കുള്ളിൽ നിർവചിക്കപ്പെട്ട ഒന്നാണ് സാങ്കേതികപദം. സങ്കൽപ്പനത്തോട് ബന്ധപ്പെടാതെ അതിന് നിലനിൽക്കാനാവില്ല. റൗഡോ (Roudeau) വിനെ ആധാരമാക്കി ഷെയർ അലിഖാൻ (Shair Ali Khan) വാക്കും പദവും തമ്മിലുള്ള വ്യത്യാസങ്ങളെ ക്രോഡീകരിച്ചത് പട്ടിക 1.1 ൽ നൽകിയിരിക്കുന്നു.

ഭാഷാപരമായതോ ഭാഷാശാസ്ത്രപരമായതോ ആയ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തിയല്ല സാങ്കേതികപദങ്ങൾ രൂപംകൊള്ളുന്നത്. പുതുതായി ഒരു വിഷയമേഖല രൂപപ്പെടുമ്പോൾത്തന്നെ ആ മേഖലയിലെ പദങ്ങളും രൂപപ്പെട്ടുവരുന്നു. അതത് മേഖലകളിലെ വിദഗ്ധരാണ് സാധാരണയായി ഇത്തരം പദങ്ങൾ രൂപപ്പെടുത്തുന്നത്. ഒരു വിഷയമേഖലയിൽ മാത്രം ഉപയോഗിക്കപ്പെടുന്ന പദങ്ങളും അന്തർവൈജ്ഞാനികമേഖലകളിൽ ഉപയോഗിക്കപ്പെടുന്ന പദങ്ങളുമുണ്ട്. അർത്ഥശങ്കക്കിടയില്ലാത്തവിധം കൃത്യത[18] ഉറപ്പാക്കുന്നവയാണ് സാങ്കേതികപദങ്ങൾ. അസാധാരണത്വം, ദുർഗ്രഹത, നിർവചനക്ഷമത, നിഷ്കൃഷ്ടത, പര്യായങ്ങളാൽ വിവക്ഷിക്കാൻ കഴിയാതിരിക്കൽ, കൃത്രിമമായി നിർമിക്കപ്പെടൽ, പ്രതിരൂപാത്മകത്വം, സവിശേഷ സങ്കേതങ്ങളുടെ ഉപയോഗം, തൊഴിൽപരമായ പ്രാധാന്യം, വ്യക്തിനാമങ്ങളോടുള്ള ബന്ധം തുടങ്ങിയവ സാങ്കേതികപദങ്ങളുടെ സവിശേഷതകളായി ചൂണ്ടിക്കാണിക്കാം (വാസുക്കുട്ടൻ, "ആധുനിക ശാസ്ത്രവിഷയങ്ങളുടെ പ്രതിപാദനം മലയാളത്തിൽ" 15–16). ഒരു ഭാഷയിലെ സാങ്കേതികപദങ്ങളുടെ അളവ് ആ ഭാഷയിൽ നവീനമായ ആശയങ്ങൾ എത്രത്തോളം കൂട്ടിച്ചേർക്കപ്പെട്ടു എന്നതിന്റെ നിദർശനമാണ്.

| വാക്ക് | പദം |
|---|---|
| നിലവിലുള്ള ഘടന നിർവചിക്കുന്ന അർത്ഥം ഉള്ളത്. | സവിശേഷമായ സത്തയ്ക്കു ചേർന്നതും അത്തരം ആശയമേഖലകളിൽ നിയമപ്രകാരമുള്ളതുമായ രൂപം പദത്തിന് ആവശ്യമാണ്. |
| ഭാഷാരൂപത്തെ വേറിട്ടുനിർത്തുകയും അതിന്റെ അർത്ഥം വ്യക്തമായി സൂചിപ്പിക്കുകയും ചെയ്യുന്നു. | നിർദിഷ്ട ആശയത്തെ സൂചിപ്പിക്കണം എന്ന ചിന്തയിൽ നിന്നാണ് പദം ആരംഭിക്കുന്നത്. |
| സാധാരണ വാക്കുകൾ മിക്കപ്പോഴും ഒന്നിലധികം അർത്ഥങ്ങൾ ഉള്ളവയാണ്. ഒട്ടേറെ വാക്കുകൾ ഒരേ അർത്ഥം ഉള്ളവയാണ് എന്നത് ഭാഷാപരമായ സമ്പന്നതയെ സൂചിപ്പിക്കുന്നു. | അർത്ഥത്തിലെ ഏകത്വം, സത്തയുടെ അദ്വിതീയത എന്നിവ അടിസ്ഥാനമായി രൂപപ്പെടുന്ന പദത്തിന്റെ ഘടനയും ആശയവും തമ്മിൽ അദ്വിതീയമായി പൊരുത്തപ്പെട്ടിരിക്കും. |
| | ഒരു പദത്തിന് അതിന്റെ ഘടനയും ആശയവും അദ്വിതീയമായി പൊരുത്തപ്പെടുമ്പോൾത്തന്നെ നിരവധി അർത്ഥങ്ങൾ ഉണ്ടാകുന്നതും, ഒട്ടേറെ പദങ്ങൾ യഥാർത്ഥത്തിൽ ഒരേ ആശയത്തെ സൂചിപ്പിക്കുന്നതുമായ അവസ്ഥ ഉണ്ടാകാറുണ്ട്. സാധാരണവാക്കുകളുടെ കാര്യത്തിലെന്നപോലെ അനിയന്ത്രിതമായി വളരാനനുവദിക്കാതെ അത്തരം പ്രതിഭാസങ്ങളെ ഒഴിവാക്കാനോ തീർത്തും ഇല്ലാതാക്കാനോ സംജ്ഞാശാസ്ത്രകാരന്മാർ പരമാവധി ശ്രമിക്കാറുണ്ട്. |

പട്ടിക 1.1: വാക്കും പദവും തമ്മിലുള്ള വ്യത്യാസങ്ങൾ. അവലംബം (Khan 699).

ശാസ്ത്രഭാഷയിലെ ശാസ്ത്രവാക്കുകളെ സവോറി (Theodore Horace Savory) കടമെടുത്ത വാക്കുകൾ (Borrowed words), ഇറക്കുമതിചെയ്ത വാക്കുകൾ (Imported words),

നിർമിച്ച വാക്കുകൾ (Invented words) എന്ന് മൂന്നായി തിരിക്കുന്നു. വ്യവഹാരഭാഷയിൽ നിലവിലുള്ള ഒരു പദത്തെ സവിശേഷ അർത്ഥത്തിൽ നിശ്ചിതമേഖലയിലേക്ക് ഉപയോഗ പ്പെടുത്തുന്നതാണ് കടമെടുപ്പ്. [19] നിത്യവ്യവഹാരത്തിൽ പദങ്ങളുടെ അർത്ഥം പലപ്പോഴും മാറിമറയുമെന്നതിനാൽ ഈ രീതി പലപ്പോഴും ആശയക്കുഴപ്പം സൃഷ്ടിക്കും. സവിശേഷഭാ ഷയിൽ നൽകിയ പുതിയ അർത്ഥം പ്രബലമാവുകയും പഴയ അർത്ഥം വിസ്മൃതിയിലേ ക്ക് പോവുകയും ചെയ്യുന്ന അനുഭവങ്ങളുമുണ്ട് [20]. മറ്റു ഭാഷകളിലെ പദങ്ങൾ മാറ്റമില്ലാതെ ഉപയോഗിക്കുന്നതാണ് ഇറക്കുമതി ചെയ്ത വാക്കുകൾ. ശാസ്ത്രമേഖലയിൽ ഗ്രീക്ക്, ലാറ്റിൻ ഭാഷകളിൽ നിന്നാണ് ഇറക്കുമതി കൂടുതലായി നടന്നത്. പുതിയ വസ്തുക്കളെയും പ്ര തിഭാസങ്ങളെയുമെല്ലാം സൂചിപ്പിക്കാൻ പുതുതായി വാക്കുകൾ രൂപപ്പെടുത്തുന്നതാണ് മൂന്നാമത്തേത്. പദങ്ങൾ കടമെടുക്കുമ്പോൾ സ്വതന്ത്രരൂപങ്ങൾ മാത്രമല്ല, അവയുടെ നിഷ്പാദനസമ്പ്രദായവുംകൂടി കടമെടുക്കാനുള്ള ഒരു പ്രവണത കണ്ടുവരുന്നതായി മീനാ രവീന്ദ്രൻ നിരീക്ഷിക്കുന്നു. ലാറ്റിനും സംസ്കൃതവും അതാണ് തെളിയിക്കുന്നത്. സാങ്കേ തികപദങ്ങൾ രൂപപ്പെടുത്തുന്നതിൽ സുപ്രധാന പങ്കുവഹിക്കുന്ന പ്രക്രിയകൾ നിഷ്പാദനം, രൂപസിദ്ധി, സംയുക്തവൽക്കരണം (Derivation, Inflection, Compounding) എന്നിവ യാണെന്നും (“Technical terms of science in malayalam a linguistic study” 3-4) അവർ ചൂണ്ടിക്കാട്ടുന്നുണ്ട് .

പദപഠനമേഖലയിലെ ആധുനികരീതിശാസ്ത്രമനുസരിച്ച് സാങ്കേതികപദങ്ങളെ രൂപം, ധർമം, അർത്ഥം, ഉത്ഭവം എന്നിവയുടെ അടിസ്ഥാനത്തിൽ തരംതിരിച്ചുപോ രുന്നു. പദത്തിലുള്ള രൂപിമങ്ങളുടെ എണ്ണത്തിനനുസരിച്ച്, രൂപിമങ്ങൾ സങ്കീർണമോ ലളിതമോ എന്നതിനനുസരിച്ച്, സങ്കീർണപദങ്ങളുടെ കൂടിച്ചേരലിനെ മുൻനിർത്തി, ചുരുക്കെഴുത്തുകളെ മുൻനിർത്തി എന്നിങ്ങനെ നാലാണ് രൂപത്തെ അടിസ്ഥാന മാക്കിയുള്ള വർഗീകരണം. ധർമത്തെ അടിസ്ഥാനമാക്കിയുള്ള വിഭജനം നാമം, നാമവിശേഷണം, ക്രിയ, ക്രിയാവിശേഷണം എന്നിങ്ങനെയാണ്. സങ്കൽപനത്തെ പ്രതിനിധാനം ചെയ്യുന്നതിന്റെ തരമനുസരിച്ചാണ് അർത്ഥത്തെ മുൻനിർത്തിയുള്ള വിഭജനം. നാലാമത്തെ ഇനമാകട്ടെ ഭാഷാപരമായ ഉൽപത്തിയെ മുൻനിർത്തിയുള്ള വിഭജനമാണ്. നിയോക്ലാസിക്ക് മേഖലയിൽനിന്ന്, സമകാലികഭാഷകളിൽ നിന്ന്, സാമൂഹികഭേദം/ ഭാഷാഭേദങ്ങളിൽനിന്ന് എന്നിങ്ങനെ, എവിടെനിന്ന് കടമെടുത്തു എന്നതിനെ മുൻനിർത്തി സാങ്കേതികപദങ്ങളെ മൂന്നായി തിരിക്കാറുണ്ട് (സീന ജോൺ 43-45). അന്താരാഷ്ട്രസംജ്ഞകളിൽ നല്ലൊരു ശതമാനം ഗ്രീക്ക്, ലാറ്റിൻ തുടങ്ങിയ നിയോക്ലാസിക്കൽ ഭാഷകളിൽ നിന്നുള്ള കടമെടുപ്പാണെന്ന് നേരത്തെ ചൂണ്ടിക്കാ

ട്ടിയിരുന്നല്ലോ. ജീവശാസ്ത്രത്തിലെ ദ്വിപദ നാമപദ്ധതി (Binomial nomenclature) നിയോക്ലാസിക്കൽ ഭാഷകളിലെ പദങ്ങൾ ഉപയോഗപ്പെടുത്തുന്നതിന്റെ മികച്ച ഉദാഹരണമാണ്. മലയാളത്തിലാണെങ്കിൽ സംസ്കൃതത്തിൽ നിന്നാണ് കടമെടുപ്പ് വലിയതോതിൽ നടന്നത്.

ഭാഷാസൂത്രണത്തിലെ (കാ. 1.12) പ്രധാനപ്പെട്ട ഒരു ഘടകമാണ് സാങ്കേതികപദരൂപീകരണം. ബസ്സെ ഈഡൻ ആന്റിയ (Bassey Eden Antia)യുടെ അഭിപ്രായത്തിൽ, എയ്നർ ഹോഗന്റെ (Einar Haugen) ഭാഷാസൂത്രണമാതൃകയിൽ അത് ബൗദ്ധികവൽക്കരണത്തിന്റെയും പോൾ ഗാർവിന്റെ (Paul Garvin) മാതൃകയിൽ അത് ഭാഷാവികസനത്തിന്റെയും, ഫെർഗ്ഗുസന്റെ (Gibson Ferguson) സമ്പ്രദായത്തിൽ അത്/, ആധുനികവൽക്കരണത്തിന്റെയും ന്യൂസ്ടുപ്നിയുടെ (Neustupny) സമീപനത്തിൽ പോഷിപ്പിക്കൽ മാതൃകയിലെ ഘടകവുമാണത് (Khan 697). ഭാഷകളുടെ കോർപ്പസ് ആസൂത്രണരംഗത്ത് സാങ്കേതികപദനിർമാണം വലിയ പ്രാധാന്യമർഹിക്കുന്നു. ഭാഷാസൂത്രണപരിപാടികളെ പരിപോഷിപ്പിക്കാനും സ്വാധീനിക്കാനും കഴിയുന്നവയായി സാങ്കേതികപദങ്ങൾക്ക് പ്രവർത്തിക്കാൻ കഴിയും. കടമെടുപ്പും പുതുപദനിർമിതിയും തമ്മിലുള്ള അനുപാതം നിശ്ചയിച്ച് സാങ്കേതികപദങ്ങൾ ഭാഷയിൽ ഏതുരീതിയിൽ ഉൾച്ചേർക്കണമെന്നത് ഭാഷാസൂത്രണനയങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. അവികസിതഭാഷകളെ വികസിതഭാഷകളാക്കുകയും തുടർന്ന് അവയെ വൈജ്ഞാനികഭാഷകളാക്കി പരിവർത്തിപ്പിക്കുകയും ചെയ്യുക എന്നത് സുപ്രധാനമായൊരു ദൗത്യമാണിന്ന്. ഏഴായിരത്തിൽപ്പരം ഭാഷകൾ നിലനിൽക്കുന്നതായി കണക്കാക്കുന്നുണ്ടെങ്കിലും പി. എൽ. ഐ. (Power Language Index– PLI)[21] അനുസരിച്ച് മുൻനിരയിൽ നിൽക്കുന്നത് ഏതാനും ഭാഷകൾ മാത്രമാണ് എന്നതാണ് യാഥാർത്ഥ്യം (മുരളീധരൻ, *മലയാളഭാഷയുടെ വൈജ്ഞാനികപദവി* 22). ഒരു ഭാഷയെന്നത് ഒരു സംസ്കാരം കൂടിയാണ്. ഭാഷകൾ നശിക്കുമ്പോൾ സാംസ്കാരികവൈവിധ്യങ്ങൾ, അവസരങ്ങൾ, ആചാരങ്ങൾ, ഓർമകൾ ചിന്തയുടെയും പ്രകാശനത്തിന്റെയും സമാനതകളില്ലാത്ത മാതൃകകൾ, മെച്ചപ്പെട്ട ഭാവി ഉറപ്പുവരുത്താനുള്ള വിലയേറിയ വിഭവങ്ങൾ എന്നിവയെല്ലാമാണ് നഷ്ടപ്പെടുന്നത് (UNESCO, The International Year of Languages (Brochure)).

### 1.4.3 അക്കാദമിക ജേണലുകൾ

സവിശേഷഭാഷകൾ ഉപയോഗിക്കപ്പെടുന്ന പ്രധാനമേഖലയാണ് അക്കാദമിക ജേണലുകൾ. സ്കോളർലി ജേണലുകൾ എന്നും ഇവയെ വിളിച്ചുപോരുന്നു. അക്കാദമികമായ ചിട്ടവട്ടങ്ങൾ പൂർണമായി പാലിച്ച് ഒരു നിശ്ചിത പഠനമേഖലയിൽ നിശ്ചിത കാലയളവിൽ പ്രസിദ്ധീകരിക്കപ്പെടുന്നവയാണ് അക്കാദമിക ജേണലുകൾ. അടിസ്ഥാന മേഖലകളെയും വിഷയമേഖലകളെയും അവയുടെ ഉപമേഖലകളെയും കേന്ദ്രീകരിച്ചുള്ള ജേണലുകൾ പുറത്തിറങ്ങുന്നുണ്ട്. ഗവേഷണവിഷയങ്ങളെ അവതരിപ്പിക്കാനും, പരിശോധനയ്ക്കും ചർച്ചയ്ക്കും വിധേയമാക്കാനുമുള്ള, സ്ഥിരവും സുതാര്യവുമായ വേദികളാണിവ. അതത് വിഷയമേഖലകളിലെ പ്രമുഖരായ പണ്ഡിതരുടെ പിയർ റിവ്യൂവിന് [22] വിധേയമായാണ് ഇത്തരം ജേണലുകളിൽ പ്രസിദ്ധീകരണത്തിനുള്ള പ്രബന്ധങ്ങൾ തിരഞ്ഞെടുക്കുന്നത്.

പ്രബന്ധങ്ങൾ (Articles), അവലോകന പ്രബന്ധങ്ങൾ (Review articles), പുസ്തകപരിചയങ്ങൾ (Book reviews) എന്നിങ്ങനെ, മൂന്ന് തരത്തിലുള്ള ഉള്ളടക്കമാണ് പൊതുവേ ജേണലുകളിൽ ഉണ്ടാവാറ്. സാങ്കേതികപദങ്ങളുടെ ഉപയോഗം, പ്രസ്താവനകൾക്കുള്ള കൃത്യമായ അവലംബം, ജേണലിന്റെ അംഗീകൃത ഭാഷാരീതി എന്നിവയെല്ലാം പ്രസിദ്ധീകരണത്തിനുമുമ്പേ ഉറപ്പാക്കപ്പെടും. പ്രസിദ്ധീകരിക്കപ്പെട്ട പ്രബന്ധങ്ങളുടെ സൈറ്റേഷൻ നിരക്കുകൾകൂടി പരിശോധിച്ചുകൊണ്ടാണ് പ്രബന്ധങ്ങളുടെ മൂല്യം മറ്റ് ഗവേഷകർ കണക്കാക്കുന്നത്. നിരവധി ആളുകൾ നിശ്ചിത പ്രബന്ധം ഉദ്ധരിച്ചുചേർക്കുമ്പോൾ അതിന്റെ സൈറ്റേഷൻ ഇൻഡക്സ് [23]ഉയരുന്നു. ജേണലുകളുടെ പ്രാമാണികത കണക്കാക്കാനായി ജേണൽ ഇംപാക്ട് ഫാക്ടറും[24]നിലവിലുണ്ട്. ജേണലുകളിലെ പ്രബന്ധങ്ങളുടെ റിവ്യൂ പൊതുവേ എഡിറ്റർമാർ തന്നെയാണ് പത്തൊമ്പതാം നൂറ്റാണ്ടിൽ നടത്തിയിരുന്നത്. രണ്ടാം ലോകയുദ്ധത്തിനുശേഷമാണ് ഇന്ന് നിലവിലുള്ള തരം പിയർ റിവ്യൂ സമ്പ്രദായം വ്യാപകമായി ഉപയോഗത്തിൽ വരുന്നത് (Mack 010101–03).

ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ പല അച്ചടിജേണലുകളും സമാന്തരമായി ഓൺലൈൻ പതിപ്പുകൾ ആരംഭിച്ചു. ആദ്യത്തെ സമ്പൂർണ ഓൺലൈൻ ജേണൽ ആയി പോസ്റ്റ്മോഡേൺ കൾച്ചർ (Postmodern Culture) ആരംഭിക്കുന്നത് 1990 ലാണ്. ഇപ്പോൾ ഓൺലൈൻ ആയി മാത്രം പ്രസിദ്ധീകരിക്കുന്ന നിരവധി ജേണലുകളുണ്ട്. അച്ചടിയിലും ഓൺലൈനിലുമായി വർഷത്തിൽ ഇരുപത് ലക്ഷം ആർട്ടിക്കിളുകളുമായി മുപ്പതിനായിരം പിയർ റിവ്യൂ ജേണലുകൾ ശാസ്ത്രമേഖലയിൽതന്നെ

ഇപ്പോൾ പ്രസിദ്ധീകരിച്ചു വരുന്നു. ഓരോ ഇരുപത് വർഷം കഴിയുമ്പോഴും ഈ സംഖ്യകൾ ഇരട്ടിക്കുന്നതായി കണക്കാക്കുന്നു (01). ജേണലുകളെക്കുറിച്ചുള്ള വിശദവിവരങ്ങൾ ലഭിക്കുന്ന വെബ്സൈറ്റുകളും ഇപ്പോൾ സഹായത്തിനുണ്ട്. മൂന്ന് ലക്ഷത്തോളം ജേണലുകളെ ഉൾക്കൊള്ളുന്ന ഉൾറിഷ് ഗ്ലോബൽ സീരിയൽസ് ഡയരക്ടറി (Ulrichs Global Serials Directory) ഇത്തരത്തിലുള്ള ഏറ്റവും വലിയ ഡാറ്റാബേസാണ് ("Academic journal").

അക്കാദമിക ജേണലുകൾ മൂന്നര നൂറ്റാണ്ട് പിന്നിട്ടിരിക്കുന്നു. വിവിധ കാലങ്ങളിലായി ജേണലുകളുടെ ഉള്ളടക്കം, ഭാഷാരീതി, രൂപം എന്നിവയിലെല്ലാം വലിയ മാറ്റങ്ങൾ വന്നിട്ടുണ്ട്. ഏറ്റവും പ്രധാനപ്പെട്ട മാറ്റം വിശേഷവൽക്കരണമാണ്. ശാസ്ത്രരംഗത്ത് ഉണ്ടായിട്ടുള്ള വിശേഷവൽക്കരണം ജേണലുകളിലും പ്രതിഫലിച്ചു. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനമാവുമ്പോഴേക്കും വലിയതോതിൽ വിശേഷവൽക്കരണം ജേണലുകളുടെ രംഗത്ത് ഉണ്ടായിരുന്നു. സൂക്ഷ്മമേഖലകളെ മുൻനിർത്തി ഇക്കാലത്ത് ജേണലുകൾ ഉണ്ടാവാൻ തുടങ്ങി. പത്തൊമ്പതാം നൂറ്റാണ്ടിന്റെ പകുതിയോടെ യൂണിവേഴ്സിറ്റികളിലെ പഠനവകുപ്പുകളിലുണ്ടായ വൈവിധ്യവൽക്കരണം ഈ പ്രവണതയുടെ വേഗം കൂട്ടി. ഒരു ഭാഗത്ത് സൂക്ഷ്മപഠന മേഖലകളിലേക്ക് ജേണലുകൾ കടക്കുമ്പോഴും *നാച്വർ* , *സയൻസ്* തുടങ്ങിയ പൊതുജേണലുകൾ ഇപ്പോഴും തുടരുന്നുമുണ്ട്.

കത്തുകളിൽനിന്ന് സ്വാംശീകരിച്ച ഘടന പിന്തുടർന്ന ആദ്യകാല പ്രബന്ധങ്ങളിൽ ഗവേഷണഫലങ്ങളും നിരീക്ഷണങ്ങളുമാണ് പ്രധാനമായും ഉണ്ടായിരുന്നത്. വിശദീകരണവും സിദ്ധാന്തവൽക്കരണവും കുറഞ്ഞ അളവിൽ ഉൾക്കൊള്ളിച്ച ഇവ അളവുപരതയേക്കാൾ ഗുണപരതയ്ക്ക് ഊന്നൽ നൽകുന്നവ ആയിരുന്നു. ഈ സ്ഥിതിക്ക് മാറ്റം വന്നത് പതിനെട്ട്, പത്തൊമ്പത് നൂറ്റാണ്ടുകളിലാണ്. ആദ്യകാല പ്രബന്ധങ്ങളുടെ മറ്റൊരു പോരായ്മ അവയിലെ സങ്കീർണമായ ഭാഷാശൈലിയായിരുന്നു. ദീർഘമായ വാക്യങ്ങളും സാഹിത്യഭാഷയും അവയിൽ മുഴച്ചുനിന്നു. സാങ്കേതികപദങ്ങൾ വലിയതോതിൽ രൂപപ്പെട്ടതോടുകൂടിയാണ് ഈ ഭാഷാരീതിക്ക് മാറ്റമുണ്ടായത്(ശ്രീനിധി). ശാസ്ത്രം പുരോഗമിക്കുന്നതിനനുസരിച്ച് സാങ്കേതികപദങ്ങളുടെ ഉപയോഗം കൂടി. മാത്രമല്ല, ഉത്തമപുരുഷ സർവനാമത്തിലും ദൃക്സാക്ഷി എന്ന നിലയിലുമുള്ള അവതരണരീതി മാറുകയും ചെയ്തു. ലളിതമായ വാചകം എന്ന രീതിയിലേക്ക് ഭാഷാസ്വഭാവം മാറിയെങ്കിലും വർധിച്ച തോതിലുള്ള സാങ്കേതികപദങ്ങളുടെ ഉപയോഗം മൂലം അതത് മേഖലയിൽ ജ്ഞാനമുള്ളവർക്ക് മാത്രം പിന്തുടരാൻ കഴിയുന്നവയായി ജേണലിലെ ഉള്ളടക്കം മാറി (Hayes 739). ചുരുക്കെഴുത്തുകളും (Abbreviations) സംക്ഷേപങ്ങളും (acronyms) വലിയ തോതിൽ

വർധിക്കുകയും ചെയ്തു. ശാസ്ത്രഭാഷയിലുണ്ടായ മാറ്റങ്ങൾ ശാസ്ത്രത്തെക്കുറിച്ചുള്ള കാഴ്ച പ്പാടിലുണ്ടായ മാറ്റങ്ങളുടെ നിദർശനം കൂടിയാണെന്ന് ക്രിസ് മാക്ക് (Mack 010101–02) കരുതുന്നു. നിലവിൽ ലഭ്യമായ പുസ്തകങ്ങൾ പഠിക്കുന്നതിലൂടെ കഴിഞ്ഞകാലങ്ങളിൽ ആർജിച്ച അറിവുകൾ കണ്ടെത്തുന്നതാണ് വിജ്ഞാനം എന്നതിനുപകരം ഏതു തരം വിജ്ഞാനവും അന്തിമമല്ലെന്നും അവയ്ക്ക് പുതിയ ഡാറ്റകളുടെയും കണ്ടുപിടുത്തങ്ങളുടെയും വെളിച്ചത്തിൽ മാറ്റം വരാവുന്നതാണ് എന്നുള്ള ധാരണ ഇപ്പോൾ രൂപപ്പെട്ടിട്ടുണ്ട്. .

മുൻകാല പ്രബന്ധങ്ങൾ അളവുപരതയേക്കാൾ ഗുണപരതയ്ക്ക് (qualitative) ഊന്നൽ നൽകിയതിനാൽ അവയിൽ ഡാറ്റ വളരെ കുറച്ചേ ഉപയോഗിച്ചിരുന്നുള്ളൂ. ഉപയോഗി ച്ചവ തന്നെ പ്രബന്ധഗാത്രവുമായി സംയോജിതമായ രീതിയിലായിരുന്നു. ഇപ്പോഴാകട്ടെ വലിയ തോതിൽ കണക്കുകൾ, ചിത്രങ്ങൾ, പട്ടികകൾ, ഗ്രാഫുകൾ, സൂത്രവാക്യങ്ങൾ എന്നി വയെല്ലാം പ്രബന്ധത്തിൽ ഉൾച്ചേരുന്നു.

ജേണലുകളിലെ പ്രബന്ധരൂപത്തിലും പലപ്പോഴായി മാറ്റം സംഭവിച്ചിട്ടുണ്ട്. നേര ത്തേ പരാമർശിച്ചതുപോലെ കത്തുകളുടെ രൂപവുമായുള്ള അടുപ്പം കൊണ്ടാവാം, തുടക്കത്തിലെ അഭിവാദ്യവും ഒടുവിലുള്ള ഉപചാരവുമൊക്കെ ആദ്യകാല പ്രബന്ധ ങ്ങളിൽ കാണാം. നിരീക്ഷണങ്ങൾ റിപ്പോർട്ട് ചെയ്യുന്ന ആദ്യകാലരീതികളിൽനിന്ന് നിരീക്ഷണങ്ങളെയും പരീക്ഷണങ്ങളെയും വ്യാഖ്യാനിക്കുന്ന രീതിയിലേക്ക് പതിനെട്ട്, പത്തൊൻപത് നൂറ്റാണ്ടുകളോടെ, ജേണലുകളിലെ ഉള്ളടക്കം മാറി. വാദഗതികളുടെ അവതരണമായി ശാസ്ത്രപ്രബന്ധങ്ങൾ ഈ ഘട്ടത്തിൽ മാറുന്നുണ്ട്. ആമുഖം, പ്രബന്ധശ രീരം, ഉപസംഹാരം എന്ന രീതി പൊതുവായി സ്വീകരിക്കപ്പെട്ടു. ഇരുപതാം നൂറ്റാണ്ടിന്റെ പകുതിയോടെ ശാസ്ത്രപ്രബന്ധങ്ങൾക്ക് ഐ.എം.ആർ.എ.ഡി. (IMRaD– Introduction, Methods, Results, and Discussion) ഘടന വ്യാപകമായി പ്രചാരത്തിൽ വന്നു. അംഗീ കൃതശൈലികളും നടപ്പായി. പ്രബന്ധത്തിന്റെ പേര്, തലക്കെട്ടുകൾ, പ്രബന്ധസംഗ്രഹം, രചയിതാക്കളുടെ പേരുകൾ, റഫറൻസുകൾ തുടങ്ങി എല്ലാ കാര്യങ്ങളിലും ഇതോടെ സമാനത കൈവന്നു.[25]

## 1.5 പ്രമുഖ വൈജ്ഞാനിക ഭാഷകളുടെ ആവിർഭാവവും വളർച്ചയും

മാനവചരിത്രത്തിലെ മിക്ക വൈജ്ഞാനികഭാഷകളും പരസ്പരം സമ്പർക്കത്തിൽ ഏർപ്പെടുകയും പരസ്പരം സ്വാധീനിക്കുകയും ചെയ്തിട്ടുണ്ട്. വൈജ്ഞാനികചരിത്രത്തിൽ അനിഷേധ്യമായ നേതൃസ്ഥാനം വഹിച്ച ഭാഷകളുമുണ്ട്. സയൻസ് എന്ന വിശേഷണത്തിന് അർഹമായ വൈജ്ഞാനിക ഉള്ളടക്കം[26] സാരവത്തായ അളവിൽ ഉൽപ്പാദിപ്പിച്ച ഭാഷകൾ ഏറെയില്ലെന്ന്, അന്താരാഷ്ട്രതലത്തിലുള്ള സ്ഥിതിവിവരക്കണക്കുകളെ മുൻനിർത്തി, മൈക്കൽ ഡി. ഗോർഡിൻ അഭിപ്രായപ്പെടുന്നുണ്ട്. തുടർന്ന് ഈ ഗണത്തിലുള്ള പതിനേഴ് ഭാഷകളെ ഇംഗ്ലീഷ് അക്ഷരമാലാക്രമത്തിൽ അറബി, ചൈനീസ് (ക്ലാസിക്കൽ), ഡാനിഷ്, ഡച്ച്, ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമൻ, ഗ്രീക്ക് (പ്രാചീനം), ഇറ്റാലിയൻ, ജാപ്പനീസ്, ലാറ്റിൻ, പേർഷ്യൻ, റഷ്യൻ, സംസ്കൃതം, സ്വീഡിഷ്, സിറിയക്ക്, ടർക്കിഷ് (ഓട്ടോമൻ) എന്ന് ഗോർഡിൻ പട്ടികപ്പെടുത്തുന്നുമുണ്ട്. അവയെ എല്ലാറ്റിനെയും പരിശോധിക്കാൻ ഈ പ്രബന്ധത്തിൽ തുനിയുന്നില്ല. വലിയ ഭൂവിഭാഗങ്ങളെയും ജനവിഭാഗങ്ങളെയും അടയാളപ്പെടുത്തിയ ആദ്യകാല വൈജ്ഞാനികഭാഷകളായ സംസ്കൃതം, ചൈനീസ്, അറബി, ഗ്രീക്ക്, ലാറ്റിൻ എന്നിവയെ ലഘുവായി ഒന്ന് പരിചയപ്പെടുത്തുകമാത്രമേ ഇവിടെ ചെയ്യുന്നുള്ളൂ. ആധുനികചരിത്രത്തിലേക്ക് കടക്കുമ്പോഴാകട്ടെ ഇംഗ്ലീഷ്, ജർമൻ, ഫ്രഞ്ച്, റഷ്യൻ തുടങ്ങിയ ഭാഷകളാണ് ഈ സ്ഥാനത്തെത്തിയത്.

### 1.5.1 സംസ്കൃതം

ലോകത്തിലെ പ്രാചീന ഭാഷകളിലൊന്നായ സംസ്കൃതം, തെക്കൻ ഏഷ്യയിലും കിഴക്കൻ ഏഷ്യയിലും തെക്കുകിഴക്കെ ഏഷ്യയിലുമാണ് അതിന്റെ പ്രഭാവം പുലർത്തിയത്. ഈ പ്രദേശങ്ങളിൽ ഇപ്പോൾ നിലനിൽക്കുന്ന ഭാഷകളിലെ മാനകരൂപങ്ങളിലും വൈജ്ഞാനികരൂപങ്ങളിലും സംസ്കൃതത്തിന്റെ വലിയ സ്വാധീനം കാണാം. പദശക്തിയും സൗന്ദര്യവും ഒത്തിണങ്ങിയ സംസ്കൃതം ആത്മാവിഷ്കാരങ്ങളുടെയും വൈജ്ഞാനികതയുടെയും അനന്തസാധ്യതകൾ തുറന്നിട്ടുകൊണ്ട് ഭാഷാപഠിതാക്കളെ നിരന്തരം വിസ്മയിപ്പിക്കുന്നു (ശ്രീകുമാർ. ടി. ടി. 52). ആര്യന്മാരുടെ വരവോടെയാണ് സംസ്കൃതഭാഷ ഇന്ത്യയിലെത്തുന്നത്. യഥാർത്ഥത്തിൽ സംസ്കൃതമെന്നത് നിരവധി

അടരുകളുള്ള ഒന്നാണ്. അവയിൽനിന്ന് സൂക്ഷ്മമായ നിയമങ്ങളെ അടിസ്ഥാനമാക്കി വ്യവച്ഛേദിച്ചെടുത്ത ഭാഷാരൂപത്തെയാണ് ഇന്ന് സംസ്കൃതമെന്ന് വിളിച്ചുപോരുന്നത്. ഇത് സംസ്കൃതത്തിന്റെ ക്ലാസിക്കൽ രൂപമാണ്. ലൗകിക സംസ്കൃതമെന്നും പറയാറുണ്ട്. മറ്റുള്ള സംസ്കൃതരൂപങ്ങളെ പ്രാകൃതമെന്ന് വിശേഷിപ്പിച്ചുപോന്നു. അതിപ്രാചീന ഗ്രന്ഥങ്ങളായ വേദങ്ങളിലെയും ബ്രാഹ്മണങ്ങളിലെയും ഭാഷയെ വൈദികസംസ്കൃതം എന്ന് വ്യവഹരിക്കുന്നു. വൈദികമെന്നും ലൗകികമെന്നും രണ്ട് വ്യത്യസ്തശൈലികൾ ആർജിച്ചുകഴിഞ്ഞിരുന്ന സംസ്കൃതത്തിലെ രണ്ട് ശൈലികൾക്കും സമന്വിതമായ ഒരു വിവരണം (Description) നൽകുകയാണ് പാണിനി ചെയ്തത് (കൃഷ്ണവാരിയർ, *സംസ്കൃത വ്യാകരണത്തിന് കേരളപാണിനിയുടെ സംഭാവന* 7). 'സംക്ഷിപ്തമെങ്കിലും സർവാങ്കർഷമായ ഒന്നായിരുന്നു അതെന്നും' എൻ. വി. കൃഷ്ണവാരിയർ വിലയിരുത്തുന്നു. നിലനിന്നിരുന്ന അവ്യവസ്ഥകൾ പാണിനി നീക്കംചെയ്തു.

മന്ത്രങ്ങളും മതകർമങ്ങളുമായി ബന്ധപ്പെട്ട ഒന്നുമാത്രമാണ് സംസ്കൃതമെന്നത് ഒരു മിഥ്യാധാരണയാണ്. സംസ്കൃതസാഹിത്യത്തിലെ തൊണ്ണൂറ്റിയഞ്ച് ശതമാനം ഉള്ളടക്കവും മതമേഖലയ്ക്കപ്പുറമുള്ള തത്വജ്ഞാനം, ശാസ്ത്രം, നിയമം, ശബ്ദശാസ്ത്രം, വ്യാകരണം, സാഹിത്യം തുടങ്ങിയവയാണ്(Katju). വൈവിധ്യമാർന്ന മേഖലകളിൽ ആഴത്തിൽ ചിന്തിക്കുകയും സ്വതന്ത്രചിന്തയോടുകൂടി എല്ലാറ്റിനേയും ചോദ്യം ചെയ്യുകയും ചെയ്തവരുടെ ഭാഷയാണ് സംസ്കൃതമെന്ന് മാർക്കണ്ഡേയ കട്ജു അഭിപ്രായപ്പെടുന്നു. വേദകാലത്തെ വൈജ്ഞാനികമുന്നേറ്റത്തെക്കുറിച്ച് കൃത്യമായ രൂപത്തിലുള്ള രേഖപ്പെടുത്തലുകൾ നടന്നിരുന്നില്ല [27] എന്നതൊരു പോരായ്മയായി അവശേഷിക്കുന്നുമുണ്ട് (പാപ്പൂട്ടി 7).

ദൈവങ്ങളോടുള്ള പ്രാർത്ഥനകളാണ് വേദങ്ങളെങ്കിലും വിവിധ വൈജ്ഞാനികമേഖലകളെക്കുറിച്ചുള്ള അറിവുകൾ വൈദികകാലകൃതികളിൽ നിന്ന് ലഭിക്കുന്നു. പത്തിന്റെ ഗുണിതങ്ങളായ ഗണനരീതി,[28] വളരെ വലിയ സംഖ്യകൾ ഉപയോഗിച്ചുള്ള കണക്കുകൂട്ടലുകൾ, ഭിന്നങ്ങളുടെ ഉപയോഗം, വിവിധതരത്തിലുള്ള ജ്യാമിതീയ കണക്കുകൾ, അപരിമേയ സംഖ്യകളുടെ[29] മൂല്യം എന്നിവയെക്കുറിച്ചുള്ള അറിവുകൾ അക്കാലത്ത് ഉണ്ടായിരുന്നു എന്ന് വൈദികകാലകൃതികൾ വെളിപ്പെടുത്തുന്നു (ആർ.വി.ജി.മേനോൻ 38–39). വേദസംഹിതകളിൽനിന്ന് ലഭിക്കുന്നതിനേക്കാൾ ജ്യോതിശ്ശാസ്ത്രപരമായ അറിവുകൾ ലഭിക്കുന്നത് ലഗധമുനിയുടെ വേദാംഗജ്യോതിഷം എന്ന കൃതിയിൽനിന്നാണ്. കൃഷിക്കും കർമങ്ങൾക്കുമെല്ലാം സഹായമാകുന്ന ഒരു കലണ്ടർ രൂപപ്പെടുത്താനുള്ള അന്വേഷണം ഈ ഗ്രന്ഥത്തിൽ കാണാം. ആയുർവേദത്തിന്റെ തുടക്കം അഥർവവേദത്തിൽ കാണാൻ

കഴിയും. ആയുർവേദത്തിന് വലിയ പുരോഗതി പിന്നീടുള്ള കാലങ്ങളിലുണ്ടായി. തത്വ ചിന്താമേഖലയിലാവട്ടെ ഷഡ്ദർശനങ്ങൾ എന്നറിയപ്പെടുന്ന ന്യായം, വൈശേഷികം, സാംഖ്യം, യോഗം, മീമാംസ, വേദാന്തം എന്നീ മേഖലകളിലെല്ലാം പ്രധാനപ്പെട്ട കൃതികൾ സംസ്കൃതത്തിലുണ്ടായിട്ടുണ്ട്. ആസ്തികപാരമ്പര്യം മാത്രമല്ല, നാസ്തിക ധാരയിലുള്ള തത്വ ചിന്തയും വലിയതോതിൽ വികാസം പ്രാപിച്ചു. ലോകായതം, ചാർവാകം എന്നെല്ലാം അത് അറിയപ്പെട്ടു. ഷഡ്ദർശനങ്ങളിലെ ന്യായവാദം യുക്തിചിന്തയെ ഉയർത്തിപ്പിടിക്കുന്ന ധാരയാണ്.

ഗണിതം, ജ്യോതിശ്ശാസ്ത്രം, വൈദ്യശാസ്ത്രം, തർക്കശാസ്ത്രം, ലോഹശാസ്ത്രം, കാലാവസ്ഥാശാസ്ത്രം, രാഷ്ട്രതന്ത്രം, ഭാഷാശാസ്ത്രം, രസതന്ത്രം തുടങ്ങിയ നിരവധി മേഖലകളെ മുൻനിർത്തി, ബി. സി. ഇ. നാലാം നൂറ്റാണ്ടുമുതൽ സി. ഇ. 6–7 നൂറ്റാണ്ടുകൾവരെയുള്ള കാലത്തെ ഇന്ത്യയിലെ ശാസ്ത്രപാരമ്പര്യങ്ങളുടെ സുവർണഘട്ടം എന്ന് വിശേഷിപ്പിക്കാം (മുരളീധരൻ, *വിജ്ഞാനവും വിജ്ഞാനഭാഷയും* 87). ഇവയിൽനിന്നും വേറിട്ട പാതയിലുള്ള അർത്ഥശാസ്ത്രം, കാമശാസ്ത്രം, നാട്യശാസ്ത്രം തുടങ്ങിയ ജ്ഞാനവ്യവഹാര മേഖലകളെയും ഉൾക്കൊള്ളാൻ സംസ്കൃതം തയ്യാറായി. ഇതിനെല്ലാം കരുത്തുള്ളതായിരുന്നു സംസ്കൃതഭാഷ. ഭാഷയിൽ പാണിനി കൊണ്ടുവന്ന കൃത്യത ശാസ്ത്രീയകാര്യങ്ങളെ നിഷ്കൃഷ്ടമായവതിരിപ്പിക്കാൻ സഹായകമായി. വാമൊഴിയിൽനിന്ന് വരമൊഴിയിലേക്കുള്ള സംസ്കൃതത്തിന്റെ മാറ്റം നൂറ്റാണ്ടുകൾകൊണ്ട് സംഭവിച്ചതാണെങ്കിലും അതിനു മുമ്പുതന്നെ സങ്കീർണമായ ആശയങ്ങൾ കൈകാര്യം ചെയ്യാനുള്ള ശേഷി അത് നേടിയിരുന്നു (ശ്രീകുമാർ. ടി. ടി. 54). മനുഷ്യമനസ്സിന്റെ അഗാധത, പ്രഹേളികയായ പ്രപഞ്ചം, അസ്തിത്വത്തിന്റെ കാര്യകാരണങ്ങൾ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ആഴത്തിൽ പര്യാലോചന നടത്താൻ കഴിയുന്ന ഒരു ഭാഷയായിരുന്നു സംസ്കൃതമെന്നത് ചെറിയ കാര്യമല്ല.

അതേ അവസരത്തിൽ സംസ്കൃതം പിന്തുടർന്നുപോന്ന വരേണ്യപക്ഷപാതവും അധികാരത്തോടുള്ള ചേർന്നുനിൽക്കലുകളും അധീശത്വധർമങ്ങളും വിമർശിക്കപ്പെടേണ്ടതാണെന്നുള്ള അഭിപ്രായങ്ങൾ ഇന്ന് ശക്തമായി ഉയർത്തപ്പെടുന്നുണ്ട് (53). തന്റെ സിദ്ധാന്തങ്ങൾ വരേണ്യഭാഷയിൽനിന്ന് വ്യത്യസ്തമായി ജനങ്ങളുടെ ഭാഷയിൽ വ്യവഹരിക്കപ്പെടണമെന്നായിരുന്നു ബുദ്ധന്റെ മതം. അതുകൊണ്ടുതന്നെ ഗാന്ധാരിയിലും പാലിയിലുമായിരുന്നു അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ.

അധീശത്വം വഹിച്ചിരുന്ന ലാറ്റിൻഭാഷയെ മാറ്റിനിർത്തി നാട്ടുഭാഷകളിൽ വിജ്ഞാനം കൈകാര്യം ചെയ്യാൻ പതിനേഴാം നൂറ്റാണ്ടിലുണ്ടായ ശ്രമങ്ങളാണ് യൂറോപ്പിലെ ജ്ഞാനോൽപ്പാദനത്തിന്റെയും വിജ്ഞാനപ്രചാരണത്തിന്റെയും ആധുനികീകരണത്തിലെ ഒരു പ്രധാനഘടകം. എന്നാൽ അതിൽനിന്ന് വ്യത്യസ്തമായി പത്തൊമ്പതാം നൂറ്റാണ്ടിൽ പൂർണമായും കോളണി ഭരണത്തിൽ അമരുന്നതുവരെ കിഴക്കൻനാടുകളിൽ ശാസ്ത്രത്തിലും വ്യവസ്ഥാപിതചിന്തയിലും മറ്റു വൈജ്ഞാനികമേഖലകളിലും ആശയവിനിമയത്തിന്റെ പ്രത്യേക മാധ്യമമെന്ന നില പൂർണമായും സംസ്കൃതം കയ്യാളി എന്ന് ഷെൽഡൻ പൊള്ളോക്ക് നിരീക്ഷിക്കുന്നുണ്ട്. അതേ അവസരത്തിൽ സാഹിത്യത്തിന്റെ നാട്ടുഭാഷാവൽക്കരണം യൂറോപ്പിനെ അമ്പരപ്പിക്കും വിധം വലിയതോതിൽ നടന്ന, തെക്കേ ഏഷ്യയിൽ പേർഷ്യൻ സംസ്കാരം നിലനിന്ന പ്രദേശങ്ങൾ ഇതിൽനിന്ന് ഭിന്നമാണ് ("The Languages of Science in Early Modern India" 19).

## 1.5.2 ചൈനീസ്

സ്വഭാവത്തിൽ വ്യത്യസ്ത ധ്രുവങ്ങളിലുള്ള ഭാഷകളാണ് സംസ്കൃതവും ചൈനീസുമെങ്കിലും, സംസ്കൃതം പ്രചാരത്തിലുണ്ടായിരുന്ന പ്രദേശങ്ങളോടുചേർന്നുള്ള ചൈന, ജപ്പാൻ, വിയറ്റ്നാം, കൊറിയ തുടങ്ങിയ സ്ഥലങ്ങളിലാണ് ചൈനീസ് ഭാഷ വ്യാപിച്ചത്. ചരടിൽ പ്രത്യേകതരം കെട്ടുകൾ കെട്ടിയാണ് ചൈനക്കാർ പുരാതനകാലത്ത് ആശയവിനിമയം ചെയ്തിരുന്നത്. പിന്നീടാണ് ചിത്രലിപികളിലൂടെയുള്ള വിനിമയരീതി ഉടലെടുത്തത്. ഇന്നത്തെ ചൈനീസ് അക്ഷരമാലയുടെ തുടക്കം ഈ ചിത്രലിപികളിൽനിന്നാണ് (വേലായുധൻ 60). കണ്ടെടുക്കാൻ കഴിഞ്ഞ ഏറ്റവും പഴയ ചൈനീസ് രേഖ ബി. സി. ഇ. 1250 ലേതാണ്. ഷാങ് രാജവംശത്തിന്റെ കാലത്ത് എല്ലുകളിൽ (Oracle bone script) രേഖപ്പെടുത്തിയതാണിത് ("Chinese language"). രോമം കൊണ്ടുള്ള ബ്രഷുകളുപയോഗിച്ച് ബി. സി. ഇ. മൂന്നാം നൂറ്റാണ്ടുമുതൽ ചൈനക്കാർ എഴുതിയിരുന്നു.

തത്വശാസ്ത്രം, വൈദ്യശാസ്ത്രം, പ്രകൃതിശാസ്ത്രങ്ങൾ എന്നിവയിലുള്ള കൃതികൾക്കു പുറമെ, ബുദ്ധമതവുമായി ബന്ധപ്പെട്ട കൃതികളും പ്രാചീനകാല ചൈനീസ് ഭാഷയിൽ ഉണ്ടായിരുന്നു. ഈ വൈജ്ഞാനികപാരമ്പര്യം ചൈനീസ് ഭാഷയ്ക്ക് കൊറിയയിലും ജപ്പാനിലുമെല്ലാം സ്വാധീനമുണ്ടാക്കി. ചൈനക്കാരുടെ വാനനിരീക്ഷണം അതിന്റെ വിശദാംശങ്ങൾകൊണ്ടും കാലദൈർഘ്യംകൊണ്ടും ശ്രദ്ധേയമാണ്. ബി. സി. ഇ. 1600 മുതലുള്ള വാനനിരീക്ഷണ രേഖകൾ ചൈനക്കാരുടേതായുണ്ട്. രേഖപ്പെടുത്തിയ ആദ്യത്തെ

ഗ്രഹണം, ധൂമകേതുക്കളുടെ പട്ടികകൾ, സൂര്യകളങ്കങ്ങളെക്കുറിച്ചുള്ള രേഖപ്പെടുത്തലുകൾ എന്നിങ്ങനെ നീളുന്നു ചൈനീസ് ജ്യോതിശ്ശാസ്ത്ര നേട്ടങ്ങൾ (ആർ.വി.ജി.മേനോൻ 64). ധ്രുവനക്ഷത്രത്തെ കേന്ദ്രമാക്കിക്കൊണ്ടുള്ള നക്ഷത്രനിരീക്ഷണ പഠനരീതി ചൈനക്കാരാണ് വികസിപ്പിച്ചത്. യൂറോപ്പിൽ ടൈക്കോ ബ്രാഹ പതിനാറാം നൂറ്റാണ്ടിലാണ് ധ്രുവനക്ഷത്രത്തെ ആധാരമാക്കിയുള്ള നക്ഷത്ര സ്ഥാനനിർണയരീതി കണ്ടെത്തുന്നത്.

ഗണിതത്തിന്റെ കാര്യത്തിലും ഒട്ടേറെ നേട്ടങ്ങൾ അവരുടേതായുണ്ട്. ഭൂപട നിർമാണത്തിലെ ആദ്യപഥികരും ചൈനക്കാരാണ്. ഭൂപടങ്ങളിൽ ഭൂമിയുടെ നിമ്നോന്നതികൾ പോലും രേഖപ്പെടുത്തുവാൻ അവർക്കറിയാമായിരുന്നു. യിൻ, യാങ്ങ് എന്നീ രണ്ട് അടിസ്ഥാനഘടകങ്ങളുടെ സന്തുലനവുമായി ബന്ധിപ്പിച്ചുകൊണ്ടുള്ളതായിരുന്നു ചൈനീസ് വൈദ്യശാസ്ത്രം. അക്യുപങ്ചർ ചികിത്സാരീതിയുടെ ഉപജ്ഞാതാക്കളും മറ്റാരുമല്ല. വടക്കുനോക്കിയന്ത്രം, വെടിമരുന്ന്, അച്ചടി, കടലാസ് എന്നീ നാല് സാങ്കേതികവിദ്യകളും പ്രാചീനചൈനയിലാണ് ആദ്യം രൂപപ്പെട്ടത്. ആൽക്കെമി[30] എന്ന വാക്ക് ചൈനീസ് ഭാഷയിൽ നിന്നാണ് രൂപംകൊണ്ടത് എന്ന് കരുതുന്നു. എല്ലാം എഴുതി രേഖകളാക്കി സൂക്ഷിക്കുക എന്നത് ചൈനക്കാരുടെ രീതിയായിരുന്നു. മറ്റ് പ്രാചീന സംസ്കൃതികളിൽനിന്ന് ചൈനക്കാരെ തികച്ചും വ്യത്യസ്തമാക്കുന്നത് കൃത്യമായി രേഖകൾ സൂക്ഷിക്കുന്നതിലുള്ള അവരുടെ നിഷ്ഠയാണ്.

മെസൊപ്പൊട്ടാമിയ നാഗരികത, ഈജിപ്ഷ്യൻ നാഗരികത, സിന്ധുനദീതട നാഗരികത എന്നിവയ്ക്ക് ലഭിച്ചിരുന്ന പ്രാധാന്യം ചൈനയിലെ നാഗരികസംസ്കാരത്തിന് ചരിത്രപഠനത്തിൽ കിട്ടിയിരുന്നില്ല. ചൈനീസ് നാഗരികതയെക്കുറിച്ചും ശാസ്ത്രരംഗത്തെ മുന്നേറ്റങ്ങളെക്കുറിച്ചുമെല്ലാം ഗൗരവതരമായ പഠനങ്ങൾ പുറത്തുവന്നിട്ട് അധികകാലമായിട്ടില്ല. ചൈനീസ്സാമ്രാജ്യകാലത്തെ വരേണ്യവർഗം ശാസ്ത്രത്തിനും സാങ്കേതിക വിദ്യകൾക്കും എതിരായ സമീപനം കൈക്കൊണ്ടു എന്ന പാശ്ചാത്യ ആശയഗതിയെ സൂക്ഷ്മമായി വിലയിരുത്തേണ്ടതുണ്ട്. 1600 മുതൽ ദീർഘകാലമായുള്ള പ്രകൃതിശാസ്ത്രപഠനങ്ങളുടെ വികാസത്തിലേക്ക് പിന്തിരിഞ്ഞുനോക്കുമ്പോൾ, അതിന്റെ വഴിയിൽ പലതരത്തിലുള്ള തടസ്സങ്ങളും തിരിച്ചടികളും ഉണ്ടായിരുന്നെങ്കിലും, ചൈനയിലെ ആധുനികശാസ്ത്രത്തിന്റെ വിജയം നാം അംഗീകരിക്കേണ്ടതുണ്ടെന്ന് ബെഞ്ചമിൻ എൽമാൻ അഭിപ്രായപ്പെടുന്നു. ശാസ്ത്ര-സാംസ്കാരിക-മത രംഗങ്ങളിലെ തങ്ങളുടെ വരിഷ്ഠതയെക്കുറിച്ച് ദീർഘകാലമായി പാശ്ചാത്യപണ്ഡിതർ നടത്തുന്ന അവകാശവാദങ്ങളെ വെള്ളപൂശാനായി ചരിത്രരചനയിൽ അവ്യക്തമായ വാദമുഖങ്ങൾ ഉയർത്തുന്നതിനെ എതിർക്കേണ്ടതുണ്ട്. അത്തരത്തിലുള്ള വാദമുഖങ്ങൾ ശരിയായ രീതിയിലുള്ള ആദ്യകാല

ആധുനിക–ചൈനീസ്, ഇസ്ലാമിക, ഇന്ത്യൻ പഠനങ്ങളുടെ പ്രാധാന്യത്തെ ഇല്ലാതാക്കുകയാണ്. ആധുനിക പൂർവകാലത്തെ പാശ്ചാത്യേതര ലോകത്തെ ശാസ്ത്രവിജ്ഞാനത്തിന്റെ പുനഃസ്ഥാപനം ചരിത്രരചനയുടെ സന്തുലിതാവസ്ഥ നിലനിർത്താനുള്ള മുന്നുപാധിയാണ് ("China and the world history of science" 44).

ജോസഫ് നീധാമിന്റെ (Joseph Needham)[31] ഗ്രന്ഥമാണ് ചൈനാപഠനത്തെ അടിമുടി മാറ്റിമറിച്ചത്. നിരവധി സംസ്കാരങ്ങളുടെ സംഘാതം നിലനിന്നിരുന്ന പ്രദേശമെന്ന നിലയിൽ ചൈനയും അതിന് അടിപ്പടവായി പ്രവർത്തിച്ച ഭാഷയെന്ന നിലയിൽ ചൈനീസ് ഭാഷയും ഇന്ന് ലോകശ്രദ്ധയിലുണ്ട്. നീധാമിന്റെ ചോദ്യം[32] എന്ന പേരിലും നീധാമിന്റെ ബൃഹത്തായ ചോദ്യം (Needham's grand question) എന്ന പേരിലും അറിയപ്പെടുന്ന പ്രശ്നത്തെ മുൻനിർത്തി നിരവധി വർഷങ്ങളായി സംവാദങ്ങൾ നടന്നുവരുന്നു. എസ്. സി. സി.(*Science and Civilisation in China*– SCC) യുടെ ഏഴാം വാല്യത്തിൽ ചൈനീസ് ഭാഷയെക്കുറിച്ചുള്ള നീധാമിന്റെ നിലപാടുകൾ മുഖ്യമായും, 1920 ൽ ഗ്രാനറ്റ് (Marcel Granet) ഉയർത്തിയ അഭിപ്രായത്തോടും 1970 കളിൽ ബോഡേ (Derk Bodde)[33] ഉയർത്തിയ അഭിപ്രായങ്ങളോടും പ്രതികരിച്ചുകൊണ്ടുള്ളവയാണെന്ന് കറൈൻ ചെമ്‌ല അഭിപ്രായപ്പെടുന്നു ("Needham and the Issue of Chinese as a Language for Science" 109). ചൈനീസ് ഭാഷ/ ലിപിയുടെ പരിമിതികൾ ചൈനീസ് ശാസ്ത്രത്തിന്റെ വികാസത്തെ തടഞ്ഞു എന്ന അഭിപ്രായമായിരുന്നു ഗ്രാനറ്റിനും ബോഡേയ്ക്കും.

ശാസ്ത്രചരിത്രത്തിൽ ഭാഷകളുടെ സ്ഥാനവും സ്വഭാവവും വിശദമായ ചർച്ചകൾക്ക് വിഷയീഭവിക്കേണ്ടതുണ്ട്. അധീശത്വം ചെലുത്തിപ്പോന്ന ഭാഷകളെ പുനരാലോചനകൾക്ക് വിധേയമാക്കേണ്ടതുണ്ട്. ചില ഭാഷകൾ ശാസ്ത്രം കൈകാര്യംചെയ്യുന്നതിന് മികച്ചവയാണെന്ന വാദഗതിയെ ചരിത്രം സാധൂകരിക്കുന്നില്ല. ശാസ്ത്രചരിത്രം മൾട്ടിലിംഗ്വലിസത്തിന്റെതാണ്. ഈ അടിത്തറയിൽനിന്നുകൊണ്ട് ചൈനയിലെ ഗണിതശാസ്ത്രമേഖലയെ വിലയിരുത്തിയശേഷം കറൈൻ ചെമ്‌ല ഇങ്ങനെ നിരീക്ഷിക്കുന്നു: ഗണിതശാസ്ത്രമേഖലയുടെ പ്രയോക്താക്കൾ നിരന്തരമായി സവിശേഷഭാഷ രൂപപ്പെടുത്തുന്നു. അതോടൊപ്പം ചൈനീസ് ഭാഷയിൽ നിലവിലുള്ള വിഭവങ്ങളെ ലക്ഷ്യപ്രാപ്തിക്കായി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. ഈ സവിശേഷഭാഷ ആ മേഖലയിലെ വിദഗ്ധരുമായുള്ള ആശയവിനിമയത്തിനുള്ള ഭാഷമാത്രമല്ല, മറിച്ച് പ്രസ്തുത ശാസ്ത്രശാഖയുടെ പഠനത്തിനുള്ള ഉപാധികൂടിയാണ് (115). അത്തരം ഭാഷകളെ (ശാസ്ത്രഭാഷകളെ) ഉപയോക്താക്കളുടെ കൂട്ടായ്മകൾ എങ്ങനെ സൃഷ്ടിക്കുകയും പുനഃ

സൃഷ്ടിക്കുകയും ചെയ്യുന്നു? അവർ അവ എങ്ങനെ ഉപയോഗപ്പെടുത്തുന്നു? എന്നിങ്ങനെ നീഥാമിന്റെ ചോദ്യത്തെ ചെമ്ല പുനഃക്രമീകരിക്കുകയും ചെയ്യുന്നു.

### 1.5.3 അറബി

ആഫ്രോ– ഏഷ്യാറ്റിക്ക് ഭാഷാകുടുംബത്തിലെ ഉപവിഭാഗമായ സെമിറ്റിക്ക് ഭാഷകളിൽ ഒന്നാണ് അറബി. പ്രാചീനഗ്രീസിൽനിന്ന് വേർതിരിച്ച്, അറേബ്യൻ പെനിൻസുലയിൽ ജീവിക്കുന്ന ജനവിഭാഗത്തെ സൂചിപ്പിക്കാനാണ് ആദ്യം അറബ് എന്ന് വിശേഷിപ്പിച്ചുപോന്നത്. അവർ ഉപയോഗിക്കുന്ന ഭാഷയ്ക്ക് അറബി എന്ന പേരും ലഭിച്ചു. ഒന്നാം നൂറ്റാണ്ടിലാണ് അറബി ഭാഷ രൂപപ്പെട്ടത്. ഏഴാം നൂറ്റാണ്ടിൽ രൂപപ്പെട്ട ക്ലാസിക്ക് അറബി, അതിനെ മുൻനിർത്തി പത്തൊമ്പത്, ഇരുപത് നൂറ്റാണ്ടുകളിൽ രൂപപ്പെട്ട മോഡേൺ സ്റ്റാൻഡേർഡ് അറബി (Modern Standard Arabic –MSA) എന്നിവയ്ക്കു പുറമേ നിരവധി പ്രാദേശികഭേദങ്ങൾ അറബി ഭാഷയ്ക്കുണ്ട്. എം.എസ്.എ. സാഹിത്യ വൈജ്ഞാനിക മേഖലകളിലും മാധ്യമരംഗത്തും ഭരണരംഗത്തുമെല്ലാം ഉപയോഗിച്ചുപോരുന്നുണ്ടെങ്കിലും അത് ഒന്നാം ഭാഷയെന്ന നിലയിൽ ആരുടെയും സംസാരഭാഷയല്ല (“Arabic”).

മദീന കേന്ദ്രമാക്കി സി.ഇ. 629 ൽ മുഹമ്മദ് നബി സ്ഥാപിച്ച പുതിയ രാഷ്ട്രത്തിന്റെയും ഇസ്ലാംമതത്തിന്റെയും വളർച്ച ഒരുമിച്ചായിരുന്നു(വേലായുധൻ 262). മുഹമ്മദ് നബിയുടെ മരണത്തെ (സി.ഇ. 632) തുടർന്നുള്ള വർഷങ്ങളിൽ നടന്ന അറബികളുടെ പടയോട്ടത്തിൽ ഏഷ്യാമൈനറും (ഇന്നത്തെ തുർക്കി) പേർഷ്യയും വടക്കൻ ആഫ്രിക്കയും സ്പെയിനും കീഴടക്കപ്പെട്ടു. മധ്യധരണ്യാഴിക്കുചുറ്റും അറബിസംസ്കാരം വൻശക്തിയായി പടർന്നുപന്തലിച്ചു. കോർദോബ, ബാഗ്ദാദ്, ഡമാസ്കസ്, സമർഖണ്ഡ് എന്നിവിടങ്ങൾ വിദ്യയുടെയും സംസ്കാരത്തിന്റെയും വിളനിലങ്ങളായിരുന്നു(പദ്മനാഭൻ and വസന്തി പദ്മനാഭൻ 61). ബി.സി.ഇ. ആറാം നൂറ്റാണ്ടുമുതൽ അറബ് വിജ്ഞാനശാഖയുടെ സുവർണകാലമായിരുന്നു. പന്ത്രണ്ടാം നൂറ്റാണ്ടോടെ മതമേധാവിത്വത്തിന്റെ പിടിയിൽ മുറുകിയതോടെ അറബ് വൈജ്ഞാനികധാര ദുർബലമാകാനും തുടങ്ങി.[34] മറ്റു സാമ്രാജ്യസ്ഥാപനങ്ങളിൽനിന്ന് മൗലികമായൊരു വ്യത്യാസം അറബ് സാമ്രാജ്യസ്ഥാപനത്തിലുണ്ടായിരുന്നു. കീഴടക്കിയ പ്രദേശങ്ങളിലുള്ള എല്ലാം നശിപ്പിച്ച് മുന്നേറുന്നതിനുപകരം അവിടങ്ങളിലെ വൈജ്ഞാനികസമ്പത്തിനെ സ്വീകരിക്കാനും ഉൾക്കൊള്ളാനും തയ്യാറായി എന്നതായിരുന്നു ആ പ്രത്യേകത(ആർ.വി.ജി.മേനോൻ 122). കീഴടക്കിയ ജനതകളോട് സഹിഷ്ണുതയോടെ പെരുമാറിയതിനാലാണ് അറബി ഭാഷയെ സാഹിത്യപ

രമായും വൈജ്ഞാനികമായും വളർത്തിയവരിൽ ബഹുഭൂരിഭാഗവും അറബ് വംശജരിൽപ്പെടാത്തവരാവാൻ കാരണം (വേലായുധൻ 267).

ബാഗ്ദാദ് കേന്ദ്രമാക്കി അബ്ബാസിയ ഖിലാഫത്ത് (Abbasid Caliphate) സി.ഇ.750 ൽ സ്ഥാപിതമായതോടുകൂടിയാണ് ഒരു ശാസ്ത്രഭാഷയെന്ന നിലയിലുള്ള അറബിയുടെ ജൈത്രയാത്ര ആരംഭിക്കുന്നത്. ഏതാണ്ട് അറുനൂറ് വർഷത്തോളം ഈ സുവർണകാലം നീണ്ടുനിൽക്കുകയും ചെയ്തു. സ്പെയിനിന്റെ തെക്കുഭാഗത്തുള്ള അന്താലൂസിയ (Andalusia) മുതൽ മധ്യേഷ്യയിലെ അമു ദാര്യാ (Amu Darya) നദി വരെ അത് വ്യാപിച്ചിരുന്നു. കവിതയുടെയും ഖുറാന്റെയും ഇസ്ലാം മതകാര്യങ്ങളുടെയും ഭാഷയായിരുന്ന അറബി അന്താരാഷ്ട്രതലത്തിലുള്ള ഒരു ശാസ്ത്രഭാഷയായി ഇക്കാലത്തു മാറി (Galal 46). പ്രായോഗികോപയോഗത്തിലുള്ള ഊന്നൽ അറബിശാസ്ത്രത്തിന്റെ ഒരു സവിശേഷതയായി ചൂണ്ടിക്കാണിക്കാനും കഴിയും (പരമേശ്വരൻ, *ശാസ്ത്രത്തിന്റെ ഉത്പത്തിയും വികാസവും* 16).

രണ്ട് പരിഭാഷായജ്ഞങ്ങൾ അറബ് വൈജ്ഞാനികചരിത്രത്തിലെ നാഴികക്കല്ലുകളാണെന്ന് അഹമ്മദ് രാഗബ് നിരീക്ഷിക്കുന്നു. അബ്ബാസിയ്യ ഖിലാഫത്തിന്റെ കാലത്ത് ഒൻപതാം നൂറ്റാണ്ടിൽ നടന്ന പരിഭാഷായജ്ഞമാണ് ഒന്നാമത്തേത്. ഗ്രീക്ക്, പേർഷ്യൻ, സംസ്കൃതം തുടങ്ങിയ ഭാഷകളിലെ വൈജ്ഞാനികസമ്പത്തിനെ അറബിയിലേക്ക് കൊണ്ടുവരുന്നതായിരുന്നു ഈ ഘട്ടം. ഒട്ടോമൻ സാമ്രാജ്യത്തിന്റെ കീഴിലുള്ള അറബ് പ്രവിശ്യകളിൽ പത്തൊൻപതാം നൂറ്റാണ്ടിൽ യൂറോപ്യൻ മാതൃകയിലുള്ള സ്കൂളുകൾ സ്ഥാപിച്ചതിനെത്തുടർന്നായിരുന്നു രണ്ടാം ഘട്ടം. ആധുനിക യൂറോപ്യൻ ശാസ്ത്രപുസ്തകങ്ങളെ അറബിയിലേക്ക് കൊണ്ടുവരുന്നത് ഈ സമയത്താണ് (""In a Clear Arabic Tongue"" 612-13). ഈ പരിഭാഷായജ്ഞങ്ങളോരോന്നും നവോത്ഥാനങ്ങളിലേക്ക് നയിക്കുന്നതായിരുന്നു. ഒന്നാം ഘട്ടം അറബ് ശാസ്ത്രങ്ങളുടെ സുവർണ കാലഘട്ടത്തിലേക്ക് നയിച്ചെങ്കിൽ രണ്ടാം ഘട്ടം നയിച്ചത് നഹ്ദ (Nahda)[35] യിലേക്ക് ആയിരുന്നു.

അബ്ബാസിയ്യ കാലഘട്ടത്തിലെ പരിഭാഷ വൈജ്ഞാനികചരിത്രത്തിലെ സുവർണഘട്ടമാണ്. ഈ കാലത്തെ മുൻനിർത്തി അറബ് ശാസ്ത്രധാരയുടെ മുഖ്യമായ സംഭാവനകൾ രണ്ടാണെന്ന് വിലയിരുത്താം. ഒന്ന്, വിസ്മൃതിയിലാഴ്ന്നുപോവുമായിരുന്ന യവന-റോമൻ കൃതികൾ അറബിയിലേക്ക് തർജമ ചെയ്തുസംരക്ഷിച്ചതാണ്. സംരക്ഷിച്ചവ നവോത്ഥാന യൂറോപ്പിലേക്ക് അവർ കൈമാറുകയും ചെയ്തു. രണ്ടാമത്തേതാകട്ടെ, കിഴക്കുനിന്നുള്ള വിജ്ഞാനം പടിഞ്ഞാറേക്ക് എത്തിക്കുന്നതിൽ അവർ ഒരു കണ്ണിയായി പ്രവർത്തിച്ചു എന്നതാണ്. ഇന്ത്യ, ചൈന, പേർഷ്യ എന്നിവിടങ്ങളിലെ വൈജ്ഞാ

നികസമ്പത്തിനെ തേടിപ്പിടിച്ച് പരിഭാഷപ്പെടുത്തി യൂറോപ്പിലെത്തിച്ചത് അറബ് ലോക മാണ് (*ശാസ്ത്രത്തിന്റെ വികാസവും സാമൂഹ്യമാറ്റവും* 20). നേരത്തെ സൂചിപ്പിച്ചതുപോലെ അറബികൾ എന്ന പ്രയോഗം വിശാലമായ ഒരർത്ഥത്തിലാണ് ഇവിടെ കാണേണ്ടത്.

എണ്ണൂറാമാണ്ട് ആകുമ്പോഴേക്കും അരിസ്റ്റോട്ടിൽ, ഹിപ്പോക്രാറ്റസ്, ഗാലൻ എന്നി വരുടെ കൃതികൾ ഗ്രീക്കിൽനിന്ന് അറബിയിലേക്ക് മൊഴിമാറ്റം ചെയ്തിരുന്നു. അഞ്ചാമ ത്തെ ഖലീഫയായ ഹാരൂൺ അൽ റഷീദാണ് ഇതിന് നേതൃത്വം നൽകിയത്. അടുത്ത ഖലീഫയായ അൽ മാമൂൻ പരിഭാഷചെയ്യാൻ യോഗ്യമായ കൃതികൾ തേടിപ്പിടിക്കാൻ വിവിധ പ്രദേശങ്ങളിലേക്ക് സംഘങ്ങളെ നിയോഗിച്ചു. അതത് വിഷയമേഖലകളിലെ വിദ ഗ്ധരെയോ ഒരു കൂട്ടം വിദഗ്ധരെയോ ചുമതലപ്പെടുത്തിയാണ് പരിഭാഷാപരിപാടികൾ പ്രാവർത്തികമാക്കിയത്. 'ജ്ഞാനഭവനം' (House of Wisdom)[36] ഈ പരിഭാഷായ ജ്ഞത്തിലെ ഒരു മുഖ്യകണ്ണിയായിരുന്നു. അതിലെ പ്രമുഖനായിരുന്ന യാക്കൂബ് ഇബ്ൻ ഇഷാഖ് അൽ കിന്ദി തർജമകൾക്ക് ദീർഘകാലം നേതൃത്വം നൽകുകയും ചെയ്തു. ലോക ത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കൃതികൾ അറബിയിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ടപ്പോൾ അറബി ലോകവിജ്ഞാനഭാഷയും ബാഗ്ദാദ് ലോക വൈജ്ഞാനികതലസ്ഥാനവുമായി മാറി.

അബ്ബാസിയ കാലഘട്ടത്തിന്റെ ആദ്യഭാഗത്ത് ബാഗ്ദാദ് കേന്ദ്രമാക്കി അറബിയിലേ ക്കുള്ള പരിഭാഷയാണ് വലിയതോതിൽ നടന്നതെങ്കിൽ പന്ത്രണ്ടും പതിമൂന്നും നൂറ്റാണ്ടു കളിൽ അറബിയിൽനിന്ന് ലാറ്റിനിലേക്കുള്ള പരിഭാഷയാണ് നടന്നത്. സ്പെയിൻ കേന്ദ്ര മാക്കിയായിരുന്നു ഈ ഘട്ടം. അരിസ്റ്റോട്ടിലും ഗാലനും ടോളമിയും യൂക്ലിഡുമെല്ലാം ലാറ്റി നിലെത്തുന്നത് ഈ വഴിയാണ്. പ്രാചീന ഗ്രീക്ക് വിജ്ഞാനം മാത്രമായിരുന്നില്ല അറബ് വിജ്ഞാനവും ലാറ്റിനിലേക്ക് കടന്നുചെന്നു. ലാറ്റിന്റെ വൈജ്ഞാനിക പദവിയിലേക്കുള്ള യാത്രയുടെ ആരംഭമായിരുന്നു അത് (മുരളീധരൻ, *വിജ്ഞാനവും വിജ്ഞാനഭാഷയും* 207). പാശ്ചാത്യശാസ്ത്രം എന്ന പേരിൽ പിന്നീട് അറിയപ്പെട്ടതെല്ലാം ലാറ്റിൻ ഭാഷയിലേ ക്ക് പരിഭാഷപ്പെടുത്തിയ അറബ് ഗ്രന്ഥങ്ങളുടെ പഠനങ്ങളിൽനിന്നാണ് ഉണ്ടായതെന്ന (പദ്മനാഭൻ and വസന്തി പദ്മനാഭൻ 62) നിരീക്ഷണം അത്യന്തം ശ്രദ്ധേയമാണ്.

അറബിമാത്രം സംസാരിക്കുന്നതായ ഒരു സംവിധാനത്തിൽനിന്ന് ഉദ്ഭവി ച്ചതോ അല്ലെങ്കിൽ അതിലേക്ക് നയിച്ചതോ ആയിരുന്നില്ല പരിഭാഷായജ്ഞങ്ങ ളെന്ന് അഹമ്മദ് റാഗബ് അഭിപ്രായപ്പെടുന്നു. മറിച്ച് മറ്റുഭാഷകളുമായി നിരന്തര സമ്പർക്കങ്ങളിലേർപ്പെട്ടുകൊണ്ട് നിരന്തരവും അനുക്രമവും ആവർത്തിക്കുന്നതുമായ ഒരു വൈജ്ഞാനികശേഖരം നിർമിച്ചെടുക്കുന്ന ഒരു ഭാഷാവ്യവസ്ഥ വികസിച്ചുവ

ന്നതാണ്. ഈ ശേഖരമാവട്ടെ അറബിക്ക് വൈജ്ഞാനികഭാഷയുടെ പങ്കിനെയും ചരിത്രത്തെയും കൃത്യമായി നിർവചിക്കുകയും ചെയ്തു.

അറബ് വൈജ്ഞാനികധാരയുടെ നേട്ടങ്ങൾ പരിഭാഷയിൽ മാത്രമൊതുങ്ങുന്നതല്ല. നിരവധിരംഗങ്ങളിൽ അത് തനതായ മുദ്ര പതിപ്പിച്ചു. ഭൗതിക- ജ്യോതിശ്ശാസ്ത്ര രംഗങ്ങളിലെ ഇബ്ൻ അൽ ഹൈതാൻ, അൽ ബിറൂണി, അൽബത്താനി, ഇബ്ൻ യൂനിസ്, രസതന്ത്ര മേഖലയിലെ ജാബിർ ഇബ്ൻ ഹയ്യാൻ, ഗണിതജ്ഞനായ മുഹമ്മദ് ഇബ്ൻ മൂസ് അൽ ഖാരിസ്മി, വൈദ്യശാസ്ത്ര മേഖലയിലെ അവിസെന്ന, ഇബ്ൻ അൻനാഫിസ്, അൽ റാസി തുടങ്ങി ഒട്ടേറെ പേർ അറബ് ശാസ്ത്രമേഖലയെ പ്രസിദ്ധിയിലേക്ക് നയിച്ചവരാണ്.

### 1.5.4 ഗ്രീക്ക്

ഇൻഡോ- യൂറോപ്യൻ ഭാഷാകുടുംബത്തിലെ ഒരു സ്വതന്ത്രശാഖയായ ഗ്രീക്ക് ഭാഷ, ഗ്രീസ്, സൈപ്രസ്, ഇറ്റലിയുടെയും അൽബേനിയയുടെയും തെക്കൻ ഭാഗങ്ങൾ, എന്നിവയ്ക്കു പുറമേ ഏഷ്യാ മൈനർ, ബാൾക്കൻപെനിൻസുല തുടങ്ങിയ ഇടങ്ങളിലും ഉപയോഗിച്ചുപോരുന്നു. ഇപ്പോൾ ഒരു കോടി മുപ്പതു ലക്ഷം പേർ ഗ്രീക്ക് സംസാരിക്കുന്നവരായുണ്ട്. ഇൻഡോ-യൂറോപ്യൻ ഭാഷകളിൽ ഏറ്റവും പഴക്കമുള്ള ലിഖിതരൂപങ്ങൾ (ബി. സി. ഇ. 1450) ലഭിച്ചത് ഗ്രീക്കിലുള്ളതാണ് [37] ("Greek language"). കിഴക്കൻ റോമാ സാമ്രാജ്യത്തിന്റെ (Byzantine Empire) ഔദ്യോഗികഭാഷ ആയിരുന്ന ഗ്രീക്ക് ഒരു കാലത്ത് വളരെ വിശാലമായ ഭൂപ്രദേശങ്ങളിൽ ഒരു ബന്ധഭാഷയെന്നനിലയിലും ഉപയോഗിക്കപ്പെട്ടു. ഗ്രീക്ക് നാഗരികത അസ്തമിച്ചതിനുശേഷവും ഏറെക്കാലം ഗ്രീക്ക് ഭാഷയുടെ പ്രഭാവം നിലനിന്നിരുന്നു. ഹെല്ലനിസ്റ്റിക്ക് യുഗത്തിൽ ജൂതമതത്തിന്റെയും ക്രിസ്തുമതത്തിന്റെയും തത്വശാസ്ത്രപരമായ അടിത്തറകൾ ഗ്രീക്ക് ഭാഷയിലാണ് എഴുതപ്പെട്ടത് (Steffanides 787). പഴയനിയമം ഹീബ്രുവിലാണ് എഴുതിയതെങ്കിലും പുതിയനിയമം ഗ്രീക്ക് ഭാഷയിലാണ് എഴുതിയത്.

പടിഞ്ഞാറൻ വൈജ്ഞാനികചരിത്രത്തിൽ പ്രാചീന ഗ്രീക്ക്ധാരയ്ക്ക് വളരെ പ്രമുഖമായൊരു സ്ഥാനമുണ്ട്. ഗ്രീക്ക് വൈജ്ഞാനികധാരയുടെ നാല് ഘട്ടങ്ങളിൽ[38]മൂന്നിലും ഗ്രീക്ക് ഭാഷയ്ക്കായിരുന്നു പ്രാധാന്യം. പുരാതന ഗ്രീക്ക് ശാസ്ത്രത്തെയും ആധുനിക ശാസ്ത്രത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന നാലാം ഘട്ടം മുതൽ ലാറ്റിൻ പ്രമുഖ ശാസ്ത്രഭാഷയായി മാറുകയാണുണ്ടായത്. അയോണിയൻ കാലഘട്ടത്തിൽ എന്തുകൊണ്ടും സ്വര

ണീയനാണ് ഗ്രീക്ക് ഗണിതശാസ്ത്രത്തിന്റെയും സയൻസിന്റെയും തത്വചിന്തയുടെയും ഉപജ്ഞാതാവായ ഥെയ്ൽസ് (ബി. സി. ഇ. 624–546). പ്രപഞ്ചത്തെക്കുറിച്ചുള്ള അടിസ്ഥാനചോദ്യങ്ങൾക്ക് അഭൗമശക്തികളെ കൂട്ടുപിടിക്കാതെ വൈഷണിക സമീപനത്തിലൂടെ ഉത്തരം തേടാൻ ചരിത്രത്തിലാദ്യമായി ശ്രമിച്ചത് ഥെയ്ൽസ് ആയിരുന്നു (പദ്മനാഭൻ and വസന്തി പദ്മനാഭൻ 9).

ഹെല്ലനിസ്റ്റിക്ക് കാലത്ത് അലക്സാണ്ഡ്രിയ നഗരവും ലൈബ്രറിയും അതിപ്രശസ്തമായിരുന്നു. ഒന്നും രണ്ടും ടോളമിമാരുടെ കാലത്തായി പടുത്തുയർത്തപ്പെട്ട അലക്സാണ്ഡ്രിയയിലെ ലൈബ്രറി നാലു ലക്ഷം പാപ്പിറസ് ചുരുളുകൾ കൊണ്ട് സമ്പന്നമായിരുന്നു. ലോകമെങ്ങുമുള്ള പണ്ഡിതരെ അലക്സാണ്ഡ്രിയയിലേക്ക് ആകർഷിക്കാൻ കഴിഞ്ഞതിനാൽ ലോകനിലവാരമുള്ള ഒരു ബൗദ്ധിക–സാംസ്കാരിക കേന്ദ്രമായി അത് വളർന്നു. അലക്സാണ്ഡ്രിയ സർവകലാശാലയിലെ അധ്യാപകനായിരുന്ന യൂക്ലിഡ് രചിച്ച *ദി എലിമെന്റ്സ്* എന്ന പുസ്തകം രണ്ടായിരം വർഷങ്ങൾക്കു ശേഷവും ജ്യാമിതിയെക്കുറിച്ചുള്ള അടിസ്ഥാന ഗ്രന്ഥമായി നിലകൊള്ളുന്നു[39] (30). അക്കാലത്തെ മറ്റൊരു മഹാപ്രതിഭയായിരുന്ന ആർക്കിമിഡീസിന്റെ ശാസ്ത്രസംഭാവനകൾ ഗ്രീക്ക് ഭാഷയിൽ രചിച്ച ഒൻപത് ബൃഹത് ഗ്രന്ഥങ്ങളിലാണുള്ളത്. അവയുടെ യഥാർത്ഥ കോപ്പികൾതന്നെ ഇപ്പോഴും ലഭ്യമാണ്. ഇന്നേവരെയുള്ള ശാസ്ത്രചരിത്രത്തിൽ പ്രതിഭയിൽ ആർക്കിമിഡീസിനൊപ്പം നിൽക്കാൻ കെൽപ്പുള്ള മൂന്നുപേരേയുള്ളൂ(ഗലീലിയോ, ന്യൂട്ടൺ, ഐൻസ്റ്റൈൻ എന്നിവരാണവർ) എന്ന് താണു പദ്മനാഭനും വസന്തി പദ്മനാഭനും അഭിപ്രായപ്പെടുന്നുണ്ട്. മെക്കാനിക്സ്, ഹൈഡ്രോ ഡൈനാമിക്സ്, ഓപ്റ്റിക്സ്, ശുദ്ധഗണിതം എന്നീ മേഖലകളിലെല്ലാം ആർക്കിമിഡീസിന്റെ കയ്യൊപ്പുണ്ട്.

തിയറ്റർ, സിനിമ, സിംഫണി, ഓർക്കസ്ട്ര, എയറോപ്ലെയ്ൻ, ഡ്രാമ, ട്രാജഡി, സീനറി, കോറസ്, ഡയലോഗ്, മെലോഡ്രാമ എന്നിങ്ങനെ മലയാളികൾക്ക് സുപരിചിതങ്ങളായ ഗ്രീക്ക് പദങ്ങൾ ധാരാളമുണ്ട്[40]. വിദ്യാസമ്പന്നനായ ഒരു ഇംഗ്ലീഷ് ഭാഷകന്റെ/ഭാഷകയുടെ പൊതു പദസമ്പത്തിൽ ഏതാണ്ട് അഞ്ചുശതമാനം വാക്കുകളെങ്കിലും ഗ്രീക്ക് ഭാഷയിൽനിന്നുള്ളവയാണ് എന്ന് കണക്കാക്കുന്നു. ആധുനിക സയൻസ് മേഖലയിലെ നിരവധി പദങ്ങൾ ഗ്രീക്കിൽനിന്ന് കടന്നുവന്നവയാണ്. പുതിയ ആശയങ്ങളെയും പ്രതിഭാസങ്ങളെയും ഒരു ചിത്രംപോലെ ഭാഷാഉപഭോക്താക്കളോട് വിശദീകരിക്കാനുള്ള ഗ്രീക്ക് പദങ്ങളുടെ കഴിവാണ് അതിന് സയൻസിൽ ഉന്നതമായ സ്ഥാനം നേടിക്കൊടുത്തത് എന്ന് സ്റ്റെഫാനിഡസ് അഭിപ്രായപ്പെടുന്നു. സയൻസ് അന്താരാഷ്ട്രമായതിനാൽ ഏതുഭാഷയിൽ ഉപയോഗിച്ചാലും ശാസ്ത്രപദങ്ങൾക്ക് ഒരേ അർത്ഥം ലഭിക്കണം. അദ്ദേഹ

ത്തിന്റെ അഭിപ്രായത്തിൽ ഗ്രീക്കും ലാറ്റിനും കഴിഞ്ഞാൽ ജർമൻ ഭാഷയേ ഇത്തരം കഴിവ് പുലർത്തുന്നുള്ളൂ. പദരൂപീകരണത്തിനുള്ള ഗ്രീക്ക് ഭാഷയുടെ കഴിവിനെ സ്റ്റെഫാനിഡസ് NIΨONANOMHMATAMHMONANOΨIN[41] എന്ന പദം കൊണ്ട് ഉദാഹരിക്കുന്നുണ്ട്. 25 അക്ഷരങ്ങളുള്ള ഈ വാക്ക് ഇടത്തുനിന്ന് വലത്തോട്ടും വലത്തുനിന്ന് ഇടത്തോട്ടും ഒരുപോലെ വായിക്കാം. വസ്തുക്കളെ (objects) വിശദീകരിക്കുന്നതിനുപകരം ആശയങ്ങളെ/സങ്കൽപ്പനങ്ങളെ വിശദീകരിക്കാനാണ് ഗ്രീക്ക് ഭാഷ ശ്രമിക്കുന്നത്. ഇത് നീളമേറിയ വാക്കുകൾക്ക് കാരണമാകുമെങ്കിലും വീണ്ടും പുതിയ പദങ്ങളെ സൃഷ്ടിക്കാൻ അത് അവസരം പ്രദാനം ചെയ്യുന്നു (Steffanides 787).

### 1.5.5 ലാറ്റിൻ

ഇൻഡോ-യൂറോപ്യൻ ഭാഷാകുടുംബത്തിലെ ഇറ്റാലിക് ശാഖയിലാണ് ലാറ്റിന്റെ സ്ഥാനം. മെഡിറ്ററേനിയൻ പ്രദേശത്തെ ഒരു കൊച്ചുനഗരത്തിലെ ഭാഷ നൂറ്റാണ്ടുകളോളം വൈജ്ഞാനികലോകത്ത് അനിഷേധ്യമായ സ്ഥാനത്ത് നിലയുറപ്പിച്ചു എന്നത് അത്ഭുതകരമാണ്. ആദ്യം റോമാ റിപ്പബ്ലിക്കിന്റെയും പിന്നീട് റോമാ സാമ്രാജ്യത്തിന്റെയും കീഴിലാണ് ലാറ്റിൻ ഒരു പ്രമുഖ ഭാഷയായി മാറിയത്.[42] പടിഞ്ഞാറൻ ക്രിസ്തീയസഭയുടെ ഔദ്യോഗികഭാഷയെന്ന പദവിയും ലാറ്റിന്റെ വളർച്ചയിലെ നാഴികക്കല്ലായിരുന്നു. സി. ഇ. ഒന്നാം നൂറ്റാണ്ട് അവസാനിക്കാറാവുമ്പോഴേക്കുതന്നെ ഇറ്റലിയിലെ ഗ്രീക്ക് ഒഴികെയുള്ള മറ്റെല്ലാ ദേശ്യഭാഷകളെയും ലാറ്റിൻ നിഷ്പ്രഭമാക്കി. ഇറ്റലിയിലെ ഭാഷകളിൽ മാത്രമായിരുന്നില്ല ആഫ്രിക്കയിലെ പ്യൂനിക്ക്, ബെർബർ തുടങ്ങിയ ഭാഷകളിൽപോലും ലാറ്റിന്റെ അധിനിവേശം നടന്നു.

വലിയ ഭൂവിഭാഗത്തിലേക്ക് വ്യാപിച്ചു എന്ന കാരണം കൊണ്ടുതന്നെ, നിരവധിയായ ദേശ്യഭേദങ്ങൾ ലാറ്റിനിൽ നിലനിന്നിരുന്നു. ഈ ഭേദങ്ങൾ പദസമ്പത്തിനൊപ്പം പദവിന്യാസഘടനയിലും ഉണ്ടായിരുന്നു. റൊമാൻസ് ഭാഷകൾ (Romance languages) എന്ന് വിളിക്കുന്ന കാറ്റലൻ, ഫ്രഞ്ച്, ഇറ്റാലിയൻ, പോർച്ചുഗീസ്, റൊമേനിയൻ, സ്പാനിഷ് എന്നിവയൊക്കെ ലാറ്റിനിൽനിന്ന് ഉദ്ഭവിച്ചവയാണ്. ആധുനികകാലത്ത് പ്രമുഖ ശാസ്ത്രഭാഷകളെന്ന നിലയിലേക്കുയർന്ന എല്ലാ ഭാഷകൾക്കും ലാറ്റിനും ഒരു പൊതു പൂർവിക ഭാഷ ഉണ്ടായിരുന്നു. ജാപ്പനീസ് മാത്രമാണ് ഇതിനൊരപവാദം (Gordin, *Scientific Babel* 27).

ആധുനിക സയൻസിന്റെ ഭാഷ വലിയതോതിൽ ലാറ്റിനോട് കടപ്പെട്ടതാണ്. ലാറ്റിനിലാകട്ടെ ഗ്രീക്കിന്റെ സ്വാധീനം വലിയതോതിലുണ്ട്. ഇംഗ്ലീഷ് ഭാഷയെ മുൻനിർത്തി പരിശോധിച്ചപ്പോൾ അതിലെ 57 ശതമാനം വാക്കുകളും ലാറ്റിനിൽനിന്ന് വന്നവയാണ്. ഇതിൽ 28.24 ശതമാനം വാക്കുകൾ നേരിട്ടും 28.30 ശതമാനം വാക്കുകൾ ഫ്രഞ്ചുവഴിയുമാണ് ഇംഗ്ലീഷിലേക്ക് വന്നത്.[43] യൂറോപ്യൻ ശാസ്ത്രധാരയുടെ ചരിത്രത്തിൽ നിർണായകമായ സ്വാധീനമാണ് ലാറ്റിനുള്ളത്. ലാറ്റിനിലെഴുതുന്നതേ ശാസ്ത്രമാകൂ എന്നതായിരുന്നു നില. പണ്ഡിതരുടെ ഭാഷയായാണ് അതിനെ വിശേഷിപ്പിച്ചുപോന്നത് (മുരളീധരൻ, *വിജ്ഞാനവും വിജ്ഞാനഭാഷയും* 205). വളർന്നത് റോമാസാമ്രാജ്യത്തിന്റെ തണലിലാണെങ്കിലും സാമ്രാജ്യം തകർന്നപ്പോൾ ലാറ്റിന് ഇടിവുതട്ടിയില്ല. വൈജ്ഞാനികഭാഷയെന്ന നിലയിൽ ലാറ്റിൻ ഏറ്റവും ഔന്നത്യത്തിൽനിലകൊണ്ടത് പന്ത്രണ്ടാം ശതകത്തിനും പതിനെട്ടാം ശതകത്തിനും ഇടയിലുള്ള അഞ്ചുനൂറ്റാണ്ടു കാലമാണ്. ഈ കാലഘട്ടത്തിന്റെ ആദ്യപാതിയെ സ്കോളാസ്റ്റിക്ക് (scholastic)[44] കാലം എന്നും മാതൃകാപരമായ (paradigmatic) സയൻസ് എന്ന് ഇപ്പോൾ കരുതിപ്പോരുന്ന മേഖലയ്ക്ക് ആരംഭംകുറിച്ച രണ്ടാംപാതിയെ ഗണിതാധിഷ്ഠിത അനുഭവജ്ഞാന (mathematics based empiricism) കാലമെന്നും വിശേഷിപ്പിക്കാം (Roelli 2).

ഒരു ഭാഷയും വൈജ്ഞാനികഭാഷയായി ജനിക്കുന്നില്ല; അവ കഠിനമായ ശ്രമങ്ങളാൽ നിർമിക്കപ്പെടുകയാണ് എന്ന ഗോർഡിന്റെ നിരീക്ഷണം ശ്രദ്ധേയമാണ്. ബോധപൂർവമുള്ള ശ്രമങ്ങളിലൂടെയാണ് ഭാഷകളെല്ലാം വൈജ്ഞാനികപദവിയിൽ എത്തിച്ചേർന്നത്. ഫ്രഞ്ച് അക്കാദമിയുടെ നേതൃത്വത്തിൽ ഫ്രഞ്ചുഭാഷയ്ക്ക് വേണ്ടി നടന്ന ശ്രമങ്ങൾ മികച്ച ഉദാഹരണമാണ് (Cooper 3; മുരളീധരൻ, *ഭാഷാസൂത്രണം: പൊരുളും വഴികളും* 35). ഗ്രീക്കുഭാഷയുടെ പ്രഭാവം നിലനിന്ന കാലത്ത് ലാറ്റിന്റെ പദവി വളർത്തിയെടുക്കുന്നത് എളുപ്പമായിരുന്നില്ല. തത്വശാസ്ത്രമേഖലയിലും (അരിസ്റ്റോട്ടിൽ), ഗണിതത്തിലും (യൂക്ലിഡും ആർക്കിമിഡീസും) ജ്യോതിശ്ശാസ്ത്രത്തിലും (ടോളമി) വൈദ്യവിജ്ഞാനത്തിലും (ഗാലൻ) മാത്രമല്ല സാഹിത്യത്തിലും (ഹോമർ) ഗ്രീക്കിന്റെ സ്ഥാനം എത്രയോ ഉയർന്നുനിന്നിരുന്നു. വരേണ്യവിഭാഗത്തിൽ ഉൾപ്പെടാത്തവരിലേക്ക് ഗ്രീക്കുവിജ്ഞാനം പകരാനായി മാത്രം ഉപയോഗിച്ചുകൊണ്ടിരുന്ന ലാറ്റിനെ ബോധപൂർവമായ ശ്രമങ്ങളിലൂടെ വളർത്തിയെടുക്കുകയാണ് ചെയ്തത്. നിരവധി മേഖലകളിൽ പണ്ഡിതനായിരുന്ന സിസറൊ (Marcus Tullius Cicero) ഇക്കൂട്ടത്തിൽ മുൻനിരയിൽ നിൽക്കുന്നു. *അക്കാദമികാ* എന്ന അദ്ദേഹത്തിന്റെ കൃതി ജനങ്ങളുടെ ഭാഷയായ ലാറ്റിനിൽ വിജ്ഞാനം കൈകാര്യം ചെയ്യേണ്ടതിന്റെ പ്രാധാന്യവും വഴികളും വിശദീകരിക്കുന്നു.

ഏതാണ്ട് രണ്ടര സഹസ്രാബ്ദത്തോളം നീളുന്ന ലാറ്റിന്റെ ചരിത്രത്തെ കാലഘട്ടങ്ങളായി വിഭജിച്ചുകൊണ്ട് വിശകലനം ചെയ്യുക എളുപ്പമല്ല. എങ്കിലും പരിശോധനയ്ക്കുള്ള എളുപ്പത്തിനായി മാർസെലോ എപ്സ്റ്റീൻ (Marcelo Epstein) ക്ലാസിക്കൽ കാലഘട്ടം, മധ്യകാലഘട്ടം, ആധുനികകാലഘട്ടം എന്നിങ്ങനെ മൂന്നായി തിരിക്കുന്നുണ്ട്. ക്ലാസിക്കൽ കാലഘട്ടം സാഹിത്യരംഗത്ത് നിരവധി പ്രമുഖരുടെ സംഭാവനകളാൽ സമ്പന്നമാണ്. എന്നാൽ ഇതുമായി താരതമ്യപ്പെടുത്തുമ്പോൾ വൈജ്ഞാനിക ഉള്ളടക്കം പരിമിതമാണ്. വിദ്യാസമ്പന്നരായ വിഭാഗം അക്കാലത്ത് ഗ്രീക്കിലെഴുതാനാണ് താൽപര്യപ്പെട്ടത് എന്നത് ഇതിന് കാരണമായേക്കാം. എങ്കിലും ചില എൻസൈക്ലോപീഡിയകൾ ഇക്കാലത്ത് രൂപപ്പെടുന്നുണ്ട്. ആർക്കിടെക്ച്ചർ രംഗത്ത് വിട്രൂവിയസിന്റെ (Vitruvius) *ആർക്കിടെക്ച്ചുറ (Architectura)* ശ്രദ്ധേയമായിരുന്നു. ലാറ്റിനെ സംബന്ധിച്ചിടത്തോളം, മധ്യകാലം, നിഷ്കൃഷ്ടമായ വിവരണത്തിനുതകുന്ന പദസമ്പത്ത് വലിയതോതിൽ കൂടിയ കാലമായിരുന്നു. വ്യാകരണരംഗത്തും ഇക്കാലത്ത് മാറ്റങ്ങൾ വന്നുചേർന്നു. മധ്യയൂറോപ്പിലെയും പടിഞ്ഞാറൻയൂറോപ്പിലെയും അഭിജാതവിഭാഗത്തിന്റെ വരമൊഴിയിലും വാമൊഴിയിലും ലാറ്റിൻ അധീശത്വം വഹിച്ചുതുടങ്ങിയത് ഈ കാലഘട്ടത്തിലാണ്. രാഷ്ട്രീയം, ശാസ്ത്രം, തത്വശാസ്ത്രം, കലകൾ, വാണിജ്യം തുടങ്ങിയ മേഖലകളിൽ മാത്രമല്ല, അവരുടെ വ്യക്തിജീവിതത്തിൽപ്പോലും ഈ പ്രഭാവം കാണാമായിരുന്നു. എട്ട്, ഒൻപത് നൂറ്റാണ്ടുകളിൽ അറബിയിൽനിന്ന് നടന്ന പരിഭാഷകളെക്കുറിച്ച് നേരത്തേ വിശദീകരിച്ചിരുന്നുവല്ലോ. ലാറ്റിനിൽ നേരിട്ട് എഴുതിയ പ്രമുഖരായ പല എഴുത്തുകാരും ഈ കാലഘട്ടത്തിൽ ജീവിച്ചവരാണ്.[45] ആൽബർട്ടസ് മാഗ്നസ് (Albertus Magnus) ന്റെ *ഡി വെജിറ്റാലിബസ് (De Vegetalibus), ഡി ആനിമാലിബസ് (De Animalibus)* എന്നിവയും റോജർ ബേക്കൺ (Roger Bacon) ന്റെ ഏഴു ഭാഗങ്ങളുള്ള *ഓപസ് മയ്സ് (Opus Maius)* എന്നിവയും പ്രത്യേകം എടുത്തു പറയേണ്ടവയാണ്. പരീക്ഷണങ്ങൾക്കും ഗണിതത്തിനും ശാസ്ത്രത്തിന്റെ രീതിയിൽ പ്രാമുഖ്യംകൊടുത്ത വ്യക്തിയായിരുന്നു ബേക്കൺ. ആധുനികഘട്ടമാവട്ടെ കോപ്പർനിക്കസ്, ആൻഡ്രേസ് വെസാലിയസ്, വില്യം ഗിൽബർട്ട്, ടൈക്കോ ബ്രാഹെ, ജോൺ നേപിയർ, ജൊഹാനസ് കെപ്ലർ, വില്യം ഹാർവി, റെനെ ദെക്കാർതെ.... എന്നിങ്ങനെ പേരെടുത്ത് പറയാൻ കഴിയാത്തവിധം നിരവധി വ്യക്തികളുടെ സംഭാവനകളുടെ കാലമായിരുന്നു(Epstein 2-7).

റോമൻ സാമ്രാജ്യം തകർന്നതിനുശേഷം എന്തുകൊണ്ട് ഏറെക്കാലം ലാറ്റിന്റെ പദവിക്ക് ഇടിവുതട്ടിയില്ല എന്നത് പരിശോധനാർഹമാണ്. ഈ ചോദ്യത്തിനു

ത്തരമായി, ഒരു ശാസ്ത്രഭാഷ നിലനിൽക്കാൻ രണ്ടു കാര്യങ്ങൾ ആവശ്യമാണെന്ന് ഗോർഡിൻ ചൂണ്ടിക്കാണിക്കുന്നു. നിരന്തരം വികസിക്കുന്ന അറിവിന്റെ മേഖലകളെ ഉൾക്കൊള്ളാനും സ്വാംശീകരിക്കാനുമുള്ള വഴക്കം, ആ ഭാഷ ഉപയോഗിക്കാനുള്ള ശാസ്ത്ര ലോകത്തിന്റെ സന്നദ്ധത എന്നിവയാണവ. ഇവ രണ്ടും ലാറ്റിന് അന്യമായിരുന്നില്ല (Gordin, Scientific Babel 31). പണ്ഡിതർ അതിനകം അവരുടെ ഭാഷയായി ലാറ്റിനെ സ്വീകരിച്ചിരുന്നു. ഗ്രീക്കിന്റെ വൈജ്ഞാനികഭാഷാ പദവി ശോഷിച്ചുപോയത്, ഗ്രീക്ക് ഭാഷയ്ക്ക് ശോഷണം സംഭവിച്ചതുകൊണ്ടല്ല; മറിച്ച് അതിൽ വിജ്ഞാനം കൈകാര്യം ചെയ്യുന്നത് ആളുകൾ നിർത്തിയതുകൊണ്ടാണ്. റോമിന്റെ പതനത്തിനുശേഷം ദേശ്യഭാഷയെന്ന നിലയിൽ ലാറ്റിന്റെ പഠനം ഏതാണ്ട് നിലച്ചെങ്കിലും വരേണ്യവിഭാഗത്തിലെ ഒരു വിഭാഗം ലാറ്റിൻ പഠിക്കുന്നുണ്ടായിരുന്നു. ഈ വിഭാഗമായിരുന്നു വിവിധ വിഷയമേഖലകളിൽ പാണ്ഡിത്യം നേടുന്നവരും പ്രധാനപ്പെട്ട തൊഴിൽമേഖലകളിലേക്ക് എത്തിച്ചേരുന്നവരും. മാത്രമല്ല, പള്ളി ലാറ്റിനെ ഔദ്യോഗികമായി സ്വീകരിച്ചതിനാൽ മതപരമായ ചടങ്ങുകളും ലാറ്റിനിൽ തുടരുന്നുണ്ടായിരുന്നു. അറബിയിൽനിന്നുവന്ന പരിഭാഷകൾ ലാറ്റിന്റെ പദസമ്പത്തും വൈജ്ഞാനികഉള്ളടക്കവും വർധിപ്പിക്കുകയും ചെയ്തു. പൗരാണികഗ്രീസിലെ വൈജ്ഞാനികസമ്പത്തും മധ്യകാല അറബിക്‌കൃതികളും ലാറ്റിനിലേക്ക് പരിഭാഷപ്പെടുത്തിയപ്പോൾ ലാറ്റിന് ഒരു സാർവത്രിക (Universal)ഭാഷയെന്ന പരിവേഷം യൂറോപ്പിലാകെ ലഭ്യമായി.

## 1.6 ശാസ്ത്രം നാട്ടുഭാഷകളിലേക്ക്– വിപ്ലവപരമായ ഒരു ദിശാവ്യതിയാനം

പതിനേഴാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽത്തന്നെ യൂറോപ്പിലെ ശാസ്ത്രരംഗത്തുള്ള ലാറ്റിന്റെ അതിവിശിഷ്ടമായ സ്ഥാനത്തിന് ഇടിവുതട്ടിത്തുടങ്ങിയിരുന്നു. യൂറോപ്പിലെ ദേശ്യഭാഷകൾ പതിയെ ഈ സ്ഥാനം ഏറ്റെടുത്തുതുടങ്ങിയതിന്റെ ഫലമായി വൈജ്ഞാനികഗ്രന്ഥകാരന്മാർ തങ്ങളുടെ കൃതി ഏതുഭാഷയിൽ വേണമെന്നുള്ള തീരുമാനങ്ങൾ കൈക്കൊള്ളാനും തുടങ്ങി. പലരും രണ്ടുഭാഷകൾ എന്ന സമീപനം സ്വീകരിച്ചു. പുസ്തകം സ്വന്തംഭാഷയിൽ പ്രസിദ്ധീകരിക്കുകയും ഒപ്പം കൂടുതൽ ആളുകളിലേക്കും പ്രദേശങ്ങളിലേക്കും എത്തിച്ചേരാൻ ലാറ്റിനിലേക്ക് പരിഭാഷപ്പെടുത്തുകയും ചെയ്യുക എന്നതായിരുന്നു ഒരു രീതി (Fransen 629).

കത്തോലിക്കാ പള്ളിയുടെ നേതൃത്വത്തിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ വഴിയുള്ള ലാറ്റിനധിഷ്ഠിത പഠനമായിരുന്നു മധ്യകാലത്ത് യൂറോപ്പിൽ നിലവിലുണ്ടായിരുന്നത്.[46] വിദ്യാഭ്യാസം ഈ രീതിയിലായിരുന്നെങ്കിലും, ദേശ്യഭാഷകളിൽ പതിമൂന്നാം നൂറ്റാണ്ടു മുതൽക്കുതന്നെ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ടായിരുന്നു. ഇവയാകട്ടെ പ്രധാന മായും പ്രായോഗികമേഖലകളെ മുൻനിർത്തി, ഔഷധച്ചേരുവകൾ (recipes), ജ്യോ തിഷം തുടങ്ങിയവയിലായിരുന്നു. അച്ചടിരംഗത്തുണ്ടായ മാറ്റം ദേശ്യഭാഷകളിലെ പുസ്ത കപ്രസിദ്ധീകരണം കുതിച്ചുയരുന്നതിന് കാരണമായി. പ്രധാനമായും ഫ്രഞ്ച്, ജർമൻ, ഡച്ച്, ഇംഗ്ലീഷ്, ഇറ്റാലിയൻ, സ്പാനിഷ് മുതലായ ഭാഷകളിലാണ് ഈ മാറ്റം പ്രക ടമായത്. ഇംഗ്ലണ്ടിൽ ലാറ്റിനിലുള്ള പുസ്തകങ്ങളുടെ ഉൽപ്പാദനം 1580 നും 1680 നും ഇടയിൽ ഇരട്ടിച്ചപ്പോൾ ഇംഗ്ലീഷിലുള്ള പുസ്തകങ്ങളുടെ ഉൽപ്പാദനം ഒൻപതു മടങ്ങില ധികം വർധന രേഖപ്പെടുത്തി. പുസ്തകരംഗത്ത് ലാറ്റിന്റെ പ്രഭാവത്തിൽ ഇടിവുതട്ടുന്ന ഘട്ട ത്തിൽത്തന്നെയാണ് ശാസ്ത്രവിജ്ഞാനം ദേശ്യഭാഷകളിൽ കൈകാര്യം ചെയ്യണമെന്ന അഭിപ്രായം യൂറോപ്പിലെമ്പാടും ശക്തിപ്രാപിക്കുന്നതും.

ഇതിനനുസൃതമായ അനുരണനങ്ങൾ വിദ്യാഭ്യാസരംഗത്തും ഉയർന്നുവരാൻ തുടങ്ങി. പതിനാറാം നൂറ്റാണ്ടുമുതൽ ദേശ്യഭാഷയിലെ വിദ്യാഭ്യാസരീതിയും പതിയെ ആരംഭിക്കുന്നുണ്ട്. സർവകലാശാലാ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ സമൂലമായ പരിവർത്തനത്തിനുവേണ്ടി ജീൻ ബോധിൻ, ജാൻ അമോസ് കൊമേനിയസ്, പെട്രൂസ് റാമുസ്, പാരാസെൽസസ്, ഫ്രാൻസിസ് ബേക്കൺ തുടങ്ങിയവർ ശക്തമായി വാദിച്ചു. ദേശ്യഭാഷയുടെ ഉപയോഗം, പുതിയ അധ്യാപനരീതികൾ, നിരീക്ഷണങ്ങളിലധിഷ്ഠി തമായ വിജ്ഞാനാർജനം തുടങ്ങിയ കാര്യങ്ങളാണ് ഈ ബുദ്ധിജീവികൾ മുന്നോട്ടുവെച്ച പരിഷ്കരണങ്ങളുടെ ഉള്ളടക്കം. കാര്യങ്ങൾ നന്നായി മനസ്സിലാക്കാൻ കഴിയുക മാതൃഭാ ഷയിലുള്ള പഠനത്തിലൂടെയാണെന്ന് ശാസ്ത്രസമൂഹത്തിലും അഭിപ്രായം ഉയർന്നുവന്നു. മതനവീകരണപ്രസ്ഥാനം സമൂഹചിന്തയിൽ ഉയർത്തിയ ചിന്താവിപ്ലവം ഇതിനൊ പ്പമുണ്ടായിരുന്നു. നവീകരണപ്രസ്ഥാനത്തിന്റെ അടിസ്ഥാനാശയങ്ങളിലൊന്ന് ദൈവത്തിന്റെ വചനങ്ങൾ ജനങ്ങൾക്ക് അവരുടെ ഭാഷയിൽ വായിച്ചു മനസ്സിലാക്കാൻ കഴിയണമെന്നായിരുന്നു. ബൈബിളും മറ്റു മതഗ്രന്ഥങ്ങളും വലിയതോതിൽ ദേശ്യ ഭാഷകളിലേക്ക് കടന്നുവരാൻ ഇത് ഇടയാക്കി. സ്വാഭാവികമായും ഇത് ലാറ്റിനെ പകരംവെക്കുന്ന ഒന്നായി ദേശീയഭാഷകളെ മാറ്റി (Nummila 16). അച്ചടിച്ച പുസ്തകങ്ങ ളുടെ വലിയതോതിലുള്ള ലഭ്യത, സാക്ഷരതാനിരക്കിലുണ്ടായ വർധന, വായനക്കാരുടെ എണ്ണം വർധിക്കുമ്പോൾ എഴുത്തുകാർ അവരുടെ ഭാഷയിലേക്ക് എഴുത്തുമാറ്റുക എന്നി

വയെല്ലാം ചങ്ങലക്കണ്ണികൾ പോലെ പരസ്പരം ബന്ധപ്പെട്ടവയായിരുന്നു. മാത്രമല്ല, ഇവയെല്ലാം പരസ്പരം സ്വാധീനിക്കുന്ന ഘടകങ്ങളുമായിരുന്നു. യൂറോപ്യൻ ദേശ്യഭാഷകളിലെ വൈജ്ഞാനികകൃതികളുടെ വർധനയ്ക്ക് നിമിത്തമായത് അവിടങ്ങളിലെ സാക്ഷരതാനിരക്കിന്റെ വർധനവാണെന്ന് ഗോർഡിൻ ചൂണ്ടിക്കാണിക്കുന്നുണ്ട്.

നവീകരണപ്രസ്ഥാനം ഭാഷകളെ എങ്ങനെ ബാധിച്ചുവെന്നത് കിർസി മറിയ (Kirsi-Maria Nummila) അടയാളപ്പെടുത്തുന്നുണ്ട്. വളരെ ശ്രദ്ധയോടുകൂടിയാണ് ബൈബിൾ ദേശ്യഭാഷകളിലേക്ക് പരിഭാഷപ്പെടുത്തിയത്. ബൈബിളിലെ ഭാഷ ഒരു സ്റ്റാൻഡേർഡ് ഭാഷയായി പരിഗണിച്ച് തത്തുല്യമായ നിലവാരത്തിലേക്ക് ഭാഷയിലെ മറ്റു സാഹിത്യരൂപങ്ങളെ കൊണ്ടുവരാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. ഭാഷയുടെ വരമൊഴിരൂപത്തെ പ്രാമാണികവൽക്കരിക്കുന്നതിലേക്കാണ് ഇത് നയിച്ചത്. ദേശ്യഭാഷകൾ പരസ്പരം പരിഭാഷകളിൽ ഏർപ്പെടാൻ തുടങ്ങിയതോടെ അവ തമ്മിലുള്ള സമ്പർക്കം വർധിക്കുകയും പരസ്പരം സ്വാധീനിക്കാൻ തുടങ്ങുകയും ചെയ്തു. പരിഭാഷകളോടൊപ്പം സ്രോതഭാഷയിലെ സങ്കൽപ്പനങ്ങളും പദസമ്പത്തും മാത്രമല്ല ലക്ഷ്യഭാഷയിലേക്ക് കടന്നുവന്നത്. അവയിലെ വാക്യഘടനകളും രൂപവിജ്ഞാനവും ലക്ഷ്യഭാഷയെ സ്വാധീനിച്ചു. പുതിയ വ്യവഹാരരൂപങ്ങളും ഭാഷകൾ പരസ്പരം കൈമാറി (27). മതനവീകരണപ്രസ്ഥാനം ദേശ്യഭാഷകളെ പരിപോഷിപ്പിച്ചതിന്റെ ഉദാഹരണം ഇന്ത്യയിലെ ഭക്തിപ്രസ്ഥാനത്തിലും കാണാൻ കഴിയും.

ഉന്നതവിദ്യാഭ്യാസം നേടിയവർ, ശാസ്ത്രസമൂഹത്തിൽപ്പെട്ടവർ, മറ്റു ബുദ്ധിജീവികൾ എന്നിവരെല്ലാം ഈ ദിശയിൽ ചിന്തിച്ചുതുടങ്ങുന്നത് അന്നത്തെ സാമൂഹികാവസ്ഥയുടെ പ്രതിഫലനമെന്ന നിലയിലാണ്. ഇതിന്റെ തുടക്കം വളരെ നേരത്തേതന്നെ ബ്രിട്ടീഷ് കവിയായ ചോസറിലൂടെയും ഇറ്റാലിയൻ കവിയായ ദാന്തെയിലൂടെയും പുറത്തുവന്നിട്ടുണ്ട് (അരവിന്ദാക്ഷൻ 28-29). ശാസ്ത്രകൃതി ദേശ്യഭാഷയായ ഇറ്റാലിയനിൽ പ്രസിദ്ധീകരിക്കുക എന്ന വിപ്ലവകരമായ പ്രവർത്തനവുമായി ഗലീലിയോ മുന്നോട്ടുവന്നു.[47] എല്ലാവർക്കും വായിക്കാൻ കഴിയണം; വായിച്ചു മനസ്സിലാക്കാൻ കഴിയണം എന്നതായിരുന്നു ഗലീലിയോയുടെ നിലപാട്.

ഇതേ കാലഘട്ടത്തിൽത്തന്നെയാണ് ഫ്രാൻസിൽ റെനെ ദെക്കാർത്തെ, *ദിസ്കൂർ ദ്‌ലാ മെത്തോദ് (Discours de la méthode-Discourse on Method)* എന്ന കൃതി ഫ്രഞ്ചുഭാഷയിൽ പ്രസിദ്ധീകരിക്കുന്നത്. പഴകിയ സ്കൊളാസ്റ്റിസിസം രീതി പുലർത്തുന്നവരോടുള്ള വെല്ലുവിളിയും, വിശകലനത്തെയും വ്യാഖ്യാനത്തെയും അടിസ്ഥാനമാക്കുന്ന പുതിയരീതിയോടുള്ള പിന്തുണയുമായി ദെക്കാർത്തെയുടെ നിലപാടുകളെ

നോക്കിക്കാണാം(Fransen 633). ഡച്ചുകാരനായ ജാൻബാപ്റ്റിസ്റ്റ് വാൻ ഹെൽമന്ത് (Jan Baptista van Helmont) അദ്ദേഹത്തിന്റെ മറ്റുപുസ്തകങ്ങളിൽനിന്ന് വ്യത്യസ്തമായി വൈദ്യശാസ്ത്രപുസ്തകമായ *ഓർത്തുസ് മെഡിസിനേ (Ortus medicinae)* ഡച്ചുഭാഷയിൽ എഴുതാൻ തയ്യാറായി. പുസ്തകത്തിന്റെ ആമുഖത്തിൽ അദ്ദേഹം ഇങ്ങനെ രേഖപ്പെടുത്തി:ഏതൊരു ആശയത്തെക്കുറിച്ചുമുള്ള പ്രാഥമികമായ ധാരണ എല്ലായ്പോഴും മാതൃഭാഷയിലൂടെ തന്നെയാണ് വാക്കുകളായി മാറുന്നത്.

പതിനേഴാം നൂറ്റാണ്ടിലെ, വൈജ്ഞാനികരംഗത്തെ ദേശ്യഭാഷകളുടെ വളർച്ച വിവരിക്കുമ്പോൾ എടുത്തുപറയേണ്ട രണ്ട് പ്രമുഖസ്ഥാപനങ്ങളുണ്ട്. ആശയവിനിമയമാധ്യമമായി ലാറ്റിനുപകരം ദേശ്യഭാഷകൾ തിരഞ്ഞെടുത്ത ലണ്ടനിലെ റോയൽ സൊസൈറ്റിയും പാരീസിലെ സയൻസ് അക്കാദമിയും (Académie des sciences) ആണവ. ആയിരത്തി എഴുന്നൂറുകളുടെ തുടക്കത്തിൽത്തന്നെ ഇംഗ്ലീഷിൽ ഒരു ശാസ്ത്രഗ്രന്ഥം പുറത്തിറങ്ങി. ഐസക് ന്യൂട്ടന്റെ *ഓപ്റ്റിക്* (1704) ആയിരുന്നു അത്. പണ്ഡിതർ ദ്വിഭാഷികളായി മാറുന്ന പ്രവണതയാണ് ഇക്കാലഘട്ടത്തിലെ എടുത്തുപറയേണ്ട കാര്യം. ദേശ്യഭാഷയിലെഴുതിയ കൃതികൾ രണ്ടാംപടിയായി ലാറ്റിനിലേക്ക് മൊഴിമാറ്റപ്പെടുന്നുണ്ടെങ്കിലും ജനങ്ങളുടെ ഭാഷയിൽ വിജ്ഞാനം കൈകാര്യം ചെയ്യുകയെന്നത് മാനവചരിത്രത്തിലെ നിർണായകമായ ഒരു കാൽവെപ്പായിരുന്നു. മാർട്ടിൻ ലൂഥർ *പഴയ നിയമ*വും *പുതിയ നിയമ*വും ജർമൻഭാഷയിലേക്ക് കൊണ്ടുവന്നത് 1751 ലാണ്. തൊട്ടടുത്ത കാലത്തുതന്നെ (1752–1772) ഫ്രഞ്ചുഭാഷയിൽ *എൻസൈക്ലോപീഡിയ (Encyclopédie, Ou Dictionnaire Raisonné Des Sciences, Des Arts Et Des Métiers)* യാഥാർത്ഥ്യമായി. പതിനെട്ടാം നൂറ്റാണ്ടിന്റെ പകുതിയോടെ ലാറ്റിന്റെ സ്ഥാനം ശാസ്ത്ര–സാങ്കേതികപദങ്ങളുടെ രംഗത്തേക്കുമാത്രമായി പരിമിതപ്പെട്ടു. വിജ്ഞാനം നിരവധി ഭാഷകളിൽ കൈകാര്യം ചെയ്യപ്പെട്ടുതുടങ്ങി.

ലാറ്റിന്റെ പദവിനഷ്ടത്തിന്റെ കാരണങ്ങൾ താഴെപ്പറയുംവിധം ക്രോഡീകരിക്കാം.

- ശാസ്ത്രത്തിന്റെ വർധിച്ചുവന്ന ആവശ്യങ്ങളെ– പതിനേഴും പതിനെട്ടും നൂറ്റാണ്ടുകളിലുണ്ടായ വളർച്ചയുടെ പശ്ചാത്തലത്തിലുള്ള ആവശ്യങ്ങളെ– തൃപ്തിപ്പെടുത്താൻ കഴിയാതെ വന്നതിനാൽ.

- ശാസ്ത്രത്തിന്റെ യഥാർത്ഥ ഉടമകൾ ജനങ്ങളാണെന്നും അവരെ പരിഗണിച്ചേ പറ്റൂ എന്നുമുള്ള തിരിച്ചറിവ്.

- കത്തോലിക്കാമേധാവിത്വത്തിന്റെ ശോഷണം സൃഷ്ടിച്ച അന്തരീക്ഷം.

- ആധുനികത ജനങ്ങളിൽ സൃഷ്ടിച്ച ആത്മബോധം.

ഇവയെ വെവ്വേറെ കാണാതെ ഇവയെല്ലാം ചേർന്നുസൃഷ്ടിച്ച സാമൂഹികാവസ്ഥ എന്നും പറയാം (മുരളീധരൻ, *വിജ്ഞാനവും വിജ്ഞാനഭാഷയും* 210).

## 1.7 ഇംഗ്ലീഷിന്റെ അധീശത്വത്തിലേക്ക്

പതിനെട്ടാംനൂറ്റാണ്ടിന്റെ അന്ത്യമാകുമ്പോഴേക്കും പ്രകൃതിശാസ്ത്രവിഷയങ്ങൾ ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമൻ, ഇറ്റാലിയൻ, ഡച്ച്, സ്വീഡിഷ്, ഡാനിഷ് തുടങ്ങിയ നിരവധി യൂറോപ്യൻഭാഷകളിൽ വലിയതോതിൽ കൈകാര്യം ചെയ്യപ്പെട്ടു.[48] ആധുനിക സയൻസ് ബഹുഭാഷകളുടെ ലോകത്താണ് വളർന്നത് എന്നു പറയാം (How did science come to speak only English?). എന്നാൽ രണ്ടുകാര്യങ്ങൾ ഇതിനിടയിൽ സംഭവിക്കുന്നുണ്ടായിരുന്നു. ശാസ്ത്രരംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ചിലരിൽ ഉദിച്ച ഒരു പൊതുശാസ്ത്രഭാഷയെക്കുറിച്ചുള്ള ആശയമായിരുന്നു ഒന്ന്.[49] രണ്ടാമത്തെ കാര്യം പ്രായോഗികതലത്തിൽ പലരും അനുഭവിച്ച വൈഷമ്യമായിരുന്നു. അന്താരാഷ്ട്രതലത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ചലനങ്ങൾ പെട്ടെന്ന് അറിയുക, അവയെക്കുറിച്ചുള്ള ചർച്ചകൾ നടത്തുക എന്നിവയെല്ലാം ശാസ്ത്രരംഗത്ത് അത്യന്തം പ്രാധാന്യമുള്ള കാര്യങ്ങളായിരിക്കെ, എല്ലാ ഭാഷകളിലും വരുന്ന കാര്യങ്ങൾ അറിയുക എന്നത് അസാധ്യമായ കാര്യമായി. പ്രമുഖമായ വൈജ്ഞാനികഭാഷകൾതന്നെ പലതുണ്ട്. ഈ ഭാഷകളെല്ലാം പഠിക്കാൻ സമയം കണ്ടെത്തുക എന്നാൽ ശാസ്ത്രരംഗത്തെ പ്രവർത്തനങ്ങൾക്ക് സമയം കണ്ടെത്താൻ കഴിയാതെവരിക എന്നാണർത്ഥം. ഇത് ക്രമേണ മറ്റൊരു സ്ഥിതിവിശേഷത്തിലേക്ക് നയിച്ചു.

പത്തൊമ്പതാംനൂറ്റാണ്ടിന്റെ പകുതിയാവുമ്പോഴേക്കും പ്രമുഖ ശാസ്ത്രഭാഷകൾ എന്ന പദവിയിലേക്ക് മൂന്നുഭാഷകൾ വന്നെത്തി. ഇംഗ്ലീഷ്, ജർമൻ, ഫ്രഞ്ച് എന്നിവയായിരുന്നു അവ. പുതുശക്തികളായി ശാസ്ത്രരംഗത്ത് കടന്നുവന്ന ഈ ഭാഷകളെ triumvirate (ത്രിമൂർത്തികൾ)[50] എന്ന ലാറ്റിൻ പദമുയോഗിച്ചാണ് ഗോർഡിൻ (Gordin, *Scientific Babel* 7)വിശേഷിപ്പിക്കുന്നത്. പിന്തള്ളപ്പെട്ടുപോയ ഭാഷകൾ അവരുടെ അവസ്ഥയെക്കുറിച്ച് പരാതിപ്പെട്ടുകൊണ്ടേയിരുന്നു. എന്നാൽ ത്രിമൂർത്തികളാവട്ടെ മറ്റു രണ്ടുഭാഷകൾ പഠിക്കേണ്ടതിനെക്കുറിച്ച് മുറുമുറുക്കുകയും ചെയ്തു.

ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പാതിയാവുമ്പോഴേക്കും മൂന്ന് പ്രമുഖഭാഷകളെന്ന സ്ഥിതിയും മാറി. വൈജ്ഞാനികരംഗത്ത് ഇംഗ്ലീഷിന്റെ സർവാധിപത്യമാണ് പിന്നീട്

കാണുന്നത്. ഇതിനിടെ റഷ്യൻഭാഷ അവിശ്വസനീയമായ രീതിയിൽ ഒരു കുതിപ്പ് നടത്തിയെങ്കിലും അത് ഏറെക്കാലം നീണ്ടുനിന്നില്ല.[51]

### 1.7.1 ജർമൻ

പ്രധാനമായും മധ്യയൂറോപ്പിൽ ഉപയോഗത്തിലുള്ള ജർമൻ (സ്റ്റാൻഡേർഡ് ഹൈ ജർമൻ) ഇൻഡോ യൂറോപ്യൻ കുടുംബത്തിലെ വെസ്റ്റ് ജർമാനിക് ഭാഷകളിലൊന്നാണ്. ജർമനിക്കുപുറമേ ആസ്ട്രിയ, സ്വിറ്റ്സർലാന്റ്, ലിച്ച്റ്റെൻസ്റ്റെയ്ൻ (Liechtenstein), തെക്കൻ സിറോളിന്റെ ഇറ്റാലിയൻ പ്രവിശ്യകൾ എന്നിവിടങ്ങളിലും ജർമൻ ഉപയോഗത്തിലുണ്ട്. യൂറോപ്യൻ യൂണിയനകത്ത് വലിയതോതിൽ ഉപയോഗിക്കപ്പെടുന്ന ഈ ഭാഷ ഒരു വിദേശഭാഷയെന്ന നിലയിൽ ലോകത്തിന്റെ പല ഭാഗത്തും പഠിപ്പിക്കപ്പെടുന്നുമുണ്ട് (“German language”).

മറ്റ് യൂറോപ്യൻരാജ്യങ്ങളിലേതുപോലെ ജർമനിയിലും ലാറ്റിൻതന്നെയായിരുന്നു സർവകലാശാലകളിലെ അധ്യയനമാധ്യമം. മാർട്ടിൻ ലൂഥർ *ബൈബിൾ* തർജമ ചെയ്തത് ജർമൻഭാഷയുടെ വളർച്ചയിലെ നാഴികക്കല്ലായിരുന്നു. ജർമൻഭാഷയിൽ സാങ്കേതികപദങ്ങൾ രൂപീകരിക്കാനുള്ള ശ്രമങ്ങൾക്ക് പതിനാറാം നൂറ്റാണ്ടിൽ തുടക്കമിട്ടു. ഭാഷയിലെ പരിമിതികൾ പരിഹരിക്കാനുള്ള ശ്രമങ്ങളും[52] പിന്നീട് ആരംഭിച്ചു. ആയിരത്തി എഴുനൂറുകളുടെ തുടക്കത്തിൽ രണ്ടു സർവകലാശാലകളിൽ അധ്യയനം ജർമനിലേക്ക് മാറ്റാൻ കഴിഞ്ഞത് ഭാഷയെസംബന്ധിച്ച പ്രധാനനേട്ടമായിരുന്നു. ഹാല് (Halle) സർവകലാശാലയിലും (1700 ൽ) ഗ്യോട്ടിങ്ങൻ (Göttingen) സർവകലാശാലയിലും (1733 ൽ) ആയിരുന്നു അത്. ജർമനിയിലെ പുസ്തകപ്രസിദ്ധീകരണരംഗത്ത് ഫ്രഞ്ചുഭാഷയ്ക്കുണ്ടായിരുന്ന സ്വാധീനത്തെയും അവർ മറികടന്നു. ഇത്തരം ശ്രമങ്ങൾ ലാറ്റിന്റെ ഒഴിവിലേക്ക് ജർമൻഭാഷയ്ക്ക് എത്തിച്ചേരാനുള്ള വഴികളായി മാറി (മുരളീധരൻ, *വിജ്ഞാനവും വിജ്ഞാനഭാഷയും* 260).

പത്തൊമ്പതാം നൂറ്റാണ്ടിൽ ജർമനിയിലെ അക്കാദമികരംഗത്ത്, പ്രത്യേകിച്ച് രസതന്ത്രരംഗത്ത് കൈവരിച്ച നേട്ടവും വ്യാവസായികരംഗത്തെ കുതിച്ചുകയറ്റവും പരസ്പരം പരിപോഷിപ്പിച്ച ഘടകങ്ങളായി മാറിയത് വിവിധരാജ്യങ്ങളിലെ വിദ്യാർത്ഥികളെ അവിടേക്ക് ആകർഷിച്ചു. ഈ വിദ്യാർത്ഥികളിലൂടെ ജർമൻഭാഷ അതിരുകൾക്കപ്പുറത്തേക്കും അതിന്റെ പെരുമയെത്തിച്ചു. ഇതിന്റെ ഫലമായി ശാസ്ത്രപ്രസിദ്ധീകരണരംഗത്ത് ജർമന്റെ സ്ഥാനം ഉയർച്ചകൾ താണ്ടി (Gordin, *Scientific Babel*

168–69). ശാസ്ത്രജേണലുകളിലെ ഉള്ളടക്കത്തിൽ 1910 ആവുമ്പോഴേക്കും ഇംഗ്ലീഷിനെ പുറന്തള്ളി ജർമൻഭാഷ മുന്നിലെത്തി (Ammon, "Language Planning for International Scientific Communication" 3).[53]

ഒന്നാം ലോകയുദ്ധമാണ് ജർമൻ ശാസ്ത്രഭാഷയുടെ വളർച്ചാപഥത്തിൽ തിരിച്ചടികൾക്ക് കാരണമായത്. യുദ്ധാനന്തരം, അച്ചുതണ്ടുശക്തിരാജ്യങ്ങളിലെ ശാസ്ത്രജ്ഞരെ ബഹിഷ്കരിക്കാനുള്ള തീരുമാനമുണ്ടായി. ബഹിഷ്കരണത്തിന്റെ അടുത്തപടി അതിലും കടുത്തതായിരുന്നു. ജർമനി കേന്ദ്രീകരിച്ചുണ്ടായിരുന്ന അന്താരാഷ്ട്ര ശാസ്ത്രസംഘടനകൾക്ക് ബദൽ സംഘടനകൾ[54] രൂപീകരിക്കുക എന്നതായിരുന്നു അത്. പുതുതായി രൂപംനൽകിയ സംഘടനകളുടെ ഔദ്യോഗികഭാഷയായി ഇംഗ്ലീഷും ഫ്രഞ്ചും നിജപ്പെടുത്തിയത്, അതുവരെ വൈജ്ഞാനികരംഗത്ത് നിലനിന്നിരുന്ന ഭാഷാഅവസ്ഥയിൽനിന്നുള്ള വലിയൊരു മാറ്റമായിരുന്നു. വിദേശഭാഷാപഠന പരിപാടികളിൽനിന്ന് ജർമൻഭാഷയെ മാറ്റുന്നതിൽ പ്രമുഖപങ്കുവഹിച്ചത് അമേരിക്കയായിരുന്നു. പൊതുസ്ഥലങ്ങളിൽ ഇംഗ്ലീഷൊഴികെയുള്ള ഭാഷകൾക്ക് നിരോധനമേർപ്പെടുത്തിയതും ജർമൻ ഭാഷയ്ക്കെതിരായ നടപടികളുടെ ഭാഗമായിരുന്നു. തകരാൻ തുടങ്ങുന്ന ബഹുഭാഷാസംവിധാനത്തെ തല്ലിത്തകർത്തത് അമേരിക്കയായിരുന്നു എന്ന് ഗോർഡിൻ അഭിപ്രായപ്പെടുന്നു (How did science come to speak only English?).

ഇവയുടെയൊക്കെ ഫലമായി ജർമൻ അക്കാദമികജേണലുകളുടെ സൈറ്റേഷൻ നിരക്ക് ഇടിയുകയും അമേരിക്കയിൽനിന്നുള്ള ഇംഗ്ലീഷ് ജേണലുകൾ മുൻനിരയിലേക്ക് കടക്കുകയും ചെയ്തു. രണ്ടാം ലോകയുദ്ധത്തോടെ ജർമൻ ശാസ്ത്രഭാഷയുടെ നില കൂടുതൽ പ്രശ്നങ്ങളിലേക്ക് നീങ്ങി.[55] യുദ്ധാനന്തരം ജർമൻജേണലുകൾ ഓരോന്നായി ഇംഗ്ലീഷ് ജേണലുകളായി പരിവർത്തിപ്പിക്കപ്പെട്ടു. ഒന്നാം ലോകയുദ്ധത്തിൽനിന്ന് വലിയൊരു വ്യത്യാസം ഈ ഘട്ടത്തിലുണ്ടായിരുന്നു. ഇത്തവണ ഏതെങ്കിലുമൊരു ഭാഷയുടെ പതനം മാത്രമായിരുന്നില്ല സംഭവിച്ചത്. മറിച്ച്, മറ്റെല്ലാ വൈജ്ഞാനികഭാഷകളും പുതിയ സാമ്പത്തികശക്തിയുടെ ഭാഷയായ ഇംഗ്ലീഷിന് കീഴ്പ്പെടുകയായിരുന്നു.

### 1.7.2 ഫ്രഞ്ച്

ഇൻഡോ–യൂറോപ്യൻ കുടുംബത്തിലെ റൊമാൻസ് ഭാഷകളിൽപെടുന്ന ഫ്രഞ്ച് 7.68 കോടി ആളുകൾ മാതൃഭാഷയായും 32 കോടിയോളം ആളുകൾ രണ്ടാംഭാഷയോ മൂന്നാം ഭാഷയോ ആയും സംസാരിക്കുന്നു. ലാറ്റിന്റെ വകഭേദമായ ഗലോ റൊമാൻസ്

(Gallo-Romance) ൽ നിന്നാണ് ഫ്രഞ്ച് ഉരുത്തിരിഞ്ഞത്. വിവിധ ഭൂഖണ്ഡങ്ങളിലായി 29 രാജ്യങ്ങളിൽ ഫ്രഞ്ചിന് ഔദ്യോഗികഭാഷാപദവിയുണ്ട്. ഫ്രഞ്ച് സംസാരിക്കുന്ന പ്രദേശങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് 'ഓർഗനൈസേഷൻ ഇന്റർനാഷണലെ ദ് ലാ ഫ്രാങ്കഫോണി' (Organisation internationale de la Francophonie -OIF) എന്നൊരു സംഘടനാസംവിധാനവുമുണ്ട്. ഫ്രാങ്കഫോൺ (Francophone) എന്ന വിശേഷണം ഫ്രഞ്ച് സംസാരിക്കുന്ന വ്യക്തികളെയും രാഷ്ട്രങ്ങളെയും സൂചിപ്പിക്കാൻ ഉപയോഗിച്ചുപോരുന്നു (French language).

ഫ്രഞ്ച് അതിന്റെ പഴയ രൂപത്തിൽനിന്ന് ആധുനിക സ്റ്റാൻഡേർഡ് രൂപത്തിലേക്ക് ദൃഢീകരിക്കപ്പെടുന്നത് പന്ത്രണ്ടാം നൂറ്റാണ്ടോടെയാണ്. ലൂയി പതിനാലാമന്റെ കാലമാവുമ്പോഴേക്കും 'മാറ്റമില്ലാത്തതും സമ്പൂർണവുമായ ഫ്രഞ്ച്' എന്ന ധാരണ ഒരു മിത്തിന്റെ രൂപം കൈവരിക്കുകയും ചെയ്തു (Gordin, *Scientific Babel* 16). കല, സംസ്കാരം തുടങ്ങിയ മേഖലകളിൽ ഫ്രഞ്ചിനുണ്ടായിരുന്ന മേൽക്കോയ്മ രാജ്യത്തിനു പുറത്തുള്ളവരും അംഗീകരിച്ചിരുന്നു. രണ്ടര നൂറ്റാണ്ടു കാലത്തോളം അന്താരാഷ്ട്ര ഉടമ്പടികളുടെ ഭാഷ എന്ന സ്ഥാനവും ഫ്രഞ്ചിന്റേതായിരുന്നു. 1918 ലെ വെഴ്സായ് ഉടമ്പടിയോടെ[56] ഈ സ്ഥാനം ഫ്രഞ്ചിന് നഷ്ടപ്പെടാൻ തുടങ്ങി. മുൻകാലങ്ങളെ അപേക്ഷിച്ച് ഫ്രഞ്ചുഭാഷയുടെ പ്രചാരം ഇപ്പോൾ കുറഞ്ഞുകൊണ്ടിരിക്കുകയാണ് (Santolo).[57] ഫ്രഞ്ചുകോളണികൾ സ്വതന്ത്രമായതിനുപുറമെ, രണ്ടാം ലോകയുദ്ധത്തിനുശേഷം ഇംഗ്ലീഷ് ഭാഷയ്ക്ക് ലഭിച്ച അധീശത്വവും ഇതിന് കാരണമാണ്. ഒരു ശാസ്ത്രഭാഷയെന്ന നിലയിൽ പ്രമുഖമായ സ്ഥാനം ഏറെക്കാലം കയ്യാളിയ ഫ്രഞ്ച് ഇന്ന് ആ രംഗത്തുനിന്നും ഏറെ പുറകോട്ടുപോയിരിക്കുന്നു. നിരവധി പ്രമുഖരുടെ പ്രവർത്തനമേഖലയായിരുന്നു ഫ്രഞ്ച് ശാസ്ത്രരംഗം. ജ്ഞാനോദയകാലത്ത് ഒരു അനംഗീകൃതനിയമംപോലെ ലൈബ്രറികൾ മൂന്നിലൊന്ന് പുസ്തകങ്ങൾവീതം ലാറ്റിനിലും ഫ്രഞ്ചിലും ദേശ്യഭാഷയിലും വാങ്ങി സൂക്ഷിക്കാറുണ്ടായിരുന്നു (Gordin, *Scientific Babel* 46) എന്നത് ഫ്രഞ്ചിന്റെ അക്കാലത്തെ പ്രാധാന്യം സൂചിപ്പിക്കുന്നു. ബൗദ്ധികജീവിതത്തിന്റെ കേന്ദ്രഭാഷയായി പതിനെട്ടാം നൂറ്റാണ്ടിൽ ഫ്രഞ്ചിനെ കരുതിപ്പോന്നു. യൂറോപ്പിലെവിടെയുമുള്ള പണ്ഡിതർ ഫ്രഞ്ചിലിറങ്ങുന്ന പുസ്തകങ്ങൾ നേരിട്ടോ, അവയുടെ പരിഭാഷകളോ വായിക്കുന്നത് ശീലമാക്കിയിരുന്നു.

ആയിരത്തി എണ്ണൂറുകളുടെ അവസാനത്തിൽ ഇംഗ്ലീഷ് ഭാഷയുടെ തൊട്ടടുത്തായിരുന്നു ശാസ്ത്രഭാഷയെന്ന നിലയിൽ ഫ്രഞ്ചിന്റെ സ്ഥാനം. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽത്തന്നെ ഇത് പുറകോട്ടുപോവാൻ തുടങ്ങി. 1996 ലെത്തുമ്പോഴേക്കും ശാസ്ത്രപ്രസിദ്ധീകരണങ്ങളിലെ ഫ്രഞ്ചിന്റെ പങ്ക് കേവലം 1.3 ശതമാനത്തിലേക്ക് ക്ലിപ്തകുത്തി

(Ricento, *Language policy and political economy* 286). പരിതാപകരമായ ഈ അവസ്ഥയിലേക്കുള്ള പോക്ക് നേരത്തേതന്നെ ശാസ്ത്രമേഖലയിലുള്ളവർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 1965ൽ ഫ്രഞ്ച് സയൻസ് അക്കാദമി (Académie des Sciences) ഒരു പ്രമേയത്തിലൂടെ ഈ പ്രശ്നത്തിൽ വേണ്ട നടപടി കൈക്കൊള്ളണമെന്ന് ഫ്രഞ്ച് അധികാരികളോട് അഭ്യർത്ഥിക്കുകയുണ്ടായി (Gal and Seeman 75). ശാസ്ത്ര–സാങ്കേതിക വിനിമയ രംഗങ്ങളിലെ ഫ്രഞ്ചിന്റെ ഭാവി (The future of French in scientific and technical communication) എന്ന പേരിൽ 1977ൽ സംഘടിപ്പിച്ച ഒരു അന്താരാഷ്ട്ര സെമിനാറിൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സയന്റിഫിക്ക് ഇൻഫർമേഷന്റെ വൈസ് പ്രസിഡണ്ടായിരുന്ന പീറ്റർ കെ. അബോൺ (Peter K. Aborn) ഇങ്ങനെ പറയുകയുണ്ടായി. "ഫ്രഞ്ചുശാസ്ത്രത്തെ അന്താരാഷ്ട്ര ശാസ്ത്രസമൂഹത്തിനു പരിചയപ്പെടുത്താൻ ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കണമെന്ന് വന്നിരിക്കുന്നത് വിരോധാഭാസമാണ്" (The dominant language of science | CAUT). പ്രകൃതിശാസ്ത്രം, വൈദ്യവിജ്ഞാനം എന്നീ മേഖലകളിൽ ഫ്രഞ്ചിൽ പ്രസിദ്ധീകരിച്ച പ്രബന്ധങ്ങൾ 1980 മുതൽക്ക് 14.3 ശതമാനത്തിന്റെ ഇടിവ് രേഖപ്പെടുത്തി. സാമൂഹികശാസ്ത്രമേഖലയിൽ ഇത് 25.6 ശതമാനമായിരുന്നു. ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചില്ലെങ്കിൽ തങ്ങൾ ഗവേഷകരുടെ ചിത്രത്തിലേ ഉണ്ടാവുകയില്ലെന്ന് ഫ്രഞ്ച് ഗവേഷകർ പരിതപിക്കുന്ന അവസ്ഥയാണ് നിലനിൽക്കുന്നത്. ഫ്രഞ്ചിൽനിന്നുള്ള തിരിച്ചുപോക്ക് കേവലം ശാസ്ത്രരംഗത്തോ, സാമൂഹികശാസ്ത്രരംഗത്തോ ഒതുങ്ങിനിൽക്കുന്നില്ല എന്നാണ് AILA യുടെ അനുഭവം വെളിപ്പെടുത്തുന്നത് (Hamel 53-54).[58]

എന്നാൽ ഫ്രഞ്ചുഭാഷാസമൂഹങ്ങളിൽ ഫ്രഞ്ചുഭാഷാപദവിക്ക് പോറലുകൾ ഏറ്റിട്ടില്ലെന്നാണ് സ്യൂ റൈറ്റിന്റെ അഭിപ്രായം. അന്താരാഷ്ട്രവേദികളിൽ ശാസ്ത്രജ്ഞർ ഇംഗ്ലീഷ് ഉപയോഗിക്കുമ്പോഴും രാജ്യത്തിനകത്ത് അവർ ശാസ്ത്രം സ്വന്തം ഭാഷയിലാണ് കൈകാര്യം ചെയ്യുന്നതെന്ന് സ്യൂ റൈറ്റ് നിരീക്ഷിക്കുന്നു. അതായത് ബന്ധഭാഷയെന്ന (Lingua Franca) നിലയിലാണ് ഫ്രഞ്ചിന് ഇടിവുതട്ടിയത് എന്നാണ് (*Language policy and language planning* 152) അവരുടെ നിരീക്ഷണം.

## 1.7.3 ഇംഗ്ലീഷ്

പഴയ ഇംഗ്ലീഷ്, മധ്യകാല ഇംഗ്ലീഷ്, ആധുനിക ഇംഗ്ലീഷ് എന്നിങ്ങനെ വിശാലാർത്ഥത്തിൽ ഇംഗ്ലീഷിന്റെ ചരിത്രത്തെ അടയാളപ്പെടുത്താം. അവയിൽത്തന്നെ Old English, Early Middle English, Late Middle English, Early Modern English,

Late Modern English എന്നിങ്ങനെ ഉൾപ്പിരിവുകൾ രേഖപ്പെടുത്താറുമുണ്ട്. അഞ്ച്, ആറ് നൂറ്റാണ്ടുകളിൽ ജർമനിയിൽനിന്നും ഡെൻമാർക്കിൽനിന്നുമുള്ള ജ്യൂട്ടുകൾ (Jutes), ആംഗിളുകൾ (Angles), സാക്സൺമാർ (Saxons) എന്നീ വിഭാഗങ്ങൾ ബ്രിട്ടണിലേക്ക് കുടിയേറുന്നതോടെയാണ് ഇംഗ്ലീഷിന്റെ ചരിത്രം ആരംഭിക്കുന്നത്. സി. ഇ. 1500 മുതലുള്ള കാലം ആധുനിക ഇംഗ്ലീഷിന്റേതായി കണക്കാക്കുന്നു. മറ്റു ഭാഷകളിൽനിന്ന് നിർലോഭം പദങ്ങൾ സ്വീകരിച്ചാണ് ഇംഗ്ലീഷ് വളർന്നത് ("English language").[59] 1476 ൽ വില്യം കാക്സ്റ്റൺ ലണ്ടനിൽ അച്ചടിശാല ആരംഭിച്ചത് ഇംഗ്ലീഷിന്റെ ചരിത്രത്തിലെ സുപ്രധാനമായ ഒരേടായിരുന്നു. പ്രാദേശിക ഭാഷാഭേദങ്ങളെ ഏകീകരിക്കുകയും ലണ്ടൻ ഭാഷാഭേദം കൂടുതലായി സ്വീകരിക്കുകയും ചെയ്തുകൊണ്ട് അച്ചടിയിലൂടെ ഇംഗ്ലീഷുഭാഷയെ മാനകീകരിച്ചതിന്റെ ബഹുമതി കാക്സ്റ്റണാണ്. ഇംഗ്ലീഷ് പദാവലിയുടെ വികാസത്തിനും, വാക്യഘടന ക്രമപ്പെടുത്തലിനും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ സഹായിച്ചു.

ശാസ്ത്രരംഗമെന്നോ സാമൂഹികശാസ്ത്രരംഗമെന്നോ മാനവിക വിഷയങ്ങളെന്നോ ഭേദമില്ലാതെ, വൈജ്ഞാനികരംഗത്ത് മറ്റെല്ലാ ഭാഷകളെയും ഇന്ന് ഇംഗ്ലീഷ് ബഹുദൂരം പിന്നിലാക്കിയിരിക്കുന്നു. 1980 ആവുമ്പോഴേക്കുതന്നെ ശാസ്ത്രമേഖലയിൽ ഇംഗ്ലീഷിന്റെ പങ്ക് 64 ശതമാനത്തിലെത്തിയിരുന്നു. ഈ വളർച്ച തുടരുകയും, 1990 കളുടെ പകുതിയാവുമ്പോഴേക്കും പ്രധാനപ്പെട്ട അന്താരാഷ്ട്ര പ്രസിദ്ധീകരണങ്ങളിൽ ഇംഗ്ലീഷിന്റെ പങ്ക് പ്രകൃതിശാസ്ത്രങ്ങളുടെ മേഖലയിൽ 90.7 ശതമാനമായും[60] സാമൂഹികശാസ്ത്രങ്ങളുടെയും മാനവികവിഷയങ്ങളുടെയും മേഖലയിൽ 82.5 ശതമാനമായും മാറി. മറ്റൊരു ഭാഷയ്ക്കും പത്തു ശതമാനത്തിൽ ഉയർന്ന നിരക്ക് അന്ന് ഉണ്ടായിരുന്നില്ല (Hamel 58–59). ഇന്റർ നാഷണൽ ബിബ്ലിയോഗ്രാഫി ഓഫ് സോഷ്യൽ സയൻസസിനെ അടിസ്ഥാനമാക്കി കണക്കാക്കിയതു പ്രകാരം സാമൂഹികശാസ്ത്ര–മാനവികശാസ്ത്ര വിഷയങ്ങളിൽ 1975–95 കാലയളവിൽ ഇംഗ്ലീഷിന്റെ പങ്ക് 66.6 ശതമാനത്തിൽ നിന്ന് 82.5 ശതമാനത്തിലേക്ക് വർധിച്ചു. നേരത്തേ ഈ രംഗങ്ങളിൽ പ്രമുഖ ഭാഷയായിരുന്ന ഫ്രഞ്ചാവട്ടെ അക്കാലയളവിൽ 6.8 ശതമാനത്തിൽനിന്ന് 5.9 ശതമാനത്തിലേക്ക് വീണ്ടും കുറഞ്ഞു (Ammon, "Language Planning for International Scientific Communication" 4). ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ വിഷയമേഖലകൾക്കനുസരിച്ച് നിശ്ചിതഭാഷകളുടെ പ്രാധാന്യം നിലനിന്നിരുന്നു. വൈദ്യശാസ്ത്രം, ജീവശാസ്ത്രം, രസതന്ത്രം എന്നീ മേഖലകളിൽ ജർമനും, നിയമം, രാഷ്ട്രതന്ത്രം തുടങ്ങിയവയിൽ ഫ്രഞ്ചിനും, അർത്ഥശാസ്ത്രം, ഭൗമശാസ്ത്രം തുടങ്ങിയവയിൽ ഇംഗ്ലീഷിനും വലിയ പ്രാധാന്യമുണ്ടായിരുന്നു. ഈ മേഖല

കളിലെ പഠിതാക്കൾ നിർദിഷ്ടഭാഷയിലെ പ്രസിദ്ധീകരണങ്ങൾ പഠനവിധേയമാക്കിയേ പറ്റൂ എന്ന അവസ്ഥ അന്ന് നിലനിന്നിരുന്നു.

ബഹുഭാഷകൾ ഉപയോഗിക്കപ്പെട്ടിരുന്ന അവസ്ഥയിൽനിന്ന് മാറി, ഇരുപതാം നൂറ്റാണ്ട് മുഴുക്കെ അന്താരാഷ്ട്ര വിവരവിനിമയരംഗത്ത്, ഇംഗ്ലീഷ് അതിന്റെ സ്വാധീനം ഉറപ്പിക്കുകയായിരുന്നു എന്നുകാണാം; പ്രത്യേകിച്ച് ശാസ്ത്ര–സാങ്കേതികരംഗത്ത് (Hamel 53). ശാസ്ത്രപ്രസിദ്ധീകരണരംഗത്ത് ഇംഗ്ലീഷിലുണ്ടായ വർധനവ് സൂചിപ്പിക്കുന്നത് ഇംഗ്ലീഷ് മാതൃഭാഷയല്ലാത്ത നിരവധി പേർ തങ്ങളുടെ ശാസ്ത്രവിനിമയം ഇംഗ്ലീഷിലേക്ക് മാറ്റിയിരിക്കുന്നു എന്നാണ്. ആഗോളതലത്തിൽ ഇന്ന് ഇംഗ്ലീഷിനുള്ളതുപോലെ പ്രബലമായ ഒരു സ്ഥാനം ചരിത്രത്തിന്റെ ഒരു ഘട്ടത്തിലും ഒരു ഭാഷയും കയ്യാളിയിരുന്നില്ല. ഇംഗ്ലീഷിന്റെ ഇന്നത്തെ വ്യാപ്തിയെ ഡേവിഡ് ക്രിസ്റ്റൽ (David Crystal) ക്രോഡീകരിച്ചതിന്റെ സത്ത ഇങ്ങനെ രേഖപ്പെടുത്താം

- ഔദ്യോഗികഭാഷയായോ സഹഔദ്യോഗികഭാഷയായോ ഉപയോഗിക്കുന്നതും ഒന്നാംഭാഷയായോ രണ്ടാംഭാഷയായോ ഉപയോഗിക്കുന്നതുംവഴി ഇംഗ്ലീഷിന് പ്രത്യേകസ്ഥാനമുള്ള എഴുപത്തിയഞ്ച് ഭരണപ്രദേശങ്ങൾ (territories) ഇന്ന് ലോകത്ത് നിലവിലുണ്ട്.

- 2001 ലെ സെൻസസ് പ്രകാരം ലോകജനസംഖ്യയുടെ മൂന്നിലൊന്ന് (224 കോടി) ഉൾക്കൊള്ളുന്ന പ്രദേശങ്ങളാണിവ.

- ഒന്നാം ഭാഷയായി ഇംഗ്ലീഷ് ഉപയോഗിക്കുന്നവരുടെ എണ്ണം മുപ്പത്തിരണ്ട് കോടിയിലധികം വരും (32,91,40,800). രണ്ടാം ഭാഷയായി ഉപയോഗിക്കുന്നവർ നാൽപ്പത്തിമൂന്ന് കോടിയിലധികവും (43,06,14,500).

- ഇംഗ്ലീഷിനെ മുൻനിർത്തി രൂപപ്പെട്ട പിജിനുകളും ക്രിയോളുകളും[61] സംസാരിക്കുന്നവരെക്കൂടി പരിഗണിക്കുകയാണെങ്കിൽ ഒന്നാം ഭാഷയായി ഉപയോഗിക്കുന്നവരുടെ എണ്ണം നാൽപ്പതു കോടിയിലേക്കുയരും.

- ഇംഗ്ലീഷ് ദേശ്യഭാഷയെന്ന നിലയിലോ ഒന്നാം ഭാഷയെന്ന (L1) നിലയിലോ ഉപയോഗിക്കുന്നവരുടെ എണ്ണത്തെക്കാൾ കൂടുതലാണ് അത് രണ്ടാം ഭാഷയെന്ന (L2) നിലയിലോ വിദേശഭാഷയെന്ന നിലയിലോ ഉപയോഗിക്കുന്നവരുടെ എണ്ണം. ഉപയോക്താക്കളിൽ ദേശ്യഭാഷ ആയവരും അല്ലാത്തവരും തമ്മിലുള്ള അനുപാതം 1:3 ആണ്.

- L2 ഉപയോക്താക്കളുടെ വാർഷിക ജനസംഖ്യയുടെ വളർച്ചാനിരക്ക് L1 ഉപയോക്താക്കളുടെ വളർച്ചാനിരക്കിനെക്കാൾ ഗണ്യമായ രീതിയിൽകൂടുതലാണ്. (Ricento, *Language policy and political economy* 279).

ആഗോള ഭാഷാവ്യവസ്ഥയെ ഒരു ഗാലക്സിയോട് ഉപമിച്ചുകൊണ്ട് ഡി സ്വാൻ (De Swaan) ചിത്രീകരിച്ചതിൽ കേന്ദ്രസ്ഥാനമാണ്[62] ഇംഗ്ലീഷ് കയ്യാളുന്നത് (Hamel 54).

ഇത്തരത്തിലുള്ള മാറ്റം എങ്ങനെയുണ്ടായി, എന്തുകൊണ്ടുണ്ടായി തുടങ്ങിയ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തേണ്ടതുണ്ട്. ശാസ്ത്രം കൈകാര്യം ചെയ്യാനുള്ള ഇംഗ്ലീഷ് ഭാഷയുടെ സഹജമായ ഗുണവൈശിഷ്ട്യങ്ങൾ കൊണ്ടല്ല, മറിച്ച് സാമൂഹിക–സാമ്പത്തിക–ചരിത്രഘടകങ്ങൾ ഒത്തുചേർന്നപ്പോൾ അതിന് ലഭിച്ച മേൽക്കൈ കൊണ്ടാണത് (Englander 4). അക്കാര്യം വിശദീകരിക്കേണ്ടതുണ്ട്.

ലാറ്റിന്റെ പ്രഭാവം ശാസ്ത്രരംഗത്തുനിന്ന് നിഷ്ക്രമിച്ചശേഷം ബഹുസ്വരത രൂപപ്പെട്ടെങ്കിലും ക്രമേണ മൂന്ന് പ്രധാന ഭാഷകളിലേക്ക് ശാസ്ത്രവിനിമയം ചുരുക്കപ്പെട്ടതായി നേരത്തേ സൂചിപ്പിച്ചു. ഇംഗ്ലീഷിനെ രണ്ടാം സ്ഥാനത്തേക്ക് തള്ളി ജർമൻ മുന്നേറിക്കൊണ്ടിരിക്കെയാണ് ഒന്നാം ലോകയുദ്ധത്തിനുശേഷമുള്ള കാലത്തെ സാഹചര്യങ്ങളെ പ്രയോജനപ്പെടുത്തി ആ ഭാഷയെ ശാസ്ത്രരംഗത്ത് തളർത്തുന്നത് (Gordin, *Scientific Babel* 176–85). രണ്ടാം ലോകയുദ്ധാനന്തരം ഫ്രഞ്ചും വിജയികളുടെ ഭാഷയായിരുന്നെങ്കിലും അവർക്ക് ഇംഗ്ലീഷിനെപ്പോലെ മുന്നേറാൻ കഴിഞ്ഞില്ല.[63] ഇംഗ്ലീഷ് നടത്തിയ മുന്നേറ്റം ബ്രിട്ടന്റെ നേതൃത്വത്തിൽ നടത്തിയ ഒരു മുന്നേറ്റമായിരുന്നില്ല എന്നതാണ് ശ്രദ്ധേയമായ വസ്തുത. ഫ്രാൻസും ഇംഗ്ലണ്ടും വിജയികളുടെ പക്ഷത്തായിരുന്നെങ്കിലും യുദ്ധത്തിൽ അമ്പേ തകർന്ന ശക്തികളായിരുന്നു രണ്ടും. രാജ്യത്തിന്റെ പുനർനിർമാണമായിരുന്നു അവരുടെ പ്രധാന അജണ്ട. യുദ്ധാനന്തരകാലത്ത് ബ്രിട്ടന്റെ കോളണികൾ ഓരോന്നായി സ്വാതന്ത്ര്യം നേടുമ്പോൾ യഥാർത്ഥത്തിൽ ഇംഗ്ലീഷിന്റെ അതുവരെ ഉണ്ടായിരുന്ന പ്രതാപം അസ്തമിക്കേണ്ടതുമായിരുന്നു. അങ്ങനെ സംഭവിക്കാത്തതിന്റെ കാരണം യുദ്ധാത്തോടെ ഉയർന്നുവന്ന അമേരിക്ക എന്ന പുതിയ ലോകശക്തിയാണ് (Wright 160). സാമ്പത്തികമായും രാഷ്ട്രീയമായും സൈനികമായും മാത്രമല്ല, സാംസ്കാരികമായും മേൽക്കൈ പുലർത്തുന്ന ഈ പുതിയ ശക്തിയുടെ ഭാഷയെന്ന നിലയിലാണ് പിന്നീടുള്ള ഇംഗ്ലീഷിന്റെ ജൈത്രയാത്ര. ലോകബന്ധഭാഷയെന്ന നിലയിൽ ഇംഗ്ലീഷ് തുടരുമെന്നതിനാൽ അതിൽ നൈപുണ്യം നേടുന്നത് സാധ്യതകളിലേക്കുള്ള വാതിലുകളാണെന്ന ബോധ്യത്താൽ പഴയ കോളണിരാജ്യങ്ങളിലെ സമ്പന്നവിഭാഗം അതിനെ ആശ്ലേഷിച്ചു.

പരമപ്രധാനമായ മറ്റൊരു കാരണം, വികസിച്ചുകൊണ്ടിരിക്കുന്നതും യുദ്ധത്തിന്റെ പോറലുകളൊന്നും ഏൽക്കാത്തതുമായ, അമേരിക്കയുടെ ശാസ്ത്രഗവേഷണ അടിത്തറ യായിരുന്നു (Ferguson, "The Global Spread of English, Scientific Communication and ESP" 12) നാസികളുടെ ഭരണകാലത്ത് ജർമനിയിൽനിന്നും അതിന്റെ അധി നിവേശ പ്രദേശങ്ങളിൽനിന്നും പ്രമുഖരായ ഒട്ടേറെ ശാസ്ത്രജ്ഞർ അമേരിക്കയിലേക്ക് കുടിയേറുകയും ചെയ്തിരുന്നു. ഇതിനുപുറമേ യുദ്ധാനന്തരം ഓപ്പറേഷൻ പേപ്പർക്ലിപ്പ് എന്ന രഹസ്യപദ്ധതിയിലൂടെ ആയിരത്തി അറുനൂറിലധികം ജർമൻ ശാസ്ത്രജ്ഞരെയും സാങ്കേതികവിദഗ്ധരെയും അമേരിക്ക കടത്തിക്കൊണ്ടുപോവുകയും ചെയ്തു. ശീതയു ദ്ധം അമേരിക്കയിലെ ഗവേഷണമേഖലയെ വലിയതോതിൽ ഉത്തേജിപ്പിച്ചു. ഗവേഷണാ ധിഷ്ഠിത സർവകലാശാലകൾ, ലബോറട്ടറികൾ എന്നിവയെല്ലാം ഇതിന്റെ ഫലമായി വലിയതോതിൽ യാഥാർത്ഥ്യമായി. ഈ അടിത്തറ ശാസ്ത്രഭാഷയെ കൂടുതൽ ഇംഗ്ലീഷിലേ ക്ക് വലിച്ചടുപ്പിച്ചു.

ഇംഗ്ലീഷിന്റെ ഇന്നത്തെ വളർച്ച ആകസ്മികതയിലൂന്നിയതല്ലെന്നും അതിനെ ശ്രദ്ധാപൂർവം വളർത്തിയെടുത്തതാണെന്നും (Phillipson3) നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. സാമ്പത്തികസഹായങ്ങൾ, ഗവേഷണങ്ങൾ, വിശിഷ്യാ യൂറോകേന്ദ്രിത ഗവേഷണങ്ങൾ, കോളണിവാഴ്ചക്കാലത്തെന്നപോലെ അതിനുശേഷവും നടപ്പിലാക്കിയ വിദ്യാഭ്യാസ നയങ്ങൾ, ബോധനശാസ്ത്രപദ്ധതികൾ എന്നിവയിലൂടെയെല്ലാമാണ് ഇംഗ്ലീഷിനെ വളർത്തിയത്. ഇതിനെ ഭാഷാപരമായ സാമ്രാജ്യത്വം എന്നാണ് ഫില്ലിപ്സൺ വിശേഷിപ്പിച്ചത്. ബോധപൂർവം കെട്ടിപ്പടുത്തത് എന്ന വാദത്തോട് ഫെർഗ്ഗുസൺ വിയോ ജിക്കുന്നു. മുകളിൽനിന്ന് താഴേക്ക് ഭാഷ കെട്ടിപ്പടുക്കുന്ന ശ്രമങ്ങളുടെ അതിശയോക്തി ഈ വാദത്തിൽ അദ്ദേഹം കാണുന്നു. പല ഏജൻസികളും സംഘടനകളും വ്യക്തികളും മറ്റാരുടെയും പ്രേരണയില്ലാതെ ഇംഗ്ലീഷ് തിരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. ഇംഗ്ലീഷ് ആർജിക്കുന്നതിലൂടെ വിദ്യാഭ്യാസപരമായും സാമ്പത്തികമായും ലഭിക്കുന്ന മെച്ചങ്ങ ളെക്കുറിച്ചുള്ള ബോധ്യത്താൽ അവർ സ്വയം തിരഞ്ഞെടുക്കുകയാണ്. അമോൺ, മക് കൊണ്ണൽ, എർലിങ്ങ് (Ammon & McConnell, Erling) എന്നിവർ നിരീക്ഷിച്ചതുപോലെ യൂറോപ്പിലെ ഉന്നതവിദ്യാഭ്യാസരംഗത്തെ ഇംഗ്ലീഷിന്റെ വ്യാപനം, ഫീസ് നൽകാൻ കഴിവുള്ള അന്താരാഷ്ട്ര വിദ്യാർത്ഥികളെ ആകർഷിക്കുക, സ്ഥാപനത്തിന്റെ പ്രശസ്തിയും ബന്ധങ്ങളും വികസിപ്പിക്കുക, വിദ്യാർത്ഥികളുടെയും ജീവനക്കാരുടെയും ഇംഗ്ലീഷ് നിലവാരം ഉയർത്തുക എന്നീ ലക്ഷ്യങ്ങളോടെ യൂണിവേഴ്സിറ്റികൾ സ്വയം തിരഞ്ഞെ ടുത്തതാണ്. ഡി സ്വാൻ (De Swaan) ചൂണ്ടിക്കാണിച്ചതുപോലെ ഭാഷാവ്യാപനത്തിൽ

പുറത്തുനിന്നുള്ള ഏജൻസികളുടെ (external network)[64] സ്വാധീനത്തിന്റെ അനന്തരഫലമായി ഇതിനെ വിലയിരുത്താം (Ferguson, “The Global Spread of English, Scientific Communication and ESP” 13).

ഇംഗ്ലീഷിനെക്കുറിച്ചുള്ള മൂന്ന് വാദഗതികൾ (1–ഭാഷാപരമായ സാമ്രാജ്യത്വത്തിന്റെ ഭാഗമാണ് ഇംഗ്ലീഷ്, 2–സാമൂഹികചലനാത്മകതയുടെ വാഹകമാണ് ഇംഗ്ലീഷ്, 3–ആഗോളപൗരരെ സൃഷ്ടിക്കാനും ആഗോള നീതി ഉറപ്പാക്കാനും കഴിയുന്ന ബന്ധഭാഷയാണ് ഇംഗ്ലീഷ് ) ഒന്നിച്ചെടുത്ത് പരിശോധിക്കേണ്ടതുണ്ടെന്നും അതിന് പറ്റിയ ചട്ടക്കൂട് അർത്ഥശാസ്ത്രത്തിന്റേതാണെന്നും മറ്റൊരു നിരീക്ഷണവുമുണ്ട് (Ricento, *Language policy and political economy* 33). വ്യത്യസ്ത സന്ദർഭങ്ങളിലും വിവിധ തലത്തിലുമുള്ള വ്യക്തികളുടെ താൽപ്പര്യങ്ങളെ വർധിപ്പിക്കാനോ കുറയ്ക്കാനോ ഉതകുന്നതരത്തിലുള്ള നവലിബറലിസത്തിന്റെ സാമ്പത്തികവ്യാപ്തി, അതിന്റെ ഫലമായുള്ള അവസരങ്ങളുടെ ഒഴുക്ക്, അവയ്ക്ക് ഭാഷകളുമായുള്ള ബന്ധവും പങ്കും എന്നിവയെല്ലാം പരിഗണിച്ചാൽ മാത്രമേ ശരിയായ കാഴ്ചപ്പാടിലെത്താൻ കഴിയൂ എന്ന് റിസന്റൊ അഭിപ്രായപ്പെടുന്നു. ആഗോളീകരണനയങ്ങൾ ഭാഷകളെ എപ്രകാരം ബാധിച്ചുവെന്ന് ലഘുവായി പരിശോധിക്കാനുള്ള ശ്രമമാണ് അടുത്ത ഭാഗത്ത്.

## 1.8 ആഗോളീകരണം മാറ്റിമറിച്ച ഭാഷാരംഗം

നിർദിഷ്ട കാലപരിഗണനകൾക്കകത്തോ പ്രക്രിയകൾക്കകത്തോ ഉൾക്കൊള്ളിക്കാൻ കഴിയാത്തതിനാൽ ആഗോളീകരണം നിർവചനത്തിന് വഴങ്ങുന്ന ലളിതമായ ഒരു സങ്കൽപ്പനമല്ല. സാമ്പത്തിക ഉദ്ഗ്രഥനം, നയങ്ങളുടെ കൈമാറ്റം, വിജ്ഞാനവ്യാപനം, സംസ്കാരത്തിന്റെ കൈമാറ്റം, അധികാരബന്ധങ്ങളുടെ പുനർനിർമാണം എന്നിവയെല്ലാം അതിൽ ഉൾപ്പെടുന്നു. അത് അന്താരാഷ്ട്രതലത്തിലുള്ള ഒരു സങ്കൽപ്പനവും പ്രക്രിയയും പദ്ധതിയുമാണ്. സാമൂഹിക–രാഷ്ട്രീയ നിയന്ത്രണങ്ങൾക്കതീതമായി ആഗോളവിപണിയെ പ്രതിഷ്ഠിക്കലുമാണത്. ആഗോളമുതലാളിത്തം അതിന്റെ ആശയങ്ങൾ വഴിയും സ്ഥാപനങ്ങൾ വഴിയുമാണത് നടപ്പാക്കുന്നത്. ആഗോളീകരണമെന്ന പദത്തിന് വ്യത്യസ്ത ധ്രുവങ്ങളിൽനിന്നുള്ള നിർവചനങ്ങൾ രൂപപ്പെട്ടിട്ടുണ്ട്. ഒരേസമയം വികസനത്തിന്റെയും നല്ല നാളെയുടെയും ഒറ്റമൂലിയായും അടിച്ചമർത്തലിന്റെയും അരികുവൽക്കരണത്തിന്റെയും അവസാനവാക്കായും ആഗോളീകരണം വിശേഷിപ്പിക്കപ്പെടുന്നു. വ്യക്തികളുടെയും സംഘങ്ങളുടെയും സാമൂഹികവും സാംസ്കാരികവും

സാമ്പത്തികവുമായ പശ്ചാത്തലം ഈ അടയാളപ്പെടുത്തലുകൾക്ക് കാരണമാകു ന്നു. എവിടെനിന്ന് നോക്കുന്നു, ആരുടെ പക്ഷത്തുനിന്ന് നോക്കുന്നു എന്നത് ഒരു രാഷ്ട്രീയപ്രശ്നമാണ്. 'മനുഷ്യപ്രവർത്തനങ്ങളെയും മനുഷ്യേതര പ്രവർത്തനങ്ങളെയും രാഷ്ട്രങ്ങൾ, സംസ്കാരങ്ങൾ എന്നിവയ്ക്കതീതമായി ഉദ്ഗ്രഥിക്കുന്നതിന്റെ കാരണങ്ങൾ, മുന്നോട്ടുപോക്ക്, പ്രത്യാഘാതങ്ങൾ എന്നിവയെയെല്ലാം ഉൾക്കൊള്ളുന്ന ഒരു പ്രക്രി യയാണ് ആഗോളീകരണം' (Al-Rodhan and Ambassador GérardStoudmann 5) എന്നൊരു നിർവചനം മുന്നോട്ടുവെക്കപ്പെട്ടിട്ടുണ്ട്. പലപ്പോഴും ആഗോളീകരണമെന്ന പ്രക്രിയയും പദ്ധതിയും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയപ്പെടാതെ പോവുന്നുണ്ടെന്നുള്ള നിരീക്ഷണവും (നൈനാൻ കോശി, "ആഗോളവൽക്കരണമെന്ന രാഷ്ട്രീയപദ്ധതി" 16) ശ്രദ്ധേയമാണ്.

മനുഷ്യജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളേയും ബാധിച്ചുകഴിഞ്ഞ നവലി ബറൽനയങ്ങൾ ഭാഷകളുടെ രംഗത്തും വലിയ മാറ്റങ്ങൾക്ക് കാരണമായി. വികസ നരംഗത്തെ കാര്യങ്ങളെക്കുറിച്ച് തർക്കമുണ്ടായാൽപ്പോലും ഭാഷാമണ്ഡലത്തിലെ മാറ്റ ങ്ങളെക്കുറിച്ച് തർക്കങ്ങൾക്കിടയില്ല. ഇംഗ്ലീഷ് ദേശ്യഭാഷയായുള്ളവരുടെ ഇടപെടൽ ഉണ്ടായാലും ഇല്ലെങ്കിലും അന്താരാഷ്ട്ര പോലീസിങ്ങ്, സമാധാനദൗത്യങ്ങൾ, കോട തികൾ, അന്താരാഷ്ട്രതലത്തിൽ അവികസിത രാജ്യങ്ങളിൽ നടപ്പാക്കപ്പെടുന്ന തൊഴിൽ സംരംഭങ്ങളിലെ ഗവണ്മെന്റ്/ ഗവണ്മെന്റിതര ഏജൻസികൾ എന്നിവയെല്ലാം ഒരു ബന്ധഭാഷയെന്ന നിലയിൽ പൂർണമായും ഇംഗ്ലീഷിലേക്ക് മാറിയിരിക്കുന്നു. അത് ഒരേ സമയം സമ്പർക്കത്തിന്റെ തലത്തിൽ പ്രയോജനപ്രദമായ ഒന്നും മറുഭാഗത്ത് അധി കാരത്തിന്റെ ഭാഷയുമാണ്. അധീശത്വ പ്രത്യയശാസ്ത്രങ്ങളുടെയും അധികാരത്തിലെ മുഖ്യപങ്കാളികളുടെയും ഭാഷയെന്ന നിലയിൽ, ലോകമൊട്ടാകെ രാഷ്ട്രീയമണ്ഡല ത്തിലെ അംഗീകൃത ബന്ധഭാഷയായത് മാറിയിരിക്കുന്നു (Wright 171).

ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും രംഗത്തും സ്ഥിതി വ്യത്യസ്തമല്ല. സോവി യറ്റ് ചേരിയുടെ തകർച്ചയ്ക്കുശേഷം എതിരാളികളില്ലാത്ത വിധം സാങ്കേതികമേഖലകളിൽ അമേരിക്കയുടെ ആധിപത്യം നിലനില്ക്കുന്നു. ഏതുരാജ്യത്ത് സാങ്കേതികമുന്നേറ്റ മുണ്ടായാലും പ്രാഥമികമായി അത് ഇംഗ്ലീഷിലേ പ്രസിദ്ധീകരിക്കപ്പെടൂ എന്നതാണ് സ്ഥിതി. യുദ്ധോപകരണ നിർമാണരംഗത്തെ ഗവേഷണങ്ങൾ, സോഫ്റ്റ്‌വെയർ മേഖല, ഇൻഫർമേഷൻ ടെക്നോളജി എന്നിവയിലെല്ലാം അമേരിക്കൻ മുന്നേറ്റമാണ്. അന്താരാഷ്ട്രതലത്തിലുള്ള സമ്മേളനങ്ങളിലും അക്കാദമിക് ജേണലുകളിലുമെല്ലാം സ്വന്തം ഭാഷ വേണമെന്ന് ആഗ്രഹിക്കുന്നവർക്ക് പിടിച്ചുനിൽക്കാൻ കഴിയാത്ത

അവസ്ഥ[65] നിലനിൽക്കുന്നു. മാത്രമല്ല, അന്താരാഷ്ട്രതലത്തിലുള്ള സ്ഥാപനങ്ങളുടെ ഗവേഷണപ്രവർത്തനങ്ങളുമായി തങ്ങളുടെ ഗവേഷണങ്ങളെ ഉദ്ഗ്രഥിച്ചുകൊണ്ട് അതിൽ കണ്ണിചേരേണ്ടതിനാൽ ഇംഗ്ലീഷിനെ സർവാത്മനാ സ്വീകരിക്കുകയല്ലാതെ വഴിയില്ലെന്നും വരുന്നു.

സാംസ്കാരികരംഗത്തെ അവസ്ഥ *ലോക സാംസ്കാരിക റിപ്പോർട്ട്: സാംസ്കാരിക വൈവിധ്യം, വൈരുധ്യങ്ങളും ബഹുസ്വരതയും* എന്ന യുനെസ്കോ റിപ്പോർട്ട് വരച്ചുകാട്ടുന്നുണ്ട്.[66] സാംസ്കാരിക ആവിഷ്കാരത്തിന്റെ പുതിയതും പരമ്പരാഗതവുമായ മാർഗങ്ങളിലേക്കുള്ള അസമമായ പ്രവേശനം സാംസ്കാരിക അംഗീകാരത്തിന്റെ നിഷേധത്തെ മാത്രമല്ല സൂചിപ്പിക്കുന്നത്. അത് ഒരു വ്യക്തിയെയോ അല്ലെങ്കിൽ ഒരു സമൂഹത്തെയോ വിജ്ഞാനസമൂഹത്തിലേക്ക് ഉൾച്ചേർക്കുന്നതിനെയോ അല്ലെങ്കിൽ അതിൽ നിന്ന് ഒഴിവാക്കുന്നതിനെയോ ഗുരുതരമായി ബാധിക്കുന്ന കാര്യംകൂടിയാണ്. സംസ്കാരത്തിന് അറിവുമായി ബഹുമുഖവും സങ്കീർണവുമായ ബന്ധങ്ങളുണ്ട്. വിവരങ്ങളെ അറിവാക്കി മാറ്റുന്ന പ്രക്രിയ, ആ അറിവ് ഉപയോഗപ്പെടുത്തുന്നതുപോലെതന്നെ, സർഗാത്മകവും സാംസ്കാരികവുമായ ഒരു പ്രവർത്തനമാണ്. ഒരു യഥാർത്ഥ വൈജ്ഞാനികലോകം സാംസ്കാരികമായി വൈവിധ്യമാർന്ന ലോകമായിരിക്കും (UNESCO, *World culture report, 2000: cultural diversity, conflict and pluralism* 5).

നവലിബറൽ നയങ്ങൾ ദേശരാഷ്ട്രങ്ങളുടെ അധികാരത്തെ ദുർബലപ്പെടുത്തുകയും പൊതുമേഖലാ വ്യവസായങ്ങളെയും സേവനങ്ങളെയും സ്വകാര്യവൽക്കരിക്കുകയും ചെയ്യുന്നു. പൊതുകാര്യങ്ങളിലും സാമ്പത്തികകാര്യങ്ങളിലും ഭരണകൂടത്തിന്റെ സ്വാധീനം ഇല്ലാതാവുകയും ചെയ്യുന്നു. ഉൽപ്പാദനത്തിലും ഉപഭോഗത്തിലും അധിഷ്ഠിതമായ പരമ്പരാഗത വ്യവസായരൂപങ്ങളിൽനിന്ന് വ്യത്യസ്തമായ പുതിയ സമ്പദ്‌വ്യവസ്ഥയിൽ ഭാഷ ഉൾപ്പെടുന്നുവെന്ന് പറയാം. സമകാലികലോകത്തിലെ പ്രധാന വ്യവസായങ്ങൾ ഉള്ളടക്കം അഥവാ ടെക്സ്റ്റുകളും (മാധ്യമങ്ങൾ, സാംസ്കാരിക വ്യവസായം..), ഇൻഷുറൻസ്, സാമ്പത്തികസേവനങ്ങൾ തുടങ്ങി മറ്റ് ടെക്സ്റ്റ് അധിഷ്ഠിത സേവനങ്ങളുമായി മാറിക്കഴിഞ്ഞിരിക്കുന്നു. അതായത് സാമ്പത്തികപ്രക്രിയയുടെ കേന്ദ്രസ്ഥാനത്തേക്ക് ഭാഷ കടന്നുവന്നിരിക്കുന്നു. ഇത് വാഗ്ദാനം ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ കാര്യത്തിലും ഉൽപ്പാദനം, വിതരണം, ഉപഭോഗം എന്നീ പ്രക്രിയകളുടെ കാര്യത്തിലുമാവാം (Pujolar71).

അച്ചടിച്ച വസ്തുക്കൾ (Printed Matters), സി.ഡി.കൾ, സംഗീതം, സിനിമ, ദൃശ്യകലകൾ, ഫോട്ടോഗ്രാഫി, റേഡിയോ, ടെലിവിഷൻ, കളിയുപകരണങ്ങൾ, കളിപ്പാട്ടങ്ങൾ

എന്നിങ്ങനെ വൈവിധ്യമാർന്ന ഘടകങ്ങൾ ഉൾപ്പെടുന്ന ഒരു വ്യവസായമാണ് ഇന്ന് സാംസ്കാരികരംഗം. കോടിക്കണക്കിന് ഡോളറുകളുടെ വ്യാപാരം നടക്കുന്ന ഈ മേഖലയിലെ മുഖ്യപങ്കാളികൾ അമേരിക്ക, ഇംഗ്ലണ്ട്, ചൈന, ജപ്പാൻ, ജർമനി എന്നിങ്ങനെ ഏതാനും രാജ്യങ്ങളാണ്. 1994 ൽ അമേരിക്ക കയറ്റുമതി ചെയ്തത് 1612 കോടി ഡോളറിന്റെ സാംസ്കാരിക ഉൽപ്പന്നങ്ങളാണ്. അവിടേക്ക് ഇറക്കുമതി ചെയ്തത് 13.6 കോടി ഡോളറിന്റെ ഉൽപ്പന്നങ്ങളും. തുല്യതയിലും പരസ്പരപൂരകത്വത്തിലും അടങ്ങിയ വിനിമയമല്ല ഇവിടെ അരങ്ങേറുന്നതെന്നാണ് ഇത് കാണിക്കുന്നത്. ഹോളിവുഡ് സിനിമകൾ നിരവധി ബില്യൺ (ഒരു ബില്യൺ= നൂറ് കോടി) ആളുകളിലേക്ക് എത്തുന്നു. ഇംഗ്ലീഷ് ഭാഷയിലുള്ള ഉൽപ്പന്നം നേരിട്ടുലഭിക്കുമ്പോൾ മാത്രമല്ല, അത് വിവർത്തനരൂപത്തിലോ ഡബ്ബ് ചെയ്ത രൂപത്തിലോ ലഭ്യമാവുമ്പോഴും ഇംഗ്ലീഷുഭാഷയുടെ വ്യാപനത്തിന് കാരണമാവുന്നുണ്ട്. ആംഗ്ലഫോൺ പാരമ്പര്യങ്ങളും പ്രത്യയശാസ്ത്രങ്ങളും ഇതോടൊപ്പം പ്രചരിക്കുകയും ചെയ്യുന്നു (Wright 176).

ആഗോളബന്ധഭാഷയെന്ന നിലയിൽ അധീശത്വപരമായ നിലയിലേക്ക് ഇംഗ്ലീഷ് ഉയരുമ്പോൾ ദേശീയഭാഷകൾ (National Languages) ദുർബലപ്പെടുന്നതായി റൈറ്റ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഭാഷാഭേദങ്ങൾക്കപ്പുറമുള്ള കെട്ടുറപ്പുള്ളതും ഏകമുഖവുമായ ദേശീയഭാഷ എന്ന സങ്കൽപം പതുക്കെ മാറുന്നതായും, ദേശീയഭാഷകളുടെ പ്രഭയിൽ നിഷ്പ്രഭമായിപ്പോയിരുന്ന ദേശ്യഭാഷകൾ (Vernacular) വീണ്ടും വെളിച്ചത്തിലേക്ക് വരുന്നതായും റൈറ്റ് നിരീക്ഷിക്കുന്നുണ്ട്. ലോകം വലിയതോതിൽ ദ്വിഭാഷിത്വത്തിലേക്കും (Bilingualism) ബഹുഭാഷിത്വത്തിലേക്കും (Multilingualism) വരികയുമാണ്. ദേശരാഷ്ട്രസങ്കൽപം ദുർബലമാവുമ്പോൾ ബന്ധഭാഷയെന്ന നിലയിൽ ഇംഗ്ലീഷും ദേശ്യഭാഷയും പ്രാധാന്യം നേടുകയാണെന്നാണ് അവരുടെ നിരീക്ഷണം. ദേശരാഷ്ട്രങ്ങൾ പരമാധികാരം, നിയമസാധുത തുടങ്ങിയ രംഗങ്ങളിൽ വെല്ലുവിളികൾ നേരിടുന്നുണ്ടെങ്കിലും രാഷ്ട്രീയവും സൈനികവുമായി അവയുടെ ശക്തിക്ക് ഒരു കോട്ടവും തട്ടിയിട്ടില്ലെന്ന് റൈറ്റും ജൊവൻ പുജോലറും വ്യക്തമാക്കുന്നുണ്ട് (215; "Bilingualism and the Nation-State In the Post-National Era" 85). അന്താരാഷ്ട്രസഖ്യങ്ങൾ തേടാനും രാഷ്ട്രീയസാഹചര്യങ്ങളെ സ്വാധീനിക്കാനും പുതിയ സാമ്പത്തികക്രമവുമായി പൊരുത്തപ്പെടാനും രാഷ്ട്രങ്ങളും ദേശീയവാദികളായ ഉന്നതരും അവരുടെ തന്ത്രങ്ങൾ പുനഃക്രമീകരിക്കുകയാണ്. ഈ തന്ത്രങ്ങളെ പിന്തുണയ്ക്കാൻ ഭാഷകളും ഭാഷാപരമായ പ്രത്യയശാസ്ത്രങ്ങളും ഉപയോഗിക്കപ്പെടുന്നു. രാഷ്ട്രാന്തരീയ കമ്പനികൾ ലോകമാകെ ഫാക്ടറികളും വിപണിയും വ്യാപിപ്പിക്കുകയും അന്താരാഷ്ട്രതലത്തിലുള്ള വേദികളുടെ

സ്വാധീനം വർധിക്കുകയും വൈവിധ്യമാർന്ന ജനസമൂഹങ്ങൾ പരസ്പരബന്ധിതമാവുകയും ചെയ്യുമ്പോൾ പഴയ രാഷ്ട്രസങ്കൽപ്പങ്ങൾ അതേപടി തുടരാനാവുന്നില്ല എന്നതാണ് യാഥാർത്ഥ്യം. പ്രത്യേകിച്ചും പൊതുസേവനങ്ങളെയെല്ലാം വിപണിയുടെ ദാക്ഷിണ്യത്തിന് എറിഞ്ഞുകൊടുക്കാൻ അവ നിർബന്ധിതമാവുന്ന സാഹചര്യത്തിൽ. ഇവിടെ പരമ്പരാഗതമൂല്യങ്ങളിൽനിന്ന് മാറി ചെലവുകളും നേട്ടങ്ങളുമുള്ള ഒന്നായി ഭാഷാനൈപുണികൾ മാറിക്കൊണ്ടിരിക്കുന്നു (89).

## 1.9 വിവരസാങ്കേതികവിപ്ലവവും ഡിജിറ്റൽ വിഭജനവും

ഇരുപതാം നൂറ്റാണ്ട് വൈജ്ഞാനികവിസ്ഫോടനത്തിന്റെ നൂറ്റാണ്ടായി മാറിയെന്ന് നേരത്തേ സൂചിപ്പിക്കുകയുണ്ടായി (കാ. 1.3.4). ആ നൂറ്റാണ്ടിന്റെ രണ്ടാം പാതിയിൽ സവിശേഷമായ മറ്റൊരു ഘട്ടത്തിലേക്ക് വൈജ്ഞാനികരംഗം പ്രവേശിച്ചു. വിവരവിനിമയരംഗത്ത് സംഭവിച്ച കുതിച്ചുചാട്ടത്തെ തുടർന്നായിരുന്നു അത്. ഡിജിറ്റൽ വിപ്ലവം അഥവാ മൂന്നാം വ്യവസായവിപ്ലവം എന്ന് ഇതിനെ വിശേഷിപ്പിക്കുന്നു. വിവരങ്ങളുടെ ഉൽപ്പാദനവും വിനിമയവും വലിയതോതിൽ ഡിജിറ്റൽ സാങ്കേതികവിദ്യകളുടെ സഹായത്തോടെയാണ് ഇപ്പോൾ നടക്കുന്നത്. ഡിജിറ്റൽ വിപ്ലവത്തോടെ ഇൻഫർമേഷൻ യുഗത്തിന്റെ ആരംഭവും കുറിച്ചു. ഡാറ്റയെ വിശകലനം ചെയ്തുകൊണ്ട് മുമ്പ് ആലോചിക്കാൻപോലും പറ്റാത്ത വേഗത്തിലും, ആലോചിക്കാൻ പറ്റാത്ത മേഖലകളിലും ഇപ്പോൾ കടന്നുചെല്ലാൻ കഴിയുന്നു.

ഗുട്ടൻബർഗ് അച്ചടിവിദ്യയുമായി കടന്നുവന്നതാണ് ഒന്നാമത്തെ ഇൻഫർമേഷൻ വിപ്ലവം. രണ്ടാമത്തേതാകട്ടെ ഡിജിറ്റൽ കാലത്തിനുമുമ്പ് രണ്ടാം ലോകയുദ്ധത്തോടെ സംഭവിച്ചതാണ്. വിവരങ്ങളുടെ, വിശിഷ്യാ ശാസ്ത്ര–സാങ്കേതിക മേഖലയിലെ വിവരങ്ങളുടെ ഉൽപ്പാദനത്തിലും മാനേജ്മെന്റിലും ഉയർന്നുവരുന്ന പ്രതിസന്ധിയെ തരണം ചെയ്യാനുള്ള ശ്രമങ്ങളായിരുന്നു അത്. മുപ്പതു വർഷത്തോളം നീണ്ടുനിന്ന ഈ ഘട്ടവും അച്ചടിയെ കേന്ദ്രീകരിച്ചു തന്നെയായിരുന്നു. മൂന്നാം ഘട്ടം ഓൺലൈൻ ഡിജിറ്റൽ ലോകം, ഇന്റർനെറ്റ്, വേൾഡ് വൈഡ് വെബ്ബ് എന്നിവയെല്ലാം കടന്നുവന്ന 1990 മുതലുള്ള കാലമാണ് (Rayward 682).

വൈദ്യുതതരംഗങ്ങളായും വിദ്യുത്കാന്തികതരംഗങ്ങളായും ലക്ഷക്കണക്കിന് നെറ്റ്വർക്കുകളിലൂടെ ഒരു നിമിഷം പോലും ഇടവേളയില്ലാതെ വിവരങ്ങൾ ഒഴുകുന്നു. അവ ലോകത്തെ നിലനിർത്തുകയും മാറ്റിമറിക്കുകയും ചെയ്യുന്നു. അക്ഷരാർത്ഥത്തിൽ

ശൃംഖലകളുടെ ലോകം നിലവിൽ വന്നിരിക്കുന്നു. നേരത്തേ ലഭ്യമല്ലായിരുന്ന ആളുകളി ലേക്കും സ്ഥലങ്ങളിലേക്കും ഇന്റർനെറ്റ് അരിച്ചിറങ്ങുകയാണ്. കഴിഞ്ഞ നൂറ്റാണ്ടിന്റെ പകുതി മുതൽ ട്രാൻസിസ്റ്ററിന്റെ വലിപ്പം ഓരോ രണ്ടുവർഷം തോറും പകുതിയായി കുറ ഞ്ഞുകൊണ്ടിരുന്നു. അറ്റ്ലാന്റിക്ക് സമുദ്രത്തിനടിയിലൂടെയുള്ള ഒപ്റ്റിക്കൽ ഫൈബർ കേബിളിന്റെ ഒരു നാരിൽക്കൂടി ഓരോ സെക്കന്റിലും 10,000,000,000,000 ബിറ്റുകൾ[67] ഒഴുകിക്കൊണ്ടേയിരിക്കും എന്നറിയുമ്പോൾ മൈക്കേൽ ഫാരഡേ (വൈദ്യുതി കണ്ടെ ത്തിയ ശാസ്ത്രജ്ഞൻ) പോലും അന്ധാളിക്കും (Kamalov XXV). 1858 ൽ ആദ്യത്തെ സബ് മറൈൻ കേബിൾ[68] സ്ഥാപിക്കുമ്പോൾ ഒരു മിനിറ്റിൽ ഒരു വാക്ക് വീതമാണ് കൈമാറ്റം ചെയ്യാൻ കഴിഞ്ഞിരുന്നത് എന്നത് ഇന്നത്തെ വളർച്ചയുടെ വ്യാപ്തി[69] ചൂണ്ടിക്കാണിക്കു ന്നു. പണ്ടത്തെ ലോകം ആറ്റങ്ങളാൽ നിർമിതമായിരുന്നെങ്കിൽ ഇപ്പോഴത്തെ ലോകം ബിറ്റുകളാൽ നിർമിതമാണ്.

അച്ചടി കണ്ടുപിടിക്കപ്പെട്ട് അമ്പതു വർഷം പിന്നിട്ടപ്പോൾ യൂറോപ്പിൽ മാത്രം ലഭ്യമാ യിട്ടുള്ള പുസ്തകങ്ങളുടെ എണ്ണം മുപ്പതിനായിരത്തിൽനിന്ന് തൊണ്ണൂറ് ലക്ഷമായെന്നാണ് കണക്കാക്കിയിട്ടുള്ളത് (രവീന്ദ്രൻ and ഇക്ബാൽ 6). വലിയ ചെലവില്ലാതെ പുസ്തക ങ്ങൾ ജനങ്ങൾക്ക് ലഭ്യമായിത്തുടങ്ങിയപ്പോളാണ് അതുവരെ നിലനിന്നിരുന്ന വിജ്ഞാ നക്കുത്തക ഇല്ലാതായത്. സ്ഥല-കാല പരിമിതികളെ മറികടക്കാൻ കഴിയുന്ന ഡിജി റ്റൽ സാങ്കേതികവിദ്യയാകട്ടെ വികേന്ദ്രീകൃതവും ജനാധ്യപത്യവൽക്കരിക്കപ്പെട്ടതുമായ വിജ്ഞാനം എന്ന സങ്കൽപത്തിലേക്കുള്ള വലിയൊരു കാൽവെപ്പാണ്. അക്ഷരങ്ങളും അക്കങ്ങളും മാത്രമല്ല, ചിത്രങ്ങളും ശബ്ദവും പുതിയ സാങ്കേതികവിദ്യയ്ക്ക് അന്യമല്ല. ജീവിത ത്തിന്റെ സമസ്ത മേഖലകളെയും സ്പർശിക്കുന്ന ഒന്നായി ഇതിനകം ഇന്റർനെറ്റ് മാറി ക്കഴിഞ്ഞിരിക്കുന്നു. വിവരങ്ങളുടെ ഉൽപാദനവും വിനിമയവും വലിയതോതിൽ ഡിജിറ്റൽ സാങ്കേതികവിദ്യകളിൽ അധിഷ്ഠിതമായി മാറിയതോടെ സാമ്പ്രദായിക വൈജ്ഞാനി കമേഖലകളും പുതിയകാലത്തോട് ഉദ്ഗ്രഥിച്ചുകൊണ്ട് ഇ-സയൻസ്, ഇ-ലേണിങ്ങ് എന്നിങ്ങനെ തങ്ങളുടെ ഇ- രംഗങ്ങളിലേക്ക് കടന്നുകഴിഞ്ഞു. പഴയ പുസ്തകങ്ങളും കാറ്റ ലോഗുകളുമെല്ലാം പുതിയ രൂപം കൈവരിക്കുന്നു. ആർക്കും വിജ്ഞാനം വലിയ ചെലവി ല്ലാതെയും കാലതാമസമില്ലാതെയും ലഭിക്കുവാനുള്ള സാധ്യതയാണ് ഇൻഫർമേഷൻ യുഗം തുറന്നുതരുന്നത്.

ഒരുവശത്ത് നേട്ടങ്ങളുടെ പട്ടിക നീളുമ്പോൾ മറുവശത്ത് പുതിയ പ്രശ്നങ്ങളും ഉടലെ ടുക്കുന്നുണ്ട്. മനുഷ്യസമൂഹത്തോടൊപ്പം വളർന്നുവന്ന, സമൂഹത്തിന്റെ പൊതു സ്വത്തായ വിജ്ഞാനത്തെ തങ്ങളുടേതാക്കി കുത്തകവൽക്കരിക്കാനുള്ള മൂലധന

ശക്തികളുടെ ശ്രമങ്ങൾ ഡിജിറ്റൽയുഗത്തോടെ ഭീമാകാരം കൈവരിച്ചിരിക്കുന്നു (മുരളീധരൻ, *വിജ്ഞാനവും വിജ്ഞാനഭാഷയും* 180). ബൗദ്ധികസ്വത്തവകാശനിയമത്തെ മറയാക്കി ലാഭം കൊയ്യാനുള്ള ഉപാധിയായി വിജ്ഞാനത്തെ മാറ്റുകയും അറിവിന്റെ ജനാധിപത്യവൽക്കരണത്തെ തടഞ്ഞുനിർത്തുകയും ചെയ്യുകയാണിപ്പോൾ നവലിബറൽ ശക്തികൾ. ഏതൊരറിവും അതിന്റെ മുന്നറിവുകളിലാണ് നിർമിക്കപ്പെടുന്നതെന്നിരിക്കെ, അതിന്റെ ഒരു പടവിനെ ഒറ്റതിരിച്ച് കുത്തകയാക്കുന്നത് ഉചിതമല്ലെന്നുമാത്രമല്ല, അത് സാമാന്യനീതിക്ക് നിരക്കാത്തതുമാണ്. അറിവിന്റെ സാർവത്രികതയാണ് വളർന്നുവരേണ്ടത്. സാധ്യതകൾ തുറക്കപ്പെട്ടെങ്കിലും അറിവിന്റെ സാർവദേശീയമായ ലഭ്യതയും പങ്കുവെക്കലും നടപ്പിലായില്ല. മാത്രമല്ല, ഡിജിറ്റൽ ഡിവൈഡ് എന്ന പേരിൽ പുതിയൊരു വേർതിരിവുകൂടി സമൂഹത്തിൽ രൂപമെടുക്കുകയാണുണ്ടായത്. ഇതിന്റെ ഫലമായി ലോകജനസംഖ്യയിലെ വലിയൊരു വിഭാഗം ഇൻഫർമേഷൻ വിപ്ലവത്തിന്റെ നേട്ടങ്ങളിൽ നിന്ന് അന്യവൽക്കരിക്കപ്പെട്ടിരിക്കുന്നു. വിജ്ഞാനസമൂഹമെന്ന[70] സ്വപ്നത്തിന് ഇത് വലിയതോതിലുള്ള തടസ്സങ്ങൾ സൃഷ്ടിക്കുന്നു.

അറിവിന്റെ ഈ കുത്തകവൽക്കരണത്തോടുള്ള ക്രിയാത്മകമായ പ്രതിഷേധവും പ്രതിരോധവും എന്ന നിലയിലാണ് സ്വതന്ത്രപ്രസ്ഥാനങ്ങളുടെ (Open Movements) ആവിർഭാവം. സ്വതന്ത്ര വിജ്ഞാനം, സ്വതന്ത്ര സോഫ്റ്റ്‌വെയർ, സ്വതന്ത്ര ലഭ്യത, സ്വതന്ത്ര സയൻസ് എന്നിവയെല്ലാം അത്യന്തം പ്രാധാന്യമർഹിക്കുന്ന പ്രസ്ഥാനങ്ങളാണ്. ഇവിടെ സ്വതന്ത്രം എന്ന വാക്ക് നാല് കാര്യങ്ങളെ പ്രതിനിധീകരിക്കുന്നുണ്ട്. Reuse (പുനരുപയോഗം), Revise (പുതുക്കൽ), Remix (കൂട്ടിച്ചേർക്കൽ), Redistribution (പുനർവിതരണം) എന്നീ നാല്പ ലക്ഷ്യങ്ങളെ 4Rs എന്ന് വിവക്ഷിക്കാറുണ്ട്. വൈജ്ഞാനികരംഗത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ നിർണായകഘടകമായി ഇത്തരം കൂട്ടായ്മകൾ മാറിക്കൊണ്ടിരിക്കുന്നു.

വിജ്ഞാനസമൂഹമെന്ന സങ്കൽപ്പനത്തെ ഇവിടെ ചെറുതായി വിശദീകരിക്കേണ്ടതുണ്ട്. ഇരുപതാം നൂറ്റാണ്ടിൽ യാഥാർത്ഥ്യമായ വിജ്ഞാനവിസ്ഫോടനത്തിന്റെയും ഡിജിറ്റൽ വിപ്ലവത്തിന്റെയും പശ്ചാത്തലത്തിൽ വിജ്ഞാനസമൂഹത്തെക്കുറിച്ചുള്ള ചർച്ചകൾക്ക് പുതിയ മാനങ്ങൾ കൈവരുന്നു. സാമൂഹികവും നൈതികവും രാഷ്ട്രീയവുമായ അടിത്തറയുള്ള വിജ്ഞാനസമൂഹസങ്കൽപ്പം വിശാലമായ അർത്ഥതലങ്ങളെ ഉൾക്കൊള്ളുന്നതാണ്. ശാസ്ത്ര-സാങ്കേതികരംഗത്തെ പുരോഗതികളാൽ പ്രചോദിതമാകുന്നുവെന്നതുമാത്രമല്ല വിജ്ഞാനസമൂഹത്തിന്റെ പ്രത്യേകത. അത് സംസ്കാരം, ഭാഷ തുടങ്ങിയ നിരവധി ഘടകങ്ങളെ ഉൾക്കൊള്ളുന്നതുമാണ്. വിജ്ഞാനത്തിന്റെ

സാർവത്രികവും തുല്യതപുലരുന്നതുമായ പ്രാപ്യത വിജ്ഞാനസമൂഹസങ്കൽപത്തിന്റെ ആണിക്കല്ലാണ്. വിജ്ഞാനത്തിന്റെ പ്രാപ്യതയിലുണ്ടാവുന്ന പ്രശ്നങ്ങൾ വിജ്ഞാനത്തിന്റെ ഉൽപാദനത്തെ എങ്ങനെയെല്ലാം ബാധിക്കുന്നു എന്നതിനെ അടിവരയിടുകയാണ് സാംസ്കാരികവും ഭാഷാപരവുമായ വൈവിധ്യത്തിന്റെ വർധിച്ചുവരുന്ന പ്രാധാന്യം. ജ്ഞാനോദയകാലത്ത് രൂപപ്പെട്ട, അറിവിന്റെ സാർവത്രികത, പൊതുമണ്ഡലം തുടങ്ങിയ ആശയഗതികളുടെ വളർച്ചയാണത്. അഭിപ്രായസ്വാതന്ത്ര്യം, വിദ്യാഭ്യാസത്തിനായുള്ള അവകാശം, സാമൂഹിക- സാംസ്കാരിക ജീവിതത്തിൽ സ്വതന്ത്രമായി പങ്കെടുക്കാനുള്ള അവകാശം എന്നിവയിലെല്ലാം പുതിയകാലത്തെ വിജ്ഞാനസമൂഹസങ്കൽപം ഊന്നണം (UNESCO, *Towards knowledge societies- Unesco world report* 17,18). വിജ്ഞാനസമൂഹത്തെക്കുറിച്ചുള്ള ഇത്തരമൊരു സങ്കൽപത്തിന്റെ പശ്ചാത്തലത്തിൽ വേണം വൈജ്ഞാനികവിനിമയരംഗത്ത് നിലനിൽക്കുന്ന അസന്തുലിതാവസ്ഥയെപ്പറ്റി ചർച്ച ചെയ്യാൻ.

## 1.10 വൈജ്ഞാനികവിനിമയത്തിലെ അസന്തുലിതാവസ്ഥ

ഭാഷയും ശാസ്ത്രവും തമ്മിലുള്ള ബന്ധമെന്ന നിലയിൽ ശാസ്ത്രവിനിമയം എന്നത് പ്രായോഗിക ഭാഷാശാസ്ത്രത്തിന്റെ മേഖലയാണ്. ശാസ്ത്രവിനിമയമെന്നത് ഗവേഷണഫലങ്ങളും മറ്റ് അറിവുകളും പ്രസരണം ചെയ്യാനുള്ള ഒരു കൂട്ടം വ്യവഹാരരൂപങ്ങളാണ്. പ്രേഷകരും സ്വീകർത്താക്കളും മാറുന്നതിനനുസരിച്ച് [71] ഇതിന്റെ ആശയവിനിമയരീതികളിൽ വ്യത്യാസം വരാം. അത്തരം വ്യതാസങ്ങൾ അഥവാ വഴക്കങ്ങൾ സാമ്പത്തികമോ, ജനസംഖ്യാപരമോ, രാഷ്ട്രീയമോ ആയ സാമൂഹികഘടകങ്ങൾക്ക് അനുസൃതമായാണ് രൂപപ്പെടുന്നത്. ഇവയാകട്ടെ വൈജ്ഞാനികവിനിമയരംഗത്ത് പരസ്പരം മത്സരിക്കുന്ന ഭാഷകളിൽ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു (Carli and Calaresu 1).

വൈജ്ഞാനികവിനിമയരംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾക്കുപുറകിൽ രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവും സാങ്കേതികവുമായ കാരണങ്ങളോടൊപ്പം ഭാഷാപരമായ പ്രശ്നങ്ങൾ കൂടിയുണ്ട് (Ammon, "Language Planning for International Scientific Communication" 1). എന്നാൽ കാർളിയും കലരേശുവും മറ്റൊരു കോണിൽനിന്നാണ് പറഞ്ഞുതുടങ്ങുന്നത്. വൈജ്ഞാനികവിനിമയത്തെ കൈകാര്യം ചെയ്യുകയെന്നാൽ

ശാസ്ത്രഗ്രന്ഥങ്ങളിലെയും പ്രബന്ധങ്ങളിലെയും ഭാഷാശാസ്ത്രപരമായ ഘടകങ്ങളു ടെയും വ്യവഹാരങ്ങളുടെയും വിവരണവും വ്യാഖ്യാനവും ആണെന്നാണ് പൊതു വേയുള്ള ധാരണ. തീർച്ചയായും പ്രൊഫഷണലായ ഉപയോഗത്തിനുള്ള ഭാഷ (language for professional purposes-LPP), സവിശേഷഭാഷ (language for specific purposes-LSP) എന്നിവയൊക്കെ ഈ ദിശയിലുള്ളവതന്നെ. എന്നാൽ ശാസ്ത്രവിനിമയത്തെ പഠനവിധേയമാക്കുമ്പോൾ, സവിശേഷ സാമൂഹിക അർത്ഥങ്ങളു മായുള്ള അവയുടെ ബന്ധം കാണിക്കുന്ന വിധത്തിൽ, വ്യവഹാരത്തിന്റെ വിശാലമായ തലങ്ങളിൽ ഭാഷയെ വിശകലനം ചെയ്യേണ്ടതുണ്ട്. അതുകൊണ്ട് ശാസ്ത്രഭാഷയുടെ വിശകലനം പദകോശപരവും വ്യാകരണപരവും വാക്യപരവുമായ തിരഞ്ഞെടുപ്പുകളെ സ്വാധീനിക്കുന്ന പ്രത്യേക സാമൂഹികഭാഷാമാനങ്ങളെ മുൻനിർത്തി കേന്ദ്രീകരിക്കുന്നത് പ്രസക്തമാവും. കാരണം അതിന്റെ പരസ്പരബന്ധത്തിൽനിന്നാണ് ശാസ്ത്രീയ ആശയ വിനിമയത്തിന്റെ പ്രതീകാത്മക മൂല്യം ഉടലെടുക്കുന്നത്. ശാസ്ത്രവിനിമയത്തെ നമുക്ക് ബഹുകാലിക (diachronic), ബഹുസ്ഥലിക (diatopic), ബഹുസാന്ദർഭിക (diaphasic), ഡയമെസിക് (diamesic)[72] രീതികളിൽ പരിശോധിക്കാം. ഭൂമിശാസ്ത്രപരമായി വൈവി ധ്യമാർന്നതും വ്യത്യസ്തവുമായ പ്രദേശങ്ങളിൽ സയൻസ് രൂപപ്പെടുത്തുന്നതിന്റെ സവിശേഷതകൾ ബഹുസാന്ദർഭിക രീതിയനുസരിച്ച് ചൂണ്ടിക്കാണിക്കേണ്ടതുണ്ട്. ഈ പ്രദേശങ്ങൾ ഭാഷാപരമായ തിരഞ്ഞെടുപ്പുകളാൽ മാത്രമല്ല, പ്രാദേശികമോ ദേശീയമോ കൂടുതൽ ആഴത്തിൽ വേരുകളുള്ള മേഖലാ തലത്തിലുള്ളതോ ആയ സാംസ്കാരിക പാരമ്പര്യങ്ങളാൽ സവിശേഷങ്ങളാണ്. ശാസ്ത്രവിനിമയത്തിന്റെ ബഹുസ്ഥലികമാനം ഇക്കാലത്ത് ആഗോളീകരണത്താൽ ഭാഗികമായി നിർവീര്യമാക്കപ്പെടുകയാണ്. പ്രത്യേകിച്ചും സാമ്പത്തിക- രാഷ്ട്രീയ രംഗങ്ങളുമായി വലിയ തോതിൽ ബന്ധപ്പെട്ട ശാസ്ത്ര-സാങ്കേതിക മേഖലകളിൽ (“Language and Science” 2).

അന്താരാഷ്ട്രതലത്തിൽ വൈജ്ഞാനികരംഗത്ത് നിലനിൽക്കുന്ന ഏകഭാഷിത്വ (മോണോലിംഗ്വലിസം) ത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് 1970 കൾ മുതൽതന്നെ പഠനങ്ങൾ നടന്നിട്ടുണ്ട്. എന്തുകൊണ്ട് ഇന്നുള്ളതുപോലൊരു (കാ. 1.7.3) സ്ഥിതിവി ശേഷം എന്നത് ഗൗരവമായൊരു പ്രശ്നമാണ്. വൈജ്ഞാനികവ്യവഹാരങ്ങൾ ഏത് ഭാഷയിലെന്നത് വ്യക്തികളുടെ തീരുമാനമാണെന്ന് വാദിക്കാമോ? അങ്ങനെ പറയാ മെങ്കിലും വ്യക്തികളുടെ തീരുമാനത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ എന്താണെന്ന് പരിശോധിക്കേണ്ടതുണ്ട്. ഇംഗ്ലീഷ് മാതൃഭാഷയോ ദേശ്യഭാഷയോ അല്ലാത്തവർ സ്വന്തം പ്രബന്ധങ്ങളും പുസ്തകങ്ങളും ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കുന്നത്, അതുവഴി തങ്ങൾക്കു ലഭി

ക്കുമെന്ന് കരുതുന്ന മെച്ചങ്ങളെ മുൻനിർത്തിയാണെന്നു കാണാം. കൂടുതൽ വിപുലമായ വായനാസമൂഹത്തിലേക്ക് എത്തിച്ചേരൽ, ലഭിക്കാൻ സാധ്യതയുള്ള കൂടുതൽ അവസരങ്ങൾ, ഭാവിയിലെ തൊഴിൽ സാധ്യതകൾ, ഉപരിപഠനങ്ങൾക്കുള്ള ഫണ്ടുകളടക്കമുള്ള അവസരങ്ങൾ എന്നിങ്ങനെ ഈ സാധ്യതകളുടെ പട്ടിക നീളും. അതായത് മറ്റെന്തിനെക്കാളും മുന്നിലേക്ക് ഇവിടെ കടന്നുവരുന്നത് കമ്പോളതാൽപ്പര്യങ്ങൾതന്നെയാണ് (മുരളീധരൻ, *വിജ്ഞാനവും വിജ്ഞാനഭാഷയും* 278). ഇംഗ്ലീഷിന്റെ വ്യാപനം മുകളിൽനിന്ന് അടിച്ചേൽപ്പിച്ച ഒരു പ്രക്രിയ എന്നതിലുപരി കമ്പോളതാൽപ്പര്യങ്ങളാൽ പ്രചോദിതമായി താഴെനിന്ന് മുകളിലേക്ക് നടന്ന ഒരു പ്രക്രിയ ആണെന്ന കാര്യം കൂടി പരിഗണിക്കേണ്ടതുണ്ട് (Ferguson, “The Global Spread of English, Scientific Communication and ESP” 33). രാഷ്ട്രീയ ബലാബലങ്ങൾ ശാസ്ത്രഭാഷയെ സ്വാധീനിക്കുന്നു എന്നാണ് അതിന്റെ ചരിത്രവും വിശദീകരിച്ചത്(How did science come to speak only English?). ശാസ്ത്രരംഗത്തെയും ശാസ്ത്രജേണലുകളിലെയും പങ്കാളിത്തം അതാത് രാജ്യങ്ങളുടെ സാമ്പത്തികാവസ്ഥയുമായി ബന്ധപ്പെട്ടിരിക്കുന്നതായും കാണാം. അവികസിത രാജ്യങ്ങളുടെ പങ്കാളിത്തം കുറഞ്ഞുതന്നെയിരിക്കുന്നു.[73] ശാസ്ത്ര–സാങ്കേതികരംഗങ്ങളിലെ മുന്നേറ്റങ്ങളിലും ശാസ്ത്രപ്രസിദ്ധീകരണങ്ങളുടെ രംഗത്തുമെല്ലാം ഏറ്റവും മുന്നിൽ നിൽക്കുന്നത് അമേരിക്കയാണ് (B and Oh 130).[74] എന്തെങ്കിലും കാരണവശാൽ അമേരിക്കൻ അധീശത്വം ലോകരാഷ്ട്രീയത്തിൽ ഇല്ലാതായാൽപോലും ഒരു ബന്ധഭാഷയായി തുടരാൻ കഴിയുംവിധം ഇംഗ്ലീഷ് ഭാഷകരുടെ എണ്ണം ക്രിട്ടിക്കൽ മാസ്[75] ആയി മാറിയിട്ടുണ്ടെന്നും (Wright 177) നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

സൈറ്റേഷൻ ഇൻഡക്സുകൾ വൈജ്ഞാനികവിനിമയരംഗത്തെ സ്വാധീനിക്കുന്ന മറ്റൊരു പ്രധാന ഘടകമാണ്. സൈറ്റേഷൻ ഇൻഡക്സുകളെ ഇംഗ്ലീഷ് ഭാഷയുടെ പ്രചാരണത്തിനുവേണ്ടി ഉപയോഗപ്പെടുത്തുന്നതായി കരുതേണ്ടി വരും. വലിയ പ്രചാരമുള്ള സൈറ്റേഷൻ ഇൻഡക്സുകളായ സയൻസ് സൈറ്റേഷൻ ഇൻഡക്സ് (SCI), സോഷ്യൽ സയൻസ് സൈറ്റേഷൻ ഇൻഡക്സ് (SSCI), ആർട്സ് & ഹ്യൂമാനിറ്റീസ് സൈറ്റേഷൻ ഇൻഡക്സ് (A and HCI) എന്നിവയുടെ ശിൽപ്പിയായ യൂജീൻ ഗാർഫീൽഡ് (Eugene Garfield)[76] ഇത്തരത്തിൽ മറയില്ലാതെ പ്രവർത്തിച്ച വ്യക്തിയാണ് (Ammon, “Language Planning for International Scientific Communication” 8). മറ്റു ഭാഷകളിൽ പ്രസിദ്ധീകരിക്കപ്പെടുന്ന പ്രബന്ധങ്ങളെ സൈറ്റേഷൻ ഇൻഡക്സുകൾ തമസ്കരിക്കുന്ന കാര്യം *ശാസ്ത്ര ആനുകാലികങ്ങളിലെ ഇംഗ്ലീഷിന്റെ ആധിപത്യവും ശാസ്ത്രത്തിലെ ഭാഷാ ഉപയോഗത്തിന്റെ ഭാവിയും (The dominance of English in the international*

*scientific periodical literature and the future of language use in science)* എന്ന പ്രബന്ധത്തിൽ ഹമേലും ചൂണ്ടിക്കാണിക്കുന്നുണ്ട്. ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചാലേ ജേണലുകൾ സൈറ്റേഷൻ ഇൻഡക്സിൽ പെടുകയുള്ളൂ എന്നുവരുന്ന സ്ഥിതിവിശേഷം ആശാവഹമല്ല. അത് പ്രസാധകരുടെയും എഴുത്തുകാരുടെയുംമേൽ സമ്മർദം ചെലുത്തുന്നു. ജേണലുകളുടെ ഇംപാക്റ്റ് ഫാക്റ്ററി (impact factor- IF)നെക്കുറിച്ചും ഇതേ ദിശയിലുള്ള നിരീക്ഷണങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതിനെക്കുറിച്ച് സുവ്യക്തമായ നിരവധി പഠനങ്ങൾ ഉണ്ടായിട്ടുമുണ്ട്. ഇംപാക്റ്റ് ഫാക്ടർ നിർണയിക്കാനുള്ള മാനദണ്ഡങ്ങളിൽ ഇംഗ്ലീഷ് ഭാഷ ഒരു ഘടകമായി കടന്നുവരുന്നില്ലെങ്കിലും അത് ഒരു രഹസ്യനിർമാർജനഘടകമായി മാറുന്നു. ജേണലിന്റെ ഇംപാക്റ്റ് ഫാക്റ്റർ അതിന്റെ കീർത്തി, ലേഖകരെ ആകർഷിക്കാനുള്ള കഴിവ് എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇംപാക്റ്റ് ഫാക്ടർ കൂടിയ ഭൂരിഭാഗം ജേണലുകളും ഇംഗ്ലീഷിൽ പുറത്തിറങ്ങുന്നവയാണ്. പ്രസാധനം ഇംഗ്ലീഷിലേക്കു മാറ്റി ഐ. എഫ്. നിരക്ക് ഉയർത്താനുള്ള ശ്രമങ്ങളിലാണ് ജേണലുകൾ (Carli and Calaresu 12). വിവിധ ഭാഷകളിലെ ജേണലുകൾ ഒന്നാം ഘട്ടത്തിൽ ബഹുഭാഷകളിലുള്ള പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുന്നവയായും രണ്ടാം ഘട്ടത്തിൽ ഇംഗ്ലീഷുമാത്രജേണലുകളായും മാറുന്നതായി കാണാം.[77]

ജേണലുകൾ, കോൺഫറൻസുകൾ, മറ്റുതരത്തിലുള്ള ആശയവിനിമയങ്ങൾ എന്നിവയെല്ലാം ഇംഗ്ലീഷിലേക്ക് മാറുന്ന സ്ഥിതിയുള്ളതിനാൽ ഇംഗ്ലീഷേതര ഭാഷകളിൽ വൈജ്ഞാനികവിനിമയം നടത്താൻ മുതിരുന്ന വ്യക്തികൾ വിഷയമണ്ഡലത്തിൽ നിന്ന് പുറത്താകുമെന്നുള്ള അവസ്ഥ നിലനിൽക്കുന്നു.[78] ഇംഗ്ലീഷേതര ഭാഷകർ തങ്ങളുടെ ഭാഷയ്ക്കുപുറമേ ഇംഗ്ലീഷു പഠിക്കുന്നുണ്ടെങ്കിലും ഇംഗ്ലീഷ് ഭാഷകർ മറ്റൊരു ഭാഷയും പഠിക്കാൻ തയ്യാറാകുന്നില്ല; അവർക്കതിന്റെ ആവശ്യവുമില്ല. വിദേശഭാഷാ പഠനത്തിന് മുൻകാലങ്ങളിൽ അമേരിക്കൻ സർവകലാശാലകൾ നൽകിയിരുന്ന പ്രാമുഖ്യത്തിൽനിന്ന് അവർ പിന്നോട്ടുപോയി. ഇംഗ്ലീഷേതര രാജ്യങ്ങളിലാവട്ടെ വിദേശ ഭാഷാപഠനമെന്നത് ഇംഗ്ലീഷ് മാത്രമായി ചുരുങ്ങുകയും ചെയ്യുന്നു. *ഇംഗ്ലീഷ് ഒരു ബന്ധഭാഷയെന്ന നിലയിലുള്ള സമീപനം:ഭാഷാപരമായി നീതിയുക്തമോ? (The English as a lingua-franca approach: Linguistic fair play?)* എന്ന പ്രബന്ധത്തിൽ ഇങ്ങനെ അഭിപ്രായപ്പെടുന്നുണ്ട്: ഇംഗ്ലീഷ് ഒരു യഥാർത്ഥ ബന്ധഭാഷ[79] അല്ലാത്തതിനാൽ അത് തുല്യത ഉറപ്പു വരുത്തുന്നില്ല. ദേശ്യഭാഷകരല്ലാത്ത അതിന്റെ ഉപയോക്താക്കൾ ന്യായരഹിതമായി പരിചരിക്കപ്പെടുന്നു (Fiedler 213).

അടിസ്ഥാനപരമായി ചർച്ചചെയ്യേണ്ട പ്രശ്നം ശാസ്ത്രവ്യവഹാരത്തിന് ഏകഭാഷ ആവശ്യമോ എന്നതാണ്. പൂർണമായും ഇംഗ്ലീഷിന് വൈജ്ഞാനികവ്യവഹാരം അടിപ്പെട്ടിരിക്കുന്നെങ്കിലും ദ്വിതീയ തലത്തിലുള്ള രേഖകൾ ചൂണ്ടിക്കാണിക്കുന്നത് ഈ വിഷയം ഇപ്പോഴും സജീവ ചർച്ചാവിഷയമാണെന്നാണ്. വായനക്കാരുടെ കത്തുകളായും എഡിറ്റോറിയലുകളായും പ്രശ്നം ഇപ്പോഴും ജേണലുകളിൽ സജീവമായി നിലനിൽക്കുന്നുണ്ടെന്ന് കലരേശ്ശ രേഖപ്പെടുത്തുന്നു. ശാസ്ത്രരംഗത്തെ സാർവലൗകികതയെന്നത് രീതിശാസ്ത്രപരം, ധാർമികം, ഭാഷാശാസ്ത്രപരം എന്നിങ്ങനെ മൂന്ന് തലങ്ങളുമായെങ്കിലും ബന്ധപ്പെട്ടിരിക്കുന്നു. രീതിശാസ്ത്രപരമായി ഇത് ഒഴിച്ചുകൂടാൻ വയ്യാത്ത ഒന്നുതന്നെ എന്നതിൽ തർക്കമുണ്ടാവില്ല. ശാസ്ത്രതത്വങ്ങൾ എവിടെവച്ച് പരിശോധിക്കാനും തെറ്റെന്ന് തെളിയിക്കാനുള്ള സാധ്യത തുറന്നിടുന്നതുമാവണം. രീതിശാസ്ത്രപരമായ സാർവലൗകികത ഇല്ലാത്ത കാര്യങ്ങളെ ശാസ്ത്രം എന്ന് വിവക്ഷിക്കാൻ കഴിയില്ല; അവയെ കപടശാസ്ത്രമെന്ന വിഭാഗത്തിലാണ് ഉൾപ്പെടുത്തുക. എന്നാൽ, ഏതെങ്കിലുമൊരു പ്രത്യേക ഭാഷയിലാണ് എഴുതിയത് എന്നതിനാൽ ഒരു ശാസ്ത്രതത്വത്തിന്റെ ശാസ്ത്രീയത കുറയുന്നില്ല. ശാസ്ത്രത്തിന്റെ ആവശ്യങ്ങൾക്കുമാത്രമായി പ്രകൃതിഭാഷകളിൽനിന്ന് വ്യത്യസ്തമായതും ഒരു വിഭാഗത്തോടും ഒട്ടിനിൽക്കാത്തതുമായ ഒരു ഭാഷ സൃഷ്ടിച്ചെടുക്കാനുള്ള ശ്രമങ്ങൾ വലിയതോതിൽ ഒരുകാലത്ത് നടന്നിരുന്നു. 1850 കളുടെ തുടക്കത്തിൽത്തന്നെ പ്രയോറി ഭാഷകൾ, പോസ്റ്റെറിയോറി ഭാഷകൾ[80] എന്നൊക്കെയുള്ള സങ്കൽപ്പങ്ങൾ രൂപപ്പെടുകയും തുടർന്ന് അവ പ്രായോഗികമാക്കാനുള്ള സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്തു. വ്യത്യസ്തങ്ങളായ കാരണങ്ങളാലാണെങ്കിലും അവയൊന്നും ഫലപ്രാപ്തിയിൽ എത്തിയില്ല.[81]

ശാസ്ത്രഭാഷയുടെ രംഗത്ത് ഇംഗ്ലീഷ് നേടിയ ഈ മേൽക്കൈ ഇംഗ്ലീഷേതര രാജ്യങ്ങളിലെ ഉന്നതവിദ്യാഭ്യാസരംഗത്തെയും അടിമുടി മാറ്റിമറിച്ചു കഴിഞ്ഞിരിക്കുന്നു. ഇംഗ്ലീഷുമാധ്യമ വിദ്യാഭ്യാസം ഉന്നതവിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും ലക്ഷ്യത്തെത്തന്നെ ബാധിക്കുന്നു. ബ്രിട്ടീഷ് കൗൺസിലിന്റെ റിപ്പോർട്ടുപ്രകാരം ആഗോളതലത്തിൽ 90 ശതമാനത്തിനു മുകളിൽ സ്വകാര്യയൂണിവേഴ്സിറ്റികളും 78 ശതമാനത്തിനുമുകളിൽ പൊതു യൂണിവേഴ്സിറ്റികളും ഇംഗ്ലീഷുമാധ്യമ വിദ്യാഭ്യാസം പിന്തുടരുന്നവയാണ്. ദേശീയ വിദ്യാഭ്യാസനയങ്ങളിൽ അനുഗുണമായ രീതിയിലുണ്ടായ മാറ്റങ്ങളാണ് ഇംഗ്ലീഷുമാധ്യമ വിദ്യാഭ്യാസത്തിന് വളരാൻ സാഹചര്യമൊരുക്കിയതെന്നും ഇപ്പോഴത് നിർത്താൻ കഴിയാത്ത ഒരു തീവണ്ടി (unstoppable train) ആണെന്നും റിപ്പോർട്ട് അഭിപ്രായപ്പെടുന്നുണ്ട് (Galloway 14).[82] ഇംഗ്ലീഷുമാധ്യമ വിദ്യാഭ്യാ

സത്തിലേക്ക് സ്വാധീനിക്കുന്ന ഘടകങ്ങളായി, ഉന്നതവിദ്യാഭ്യാസ നയങ്ങളിൽ ഇംഗ്ലീഷുമാധ്യമ വിദ്യാഭ്യാസം പ്രത്യേകമായി ഏർപ്പെടുത്തൽ, ഉന്നതവിദ്യാഭ്യാസരംഗത്തെ അന്താരാഷ്ട്രസ്ഥാപനങ്ങളോടൊപ്പം വളരാനുള്ള ആഗ്രഹം, സ്ഥാപനങ്ങളുടെ റാങ്കിങ്ങ് വർധിപ്പിക്കാനുള്ള സമ്മർദം, രാജ്യത്തിന്റെ വളർച്ചയിൽ ഉന്നതവിദ്യാഭ്യാസത്തിനുള്ള പങ്ക് തിരിച്ചറിയൽ, പ്രാഥമിക, ഉന്നതവിദ്യാഭ്യാസതലങ്ങളിലുള്ള ദ്വിഭാഷാ നയങ്ങൾ, തൊഴിലിടങ്ങളിലെ ഇംഗ്ലീഷുനയങ്ങൾ എന്നിവയാണെന്നും ഈ റിപ്പോർട്ട് അഭിപ്രായപ്പെടുന്നു.

ദേശീയം, അന്തർദേശീയം എന്നീ അതിർവരമ്പുകളെ ആഗോളീകരണം ഇല്ലാതാക്കിക്കൊണ്ടിരിക്കുകയാണ് എന്ന് പൊതുവിൽ കരുതാറുണ്ടെങ്കിലും അത് അമേരിക്കയുടേത് ഒഴികെയാണ് എന്നതാണ് വസ്തുത. അതുകൊണ്ടുതന്നെ ഹമേൽ ചൂണ്ടിക്കാണിക്കുന്നതുപോലെ ഇംഗ്ലീഷിന്റെ അധീശത്വമെന്നതിന് യു.എസ്.എ. യുടെ അധീശത്വം ("The dominance of English" 63)എന്നർത്ഥമാവും. ഒരു രാഷ്ട്രത്തിന്റേതുമല്ലാത്ത രീതിയിലേക്ക് ഇംഗ്ലീഷ് ആഗോളഭാഷയായി മാറിക്കഴിഞ്ഞു എന്ന വാദം ഇതിനെ മറയിടാൻ വേണ്ടിയുള്ളതാണ്. വിവിധരാഷ്ട്രങ്ങളിലെ ശാസ്ത്രനയങ്ങളെയും ശാസ്ത്രവിദ്യാഭ്യാസത്തെയും തങ്ങൾക്കനുകൂലമായ വിധത്തിൽ മാറ്റിയെടുക്കാനുള്ള യു.എസ്.എ.യുടെ ശ്രമങ്ങളെ ഇതുമായി ചേർത്തുവായിക്കുകയും വേണം. ഭാഷകളുടെ ശ്രേണീവൽക്കരണവും ഒഴിവാക്കൽ/ അരികുവൽക്കരണവുമാണ് യഥാർത്ഥത്തിൽ സംഭവിക്കുന്നത്. നേരത്തെ ശാസ്ത്രരംഗത്ത് മുൻപന്തിയിൽ നിന്നിരുന്ന ഭാഷകൾക്കാവട്ടെ അവയുടെ പദവിയിലുള്ള (Status) ശോഷണവും. ശാസ്ത്രത്തെ ഒരു ഭാഷയിലേക്ക് ചുരുക്കിക്കെട്ടുന്നത് ആത്യന്തികമായി ശാസ്ത്രത്തിന്റെതന്നെ ശോഷണത്തിലേക്ക് നയിക്കില്ലേ എന്ന കാര്യവും പരിശോധിക്കേണ്ടതുണ്ട്. ലാറ്റിനിൽനിന്ന് ദേശ്യഭാഷകളിലേക്ക് പറിച്ചുനട്ടപ്പോഴാണ് വലിയതോതിലുള്ള വൈജ്ഞാനികമുന്നേറ്റം യാഥാർത്ഥ്യമായതെന്ന് നേരത്തെ വിശദീകരിച്ചു. ദേശ്യഭാഷയിൽ ശാസ്ത്രം കൈകാര്യംചെയ്യുകയെന്നത് അതിന്റെ ജനാധിപത്യവൽക്കരണത്തിന്റെ ഭാഗംകൂടിയാണ്. നാടിന്റെ ഭാഷയിൽ അറിവുനിർമാണമെന്ന ആശയത്തിന്റെ കടയ്ക്കൽ കത്തിവെക്കുന്ന ഒന്നായി ഇന്നത്തെ സ്ഥിതി മാറുന്നുണ്ടെന്നത് അതിഗൗരവമായ വിഷയമാണ്. ഈ പ്രശ്നത്തെ അഭിസംബോധന ചെയ്യാൻ ഭാഷാസൂത്രണത്തിനുള്ള സാധ്യതകളെ പരിശോധിക്കേണ്ടതുണ്ട്. അതിനുമുമ്പായി ഭാഷാസൂത്രണം എന്ന സങ്കൽപനത്തെ അൽപമൊന്ന് വിശദീകരിക്കേണ്ടതുണ്ട്.

## 1.11 ഭാഷാസൂത്രണം

സാമൂഹികഭാഷാശാസ്ത്രത്തിന്റെ ഉപവിഭാഗമായി പരിഗണിച്ചുപോരുന്ന ഒരു ജ്ഞാന മേഖലയാണ് ഭാഷാസൂത്രണം (Language Planning). ഭാഷാസൂത്രണം എന്ന പ്രക്രിയ യുടെ ചരിത്രത്തിന് ഭാഷയുടെ ചരിത്രവുമായി ബന്ധപ്പെട്ട് ഏറെ പുറകിലേക്ക് വേരു കളുണ്ടെങ്കിലും ഒരു ജ്ഞാനമേഖലയെന്ന നിലയിൽ അതിനെ അടയാളപ്പെടുത്തിയത് ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലാണ്.[83] കോളണിയനന്തര രാജ്യങ്ങളുടെ ആവിർഭാവവുമായി അത് ബന്ധപ്പെട്ടിരിക്കുന്നു. പുതുതായി രൂപപ്പെട്ട ദേശരാഷ്ട്രങ്ങളിലെ ഭാഷാപ്രശ്നങ്ങൾ പരിഹരിക്കുക, ഭാഷയെ ദേശീയതയുമായി ബന്ധിപ്പിച്ച് ദേശീയതയുടെ ചിഹ്നമായി അടയാളപ്പെടുത്തുക, ദേശീയൈക്യത്തിന് അതിനെ പ്രയോജനപ്പെടുത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് ഭാഷാസൂത്രണം എന്ന പരികൽപ്പന വളർന്നു വികസി ക്കുന്നത് ( മുരളീധരൻ, *ഭാഷാസൂത്രണം: പൊരുളും വഴികളും* 13).

വർഗം, ജാതി തുടങ്ങിയ ചരങ്ങളെ മുൻനിർത്തി ഭാഷയെ പഠനവിധേയമാക്കുക യാണ് സാമൂഹികഭാഷാശാസ്ത്രം (Socio Linguistics)[84] ചെയ്യുന്നതെങ്കിൽ, അതിൽ നിന്ന് അൽപ്പം വിഭിന്നമായി ഭാഷയുടെ വികസനം, നവീകരണം, മാനകീകരണം, ഭരണഭാഷ, ബോധനമാധ്യമം, ഭാഷയുടെ കമ്പ്യൂട്ടർവൽക്കരണക്ഷമത തുടങ്ങിയവ യാണ് ഭാഷാസാമൂഹികശാസ്ത്രത്തിന്റെ [85] (Socioligy of Language) പരിധിയിൽ വരു ന്നത് (പ്രബോധചന്ദ്രൻ നായർ 193). ഭാഷാപ്രശ്നങ്ങളും ഭാഷാസംവിധാനവുമാണ് ഭാഷാസാമൂഹികശാസ്ത്രം കൈകാര്യം ചെയ്യുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഭാഷാസാമൂഹികശാസ്ത്രത്തിന്റെ ഒരു ഉപവിഭാഗമെന്ന നിലയിലാണ് ഭാഷാസൂത്രണം വളർന്നു വികസിച്ചത്. ഭാഷയിലും ഭാഷാശാസ്ത്ര പ്രവർത്തനങ്ങളിലും പരിവർത്തനം കൊണ്ടുവരികയാണ് ഭാഷാസൂത്രണം ലക്ഷ്യമിടുന്നത്. പുതിയ പദങ്ങൾ രൂപപ്പെടുത്തൽ, വ്യാകരണരൂപങ്ങളുടെ മാനകീകരണം, നിശ്ചിത ഭാഷാഭേദങ്ങൾക്ക് ഔദ്യോഗികപദവി നൽകൽ, സ്കൂൾ പാഠ്യപദ്ധതിയിൽ ഏതെല്ലാം ഭാഷകൾ വേണമെന്ന് നിജപ്പെടുത്തൽ എന്നിവയെല്ലാം ഈ പരിവർത്തനശ്രമങ്ങളിൽ ഉൾപ്പെടും (Nekvapil 871).

“ഒന്നോ അതിലധികമോ സമൂഹങ്ങളിലെ ഭാഷാ ഉപയോഗത്തിൽ ആസൂത്രിതമായ മാറ്റം (അല്ലെങ്കിൽ മാറ്റം സംഭവിക്കുന്നത് തടയൽ) നേടിയെടുക്കാൻ ഉദ്ദേശിച്ചുകൊ ണ്ടുള്ള ഭാഷാനയം (നിയമങ്ങളും നിയന്ത്രണങ്ങളും), നിയമങ്ങൾ, വിശ്വാസങ്ങൾ, സമ്പ്ര ദായങ്ങൾ എന്നിവയിലുള്ള മാറ്റങ്ങൾ എന്നിങ്ങനെയുള്ള ആശയങ്ങളുടെ ഒരു കൂട്ടമാണ് ഭാഷാസൂത്രണം” (Kaplan and Richard B. Baldauf 3). റൂബിനും ജെർന്യൂഡും, “ഒന്നോ

അതിലധികമോ സമൂഹങ്ങളിൽ, ഒരു നിശ്ചിതഭാഷയിൽ നേരത്തേ നിശ്ചയിക്കപ്പെട്ടിട്ടുള്ള മാറ്റത്തെ ലക്ഷ്യമാക്കി, അല്ലെങ്കിൽ നടന്നുകൊണ്ടിരിക്കുന്ന അഭികാമ്യമല്ലാത്ത മാറ്റങ്ങൾക്കു തടയിടുന്നതിനുവേണ്ടി രൂപീകരിക്കുന്ന ആശയസംഹിതകൾ, നിയമങ്ങൾ, ക്രമീകരണങ്ങൾ തുടങ്ങിയവ ഉള്ളടങ്ങിയ ഭാഷാനയവും, നിയമങ്ങളിലും വിശ്വാസങ്ങളിലും പ്രയോഗങ്ങളിലും വരുത്തുന്ന മാറ്റങ്ങളും ചേർന്നതാണ് ഭാഷാസൂത്രണം"എന്ന് നിർവചിക്കുന്നു (മുരളീധരൻ, *ഭാഷാസൂത്രണം: പൊരുളും വഴികളും* 248).

ചില പ്രശ്നങ്ങളുടെ പരിഹാരത്തിനായി സർക്കാർതലത്തിൽ നടക്കുന്ന പരിപാടിയാണ് ഭാഷാസൂത്രണമെന്നാണ് പൊതുവേ കരുതുന്നതെങ്കിലും അത് എല്ലായ്പോഴും അങ്ങനെ ആവണമെന്നില്ല. മറ്റുള്ള സാമൂഹികസന്ദർഭങ്ങളിൽ രൂപംകൊള്ളുന്ന ഭാഷാസൂത്രണനടപടികൾ ധാരാളമായുണ്ട് (Kaplan and Richard B. Baldauf 3). വിവിധലക്ഷ്യങ്ങളിലേക്ക് നയിക്കുന്നതും വിവിധമാർഗങ്ങൾ ഉൾക്കൊള്ളുന്നതുമാണ് ഭാഷാസൂത്രണം. അതുകൊണ്ടുതന്നെ സാർവലൗകികമായി അംഗീകരിക്കപ്പെട്ട ഒരു നിർവചനം ഭാഷാസൂത്രണത്തിനില്ല. മാത്രമല്ല ഈ പ്രവർത്തനത്തിന് ഉപയോഗിക്കേണ്ട പേരിൽപോലും വ്യത്യസ്ത അഭിപ്രായങ്ങളുണ്ട് (Cooper 29).[86] സങ്കീർണമായ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതുകൊണ്ടുതന്നെ സർവതലസ്പർശിയായ ഒരു സിദ്ധാന്തം ഭാഷാസൂത്രണത്തിനില്ലെന്ന് തോമസ് റിസന്റൊയും ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ലാംഗ്വേജ് പോളിസി എന്ന പദം പലപ്പോഴും ലാംഗ്വേജ് പ്ലാനിങ്ങിന്റെ പര്യായപദംപോലെ ഉപയോഗിക്കപ്പെട്ടിട്ടുമുണ്ട്. ലാംഗ്വേജ് പോളിസി അഥവാ ഭാഷാനയമെന്നത് ഭാഷാസൂത്രണത്തിന് ആധാരമായ ആശയങ്ങൾ, തത്വങ്ങൾ, നിയമങ്ങൾ, ഗൈഡ്‌ലൈനുകൾ തുടങ്ങിയവയാണ്. നയം ആസൂത്രണത്തിന്റെ ഭാഗമാണെന്നും ആസൂത്രണത്തിന്റെ ഭാഗമാണ് നയമെന്നുമുള്ള അഭിപ്രായഗതികൾ നിലനിൽക്കുന്നുണ്ട്. തമ്മിൽ പിണഞ്ഞ പ്രക്രിയകളാണെങ്കിലും ആസൂത്രണം പലപ്പോഴും നയത്തിലേക്കെത്തില്ല;നേരെ തിരിച്ചും. നയവും ആസൂത്രണവും തമ്മിലുള്ള ബന്ധം സങ്കീർണമാണ് (Hornberger25) എന്ന അഭിപ്രായമായിരിക്കും സ്വീകാര്യം. സങ്കീർണമായ ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങളെ എങ്ങനെ നോക്കിക്കാണുന്നു എന്നത് പ്രധാനമാണ്. പണ്ഡിതരും ഗവേഷകരും ഭാഷ, ഭാഷാനയം, രാഷ്ട്രം, തുല്യത തുടങ്ങിയ പദങ്ങളെ എങ്ങനെ നിർവചിക്കുന്നു എന്നത് അവരുടെ വിശകലനങ്ങളിലും ശുപാർശകളിലും അനന്തരഫലങ്ങൾ സൃഷ്ടിക്കും എന്ന് തോമസ് റിസന്റൊ (Ricento, *An Introduction to Language Policy* 9) അഭിപ്രായപ്പെടുന്നുണ്ട്.

ഭാഷാപ്രശ്നങ്ങളെ സാമൂഹികപ്രശ്നങ്ങളുമായി കണ്ണിചേർക്കുന്നതിനാൽ ഭാഷാസൂത്രണം ഒരു അന്തർവൈജ്ഞാനിക പഠനമേഖലയാണ്. അതിന്റെ പ്രയോഗമാവട്ടെ വ്യക്തമായും ഒരു രാഷ്ട്രീയപ്രശ്നവും (Nekvapil 871). ആരംഭകാലത്തെ പരിമിതമായ ലക്ഷ്യങ്ങളിൽനിന്നും കാഴ്ചപ്പാടുകളിൽനിന്നും അത് ഒരുപാട് വളർന്നിരിക്കുന്നു. ഏതാണ്ട് ആറു പതിറ്റാണ്ടിന്റെ അനുഭവങ്ങൾമാത്രമേ അവകാശപ്പെടാനുള്ളുവെങ്കിലും നിരവധി പഠനമേഖലകളെ ഇന്ന് ഭാഷാസൂത്രണം പരിഗണിക്കുന്നു (Johnson and Ricento 16). സോഷ്യോളജി, സാമ്പത്തികശാസ്ത്രം, നരവംശശാസ്ത്രം, ഭാഷാശാസ്ത്രം, ചരിത്രരചനാശാസ്ത്രം (historiography), പൊളിറ്റിക്കൽ സയൻസ്, മനശ്ശാസ്ത്രം, വംശീയശാസ്ത്രം (ethnography) എന്നിങ്ങനെ സാമൂഹികശാസ്ത്രത്തിലെയും മാനവിക വിഷയങ്ങളിലെയും നിരവധി പഠനമേഖലകളെ ഭാഷാസൂത്രണം പ്രയോജനപ്പെടുത്തുന്നു. സാങ്കേതികമായ പ്രശ്നപരിഹാരമെന്ന നിലയിൽ ആരംഭിച്ച്[87] ക്രമാനുഗതമായാണ് ഈ പഠനമേഖല വളർന്നത്. ഭാഷാസൂത്രണസംവാദങ്ങൾ എപ്പോഴും ഭാഷയെ കവിഞ്ഞു നിൽക്കുന്നു. എന്താണ് സന്ദിഗ്ധാവസ്ഥയിലുള്ളത്, എന്തുകൊണ്ടത് പ്രധാനമാവുന്നു, സവിശേഷമായ നയങ്ങളും നയസമീപനങ്ങളും എന്തുതരത്തിലുള്ള പ്രഭാവമാണ് ഉണ്ടാക്കുന്നത് തുടങ്ങിയവ വിശദീകരിക്കാൻ കഴിയുന്ന കരുക്കളു (Tools) മായി രാഷ്ട്രീയവും സാമ്പത്തികവും സാമൂഹ്യവുമായ സിദ്ധാന്തങ്ങളുടെ ഉൾക്കാഴ്ചകൾക്ക് അതിലേക്ക് വലിയതോതിൽ സംഭാവന ചെയ്യാൻ കഴിയും (Ricento, *An Introduction to Language Policy* 8). ഭാഷാസൂത്രണം ഒരേ സമയം അന്തർവൈജ്ഞാനികതലത്തിലും ബഹുവൈജ്ഞാനിക തലത്തിലുമുള്ള ഒരു പ്രവർത്തനമാണ് (multidisciplinary and interdisciplinary activity) എന്ന് തിരിച്ചറിയേണ്ടതുണ്ട്. വ്യത്യസ്ത ജ്ഞാനമേഖലകളിൽനിന്നുള്ള സങ്കൽപ്പനങ്ങളും രീതിശാസ്ത്രങ്ങളും കൈക്കൊണ്ട് അവയെ ഉചിതമായി ഉദ്ഗ്രഥിക്കുകയും സാമൂഹികജീവിതത്തിന്റെ എല്ലാ മേഖലകളിലും ഉൾച്ചേർന്നിട്ടുള്ള ഭാഷയുടെ യഥാർത്ഥ പ്രശ്നങ്ങളെയും വെല്ലുവിളികളെയും പരിഹരിക്കാനായി ഉപയോഗപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. ഭാഷാസൂത്രണമെന്നത് കേവലം സൈദ്ധാന്തികതലത്തിലുള്ള വ്യായാമമല്ല. ഒരു നിലയിലല്ലെങ്കിൽ മറ്റൊരു നിലയിൽ ഭാഷയുൾക്കൊള്ളുന്ന സാമൂഹികപ്രശ്നങ്ങളെ അഭിസംബോധന ചെയ്യാനും യാഥാർത്ഥ്യബോധത്തോടെയുള്ള പരിഹാരനടപടികൾ നിർദേശിക്കാനുമാണ് അത് ശ്രമിക്കുന്നത്.

### 1.11.1 ഭാഷാസൂത്രണ വിഭാഗങ്ങൾ

പദവിപരമായ ആസൂത്രണം (Status Planning), സമാർജനപരമായ ആസൂത്രണം (Acquisition Planning), ഘടനാപരമായ ആസൂത്രണം (Corpus Planning) എന്നിങ്ങനെ ഭാഷാസൂത്രണ പരിപാടികളെ മൂന്നായി തിരിക്കാറുണ്ട്. പദവി ആസൂത്രണം, കോർപ്പസ് ആസൂത്രണം എന്ന വേർതിരിവ് 1969 ൽ ഹെയ്ൻസ് ക്ലോസ് നിർദേശിച്ചു. ഭാഷാസൂത്രണമേഖലയിൽ പദവി ആസൂത്രണത്തിന്റെയും കോർപ്പസ് ആസൂത്രണത്തിന്റെയും മൗലികമായ വേർതിരിവ് അവതരിപ്പിച്ചതിന് ഭാഷാസാമൂഹികശാസ്ത്രം ഹെയ്ൻസ് ക്ലോസിനോട് കടപ്പെട്ടിരിക്കുന്നു (Fishman, "Ethnicity and supra-ethnicity in corpus planning"79). മൂന്നാമത്തെ വിഭാഗമായി അക്വിസിഷൻ ആസൂത്രണം ഇരുപതുവർഷത്തിന് ശേഷം റോബർട്ട് കൂപ്പറാണ് നിർദേശിച്ചത് (Hornberger 28).

ഭാഷാപദവിയെന്നത് ഒരു സാംസ്കാരിക സാഹചര്യത്തിൽ ഒരു ഭാഷാവിശേഷത്തിന് മറ്റൊന്നിനെ അപേക്ഷിച്ച് കൈവരുന്ന നിലവാരത്തെയാണ് സൂചിപ്പിക്കുന്നത്. ഭാഷയുടെ ഉപയോഗം, ഭാഷാപരമായ സംസ്കാരം, ഭാഷാനിഷ്ഠ,[88] ഭാഷാപ്രത്യയശാസ്ത്രങ്ങൾ, ഭാഷാമനോഭാവങ്ങൾ, ഭാഷയെ സംബന്ധിച്ച സാമൂഹികപ്രശ്നങ്ങൾ എന്നിവയെല്ലാം ഇതിൽ ഉള്ളടങ്ങുന്നു (രാജേന്ദ്രൻ 43). പദവിപരമായ ആസൂത്രണം ഒരു ഭാഷയുടെ പ്രവർത്തനങ്ങളിലും അതിന്റെ ഉപയോക്താക്കളുടെ അവകാശങ്ങളിലും മാറ്റം വരുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. നിശ്ചിത ഭാഷകൾക്കോ ഭാഷാഭേദങ്ങൾക്കോ ഏതെങ്കിലും തരത്തിലുള്ള പദവി നൽകുന്ന പ്രവർത്തനമാണത്. സമൂഹത്തിൽ ഭാഷയുടെ ധർമം നിർവചിക്കുക എന്നും പറയാം. അതിനെ ഭാഷയിൽ നടത്തുന്ന രാഷ്ട്രീയ പ്രവർത്തനമെന്ന് വിളിക്കാറുണ്ട്. കാരണം ഭരണതലത്തിലെ രാഷ്ട്രീയനടപടികളിൽ നിന്നാണ് അത് യാഥാർത്ഥ്യമാവുന്നത് (മുരളീധരൻ, *ഭാഷാസൂത്രണം: പൊരുളും വഴികളും* 15).

പ്രാഥമികമായുള്ള സാമൂഹികപ്രശ്നങ്ങളും ആശങ്കകളും പ്രതിഫലിപ്പിക്കുന്ന ഭാഷാസൂത്രണവശങ്ങളെയാണ് പദവിപരമായ ആസൂത്രണമെന്ന് വിശേഷിപ്പിക്കുന്നത്. ആ അർത്ഥത്തിൽ, ഇത് ആസൂത്രണം ചെയ്യേണ്ട ഭാഷയ്ക്കു പുറത്തുള്ള ഘടകങ്ങളാണ് (Kaplan and Richard B. Baldauf 30). ഒരു ഭാഷയ്ക്ക് മറ്റുള്ള ഭാഷകളെ അപേക്ഷിച്ച് പ്രാധാന്യമോ സ്ഥാനമോ ദേശീയസർക്കാർ നൽകുന്നതിനെയാണ് പദവി ആസൂത്രണമായി ക്ലോസ് കണ്ടത്. ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയായിരുന്നു ഇത്. എന്നാൽ ഭാഷകൾക്കോ ഭാഷാഭേദങ്ങൾക്കോ നിശ്ചി

തധർമങ്ങൾ നിർണയിക്കുന്നതിനെ (allocation) സൂചിപ്പിക്കുന്ന രീതിയിലേക്ക് ഇത് പിന്നീട് വളർന്നിട്ടുണ്ട്. ഒരു സമൂഹത്തിന്റെ ഭാഷകൾക്കിടയിൽ അവയുടെ ധർമനിർണയത്തെ സ്വാധീനിക്കാനുള്ള ബോധപൂർവമായ ശ്രമങ്ങളെയാണ് പദവി പരമായ ആസൂത്രണം സൂചിപ്പിക്കുന്നത് (Cooper 32). നിശ്ചിതമായ ഒരു ക്രമീകര ണത്തിൽ (particular setting) ഭാഷയുടെ ഉപയോഗത്തിന്റെ വ്യാപ്തി പാലിക്കാനും (maintain) വർധിപ്പിക്കാനും (extend)– അല്ലെങ്കിൽ പരിമിതപ്പെടുത്താനും (restrict)– ഉദ്ദേശിച്ചുകൊണ്ടുള്ള ഔദ്യോഗികമായ തീരുമാനങ്ങളായാണ് [89] ഭാഷാനിർണയത്തെ (language allocation) ഗോർമൻ (Gorman) വിശേഷിപ്പിക്കുന്നത്. വ്യത്യസ്ത മണ്ഡ ലങ്ങളിൽ ഭാഷയ്ക്ക്/ഭാഷകൾക്ക് ധർമനിർവഹണം ഉറപ്പിക്കുമ്പോൾ ഭാഷയുടെ പദവി ഉയരുകയോ/താഴുകയോ ചെയ്യുന്നു. ഭാഷയുടെ ഉൽപത്തി, മാനകീകരണത്തിന്റെ അവസ്ഥ, നീതിപരിപാലനപരമായ അവസ്ഥ, ഓജസ്സ് എന്നിങ്ങനെ നാല് കാര്യങ്ങ ളാണ് ഒരു ഭാഷയുടെ പദവിയെ നിർണയിക്കുന്നവയായി ക്ലോസ് ചൂണ്ടിക്കാണിച്ചത്.

ഭാഷയെ എല്ലാ മണ്ഡലങ്ങളിലും ഉപയോഗിക്കാൻ കഴിയുംവിധം വികസിപ്പിക്കലാണ് കോർപ്പസ് ആസൂത്രണം. ഭാഷയുടെ വിപുലനം, മാനകീകരണം, ആധുനികീകരണം എന്നിവയിൽ ഊന്നുന്നതിനാൽ അത് ഘടനാപരമായ സംവിധാനത്തെ ലക്ഷ്യമി ട്ടുള്ള ആസൂത്രണമാണ്. ഭാഷയുടെ രൂപത്തെയും ഘടനയെയും അഭിസംബോധന ചെയ്തുകൊണ്ട് അതിൽ മാറ്റങ്ങൾ വരുത്തുകയാണ് കോർപ്പസ് ആസൂത്രണം ചെയ്യുന്നത് (Ferguson, *Language planning and education* 20–21). ലിപി ആവി ഷ്കരണം(graphisation),[90]മാനകീകരണം(standardisation),[91]ആധുനികീകരണം (modernisation)[92] എന്നിവയാണ് കോർപ്പസ് ആസൂത്രണത്തിന്റെ പ്രധാന ഘടക ങ്ങളായി ഫെർഗ്ഗുസൻ ചൂണ്ടിക്കാണിക്കുന്നത്. പദവി ആസൂത്രണത്തിൽനിന്ന് വിഭി ന്നമായി ഭാഷാവിദഗ്ധരാണ് കൂടുതലായി കോർപ്പസ് ആസൂത്രണത്തിൽ ഇടപെ ടുന്നത്. അതായത് അക്കാദമികതലത്തിലുള്ള ഇടപെടലാണത്. വർണവിന്യാസം നിജപ്പെടുത്തുക, പുതിയ പദങ്ങളും സാങ്കേതികപദങ്ങളും രൂപീകരിക്കുക, വിജ്ഞാന കോശങ്ങൾ, നിഘണ്ടുക്കൾ, വ്യാകരണഗ്രന്ഥങ്ങൾ, സ്റ്റൈൽ ബുക്കുകൾ, സ്പെല്ലിംഗ് ഗൈഡുകൾ, ചിഹ്നന നിയമങ്ങൾ (punctuation rules)എന്നിവ നിർമിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഇന്നത്തെയും നാളത്തെയും ആവശ്യങ്ങൾക്കുവേണ്ടി ഭാഷയെ സജ്ജമാക്കലാണ് കോർപ്പസ് ആസൂത്രണം. ഇത്തരം പ്രവർത്തനങ്ങൾ പ്രായോഗി കമാക്കാനുതകുന്ന സ്ഥാപനങ്ങളും സംവിധാനങ്ങളും തുടങ്ങുക എന്നതും കോർപ്പസ് ആസൂത്രണത്തിന്റെ ഭാഗംതന്നെ (മുരളീധരൻ, *ഭാഷാസൂത്രണം: പൊരുളും വഴികളും*

255). ഏതൊരു ഭാഷയും വൈജ്ഞാനികഭാഷയായി മാറുന്നതിൽ കോർപ്പസ് ആസൂത്രണത്തിന് വലിയ പങ്കുവഹിക്കാനുണ്ട്.

പുതിയ മണ്ഡലങ്ങളിലേക്ക് ഭാഷയെ നയിക്കാനും പുതിയ ധർമം നിർണയിക്കാനും ഘടനയിൽ വരുത്തുന്ന മാറ്റങ്ങൾ മുന്നുപാധിയാണെന്നുള്ളതിനാൽ പദവി ആസൂത്രണവും കോർപ്പസ് ആസൂത്രണവും പരസ്പരബന്ധിതമാണെന്നു കാണാം. അതിന്റെ ജനകീയവശത്തെ മുൻനിർത്തി പദവി ആസൂത്രണത്തിനാണ് വലിയതോതിലുള്ള ശ്രദ്ധ പൊതുവേ ലഭിച്ചുപോരുന്നത്. ഭാഷാശാസ്ത്രജ്ഞരെക്കാൾ എണ്ണത്തിൽ കൂടുതൽ വരുന്ന സാമൂഹികശാസ്ത്രജ്ഞരുടെ സാന്നിധ്യവും ഇതിന് കാരണമായേക്കാം (Fishman, "Ethnicity and supra-ethnicity in corpus planning" 79). എന്നാൽ കോർപ്പസ് ആസൂത്രണം പദവി ആസൂത്രണത്തെ പിന്തുടരുന്നുവെന്നും അതിനെ ആശ്രയിച്ചിരിക്കുന്നു എന്നുമുള്ള ധാരണ സമീപകാലത്ത് ചോദ്യംചെയ്യപ്പെട്ടിട്ടുണ്ട്. യഥാർത്ഥത്തിൽ കോർപ്പസ് ആസൂത്രണം പദവിമാറ്റത്തിന് വഴിയൊരുക്കുന്നു. കോർപ്പസ് ആസൂത്രണത്തിന് പലപ്പോഴും മറച്ചുവെച്ച രീതിയിലാണെങ്കിൽപ്പോലും ഒരു പദവി ആസൂത്രണമാനമുണ്ടെന്ന് (corpus planning has a status planning dimension) ജോഷ്വാ ഫിഷ്മാൻ വാദിക്കുന്നു.

ക്ലോസിന്റെ ചിന്തകൾ സൂചിപ്പിക്കുന്നത് ഭാഷാസൂത്രണത്തിൽ പദവി- കോർപ്പസ് ആസൂത്രണങ്ങളെ ഒരേ നാണയത്തിന്റെ വശങ്ങൾ പോലെയാണ് അദ്ദേഹം കണ്ടിട്ടുള്ളത് എന്നാണ്. എന്നാൽ ക്ലോസിനുശേഷമുള്ള ഒരു കാഴ്ചപ്പാടനുസരിച്ച്, വിജയത്തിലെത്തുന്ന പദവി ആസൂത്രണം, കോർപ്പസ് ആസൂത്രണത്തിന് പ്രചോദനമായിത്തീരുന്നു. ഈ കാഴ്ചപ്പാടനുസരിച്ച് ശരിയായ പദവി ആർജിക്കാൻ കഴിയാത്ത ഭാഷകളിൽ നടത്തുന്ന ഘടനാപരമായ ആസൂത്രണം എവിടെയും എത്തിച്ചേരില്ല. പദവിപരമായ മാറ്റം നടക്കാത്ത ഭാഷകളിൽ കോർപ്പസ് തലത്തിലുണ്ടായ പദാവലികളും മറ്റും അക്കാദമികളുടെ അലമാരകളിൽ കെട്ടിക്കിടക്കുന്നതായി ഈ വാദക്കാർ ഉദാഹരണമായി ചൂണ്ടിക്കാണിക്കുകയും ചെയ്യും. കോർപ്പസ് ആസൂത്രണത്തിനാണ് മുൻഗണന നൽകേണ്ടത് എന്നാണ് ലോകമെങ്ങുമുള്ള ആധുനികീകരണ ക്രമീകരണങ്ങളിൽ തെളിഞ്ഞുകാണുന്നത് എന്ന് ഇതിന്റെ മറുവാദക്കാർ വാദിക്കുന്നു; പ്രത്യേകിച്ച് പദവി-കോർപ്പസ് തർക്കങ്ങൾ നിലനിൽക്കുന്നിടങ്ങളിൽ ("Language Policy and Language Shift" 316). അടിച്ചമർത്തപ്പെട്ടതും പിന്നിലാക്കപ്പെട്ടതുമായ ഭാഷകളിൽ നടക്കുന്ന കോർപ്പസ് തലത്തിലുള്ള സംരംഭങ്ങൾ അതിൽ പങ്കാളികളാവുന്നവരിലേക്ക് പദവിസംബന്ധമായ സന്ദേശം ഗുപ്തമായി (covert) സംക്രമിപ്പിക്കുന്നുണ്ട്.

ഡോക്യുമെന്റ് ചെയ്യപ്പെട്ട വ്യത്യസ്ത കോർപ്പസ് ആസൂത്രണാനുഭവങ്ങളെ വിശകലനവിധേയമാക്കിയതിനുശേഷം ഫിഷ്മാൻ ഇങ്ങനെ പ്രസ്താവിക്കുന്നു. കോർപ്പസ് ആസൂത്രണമെന്നത് ഘടനാപരമായി ഏകാത്മകമായ ഒന്നല്ല. സാങ്കേതികമായി അവയെല്ലാം ഒന്നുപോലെ തോന്നുമെങ്കിലും വ്യത്യസ്തധ്രുവങ്ങളിലുള്ള നാലിനം പ്രത്യയശാസ്ത്രങ്ങളായി അവ സമൂലമായി വേർതിരിഞ്ഞിരിക്കുന്നു ("Ethnicity and supra-ethnicity in corpus planning" 83-91). ശുദ്ധാവാദവും ദേശ്യഭാഷാവാദവും (Purity vs. Vernacularism), തനിമയും അന്തർദേശീയവൽക്കരണവും (Uniqueness vs. Internationalization), ക്ലാസിക്കൽവൽക്കരണവും സ്പ്രാച്ച്ബുണ്ട് മാനവും [ഭാഷാക്ഷേത്ര മാനം] (The Classicization vs. Sprachbund dimension),[93] ഔസ്ബൌവും എയ്ൻബൌവും (Ausbau vs. Einbau as directions of corpus planning)[94] എന്നിങ്ങനെ നാല് ദ്വന്ദ്വങ്ങളെ വിശദമായി അദ്ദേഹം പരിശോധനാവിധേയമാക്കുന്നുണ്ട്.

ശുദ്ധാവാദികൾ പദം, ലിപി, വ്യാകരണം എന്നീ മേഖലകളിലെല്ലാം ഭാഷാശുദ്ധീലക്ഷ്യങ്ങൾ മുന്നോട്ടുവെക്കുന്നു. ഭാഷയ്ക്കുപുറത്തുനിന്നുള്ള എല്ലാ സ്വാധീനങ്ങളെയും ചെറുക്കുക എന്നതാണ് അവരുടെ ലക്ഷ്യം. മറുവശത്ത് ദേശ്യഭാഷാവാദക്കാരാവട്ടെ നിങ്ങളുടെ ഭാഷയെ വെറുതെവിടുക (leave your language alone) എന്ന ആശയത്തെ പിൻപറ്റുന്നവരാണ്. 'തെരുവിലെ മനുഷ്യന്റെ ഭാഷ', 'നിങ്ങൾ സംസാരിക്കുന്നതുപോലെ എഴുതുക' തുടങ്ങിയ മുദ്രാവാക്യങ്ങളാണ് അവർ മുന്നോട്ടുവെക്കുന്നത്. തനിമാവാദം ശുദ്ധിവാദത്തോട് സാമ്യമുള്ളതാണെങ്കിലും അതിൽനിന്ന് വ്യത്യസ്തമാണ്. പുറത്തുനിന്നുള്ള മോഡലുകളിൽനിന്ന് മാത്രമല്ല, അഭികാമ്യമല്ല എന്ന് പ്രഖ്യാപിക്കപ്പെട്ടവയോട് സമാനഗുണമുള്ള തദ്ദേശീയമായ പദങ്ങളിൽനിന്നുപോലും അവർ അകലം പാലിക്കുന്നു. ഇതിന്റെ മറുവാദക്കാരാകട്ടെ വിദേശഭാഷകളിൽനിന്ന് നേരിട്ടോ അല്ലാതെയോ വലിയതോതിൽ പദങ്ങൾ സ്വീകരിക്കുക എന്ന നയമാണ് സ്വീകരിക്കുന്നത്. ക്ലാസിക്കൽവൽക്കരണവാദക്കാർ സ്വന്തം പൗരാണികത, വിശുദ്ധി തുടങ്ങിയവയെ തേടിപ്പോവുന്നവരാണ്. സ്പ്രാച്ച്ബുണ്ട് വാദത്തിൽ മുഴങ്ങുന്നത് പഴയ വലിയ ഭൂവിഭാഗത്തിന്റെ മിത്തുകളും ഭൂതകാലവുമൊക്കെയാണ്. പദവിപരമായ ആസൂത്രണം, കോർപ്പസ് ആസൂത്രണ വിഭാഗക്കാർ തമ്മിൽ തീർപ്പിലെത്താത്തതിനൊപ്പം കോർപ്പസ് ആസൂത്രണത്തിനകത്തുതന്നെ ഇത്തരം പരസ്പരവിരുദ്ധമായ ആശയഗതികൾ ഉണ്ടെന്നതും ഒരു യാഥാർത്ഥ്യമാണ്. പലപ്പോഴും പരസ്പരവിരുദ്ധങ്ങളായ ഈ ആശയഗതികൾ ഭാഷാസൂത്രണ പരിപാടികളിൽ കടന്നുകൂടാറുണ്ട്. വ്യത്യസ്തകാലങ്ങളിലുള്ള ഭരണകൂടങ്ങളുടെ കാഴ്ചപ്പാടുകളിലുള്ള വ്യത്യാസങ്ങൾ മാത്രമല്ല, ഇതിനു കാരണം. കോർപ്പസ് ആസൂത്രണ മേഖ

ലയ്ക്കകത്ത് നിലനിൽക്കുന്ന വൈരുധ്യങ്ങൾകൊണ്ടുകൂടി ഇങ്ങനെ സംഭവിക്കാം. വംശീയ ശുദ്ധിയെയും പ്രാമാണ്യത്തെയുംകുറിച്ചുള്ള വൈകാരികഭാവങ്ങളും അന്താരാഷ്ട്രതലത്തിലുള്ള സമ്പർക്കത്തെക്കുറിച്ചും അംഗീകാരത്തെക്കുറിച്ചുമുള്ള അഭിലാഷങ്ങളും തമ്മിലുള്ള ഏറ്റുമുട്ടലുകളുണ്ടാവുമ്പോൾ അനുരഞ്ജനത്തിന്റെ രൂപത്തിലും ഈ വൈരുധ്യം സ്വീകരിക്കപ്പെടാം. രാഷ്ട്രീയ– സാമൂഹിക ഘടകങ്ങളും ഇതിൽ പങ്കുവഹിച്ചേക്കാം (91–92).

ദുർബലഭാഷകളെ നിലനിർത്താനും അവയെ ശക്തിപ്പെടുത്താനും ശക്തമായ ഭാഷകളുമായുള്ള സമ്പർക്കം നിർദേശിക്കാവുന്നതാണ്. തനിമയ്ക്കും ദേശ്യഭാഷാവാദത്തിനും പകരമായി ശാസ്ത്ര–സാങ്കേതികപദങ്ങളുടെ അന്താരാഷ്ട്രവൽക്കരണം, ക്ലാസിക്കൽവൽക്കരണത്തിനുപകരമായി ടൂറിസത്തിലൂടെയും മാധ്യമങ്ങളിലൂടെയും അനൗപചാരികമായി വാമൊഴിയിൽ എത്തിച്ചേർന്ന 'തെരുവുപദങ്ങൾ'ക്ക് അംഗീകാരം നൽകൽ, തനിമയിൽ ഊന്നുന്നതിനുപകരം മേഖലാവൽക്കരണം എന്നിവയൊക്കെ ഇത്തരത്തിലുള്ളവയാണ് ("Language Policy and Language Shift"316).

ഭാഷാധ്യാപനത്തെ ഭാഷാനയത്തിന്റെ വിഷയമായി രേഖപ്പെടുത്തുന്ന പ്രാട്ടോ (Prator) യുടെ നിർവചനത്തെ[95] മുൻനിർത്തിയാണ് കൂപ്പർ അക്വിസിഷൻ ആസൂത്രണത്തെ (സമാർജനപരമായ ആസൂത്രണം) ഭാഷാസൂത്രണത്തിന്റെ മൂന്നാമത്തെ ഇനമായി കൂട്ടിച്ചേർത്തത് (*Language planning and social change* 33). സമാർജനപരമായ ആസൂത്രണമെന്നത് ഭാഷയുടെ പഠനത്തിലും ബോധനത്തിലുമുള്ള ഇടപെടലാണ്. സ്കൂൾ പാഠ്യപദ്ധതിയിൽ ഏതുഘട്ടം തൊട്ട് ഏതുഭാഷ തുടങ്ങാം, അവ ഏതുഘട്ടംവരെ തുടരാം, അധ്യയനമാധ്യമം ഏതായിരിക്കണം എന്നിങ്ങനെയുള്ള കാര്യങ്ങളുടെ നയരൂപീകരണമാണത്. അപൂർവമായി സർക്കാരിതരമേഖലയിൽ നിന്ന് ചില ഇടപെടലുകൾ കാണാമെങ്കിലും പൊതുവേ, അക്വിസിഷൻ ആസൂത്രണം സർക്കാർതലത്തിലുള്ള നടപടിയാണ്. പദവി ആസൂത്രണത്തോടും കോർപ്പസ് ആസൂത്രണത്തോടും അക്വിസിഷൻ ആസൂത്രണം നേർക്കുനേർ ബന്ധപ്പെട്ടിരിക്കുന്നതായി കാണാം. മാനകീകരിച്ച ഭാഷാരൂപത്തെ പൂർണമായും പിന്തുടരുന്ന മേഖലയെന്ന നിലയിൽ, കോർപ്പസ് തലത്തിലുള്ള ഇടപെടലുകൾ പ്രയോഗിച്ചുനോക്കാനുള്ള വേദി വിദ്യാഭ്യാസരംഗവും പാഠപുസ്തകങ്ങളുമാണ്. മാറ്റങ്ങളെ പൊതുസമൂഹത്തിൽ പരിചയപ്പെടുത്താനും വ്യാപിപ്പിക്കാനും ഇത് ഉതകുകയും ചെയ്യും. പദവി ഉയർത്താനുള്ള നടപടികളാവട്ടെ, പലപ്പോഴും അധ്യയനവിഷയമെന്ന രീതിയിലോ അധ്യയനമാധ്യമമെന്ന രീതിയിലോ തുടക്കമിടുകയാണ് പതിവ്. ലഭ്യമായ വാമൊഴിവിഭവങ്ങളുടെ (verbal resources) ആവശ്യങ്ങളെ നിയന്ത്രിക്കാനുള്ള ശ്രമമാണ് പദവി ആസൂത്രണ

മെങ്കിൽ, ആ വിഭവങ്ങളുടെ വിതരണത്തിൽ നിയന്ത്രണം വരുത്താനുള്ള ശ്രമമാണ് അക്വിസിഷൻ ആസൂത്രണമെന്നു പറയാം.

അക്വിസിഷൻ ആസൂത്രണത്തിന്റെ സിംഹഭാഗവും ഭാഷാബോധനവുമായി ബന്ധപ്പെട്ടതാണെങ്കിലും അത് കേവലം ഭാഷാബോധനവുമായിമാത്രം ബന്ധപ്പെട്ട ഒന്നല്ല. വിദ്യാഭ്യാസസംവിധാനത്തിന്റെ മേലേതലംതൊട്ട് ക്ലാസ്ടീച്ചർവരെയുള്ള എല്ലാ തലങ്ങളിലും ഇതുമായി ബന്ധപ്പെട്ട ആസൂത്രണത്തിന് സാധ്യതകൾ തുറന്നിടുന്നു (160). ആസൂത്രകർ മുന്നോട്ടുവെക്കുന്ന ഭാഷ സമൂഹത്തിന്റെ ഉപയോഗമണ്ഡലങ്ങളിൽ പ്രയോജനപ്പെടാത്ത ഒന്നാണെങ്കിൽ, അക്വിസിഷൻ ആസൂത്രണം വിജയിക്കാൻ സാധ്യത കുറവാണ്. കൂപ്പർ മുന്നോട്ടുവെക്കുന്ന അക്വിസിഷൻ ആസൂത്രണം എന്ന സംജ്ഞയ്ക്കുപകരം വിദ്യാഭ്യാസൂത്രണത്തിലെ ഭാഷ (language in education planning) എന്ന പ്രയോഗമാണ് കപ്ലാനും ബൽഡോഫും ഉപയോഗിക്കുന്നത്. വിദ്യാഭ്യാസത്തിലെ ഭാഷ ഭാഷാസൂത്രണത്തിന്റെ നടപ്പാക്കൽ പദ്ധതികളിലെ പ്രധാനപ്പെട്ട ഒരിനമാണെങ്കിലും ഭാഷാസൂത്രണത്തിൽനിന്ന് അത് ഗണ്യമായ രീതിയിൽ വ്യതിരിക്തമാണ് (*Language Planning From Practice to Theory* 38). സാക്ഷരതാസംബന്ധമായ ആസൂത്രണം വിദ്യാഭ്യാസൂത്രണത്തിലെ ഭാഷയുടെ ഒരു ഉപഘടകമാണെങ്കിലും അത് വിദ്യാഭ്യാസൂത്രണത്തിലെ ഭാഷ എന്ന ഘടകത്തിന്റെ പ്രാധാന്യം വർധിപ്പിക്കുന്ന ഒന്നാണ്.

ഭാഷാസൂത്രണത്തിന്റെ നടത്തിപ്പിലെ പ്രധാന ഇടമായി വിദ്യാഭ്യാസമേഖല തിരഞ്ഞെടുക്കപ്പെടുന്നത്, ഏത് ഭാഷയാണെങ്കിലും (ദേശീയഭാഷ/ ഔദ്യോഗികഭാഷ/ വിദേശഭാഷ), അതിന്റെ മാനകീകരിക്കപ്പെട്ട[96] രൂപമാണ് അവിടെ ഉപയോഗിക്കപ്പെടുന്നത് എന്നതിനാലാണ്. വിദ്യാഭ്യാസത്തിലെ ഭാഷ തിരഞ്ഞെടുക്കുമ്പോൾ നിരവധി ഘടകങ്ങൾ പരിഗണിക്കേണ്ടതുണ്ട്. കീർത്തിയുടെയും സാമ്പത്തികപദവിയുടെയും മുദ്രകൾ ഭാഷകൾ കയ്യാളുന്നതിനാൽ പഠനത്തിനായുള്ള ഭാഷകൾ തിരഞ്ഞെടുക്കുമ്പോൾ, ജനങ്ങളുടെ ഭാഷാമനോഭാവത്തെ സ്വാധീനിക്കാനുള്ള കാര്യങ്ങൾകൂടി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടിവരും. പോസിറ്റീവായാലും നെഗറ്റീവായാലും അങ്ങേയറ്റത്തുള്ള നിലപാടുകൾ തിരിച്ചടിക്കാനാണ് സാധ്യത. ആസൂത്രണഘട്ടത്തിലും മൂല്യനിർണയനഘട്ടത്തിലും കൂടുതൽ ശ്രദ്ധ ഇവിടെ ആവശ്യമുണ്ട്. വിവിധ വിഷയങ്ങൾ വിദ്യാഭ്യാസക്രമത്തിൽ ഉൾപ്പെടുത്താനുള്ള സാമൂഹ്യസമ്മർദങ്ങൾ വിവിധകോണുകളിൽനിന്നുണ്ടാവും. ഔപചാരികപഠനത്തിന് ലഭ്യമാവുന്ന ആകെ സമയത്തിൽ അത്തരം വിഷയങ്ങൾക്കുള്ള സമയം കണക്കാക്കേണ്ടതുണ്ട്. ഈ സമയപരിമിതി കണക്കിലെടുത്തുവേണം എത്ര ഭാഷകൾ പഠിക്കണമെന്ന് നിർദേശിക്കാൻ. ഏതുഭാഷ, ഏതുഘട്ടംതൊട്ട് എവിടെവരെ,

എത്രസമയം പ്രയോജനപ്പെടുത്താം എന്നൊക്കെ നിജപ്പെടുത്തണം. ഇതിലും പ്രധാന പ്പെട്ടതാണ് അധ്യയനമാധ്യമം ഏതെന്ന ചോദ്യം.

വിദ്യാഭ്യാസദർശനങ്ങളെ മുൻനിർത്തിമാത്രമേ മാധ്യമവിഷയത്തെ സമീപിക്കാവൂ, എങ്കിലും ഇന്ന് കമ്പോളമാണ് അത് നിർണയിക്കുന്നത്. സാമൂഹികപ്രക്രിയയാണ് വിദ്യാഭ്യാസമെന്ന അടിസ്ഥാനകാര്യം മറച്ചുവെക്കപ്പെടുകയും വ്യക്തികളുടെ ഉന്നമനം, അതും കുറുക്കുവഴികളിലൂടെയുള്ള ഉന്നമനം, എന്നതായി വ്യാഖ്യാനിക്കപ്പെടുകയും ചെയ്യുന്നു. കുട്ടിയിലേക്ക് അധ്യാപകർ അറിവ് പകർന്നുകൊടുക്കുന്നതാണ് വിദ്യാഭ്യാസം എന്ന സങ്കൽപ്പം മാറി, അറിവുനിർമിക്കാൻ കുട്ടിയെ പ്രാപ്തയാക്കുകയാണ് വിദ്യാഭ്യാസമെന്നുള്ള സങ്കൽപ്പം കടന്നുവന്നിരിക്കുന്നു. കുട്ടികൾ അറിവുനേടുന്നതും വിനിമയം ചെയ്യുന്നതും ക്ലാസ്സുമുറികളിൽനിന്നു മാത്രമാണെന്ന ധാരണയും ഇന്ന് ബോധനമാധ്യമചർച്ചകളിൽ നിഴലിക്കുന്നു (ഗണേശ്, *അറിവിന്റെ വിനിമയം കേരളത്തിൽ* 83). ചുറ്റുപാടുകളുകളുമായുള്ള നിരന്തരമായ സമ്പർക്കത്തിലൂടെയും സംവാദത്തിലൂടെയുമാണ് ക്ലാസ്സുമുറികളിൽനിന്ന് ലഭിക്കുന്ന അറിവുകൾപോലും കുട്ടികൾ പുഷ്ടിപ്പെടുത്തുന്നത്. പാഠപുസ്തകങ്ങളിൽനിന്ന് ലഭിക്കുന്ന വിവരങ്ങൾ നിരന്തരമായ പ്രയോഗത്തിലൂടെ സ്ഫുടം ചെയ്യുമ്പോഴേ അവ അറിവായി മാറുന്നുള്ളൂ. ചുറ്റുപാടുകളുമായുള്ള കുട്ടികളുടെ ഇടപെടലാകട്ടെ സമൂഹത്തിന്റെ ഭാഷയിലാണ് നടക്കുക. ഇതിനെ പരിഗണിക്കാതെയാണ് പലരും കുട്ടികളുടെ അധ്യയനമാധ്യമം തീരുമാനിക്കുന്നത്. ആഗോളീകരണനയങ്ങളുടെ മറവിൽ ലോകമൊട്ടാകെ ഇംഗ്ലീഷുമാധ്യമവിദ്യാഭ്യാസത്തിനു വേണ്ടിയുള്ള മുറവിളി പടരുകയാണ്. ഇന്ത്യ, റുവാണ്ട, സൗത്ത് ആഫ്രിക്ക, പാക്കിസ്ഥാൻ, സാംബിയ, ടാൻസാനിയ, മലാവി, സിംബാബ്‌വെ തുടങ്ങിയ നിരവധി രാജ്യങ്ങളിൽ വിദ്യാഭ്യാസ മേഖലയിലെ ഭാഷാനയ രൂപീകരണം ഉപരിവർഗത്തിന്റെ താൽപ്പര്യങ്ങളാൽ സ്വാധീനിക്കപ്പെടുന്നു (Ricento, *Language policy and political economy* 294). സ്ടെയ്റ്റ് ഫോർ ഇംഗ്ലീഷ് [97] എന്ന സമീപനത്തിലൂടെ സാർവത്രികവിദ്യാഭ്യാസമെന്ന ലക്ഷ്യത്തിന്റെ കടയ്ക്കൽതന്നെ കത്തിവെക്കപ്പെടുന്നു. അതുവഴി രാഷ്ട്രങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ വികസനവും പാളംതെറ്റുന്നു.

## 1.12 വൈജ്ഞാനികവിനിമയവും ഭാഷാസൂത്രണവും

വൈജ്ഞാനികവിനിമയരംഗത്ത് ആഗോളാടിസ്ഥാനത്തിൽ നിലനിൽക്കുന്ന അസന്തുലിതാവസ്ഥയെ എങ്ങനെ അഭിസംബോധന ചെയ്യണമെന്നുള്ള കാര്യം നിരവധി

പണ്ഡിതരുടെ അന്വേഷണവിഷയമായിട്ടുണ്ട്. ഉൾറിഷ് അമോൺ (Ulrich Ammon), ഹമേൽ (Rainer Enrique Hamel) മൈക്കൽ ഡി. ഗോർഡിൻ, തുടങ്ങിയവർ അവരിൽ ചിലരാണ്. മൂന്നുതരത്തിലുള്ള ഭാഷാസമൂഹങ്ങളാണ് [98] ഇന്നു നിലവിലുള്ളതെന്ന് അമോൺ ("Linguistic inequality and its effects" 336)ചൂണ്ടിക്കാണിക്കുന്നു. ഒന്ന് ശാസ്ത്രത്തിന്റെയും മറ്റുമേഖലകളുടെയും പ്രബലമായ ആഗോളബന്ധഭാഷയായി മാറിയ ഇംഗ്ലീഷ് ഭാഷണസമൂഹമാണ്. ചൈനീസ്, ഫ്രെഞ്ച്, ജർമൻ, ഇറ്റാലിയൻ, ജാപ്പനീസ്, റഷ്യൻ, സ്പാനിഷ് തുടങ്ങിയവ രണ്ടാം നിരയിൽ പെടുന്നു. മൂന്നാമത്തെ വിഭാഗത്തിൽ ദേശീയശാസ്ത്രഭാഷകളായി ഉപയോഗിക്കപ്പെട്ടവയും, ഒരിക്കലും ശാസ്ത്രത്തിനുവേണ്ടി ഉപയോഗിക്കപ്പെട്ടിട്ടില്ലാത്ത, ഉപദേശീയതകളുടെയും ന്യൂനപക്ഷങ്ങളുടെയും ഭാഷകളുമാണ് ഉൾപ്പെടുന്നത്. അമോണിന്റെ അഭിപ്രായത്തിൽ രണ്ടാം വിഭാഗത്തിൽ പെടുന്നവരാണ് ഇന്നത്തെ അവസ്ഥയിൽ വലിയ വൈഷമ്യം അനുഭവിക്കുന്നത്. കാരണം മൂന്നാംവിഭാഗങ്ങളിലുള്ളവർക്ക് നേരത്തേതന്നെ പരിചിതമായ അവസ്ഥയാണിത്. അവരെ സംബന്ധിച്ചിടത്തോളം നേരത്തേ പഠിച്ചിരുന്നത്രയും വിദേശഭാഷകൾ ഇപ്പോൾ പഠിക്കേണ്ടതില്ല എന്ന സൗകര്യവുമുണ്ട്. രണ്ടാം വിഭാഗക്കാരാകട്ടെ സമീപകാലംവരെ അവരനുഭവിച്ച സൗഭാഗ്യം നഷ്ടപ്പെട്ടവരാണ്.

സമീപകാലംവരെ അന്താരാഷ്ട്ര ശാസ്ത്രഭാഷാപദവിയിൽ നിലനിന്നിരുന്ന ജർമൻഭാഷയെ മുൻനിർത്തി നടത്തിയ വിശകലനത്തിൽ ഇംഗ്ലീഷിന്റെ ആധിപത്യം സൃഷ്ടിച്ച പ്രശ്നങ്ങളെ, രാജ്യത്തിനകത്തുതന്നെ ദേശീയഭാഷയുടെ മണ്ഡലങ്ങൾ (Domain) പരിമിതപ്പെടൽ, ദേശീയഭാഷയുടെ നവീകരണം മന്ദഗതിയിലാവൽ, ശാസ്ത്രജ്ഞരുടെ ഒരുക്കമില്ലായ്മയും അന്താരാഷ്ട്രരംഗത്ത് അവരുടെ അഭാവവും സംഭവിക്കൽ, പ്രസാധകരുടെ ബുദ്ധിമുട്ടുകൾ, ചെലവേറിയതും ഒരുപക്ഷേ, വിപരീതഫലങ്ങളുണ്ടാക്കുന്നതുമായ പ്രതികരണങ്ങളും ഉട്ടോപ്യൻ നിർദേശങ്ങളും ഉയർന്നുവരൽ എന്നിങ്ങനെ അമോൺ തരംതിരിക്കുന്നു ("English as a Future Language of Teaching" 348-57). രണ്ടാം വിഭാഗത്തിൽപ്പെട്ടവർക്കും മൂന്നാം വിഭാഗത്തിൽപ്പെട്ടവർക്കും ഒരുപോലെ പ്രശ്നം സൃഷ്ടിക്കുന്ന കാര്യം, ജേണലുകൾ നിഷ്കർഷിക്കുന്ന പ്രത്യേക നിലവാരമുള്ള ഇംഗ്ലീഷാണ് (Standard English). പലപ്പോഴും ഇംഗ്ലീഷേതര രാജ്യങ്ങളിലെ പണ്ഡിതന്മാർ തയ്യാറാക്കുന്ന പ്രബന്ധങ്ങൾ ഭാഷയുടെ നിലവാരത്തിന്റെ പ്രശ്നങ്ങളുയർത്തി പലതവണ തിരിച്ചയക്കപ്പെടുകയോ, തിരസ്കരിക്കപ്പെടുകയോ ചെയ്യുന്നു. ആഗോള ഇംഗ്ലീഷ് (Global English), ലോക ഇംഗ്ലീഷ് (World English), ലിംഗ്വാ ഫ്രാങ്കാ ഇംഗ്ലീഷ് (Lingua Franca

English) എന്നെല്ലാം ഇംഗ്ലീഷിനെ വിശേഷിപ്പിക്കുമെങ്കിലും ഇംഗ്ലീഷിനെ കുറച്ചുകൂടെ സൂക്ഷ്മമായി പരിശോധിക്കേണ്ടതുണ്ട്.

ആഗോള ഇംഗ്ലീഷ് എന്ന പ്രയോഗം ഇംഗ്ലീഷിന്റെ വ്യാപ്തിയും പദവിയും സംബന്ധിച്ച് ഭൂമിശാസ്ത്രം, സർവവ്യാപിത്വം, സാർവലൗകികത എന്നിവയെ പിൻപറ്റുന്ന ഒന്നാണ് (*Language policy and political economy* 277). നേരത്തേ ചൂണ്ടിക്കാണിച്ച കണക്കുകളും (കാ. 1.7.3, 1.8) ഡി സ്വാൻ നൽകിയ 'ഹൈപ്പർ സെൻട്രൽ' എന്ന വിശേഷണവും അതിന്റെ വ്യാപ്തിയെ അടയാളപ്പെടുത്തുന്നുമുണ്ട്. തങ്ങളുടെ സാമൂഹിക-സാമ്പത്തികസ്ഥിതികൾ മെച്ചപ്പെടുത്താനാഗ്രഹിക്കുന്ന ഇംഗ്ലീഷേതരരാജ്യങ്ങളിലെ വ്യക്തികളുടെ അഭിലാഷങ്ങളെയും പെരുമാറ്റങ്ങളെയും നിർണയിക്കുന്നതിൽ ഇംഗ്ലീഷിന്റെ സർവവ്യാപിത്വം, അധികാരം, ഉപയോഗക്ഷമത എന്നിവയെക്കുറിച്ചുള്ള ധാരണകൾ പങ്കുവഹിക്കുകയും ചെയ്യുന്നു. രാജ്യത്ത് നിലനിൽക്കുന്ന വലിയതോതിലുള്ള തൊഴിലില്ലായ്മയ്ക്കും സാമ്പത്തികപരാധീനതകൾക്കും പരിഹാരനടപടികൾ തേടുന്ന സർക്കാരുകളുടെ തീരുമാനങ്ങളെയും ഈ ധാരണകൾ സ്വാധീനിക്കാറുണ്ട്. ദരിദ്രരും ഗ്രാമീണരുമായ വിദ്യാർത്ഥികൾക്ക് ഒട്ടും ഉചിതമല്ലെങ്കിൽപ്പോലും ഇംഗ്ലീഷ് വിദ്യാഭ്യാസം നൽകുന്ന നയങ്ങളിലേക്ക് ഇത് അവരെ നയിക്കുകയും ചെയ്യുന്നു. നവലിബറൽ നയങ്ങൾ സാധാരണക്കാരായ ജനകോടികളുടെ ദാരിദ്ര്യം ഇല്ലാതാക്കുന്നതിൽ പ്രയോജനപ്പെട്ടിട്ടില്ല എന്നതുപോലെതന്നെ ഇംഗ്ലീഷിന്റെ പ്രചാരം അത്തരക്കാരുടെ ജീവിതം മെച്ചപ്പെടുത്തുന്നതിൽ പങ്കുവഹിക്കുന്നില്ല എന്നതാണ് വാസ്തവം. തുച്ഛവരുമാനക്കാരായ ദരിദ്രരാജ്യങ്ങളിലെ അടിസ്ഥാനവർഗങ്ങൾ ഈ സമ്പദ്‌വ്യവസ്ഥയ്ക്ക് പുറത്താണ്.

വേൾഡ് ഇംഗ്ലീഷ് എന്ന പ്രയോഗം സ്പഷ്ടമായും വസ്തുതകളുടെ പിൻബലമില്ലാത്തതാണ്. സാർവലൗകികസ്വഭാവമുള്ള ഒരു വകഭേദം ഇംഗ്ലീഷിനില്ല. പലയിടങ്ങളിലും ഉപയോഗത്തിലുള്ള ഇംഗ്ലീഷുകൾ തമ്മിലുള്ള ആശയവിനിമയം അത്ര സുഗമമല്ല. ഇംഗ്ലീഷ് ദേശ്യഭാഷയായുള്ള പ്രദേശങ്ങളിൽ പ്രമുഖങ്ങളായ ബ്രിട്ടീഷ് ഇംഗ്ലീഷും അമേരിക്കൻ ഇംഗ്ലീഷും തമ്മിൽപ്പോലും വൈജാത്യങ്ങൾ നിലവിലുണ്ട്. ലോക ഇംഗ്ലീഷ് എന്നതിനുപകരം ലോക ഇംഗ്ലീഷുകൾ (World Englishes)[99] എന്നാണ് ഉപയോഗിക്കേണ്ടത്. കച്ച്റു മുന്നോട്ടുവച്ച ഇംഗ്ലീഷ് വൃത്തങ്ങൾ (The Circles of English)[100] എന്ന സങ്കൽപ്പനം പ്രസിദ്ധമാണ് (മുരളീധരൻ, *വിജ്ഞാനവും വിജ്ഞാനഭാഷയും* 285-86). ഇംഗ്ലീഷിന്റെ വകഭേദങ്ങൾക്കിടയിൽ അസമത്വം നിലനിൽക്കുന്നു. ഇവയിൽ പലതും അതാതിന്റെ മണ്ഡലങ്ങളിൽമാത്രം ഉപയോഗിക്കപ്പെടുന്നവയാണ്. മെച്ചപ്പെട്ട, അഥവാ സ്റ്റാൻഡേർഡ് ഇംഗ്ലീഷ് എന്ന പരിഗണനയ്ക്കുപുറത്താണ് ബാഹ്യവൃത്തങ്ങളിലെയും വിക

സിക്കുന്ന വൃത്തങ്ങളിലെയും ഇംഗ്ലീഷ് ഭാഷകൾ.[101] ആന്തരവൃത്തരാജ്യങ്ങളിലെ അതേ നിലവാരത്തിലുള്ള ഇംഗ്ലീഷ് ഉപയോഗിക്കണമെന്നാണ് അക്കാദമിക ജേണലുകളുടെ നിബന്ധന.

ദേശ്യഭാഷകർ ഇംഗ്ലീഷ് കൈകാര്യംചെയ്യുന്ന അതേ നിലവാരത്തിൽ ഇംഗ്ലീഷ് കൈകാര്യം ചെയ്യാൻ വികസിക്കുന്ന വൃത്തങ്ങളിലുള്ള ഭാഷകർക്ക് എളുപ്പമല്ല. അവയിൽ പലരുടെയും ഭാഷകളുടെ ഘടനയും ഇംഗ്ലീഷിന്റെ ഘടനയും തമ്മിൽ വലിയ വ്യത്യാസമുണ്ട്. അക്കാദമിക പ്രസിദ്ധീകരണങ്ങളിലെ പ്രബന്ധങ്ങളിൽ ഇംഗ്ലീഷ് ദേശ്യഭാഷയായവരെയും അല്ലാത്തവരെയും ഒരുപോലെ പരിഗണിക്കുന്നത് നീതിക്ക് നിരക്കുന്നതല്ല. തദ്ദേശീയഭാഷകരുടെ പ്രബന്ധങ്ങളെ അപേക്ഷിച്ച് മറ്റുപ്രദേശങ്ങളിലുള്ളവരുടെ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ പലപ്പോഴും വലിയ കാലതാമസം നേരിടുന്നു. പ്രബന്ധങ്ങളിലെ ഇംഗ്ലീഷിന്റെ നിലവാരം ഉറപ്പാക്കാൻ അവർക്ക് മറ്റുള്ളവരുടെ സഹായം തേടേണ്ടി വരുന്നു. വിഷയത്തോടൊപ്പം 'മെച്ചപ്പെട്ട' ഇംഗ്ലീഷ് പഠിച്ചെടുക്കാനുള്ള സാമ്പത്തികം, സമയം എന്നിവയെല്ലാം ഇംഗ്ലീഷേതര ഭാഷാപ്രദേശങ്ങളിലുള്ളവർ കണ്ടെത്തേണ്ടി വരുമ്പോൾ ഇംഗ്ലീഷ് ദേശ്യഭാഷയായുള്ളവർ മറ്റുഭാഷകൾ പഠിക്കാനോ അവയിലെ വൈജ്ഞാനിക ഉള്ളടക്കം പരിശോധിക്കാനോ തയ്യാറാവുന്നേയില്ല. ഇംഗ്ലീഷ് ലോകഭാഷയാണെന്ന് പറയുന്നവർ ഈ അസമത്വത്തെ വിശദീകരിക്കേണ്ടതുണ്ട്. വിജ്ഞാനത്തിന്റെ ഉൽപ്പാദനത്തിലും വിനിമയത്തിലും പുലരേണ്ട ജനാധിപത്യത്തിന് കടകവിരുദ്ധമാണിത്. ഏതു ഭാഷാപശ്ചാത്തലത്തിൽനിന്നുവരുന്ന ഗവേഷകർക്കും വിജ്ഞാനം നേടാനും പ്രസരിപ്പിക്കാനുമുള്ള അവസരങ്ങളിൽ തുല്യത ഉറപ്പിക്കാൻ കഴിയുമ്പോഴേ വൈജ്ഞാനികമേഖലയിലെ ജനാധിപത്യം യാഥാർത്ഥ്യമാവൂ. ശാസ്ത്രഗവേഷണത്തിലും അധ്യാപനത്തിലും ഭാഷയെ മുൻനിർത്തി വിലങ്ങുതടികൾ ഉയർന്നുവരുന്നത് ശാസ്ത്രവും ഭാഷയും തമ്മിലുള്ള അടിസ്ഥാനബന്ധത്തെത്തന്നെ പ്രശ്നവൽക്കരിക്കും. മാത്രമല്ല, ശാസ്ത്രം ഒരു ഭാഷയിലേക്കുമാത്രം ചുരുക്കപ്പെടുന്നത് ശാസ്ത്രത്തിന്റെ വികാസത്തെത്തന്നെ മുരടിപ്പിക്കുകയും ചെയ്യും.

വൈജ്ഞാനികവിനിമയരംഗത്തെ അസന്തുലിതാവസ്ഥകളെ അഭിമുഖീകരിക്കുമ്പോൾ ഭാഷാസൂത്രകരുടെ പ്രധാന ലക്ഷ്യങ്ങളായി പരിഗണിക്കേണ്ട അഞ്ച് കാര്യങ്ങൾ അമോൺ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

- വൈജ്ഞാനികവിനിമയത്തിലേർപ്പെടുന്ന, ഇംഗ്ലീഷ് ഭാഷകരും ഇംഗ്ലീഷേതര ഭാഷകരുമായ ശാസ്ത്രജ്ഞർക്കിടയിലും, ഇംഗ്ലീഷേതര ഭാഷകരായ ശാസ്ത്രജ്ഞർക്കിടയിൽ പരസ്പരവും അനുഭവപ്പെടുന്ന തടസ്സങ്ങളെ ലഘൂകരിക്കുക.

- ഇംഗ്ലീഷേതര ഭാഷകളിലേക്ക് സംഗൃഹീതമായ രൂപത്തിലെങ്കിലും ശാസ്ത്രവിജ്ഞാനമെത്തിക്കാനുള്ള സാർവദേശീയമായ ശ്രമങ്ങൾ.
- ഇംഗ്ലീഷേതര ഭാഷകർക്ക് ഇംഗ്ലീഷ് ഭാഷകരോട് ആശയവിനിമയത്തിൽ അനുഭവപ്പെടുന്ന അസൗകര്യങ്ങൾ കുറയ്ക്കൽ.
- സമീപകാലത്ത് അന്താരാഷ്ട്ര ശാസ്ത്രഭാഷാപദവി നഷ്ടപ്പെട്ട ഭാഷകളിലെ ശാസ്ത്രജ്ഞരുടെ ഇച്ഛാഭംഗങ്ങളും ദുരിതങ്ങളും ശമിപ്പിക്കൽ.
- കുറഞ്ഞത് സ്വന്തം സമൂഹത്തിലെങ്കിലും പ്രയോജനപ്പെടുത്താൻ കഴിയുംവിധം നിരവധി ഭാഷകളുടെ വൈജ്ഞാനികപദവി ഉയർത്തൽ.
  ("Language Planning for International Scientific Communication" 22)

ഈ ലക്ഷ്യങ്ങൾ മുൻനിർത്തി പ്രവർത്തിക്കാൻ ഭാഷാസൂത്രണത്തിന്റെ മൂന്ന് വിഭാഗങ്ങളെയും പ്രയോജനപ്പെടുത്താൻ കഴിയുമെന്ന് അമോൺ ചൂണ്ടിക്കാട്ടുന്നു. രാഷ്ട്രീയതലത്തിലും ഭരണതലത്തിലും തീരുമാനങ്ങളെടുക്കുന്നവരെ മേൽപ്പറഞ്ഞ ലക്ഷ്യങ്ങളുടെ യുക്തിയും ന്യായവും മാത്രമല്ല അവ യാഥാർത്ഥ്യമാക്കുന്നതിനായി ആസൂത്രണം ചെയ്യേണ്ട നടപടികളുടെ കൃത്യതയും കാര്യക്ഷമതയും കൂടി ബോധ്യപ്പെടുത്തേണ്ടതുണ്ട്. ഈ പ്രവർത്തനം താഴെ നിന്ന് മുകളിലോട്ടുവ്യാപിക്കുന്ന രീതിയിൽ വിഭാവനം ചെയ്യുകയാണ് വേണ്ടത്. മറ്റൊരുതരത്തിൽപറഞ്ഞാൽ സിദ്ധാന്തത്തിൽനിന്ന് പ്രയോഗത്തിലേക്കു പോവുന്നതിനുപകരം പ്രയോഗത്തിൽനിന്ന് സിദ്ധാന്തത്തിലേക്ക്. മുകളിൽനിന്ന് താഴേക്കുള്ള ഭാഷാസൂത്രണപരിപാടികളെയും താഴെ നിന്ന് മുകളിലേക്കുള്ള ഭാഷാസൂത്രണപരിപാടികളേയും സമന്വയിപ്പിക്കേണ്ടതിന്റെ പ്രാധാന്യം ഹൾട്ടും ഹോൺബർഗറും ("Revisiting Orientations in Language Planning: Problem, Right, and Resource as an Analytical Heuristic" 42)ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇംഗ്ലീഷേതരഭാഷകർ അനുഭവിക്കുന്ന വൈഷമ്യങ്ങളും നിരാശകളും ഇംഗ്ലീഷ് ഭാഷകരെ ബോധ്യപ്പെടുത്തുക എന്നതും പ്രധാനമാണ്. അതിനുതകുന്ന പ്രചാരണപ്രവർത്തനങ്ങൾക്ക് വലിയ പ്രാധാന്യം നൽകണം. വ്യക്തികളിൽ നിന്നുതുടങ്ങി ക്രമേണ വികസിച്ച് അന്താരാഷ്ട്രതലത്തിലേക്ക് വ്യാപിക്കുന്ന രീതിയായിരിക്കും ഉചിതം.

വൈജ്ഞാനികവിനിമയത്തിൽ ഏകഭാഷ വരുന്നതുകൊണ്ട് ഉണ്ടാകുന്ന സൗകര്യങ്ങളെ മറച്ചുവെക്കുകയോ തള്ളിക്കളയുകയോ ചെയ്യേണ്ടതില്ല. വ്യക്തിപരമായി കുറേ പേർക്ക് ഉണ്ടാവുന്ന സൗകര്യങ്ങളേക്കാളുപരി വൈജ്ഞാനികവിനിമയത്തിൽ പുലരേണ്ട

തുല്യത, ജനാധിപത്യം തുടങ്ങിയ ഘടകങ്ങൾക്കാണ് ഈ സമീപനത്തിൽ ഊന്നൽ നൽകുന്നത്. പരസ്പരമുള്ള ആശയവിനിമയത്തിന് കുതിച്ചുമുന്നേറുന്ന സാങ്കേതികവിദ്യയെ പ്രയോജനപ്പെടുത്താനുള്ള നടപടികൾക്ക് ഏറെ പ്രാധാന്യം നൽകുകയെന്നതും ആവശ്യമാണ്. യന്ത്രസഹായത്താൽ ഭാഷകളെ പരസ്പരം കൂട്ടിയിണക്കാൻ കഴിയും വിധം നിർമിതബുദ്ധിയുടെ രംഗത്തുനടക്കുന്ന ഗവേഷണങ്ങൾ സമീപഭാവിയിൽ പ്രയോജനപ്പെടുത്താൻ കഴിഞ്ഞേക്കും. ഭാഷാവൈവിധ്യമെന്നത് പരിഹരിക്കേണ്ട ഒരു പ്രശ്നമല്ലെന്നും ഭാഷകൾ മാനവവംശത്തിന്റെ അമൂല്യമായ വിഭവങ്ങളാണെന്നും ഭാഷാസൂത്രണരംഗത്തെ ആധുനികസമീപനങ്ങൾ വിലയിരുത്തുന്നുണ്ട് (Ruíz, "Orientations in Language Planning" 25). പ്രകൃതിവിഭവങ്ങൾ ഉപയോഗിക്കുന്തോറും കുറഞ്ഞുപോവുന്നവയാണെങ്കിൽ ഭാഷയെന്ന വിഭവം, എത്രത്തോളം ഉപയോഗിക്കുന്നുവോ അത്രത്തോളം ലഭ്യമായിക്കൊണ്ടിരിക്കും (Hult and Hornberger 38–39). ഭാഷാവൈവിധ്യവും സാംസ്കാരികവൈവിധ്യവും പരിരക്ഷിച്ച മുന്നേറാനുള്ള നയസമീപനമാണ് വേണ്ടത്.

അന്താരാഷ്ട്രതലത്തിലും ദേശീയതലത്തിലും കൈക്കൊള്ളേണ്ട നടപടികളെ മുൻനിർത്തി വിവിധ ജനസമൂഹങ്ങളിൽനിന്നുള്ള സംവാദങ്ങളും പ്രവർത്തനങ്ങളും ഉയർന്നുവരേണ്ടതുണ്ട്. അത് മനുഷ്യവംശത്തിന്റെ പുരോഗതിക്കുള്ള അടിസ്ഥാനഘടകങ്ങളായ വിജ്ഞാനം, ഭാഷാവൈവിധ്യം, സാംസ്കാരികവൈവിധ്യം തുടങ്ങിയവയെ കാത്തുസൂക്ഷിക്കാനും പരിപോഷിപ്പിക്കാനും അവശ്യം ആവശ്യമായ പ്രവർത്തനങ്ങളിലേക്കുള്ള ഈടുവയ്പുകളായും വലിയൊരു മാറ്റത്തിനുള്ള നാന്ദിയായും മാറും. അത്തരമൊരു പ്രവർത്തനത്തിൽ ഉൾച്ചേരേണ്ടതാണ് പ്രാദേശികഭാഷകളുടെ വൈജ്ഞാനികതലം വളർത്താനുള്ള ശ്രമങ്ങൾ. അമോൺ നിരീക്ഷിക്കുന്നതുപോലെ ഇംഗ്ലീഷിന്റെ മേധാവിത്വം എങ്ങനെ തുടച്ചുനീക്കാം എന്നതിനുപകരം അതിനെ എങ്ങനെ നേരിടാമെന്ന് ആസൂത്രണം ചെയ്യുകയായിരിക്കും മറ്റ് ഭാഷകളെ സംബന്ധിച്ചിടത്തോളം യാഥാർത്ഥ്യബോധത്തോടുകൂടിയ നടപടി. ലോകത്തിലെ ശാക്തികബലാബലങ്ങൾ മാറിമറിയാം. അത്തരം സാഹചര്യങ്ങളിൽ ഇന്ന് നിലനിൽക്കുന്ന ഭാഷാപരമായ അധീശത്വം അങ്ങനെതന്നെ തുടരാൻ സാധ്യതയില്ല. അതുകൊണ്ടുതന്നെ ശാസ്ത്രമേഖലയിൽ തങ്ങളുടെ ഭാഷകളെ ചൈതന്യവത്താക്കാനും നവീകരിക്കാനും അവയുടെ സാന്നിധ്യം കാത്തുസൂക്ഷിക്കാനും ശ്രമിക്കുന്ന സമൂഹങ്ങൾ–അന്തർദേശീയ പ്രസിദ്ധീകരണങ്ങളിൽ അവരുടെ പങ്ക് എത്ര ചെറുതായിരുന്നാലും–തങ്ങളുടെ സ്വന്തം ഭാഷയ്ക്കും അന്താരാഷ്ട്രസമൂഹത്തിനും പ്രധാനപ്പെട്ട ഒരു സംഭാവനയാണ് നൽകുന്നതെന്ന് വാദിക്കാൻ കഴിയും (Hamel 69). അവർ സ്വന്തം ഭാഷകളുടെ, തിരിച്ചുമാറ്റാനാകാത്ത

ഭാഷാശോഷണം ഒഴിവാക്കുകയും ശാസ്ത്രമേഖലയിൽ ഒരു ബഹുഭാഷാവീക്ഷണം നിലനിർത്താൻ സഹായിക്കുകയും ചെയ്യുന്നു.

ഈയൊരു പശ്ചാത്തലത്തിൽ വേണം മലയാളത്തിന്റെ വൈജ്ഞാനികഭാഷാസ്വത്വ പത്തെക്കുറിച്ചുള്ള ചർച്ചകളെ പ്രതിഷ്ഠിക്കാൻ. അതിനാകട്ടെ വൈജ്ഞാനികമണ്ഡലവു മായി ഇതുവരെ മലയാളം പ്രതിപ്രവർത്തിച്ചതെങ്ങനെയെന്നുകൂടി വിശദമായി പരിശോ ധിക്കേണ്ടതുണ്ട്. അതിനുള്ള ശ്രമമാണ് അടുത്ത അധ്യായം.

## കുറിപ്പുകൾ

1. കൂടെ എന്നാണ് സിൻ എന്ന വാക്കിന്റെ അർത്ഥം. കിനേഷ്യ, കൂടെയുള്ള ചലനവും. ഒന്നിച്ചുള്ള ചലനം എന്നാണ് സിൻകിനേഷ്യ എന്ന പദംകൊണ്ട് ഉദ്ദേശിക്കുന്നത്. ആംഗ്യങ്ങളെ ഇടമുറിയാതെ വാക്കുകളി ലേക്ക് പരാവർത്തനം ചെയ്യാനുള്ള മനുഷ്യമസ്തിഷ്കത്തിന്റെ സിദ്ധിയാണ് സിൻകിനേഷ്യ.

2. ആത്മീയമായ കാര്യങ്ങളിൽ അവഗാഹം നേടുന്നതിനെ ജ്ഞാനമായും ആത്മീയേതരമായ കാര്യങ്ങളിൽ അവഗാഹം നേടുന്നത് വിജ്ഞാനമായുമാണ് *ശബ്ദതാരാവലി* വ്യവച്ഛേദിക്കുന്നത്. ഹിന്ദിയിൽ അറിവ് ജ്ഞാനവും (ഗ്യാൻ എന്നാണ് വാക്ക്), സയൻസ് വിജ്ഞാനവുമാണ് (വിഗ്യാൻ). മലയാളത്തിൽ, കൃത്യത കൽപ്പിക്കപ്പെട്ട പദത്തിന്റെ അഭാവത്തിൽ നോളജ് എന്നതിന് തുല്യമായി അറിവ്, ജ്ഞാനം, വിജ്ഞാനം എന്നീ പദങ്ങൾ ഈ പ്രബന്ധത്തിൽ ഉപയോഗിക്കുന്നുണ്ട്.

3. ഇംഗ്ലീഷിൽ ഇൻഫർമേഷൻ, സ്കിൽ, നോളജ് എന്നീ പദങ്ങൾ അർത്ഥവ്യത്യാസമുള്ളവയാണ്. വിവരം, നൈപുണി, അറിവ് എന്നെല്ലാം പറയാമെങ്കിലും പ്രയോഗത്തിൽ ഇവയൊക്കെ മലയാളത്തിൽ കൂടിക്കു ഴഞ്ഞുപോകാറുണ്ട്.

4. പോളിഷ് വംശജനും ഇസ്രയേലിലെ ഡോക്ടറും ജീവശാസ്ത്രകാരനുമായിരുന്ന ലുഡ്‌വിക്ക് ഫ്ലക്ക് (Ludwik Fleck 1896–1916) രൂപം നൽകിയ ഒരു ജർമൻ വാക്കാണ് Denkstil. ശാസ്ത്രീയമായ ജ്ഞാ നോൽപ്പാദനമെന്നത് അടിസ്ഥാനപരമായി, മുൻകാല കണ്ടുപിടിത്തങ്ങളെയും പ്രവൃത്തികളെയും അടിസ്ഥാനമാക്കിയുള്ള ഒരു സാമൂഹിക പ്രക്രിയയാണെന്ന് അദ്ദേഹം വിശദീകരിച്ചു. സാംസ്കാരികരൂപ ങ്ങളുടെയും വിജ്ഞാനാർജനത്തിന്റെയും പൊതുവായ ഒരു ചട്ടക്കൂടിനെ പ്രയോജനപ്പെടുത്തി അറിവിന്റെ നിർമാണത്തിനോ വിപുലീകരണത്തിനോവേണ്ടി കൂട്ടായി സംവദിക്കുന്ന ഗവേഷകരുടെ സമൂഹത്തെ അദ്ദേഹം ചിന്താസമഷ്ടി (thought collective) എന്നും വിളിച്ചു. ഗ്രഹിക്കപ്പെടുന്നതിനെക്കുറിച്ചുള്ള മാനസി കവും വസ്തുതാപരവുമായ സംസ്കരണത്തോടുകൂടിയ അവബോധത്തിലേക്ക് നയിക്കുന്നത് (directed perception, with corresponding mental and factual processing of what is perceived) എന്നാണ് Denkstil നെ ഫ്ലക്ക് നിർവചിച്ചത്.

5. അറബ് വൈജ്ഞാനികധാരയെന്നാൽ അറേബ്യയിലെ ധാര എന്നല്ല വിവക്ഷ. അറബിഭാഷ സംസാരി ക്കുന്ന വലിയൊരു ജനസമൂഹത്തെയാണ് ഇത് പ്രതിനിധാനം ചെയ്യുന്നത്. ഇതിൽ അറബി സംസാരി

ക്കുന്ന ക്രിസ്ത്യാനികൾ, യഹൂദർ, പേർഷ്യക്കാർ, വടക്കേ ആഫ്രിക്കയിലും സ്പെയിനിലുമുള്ളവർ എന്നിവരെല്ലാം ഉൾപ്പെടുന്നു. ഈജിപ്തിൽ ഉണ്ടായ ശാസ്ത്രമുന്നേറ്റമൊക്കെ ഇതിൽ പ്രമുഖ സ്ഥാനം വഹിക്കുന്നുണ്ട്.

6. ആധുനികശാസ്ത്രത്തിന്റെ ഉത്ഭവത്തിനും കുതിച്ചുചാട്ടത്തിനും നിദാനമായി 16, 17 നൂറ്റാണ്ടുകളിൽ നടന്ന ഒരുകൂട്ടം സംഭവങ്ങളാണ് വൈജ്ഞാനികവിപ്ലവം എന്നറിയപ്പെടുന്നത്. സ്വതന്ത്രചിന്തയെ കെട്ടഴിച്ചുവിടലായിരുന്നു അത്. വിവിധ വൈജ്ഞാനികമേഖലകളിൽ ഉണ്ടായ കുതിച്ചുചാട്ടം അതുവരെ നിലനിന്നിരുന്ന പ്രബലമായ പ്രപഞ്ചവീക്ഷണത്തെത്തന്നെ അടിമുടി മാറ്റിമറിച്ചു.

7. യൂറോപ്പിൽതന്നെ പതിനേഴാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ നടന്ന സാംസ്കാരികമുന്നേറ്റം. പാരമ്പര്യങ്ങൾ, വിശ്വാസങ്ങൾ എന്നിവയെയെല്ലാം തള്ളിക്കളഞ്ഞ ജ്ഞാനോദയം യുക്തിചിന്ത, വ്യക്തിസ്വാതന്ത്ര്യം എന്നിവ ഉയർത്തിപ്പിടിച്ചു. യുക്തിചിന്തയുടെ കാലം (Age of reasoning) എന്നും ഇതിനെ വിശേഷിപ്പിക്കാറുണ്ട്. സ്വാതന്ത്ര്യം (liberty), പുരോഗതി (progress), സഹിഷ്ണുത (toleration), സാഹോദര്യം (fraternity) തുടങ്ങിയ ആശയങ്ങളും ജ്ഞാനോദയകാലത്തിന്റെ സൃഷ്ടികളാണ്.

8. സ്വതന്ത്രമായ അന്വേഷണങ്ങൾക്ക് പ്രാധാന്യം നൽകിയ പുതിയ അക്കാദമികൾ, ഒരു തരത്തിലുള്ള വിലക്കുകളുമില്ലാത്ത രീതിയിൽ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനും പങ്കുവെക്കാനുമുള്ള വേദികൾ എന്ന നിലയിലാണ് പിറന്നുവീണത്. നേപ്പിൾസിലെ *അക്കാദമിയാ സീക്രട്ടോറം നാച്ചുറെ*, റോമിലെ *അക്കാദമിയ ദേ ലിൻസി*, ഫ്ലോറൻസിലെ *അക്കാദമിയ ദെൽ സിമെന്റൊ* തുടങ്ങിയവ ഉദാഹരണങ്ങളാണ്. 1660 ൽ ഇംഗ്ലണ്ടിൽ രൂപംകൊണ്ട *റോയൽ സൊസൈറ്റി* (Royal Society for the Improvement of Natural Knowledge), 1666 ൽ രൂപംകൊണ്ട *അക്കാദമിയെ ദെസ് സയൻസസ്* എന്നിവ ഇവയിൽ പ്രമുഖങ്ങളായിരുന്നു.

9. Nullius in verba- ലാറ്റിൻ ഭാഷയിലെ ഈ വാചകത്തിന്റെ അർത്ഥം ആരുടെയും വാക്കിനെ ആധാരമാക്കാതെ എന്നാണ്. ഇംഗ്ലീഷിൽ take nobody's word for it എന്നോ on the word of no one എന്നോ പറഞ്ഞുവരുന്നു.

10. മനുഷ്യരുടെ സാമൂഹികജീവിതം കൈകാര്യം ചെയ്യുകയും അതിനെ പഠിക്കാൻ ശാസ്ത്രീയരീതി ഉപയോഗിക്കുകയും ചെയ്യുന്ന പഠനശാഖ. ആദ്യകാലത്ത് സോഷ്യോളജി എന്ന മേഖലയെക്കുറിക്കാനായിരുന്നു ഈ പദം ഉപയോഗിച്ചിരുന്നത്. അതിൽനിന്നുഭിന്നമായി ഇന്ന് നരവംശശാസ്ത്രം, ഉൽഖനനശാസ്ത്രം, സാമ്പത്തികശാസ്ത്രം, ഹ്യൂമൻ ജ്യോഗ്രഫി, മാനേജ്മെന്റ് പഠനങ്ങൾ, ഭാഷാശാസ്ത്രം, രാഷ്ട്രമീമാംസ, മനശ്ശാസ്ത്രം, സോഷ്യോളജി, പരിസ്ഥിതി പഠനങ്ങൾ എന്നിങ്ങനെ വിവിധങ്ങളായ പഠനമേഖലകളെ ഒന്നിച്ചുചേർത്താണ് സാമൂഹികശാസ്ത്രങ്ങൾ എന്ന് വിവക്ഷിക്കുന്നത്.

11. വിജ്ഞാനത്തെ വ്യത്യസ്തമേഖലകളായി പരിഗണിക്കുന്ന രീതിയൊക്കെ ഏറെക്കഴിഞ്ഞ് രൂപപ്പെട്ട ഒന്നാണ്. കൈകാര്യംചെയ്യാനുള്ള സൗകര്യത്തിനായിരുന്നു അത്. നിലവിലുള്ള വൈജ്ഞാനികമണ്ഡലത്തെ വിശാലാർത്ഥത്തിൽ മാനവികവിഷയങ്ങൾ (രംഗകലകൾ, ദൃശ്യകലകൾ, ചരിത്രം, ഭാഷയും സാഹിത്യവും, നിയമം, തത്വശാസ്ത്രം, ദൈവശാസ്ത്രം...), സാമൂഹികശാസ്ത്രങ്ങൾ (നരവംശശാസ്ത്രം, സാമ്പത്തികശാസ്ത്രം, ജ്യോഗ്രഫി, രാഷ്ട്രമീമാംസ, മനശ്ശാസ്ത്രം, സോഷ്യോളജി, സോഷ്യൽ വർക്ക്...), പ്രകൃതിശാസ്ത്രങ്ങൾ (ജീവശാസ്ത്രം, രസതന്ത്രം, ഭൗമശാസ്ത്രം, ബഹിരാകാശശാസ്ത്രം, ഭൗതികശാസ്ത്രം), ഫോർമൽ

സയൻസുകൾ (കമ്പ്യൂട്ടർ സയൻസ്, ഗണിതശാസ്ത്രം), അപ്ലൈഡ് സയൻസുകൾ (ബിസിനസ്, എൻജിനീയറിങ്ങ് & ടെക്നോളജി, മെഡിസിൻ & ഹെൽത്ത്) എന്നിങ്ങനെ അഞ്ചായി തിരിക്കാം.

12. എപ്പിസ്റ്റമോളജി– ജ്ഞാനശാസ്ത്രം. എപ്പിസ്റ്റീം (വ്യവസ്ഥാപിത സംവിധാനങ്ങളിലൂടെയുള്ള ഉൾക്കൊള്ളൽ) എന്ന വാക്കിൽനിന്നാണ് എപ്പിസ്റ്റമോളജി എന്ന പേര് ലഭിച്ചത്. തത്വശാസ്ത്രത്തിന്റെ ഒരു ഉപവിഭാഗമാണ് ജ്ഞാനശാസ്ത്രം.

13. അതിജീവനക്ഷമത കുറയുന്ന ഭാഷകൾ ക്രമേണ നാശോന്മുഖമാകുന്നു. ഭാഷകളുടെ നാശം ഇന്ന് ലോകത്തിൽ വലിയ ചർച്ചാവിഷയമാണ്. ഭാഷകൾ നേരിടുന്ന പ്രതിസന്ധിയെ പഠിക്കാനായി ഭാഷാശാസ്ത്രജ്ഞനായ ജോഷ്വാ ഫിഷ്മാൻ തയ്യാറാക്കിയ *Graded Intergenerational Disruption Scale* പിന്നീട് പരിഷ്കരിക്കപ്പെട്ടു. 2010 ൽ ലൂയിസ് എം. പോളും ഗാരി സൈമൻസും ചേർന്ന് തയ്യാറാക്കിയ *Expanded Graded Intergenerational Disruption Scale* പതിമൂന്ന് ഗ്രേഡുകൾ വെച്ചാണ് ഭാഷകളുടെ അവസ്ഥയെ അളക്കുന്നത്.

14. ഉദാഹരണം– gene, genetic, genotype, genetic engineering
    . optics, optical instruments, optoelectronics

15. ഒരു കൂട്ടം സാങ്കേതികപദങ്ങളെ സാങ്കേതികപദാവലി/ സാങ്കേതികശബ്ദാവലി അഥവാ ഗ്ലോസറി എന്ന് പറയുന്നു. സാങ്കേതികപദപഠനം എന്ന പഠനശാഖയാണ് ടെർമിനോളജി (Terminology) അഥവാ സാങ്കേതികസംജ്ഞാശാസ്ത്രം. എന്നാൽ സാങ്കേതികപദാവലി എന്ന നിലയിലും പലപ്പോഴും ടെർമിനോളജി എന്ന പദം ഉപയോഗിച്ചുപോരാറുണ്ട്. ടെർമിനോളജി ഒരു പഠനശാഖയെന്ന നിലയിൽ ഇരുപതാം നൂറ്റാണ്ടിലാണ് രൂപപ്പെടുന്നത്. നിഘണ്ടുവിജ്ഞാനത്തിൽ (lexicology –ഒരു ഭാഷയിലെ പദാവലികളെക്കുറിച്ചുള്ള പഠനം) പദങ്ങളും അവയുടെ അർത്ഥങ്ങളും മാത്രം പഠനവിധേയമാവുമ്പോൾ സാങ്കേതികസംജ്ഞാശാസ്ത്രത്തിൽ പദങ്ങളുടെ സങ്കൽപനങ്ങൾ, സങ്കൽപനപരമായ വ്യവസ്ഥകൾ എന്നിവകൂടി പഠനവിധേയമാകുന്നു. ടെർമിനോഗ്രാഫി (terminography) എന്ന പദം കൂടി ഇതോടൊപ്പം പരിചയപ്പെടേണ്ടതുണ്ട്. അത് നിഘണ്ടുവിജ്ഞാനം എന്നതു (lexicography) പോലെ വ്യത്യസ്തമായ ഒരു പഠനമേഖലയാണ്. വ്യത്യസ്തമേഖലകളിലെ സാങ്കേതികപദാവലികളെ ക്രോഡികരിച്ച് ഡോക്യുമെന്റ് ചെയ്യുകയാണ് ടെർമിനോഗ്രാഫി. ലെക്സിക്കോളജി നിശ്ചിതഭാഷയിലെ പദങ്ങളെക്കുറിച്ചുള്ള പഠനമാണെങ്കിൽ ലെക്സിക്കോഗ്രാഫി മൂർത്തമായ രൂപത്തിൽ വാക്കുകൾ എഴുതലാണ്. അതായത് നിഘണ്ടുരൂപത്തിലേക്ക്– http://inmyownterms.com/mysmartterm-2-terminology-terminography-lexicology-lexicography/

16. പ്രകൃതിശാസ്ത്രമേഖലയിലെ നാമകരണ പദ്ധതിയുടെ ആദ്യപഥികൻ കാൾ ലിനേയസ് (Carl Linnaeus 1707–1778) ആയിരുന്നു. അദ്ദേഹത്തിന്റെ *സ്പീഷീസ് പ്ലാന്റാരം, സിസ്റ്റെമനേച്ചുറെ* എന്നീ ഗ്രന്ഥങ്ങൾ സസ്യങ്ങളുടെയും ജന്തുക്കളുടെയും നാമകരണത്തിലെ ഒരു വിപ്ലവമായിരുന്നു. പിന്നീട് പല പരിഷ്കാരങ്ങളും വന്നിട്ടുണ്ടെങ്കിലും ലിനേയസ് മുന്നോട്ടുവച്ച തത്വങ്ങൾ കാലഹരണപ്പെട്ടിട്ടില്ല. ഇന്ന് വിവിധ ശാസ്ത്രമേഖലകളിൽ നാമകരണത്തിനായി അന്താരാഷ്ട്രതലത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനവത്കൃതമായ സംവിധാനങ്ങളുണ്ട്. ഉദാ:– The International Union of Pure and Applied Chemistry (IUPAC).

17. സങ്കൽപ്പനം-Concept. അമൂർത്തമായ ആശയങ്ങളാണ് സങ്കൽപ്പനങ്ങൾ. സിദ്ധാന്തങ്ങളുടെയും ചിന്തയുടെയും വിശ്വാസങ്ങളുടെയുമെല്ലാം അടിസ്ഥാന ഘടകം.

18. സാങ്കേതികപദങ്ങളുടെ കൃത്യത ഒരു ഉദാഹരണത്തിലൂടെ വ്യക്തമാക്കാം. "പക്ഷാഘാതം അഥവാ സ്ട്രോക്ക് എന്ന അസുഖത്തെ മെഡിക്കൽ സയൻസ് സെറിബ്രോവാസ്കുലാർ ആക്സിഡന്റ് (Cerebrovascular accident) എന്നാണ് വിശേഷിപ്പിക്കുക. ഹൃദയാഘാതത്തെ മയോകാർഡിയാൽ ഇൻഫാർക്ഷൻ (Myocardial infarction)എന്നും. സെറിബ്രോവാസ്കുലാർ ആക്സിഡന്റ് എന്നുപറയുമ്പോൾ തലച്ചോറിലെ രക്തക്കുഴലുകളിൽ വന്ന പ്രശ്നങ്ങൾ- അടഞ്ഞുപോയതോ പൊട്ടിപ്പോയതോ- കൃത്യമായി സൂചിപ്പിക്കപ്പെടുന്നു. നേരെമറിച്ച് പക്ഷാഘാതം എന്നു പറയുമ്പോൾ ആ രോഗത്തിന്റെ ലക്ഷണമായ ശരീരം തളർന്നുപോയ കാര്യം മാത്രമേ സൂചിതമാകുന്നുള്ളൂ. പക്ഷാഘാതം മറ്റുകാരണങ്ങളാലും വന്നേക്കാം. രണ്ടാമത്തെ ഉദാഹരണത്തിൽ മയോകാർഡിയൽ എന്നത് ഹൃദയത്തിന്റെ മസിലുകൾക്ക് വന്ന പരിക്കിനെയും ഇൻഫാർക്ഷൻ എന്നത് രക്തക്കുഴൽ അടഞ്ഞുപോയതിനെയും സൂചിപ്പിക്കുന്നു. ഹാർട്ട് അറ്റാക്ക് എന്നും ഹൃദയാഘാതം എന്നും പറയുമ്പോൾ ഇപ്പറഞ്ഞ കാരണങ്ങൾകൊണ്ട് സംഭവിച്ച കാര്യത്തെമാത്രം സൂചിപ്പിക്കുന്നു. അതായത് ഇവിടെ സാങ്കേതികപദങ്ങൾ കാര്യത്തെയും അതിന്റെ കാരണത്തെയും ദ്യോതിപ്പിക്കുന്നു." - *വിജ്ഞാനവും വിജ്ഞാനഭാഷയും* എന്ന പുസ്തകത്തിൽനിന്ന്.

19. ആദ്യകാലങ്ങളിൽ വലിയ തോതിൽ നടപ്പിലുണ്ടായിരുന്ന ഒരു രീതിയാണ് ഇത്. ഉദാഹരണമായി ലൈഫ് എന്ന ഇംഗ്ലീഷ് പദം നോക്കുക. "Life is a quality that distinguishes matter that has biological processes, such as signaling and self-sustaining processes, from that which does not, and is defined by the capacity for growth, reaction to stimuli, metabolism, energy transformation, and reproduction" എന്നാണ് വിക്കിപീഡിയ ലൈഫിനെ വിശേഷിപ്പിക്കുന്നത്. നിത്യവ്യവഹാരത്തിൽ ഈ പദം നിരവധി അർത്ഥതലങ്ങളിൽ ഉപയോഗിക്കുന്നു. ജീവിതത്തിന്റെ സ്വഭാവത്തെ സൂചിപ്പിക്കാനോ, ദൈർഘ്യത്തെ സൂചിപ്പിക്കാനോ, ജീവചരിത്രത്തെ സൂചിപ്പിക്കാനോ എല്ലാം നിത്യവ്യവഹാരത്തിൽ ഉപയോഗിക്കുന്ന പദത്തെ ജീവശാസ്ത്രത്തിലേക്ക് കടമെടുത്തിരിക്കുന്നു.

20. ജീവശാസ്ത്രത്തിൽ ഉപയോഗിച്ചുപോരുന്ന പാരസൈറ്റ് എന്ന പദം നോക്കുക. ആതിഥേയ ശരീരത്തിൽനിന്നു പോഷകങ്ങൾ സ്വീകരിച്ചുജീവിക്കുന്ന ജീവിയെയാണ് പാരസൈറ്റ് അഥവാ പരാദം എന്ന് വിവക്ഷിക്കുന്നത്. Feeding beside എന്നായിരുന്നു ഗ്രീക്ക് ഭാഷയിൽ ഈ പദത്തിന്റെ അർത്ഥം. Gynaeceum എന്ന പദത്തിന്റെ മൂലാർത്ഥം Women's portion of a house (അന്തഃപുരം) എന്നായിരുന്നു. ഇന്നതിന് ആവൃതബീജിസസ്യങ്ങളുടെ പെൺ ലൈംഗികാവയവം എന്ന ജീവശാസ്ത്രത്തിലെ അർത്ഥമേ നിലനിൽക്കുന്നുള്ളൂ.

21. ഭാഷകളുടെ വ്യാപ്തിയും സ്വാധീനവും കണക്കാക്കാനുള്ള ഒരു ശാസ്ത്രീയ മൂല്യനിർണയനരീതിയാണ് പവർ ലാംഗ്വേജ് ഇൻഡക്സ്. ഭൂമിശാസ്ത്രം, സമ്പദ്‌വ്യവസ്ഥ, ആശയവിനിമയം, വിജ്ഞാനവും മാധ്യമങ്ങളും, നയതന്ത്രം എന്നീ മേഖലകളെ മുൻനിർത്തിയുള്ള ഇരുപത് സൂചകങ്ങളെ അടിസ്ഥാനമാക്കിയാണ് ഈ വിശകലനം നടത്തുന്നത്. ഈ റാങ്കിങ് അനുസരിച്ച് ഇംഗ്ലീഷ്, ചൈനീസ് മൻഡാരിൻ, ഫ്രഞ്ച്, സ്പാനിഷ്, അറബി, റഷ്യൻ, ജർമൻ, ജാപ്പനീസ്, പോർച്ചുഗീസ്, ഹിന്ദി എന്നിവയാണ് ആദ്യത്തെ പത്ത് സ്ഥാനങ്ങളിൽ വരുന്നത്. എന്നാൽ ഇതിനകത്തുതന്നെ വലിയ തോതിലുള്ള അന്തരം നിലനിൽക്കുന്നുണ്ട്. ഒന്നാം

സ്ഥാനത്തുള്ള ഇംഗ്ലീഷിന്റെ സ്കോർ 0.889 ആണെങ്കിൽ പത്താം സ്ഥാനത്തുള്ള ഹിന്ദിയുടെ സ്കോർ 0.117 മാത്രമാണ്. രണ്ടാം സ്ഥാനത്തു നിൽക്കുന്ന ഭാഷയ്ക്കുപോലും 0.411സ്കോറേ ലഭിക്കുന്നുള്ളൂ. – *വിജ്ഞാനവും വിജ്ഞാനഭാഷയും* എന്ന പുസ്തകത്തിൽ നിന്ന്.

22. അക്കാദമിക പ്രബന്ധങ്ങളെ അതത് മേഖലകളിലെ പ്രഗത്ഭരായ ഒന്നോ അതിലധികമോ പണ്ഡിതരുടെ സൂക്ഷ്മമായ പരിശോധനയ്ക്ക് വിധേയമാക്കുന്ന പ്രക്രിയ. ഗുണമേന്മയും വിശ്വാസ്യതയും ഉറപ്പു വരുത്താനുള്ള ഒരു നിയന്ത്രണ സംവിധാനമാണിത്. നിശ്ചയിക്കപ്പെട്ട മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയുള്ള കർശനമായ സൂക്ഷ്മപരിശോധനയാണ് നടക്കുക. അഭിപ്രായങ്ങൾ വൈയക്തികമായ താൽപ്പര്യങ്ങൾക്ക് വിധേയമാകാതിരിക്കാൻ പ്രബന്ധകർത്താവ് ആരെന്ന് പരിശോധകരെയോ, പരിശോധകർ ആരെന്ന് പ്രബന്ധകർത്താക്കളെയോ അറിയിക്കില്ല. നിശ്ചിത മാനദണ്ഡങ്ങൾക്ക് വിധേയമാവാത്ത രചനകൾ തള്ളുകയോ, ആവശ്യമായ തിരുത്തലുകൾ രചയിതാവിനെക്കൊണ്ട് ചെയ്യിച്ച് വീണ്ടും പരിശോധിച്ച് പ്രസിദ്ധീകരണത്തിന് യോഗ്യമാക്കുകയോ ചെയ്യും. പിയർ റിവ്യൂവിന് വിധേയമാകാത്ത പ്രബന്ധങ്ങൾക്ക് അക്കാദമികലോകത്ത് വിശ്വാസ്യത ഉണ്ടാവുകയില്ല. ബ്രിട്ടീഷ് തത്വശാസ്ത്രജ്ഞനായിരുന്ന ഹെൻറി ഓൾഡൻ ബർഗ് (Henry Oldenburg 1619–1677) ആണ് ശാസ്ത്രീയമായ പിയർ റിവ്യൂ സമ്പ്രദായത്തിന് തുടക്കമിട്ടത്. (വിക്കിപീഡിയ)

23. ഒരു തരത്തിലുള്ള ഗ്രന്ഥസൂചീ ഇൻഡക്സാണ് (bibliographic index) സൈറ്റേഷൻ ഇൻഡക്സ്. പ്രസിദ്ധീകരണങ്ങൾക്കിടയിലുള്ള ഉദ്ധരണികളുടെ (citation)സൂചിക എന്നു പറയാം. പുതിയ ഏതെല്ലാം പ്രബന്ധങ്ങൾ പഴയ പ്രബന്ധങ്ങളെ ഉദ്ധരിക്കുന്നു എന്ന് ഇത് കാണിക്കും. സയൻസ് സൈറ്റേഷൻ ഇൻഡക്സ്, സോഷ്യൽ സയൻസ് ഇൻഡക്സ്, ആർട്സ് & ഹ്യൂമാനിറ്റീസ് സൈറ്റേഷൻ ഇൻഡക്സ്, ഗൂഗിൾ സ്കോളർ, എൽസേവിയർ സ്കോപ്പസ്, ഐ സൈറ്റ് തുടങ്ങിയവ പ്രധാനപ്പെട്ട സൈറ്റേഷൻ ഇൻഡക്സുകളാണ്.

24. ഒരു ജേണലിലെ തൊട്ടുമുമ്പത്തെ രണ്ട് വർഷങ്ങളിൽ പ്രസിദ്ധീകരിച്ച പ്രബന്ധങ്ങൾ എത്രതവണ ഉദ്ധരിക്കപ്പെട്ടു എന്നതിനെ അടിസ്ഥാനമാക്കിയാണ് ജേണൽ ഇംപാക്ട് ഫാക്ടർ നിശ്ചയിക്കുന്നത്. ഒരു ജേണലിൽ 2019, 2020 വർഷങ്ങളിൽ പ്രസിദ്ധീകരിച്ച ആർട്ടിക്കിളുകൾക്ക് 2021ൽ ലഭിച്ച സൈറ്റേഷനുകളുടെ എണ്ണത്തെ 2019, 2020 വർഷങ്ങളിൽ ആ ജേണലിൽ പ്രസിദ്ധീകരിച്ച ആർട്ടിക്കിളുകളുടെ എണ്ണംകൊണ്ട് ഹരിച്ചാൽ കിട്ടുന്ന സംഖ്യയാണ് 2021 ലെ ആ ജേണലിന്റെ ഇംപാക്ട് ഫാക്ടർ.

25. ശാസ്ത്രജേണലുകൾ, പരിമാണാത്മകമായ സാമൂഹികശാസ്ത്രജേണലുകൾ എന്നിവയുടെ രീതിയും മാനവികവിഷയങ്ങളുടെയും ഗുണാത്മകമായ സാമൂഹികശാസ്ത്രവിഷയങ്ങളുടെയും ജേണലുകളും തമ്മിൽ രീതികളിൽ വ്യത്യസ്തത പുലർത്തുന്നുണ്ട്.

26. ശാസ്ത്രം കൈകാര്യംചെയ്യുന്ന വിഭാഗം തങ്ങളുടെ ചിന്തകളും ആശയങ്ങളും കണ്ടെത്തലുകളുമെല്ലാം കൈമാറുകയും ചർച്ചചെയ്യുകയും ചെയ്യുമ്പോഴാണ് യഥാർത്ഥത്തിൽ ഒരു ഭാഷ ശാസ്ത്രത്തിനുവേണ്ടി ഉപയോഗിച്ചു എന്നുപറയാനാവുന്നത്. അത്തരത്തിൽ ശാസ്ത്രഭാഷയായി മാറിയ ഭാഷകളെ മാത്രമേ ഇവിടെ പരിഗണിക്കുന്നുള്ളൂ.

27. യാഗകർമങ്ങൾക്കായി തയ്യാറാക്കുന്ന യജ്ഞത്തറകളുടെയും മറ്റുനിർമിതികളുടെയും വിവരണങ്ങളിൽ നിന്നാണ് അക്കാലത്തെ ഗണിതശാസ്ത്രധാരണകളെ മനസ്സിലാക്കാൻ കഴിയുന്നത്. നേരിട്ട് ഗണിതശാസ്ത്രം രേഖപ്പെടുത്തിയ ഗ്രന്ഥങ്ങളില്ല. യാഗമുഹൂർത്തങ്ങളെ വിവരിക്കുന്നതിൽനിന്നുവേണം ഗ്രഹചലനങ്ങളെക്കുറിച്ച് അവർ നേടിയ അറിവുകൾ മനസ്സിലാക്കാൻ.

28. ശതം, സഹസ്രം, അയുതം ($10^4$), നിയതം, പ്രയുതം, അർബുദം ($10^7$), ന്യാർബുദം, സമുദ്രം, മാധ്യം ($10^{10}$), അന്തം, പരാർധം ($10^{12}$) എന്നിങ്ങനെ പത്തിന്റെ ഘാതങ്ങൾക്ക് പ്രത്യേക പേരുകളുണ്ടായിരുന്നു.

29. രണ്ട് പൂർണസംഖ്യകളുടെ അനുപാതമായി സൂചിപ്പിക്കാനാവാത്ത വാസ്തവികസംഖ്യകളെ (Real numbers) ആണ് അപരിമേയ സംഖ്യകൾ (Irrational numbers) എന്ന് പറയുന്നത്. അഭിന്നക സംഖ്യകൾ എന്നും പറയും. 1.5, 7, 0.333... ഇവയെല്ലാം ഭിന്നകങ്ങൾ (rational numbers) ആണ്. കാരണം അവയെ പൂർണസംഖ്യകളുടെ അനുപാതമായി $\frac{3}{2}$, $\frac{7}{1}$, $\frac{1}{3}$ എന്നിങ്ങനെ എഴുതാം. എന്നാൽ $\pi$, $\sqrt{2}$ തുടങ്ങിയവ ഇതുപോലെ അനുപാതമായി എഴുതാൻ കഴിയില്ല.

30. ആധുനിക രസതന്ത്രം രൂപപ്പെട്ടത് ആൽക്കെമി എന്ന പഠനശാഖയിൽനിന്നാണ്. ഈയം, ചെമ്പ് തുടങ്ങിയ ലോഹങ്ങൾ സ്വർണമാക്കി മാറ്റാമെന്നുള്ള ചിന്തയാണ് ആൽക്കെമിയുടെ പിറവിയിലേക്ക് നയിച്ചത്. സ്വർണം ഉണ്ടാക്കുന്നത് സംബന്ധിച്ച് എന്നർത്ഥമുള്ള ചൈനീസ് പ്രയോഗം–ലിയെൻ കെ ഷൂട്ട്– എന്നതിനെ അറബികൾ ആൽ കെം എന്നാക്കുകയും അതിൽ നിന്ന് ആൽക്കെമി എന്ന വാക്ക് യൂറോപ്പിൽ രൂപപ്പെടുകയുംചെയ്തു എന്നു പറയുന്നു.

31. ജോസഫ് നീധാം (Joseph Needham 1900–1995). ബ്രിട്ടീഷുകാരനായ ബയോ കെമിസ്റ്റ്. ശാസ്ത്രചരിത്രകാരനെന്ന നിലയിലും സിനോളജിസ്റ്റ് (ചൈനീസ് പഠനശാഖ സിനോളജി എന്നറിയപ്പെടുന്നു) എന്ന നിലയിലും ലോകപ്രശസ്തൻ. *സയൻസ് ആൻഡ് സിവിലൈസേഷൻ ഇൻ ചൈന (Science and Civilisation in China– SCC)* എന്നൊരു പുസ്തകത്തെക്കുറിച്ചുള്ള നിർദേശം കാംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ്സിന് 1948 ൽ നീധാം സമർപ്പിച്ചു. ഈ പദ്ധതി പിന്നീട്, *ഇൻട്രഡക്ടറി ഓറിയന്റേഷൻസ്, ഹിസ്റ്ററി ഓഫ് സയന്റിഫിക്ക് തോട്ട്, മാത്തമറ്റിക്സ് & സയൻസസ് ഓഫ് ദി ഹെവൺസ് ആൻഡ് എർത്ത്, ഫിസിക്സ് & ഫിസിക്കൽ ടെക്നോളജി, കെമിസ്ട്രി & കെമിക്കൽ ടെക്നോളജി, ബയോളജി & ബയോളജിക്കൽ ടെക്നോളജി, ദി സോഷ്യൽ ബാക്ക്ഗ്രൗണ്ട്* എന്നിങ്ങനെ ഏഴ് വാല്യങ്ങളുള്ള പുസ്തകപരമ്പരയായി വളർന്നു. 1954 ലാണ് ആദ്യ വാല്യം പുറത്തിറങ്ങിയത്. ഓരോ വാല്യവും വീണ്ടും വിഭജിക്കപ്പെട്ടു. ഇതിനകം 27 പുസ്തകങ്ങൾ പുറത്തിറങ്ങിയിട്ടുണ്ട്. 1995 ൽ നീധാം അന്തരിച്ചുവെങ്കിലും The Needham Research Institute ന്റെ നേതൃത്വത്തിൽ പദ്ധതി മുന്നേറിക്കൊണ്ടിരിക്കുന്നു.

32. *സയൻസ് ആൻഡ് സിവിലൈസേഷൻ ഇൻ ചൈന* എന്ന പുസ്തകത്തിന്റെ ഏഴാം വാല്യത്തിന്റെ രണ്ടാം ഭാഗത്തിന്റെ ആദ്യപേജിൽ നീധാം ഇങ്ങനെ കുറിക്കുന്നു. പുസ്തകമെഴുതാൻ തുടങ്ങുമ്പോൾ എന്റെ മുമ്പിലുണ്ടായിരുന്ന ചോദ്യം ഇതായിരുന്നു. എന്തുകൊണ്ട് ആധുനികശാസ്ത്രം ചൈനീസ് നാഗരികതയിൽ (അല്ലെങ്കിൽ ഇന്ത്യയിലോ ഇസ്‌ലാമിക നാഗരികതയിലോ) വികസിക്കാതെ യൂറോപ്പിൽ മാത്രം വികസിച്ചു? (“why modern science had not developed in Chinese civilisation (or Indian or Islamic) but only in that of Europe?”) എന്നാൽ വർഷങ്ങൾ കടന്നുപോയപ്പോൾ തുല്യ പ്രാധാന്യമുള്ള മറ്റൊരു ചോദ്യം കൂടിയു

ണ്ടെന്ന് ഞാൻ തിരിച്ചറിഞ്ഞു. എന്തുകൊണ്ട്, ഒന്നാം നൂറ്റാണ്ടിനും പതിനഞ്ചാം നൂറ്റാണ്ടിനും ഇടയിൽ പ്രകൃതിവിജ്ഞാനം നേടുന്നതിലും അത് മനുഷ്യരുടെ പ്രായോഗിക ആവശ്യങ്ങൾക്കായി പ്രയോഗിക്കുന്നതിലും പടിഞ്ഞാറൻ നാഗരികതയെ അപേക്ഷിച്ച് ചൈനീസ് നാഗരികത മുന്നിലായി? ("why, between the 1st century and the 15th century, was Chinese civilisation much more efficient than occidental in gaining natural knowledge and in applying it to practical human needs?")

33. *സയൻസ് ആൻഡ് സിവിലൈസേഷൻ ഇൻ ചൈന* എന്ന പുസ്തകത്തിന്റെ ഏഴാം വാല്യത്തിൽ ബോധേയെ നീധാം സഹ എഴുത്തുകാരനായി പങ്കെടുപ്പിക്കാൻ ശ്രമിച്ചിരുന്നു. ബോധേ തന്റെ ഭാഗം എഴുതി നൽകുകയും ചെയ്തു. എന്നാൽ ചൈനയിൽ ശാസ്ത്രം വളരാതിരിക്കാനുള്ള കാരണങ്ങളിൽ, വിശേഷിച്ച് ബൗദ്ധികഘടകങ്ങൾ (intellectual factors) എന്നതിൽ രണ്ടുപേരും തമ്മിൽ അഭിപ്രായ വ്യത്യാസം നിലനിന്നു. ഇതിൽത്തന്നെ, ശാസ്ത്രം കൈകാര്യം ചെയ്യാനുള്ള ചൈനീസ് ഭാഷയുടെ ശേഷി എന്ന പ്രശ്നത്തിൽ രണ്ടുപേരും വ്യത്യസ്ത ധ്രുവങ്ങളിലായിരുന്നു. ഒടുവിൽ ബോധേ തന്റെ പുസ്തകം വേറെ പ്രസിദ്ധീകരിക്കുകയാണുണ്ടായത്.

34. അറബ് വൈജ്ഞാനികധാര പെട്ടെന്ന് അപ്രത്യക്ഷമാകുകയായിരുന്നില്ല. അത് പതുക്കെ ശോഷിക്കുകയായിരുന്നു. അതിന്റെ കാരണങ്ങളെന്ത് എന്ന ചോദ്യത്തിന് നിരവധി ഉത്തരങ്ങൾ ഉണ്ടായേക്കാം. ഖിലാഫത്തിൽ ആഭ്യന്തരമായി വളർന്നുവന്ന പ്രശ്നങ്ങൾ, മംഗോളിയരുടെ കടന്നുകയറ്റം, സ്പെയിനിൽ ക്രിസ്ത്യാനികൾ കോർദോബയും സെവല്ലയും തിരിച്ചുപിടിച്ചത് തുടങ്ങിയവയൊക്കെ കാരണങ്ങളായി കണ്ടെത്താമെങ്കിലും വൈജ്ഞാനികലോകത്തുനിന്നുള്ള ഇസ്ലാമിന്റെ പിന്മടക്കം നാഗരികതയുടെ ഭൗമരാഷ്ട്രീയ(ജിയോപൊളിറ്റിക്കൽ) മായ അധഃപതനവുമായി ബന്ധപ്പെട്ടതാണെന്ന് ഹില്ലെൽ ഒഫെക്ക് (Hillel Ofek) നിരീക്ഷിക്കുന്നു. അതിന്റെ വേരുകളാവട്ടെ തത്വശാസ്ത്രവിരുദ്ധമായ അശ്‌തരീയ (Ash'arism)ചിന്താധാരയുടെ വളർച്ചയിലാണ് കണ്ടെത്താൻ കഴിയുക. സുന്നി ഇസ്ലാമിലെ ഓർത്തഡോക്സ് ദൈവശാസ്ത്ര സ്കൂളുകളിൽ ഒന്നാണ് അശ്‌തരീയ. ഈ ചിന്താധാരയുടെ വളർച്ച വൈജ്ഞാനിക അന്വേഷണങ്ങളെ മുരടിപ്പിച്ചു (Ofek).

35. Nahda–ഒട്ടോമൻ സാമ്രാജ്യത്തിലെ അറബി സംസാരിക്കുന്ന പ്രദേശങ്ങളിൽ, പ്രത്യേകിച്ച് ഈജിപ്ത്, ലെബനോൺ, സിറിയ എന്നിവിടങ്ങളിൽ, പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലും ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭകാലത്തുമായി ഉണ്ടായ സാംസ്കാരിക മുന്നേറ്റം. Arab Awakening or Enlightenment.

36. ബാഗ്ദാദിലെ ബൃഹത്തായ ലൈബ്രറിയാണ് ഹൗസ് ഓഫ് വിസ്ഡം (House of Wisdom) എന്നറിയപ്പെട്ടത്. ഇത് ഒരു ബൗദ്ധികകേന്ദ്രവും അക്കാദമിയും ആയിരുന്നു. ആയിരക്കണക്കിന് വൈജ്ഞാനിക ഗ്രന്ഥങ്ങളുള്ള ഈ കേന്ദ്രം 1258 ൽ മംഗോളിയരുടെ ആക്രമണത്തിൽ പൂർണമായും നശിപ്പിക്കപ്പെട്ടു.

37. വൈദിക സംസ്കൃതത്തിന് ഇതിനേക്കാൾ പഴക്കമുണ്ടെങ്കിലും വരമൊഴിയിലേക്ക് കടക്കാൻ വൈകിയതുകൊണ്ടാണ് ഇവിടെ പരിഗണിക്കപ്പെടാതെ പോയത്.

38. ഗ്രീക്ക് ശാസ്ത്രത്തിന്റെ വളർച്ചയെ അയോണിയൻ ഘട്ടം, അഥേനിയൻ ഘട്ടം, ഹെല്ലനിസ്റ്റിക്ക് ഘട്ടം, റോമൻ ഘട്ടം എന്നിങ്ങനെ നാല് ഘട്ടങ്ങളായി തിരിക്കാറുണ്ട്. ബി. സി. ഇ. ആറാം നൂറ്റാണ്ടിലെ

അയോണിയൻ യുഗം ഥെയ്ൽസ്, പൈത്തഗോറസ് തുടങ്ങിയവരുടെ കാലമാണ്. ശാസ്ത്രം, തത്വശാസ്ത്രം, സംസ്കാരം എന്നിവയെല്ലാം വലിയ കുതിച്ചുചാട്ടം നടത്തിയ അഥേനിയൻ ഘട്ടം ബി. സി. ഇ. 480–330 കാലയളവിലാണ്. ഡെമോക്രിറ്റസ്, സോക്രട്ടീസ്, പ്ലാറ്റോ, അരിസ്റ്റോട്ടിൽ തുടങ്ങിയ പ്രമുഖരുടെ നിര അഥേനിയൻ കാലഘട്ടത്തിന്റെതാണ്. അലക്സാണ്ടറുടെ മരണംമുതൽ റോമാസാമ്രാജ്യം സ്ഥാപിക്കപ്പെടുന്നതുവരെയുള്ള മൂന്ന് ശതകങ്ങളാണ് ഹെല്ലനിസ്റ്റിക്ക് കാലം. യൂക്ലിഡ്, ആർക്കിമിഡീസ്, അരിസ്റ്റാർക്കസ് തുടങ്ങിയ നിരവധി പ്രതിഭകളുടെ കാലമാണിത്. നാലാം ഘട്ടമായ റോമൻ ഘട്ടം ബി. സി. ഇ. 30–സി. ഇ. 642 കാലയളവിലാണ്.

39. പൂർവഗാമികളുടെ സംഭാവനകളെ അധികരിച്ച് യൂക്ലിഡ് തയ്യാറാക്കിയ *ദി എലിമെന്റ്സ്* ന്റെ അറബിലാറ്റിൻ പതിപ്പുകൾക്കെല്ലാം 13 പുസ്തകങ്ങളും 465 പ്രമേയങ്ങളുമാണുള്ളത്. ജ്യാമിതീയ സിദ്ധാന്തങ്ങളോടൊപ്പം സംഖ്യാസിദ്ധാന്തത്തിന്റെ അടിസ്ഥാനതത്വങ്ങളും ഈ പുസ്തകത്തിൽ ചർച്ച ചെയ്യുന്നു. രണ്ടായിരം വർഷങ്ങൾക്കുശേഷവും യൂക്ലിഡിന്റെ പുസ്തകം പാഠപുസ്തകമായി പ്രയോജനപ്പെടുന്നു എന്നതിനാൽ അദ്ദേഹം, ലോകത്തെ എക്കാലത്തെയും വിജയിയായ പാഠപുസ്തക രചയിതാവായിരിക്കാം എന്ന് താണു പദ്മനാഭനും വസന്തി പദ്മനാഭനും അഭിപ്രായപ്പെടുന്നു.

40. ഇവയെല്ലാം ഇംഗ്ലീഷുവഴി വന്നെത്തിയ വാക്കുകളാണ്. എന്നാൽ ക്രിസ്തുമതവുമായി ബന്ധപ്പെട്ട് നേരിട്ട് ഗ്രീക്കിൽനിന്ന് മലയാളത്തിലെത്തിയ നിരവധി വാക്കുകളുണ്ട്. പാത്രിയാർക്കീസ്, മെത്രാൻ, അപ്പോസ്തലൻ, ലുത്തിനിയാ, കാനോൻ തുടങ്ങിയവ ഉദാഹരണം.

41. കോൺസ്റ്റാന്റിനോപ്പിളിലെ സെന്റ് സോഫിയാ പള്ളിയിൽ മാമോദീസ നടത്തുവാനുള്ള സ്ഥലത്ത് ഈ വാക്ക് ആലേഖനം ചെയ്തിട്ടുണ്ട്. മുഖം മാത്രമല്ല, പാപങ്ങളും കഴുകുക (Wash the sins, not only the face) എന്നാണ് ഈ വാക്കിന്റെ അർത്ഥം.

42. യേശുവിന്റെ പന്ത്രണ്ട് ശിഷ്യന്മാരിൽ(അപ്പോസ്തലന്മാർ) ഒരാളായ പത്രോസ് സി. ഇ. 42 ൽ മതപ്രചാരണത്തിനായി റോമിൽ എത്തുന്നുണ്ട്. എന്നാൽ ക്രിസ്തുമതാനുയായികൾക്ക് കടുത്ത പീഡനങ്ങളാണ് റോമൻ ഭരണാധികാരികളിൽ നിന്നുണ്ടായത്. പക്ഷേ, ദാരുണമായ പീഡനങ്ങളെ അതിജീവിച്ച് അവിടെ ക്രിസ്തുമതം വളർന്നു. സി. ഇ. നാലാം നൂറ്റാണ്ടിന്റെ തുടക്കമാവുമ്പോഴേക്കും അവർ ഒരു സംഘടിത ശക്തിയായി മാറി. ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നത് നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് സി. ഇ. 311 ൽ പുറത്തിറങ്ങി. 318ൽ കോൺസ്റ്റന്റൈൻ ചക്രവർത്തി പുറപ്പെടുവിച്ച മിലാൻ ശാസനം മറ്റു മതങ്ങളുമായി ക്രിസ്തുമതത്തിന് തുല്യസ്ഥാനം ഉറപ്പാക്കി. സി. ഇ. 395 ൽ തിയോഡോഷ്യസ് ചക്രവർത്തി ക്രിസ്തുമതത്തെ രാഷ്ട്രത്തിന്റെ ഔദ്യോഗികമതമായി അംഗീകരിക്കുകയും അതുവരെയുണ്ടായിരുന്ന പേഗൻമതത്തിന്റെ അനുഷ്ഠാനങ്ങൾ നിരോധിക്കുകയും ചെയ്തു.

43. ഇത് ഓക്സ്ഫോർഡ് ഡിക്ഷണറിയിലെ 80,000 വാക്കുകളെ മുൻനിർത്തി 1973 ൽ നടത്തിയ പഠനത്തിലെ കണക്കാണ് (Philipp Roelli യുടെ *Latin as the Language of Science and Learning* എന്ന പുസ്തകത്തിൽ നിന്ന്). ഇപ്പോഴിത് വർധിച്ചിരിക്കാൻ സാധ്യതയുണ്ട്. ഭാഷയിലെ മൊത്തം വാക്കുകളെ പരിഗണിക്കുന്നതിനുപകരം ശാസ്ത്ര–സാങ്കേതിക പദങ്ങൾ മാത്രമെടുത്ത് പരിശോധിക്കുകയാണെങ്കിൽ ശതമാനനിരക്ക് വലിയതോതിൽ കൂടും.

44. സ്കോളാസ്റ്റിക്ക്– സ്കോളാസ്റ്റിസിസവുമായി ബന്ധപ്പെട്ടത്. അരിസ്റ്റോട്ടിലിയൻ യുക്തിയേയും ആദ്യകാല ക്രിസ്ത്യൻ രചനകളേയും അടിസ്ഥാനമാക്കി, പാരമ്പര്യത്തിനും സിദ്ധാന്തത്തിനും ഊന്നൽ നൽകിക്കൊണ്ട് മധ്യകാല യൂറോപ്യൻ സർവകലാശാലകളിൽ പഠിപ്പിച്ചിരുന്ന ദൈവശാസ്ത്രത്തിന്റെയും തത്വചിന്തയുടെയും സമ്പ്രദായത്തെയാണ് സ്കോളാസ്റ്റിസിസം എന്ന് വിളിക്കുന്നത്.

45. ബോതിയൂസിന്റെ (Boethius) *ഡി കൺസോലേഷൻ ഫിലോസഫിയ (De Consolatione Philosophiae), ഡി ഇൻസ്റ്റിറ്റ്യൂഷൻ അരിത്തമെറ്റിക്ക (De Institutione Arithmetica)* കാസിഡോറസിന്റെ (Flavius Magnus Aurelius Cassiodorus) *ഇൻസ്റ്റിറ്റ്യൂഷിനസ് ഡിവിനാറം എറ്റ് സെക്കുലേറിയം (Institutiones Divinarum et Saecularium Litterarum)* ഇസിഡോറിന്റെ (Isidore of Seville) *എറ്റിമോളജിയാറം (Etymologiarum sive Originum Libri XX)* ബേഡെയുടെ (Bede) *ഡി റെറം നാച്വറ (De rerum Natura), ഡി ടെമ്പോറിബസ് റേഷനെ (De Temporibus Ratione)*, ബാത്തിന്റെ (Bath) *ക്വസ്റ്റ്യൻസ് നാച്ചുറൽസ് (Quaestiones Naturales)* ഫിബനാച്ചി (Fibonacci)യുടെ *പ്രാക്ടിക്ക ജ്യോമട്രിയ (Practica Geometriae)* എന്നിങ്ങനെ നിരവധി കൃതികൾ ഇക്കാലഘട്ടത്തിന്റെ പ്രാതിനിധ്യം പേറുന്നു.

46. പ്രാചീന യൂറോപ്പിലെ പരമ്പരാഗത ഉന്നതവിദ്യാഭ്യാസ കോഴ്സ് ലിബറൽ ആർട്സ് എഡ്യുക്കേഷൻ (Liberal arts education) എന്നാണ് അറിയപ്പെട്ടിരുന്നത്. ആർട്സ് എന്നതിന് ലേൺഡ് സ്കിൽ (learned skill–ആർജിതശേഷി) എന്നാണ് അർത്ഥം. ലിബറൽ ആർട്സ് സമ്പ്രദായത്തിലെ ആദ്യവിഭാഗം (lower division) വ്യാകരണം, തർക്കശാസ്ത്രം, കാവ്യമീമാംസ (grammar, logic, rhetoric) എന്നിവ ഉൾക്കൊള്ളുന്ന ട്രിവിയം (trivium) ആണ്. ഉയർന്ന കോഴ്സ് ക്വോഡ്രിവിയം (quadrivium) എന്ന പേരിൽ അറിയപ്പെടുന്നു. ഇതിൽ അങ്കഗണിതം, ജ്യാമിതി, സംഗീതം, ജ്യോതിശ്ശാസ്ത്രം (arithmetic, geometry, music, astronomy) എന്നിവയാണുണ്ടാവുക. സ്കൂൾ വിദ്യാഭ്യാസത്തിലും വ്യാകരണം, കാവ്യമീമാംസ എന്നിവയൊക്കെയായിരുന്നു പ്രധാന പഠന വിഷയങ്ങൾ. യൂറോപ്പിലെവിടെയും ഇതുതന്നെയായിരുന്നു പിന്തുടർന്ന രീതി. അതുകൊണ്ടുതന്നെ വിദ്യാഭ്യാസം ലഭിച്ച വിഭാഗത്തിന്റെ വ്യവഹാരങ്ങളെല്ലാം ലാറ്റിനെ മുൻനിർത്തിയുള്ളവയായി.

47. വ്യാഴത്തിന്റെ ഉപഗ്രഹങ്ങളെ കണ്ടെത്തിയ കാര്യം *Sidereus Nuncius* എന്ന ലാറ്റിൻ ഗ്രന്ഥത്തിലാണ് ഗലീലിയോ എഴുതിയതെങ്കിലും തുടർന്നുള്ള പ്രധാന രചനകളെല്ലാം ഇറ്റാലിയൻ ഭാഷയിലാണ് എഴുതിയത്. ഇറ്റാലിയൻ ഭാഷയിലെ കൃതികൾ അദ്ദേഹം ലാറ്റിനിലും പ്രസിദ്ധീകരിക്കുന്നുണ്ട്. അത് ഇറ്റലിക്കു പുറത്തുള്ള ശാസ്ത്രലോകത്തേക്ക് തന്റെ ആശയങ്ങൾ എത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ്.

48. ഒരു കൂട്ടം ഭാഷകൾ ശാസ്ത്രമേഖലയിൽ ഉപയോഗിക്കപ്പെട്ടു തുടങ്ങിയ ഘട്ടത്തിൽത്തന്നെ പരസ്പരമുള്ള ആശയവിനിമയത്തിന് ലാറ്റിൻ ഉപയോഗിക്കുന്നുണ്ട്. ഫ്രഞ്ച് ആയിരുന്നു ഇത്തരത്തിൽ ഉപയോഗിക്കപ്പെട്ട മറ്റൊരു ഭാഷ.

49. പതിനേഴ്, പതിനെട്ട് നൂറ്റാണ്ടുകളിൽ അത്തരത്തിലുള്ള ചില കൃത്രിമഭാഷകൾ പിറവിയെടുക്കുന്നുണ്ട്. എങ്കിലും വലിയ മുന്നേറ്റങ്ങൾ ഉണ്ടാവുന്നത് പത്തൊമ്പതാം നൂറ്റാണ്ടിലാണ്. റോയൽ സൊസൈറ്റിക്ക് രൂപം നൽകിയ ജോൺ വിൽക്കിൻസൺ സാർവദേശീയമായ ഒരു ഭാഷ ശാസ്ത്രത്തിനു വേണമെന്ന് ശക്തമായ അഭിപ്രായമുള്ള ആളായിരുന്നു.

50. പ്രാചിന റോമിൽ അധികാരം കയ്യടക്കിയിരുന്ന ജൂലിയസ് സീസർ, പോംപെ, ക്രാസസ് എന്നിവരുടെ കൂട്ടുകെട്ടിനെ (ബി. സി. ഇ. 60/59മുതൽ 53 വരെ) ട്രയാംവിറേറ്റ് എന്ന് വിശേഷിപ്പിച്ചുപോന്നിരുന്നു. ഇത്തരത്തിലുള്ള രണ്ടാമതൊരു കൂട്ടുകെട്ട് കൂടിയുണ്ടായിരുന്നു അവിടെ. അത് ആന്റണി, ലെപിഡസ്, ഒക്ടേവിയൻ എന്നിവർ ചേർന്നുള്ളതായിരുന്നു (ബി. സി. ഇ. 36–32). A triumvirate is a group of three people who work together, especially when they are in charge of something. (https://www.collinsdictionary.com/)

51. ജർമൻ, ഫ്രഞ്ച്, ഇംഗ്ലീഷ് എന്നീ ശാസ്ത്രഭാഷകൾ അവയുടെ വളർച്ചയ്ക്ക് വേണ്ടിയെടുത്ത സമയവുമായി തട്ടിച്ചുനോക്കുമ്പോൾ റഷ്യൻ ശാസ്ത്രഭാഷയ്ക്ക് വലിയൊരു പ്രത്യേകത കാണാം. പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യത്തോടെ ആരംഭിച്ച് ഇരുപതാം നൂറ്റാണ്ടിന്റെ മധ്യം വരെയുള്ള ചുരുങ്ങിയ കാലം കൊണ്ടാണ് അതിന്റെ വികാസം സംഭവിച്ചത്. റഷ്യൻ ശാസ്ത്രഭാഷയുടെ വികാസത്തെക്കുറിച്ച് കൂടുതലറിയാൻ *വിജ്ഞാനവും വിജ്ഞാനഭാഷയും* എന്ന പുസ്തകം കാണുക.

52. ക്രിസ്റ്റ്യാൻ വോൾഫ് (Christian Wolff)ന്റെയും മറ്റും നേതൃത്വത്തിൽ പതിനെട്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ നടന്ന ശ്രമങ്ങൾ ഈ ദിശയിലുള്ള വലിയ കാൽവെപ്പുകളായിരുന്നു. അദ്ദേഹം രൂപപ്പെടുത്തിയ ലെക്സിക്കൺ ശാസ്ത്രവിഷയങ്ങൾ കൈകാര്യം ചെയ്യുന്നവർക്കുള്ള വലിയ സഹായമായി മാറി.

53. ബയോളജിക്കൽ അബ്സ്ട്രാക്റ്റ്സ്, കെമിക്കൽ അബ്സ്ട്രാക്റ്റ്സ്, ഫിസിക്സ് അബ്സ്ട്രാക്റ്റ്സ്, മാത്തമറ്റിക്കൽ റിവ്യൂസ്, ഇൻഡക്സ് മെഡിക്കസ് ഏന്റ് മെഡ്‌ലൈൻ എന്നിവയിലെ ഡാറ്റയെ അടിസ്ഥാനമാക്കി നടത്തിയ വിശകലനത്തിലാണ് അമോൺ ഇക്കാര്യം ചൂണ്ടിക്കാണിക്കുന്നത്. അടിസ്ഥാന ഡാറ്റയിൽ പലതും ഉൾപ്പെടാതെ പോയിട്ടുണ്ടാവാമെങ്കിലും പൊതുചിത്രത്തെ അത് ബാധിക്കില്ലെന്ന് അദ്ദേഹം വ്യക്തമാക്കുന്നുണ്ട്.

54. ബ്രിട്ടീഷ്, ഫ്രഞ്ച്, ബെൽജിയൻ ശാസ്ത്രജ്ഞർ 1919 ൽ ബ്രസൽസ്സിൽ ചേർന്നാണ് ഇന്റർനാഷണൽ റിസർച്ച് കൗൺസിലിന് (International Research Council–IRC) രൂപം നൽകിയത്. പിന്നീട് ഐ. ആർ. സി. യുടെ കീഴിൽ നിരവധി സംഘടനാരൂപങ്ങളുണ്ടായി. ഇൻർനാഷണൽ അസ്ട്രോണമിക്കൽ യൂണിയൻ(IAU), ഇന്റർനാഷണൽ ജിയോഡെസ്റ്റ് ഏന്റ് ജിയോഫിസിക്കൽ യൂണിയൻ (IUGG), ഇന്റർനാഷണൽ യൂണിയൻ ഫോർ പ്യൂർ ആന്റ് അപ്ലൈഡ് കെമിസ്ട്രി (IUPAC) തുടങ്ങിയവ അക്കൂട്ടത്തിൽപ്പെട്ടവയാണ്.

55. നാസികൾക്ക് ജർമൻ ഭരണം ലഭിച്ചപ്പോൾ എത്രയോ ശാസ്ത്രജ്ഞർ വംശീയതയുടെ പേരിൽ പിരിച്ചുവിടപ്പെട്ടു. നിരവധി പേർ മറ്റുരാജ്യങ്ങളിലേക്ക് രക്ഷപ്പെട്ടു. ജർമനിയുടെ അഭിമാനമായിരുന്ന ഉന്നതവിദ്യാഭ്യാസകേന്ദ്രങ്ങളിൽ വിദേശവിദ്യാർത്ഥികൾ വരാതായി. സർവകലാശാലകളുടെ സഹകരണത്തിൽ നടന്നുവന്ന അന്താരാഷ്ട്ര സമ്മേളനങ്ങളും മറ്റും നിലച്ചു. ജേണലുകളിൽ വിദേശീയർ എഴുതുന്നതിന് പലവിധ വിലക്കുകളുണ്ടായിരുന്നു. ജർമൻ ജേണലുകളുടെ തകർച്ചയിലേയ്ക്ക് സംഭാവന ചെയ്ത ഘടകങ്ങളാണിവയെല്ലാം.

56. ഒന്നാം ലോകയുദ്ധത്തിന് ഔപചാരികമായ അന്ത്യം കുറിച്ച ഉടമ്പടി. ഫ്രാൻസിലെ വെഴ്സായ് കൊട്ടാരത്തിൽ വച്ചായിരുന്നു ഉടമ്പടി ഒപ്പിട്ടത്. ഫ്രഞ്ചിന് തുല്യമായ സ്ഥാനം ഇംഗ്ലീഷിന് വെഴ്സായ് ഉടമ്പടിയിൽ

വേണമെന്ന് അമേരിക്കൻ പ്രസിഡന്റ് വുഡ്രോ വിൽസണ് നിർബന്ധമായിരുന്നു. ആഗോള രാഷ്ട്രീയത്തിലെ അധികാരകേന്ദ്രങ്ങളിലുണ്ടായ മാറ്റത്തിന്റെ നിദർശനമായി ഇതിനെ കാണാമെന്ന് സ്യൂ റൈറ്റ് അഭിപ്രായപ്പെടുന്നു. അന്താരാഷ്ട്ര ഉടമ്പടികളിലെ ഫ്രഞ്ചിന്റെ മേൽക്കോയ്മ നഷ്ടപ്പെട്ടുവെന്നു മാത്രമല്ല, തുടർന്നുള്ള ലീഗ് ഓഫ് നാഷൺസിന്റെ ഉടമ്പടി രൂപപ്പെടുത്തുന്നതിൽപ്പോലും ഫ്രാൻസ് തഴയപ്പെട്ടിരുന്നു.

57. ഫ്രഞ്ചുഭാഷയുടെ സംരക്ഷണം മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾക്ക് ഫ്രാൻസ് തുടക്കമിട്ടിട്ടുണ്ട്. 1975 ലെ ബോസ് ലോറിയൽ നിയമം (Bas-Lauriol law) ഈ ദിശയിലുള്ള നീക്കമായിരുന്നു. ഫ്രാൻസിലെ വാണിജ്യ-വ്യാവസായിക രംഗങ്ങളിൽ ഈ നിയമംമൂലം ഫ്രഞ്ച് നിർബന്ധമാക്കി. പരസ്യങ്ങൾ, മാർഗനിർദേശങ്ങൾ, സൈൻബോർഡുകൾ എന്നിവയിലെല്ലാം ഫ്രഞ്ച് നിർബന്ധമാണ്. 1970 മുതൽക്കുതന്നെ എല്ലാ മന്ത്രാലയങ്ങളിലും പദാവലി കമ്മീഷനുകൾക്ക് രൂപംനൽകുകയുണ്ടായി. 1992 ൽ ഭരണഘടനാഭേദഗതിയിലൂടെ ഫ്രഞ്ച് രാഷ്ട്രത്തിന്റെ ഔദ്യോഗികഭാഷയായി പ്രഖ്യാപിക്കുകയും ചെയ്തു.

58. ലോകമെങ്ങുമുള്ള ഭാഷാശാസ്ത്രസംഘടനകളുടെ പങ്കാളിത്തത്തോടെ 1964 ലാണ് ഇന്റർനാഷണൽ അസോസിയേഷൻ ഓഫ് അപ്ലൈഡ് ലിംഗ്വിസ്റ്റിക്സ് രൂപീകൃതമായത്. സംഘടനയുടെ പേര് രൂപപ്പെടുത്തിയത് ഫ്രഞ്ചിനെ അടിസ്ഥാനപ്പെടുത്തിയായിരുന്നു. അസോസിയാസ്യോം ആന്തർനാസൊനാല് ദ് ലിംഗ്വിസ്റ്റിക്ക് ആപ്ലിക്കേ (Association Internationale de Linguistique Appliquée- AILA). ബഹുഭാഷിത്വത്തെ വളർത്തുക ലക്ഷ്യമിട്ട സംഘടന 1989ൽ തുടങ്ങിയ *AILA Review* എന്ന ജേണലിൽ ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമൻ, റഷ്യൻ ഭാഷകളിലുള്ള പ്രബന്ധങ്ങളായിരുന്നു പ്രസിദ്ധീകരിച്ചുപോന്നത്. എന്നാൽ 2003 മുതൽ ജേണൽ ഇംഗ്ലീഷുമാത്ര ഉള്ളടക്കത്തിലേക്ക് മാറി.

59. വിവിധ ഭാഷകളിൽനിന്ന് ഇംഗ്ലീഷിലേക്ക് കടന്നുവന്ന പദങ്ങളുടെ കണക്ക് വിക്കിപീഡിയ രേഖപ്പെടുത്തിയത് ഇപ്രകാരമാണ്. ലാറ്റിൻ 29%, പഴയ ഫ്രഞ്ച് 29%, ജർമാനിക്ക് ഭാഷകൾ 26%, ഗ്രീക്ക് 6%, മറ്റു ഭാഷകൾ 6%. മലയാളത്തിൽ നിന്നടക്കം ഇംഗ്ലീഷുഭാഷ വാക്കുകൾ സ്വീകരിച്ചിട്ടുണ്ട്.

60. പ്രകൃതിശാസ്ത്രരംഗത്തെ വിവിധ വിഷയങ്ങളിലെ പങ്കാളിത്തം ശതമാനക്കണക്കിൽ ഇപ്രകാരമായിരുന്നു. ജീവശാസ്ത്രം 91.6, രസതന്ത്രം 83.2, ഭൗതികശാസ്ത്രം 94.8, വൈദ്യശാസ്ത്രം 88.6, ഗണിതം 94.3, ശരാശരി 90.7.

61. "ഒരു പൊതുഭാഷ (lingua franca) ഇല്ലാത്ത വ്യത്യസ്ത ഭാഷാഗ്രൂപ്പുകൾ പരസ്പരബന്ധത്തിൽ വരുമ്പോഴാണ് പിജിനുകളും ക്രിയോളുകളും ഉണ്ടാവുന്നത്. ഈ രണ്ടു വിഭാഗവും ആശയവിനിമയം ചെയ്യാൻ ആരംഭിച്ചതിന്റെ ഫലമായി ഉണ്ടാവുന്ന ഭാഷാമിശ്രണത്തിലൂടെ രൂപപ്പെടുന്ന സങ്കരഭാഷയ്ക്കാണ് പിജിൻ എന്നു പറയുന്നത്. പിജിൻ രണ്ടു കൂട്ടരുടെയും മാതൃഭാഷയല്ല. എന്നാൽ, തലമുറകൾ പിന്നിടുമ്പോൾ ചിലപ്പോൾ ഇത്തരം പിജിനുകൾ ചിലരുടെ മാതൃഭാഷയായി മാറാറുണ്ട്. അപ്പോൾ അതിനെ ക്രിയോൾ (creole) എന്നാണ് വിളിക്കുക. പിജിൻ ക്രിയോളായി മാറുന്ന പ്രക്രിയയെ ക്രിയോളീകരണം എന്നും പറയും. കോളനിരാജ്യങ്ങളിൽ പലതിലും പിജിനുകൾ ക്രിയോളുകളായി മാറിയിട്ടുണ്ട്. തദ്ദേശീയരുടെ ഭാഷ പിജിനുകളാൽ പകരം വെക്കപ്പെട്ടതാണിതിനു കാരണം." മുരളീധരൻ, *ഭാഷാസൂത്രണം: പൊരുളും വഴികളും.*

62. ഹൈപ്പർ സെൻട്രൽ (hypercentral) എന്ന പദമാണ് സ്വാൻ ഉപയോഗിക്കുന്നത്. സൂപ്പർ സെൻട്രൽ എന്ന രണ്ടാം നിരയിൽ ഫ്രഞ്ച്, സ്പാനിഷ്, റഷ്യൻ, ചൈനീസ്, ജാപ്പനീസ്, അറബി, ഹിന്ദി, ജർമൻ, പോർച്ചുഗീസ് എന്നിവയും സെൻട്രൽ എന്ന മൂന്നാം നിരയിൽ ഏതാണ്ട് നൂറോളം പ്രാദേശികഭാഷകളും സ്ഥിതി ചെയ്യുന്നു. നാലാം നിരയിൽ ബാക്കി വരുന്ന ഭാഷകളും. നിലവിലുള്ള ഭാഷകളുടെ 98 ശതമാനവും ഈ നിരയിലാണ്. *Words of the World: The Global Language System* എന്ന പുസ്തകത്തിലാണ് സ്വാൻ ഈ കാഴ്ചപ്പാട് അവതരിപ്പിച്ചത്.

63. ശാസ്ത്രരംഗത്തെ മൂന്ന് പ്രമുഖഭാഷകളിൽ രണ്ടെണ്ണം ഗ്രഹണനിഴലിലായിരുന്നു എന്ന് സ്യൂ റൈറ്റ് നിരീക്ഷിക്കുന്നുണ്ട്. ജർമൻ തോൽപ്പിക്കപ്പെട്ടു. ഫ്രഞ്ചിന്റെ പദവിയാകട്ടെ അതിനകം നഷ്ടപ്പെട്ടിരുന്നു. ഇതിന്റെ കാരണം ഫ്രാൻസിലെ വിഷി (Vichy) കേന്ദ്രമാക്കി വന്ന ജർമൻ അനുകൂല ഗവണ്മെന്റും അവർ ജർമനിയുമായുണ്ടാക്കിയ കരാറും മറ്റുമാണ്. ഇക്കാരണംകൊണ്ട് യുദ്ധാനന്തര ചർച്ചകൾ, ഉടമ്പടികൾ, നയതന്ത്രബന്ധങ്ങൾ എന്നീ രംഗങ്ങളിൽനിന്ന് ഫ്രഞ്ചുഭാഷയെ ഒഴിവാക്കി. ഒന്നാംലോകയുദ്ധാനന്തരം അന്താരാഷ്ട്രഉടമ്പടിയിൽ ഇംഗ്ലീഷ് ഉൾപ്പെടുത്താൻ അതിന്റെ വക്താക്കൾ സ്വാധീനിക്കുകയായിരുന്നു. രണ്ടാംലോകയുദ്ധാനന്തരമാകട്ടെ പുതുതായി രൂപീകരിക്കുന്ന യുണൈറ്റഡ് നാഷൻസിന്റെ ആറ് ഔദ്യോഗികഭാഷകളിൽ ഫ്രഞ്ചിനെ ഉൾപ്പെടുത്തിക്കിട്ടാൻ അതിന്റെ വക്താക്കൾക്ക് നിർബന്ധം ചെലുത്തേണ്ടിവന്നു.

64. ആളുകളുടെയോ പങ്കാളികളുടെയോ വർധിച്ച എണ്ണം ഒരു സാധനത്തിന്റെയോ സേവനത്തിന്റെയോ മൂല്യം മെച്ചപ്പെടുത്തുന്ന പ്രതിഭാസത്തെയാണ് ശൃംഖലാപ്രഭാവം (Network Effect) എന്ന് പറയുന്നത്. ഇംഗ്ലീഷിൽ കൂടുതൽ പ്രസിദ്ധീകരണങ്ങൾ ഉണ്ടാവുമ്പോൾ കൂടുതൽ ആളുകൾ അവ ഉപയോഗിക്കാൻ തുടങ്ങുന്നു. അക്കാദമിക മേഖലയിലെ ഇംഗ്ലീഷിന്റെ വികാസം സ്വയം ശാശ്വതീകരിക്കുന്ന ഒരു ചലനാത്മകത നേടിയിരിക്കുന്നതായി കണക്കാക്കാം എന്ന് ഫെർഗ്ഗുസൻ അഭിപ്രായപ്പെടുന്നു.

65. ഫ്രാൻസിന്റെ നേതൃത്വത്തിൽ നടക്കുന്ന സമ്മേളനങ്ങളിൽ ഫ്രഞ്ചുഭാഷ നിർബന്ധമാക്കിയ നടപടിയെത്തുടർന്ന് അത്തരം സമ്മേളനങ്ങളിൽനിന്ന് ഇംഗ്ലീഷ് ഭാഷകരായ ശാസ്ത്രജ്ഞർ വിട്ടുനിന്നു. ഇത് തദ്ദേശീയരായ ശാസ്ത്രജ്ഞർതന്നെ ഇംഗ്ലീഷിനുവേണ്ടി വാദിക്കുന്നതിലേക്കാണ് നയിച്ചത്. കാരണം, അവരുടെ ഗവേഷണത്തിന് പ്രാധാന്യം ഇല്ലാതെ പോവുന്നു എന്നവർ കണ്ടു.

66. "Cultural identity and expression are challenged in a number of ways by the processes of globalization.Those who are able to take an active part in global cultural exchange often experience culture as a process rather than as a product and their personal sense of cultural identity becomes a gateway of receptivity towards other cultures. But for those who lack the means of exchange or of self-expression, or who experience globalization as an inexorable and alien process, there can be a retreat in to a narrow sense of cultural identity that rejects diversity. When this negative reaction is exploited politically or exacerbated by other factors, culture swiftly becomes intertwined with conflict."- https://unesdoc.unesco.org/ark:/48223/pf0000121058

67. ബൈനറി ഡിജിറ്റ് എന്നതിന്റെ ചുരുക്കം. കമ്പ്യൂട്ടിങ്ങിൽ വിവരത്തിന്റെ അളവ് കണക്കാക്കാനുള്ള അടിസ്ഥാന യൂണിറ്റാണ് ബിറ്റ്. ഒരു ബിറ്റിന് ഓൺ, ഓഫ് എന്നിങ്ങനെ രണ്ട് അവസ്ഥകൾ (ഇതിനെ 1, 0 എന്നീ അക്കങ്ങൾകൊണ്ട് സൂചിപ്പിക്കുന്നു).

68. "On August 16th, 1858 international communications changed forever when Queen Victoria sent a short message in the form of a telegram to the then US president James Buchanan. The message travelled through 2,500 kilometres of newly laid submarine cable and took 16 hours to arrive. But it worked and was a massive improvement on the alternative 10-day duration it would have taken to cross the Atlantic by sea."- https://www.cerillion.com/Blog/August-2019/A-brief-history-of-submarine-cable-communications

69. "Digital information has become so entrenched in all aspects of our lives and society, that the recent growth in information production appears unstoppable. Each day on Earth we generate 500 million tweets, 294 billion emails, 4 million gigabytes of Facebook data, 65 billion WhatsApp messages and 720,000 hours of new content added daily on YouTube."- https://theconversation.com/the-worlds-data-explained-how-much-were-producing-and-where-its-all-stored-159964

70. വിജ്ഞാനസമൂഹം (Knowledge Society) വിവരസമൂഹത്തിൽ (Information Society) നിന്ന് ഭിന്നമായ ഒന്നാണ്. ഇൻഫർമേഷൻ സൊസൈറ്റി സാങ്കേതികവിദ്യകളിലുണ്ടായ പുരോഗതിയെ അടിസ്ഥാനപ്പെടുത്തിയതാണ്.

71. പ്രേഷകർ ശാസ്ത്രജ്ഞരോ, ശാസ്ത്ര ജേണലിസ്റ്റുകളോ, അധ്യാപകരോ... ആവാം. സ്വീകർത്താക്കൾ മറ്റു ശാസ്ത്രജ്ഞരോ വിദ്യാർത്ഥികളോ... പൊതുജനമോ ആവാം. പ്രധാനമായും രണ്ടുതരത്തിലുള്ള ശാസ്ത്രവിനിമയങ്ങളാണുള്ളത്. 1- ഗവേഷകർക്കിടയിലുള്ള ഗവേഷണഫലങ്ങളുടെ വിനിമയം. 2- വിദഗ്ധരുടെ പൊതുസമൂഹവുമായുള്ള വൈജ്ഞാനികവിനിമയം. വിദഗ്ധരെന്നത് ഒന്നാം നിരയായ ഗവേഷകരോ തൊട്ടടുത്ത നിരയിൽ വരുന്ന അധ്യാപകരോ (ബോധനശാസ്ത്രതലത്തിലും ശാസ്ത്രപ്രചാരണ തലത്തിലും) ആവാം.

72. വാമൊഴി, വരമൊഴി എന്നിങ്ങനെ ആശയവിനിമയത്തിനുള്ള വ്യത്യസ്ത ചാനലുകളെക്കുറിക്കുന്നതാണ് ഡയമെസിക്. ഇത് ഫോണിൽ ഉപയോഗിക്കുന്നതും ഇ- മെയിലിൽ ഉപയോഗിക്കുന്നതും തമ്മിലുള്ള ഭാഷകളെക്കുറിച്ചുമാകാം. മലയാളത്തിൽ അനുയോജ്യമായ പദം ലഭ്യമല്ല. 'ബഹുമാധ്യമ' എന്ന് പറയാമെങ്കിലും മലയാളത്തിൽ മാധ്യമം എന്ന വാക്ക് മറ്റൊരു അർത്ഥത്തിൽ പതിഞ്ഞുപോയിരിക്കുന്നു. diamesic - variation in a language across medium of communication/ relating to the channel of communication.

73. സ്കോപ്പസ് എന്ന സൈറ്റേഷൻ ഡാറ്റാബേസ് അനുസരിച്ച് 2018 ലെ ശാസ്ത്ര-എൻജിനീയറിങ്ങ് രംഗത്തെ പിയർ റിവ്യൂഡ് പ്രസിദ്ധീകരണങ്ങൾ (Publication output-പ്രബന്ധങ്ങളുടെയും കോൺഫ്രൻസ്

പ്രബന്ധങ്ങളുടെയും കണക്ക്) 26 ലക്ഷം ആയിരുന്നു. അതിൽ ഉയർന്ന വികസിതരാഷ്ട്രങ്ങളുടെ (The high-income economies) പങ്ക് 56 ശതമാനമായിരുന്നപ്പോൾ വികസ്വരരാഷ്ട്രങ്ങളുടെ (middle-income economies) പങ്ക് 34 ശതമാനവും ദരിദ്രരാജ്യങ്ങളുടെ (lower-middle-income economies) പങ്ക് 9 ശതമാനവുമായിരുന്നു. 2000 മുതൽ 2018 വരെയുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ വികസ്വരരാഷ്ട്രങ്ങളുടെ പങ്ക് 12 ശതമാനത്തിൽനിന്ന് 34 ശതമാനത്തിലേക്ക് ഉയർന്നെങ്കിലും ദരിദ്രരാഷ്ട്രങ്ങളുടെ പങ്ക് നാലിൽനിന്ന് ഒൻപത് ശതമാനത്തിലേക്കേ വർധിച്ചിട്ടുള്ളൂ. https://ncses.nsf.gov/pubs/nsb20206/publication-output-by-region-country-or-economy ലെ Figure 5A-1കാണുക

74. 2018ലെ ശാസ്ത്രപ്രസിദ്ധീകരണങ്ങളിലെ റാങ്കിങ്ങിൽ ആറ് ലക്ഷത്തിലധികം ഡോക്യുമെന്റുകളുമായി ഏറ്റവും മുന്നിൽ നിൽക്കുന്നത് യു.എസ്.എയും (6,99,393) ചൈനയുമാണ് (6,05,616). മറ്റു രാജ്യങ്ങൾ ഇവയിൽനിന്ന് വളരെ പുറകിലാണ്.

75. ന്യൂക്ലിയർ ശൃംഖലാ പ്രതിപ്രവർത്തനം (nuclear chain reaction) നിലനിൽക്കാനാവശ്യമായ ഏറ്റവും കുറഞ്ഞ അളവ് ദ്രവ്യത്തെയാണ് ക്രിട്ടിക്കൽ മാസ്സ് അഥവാ ക്രാന്തിക ദ്രവ്യമാനം എന്നുപറയുന്നത്. ക്രിട്ടിക്കൽ മാസ്സ് കുറഞ്ഞാൽ പ്രവർത്തനം നിലച്ചുപോവും. നവലിബറൽ കമ്പോളവ്യവസ്ഥ, പാശ്ചാത്യജനാധിപത്യം തുടങ്ങിയ മേൽക്കൈ കയ്യാളുന്ന പ്രത്യയശാസ്ത്രങ്ങളുടെ വിനിമയഭാഷയായും അന്താരാഷ്ട്ര ശാസ്ത്രസമൂഹത്തിന്റെ പൊതുഭാഷയായും ദൃശ്യ-ശ്രാവ്യ ഇൻഫോടെക് ശൃംഖലയുടെ മാധ്യമമായും ഇംഗ്ലീഷ് മാറിക്കഴിഞ്ഞതിനാലാണ് അത് ക്രിട്ടിക്കൽ മാസ്സ് ആയി മാറിക്കഴിഞ്ഞു എന്ന് സ്യൂ റൈറ്റ് പറയുന്നത്.

76. യൂജിൻ ഗാർഫീൽഡ് (Eugene Eli Garfield 1925-2017) അമേരിക്കൻ ഭാഷാശാസ്ത്രജ്ഞനും വ്യവസായിയുമായിരുന്നു. ബിബ്ലിയോമെട്രിക്സ് (bibliometrics), സയന്റോമെട്രിക്സ് (scientometrics) എന്നിവ രൂപപ്പെടുത്തുന്നതിലും പങ്കുവഹിച്ച വ്യക്തിയാണ്. ശാസ്ത്രഭാഷയെന്ന നിലയിൽ ഇംഗ്ലീഷിനെ ഉയർത്തിക്കാട്ടി അദ്ദേഹം ലേഖനങ്ങളെഴുതി. SCI, SSCI, A and HCI എന്നിവയിലെ ഭാഷാമുൻവിധികളെ പലരും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ജേണലുകളുടെ പ്രാമുഖ്യം അടയാളപ്പെടുത്താനുള്ള ഇംപാക്റ്റ് ഫാക്ടറിനെ മുൻനിർത്തി, ലണ്ടനിലെ യൂണിവേഴ്സിറ്റി കോളേജിലെ ഡേവിഡ് കോൾക്വഹോൺ (David Colquhoun) ഇങ്ങനെ പറയുകയുണ്ടായി. "...the invention of Eugene Garfield, a man who has done enormous harm to true science."

77. ജേണലുകളുടെ ഭാഷാമാറ്റത്തിന്റെ ഉദാഹരണങ്ങൾ ഉൾറിഷ് അമോണിനെ അവലംബിച്ചുകൊണ്ട് സി. എം. മുരളീധരൻ *വിജ്ഞാനവും വിജ്ഞാനഭാഷയും* എന്ന പുസ്തകത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

78. ജർമൻ ശാസ്ത്രജ്ഞരിൽനിന്ന് വിവരശേഖരണം നടത്തി 1991 ൽ ഉൾറിഷ് അമോൺ നടത്തിയ ഒരു ലഘുപഠനത്തിൽ കണ്ടെത്തിയ കാര്യങ്ങൾ ഇങ്ങനെയായിരുന്നു. 'ചിലപ്പോഴെങ്കിലും 19 ശതമാനം ആളുകൾ കോൺഫറൻസുകളിൽനിന്ന് വിട്ടുനിന്നു. പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽനിന്ന് വിട്ടുനിന്നത് 33 ശതമാനമാണ്. 25 ശതമാനം ഇംഗ്ലീഷ് ഉപയോഗിക്കേണ്ടിവരുന്ന വ്യക്തിബന്ധങ്ങളിൽനിന്ന് വിട്ടുനിന്നു'.

79. അന്തർദേശീയഭാഷ (international language), ബന്ധഭാഷ (lingua franca) എന്നീ പദങ്ങൾ പലപ്പോഴും ഉപരിപ്ലവമായ രീതിയിൽ ഉപയോഗിക്കപ്പെടാറുണ്ട്. യഥാർത്ഥത്തിൽ ഒരു ബന്ധഭാഷ സംവേദകരിൽ ഒരാളുടെയും മാതൃഭാഷ ആയിരിക്കാൻ പാടില്ല. ആ അർത്ഥത്തിൽ ഇംഗ്ലീഷ് ബന്ധഭാഷയായി മാറി എന്നുപറ

യുന്നതിൽ പിശകുണ്ട്. അന്തർദേശീയഭാഷ എന്ന പ്രയോഗമാകട്ടെ അതിന്റെ അധികാരവുമായി ബന്ധപ്പെട്ടതാണ്. ഇംഗ്ലീഷ് അന്തർദേശീയഭാഷയായി മാറി എന്ന് പറയുന്നതായിരിക്കും ശരിയെന്ന് Emilia Calaresu ചൂണ്ടിക്കാട്ടുന്നു.

80. പദങ്ങളും പദഘടനയും വ്യാകരണവുമെല്ലാം പൂർണമായും പുതുതായി നിർമിക്കുന്നവയാണ് പ്രയോറി ഭാഷകളുടെ ഗണത്തിൽപെടുന്നത്. നിലവിലുള്ള ഭാഷകളിലെ ഘടകങ്ങളെ പ്രയോജനപ്പെടുത്തി പുതിയൊരു ഭാഷ ഉണ്ടാക്കുകയാണെങ്കിൽ അതിനെ പോസ്റ്റെറിയോറി എന്നാണ് വിളിക്കുക.

81. ചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളിലായി നിരവധി കൃത്രിമഭാഷകൾ (Constructed languages) രൂപപ്പെട്ടിട്ടുണ്ട്. എന്നാൽ പത്തൊമ്പത്, ഇരുപത് നൂറ്റാണ്ടുകളിൽ രൂപപ്പെട്ട വൊളാപുക് (Volapük), എസ്പരാന്റൊ (Esperanto), ഈഡൊ (Ido) തുടങ്ങിയ ഭാഷകളാണ് വലിയ മുന്നേറ്റങ്ങളായി മാറിയത്. ഈ ഭാഷകളുടെ ആവിർഭാവവും വളർച്ചയും തളർച്ചയും വിശദമായി അറിയാൻ *വിജ്ഞാനവും വിജ്ഞാനഭാഷയും* എന്ന പുസ്തകം കാണുക.

82. എന്നാൽ എല്ലായിടത്തും ഈ വളർച്ച ഒരുപോലെയല്ല എന്ന് റിപ്പോർട്ട് രേഖപ്പെടുത്തുന്നുണ്ട്. ഖത്തർ, യു.എ.ഇ. എന്നിവിടങ്ങളിൽ ചില യൂണിവേഴ്സിറ്റികളിൽ ദേശീയതയുമായി ബന്ധിപ്പിച്ച് അറബി മാധ്യമത്തിലേക്ക് തിരിച്ചുപോയി. നെതർലാന്റ്സ്, ഫ്രാൻസ്, സ്വീഡൻ എന്നിവിടങ്ങളിലും ഇതുപോലുള്ള നീക്കങ്ങൾ ഉണ്ടായിട്ടുണ്ട്. മലേഷ്യയിൽ ബഹാസാ ഭാഷയുടെ ഉപയോഗം ഭരണഘടനാപരമാക്കി. അത്തരം കേസുകൾ വളരെ സാന്ദർഭികവും ഒറ്റപ്പെട്ടതുമാണെന്ന്(such cases are highly contextual and individual) റിപ്പോർട്ട് ആശ്വസിക്കുന്നുമുണ്ട്.

83. ഒരു പ്രത്യേക അക്കാദമിക പഠനമേഖലയെന്ന നിലയിലുള്ള ആവിർഭാവമാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഭാഷയെ മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾ ഭാഷ രൂപപ്പെട്ടതിനൊപ്പമോ, ഏറെ വൈകാതെയോ ആരംഭിച്ചിരിക്കാം. ഭാഷാവിജ്ഞാനീയം (Philology- The branch of knowledge that deals with the structure, historical development, and relationships of a language or languages) രൂപം കൊള്ളുന്നതിനൊപ്പം തന്നെ നല്ല ഭാഷയെക്കുറിച്ചുള്ള ഗൗരവതരമായ അന്വേഷണവും ആരംഭിക്കുന്നു.

84. സമൂഹമെന്ന ഘടകത്തിന് ഭാഷാശാസ്ത്രത്തിലേതിനെക്കാൾ പ്രാധാന്യം നൽകുന്ന പഠനമേഖലയാണ് സാമൂഹികഭാഷാശാസ്ത്രം. ഭാഷണത്തിനുപുറമേ അത് സംഭവിക്കുന്ന സന്ദർഭം, പശ്ചാത്തലം എന്നിവയും ഇവിടെ പരിഗണനാവിഷയമാവുന്നു. സാമൂഹികചരങ്ങളെ മുൻനിർത്തിയാണ് പഠനം മുന്നേറുന്നത്. വംശം, മതം, ജാതി തുടങ്ങിയവയും സാമൂഹികപദവി, ജെൻഡർ, വിദ്യാഭ്യാസനിലവാരം, പ്രായം എന്നിവയും സാമൂഹികഭാഷാശാസ്ത്രത്തിലെ ചരങ്ങളാവും. വില്യം ലബോബിന്റെ നേതൃത്വത്തിൽ 1960 കളിലാണ് സാമൂഹികഭാഷാശാസ്ത്രം ഒരു പഠനമേഖലയെന്ന നിലയിൽ വളർന്നത്.

85. സാമൂഹികഭാഷാശാസ്ത്രം സമൂഹവുമായി ബന്ധപ്പെടുത്തി വർഗം, ജാതി തുടങ്ങിയ ചരങ്ങളെ ഉപയോഗിച്ച് ഭാഷയെ പഠിക്കുമ്പോൾ, ഭാഷാസാമൂഹികശാസ്ത്രം ഭാഷയുമായി ബന്ധപ്പെടുത്തി സമൂഹത്തെയാണ് പഠിക്കുന്നത്. ജോഷ്വാ ഫിഷ്മാൻ ചൂണ്ടിക്കാട്ടിയതുപോലെ ഭാഷയുടെ ഉപയോഗം മാത്രമല്ല, ഭാഷയോടും ഭാഷയുടെ ഉപയോക്താക്കളോടും പുലർത്തുന്ന സമീപനങ്ങളും ഇതിന്റെ ഭാഗമാണ്. ഭാഷാസാമൂഹികശാസ്ത്ര

ത്തിന്റെ ഏഴ് മാനങ്ങൾ വില്യം ബ്രൈറ്റ് വ്യക്തമാക്കിയതായി പ്രബോധചന്ദ്രൻ നായർ പ്രസ്താവിക്കുന്നു. വക്താവിന്റെ സാമൂഹികവ്യക്തിത്വം, ശ്രോതാവിന്റെ സാമൂഹികവ്യക്തിത്വം, ഭാഷണസാഹചര്യം, സാമൂഹികഭാഷാഭേദങ്ങളുടെ ഏകകാലികവും ബഹുകാലികവുമായ അപഗ്രഥനം, ഭാഷയെക്കുറിച്ച് വക്താവിന്റെ വിലയിരുത്തൽ, ഭാഷാഭേദങ്ങളുടെ വൈജാത്യം, സാമൂഹികഭാഷാശാസ്ത്രത്തിന്റെ പ്രയുക്തത എന്നിവയാണവ.

86. 1–വ്യത്യസ്ത ലക്ഷ്യങ്ങളാൽ രൂപപ്പെട്ടതും വ്യത്യസ്ത രീതികൾ കൈക്കൊണ്ടതുമായ ഭാഷാസൂത്രണ സന്ദർഭങ്ങളെ റോബർട്ട് കൂപ്പർ അദ്ദേഹത്തിന്റെ *ലാംഗ്വേജ് പ്ലാനിങ്ങ് ആൻഡ് സോഷ്യൽ ചെയ്ഞ്ച്* എന്ന പുസ്തകത്തിൽ വിശദമായി ഉദാഹരിക്കുന്നുണ്ട്. ഫ്രാൻസിൽ ഫ്രഞ്ച് അക്കാദമിയുടെ സ്ഥാപനം, പലസ്തീനിലെ ഹീബ്രുഭാഷയുടെ പുനരുജ്ജീവനം, ലിംഗപക്ഷപാതമില്ലാത്ത ഭാഷാപ്രയോഗത്തിനുവേണ്ടി അമേരിക്കയിലെ സ്ത്രീവാദപ്രവർത്തകർ നടത്തിയ കാമ്പെയ്ൻ, എത്യോപ്യയിലെ സാക്ഷരതാ കാമ്പെയ്ൻ എന്നിങ്ങനെയുള്ള നാല് സന്ദർഭങ്ങൾ ആ പുസ്തകത്തിൽ വിവരിക്കുന്നുണ്ട്.

2–ലാംഗ്വേജ് പ്ലാനിങ്ങ് എന്ന പദമായിരുന്നില്ല ആദ്യം ഉപയോഗിക്കപ്പെട്ടത്. 1950 ൽ മില്ലർ (Miller) ലാംഗ്വേജ് എൻജിനീയറിങ്ങ് എന്ന പദം ഉപയോഗിച്ചു. 1967 ൽ നോസ് (Noss) ലാംഗ്വേജ് ഡെവലപ്മെന്റ്, ഗോർമൻ (Gorman)1973 ൽ ലാംഗ്വേജ് റെഗുലേഷൻ, ജെർന്നുഡും ന്യൂസ്ടുപ്നിയും (Jernudd and Neustupny) 1986 ൽ ലാംഗ്വേജ് മാനേജ്മെന്റ് എന്നിങ്ങനെ പലരും പല പേരുകൾ ഉപയോഗിച്ചു. 1957 ൽ കൊളംബിയ യൂണിവേഴ്സിറ്റിയിൽ നടന്ന സെമിനാറിൽ യൂറിയൽ വെയ്ൻറൈക്ക് (Uriel Weinreich) ആണ് ലാംഗ്വേജ് പ്ലാനിങ്ങ് എന്ന പദം ആദ്യമായി ഉപയോഗിച്ചത്. എങ്കിലും അത് അക്കാദമികരംഗത്ത് കൃത്യമായി അടയാളപ്പെടുത്തിയത് 1959 ൽ എയ്നർ ഹോഗൻ (Einar Haugen) ആണ്. *ലാംഗ്വേജ് പ്ലാനിങ്ങ് ഇൻ മോഡേൺ നോർവെ*, എന്ന നോർവീജിയൻ ഭാഷയുടെ മാനകീകരണത്തെക്കുറിച്ചുള്ള പഠനത്തിലായിരുന്നു അത്.

3– നിരവധി പണ്ഡിതർ ഭാഷാസൂത്രണത്തെ നിർവചിച്ചിട്ടുണ്ട്. പല കാലങ്ങളിലായി വന്ന ഈ നിർവചനങ്ങൾ പഠനമേഖലയിലെ കാഴ്ചപ്പാടുകളിൽ വന്ന മാറ്റങ്ങളെ പ്രതിഫലിപ്പിക്കുന്നവയാണ്. കൂപ്പർ തന്റെ പുസ്തകത്തിൽ അതുവരെ ലഭ്യമായിരുന്നവയിൽ നിന്ന് പന്ത്രണ്ട് നിർവചനങ്ങളെ അവതരിപ്പിക്കുകയും വിശകലനംചെയ്യുകയും ചെയ്തു. അദ്ദേഹത്തിന്റെ വിശകലനം, ആര്, എന്തിനുവേണ്ടി, ആർക്കുവേണ്ടി, എങ്ങനെ ആസൂത്രണം ചെയ്യുന്നു എന്നീ ചോദ്യങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു. ഈ പരിശോധനയ്ക്ക് മുന്നോടിയായാണ് വ്യത്യസ്ത സന്ദർഭങ്ങളിലെ നാല് ഭാഷാസൂത്രണ അനുഭവങ്ങളെ അദ്ദേഹം പരിചയപ്പെടുത്തിയത്. ആ അനുഭവങ്ങളെ മുൻനിർത്തി നിലവിലുള്ള നിർവചനങ്ങളിൽ നഷ്ടപ്പെടുന്ന അംശങ്ങളെന്തെന്ന് അവതരിപ്പിച്ചുകൊണ്ട് പുതിയൊരു നിർവചനത്തിലേക്ക് കൂപ്പർ കടന്നു. അത് ഇങ്ങനെയായിരുന്നു. "ഭാഷയുടെ സമാർജനം, ഘടന, ധർമനിർവഹണം തുടങ്ങിയ കാര്യങ്ങളിൽ മറ്റുള്ളവരുടെ പെരുമാറ്റശീലങ്ങളിൽ മാറ്റംവരുത്താനുള്ള ബോധപൂർവമായ പരിശ്രമമാണ് ഭാഷാസൂത്രണം" ("Language planning refers to deliberate efforts to influence the behavior of others with respect to the acquisition, structure, or functional allocation of their language codes"). ലക്ഷ്യങ്ങളെയും രൂപങ്ങളെയും പരിമിതപ്പെടുത്താതെയും, ആധികാരികമായ ഏജൻസികൾ നടത്തുന്നതാണ് ഭാഷാസൂത്രണമെന്ന ധാരണയെ തിരുത്തിയും കൂപ്പർ അവതരിപ്പിച്ച ഈ നിർവചനം വലിയൊരു മാറ്റമായിരുന്നു. പെരുമാറ്റശീലങ്ങളെ സ്വാധീനിക്കുന്ന ഒന്നായി ഭാഷാസൂത്രണത്തെ അദ്ദേഹം അവതരിപ്പിച്ചു.

87. പുതുതായി സ്വാതന്ത്ര്യം ലഭിച്ച രാഷ്ട്രങ്ങളിലെ തദ്ദേശീയഭാഷകളുടെ വളർച്ചയെ ലക്ഷ്യമിട്ട് വ്യാകരണങ്ങൾ, ലിഖിതരൂപങ്ങൾ, നിഘണ്ടുക്കൾ എന്നിവ തയ്യാറാക്കുകയായിരുന്നു ആദ്യകാല ഭാഷാസൂത്രണപരിപാടികൾ. ഹോഗൻ ഭാഷാസൂത്രണത്തെ നിർവചിച്ചത് ഇപ്രകാരമായിരുന്നു. 'ഏകതാനമല്ലാത്ത ഭാഷണസമൂഹത്തിലെ എഴുത്തുകാർക്കും ഭാഷകർക്കും സഹായകമാകുന്ന വിധത്തിൽ മാനദണ്ഡപ്രകാരമുള്ള എഴുത്തുരീതി, വ്യാകരണം, നിഘണ്ടു എന്നിവ തയ്യാറാക്കുന്ന പ്രവർത്തനം' ('the activity of preparing a normative orthography, grammar, and dictionary for the guidance of writers and speakers in a non-homogeneous speech community').

88. സാഹചര്യങ്ങൾ അനുകൂലമാണെങ്കിലും അല്ലെങ്കിലും സ്വന്തം ഭാഷയുടെ ഉപയോഗത്തിന് മുൻഗണന നൽകുകയും അതിൽ അഭിമാനിക്കുകയും ചെയ്യുന്നതാണ് ഭാഷാനിഷ്ഠ (Language loyalty).

89. എല്ലായ്പോഴും ഔദ്യോഗിക തീരുമാനങ്ങളെ ആശ്രയിക്കണമെന്നില്ല. യു.എസ്.എ., യു.കെ. എന്നിവിടങ്ങളിൽ ഇംഗ്ലീഷ് ഔദ്യോഗികഭാഷയായി നിലനിൽക്കുന്നത് കീഴ്വഴക്കത്തെ മുൻനിർത്തിയാണ്. ഭരണഘടനാപരമായോ മറ്റേതെങ്കിലും തീരുമാനങ്ങളെയോ മുൻനിർത്തിയല്ല.

90. ഗ്രാഫൈസേഷനെന്നാൽ ഭാഷയുടെ വർണവിന്യാസക്രമമനുസരിച്ച് ലിപികളുടെ തിരഞ്ഞെടുപ്പ്, മെച്ചപ്പെടുത്തൽ, വിപുലനം എന്നിവയെല്ലാം ഉൾപ്പെടും. സോവിയറ്റ് യൂണിയനിൽ റഷ്യനേതര ഭാഷകളുടെ ലിപികളിൽ നടത്തിയ മാറ്റം പ്രസിദ്ധമാണ്. 1920-1930 കാലയളവിൽ നടന്ന ലിപികളുടെ ലാറ്റിൻവൽക്കരണം 69 ഭാഷകളിൽ നടപ്പാക്കി. എന്നാൽ 1936 ൽ ഇവയെല്ലാം സിറിലിക്ക് ലിപിയിലേക്ക് മാറ്റാൻ ഉത്തരവിട്ടു.

91. ഭാഷകളുടെ വൈജ്ഞാനികതല വളർച്ചയിൽ മാനകീകരണം വലിയ പ്രാധാന്യമർഹിക്കുന്ന പ്രവർത്തനമാണ്. 1476 ൽ അച്ചടി ഇംഗ്ലണ്ടിൽ കടന്നുവന്നപ്പോഴാണ് ഇംഗ്ലീഷ് ഭാഷയുടെ മാനകീകരണത്തിന് കുതിപ്പ് ലഭിച്ചതും അതുവഴി ഭാഷ വലിയതോതിൽ വളരുന്നതിലേക്ക് നയിച്ചതും.

92. ലെക്സിക്കൺ, പദാവലികൾ എന്നിവ വിപുലപ്പെടുത്തുന്നത് ആധുനികീകരണത്തിൽ അവശ്യം ആവശ്യമായ പ്രവർത്തനങ്ങളാണ്. പുതിയ കാലത്ത് ആധുനികസാങ്കേതികവിദ്യകളോട് ഭാഷയെ ഇണക്കിച്ചേർക്കലും പ്രധാനംതന്നെ.

93. Sprachbund- ഒരു ജർമൻ വാക്കാണ്. ഭൂമിശാസ്ത്രപരമായ സാമീപ്യത്തിന്റെയും ഭാഷാസമ്പർക്കത്തിന്റെയും ഫലമായി പ്രാദേശിക സവിശേഷതകൾ പങ്കിടുന്ന ഒരു കൂട്ടം ഭാഷകളാണ് സ്പ്രാച്ച്ബൗണ്ട് ഭാഷകൾ എന്നറിയപ്പെടുന്നത്. ഉൽപത്തിപരമായി ഈ ഭാഷകൾ ബന്ധമില്ലാത്തവയോ വളരെ അകന്ന ബന്ധംമാത്രം പുലർത്തുന്നവയോ ആവാം. എന്നാൽ സ്പ്രാച്ച്ബൗണ്ട് പ്രഭാവം നിമിത്തം അവ ബന്ധഭാഷകളാണെന്ന് തോന്നും.

94. 1-Ausbau- building the language away from an overpowering and structurally very similar neighbor, relative to which it is often perceived as a dialect rather than as a really autonomous language.
2-Einbau- making one language out of two structurally very similar ones. Einbau sets the stage for an eventual takeover of language B by language A via the engineering of interlingual proximity.

95. "മറ്റുള്ളവർക്ക് ദിശാബോധം നൽകാനായി ഭാഷാ ഉപയോഗത്തെയും അധ്യാപനത്തെയും സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളലും അതിനായി അധികാരപ്പെട്ടവർ നടത്തുന്ന ശ്രദ്ധാപൂർവമായ ഇടപെടലുകളും ഭാഷാനയരൂപീകരണത്തിൽ ഉള്ളടങ്ങുന്നു."- *ഭാഷാസൂത്രണം പൊരുളും വഴികളും*

96. പരസ്പരം ഇടകലരുന്ന സാംസ്കാരികവും ചരിത്രപരവുമായ വ്യവഹാരങ്ങളുടെ ഒരു കൂട്ടമായും, വലിയതോതിൽ പൗരസമൂഹത്താൽ അംഗീകരിക്കപ്പെട്ട, വ്യാവഹാരിക പ്രശ്നങ്ങളുടെ പരിഹാരങ്ങളുടെ ഒരു കൂട്ടമായും മാനകീകരിക്കപ്പെട്ട ഭാഷയെ കാണാം. അത് ഐക്യത്തിന്റെ പ്രതിരൂപമാണ്. യഥാർഥത്തിൽ മാനകീകരിക്കപ്പെട്ട ഭാഷ ആരുടേയും ഒന്നാം ഭാഷയല്ല. മാനകീകരിക്കപ്പെട്ട ഭാഷ അഭ്യസിക്കാനുള്ള നിയമങ്ങളും മാനദണ്ഡങ്ങളുമാണ് വിദ്യാഭ്യാസത്തിൽ ഉൾപ്പെടുത്തുന്നത് എന്ന് കപ്ലാനും ബൽഡാഫും അഭിപ്രായപ്പെട്ടിട്ടുണ്ട്.

97. ആഫ്രിക്കൻ രാജ്യങ്ങളിൽ മാതൃഭാഷയെ അവഗണിച്ചുകൊണ്ട് ഇംഗ്ലീഷുമാധ്യമവിദ്യാഭ്യാസത്തെ പുൽകുന്ന സമീപനത്തെയാണ് 'സ്റ്റെയ്റ്റ് ഫോർ ഇംഗ്ലീഷ്' എന്ന് പറഞ്ഞുവരുന്നത്.

98. ഭാഷാശാസ്ത്രപരമായ ഘടനകളുടെ അടിസ്ഥാനത്തിലല്ല അമോൺ ഈ വിഭജനം നടത്തുന്നത്. മറിച്ച് അവയുടെ ഭാഷകസമൂഹങ്ങളുടെ, പ്രത്യേകിച്ച് ദേശ്യഭാഷകരുടെ, സാമ്പത്തിക ബലത്തിന്റെയും അധികാരത്തിന്റെയും ഫലമായുള്ള ആശയവിനിമയധർമത്തെ മുൻനിർത്തിയാണ്.

99. വേൾഡ് ഇംഗ്ലീഷസ് എന്ന സങ്കൽപനം ആദ്യമായി പ്രയോഗിക്കുന്നത് ഇന്ത്യക്കാരനായ ഭാഷാശാസ്ത്രജ്ഞൻ ബ്രജ് കച്ച്റുവാണ്. 1965 ലെ *The Indianness in Indian English* എന്ന പ്രബന്ധത്തിൽ കച്ച്റു ഇങ്ങനെ പറയുന്നു. "The term English language may be used as a cover-term for L1 "varieties" of English and also for the OTHER ENGLISHES which have slowly developed in West Africa, India, Malaya, and so forth because of political, commercial and educational contacts of these countries with the English-speaking countries." (ഉദ്ധരണി https://www.tandfonline.com/doi/epdf/10.1080/00437956.1965.11435436ൽ നിന്നും). എന്നാൽ ഇത് വലിയതോതിൽ ചർച്ചാവിഷയമാവുന്നത് 1978 ൽ ഹോണോലോലുവിലെ ഈസ്റ്റ് വെസ്റ്റ് കൾച്ചർ ലേണിങ് ഇൻസ്റ്റിറ്റ്യൂട്ടിലും ഇല്യനോയ്സിലെ ലിംഗ്വിസ്റ്റിക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ദി ലിംഗ്വിസ്റ്റിക്ക് സൊസൈറ്റി ഓഫ് അമേരിക്കയിലും നടന്ന രണ്ട് അന്താരാഷ്ട്രസമ്മേളനങ്ങളിലൂടെയാണ്.- (Kachru, Braj B., World Englishes: approaches, issues and resources).

100. പൊതുവായ കേന്ദ്രമുള്ള (concentric) കുറെ വൃത്തങ്ങളാണിത്. ഏറ്റവും ഉള്ളിലുള്ള വൃത്തങ്ങൾ പരമ്പരാഗതമായി ഇംഗ്ലീഷ് ഭാഷാപ്രദേശങ്ങളായ യു.കെ., യു.എസ്., ന്യൂസീലൻഡ്, ഓസ്ട്രേലിയ തുടങ്ങിയവയെ അടയാളപ്പെടുത്തുന്നു. ഇന്നർ സർക്കിളുകൾ എന്നാണ് ഇവയെ വിശേഷിപ്പിക്കുന്നത്. അവ കഴിഞ്ഞ് ഔട്ടർ സെർക്കിളുകൾ. തദ്ദേശീയഭാഷയല്ലെങ്കിലും ചരിത്രപരമായ കാരണങ്ങളാൽ ഇംഗ്ലീഷ് പ്രധാനമായിത്തീർന്ന രാജ്യങ്ങളാണ് അവ. അവിടങ്ങളിൽ പലതിലും ഇംഗ്ലീഷ് ഔദ്യോഗികഭാഷയായി ഉപയോഗിക്കുന്നുണ്ടാവും. ഇന്ത്യ, പാക്കിസ്ഥാൻ, നൈജീരിയ, ഫിലിപ്പൈൻസ്, ടാൻസാനിയ, കെനിയ, മലേഷ്യ... എന്നിങ്ങനെയുള്ള രാജ്യങ്ങളെല്ലാം ഔട്ടർ സർക്കിളുകളെ പ്രതിനിധീകരിക്കുന്നു. അവയും കഴിഞ്ഞ് വരുന്നവയെ എക്സ്പാൻഡിങ് സർക്കിളുകൾ (expanding circle) എന്ന് പറയും. ചരിത്രപരമായ വേരുകളില്ലെങ്കിലും ഒരു വിദേശഭാഷയെന്ന നിലയിലോ ബന്ധഭാഷയെന്ന നിലയിലോ ഇംഗ്ലീഷിന് പ്രമുഖമായ സ്ഥാനമുള്ള രാജ്യ

ങ്ങളാണിവ. ചൈന, റഷ്യ, ജപ്പാൻ തുടങ്ങി നിരവധി രാജ്യങ്ങൾ എക്സ്പാൻഡിങ്ങ് സർക്കിളുകളെ പ്രതിനിധീകരിക്കുന്നു. (മുരളീധരൻ, ഭാഷാസൂത്രണം: പൊരുളും വഴികളും.)

101. ബാഹ്യവൃത്തങ്ങളിലെയും വികസിക്കുന്ന വൃത്തങ്ങളിലെയും വകഭേദങ്ങൾ മാത്രമല്ല, ഇങ്ങനെ നിലവാരമില്ലാത്തതെന്ന മുദ്രകുത്തപ്പെടുന്നത്. യു.എസ്.എ.യിൽതന്നെ ഉപയോഗത്തിലുള്ള ആഫ്രിക്കൻ അമേരിക്കൻ വെർണാക്കുലർ (African American Vernacular English -AAVE) ഇംഗ്ലീഷിന്റെ ഒരു വകഭേദമാണെന്ന് നിരവധി പണ്ഡിതർ അഭിപ്രായപ്പെടുന്നുണ്ടെങ്കിലും ചിലർ അതിനോട് യോജിക്കുന്നില്ല. ബ്ലാക്ക് ഇംഗ്ലീഷ് വെർണാക്കുലർ എന്നും ബ്ലാക്ക് വെർണാക്കുലർ ഇംഗ്ലീഷ് എന്നും ഇതിനെ പറയാറുണ്ട്.

# അധ്യായം 2

# വൈജ്ഞാനികമലയാളത്തിന്റെ പടവുകൾ

## 2.1 ആമുഖം

ഒരു വൈജ്ഞാനികഭാഷയായി മലയാളം വളർന്നുവന്നതിന്റെ ചരിത്രഗതികളേയും വഴികളേയും അടയാളപ്പെടുത്തുകയാണ് ഈ അധ്യായത്തിൽ. ഒപ്പം അതിന്റെ നിലവിലുള്ള അവസ്ഥ, പരിമിതികൾ എന്നിവയിലേക്കും കടക്കുന്നു.

ഭാഷയും വിജ്ഞാനവും സാമൂഹിക ഉൽപ്പന്നങ്ങളാണെന്ന് കഴിഞ്ഞ അധ്യായത്തിൽ വ്യക്തമാക്കുകയുണ്ടായി. അവ രണ്ടും സമൂഹത്തിൽ നിലനിൽക്കുന്ന ബന്ധങ്ങളാൽ നിർണയിക്കപ്പെടുകയും ചെയ്യുന്നു. സാമൂഹികമാറ്റങ്ങളെക്കുറിച്ചുള്ള ധാരണ കൈവരിക്കാതെ ഭാഷാസൂത്രണത്തെക്കുറിച്ചുള്ള ധാരണ കൈവരിക്കാൻ കഴിയില്ല (Cooper 1). ഭാഷയുടെ ഉപയോഗവും പെരുമാറ്റത്തിന്റെ സാമൂഹികരൂപവും (social organization of behaviour) തമ്മിലുള്ള പാരസ്പര്യത്തെയാണ് ഭാഷാസാമൂഹികശാസ്ത്രം പരിശോധിക്കുന്നതെന്ന് ജോഷ്വാ ഫിഷ്മാനും അഭിപ്രായപ്പെടുന്നു. 'ഭാഷയുടെ സാമൂഹികശാസ്ത്രം സാമൂഹികമായി രൂപപ്പെടുന്ന ഭാഷാസ്വഭാവത്തിന്റെ മുഴുവൻ വിഷയങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഭാഷയുടെ ഉപയോഗം മാത്രമല്ല, ഭാഷയോടും ഭാഷയുടെ ഉപയോക്താക്കളോടും പുലർത്തുന്ന സമീപനങ്ങളും ഇതിലുൾപ്പെടും' എന്ന് ഫിഷ്മാൻ ചൂണ്ടിക്കാണിക്കുന്നുണ്ട് (44; Fishman et al. 217). അതുകൊണ്ടുതന്നെ സാമൂഹിക പശ്ചാത്തലത്തിൽനിന്ന് അടർത്തിമാറ്റി മലയാളഭാഷയുടെ വൈജ്ഞാനികപദവിയെക്കുറിച്ച്

ചർച്ചചെയ്യാനുള്ള ഏതൊരു ശ്രമവും നിരർത്ഥകവും അപൂർണവുമായിരിക്കും. കേരളദേശീയതയുടെയും മലയാളി എന്ന സ്വത്വത്തിന്റെയും രൂപീകരണം, ഐക്യകേരള രൂപീകരണം, കേരളത്തിന്റെ രാഷ്ട്രീയ–സാമൂഹിക–സാമ്പത്തിക വികാസവും ഇടർച്ചകളും, ഇവിടുത്തെ വിദ്യാഭ്യാസത്തിന്റെയും സാക്ഷരതയുടെയും വളർച്ചയും പ്രതിസന്ധികളും, പൊതുവിദ്യാഭ്യാസരംഗത്തെ അധ്യയനമാധ്യമം, കേരളവികസനത്തിലെ രണ്ടാം തലമുറപ്രശ്നങ്ങൾ, മലയാളഭാഷയുടെ വളർച്ചയും അത് ഇന്ന് നേരിടുന്ന പ്രതിസന്ധിയും തുടങ്ങിയ നിരവധി കാര്യങ്ങളുടെ വിശാലമായ ഒരു ക്യാൻവാസിൽ വേണം മലയാളഭാഷയിലെ വൈജ്ഞാനികധാരയുടെ വളർച്ചയും തൽസ്ഥിതിയും പരിശോധിക്കാൻ.

## 2.2 ആദ്യനാളുകൾ

അതതുകാലത്തെ ഭരണസംവിധാനങ്ങളുമായി ബന്ധപ്പെട്ടുതന്നെയാണ്, കേരളമെന്ന് ഇന്ന് വ്യവഹരിച്ചുപോരുന്ന പ്രദേശത്തെ ജ്ഞാനസംഹിതകൾ നിലനിന്നതും പുതിയ രൂപങ്ങൾക്ക് വഴിമാറിയതും. മഹാശിലാസ്മാരകങ്ങളിൽനിന്നും ഗുഹകളിൽ നിന്നുമെല്ലാം കണ്ടെത്തിയ ചിത്രങ്ങളും ജ്യാമിതീയരൂപങ്ങളും പ്രകൃതിയുടെ രൂപങ്ങളെ ഭാവിതലമുറകൾക്ക് പകർന്നുനൽകാനുള്ള ശ്രമങ്ങളാണ് പക്ഷികളെക്കുറിച്ചും മൃഗങ്ങളെക്കുറിച്ചും സസ്യജാലങ്ങളെക്കുറിച്ചുമെല്ലാമുള്ള സംഘകാല അറിവുകളാണ് അകം കവിതകളിൽ കാണുന്നത് (ഗണേശ്, *കേരളത്തിന്റെ ഇന്നലെകൾ* 262). കൃഷിയുടെ വ്യാപനം, കൈമാറ്റരൂപങ്ങളുടെ വളർച്ച എന്നിവയെല്ലാം ഇവിടുത്തെ അറിവിന്റെ വികാസത്തിന് കാരണമായി. വലിയതോതിലുള്ള വാണിജ്യം, പ്രത്യേകിച്ച് സമുദ്രമാർഗമുള്ള വാണിജ്യം ഇതര പ്രദേശങ്ങളിലെ സംസ്കാരങ്ങളുമായും അവിടുത്തെ ജ്ഞാനരീതികളുമായുമുള്ള ബന്ധം ഉറപ്പിച്ചു. സി. ഇ. ആദ്യം മുതൽ ആരംഭിച്ച ബ്രാഹ്മണകുടിയേറ്റം നിരവധി മേഖലകളിൽ പുതിയ അറിവുരൂപങ്ങളെ ഇവിടേക്ക് കൊണ്ടുവന്നു. വലിയതോതിലുള്ള ബ്രാഹ്മണസംഘങ്ങൾ പടിഞ്ഞാറൻ കരപ്രദേശത്തുകൂടി വന്നെത്തുന്നത് ഏഴും എട്ടും നൂറ്റാണ്ടുകളിലാണ്. ഒമ്പതാം നൂറ്റാണ്ടാവുമ്പോഴേക്കും തെക്ക് തിരുവല്ലവരെ ബ്രാഹ്മണഗ്രാമങ്ങൾ രൂപപ്പെട്ടുന്നതായും കാണാം (നാരായണൻ 23). ജ്യോതിശ്ശാസ്ത്രം, പഞ്ചാംഗനിർമാണം, ഗണിതം, വാസ്തുവിദ്യ തുടങ്ങി വിവിധരംഗങ്ങളിൽ ഉണ്ടായ വികാസം ബ്രാഹ്മണാധിപത്യത്തിന്റെയും ബൗദ്ധ–ജൈന സ്വാധീനത്തിന്റെയും സൂചനകളാണ് നൽകുന്നത് (ഗണേശ്, *കേരളത്തിന്റെ ഇന്നലെകൾ* 267–69).

ഇരുമ്പുയുഗകാലത്ത് വാമൊഴിവഴക്കങ്ങളിലുള്ള പാട്ടുകൾക്കായിരുന്നു പ്രാധാന്യം. പലപ്പോഴും ഇവയുടെ പ്രധാനസ്വഭാവം വാഴ്ത്തുപാട്ടുകൾ എന്നതായിരുന്നു. പോർവീര്യമോ ദാനശീലങ്ങളോ ആണ് പാടിപ്പുകഴ്ത്തിയത്. സംസ്കൃത–പ്രാകൃത ഭാഷകളുടേതടക്കമുള്ള ഭാരതീയബൃഹത്പാരമ്പര്യം ഈ പാട്ടുകളിൽ കൂടിക്കലർന്നത് ഇവയുടെ അവകാശികളും പ്രസാരകരുമായവരിൽ ബ്രാഹ്മണകവികളുമുണ്ടായിരുന്നു എന്നതുകൊണ്ടാണ് (രാഘവവാരിയർ and രാജൻ ഗുരുക്കൾ, *കേരളചരിത്രം* 106). കാർഷികവ്യവസ്ഥയ്ക്ക് പ്രാമുഖ്യം വന്നുചേരുന്ന ഘട്ടത്തിൽ ക്ഷേത്രങ്ങളെ കേന്ദ്രീകരിച്ച് ആഴ്വാന്മാരും നായനാർമാരും ഭക്തിയുടെ പ്രചാരണത്തിനായി ഇതിഹാസങ്ങളേയും പുരാണങ്ങളേയും പ്രയോജനപ്പെടുത്തി. സംസ്കൃതനാടകങ്ങളിലെ ഭാഗങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള കൂത്തും മറ്റും ഈ കാലഘട്ടത്തിന്റെ അടയാളങ്ങളായി അവശേഷിക്കുന്നു. ഇവയോടൊപ്പം ഇവിടെത്തന്നെ രൂപംകൊണ്ട *ആശ്ചര്യചൂഡാമണി*, *സുഭദ്രാധനഞ്ജയം* തുടങ്ങിയ നാടകങ്ങളുമുണ്ടായി. ഇവയെല്ലാം സമൂഹത്തിന്റെ മേലേക്കിടയിലുള്ള ഒരു വിഭാഗത്തെയാണ് പ്രതിനിധീകരിച്ചത് (205–206).

പെരുമാൾവാഴ്ചക്കാലത്ത് സാഹിത്യം തമിഴ് അല്ലെങ്കിൽ സംസ്കൃതഭാഷകളെ കേന്ദ്രീകരിച്ചാണ് രൂപംകൊണ്ടത്. ഭാഷ മാത്രമല്ല, ലിപിവ്യവസ്ഥയും ഇതേ സ്വഭാവത്തെ പിന്തുടർന്നുവെന്ന് രാഘവവാരിയരും രാജൻ ഗുരുക്കളും ചൂണ്ടിക്കാണിക്കുന്നുണ്ട്. ജൈന–ബൗദ്ധ സംഘങ്ങൾ പ്രചരിപ്പിച്ചതും ദക്ഷിണേന്ത്യൻ ഭാഷകളുടെ ആവശ്യങ്ങൾക്കുതകിയിരുന്നതുമായ ലിപിക്കുപകരം ഗ്രന്ഥലിപി ഉപയോഗത്തിൽ വരുന്നത് അത് സംസ്കൃത–പ്രാകൃതഭാഷകൾക്ക് അപര്യാപ്തമായിരുന്നു എന്നതിനാലാണ് (211). അക്കാലത്ത് കേരളത്തിലെ വൈജ്ഞാനികമണ്ഡലം പൂർണമായും ബ്രാഹ്മണരുടെ നിയന്ത്രണത്തിലായിരുന്നു എന്നാണ് അപൂർവം ഗ്രന്ഥങ്ങളൊഴികെ മിക്കവയും സംസ്കൃതത്തിൽ രചിക്കപ്പെട്ടു എന്നത് കാണിക്കുന്നത്. ജാതിപരമായ ഉന്നതനിലയെപ്പോലെതന്നെ അവരുടെ വൈജ്ഞാനികമേൽക്കോയ്മയും ചോദ്യംചെയ്യപ്പെടാതെ നിലനിന്നു എന്നുവേണം അനുമാനിക്കാൻ.

പെരുമാൾയുഗത്തിനുശേഷം നടന്ന പ്രാദേശികവൽക്കരണം കേരളീയകലാസാഹിത്യരംഗങ്ങളിലും വൈജ്ഞാനികധാരയിലും അനുരണനങ്ങൾ സൃഷ്ടിക്കുന്നുണ്ട്. സംസ്കൃതത്തിലും മണിപ്രവാളത്തിലുമായി ഒട്ടേറെ സാഹിത്യകൃതികൾ പിറന്നുവീണ ഈ കാലഘട്ടത്തിൽ അനേകം വൈജ്ഞാനികഗ്രന്ഥങ്ങളും യാഥാർത്ഥ്യമായി. പ്രധാനമായും വ്യാകരണം, വൈദ്യം, ജ്യോതിഷം, തച്ചുശാസ്ത്രം തുടങ്ങിയ മേഖലകളിലുള്ള ഈ ഗ്രന്ഥങ്ങളും സംസ്കൃതത്തിലോ മണിപ്രവാളത്തിലോ തന്നെയാണ് രചിക്കപ്പെട്ടത്. (ഉണ്ണിത്തിരി

80–89). വേദാന്തവും മീമാംസയും ഒഴികെയുള്ള വ്യാകരണം, കാവ്യനാടകാലങ്കാരങ്ങൾ തുടങ്ങിയ വൈജ്ഞാനികമേഖലകൾ നമ്പൂതിരിമാരല്ലാത്ത വിഭാഗങ്ങൾക്ക് കൈകാര്യം ചെയ്യാനുള്ള സാഹചര്യം കേരളത്തിലുണ്ടായിരുന്നു എന്നും ശാസ്ത്ര–സാങ്കേതികവിജ്ഞാനത്തിന്റെ മേഖലയിലാണ് ഇത്തരം ഇടപെടലുകൾ കൂടുതലുള്ളതെന്നും ഉണിത്തിരി അഭിപ്രായപ്പെടുന്നു. ജ്യോതിശ്ശാസ്ത്രവും ഗണിതവും കൈകാര്യം ചെയ്തിരുന്നവരിൽ കണിയാന്മാരും വൈദ്യവൃത്തിയിൽ ഈഴവരും പട്ടികജാതി വർഗക്കാരും ഇസ്ലാം, ക്രൈസ്തവ വിഭാഗത്തിൽപ്പെട്ടവരും വലിയതോതിൽ ഉണ്ടായിരുന്നു. സംസ്കൃതത്തിന്റെ മതനിരപേക്ഷവൽക്കരണം എന്നുവിളിക്കാവുന്ന ഇത്തരമൊരവസ്ഥയുടെ കാരണം ഇവിടെ ഒരു കാലത്ത് നിലനിന്നിരുന്ന ജൈന–ബൗദ്ധ പ്രചാരമാവാം എന്നും ഉണിത്തിരി കരുതുന്നു (80). ബ്രാഹ്മണരല്ലാത്തവരിലും ഉൽപ്പാദകരിലും അറിവിന്റെ വളർച്ച എപ്രകാരമാണ് നടന്നതെന്നതിനെക്കുറിച്ച് നിലവിലുള്ള വിവരങ്ങൾ പരിമിതമാണെന്നും ഇതിനെക്കുറിച്ച് വിശദമായി പഠനങ്ങൾ നടക്കേണ്ടതുണ്ടെന്നുമുള്ള (ഗണേശ്, *കേരളത്തിന്റെ ഇന്നലെകൾ* 276) അഭിപ്രായവും ഉണ്ട്. വൈദ്യം, തച്ചുശാസ്ത്രം തുടങ്ങിയ അറിവുകൾ ബ്രാഹ്മണേതരരിലേക്ക് വന്നിരുന്നെങ്കിലും അത്തരം പ്രത്യേകമേഖലകളിലെ അറിവുകൾ ഏതാനും ചില കുടുംബങ്ങൾ കൈകാര്യം ചെയ്തവയാണെന്നും അവ രഹസ്യങ്ങളായി തലമുറകളിലൂടെ കൈമാറുകയാണുണ്ടായതെന്നും കാണാം. അവിടെയും ഉപരിവർഗ താൽപ്പര്യങ്ങൾ പ്രവർത്തിച്ചിരുന്നുവോ എന്ന് പരിശോധിക്കേണ്ടതുണ്ട്.

ഈ കാലത്ത് രചിക്കപ്പെട്ടവയിൽ വൈദ്യശാസ്ത്രമേഖലയിലെ *ആലത്തൂർ മണിപ്രവാളം* (പതിനാലാം നൂറ്റാണ്ട്–ആലത്തൂർ നമ്പി), ശിൽപ്പശാസ്ത്രമേഖലയിലെ *തന്ത്രസമുച്ചയം* (പതിനഞ്ചാം നൂറ്റാണ്ട്–ചേന്നാസ് നാരായണൻ നമ്പൂതിരിപ്പാട്), *മനുഷ്യാലയചന്ദ്രിക* (പതിനാറാം നൂറ്റാണ്ട്–തിരുമംഗലത്ത് നീലകണ്ഠൻ മൂസ്സത്), *ആര്യഭടീയഭാഷ്യം* (പതിനഞ്ചാം നൂറ്റാണ്ട്– കേളല്ലൂർ നീലകണ്ഠ സോമയാജി), *വേണ്വാരോഹം* (പതിനാലാം നൂറ്റാണ്ട്–സംഗമഗ്രാമമാധവൻ) എന്നിവ വളരെ ശ്രദ്ധേയമായവയാണ്.

ഏതാണ്ട് പന്ത്രണ്ടാം നൂറ്റാണ്ടോടുകൂടി ഇന്ത്യയിൽ ജ്യോതിശ്ശാസ്ത്ര–ഗണിതശാസ്ത്ര മേഖലകളിൽ മുരടിപ്പ് നേരിട്ടെങ്കിലും, അതിൽനിന്ന് വ്യത്യസ്തമായി കേരളത്തിൽ ഈ രംഗങ്ങളിൽ പിന്നെയും കുറേക്കാലംകൂടി പഠനങ്ങൾ നടന്നു (ഉണിത്തിരി 80). പതിനാല് മുതൽ പതിനാറാം നൂറ്റാണ്ടുവരെ നിലനിന്ന കേരളീയ ഗണിതസരണി (Kerala school of Mathematics) ഏറെ പ്രസിദ്ധമാണ്. ആര്യഭടനു[1] ശേഷം കേരളത്തിൽ ജീവിച്ച പരമേശ്വരൻ, മാധവൻ, പുതുമന ചോമാതിരി, നീലകണ്ഠസോമയാജി, ബ്രഹ്മദത്തൻ തുടങ്ങിയ ഗണിതശാസ്ത്രപ്രതിഭകളുടെ പരമ്പരയുടെ സംഭാവനകളെയാണ് കേരള സ്കൂൾ ഓഫ്

മാത്തമറ്റിക്സ് എന്ന് ഇക്കാലത്ത് വ്യവഹരിച്ചുപോരുന്നത്. ഇതിൽ പ്രമുഖനായിരുന്നു സംഗമഗ്രാമമാധവൻ. അദ്ദേഹത്തിന്റെ എല്ലാ കൃതികളും കണ്ടെടുക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ മറ്റുള്ളവരുടെ പുസ്തകങ്ങളിൽ ഉദ്ധരിക്കപ്പെടുന്നതിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത് ത്രികോണമിതിഫലനങ്ങളായ (Trigonometric functions) സൈൻ, കൊസൈൻ, ടാൻജന്റ് തുടങ്ങിയവയ്ക്ക് അനന്തശ്രേണികളുടെ സഹായത്തോടെ വിപുലനം നടത്താൻ അദ്ദേഹത്തിന് സാധിച്ചിരുന്നു (ആർ.വി.ജി.മേനോൻ 55) എന്നാണ്. കാൽക്കുലസ് നേരത്തെതന്നെ ഇന്ത്യയിൽ രൂപപ്പെട്ടിരുന്നു എന്ന്, ഇന്ന് വലിയതോതിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നു (*Aaryabhateeyam* 33). അനന്തശ്രേണികളാണ് (infinite series) കേരള ഗണിതസ്കൂളിന്റെ മറ്റൊരു പ്രധാന സംഭാവന (129). 1832 ൽ ഏഷ്യാറ്റിക്ക് സൊസൈറ്റിയുടെയും മദ്രാസ് ലിറ്ററി സൊസൈറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ നടന്ന ഒരു സമ്മേളനത്തിൽ ചാൾസ് വിഷ് ആണ് കേരള ഗണിതപാരമ്പര്യത്തിന്റെ സവിശേഷതകൾ പണ്ഡിതശ്രദ്ധയിൽ കൊണ്ടുവന്നത് (ആർ.വി.ജി.മേനോൻ 56). പിന്നീട് കെ. വി. ശർമ, ജോർജ് ഗീവർഗീസ് ജോസഫ് തുടങ്ങിയവരുടെ ശ്രമങ്ങളാണ് കേരളീയ ഗണിതശാസ്ത്രപാരമ്പര്യത്തിന്റെ പ്രാധാന്യം അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെടുന്നതിലേക്ക് എത്തിച്ചത്. ഗീവർഗീസ് ജോസഫിന്റെ *മയൂരശിഖ: ഗണിതശാസ്ത്രത്തിന്റെ യൂറോപ്യനല്ലാത്ത വേരുകൾ (The Crest of the Peacock: The Non-European roots of Mathematics)*[2] എന്ന ഗ്രന്ഥം ഏറെ പ്രസിദ്ധമായി.

വൈദ്യശാസ്ത്രമാണ് വലിയതോതിൽ കൈകാര്യം ചെയ്യപ്പെട്ട മറ്റൊരു ജ്ഞാനമേഖല. സംസ്കൃതത്തിലെ മൂലഗ്രന്ഥങ്ങളെ വ്യാഖ്യാനിച്ചും ഉപജീവിച്ചും എഴുതിയ ഒരു ധാരയും 'നാട്ടിൽ നടപ്പുള്ളവയും പല വൈദ്യന്മാരും പലപ്പോഴായി കുറിച്ചുവെച്ച ഔഷധച്ചാർത്തുകളും' ഉൾപ്പെടുന്ന മറ്റൊരു ധാരയും ചേർന്നതാണ് ഇവിടുത്തെ ആയുർവേദഗ്രന്ഥങ്ങൾ (ബാലകൃഷ്ണൻ, *മലയാള ശാസ്ത്രസാഹിത്യപ്രസ്ഥാനം- ഒരു പഠനം* 34). മറ്റിടങ്ങളിൽ പ്രസിദ്ധങ്ങളല്ലാത്ത ചികിത്സാരീതികൾ കേരളത്തിൽ പ്രചാരത്തിലുണ്ടായിരുന്നു. പിഴിച്ചിൽ, ധാര തുടങ്ങിയവ ഇതിന് ഉദാഹരണങ്ങളാണ് (ഉണിത്തിരി 86). കളരികളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള കളരിചികിത്സ വലിയതോതിൽ പ്രചരിച്ചിരുന്ന മറ്റൊരു ചികിത്സാധാരയാണ്. ഉഴിച്ചിൽ, എല്ലുകൾക്കു സംഭവിക്കുന്ന പൊട്ടലുകളും ചതവുകളും പരിഹരിക്കൽ എന്നിങ്ങനെ ഇപ്പോഴും കളരിചികിത്സാരീതികൾക്ക് വലിയ പ്രചാരം കേരളത്തിലുണ്ട്. സിദ്ധവൈദ്യം, മർമചികിത്സ, വിഷവൈദ്യം എന്നിവയൊക്കെ നിലനിന്നിരുന്ന മറ്റു ചികിത്സാധാരകളായിരുന്നു.

അഷ്ടാംഗവൈദ്യന്മാർ എന്നതു ലോപിച്ചാണ് അഷ്ടവൈദ്യന്മാർ എന്ന വിശേഷണം വന്നത്. പതിനെട്ടു വൈദ്യകുലങ്ങൾ മലയാളക്കരയിൽ നിലവിലുണ്ടായിരുന്നു. എട്ടു വൈദ്യകുലങ്ങളാണ് അഷ്ടവൈദ്യന്മാരെന്നത് തെറ്റായ ധാരണയാണെന്ന് ഉണ്ണിത്തിരി നിരീക്ഷിക്കുന്നുണ്ട്. സാധാരണയായി ചെയ്യാത്ത വിഷവൈദ്യം, ബാലചികിത്സ, കണ്ണുചികിത്സ എന്നിവയും ഇവിടുത്തെ അഷ്ടവൈദ്യന്മാർ കൈകാര്യം ചെയ്തിരുന്നു. തലമുറകളിലൂടെ പകർന്നുവന്നതും പ്രാദേശികമായ വേരുകളുള്ളതുമായ ചികിത്സാരീതികളെ നാട്ടുവൈദ്യമെന്നു വിളിച്ചുവന്നു. ആയുർവേദവും നാട്ടുവൈദ്യങ്ങളും ഒരേ സമ്പ്രദായത്തിന്റെ ഭാഗമായിരുന്നെങ്കിലും ആയുർവേദം തദ്ദേശീയരീതികളെ ഫോസിലീകരിക്കുകയും ഇന്ത്യയുടെ പ്രധാന ചികിത്സാസമ്പ്രദായമായി സ്വയം അടയാളപ്പെടുത്തുകയും ചെയ്തതാണെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്(Girija, "Attiring Local Tradition for the Global Market") അച്ചടിയുടെ കടന്നുവരവാണ് 'ആര്യവൈദ്യ'മെന്ന 'പുതിയ അധീശപാരമ്പര്യത്തെ' രൂപപ്പെടുത്തിയത് (ഷിജു സാം വറുഗീസ് 596). 1903 മുതൽ പ്രസിദ്ധീകരിച്ച ധന്വന്തരിയിൽ ആദ്യകാലത്ത് പരമ്പരാഗത ചികിത്സാരീതികളെക്കൂടി ഉൾക്കൊള്ളിച്ചിരുന്നെങ്കിലും ക്രമേണ അത്തരം ഉള്ളടക്കം അപ്രത്യക്ഷമാകുകയും ആയുർവേദമെന്ന പാരമ്പര്യത്തെ ഉയർന്നതായി കണക്കാക്കുകയും ചെയ്തു (597; Girija, "Interface with Media and Institutions").

സംസ്കൃതത്തിൽ, അതും ഛന്ദോബദ്ധമായ രീതിയിൽ, ഗ്രന്ഥങ്ങൾ എഴുതിയിരുന്ന കാലത്ത് തികച്ചും വിഭിന്നവും ശ്രദ്ധേയവുമായ രണ്ടു കൃതികളുണ്ടായി. മലയാളത്തിലെ ആദ്യഗദ്യകൃതിയെന്ന് കരുതിപ്പോരുന്ന *ഭാഷാകൗടലീയ*മാണ് ഒന്ന്. സി. ഇ. ഒൻപതാം നൂറ്റാണ്ടുമുതൽ പന്ത്രണ്ടാം നൂറ്റാണ്ടുവരെയുള്ള കാലം ഇതിന്റെ രചനാകാലമായി പലരാലും കണക്കാക്കപ്പെട്ടിട്ടുണ്ട് (പരമേശ്വരയ്യർ, *കേരള സാഹിത്യചരിത്രം* 192; ആന്റണി 614). ചാണക്യവിരചിതമായ *അർത്ഥശാസ്ത്ര*ത്തിന് ഇന്ത്യൻ പ്രാദേശികഭാഷകളിൽ ആദ്യമായി ഭാഷാന്തരണം ഉണ്ടായത് മലയാളത്തിലേക്കാണെന്നത് അഭിമാനകരമാണ്. മാത്രമല്ല, *അർത്ഥശാസ്ത്രം* പോലൊരു ശാസ്ത്രഗ്രന്ഥത്തെ വ്യാഖ്യാനിക്കാൻ പാകത്തിൽ പന്ത്രണ്ടാംനൂറ്റാണ്ടിലെ മലയാളഗദ്യം പ്രാപ്തമായിരുന്നു(ഗോപാലകൃഷ്ണൻ നടുവട്ടം 88) എന്നും കാണാം. ഭാഷയ്ക്കുലഭിച്ച മഹനീയനിധിയെന്ന് *ഭാഷാകൗടലീയ*ത്തെ വിശേഷിപ്പിച്ച ഉള്ളൂർ 'മലയാളത്തിലെ സാഹിത്യം നിസ്സാരമാണെന്നു വാദിക്കുവാൻ തുടങ്ങുന്നവരോട് അർത്ഥശാസ്ത്രത്തിന് ഒരു പഴയ തർജമ മറ്റേതു ഭാഷയിലുണ്ടെന്ന് നമുക്ക് ന്യായമായി ചോദിക്കാവുന്നതാണെന്നു' (*കേരള സാഹിത്യചരിത്രം* 192)കൂടി രേഖപ്പെടുത്തിയിട്ടുണ്ട്.

രണ്ടാമത്തെ ഗ്രന്ഥം സി. ഇ. 1520 നും 1550 നും ഇടയിൽ രചിക്കപ്പെട്ട *ഗണിതയുക്തിഭാഷ*യാണ്. തന്റെ മുൻഗാമികളുടെ കണ്ടെത്തലുകളെക്കൂടി ഉൾച്ചേർത്തുകൊണ്ട് പ്രസിദ്ധ ഗണിതശാസ്ത്രജ്ഞനായ ജ്യേഷ്ഠദേവൻ രചിച്ച ഈ മലയാളകൃതി കേരളീയ ഗണിതശാഖയുടെ വളർച്ചയുടെ നിദർശനമാണ്. കാൽക്കുലസ് കണ്ടെത്തിയത് ആരെന്ന തർക്കം യൂറോപ്പിൽ നടക്കുന്നതിന് ഏതാണ്ട് മുന്നൂറു വർഷങ്ങൾക്കുമുമ്പ് അതിന്റെ അടിസ്ഥാനപ്രമാണങ്ങൾ മലയാളത്തിൽ ആവിഷ്കരിച്ചിരുന്നു (വിജയകുമാർ 245). ഇംഗ്ലീഷ്ഭാഷയിലെ ആദ്യശാസ്ത്രഗ്രന്ഥം എന്ന് അറിയപ്പെടുന്ന, ഐസക് ന്യൂട്ടന്റെ *ഓപ്റ്റിക്*1704 ൽ മാത്രമാണ് പുറത്തിറങ്ങിയത് എന്നതുമായി ചേർത്തുവായിക്കുമ്പോഴേ മലയാളത്തിന്റെ ഈ നേട്ടത്തിന്റെ പ്രാധാന്യം തിരിച്ചറിയാൻ കഴിയൂ. ഭൂരിഭാഗം രചനകളിലും സംസ്കൃതപ്രാമുഖ്യമാണ് നിലനിന്നതെങ്കിലും അവിടവിടെയായി കാണുന്ന ഇത്തരം ഗ്രന്ഥങ്ങൾ ജ്ഞാനരൂപങ്ങളെ പ്രാദേശികഭാഷയോട് അടുപ്പിക്കുന്ന പ്രവണതയായി കാണുന്നതിൽ തെറ്റുണ്ടാവില്ല. ഇതിനു സമാന്തരമായി, 'ഊഴിയിൽച്ചെറിയവർക്കറിയുമാറുരചെയ്‌വാൻ' വേണ്ടിയാണ് രചിക്കുന്നതെന്ന ഉത്തമബോധ്യത്തോടെ, രാമചരിതത്തിൽ തുടങ്ങി സാഹിത്യരംഗത്തും സമാനമായ ചലനങ്ങൾ ഉയർന്നുവന്നിരുന്നു. 'തികച്ചും മലയാളത്തിന്റെ സന്താനങ്ങളായ കൃഷ്ണപ്പാട്ടും കിളിപ്പാട്ടും ആവിർഭവിക്കുന്നതിന് വഴിയൊരുക്കിയ'(ജോർജ്, കെ. എം. 170) കണ്ണശ്ശരാമായണവും ഇത്തരത്തിൽ പാമരരായ ജനവിഭാഗത്തെ മുന്നിൽക്കണ്ടുകൊണ്ട്– 'മന്ദപ്രജ്ഞന്മാർക്കറിവാനായ്... ചൊൽക തുനിഞ്ഞേൻ'– എന്ന് എഴുതിയതുകാണാം. 'ബോധഹീനന്മാർക്കറിയാംവണ്ണം ചൊല്ലീടുന്നേൻ' എന്ന് രാമായണാരംഭത്തിൽ എഴുത്തച്ഛനും ഈ രീതി പിന്തുടരുന്നു.

സംസ്കൃതവൃത്തങ്ങൾ ഉപേക്ഷിച്ചും എതുക, മോന തുടങ്ങിയ പ്രാസങ്ങളെ പിന്തുടർന്നുമുള്ള പാട്ടുരീതിയിൽ മലയാളഭാഷ പുതിയ പഥങ്ങൾ കണ്ടെത്തുന്ന പ്രക്രിയയുടെ സ്ഫുരണങ്ങളാണ് കാണുന്നത്. ലീലാതിലകകാരൻ വ്യക്തമാക്കിയ 'സംസ്കൃതത്തിൽനിന്ന് വേറിട്ട ഒന്നി'ന്റെ അടയാളപ്പെടുത്തലായിരുന്നു അത്. മധ്യകാലത്തിന്റെ രണ്ടാം പകുതിയിൽ ജീവിതത്തിന്റെ നാനാരംഗങ്ങളിലും കാണുവാൻ കഴിഞ്ഞ പ്രാദേശികവൽക്കരണവും കേരളീയ സ്വത്വബോധവും കലാസാഹിത്യങ്ങളിലും വൈജ്ഞാനികഗ്രന്ഥങ്ങളിലും മുന്നിട്ടുനിൽക്കുന്നു (രാഘവവാരിയർ and രാജൻ ഗുരുക്കൾ, *കേരളചരിത്രം* 282). പ്രാദേശികതയെ പുൽകുന്ന ഈ ധാരയാണ് കണ്ണശ്ശന്മാരിലൂടെ വികസിക്കുന്നത്. മലയാളത്തിലെ സന്ദേശകാവ്യങ്ങൾ അവയുടെ രൂപത്തിൽ മാറിയില്ലെങ്കിലും കേരളീയമായ അങ്ങാടികളെയും ജീവിതക്കാഴ്ചകളെയും അടയാള

പ്പെടുത്തിയവയായിരുന്നു. സാഹിത്യഭംഗിക്കല്ല 'കേരളീയജീവിതത്തിന്റെ ജീവസ്സാർന്ന തുടിപ്പുകൾക്കാണ്' സന്ദേശങ്ങളിലും ചമ്പുക്കളിലും പ്രാധാന്യം (286). കോകസന്ദേശത്തിനെഴുതിയ ആമുഖത്തിൽ ചാത്തനാത്ത് അച്യുതനുണ്ണിയോടൊപ്പം രാഘവവാരിയർ മധ്യകാലകൃതികളായ മണിപ്രവാളങ്ങളെ വിശദമായി പരിശോധിക്കുന്നു. അവയിൽ വ്യാപിച്ചുകിടക്കുന്നത് മലയാളത്തിന്റെ തനിമയും വ്യതിരിക്തതയും മലയാളമണ്ണിന്റെ സവിശേഷതകളുമാണ്. അധീശഭാഷകളായിരുന്ന തമിഴ്, സംസ്കൃതം എന്നിവയുടെ പിടിയിൽനിന്നും സ്വശക്തി തെളിയിച്ചുകൊണ്ട് മലയാളം ഉയിർത്തെഴുന്നേറ്റു വരുന്നതിന്റെ ലക്ഷ്യങ്ങളാണ് മണിപ്രവാളകൃതികളെന്ന് അവർ നിരീക്ഷിക്കുന്നു. യൂറോപ്പിൽ പ്രാദേശികഭാഷകളും സംസ്കൃതികളും രൂപപ്പെട്ടുവരുന്ന അതേകാലത്തുതന്നെയാണ് ഇവിടെ ഈ മാറ്റം കാണുന്നതെന്നത് പ്രത്യേകം പരിഗണിക്കേണ്ടതുണ്ട്(*കോകസന്ദേശം* 17). കാർഷികസമ്പദ്വ്യവസ്ഥയക്ക്, വിശേഷിച്ച് നാണ്യവിളകൾക്ക് കൈവന്ന പ്രാധാന്യം കാരണം അവയെ കേന്ദ്രീകരിച്ച് രൂപപ്പെട്ട വിനിമയകേന്ദ്രങ്ങളും നാഗരികതയുമാണ് സന്ദേശകാവ്യങ്ങളിലെ അങ്ങാടിവർണനകളിൽ നിറഞ്ഞുനിൽക്കുന്നത്. സാമൂഹികമായ ആ മുന്നേറ്റത്തിന്റെ ചിറകിലേറിയാണ് ഭാഷയിലെ കുതിപ്പും സാധ്യമായത്. പന്ത്രണ്ടാംനൂറ്റാണ്ടിൽ *ഭാഷാകൗടലീയ*ത്തിലൂടെ ആരംഭിച്ച ഗദ്യഭാഷാരീതി ആട്ടപ്രകാരങ്ങളിലൂടെയും ക്രമദീപികയിലൂടെയും പതിയെ വളർന്നുവരുന്നുണ്ട്. പാട്ട്, മണിപ്രവാളം, മാർദംഗികൻമാരുടെ തമിഴ് എന്നിങ്ങനെ വിളിക്കപ്പെടുന്ന കൃതികളിലൂടെ വെളിവാക്കപ്പെട്ട ഭാഷാവ്യവസ്ഥകളെയും ജനങ്ങളുടെ വ്യവഹാരഭാഷയിൽ രൂപംകൊണ്ട പരിണാമങ്ങളെയും കണ്ടറിഞ്ഞ ഒരു പണ്ഡിതന്റെ സൃഷ്ടിയാണ് *ലീലാതിലകം* (ഗോപാലകൃഷ്ണൻ നടുവട്ടം 10–11) എന്നുള്ള വിലയിരുത്തൽ ശ്രദ്ധേയമാണ്. പ്രാദേശികമായി രൂപപ്പെട്ടുവരുന്ന ഒരു സാഹിത്യപ്രസ്ഥാനത്തിനു വ്യവസ്ഥകൾ കണ്ടെത്തുകയാണ് *ലീലാതിലക*ത്തിലൂടെ.

നാട്ടുവാഴിത്ത കാലഘട്ടത്തിൽ ആവിഷ്കാരങ്ങൾ പ്രധാനമായും രൂപപ്പെട്ടത് വാമൊഴി രൂപങ്ങളിലാണ്. പൗരോഹിത്യം, വൈദ്യം, തച്ചുശാസ്ത്രം, മന്ത്രവാദം, ഗണിതം, ജ്യോതിഷം, ഇതിഹാസപുരാണങ്ങളുടെ വ്യാഖ്യാനം, ചമ്പുപ്രബന്ധങ്ങൾ, ആട്ടപ്രകാരങ്ങൾ മുതലായവയും സ്വരൂപങ്ങളുടെ കണക്കുകളും രേഖകളും മാത്രമാണ് ഓലകളിലേക്ക് പകർത്തപ്പെട്ടത് (ഗണേശ്, "ഭാഷയും മലയാളികളുടെ ചരിത്രവും" 14)

അറിവുൽപ്പാദനത്തിൽ മാത്രമല്ല, അതിന്റെ പ്രസരണരീതികളിലും കാലാന്തരത്തിൽ മാറ്റങ്ങൾ വരുന്നുണ്ട്. ക്ഷേത്രങ്ങളോടുചേർന്നുനിന്ന വേദപഠനകേന്ദ്രങ്ങളായ ശാലകൾ തിരോഭവിക്കുകയും ഗുരുകുലസമ്പ്രദായം കടന്നുവരുകയും ചെയ്തു.

തെക്കൻകേരളത്തിൽ ശാലകളായിരുന്നെങ്കിൽ മധ്യകേരളത്തിലും ഉത്തരകേരളത്തിലും സഭാമഠങ്ങളായിരുന്നു(പൊതുവിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ട് 35). ആയുധവിദ്യ യടക്കം പഠിപ്പിച്ചിരുന്ന ബ്രാഹ്മണവിദ്യാകേന്ദ്രങ്ങളായിരുന്നു ശാലകളും മഠങ്ങളും. പെരുമാൾവാഴ്ചയുടെ പതനത്തോടെ ക്ഷേത്രകേന്ദ്രീകൃതമായ വ്യവസ്ഥയിൽ വന്ന മാറ്റത്തെത്തുടർന്നായിരുന്നു ഇത്. ഈ ഗുരുകുലങ്ങൾ സാഹിത്യാദികലകളിലും ജ്യോതി ഷാദിശാസ്ത്രങ്ങളിലും ഉൾപ്പെടെ നാനാവിജ്ഞാനശാഖകളിൽ സൈദ്ധാന്തികജ്ഞാനം നേടാനുള്ള കേന്ദ്രങ്ങളായിരുന്നു (രാഘവവാരിയർ and രാജൻ ഗുരുക്കൾ, *കേരളചരിത്രം രണ്ടാംഭാഗം*206). പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനംവരെ ഉണ്ടായിരുന്ന, ചില വിഷയമേഖലകളെ കേന്ദ്രീകരിച്ചുള്ള വിദ്യാകേന്ദ്രങ്ങൾ ഇവയിൽനിന്ന് ഒരു ഘട്ടത്തിൽ രൂപംകൊണ്ടവയാണ്.

ഗുരുകുലങ്ങളുടെ വരവാണ് ബ്രാഹ്മണേതരരെ ജ്ഞാനാർജനത്തിലേക്ക് നയിച്ച ഒരു ഘടകം. കൃഷിയും വാണിജ്യവും വളർന്നുവരുന്ന ഒരു സമൂഹത്തിൽ സംഭവിച്ച മാറ്റമാണത്. എഴുത്തും വായനയും ഗണിതവുമെല്ലാം കൂടുതലാളുകൾക്ക് അറിഞ്ഞേ കഴിയൂ. പതിനാല്-പതിനഞ്ച് നൂറ്റാണ്ടുകളോടെ ജന്മികുടുംബങ്ങളിലും കോവിലക ങ്ങളിലും കൂടുതലായി കണക്കെഴുത്തുകാരും മേനോന്മാരുമൊക്കെ നിയമിക്കപ്പെ ടുന്നത് ഉൽപ്പാദനവ്യവസ്ഥയിൽ വന്നുകൊണ്ടിരുന്ന മാറ്റങ്ങളെത്തുടർന്നാണ്. ഇത്തരം മേനോന്മാരെയും പിള്ളമാരെയും ഉൽപ്പാദിപ്പിക്കാൻ വിദ്യാഭ്യാസസംവിധാ നങ്ങൾ പഴയതുപോലെ പോരാ എന്നുവന്നു. അങ്ങനെയാണ് കുടിപ്പള്ളിക്കൂടങ്ങളും എഴുത്തുപള്ളികളുമൊക്കെ സ്ഥാപിക്കപ്പെടുന്നത് (ഒരു സംഘം ലേഖകർ, *വിദ്യാഭ്യാ സത്തിന്റെ രാഷ്ട്രീയം* 9). ജാതി തിരിഞ്ഞുള്ള ഈ വിദ്യാഭ്യാസ സമ്പ്രദായത്തിലും കീഴ്ജാതിക്കാർ പുറത്തുതന്നെയായിരുന്നു. ഗുരുകുലസമ്പ്രദായം ജ്ഞാനപ്രചരണ ത്തിനുപരിയായി ജ്ഞാനോൽപ്പാദനത്തിനുകൂടി പ്രാധാന്യം നൽകിയതിനാലാണ് നാട്ടുഭാഷയിൽ ഗ്രന്ഥങ്ങളുണ്ടാവാൻ തുടങ്ങിയത്. ഉള്ളടക്കത്തിൽ ഭാരതീയപാരമ്പ ര്യങ്ങളെ പിന്തുടർന്നെങ്കിലും അതിന്റെ പ്രകാശനമാധ്യമം നാട്ടുഭാഷയായതിനാൽ വിജ്ഞാനത്തിന് പുതിയ പ്രയോഗതലങ്ങൾ തുറന്നുകിട്ടി. അതുകൊണ്ടാണ്, 'മഹാപാര മ്പര്യത്തിന്റെ അഭിസംക്രമണവും പ്രാദേശികസംസ്കാരങ്ങളിലെ ലഘുപാരമ്പര്യങ്ങളുടെ പ്രതിസംക്രമണവും ചേർന്നതാണ് കേരളീയ ഗുരുകുലങ്ങളുടെ പാരമ്പര്യത്തിൽനിന്ന് ജന്മംകൊണ്ട വൈജ്ഞാനികഗ്രന്ഥങ്ങൾ' എന്ന് രാഘവവാരിയരും രാജൻ ഗുരുക്കളും (*കേരളചരിത്രം രണ്ടാംഭാഗം*209)വിശേഷിപ്പിച്ചത്.

നാട്ടുവാഴിത്തകാല കേരളത്തിലെ ജ്ഞാനമേഖലയെ വിലയിരുത്തുമ്പോൾ രണ്ടുതരത്തിലുള്ള ധാരകളെ കണ്ടുമുട്ടും. സമൂഹത്തിൽ ആധിപത്യം സ്ഥാപിച്ചിരുന്ന ബ്രാഹ്മണരുടെ ആശയലോകവുമായി ബന്ധപ്പെട്ട ജ്ഞാനരൂപങ്ങളും മണ്ണിൽ പണിയെടുക്കുന്ന ജനവിഭാഗങ്ങൾ തങ്ങളുടെ അധ്വാനത്തിലൂടെ രൂപീകരിച്ചുകൊണ്ടിരുന്ന അറിവുകളും. രണ്ടാമത്തേത് പ്രായോഗികതലത്തിലുള്ളവയായിരുന്നു. എന്നാൽ ഇത്തരം മേഖലകളെയും ലിഖിതരൂപത്തിലേക്ക് കൊണ്ടുവരുന്നതിൽ സവർണർക്കുതന്നെയായിരുന്നു മുൻകൈ എന്നു കാണാം. പ്രത്യേകമേഖലകളിൽ വൈദഗ്ധ്യം നേടിയ വിഭാഗങ്ങളാകട്ടെ തങ്ങളുടെ ജ്ഞാനരൂപങ്ങൾ കുടുംബങ്ങളുടെ സ്വത്താക്കിമാറ്റുകയും രഹസ്യമായി അനന്തരഗാമികൾക്ക് കൈമാറുകയും ചെയ്തുപോന്നു. എഴുത്തും വായനയും നിഷിദ്ധമായിരുന്ന അടിയാളവിഭാഗങ്ങൾ ഈ മേഖലയിൽനിന്ന് പൂർണമായും മാറ്റി നിർത്തപ്പെട്ടു. സ്വന്തമായി കുടിപ്പള്ളിക്കൂടങ്ങൾ തുടങ്ങുകയാണ് ക്രിസ്ത്യാനികൾ ചെയ്തത്. മുസ്ലീങ്ങളാകട്ടെ ഓത്തുപള്ളികളെ കേന്ദ്രീകരിച്ച് അറബിയും അറബിമലയാളവും പഠിച്ചു. കൊല്ലൻ, ആശാരി, തട്ടാൻ, കുശവൻ, ചാലിയൻ, മുക്കുവൻ എന്നിങ്ങനെ വിവിധ ജാതിവിഭാഗങ്ങളെ കേന്ദ്രീകരിച്ചായിരുന്നു തൊഴിൽവിഭജനം. ഈ തൊഴിലുകൾ മുതിർന്നവരിൽനിന്ന് പരമ്പരാഗതമായി പഠിച്ചുപോന്നു. ആയുധാഭ്യാസത്തിനുള്ള കളരികൾപോലും ജാതിതിരിച്ചായിരുന്നു. സൈദ്ധാന്തികജ്ഞാനവും പ്രായോഗികജ്ഞാനവും തമ്മിലുള്ള വിടവ് ലോകത്ത് പലയിടത്തും ഉണ്ടായിരുന്നെങ്കിലും, ഇന്ത്യയിൽ പണിയെടുക്കുന്നവരും സിദ്ധാന്തം പഠിക്കുന്നവരും തമ്മിലുള്ള വിടവിനോടൊപ്പം ജാതിവിവേചനം കൂടി ചേർന്നത് മറികടക്കാനാവാത്ത വിടവായി മാറി (ആർ.വി.ജി.മേനോൻ 59). ഇന്ത്യയിലെ മറ്റുപ്രദേശങ്ങളിൽനിന്നുള്ള വ്യത്യാസമെന്ന നിലയിൽ മറ്റൊരു പ്രധാനപ്പെട്ട കാര്യം ഗണേശ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ജാതിപരമായ ആവാസകേന്ദ്രങ്ങളുടെ വ്യത്യാസം കൊണ്ടുവരുന്നതിൽ കേരളത്തിൽ പ്രായോഗികമായ ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നു എന്നതാണത്. സമ്മിശ്രമായി ചേർന്നുകിടക്കുന്ന പറമ്പുകൾ, വയലുകൾ എന്ന രൂപം മറ്റുപ്രദേശങ്ങളിലേതുപോലെ ജാതികൾ തിരിച്ചുള്ള ഗ്രാമവ്യവസ്ഥ രൂപപ്പെടുന്നതിന് ഇവിടെ തടസ്സമായിരുന്നു. അതുകൊണ്ട് ഇല്ലങ്ങളും കുടികളുമെല്ലാം ഏതുഭാഗത്തും വരാം. ആവാസകേന്ദ്രങ്ങളുടെ വിഭജനം കൃത്യമായി സാധ്യമല്ലാത്തതിനാൽ ഇവിടെ ജാതീയമായ ശ്രേണീബന്ധങ്ങൾ ഉറപ്പിച്ചത് ആശയപ്രപഞ്ചത്തിലെ വിഭജനത്തിലൂടെയായിരുന്നു (*കേരള സമൂഹപഠനങ്ങൾ* 28). ഇക്കാലത്ത് ജ്ഞാനോൽപ്പാദനരംഗത്തും അതിന്റെ പ്രസരണത്തിലും സ്ത്രീകളുടെ പങ്ക് എങ്ങനെയായിരുന്നു എന്നത് സൂക്ഷ്മമായി പഠിക്കപ്പെട്ടിട്ടുണ്ടെന്ന് തോന്നുന്നില്ല.

മുകളിൽ ചൂണ്ടിക്കാണിച്ച സാമൂഹികപശ്ചാത്തലത്തിലാണ് മലയാളത്തിലെ ആദ്യകാല വൈജ്ഞാനികകൃതികൾ പിറന്നുവീണത്. *ആലത്തൂർ മണിപ്രവാളം, യോഗാമൃതം, വൈദ്യമഞ്ജരി, സഹസ്രയോഗം, ചികിത്സാക്രമം, യോഗരത്നപ്രവേശിക, സന്നിപാതചികിത്സ, ജ്യോൽസ്നിക, നാഡീവിജ്ഞാനം* തുടങ്ങിയ കൃതികളും *അഷ്ടാംഗഹൃദയ*ത്തിന്റെ ഭാഷാവ്യാഖ്യാനങ്ങളും വൈദ്യശാസ്ത്രമേഖലയിലും, *കണക്കുസാരം, കണക്കുചോദ്യം* തുടങ്ങിയ പുസ്തകങ്ങളും സംസ്കൃത-ഗണിതശാസ്ത്ര-ജ്യോതിശ്ശാസ്ത്ര ഗ്രന്ഥങ്ങൾക്ക് രചിച്ച ഭാഷ്യങ്ങളും ഗണിതശാസ്ത്രമേഖലയിലും (ബാലകൃഷ്ണൻ, *മലയാള ശാസ്ത്രസാഹിത്യപ്രസ്ഥാനം- ഒരു പഠനം* 35-37) അടക്കം കുറേ ഗ്രന്ഥങ്ങൾ ഈ ഘട്ടത്തിൽ മലയാള വൈജ്ഞാനികധാരയിൽ പിറവിയെടുത്തു. ആരോഗ്യശാസ്ത്രഗ്രന്ഥങ്ങളിൽ മുന്നിൽ നിൽക്കുന്നവ *യോഗാമൃത*വും *വൈദ്യമാലിക*യുമാണെന്നാണ് സി. കെ. മൂസ്സതിന്റെ അഭിപ്രായം (ഒരു സംഘം ലേഖകർ, *ശാസ്ത്രസാഹിത്യ പ്രസ്ഥാനം* 59). 1861 ൽ ഉപ്പോട്ട് കണ്ണൻ അച്ചടിച്ച *യോഗാമൃത*വും ("കോഴിക്കോട്ടെ ഗവർമ്മേണ്ട് അച്ചുകൂട്ടിൽ പി കെ ലബനായഡു അവർകളാൽ അച്ചടിക്കപ്പെട്ടതും") പിന്നീട് സർക്കാർ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിച്ച *യോഗാമൃത*വും ഒന്നുതന്നെയാണോ എന്നതിൽ തീർച്ചയില്ല. *വൈദ്യമാലിക*യുടെ ആദ്യപുറങ്ങൾ ലഭ്യമല്ലാത്തതിനാൽ അതിന്റെ രചയിതാവ്, കാലം എന്നിവയൊന്നും നിർണയിക്കാൻ ആയിട്ടില്ലെന്ന് മൂസ്സത് ചൂണ്ടിക്കാണിക്കുന്നു. കേരളത്തിൽ പ്രചാരത്തിലിരുന്ന പത്തൊമ്പത് ഗണിതഗ്രന്ഥങ്ങളെ ടി. രാമലിംഗപിള്ള പട്ടികപ്പെടുത്തിയിട്ടുണ്ട്. *ഗോളദീപിക, സിദ്ധാന്തദീപിക, സിദ്ധാന്തദർപ്പണം, തന്ത്രസംഗ്രഹം, ക്രിയാസംഗ്രഹം, ദൃഗ്ഗണിതതന്ത്രം, സ്ഫുടനിർണയം, ഗ്രഹണനിർണയം, നാരായണതന്ത്രം, കരണോത്തമം, കരണപദ്ധതി, ഗോവിന്ദതന്ത്രം, ഗോളപ്രകാശം, ഗോളയുക്തി, ഗോളഗണിതം, മാധവീയം, സംഗ്രഹസാധനം, ഗ്രഹമന്ദോച്ചാദിപരീക്ഷാതന്ത്രം, ക്രിയാക്രമം* എന്നിവയാണവ (60). ഇവയെല്ലാം മൗലികരചനകളാണോ എന്നത് തിട്ടമില്ല. വ്യാഖ്യാനങ്ങളും തർജമകളും കണ്ടേക്കാം.

ഇവിടെ പ്രചാരത്തിലുണ്ടായിരുന്ന ഗണിതഗ്രന്ഥങ്ങളിൽ *കണക്കുസാരം, കണക്കധികാരം* എന്നിവ പ്രത്യേകം പരാമർശമർഹിക്കുന്നവയാണ്.[3] സംസ്കൃതത്തിലുള്ള *ലീലാവതി* തുടങ്ങിയ ഗ്രന്ഥങ്ങളെ ആസ്പദമാക്കി നിർമിച്ചതാണിത് എന്നതിൽ സംശയമില്ലെന്ന് *കണക്കുസാര*ത്തിന്റെ അവതാരികയിൽ (Achyutha Menonn 1) നിരീക്ഷിക്കുന്നുണ്ട്. പുസ്തകരൂപത്തിലേക്ക് മാറ്റിയപ്പോൾ അഞ്ച് അധ്യായങ്ങളായി തിരിച്ചിട്ടുണ്ട്. 'പൊൻകണക്ക്', 'പണത്തിന് പൊന്നുചൊല്ലുവാൻ', 'ആണിക്കൊത്തുകൾ', 'മുത്തിന്റെ ചൊവ്വുവരുത്തൽ', 'മരക്കണക്ക്', 'വെട്ടിപ്പൊളിച്ചവയ്ക്ക്', 'വെട്ടിക്കുറച്ച് ഉരുണ്ടിരിക്കുന്നതി

ന്ന്', 'മുക്കോണായ മരത്തിന്ന്', 'പകരം മരം കൊടുക്കുന്നതിന്ന്' എന്നിങ്ങനെ ഉള്ളടക്കം ജീവിതഗന്ധിയായിരുന്നു.

ദക്ഷിണേന്ത്യയിലാകെ പ്രചരിച്ചിരുന്ന ഗ്രന്ഥമാണ് *കണക്കധികാരം*. തമിഴ്‌രീതിയിലുള്ള പുസ്തകത്തിന്റെ മലയാളപരിഭാഷ പ്രസിദ്ധീകരിക്കാൻ മിഷണറിമാർ പ്രേരിപ്പിച്ചതിനാലാണ് മാവനാൻ മാപ്പിള സെയിതുമുഹമ്മദു ആശാൻ ഇതു തയ്യാറാക്കിയത്. ആമുഖപദ്യത്തിൽ ഷാപ്റ്റർ സായ്പ് പറഞ്ഞതുകൊണ്ടാണ് താനിതിനു തുനിയുന്നതെന്ന് മാവനാൻ എഴുതുന്നുണ്ട്. 1863 ൽ ആണ് പുസ്തകത്തിന്റെ ആദ്യത്തെ അച്ചടിപ്പതിപ്പ് വന്നതെന്നാണ് വിവിധ തെളിവുകൾ കാണിക്കുന്നത്[4] (ഷിജു അലക്സ്, 1863 – കണക്കധികാരം – മാവനാൻമാപ്പിള സെയിതുമുഹമ്മദു ആശാൻ). 'പെരുക്കം', 'നെല്ലളവ്', 'തടിക്കണക്ക്', 'പൊൻകണക്ക്', 'പലിശക്കണക്ക്' എന്നിങ്ങനെ പ്രായോഗിക ആവശ്യങ്ങളുമായി ബന്ധപ്പെട്ടവയാണ് ഉള്ളടക്കം. മാവനാൻ മാപ്പിള സ്വന്തമായി ചേർത്ത 'ഭൂമിയുടെ കണക്ക്', 'നിലത്തിന്റെ കണക്ക്' തുടങ്ങി വിവിധതരം കണക്കുകളും ഉൾപ്പെടും. മലയാള അക്കങ്ങളുടെ ഉപയോഗം, പത്ത്, നൂറ്, ആയിരം, ലക്ഷം, കോടി എന്നിങ്ങനെയുള്ള സ്ഥാനനാമങ്ങൾക്ക് പ്രത്യേകം ചിഹ്നങ്ങളുടെ ഉപയോഗം, $\frac{3}{4}$, $\frac{1}{2}$, $\frac{1}{4}$ തുടങ്ങിയ ഭിന്നസംഖ്യകൾക്ക് പ്രത്യേകചിഹ്നങ്ങൾ നൽകൽ എന്നിവ ഈ പുസ്തകത്തിന്റെ പ്രത്യേകതകളാണ് (ഒരു സംഘം ലേഖകർ, *ശാസ്ത്ര സാഹിത്യ പ്രസ്ഥാനം* 64). ഒരു സംഖ്യയെ വായിക്കുന്നതുപോലെതന്നെ എഴുതുന്നത് ആദ്യകാലത്തുണ്ടായിരുന്ന രീതിയാണ് എന്ന് മൂസ്സത് അഭിപ്രായപ്പെടുന്നുണ്ട്.

1866 ൽ പ്രസിദ്ധീകരിക്കപ്പെട്ട *ബാലഭൂഷണ*ത്തെ ഒരു മലയാളി തയ്യാറാക്കിയ ആദ്യത്തെ ബാലശാസ്ത്രസാഹിത്യഗ്രന്ഥമെന്ന് വിശേഷിപ്പിക്കാം. വൈക്കത്ത് പാച്ചുമൂത്തത് ആണ് ഗ്രന്ഥകാരൻ. കുമതി–സുമതിമാരുടെ സംഭാഷണങ്ങളിലൂടെയാണ് ഉള്ളടക്കം അനാവരണം ചെയ്യുന്നത്. "സുമതിയെന്നൊരു മാനിനി തന്നുടെ തനയനോടു ഗുണം പറയുന്ന നാൾ കുമതിയെന്നൊരു പെണ്ണു യദൃച്ഛയാ വ്യപഹരിച്ചതു കേൾക്കുക ബാലരേ." (പാച്ചുമൂത്തതവർകൾ 1) സ്മൃതിപുരാണാദി പ്രമാണങ്ങളെക്കൊണ്ടും യുക്തികൊണ്ടും അനുഭവപ്പെട്ടതും മതവിരോധംകൂടാതെയുള്ളവയുമായ അറിവുകളാണ് ക്രോഡീകരിക്കുന്നതെന്നാണ് ആമുഖത്തിൽ ഗ്രന്ഥകാരൻ പ്രസ്താവിക്കുന്നത്. 1915 ൽ ഇറങ്ങിയ പതിപ്പ് സാഹിത്യ അക്കാദമി ഡിജിറ്റൈസ് ചെയ്ത് പൊതുസഞ്ചയത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. ഉള്ളടക്കഭാഗങ്ങളെ പുഷ്പം എന്നാണ് നാമകരണം ചെയ്തിരിക്കുന്നത്. 21 പുഷ്പങ്ങളിലാണ് ഉള്ളടക്കം ക്രമീകരിച്ചിരിക്കുന്നത്. ഗ്രന്ഥത്തെ ഒരു മാലയായി സങ്കൽപ്പിക്കുന്നതിനാലാണ് ഭാഗങ്ങളെ പുഷ്പങ്ങളായി കണ്ടത്. വിഷയത്തിന്റെ വൈപുല്യം, പ്രതിപാദനത്തിന്റെ നൂത

നത്വം, ഗ്രന്ഥകാരന്റെ മനശ്ശാസ്ത്രമർമജ്ഞത എന്നിവ ഗ്രന്ഥത്തെ അതീവശ്രദ്ധേയമാക്കുന്നതായി (ഒരു സംഘം ലേഖകർ, *ശാസ്ത്രസാഹിത്യ പ്രസ്ഥാനം* 67) നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

ആദ്യകാല മലയാള വൈജ്ഞാനികകൃതികൾ ഇനിയും വേണ്ടത്ര പഠിക്കപ്പെട്ടിട്ടില്ല. പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട ശാസ്ത്രകൃതികളുടെ എണ്ണം പരിശോധിക്കുമ്പോൾ മലയാളം അച്ചടിയുടെ ആരംഭംമുതൽ 1950കൾ വരെ പുറത്തിറങ്ങിയത് 262 എണ്ണം മാത്രമാണ് (ശ്രീകുമാർ ഏ. ജി., *പുസ്തകങ്ങൾ നിർമിച്ച കേരളം* 107). കെ.എം.ഗോവി തയ്യാറാക്കിയ മലയാളം ഗ്രന്ഥസൂചിയിലെ കണക്കുകളനുസരിച്ച് തുടക്കം മുതൽ 1900 വരെ പുറത്തിറങ്ങിയ പുസ്തകങ്ങളിൽ സാഹിത്യേതരമെന്ന വിഭാഗത്തിൽ 672 പുസ്തകങ്ങളെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ സാഹിത്യേതരമെന്ന വിഭാഗത്തിൽ സ്തോത്രകൃതികൾവരെ ഉൾപ്പെടുന്നുണ്ട് എന്നും കാണണം. ശാസ്ത്രസാഹിത്യ പരിഷത്ത് പ്രസിദ്ധീകരിച്ച *ശാസ്ത്രഗ്രന്ഥസൂചി*യിൽ തുടക്കം മുതൽ 1972 ഒക്ടോബർ 31 വരെയുള്ളവ പട്ടികപ്പെടുത്തിയ കണക്കുപ്രകാരം 1344 പുസ്തകങ്ങളാണ് ഉൾപ്പെട്ടത് (സുബ്രഹ്മണ്യൻ 191). ഇതിന്റെ വിശദാംശങ്ങൾ പട്ടിക 2.1 ൽ നൽകുന്നു. *മലയാളം ഗ്രന്ഥസൂചി*യുടെയും *ശാസ്ത്രഗ്രന്ഥസൂചി*യുടെയും തരംതിരിവിനുള്ള മാനദണ്ഡങ്ങൾ വെവ്വേറെ ആയതിനാൽ അവയെ താരതമ്യപ്പെടുത്താൻ കഴിയില്ല.

| നമ്പർ | പുസ്തകവിഭാഗം | എണ്ണം |
|---|---|---|
| 1 | ആരോഗ്യവിജ്ഞാനവും വൈദ്യവും | 139 |
| 2 | ഊർജതന്ത്രം | 24 |
| 3 | എൻജിനീയറിങ്ങും ടെക്നോളജിയും | 33 |
| 4 | കൃഷിശാസ്ത്രം | 59 |
| 5 | ഗണിതശാസ്ത്രം | 16 |
| 6 | ജന്തുശാസ്ത്രം | 59 |
| 7 | ജ്യോതിശ്ശാസ്ത്രവും ബഹിരാകാശ പര്യവേക്ഷണവും | 35 |
| 8 | ധനശാസ്ത്രം | 28 |
| 9 | നരവംശശാസ്ത്രവും സാമൂഹ്യശാസ്ത്രവും | 18 |
| 10 | പുരാവസ്തുവിജ്ഞാനം | 5 |
| 11 | ഭൂഗർഭശാസ്ത്രം | 4 |
| 12 | മനശ്ശാസ്ത്രം | 19 |

| | | |
|---|---|---|
| 13 | മനുഷ്യശരീരശാസ്ത്രം | 11 |
| 14 | രസതന്ത്രം | 14 |
| 15 | രാഷ്ട്രമീമാംസ | 62 |
| 16 | വനശാസ്ത്രം | 7 |
| 17 | വളർത്തുജന്തുവിജ്ഞാനം | 28 |
| 18 | സസ്യശാസ്ത്രം | 9 |
| 19 | സാമാന്യശാസ്ത്രം | 149 |
| 20 | ശാസ്ത്രത്തിന്റെ ചരിത്രം | 9 |
| 21 | ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ | 60 |
| 22 | ശാസ്ത്രകൽപിതകഥകൾ | 12 |
| 23 | കുട്ടികൾക്കുള്ള ശാസ്ത്രസാഹിത്യം | 161 |
| 24 | റഫറൻസ് പുസ്തകങ്ങൾ | 43 |
| 25 | ആയുർവേദവും ഹോമിയോപ്പതിയും | 167 |
| 26 | പലവക | 64 |
| 27 | അവസാനം കിട്ടിയവ (തരം തിരിക്കാത്തവ) | 106 |
| | **ആകെ** | **1344** |

പട്ടിക 2.1: 1972 ഒക്ടോബർ 31 വരെ മലയാളഭാഷയിൽ പുറത്തിറങ്ങിയ വൈജ്ഞാനികകൃതികൾ– എം. എൻ. സുബ്രഹ്മണ്യൻ തയ്യാറാക്കിയ ശാസ്ത്രഗ്രന്ഥസൂചിയിൽ ക്രോഡീകരിച്ചത്.

മലയാളത്തിലെ ആദ്യത്തെ അച്ചടിച്ച ശാസ്ത്രഗ്രന്ഥം ഉപ്പോട്ട് കണ്ണന്റെ *യോഗാമൃതം* ആണെന്നാണ് സുബ്രഹ്മണ്യൻ രേഖപ്പെടുത്തിയത് (2). എന്നാൽ 1857 ൽ അച്ചടിച്ച ഒരു വൈദ്യശാസ്ത്രഗ്രന്ഥത്തെ പിന്നീട് സി.കെ.മൂസ്സത് കണ്ടെത്തി (ഒരു സംഘം ലേഖകർ, *ശാസ്ത്രസാഹിത്യ പ്രസ്ഥാനം* 56). ആദ്യപേജുകൾ നഷ്ടപ്പെട്ടതിനാൽ ഗ്രന്ഥനാമം തിരിച്ചറിയാൻ കഴിയാതെ പോയി. പുസ്തകത്തിന്റെ മൂന്നാം ഭാഗത്തിൽ 'കോട്ടയത്തു സിമുനാരിൽ മലംകര ഇടവകയുടെ മാർ അത്തനാസ്യോസി മെത്രാപ്പൊലീത്തയുടെ അച്ചുക്കൂടത്തിൽ അച്ചടിച്ച'താണെന്നും 1857 ലാണ് അച്ചടിച്ചതെന്നും കാണാനുണ്ട്. മലയാളത്തിലിറങ്ങിയ ആദ്യ ഭൗതികശാസ്ത്രഗ്രന്ഥം 1883 ൽ ഇറങ്ങിയ *പ്രകൃതിശാസ്ത്രം* ആണെന്നാണ് കണക്കാക്കുന്നത് (മുരളീധരൻ, കാലത്തെ സാക്ഷിയാക്കി 'പ്രകൃതിശാസ്ത്രം').

*പ്രകൃതിശാസ്ത്രവും* 1882 ൽ പുറത്തിറങ്ങിയ യൂജിൻ ലീബെൻദർഫെർ എഴുതിയ *ശരീര ശാസ്ത്രവും* (മുഴുവൻ പേര് *ശരീരശാസ്ത്രം: Outlines of the Anatomy and Physiology of the Human Body with Hygienical and Practical Observations*) ഷിജു അലക്സ് ഇയ്യിടെ ഡിജിറ്റൽ ആർക്കൈവിലേക്ക് കൊണ്ടുവന്നിട്ടുണ്ട്. *ശരീരശാസ്ത്ര*ത്തിന്റെ ബിബ്ലി യോഗ്രാഫിയിൽ കോട്ടയത്തുനിന്ന് പ്രസിദ്ധീകരിച്ച, ഡോ. സാം ഗ്രീൻ (Dr. Sam Green) എഴുതിയ മറ്റൊരു *ശരീരശാസ്ത്ര*ത്തെ രേഖപ്പെടുത്തിയിട്ടുണ്ട്. അത് ഏതുവർഷം പ്രസി ദ്ധീകരിക്കപ്പെട്ടതാണെന്ന് അറിയില്ല (ഷിജു അലക്സ്, 1882 – യൂജിൻ ലീബെൻദർഫെർ – ശരീരശാസ്ത്രം; ഷിജു സാം വറുഗീസ് 586). മലയാളത്തിലെ ആദ്യത്തെ ആധുനിക സയൻസ് പുസ്തകം എന്ന് സുബ്രഹ്മണ്യൻ വിശേഷിപ്പിക്കുന്നത് 1864 ൽ പുറത്തിറങ്ങിയ *ഗൊവസൂരിപ്രയോഗം അല്ലെങ്കിൽ വസൂരി നിവാരണം* എന്ന പുസ്തകമാണ്. സെഞ്ചി പഴനി ആണ്ടി ആണ് ഗ്രന്ഥകർത്താവും പ്രസാധകനും. "സ്വദെശികളുടെ ഉപയോഗത്തി നായി അങ്കലീയദെശ രാജശാസ്ത്ര വൈദ്യസംഘത്തിൽ ഒരുവനും ലിനിയൻ സൊസൈ റ്റി എന്ന പ്രകൃതിശാസ്ത്രസഭ സംബന്ധർകളിൽ ഒരുവരുമായ ഡാക്ടർ സെഞ്ചി പഴനി ആണ്ടി അവർകളാൽ നിർമ്മിക്കപ്പെട്ടത്, 1864–ാം വർഷം കൊട്ടയം മിശിയൊൻ അച്ച കൂടത്തിൽ അച്ചടിക്കപ്പെട്ടത് " എന്നും സൗജന്യമായ വിതരണത്തിനാണ് എന്നും ഗ്രന്ഥ ത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (സുബ്രഹ്മണ്യൻ 23).

ഗ്രന്ഥസൂചികളിൽ വരാത്തവയും കണ്ടെടുക്കപ്പെടാത്തവയും ഇനിയുമുണ്ടാകും. പഴയകാല ഗ്രന്ഥങ്ങൾ ഡിജിറ്റൽരൂപത്തിൽ സംരക്ഷിക്കാനുള്ള ശ്രമങ്ങൾ മലയാ ളത്തിൽ ഇയ്യിടെ ആരംഭിച്ചിട്ടേയുള്ളൂ. സംസ്കൃതത്തിലും മലയാളത്തിലുമായി രചി ക്കപ്പെട്ട ആദ്യകാല കേരളീയകൃതികളെ സാമാന്യമായും സവിശേഷമായും പഠി ക്കാൻ സർവകലാശാലകളും സർക്കാരിതരസംവിധാനങ്ങളും തയ്യാറാവേണ്ടതുണ്ട് (ഉണിത്തിരി 90) എന്ന അഭിപ്രായം ഗൗരവത്തിലെടുക്കേണ്ടതുണ്ട്. രണ്ടു സമീപനങ്ങൾ ഇവിടെ നിലനിൽക്കുന്നുണ്ട്. ഒന്ന്, പഴയകാല ഗ്രന്ഥങ്ങളോടും വിജ്ഞാനത്തോടുമുള്ള തികഞ്ഞ പുച്ഛമാണ്. അവയിൽ പഠിക്കാനായൊന്നുമില്ലെന്ന് ഇക്കൂട്ടർ കരുതുന്നു. രണ്ടാമത്തേതാകട്ടെ, പഴമയെ മഹത്വവൽക്കരിച്ച്, എല്ലാം അതിലടങ്ങിയിരിക്കുന്നു എന്നുപറഞ്ഞ് പുതിയതിനെയെല്ലാം തള്ളിപ്പറയുന്ന പ്രവണതയാണ്.

നാട്ടുവാഴിത്തകാലത്തെ സാമൂഹികാവസ്ഥ മറ്റൊരു രീതിയുമായി മുഖാമുഖം വരു ന്നത് യൂറോപ്യന്മാരുടെ വരവോടെയാണ്. യൂറോപ്യന്മാരുടെ ഇടപെടലുകൾ പലരീതി കളിലാണ് കേരളത്തിലെ ജ്ഞാനമണ്ഡലത്തെ സ്വാധീനിച്ചതും മാറ്റിമറിച്ചതും. ഒരുവശ ത്ത് ഇവിടെയുണ്ടായിരുന്ന ജ്ഞാനരൂപങ്ങളെ അവർ സൂക്ഷ്മമായി പഠിക്കുകയും ഗ്രന്ഥ

ങ്ങൾ അവരുടെ ലൈബ്രറികളിലേക്ക് കൊണ്ടുപോവുകയും ചെയ്തു. ഇന്നിവിടെ ലഭ്യമല്ലാത്ത പല പുസ്തകങ്ങളും വിദേശലൈബ്രറികളിലുള്ളത് അന്നത്തെ ശേഖരണത്തിന്റെ ബാക്കിപത്രമാണ്. ഭൂപ്രകൃതി, കാലാവസ്ഥ, സസ്യജാലങ്ങൾ എന്നിവയെല്ലാം അക്കാലത്ത് പഠിക്കപ്പെട്ടിട്ടുണ്ട്. തങ്ങളുടെ പഠനപരിധി ഏഷ്യാഭൂഖണ്ഡമൊട്ടാകെയാണെന്നും അതിനുള്ളിൽ 'മനുഷ്യർ ചെയ്യുന്നതോ പ്രകൃതിയിൽ സംഭവിക്കുന്നതോ ആയ എന്തും അന്വേഷണത്തിൽ ഉൾപ്പെടുമെന്നും' 1784 ൽ ഏഷ്യാറ്റിക്ക് സൊസൈറ്റിയുടെ സ്ഥാപകവേളയിൽ വില്യം ജോൺസ് പ്രസ്താവിക്കുന്നുണ്ട് (മീനാക്ഷി 222). പഠിച്ചെടുത്ത അറിവുകൾ ആവശ്യമുള്ള സാങ്കേതികവിദ്യയിലേക്ക് അവർ സന്നിവേശിപ്പിക്കുയും ചെയ്തു. ഇത്തരം പഠനങ്ങളുടെ നേർതെളിവാണ് പ്രസിദ്ധമായ *ഹോർത്തൂസ് മലബാറിക്കൂസ്* (*Hortus Malabaricus*– മലബാറിന്റെ ഉദ്യാനം 1678–1693) എന്ന ഗ്രന്ഥം. മലബാറിലെ നാട്ടുവൈദ്യന്മാരുടെ അറിവാണ് പന്ത്രണ്ട് വാല്യങ്ങളുള്ള പുസ്തകരൂപമായി മാറുന്നത്. നിലവിലുള്ള ഗ്രന്ഥങ്ങളിലുള്ള അറിവ്, നേരറിവ് നേടിയവരുടേതല്ലെന്ന തിരിച്ചറിവിനെ തുടർന്നാണ് വാൻറീഡ് നേരറിവുള്ള വൈദ്യന്മാരെ കണ്ടെത്തി വിവരശേഖരണം നടത്തിയത് (ഷിജു സാം വറുഗീസ് 582).

ആദ്യഘട്ടത്തിൽ മാതൃഭാഷയിലുള്ള വിദ്യാഭ്യാസത്തിന് പിന്തുണനൽകിയ യൂറോപ്യർ പിന്നീട് ഇംഗ്ലീഷധിഷ്ഠിത പഠനരീതിയെ പ്രോത്സാഹിപ്പിച്ചു. ഇവിടത്തെ ജ്ഞാനവ്യവസ്ഥകളെയും നാട്ടറിവുകളെയും പൂർണമായി അവഗണിക്കുകയും കൊളോണിയൽ രീതികളും മൂല്യവ്യവസ്ഥയും കൊണ്ടുവരികയും ചെയ്തു. ഇതുമൂലം ഇവിടത്തെ അറിവുരൂപങ്ങൾക്ക് തുടർച്ചയും വളർച്ചയും രൂപപ്പെട്ടില്ല. അതേസമയം ആധുനിക വിദ്യാഭ്യാസരീതികളെയും ആശയങ്ങളെയും ഇവിടെ എത്തിച്ചതിൽ ബ്രിട്ടീഷുകാർക്കുള്ള പങ്ക് കാണാതിരിക്കുകയും ചെയ്യരുത്. കീഴാളജനവിഭാഗങ്ങൾക്ക് സ്കൂളുകളിലേക്കും അതുവഴി ജ്ഞാനമേഖലകളിലേക്കും വഴിതുറന്നത് കൊളോണിയൽ വിദ്യാഭ്യാസമാണ്. മർദിതവിഭാഗങ്ങളുടെ ഉയിർത്തെഴുന്നേൽപ്പിനുള്ള യത്നങ്ങളെ എതിർത്തിവരെ സഹാനുഭൂതിയോടെ വീക്ഷിക്കുവാൻ ഭരണകൂടം തയ്യാറായതിന്റെ (ഗോപാലകൃഷ്ണൻ.പി.കെ. 473) പ്രാധാന്യം ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. നമുക്ക് സന്യാസം തന്നത് ബ്രിട്ടീഷുകാരാണ് എന്ന് ശ്രീനാരായണഗുരുവും പറയുകയുണ്ടായി. ഇന്ത്യൻ ദേശീയവാദികൾ ചൂണ്ടിക്കാണിച്ച നിരവധിയായ പോരായ്മകൾ ഉണ്ടെങ്കിലും ആധുനികവിദ്യാഭ്യാസം ഏർപ്പെടുത്തിയത് ബ്രിട്ടീഷ് ഭരണത്തിന്റെ പുരോഗമനപരമായ ഒരു നടപടിയായിരുന്നു (ദേശായ് 199). അതിന് മതേതരസ്വഭാവം ഉണ്ടായിരുന്നു. മാത്രമല്ല, യുക്തിപരവും ജനാധിപത്യപരവുമായ ചിന്തകളുടെ താക്കോൽ അതിൽ ഉള്ളടങ്ങിയിരുന്നു. അതിന് അവസരമൊരുക്കുംവിധം വിദ്യാഭ്യാസപ്ര

ചാരണത്തിലും അച്ചടി വ്യാപകമാക്കുന്നതിലും മിഷണറിപ്രസ്ഥാനം വഹിച്ച പങ്ക് അദ്വിതീയമാണ്.

## 2.3 മിഷണറികാലം

മലബാറിൽ ബാസൽ ഇവാഞ്ചലിക്കൽ മിഷൻ (BEM), മധ്യകേരളത്തിൽ ചർച്ച് മിഷൻ സൊസൈറ്റി (CMS), ദക്ഷിണഭാഗത്ത് ലണ്ടൻ മിഷണറി സൊസൈറ്റി (LMS) എന്നിവയായിരുന്നു കേരളത്തിൽ പ്രവർത്തിച്ച പ്രധാന മിഷണറി സമൂഹങ്ങൾ. തിരുവിതാംകൂറിൽ സാൽവേഷൻ ആർമി എന്ന പേരിൽ മറ്റൊരു സംഘവുമുണ്ടായിരുന്നു. മിഷണറിമാരുടെ കേരളത്തിലെ സംഭാവനകളെ പ്രധാനമായും വിദ്യാഭ്യാസമുന്നേറ്റം, ഭാഷാസേവനം, വൈജ്ഞാനികവികസനം എന്നിങ്ങനെ മൂന്നായി കാണാം. പതിനാറാം നൂറ്റാണ്ടുമുതൽ മിഷണറിപ്രവർത്തനം കേരളത്തിലുണ്ട്. എങ്കിലും വിദ്യാഭ്യാസരംഗത്ത് ഗൗരവമായ ഇടപെടലുകൾ അവരുടെ ഭാഗത്തുനിന്ന് ആരംഭിച്ചത് 1800 കളുടെ തുടക്കത്തോടെയാണ്. ക്രമേണ അത് വിദ്യാഭ്യാസപുരോഗതിയിൽ നിർണായകമായ ഒരു ഘടകമായി മാറുകയും ചെയ്തു. ജാതിശ്രേണിയിൽ താഴ്ന്നവരുടെയും സ്ത്രീകളുടെയും ഉന്നമനമായിരുന്നു അവരുടെ പ്രധാന ലക്ഷ്യം (പൊതുവിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ട് 37). മിഷണറിമാരുടെ നേതൃത്വത്തിൽ വ്യാപകമായി നടന്ന പ്രവർത്തനങ്ങളും തിരുവിതാംകൂറിലെയും കൊച്ചിയിലെയും സർക്കാരുകൾ കൈക്കൊണ്ട നടപടികളും പിന്നീട് കേരളത്തിൽ വളർന്നുവന്ന സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങളുമായിരുന്നു, ഇന്ത്യയിലെ മറ്റുപ്രദേശങ്ങൾ വിദ്യാഭ്യാസത്തിൽ പിന്നണിയിലായപ്പോഴും കേരളം മുന്നേറിയതിന്റെ കാരണമായത് (*കേരള വിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ട്* 19). ഇവയിൽ പിന്നീടുപറഞ്ഞ രണ്ടു കാര്യങ്ങളും രൂപപ്പെടുന്നതിലേക്ക് മിഷണറിമാരുടെ വിദ്യാഭ്യാസപ്രവർത്തനങ്ങൾ പ്രയോജനപ്പെട്ടു. അതായത്, കേരളത്തിലെ സാമൂഹികപരിവർത്തനത്തിന് കാരണമായ മുഖ്യഘടകം വിദ്യാഭ്യാസവ്യാപനത്തിൽ മിഷണറിമാർ വഹിച്ച പങ്കാണ്.

കൊളോണിയൽ പശ്ചാത്തലത്തിലുള്ള ഒരു വിദ്യാഭ്യാസകാഴ്ചപ്പാടിനാലാണ് നയിക്കപ്പെട്ടതെങ്കിലും മിഷണറിമാർ തദ്ദേശീയഭാഷാ വിദ്യാഭ്യാസത്തെയാണ് പ്രോത്സാഹിപ്പിച്ചത്. തിരുവിതാംകൂർ–കൊച്ചി ഗവണ്മെന്റുകളും ഈ ദിശയിൽ നീങ്ങി. മലയാളത്തിലുള്ള എഴുത്തും വായനയും അതിവേഗം വ്യാപിക്കുകയായിരുന്നു ഇതിന്റെ ഫലം. മതപഠനം നടത്തുന്നുണ്ടെങ്കിലും മതനിരപേക്ഷവിദ്യാഭ്യാസം അവരുടെ അജണ്ടയുടെ ഭാഗമായിരുന്നു. മതപ്രചരണം നടത്തേണ്ടത് ജനങ്ങളുടെ ഭാഷയിലാണെന്ന് തിരിച്ചറിഞ്ഞതിന്റെ

ഫലമായിരുന്നു മാതൃഭാഷാധിഷ്ഠിത ബോധനസമ്പ്രദായം അവർ തിരഞ്ഞെടുത്തത്. മതേതരവിദ്യാഭ്യാസം, സാർവത്രികവിദ്യാഭ്യാസം, ആധുനികവിദ്യാഭ്യാസം എന്നിവയുടെ അടിത്തറയും വളർച്ചയും മിഷണറിമാർക്ക് അവകാശപ്പെട്ടതാണ് (നൈനാൻ കോശി, "കേരള നവോത്ഥാനവും ക്രൈസ്തവരും" 89).

ആധുനികരീതിയിലുള്ള വിദ്യാലയങ്ങൾ തിരുവിതാംകൂറിൽ ആരംഭിച്ചത് പ്രഷ്യൻ മിഷണറിയായിരുന്ന ഡബ്ല്യൂ.ടി.റിങ്കിൽ ടോബിന്റെ വരവോടെയായിരുന്നു (1806 ൽ).[5] ചുരുങ്ങിയ കാലത്തിനുള്ളിൽ ലണ്ടൻ മിഷണറി സൊസൈറ്റിക്ക് തെക്കൻ തിരുവിതാംകൂറിൽ എട്ട് പള്ളികളോടനുബന്ധിച്ച് ഏഴ് സ്കൂളുകളുണ്ടായി. ഓരോ സ്കൂളിലും 25 മുതൽ 35 വരെ വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചിരുന്നു. ടോബ് വന്ന് 25 വർഷം പിന്നിട്ടുമ്പോഴേക്കും എൽ.എം.എസ്. സ്കൂളുകളുടെ എണ്ണം നൂറും വിദ്യാർത്ഥികളുടെ എണ്ണം മുവ്വായിരവുമായി ഉയർന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനമാവുമ്പോഴേക്കും തിരുവിതാംകൂറിലെ എൽ.എം.എസ്. സ്കൂളുകളുടെ എണ്ണം മുന്നൂറും അവയിലെ വിദ്യാർത്ഥികളുടെ എണ്ണം പതിനാലായിരത്തിനടുത്തുമായിരുന്നു (Sreejith 184). ട്രാൻകുബാർ (Tranquebar– തമിഴ്നാട്ടിലെ തരംഗംപാടി) മിഷണറിമാരുടെ പാഠപുസ്തകങ്ങൾ തന്നെയായിരുന്നു എൽ.എം.എസ്സും ഉപയോഗിച്ചിരുന്നത്. കോപ്പി ബുക്കുകൾ എന്നായിരുന്നു ഈ പുസ്തകങ്ങൾ അറിയപ്പെട്ടിരുന്നത്. ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ നയങ്ങൾക്കെതിരാണെങ്കിലും നൈതികവും ധാർമികവുമായ ഉള്ളടക്കം ഇവർ കൂട്ടിച്ചേർത്തു. പരോക്ഷമായ രീതിയിൽ ക്രിസ്തീയ ആശയങ്ങളിലേക്ക് നയിക്കാനായിരുന്നു ഇത്. അതിനായി ഈസോപ്പുകഥകൾ പോലുള്ളവ പ്രയോജനപ്പെടുത്തി (189).

കൽക്കട്ടയിലും മദ്രാസിലും പ്രവർത്തിച്ചിരുന്ന സി.എം.എസ്. തിരുവിതാംകൂറിലെത്തിച്ചേർന്നപ്പോൾ സർക്കാരിൽനിന്ന് നല്ല പിന്തുണ കിട്ടുകയുണ്ടായി. ചിട്ടയായ പാഠ്യപദ്ധതിയും യോഗ്യതയുള്ള അധ്യാപകരുമായി തിരുവിതാംകൂറിൽ പ്രവർത്തനമാരംഭിച്ച ആദ്യ ഇംഗ്ലീഷ് സ്കൂൾ 1816 ൽ ആരംഭിച്ച കോട്ടയം സെമിനാരി സ്കൂൾ ആയിരുന്നു. ഇതാണ് പിന്നീട് സി.എം.എസ്. കോളെജ് ആയി വികസിച്ചത്. കൃത്യമായ കരിക്കുലം ലക്ഷ്യങ്ങൾ രൂപീകരിക്കുകയും കുട്ടികളുടെ പ്രായഭേദത്തിനനുസരിച്ച് വെവ്വേറെ ക്ലാസുകളാക്കി തിരിക്കുകയും ചെയ്യുക എന്നത് ആദ്യമായി കേരളത്തിൽ നടപ്പിൽ വരുത്തിയത് സി.എം.എസ്. മിഷണറിമാരാണ് (197). ബെഞ്ചമിൻ ബെയിലി കോട്ടയത്ത് അച്ചടിശാല തുടങ്ങുകയും പള്ളികളോടുചേർന്ന് സ്കൂളുകൾ സ്ഥാപിക്കുകയും ചെയ്തു. 1904 ആവുമ്പോഴേക്കും സി.എം.എസ് ന്റെ 290 സ്കൂളുകളിലായി 13,148 കുട്ടികൾ പഠിതാക്കളായുണ്ടായിരുന്നു (195). വിദ്യാഭ്യാസവ്യാപനത്തിൽ മാത്രമായിരുന്നില്ല, ബെയിലിയുടെ സംഭാവന. മലയാ

ളഭാഷയുടെ പൊതുവായ ചരിത്രത്തിലും അതിന്റെ വിജ്ഞാനധാരയിൽ സവിശേഷമായും പ്രാധാന്യമുള്ളൊരു പേരാണ് ബെയിലിയുടേത്. 'മലയാളം അച്ചടിയുടെയും പുസ്തകപ്രസാധനത്തിന്റെയും പ്രതിഷ്ഠാപകൻ' (ബാബു ചെറിയാൻ, ബെഞ്ചമിൻ ബെയിലി 10) ആണ് അദ്ദേഹം. പത്തൊമ്പതാം നൂറ്റാണ്ടിൽ കേരളത്തിൽ യാഥാർത്ഥ്യമായ പൊതുവിദ്യാഭ്യാസവ്യാപനം, വിജ്ഞാനവിസ്ഫോടനം എന്നിവയിലേക്ക് നയിച്ച കാര്യങ്ങൾ പുസ്തകപ്രസാധനവും ആനുകാലികങ്ങളുടെ പ്രചാരവുമായിരുന്നു (11). മലയാളഗദ്യത്തിന്റെ മാനകീകരണത്തിനും അച്ചടിയുടെ കടന്നുവരവ് കാരണമായി. കേരളത്തിൽവച്ച് അച്ചടിച്ച ആദ്യ മലയാളപുസ്തകമായ *ചെറുപൈതങ്ങൾക്ക ഉപകാരാർത്ഥം ഇംക്ലീശിൽനിന്ന പരിഭാഷപ്പെടുത്തിയ കഥകൾ* മലയാളത്തിലെ ആദ്യത്തെ കഥാസമാഹാരവും ആദ്യത്തെ ബാലസാഹിത്യകൃതിയും മാത്രമല്ല; 'മലയാളത്തിൽ പാഠപുസ്തകമായി ഉപയോഗിച്ച ആദ്യകൃതി' (13)യുമാണ്. കുട്ടികളുടെ പൊതുഉപയോഗത്തിനു മാത്രമായല്ല അക്കാലത്ത് ഇത്തരമൊരു പുസ്തകം പ്രസിദ്ധീകരിക്കുന്നത്. മറിച്ച് മിഷണറി വിദ്യാലയങ്ങളിലെയും കോളെജുകളിലെയും വിദ്യാർത്ഥികൾക്കുള്ള പാഠപുസ്തകമെന്ന നിലയിലാണെന്നുവേണം കരുതാൻ എന്ന് ബാബു ചെറിയാൻ അഭിപ്രായപ്പെടുന്നു. എന്നാൽ, അത് പൊതുപാഠപുസ്തകമായിരുന്നോ, വേദപഠനവിദ്യാർത്ഥികൾക്കുള്ള സവിശേഷമായ ഒന്നായിരുന്നോ എന്ന കാര്യത്തിൽ തീർച്ചയില്ല എന്നും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്(ശ്രീജിത്ത് 21).

സ്വിറ്റ്സർലൻഡ് കേന്ദ്രമായി ആരംഭിച്ച ബാസൽ ഇവാഞ്ചലിക്കൽ മിഷൻ അവരുടെ പ്രവർത്തനങ്ങൾക്ക് മലബാറിൽ തുടക്കമിട്ടത് 1834 മുതലാണ്. സാമുവൽ ഹെബിക്ക് (Samuel Hebich) ആണ് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചതെങ്കിലും ഹെർമൻ ഗുണ്ടർട്ടിന്റെ നേതൃത്വത്തിലാണ് മലബാറിലെ വിദ്യാഭ്യാസപ്രവർത്തനങ്ങൾ പുതിയ തലങ്ങളിലേക്ക് കടന്നത്. ഗുണ്ടർട്ടിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ തലശ്ശേരിയിലെ ഇംഗ്ലീഷ് ഫ്രീ സ്കൂളിന്റെ ചുമതല ഏറ്റെടുക്കലിലൂടെയാണ് ആരംഭിച്ചത്. ഉടൻതന്നെ തന്റെ ബംഗ്ലാവിന്റെ വരാന്തയിൽ മലയാളം സ്കൂളും അദ്ദേഹം ആരംഭിച്ചു. സയൻസ്, ഭൂമിശാസ്ത്രം, മലയാളം, ഇംഗ്ലീഷ്, ബൈബിൾ എന്നിവയായിരുന്നു പഠനവിഷയങ്ങൾ. ഇതേത്തുടർന്ന് മറ്റിടങ്ങളിലും സ്കൂളുകൾ ആരംഭിക്കുന്നുണ്ട്. സ്കൂളുകളിൽ എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും പ്രവേശനം അനുവദിച്ചിരുന്നു. എങ്കിലും വിദ്യാർത്ഥികളിൽ മിക്കവരും തിയ്യവിഭാഗത്തിൽ നിന്നായിരുന്നു (കെ. കെ. എൻ. കുറുപ്പ്, *ആധുനികകേരളം– ചരിത്രഗവേഷണ പ്രബന്ധങ്ങൾ* 23). അവരിൽ സാമ്പത്തികമായി മെച്ചപ്പെട്ടവർ ഉപരിവിദ്യാഭ്യാസം നേടുകയും സാമൂഹികചലനാത്മകത കൈവരിക്കുകയും ചെയ്തു. ജാത്യാചാരങ്ങൾക്കെതിരായ പ്രവർത്തനങ്ങളിൽ അവർ ഇടപെടുകയും

ചെയ്തു. ശാസ്ത്രീയമായ പാഠപുസ്തകങ്ങൾ ആദ്യമായി മലയാളത്തിൽ അവതരിപ്പിച്ചത് ഹെർമൻ ഗുണ്ടർട്ട് ആയിരുന്നു. വസ്തുനിഷ്ഠതയിൽ ഊന്നുന്നതും കുട്ടികളുടെ മനശ്ശാസ്ത്രത്തിന് യോജിച്ചതുമായിരുന്നു ഗുണ്ടർട്ട് തയ്യാറാക്കിയ പാഠപുസ്തകങ്ങൾ (Sreejith 212). *പാഠമാല, പാഠാരംഭം, വലിയ പാഠാരംഭം, മലയാളം-ഇംഗ്ലീഷ് ഭാഷാന്തരപുസ്തകം, മലയാളവ്യാകരണം ചോദ്യോത്തരം, പഞ്ചതന്ത്രം, മലയാളരാജ്യം-ചരിത്രത്തോടുകൂടിയ ഭൂമിശാസ്ത്രം, ലോകചരിത്രശാസ്ത്രം, ലോകചരിത്രസംക്ഷേപം, കേരളപ്പഴമ* തുടങ്ങിയവ പാഠപുസ്തകങ്ങളെന്ന നിലയിൽ തയ്യാറാക്കപ്പെട്ടവയാണ്.

ഏതൊരു ഭാഷയുടെയും വൈജ്ഞാനികതലം വിപുലപ്പെടുന്നതിൽ അടിത്തറയായി നിലകൊള്ളുന്നത് ആ ഭാഷയുടെ വ്യാകരണഗ്രന്ഥങ്ങൾ, നിഘണ്ടുക്കൾ തുടങ്ങിയ അടിസ്ഥാനഗ്രന്ഥങ്ങളാണ്. മലയാളത്തിൽ അവ നിർമിച്ചെടുക്കുന്നതിൽ മിഷണറിമാർ വഹിച്ച പങ്ക് വളരെ വലുതാണ്. മലയാളത്തിലെ ആദ്യ വ്യാകരണസംരംഭം എന്ന് വിളിച്ചുപോരുന്നത് പതിനാലാം നൂറ്റാണ്ടിൽ സംസ്കൃതത്തിൽ എഴുതപ്പെട്ട *ലീലാതിലക*മാണ്. അതിനുശേഷം ഏറെക്കാലം അത്തരം ശ്രമങ്ങളൊന്നുമുണ്ടായില്ല. പിന്നീട് വിദേശികൾക്ക് മലയാളം പഠിക്കാൻ വേണ്ടി അവരുടെതന്നെ മുൻകയ്യിലാണ് മലയാളത്തിൽ വ്യാകരണഗ്രന്ഥങ്ങൾ രൂപപ്പെടുന്നത്.[6] ഏറ്റവും ആദ്യം രൂപപ്പെട്ടവയൊക്കെ സെമിനാരികളിൽ മാത്രം ഒതുങ്ങിക്കഴിഞ്ഞവയാണെങ്കിലും അവയുടെ പ്രാധാന്യം ഇല്ലാതാവുന്നില്ല. പിൽക്കാലത്ത് ഭാഷാശാസ്ത്രപരമായ വീക്ഷണത്തോടെ മലയാള വ്യാകരണഗ്രന്ഥങ്ങൾ തയ്യാറാക്കാൻ അടിത്തറയായത് ആദ്യകാലത്തെ ഇത്തരം ശ്രമങ്ങളാണെന്ന് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട് (നൗഷാദ് XI). വിദേശികളുടെ ഉപയോഗത്തിനുമാത്രമായല്ലാതെ ഹെർമൻ ഗുണ്ടർട്ട് തയ്യാറാക്കിയ *മലയാളഭാഷാവ്യാകരണം* 1851 ലാണ് ആദ്യം അച്ചടിച്ചത്. പൂർണരൂപത്തിൽ 1868 ൽ അച്ചടിച്ചു. ഗുണ്ടർട്ട്തന്നെ സ്കൂൾ വിദ്യാർത്ഥികൾക്കുവേണ്ടി 1860 ൽ തയ്യാറാക്കിയതാണ് *മലയാളവ്യാകരണ ചോദ്യോത്തരം* അഥവാ *A Catechism of Malayalam Grammar*. ഗാർത്തുവേറ്റ് രചിച്ച *മലയാള വ്യാകരണസംഗ്രഹം* 1867 ലും ഫ്രോൺമെയർ തയ്യാറാക്കിയ *A Progressive Grammar of the Malayalam Language* എന്ന കൃതി 1889 ലും പുറത്തിറങ്ങി. ഇതിനുപുറമെ 1856 ൽ റോബർട്ട് ക്വാൾഡെൽ പ്രസിദ്ധീകരിച്ച *ദ്രാവിഡഭാഷകളുടെ താരതമ്യവ്യാകരണവും (A Comparative Grammar of Dravidians or South Indian Family of Languages)* ഇക്കൂട്ടത്തിൽ പറയേണ്ടതുതന്നെ.

വിദേശികളുടെ ഭാഷാപഠനമെന്ന ലക്ഷ്യത്തോടെ, വ്യാകരണഗ്രന്ഥങ്ങൾപോലെതന്നെ ധാരാളം നിഘണ്ടുക്കളും പിറവികൊണ്ടു.[7] ഇവയിലും കുറച്ചെണ്ണം ലാറ്റിൻ

ഭാഷയിലുള്ളവയാണ്. ചിലത് പോർച്ചുഗീസിലും. ഗുണ്ടർട്ടിന്റെ നിഘണ്ടു കേരളപാണി നിക്കുപോലും പ്രയോജനപ്പെട്ട ഒന്നായിരുന്നു (*കേരളപാണിനീയം* xxvi). ഏതാണ്ട് കാൽനൂറ്റാണ്ടുകാലത്തെ പ്രയത്നംകൊണ്ടാണ് ഗുണ്ടർട്ട് തന്റെ നിഘണ്ടു നിർമിച്ചത്. അതിനുവേണ്ടി അദ്ദേഹം നിരന്തരം യാത്രചെയ്യുകയും നിരവധിപേരുമായി ചർച്ച നടത്തു കയും ചെയ്തു. ചർച്ചകൾ പണ്ഡിതരിൽ മാത്രം ഒതുങ്ങിനിന്നില്ല. സാമാന്യജനവിഭാഗ ത്തെയും അദ്ദേഹം പദശേഖരണത്തിന് പ്രയോജനപ്പെടുത്തി. ലഭ്യമായ മലയാളഗ്രന്ഥ ങ്ങളും സംസ്കൃതഗ്രന്ഥങ്ങളും മറ്റു മിഷണറിമാരുടെ ഗ്രന്ഥങ്ങളും ഈ നിഘണ്ടുവിനുവേ ണ്ടി ഗുണ്ടർട്ട് പരിശോധിക്കുകയുണ്ടായി.

ഭാഷയിൽകൊണ്ടുവന്ന മാനകീകരണമാണ് മിഷണറിമാരുടെ മറ്റൊരു പ്രധാന സംഭാവന. അച്ചടിയുടെ കടന്നുവരവാണ് ഭാഷാമാനകീകരണത്തിൽ വലിയ മുന്നേറ്റ മുണ്ടാക്കിയത്. നിലവിലിരുന്ന ലിപിരൂപങ്ങളിൽ ഗ്രന്ഥലിപിയെയും ഗദ്യ–പദ്യരൂപങ്ങളിൽ ഗദ്യത്തെയും ബെയിലിയാണ് അച്ചടിയിൽ ഉറപ്പിച്ചത് (ബാബു ചെറിയാൻ, ബെഞ്ചമിൻ ബെയിലി 11). ലിപികളുടെ ടൈപ്പോഗ്രാഫിക്ക് ഘടന നിർണയിക്കുന്നതിലും ബെയിലി യുടെ പങ്കായിരുന്നു പ്രമുഖം. അന്നുവരെ ഉപയോഗിച്ചുപോന്ന സംക്ഷേപവേദാർത്ഥം ടൈപ്പ്, കുരിയർ ബൈബിൾ ടൈപ്പ്, മദ്രാസ് ഫോർട്ട് സെന്റ് ജോർജ് ടൈപ്പ് എന്നീ ഫോണ്ടുകളെ ബെയിലി വിശകലനം ചെയ്തു. അവയുടെ ന്യൂനതകൾ പരിഹരിച്ചുകൊ ണ്ടുള്ള പുതിയ ടൈപ്പിന് രൂപം നൽകിയതിനാൽ വരിയിൽ കയറിയും ഇറങ്ങിയുമിരി ക്കുന്ന അക്ഷരരൂപങ്ങളെ ഏകീകരിക്കാൻ കഴിഞ്ഞു. അക്ഷരങ്ങൾക്ക് ഉരുണ്ടരൂപം നൽകിയതോടൊപ്പം അവയുടെ വലിപ്പവും കുറച്ചതിനാൽ അച്ചടിയിൽ സ്ഥലം ലാഭി ക്കാനും ബെയിലിക്ക് കഴിഞ്ഞു(മുരളീധരൻ, “മലയാള ലിപിപരിഷ്കാരം ശരിയായ വഴി യിലോ?” 35).

ഗദ്യരചന ഭാഷാവ്യവഹാരങ്ങളിൽ പ്രമുഖമായി മാറിയത് മിഷണറിമാരുടെ ഇടപെ ടലുകളിലൂടെയാണ്. നേരത്തേ ചൂണ്ടിക്കാണിച്ചതുപോലെ, തനതായ ഒരു ഗദ്യശൈലി ഇവിടെ നാമ്പിട്ടിരുന്നെങ്കിലും, അതിനെ പുതിയകാലത്തിന്റെ വൈജ്ഞാനിക ഉള്ളടക്ക ങ്ങൾ കൈകാര്യം ചെയ്യാൻ പര്യാപ്തമാക്കിയത് മിഷണറിഗദ്യത്തിന്റെ കടന്നുവരവാണ്. സ്കറിയ സക്കറിയ നിരീക്ഷിച്ചതുപോലെ മലയാളഭാഷയുടെ സാധ്യതകളെ മിഷണറി മാർ പ്രയോജനപ്പെടുത്തുകയായിരുന്നു. വിദേശത്തുനിന്നും ഒരു ഭാഷ ഇവിടെ കൊണ്ടു വന്ന് നട്ടുപിടിപ്പിക്കുകയല്ല, ലക്ഷ്യങ്ങൾക്കും ആവശ്യങ്ങൾക്കും സിദ്ധികൾക്കും അനുസൃത മാംവിധം മലയാളത്തെ പ്രയോജനപ്പെടുത്തുകയായിരുന്നു അവർ (“മിഷണറി ഗദ്യം” 127). ചിഹ്നവ്യവസ്ഥ ഇല്ലാതിരുന്ന മലയാളത്തിൽ അതുകൊണ്ടുവന്നതും മിഷണറിമാർ

തന്നെ. അന്നവർ ഇംഗ്ലീഷിൽനിന്നു കടംകൊണ്ട അതേ ചിഹ്നങ്ങൾ തന്നെയാണ് ഇന്നും മലയാളം ഉപയോഗിച്ചുപോരുന്നത്.

വിദ്യാഭ്യാസവികസനം, വ്യാകരണഗ്രന്ഥങ്ങളുടെയും നിഘണ്ടുക്കളുടെയും ആവിഷ്കരണം, മാനകീകരണം എന്നിവയെല്ലാം ഭാഷയുടെ വൈജ്ഞാനികസ്വരൂപത്തെ നിർണയിക്കുന്നതിനുള്ള അടിപ്പടവുകളായിരുന്നെങ്കിൽ മൂന്നാമത്തെ ഇനം നേരിട്ട് വൈജ്ഞാനികതലത്തെ വളർത്തുന്ന ഇടപെടലുകളായിരുന്നു. *പശ്ചിമോദയം, ജ്ഞാനനിക്ഷേപം* തുടങ്ങിയ ആനുകാലികങ്ങൾ, പാഠപുസ്തകങ്ങൾ, മിഷണറിമാർ രചിച്ച ഏതാനും ഗ്രന്ഥങ്ങൾ എന്നിവയെല്ലാം ഈ വിഭാഗത്തിൽപ്പെടും.

തങ്ങളുടെ പ്രവർത്തനങ്ങളോട് ബന്ധിപ്പിച്ച് ശാസ്ത്രവിഷയങ്ങൾ ഇവിടെ പ്രചരിപ്പിക്കാൻ തയ്യാറായ ആദ്യമിഷണറിസംഘം ബാസൽ മിഷനായിരുന്നു. മിഷന്റെ ആദ്യ ആനുകാലിക പ്രസിദ്ധീകരണമായ *രാജ്യസമാചാരം* (1847 ജൂൺ) പ്രസിദ്ധീകരിച്ച് ഏതാനും മാസങ്ങൾക്കുള്ളിൽത്തന്നെ (1847 ഒക്ടോബർ) *പശ്ചിമോദയം* പുറത്തിറങ്ങി. മലയാള പത്രപ്രവർത്തന ചരിത്രത്തോടൊപ്പംതന്നെ മലയാള ശാസ്ത്രപത്രപ്രവർത്തനത്തിന്റെ ചരിത്രവും ആരംഭിക്കുന്നു(അനിൽകുമാർ, *സയൻസ് ജേർണലിസം വികാസവും പരിണാമവും* 1) 'ഈ നാട്ടിൽ അറിഞ്ഞുകൂടാത്ത ചില സംഗതികൾ', 'മലയാളികൾക്കു തോന്നുവാൻ തക്കവണ്ണം ഭാഷയിലാക്കി അച്ചടിച്ച്' തയ്യാറാക്കുകയാണെന്ന് അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം ആദ്യപതിപ്പിന്റെ ആമുഖത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. *രാജ്യസമാചാര*ത്തിൽ മതപരമായ കാര്യങ്ങൾ മാത്രം പ്രസിദ്ധീകരിച്ചതിൽനിന്ന് ഭിന്നമായി എല്ലാവർക്കും താൽപ്പര്യമുണ്ടാവുന്ന വൈജ്ഞാനിക ഉള്ളടക്കവുമായാണ് *പശ്ചിമോദയം* പിറവിയെടുത്തത്. ഉള്ളടക്കത്തിൽ എന്നതുപോലെ ഭാഷയിലും *പശ്ചിമോദയം രാജ്യസമാചാര*ത്തിൽനിന്ന് വേറിട്ടുനിന്നു. അതിനെ സാമാന്യവത്കൃതമായ ഭാഷയെന്ന് വിശേഷിപ്പിക്കാം (തോമസ് 94).

ജ്യോതിഷവിദ്യ, കേരളപ്പഴമ, ഭൂമിശാസ്ത്രം തുടങ്ങിയവ *പശ്ചിമോദയം* തുടർച്ചയായി കൈകാര്യം ചെയ്ത വിഷയങ്ങളായിരുന്നു. ഇത്തരം ലേഖനങ്ങളെ അവലംബമാക്കിക്കൊണ്ട് പിന്നീട് *മലയാളരാജ്യം–ചരിത്രത്തോടുകൂടിയ ഭൂമിശാസ്ത്രം* എന്ന പേരിൽ ഒരു പുസ്തകവും ഇറക്കി. മലയാളത്തിലെ ഒന്നാമത്തെ ഭൂമിശാസ്ത്രഗ്രന്ഥം ഇതാണ് (ഒരു സംഘം ലേഖകർ, *മാധ്യമങ്ങളും മലയാളസാഹിത്യവും* 41). എല്ലാ ആധുനിക വിജ്ഞാനശാഖകൾക്കും സ്ഥാനം നൽകിയിരുന്നതിനാൽ ഇതിനെ ശാസ്ത്രമാസികയെന്ന് വിളിക്കാൻ കഴിയില്ല എന്നാണ് തോമസിന്റെ നിരീക്ഷണം. എന്നാൽ മലയാളത്തിലെ വൈജ്ഞാനികസാഹിത്യശാഖയുടെ തുടക്കം *പശ്ചിമോദയ*ത്തിലാണെന്ന് അദ്ദേഹം

അഭിപ്രായപ്പെടുന്നുണ്ട് (*മാധ്യമങ്ങളും മലയാള സാഹിത്യവും* 95). ചരിത്രവും ഭൂമിശാസ്ത്രവും മേൽക്കൈ നേടുന്നതിനാൽ പല ലക്കങ്ങളിലും ശാസ്ത്രവിഷയങ്ങൾ ഇല്ലാതെ പോവുന്നതായും കാണാം(ഷിജു സാം വറുഗീസ് 584). അനിൽകുമാർ ആകട്ടെ *പശ്ചിമോദയ*ത്തെ ആദ്യത്തെ ശാസ്ത്രപത്രമാസികയെന്ന സ്ഥാനത്ത് അടയാളപ്പെടുത്തുന്നു.

കോട്ടയത്തുനിന്ന് സി.എം.എസ്സിന്റെ ആഭിമുഖ്യത്തിൽ 1848 നവംബറിൽ പുറത്തിറങ്ങിയ *ജ്ഞാനനിക്ഷേപം*, മലയാളത്തിലെ മൂന്നാമത്തെ മാസിക, ഇളക്കിമാറ്റാവുന്ന അച്ചുകൾ ഉപയോഗിച്ച് തയ്യാറാക്കിയ ആദ്യ ആനുകാലികം, ആധുനിക പത്രമാസികകളുടെ മുന്നോടിയായ ആനുകാലികം എന്നിങ്ങനെ പലതരത്തിൽ വിശേഷിപ്പിക്കപ്പെട്ട ഒന്നാണ്. പടിഞ്ഞാറിന്റെ ശാസ്ത്രവികാസമാണ് *പശ്ചിമോദയം* പ്രധാനദൗത്യമായി കണ്ടിരുന്നതെങ്കിൽ, *ജ്ഞാനനിക്ഷേപം* പല വിഷയങ്ങളിൽ ഒന്നായാണ് ശാസ്ത്രത്തെ കണ്ടത് (585). എങ്കിലും ശാസ്ത്രചിന്താഗതിയും ശാസ്ത്രവീക്ഷണവും പ്രചരിപ്പിക്കുന്നതിൽ *ജ്ഞാനനിക്ഷേപം* പങ്കുവഹിച്ചു (അനിൽകുമാർ, *സയൻസ് ജേർണലിസം വികാസവും പരിണാമവും* 6). *ജ്ഞാനനിക്ഷേപം* പിന്തുടർന്ന 'സംസ്കൃതപദപ്രചുരവും പരിപക്വവുമായ ഗദ്യശൈലി'യാണ് ആധുനിക മലയാളഗദ്യശൈലിയായി വളർന്നത് (തോമസ് 99) എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. തോമസ്സിന്റെ അഭിപ്രായത്തിൽ മലയാളത്തിലെ ശാസ്ത്രസാഹിത്യത്തിന് തുടക്കമിട്ടതും *ജ്ഞാനനിക്ഷേപ*മാണ് (100). ചർച്ച് മിഷൻ സൊസൈറ്റിയുടെ അമ്പതാം വാർഷികസ്മാരകമെന്ന നിലയിൽ ജോൺ ഹോക്സ്‌വർത്ത് ആരംഭിച്ചതാണ് *ജ്ഞാനനിക്ഷേപം*. ആദ്യത്തെ ഏഴുവർഷം അദ്ദേഹം തന്നെയായിരുന്നു എഡിറ്ററും(ജോൺ മാത്യൂസ് ix). ഹോക്സ്‌വർത്തിനുപുറമെ ജോർജ് മാത്തൻ, ആർച്ച് ഡീക്കൻ കോശി എന്നിവരായിരുന്നു *ജ്ഞാനനിക്ഷേപ*ത്തിന്റെ ആദ്യകാല ഊർജസ്രോതസ്സുകൾ.

മലയാളത്തിലുള്ള പേരിനൊപ്പം ഇംഗ്ലീഷിൽ *The Cottayam College Quarterly Magazine* എന്നുകൂടി ചേർത്തിരുന്ന *വിദ്യാസംഗ്രഹം* മലയാളത്തിലെ ആദ്യ കലാലയപ്രസിദ്ധീകരണമാണ്. 1864 ൽ പുറത്തിറങ്ങിയ *വിദ്യാസംഗ്രഹം* ഇന്ത്യയിലെതന്നെ ആദ്യത്തെ കലാലയ പ്രസിദ്ധീകരണമാണെന്നും കരുതിപ്പോരുന്നുണ്ട്. ഇംഗ്ലീഷിലും മലയാളത്തിലുമായി വന്ന ഉള്ളടക്കം മികച്ച നിലവാരം പുലർത്തുന്നവയായിരുന്നു. കോട്ടയം കോളെജ് പ്രിൻസിപ്പലായിരുന്ന റിച്ചാർഡ് കോളിൻസും ജോർജ് മാത്തനും ചേർന്നാണ് *വിദ്യാസംഗ്രഹ*ത്തിന്റെ ജോലികൾ പൂർത്തിയാക്കിയതെന്ന് ചിലയിടങ്ങളിൽ കാണുന്നു (ഷിജു അലക്സ്, വിദ്യാസംഗ്രഹം –The Cottayam College Quarterly Magazine – No.I – Vol1). 'അത്യുത്തര പ്രദേശങ്ങൾ', 'അന്തരീക്ഷം', 'ആകാശത്തുള്ള ഗോളങ്ങൾ', 'ഇരിമ്പുപാ

ദയുടെയും ആവിവണ്ടിയുടെയും ആരംഭം', 'കൊഴുമുതലാണ്ട', 'ജ്യോതിശ്ശാസ്ത്രം', 'ഭൂമി ഉരുണ്ടതാകുന്നു എന്നുള്ളത്', 'മരുമക്കത്തായത്തിലെ ദോഷങ്ങൾ', 'രസവാദശാസ്ത്രം', 'വിദ്യുത്താരയന്ത്രപ്രമാണം', 'വ്യഭിചാരനിഷേധം' എന്നിങ്ങനെ, *വിദ്യാസംഗ്രഹ*ത്തിൽ വന്ന, ആധുനികശാസ്ത്രം, സാമൂഹികശാസ്ത്രം തുടങ്ങിയ വൈജ്ഞാനികമേഖലകളിലെ ലേഖനങ്ങളിലധികവും ജോർജ് മാത്തൻ എഴുതിയവ ആയിരുന്നു (ബാബു ചെറിയാൻ, "മലയാള സാങ്കേതികപദനിർമിതിയും വിഭക്തപദസംഗ്രഹവും" 4458–59).

*ഭൂമിശാസ്ത്രം* (1853, റവ. ജോസഫ് പീറ്റ്), *ഭൂമിശാസ്ത്രം ഒന്നാമത പുസ്തകം* (1855), *വിദ്യാമൂലങ്ങൾ* (1858), *മൃഗചരിതം* (1858–60, ജെ. ജി. ബ്യൂട്ട്ലർ), *ഗൊവസൂരിപ്രയോഗം അല്ലെങ്കിൽ വസൂരി നിവാരണം* (1864, സെഞ്ചി പഴനി ആണ്ടി, വിവ: പി. ടി. അപ്പാവു പിള്ള), *അംഗവിഭാഗവും അംഗധർമവിജ്ഞാനീയവും* (1864, കാൽവിൻ കട്ടൽ), *കേരള ഷഴമ* (1868) *ശരീരശാസ്ത്രം* (1882, യൂജിൻ ലീബെൻദർഫെർ), *പ്രകൃതിശാസ്ത്രം* (1883, ജൊഹനാസ് ഫ്രോൺമെയർ) എന്നിങ്ങനെ മിഷണറിമാർ എഴുതിയ വൈജ്ഞാനിക പുസ്തകങ്ങളാണ് മറ്റൊരിനം. നേരത്തെ സൂചിപ്പിച്ച ഗുണ്ടർട്ടിന്റെ *മലയാളരാജ്യം–ചരിത്രത്തോടുകൂടിയ ഭൂമിശാസ്ത്രം* എന്ന പുസ്തകം 1869 ലാണ് പുറത്തിറങ്ങിയത്. ജ്ഞാനനിക്ഷേപത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട ലേഖനങ്ങളുടെ സമാഹാരമായ പുസ്തകത്തിന്റെ മുഴുവൻ പേര് *വിദ്യാമൂലങ്ങൾ ഒന്നാം ഖണ്ഡം ഭൂലൊകവിശെഷങ്ങൾ* എന്നാണ്. മറ്റു ഖണ്ഡങ്ങൾ കണ്ടെടുക്കപ്പെട്ടിട്ടില്ല. പാഠപുസ്തകമെന്ന നിലയിൽ തയ്യാറാക്കിയതാണ് എന്നു കരുതാവുന്ന ഈ പുസ്തകത്തിലുള്ള ലേഖനങ്ങളിലധികവും ഹെൻറി ബേക്കർ ജൂനിയർ എഴുതിയവയാണെന്ന് അനുമാനിക്കാമെന്നാണ് ബാബു ചെറിയാന്റെ അഭിപ്രായം (4451). 'പർവതങ്ങൾ', 'അഗ്നിപർവതങ്ങൾ', 'നദികൾ', 'സമുദ്രങ്ങൾ', 'ലോഹാദികൾ', 'വായുക്കളും മറ്റും', 'നൈറ്ററുജൻ', 'ഒക്സിജൻ', 'കാബോൻ', 'കാന്തസൂചിപ്പെട്ടി' എന്നിങ്ങനെ പോവുന്നു ഉള്ളടക്കം. മൃഗങ്ങൾ, പക്ഷികൾ, മീനുകൾ, പുഴുക്കൾ എന്നിവയെക്കുറിച്ച് ജെ. ജി. ബ്യൂട്ട്ലർ രചിച്ച *മൃഗചരിതം ആയത മൃഗ പക്ഷി മീന പുഴുക്കളെക്കുറിച്ചുള്ള വർണനം തന്നെ* എന്ന പുസ്തകം മലയാളം അച്ചടിയിൽ ആദ്യമായി വർണചിത്രങ്ങൾ ഉപയോഗിച്ചു.[8] പുസ്തകത്തിന്റെ തുടക്കത്തിൽ ഇംഗ്ലീഷിലും മലയാളത്തിലും കൊടുത്തിരിക്കുന്ന ജീവികളുടെ പട്ടിക അഞ്ചു പേജുകളിൽ അധികം വരും. 'മുലകുടിപ്പിക്കുന്ന ജന്തുക്കൾ', 'പക്ഷികൾ', 'ഇഴജന്തുക്കൾ', 'മത്സ്യങ്ങൾ', 'രക്തമില്ലാത്ത ജന്തുക്കൾ', 'ഇറുക്കുന്ന പുഴുക്കൾ' എന്നിങ്ങനെ ആറ് പർവങ്ങളായി തിരിച്ചാണ് ഉള്ളടക്കം ക്രമീകരിച്ചിരിക്കുന്നത്.

മലയാളത്തിലെ ആദ്യ സാങ്കേതികപദനിഘണ്ടു എന്നു വിശേഷിപ്പിക്കപ്പെടുന്ന *വിഭക്തപദസംഗ്രഹം*[9] ജനിച്ചുവീഴുന്നതും ഈ കാലത്തുതന്നെ. കൂട്ടതലായി ശാസ്ത്രപുസ്തക

ങ്ങൾ രൂപപ്പെടുന്നതിലും ദേശ്യഭാഷയിൽ പഠനം നടത്തുന്നതിലും സാങ്കേതികപദങ്ങളുടെ അഭാവം തടസ്സങ്ങൾ സൃഷ്ടിക്കുന്നതായി ഹോക്സ്‌വർത്ത് കരുതി. അത്തരമൊരു സാഹചര്യം ഉയർത്തിയ സമ്മർദമാണ് തന്നെ ഒരു സാങ്കേതികപദകോശനിർമിതിയിലേക്ക് എത്തിച്ചതെന്ന് ജോൺ ഹോക്സ്‌വർത്ത് *വിഭക്തപദസംഗ്രഹ*ത്തിന്റെ ആമുഖത്തിൽ പറയുന്നുണ്ട്. പദാവലിയെക്കുറിച്ച് ഉയർന്നുവരുന്ന നിർദേശങ്ങളിലൂടെ അതിനെ മെച്ചപ്പെടുത്താൻ കഴിയുമെന്ന് അദ്ദേഹം പ്രത്യാശിച്ചു.

ഇത്തരം പുസ്തകങ്ങളും ആനുകാലികങ്ങളുമെല്ലാം പിറന്നുവീഴുന്നത് വിദ്യാഭ്യാസരംഗത്തുണ്ടായ പുതിയ ചലനങ്ങളുടെ പശ്ചാത്തലത്തിലാണ്. പാഠപുസ്തകങ്ങൾ എന്ന നിലയിലും പുതുതായി അക്ഷരലോകത്തേക്ക് കടന്നുവന്നവർക്കുള്ള വായനാവിഭവങ്ങൾ എന്ന നിലയിലും അവ പ്രയോജനപ്പെട്ടിരിക്കാം. ഈയൊരു കാഴ്ചപ്പാടിൽനിന്ന് നോക്കുമ്പോൾ *ചെറുപൈതങ്ങൾക്ക് ഉപകാരാർത്ഥം ഇംക്ലീശിൽ നിന്ന പരിഭാഷപ്പെടുത്തിയ കഥകൾ* കേവലമൊരു ബാലസാഹിത്യകൃതിയായി വിലയിരുത്താൻ കഴിയില്ല. എഴുതാനും വായിക്കാനും കഴിയുന്നവരുടെ എണ്ണം വർധിച്ചതിന്റെ ഒരു തുടർപ്രതിഭാസമാണത്. കുട്ടികൾ ജാതിമതഭേദമെന്യെ മിഷണറി സ്കൂളുകളിൽ എത്തുകയും മലയാളവും ഇംഗ്ലീഷും ശാസ്ത്രവും പഠിക്കുകയും ചെയ്തപ്പോൾ പരമ്പരാഗതമായ വിദ്യാഭ്യാസധാരയുടെ ഉള്ളടക്കത്തിലും മാറ്റങ്ങൾ വന്നു. അവിടങ്ങളിലും പതിയെ ഇംഗ്ലീഷ് പഠനവിഷയമായി കടന്നുവരാൻ തുടങ്ങി. ആശാൻ പള്ളിക്കൂടങ്ങളിലെ പ്രാഥമികവിദ്യാഭ്യാസത്തിനുശേഷം ഇംഗ്ലീഷ് സ്കൂളിൽ ചേരുന്ന രീതിയും നടപ്പിലായി. വാമൊഴിയിലും താളിയോലകളിലും പരിമിതപ്പെട്ടുകിടന്ന പാരമ്പര്യ വിജ്ഞാനത്തെ മറികടന്നുകൊണ്ട് ആധുനികശാസ്ത്രം പാഠപുസ്തകങ്ങളായി മാറുന്നതിന്റെ ആദ്യച്ചുവടുകളാണ് ഈ പ്രസിദ്ധീകരണങ്ങളിൽ കാണുന്നത്. ശാസ്ത്രതൽപരരായ പൊതുവായനക്കാരെ രൂപപ്പെടുത്തിയെടുക്കുകയായിരുന്നു അവയുടെ ഉന്നം.

എന്തുകൊണ്ട് ശാസ്ത്രാഭിമുഖ്യമുള്ള തലമുറ വളർന്നുവരണം എന്ന ചോദ്യവും പ്രസക്തമാണ്. ഫ്യൂഡൽമൂല്യങ്ങളിൽ അടിയുറച്ചുപോയതും അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും ആണ്ടിറങ്ങിയതുമായ ഒരു സമൂഹത്തിൽ എങ്ങനെയാണ് ചലനങ്ങൾ സൃഷ്ടിക്കാൻ കഴിയുക എന്നത് മിഷണറിമാരുടെ മുന്നിലെ ഒരു പ്രശ്നമായിരിക്കുമല്ലോ. അവരെ നയിച്ച ലക്ഷ്യം മതപ്രചാരണമായിരുന്നെങ്കിലും അതിനുയോജിച്ച ഒരു സാമൂഹികാന്തരീക്ഷസൃഷ്ടി ഏറെ പ്രധാനമായിരുന്നു. നിലനിൽക്കുന്ന ആശയപ്രപഞ്ചത്തെ മറികടക്കാനുള്ള വഴി വിദ്യാഭ്യാസപ്രചാരണവും ശാസ്ത്രപ്രചാരണവുമാണെന്ന് അവർ തിരിച്ചറിഞ്ഞിരിക്കും. ഏതായാലും ശാസ്ത്രാഭിമുഖ്യമുള്ള ഒരു തലമുറയുടെ ഉദയം

മാത്രമായിരുന്നില്ല ഇതിന്റെ അനന്തരഫലം. ബാബു ചെറിയാൻ ചൂണ്ടിക്കാണിക്കുന്ന തുപോലെ പുത്തൻ ആശയങ്ങളെ ആവിഷ്കരിക്കാൻ കഴിയുംവിധം 'ശൈലീശുദ്ധവും ഗ്രന്ഥരചനാസമർത്ഥവുമായ' ("മലയാളഗദ്യഭാഷാ വികാസവും ആധുനികശാസ്ത്രവും" 125)ഒന്നായി മലയാളഗദ്യത്തെ വികസിപ്പിക്കുന്നതിലേക്കും അത് നയിച്ചു. അച്ചടി, പുസ്തക–മാസികാ പ്രസാധനം എന്നിവയിലൂടെയെല്ലാം ആധുനിക മലയാളഗദ്യഭാഷയും ആധുനികശാസ്ത്രവിഷയങ്ങളും പരസ്പരശാക്തീകരണമാണ് നടത്തിയതെന്നും ബാബു ചെറിയാൻ ചൂണ്ടിക്കാട്ടുന്നു (127). ഇതുൾക്കൊള്ളാതെ, വ്യത്യസ്തകാലദേശങ്ങളിൽ ഭാഷാഭേദങ്ങൾപോലെ നിലനിന്ന വ്യത്യസ്ത പ്രാചീനഗദ്യരൂപങ്ങളെ ഏകശിലാനിർമിതിയായി കണക്കാക്കി അതിന്റെ തുടർച്ചയും വളർച്ചയുമാണ് ആധുനിക മലയാളഗദ്യമെന്ന് വാദിക്കുന്നതിൽ പോരായ്മകളുണ്ട്. പ്രാചീനഗദ്യരൂപങ്ങളെ അപ്പാടെ നിരാകരിക്കണമെന്നല്ല ഇതിനർത്ഥം.

മിഷണറിപ്രവർത്തനങ്ങളുടെ ഭാഗമായി ഭാഷയുമായി ബന്ധപ്പെട്ടുനടന്ന എല്ലാതരം പ്രവർത്തനങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ട് മിഷണറിഭാഷാശാസ്ത്രം എന്നപേരിൽ, ഒരു പഠനമേഖല സമീപകാലത്ത് രൂപപ്പെട്ടിട്ടുണ്ട്. കൊളോണിയൽ ആവശ്യങ്ങൾക്കായുള്ള ഭാഷാന്വേഷണങ്ങളിൽനിന്നു വ്യത്യസ്തമായി ദേശ്യഭാഷകളുടെ പഠനവും മതവ്യാപനവുമായിരുന്നു മിഷണറിപ്രവർത്തനങ്ങളുടെ ഊന്നൽ. കേരളത്തിൽ മിഷണറിമാരുടെ പ്രവർത്തനങ്ങൾ നാട്ടുഭാഷാവിദ്യാഭ്യാസത്തിനും നാട്ടുഭാഷാവികാസത്തിനും ഒരുപോലെ പ്രയോജനപ്പെട്ടു എന്നുള്ളത് തർക്കമറ്റ സംഗതിയാണ്. വൈജ്ഞാനികഭാഷാതലത്തിൽനിന്നു നോക്കുമ്പോൾ ഇത് വളരെ പ്രധാനപ്പെട്ട ഒന്നായിരുന്നു എന്നു കാണാം. വ്യാകരണചരിത്രം, നിഘണ്ടുചരിത്രം, എഴുത്തിന്റെ ചരിത്രം എന്നിങ്ങനെ നിരവധി രംഗങ്ങളിൽ മിഷണറിഭാഷാശാസ്ത്രത്തിന് ഒട്ടേറെ സംഭാവനകൾ ചെയ്യാൻ കഴിയും. ആ ദിശയിലുള്ള അന്വേഷണങ്ങൾ ഇനിയും മുന്നേറാനുണ്ട്. മലയാള സർവകലാശാല തയ്യാറാക്കിയ *മിഷണറി ഭാഷാശാസ്ത്രം* എന്ന ഗ്രന്ഥം ഈ ദിശയിലെ നല്ലൊരു കാൽവെപ്പാണ്. എന്നാൽ, കേരളത്തിൽ മിഷണറിമാരുടെ ഭാഷാസേവനങ്ങളിലെ 15 ഘടകങ്ങൾ [10] അടയാളപ്പെടുത്തിയിട്ടുണ്ടെങ്കിലും(ശ്രീനാഥൻ എം. 35) മലയാളഭാഷയിലെ വൈജ്ഞാനികധാരയുടെ വളർച്ചയിൽ അവർ വഹിച്ച പങ്കിനെ പുസ്തകം പ്രത്യേകമായി അടയാളപ്പെടുത്തിയതായി കാണുന്നില്ല.

## 2.4 ആനുകാലികങ്ങളും പത്രങ്ങളും

ആധുനികശാസ്ത്രപ്രചാരണത്തിന് തുടക്കമിട്ടത് മിഷണറിമാരായിരുന്നെങ്കിലും ആ ഉദ്യമം മുന്നോട്ടുകൊണ്ടുപോവുന്നതിൽ പ്രമുഖപങ്കുവഹിച്ചത് ഇവിടെ രൂപപ്പെട്ട ആനുകാലികങ്ങളും പത്രങ്ങളുമായിരുന്നു. അച്ചടിയുടെ പ്രചാരമാണ് പത്രമാസികകൾ യാഥാർത്ഥ്യമാക്കിയത്. പത്രമാസികകളുടെ പ്രചാരമാകട്ടെ, ഭാഷാഗദ്യത്തിന്റെ വളർച്ച, വിവിധ സാഹിത്യരൂപങ്ങളുടെ വളർച്ച, പൊതുമണ്ഡലത്തിന്റെ വികാസം, കേരളദേശീയതയുടെ രൂപീകരണം എന്നിങ്ങനെ നിരവധി കാര്യങ്ങൾക്ക് കാരണമായി. മിഷണറി ആനുകാലികങ്ങൾ മതപരമായ ലക്ഷ്യങ്ങളോടെയാണ് പിറവിയെടുത്തതെങ്കിലും മലയാളഭാഷയുടെയും വൈജ്ഞാനികസാഹിത്യത്തിന്റെയും വളർച്ചയിൽ നിസ്തുലമായ പങ്കാണ് അവ വഹിച്ചതെന്ന് മുകളിൽ വിശദീകരിച്ചല്ലോ. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനമാകുമ്പോഴേക്കും, മിഷണറി പ്രസിദ്ധീകരണങ്ങളെത്തുടർന്ന് തദ്ദേശീയരുടെ നേതൃത്വത്തിൽ നിരവധിയായ ആനുകാലികങ്ങൾ മലയാളത്തിനു സ്വന്തമായി. അവയിൽ പലതും സാഹിത്യത്തിന് ഊന്നൽ നൽകുന്നവയായിരുന്നുവെങ്കിലും വൈജ്ഞാനികധാരയിൽപ്പെട്ട എത്രയോ രചനകൾ അവയിലൂടെ വെളിച്ചം കണ്ടു. അക്കാലത്ത് ഗ്രന്ഥരൂപത്തിൽ പ്രകാശനം ചെയ്യപ്പെട്ട രചനകളേക്കാൾ എത്രയോ ഇരട്ടിയായിരിക്കും ആനുകാലികങ്ങളിലൂടെ പുറത്തുവന്ന രചനകൾ.

ബഹുജനമാധ്യമങ്ങൾ എന്ന നിലയിലുള്ള ഇന്നത്തെ പത്രങ്ങളുടെയും ആനുകാലികങ്ങളുടെയുമൊക്കെ യഥാർത്ഥമുൻഗാമികൾ എന്നു വിശേഷിപ്പിക്കപ്പെടാവുന്നവ 1880 കൾ തൊട്ടാണ് പിറന്നുവീണത് (രാമകൃഷ്ണൻ 481). *കേരളമിത്രം* (1881– കൊച്ചി), *കേരളപത്രിക* (1884– കോഴിക്കോട്), *മലയാള മനോരമ* (1890– കോട്ടയം) എന്നിവയൊക്കെ പൊതുജനജിഹ്വകളായി ഉയർന്നുവന്നവയായിരുന്നു. ഇത്തരം പത്രങ്ങൾ വ്യവസ്ഥിതിയെ വിമർശനാത്മകമായി നോക്കിക്കാണുകയും ജനകീയപ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുവരികയും ചെയ്തപ്പോൾ ഒരു പുതിയ പൊതുമണ്ഡലം രൂപപ്പെട്ടുതുടങ്ങി. ജനകീയതയുടേതായ ഈ പൊതുമണ്ഡലം പുതിയൊരു ഗദ്യവ്യവഹാരത്തിന്റെ സൃഷ്ടിയാണെന്നും അതിനുപിന്നിൽ സാഹിത്യത്തിന്റെ മതേതരവൽക്കരണത്തിന്റെ ചരിത്രമുണ്ടെന്നും ഇ.വി. രാമകൃഷ്ണൻ നിരീക്ഷിക്കുന്നുണ്ട് (485). ആത്മീയപുസ്തകങ്ങൾക്ക് പ്രാമുഖ്യം കൽപ്പിച്ചിരുന്ന അച്ചടിരംഗം വൈജ്ഞാനികപുസ്തകങ്ങളിലേക്ക് തിരിയുന്നത് ഈ മതേതരവൽക്കരണത്തിന്റെ ഫലമായാണ്. ഒപ്പം, ആനുകാലികങ്ങൾ എല്ലാവർക്കും മനസ്സിലാവുന്ന ഗദ്യഭാഷയെ സാധ്യമാക്കുകയും, ഭാഷ, ലിപി, ശൈലി എന്നിവയിലെ

ല്ലാം മാനകീകരണം കൊണ്ടുവരികയും ചെയ്യുന്നുണ്ടെന്നും കാണാം. പലതായി ചിതറിക്കിടന്നിരുന്ന പ്രദേശങ്ങളിൽനിന്ന് കേരളമെന്ന അവബോധം വളർന്നുവരുന്നതിൽ നിരവധി ഘടകങ്ങൾ പങ്കുവഹിച്ചിട്ടുണ്ടെങ്കിലും അവയിൽ പ്രഥമവും പ്രധാനവുമായത് അച്ചടിയിലൂടെയുള്ള മലയാളവികാസവും അതിന്റെ അനുരണനങ്ങളുമായിരുന്നു. എഴുത്തും വായനയും വികസിച്ചപ്പോൾ അതിരുകൾ നേർത്തുവരികയും മലയാളി എന്ന ബോധവും മലയാളസംസ്കാരവും പ്രചരിക്കുകയും ചെയ്തു.

ആദ്യകാല മലയാള ആനുകാലികങ്ങൾ വിജ്ഞാനസാഹിത്യത്തിന് വലിയ പ്രാധാന്യം നൽകിയവയായിരുന്നു എന്നു കാണാം. ഭാഷയുടെയും സമൂഹത്തിന്റെയും വളർച്ചയിൽ വിജ്ഞാനത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞവരായിരുന്നു ഈ പ്രസിദ്ധീകരണങ്ങൾക്ക് പിന്നിൽ പ്രവർത്തിച്ചവർ (അനിൽകുമാർ, *സയൻസ് ജേർണലിസം വികാസവും പരിണാമവും* 9; ബാലകൃഷ്ണൻ, *വിജ്ഞാനമലയാളം* 25). "ബഹുജനങ്ങളിൽ വായിക്കേണ്ട പുസ്തകങ്ങൾ വായിക്കാനുള്ള അഭിരുചി ജനിപ്പിക്കുന്നതുകൊണ്ടല്ലാതെ പരിഷ്കാരവർധനവിനു മാർഗമില്ലാത്തതിനാൽ അതിന് ശാസ്ത്രപുസ്തകങ്ങളെക്കാൾ ഉപകരിക്കുന്നവയായി തൽക്കാലം മറ്റൊന്നുമില്ല" എന്ന പ്രസ്താവനയിൽ വിദ്യാവിനോദിനിയുടെ പത്രാധിപരായിരുന്ന സി. പി. അച്യുതമേനോൻ (1863–1937) അത് അടയാളപ്പെടുത്തുന്നുണ്ട്. *വിദ്യാവിലാസിനി* (ആരംഭം 1881),[11] *വിദ്യാവിനോദിനി* (1889), *ഭാഷാപോഷിണി* (1897), *നായർ* (1902), *ധന്വന്തരി* (1902), *രസികരഞ്ജിനി* (1903), *വിവേകോദയം* (1904), *ലക്ഷ്മീവിലാസം* (1906), *ഭാഷാവിലാസം* (1907), *സുജനവിനോദിനി* (1908), *വിദ്യാർത്ഥിപ്രതിമാസ പത്രിക* (1911), *വിജ്ഞാനരത്നാകരം* (1913), *വിജ്ഞാനചന്ദ്രിക* (1914), *മംഗളോദയം* (1917), *പൗരൻ* (1917), *കേരളകേസരി* (1918), *സർവീസ്* (1918), *വിദ്യാഭിവർധിനി* (1920), *ബഹുരസം* (1928), *വിജ്ഞാനഭണ്ഡാരം* (1928), *ദീപം* (1928), *വ്യവഹാരചിന്താമണി* (1929), *കേരളം* (1930), *വിജ്ഞാനസാഗരം* (1931), *ഗ്രാമീണൻ* (1931), *മലയാളരാജ്യം* (1931), *മാതൃഭൂമി ആഴ്ചപ്പതിപ്പ്* (1932) എന്നിങ്ങനെ വൈജ്ഞാനികവിഷയങ്ങൾ കൈകാര്യംചെയ്ത ആദ്യകാല ആനുകാലികങ്ങളുടെ നിര നീളുന്നു.

മലയാളത്തിലെ ആദ്യ സാഹിത്യമാസികയെന്ന് വിശേഷിപ്പിച്ചുപോരുന്ന *വിദ്യാവിലാസിനി* തന്നെ, "ഈ നാട്ടിലുള്ള സ്വദേശികളിൽ അധികം പേർക്ക് പലവിധമായ അറിവും ബുദ്ധിവികാസവും വിനോദവും സന്മാർഗപ്രവൃത്തികളിൽ അഭിരുചിയും" (അനിൽകുമാർ, *സയൻസ് ജേർണലിസം വികാസവും പരിണാമവും* 9) സൃഷ്ടിക്കുന്നതിനുവേണ്ടിയാണെന്ന പ്രസ്താവനയോടെയാണ് പുറത്തിറക്കുന്നത്. അറിവും ബുദ്ധിവികാസവും എന്ന്

ഒഴുക്കനായി പറയുകയായിരുന്നില്ല. ആമുഖക്കുറിപ്പിൽ തുടർന്ന് ഇങ്ങനെ വ്യക്തമാക്കുന്നു ണ്ട്: "ഈ പത്രികയിൽ സാധാരണയായി എഴുതപ്പെടുന്നത് ഭാഷാചരിത്രം, മൃഗചരിത്രം, പ്രകൃത്യനുകരണങ്ങളായ ഭൂമിശാസ്ത്രം, പ്രസിദ്ധിയുള്ള ആളുകളുടെ ചരിത്രം, സാധാരണ വർത്തമാനങ്ങൾ, സന്മാർഗപ്രകരണങ്ങൾ, പള്ളിക്കൂടം സംബന്ധമായ നിയമങ്ങൾ, കൃഷിശാസ്ത്രം, വാണിജ്യസംബന്ധമായ പ്രമാണങ്ങൾ, ശരീരസൗഖ്യത്തെ ഉദ്ദേശിച്ചുള്ള പ്രമേയങ്ങൾ, വൃക്ഷലതാദികളെ സംബന്ധിച്ച ശാസ്ത്രം, യന്ത്രസംബന്ധമായ ശാസ്ത്രം, ഭിന്നഗുണങ്ങളായ അണുക്കൾ തമ്മിൽ ചേർന്നുണ്ടാകുന്ന ഭേദങ്ങളെപ്പറ്റി പ്രതിപാദി ക്കുന്ന ശാസ്ത്രം ഇത്യാദി പ്രയോജനമുള്ള വിഷയങ്ങളാകുന്നു." (9; തോമസ് 106). സാഹി ത്യമാസികയെന്ന് വിശേഷിപ്പിക്കപ്പെട്ട വിദ്യാവിനോദിനിയും വൈജ്ഞാനിക ഉള്ളടക്ക ത്തിന് ആവശ്യമായ പ്രാധാന്യം നൽകി. "...ജനസാമാന്യത്തിന്നു വിദ്യയും തന്മൂലമായ പരിഷ്കാരവും വർദ്ധിക്കുന്നതിന്നു ഉപയോഗപ്പെടുന്നതായ പുസ്തകങ്ങൾ" ധാരാളമായി ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള ബോധ്യത്തിൽനിന്നാണ് വിദ്യാവിനോദി നിയും പിറവിയെടുക്കുന്നത്. ജനസാമാന്യത്തെ കൈപിടിച്ചുയർത്തേണ്ട വിദ്വാന്മാരുടെ ഉപേക്ഷകൊണ്ട് മലയാളം അപരിഷ്കൃതഭാഷയായി തുടരുന്നതായും, ഒരിക്കൽ അപരി ഷ്കൃതമായ അവസ്ഥയിൽ കിടന്നിരുന്ന ഇംഗ്ലീഷ്ഭാഷ വികസിച്ചത് അവിടുത്തെ വിദ്വാ ന്മാർ സ്വന്തം ഭാഷയിൽ എഴുതാൻ തുടങ്ങിയപ്പോഴാണ് എന്നതും പത്രാധിപർ ആദ്യലക്ക ത്തിലെ ആമുഖക്കുറിപ്പിൽ വ്യക്തമാക്കിയിരുന്നു (അച്യുതമേനോൻ.സി.പി 2). കൃത്യമായ ലക്ഷ്യബോധത്തോടെയാണ് ഇത്തരം പ്രസിദ്ധീകരണങ്ങൾക്ക് തുടക്കമിട്ടതെന്ന് വ്യ ക്തമാക്കുന്ന പ്രസ്താവനകളാണവ.

ഭാഷയുടെ വളർച്ചയിൽ ഭാഷാപോഷിണിസഭയും *ഭാഷാപോഷിണി* മാസികയും ചെയ്ത സേവനങ്ങൾ ചരിത്രത്തിൽ അടയാളപ്പെടുത്തപ്പെട്ടിട്ടുണ്ട്. ശാസ്ത്രപ്രചാരണത്തിന്റെ പ്രാ ധാന്യം ഉൾക്കൊണ്ടുകൊണ്ട് മറ്റ് സാഹിത്യശാഖകളോടൊപ്പം ശാസ്ത്രത്തിനും *ഭാഷാ പോഷിണി* പ്രാധാന്യം നൽകുകയുണ്ടായി (ബാലകൃഷ്ണൻ, *മലയാള ശാസ്ത്രസാഹിത്യപ്ര സ്ഥാനം- ഒരു പഠനം* 49). ആദ്യലക്കത്തിലെ ആദ്യലേഖനം തന്നെ ശാസ്ത്രവിഷയത്തെ മുൻനിർത്തിയാണ് *ഭാഷാപോഷിണി* തയ്യാറാക്കിയത്. രണ്ടാം ലക്കം മുതൽ 'വിദ്യാശാ സ്ത്രാദി വിഷയങ്ങളെ പ്രതിപാദിക്കുന്ന ഒരു മാസികാപുസ്തകം' എന്ന ഉപതലക്കെട്ടോടു കൂടിയാണ് ഭാഷാപോഷിണി പുറത്തിറങ്ങിയത്. മൂന്നാം പുസ്തകത്തിലെ 57 ലേഖനങ്ങ ളിൽ 20 ഉം ശാസ്ത്രസംബന്ധമായിരുന്നു (അനിൽകുമാർ, *സയൻസ് ജേർണലിസം വികാസവും പരിണാമവും* 18). മാസികയിൽ പ്രസിദ്ധീകരിക്കപ്പെട്ട ശാസ്ത്രലേഖനങ്ങ ളുടെ വൈവിധ്യവും എണ്ണവും അതിനുപിന്നിൽ പ്രവർത്തിച്ചവരുടെ ഭാഷാപോഷണൗ

ത്സുക്യം വെളിപ്പെടുത്തുന്നതാണ് (ബാലകൃഷ്ണൻ, *മലയാള ശാസ്ത്രസാഹിത്യപ്രസ്ഥാനം–ഒരു പഠനം* 49). രസതന്ത്രം, ജ്യോതിശ്ശാസ്ത്രം, ഭൗതികശാസ്ത്രം, ചരിത്രം, വിദ്യാഭ്യാസം, ഭാഷാശാസ്ത്രം തുടങ്ങിയ മേഖലകൾക്ക് ഭാഷാപോഷിണി ഇടം നൽകിയിരുന്നു. നിരന്തരമായി വൈജ്ഞാനികലേഖനങ്ങൾ ഉൾപ്പെടുത്തുന്നതോടൊപ്പം ശാസ്ത്രപുസ്തകങ്ങൾ മലയാളത്തിൽ വലിയതോതിൽ ഉണ്ടാവേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും അതിനു കൈക്കൊള്ളേണ്ട നടപടികളെക്കുറിച്ചും ചർച്ചചെയ്യാനും *ഭാഷാപോഷിണി* തുനിഞ്ഞു. പൈലോപോൾ തയ്യാറാക്കിയ ഗ്ലോസറിയുടെ പ്രസിദ്ധീകരണം, തിരുവിതാംകൂർ പാഠപുസ്തക കമ്മിറ്റി തയ്യാറാക്കിയ പാഠപുസ്തകങ്ങളുടെ പഠനം എന്നിങ്ങനെയുള്ളവയും *ഭാഷാപോഷിണി*യിൽ ഇടം കണ്ടെത്തി.

സാഹിത്യപ്രധാനങ്ങളായ ആനുകാലികങ്ങളിലെ വൈജ്ഞാനിക ഉള്ളടക്കം മാത്രമായിരുന്നില്ല ഈ കാലഘട്ടത്തിന്റെ മുഖമുദ്ര. സവിശേഷവിഷയങ്ങളിൽ ഊന്നിക്കൊണ്ടുള്ള പ്രത്യേകപ്രസിദ്ധീകരണങ്ങളും പിറവിയെടുത്തു. നിർദിഷ്ടമേഖലകളുടെ വളർച്ചയാണ് ഇത്തരം സവിശേഷപ്രസിദ്ധീകരണങ്ങളുടെ പിറവിയിലേക്ക് നയിക്കുന്നത്. മലയാളത്തിലെ ഒന്നാമത്തെ വൈദ്യശാസ്ത്രമാസികയെന്ന് വിശേഷിപ്പിക്കപ്പെട്ട *ധന്വന്തരി*, ധനശാസ്ത്രമാസികയെന്ന് വിശേഷിപ്പിക്കപ്പെട്ട *ലക്ഷ്മീവിലാസം*, വ്യവസായത്തിനും കൃഷിക്കും പ്രാധാന്യം കൊടുത്ത *വ്യവസായചന്ദ്രിക*, കൃഷി, കൈത്തൊഴിൽ, കച്ചവടം എന്നിവയ്ക്ക് പ്രാധാന്യം കൊടുത്ത *തൊഴിലാളി*, *കേരളീയവ്യവസായമിത്രം* എന്നിവ, ആദ്യത്തെ കൃഷിമാസികയെന്ന് വിശേഷിപ്പിക്കപ്പെടുന്ന *കൃഷിക്കാരൻ*, *തിരുവിതാംകൂർ കർഷക ത്രിമാസിക*, *തിരുവിതാംകൂർ കൃഷി വ്യവസായ മാസിക*[12], *കൃഷി വ്യവസായ ദർപ്പണം*, മനശ്ശാസ്ത്രപ്രധാനമായ ഉള്ളടക്കത്തിന് മുൻഗണന നൽകിയ *വിജ്ഞാനചന്ദ്രിക*, ലോകവാർത്തയ്ക്കും വിജ്ഞാനത്തിനും മുൻഗണന നൽകിയ *വിജ്ഞാനസാഗരം* എന്നിവയെല്ലാം ഉദാഹരണങ്ങളാണ്. മലയാളത്തിലെ ആദ്യത്തെ വനിതാമാസികയെന്ന് വിശേഷിപ്പിക്കപ്പെടുന്ന *കേരളീസുഗുണബോധിനി* സ്ത്രീകളുടെ ജ്ഞാനവർധനവിനും വിനോദത്തിനുമായാണ് വിഭാവനം ചെയ്തിരുന്നത്. വൈജ്ഞാനികവിഷയങ്ങളിലുള്ള ലേഖനങ്ങളും കുറിപ്പുകളും സുഗുണബോധിനിയിൽ വെളിച്ചംകണ്ടു. ഒന്നാം ലക്കത്തിലെ ഉള്ളടക്കത്തിൽ 'ദഹനേന്ദ്രിയങ്ങൾ', 'ഗ്രഹണം', 'പ്രാചീനാര്യാവർത്തം', 'ദ്രവ്യത്തിന്റെ മൂന്ന് സ്ഥിതിഭേദങ്ങൾ' എന്നീ വൈജ്ഞാനികലേഖനങ്ങൾക്കുപുറമെ, പലവക എന്ന വിഭാഗത്തിൽ 'ഇംഗ്ലണ്ടിലെ സെൻസസ്സ്', 'ഗുണ്ടർട്ട് നിഘണ്ടു', 'മലയാളഭാഷയിൽ നടപ്പിലിരിക്കുന്ന ഹിന്ദുസ്ഥാനി', 'പേർഷ്യൻ അറബിവാക്കുകളിൽ ചിലത്' എന്നീ കുറിപ്പുകളുമുണ്ടായിരുന്നു (പ്രിയദർശനൻ 18).

ആനുകാലികങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ട രചനകളിൽ കുറെയൊക്കെ പിന്നീട് പുസ്തകരൂപത്തിലേക്ക് മാറുകയും ചെയ്തു. തിരുവനന്തപുരത്തെ ബി. വി. ബുക്ക് ഡിപ്പോ പ്രസിദ്ധീകരിച്ച *ഗദ്യമാലിക*യെന്ന ഗ്രന്ഥപരമ്പരയിൽ *വിദ്യാവിനോദിനി, രസികര ഞ്ജിനി, ഭാഷാപോഷിണി*തുടങ്ങിയ മാസികകളിലെ ഇനങ്ങൾ ഉൾപ്പെട്ടിരുന്നു (രാമവർമ, *ഗദ്യമാലിക വിശിഷ്ട ഗദ്യപ്രബന്ധങ്ങൾ– ഒന്നാം ഭാഗം; ഗദ്യമാലിക വിശിഷ്ട ഗദ്യ പ്രബന്ധങ്ങൾ– മൂന്നാം ഭാഗം*).[13] അക്കാലത്തെ ആനുകാലികങ്ങളെല്ലാംതന്നെ ശാസ്ത്രപത്രപ്രവർത്തനത്തെ സാഹിത്യത്തിന്റെ ഒരു വകഭേദമായിത്തന്നെയാണ് കണ്ടതെന്ന് പറയാം (ഷിജു സാം വറുഗീസ് 590). പി. ഭാസ്കരനുണ്ണിയാകട്ടെ, പത്തൊ മ്പതാം നൂറ്റാണ്ടിൽ, മലയാളത്തിന്റെ വിജ്ഞാനവും മനസ്സും പരിമിതികളെ മുറിച്ചുക ടന്നുകൊണ്ട് ചക്രവാളങ്ങൾക്കപ്പുറത്തേക്ക് പറന്നുതുടങ്ങിയതായി നിരീക്ഷിക്കുന്നു. "ശാസ്ത്ര–സാങ്കേതികവിജ്ഞാനം നൽകിയ അപൂർവസിദ്ധികൾ മലയാളക്കര, അൽപ്പം അറപ്പോട്ടും ഭീതിയോട്ടും സംശയത്തോട്ടുംകൂടിയാണെങ്കിലും കൗതുകപൂർവം നോക്കിക്കാ ണുകയും മെല്ലെമെല്ലെ അതിന്റെ ആകർഷണവലയത്തിൽപ്പെട്ടു പുളകംകൊള്ളുകയും ചെയ്തു"(*പത്തൊൻപതാം നൂറ്റാണ്ടിലെ കേരളം* 1124).

മറ്റൊരു പ്രത്യേകത എടുത്തുപറയേണ്ടത്, ഇന്നത്തേതിൽനിന്ന് വ്യത്യസ്തമായി അക്കാലത്തെ പ്രമുഖരായിരുന്ന സാഹിത്യകാരന്മാർതന്നെ ശാസ്ത്രമെഴുതാൻ തയ്യാറാ യിരുന്നു എന്നതാണ്. കേരളവർമയും ഉള്ളൂരും കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനും രാജരാജവർമയും സ്വദേശാഭിമാനിയുമെല്ലാം ശാസ്ത്രമെഴുതുന്നവർ കൂടിയായിരുന്നു. ആദ്യകാലത്തെ പത്രങ്ങളും വൈജ്ഞാനിക ഉള്ളടക്കത്തിന് പ്രാമുഖ്യം നൽകിയിരുന്നു. *മലയാളമനോരമയും മാതൃഭൂമിയും ദേശാഭിമാനി* യുമൊക്കെ ശാസ്ത്രവിജ്ഞാനപ്രചാ രണത്തിൽ വലിയ പങ്കുവഹിച്ച പത്രങ്ങളാണ്. പത്രങ്ങളിലൂടെയും ആനുകാലികങ്ങളിലൂ ടെയും ശാസ്ത്രമെഴുതാൻ കഴിയുന്ന എഴുത്തുകാരുടെ നിരയും ശാസ്ത്രം പ്രതിപാദിക്കാൻ കഴിയുന്ന ഒരു ഭാഷാരൂപവും രൂപപ്പെടുകയാണുണ്ടായത്.

## 2.5 പാഠപുസ്തകങ്ങൾ

ഭാഷയുടെ വൈജ്ഞാനികതലത്തെ നേരിട്ടും അല്ലാതെയും സ്വാധീനിക്കുന്നവയാണ് പാഠപുസ്തകങ്ങൾ. വിവിധ കാലങ്ങളിലും വിവിധ തലങ്ങളിലുമായി മലയാളത്തിൽ പുറ ത്തിറങ്ങിയ പാഠപുസ്തകങ്ങൾ ഇനിയും വിശദമായി പഠിക്കപ്പെട്ടിട്ടില്ല. ലിഖിതപാഠങ്ങളി ല്ലാതെ ചൊല്ലിപ്പഠിക്കുന്ന ആദ്യകാലവിദ്യാഭ്യാസ സമ്പ്രദായത്തെപ്പറ്റിയും പിന്നീട് പാഠ

പുസ്തകങ്ങൾ നിർമിക്കാൻ മിഷണറിമാരുടെ കാലത്തുനടന്ന ശ്രമങ്ങളെപ്പറ്റിയും നേര ത്തേ വിശദീകരിക്കുകയുണ്ടായി. 1817 ൽ ഗൗരി പാർവതി ബായിയുടെ നീട്ട് തിരുവിതാം കൂറിലെ വിദ്യാഭ്യാസത്തിന്റെ ചുമതല സർക്കാരിന്റേതാക്കി മാറ്റി. അധ്യാപകനിയമനം, അവർക്കുള്ള ശമ്പളം, സ്കൂളുകൾ പരിശോധിക്കാനുള്ള ഇൻസ്പെക്ടർമാർ തുടങ്ങിയ വയൊക്കെ ഉറപ്പാക്കിയെങ്കിലും വലിയൊരു പോരായ്മ നിലനിൽക്കുന്നതായി റാണി മനസ്സിലാക്കി. "... അറിവാൻ തക്കവണ്ണം പിള്ളരെ പള്ളിക്കൂടത്തിൽ പഠിപ്പിപ്പാൻ മലയാ ന്മഭാഷയിൽ ഗ്രന്ഥങ്ങൾ ഇല്ലായ്കകൊണ്ടും..."(1069) എന്ന ഈ തിരിച്ചറിവാണ് 1818 ലെ നീട്ടിലൂടെ അത് പരിഹരിക്കാനുള്ള ശ്രമങ്ങളിലേക്ക് നയിക്കുന്നത്.[14] ഈ നീട്ടി ലൂടെ രൂപപ്പെട്ടതായിരുന്നു മലയാളത്തിലെ ആദ്യ പാഠപുസ്തക കമ്മിറ്റി. പന്തളം സുബ്ര ഹ്മണ്യശാസ്ത്രികളും അയ്യാസ്വാമികളുമാണ് പാഠപുസ്തകം തയ്യാറാക്കാൻ നിയോഗിക്ക പ്പെട്ടത്. സംസ്കൃതകേന്ദ്രിതമായിരുന്ന പാഠപുസ്തകസങ്കൽപ്പത്തിൽനിന്നും നാട്ടുമലയാ ളത്തിലേക്കുള്ള ഈ ചുവടുവെപ്പിനെ മലയാളഭാഷയുടെ മാഗ്നാകാർട്ട എന്ന് വിശേഷി പ്പിക്കാം (ശ്രീജിത്ത് 20). എങ്കിലും സ്മൃതികളെയും പുരാണങ്ങളെയും കേന്ദ്രീകരിച്ചായിരി ക്കണം പാഠപുസ്തകത്തിന്റെ നിർമാണം എന്നാണ് റാണി നിർദേശം നൽകിയത്. ഈ പാഠപുസ്തകം യാഥാർത്ഥ്യമായോ എന്നതിന് തെളിവുകൾ ലഭിച്ചിട്ടില്ല. ഒരുപക്ഷേ, അച്ചടി രൂപത്തിലായിരിക്കില്ല അതു തയ്യാറാക്കിയത് എന്നുവേണം കരുതാൻ. ഗൗരി പാർവതി ബായി തുടക്കമിട്ട വിദ്യാഭ്യാസ സമ്പ്രദായം പതുക്കെ വിസ്മൃതിയിലാവുകയും തിരുവി താംകൂറിൽ ഇംഗ്ലീഷ് വിദ്യാലയങ്ങൾ വലിയതോതിൽ വരികയും ചെയ്തു. അവിടങ്ങളിൽ ഉപയോഗിച്ചിരുന്നതാകട്ടെ മിഷണറി പാഠപുസ്തകങ്ങളാണ്.

ആയില്യം തിരുനാളിന്റെ ഭരണകാലത്ത് 1867 ൽ ദിവാൻ മാധവരായരുടെ ഉത്സാ ഹത്തിൽ മലയാളവിദ്യാഭ്യാസത്തിനായി ഒരു പ്രത്യേക ഡിപ്പാർട്ട്മെന്റുതന്നെ രൂപീ കൃതമായി. വുഡ്സ് ഡിസ്പാച്ചിനെ (1854) തുടർന്ന് ഇന്ത്യയിലാകമാനം പ്രാദേശി കഭാഷാ വിദ്യാഭ്യാസത്തിന് മുൻഗണന കിട്ടിക്കൊണ്ടിരുന്ന കാലമായിരുന്നു അത്. 1867 ൽ തന്നെയാണ് മലയാളത്തിലെ രണ്ടാമത്തെ പാഠപുസ്തക കമ്മിറ്റി രൂപീകൃതമാ യതും. കമ്മിറ്റിയുടെ ഘടനതന്നെ[15] അതിന്റെ സുഗമമായ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിച്ച വേളയിലാണ് കേവലം ഇരുപത്തിരണ്ടു വയസ്സുകാരനായ കേരളവർമ പാഠ പുസ്തക കമ്മിറ്റിയിലേക്ക് ഉൾപ്പെടുത്തപ്പെട്ടത്. ഒരു വർഷം പിന്നിട്ടപ്പോൾ അണ്ണാജിരാ യരുടെ മരണം കേരളവർമയെ പാഠപുസ്തക കമ്മിറ്റിയുടെ അധ്യക്ഷസ്ഥാനത്തേക്ക് ഉയർത്തി. മലയാളഭാഷയുടെ വൈജ്ഞാനികതലം വർധിപ്പിക്കുന്നതിൽ പാഠപുസ്തക കമ്മിറ്റിയും, വിശിഷ്യാ കേരളവർമയും, വഹിച്ച അദ്വിതീയമായ പങ്കിനെ പലരും ചൂണ്ടി

ക്കാണിച്ചിട്ടുണ്ട് (ഭാസ്കരനുണ്ണി 1070; ശ്രീജിത്ത് 25; എ. എൻ. നമ്പൂതിരി, "ശാസ്ത്രസാഹിത്യം" 779; ഗോവിന്ദപ്പിള്ള, "ശാസ്ത്രസാഹിത്യം" 951; ബാലകൃഷ്ണൻ, *വിജ്ഞാനമലയാളം* 37; ഷിജു സാം വറുഗീസ് 589). മലയാള പാഠാവലികൾ[16], ചരിത്രം, ഭൂമിശാസ്ത്രം, ഗണിതം, ആരോഗ്യശാസ്ത്രം, ധനശാസ്ത്രം, സന്മാർഗപഠനം എന്നിങ്ങനെ ഏഴ് മേഖലകളിലായുള്ള പാഠപുസ്തകങ്ങളാണ് സമിതി തയ്യാറാക്കിയത്. ഒരു വ്യക്തിക്ക് ഒരു പ്രസ്ഥാനത്തെപ്പോലെ പ്രേരണാശക്തി ചെലുത്തുവാൻ കഴിഞ്ഞതിന്റെ ഉദാഹരണമാണ് കേരളവർമ (ആന്റണി 661). സമിതി എന്ന നിലയിലുള്ള പ്രവർത്തനം എന്നതിലുപരിയായി കേരളവർമയുടെ വ്യക്തിപരമായ ശ്രമമായിരുന്നു പുസ്തകങ്ങൾക്ക് പിറകിൽ.

*കണക്കുപുസ്തകം, ക്ഷേത്രവ്യവഹാരം* (പരിഭാഷ), *തിരുവിതാംകൂർ ചരിത്രം* (പരിഭാഷ), *ഇന്ത്യാചരിത്രം, ഇന്ത്യാചരിത്ര കഥകൾ* (ആശയാനുകരണം), *ഇംഗ്ലണ്ട ചരിത്രം* (പരിഭാഷ), *ലോകത്തിന്റെ ശൈശവാവസ്ഥ* (പരിഭാഷ), *ധനതത്വനിരൂപണം* (പരിഭാഷ), *തിരുവിതാംകോട് സംസ്ഥാനത്തെ ഭൂവിവരണം* (പരിഭാഷ), *ഇന്ത്യാവിവരണം* (പരിഭാഷ), *പദ്യപാഠാവലി* (ഏഴ് വാല്യങ്ങൾ)[17], *മഹച്ചരിതസംഗ്രഹം, സന്മാർഗസംഗ്രഹം, സന്മാർഗവിവരണം, സന്മാർഗപ്രദീപം, യുവാക്കന്മാരോടുള്ള ഉപദേശങ്ങൾ* തുടങ്ങിയ പുസ്തകങ്ങളും പാഠാവലികളോടൊപ്പം പ്രസിദ്ധീകരിച്ചു. നേരത്തെ വിശദീകരിച്ച *ബാലഭൂഷണ*വും കമ്മിറ്റി പ്രസിദ്ധീകരിച്ചതാണ്. യൂക്ലിഡിന്റെ *ജ്യോമട്രി* പുസ്തകത്തിന്റെ തർജമയായിരുന്നു *ക്ഷേത്രവ്യവഹാരം*. വിദ്യാഭ്യാസം ഭാഷാപഠനത്തിൽ മാത്രം ഒതുങ്ങിപ്പോവരുതെന്ന് കരുതിയ കേരളവർമ പാഠാവലികളിൽ വൈജ്ഞാനികമായ ഉള്ളടക്കം ധാരാളമായി ഉൾപ്പെടുത്തി. മൂന്നാം പാഠത്തിൽ ഐസക് ന്യൂട്ടൺ, ബെഞ്ചമിൻ ഫ്രാങ്ക്ളിൻ തുടങ്ങിയവരുടെ ജീവചരിത്രവും ഭൂതക്കണ്ണാടി, രോഗാണുക്കൾ, ജലദോഷം തുടങ്ങിയ വിഷയങ്ങളും ഉൾപ്പെടുത്തിയതായി കാണാം (മൂസ്സത്, "വൈജ്ഞാനികസാഹിത്യം" 92). ഇത് അവിചാരിതമായി സംഭവിച്ച ഒന്നായിരുന്നില്ലെന്ന് *വിജ്ഞാനമഞ്ജരി*യിൽ വിദ്യാഭ്യാസത്തെക്കുറിച്ച് കേരളവർമ എഴുതിയ കുറിപ്പ് കൃത്യമായി അടയാളപ്പെടുത്തുന്നുണ്ട്. "സ്വാർത്ഥമായും പരാർത്ഥമായും ഉള്ള എല്ലാ ലൗകികപ്രവൃത്തികളെയും ന്യായത്തോടും സാമർത്ഥ്യത്തോടും ധീരോദാത്തതയോടും കൂടി പ്രവർത്തിക്കുന്നതിന്നു യാതൊന്നാണോ മനുഷ്യനെ ശക്തനാക്കിത്തീർക്കുന്നു അതിനെയാണ് ഞാൻ പൂർണമായ വിദ്യാഭ്യാസം എന്നു പറയുന്നത്" (*വിജ്ഞാനമഞ്ജരി* 3). സംസ്കൃതഭാഷ പഠിക്കുകയാണ് വിദ്യാഭ്യാസമെന്ന് കരുതുന്നവരോട് അദ്ദേഹം ഇങ്ങനെ വിശദീകരിക്കുന്നുണ്ട്: 'ജ്ഞാനത്തെയാണ് വിദ്യാഭ്യാസം എന്ന് പറയേണ്ടത്. ഭാഷയെന്നത് ജ്ഞാനത്തെ ബുദ്ധിയിലേക്ക് പ്രവേശിപ്പിക്കാനുള്ള ഉപാ

യമാണ്. ലോകത്തിലുള്ള എല്ലാ ഭാഷയും അറിഞ്ഞിട്ട് കാര്യമില്ല; ആ ഭാഷകളിലുള്ള ജ്ഞാനത്തെ അറിയാൻ കഴിയുന്നില്ലെങ്കിൽ.'

തന്റെ സാഹിത്യകൃതികളിൽ കഠിനസംസ്കൃതപദങ്ങൾ ഉപയോഗിച്ചിരുന്ന കേരളവർമ പാഠപുസ്തകങ്ങൾ ലളിതമലയാളത്തിലാണ് തയ്യാറാക്കിയത്. *ഗദ്യമാലിക*യുടെ ഒന്നാം ഭാഗത്തിനെഴുതിയ അവതാരികയിൽ മലയാളത്തിൽ ഗദ്യകൃതികൾ കൂട്ടതലായി ഉണ്ടാവേണ്ടതിന്റെ പ്രാധാന്യം ചൂണ്ടിക്കാട്ടിയതിനുശേഷം നിലവിലുള്ള അവസ്ഥയെ മുൻനിർത്തി, ഗദ്യമെഴുത്തുകാർ ധാരാളമായി ഉണ്ടായിവന്നെങ്കിലും 'സാരള്യം, പ്രൗഢത, ഗാംഭീര്യം, പ്രസാദം, കാന്തി, ഔജ്ജ്വല്യം, ഓജസ്സ് ' തുടങ്ങിയ ഗുണങ്ങളോടുകൂടിയ ഗദ്യം ഇനിയും സാർവത്രികമായിട്ടില്ല എന്ന് കേരളവർമ നിരീക്ഷിക്കുന്നുണ്ട് (രാമവർമ, *ഗദ്യമാലിക വിശിഷ്ട ഗദ്യപ്രബന്ധങ്ങൾ- ഒന്നാം ഭാഗം* 1). *സന്മാർഗസംഗ്രഹം, വിജ്ഞാനമഞ്ജരി, സന്മാർഗപ്രദീപം* മുതലായവയിലെ കേരളവർമയുടെ 'അനപലപനീയമായ ഭാഷാരീതി ആസ്വദിക്കുവാൻ ഇടവന്നിട്ടില്ലാത്തവർ അപൂർവമായിരിക്കു'മെന്ന് ഉള്ളൂർ സാക്ഷ്യപ്പെടുത്തി (*വിജ്ഞാനദീപിക (ഒന്നാം ഭാഗം)* 274). സംസ്കൃതത്തിലും ഇംഗ്ലീഷിലും അഗാധമായ പാണ്ഡിത്യമുണ്ടായിട്ടും കുട്ടികളുടെ അധ്യയനമാധ്യമം മാതൃഭാഷയിലായിരിക്കണമെന്ന നിലപാട് ഉയർത്തിപ്പിടിച്ച വ്യക്തിയായിരുന്നു കേരളവർമ. കേരളവർമ പദ്യത്തിലുപരി ഗദ്യത്തിന് പ്രാമുഖ്യം കൊടുത്തതിലും, ലളിതമായ ഗദ്യമാതൃക സൃഷ്ടിച്ചതിലും പ്രധാനമായി മറ്റൊരു കാര്യമുണ്ട്. പാഠപുസ്തകങ്ങളിലെ ഉള്ളടക്കത്തിൽനിന്ന് മതവിഷയങ്ങളെ മാറ്റിനിർത്തി എന്നതാണത് (ഗംഗാധരൻ നായർ 73; രാമകൃഷ്ണൻ 486; Sreejith 252). ദേശചരിത്രങ്ങളെയും നീതിയെയും ലോകസ്വഭാവത്തെയും ഭൂഗോളശാസ്ത്രത്തെയും കണക്കുശാസ്ത്രത്തെയും മറ്റുമാണ് കുട്ടികളിലേക്ക് പകരേണ്ടത് എന്ന ബോധ്യത്തിലുറച്ചുള്ള ഒരു മാറ്റമായിരുന്നു അത്. പഞ്ചതന്ത്രം കഥകൾപോലും പാഠപുസ്തകങ്ങളിൽനിന്ന് മാറ്റിനിർത്തപ്പെട്ടിരുന്നു. അതുകൊണ്ടുതന്നെ അതുവരെയുള്ള പാഠപുസ്തകങ്ങളിൽനിന്ന് കേരളവർമയുടെ പാഠപുസ്തകങ്ങളെ ഒരു വിട്ടുതലായി കണക്കാക്കാം.

രാജകോപത്തിനിരയായി കേരളവർമ തടവിലായപ്പോൾ ബുക്കുകമ്മിറ്റി പ്രവർത്തനങ്ങളിൽ തടസ്സം നേരിട്ടു. വിശാഖം തിരുനാളിന്റെ കാലത്ത് ബുക്കുകമ്മിറ്റി പുനരുജ്ജീവിപ്പിക്കുകയും കേരളവർമയെ വീണ്ടും അധ്യക്ഷസ്ഥാനത്തേക്ക് കൊണ്ടുവരികയും ചെയ്തു (1880ൽ). പിന്നീട് അധികാരത്തിൽവന്ന ശ്രീമൂലം തിരുനാളിന്റെ കാലത്ത് ബുക്കുകമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ശോഷിച്ചുപോവുകയാണുണ്ടായത്. പ്രവർത്തനം ശക്തിപ്പെടുത്താൻ കേരളവർമ നൽകിയ നിർദേശങ്ങൾ ദിവാൻ ശങ്കരസുബ്ബയ്യർ സ്വീകരിച്ചില്ല (ഗംഗാധരൻ നായർ 226).

വിശാഖം തിരുനാൾ ഗദ്യപുസ്തകങ്ങൾ വർധിപ്പിക്കുന്നതിനുവേണ്ടി പ്രത്യേകം ഫണ്ട് നീക്കിവെക്കുകയും ഇംഗ്ലീഷിൽനിന്ന് പുസ്തകങ്ങൾ തർജമ ചെയ്യാൻ വെർണാക്കുലർ ലിറ്ററേച്ചർ സൊസൈറ്റിയെ ഏൽപ്പിക്കുകയും ചെയ്തെങ്കിലും അത്തരത്തിലുള്ള പുസ്തകങ്ങൾ ലഭ്യമായതായി കാണുന്നില്ലെന്ന് (ഭാസ്കരനുണ്ണി 1068) നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. വേർക്കാട്ട് അച്യുതപ്പണിക്കർ, അയ്മനം ജോൺ, മേക്കുന്നത്ത് കുഞ്ഞിക്കൃഷ്ണൻ നായർ, സി. എസ്. കൃഷ്ണയ്യർ, ജെ. എസ്. ദേവസഹായം, സുബ്രഹ്മണ്യയ്യർ, എം. എസ്. ഹരിഹരയ്യർ എന്നിവരൊക്കെ പാഠപുസ്തകനിർമാണത്തിൽ ഇടപെട്ടവരായിരുന്നു. ഇരുപതാം നൂറ്റാണ്ടിലെ ആദ്യപകുതിയിൽ വലിയതോതിൽ ഉപയോഗിക്കപ്പെട്ടിരുന്നത് ഇ. മാർഡൻ തയ്യാറാക്കി മാക്മില്ലൻ കമ്പനി അച്ചടിച്ച പുസ്തകങ്ങളായിരുന്നു (ശ്രീജിത്ത് 28). ഇന്ത്യ സ്വതന്ത്രയായതിനുശേഷം തിരുവിതാംകൂറിലെ സർക്കാർ മാതൃഭാഷകളായ മലയാളത്തിലും തമിഴിലും പാഠപുസ്തകങ്ങൾ നിർമിക്കാൻ വിദഗ്ധരായ അധ്യാപകരെയും വിദ്യാഭ്യാസപ്രവർത്തകരെയും ചേർത്തുകൊണ്ട് വിവിധ കമ്മിറ്റികളുണ്ടാക്കുകയും കമ്മിറ്റികൾ തയ്യാറാക്കുന്ന പുസ്തകങ്ങൾ പരിശോധിക്കുന്നതിന് എ. നാരായണൻ തമ്പി അധ്യക്ഷനായ ഒരു പ്രസാധകസമിതിയെ നിയമിക്കുകയും ചെയ്തതായി ("പ്രസ്താവന" i) ഒന്നാം ഫാറത്തിലേക്ക് തയ്യാറാക്കിയ അങ്കഗണിതം എന്ന പുസ്തകത്തിൽ കാണുന്നു.

കേരളവർമയുടെ നേതൃത്വത്തിൽ തയ്യാറാക്കിയ പാഠപുസ്തകങ്ങളെക്കുറിച്ചും അദ്ദേഹം മലയാളഗദ്യത്തിന് നൽകിയ സംഭാവനകളെക്കുറിച്ചും അന്വേഷണം നടത്തിയത് വി. ഗംഗാധരൻ നായരാണ്. മലയാളത്തിൽ ഇതഃപര്യന്തം പുറത്തിറങ്ങിയ പാഠപുസ്തകങ്ങളിലെ വൈജ്ഞാനികഉള്ളടക്കത്തിന്റെ വളർച്ചയെയും സ്വരൂപത്തെയും കുറിച്ച് വിശദമായ പഠനങ്ങൾ നടക്കേണ്ടതുണ്ട്.

## 2.6 സാങ്കേതികപദങ്ങൾക്കുള്ള ശ്രമങ്ങൾ

ആയുർവേദം, ഗണിതം, ജ്യോതിശ്ശാസ്ത്രം, വാസ്തുവിദ്യ തുടങ്ങിയ മേഖലകളിലെ സാങ്കേതികപദങ്ങളാണ് ആദ്യകാലങ്ങളിൽ കേരളത്തിൽ പ്രചാരത്തിലുണ്ടായിരുന്നത്. ഇത്തരം മേഖലകളിലൊക്കെ കേരളീയമായ ശാഖകളുണ്ടായിരുന്നതിനാൽ തനതായ പദങ്ങളും ഇവിടെ പ്രചരിച്ചിരുന്നു. കിഴികൾ, തളങ്ങൾ, വസ്തികൾ തുടങ്ങിയവയൊക്കെയുമായി ബന്ധപ്പെട്ട് സവിശേഷമായ സാങ്കേതികപദങ്ങൾ ഉപയോഗിച്ചുപോന്നിരുന്നു. ഇലക്കിഴി, എണ്ണത്തളം തുടങ്ങിയ വാക്കുകൾ ഉദാഹരണമാണ്. വാസ്തുവിദ്യാരംഗത്ത് പടിപ്പുര, കുളപ്പുര, തറവാട്, നാലുകെട്ട് തുടങ്ങിയ പദങ്ങൾ ഉദാഹരണമായെടുക്കാം

(വാസുക്കുട്ടൻ, "ആധുനിക ശാസ്ത്രവിഷയങ്ങളുടെ പ്രതിപാദനം മലയാളത്തിൽ" 39). 1862 ൽ പുറത്തിറങ്ങിയ *കണക്കധികാര*ത്തിൽ ഭിന്നിതങ്ങളെ ഉപയോഗിച്ച രീതി സി. കെ. മൂസ്സത് വിശദീകരിച്ചിട്ടുണ്ട്. $\frac{3}{4}$, $\frac{1}{2}$, $\frac{1}{4}$, $\frac{1}{8}$, $\frac{1}{16}$, $\frac{1}{20}$, $\frac{1}{40}$, $\frac{1}{80}$, $\frac{1}{160}$, $\frac{1}{320}$ എന്നിവയെ മുക്കാൽ, അര, കാല്, അരക്കാല്, മാകാണി, ഒരുമാ, അരമാ, കാണി, അരക്കാണി, മുന്തിരി എന്നിങ്ങനെ വിളിച്ചുപോന്നു. മാത്രമല്ല അതിന് താഴെയുള്ളവയെ കീഴ്കാൽ, കീഴര, കീഴരക്കാൽ, കീഴ്കാണി, കീഴ്മുന്തിരി എന്നും വിശേഷിപ്പിക്കാറുണ്ടായിരുന്നു (ഒരു സംഘം ലേഖകർ, *ശാസ്ത്രസാഹിത്യ പ്രസ്ഥാനം* 65).

ഭാഷാകൗടലീയത്തിൽ, സാങ്കേതികപദങ്ങൾ മിക്കവാറും തത്സമമായി നൽകുകയും അവയുടെ അർത്ഥം വിശദീകരിക്കുകയും ചെയ്യുന്ന രീതിയാണ് പിന്തുടർന്നിരുന്നത്. എന്നാൽ യുക്തിഭാഷാകാരൻ ആവശ്യത്തിനനുസരിച്ച് പദങ്ങളെ സൃഷ്ടിച്ചതായി കാണാം. ഉപപത്തി, കപാലം, കുട്ടാകാരം, വക്രഗതി, സമലംബചതുരശ്രം തുടങ്ങിയവ യുക്തിഭാഷയിലെ സാങ്കേതികപദങ്ങൾക്ക് ഉദാഹരണങ്ങളാണ്. 'ഭാഷയെപ്പോലെതന്നെ തുലോം ശ്ലാഘനീയമാണ് ഇതിലെ സാങ്കേതികസംജ്ഞാനിർമാണയുക്തിയും' എന്ന് യുക്തിഭാഷയുടെ വ്യാഖ്യാനത്തിന് എഴുതിയ അവതാരികയിൽ പി. ശ്രീധരമേനോൻ വ്യക്തമാക്കിയിട്ടുണ്ട്. 'വൃത്തഭാഗത്തിന്റെ ഏതാനുമൊരു ഭാഗത്തിന് ചാപം (arc, bow) എന്നും ചാപമൂലാഗ്രങ്ങളുടെ ഇടയ്ക്കുള്ള ഋജുരേഖയ്ക്കു ജ്യാ (chord, bowstring) വെന്നും ജ്യാമധ്യത്തിൽനിന്നു ചാപമധ്യാവധിയായ രേഖയ്ക്കു ശര (one of the two segments into which the chord divides the diameter perpendicular to it, arrow) മെന്നും നാമകരണം ചെയ്തിരിക്കുന്നത് എത്രത്തോളം അന്വർത്ഥമായിരിക്കുന്നുവെന്നു നോക്കുക' ("അവതാരിക" xvi). സങ്കീർണമായ ആശയങ്ങൾ അവതരിപ്പിക്കാൻ കഴിയുംവിധം ശക്തമായിരുന്നു മലയാളമെന്നതിന്റെ തെളിവാണ് യുക്തിഭാഷയെങ്കിലും ആ ദിശയിലല്ല പിന്നീട് മലയാളത്തിലെ ശാസ്ത്രഭാഷ മുന്നേറിയത് (അനിൽ and സുരേന്ദ്രൻ 42).

മിഷണറിമാർ ആധുനികശാസ്ത്രവിഷയങ്ങൾ മലയാളത്തിലേക്ക് കൊണ്ടുവന്നതോടെ നിരവധിയായ സാങ്കേതികപദങ്ങൾ ഭാഷയിലേക്ക് കടന്നുവന്നു. ആധുനിക വിദ്യാഭ്യാസത്തിന്റെ പ്രചാരം ഇതിന്റെ അളവ് വർധിപ്പിച്ചു. ആധുനികവിദ്യാഭ്യാസത്തിന് തുടക്കംകുറിച്ച സ്ഥാപനമെന്ന നിലയിൽ കോട്ടയം സി.എം.എസ്. കോളെജ്, സാങ്കേതികപദങ്ങളുടെ നിർമാണം, അവയുടെ നിർവചനങ്ങൾ, വിശദീകരണങ്ങൾ എന്നിവയുടെയെല്ലാം ഈറ്റില്ലമായിരുന്നു (ബാബു ചെറിയാൻ, "മലയാള സാങ്കേതികപദനിർമിതിയും വിഭക്തപദസംഗ്രഹവും" 4433). ഫ്രോൺമെയറുടെ *പ്രകൃതിശാസ്ത്ര*ത്തിൽ

അധ്യായനാമങ്ങളിലും പാഠഭാഗത്തും സാങ്കേതികപദങ്ങളുടെ ഇംഗ്ലീഷുവാക്കുകൾ ബ്രാക്കറ്റിൽ കൊടുത്തിരുന്നു. ഉദാഹരണമായി ഒന്നാം അധ്യായത്തിലെ ഉപശീർഷകങ്ങൾ ഇപ്രകാരമായിരുന്നു. 'വിസ്തരമ (വലിമ)-Extension', 'അനതിക്രമണം (അവ്യാപ്തത്വം)-Impenetrability', 'ബഹുരന്ധ്രത (സൂക്ഷ്മസുഷിരത്വം)-Porosity', 'വിഭജ്യത-Divisibility', 'സംലഗ്നാകർഷണം -Cohesion', 'സംശ്ലിഷ്ടത (പറ്റ്)-Adhesion', 'രോമാകർഷണം (കേശാകർഷണം)-Capillarity', 'നിഷ്കാരകത്വം-Inertia', 'പൂർവസ്ഥിതിഗമ്യത (അയവു)-Elasticity', 'ഘനാകർഷണം-Gravity', 'ഘനാകർഷണകേന്ദ്രം-Centre of gravity'(മുരളീധരൻ, കാലത്തെ സാക്ഷിയാക്കി 'പ്രകൃതിശാസ്ത്രം'). *ശരീരശാസ്ത്ര*ത്തിൽ 'വായകത്തു പല്ലുകളും നാവും രക്തത്തിൽനിന്നു ഉമിനിരിനെ വേർത്തിരിക്കുന്ന മൂന്നു ജോഡു ലാലോല്പാദകമണികളും ഉണ്ടു' എന്ന വാചകത്തിലെ ലാലോല്പാദക മണികൾ എന്നതിന് അടിക്കുറിപ്പായി Salivary glands എന്ന് നൽകിയതു കാണാം. ഇത്തരത്തിൽ സാങ്കേതികപദങ്ങളുടെ ഇംഗ്ലീഷ്മൂലം അടിക്കുറിപ്പായി അതത് പേജിൽത്തന്നെ ഉൾപ്പെടുത്താൻ ഗ്രന്ഥകാരൻ ശ്രദ്ധിച്ചിരുന്നു. രക്തവട്ടോട്ടം (Circulation), രക്തയോഗം (Substance of the blood), നാരൻപശ (Fibrin), രക്തകണങ്ങൾ/ചോരയണുക്കൾ (Blood discs), നിണനീര് (Serum) എന്നിവയൊക്കെ ശരീരശാസ്ത്രത്തിലെ സാങ്കേതികപദങ്ങൾക്ക് ഉദാഹരണമാണ്.

സാങ്കേതികപദങ്ങളുടെ നിരയിലേക്ക് സംഭാവന നൽകിയ മിഷണറിമാരുടെ കൂട്ടത്തിൽ എടുത്തുപറയേണ്ടവർ ബെഞ്ചമിൻ ബെയിലി, ഹെർമൻ ഗുണ്ടർട്ട്, ജോർജ് മാത്തൻ, ജോൺ ഹോക്സ്‌വർത്ത് തുടങ്ങിയവരാണ്. സസ്യങ്ങളുടെ ശാസ്ത്രനാമം ബെയിലിയുടെ മലയാളം- ഇംഗ്ലീഷ് നിഘണ്ടുവിൽ ചേർത്തിരുന്നുവെന്നും ഭാഷാവിജ്ഞാനീയത്തിലെ നിരവധി സാങ്കേതികപദങ്ങൾ ബെയിലി നിഘണ്ടുവിൽ കാണാമെന്നും ചെറിയാൻ വ്യക്തമാക്കിയിട്ടുണ്ട്. മറ്റു വൈജ്ഞാനികവിഷയങ്ങൾ അന്നേക്ക് ഇവിടെ വലിയതോതിൽ വ്യാപിക്കാതിരുന്നതിനാലാവാം ബെയിലിയുടെ നിഘണ്ടുവിൽ അവയിൽ നിന്നുള്ള സാങ്കേതികപദങ്ങൾ അധികമില്ലാതെ പോയതെന്നും അദ്ദേഹം കരുതുന്നു ("മലയാള സാങ്കേതികപദനിർമിതിയും വിഭക്തപദസംഗ്രഹവും"4436). ഭൂമിശാസ്ത്രം, ചരിത്രം, ജ്യോതിശ്ശാസ്ത്രം തുടങ്ങിയ മേഖലകളിൽ നിരവധി പദങ്ങൾ ഗുണ്ടർട്ട് സംഭാവന ചെയ്തു. ജ്ഞാനനിക്ഷേപത്തിൽ നാലു ലക്കങ്ങളിലായി പ്രസിദ്ധീകരിച്ച 'രസവാദശാസ്ത്രം' കെമിസ്ട്രിയെന്ന പഠനമേഖലയെ പരിചയപ്പെടുത്താനുള്ള ഉദ്യമമായിരുന്നു. മലയാളി മിഷണറിയായ ജോർജ് മാത്തൻ എഴുതിയ 'രസവാദശാസ്ത്രം' തുടക്കത്തിൽത്തന്നെ പുതിയ വാക്കുകളെ വായനക്കാർക്കായി പരിചയപ്പെടുത്തുന്നു

ണ്ട്. അംഗാരം (Carbon), പ്രകാശദം (Phosphorus), യവക്ഷാരവാഷ്പം (Nitrogen), അണുയോഗലയം (Decomposition) തുടങ്ങിയവയൊക്കെ മാത്തന്റെ സാങ്കേതികപദങ്ങൾക്ക് ഉദാഹരണങ്ങളാണ് ("മലയാളഗദ്യഭാഷാ വികാസവും ആധുനികശാസ്ത്രവും" 135). സങ്കൽപ്പനപരമായല്ല, വാക്കിന്റെ നിരുക്തം അനുസരിച്ചാണ് ജോർജ് മാത്തൻ പദരൂപീകരണം നടത്തിയിരുന്നത് (സ്മൃതി മോഹൻ 161). ഉദാഹരണമായി ഓക്സിജന് മാത്തൻ ഉപയോഗിച്ച അമ്ലകരബാഷ്പം എന്ന പദം പരിശോധിച്ചുനോക്കാം. ഗ്രീക്ക് ഭാഷയിലെ oxy, genes എന്നിവയിൽ നിന്നാണ് ഓക്സിജൻ എന്ന പദം രൂപപ്പെട്ടത്. ആ പദങ്ങൾക്ക് ആസിഡ് രൂപീകരണം (acid forming) എന്നാണ് അർത്ഥം. ഈ മൂലാർത്ഥത്തെയാണ് മാത്തൻ പിന്തുടർന്നത്. മലയാളത്തിലെ ആദ്യത്തെ സാങ്കേതികപദനിഘണ്ടുവായ ജോൺ ഹോക്സ്വർത്തിന്റെ വിഭക്തപദസംഗ്രഹത്തിൽ (1861), കലസൂത്രങ്ങളും വിദ്യകളും (Arts and Sciences) 51, ഗാത്രഭേദനം (Anatomy) 58, നക്ഷത്രവിദ്യ (Astronomy) 73, സസ്യവിദ്യ (Botany) 46, രസായനവിദ്യ (Chemistry) 61, ഭൂമിശാസ്ത്രം (Geography) 59, അക്ഷരവിദ്യ (Literature) 169, ഗണിതവിദ്യ (Mathematics) 110, യന്ത്രവിദ്യ (Mechanics) 65, ഖനിജവിദ്യ (Mineralogy) 60, പദാർത്ഥഗുണങ്ങൾ (Properties of Matter) 46, വേദസാരം (Theology) 80, ജന്തുവിദ്യ (Zoology) 37 എന്നിങ്ങനെ പതിമൂന്ന് വിഭാഗങ്ങളിലായി 915 പദങ്ങളാണ് ക്രമീകരിച്ചിരിക്കുന്നത്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനമാകുമ്പോഴേക്കും, വിദ്യാഭ്യാസം നേടിയ മലയാളികൾതന്നെ ആധുനിക വൈജ്ഞാനികഗ്രന്ഥരചനയിൽ ഏർപ്പെട്ടുതുടങ്ങി. *മലയാള ലഘുശാസ്ത്ര പാഠാവലി*യിൽ[18] ഉൾപ്പെട്ട് പുറത്തിറക്കിയ പുസ്തകങ്ങളുടെ അവസാനം പദാവലി ക്രോഡീകരിച്ച് നൽകുന്ന രീതി കാണാം. കൃഷ്ണൻ പണ്ടാലയുടെ *രസതന്ത്ര*വും[19] ടി.കെ.കൃഷ്ണമേനോന്റെ *ഭൂപ്രകൃതിശാസ്ത്ര*വുമൊക്കെ ഇതിനുദാഹരണങ്ങളാണ്. എഴുത്തുകാരിൽ പലർക്കും സാങ്കേതികപദങ്ങൾ ഒരു പ്രശ്നമായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഒടുക്കത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലുമായി സാങ്കേതികപദരൂപീകരണത്തിൽ ഗ്രന്ഥകാരന്മാർക്ക് നിർലോഭമായ സഹായങ്ങൾ നൽകിയത് രാജരാജവർമയാണ്. ഒ.എം.ചെറിയാനു പുറമെ കൃഷ്ണൻ പണ്ടാല, സ്വദേശാഭിമാനി രാമകൃഷ്ണപിള്ള തുടങ്ങിയവർ തങ്ങൾക്ക് എ. ആറിൽ നിന്ന് ലഭിച്ച സഹായങ്ങളെ രേഖപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷിൽനിന്ന് ശാസ്ത്രഗ്രന്ഥങ്ങൾ വിവർത്തനം ചെയ്യുന്നവർക്ക് 'ഭാഷയിൽ സാങ്കേതികശബ്ദങ്ങൾ നിർമിച്ചുകൊടുക്കുന്നതിൽ ഈ മഹാപണ്ഡിതൻ സദാ ജാഗരൂകനായിരുന്നു' എന്ന് കേരള സാഹിത്യചരിത്രവും പ്രസ്താവിക്കുന്നു (പരമേശ്വരയ്യർ, *കേരള സാഹിത്യചരിത്രം* 719). ഭാഷാഭിമാനികളായ പലർക്കും വേണ്ടി സാങ്കേതികശബ്ദ

സൃഷ്ടിഭാരം താൻ വഹിച്ചിട്ടുണ്ടെന്ന് സാഹിത്യസാഹ്യത്തിൽ എ. ആർ. തന്നെ സാക്ഷ്യ പ്പെടുത്തുന്നു. മാത്രമല്ല, തികഞ്ഞ ആത്മവിശ്വാസത്തോടെ, സാങ്കേതികശബ്ദങ്ങളാ കുന്ന നാണയങ്ങൾ അടിച്ചെടുക്കാനുള്ള ഒരു കമ്മട്ടം താൻ ഏർപ്പെടുത്തിയിട്ടുണ്ടെന്നും അദ്ദേഹം പ്രസ്താവിക്കുന്നു (*സാഹിത്യസാഹ്യം* 79). വളരെ വിപുലമായ ഒരു കമ്മിറ്റി സാങ്കേതിക ശബ്ദനിഘണ്ടു നിർമാണത്തിനായി രൂപീകരിച്ചെങ്കിലും പ്രവർത്തനങ്ങൾ മുന്നോട്ടുപോവാതിരുന്ന സാഹചര്യത്തിലാണ് എ.ആറിനെ മുഖ്യച്ചമതലക്കാരനാ യിക്കണ്ട് ഒരു ചെറിയ കൂട്ടായ്മ രൂപീകരിച്ച് പദാവലി നിർമാണത്തിനുള്ള ശ്രമങ്ങൾ നടത്തിയത്. എ.ഗോപാലമേനോൻ, കെ.പി.ഉക്കണ്ടനുണ്ണി നായർ, ടി.കെ.ജോസഫ്, ഐ.സി.ചാക്കോ എന്നിവരായിരുന്നു ഈ നീക്കത്തിന് പിന്നിൽ (ഒരു സംഘം ലേഖകർ, *ശാസ്ത്രസാഹിത്യ പ്രസ്ഥാനം* 162). അതും അധികം മുന്നോട്ടുപോയില്ല. ഇത്തവണ എ.ആറിന്റെ അകാലനിര്യാണമായിരുന്നു കാരണം.

ടെക്നിക്കൽ (Technical), സയന്റിഫിക്ക് (Scientific) എന്നീ വാക്കുകൾക്ക് സാങ്കേതികം, ശാസ്ത്രീയം എന്നിങ്ങനെ മലയാളപദങ്ങൾ കൊണ്ടുവന്നത് എ.ആർ.രാജരാജവർമയാണെന്ന് കരുതാം (ജോസഫ് 167). *ഭൂവിവരണ സിദ്ധാന്തസംഗ്രഹം* എന്ന പുസ്തകത്തിന്റെ (1906) മുഖവുരയിൽ പദനിർമാണത്തിന് സഹാ യിച്ച എ.ആറിന് നന്ദിപറയവെ ഒ.എം.ചെറിയാൻ സങ്കേതസംജ്ഞകൾ എന്ന പദമാണ് ഉപയോഗിക്കുന്നതെന്നു കാണാം. എ.ആറിനു പുറമെ പൈലോപോൾ, ഐ.സി.ചാക്കോ, പി.കെ.കോരു, എം.നാരായണൻ, ടി.കെ.ജോസഫ്, അപ്പൻ തമ്പുരാൻ എന്നിവ രൊക്കെ സാങ്കേതികപദനിർമിതിയിൽ ഇടപെട്ടവരായിരുന്നു. ഇംഗ്ലീഷ് പദങ്ങൾ അതേപടി ഉപയോഗിക്കുന്നതിനെ എ.ആർ. അനുകൂലിച്ചില്ല. യൂറോപ്പിൽ ലാറ്റിൻ, ഗ്രീക്ക് ഭാഷകൾക്കുള്ള സ്ഥാനം ഇന്ത്യയിൽ സംസ്കൃതത്തിനായതിനാൽ പുതിയ സാധനങ്ങൾക്ക് നാമകരണം ചെയ്യുന്നതിന് സംസ്കൃതം കൊണ്ടേ സാധിക്കയുള്ളൂ എന്നതായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. Electricity–വൈദ്യുതി, Gramaphone–സ്വനഗ്രാഹിണി, Thermometre– ഘർമമാത്ര, Telescope– ദൂരദർശിനി എന്നിങ്ങനെ ഉദാഹരണങ്ങൾ അദ്ദേഹം നിരത്തുകയും ചെയ്തു (*സാഹിത്യസാഹ്യം* 78).

1907–08 കാലത്താണ് പൈലോപോൾ ഭാഷാപോഷിണിയിൽ ഇംഗ്ലീഷ്– മലയാളം സാങ്കേതികസംജ്ഞകൾ എന്നപേരിൽ ഖണ്ഡശഃയായി പദാവലി പ്രസിദ്ധീകരിച്ചത്. പുസ്തകമായി പ്രസിദ്ധീകരിക്കാൻ വിഭാവനം ചെയ്ത പദാവലി, അത് വിലകൊടുത്ത് വാങ്ങിക്കാൻ ആളുകൾ അധികമുണ്ടാവില്ലെന്ന തിരിച്ചറിവിനെത്തുടർന്നാണ് പല ലക്ക ങ്ങളിലായി ഭാഷാപോഷിണിയിൽ പ്രസിദ്ധീകരിക്കാൻ തീരുമാനിക്കുന്നത്. Acoustics–

ധ്വനിവിദ്യാ/സ്വനവിദ്യാ, Aerodynamics-വായുചലനവിജ്ഞാനീയം, Aerology-വായു വിദ്യാ/ വായുവിജ്ഞാനീയം, Aerometry- വായുമാനീയം എന്ന രീതിയിലായിരുന്നു പൈലോപോളിന്റെ പദങ്ങൾ.

'നാട്ടുഭാഷയെ ജനസേവനത്തിനു ശക്തമാക്കുവാനുള്ള' ലക്ഷ്യം മുന്നിൽക്കണ്ട് 1925 ൽ തയ്യാറാക്കിയതാണ് എസ്.രാമനാഥയ്യരുടെ *ഇംഗ്ലീഷ് മലയാള സാങ്കേതികശബ്ദ നിഘണ്ടു (An anglo malayalam technological terminology)*. ഭൂഗോളവിജ്ഞാനം, ചരിത്രവിജ്ഞാനം, അർത്ഥവിജ്ഞാനം, പ്രകൃതിവിജ്ഞാനം, രസായനവിജ്ഞാനം, ഭൗതികവിജ്ഞാനം, ഗണിതവിജ്ഞാനം, സാമുദായികവിജ്ഞാനം, ആത്മബോധ വിജ്ഞാനം എന്നിങ്ങനെ ഒൻപതു മേഖലകളിലായി അയ്യായിരത്തോളം വാക്കുക ളാണ് ഈ ഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. 'The first of its kind in Malayalam' എന്നു മുഖവുരയിൽ വിശേഷിപ്പിക്കപ്പെട്ട ഇത് പ്രധാനമായും ഹൈസ്‌കൂൾവരെയുള്ള വിദ്യാർത്ഥികൾക്കുവേണ്ടിയാണ് രൂപകൽപ്പന ചെയ്യത്. സംസ്‌കൃതപദങ്ങളും സംസ്‌കൃ തപ്രകൃതി ഉപയോഗിച്ചുള്ള പദങ്ങളും തനിമലയാളപദങ്ങളും ഇതിൽ കാണാം. പദാ നുപദ പരിഭാഷ, ആശയ പരിഭാഷ, ഇംഗ്ലീഷ് മലയാള സങ്കരപദസൃഷ്ടി എന്നിവയുള്ള ഉദാഹരണങ്ങളും ഗ്രന്ഥത്തിലുണ്ട്. *ഇംഗ്ലീഷ്- മലയാള സാങ്കേതികനിഘണ്ടു*വാണ് മലയാളത്തിലെ ആദ്യത്തെ സാങ്കേതികശബ്ദകോശമെന്ന് വാസുക്കുട്ടൻ നിരീക്ഷിക്ക കയുണ്ടായി ("ആധുനിക ശാസ്ത്രവിഷയങ്ങളുടെ പ്രതിപാദനം മലയാളത്തിൽ" 255).[20] *വിഭക്തപദസംഗ്രഹം* കണ്ടെടുക്കപ്പെട്ടത് അതിന് ശേഷമാണ്.

പി.കെ.കോരുവും എം.നാരായണനും ചേർന്നുരചിച്ച *ഇംഗ്ലീഷ് മലയാളം സാങ്കേതി കനിഘണ്ടു* പുറത്തിറങ്ങിയത് 1938 ലാണ്. ഗണിതം-ജ്യോതിഷം, ഭൗതികവിജ്ഞാനം, രസതന്ത്രം, ശരീരശാസ്ത്രം, സസ്യശാസ്ത്രം, ജന്തുശാസ്ത്രം, ഭൂവിജ്ഞാനീയം-ഭൂമിശാ സ്ത്രം, മനശ്ശാസ്ത്രം എന്നീ മേഖലകളിലായി ആറായിരത്തി അഞ്ഞൂറിൽപരം[21] പദങ്ങൾ ഉൾക്കൊള്ളുന്നതാണ് *ഇംഗ്ലീഷ് മലയാളം സാങ്കേതിക നിഘണ്ടു*. മലയാളത്തിൽ ലഭ്യ മായിട്ടുള്ള പുസ്തകങ്ങൾ, പാഠപുസ്തകങ്ങൾ എന്നിവയ്ക്കു പുറമെ മാതൃഭൂമി ദിനപത്രവും ആഴ്ചപതിപ്പും, ഹിന്ദി വൈജ്ഞാനികശബ്ദാവലി തുടങ്ങിയവയും പരിശോധിച്ചാണ് പദങ്ങൾ തിരഞ്ഞെടുത്തത് (ബാലകൃഷ്ണൻ, *പി കെ കോരു മാസ്റ്റർ- ശാസ്ത്രപണ്ഡിതൻ നിയമസഭാംഗം* 85). സംസ്‌കൃതധാതുക്കൾവച്ച് എല്ലാം മലയാളലിപിയിലെഴുതാനുള്ള പ്രവണതയാണ് ഇതിൽ കാണുന്നതെന്നാണ് സി.കെ.മൂസ്സതിന്റെ അഭിപ്രായം (ഒരു സംഘം ലേഖകർ, *ശാസ്ത്രസാഹിത്യ പ്രസ്ഥാനം* 164). 'ഇത് ആദ്യത്തെ പരിശ്രമമായതു കൊണ്ട് ഇതിൽ പല ന്യൂനതകളും ഉണ്ടായിരിക്കും' എന്ന പ്രസ്താവന ഗ്രന്ഥകാരന്മാർ

രാമനാഥയ്യരുടെ പുസ്തകത്തെക്കുറിച്ച് മനസ്സിലാക്കിയിട്ടില്ല എന്നതിന്റെ തെളിവായെടുക്കാം (വാസുക്കുട്ടൻ, "ആധുനിക ശാസ്ത്രവിഷയങ്ങളുടെ പ്രതിപാദനം മലയാളത്തിൽ" 261).

ആർ. നാരായണപ്പണിക്കരുടെ, 1948 ൽ പ്രസിദ്ധീകരിക്കപ്പെട്ട *സാങ്കേതികനിഘണ്ടു- ശരീരശാസ്ത്രം (dictionary of scientific terms in malayalam physiology)*, ശരീരശാസ്ത്രത്തിലെ മൂവ്വായിരത്തി അഞ്ഞൂറിൽപ്പരം വാക്കുകളെ ഉൾക്കൊള്ളുന്ന ഒന്നായിരുന്നു. ആയുർവേദത്തിലെ വാക്കുകളാണ് ഇതിൽ പ്രധാനപങ്കും. ഗ്രന്ഥകാരന്റെ തന്നെ ഇംഗ്ലീഷ് മലയാള നിഘണ്ടുവിൽനിന്ന് ക്രോഡീകരിച്ചെടുത്തതാണ് ഈ ഗ്രന്ഥം.

പദാവലീനിർമാണത്തിനായി സമസ്തകേരള സാഹിത്യപരിഷത്തിന്റെ നേതൃത്വത്തിൽ ഒരു സംരംഭം നേരത്തെ ആരംഭിച്ചിരുന്നു. ഡോ. എൽ. എ. രവിവർമ സംയോജകനും ഡോ. കെ. ഗോദവർമ, ഐ. സി. ചാക്കോ എന്നിവർ അംഗങ്ങളായുമുള്ള ഒരു കമ്മിറ്റിയെയാണ് ചുമതല ഏൽപ്പിച്ചത്. കമ്മിറ്റി തയ്യാറാക്കിയ പദ്ധതി സാഹിത്യപരിഷത്തിന്റെ തൃശ്ശൂർ സമ്മേളനത്തിൽ (1927) അഭിപ്രായങ്ങൾക്കും നിർദേശങ്ങൾക്കുമായി സമർപ്പിച്ചെങ്കിലും പിന്നീട് പരിഷത്തിന്റെ ഭാഗത്തുനിന്ന് ഒരനക്കവുമുണ്ടായില്ല (ചാക്കോ 387). സാങ്കേതികപദനിർമിതിക്കായി മദ്രാസ് ഗവണ്മെന്റ് ശ്രീനിവാസശാസ്ത്രിയുടെ അധ്യക്ഷതയിൽ ഒരു കമ്മിറ്റിയെ നിയമിച്ചിരുന്നതായും മലയാളത്തിന്റെ കാര്യം കൂടി ആ കമ്മിറ്റിയെ ഏൽപ്പിച്ചിരുന്നതായും 1117 മകരം ലക്കം പരിഷത്ത് ത്രൈമാസികത്തിൽ പറയുന്നു. അതിന്റെ പ്രവർത്തനമെന്തായി എന്ന് അറിയില്ലെങ്കിലും തിരുവിതാംകൂർ സർവകലാശാലയുടെ നേതൃത്വത്തിൽ മാത്തമറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി വിഷയങ്ങളിൽ ശബ്ദകോശങ്ങൾ പുറത്തുവന്നതായി അറിയുന്നത് സന്തോഷമുളവാക്കുന്നതായി പത്രാധിപർ രേഖപ്പെടുത്തുന്നുണ്ട്. സർവകലാശാലയുടെ പദകോശങ്ങളുടെ പ്രസിദ്ധീകരണം പൂർത്തിയാവുന്നതോടെ സാങ്കേതികശബ്ദങ്ങളിൽ ഐകരൂപ്യം വരുമെന്നും സാങ്കേതിക ശബ്ദങ്ങളില്ലാത്തതിനേക്കാൾ പ്രശ്നം ഒരേ മൂലശബ്ദത്തെ പലതരത്തിൽ ആളുകൾ ഉപയോഗിക്കുന്നതാണെന്നും പരിഷത്ത് ത്രൈമാസികം കരുതി (പത്രാധിപക്കുറിപ്പുകൾ, "തിരുവിതാങ്കൂർ സർവകലാശാലയും സാങ്കേതികപദനിഘണ്ടുവും" 220).

ആനുകാലികങ്ങളുടെയും പത്രങ്ങളുടെയും വൈജ്ഞാനികധാരയോടുള്ള സമീപനം കൂടുതൽപേർ എഴുത്തിന്റെ രംഗത്തേക്ക് കടന്നുവരാൻ ഇടയാക്കി. ഇതോടൊപ്പം മറ്റൊരു ഘടകംകൂടി വളർന്നുവരുന്നുണ്ടായിരുന്നു. ദേശീയപ്രസ്ഥാനം ശക്തിയാർജിക്കുന്നതോടെ പ്രാദേശികഭാഷകളിലുള്ള വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള കാഴ്ച്ചപ്പാടും വളരാൻ തുടങ്ങി. ആധുനികവിഷയങ്ങൾ മാതൃഭാഷയിലൂടെ

പകർന്നുനൽകേണ്ടതിന്റെ പ്രാധാന്യം ഇത്തരം ചർച്ചകൾ ഉയർത്തിക്കാട്ടി. 'ഭാഷയുടെ വികാസം മുൻനിർത്തി മലയാളത്തിലുണ്ടാകേണ്ട ചില മുഖ്യഗ്രന്ഥങ്ങൾ' എന്ന പി. ശങ്കരൻ നമ്പ്യാരുടെ ലേഖനമൊക്കെ ഈയൊരു പശ്ചാത്തലത്തിലാണ് പിറവിയെടുക്കുന്നത്.[22] എന്നാൽ, കൂടുതൽ എഴുത്തുകാരും കൂടുതൽ വൈജ്ഞാനികഗ്രന്ഥങ്ങളും രൂപപ്പെടാൻ തുടങ്ങിയതോടെ രണ്ടുതരത്തിലുള്ള പ്രശ്നങ്ങൾ ഉടലെടുക്കുന്നുണ്ടായിരുന്നു. ഒന്നാമത്തേത്, സാങ്കേതികപദങ്ങളുടെ ഉപയോഗത്തെ സംബന്ധിച്ചതായിരുന്നു. അംഗീകൃതമായ പദങ്ങൾ ഇല്ലാതിരുന്നതിനാൽ, ഓരോരുത്തരും അവരവരുടെ ഭാവനയ്ക്കും സൗകര്യത്തിനും അനുസരിച്ച് പദങ്ങൾ നിർമിക്കുന്നത് തികഞ്ഞ അവ്യവസ്ഥയിലേക്ക് നയിച്ചു.[23] ഒരേ ശബ്ദത്തിന് വ്യത്യസ്തപദങ്ങൾ ഉപയോഗിക്കുന്നത് വായനക്കാർക്ക് ആശയങ്ങൾ ഉൾക്കൊള്ളുന്നതിന് വിഘാതമായി. രണ്ടാമത്തെ പ്രശ്നം സാഹിത്യഭ്രമം വൈജ്ഞാനികഗ്രന്ഥരചനയിൽ ഇടംപിടിച്ചതായിരുന്നു.[24]

ഏകീകൃതമായ സാങ്കേതികപദങ്ങളുടെ പ്രാധാന്യം തിരിച്ചറിഞ്ഞവരുടെ കൂട്ടത്തിലായിരുന്നു രാമവർമ അപ്പൻ തമ്പുരാൻ. പര്യായങ്ങൾപോലെ സാങ്കേതികപദങ്ങൾ വരുന്നതിലെ പോരായ്മ ചൂണ്ടിക്കാണിക്കാൻ തമ്പുരാൻ മുന്നിട്ടിറങ്ങി.[25] പക്ഷേ, തമ്പുരാൻ രൂപം നൽകിയ പദങ്ങൾ സംസ്കൃതക്കമ്പം നിറഞ്ഞുനിൽക്കുന്നവയായിരുന്നു.[26] പുതിയ സാങ്കേതികപദങ്ങൾ നിർമിക്കുന്നതിനേക്കാൾ നല്ലത് മറ്റുഭാഷകളിലെ പദങ്ങൾ സ്വീകരിക്കുകയായിരിക്കുമെന്ന അഭിപ്രായം ഭാഷാപോഷിണിസമ്മേളനത്തിൽ പ്രകടിപ്പിച്ചത് കൈക്കുളങ്ങര രാമവാരിയരാണ്. വേണ്ട പദങ്ങളെ അതതുഭാഷകളിൽനിന്നുതന്നെ എടുക്കുമ്പോൾ സാർവത്രികമായി അവ നടപ്പിലാകുമെന്നായിരുന്നു അദ്ദേഹം വാദിച്ചത് (മൂസ്സത്, "വൈജ്ഞാനികസാഹിത്യം" 101). പാറ്റ്നയിൽ പ്രവർത്തിക്കുന്ന റവ. അഗസ്റ്റിയുടെ, സാങ്കേതിക സംജ്ഞാനിർമാണം എന്ന ലേഖനം അത്യന്തം പ്രാധാന്യമർഹിക്കുന്നത് എന്ന അടിക്കുറിപ്പോടുകൂടിയാണ് പരിഷത്ത് ത്രൈമാസികത്തിന്റെ 1114 മകരം ലക്കത്തിൽ പ്രസിദ്ധീകരിച്ചത്. പദങ്ങളെ തേടുമ്പോൾ മുൻഗാമികൾ നിർദേശിച്ചവയെ പരിഗണിക്കാതെ പുതിയവ നിർമിക്കുന്നത് അവസാനിപ്പിക്കണമെന്ന് അഗസ്റ്റി വാദിക്കുന്നു. എന്നും തറ മാന്തിക്കൊണ്ടിരുന്നാൽ കെട്ടിടമുണ്ടാകില്ല എന്നദ്ദേഹം ഓർമിപ്പിച്ചു.

തിരുവിതാംകൂർ സർവകലാശാല ജന്മംകൊണ്ടത് 1937 ൽ ശ്രീ ചിത്തിര തിരുനാൾ മഹാരാജാവിന്റെ വിളംബരം അനുസരിച്ചായിരുന്നു. സർവകലാശാലയുടെ സ്ഥാപകലക്ഷ്യങ്ങളിൽ മലയാളഭാഷയുടെ സർവതോമുഖമായ വികാസവും ഉൾപ്പെട്ടിരുന്നു. സാങ്കേതികപദങ്ങളുടെ രംഗത്തുള്ള ഇടപെടൽ 1940 കളിലാണ് സർവകലാശാലയുടെ

ഭാഗത്തുനിന്നുണ്ടായത്. ആവശ്യമായ സാങ്കേതികപദങ്ങൾ ലഭ്യമല്ലാത്തതിനാൽ 'നമ്മുടെ ഇടയിൽ ശാസ്ത്രീയവിജ്ഞാനവും ഭാഷാവൈദുഷ്യവും ഉള്ളവർക്കുപോലും ശാസ്ത്രീയഗ്രന്ഥരചന സുകരമല്ല' (ബാലകൃഷ്ണൻ, *മലയാള ശാസ്ത്രസാഹിത്യപ്രസ്ഥാനം- ഒരു പഠനം* 97) എന്ന തിരിച്ചറിവിൽ നിന്നാണ് ഈ ശബ്ദകോശങ്ങൾ പിറവിയെടുത്തത്.[27] 1941 ൽ *ഭൗതികശാസ്ത്രം (Terms in Elementary Physics: Malayalam–* 40 പേജ്), *രസതന്ത്രം (Terms in elementary chemistry: Malayalam–* 39 പേജ്), *ഗണിതശാസ്ത്രം (Terms in Mathematics: Malayalam–* 53 പേജ്) എന്നിങ്ങനെ മൂന്ന് വിഷയമേഖലകളിലെ പദകോശങ്ങൾ സർവകലാശാല പുറത്തിറക്കുകയുണ്ടായി. *സസ്യശാസ്ത്രം (Terms in Botany: Malayalam–* 109 പേജ്), *വിദ്യാഭ്യാസം (Terms in Education: Malayalam–* 86 പേജ്) എന്നിവ 1944 ലും *ജന്തുശാസ്ത്രം (Terms in Zoology–* 88 പേജ്) 1949 ലും പുറത്തിറങ്ങി. സാങ്കേതികപദങ്ങളുടെ അഭാവം പരിഹരിക്കുന്നതിൽ ഇത് വളരെയധികം പ്രയോജനപ്പെട്ടു (ഒരു സംഘം ലേഖകർ, *ശാസ്ത്രസാഹിത്യ പ്രസ്ഥാനം* 167). ഉള്ളൂർ എസ്.പരമേശ്വരയ്യർ, ഡോ.എൽ.എ.രവിവർമ, ഡോ.കോശി, കെ.നാരായണയ്യർ, എൻ.ഗോപാലപിള്ള, ടി.കെ.ജോസഫ്, മാത്യു എം.കുഴിവേലി, പി.ശേഷാദ്രി അയ്യർ, ഡോ.കെ.ഭാസ്കരൻ നായർ, എം.ചുമ്മാർ, എ.എൻ. തമ്പി, ഡോ.ഡി.ജീവനായകം, എൻ.എസ്.കൃഷ്ണപിള്ള, എ.ഗോപാലമേനോൻ, കെ.എൽ.മൂഡ്ഗിൽ, കെ.ആർ.കൃഷ്ണയ്യർ, എസ്.രാമകൃഷ്ണയ്യർ, എ.ആർ.ബാലകൃഷ്ണവാരിയർ എന്നിവരായിരുന്നു പദനിർമാണകമ്മിറ്റി അംഗങ്ങൾ. ഇതിനുപുറമെ ഓരോ വിഷയമേഖലയിലും പ്രത്യേകം കമ്മിറ്റികൾ രൂപീകരിച്ചിരുന്നു.

സർവകലാശാലയുടെ ഭാഗത്തുനിന്ന്, അഭിപ്രായത്തിനായി പരിഷത്ത് ത്രൈമാസികയ്ക്ക് അയച്ചുകിട്ടിയ ശബ്ദാവലികളെ വിലയിരുത്തിക്കൊണ്ടുള്ള കുറിപ്പ് 1117 കർക്കിടകം ലക്കത്തിൽ 'വിമർശനവീഥി' എന്ന പംക്തിയിൽ[28] പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'വിവേചനാപൂർവമായ ഔചിത്യം' പദരൂപീകരണത്തിൽ സർവകലാശാല സ്വീകരിച്ചതായി കുറിപ്പ് അഭിപ്രായപ്പെട്ടു.' Numerator, Denominator എന്നീ പദങ്ങൾക്ക് എണ്ണധാരി, നാമധാരി എന്നും മറ്റുമുള്ള വികൃതവിവർത്തനങ്ങൾ ഉപയോഗിക്കുന്ന രീതി ഉപേക്ഷിച്ച് അംശം, ഛേദം എന്ന ശാസ്ത്രീയപദങ്ങളാണ് ഇതിലുപയോഗിച്ചിട്ടുള്ളത്' എന്ന് രേഖപ്പെടുത്തുമ്പോൾ തന്നെ, Organic Chemistry, Inorganic Chemistry എന്നീ വാക്കുകൾക്ക് ജൈവരസതന്ത്രം, അജൈവരസതന്ത്രം എന്നീ വാക്കുകൾ നിർദേശിച്ചതിൽ വിമർശിക്കുകയും ചെയ്യുന്നുണ്ട്. 'അൽപം കൂടി സാവധാനമായി പ്രവർത്തിച്ചിരുന്നെങ്കിൽ പ്രസ്തുത നിഘണ്ടു കുറച്ചുകൂടി ശാസ്ത്രീയവും സമഗ്രവുമാ

ക്കാമായിരുന്നില്ലേ എന്ന് ഞങ്ങൾ സംശയിക്കുന്നു.' അതേ ലക്കത്തിൽതന്നെ പ്രസിദ്ധീകരിച്ച ഐ.സി.ചാക്കോവിന്റെ[29] ലേഖനത്തിൽ നിർദേശിക്കുന്നതുപോലുള്ള സമീപനമാണ് വിമർശനവീഥിക്കാരൻ വിഭാവനം ചെയ്യുന്നത്. Organic, Inorganic എന്നീ തദ്ധിതങ്ങളിൽ Organ ശബ്ദം പ്രയോഗിക്കപ്പെട്ടിരിക്കുന്നത് ശരീരാവയവം എന്ന അർത്ഥത്തിലാണെന്നും അതിനാൽ സ്വാംഗികരസതന്ത്രമെന്നും അസ്വാംഗികരസതന്ത്രമെന്നും ആണ് വേണ്ടിയിരുന്നതെന്നും കുറിപ്പ് അഭിപ്രായപ്പെട്ടു. ബരാമീറ്റർ, ക്ലോറോഫോം, ആഴ്സനിക് തുടങ്ങിയ പദങ്ങളെ ഉദാഹരിച്ചുകൊണ്ട് പല ഇംഗ്ലീഷ് പദങ്ങളും മലയാളലിപിയിൽ പകർത്തുകമാത്രമേ നിഘണ്ടുകർത്താക്കന്മാർ ചെയ്തിട്ടുള്ളൂ എന്ന് ത്രൈമാസികം തുടർന്ന് വിമർശിക്കുന്നുമുണ്ട്. ബാരോമീറ്ററിന് സമ്മർദമാപിനി എന്നും ക്ലോറോഫോമിന് മോഹനൗഷധം, സമ്മോഹിനി എന്നീ പദങ്ങളും ത്രൈമാസികം നിർദേശിക്കുന്നുമുണ്ട്. മദ്ദള ആർമച്ചർ, കേവല ആൽക്കഹോൾ, അനാർദ്ര ബരാമീറ്റർ, ചരവലയ അമ്മീറ്റർ തുടങ്ങിയ പദനിർദേശങ്ങളെ ഒരുവക പുതിയ മണിപ്രവാളക്കരുവിൽ വാർത്തെടുത്തവയെന്ന് വിമർശനവീഥിക്കാരൻ വിശേഷിപ്പിക്കുന്നു. ഈ വക സങ്കരസന്താനങ്ങൾക്ക് ഭാഷാകുടുംബത്തിൽ പ്രവേശനമനുവദിക്കാമോ എന്നുള്ളത് ആലോചിക്കേണ്ട വിഷയമായി ("വിമർശനവീഥി" 423) പരിഷത്ത് ത്രൈമാസികം വിലയിരുത്തി. തിരുവിതാംകൂർ സർവകലാശാലയുടെ ശബ്ദാവലികളുടെ അപര്യാപ്തതകൾ ചൂണ്ടിക്കാണിച്ച മറ്റൊരാൾ ആർ. നാരായണപ്പണിക്കരാണ്.

സാങ്കേതികസംജ്ഞകളുടെ വിവർത്തനത്തിൽ കഴിയുന്നത്ര വ്യുത്പത്തിസാമ്യമാണ് നോക്കേണ്ടതെന്നായിരുന്നു ഐ.സി.ചാക്കോവിന്റെ മതം. ത്രൈമാസികത്തിലെ വിശദമായ ലേഖനത്തിൽ സാങ്കേതികപദനിർമാണത്തിന്റെ വിവിധ വശങ്ങൾ ചാക്കോ പരിശോധിക്കുന്നുണ്ട്. പ്രസ്തുത ലേഖനം തിരുവിതാംകൂർ സർവകലാശാലയുടെ സാങ്കേതികശബ്ദകോശങ്ങളെ വിമർശിച്ചുകൊണ്ട് എഴുതിയതാണെന്ന് സി.കെ.മൂസ്സത് പറയുന്നുണ്ടെങ്കിലും (ഒരു സംഘം ലേഖകർ, *ശാസ്ത്രസാഹിത്യ പ്രസ്ഥാനം* 167)[30] ലേഖനത്തിൽ അത്തരം പരാമർശങ്ങൾ കാണുന്നില്ല. സംജ്ഞാനിർമാണത്തിന് നിയുക്തരാവുന്നവരിൽ പലരും സംജ്ഞാ-സംജ്ഞീബന്ധത്തെക്കുറിച്ച് ആഴത്തിൽ ചിന്തിക്കാറില്ലെന്നും ഒരു സംജ്ഞ കേട്ടാൽ തെരുവിലെ മനുഷ്യനുപോലും സംജ്ഞീബോധം ലഭിക്കണമെന്നുള്ള വാദം താൻ അംഗീകരിക്കുന്നില്ലെന്നും ആദ്യമേ ചാക്കോ ഉറപ്പിച്ചുപറയുന്നു. വിശിഷ്ടപഠനം കൊണ്ടുമാത്രം മനസ്സിലാക്കാൻ കഴിയുന്ന ശാസ്ത്രവിഷയങ്ങളിലെ സംജ്ഞകൾ ഒറ്റക്കേൾവിയിൽ സാമാന്യജനത്തിന് മനസ്സിലാവണമെന്ന അഭിപ്രായം 'ദുഷ്പ്രാപ്യമായ ഒരു വാഞ്ഛിതം മാത്രമാണെ'ന്ന് അദ്ദേഹം കരുതി. സംസ്കൃതത്തെ കേന്ദ്രസ്ഥാ

നത്തു നിർത്തി വ്യുത്പത്തിയെ മുൻനിർത്തിയുള്ള ഒരു പദനിർമാണപദ്ധതിയാണ് ചാക്കോ മുന്നോട്ടുവെക്കുന്നത്.[31] Methyl– ഏകുലം, Ethyl– ദ്വയുലം, Propyl–ത്രയുലം, Alcohol–അർക്കോലം, Ethanol– ദ്വയാനോലം, Cryptogam– ഗുപ്തജാമം എന്നിങ്ങനെ യുള്ള നിരവധി ഉദാഹരണങ്ങൾ ലേഖനത്തിൽ കാണാം. 'ഭാഷാശാസ്ത്രദൃഷ്ട്യാ സാമാന്യവ്യുത്പത്തികളായ സംസ്കൃതശബ്ദങ്ങൾ നമ്മുടെ പ്രഥമഗണനയെ അർഹിക്കുന്നു' എന്നും അത് സാധ്യമാവാതെ വരുമ്പോൾ 'അർത്ഥത്തിൽ ഏറ്റം യോജിച്ച സംസ്കൃതശബ്ദങ്ങൾ ഉപയോഗിക്കണമെന്നും' അദ്ദേഹം ആവശ്യപ്പെട്ടു. ഇലക്ട്രിസിറ്റി എന്നതിന് എ. ആർ. ഉപയോഗിച്ച വൈദ്യുതി എന്നതിനു പകരം ചാക്കോ ഉപയോഗിച്ച ആലക്തികതാ എന്ന പദമാണ് കൂടുതൽ നല്ലതെന്ന് എ. ആർ. തന്നെ തനിക്കെഴുതിയിരുന്നെന്നും ചാക്കോ സൂചിപ്പിക്കുന്നു. ' Your coinage ആലക്തികതാ is surely a better term' എന്ന് രേഖപ്പെടുത്തിയ ഏ. ആർ. അതിനെ ആലക്തായിതം എന്നാക്കുന്നത് കുറച്ചുകൂടി നന്നാവുമെന്നും അഭിപ്രായപ്പെട്ടു. 'Any how ആലക്തിക is a very good equivalent for electric. My വൈദ്യുതീ was only an improvement up on വിദ്യുച്ഛക്തി or വിദ്യുത് ; and now I shall gladly vote for your word' ("സാങ്കേതികസംജ്ഞകൾ" 387–418).[32]

ടി.കെ.ജോസഫ് ഇതിൽനിന്ന് വ്യത്യസ്തമായ നിലപാട് സ്വീകരിച്ച വ്യക്തിയാണ്. സയൻസിന് ശാസ്ത്രമെന്ന് ചേരുമെങ്കിലും വിജ്ഞാനം, വിജ്ഞാനീയം, തന്ത്രം എന്നീ പദങ്ങളെക്കൂടി സമാനാർത്ഥത്തിൽ ഉപയോഗിക്കേണ്ടിവരുമെന്ന് അദ്ദേഹം കരുതി. ഒരുവേള സയൻസിനെത്തന്നെ മലയാളമാക്കുകയാണ് നല്ലത്. സയന്റിഫിക്ക് എന്നതിന് സയൻസുപരമായ എന്നോ സയൻസ് സംബന്ധമായ എന്നോ ഉപയോഗിക്കാതെ സായൻസികമെന്ന് പ്രയോഗിക്കുന്നതിലും അപാകത ഇല്ലെന്നാണ് അദ്ദേഹത്തിന്റെ നിലപാട്. 'പാണിനിയോടും കാത്യായനനോടും പതഞ്ജലിയോടും ചന്ദ്രസ്വാമിയോടും മറ്റും മൂപ്പു ചോദിച്ചേ മലയാളം പറയാവൂ, എഴുതാവൂ എന്നു വരുന്നത് പരിപൂർണസ്വരാജിന് ചേർന്നതല്ലല്ലോ' എന്നത് വേറിട്ടൊരു ശബ്ദമായിക്കാണാം. പാശ്ചാത്യശാസ്ത്രങ്ങളിലെയും കലകളിലെയും മറ്റും സംജ്ഞകൾക്കെല്ലാം തത്തുല്യമായ സംസ്കൃതപദങ്ങളുണ്ടെന്നോ പദങ്ങൾ ഉണ്ടാക്കാമെന്നോ കരുതുന്നത് ശരിയല്ലെന്നും സംസ്കൃതം സ്വപ്നത്തിൽപ്പോലും കണ്ടിട്ടില്ലാത്ത ആശയങ്ങളും സാധനങ്ങളുമാണ് സയൻസുവഴി കടന്നുവരുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി("സാങ്കേതികസംജ്ഞകൾ" 175).[33] സംസ്കൃതവ്യാകരണനിയമങ്ങൾ അതേപടി മലയാളത്തിൽ പിന്തുടരുന്നതിനോട് അക്കാലത്ത് ഒരാൾ ഇത്തരത്തിൽ വിയോജിച്ചു എന്നത് അത്ഭുതകരമാണ്.

പാശ്ചാത്യമായ സാങ്കേതികപദങ്ങൾ ഭാരതീയഭാഷകളിലേക്ക് അർത്ഥാനുവാദം ചെയ്യണമെന്ന് ഉറപ്പിക്കുകയാണെങ്കിൽ ഐകരൂപ്യം സിദ്ധിക്കാനായി അത് സംസ്കൃതത്തെ ആശ്രയിച്ചാവണം എന്ന് എൽ.എ.രവിവർമ്മ അഭിപ്രായപ്പെട്ടു. സംസ്കൃതത്തോളം സമാസക്ഷമമായ ഭാഷകൾ ഇന്ത്യയിൽ മറ്റൊന്നില്ല. പദസൃഷ്ടി പ്രാതിപദികാന്തരൂപത്തിലായിരിക്കണം.[34] അതുപോലെ സാങ്കേതികപദങ്ങളെല്ലാം ക്രിയാനാമരൂപത്തിൽ മാത്രം മതി എന്നും തീരുമാനിക്കണം. ഇത്രയും രേഖപ്പെടുത്തിയശേഷം 'എല്ലാറ്റിലും എളുപ്പമേറിയതും തെറ്റുപറ്റാൻ അവകാശം വളരെ കുറയുന്നതുമായ വഴി യൂറോപ്യൻ (ഇംഗ്ലീഷ്) സാങ്കേതികപദങ്ങളെ തത്സമരൂപത്തിൽ ഉപയോഗിച്ചുകൊള്ളുകയാണ്' എന്ന് രവിവർമ്മ തന്റെ അഭിപ്രായം അവതരിപ്പിച്ചു. എന്നാൽ ലിപിപരമായോ ഉച്ചാരണപരമായോ ദേശ്യഭാഷകൾക്ക് വഴങ്ങാത്ത പദങ്ങൾ വരുമ്പോൾ അവയെ ആവശ്യത്തിനുമാത്രം ഭേദഗതി ചെയ്യാം. തുല്യാർത്ഥമുള്ള ഭാരതീയപദങ്ങളുണ്ടെങ്കിൽ അവയെ ആദ്യകാലത്ത് വലയാന്തർഗതമായി (ബ്രാക്കറ്റിനകത്ത്) നൽകുകയും ചെയ്യാം. പുതിയ പദങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നവർ അവ സൃഷ്ടിച്ച് ബ്രാക്കറ്റിൽ നൽകുകയും ചെയ്യട്ടെ ("സാങ്കേതികപദങ്ങൾ" 270). ഭാരതീയമായ പദങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ചില മാനദണ്ഡങ്ങളും രവിവർമ്മ മുന്നോട്ടുവെക്കുകയുണ്ടായി.

തുടക്കത്തിൽ സംസ്കൃതപദരൂപീകരണമെന്ന ആശയത്തെ മുറുകെപ്പിടിച്ച എ. ആർ. രാജരാജവർമ്മയുടെ നിലപാടിൽ പിന്നീട് മാറ്റം സംഭവിക്കുന്നുണ്ട് എന്നത് ശ്രദ്ധേയമാണ്. സംസ്കൃതവ്യാകരണനിയമങ്ങളെ അപ്പടി മലയാളത്തിൽ അനുകരിക്കണമെന്ന ചിലരുടെ നിർബന്ധം അത്ര ദൂരത്തല്ലാത്ത ഭാവിയിൽ കഥാവശേഷമാകുമെന്ന്[35] അഭിപ്രായപ്പെട്ടിരുന്നപ്പോഴും പദങ്ങളെക്കുറിച്ച്, 'നൂതനാഭിപ്രായപ്രകടനത്തിനു ആവശ്യമായ പദങ്ങൾ (ധാതുക്കൾ) കഴിയുന്നതും സംസ്കൃതത്തിൽനിന്നു തന്നെയാണ് വരേണ്ടത്' എന്ന് അദ്ദേഹം കരുതിയിരുന്നു(*ഏ ആർ രാജരാജവർമ്മയുടെ തിരഞ്ഞെടുത്ത പ്രബന്ധങ്ങൾ* 83). സാഹിത്യസാഹ്യത്തിലും ഇതേ അഭിപ്രായംതന്നെ തുടർന്ന എ.ആർ. പിന്നീട് 'സ്വഭാഷാഭിമാനം കലശലായിട്ട് ഭാഷാന്തരപദങ്ങളെ തൊടുകയില്ലെന്ന് ശാഠ്യം പിടിക്കുന്നതു ശരിയല്ല' എന്ന നിലപാടിലേക്കെത്തുന്നുണ്ട്. 'മനുഷ്യന് എങ്ങനെ പരാപേക്ഷ ആവശ്യമായിരിക്കുന്നുവോ അപ്രകാരം ഭാഷയ്ക്കും ഭാഷാന്തരാപേക്ഷ ആവശ്യമായിരിക്കുന്നു' എന്ന് പ്രസ്താവിച്ച അദ്ദേഹം പ്രൈവറ്റ്, പബ്ലിക്ക് എന്ന ഇംഗ്ലീഷ് വാക്കുകൾക്ക് എല്ലാ സന്ദർഭങ്ങളിലും രഹസ്യം, പരസ്യം എന്നീ വാക്കുകൾ യോജിക്കുന്നില്ലെന്നും ചൂണ്ടിക്കാട്ടി. സംസ്കൃതരൂപങ്ങൾ സ്വീകരിക്കുമ്പോൾപ്പോലും ഭാഷ അതിന്റെ സ്വാതന്ത്ര്യം നിലനിർത്തിപ്പോന്നതാണ് ചരിത്രം. കഴിയാവുന്നേട

ത്തൊക്കെയും ശുദ്ധസംസ്കൃതരൂപങ്ങൾതന്നെയാണ് ഉപയോഗിക്കേണ്ടതെന്ന എ.ആറിന്റെ ബോധ്യം കേരളപാണിനീയം തയ്യാറാക്കുവാൻവേണ്ടി ഭാഷാഗതിയെ ആഴത്തിൽ മനസ്സിലാക്കാൻ ശ്രമിച്ചപ്പോഴാണ് മാറിയത് (81). 'നമ്മുടെ പൂർവികർ ആധുനിക ശാസ്ത്രവിഷയങ്ങൾ കൈകാര്യം ചെയ്തിട്ടില്ലെന്നതിനാലും സാങ്കേതികപദങ്ങളുടെ സഹായത്തോടെ മാത്രമേ അത് കൈകാര്യം ചെയ്യാൻ കഴിയൂ എന്നതിനാലും അത്തരം പദങ്ങളെ ഇംഗ്ലീഷിൽനിന്നുതന്നെ കടം വാങ്ങാവുന്ന'താണെന്ന് നാട്ടുഭാഷാവിദ്യാഭ്യാസം എന്ന ലേഖനത്തിൽ[36] അദ്ദേഹം നിർദേശിക്കുകയുണ്ടായി. 'നമ്മുടെ ഭാഷയിൽ ഉള്ള പര്യായങ്ങളിൽ ഒന്നിനെ, പരിഭാഷകൊണ്ട് അർത്ഥത്തിനു വ്യാപ്തിയോ സങ്കോചമോ ആവശ്യംപോലെ ചെയ്തു, വിവക്ഷിതമായ ഉപയോഗത്തിനു മാത്രമായി നീക്കിവെയ്ക്കാം. പുതിയ പദങ്ങളെ സൃഷ്ടിക്കാം' (35). ബിരുദധാരികളായ മലയാളികൾ തങ്ങളുടെ വിഷയങ്ങൾ മലയാളത്തിൽ എഴുതേണ്ടതിന്റെ പ്രാധാന്യവും അദ്ദേഹം ഈ ലേഖനത്തിൽ എടുത്തുപറഞ്ഞിരുന്നു.

1944 ൽ എറണാകുളത്തു നടന്ന സമസ്തകേരള സാഹിത്യപരിഷത്ത് സമ്മേളനത്തിലെ ശാസ്ത്രവിഭാഗത്തിൽ കെ. ഭാസ്കരൻ നായർ ചെയ്ത പ്രസംഗം ഒരു ശാസ്ത്രജ്ഞന്റെയും ശാസ്ത്രമെഴുത്തുകാരന്റെയും ശ്രദ്ധേയമായ നിരീക്ഷണങ്ങളായിരുന്നു. സാങ്കേതികപദങ്ങളുടെ പ്രശ്നം പരിഹരിച്ചുകഴിഞ്ഞാൽ മാത്രം ശാസ്ത്രഗ്രന്ഥരചനയിലെ പ്രശ്നങ്ങൾ തീരുന്നില്ലെന്ന് അദ്ദേഹം വിശദീകരിച്ചു. കഠിനമായ കുറെ വാക്കുകളുടെ സമാഹാരം മാത്രമല്ല സയൻസ്. സാങ്കേതികപദങ്ങൾ പ്രശ്നത്തിന്റെ ചെറിയൊരു വശമേ ആകുന്നുള്ളൂ. ശാസ്ത്രവിജ്ഞാനപ്രചരണത്തിൽ മുന്നേറാൻ കഴിഞ്ഞ രാജ്യങ്ങളിലെ അനുഭവം പരിശോധിക്കുമ്പോൾ അവരൊന്നും ധാതുവും നിഷ്പത്തിയും നോക്കി പദങ്ങൾ സ്വീകരിച്ചവരല്ലെന്ന് കാണാൻ കഴിയും. 'നിഷ്പത്തിയും നിരുക്തവും നോക്കിയും പാണിനിയേയും പതഞ്ജലിയേയും ഉദ്ധരിച്ചും ഭാഷാശൈലിയേയും സാഹിത്യസൗകുമാര്യത്തേയും മുൻനിർത്തി മർക്കടമുഷ്ടി പിടിച്ചും ശാസ്ത്രത്തിന്റെ സാർവലൗകികമായ വളർച്ചയെ മുടക്കാതിരിക്കുവാൻ ശ്രദ്ധിക്കണമെന്നും' അദ്ദേഹം ആവശ്യപ്പെട്ടു. അതുവരെ മറ്റാരും ചൂണ്ടിക്കാണിക്കാത്ത ഒരു വസ്തുതയിലാണ് അദ്ദേഹം പ്രസംഗം അവസാനിപ്പിച്ചത്. 'സാങ്കേതികപദങ്ങളുടെ പ്രശ്നം മഹത്തും സങ്കീർണവുമാണ്. മാതൃഭാഷ മുഖേനയുള്ള നിർബന്ധിതവിദ്യാഭ്യാസം നടപ്പിലായി വളരെക്കാലം കഴിഞ്ഞതിനുശേഷമേ ഈ പ്രശ്നത്തിനു സ്ഥിരമായ പരിഹാരം ഉണ്ടാവുകയുള്ളൂ' ("പാശ്ചാത്യശാസ്ത്രവും മലയാളഭാഷയും" 182).

സാങ്കേതികപദങ്ങൾ ഭാഷയിലേക്ക് ഉൾച്ചേർക്കേണ്ടത് എങ്ങനെയെന്നതു സംബന്ധിച്ച് വ്യത്യസ്തമായ സമീപനധാരകൾക്ക് ഏറെക്കാലത്തെ പഴക്കമുണ്ടെന്നാണ് മുൻവിവരിച്ച കാര്യങ്ങൾ വ്യക്തമാക്കുന്നത്. വിശദാംശങ്ങളിൽ ഭിന്നിപ്പുകൾ കാണാമെങ്കിലും, അന്താരാഷ്ട്രപദങ്ങൾ അതേപടി ഉപയോഗിക്കണമെന്നും അതല്ല സംസ്കൃതീകരിച്ച രൂപങ്ങളാണ് വേണ്ടത് എന്നുമുള്ള അഭിപ്രായങ്ങൾ പ്രബലമായ രണ്ട് ധാരകളായിരുന്നു എന്ന് കാണാം. അതിലിപ്പോഴും ഒരു തീരുമാനമായിട്ടില്ല.

## 2.7 സംഘടിതശ്രമങ്ങളും വ്യക്തിഗതശ്രമങ്ങളും

തിരുവിതാംകൂർ പാഠപുസ്തക കമ്മിറ്റി, തിരുവിതാംകൂർ സർവകലാശാല എന്നിവയ്ക്കു പുറമെ, ഭാഷയുടെ വൈജ്ഞാനികവളർച്ചയിൽ സവിശേഷമായ പങ്കുവഹിച്ചവയാണ് ഭാഷാപോഷിണി സഭ, കൊച്ചി ഭാഷാപരിഷ്കരണ കമ്മിറ്റി, സമസ്തകേരള സാഹിത്യ പരിഷത്ത് എന്നിവ. കൊച്ചി ഭാഷാപരിഷ്കരണ കമ്മിറ്റി സർക്കാർതലത്തിൽ രൂപീകരിക്കപ്പെട്ട ഒന്നായിരുന്നെങ്കിൽ മറ്റുരണ്ടും അനൗദ്യോഗികമായ കൂട്ടായ്മകളായിരുന്നു. മാറിവരുന്ന സാമൂഹികസാഹചര്യങ്ങളോടുള്ള സക്രിയമായ പ്രതികരണങ്ങളായിരുന്നു ഇവ. സമസ്തകേരള സാഹിത്യപരിഷത്ത് എന്ന പേരുതന്നെ വിഭജിതമായി കിടന്നിരുന്ന മലയാളദേശങ്ങളുടെ ഏകോപനത്തെ വിഭാവനം ചെയ്തു.

കവിസമാജമെന്ന പേരിൽ 1891 ൽ രൂപീകരിക്കപ്പെട്ട കേരളത്തിലെ ആദ്യ സാഹിത്യസംഘടന ഏതാനും മാസങ്ങൾക്കുള്ളിൽത്തന്നെ ഭാഷാപോഷിണി സഭയായി മാറുകയായിരുന്നു. മലയാളഭാഷയുടെ അഭിവൃദ്ധിയെ ലക്ഷ്യമാക്കി പ്രവർത്തിച്ച ഭാഷാപോഷിണി സഭ സർഗാത്മകേതരസാഹിത്യ വിഷയങ്ങളിലും വലിയ ശ്രദ്ധ പതിപ്പിച്ചു. ശാസ്ത്രഗ്രന്ഥങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനെക്കുറിച്ചുള്ള ചർച്ചകൾ സഭയുടെ സമ്മേളനങ്ങളിൽ പ്രാധാന്യത്തോടെ ഇടംപിടിച്ചു. 1893 ൽ നടന്ന മൂന്നാം സമ്മേളനം ചരിത്രം, സംസ്കൃതം വഴിക്കുള്ള ശാസ്ത്രങ്ങൾ, ഗദ്യപ്രബന്ധങ്ങൾ, പദ്യപ്രബന്ധങ്ങൾ, വ്യാകരണം, നിഘണ്ടു, പാഠക്രമപുസ്തകങ്ങൾ, ഇംഗ്ലീഷ് സംബന്ധിയായ ശാസ്ത്രങ്ങൾ എന്നീ മേഖലകളിൽ പുസ്തകപ്രസിദ്ധീകരണത്തിനായി ഉപസമിതികൾ രൂപീകരിക്കുയുണ്ടായി (ഷിജു സാം വറുഗീസ് 591). 1911 ലെ വൈക്കം സമ്മേളനത്തിൽ കേരളവർമ നടത്തിയ അധ്യക്ഷ പ്രസംഗം എടുത്തുപറയേണ്ട ഒന്നായിരുന്നു. ആ സമ്മേളനത്തിൽവച്ച് പ്രകൃതിശാസ്ത്രം, ശരീരശാസ്ത്രം, ഭൂഗർഭശാസ്ത്രം, കൃഷിശാസ്ത്രം, പ്രാണിശാസ്ത്രം, സസ്യശാസ്ത്രം, ആരോഗ്യരക്ഷാശാസ്ത്രം എന്നീ വിഷയങ്ങളിൽ പ്രാഥമിക പാഠപുസ്തകങ്ങൾ തയ്യാറാക്കാൻ തീരുമാ

നിക്കുകയും അവ എഴുതാനുള്ള ആളുകളെ ചുമതലപ്പെടുത്തുകയും ചെയ്തു (ബാലകൃഷ്ണൻ, *വിജ്ഞാനമലയാളം*45). സഭയുടെ പ്രവർത്തനങ്ങൾ നിലച്ചുപോയെങ്കിലും ഈ പുസ്തകങ്ങളിൽ മിക്കവയും പിന്നീട് യാഥാർത്ഥ്യമാവുകയുണ്ടായി.

ഇംഗ്ലീഷ്–മലയാളം നിഘണ്ടു, മലയാളം നിഘണ്ടു, മലയാളഭാഷാചരിത്രം, മലയാളസാഹിത്യചരിത്രം, പാഠപുസ്തകങ്ങൾ എന്നിവ തയ്യാറാക്കുക, മികച്ച ഗ്രന്ഥങ്ങൾക്ക് പുരസ്കാരങ്ങൾ നൽകുക തുടങ്ങിയ ലക്ഷ്യങ്ങളോടെ കൊച്ചി മഹാരാജാവിനാൽ 1913 ൽ രൂപീകൃതമായതാണ് കൊച്ചി ഭാഷാപരിഷ്കരണ കമ്മിറ്റി. രാമവർമ്മ അപ്പൻ തമ്പുരാൻ പ്രസിഡന്റും ടി. കെ. കൃഷ്ണമേനോൻ സെക്രട്ടറിയുമായ കമ്മിറ്റി സജീവമായി പ്രവർത്തിക്കുകയും എഴുത്തച്ഛന്റെയും നമ്പ്യാരുടെയും കൃതികൾ, *ഭാഷാകൗടലീയം* എന്നിവയുൾപ്പെടെ ചില പുസ്തകങ്ങൾ പുനഃപ്രസാധനം ചെയ്യുകയും ചെയ്തു. പഴയ താളിയോലകൾ കണ്ടെത്തി പ്രസിദ്ധീകരിച്ചതും കമ്മിറ്റിയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിരുന്നു.[37] 1940 ൽ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ഒരു ഉത്തരവിലൂടെ നിർത്തിവെക്കപ്പെട്ടു. ഭാവിപ്രവർത്തനങ്ങളെ മുൻനിർത്തി ഒരു പഞ്ചവത്സരപദ്ധതി നിർദേശിക്കാനായി പിന്നീട് ഒരു വിദഗ്ധസമിതിയെ നിയമിക്കുകയുണ്ടായി (പത്രാധിപക്കുറിപ്പുകൾ, "ഭാഷാപരിഷ്കരണകമ്മിറ്റി" 215).[38] സാമാന്യശാസ്ത്രം, സംസ്കാരം എന്നീ മേഖലകളെ മുൻനിർത്തി 21 ഗ്രന്ഥങ്ങൾ, കേരളീയസംസ്കാരവും ജീവിതവും പ്രമേയമാക്കി അഞ്ചു ഗ്രന്ഥങ്ങൾ, അഞ്ചു വൈദേശികഗ്രന്ഥങ്ങളുടെ പരിഭാഷ, ഭാഷയിലെ സാഹിത്യരൂപങ്ങളുടെ ചരിത്രം, ഗദ്യ–പദ്യകൃതികളിൽ നിന്നുള്ള മാതൃകകളുടെ ഉദ്ധാരണങ്ങൾ, പ്രാചീനഗ്രന്ഥങ്ങളുടെ പുതിയ പതിപ്പുകൾ, കേരളീയരായ മഹാന്മാരുടെ ജീവചരിത്രസംഗ്രഹങ്ങൾ, ശാസ്ത്രസംജ്ഞാനിഘണ്ടു എന്നിങ്ങനെ വിദഗ്ധസമിതി നൽകിയ റിപ്പോർട്ട് വിപുലമായ ഒരു പദ്ധതി മുന്നോട്ടുവച്ചു. ശാസ്ത്രം, സംസ്കാരം മേഖലകളിലുള്ള 21 പുസ്തകങ്ങളും സംജ്ഞാനിഘണ്ടുവും ആരെക്കൊണ്ടെല്ലാം എഴുതിക്കാമെന്നും കമ്മിറ്റി നിർദേശിച്ചിരുന്നു. എന്നാൽ, ഭാവനാപൂർണമായ പദ്ധതികളെ ഉദ്യോഗസ്ഥമേധാവിത്വം എങ്ങനെയാണ് അട്ടിമറിക്കുന്നത് എന്നതിന്റെ അക്കാലത്തെ മികച്ച ഉദാഹരണമായി മാറി കമ്മിറ്റി മുന്നോട്ടുവച്ച നിർദേശങ്ങൾ. അവ പരിശോധിച്ച വിദ്യാഭ്യാസ ഡയറക്ടർ ഈ ഇരുപത്തിയൊന്ന് പുസ്തകങ്ങളും ഭാഷയ്ക്ക് അത്യാവശ്യമാണോ എന്ന സംശയം ഉന്നയിക്കുകയും, പുസ്തകങ്ങളെഴുതാൻ നിർദിഷ്ട വ്യക്തികളോട് ആവശ്യപ്പെടുന്നതിനു പകരം കൃതികളെഴുതാൻ പത്രപ്പരസ്യം നൽകി കിട്ടുന്നവയിൽ മികച്ചത് തിരഞ്ഞെടുത്ത് പ്രസിദ്ധീകരിക്കുകയായിരിക്കും നല്ലതെന്ന് വിധിയെഴുതുകയും ചെയ്തു (152). 1945 ൽ അമ്പാടി കാർത്യായനി അമ്മ അധ്യക്ഷയും ജി. ശങ്കരക്കുറുപ്പ് കാര്യദർശിയുമായി കമ്മിറ്റി പുനഃസംഘടിപ്പിക്കപ്പെട്ടു. 1956 ൽ കേരള സാഹിത്യ

അക്കാദമി രൂപീകരിക്കപ്പെട്ടപ്പോൾ കൊച്ചി ഭാഷാ പരിഷ്കരണ കമ്മിറ്റി അതിലേക്ക് ലയിപ്പിക്കുകയാണുണ്ടായത്.

'മലയാളഭാഷയ്ക്കും സാഹിത്യത്തിനും പരിഷ്കാരവും പോഷണവും വരുത്തുന്നതിനുതകുന്നതും ആവശ്യവുമായ എല്ലാ പ്രവൃത്തികളും' ചെയ്യുന്നതിനും 'ഭാഷയ്ക്ക് സർവ്വതോന്മുഖമായ അഭിവൃദ്ധി സമ്പാദിക്കുന്നതിനും' വേണ്ടിയാണ് സമസ്തകേരള സാഹിത്യപരിഷത്ത് രൂപംകൊണ്ടത്. അതിനായി ഗവേഷണം, സംഭരണം, നിർമിതി, പ്രസാധനം, മുദ്രണം, വിമർശനം, പ്രവർത്തനം, പ്രചരണം എന്നിവ മാർഗങ്ങളായും തീരുമാനിച്ചു.[39] ഒരു ഭാഷാ സാഹിത്യചരിത്രം ഉണ്ടാക്കണം, പരിഷത്തിന്റെ ആഭിമുഖ്യത്തിൽ ഒരു മാസിക ആരംഭിക്കണം, ഗ്രന്ഥവിവർത്തനത്തിനായി ഒരു സംഘത്തെ രൂപീകരിക്കണം, പഴയ പാട്ടുകൾ ശേഖരിച്ച് അച്ചടിപ്പിക്കണം, ഒരു കേരള സർവകലാശാല സ്ഥാപിക്കുന്നതിനു വേണ്ട ശ്രമം ചെയ്യണം, കൊച്ചി–തിരുവിതാംകൂർ–മലബാർ എന്നിവിടങ്ങളിലുള്ള പാഠശാലകളിലെ മലയാളപാഠപുസ്തകങ്ങൾ ഒന്നുതന്നെയായിരിക്കാൻ വേണ്ട എഴുത്തുകുത്തു നടത്തണം, സമഗ്രമായ ഒരു നിഘണ്ടു നിർമിക്കുന്നതിന്നുവേണ്ട ശ്രമം തുടങ്ങണം, ഹൈസ്കൂൾ ക്ലാസുകളിൽ ഇംഗ്ലീഷ് ഒഴിച്ച് മറ്റു വിഷയങ്ങൾ മലയാളത്തിൽ പഠിപ്പിക്കാൻ കൊച്ചി–തിരുവിതാംകൂർ–മലബാർ ഗവൺമെന്റുകളോട് അപേക്ഷിക്കണം, ഭാഷാപ്രയോഗം, ലിപിപരിഷ്കാരം എന്നിവയിൽ ഐകരൂപ്യം വരുത്തുന്നതിന്നുവേണ്ട വ്യവസ്ഥ ചെയ്യണം, ചുരുക്കെഴുത്തുപാഠശാലകളിൽ മലയാളം ഐച്ഛികമായിട്ടെങ്കിലും അംഗീകരിക്കാൻ മൂന്നു ഗവൺമെന്റുകളോടും അപേക്ഷിക്കണം എന്നിങ്ങനെയുള്ള പരിഷത്തിന്റെ ആദ്യകാല പ്രമേയങ്ങളിൽത്തന്നെ ഭാഷയുടെ വളർച്ചയിൽ അതുപുലർത്തുന്ന കാഴ്ചപ്പാടിന്റേയും സമർപ്പണത്തിന്റേയും ആഴം കാണാം.

സാങ്കേതികശബ്ദാവലികളുടെ പ്രസാധനത്തിനുപുറമെ താളിയോലഗ്രന്ഥങ്ങളുടെ പ്രകാശനം, *അഷ്ടാംഗസാരം ഭാഷ, ആരോഗ്യമാർഗങ്ങൾ, കണക്കുസാരം, കൗടലീയം ഭാഷാവ്യാഖ്യാനം, ഗണിതയുക്തിഭാഷ, തച്ചുശാസ്ത്രം ഭാഷ, പ്രശ്നമാർഗം ഭാഷ, ബാർഹസ്പത്യ സൂത്രവ്യാഖ്യാ, ഋഗ്വേദ സംഗ്രഹ വിവർത്തനം, കേരളസാഹിത്യചരിത്രം* തുടങ്ങിയ ഗ്രന്ഥങ്ങളാണ് തിരുവിതാംകൂർ സർവകലാശാലയുടെ ഭാഗത്തുനിന്നുണ്ടായ പ്രധാന പ്രസിദ്ധീകരണങ്ങൾ (ബഞ്ചമിൻ, "വിജ്ഞാനസാഹിത്യം മലയാളത്തിൽ" 117). 1957 ൽ കേരള സർവകലാശാലയായി മാറിയെങ്കിലും മലയാളത്തിന്റെ വൈജ്ഞാനികപദവിയെ ഉയർത്താൻ സഹായകമായ ശ്രമങ്ങൾ സർവകലാശാലയുടെ ഭാഗത്തുനിന്നുണ്ടായില്ല. 2005 ൽ പ്രസിദ്ധീകരിച്ച *ഹോർത്തൂസ് മലബാറിക്കുസി*ന്റെ മലയാള പരിഭാഷയാണ് ആ രംഗത്ത് എടുത്തുപറയാനുള്ള ഒരു ശ്രമം.

1955 ൽ രൂപീകരിക്കപ്പെട്ട ദക്ഷിണഭാഷാ ഗ്രന്ഥമണ്ഡലം വൈജ്ഞാനിക ഗ്രന്ഥങ്ങൾ വിവർത്തനംചെയ്തു പ്രസിദ്ധീകരിക്കുന്നതിൽ വലിയ പങ്കുവഹിച്ചു. ഫോർഡ് ഫൗണ്ടേഷന്റെ സാമ്പത്തികസഹായത്തോടെ ഗ്രന്ഥമണ്ഡലം പ്രസിദ്ധീകരിച്ച സർഗാത്മകേതരഗ്രന്ഥങ്ങളിൽ 80 ശതമാനവും ശാസ്ത്രഗ്രന്ഥങ്ങളായിരുന്നു (ഗോവിന്ദനുണ്ണി xxviii). തമിഴ്, തെലുങ്ക്, മലയാളം, കന്നഡ എന്നീ ഭാഷകളിൽ നല്ല പുസ്തകങ്ങൾ കൊണ്ടുവരാനായി, മൂന്നു കൊല്ലക്കാലയളവിലേയ്ക്ക് രൂപപ്പെടുത്തിയ ഈ പദ്ധതി പണ്ഡിതന്മാർക്കുപകരം സാധാരണക്കാരെയായിരുന്നു ലക്ഷ്യംവച്ചത്.

കൂട്ടായ്മകളുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങളോടൊപ്പം വ്യക്തികളുടെ ശ്രമങ്ങളും ചേർന്നതാണ് മലയാളത്തിന്റെ വൈജ്ഞാനികചരിത്രം. തികഞ്ഞ ആധുനികഭാഷയെന്ന നിലയിലേക്കുള്ള മലയാളത്തിന്റെ പരിവർത്തനത്തിനിടയാക്കിയ ഭാഷാസ്രുതണ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്കുവഹിച്ചവരിലൊരാൾ (ജോർജ് 10)എന്ന് വിശേഷിപ്പിക്കപ്പെടുന്ന ജോർജ് മാത്തൻ മുതൽ ഐക്യകേരളം രൂപപ്പെടുന്നതിനു മുന്നേ മലയാളസാഹിത്യത്തിന്റെ അഭിവൃദ്ധിക്ക് ഒരു പഞ്ചവത്സരപദ്ധതി മുന്നോട്ടുവച്ച എൻ. വി. വരെ ഉൾപ്പെടുന്ന വലിയൊരു നിര അക്കൂട്ടത്തിലുണ്ട്. ഒരു മലയാളി മലയാളത്തിലെഴുതിയ ആദ്യത്തെ വ്യാകരണഗ്രന്ഥമായിരുന്നു മാത്തന്റെ *മലയാഴ്മയുടെ വ്യാകരണം*. രൂപപ്പെട്ടുവരുന്ന നവീനഗദ്യത്തിനും ചിന്താരീതിക്കും അനുയോജ്യമായൊരു മലയാളത്തെ വളർത്തിയെടുക്കാനുള്ള ശ്രമമായിരുന്നു ഈ വ്യാകരണഗ്രന്ഥം. 'സത്യവാദഖേടം', 'വേദസംയുക്തി', 'മരുമക്കത്തായത്തിലുള്ള ദോഷങ്ങൾ', 'ആകാശത്തുള്ള ഗോളങ്ങൾ', 'അന്തരീക്ഷം', 'മറുജൻമം', 'ബാലാഭ്യസനത്തെക്കുറിച്ച് ഒരു പ്രസംഗം', 'ഭൂമി ഉരുണ്ടതാകുന്നു', 'അദ്വൈതം', 'സ്ത്രീകളുടെ യോഗ്യമായ സാമൂഹ്യസ്ഥിതി', 'സാധാരണ ചികിത്സാശാല' എന്നിങ്ങനെ വ്യത്യസ്ത വിഷയമേഖലകളെ കേന്ദ്രീകരിച്ചുള്ള രചനകളാണ് മാത്തൻ നടത്തിയത്. ആധുനികവൈജ്ഞാനികവിഷയങ്ങൾ ജനകീയമാക്കുന്നതിന്റെ 'അംബാസിഡറായി' മാത്തനെ തിരുവിതാംകൂർസർക്കാർ നിയോഗിച്ചത് സാമൂഹികവിഷയങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്ന സൂക്ഷ്മനിരീക്ഷണത്തെ തിരിച്ചറിഞ്ഞതുകൊണ്ടായിരിക്കാമെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട് (ഗിരീഷ്). വിദ്യാഭ്യാസത്തിൽ 'ജന്മഭാഷ'യുടെ പ്രാധാന്യം അടിവരയിടുന്ന, മാത്തന്റെ ബാലാഭ്യസനം എന്ന പ്രഭാഷണം ഇക്കാലത്തും പ്രസക്തമായ ഒന്നാണ്.

മുൻഭാഗങ്ങളിൽ സൂചിപ്പിക്കപ്പെട്ട വ്യക്തികൾക്കുപുറമെ ഒട്ടേറെപേർ, പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാംപാതിയിലും ഇരുപതാം നൂറ്റാണ്ടിന്റെ ഒന്നാം പാതിയിലുമായി, വൈജ്ഞാനികരംഗത്തെ രചനകളാൽ മലയാളത്തെ സമ്പുഷ്ടമാക്കിയിട്ടുണ്ട്. പഴയ

ന്നൂർ രാമപ്പിഷാരടി, കെ. പി. നായർ, എം. രാജരാജവർമ, മൂർക്കോത്ത് കുമാരൻ, കെ. സുകുമാരൻ, കെ. ആർ. കൃഷ്ണപിള്ള, ഡി. പി. ഉണ്ണി, എ. ഗോപാലമേനോൻ, ഒ. എം. ചെറിയാൻ, പി. അനന്തൻ പിള്ള, സി. എസ്. സുബ്രഹ്മണ്യൻ പോറ്റി, എൽ. എ. രവിവർമ, എം. രാമവർമതമ്പാൻ, കെ. പരമേശ്വര കുറുപ്പ്, പി. എൻ. മൂസ്സത്, പി. കെ. കോരു, സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, സർദാർ ചന്ദ്രോത്ത്, പി. കെ. നാരായണ പിള്ള, ജോസഫ് മുണ്ടശ്ശേരി, കെ. ഭാസ്കരൻ നായർ തുടങ്ങിയവരൊക്കെ അവരിൽ പ്രമുഖരാണ്. പാച്ചുമൂത്തതിന്റെയും ഫ്രോൺമെയറുടെയും ലളിതമായ ഭാഷയിൽനിന്ന് പത്രമാസികകളിലെ ലേഖനങ്ങളിലേക്കെത്തുമ്പോൾ ശാസ്ത്രവസ്തുതകളോടൊപ്പം സാഹിത്യഭംഗിയും കൂടിച്ചേർന്നതായി എ. എൻ. നമ്പൂതിരി നിരീക്ഷിക്കുന്നുണ്ട്. മുണ്ടശ്ശേരിയിലും പി. കെ. നാരായണ പിള്ളയിലുമൊക്കെ അത് സംസ്കൃതബഹുലവുമായി. എന്നാൽ മുണ്ടശ്ശേരി–പഞ്ചാനന ശൈലിയിൽനിന്ന് ഏറെ വ്യത്യസ്തമായിരുന്നു മൂർക്കോത്തു കുമാരന്റെ ഭാഷ (“ശാസ്ത്രസാഹിത്യം– ആധുനികഘട്ടം” 120). കെ. ഭാസ്കരൻ നായരുടെയും സമകാലികരുടെയും ഭാഷ അതിന്റെ തുടർച്ചയായി കണക്കാക്കാം. പാഠപുസ്തകങ്ങളാവാൻ വേണ്ടി രചിക്കപ്പെട്ടവയായിരുന്നു ആദ്യകാല ശാസ്ത്രഗ്രന്ഥങ്ങളെങ്കിൽ ആയിരത്തിതൊള്ളായിരത്തി അമ്പതുകളിൽ ഇതിൽ വലിയ മാറ്റം വരുന്നതായി കാണാം. ഇക്കാലത്തെ ശാസ്ത്രസാഹിത്യകാരന്മാർ ഏതെങ്കിലും പ്രത്യേകവിഷയമേഖലകളിൽ പാണ്ഡിത്യം സമ്പാദിച്ചവരായിരുന്നുവെന്നും തങ്ങൾക്കറിവുള്ള വിഷയങ്ങളിൽനിന്നുകൊണ്ടാണ് അവർ എഴുതിയതെന്നും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. മാത്രമല്ല, ഏതെങ്കിലുമൊരു വിദേശകൃതിയെ ആധാരമാക്കി എഴുതുന്നതിനുപകരം വിഷയമേഖലയെ നന്നായി പഠിച്ച് പുസ്തകരചനയിലേക്ക് കടന്നവരായിരുന്നു അവർ (ഗോവിന്ദനുണ്ണി xxvi).

ആധുനികശാസ്ത്രം ഒരു സാംസ്കാരികവിഷയമായി സാഹിത്യരചനകളിലേക്ക് വന്നു തുടങ്ങിയ സാഹചര്യത്തെ ഷിജു സാം വറുഗീസ് വിലയിരുത്തിയിട്ടുണ്ട്. സംസ്കൃത വിദ്യാഭ്യാസവും ഇംഗ്ലീഷ് വിദ്യാഭ്യാസവും നേടാനിടയായ പുതിയൊരു വിഭാഗം ഒരേ സമയം പ്രാദേശികവും വൈദേശികവുമായ ലോകങ്ങളിൽ അഭിരമിക്കുന്ന ഉഭയജീവികളായി മാറി. അവരുടെ സന്ദിഗ്ധതകളും സംഘർഷങ്ങളുമാണ് സാഹിത്യത്തിലേക്ക് കടന്നുവന്നതെന്നും അതിന്റെ മികച്ച ഉദാഹരണമാണ് *ഇന്ദുലേഖ*യിലെ പതിനെട്ടാം അധ്യായമെന്നും അദ്ദേഹം വിലയിരുത്തുന്നു. പാശ്ചാത്യശാസ്ത്രവും അതുമായി ബന്ധപ്പെട്ട വിവിധ വൈജ്ഞാനികമേഖലകളും *ഇന്ദുലേഖ*യിൽ പ്രതിഫലിക്കുന്നു. താൻ വീട്ടിൽ സംസാരിക്കുന്ന ഭാഷയിലാണ് രചിച്ചത് എന്നവകാശപ്പെട്ട ഒരു കൃതിയിലാണ് ഈ ശാസ്ത്രചർച്ച ഇടംപിടിച്ചതെന്നത് ഓർക്കണം. കേവലം ശാസ്ത്രപ്രചരണമെന്ന് ചുരുക്കി

ക്കെട്ടാവുന്ന ഒന്നല്ല ശാസ്ത്രത്തിന്റെ സാംസ്കാരികാശ്ലേഷമെന്നും, കേരളാധുനികതയെ വേറിട്ടടയാളപ്പെടുത്തുന്ന പ്രക്രിയയായിരുന്നു അതെന്നും കാണാം ("സയൻസും അച്ചടി ആധുനികതയും: ശാസ്ത്രസംവാദത്തിന്റെ കേരളീയ സാമൂഹികചരിത്രം" 594). ഇംഗ്ലീഷിന്റെ അധികാരത്തെ ചോദ്യംചെയ്യുകയും തദ്ദേശീയമായ ആധുനികീകരണത്തിന് ശ്രമിക്കുകയുംചെയ്ത പത്തൊമ്പതാം നൂറ്റാണ്ടിലെ ചിന്തകർ ഇവിടത്തെ പാരമ്പര്യ ജന്മിവർഗത്തിന്റേതിൽനിന്ന് വിഭിന്നമായ മാർഗം സ്വീകരിച്ചവരായിരുന്നെന്ന് പി. പവിത്രൻ ചൂണ്ടിക്കാട്ടുന്നു. യൂറോപ്യൻ ഭാഷകളിലെ വിജ്ഞാനത്തെ സ്വാഗതം ചെയ്യുമ്പോൾത്തന്നെ അത് പ്രചരിക്കേണ്ടത് തങ്ങളുടെ സ്വന്തം ഭാഷയിലൂടെയാണെന്ന് ഉറച്ച നിലപാടുകളുള്ളവരായിരുന്നു അവർ ("ഭാഷയും സംസ്കാരവും: മലയാളം സ്വത്തും വിമർശനാത്മക പ്രയോഗവും" 270).

ഒരു വ്യക്തിയുടെ ആയുസ്സിന്റെ ശ്രമം ഒരു ജനതയുടെ പൈതൃകമായി മാറുന്നതിന്റെ ഉദാഹരണമാണ് ശ്രീകണ്ഠേശ്വരത്തിന്റെ *ശബ്ദതാരാവലി*. നീണ്ട 34 വർഷങ്ങളിലെ സമർപ്പണത്തിന്റെ ഉൽപ്പന്നമാണത്. 'സുഖം എന്ന പദത്തിന്റെ അർത്ഥം എന്റെ നിഘണ്ടുവിൽ കൊടുത്തിട്ടുണ്ടെന്നുവരികിലും പരമാർത്ഥത്തിൽ അതെങ്ങനെയിരിക്കുമെന്ന് ഞാൻ ഇതുവരെ അറിഞ്ഞിട്ടുള്ളവനല്ല' എന്ന ഒരൊറ്റ വാക്യത്തിൽ അദ്ദേഹം ശബ്ദതാരാവലിയുടെ പിന്നിലെ പ്രയത്നത്തിന്റെ തീവ്രതയെ ദ്യോതിപ്പിക്കുന്നു. 22 സഞ്ചികകളിലായി അച്ചടിച്ച് പുറത്തിറക്കിയ ഒന്നാം പതിപ്പ് പൂർത്തിയായത് 1923 ൽ ആയിരുന്നു. 1939 ലെ മൂന്നാം പതിപ്പാണ് ഒറ്റ വാല്യമായി പുറത്തിറങ്ങിയത്. ആദ്യപതിപ്പുകളുടെ മുഖച്ഛായ ഒരു വിജ്ഞാനകോശനിഘണ്ടുവിന്റേതായിരുന്നു. പതിനഞ്ച്–പതിനേഴ് ശതമാനത്തോളം വാക്കുകൾ വിജ്ഞാനകോശരീതിയിൽ വ്യാഖ്യാനിച്ചവയായിരുന്നു (രാമചന്ദ്രൻ നായർ xiii). 'കുലങ്കഷമായ ഭാഷാസാഹിത്യപരിചയത്തിനു പര്യാപ്തമാകണമെന്ന ഉദ്ദേശത്തോടുകൂടിയാണ്' ശ്രീകണ്ഠേശ്വരം ഈ നിഘണ്ടുനിർമാണത്തിന് തുനിഞ്ഞത്. കാലാകാലങ്ങളിൽ പരിഷ്കരിച്ചുകൊണ്ടേ പതിപ്പുകൾ ഇറക്കാവൂ എന്നതായിരുന്നു അദ്ദേഹത്തിന്റെ ബോധ്യം. ഇന്നും മലയാളത്തിലെ ആധികാരിക നിഘണ്ടുവായി ശബ്ദതാരാവലി തുടരുന്നു. 2010 ൽ ഡി. സി. ബുക്സ് പുറത്തിറക്കിയ പതിപ്പ് അമ്പതുശതമാനത്തിലേറെ പദങ്ങൾ പുതുതായി കൂട്ടിച്ചേർത്ത് കാലികമാക്കിയതായി പ്രസാധകർ അവകാശപ്പെടുന്നുണ്ട്. മലയാളത്തിലെ ആദ്യത്തെ വിഷയാധിഷ്ഠിത വിജ്ഞാനകോശമെന്ന് വിശേഷിപ്പിക്കാവുന്ന *സാഹിത്യാഭരണം നിഘണ്ടു*വും ശ്രീകണ്ഠേശ്വരത്തിന്റേതായുണ്ട്. 1933 ൽ പ്രസിദ്ധീകരിച്ച ഇത് നാല് സഞ്ചികകളായാണ് തയ്യാറാക്കിയിരുന്നത്.

ഐക്യകേരളം രൂപപ്പെടുന്നതിന് അഞ്ചുവർഷം മുമ്പ് 1952 ൽ ഓങ്ങല്ലൂർ കെ.ടി.രാമുണ്ണിമേനോൻ സ്മാരക വായനശാലയുടെ ഉദ്ഘാടനവേളയിലാണ് 'മലയാള സാഹിത്യത്തിന്റെ അഭിവൃദ്ധിക്ക് ഒരു പഞ്ചവത്സരപദ്ധതി' എൻ.വി. അവതരിപ്പിക്കുന്നത്. നിലവിലുള്ള സംവിധാനങ്ങളെയും സാധ്യതകളെയും പ്രയോജനപ്പെടുത്തുകയാണെ ങ്കിൽ, 'പരിഷ്കൃതലോകത്തിൽ വ്യവഹാരത്തിനാവശ്യമായ അവശ്യവിജ്ഞാനം മുഴുവൻ ഉൾപ്പെടുത്തി മലയാളഭാഷയെ പോഷിപ്പിക്കുവാനും ലോകവിജ്ഞാനഭണ്ഡാകാരത്തി ലേക്കുള്ള വാതിൽ എല്ലാ മലയാളികൾക്കുമായി തുറന്നുകൊടുക്കാനും' കഴിയുമെന്ന പ്രതീക്ഷയിലാണ് എൻ.വി. തന്റെ പദ്ധതി മുന്നോട്ടുവച്ചത്. സാഹിത്യപരിഷത്ത്, പുരോ ഗമനസാഹിത്യ സംഘടന, മലബാർ കേന്ദ്ര കലാസമിതി, സാഹിത്യപ്രവർത്തക സഹകരണസംഘം തുടങ്ങിയ അനൗപചാരിക സംവിധാനങ്ങളെയും സാഹിത്യ അക്കാദമി, സംഗീത നാടക അക്കാദമി, കേന്ദ്ര വിദ്യാഭ്യാസവകുപ്പ്, മദിരാശി–തിരുവി താംകൂർ സർവകലാശാലകൾ തുടങ്ങിയ ഔദ്യോഗിക സംവിധാനങ്ങളേയും, ഫോർഡ് ഫൗണ്ടേഷനെപ്പോലുള്ള ഫണ്ടിംഗ് ഏജൻസികൾ, പുസ്തക പ്രസിദ്ധീകരണശാലകൾ തുടങ്ങിയവയെയും എല്ലാം ഉൾച്ചേർത്തുകൊണ്ട് നടപ്പിലാക്കേണ്ട പദ്ധതിയിലേക്ക് ഭാവി യിൽ രൂപപ്പെടാനിടയുള്ള കേരള സർക്കാരിനെയും അദ്ദേഹം വിഭാവനം ചെയ്തു. മികച്ച എൻസൈക്ലോപീഡിയ, ഓക്സ്ഫോർഡ് കൺസൈസ് ഡിക്ഷ്ണറിയുടെ വലിപ്പത്തിലുള്ള പുതിയ നിഘണ്ടു, ഭാഷാശാസ്ത്രരംഗത്തെ പുതിയ തിരിച്ചറിവുകളുടെ അടിസ്ഥാനത്തിലുള്ള വ്യാകരണഗ്രന്ഥം, ചുരുങ്ങിയത് അഞ്ഞൂറെങ്കിലും ശാസ്ത്രഗ്രന്ഥങ്ങൾ എന്നിങ്ങനെ വിപുലമായൊരു ലക്ഷ്യമാണ് പഞ്ചവത്സരപദ്ധതിയിലൂടെ മുന്നോട്ടുവെക്കപ്പെട്ടത് (മുരളീധരൻ, *മലയാളഭാഷയുടെ വൈജ്ഞാനികപദവി* 348). അതിന്റെ പരിഷ്കരി ച്ചതും സാന്ദർഭികവൽക്കരിക്കപ്പെട്ടതുമായ ഒരു രൂപമായിരുന്നു ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആദ്യകാല പ്രവർത്തനപദ്ധതിയിലെ പുസ്തകങ്ങൾ എന്നുകാണാൻ കഴിയും. സ്വാതന്ത്ര്യാ നന്തരം ആരംഭിച്ച ഭാഷാപരിഷ്കരണ പോരാട്ടങ്ങളുടെ ആദ്യവെടിമുഴക്കമായിരുന്നു എൻ. വിയുടെ പഞ്ചവത്സരപദ്ധതി (ഗോവിന്ദപ്പിള്ള, "അതിജീവനവും വികാസവും" 119) എന്ന അഭിപ്രായം ശ്രദ്ധേയമാണ്. എ. ആർ. തുടക്കമിട്ട സമഗ്രമായ ഭാഷാപോഷ ണശ്രമങ്ങളുടെ പിന്തുടർച്ചയായി എൻ. വി.യുടെ പദ്ധതിയെ നോക്കിക്കാണുന്നതിൽ പിശകുണ്ടാവില്ല.

## 2.8 ഐക്യകേരളത്തിലെ മുന്നേറ്റങ്ങൾ

മലയാളസംസ്കാരമെന്ന രൂപം ഉടലെടുത്തത് മധ്യകാലത്താണെങ്കിലും ഇന്നത്തെ കേരളം അതിന്റെ നേർതുടർച്ചയല്ല. അച്ചടിയും അറിവും (വിദ്യാഭ്യാസം) വ്യാപിച്ച തോടെയാണ് വിഭാഗീയതകൾക്കപ്പുറത്തുള്ള, കേരളീയമെന്നും മലയാളിസമൂഹമെന്നുമുള്ള ഒരു പൊതുമണ്ഡലം രൂപപ്പെട്ടുവന്നത്. ബ്രിട്ടീഷ് ആധിപത്യത്തിനുകീഴിൽ സമൂഹത്തിലെ സാമ്പത്തികബന്ധങ്ങളും വലിയതോതിൽ മാറ്റിമറിക്കപ്പെട്ടിരുന്നു. ചെറിയ തോതിലാണെങ്കിലും കൂലിവേലയിലും മുടക്കുമുതലിലും അടിസ്ഥാനപ്പെടുത്തിയ ഉൽപ്പാദനബന്ധങ്ങൾ രൂപപ്പെട്ടപ്പോൾ നേടിയ അറിവുകൾ തിരിച്ചറിവുകളായി മാറിത്തുടങ്ങുകയും സാമൂഹിക അസമത്വങ്ങൾക്കും അസ്വാതന്ത്ര്യത്തിനുമെതിരായ ചിന്തകൾ നാമ്പിട്ടുതുടങ്ങുകയും ചെയ്തു. മാറുമറയ്ക്കാനുള്ള ചാന്നാർ സ്ത്രീകളുടെ മുന്നേറ്റം പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഒറ്റപ്പെട്ട ഒരു പ്രതിഭാസമായിരുന്നെങ്കിൽ, നൂറ്റാണ്ട് അവസാനിക്കാറാവുമ്പോഴേയ്ക്കും പുതിയൊരു മുന്നേറ്റത്തിന്റെ കരുത്ത് വെളിപ്പെട്ടുതുടങ്ങിയിരുന്നു. അടിച്ചമർത്തപ്പെട്ടവരുടെ കുതിച്ചുപായലിന്റെ നിദർശനമായിരുന്നു അരുവിപ്പുറം പ്രതിഷ്ഠ. സാമൂഹികപരിഷ്കരണപ്രസ്ഥാനത്തിന്റെ നിരവധി കൈവഴികളും ദേശീയസ്വാതന്ത്ര്യപ്രസ്ഥാനവും അതിനോടൊപ്പം അധ്വാനിക്കുന്നവന്റെ മോചനസ്വപ്നങ്ങളുമായി കമ്യൂണിസ്റ്റ് പ്രസ്ഥാനവും സമൂഹത്തിൽ വ്യാപകമായപ്പോൾ പുതിയൊരു നാട്ടും പുതിയൊരു സമൂഹവും രൂപപ്പെടുകയായിരുന്നു.

അച്ചടിഭാഷയെന്ന നിലയിലേക്കുള്ള മലയാളത്തിന്റെ വികാസം പുസ്തകങ്ങളിലൂടെയും ആനുകാലികങ്ങളിലൂടെയും ദിനപത്രങ്ങളിലൂടെയും സമൂഹത്തിന്റെ വിവിധ അടരുകളിലേക്ക് കടന്നുചെന്നപ്പോൾ സാക്ഷരത, വായനശാലാപ്രസ്ഥാനം, വിദ്യാഭ്യാസസ്ഥാപനങ്ങളുടെ വർധന എന്നിങ്ങനെ ഒരു ശൃംഖലാപ്രവർത്തനത്തിന് തുടക്കമിട്ടു. അതിരുകളായ പുഴകൾ കടന്നാൽ ഭ്രഷ്ടുവരുമെന്ന അവസ്ഥയിൽനിന്ന് ആദ്യം കുതറിമാറിയത് പുസ്തകങ്ങളും പത്രങ്ങളുമാണെന്ന് കാണാം. അവയിലൂടെ പ്രചരിച്ചത് ഭാഷാസംസ്കാരവും ഭാഷാഐക്യവുമായിരുന്നു. അവകാശങ്ങൾക്കുവേണ്ടി ഉയർന്നുവന്ന പോരാട്ടങ്ങളിലൂടെ ലഭ്യമായ ഐക്യബോധംകൂടി ഇവയോടൊപ്പം കൂടിച്ചേർന്നു. മലബാറിലെ ഉപ്പുസത്യാഗ്രഹത്തിലേക്ക് തിരുവിതാംകൂറിന്റെ പ്രതിനിധികളും തിരുവിതാംകൂറിലെ ജനാധിപത്യപ്പോരാട്ടങ്ങളിലേക്ക് മലബാറിൽനിന്നുള്ള പ്രതിനിധികളും കൂടിച്ചേർന്നത് ഇതിന്റെ നിദർശനമായിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ 1920 ലെ നാഗ്പൂർ സമ്മേളനം ഭാഷാടിസ്ഥാനത്തിലുള്ള പ്രവിശ്യകൾ എന്ന സമീപനം അംഗീക

രിച്ചതിനെ തുടർന്ന് മലബാറിലെ കോൺഗ്രസ് പ്രസ്ഥാനത്തിന്റെ മുൻകയ്യിൽ കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി രൂപീകരിക്കപ്പെട്ടു. കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയും കമ്യൂണിസ്റ്റ് പാർട്ടിയും തുടക്കം മുതലേ അഖിലകേരളാടിസ്ഥാനത്തിലാണ് തങ്ങളുടെ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തത്.

ഇരുപതാം നൂറ്റാണ്ടിന്റെ ഒന്നും രണ്ടും മൂന്നും പാദങ്ങളിൽ യഥാക്രമം, സാമൂഹ്യ നവോത്ഥാനപ്രസ്ഥാനവും ദേശീയപ്രസ്ഥാനവും ഇടതുപക്ഷ തൊഴിലാളി–കർഷക പ്ര സ്ഥാനങ്ങളുമാണ് കേരളത്തിന്റെ ചരിത്രഗതിയുടെ നിയാമകശക്തിയായി തീർന്നത് (ഗോപാലകൃഷ്ണൻ.പി.കെ. 565; കുഞ്ഞിക്കണ്ണൻ, "കേരളത്തിന്റെ ആധുനികീകരണം– പഴയ അനുഭവങ്ങളും പുതിയ സമസ്യകളും മുൻനിർത്തി ഒരന്വേഷണം" 13). നവോത്ഥാ നപ്രസ്ഥാനം തുടക്കമിട്ട പൊതുമണ്ഡലരൂപീകരണത്തെ അതിന്റെ സയുക്തികമായ തുടർച്ചയിലേക്ക് വളർത്തിയത് കർഷക–തൊഴിലാളി പ്രസ്ഥാനങ്ങളാണെന്ന് പറയാം. ദേശീയപ്രസ്ഥാനത്തിനും അനിഷേധ്യമായൊരു സ്ഥാനമുണ്ട് (സുനിൽ. പി. ഇളയിടം 198). ഇവയെല്ലാം ഒത്തുചേർന്നപ്പോൾ അതുവരെയില്ലാത്തവിധം, ഭാഷാദേശീയതാ സങ്കൽപത്തെ പിൻപറ്റുന്നതും മതനിരപേക്ഷതയെ ഉയർത്തിപ്പിടിക്കുന്നതുമായ പുതി യൊരു കേരളസങ്കൽപം രൂപപ്പെട്ടു. ഐക്യകേരളപ്പിറവി മറ്റുപല രംഗങ്ങളിലുമെന്ന പോലെ ഭാഷയുടെ വൈജ്ഞാനികസങ്കൽപങ്ങൾക്കും പുതിയ ദിശാബോധവും കരുത്തും നൽകി. സംസ്ഥാനരൂപീകരണത്തോടെ വൈജ്ഞാനികസാഹിത്യരംഗത്ത് ഒരു കുതി ച്ചുകയറ്റം ഉണ്ടായതായും അതിനുപുറകിൽ ഒരു മൂവർസംഘം ഉണ്ടായിരുന്നതായും പി. ഗോവിന്ദപ്പിള്ള അഭിപ്രായപ്പെട്ടിട്ടുണ്ട്. യഥാക്രമം പി.ടി.ഭാസ്കരപ്പണിക്കർ (ഇനിയങ്ങോട്ട് പി.ടി.ബി.), എൻ.വി. എന്നിവരെയാണ് ആദ്യ രണ്ടു സ്ഥാനങ്ങളിൽ അദ്ദേഹം അവരോധി ക്കുന്നത്. പി.ടി.ബി.യുടേയും എൻ.വി.യുടേയും ശ്രമങ്ങൾക്ക് 'അരങ്ങൊരുക്കുകയും താങ്ങ് നൽകുകയും ചെയ്ത' ആളെന്ന നിലയയിൽ മൂന്നാംസ്ഥാനത്ത് അദ്ദേഹം ഇ.എം.എസ്സിനെ കണക്കാക്കി ("വൈജ്ഞാനികസാഹിത്യവും പി.ടി.ബി.യും" 120–121).

കേരളപ്പിറവിയുടെ ആവേശം മുറ്റിനിൽക്കുന്ന നാളുകളിൽത്തന്നെ ഒറ്റപ്പാലം കേന്ദ്ര മായി മലയാളത്തിലെ ആദ്യ ശാസ്ത്രപ്രസ്ഥാനം യാഥാർത്ഥ്യമായി. 1956 ഡിസംബർ 22, 23 തിയ്യതികളിൽ ഒറ്റപ്പാലം ഹൈസ്കൂളിൽ നടന്ന ഐക്യകേരള കലോത്സ വത്തിന്റെ രണ്ടാംദിവസം ഭദ്രകലാ (ക്ലാസിക്കൽ കല) സമ്മേളനമായിരുന്നു. അതോടനുബന്ധിച്ച് അവിടെത്തന്നെ മറ്റൊരു മുറിയിൽ ശാസ്ത്രമെഴുത്തുകാരുടെ[40] യോഗം ചേരുകയാണുണ്ടായത് (എം. സി. നമ്പൂതിരിപ്പാട് 135). പി.ടി.ബി. പ്രസി ഡണ്ടായും[41] ഒ.പി.നമ്പൂതിരിപ്പാട് സെക്രട്ടറിയായും പി.കെ.കോരു, സി.കെ.മൂസ്സത്,

എം.എൻ.സുബ്രഹ്മണ്യൻ, ചേറ്റൂർ കൃഷ്ണൻകുട്ടി നായർ, കുറുമാപ്പള്ളി കേശവൻ നമ്പൂതിരി എന്നിവർ അംഗങ്ങളായുമുള്ള ശാസ്ത്രസാഹിത്യ സമിതി അവിടെവച്ച് രൂപമെടുത്തു. ഗണിതം, ഭൗതികം, രസതന്ത്രം, തത്വശാസ്ത്രം, ശരീരശാസ്ത്രം, ഭൂഗർഭശാസ്ത്രം തുടങ്ങിയ വിജ്ഞാനമേഖലകളിലെ പുരോഗതിയെ ലളിതമായി പ്രതിപാദിച്ച് മലയാളത്തിലെ ശാസ്ത്രസാഹിത്യത്തിന്റെ കുറവ് പരിഹരിക്കുന്നതിനുള്ള മാർഗങ്ങളെക്കുറിച്ച് അന്വേഷിച്ച ഈ ഒത്തുചേരൽ, അന്താരാഷ്ട്രതലത്തിൽ പ്രചാരത്തിലുള്ള സാങ്കേതികപദങ്ങൾ അതേപടി മലയാളത്തിൽ ഉപയോഗിക്കുന്നതായിരിക്കും നല്ലതെന്ന അഭിപ്രായമാണ് മുന്നോട്ടുവച്ചത്. പ്രവർത്തനപരിപാടികളെന്ന നിലയിൽ പെൻഗ്വിൻ സയൻസ് ന്യൂസിന്റെ മാതൃക പിന്തുടർന്നുകൊണ്ട് മൂന്നുമാസത്തിലൊരിക്കൽ *ആധുനികശാസ്ത്രം* എന്ന പേരിൽ ഗ്രന്ഥപരമ്പര പുറത്തിറക്കാനും *ഒറിജിൻ ഓഫ് സ്പീഷീസ്* പരിഭാഷപ്പെടുത്തി അതിന്റെ ശതാബ്ദിവർഷത്തിൽ പ്രസിദ്ധീകരിക്കാനും ആദ്യയോഗത്തിൽ ധാരണയായി. *ആധുനികശാസ്ത്ര*ത്തിന്റെ ആദ്യ ലക്കത്തിൽ (1958) 'ഗണിതവും ജ്യോതിശ്ശാസ്ത്രവും' (പി.കെ.കോരു), 'ആറ്റം– പരമാണു' (എസ്. പരമേശ്വരൻ), 'പ്രോട്ടോപ്ലാസം' (പി.ടി.ബി.), 'നമ്മുടെ ശാസ്ത്രപാരമ്പര്യം' (എം.സി.നമ്പൂതിരിപ്പാട്), 'നാളത്തെ ഭക്ഷണം' (ഒ.പി.നമ്പൂതിരിപ്പാട്), 'ശാസ്ത്രപുരോഗതി' (സി.കെ.മൂസ്സത്), 'ആധുനികശാസ്ത്രത്തിന്റെ കർമപദ്ധതിയും വീക്ഷണഗതിയും' (ഇ.വി.ദേവ്) എന്നീ ലേഖനങ്ങളാണുണ്ടായിരുന്നത്. സമിതി രൂപീകരിച്ച് മാസങ്ങൾക്കകം, പ്രസിഡന്റും ചാലകശക്തിയുമായിരുന്ന[42] പി.ടി.ബി. വിദ്യാഭ്യാസമന്ത്രി ജോസഫ് മുണ്ടശ്ശേരിയുടെ പ്രൈവറ്റ് സെക്രട്ടറിയായി തിരുവനന്തപുരത്തേക്ക് പോയതിനാൽ പ്രവർത്തനങ്ങൾ മന്ദഗതിയിലാവുകയും നിലയ്ക്കുകയും ചെയ്തു. വലിയതോതിലുള്ള പ്രവർത്തനങ്ങൾ യാഥാർത്ഥ്യമായില്ലെങ്കിലും ശാസ്ത്രസാഹിത്യ സമിതിക്ക് ചരിത്രത്തിൽ പ്രധാനപ്പെട്ടൊരു സ്ഥാനമുണ്ട്. മറ്റൊരു ധാരയിലൂടെ ആ പ്രവർത്തനം പിന്നീട് മുന്നേറുകയും ചെയ്തു. 1962 ഏപ്രിൽ എട്ടിന് കോഴിക്കോട് ഇമ്പീരിയൽ ഹോട്ടലിൽ കൂടിച്ചേർന്ന ഒരു യോഗത്തിൽവെച്ചാണ് കേരള ശാസ്ത്രസാഹിത്യ പരിഷത്ത് രൂപീകരിക്കപ്പെടുന്നത്.[43] ഡോ. കെ. ഭാസ്കരൻ നായർ അധ്യക്ഷനും കോന്നിയൂർ നരേന്ദ്രനാഥ് ഉപാധ്യക്ഷനും ഡോ. കെ. ജി. അടിയോടി കാര്യദർശിയും എൻ. വി. കൃഷ്ണവാരിയർ ഖജാൻജിയുമായിരുന്നു. ശാസ്ത്രമെഴുത്തുകാർക്ക് മാത്രമായിരുന്നു സംഘടനയിൽ അംഗത്വം നൽകിയിരുന്നത്. കാലമേറെ കഴിയുന്നതിനുമുന്നെ, നേരത്തെ ശാസ്ത്രസാഹിത്യ സമിതിയുമായി ബന്ധപ്പെട്ടവരും 1966 ൽ രൂപീകരിക്കപ്പെട്ട ശാസ്ത്രസാഹിത്യ പരിഷത്ത് (മലയാളം) ബോംബെയിലെ[44] അംഗങ്ങളുമെല്ലാം ചേർന്ന് വിപുലമായൊരു ശാസ്ത്രസംഘടനയായി പരിഷത്ത് മാറുകയാണുണ്ടായത്.

പരിഷത്തിന്റെ രൂപീകരണലക്ഷ്യങ്ങളായി ആദ്യത്തെ സെക്രട്ടറി കെ. ജി. അടിയോടി ചൂണ്ടിക്കാണിച്ച കാര്യങ്ങൾ (ശാസ്ത്രസാഹിത്യ പരിഷത്ത് – ഉൽഘാടനസ്മാരകം 1962 )[45] ഭാഷയുടെ വൈജ്ഞാനികപദവി വളർത്തുന്നതിലെ അടിസ്ഥാനകാര്യങ്ങളായിരുന്നു എന്നു കാണാം.

പരിഷത്തിന്റെ ആദ്യകാല പ്രവർത്തനങ്ങളെല്ലാം ഈ ലക്ഷ്യങ്ങൾ സാക്ഷാത്ക രിക്കാനുള്ള ശ്രമങ്ങളായിരുന്നു. 'യുദ്ധവും ശാസ്ത്രവും', 'വെള്ളം', 'ഐ. സി. ചാക്കോ', 'മെൻഡൽ', 'ജെ. ബി. എസ്. ഹാൽഡേൻ', 'മണ്ണ്', 'പ്രകൃതിസംരക്ഷണം', 'ഭക്ഷണം', 'പരിണാമം', 'ലോഹങ്ങൾ' മുതലായ വിഷയങ്ങളിൽ സിമ്പോസിയങ്ങൾ/സെമിനാറുകളും *നമ്മുടെ ഏറ്റവും അടുത്തുള്ള നക്ഷത്രം, ബഹിരാകാശശാസ്ത്രം, റോക്കറ്റുകൾ വഴിയുള്ള ഗവേഷണം, ഭൂമിയുടെ ആകൃതി, ഒഴിഞ്ഞുകിടക്കുന്ന ഭൂമി, സമുദ്രത്തിന്റെ വെല്ലുവിളി, കോസ്മികരശ്മികൾ, കത്തിജ്വലിക്കുന്ന ആകാശം* തുടങ്ങിയ ചലച്ചിത്രങ്ങളുടെ പ്രദർശനം എന്നിവയൊക്കെ അക്കാലത്തെ പ്രവർത്തനങ്ങളിൽപ്പെടും. ശാസ്ത്രവിഷയങ്ങൾ ജനങ്ങൾക്ക് മനസ്സിലാവുന്ന തരത്തിൽ ലളിതമായ ഭാഷയിൽ അവതരിപ്പിച്ചു. ഇംഗ്ലീ ഷിലുള്ള ശാസ്ത്രചലച്ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നവേളയിൽ ഉച്ചഭാഷിണിയിലൂടെ മലയാ ളത്തിൽ വിവരണം നൽകുകയായിരുന്നു രീതി. ശാസ്ത്രമെഴുതാൻ കഴിയുന്നവരുടെ വിശദവിവരങ്ങൾ ഉൾക്കൊള്ളുന്ന ലഘുലേഖ (who is who) തയ്യാറാക്കി ആനുകാലിക ങ്ങൾക്കും പുസ്തകപ്രസാധകർക്കും അയച്ചുകൊടുക്കുകയുമുണ്ടായി.

സാങ്കേതികപദപ്രശ്നത്തെക്കുറിച്ച് വിശദമായ ചർച്ചനടന്ന പരിഷത്തിന്റെ നാലാം വാർഷികം (1967 മെയ് 13–തൃശ്ശൂർ) സവിശേഷമായ ഒന്നായിരുന്നു. മലയാളഭാഷ യിൽ പുതിയ ചിന്താഗതികളെ പ്രകാശിപ്പിക്കാൻ പുതിയ ശൈലികളും പ്രചരിപ്പിക്കേണ്ട തുണ്ടെന്നും ഇംഗ്ലീഷിലുള്ള ശാസ്ത്രീയപദങ്ങളെ കഴിയുന്നേടത്തോളം അതേപടി ഉപയോ ഗിക്കണമെന്നും ആയിരുന്നു സെമിനാറിൽ എൻ. വി. യുടെ അഭാവത്തിൽ അധ്യ ക്ഷപദം ഏറ്റെടുത്ത സി.കെ.മൂസ്സതിന്റെ അഭിപ്രായം. മൂർത്തമായ ചില കാരണങ്ങളാൽ ശാസ്ത്രവും ഇന്ത്യയിലെ ഭാഷകളും തമ്മിലുള്ള വിടവ് വർധിച്ചതിനാൽ, പാശ്ചാത്യഭാഷക ളിൽ കഴിഞ്ഞ രണ്ടുമൂന്നു നൂറ്റാണ്ടുകളിലുണ്ടായ പുരോഗതി ഭാരതീയഭാഷകളിൽ ഏതാനും വർഷങ്ങൾ കൊണ്ട് ഉണ്ടാക്കേണ്ടി വന്നിരിക്കുന്നതായി 'സാങ്കേതികപദപ്രശ്നം മലയാള ത്തിൽ' എന്ന പ്രബന്ധം അവതരിപ്പിച്ചുകൊണ്ട് എം. പി. പരമേശ്വരൻ ചൂണ്ടിക്കാട്ടി. നില വിലുള്ള ആശയങ്ങൾക്ക് പറ്റിയ പദങ്ങൾ മറ്റു ഭാഷകളിൽ നിന്നും അതേപടി സ്വീകരി ച്ചോ തർജമ ചെയ്തോ അടിസ്ഥാന പദസമ്പത്ത് മുതൽക്കൂട്ടുക, ഇങ്ങനെ സ്വീകരിക്കപ്പെ ട്ടവയും ഭാഷയിൽ സ്വതവേ ഉള്ളവയുമായ ധാതുക്കളിൽനിന്ന് നാനാവിധത്തിലുള്ള മറ്റു

രൂപങ്ങൾ ഉൽപ്പാദിപ്പിക്കാനാവശ്യമായ സാമാന്യനിയമങ്ങൾ ആവിഷ്കരിക്കുക എന്നിങ്ങനെ രണ്ടു കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. ഇതിനായി ചില നിർദേശങ്ങളും പ്രബന്ധം മുന്നോട്ടുവെക്കുകയുണ്ടായി.

1. "രാസദ്രവ്യങ്ങളുടെയും വസ്തുക്കളുടെയും പേരുകൾ, അളവുമാനങ്ങൾ, ഉപകരണങ്ങളുടെ പേരുകൾ, മുതലായവയെല്ലാം പ്രായേണ ലോകത്തിലെ എല്ലാ ഭാഷകളിലും ഒരേ രൂപം തന്നെയാണ്. ഇംഗ്ലീഷിലെ രൂപം തത്സമമായി മലയാളത്തിലെടുക്കാം. ഉദാ:- ഹൈഡ്രജൻ, പൊട്ടാസിയം പെർമാംഗനേറ്റ്, അമ്മീറ്റർ, ആമ്പിയർ, വോൾട്ട്, കിലോഗ്രാം മുതലായവ.

2. സ്വർണം, വെള്ളി, ഇരുമ്പ് എന്നിങ്ങനെ മലയാളത്തിൽ പണ്ടേയുള്ള വാക്കുകൾ അതാതു 'എലിമെന്റു'കളെ സൂചിപ്പിക്കുമ്പോൾ ഉപയോഗിക്കാമെങ്കിലും, ആ എലിമെന്റുകളുടെ കോമ്പൗണ്ടുകളെ സൂചിപ്പിക്കുമ്പോൾ അവയുടെ സാർവദേശീയ നാമങ്ങൾ തന്നെയാണ് ഉപയോഗിക്കേണ്ടത്. ഉദാ:- ഫെറസ് ഓക്സൈഡ്, ഫെറിക് ഓക്സൈഡ്, മുതലായവ.

3. മലയാള ഭാഷയിലേക്കിഴുകിച്ചേർന്ന ബൾബ്, സ്വിച്ച്, മോട്ടോർ കാർ, ജനറേറ്റർ, ആർമേച്ചർ മുതലായ പദങ്ങളെ പരിഭാഷപ്പെടുത്തിക്കൂടാ.

4. സസ്യശാസ്ത്രം, ജന്തുശാസ്ത്രം, ശരീരശാസ്ത്രം മുതലായ വിഭാഗങ്ങളിൽ സാങ്കേതികമായ വർഗനാമധേയങ്ങളെല്ലാം ലാറ്റിൻ-ഗ്രീക്ക് ഭാഷകളിലാണ്. സാർവദേശീയമായി അംഗീകരിക്കപ്പെട്ടിട്ടുള്ള അവയെ നാം അതേപടി സ്വീകരിക്കേണ്ടതാണ്; അതോടൊപ്പം മലയാളത്തിൽ സാധാരണയായി ഉപയോഗിക്കപ്പെടുന്ന തുല്യപദങ്ങളും അറിഞ്ഞിരിക്കണം.

5. മനുഷ്യശരീരശാസ്ത്രത്തിൽ, ആയുർവേദത്തിലുപയോഗിച്ചിട്ടുള്ള സാങ്കേതികപദങ്ങൾ പരീക്ഷണാർഥം ഉപയോഗിച്ചുനോക്കേണ്ടതാണ്.

6. പദങ്ങൾ തർജമ ചെയ്യുമ്പോൾ ധാത്വർത്ഥത്തേക്കാളേറെ ഇന്ന് അവയ്ക്കുള്ള സാങ്കേതികാർത്ഥത്തിന്നാണ് പ്രാധാന്യം നൽകേണ്ടത്.

7. തർജമകൾ ഹ്രസ്വങ്ങളായിരിക്കണം; നീണ്ടു പോകുന്ന നിർവചനങ്ങളോ വിവരണങ്ങളോ ആയിരിക്കരുത്.

8. സംസ്കൃതത്തിൽനിന്നും മറ്റു ഭാഷകളിൽനിന്നും സ്വീകരിക്കുന്ന ഉപസർഗങ്ങൾക്ക് അനിയന്ത്രിതമായ സ്വാതന്ത്ര്യം അനുവദിക്കണം എന്ന വിപ്ലവകരമായ തീരുമാനം നാം എടുക്കണം. അതേപോലെത്തന്നെ മലയാളവും സംസ്കൃതവും കലർന്ന സമാസത്തെ പണ്ഡിതന്മാർ പുച്ഛിക്കുന്ന സ്ഥാനത്ത്, മലയാളവും സംസ്കൃതവും മാത്രമല്ല, ഇംഗ്ലീഷും മറ്റു ഭാഷകളും ഇഷ്ടം പോലെ കൂട്ടിക്കലർത്തിയുള്ള സമാസങ്ങൾ ഉണ്ടാക്കുവാൻ ഭാഷയ്ക്ക് സ്വാതന്ത്ര്യം വേണം. ഇംഗ്ലീഷിലെ ക്രിയാപദങ്ങളെ മലയാളത്തിലേക്ക് മെരുക്കിയെടുക്കണം. To fit എന്ന ക്രിയയ്ക്ക് ഫിറ്റുക എന്നും Shall fit എന്നതിന് ഫിറ്റാം എന്നും ഡവലപ് എന്നതിന് ഡവലപ്പുക എന്നും മറ്റും പ്രയോഗിക്കാം."(മണി 76; പരമേശ്വരൻ, *ജനകീയശാസ്ത്ര പ്രസ്ഥാനം* 34; മുരളീധരൻ, ഫിറ്റാമോ?)

ക്രിയാപദങ്ങളെ സംബന്ധിച്ച നിർദേശങ്ങളൊഴികെ മറ്റുള്ളവ പൊതുവെ സ്വീകാര്യമായിരുന്നെങ്കിലും അത് ചൂടുപിടിച്ച ചർച്ചകൾക്കും വിമർശനങ്ങൾക്കും ഇടയാക്കി.[46] സെമിനാറിൽ സംസാരിച്ച എൻ. വി. സംസ്കൃതത്തിൽ എല്ലാ നാമപദങ്ങളെയും ക്രിയയാക്കി മാറ്റിയെടുക്കാൻ പാണിനി പതിനൊന്ന് മാർഗങ്ങൾ നിർദേശിച്ചിട്ടുണ്ടെന്നും, ഇംഗ്ലീഷിലുള്ള ക്രിയാപദങ്ങളെ ക്രിയാപദങ്ങളായിത്തന്നെ മലയാളത്തിൽ മെരുക്കിയെടുക്കുന്നതിൽ ബുദ്ധിമുട്ടുകളുണ്ട് എന്നുമുള്ള അഭിപ്രായമാണ് മുന്നോട്ടുവച്ചത്. എ. ആർ. രാജരാജവർമ, എൽ. എ. രവിവർമ, ഐ. സി. ചാക്കോ എന്നിവരുടെ സംഭാവനകളെ നന്ദിപൂർവം സ്മരിക്കണമെങ്കിലും അവരുടെ മാർഗം ഇന്ന് നമുക്ക് സ്വീകാര്യമല്ലെന്നും ഭൂരിഭാഗം സാർവദേശീയപദങ്ങളും അതേപടി സ്വീകരിക്കണമെന്നും ജോസഫ് മുണ്ടശ്ശേരി സമ്മേളനത്തിൽ അഭിപ്രായപ്പെട്ടത് (മണി 84) കേവലമായ നിലപാടാണോ, അതോ മുൻനിലപാടിൽനിന്ന് പ്രയോഗതലത്തിലുള്ള തിരുത്തലാണോ എന്നത് വിശദമായി പരിശോധിക്കേണ്ടതുണ്ട്.

രണ്ടുകൊല്ലംകൊണ്ട് ആയിരത്തിലധികം പേജുകളുള്ള ഒരു സാങ്കേതികശബ്ദകോശം തയ്യാറാക്കി പ്രസിദ്ധീകരിക്കാനുള്ള തീരുമാനത്തോടെയാണ് സമ്മേളനം പിരിഞ്ഞത്. A മുതൽ K വരെയുള്ള അക്ഷരങ്ങളിൽ ആരംഭിക്കുന്ന പദങ്ങൾ ബോംബെയിലെ ഘടകവും L മുതൽ Z വരെയുള്ളവ കേരളത്തിലുള്ളവരും തയ്യാറാക്കണമെന്നായിരുന്നു ധാരണ. ബോംബെയിലെ പ്രവർത്തകർ തയ്യാറാക്കിയ ഏതാനും പദങ്ങൾ *മാതൃഭൂമി ആഴ്ചപ്പതിപ്പിൽ* ജനാഭിപ്രായത്തിനായി പ്രസിദ്ധീകരിച്ചു (പരമേശ്വരൻ, "മലയാളത്തിനൊരു സാങ്കേതിക ശബ്ദകോശം"). കോഴിക്കോട് റീജിയണൽ എൻജിനീയറിങ്ങ് കോളെജ് യൂണിറ്റ് തയ്യാറാക്കിയ അമ്പത്തിരണ്ട് പദങ്ങളും ടൗൺ യൂണിറ്റ് തയ്യാറാക്കിയ

അറുപത്തിനാല് പദങ്ങളും *ശാസ്ത്രഗതി*യുടെ 1968 ഫിബ്രവരി ലക്കത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി.[47] അടുത്ത ലക്കത്തിൽ എൻജിനീയറിങ്ങ് കോളെജ് യൂണിറ്റ് തയ്യാറാക്കിയ എഴുപത്തിയാറ് പദങ്ങൾകൂടി പ്രസിദ്ധീകരിച്ചു. തൃശ്ശൂർ യൂണിറ്റ് തയ്യാറാക്കിയ കുറച്ച് പദങ്ങൾ *എക്സ്പ്രസ്* ദിനപത്രത്തിലും പ്രസിദ്ധീകരിച്ചിരുന്നു. പരിഷത്ത് തയ്യാറാക്കിയ പദങ്ങളെല്ലാം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പദാവലി നിർമാണം ആരംഭിച്ചപ്പോൾ അതിലേക്ക് കൈമാറുകയാണ് ചെയ്തത്.

പരിഷത്തിന്റെ പ്രസിദ്ധീകരണമായ *ശാസ്ത്രഗതി*യിൽ ലേഖനങ്ങളുടെ ഒടുവിൽ 'ഈ ലേഖനത്തിലൂടെ അവതരിപ്പിക്കുന്ന പദങ്ങൾ' എന്ന പേരിൽ സാങ്കേതികപദസൂചിക നൽകുന്ന രീതി ആദ്യകാല ലക്കങ്ങളിൽ കാണാം. *ശാസ്ത്രഗതി*യിൽ പൊതുവെ ലളിതമായ ഭാഷാശൈലിയാണ് ഉപയോഗിച്ചുപോന്നത്. സമസ്തപദങ്ങൾ രൂപീകരിക്കാൻ ഭാഷയ്ക്കുള്ള കഴിവ് കണക്കിലെടുക്കണമെന്നും, കാന്തീയമണ്ഡലം, ഉദരീയപേശി, ആറ്റമികയുഗം എന്നിവയ്ക്കുപകരം കാന്തമണ്ഡലം, ഉദരപേശി, ആറ്റംയുഗം എന്നിങ്ങനെ മതിയെന്നും എട്ടാം ലക്കത്തിൽ സാങ്കേതികപദങ്ങളെക്കുറിച്ച് പി. രാമചന്ദ്രമേനോൻ എഴുതിയ ലേഖനത്തിൽ കാണാം. അതേ ശൈലിതന്നെയാണ് *ശാസ്ത്രഗതി* പിന്തുടർന്നത്. *ശാസ്ത്രഗതി*യിലെ ഗദ്യമാതൃക ആധുനികഗദ്യത്തിന്റെ കെട്ടുറപ്പുള്ളതാണെന്നും ആദ്യകാല ശാസ്ത്രമെഴുത്തിനെ അപേക്ഷിച്ച് അന്യഭാഷയിലെ സാങ്കേതിക പദങ്ങൾ ലേസർ, ഫോട്ടോ ഇലക്ട്രിക്ക് ഇഫക്ട്, അൾട്രാ സൗണ്ടിങ്ങ് എന്നിങ്ങനെ നേരിട്ട് സ്വീകരിക്കുന്ന രീതി സമീപകാലത്ത് കൂടിയിട്ടുണ്ടെന്നും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട് (ഉണ്ണികൃഷ്ണൻ. പി. 44).

*ശാസ്ത്രഗതി*ക്കുപുറമെ *ശാസ്ത്രകേരളം, യുറീക്ക* എന്നീ ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ആയിരത്തിലധികം പുസ്തകങ്ങൾ, നിരവധി ലഘുലേഖകൾ എന്നിവയിലൂടെയെല്ലാം മലയാളത്തിന്റെ വൈജ്ഞാനിക ഉള്ളടക്കം വർധിപ്പിക്കുന്നതിൽ പരിഷത്തിന്റെ വലിയ സംഭാവനയുണ്ട്. പോപ്പുലർ സയൻസ് പുസ്തകങ്ങൾ മാത്രമല്ല, റഫറൻസ് പുസ്തകങ്ങൾ, അക്കാദമിക പുസ്തകങ്ങൾ തുടങ്ങിയവയും പരിഷത്ത് പ്രസിദ്ധീകരണങ്ങളിൽ ഉൾപ്പെടും. പൊതുവെ ശാസ്ത്ര–സാമൂഹികശാസ്ത്ര മേഖലകളെ മുൻനിർത്തിയാണ് പുസ്തകങ്ങളെങ്കിലും കുട്ടികൾക്കുള്ള പുസ്തകങ്ങളിൽ സർഗാത്മകമേഖലയും ഉണ്ടാവാറുണ്ട്. വരമൊഴി മാത്രമല്ല, വാമൊഴിയും ശാസ്ത്രപ്രചാരണത്തിനായി വലിയതോതിൽ പരിഷത്ത് പ്രയോജനപ്പെടുത്തിയിട്ടുണ്ട്. 'പ്രകൃതി–ശാസ്ത്രം–സമൂഹം', 'ഭൗതികലോകം', 'ജീവലോകം', 'ശാസ്ത്രലോകം', 'നാളത്തെ ലോകം' തുടങ്ങിയ ക്ലാസുകൾ ആയിരക്കണക്കിന് വേദികളിൽ നടന്നിട്ടുണ്ട്. മലയാളത്തിലെ ആദ്യത്തെ ഓൺലൈൻ സയൻസ് പോർട്ടലായ *ലൂക്ക*[48]

ആരംഭിച്ചതും (2014 ൽ) പരിഷത്തുതന്നെ. വിവിധ വിഷയങ്ങളിലുള്ള രണ്ടായിരത്തിലേറെ ശാസ്ത്രലേഖനങ്ങൾ ഇപ്പോൾ ലൂക്കയിലുണ്ട്. ജ്യോതിശ്ശാസ്ത്രം, പരിണാമം തുടങ്ങിയ വിഷയങ്ങളിൽ ഓൺലൈൻ പഠനകോഴ്സുകളും ലൂക്ക നടത്തിവരുന്നു. പരിഷത്ത് പ്രസിദ്ധീകരണങ്ങളിലെ വൈജ്ഞാനിക ഉള്ളടക്കത്തിന്റെ സ്വരൂപം, സാങ്കേതികപദങ്ങളുടെ സവിശേഷതകൾ, കാലാന്തരത്തിൽ അവയിൽ വന്നുചേർന്ന മാറ്റം തുടങ്ങിയ കാര്യങ്ങൾ ഇനിയും സവിശേഷമായി പഠിക്കപ്പെട്ടിട്ടില്ല.

പുസ്തകപ്രസിദ്ധീകരണരംഗത്തേക്ക് സംഘടന നേരിട്ട് കടക്കുന്നതിന് മുമ്പ് പരിഷത്ത് പ്രവർത്തകരുടെ മുൻകയ്യോടെ ഒരു ശാസ്ത്രപുസ്തക പ്രസിദ്ധീകരണ സഹകരണ സംഘം ആരംഭിച്ചിരുന്നു. 1971 മുതൽ വൈജ്ഞാനികപുസ്തകങ്ങളുടെ പ്രസിദ്ധീകരണരംഗത്ത് തിരുവനന്തപുരം കേന്ദ്രമാക്കി 'സ്റ്റെപ്സ്' (STEPS- Scientific Technical and Educational Publishing Co-operative Society) പ്രവർത്തിച്ചുപോന്നു. വേണ്ടത്ര വായനക്കാരില്ലായെന്ന കാരണം പറഞ്ഞ് പ്രധാന പ്രസാധകർ ശാസ്ത്രപുസ്തകങ്ങൾ പ്രസിദ്ധീകരിക്കാൻ തയ്യാറാകാത്ത സാഹചര്യത്തിലാണ് ഇത്തരമൊരു ഉദ്യമത്തിന് തുടക്കമിട്ടത്(ഒരു സംഘം ലേഖകർ, *ശാസ്ത്രസാഹിത്യ പ്രസ്ഥാനം* 196). ശാസ്ത്രം വായിക്കാൻ ആളുകളെ കിട്ടില്ല എന്ന വാദത്തിന്റെ പൊള്ളത്തരം *മാതൃഭൂമി ആഴ്ചപ്പതിപ്പി*ന്റെ അനുഭവത്തിൽ എൻ. വി. ഇങ്ങനെ തുറന്നുകാട്ടിയിട്ടുണ്ട്: 'ഡോ. ശാന്തകുമാർ മനോരോഗങ്ങളെപ്പറ്റിയോ സീരി കൃഷിയെപ്പറ്റിയോ എഴുതുന്നതിനെപ്പറ്റി ലഭിക്കുന്ന വായനക്കാരുടെ കത്തുകൾ തകഴിയുടെയോ കാരൂരിന്റെയോ രചനകളെപ്പറ്റി വരുന്ന കത്തുകളേക്കാൾ എണ്ണത്തിൽ കൂടുതലാണ് ' (മണി 86). *നമുക്കു ചുറ്റുമുള്ള ജീവികൾ, ഒരുതുള്ളി വെള്ളം, മിഠായിക്കഥകൾ* തുടങ്ങി ഒരു പിടി പുസ്തകങ്ങളും 'പ്രസ്ഥാനചരിത്രം' എന്ന പരമ്പരയും (*കേരളത്തിലെ അധ്യാപക പ്രസ്ഥാനം, ഗ്രന്ഥശാലാപ്രസ്ഥാനം, സർക്കാർ ജീവനക്കാരുടെ സമരചരിത്രം, ശാസ്ത്രസാഹിത്യ പ്രസ്ഥാനം*) എന്നിവയും സ്റ്റെപ്സ് പ്രസിദ്ധീകരിച്ചു. ഡോ. എ. എൻ. നമ്പൂതിരി ചുമതല നിർവഹിച്ച *സ്റ്റെപ്സ് ന്യൂസ്* എന്ന ദ്വൈവാരിക പുസ്തകങ്ങളെക്കുറിച്ചുള്ള വാർത്തകൾക്കു പുറമെ ശാസ്ത്രവാർത്തകളും കൂടി ഉൾപ്പെടുന്ന ഒരു പ്രസിദ്ധീകരണമായിരുന്നു. പരിഷത്ത് നേരിട്ട് പുസ്തകം പ്രസിദ്ധീകരിക്കാൻ തുടങ്ങിയതോടെ[49] സ്റ്റെപ്സ് പ്രവർത്തനങ്ങൾ ദുർബലമായി.

ശാസ്ത്രസാഹിത്യ സമിതിയും കേരള ശാസ്ത്രസാഹിത്യ പരിഷത്തും ശൂന്യതയിൽനിന്നു മുളച്ചുവന്നവയല്ല. മുൻ അധ്യായത്തിൽ ചൂണ്ടിക്കാണിച്ചതുപോലെ ഇംഗ്ലണ്ടിലും ഇറ്റലിയിലും ഫ്രാൻസിലുമെല്ലാം ദേശീയപ്രബുദ്ധത ഉയർന്ന ഘട്ടങ്ങളിൽ തങ്ങളുടെ ഭാഷയിലൂടെ വിജ്ഞാനം ജനങ്ങളിലെത്തിക്കാനുള്ള ശ്രമങ്ങളുണ്ടായിട്ടുണ്ട്. ഇന്ത്യയിൽത്തന്നെ

ബംഗാളിൽ അത്തരത്തിലുള്ള ഉണർവുണ്ടായിട്ടുണ്ട്. സമസ്തകേരള സാഹിത്യപരിഷത്ത് രൂപപ്പെടുന്നതും ദേശീയപ്രബുദ്ധതയുടെ ഭാഗമായിത്തന്നെ. സാഹിത്യപരിഷത്ത് വേണ്ടതുപോലെ പ്രവർത്തിക്കുന്നില്ല എന്നുതോന്നിയ ചിലരാണ് കേരള സാഹിത്യ സമിതിക്ക് [50] രൂപം നൽകിയത്. ജനങ്ങളുടെ അഭിവൃദ്ധി ഭാഷയിൽ പ്രതിഫലിക്കാനുള്ള സ്വാഭാവികമാർഗങ്ങൾ അടഞ്ഞുപോവുന്നതിന്റെ കാരണമന്വേഷിക്കുന്ന സഹോദരൻ അയ്യപ്പൻ 'ജനങ്ങളുടെ വർധിച്ചുവരുന്ന പാണ്ഡിത്യവും സംസ്കാരവും മലയാളത്തിൽ കൂടി ലഭ്യമാവുന്നില്ല' എന്ന തിരിച്ചറിവിലേക്കാണ് എത്തുന്നത്. പൊതുജീവിതസംബന്ധമായ പ്രധാന വ്യവഹാരങ്ങളെല്ലാം സ്വന്തം ഭാഷയിലല്ലാതാവുമ്പോൾ മറ്റെന്തുതരത്തിൽ പ്രവർത്തിച്ചാലും ഉന്നതിയിലേക്ക് കടക്കാനാവില്ലെന്ന് അയ്യപ്പൻ കരുതി. ഈ തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് 'ബഹുജനങ്ങളുടെ വിദ്യാഭ്യാസത്തെയും വിദ്യാഭ്യാസംവഴി ബഹുജനങ്ങളുടെ അഭിവൃദ്ധിയും ആഗ്രഹിക്കുന്നവരെല്ലാം വിദ്യാഭ്യാസം മാതൃഭാഷയിലാക്കുവാൻ ശ്രമിക്കുമെന്ന് ' ("മലയാളഭാഷയുടെ അഭിവൃദ്ധിമാർഗം" 49) അദ്ദേഹം അഭിപ്രായപ്പെടുന്നത്. ഈ സാമൂഹ്യബോധ്യം തന്നെയാണ് ഭാഷാവികസനത്തിനായി ഒരു പഞ്ചവത്സരപദ്ധതി നിർദേശമായി എൻ. വി.യിലൂടെ പുറത്തുവരുന്നതും.

## 2.9 ഭാഷയ്ക്കായുള്ള സ്ഥാപനങ്ങൾ

### 2.9.1 കേരള സാഹിത്യ അക്കാദമി

ഔപചാരികമായി കേരളസംസ്ഥാനം നിലവിൽവരുന്നതിന് ഏതാനും ദിവസങ്ങൾക്കുമുമ്പാണ് കേരള സാഹിത്യ അക്കാദമി രൂപീകരിക്കപ്പെട്ടത്. മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ച ലക്ഷ്യമിടുന്ന അക്കാദമി വൈവിധ്യമാർന്ന പ്രവർത്തനപരിപാടികൾ ആസൂത്രണംചെയ്ത് നടപ്പാക്കിവരുന്നു. അമൂല്യങ്ങളായ നിരവധി പുസ്തകങ്ങൾ ഉൾപ്പെടെ ഒന്നര ലക്ഷത്തിലധികം പുസ്തകങ്ങൾ ശേഖരിച്ചിട്ടുള്ള ലൈബ്രറി, ആനുകാലികങ്ങളുടെ വിപുലമായ ശേഖരം, ആർക്കൈവ്സ്, അറുപത് ഗവേഷകരെ ഉൾക്കൊള്ളുന്ന ഗവേഷണകേന്ദ്രം, *സാഹിത്യലോകം, സാഹിത്യ ചക്രവാളം* എന്നീ ആനുകാലികങ്ങൾ, *മലയാളം ലിറ്ററി സർവെ* എന്ന ഇംഗ്ലീഷ് പ്രസിദ്ധീകരണം എന്നിവയെല്ലാം സാഹിത്യ അക്കാദമിയുടേതായുണ്ട് (വാർഷിക പ്രവർത്തനറിപ്പോർട്ട് 2016–17).[51]

പൊതുവേ, സാഹിത്യമേഖലയെ മുൻനിർത്തിയാണ് അക്കാദമിയുടെ പ്രസിദ്ധീകരണപ്രവർത്തനങ്ങളെങ്കിലും മലയാളത്തിലെ വൈജ്ഞാനികഗ്രന്ഥങ്ങളിൽ ഇന്നും ശ്രദ്ധേയമായ, *കേരളത്തിലെ പക്ഷികൾ* ആയിരുന്നു അക്കാദമി ആദ്യം പ്രസിദ്ധീകരിച്ച പുസ്തകം. ഭരണഘടനാഭേദഗതി, ലിപിയും മുദ്രണവും, തർജമ, പ്രസാധനസമിതി, ബാലസാഹിത്യസമിതി, കേരളചരിത്ര നിർമാണസമിതി, ശാസ്ത്രവിഭാഗം എന്നിങ്ങനെ ആദ്യത്തെ സമ്പൂർണസമ്മേളത്തിൽ രൂപീകരിച്ച ഉപസമിതികളിലൊന്ന് വൈജ്ഞാനികസാഹിത്യത്തിന്റെ വികാസത്തെ ലക്ഷ്യംവെക്കുന്നതായിരുന്നു. ശാസ്ത്രവിഭാഗത്തിൽ ഡോ. കെ. ഭാസ്കരൻ നായർ (സംയോജകൻ), ഡോ. എൽ. എ. രവിവർമ, ജോസഫ് മുണ്ടശ്ശേരി, എം. പി. അപ്പൻ, എൻ. വി. കൃഷ്ണവാരിയർ, കെ. ദാമോദരൻ, പി. കെ. കോരു എന്നിവരായിരുന്നു അംഗങ്ങൾ(ബാലകൃഷ്ണൻ, *വിജ്ഞാനമലയാളം* 70). ഒറ്റപ്പെട്ട രീതിയിൽ വൈജ്ഞാനികഗ്രന്ഥങ്ങൾ ഇപ്പോഴും അക്കാദമിയുടെ പ്രസിദ്ധീകരണ ശ്രമങ്ങളിൽ ഇടംപിടിക്കാറുണ്ട്. *കേരളത്തിലെ പക്ഷികൾ* പോലുള്ള ഗ്രന്ഥങ്ങളിലേക്ക് അക്കാദമി പിന്നീട് അധികം ശ്രദ്ധിക്കാത്തതിന് കാരണം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ തട്ടകമാണത് എന്നതിനാലാവാം. 1989 മുതൽ വൈജ്ഞാനികഗ്രന്ഥങ്ങൾക്കും സാഹിത്യ അക്കാദമിയുടെ അവാർഡുകൾ നൽകിപ്പോരുന്നു.

അക്കാദമിയുടെ സംരംഭങ്ങളിൽ എടുത്തുപറയേണ്ട ഒന്ന് *മലയാള ഗ്രന്ഥസൂചി*യാണ്. മലയാളത്തിൽ പ്രസിദ്ധീകൃതമായിട്ടുള്ള മുഴുവൻ പുസ്തകങ്ങളുടെയും വിവരങ്ങൾ ക്രോഡീകരിക്കാനുള്ള പദ്ധതി പ്രകാരമുള്ള ആദ്യവാല്യം 1973 ൽ പുറത്തിറങ്ങി. ഇതിനകം ഒൻപത് വാല്യങ്ങളിലായി 2005 വരെ പുറത്തിറങ്ങിയ പുസ്തകങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ സംഗ്രഹിച്ചിരിക്കുന്നു. പുസ്തകങ്ങളെ അറുപത്തിരണ്ട് ഇനങ്ങളിലാക്കി തിരിച്ച് ഗ്രന്ഥകാരന്റെ പേര്, ജീവിതകാലം, പുസ്തകശീർഷകം തുടങ്ങി പതിനാല് ഇനം വിവരങ്ങൾ ക്രോഡീകരിക്കുന്ന രീതിയായിരുന്നു തുടക്കത്തിൽ വിഭാവനം ചെയ്തത്. ഇപ്പോൾ 62 ഇനങ്ങൾക്ക് ഉപവിഭാഗങ്ങൾ കൂടി നൽകി 194 ഇനങ്ങളായി തിരിക്കുന്നു. ഏറ്റവും അവസാനം ഇറങ്ങിയ വാല്യത്തിനൊടുവിൽ ശീർഷകസൂചി, ഗ്രന്ഥകാരസൂചി, മുഖവുരസൂചി, വിഷയസൂചി എന്നിങ്ങനെ നാല് അനുബന്ധങ്ങൾ കൂടിയുണ്ട്. ഒൻപതാം വാല്യത്തോടെ അച്ചടിരൂപം നിർത്തുകയാണെന്ന് അക്കാദമി വെളിപ്പെടുത്തുന്നു (ലളിതാലെനിൻ et al.). കെ. എം. ഗോവിയായിരുന്നു ഈ ബൃഹദ്പദ്ധതിയുടെ നെടുംതൂൺ. ആദ്യവാല്യത്തിൽ അദ്ദേഹത്തോടൊപ്പം സഹ എഡിറ്ററായി എ. കെ. പണിക്കർകൂടി ഉണ്ടായിരുന്നു.

ഭാഷാഗവേഷകരെയും സാമൂഹികശാസ്ത്ര ഗവേഷകരെയും സംബന്ധിച്ച് വളരെ പ്രധാനമാണ് ഗ്രന്ഥസൂചികൾ. ബൃഹത്തും ശാസ്ത്രീയവുമായ *മലയാള ഗ്രന്ഥസൂചി* മറ്റെല്ലാ

ഇന്ത്യൻഭാഷകൾക്കും മാതൃകാപരമാണെന്നതിൽ തർക്കമില്ല. എന്നാൽ കാലത്തിന് മുന്നേ പറക്കാനോ കാലത്തിനൊപ്പം സഞ്ചരിക്കാനോ അക്കാദമിക്ക് കഴിയുന്നില്ലെന്നത് വസ്തുതയാണ്. ആധുനിക സാങ്കേതികവിദ്യകളെ പ്രയോജനപ്പെടുത്തി ഗ്രന്ഥസൂചിയുടെ രൂപവും ഭാവവും മാറ്റുന്നതിൽ അക്കാദമി വളരെ പുറകിലാണ്. ഒൻപതാം വാല്യം ഡാറ്റാബേസ് ആയി തയ്യാറാക്കിയെന്നു പറയുന്നുണ്ടെങ്കിലും അതുപോലും പൊതുമണ്ഡലത്തിൽ ഇതുവരെ ലഭ്യമാക്കിയിട്ടില്ല.[52] മുഴുവൻ വാല്യങ്ങളിലെയും വിവരങ്ങൾ തരംതിരിക്കാനും വിശകലനം ചെയ്യാനും പറ്റുന്നവിധത്തിലേക്ക് മാറ്റിയെങ്കിൽ മാത്രമേ അത് പൂർണാർത്ഥത്തിൽ പ്രയോജനപ്പെടുത്താനും മലയാളത്തിലെ പുസ്തകപ്രസാധനരംഗത്തെ കൃത്യമായി അപഗ്രഥിക്കാനും കഴിയുകയുള്ളൂ.

പഴയകാല ഗ്രന്ഥങ്ങളുടെ ഡിജിറ്റൽ ശേഖരം തയ്യാറാക്കിയതാണ് അക്കാദമി ചെയ്ത മറ്റൊരു പ്രധാന പ്രവർത്തനം. കുറെയേറെ പുസ്തകങ്ങളുടെയും ആനുകാലികങ്ങളുടെയും കോപ്പികൾ ഇപ്പോൾ ഓൺലൈൻ ലൈബ്രറിയിൽ ലഭ്യമാണ്. ഗ്രന്ഥസൂചിയുടെ ഒൻപതാം വാല്യത്തിന്റെ ആമുഖഭാഗത്ത് പതിനായിരം ഗ്രന്ഥങ്ങളുടെ ഡിജിറ്റൽ ശേഖരം തയ്യാറാക്കിയതായി അവകാശപ്പെടുന്നുണ്ട്. പക്ഷേ, ഡിജിറ്റൽ ലൈബ്രറിയിൽ അത്രയൊന്നും പുസ്തകങ്ങൾ ലഭ്യമല്ല. തയ്യാറാക്കിയ ശേഖരം പൊതുമണ്ഡലത്തിൽ ലഭ്യമാക്കാത്തതിനെക്കുറിച്ചും അതിന്റെ സ്കാനിങ്ങ് നിലവാരത്തെക്കുറിച്ചുമൊക്കെ വിമർശനങ്ങൾ ഉയർന്നതിനുശേഷമാണ് അവ ലഭ്യമാക്കിയതുതന്നെ. ലഭ്യമായ പുസ്തകങ്ങൾപോലും എളുപ്പത്തിൽ കണ്ടെത്താനുള്ള മാർഗങ്ങൾ കുറവാണ്. സെർച്ച് എഞ്ചിനുകളിൽ തിരഞ്ഞാൽ വെബ്സൈറ്റിൽ ലഭ്യമായ പുസ്തകങ്ങളെക്കുറിച്ച് വിവരമൊന്നും ലഭിക്കാത്ത സ്ഥിതിയാണിപ്പോൾ. ഭാഷാപഠനത്തിൽ മാത്രമല്ല, സംസ്കാര പഠനം, ചരിത്രപഠനം എന്നീ മേഖലകളിലെല്ലാം പഴയകാല പുസ്തകങ്ങളും രേഖകളും പ്രാധാന്യമർഹിക്കുന്നു. പഴയകാല രേഖകളും പുസ്തകങ്ങളുമെല്ലാം സമൂഹത്തിന്റെ സ്വത്താണ്. അവ ഡിജിറ്റൈസ് ചെയ്യുന്നതും സമൂഹത്തിന്റെ പണമുപയോഗിച്ചാണ്. പൊതുമണ്ഡലത്തിൽ ലഭ്യമാകുന്ന അവസരത്തിലേ സമൂഹത്തിന് അത് പ്രയോജനപ്പെടുത്താൻ കഴിയൂ. വിജ്ഞാനോൽപ്പാദനത്തിൽ കുതിച്ചുചാട്ടം ഉണ്ടാവൂ; ഭാഷയുടെ വികാസം യാഥാർത്ഥ്യമാവൂ.

## 2.9.2 കേരള സർവകലാശാലയും മലയാള സർവകലാശാലയും

തിരുവിതാംകൂർ സർവകലാശാല 1957 ൽ കേരള സർവകലാശാലയായി വിപുലീകരിച്ചു. പ്രാചീനഗ്രന്ഥങ്ങളുടെ ശേഖരണവും പ്രസാധനവും സർവകലാശാലയുടെ കീഴിലുള്ള ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് മാനുസ്ക്രിപ്റ്റ് ലൈബ്രറിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. രൂപീകരണലക്ഷ്യത്തിൽ മലയാളഭാഷയുടെ വികാസം പ്രധാനഘടകമാണെങ്കിലും അതിനനുസരിച്ച സംഭാവനകൾ കേരള സർവകലാശാലയുടെ ഭാഗത്തുനിന്ന് ഉണ്ടാവുന്നില്ല. കേരളത്തിലെ മറ്റ് സർവകലാശാലകളുടെ സ്ഥിതിയും വ്യത്യസ്തമല്ല. വിവിധ വൈജ്ഞാനികമേഖലകളിൽ നടക്കുന്ന ഗവേഷണങ്ങളെ മലയാള ഭാഷയിലേക്ക് കൊണ്ടുവന്ന് ജനജീവിതവുമായി അവയെ കണ്ണിചേർക്കുന്ന കാര്യത്തിൽ സർവകലാശാലകൾ പരാജയപ്പെടുന്നു.

മാതൃഭാഷയായ മലയാളത്തെ കേരളത്തിലെ സർവകലാശാലകൾ കയ്യൊഴിഞ്ഞപ്പോൾ അവരുടെ മേൽ സമ്മർദം ചെലുത്താതെ, അതിനു മാത്രമായി മറ്റൊരു സർവകലാശാല സ്ഥാപിച്ച് അവയെ ഈ ബാധ്യതയിൽനിന്ന് ഒഴിവാക്കുകയാണ് ഒരർത്ഥത്തിൽ ഭരണാധികാരികൾ ചെയ്തത്. 2012 ലാണ് തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല രൂപീകരിച്ചത്. മലയാളമാധ്യമത്തിലൂടെ ശാസ്ത്ര–മാനവിക–സാമൂഹികശാസ്ത്ര–സാങ്കേതികശാസ്ത്ര വിഷയങ്ങളുടെ പഠനവും, മലയാള ലിപി സാങ്കേതികവിദ്യയുമായി കൂടുതൽ പൊരുത്തപ്പെടുത്തുന്നതിനും ശാസ്ത്രത്തിലും സാങ്കേതികവിദ്യയിലുമുള്ള ആധുനിക അറിവ് പ്രകടിപ്പിക്കുന്നതിന് മലയാളത്തെ സജ്ജമാക്കുന്നതിനും വേണ്ടി പ്രത്യേകമേഖലകളിൽ ഗവേഷണം ഏറ്റെടുക്കലും മലയാള സർവകലാശാലയുടെ ചുമതലകളിൽ ഉൾപ്പെടുന്നു. മലയാളഭാഷാ മാധ്യമത്തിലൂടെ ബിരുദാനന്തരബിരുദ കോഴ്സുകളും ഗവേഷണ കോഴ്സുകളും ഇപ്പോൾ മലയാള സർവകലാശാലയിൽ നടന്നുവരുന്നു.[53] സർവകലാശാല രൂപപ്പെട്ടിട്ട് പത്തു വർഷമേ ആയിട്ടുള്ളൂ. മലയാളത്തിന്റെ വൈജ്ഞാനികപദവിയെ സമൂലമായി പരിവർത്തിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങളൊന്നും ഇക്കാലയളവിൽ കാഴ്ചവെക്കാൻ സർവകലാശാലയ്ക്ക് കഴിഞ്ഞിട്ടില്ല. സാമൂഹികശാസ്ത്രമേഖലയിലും ശാസ്ത്രമേഖലയിലും പുതിയ നിരവധി കോഴ്സുകൾ ആരംഭിക്കേണ്ടതുണ്ട്. എങ്കിലേ ഭാഷയുടെ വൈജ്ഞാനികനിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോട് നീതി പുലർത്താൻ കഴിയൂ.

### 2.9.3 മലയാളം ലെക്സിക്കൺ

തിരുവിതാംകൂർ സർവകലാശാലയുടെയും തിരു–കൊച്ചി സർക്കാരിന്റെയും നേതൃത്വത്തിൽ 1953 ൽ ആരംഭിച്ച ഒരു ബൃഹദ് പദ്ധതിയായിരുന്നു *മലയാള മഹാനിഘണ്ടു* അഥവാ *മലയാളം ലെക്സിക്കൺ*. ശൂരനാട് കുഞ്ഞൻ പിള്ളയായിരുന്നു മഹാനിഘണ്ടുവിന്റെ ആദ്യ എഡിറ്റർ. ഭാഷാവിദഗ്ധരായ ഒരു സംഘം നിഘണ്ടുവിന്റെ രൂപകൽപ്പനയിൽ പങ്കുവഹിച്ചിട്ടുണ്ടെങ്കിലും അതിന്റെ ശിൽപ്പി പ്രധാനമായും ശൂരനാട് തന്നെയായിരുന്നു. മലയാളികൾക്കു മാത്രമല്ല വിദേശികളായ പണ്ഡിതന്മാർക്കും വിദ്യാർത്ഥികൾക്കും വരെ പ്രയോജനപ്പെടുന്ന തരത്തിൽ നിഘണ്ടു വിഭാവനം ചെയ്തു. വളരെ വിപുലമായ രീതിയിലാണ് മഹാനിഘണ്ടുവിനാവശ്യമായ പദശേഖരണം നടത്തിയത്. മുപ്പത്തിയഞ്ച് ലക്ഷത്തോളം ഇൻഡക്സ് കാർഡുകൾ നിഘണ്ടുവിന് വേണ്ടി തയ്യാറാക്കപ്പെട്ടിരുന്നു. പദങ്ങളുടെ വ്യുത്പത്തി, വ്യാകരണാർത്ഥം, ഭിന്നമായ മറ്റ് അർത്ഥങ്ങൾ, പര്യായഭേദങ്ങൾ, തുടങ്ങിയവയും ഇംഗ്ലീഷ് ലിപ്യന്തരണവും ലഭ്യമായ *മലയാള മഹാനിഘണ്ടു*വിൽ ആഗമികവും വിവരണാത്മകവും ഭാഷാശാസ്ത്രപരവുമായ സങ്കേതങ്ങൾ സമ്മേളിക്കുന്നു.

മുവ്വായിരത്തോളം ഗ്രന്ഥങ്ങൾ, പുരാരേഖകൾ, നാടൻപാട്ടുകൾ തുടങ്ങിയവയിൽ നിന്നെല്ലാമാണ് പദങ്ങൾ കണ്ടെടുത്തത്. ഓക്സ്ഫോർഡ് നിഘണ്ടുവിന്ന് സമശീർഷമായ ഒന്നാണ് *മലയാള മഹാനിഘണ്ടു*വെന്നും ആധുനിക ഭാരതീയ ഭാഷകളിലൊന്നും തന്നെ ഇതിന് തുല്യമായ മറ്റൊരു കോശഗ്രന്ഥമില്ലെന്നും (അർജ്ജുനൻ 325) വിലയിരുത്തപ്പെട്ടിട്ടുണ്ട്. വാക്കുകളും ഉദ്ധാരണികളും കണ്ടെത്താൻ ഉപയോഗപ്പെടുത്തിയ ഉപാദാനങ്ങളുടെ വൈപുല്യമാണ് *മലയാള മഹാനിഘണ്ടു*വിനെ ശ്രദ്ധേയമാക്കുന്നത് (Asher 378). പന്ത്രണ്ട് വാല്യങ്ങളുള്ള[54] മഹാനിഘണ്ടുവിന്റെ അ എന്ന അക്ഷരത്തിൽ തുടങ്ങുന്ന പദങ്ങൾ മാത്രമുൾക്കൊള്ളുന്ന ഒന്നാം വാല്യം 1965 ൽ പുറത്തിറങ്ങി. 1965, 1970, 1976, 1984, 1985, 1988, 1997, 2009, 2015 വർഷങ്ങളിലായി ഇതുവരെ ഒൻപതു വാല്യങ്ങളേ പുറത്തിറങ്ങിയിട്ടുള്ളൂ. വലിയതോതിൽ തെറ്റുകൾ കടന്നുകൂടിയതിനാൽ ഒൻപതാം വാല്യം പിൻവലിക്കുകയുമുണ്ടായി. ഭാഷയ്ക്ക് അഭിമാനകരമായ ഒരു പദ്ധതി കെടുകാര്യസ്ഥതയുടെ പര്യായമായി മാറിയതിന്റെ ഉദാഹരണമാണ് ഇന്ന് *മലയാള മഹാനിഘണ്ടു*. ആറു പതിറ്റാണ്ടു പിന്നിട്ടിട്ടും ഒരു നിഘണ്ടുവിന്റെ പണി പൂർണമാവാതെ കിടക്കുന്നു. അതും അടിസ്ഥാനപ്രവർത്തനമായ പദശേഖരണം ആദ്യഘട്ടത്തിൽ വിജയകരമായി പൂർത്തിയാക്കിയിട്ടും.

### 2.9.4 സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്

ഭാഷയിൽ സമഗ്രമായ ഒരു വിജ്ഞാനകോശത്തിനുവേണ്ടിയുള്ള ശ്രമങ്ങൾ ഐക്യകേരളത്തിലെ ആദ്യ മന്ത്രിസഭയുടെ കാലത്തുതന്നെ ആരംഭിച്ചിരുന്നു. എങ്കിലും 1961 ൽ പട്ടം താണുപിള്ള മുഖ്യമന്ത്രിയായ കാലത്താണ് പ്രവർത്തനങ്ങൾക്ക് തുടക്കമായത്. പ്രൊഫ. എൻ. ഗോപാലപിള്ള ചീഫ് എഡിറ്ററായി നിയമിക്കപ്പെട്ടു. പന്ത്രണ്ട് കൊല്ലത്തിനകം പത്ത് വാല്യങ്ങളായി വിജ്ഞാനകോശം തയ്യാറാക്കാനാണ് അന്ന് വിഭാവനം ചെയ്തത്. വർഷങ്ങളോളം വിജ്ഞാനകോശത്തിന്റെ പ്രവർത്തനങ്ങൾ കാര്യമായി നീങ്ങിയില്ല. ഗോപാലപിള്ളയുടെ മരണത്തെ തുടർന്ന് 1969 ജൂലായ് 1 ന് ഡോ. കെ. എം. ജോർജ് പുതിയ ചീഫ് എഡിറ്ററായി ചുമതലയേറ്റതോടെയാണ് പ്രവർത്തനങ്ങൾ സജീവമായത്. അതുവരെ മലയാളം എൻസൈക്ലോപീഡിയ എന്ന് വിളിച്ചുപോന്ന പുസ്തകസഞ്ചയത്തെ *സർവവിജ്ഞാനകോശം* എന്ന് പുതുക്കി നാമകരണം ചെയ്തു. പേരിൽ മാത്രം ഒതുങ്ങുന്നതായിരുന്നില്ല ഈ മാറ്റം. പദ്ധതിയുടെ രൂപഭാവങ്ങൾ അടിമുടി അദ്ദേഹം മാറ്റിപ്പണിതു. നിർദിഷ്ട പത്ത് വാല്യങ്ങൾക്കുപകരം ഇരുപത് വാല്യങ്ങളുള്ള ബൃഹദ് പരമ്പരയായി അത് മാറി. ഓരോ വാല്യത്തിലും ശരാശരി ആയിരത്തിഅഞ്ഞൂറ് ലേഖനങ്ങൾ എന്ന കണക്കിൽ മുപ്പതിനായിരം ലേഖനങ്ങൾ എന്ന പൊതുചട്ടക്കൂടിന് ജോർജ് രൂപം നൽകി. ഒന്നും രണ്ടും വാല്യങ്ങൾ 1972 ലും 1974 ലുമായി അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പുറത്തിറങ്ങുകയും ചെയ്തു.

*മലയാള മഹാനിഘണ്ടു*വിന്റെ കാര്യത്തിലെന്നപോലെ ഉള്ളടക്ക സംവിധാനത്തിൽ *സർവവിജ്ഞാനകോശ*വും മലയാളഭാഷയ്ക്ക് അഭിമാനിക്കാൻ കഴിയുന്ന വിധത്തിലായിരുന്നു. ശീർഷകങ്ങൾ ഉറപ്പിക്കുന്നതിലും ലേഖനങ്ങളുടെ ദൈർഘ്യം നിർണയിക്കുന്നതിലും ഭാരതീയവും കേരളീയവുമായ ഒരു മുൻതൂക്കവും ഊന്നലും ഉറപ്പാക്കിയിരുന്നു. ലേഖനങ്ങൾ വിഷയപ്രാധാന്യമനുസരിച്ച് പല വലിപ്പങ്ങളിൽ വിഭാവനം ചെയ്തു. എന്നാൽ നടത്തിപ്പിന്റെ കാര്യത്തിൽ ഈ പദ്ധതിയും വലിയ പരാജയമായി മാറി. ഏറ്റവുമൊടുവിൽ 2019 ൽ പതിനേഴാം വാല്യമാണ് പുറത്തിറങ്ങിയത്. സ്ഥാപനമേധാവികളുടെ ത്രാണിയില്ലായ്മ, പദ്ധതി തീർന്നാൽ തൊഴിൽ നഷ്ടപ്പെട്ടുമെന്ന് കരുതിയ ഉദ്യോഗസ്ഥർ, സ്ഥാപനത്തിന്റെ ലക്ഷ്യം തിരിച്ചറിയാൻ കഴിയാത്ത രാഷ്ട്രീയനേതൃത്വം എന്നിങ്ങനെ നിരവധി കാരണങ്ങൾ ഈ കാലവിളംബത്തിന്റെ പിറകിലുണ്ട് (മുരളീധരൻ, “അറുപതാണ്ടിലും പണിതീരാത്ത വിജ്ഞാനകോശം” 34). സർവവിജ്ഞാനകോശത്തിലെ ഉള്ളടക്കം സൗജന്യമായി ഇന്റർനെറ്റിൽ ലഭ്യമാക്കാ

നുള്ള തീരുമാനം വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നായിരുന്നു. ഇതിനകം പതിനഞ്ച് വാല്യങ്ങളിലെ ഉള്ളടക്കം ഇത്തരത്തിൽ ലഭ്യമാണ്.

ഭാഷയുടെ വൈജ്ഞാനികവളർച്ചയിലെ ഏറ്റവും പ്രധാനപ്പെട്ട കാൽവെപ്പായിരുന്നു 1968 ൽ രൂപീകരിക്കപ്പെട്ട ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. സർവകലാശാലാനിലവാരത്തിലുള്ള പാഠപുസ്തകങ്ങളും അധികവായനയ്ക്കുള്ള പുസ്തകങ്ങളും തയ്യാറാക്കാൻ വേണ്ടിയാണ് അത് വിഭാവനം ചെയ്യപ്പെട്ടത്. അതിന്റെ പ്രവർത്തനം അടുത്ത അധ്യായത്തിൽ വിശദമായി പരിശോധിക്കുന്നതിനാൽ ഇവിടെ വിശദീകരിക്കുന്നില്ല. സാഹിത്യ അക്കാദമി, വിവിധ സർവകലാശാലകൾ, ലെക്സിക്കൺ, സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് എന്നിങ്ങനെ ഭാഷയ്ക്കുവേണ്ടിയുള്ള സംവിധാനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടെങ്കിലും അവയെല്ലാം ലക്ഷ്യത്തിൽനിന്ന് അകലുകയോ ലക്ഷ്യബോധം നഷ്ടപ്പെടുകയോ ചെയ്ത അവസ്ഥയിലാണ് ഇന്നുള്ളത്.

## 2.10 മറ്റ് കോർപ്പസ് ആസൂത്രണ ശ്രമങ്ങൾ

ഉന്നതനിലവാരമുള്ള റഫറൻസ് പുസ്തകങ്ങൾ, പാഠപുസ്തകങ്ങൾ, വിജ്ഞാനകോശങ്ങൾ, വ്യാകരണഗ്രന്ഥങ്ങൾ, നിഘണ്ടുക്കൾ, പദകോശങ്ങൾ, ഗവേഷണപ്രബന്ധങ്ങൾ, അക്കാദമിക ജേണലുകൾ, ഗ്രന്ഥസൂചികൾ, ഇൻഡക്സുകൾ എന്നിങ്ങനെ നിരവധി ഘടകങ്ങൾ ഒത്തുചേരുമ്പോളാണ് ഒരു ഭാഷ വൈജ്ഞാനികഭാഷയായി മാറുന്നത്. ഇവയെല്ലാം പ്രയോജനപ്പെടുത്തി ആ ഭാഷയിൽ ജ്ഞാനോൽപ്പാദനവും നടക്കണം. മികച്ച നിലയിലുള്ള വൈജ്ഞാനികഭാഷകളെല്ലാം തന്നെ ബോധപൂർവമായ ശ്രമങ്ങളിലൂടെ അവയുടെ വൈജ്ഞാനികസ്വരൂപത്തെ വളർത്തിയെടുക്കുകയാണുണ്ടായത്.

### 2.10.1 വ്യാകരണ–ഭാഷാശാസ്ത്ര ഗ്രന്ഥങ്ങൾ

1896 ൽ പുറത്തിറങ്ങിയ *കേരളപാണിനീയം* അടിമുടി മാറ്റിപ്പണിത് [55] രണ്ടാം പതിപ്പ് പ്രസിദ്ധീകരിച്ചത് 1917 ലാണ്. പുസ്തകം പുറത്തിറങ്ങിയ കാലം മുതൽ ഇന്നുവരെയുള്ള ഏറ്റവും മികച്ച മലയാളവ്യാകരണഗ്രന്ഥം എന്ന് *കേരളപാണിനീയം* അറിയപ്പെടുന്നത് ഗ്രന്ഥകർത്താവിന്റെ മഹത്വത്തിന്റെ നിദർശനമാണെങ്കിലും സ്കറിയാ സക്കറിയ ചൂണ്ടിക്കാണിച്ചതുപോലെ 'വ്യാകരണമടക്കമുള്ള ശാസ്ത്രവിഷയങ്ങളിൽ കേരളം ഈ നൂറ്റാണ്ടിൽ അനുഭവിക്കുന്ന വിജ്ഞാനദാരിദ്ര്യത്തിന്റെ തെളിവ്' മാണത് (രാജരാജവർമ, *കേരള*

*പാണിനീയം* xiii). കെ. എം. പ്രഭാകരവാരിയർ നടത്തിയ ഒരവലോകനത്തിൽ കേരള പ്പിറവി തൊട്ടുള്ള അമ്പതുവർഷങ്ങൾക്കിടയിൽ പുറത്തിറങ്ങിയവയിൽ, 'സിദ്ധാന്തവിചാരത്തിലും അപഗ്രഥനത്തിലും ശ്രദ്ധേയമായി തോന്നിയ' എട്ട് വ്യാകരണഗ്രന്ഥങ്ങളെയാണ് അടയാളപ്പെടുത്തിയത്. *ശബ്ദസൗഭഗം* (ജോൺ കുന്നപ്പള്ളി), *കൈരളീശബ്ദാനുശാസനം* (കെ. സുകുമാരപിള്ള), *അഭിനവ മലയാളവ്യാകരണം* (സി. വി. വാസുദേവ ഭട്ടതിരി), *അടിസ്ഥാനവ്യാകരണം* (സി. കെ. ചന്ദ്രശേഖരൻ നായർ), *മലയാളം*[56] (ആർ. ഇ. ആഷർ & ടി. സി. കുമാരി), *സമ്പൂർണവ്യാകരണം* (വി. രാമകുമാർ), *മലയാള വ്യാകരണം* (ഗോപിക്കുട്ടൻ), *കേരളഭാഷാവ്യാകരണം* (ഇ. വി. എൻ. നമ്പൂതിരി) എന്നിവയാണവ. ശ്രദ്ധേയമായ ചില വ്യാകരണ പഠനഗ്രന്ഥങ്ങളും ഇക്കാലയളവിൽ പുറത്തിറങ്ങിയിട്ടുണ്ട്("വ്യാകരണവും ഭാഷാശാസ്ത്രവും– അര നൂറ്റാണ്ടിലെ വളർച്ചയും തളർച്ചയും" 7).

വ്യാകരണരംഗത്തെക്കുറിച്ചുള്ള ഈ അന്വേഷണങ്ങളൊക്കെ മൗലികമായ പുരോഗതി എന്തെങ്കിലും കൊണ്ടുവരാൻ പര്യാപ്തമായിരുന്നുവോ? പല കാര്യങ്ങളിലും തെളിവും വെളിവും ഉണ്ടായിട്ടുണ്ടെങ്കിലും സംശയങ്ങൾ ബാക്കി നിൽക്കുന്ന മേഖലകൾ ഇനിയുമുണ്ട് എന്നതാണ് വസ്തുത.[57] കേരളപാണിനീയത്തിനുശേഷം നമ്മുടെ വ്യാകരണചിന്ത വേണ്ടിടത്തോളം മുന്നോട്ട് നീങ്ങിയിട്ടുണ്ടോ എന്ന ടി. ബി. വേണുഗോപാലപ്പണിക്കരുടെ ചോദ്യത്തിലെ വേണ്ടിടത്തോളം എന്നതിൽ പ്രഭാകരവാരിയർ അടിവരയിടുന്നു (22). ഇത് ഭാഷകളുടെ ഡിജിറ്റൽ കാലഘട്ടമാണ്. ഡിജിറ്റൽ ലോകത്ത് മതിയായ സാന്നിധ്യമുറപ്പിക്കാൻ കഴിയാത്ത ഭാഷകൾക്ക് നിലനിൽപ്പില്ല എന്നിടത്തേക്കാണ് കാര്യങ്ങൾ നീങ്ങുന്നത് (മുരളീധരൻ, നവസാങ്കേതികതയും മലയാളത്തിന്റെ സാധ്യതകളും 2). ഭാഷകളുടെ ഡിജിറ്റൽവൽക്കരണത്തിൽ കൃത്യവും സൂക്ഷ്മവുമായ വ്യാകരണനിയമങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്. മലയാളത്തെ ഡിജിറ്റൽ ലോകത്തേക്ക് ആനയിക്കുമ്പോൾ പ്രതിസന്ധികളായി മാറുന്ന ചില പ്രശ്നമേഖലകളുണ്ട്. അവയിലൊന്ന് ഗണിതശാസ്ത്രപരമായ അൽഗോരിതങ്ങളിലേക്ക് പരിഭാഷപ്പെടുത്താൻ കഴിയാത്ത വ്യാകരണനിയമങ്ങളാണ്. ഇന്നത്തെ യന്ത്രങ്ങളെ മുന്നിൽക്കണ്ടുകൊണ്ട് തയ്യാറാക്കിയതല്ല കേരളപാണിനീയം (സന്തോഷ് തോട്ടിങ്ങൽ 328). എന്നാൽ, ഇത്തരം മേഖലകളിൽ ഭാഷാവിദ്യാർത്ഥികളുടെയും പണ്ഡിതരുടെയും പഠനങ്ങളും ഗവേഷണങ്ങളും പരിമിതമായ തോതിലേ നടക്കുന്നുള്ളൂ. ആധുനികകാലത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ചുള്ള വ്യാകരണഗ്രന്ഥങ്ങൾ പിറക്കേണ്ടതുണ്ട്.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ രൂപപ്പെട്ട ഭാഷാശാസ്ത്രത്തിന്റെ മുഖ്യപരിഗണനാവിഷയം സമൂഹഘടനയിൽ ഭാഷയ്ക്കുള്ള സ്ഥാനവും പ്രാമുഖ്യവുമാണ്. വ്യാകരണം പടിക്കുപുറത്തു നിർത്തുന്ന വാമൊഴിയെക്കൂടി ഭാഷാശാസ്ത്രം പരിഗണിക്കുന്നു. ഇന്നത് തെറ്റ്, ഇന്നത് ശരിയെന്ന അന്തിമവിധിയല്ല, വിവരണമാണ് ഭാഷാശാസ്ത്രത്തിന്റെ രീതി. ഭാഷകളെക്കുറിച്ചുള്ള സാമാന്യവിവരണങ്ങൾ നൽകിയ ഒന്നാം ഘട്ടവും, വിവരണാത്മകപദ്ധതിയനുസരിച്ചുള്ള ഭാഷാപഗ്രഥനങ്ങളുടെ രണ്ടാം ഘട്ടവും, രചനാന്തരണ വ്യാകരണത്തിലൂന്നിക്കൊണ്ടുള്ള അന്വേഷണങ്ങളുടെ മൂന്നാം ഘട്ടവുമായി മലയാളത്തിലെ ഭാഷാശാസ്ത്രപഠനങ്ങളെ വിഭജിക്കാമെന്ന് പ്രഭാകരവാരിയർ അഭിപ്രായപ്പെട്ടിട്ടുണ്ട്. സൈദ്ധാന്തികതലത്തിലുള്ള ഭാഷാശാസ്ത്രപഠനങ്ങൾ ആദ്യഘട്ടത്തിൽ മലയാളത്തിൽ ഊർജസ്വലമായിരുന്നെങ്കിലും അതിന്റെ ഗതിവേഗം നഷ്ടപ്പെട്ടതായും അദ്ദേഹം ചൂണ്ടിക്കാട്ടുന്നുണ്ട് ("വ്യാകരണവും ഭാഷാശാസ്ത്രവും- അര നൂറ്റാണ്ടിലെ വളർച്ചയും തളർച്ചയും"25). സമീപകാലത്തായി ശാഖോപശാഖകളായി വലിയതോതിൽ ഭാഷാശാസ്ത്രമെന്ന പഠനമേഖല വികസിച്ചുകൊണ്ടിരിക്കുകയാണ്. ഈ വളർച്ചയോടൊപ്പം സഞ്ചരിക്കാൻ മലയാളത്തിന് കഴിഞ്ഞിട്ടില്ല. കെ. എം. പ്രഭാകരവാരിയർ, വി. പ്രബോധചന്ദ്രൻ നായർ, ഉഷാ നമ്പൂതിരിപ്പാട്, ഇ. വി. എൻ. നമ്പൂതിരി, ടി. ബി. വേണുഗോപാലപ്പണിക്കർ, കെ. എൻ. ആനന്ദൻ, പി. സോമശേഖരൻ നായർ, പി. എം. ഗിരീഷ്, രവിശങ്കർ എസ്. നായർ തുടങ്ങിയവരുടെ ഈ മേഖലയിലുള്ള പുസ്തകങ്ങൾ പ്രത്യേകം എടുത്തുപറയേണ്ടവയാണ്.

### 2.10.2 നിഘണ്ടുക്കളും വിജ്ഞാനകോശങ്ങളും

*ഹിന്ദി- മലയാളം നിഘണ്ടു* (അഭയദേവ്), *ഇംഗ്ലീഷ്-മലയാളം നിഘണ്ടു, മലയാളം-ഇംഗ്ലീഷ് നിഘണ്ടു, അഭിനവ മലയാളം നിഘണ്ടു* (മൂന്നും സി. മാധവൻ പിള്ള), *ശബ്ദസാഗരം* (ബി. സി. ബാലകൃഷ്ണൻ, കെ. എസ്. നാരായണ പിള്ള), *കേരള ഭാഷാ നിഘണ്ടു* (ചീഫ് എഡി. എസ്. ഗുപ്തൻ നായർ), *കേരളസംസ്കാരചരിത്ര നിഘണ്ടു* (എസ്. കെ. വസന്തൻ), *തുളു-മലയാളം നിഘണ്ടു* (എ.എം.ശ്രീധരൻ), *ഭാരതീയ കാവ്യശാസ്ത്ര നിഘണ്ടു* (ഡോ. ടി. ജി. ശൈലജ), *ശാസ്ത്രനിഘണ്ടു* (ചീഫ് എഡി. പ്രൊഫ. കെ. ശ്രീധരൻ) എന്നിവ ഐക്യകേരളപ്പിറവിക്കു ശേഷമുണ്ടായ ചില പ്രധാന നിഘണ്ടുക്കളാണ്. ടി. രാമലിംഗം പിള്ളയുടെ *ഇംഗ്ലീഷ്- ഇംഗ്ലീഷ്- മലയാളം നിഘണ്ടു* 1976 ൽ എൻ. വി. പരിഷ്കരിച്ച് വിപുലീകരിച്ചു. *ഓളം* എന്ന ഓൺലൈൻ പോർട്ടലിൽ ഇംഗ്ലീഷ്- മലയാളം നിഘണ്ടുവും മലയാളം–

മലയാളം നിഘണ്ടുവും ലഭ്യമാണ്. ലണ്ടനിൽ പി. എച്ച്. ഡി. വിദ്യാർത്ഥിയായിരുന്ന കൈലാഷ് നാഥ് 2010 ൽ തുടക്കമിട്ട *ഓളം* ഇന്ന് വലിയതോതിൽ ഉപയോഗിക്കപ്പെടുന്നുണ്ട്. കൂടുതൽ വിപുലമായ ഓൺലൈൻ നിഘണ്ടുക്കൾ ലഭ്യമാക്കേണ്ടതുണ്ട്.

വിവിധ ഭാഷകളിലും വിവിധ സ്രോതസ്സുകളിലും ലഭ്യമായ അറിവുകളെ സമാഹരിച്ച് നിശ്ചിതമായ പദ്ധതിക്രമമനുസരിച്ച് ക്രോഡീകരിക്കുന്നതിനെയാണ് വിജ്ഞാനകോശം അഥവാ എൻസൈക്ലോപീഡിയ എന്ന് പറയുന്നത്. സംശയങ്ങൾ തീർക്കാനുള്ള പുസ്തകങ്ങളെന്നതിനപ്പുറം സാമൂഹിക-സാംസ്കാരിക ജീവിതത്തെ സവിശേഷമായ രീതിയിൽ അടയാളപ്പെടുത്തുന്ന ഒന്നാണത് (മുരളീധരൻ, "അറുപതാണ്ടിലും പണിതീരാത്ത വിജ്ഞാനകോശം" 27). മലയാള വിജ്ഞാനകോശങ്ങളുടെ ചരിത്രത്തിൽ ആദ്യത്തെ സമ്പൂർണ പോപ്പുലർ എൻസൈക്ലോപീഡിയ എന്ന് പറയാവുന്നതാണ് മാത്യു എം. കുഴിവേലിയുടെ *വിജ്ഞാനം* എന്ന പേരിലുള്ള എട്ടു വാല്യങ്ങൾ. 1956 മുതൽ 1970 വരെയുള്ള കാലത്ത് ബാലൻ പബ്ലിക്കേഷൻസിലൂടെയാണ് ഇത് പുറത്തുവന്നത്. പതിനായിരത്തിൽപ്പരം പുറങ്ങളുള്ള ഈ ഗ്രന്ഥപരമ്പര മനുഷ്യനെ പരാമർശിക്കുന്നവ, അവന്റെ പരിസരങ്ങളെ സംബന്ധിക്കുന്നവ എന്നീ ധാരകളിലായി പതിനാല്[58] വിഭാഗങ്ങളായാണ് സംവിധാനം ചെയ്തിരുന്നത്. പരിഗണനയ്ക്കായി തിരുവിതാംകൂർ സർവകലാശാലയ്ക്ക് സമർപ്പിച്ച പദ്ധതി, ഫണ്ടില്ലെന്ന കാരണം പറഞ്ഞ് നടപ്പാക്കാതിരുന്നപ്പോൾ, കുഴിവേലി അത് നേരിട്ട് ഏറ്റെടുക്കുകയും കാറ് വിറ്റും, വീടും പുരയിടവും പണയപ്പെടുത്തിയും പണം കണ്ടെത്തുകയും ചെയ്തു (രാജശേഖരൻ 392). വിജ്ഞാനകോശങ്ങളുടെ അളവുകോലുകൾവച്ച് പരിശോധിക്കുമ്പോൾ വിജ്ഞാനം എന്ന പരമ്പരയ്ക്ക് പോരായ്മകൾ കണ്ടെത്താൻ കഴിയും. പക്ഷേ, ചരിത്രപരമായി അതൊരു വലിയ കാൽവെപ്പായിരുന്നു എന്നു കാണാം. മലയാളത്തിലെ ബാലസാഹിത്യശാഖയെ ഒരു പ്രസ്ഥാനമായി മാറ്റിയെടുത്തതും കുഴിവേലി തന്നെയായിരുന്നു. മുന്നൂറിനടുത്ത് പുസ്തകങ്ങളാണ് ബാലൻ പബ്ലിക്കേഷനിലൂടെ പുറത്തുവന്നത്.

സർക്കാർ തലത്തിലുള്ള വിജ്ഞാനകോശപദ്ധതി ഇഴഞ്ഞുനീങ്ങുന്ന സമയത്ത് സാഹിത്യപ്രവർത്തക സഹകരണസംഘം ധീരമായ ഒരു തീരുമാനമെടുത്തു. ആയിരം പേജുകൾ വീതം ഉൾക്കൊള്ളുന്ന പത്തുവാല്യങ്ങൾ അടങ്ങുന്നതും *എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക*യുടെ മാതൃകയിലുള്ളതുമായ *വിശ്വവിജ്ഞാനകോശം* പുറത്തിറക്കാൻ അവർ തീരുമാനിച്ചത് 1966 ഒക്ടോബറിലായിരുന്നു. 1967ഏപ്രിൽ ഒന്നിന് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. പി. ടി. ബി.യായിരുന്നു എഡിറ്റോറിയൽ സമിതി അധ്യക്ഷൻ. പന്തീരായിരത്തോളം ലേഖനങ്ങളും എണ്ണായിരത്തോളം ചിത്രങ്ങളുമടങ്ങുന്ന

*വിശ്വവിജ്ഞാനകോശ*ത്തിന്റെ മുഴുവൻ വാല്യങ്ങളും സമയബന്ധിതമായി 1972 ഡിസം ബറോടെ പ്രസിദ്ധീകരിച്ചു. എഡിറ്റോറിയൽ സമിതിക്കു പുറമെ ഉപദേശകസമിതിയും കൺസൽട്ടിംഗ് എഡിറ്റർമാരും ഈ വിജയത്തിനു പുറകിലുണ്ടായിരുന്നു. വിശ്വവിജ്ഞാ നകോശപദ്ധതി പ്രഖ്യാപിക്കപ്പെട്ട സാഹചര്യത്തിൽക്കൂടിയാണ് സർക്കാർ തലത്തിലുള്ള വിജ്ഞാനകോശപദ്ധതി നേരത്തെ പ്രഖ്യാപിച്ചിരുന്ന പത്ത് വാല്യങ്ങൾ എന്ന രൂപ ത്തിൽനിന്ന് ഇരുപത് വാല്യങ്ങൾ എന്ന നിലയിലേക്ക് പുനഃസംവിധാനം ചെയ്യപ്പെട്ടത്.

സർവവിജ്ഞാനകോശം പ്രവർത്തനങ്ങൾ അനന്തമായി നീണ്ടുപോയെങ്കിലും അതി നിടയിൽ ചില വിഷയാധിഷ്ഠിത വിജ്ഞാനകോശങ്ങൾ തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന് കഴിഞ്ഞു. പത്ത് വാല്യങ്ങളുള്ള *വിശ്വസാഹിത്യ വിജ്ഞാനകോശം, പരിസ്ഥിതി വിജ്ഞാനകോശം, ജ്യോതിശ്ശാസ്ത്രവിജ്ഞാനകോശം, പരിണാമ വിജ്ഞാനകോശം, സാംസ്കാരികം, നിയമവിജ്ഞാനകോശം* എന്നിവ യാണവ. മുപ്പതിനായിരത്തിലേറെ ശീർഷകങ്ങൾ ഉൾക്കൊള്ളുന്നതായിരുന്നു *വിശ്വ സാഹിത്യ വിജ്ഞാനകോശം.* ഇതിന്റെ രണ്ടാം വാല്യത്തിന് മികച്ച രൂപകൽപ്പനയ്ക്കും മുദ്രണത്തിനുമുള്ള പുസ്തകവികസനസമിതിയുടെ 1998 ലെ പുരസ്കാരം ലഭിച്ചു. മികച്ച വൈജ്ഞാനികഗ്രന്ഥത്തിനുള്ള 2010 ലെ ഇന്റർനാഷണൽ ബുക്ക്ഫെയർ അവാർഡ് *ജ്യോതിശ്ശാസ്ത്ര വിജ്ഞാനകോശ*വും *പരിണാമ വിജ്ഞാനകോശ*വും നേടി. 2013 ലെ സാഹിത്യ അക്കാദമി ദേശീയ പുസ്തകോത്സവ അവാർഡും *ജ്യോതിശ്ശാസ്ത്ര വിജ്ഞാ നകോശ*ത്തിന് ലഭിക്കുകയുണ്ടായി (മുരളീധരൻ, “അറുപതാണ്ടിലും പണിതീരാത്ത വിജ്ഞാനകോശം” 33).

വിജ്ഞാനകോശങ്ങളിൽ മലയാളത്തിലെ ഇന്നത്തെ ഏറ്റവും ശ്രദ്ധേയമായ സംരംഭം *മലയാളം വിക്കിപീഡിയ*യാണ്. ഔപചാരികമായി 2002 ഡിസംബർ 21 നാണ് *മലയാളം വിക്കിപീഡിയ* തുടങ്ങുന്നത്. മലയാളം അക്ഷരമാല എന്ന ലേഖനത്തോടെ ഇതിന് തുടക്കമിട്ടത് അമേരിക്കയിൽ ഗവേഷണം നടത്തുകയായിരുന്ന വിനോദ് എം. പി. എന്ന തിരുവനന്തപുരം സ്വദേശിയാണ്. വളരെ പതുക്കെയായിരുന്നു *മലയാളം വിക്കിപീഡിയ*യുടെ വളർച്ച. അഞ്ഞൂറാമത്തെ ലേഖനം പിറക്കാൻ 2006 ആവേണ്ടിവന്നു. ആദ്യകാലത്ത് വിക്കിപീഡിയയുടെ പ്രവർത്തനങ്ങൾ മുന്നോട്ടുനീക്കിയത് പ്രധാനമായും വിദേശമലയാളികളാണ്. മലയാളം എഴുത്തുസാമഗ്രികളുടെ രംഗത്തുണ്ടായ വളർച്ച വിക്കിപീഡിയയുടെ വളർച്ചയെ മുന്നോട്ടുനയിച്ചു. 2007 അവസാനിക്കുമ്പോഴേക്കും അയ്യാ യിരം ലേഖനങ്ങൾ പൂർത്തിയായത് ഇതിന്റെ പ്രതിഫലനമായിരുന്നു. ഇപ്പോൾ 83000 ത്തിൽപ്പരം ലേഖനങ്ങൾ വന്നുകഴിഞ്ഞു. *വിക്കിഗ്രന്ഥശാല, വിക്കിപാഠശാല, വിക്കിനി*

*ഘണ്ടു, വിക്കിചൊല്ലുകൾ* എന്നീ സംരംഭങ്ങളും *മലയാളം വിക്കിപീഡിയ*യോടൊപ്പമുണ്ട് (മലയാളം വിക്കിപീഡിയ). അറിവ് സ്വതന്ത്രമായിരിക്കണമെന്ന് ആഗ്രഹിക്കുന്ന ഒരുകൂട്ടം ആളുകളാണ് തങ്ങളുടെ ഒഴിവുസമയം വിനിയോഗിച്ചുകൊണ്ട് ഈ സ്വതന്ത്ര വിജ്ഞാനകോശത്തെ വളർത്തി വലുതാക്കുന്നത്. മറ്റ് ഇന്ത്യൻ ഭാഷകളുമായി തട്ടിച്ചുനോക്കുമ്പോൾ *മലയാളം വിക്കിപീഡിയ* മുന്നിലാണെങ്കിലും കാലത്തിന്റെയും ഭാഷയുടെയും ആവശ്യങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ മുന്നേറാനുള്ള ദൂരം ഏറെയാണ്.

*പുരാണിക് എൻസൈക്ലോപീഡിയ, കഥകളി വിജ്ഞാനകോശം, അഖിലവിജ്ഞാനകോശം, ബാലകൈരളി വിജ്ഞാനകോശം* എന്നിവയുൾപ്പെടെ മറ്റു കുറച്ചു വിജ്ഞാനകോശങ്ങൾ കൂടി മലയാളത്തിൽ പുറത്തിറങ്ങിയിട്ടുണ്ട്. മറ്റുതരത്തിലുള്ള റഫറൻസ് ഗ്രന്ഥങ്ങളും പുറത്തിറങ്ങുന്നുണ്ട്. ഗ്രന്ഥസൂചികളും ഇൻഡക്സുകളും ഭാഷയിൽ വലിയതോതിൽ തയ്യാറാക്കേണ്ടതുണ്ട്. കേരള സർവകലാശാലയിലെ ലൈബ്രറിയിൽ ലഭ്യമായ പഠനാർഹമായ ലേഖനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള *കേരള ഇൻഡക്സ്* എന്ന ഓൺലൈൻ ഇൻഡക്സ് (http://keralaindex.Keralauniversity.ac.in/) സമീപകാലത്ത് ആരംഭിച്ച മികച്ച ഒരു സംരംഭമാണ്. കേരളചരിത്രം, സംസ്കാരം, സാഹിത്യം, സാമ്പത്തികം, രാഷ്ട്രീയം, കല, വിദ്യാഭ്യാസം, ശാസ്ത്രം, ഭാഷ എന്നിവയെല്ലാം *കേരള ഇൻഡക്സി*ന്റെ പരിധിയിൽ വരുന്നു. അറുപതിനായിരത്തിൽപ്പരം ലേഖനവിവരങ്ങൾ ഇതിനകം ഈ ഇൻഡക്സിൽ വന്നുകഴിഞ്ഞു.

### 2.10.3 അക്കാദമിക ജേണലുകൾ

വൈജ്ഞാനികഭാഷാപദവിയിൽ പ്രധാനപ്പെട്ട ഒരു ഘടകം അക്കാദമിക ജേണലുകളാണ്. അറുപതുകളിലാണ് മലയാളത്തിൽ അക്കാദമികജേണലുകൾക്ക് തുടക്കം കുറിക്കുന്നത്. 1969 ഒക്ടോബറിൽ ആരംഭിച്ച *ജേണൽ ഓഫ് ദി ബയോളജി അക്കാദമി* ആയിരുന്നു ആദ്യ മലയാള ശാസ്ത്രജേണൽ. 1972 ൽ കേരള സർവകലാശാലയുടെയും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സംയുക്താഭിമുഖ്യത്തിൽ *വിജ്ഞാനപോഷിണി*യും ആരംഭിച്ചു (കാ. 3.9.2). നാല് ലക്കങ്ങൾ പുറത്തിറങ്ങിയ ബയോളജി അക്കാദമിയുടെ സംരംഭം 1973 ജൂലൈയോടുകൂടി ചരിത്രത്തിലേക്ക് മറഞ്ഞു (എ. എൻ. നമ്പൂതിരി, "ശാസ്ത്രസാഹിത്യം" 789). പുറത്തിറക്കുന്ന വേളയിൽ ലക്ഷണയുക്തമായ ജേണൽ എന്ന് കേരള സർവകലാശാലയുടെ അന്നത്തെ വൈസ് ചാൻസലറായ ഡോ. അയ്യപ്പൻ വിശേഷിപ്പിക്കാൻ കാരണം അതിന്റെ ഉള്ളടക്കമേന്മ തന്നെയായിരുന്നു. പുറംനാട്ടുകളില്ല

ള്ളവർക്ക് ഇതിലെ ഉള്ളടക്കമെന്തെന്നറിയാൻ കഴിയുംവിധം സംഗ്രഹം, ചിത്രങ്ങളുടെ വിവരണങ്ങൾ, പട്ടികകളുടെ തലക്കെട്ടുകൾ എന്നിവ ഇംഗ്ലീഷിൽക്കൂടി നൽകുന്ന രീതിയായിരുന്നു ജേണൽ പിന്തുടർന്നിരുന്നത്. ഫിലാഡൽഫിയയിലെ ബയോസയൻസ് ഇൻഫർമേഷൻ സർവീസ് അവരുടെ *ബയോളജിക്കൽ അബ്സ്ട്രാക്ട്സിൽ* ഈ ജേണലിൽ വന്ന പ്രബന്ധങ്ങളുടെ സംഗ്രഹം കൊടുത്തത് നിലവാരത്തിനുള്ള അംഗീകാരം തന്നെയായിരുന്നു. എണ്ണത്തിൽ പരിമിതമായിരുന്നെങ്കിലും ചില വിദേശവരിക്കാരെ ഇതുമൂലം ലഭിച്ചു എന്നതും ചെറിയ കാര്യമല്ല. ഡോ. എ. എൻ. നമ്പൂതിരി, ഡോ. കെ. ജി. അടിയോടി തുടങ്ങിയവരാണ് ഈ ധീരപരീക്ഷണത്തിന് മുതിർന്നത്. ചുരുങ്ങിയ കാലംകൊണ്ട് അസ്തമിച്ചുപോയെങ്കിലും അത് നൽകിയ അനുഭവങ്ങളെ സസൂക്ഷ്മം വിശകലനം ചെയ്യേണ്ടതുണ്ട്. ഏറ്റവും വലിയ വെല്ലുവിളി നിലവാരമുള്ള ലേഖനങ്ങളുടെ ദൗർലഭ്യം തന്നെയായിരുന്നു. സന്നദ്ധസേവനത്തെ മുൻനിർത്തിയുള്ള പരിമിതമായ സംവിധാനങ്ങൾ, സാമ്പത്തികപ്രശ്നങ്ങൾ, നിലപാടിനോട് അനുഭാവമുള്ളവരായ എഴുത്തുകാർപോലും മെച്ചപ്പെട്ട സാധ്യതകളുള്ള പ്രസിദ്ധീകരണങ്ങളിലേക്ക് സ്വന്തം രചനകൾ അയച്ചുകൊടുക്കാൻ താൽപര്യപ്പെടുന്നത്... എന്നിങ്ങനെ മറ്റുകാരണങ്ങൾ തൊട്ടുപിറകെയും.

സമീപവർഷങ്ങളിലായി കുറച്ചു ജേണലുകൾ ഭാഷയിൽ പുറത്തിറങ്ങുന്നുണ്ടെങ്കിലും അവയിൽ ഭൂരിപക്ഷവും സാഹിത്യം/ഭാഷ മേഖലയെ മുൻനിർത്തിയുള്ളവയാണ്. അവയിൽത്തന്നെ എത്രയെണ്ണം ജേണലുകളുടെ സവിശേഷതകളും കണിശതകളും ഉൾക്കൊള്ളുന്നവയാണെന്ന് പരിശോധിക്കേണ്ടതുണ്ട്. ബെഞ്ചമിൻ ബെയിലി ഫൗണ്ടേഷന്റെ, ഭാഷ, സാഹിത്യം, സംസ്കാരം മേഖലകളെ മുൻനിർത്തിയുള്ള *മലയാളം റിസർച്ച് ജേണൽ* മലയാളത്തിലും ഇംഗ്ലീഷിലുമുള്ള രചനകൾ പ്രസിദ്ധീകരിക്കുന്നു. താരതമ്യ പഠനസംഘം (The Association for Comparative Studies) കേരളപഠനങ്ങളെ മുൻനിർത്തി പ്രസിദ്ധീകരിക്കുന്ന *താപസവും* ദ്വിഭാഷാ പ്രസിദ്ധീകരണമാണ്. *മലയാള സർവകലാശാലാ ജേണൽ* എന്ന പേരിൽ തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവകലാശാല ഒരു ജേണൽ 2016 ൽ ആരംഭിച്ചിരുന്നു. പ്രാചീനമലയാളം എന്നതായിരുന്നു ആ ലക്കത്തിന്റെ വിഷയം. പിന്നീട് ഒറ്റ ജേണൽ എന്ന രീതി പിന്തുടരാതെ വിവിധ പഠനവിഭാഗങ്ങളുടെ ജേണലുകൾ പ്രത്യേകമായി പുറത്തിറക്കുന്ന രീതി സർവകലാശാല സ്വീകരിച്ചു. *പൈതൃകവിമർശം* (സംസ്കാരപൈതൃകപഠന വിഭാഗം ജേണൽ), *മലയാളഭാഷാശാസ്ത്രം ഗവേഷണ ജേണൽ*, *മലയാളസാഹിത്യം ഗവേഷണ ജേണൽ*, *സാഹിത്യവിഭാഗം ജേണൽ*, *സമീക്ഷ* (സോഷ്യോളജി ഗവേഷണ ജേണൽ),

*തുഞ്ചത്തെഴുത്തച്ഛൻ ഗവേഷണപത്രിക* (എഴുത്തച്ഛൻ പഠനസ്കൂൾ) *കേക* (കലാ സാഹിത്യം ജേണൽ) എന്നിവ ഇപ്പോൾ പുറത്തിറങ്ങുന്നു. *ചെങ്ങഴി* (ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല), *തുടി* (കണ്ണൂർ സർവകലാശാല), *ഹരിതം* (മഹാത്മാഗാന്ധി സർവകലാശാല), *ഭാഷാസാഹിതി* (കേരള സർവകലാശാല), *മലയാള വിമർശം* (കോഴിക്കോട് സർവകലാശാല), *പ്രാചീന കൈരളി* (ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കേരള സർവകലാശാല) എന്നിവയാണ് സർവകലാശാലകളുടെ നേതൃത്വത്തിൽ പുറത്തിറങ്ങുന്ന ജേണലുകൾ. ശാസ്ത്രവിഷയങ്ങളെ അധികരിച്ചുള്ള ജേണലുകളൊന്നും മലയാളത്തിൽ പുറത്തിറങ്ങുന്നില്ല.

### 2.10.4 ലിപി ആവിഷ്ക്കരണവും മാനകീകരണവും

കോർപ്പസ് ആസൂത്രണത്തിന്റെ അടിസ്ഥാന ഉപവിഭാഗങ്ങൾ ലിപി ആവിഷ്കരണം (graphization), മാനകീകരണം (standardization), ആധുനികീകരണം (modernization) എന്നിവയാണ്. ലിപികളില്ലാത്ത ഭാഷകൾക്ക് ലിപികൾ രൂപപ്പെടുത്തുന്ന പ്രക്രിയ മാത്രമല്ല ലിപി ആവിഷ്കരണം. നിലവിലുള്ളവയുടെ മെച്ചപ്പെടുത്തൽ, വിപുലനം എന്നിവയും അതിലുൾപ്പെടും. മാനകീകരണമാകട്ടെ വൈജ്ഞാനിക വളർച്ചയുടെ അടിത്തറയുമാണ്. ആധുനികീകരണമെന്നാൽ ആധുനികവിഷയങ്ങൾക്കും വ്യവഹാരരൂപങ്ങൾക്കും അനുസരിച്ച് ഭാഷയെ ഒരുക്കിയെടുക്കലാണ്. സാങ്കേതികപദങ്ങളുടെ സൃഷ്ടിയോടൊപ്പം ഇന്നത്തെക്കാലത്ത് ഭാഷയെ ഡിജിറ്റൽലോകത്തിന് അനുഗുണമാക്കിയെടുക്കുകയെന്നതും അത്യന്തം പ്രാധാന്യമുള്ളതാണ്. ഡിജിറ്റൽ മേഖലയിൽ സജീവസാന്നിധ്യമായി മാറാൻ കഴിയാത്ത ഭാഷകൾക്ക് ധർമങ്ങളും മണ്ഡലങ്ങളും (Functions and Domains) കീർത്തിയുമെല്ലാം എളുപ്പത്തിൽ നഷ്ടമാവും.

മലയാള ലിപിപരിഷ്കരണത്തിലെ ആദ്യഘട്ടം പുസ്തകങ്ങൾക്ക് വേണ്ടിയുള്ളതായിരുന്നു. ഇതിന്റെ രണ്ടാംഘട്ടമാവട്ടെ പത്രങ്ങൾക്കുവേണ്ടിയും. അച്ചടി സുഗമമാക്കാൻ വേണ്ടി 1890 കളിൽ മാമ്മൻ മാപ്പിള മുന്നോട്ടുവെച്ച നിർദേശങ്ങൾ കാര്യമായ പ്രതികരണങ്ങൾ സൃഷ്ടിച്ചിരുന്നില്ല. അടുത്ത ശ്രമമാവട്ടെ 1950 കളിലാണ് രൂപപ്പെട്ടത്. ലിനോടൈപ്പ് ഓഫ്സെറ്റ് അച്ചടിയിലെ പ്രയാസങ്ങളെ കണക്കിലെടുത്ത് *മാതൃഭൂമി ആഴ്ചപ്പതിപ്പ്* പത്രാധിപരെന്ന നിലയിൽ എൻ. വി. യാണ് ഇത്തവണ മുന്നിട്ടിറങ്ങിയത്. 1956 ഫെബ്രുവരിയിലെ ആഴ്ചപ്പതിപ്പിലൂടെ മുന്നോട്ടുവച്ച നിർദേശങ്ങൾ, 420 അച്ചുകളെ 133 ലേക്ക് ചുരുക്കുന്നതായിരുന്നു. സംയുക്തലിപികളെ ചന്ദ്രക്കല ഉപയോഗിച്ച് പിരിച്ചെഴുതാനുള്ള മാമ്മൻ

മാപ്പിളയുടെ നിർദേശം എൻ. വിയും പിന്തുടർന്നു. അതോടൊപ്പം ഉ, ഊ, ഋ എന്നിവയുടെ ഉപലിപികൾക്ക് പ്രത്യേകചിഹ്നം നൽകാനും വ്യഞ്ജനത്തോട് 'ഔ' ചേർന്നുവരുമ്പോൾ എകാരത്തിന്റെ ഉപലിപി ഒഴിവാക്കാനും വ്യഞ്ജനങ്ങൾ കൂട്ടിച്ചേർക്കുന്നതിനുള്ള ചിഹ്ന മായി കുത്തനെയുള്ള ഒരു വര സ്വീകരിക്കാനും എൻ. വി. നിർദേശിച്ചു ("പരിഷ്കരിച്ച മലയാളലിപി" 7). ഈ ശ്രമവും ഏറെ മുന്നോട്ടുപോയില്ല.

ടൈപ്പ്റൈറ്ററിൽ മലയാളം ഉപയോഗിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് പിന്നീട് ലിപിപരിഷ്കരണം സജീവവിഷയമാവുന്നത്. ശൂരനാട് കുഞ്ഞൻപിള്ള അധ്യ ക്ഷനായുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് (GO(P)37/71/Edn) 1971 മാർച്ച് 23 ന് പുറത്തിറങ്ങുകയും ചെയ്തു. അച്ചടിയിലും ടൈപ്പ്റൈറ്ററിലും, ഖരാനുനാസികങ്ങളുടെ ഇരട്ടിപ്പും സംയോഗവും (ക്ക, ങ്ക,ങ്ങ, ച്ച, ഞ്ച, ഞ്ഞ, ട്ട, ണ്ട, ണ്ണ, ത്ത, ന്ന, പ്പ, മ്മ) യ, ല, വ എന്നിവയുടെ ഇരട്ടിപ്പും (യ്യ, ല്ല, വ്വ) ഒഴികെയുള്ള കൂട്ടക്ഷരങ്ങൾ മുഴുവൻ ചന്ദ്രക്കലയിട്ട് പിരിച്ചെഴുതാനും അക്ഷരത്തോട് ചേർന്നുനിന്നിരുന്ന ഉ, ഊ, ഋ ശബ്ദങ്ങളുടെയും റകാരത്തിന്റെയും ചിഹ്നങ്ങൾ വേർതിരിച്ച് എഴുതാനും ഇതോടെ തീരുമാനമായി. ലിപികളുടെ എണ്ണം തൊണ്ണൂറായി കുറയ്ക്കുന്ന ഒരു തീരുമാനമായിരുന്നു ഇത്. അച്ചടിയിലും ടൈപ്പ് റൈറ്ററിലും ഭാഷയുടെ ഉപയോഗത്തിൽ ലഘൂകരണങ്ങൾ കൊണ്ടുവന്നെങ്കിലും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഈ നടപ ടിയിലൂടെ ഉടലെടുത്തു. പഴയതും പുതിയതും എന്ന വേർതിരിവിൽ രണ്ടുതരം ലിപികൾ സാധുവായി നിലവിൽ വരികയും ദൈനംദിന ഉപയോഗത്തിൽ ഇവയുടെ കൂടിക്കുഴഞ്ഞ രൂപങ്ങൾ ഉടലെടുക്കുകയും ചെയ്തു. ലിപിയുടെ രംഗത്തെ ഈ അവ്യവസ്ഥ ഭാഷയിലെ മാനകീകരണശ്രമങ്ങൾക്ക് കനത്ത വെല്ലുവിളികളാണ് സൃഷ്ടിച്ചത്. പിന്നീട് കടന്നുവന്ന ഡിജിറ്റൽ യുഗത്തിലും അവ്യവസ്ഥകൾ പ്രശ്നമായി തുടരുന്നു. നിലനിൽക്കുന്ന അവ്യവസ്ഥ കളുടെ കൂട്ടത്തിലേക്ക് മറ്റൊന്നുകൂടി സംഭാവന ചെയ്യപ്പെടും എന്നുള്ളതിനാലാണ് 2022 ൽ സർക്കാർ കൊണ്ടുവന്ന ലിപിപരിഷ്കരണത്തിൽ വിമർശനങ്ങൾ ഉയർന്നുവന്നത് (മുരളീധരൻ, "മലയാള ലിപിപരിഷ്കാരം ശരിയായ വഴിയിലോ?" 39). വിപുലമായ ജനകീയചർച്ചകളും ആവശ്യമായ അന്തരീക്ഷസൃഷ്ടിയും ഇല്ലാതെ കേവലമായ ഉത്തരവു കളിലൂടെ ഭാഷാരംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങളെ പരിഹരിക്കാമെന്ന് കരുതുന്നത് അബദ്ധമാണ്. വേണ്ടത്ര തയ്യാറെടുപ്പുകളില്ലാതെ കൊണ്ടുവരുന്ന ഏതൊരു പരിഷ്കാ രവും കൂടുതൽ കുഴപ്പങ്ങൾക്ക് കാരണമാവുകയേയുള്ളൂ.

ലിപിതലത്തിൽ മാത്രമല്ല പദതലത്തിലും– ലിപിവിന്യാസം, ചിഹ്നങ്ങൾ ചേർക്കൽ, പദങ്ങൾ പിരിച്ചെഴുതൽ എന്നിവയിലെല്ലാം– ഭാഷയിൽ അവ്യവസ്ഥകൾ നിലനിൽക്കുന്നു.

ഒരേ പുസ്തകത്തിൽത്തന്നെ വ്യത്യസ്തമായ രീതിയിൽ പദങ്ങൾ ഉപയോഗിച്ചുപോരാറുണ്ട്. അന്യഭാഷാപദങ്ങൾ ലിപ്യന്തരണം ചെയ്യുമ്പോൾ പലതരത്തിലുള്ള പ്രയോഗങ്ങൾ ഉണ്ടാവുന്നത് മറ്റൊരു പ്രശ്നമാണ്. മാധ്യമങ്ങളും വിവിധ ഏജൻസികളും അവരവരുടെതായ രീതിയിൽ ലിപിവിന്യാസം നടത്തുന്നു. സ്റ്റൈൽ ബുക്കുകൾ തന്നെ നിരവധിയാണ്. സർക്കാരിന്റേതായി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും വിവര–പൊതുജനസമ്പർക്ക വകുപ്പിന്റെയും വകയായി രണ്ട് സ്റ്റൈൽ ബുക്കുകൾ നേരത്തെതന്നെ ഉണ്ട്. ഇപ്പോൾ അതിനുപുറമെ 2022 ലെ ലിപി പരിഷ്കരണ ഉത്തരവിനോടൊപ്പം *മലയാളത്തിന്റെ എഴുത്തുരീതി* എന്ന പേരിൽ ഉദ്യോഗസ്ഥ–ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് തയ്യാറാക്കിയ ഒന്നുകൂടി പുറത്തിറങ്ങിയിരിക്കുന്നു.

## 2.10.5 ഭാഷാകമ്പ്യൂട്ടിങ്ങ്

എഴുതുവാനുള്ള ശ്രമങ്ങൾക്ക് മനുഷ്യർ തുടക്കമിട്ടപ്പോൾത്തന്നെ ഭാഷാസാങ്കേതിക വിദ്യ ആരംഭിച്ചു. അത് പടിപടിയായി വികസിച്ച് ഇന്ന് കമ്പ്യൂട്ടറിലെത്തിനിൽക്കുന്നു. കയ്യെഴുത്തിന്റെ ആദ്യഘട്ടം, അച്ചടിയുടെ രണ്ടാംഘട്ടം, ടൈപ്പ്റൈറ്ററിന്റെ മൂന്നാംഘട്ടം, കമ്പ്യൂട്ടറിന്റെ നാലാംഘട്ടം, മൊബൈലെഴുത്തിന്റെ അഞ്ചാംഘട്ടം എന്നിങ്ങനെ മലയാളലിപി സാങ്കേതികതയുടെ അഞ്ച് സവിശേഷഘട്ടങ്ങളെ (നിസാർ അഹമ്മദ് 885) ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. കമ്പ്യൂട്ടറിൽ അച്ചടിക്കുവേണ്ടിയാണ് മലയാളം ആദ്യമായി ഉപയോഗിക്കപ്പെട്ടത്. മാത്രമല്ല, അത് അതിൽ മാത്രമായി ദീർഘകാലം തുടരുകയും ചെയ്തു. കമ്പ്യൂട്ടറിലേക്ക് മലയാളം സന്നിവേശിപ്പിക്കാനോ അതു തുറന്നുതരുന്ന സാധ്യതകളിലേയ്ക്ക് മലയാളത്തെ വളർത്താനോ ഉള്ള ഗൗരവമായ ശ്രമങ്ങൾ ആദ്യകാലത്ത് ഇല്ലാതെ പോയി. അങ്ങനെ ചെയ്യാൻ ബാധ്യതപ്പെട്ട സംവിധാനങ്ങളുടെ ദീർഘവീക്ഷണമില്ലായ്മയായിരുന്നു അതിന്റെ കാരണം.

മലയാളം കമ്പ്യൂട്ടിങ്ങിന്റെ ചരിത്രത്തെ എൻകോഡിങ്ങ് വ്യവസ്ഥകളെ മുൻനിർത്തി ആസ്കി ഘട്ടം, ഇസ്കി ഘട്ടം, യൂനിക്കോഡ് ഘട്ടം എന്നിങ്ങനെ മൂന്നായി തിരിക്കാറുണ്ട് (സുനീത 47). യൂനിക്കോഡ് വ്യവസ്ഥ യാഥാർത്ഥ്യമായതോടെയാണ് മലയാളം കമ്പ്യൂട്ടിങ്ങിൽ കുതിച്ചുചാട്ടം സംഭവിച്ചത്. ഭാഷാ കമ്പ്യൂട്ടിങ്ങ് പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോവുന്നതിൽ സർക്കാർ തലത്തിലുള്ള സംവിധാനങ്ങൾ പരാജയപ്പെടുകയോ വിലങ്ങുതടിയാവുകയോ ചെയ്ത ഒരു ഘട്ടത്തിലുണ്ടായ ഈ നേട്ടം ഒരു ജനകീയ ഇടപെടലിലൂടെയാണ് സാധിതമായത്. വ്യക്തികളും കൂട്ടായ്മകളും ഇതിലേക്ക് സംഭാവന ചെയ്തു.

രചന അക്ഷരവേദി, സ്വതന്ത്രമലയാളം കമ്പ്യൂട്ടിങ്ങ് എന്നീ സർക്കാരിതര സംഘടനകൾ മലയാളം കമ്പ്യൂട്ടിങ്ങിന് ദിശാബോധം നൽകുന്നതിൽ വഹിച്ച പങ്ക് പ്രത്യേകം എടുത്തു പറയേണ്ടതുണ്ട്. കമ്പ്യൂട്ടറിനനുസരിച്ച് ഭാഷയുടെ ലിപിവ്യവസ്ഥയിൽ വീണ്ടും വെട്ടിമുറിക്കലുകൾ നടത്താനുള്ള ശ്രമങ്ങൾ നടന്നപ്പോൾ മലയാളത്തിലെ എല്ലാ സ്വരാക്ഷരങ്ങളെയും വ്യഞ്ജനങ്ങളെയും കൂട്ടക്ഷരങ്ങളെയും കമ്പ്യൂട്ടറിൽ ആവിഷ്കരിക്കാൻ കഴിയുമെന്ന് രചനയുടെ പ്രവർത്തകർ പ്രായോഗികമായി കാണിച്ചു. രചന ഫോണ്ട് ഭാഷാകമ്പ്യൂട്ടിങ്ങ് രംഗത്ത് ഒരു വഴിത്തിരിവായി മാറി. ഭാഷാ കമ്പ്യൂട്ടിങ്ങിന്റെ എല്ലാ മേഖലകളിലും സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ്ങിന്റെ ഇടപെടലുകൾ കാണാൻകഴിയും. സ്വതന്ത്ര ഡി.ടി.പി. സോഫ്റ്റ്‌വെയറായ സ്ക്രൈബസ് മലയാളത്തിന് അനുരൂപമാക്കി മാറ്റുന്നതിൽ സ്വതന്ത്ര വിജ്ഞാന ജനാധിപത്യ സഖ്യം (ഡി.എ.കെ.എഫ്) നേതൃത്വം വഹിച്ചുപോരുന്നു. സ്വകാര്യ ഡി.ടി.പി. സെന്ററുകൾ ആസ്കി (ASCII) അധിഷ്ഠിതമായ പേജ്മേക്കർ സോഫ്റ്റ്‌വെയറിന്റെ ഉപയോഗം വലിയതോതിൽ തുടരുന്നതിനാൽ മലയാളത്തിലെ അച്ചടിമേഖലയിലേയ്ക്ക് ഇനിയും യൂനിക്കോഡിന്റെ സാധ്യതകൾ പൂർണമായി പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

യൂനിക്കോഡിന്റെ 5.1 പതിപ്പിൽ ചില്ലക്ഷരങ്ങൾ അടിസ്ഥാനലിപികളായി കണക്കാക്കിയത് (ആണവച്ചില്ലുകൾ) വലിയ അവ്യവസ്ഥകളിലേക്ക് വീണ്ടും നയിച്ചു. ഒറ്റത്തവണ കീ അമർത്തുന്നതിലൂടെ ടൈപ്പ് ചെയ്യാമെന്ന സൗകര്യം നൽകുന്നുണ്ടെങ്കിലും അടിസ്ഥാന അക്ഷരങ്ങളുമായുള്ള ചില്ലുകളുടെ ബന്ധം ഈ പരിഷ്കാരം നഷ്ടമാക്കി. ഈ മേഖലയിൽ സ്വതന്ത്രമായി പ്രവർത്തിച്ചുവരുന്ന സംഘടനകളുടെയും വ്യക്തികളുടെയും അഭിപ്രായങ്ങളെ നിരാകരിച്ചുകൊണ്ടാണ് സർക്കാർ സംവിധാനങ്ങൾ യൂനിക്കോഡ് കൺസോർഷ്യത്തിന് ആണവച്ചില്ലുകൾക്ക് അനുകൂലമായ റിപ്പോർട്ട് നൽകിയത്.

പ്രാദേശികഭാഷകളിലുള്ള ഇന്റർനെറ്റ് ഉപയോക്താക്കളുടെ എണ്ണം വലിയതോതിൽ വർധിച്ചുവരികയാണ്. 2011 മുതൽ 2016 വരെയുള്ള കാലയളവിൽ ഇന്ത്യൻ ഭാഷകളിലുള്ള ഇന്റനെറ്റ് ഉപയോക്താക്കളുടെ എണ്ണത്തിൽ 41 ശതമാനം സംയുക്ത വാർഷിക വളർച്ചാനിരക്ക് (Compound Annual Growth Rate–CAGR) രേഖപ്പെടുത്തുകയുണ്ടായി. മൊബൈൽഫോൺ ഉപയോഗിച്ച് ഡിജിറ്റൽ ലോകത്ത് പ്രവേശിക്കുന്നവരാണ് ഇവരിൽ ഭൂരിഭാഗവും. 23.4 കോടി ഉപയോക്താക്കളാണ് ഇന്ത്യൻ ഭാഷകൾ ഉപയോഗിക്കുന്നവരായി[59] 2016 ഒടുവിൽ ഉണ്ടായിരുന്നത്. ഈ വളർച്ച തുടരുമെന്നും 2021 ആവുമ്പോഴേക്കും അത് 53.6 കോടി ആവുമെന്നും അത് അന്ന് ഇന്ത്യയിലുള്ള ആകെ ഇന്റർനെറ്റ് ഉപയോക്താക്കളുടെ 75 ശതമാനം ആയിരിക്കുമെന്നും കെ.പി.എം.ജി. (KPMG International

Limited) നടത്തിയ പഠനം കണക്കാക്കിയിരുന്നു. തമിഴ്, കന്നഡ, തെലുങ്ക് ഉപയോക്താക്കളായിരിക്കും ഈ കാലയളവിൽ ഡിജിറ്റൽ ഉപയോഗത്തിൽ ഏറ്റവും വ്യാപൃതരായിരിക്കുക. പഠനം നടത്തിയ ഭാഷകളിൽ ഉപയോക്താക്കളുടെ എണ്ണത്തിൽ ഏറ്റവും കുറവ് മലയാളത്തിനാണ്. 4.6 കോടി കന്നഡ ഉപയോക്താക്കളിൽ 3.2 കോടി ഡിജിറ്റൽ ഉപയോഗത്തിന് കന്നഡ ഉപയോഗിക്കുമ്പോൾ നാലുകോടി മലയാളികളിൽ 2.2 കോടിയേ ഡിജിറ്റൽ ഉപയോഗത്തിന് മലയാളം ഉപയോഗിക്കുന്നുള്ളൂ (Indian Languages -Defining India's Internet- A study by KPMG in India and Google). ഭാഷയ്ക്കുവേണ്ടി ഡിജിറ്റൽരംഗത്തുള്ള ഇടപെടലുകൾ വലിയതോതിൽ വർധിപ്പിക്കേണ്ടതിന്റെ ആവശ്യത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

ഭാഷാശാസ്ത്രവും സാങ്കേതികവിദ്യയും ചേരുമ്പോഴാണ് ഭാഷാസാങ്കേതികവിദ്യ ജനിക്കുന്നത്. ഭാഷാവിദഗ്ധരും സാങ്കേതികവിദഗ്ധരും ഒത്തുചേർന്നാലേ മുന്നേറ്റങ്ങളുണ്ടാക്കാൻ കഴിയൂ. ഈ രംഗം നേരിടുന്ന അടിസ്ഥാനപ്രശ്നങ്ങളിലൊന്ന് ഭാഷാരംഗത്തുള്ളവരുടെ സാങ്കേതികവിദ്യയോടുള്ള താൽപ്പര്യമില്ലായ്മയോ അകൽച്ചയോ ആണ്. ഭാഷാസാങ്കേതികത വിദ്യാഭ്യാസപരിപാടികളിലൊരിടത്തും ഇടം പിടിക്കുന്നില്ല. സാങ്കേതികവിദ്യാവിദഗ്ധരിൽ ഭൂരിപക്ഷവും ഭാഷാവികസനകാര്യങ്ങളിൽ പ്രത്യേക താൽപ്പര്യമില്ലാത്തവരുമാണ്. ഇതിനെക്കൂടി അഭിസംബോധന ചെയ്തുകൊണ്ടേ ഭാഷയുടെ വൈജ്ഞാനികവളർച്ചയിൽ ചലനങ്ങൾ സൃഷ്ടിക്കാൻ കഴിയൂ.

## 2.11 വിജ്ഞാനമലയാളം ഇന്ന്

ഐക്യകേരളപ്പിറവിയ്ക്കുശേഷം സ്ഥാപനങ്ങളുടെയും സംഘടനകളുടെയും നേതൃത്വത്തിലുണ്ടായ ശ്രമങ്ങളോടൊപ്പം ഉയർന്നുവന്നതും വളർന്നുവികസിച്ചതുമായ നിരവധി എഴുത്തുകാർ മലയാളത്തിന്റെ വൈജ്ഞാനികചരിത്രത്തിൽ തങ്ങളുടേതായ ഇടം സൃഷ്ടിച്ചിട്ടുണ്ട്.[60] അവരെ ഓരോരുത്തരെയും പേരെടുത്ത് പറയുകയോ അവരുടെ ഗ്രന്ഥങ്ങൾ പട്ടികപ്പെടുത്തുകയോ ഈ പ്രബന്ധത്തിന്റെ പരിധിയിൽ സാധ്യമല്ല. ശാസ്ത്രം, സാമൂഹികശാസ്ത്രം, മാനവികവിഷയങ്ങൾ എന്നിവയിലെല്ലാം അത്തരക്കാരുടെ സാന്നിധ്യമുണ്ട്. സർഗാത്മകകൃതികൾ പഠിക്കപ്പെടുന്നതുപോലെ, ഇത്തരം കൃതികളുടെയോ രചയിതാക്കളുടെയോ സവിശേഷതകളും ശൈലികളുമൊന്നും സാധാരണഗതിയിൽ ഭാഷാവിദ്യാർത്ഥികളുടെ പരിശോധനകളിൽ വരാറില്ല. വൈജ്ഞാനികസാഹിത്യത്തിന് വേണ്ടത്ര

പരിഗണന ഭാഷാവിദ്യാർത്ഥികൾപോലും കൊടുക്കുന്നില്ല എന്നതിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

### 2.11.1 പുസ്തകങ്ങൾ

വൈജ്ഞാനികമലയാളത്തിന്റെ ഇന്നത്തെ അവസ്ഥയെ വിശകലനം ചെയ്യാനുതകുന്ന ആധികാരികമായ വിവരവ്യവസ്ഥകളൊന്നും നിലവിലില്ല എന്നതൊരു പ്രധാന പോരായ്മയാണ്. ഒരു ഭാഷയുടെ കരുത്ത് തെളിയിക്കുന്നതിലെ പ്രധാന ഘടകം, ആ ഭാഷയിലിറങ്ങുന്ന വൈജ്ഞാനികഗ്രന്ഥങ്ങളുടെ അളവാണെന്നിരിക്കെ, മലയാളഭാഷയിലിറങ്ങുന്ന ഗ്രന്ഥങ്ങളിൽ എത്ര ശതമാനം ആ വിഭാഗത്തിൽപ്പെടും എന്നുപോലും കണക്കാക്കാൻ കഴിയുന്നില്ല. എല്ലാ ഇന്ത്യൻഭാഷകളിലും ഇറങ്ങുന്ന പുസ്തകങ്ങളുടെ കോപ്പി കൊൽക്കത്തയിലെ നാഷണൽ ലൈബ്രറിയിൽ ലഭ്യമാക്കണമെന്ന് നിയമം അനുശാസിക്കുന്നുണ്ടെങ്കിലും അവിടെ ലഭ്യമായ മലയാളം പുസ്തകങ്ങൾ ഏറെയില്ല.[61] കേരള സാഹിത്യ അക്കാദമി തയ്യാറാക്കുന്ന ഗ്രന്ഥസൂചിയിലും എല്ലാ മലയാള പുസ്തകങ്ങളും ലഭ്യമാണെന്ന് പറയാൻ കഴിയില്ല.[62] ചെറുകിട പ്രസാധകരുടെ എണ്ണം നാൾക്കുനാൾ വർധിച്ചുവരുന്നു. പുസ്തകങ്ങൾ സ്വയം പ്രസാധനം ചെയ്യുന്ന രീതിയും വ്യാപകമായിക്കൊണ്ടിരിക്കുന്നു. അച്ചടിസാങ്കേതികവിദ്യയിലുണ്ടായ പുരോഗതി മൂലം പ്രിന്റ് ഓൺ ഡിമാന്റ് സംവിധാനത്തിലൂടെ പുറത്തിറങ്ങുന്ന പുസ്തകങ്ങളുടെ എണ്ണവും കൂടിവരികയാണ്. ശാസ്ത്രീയമായ ഒരു പുസ്തകനയം സംസ്ഥാനത്തിന് ഉണ്ടാവേണ്ടതുണ്ട്. പ്രസിദ്ധീകരിക്കപ്പെടുന്ന എല്ലാ പുസ്തകങ്ങളുടെയും അടിസ്ഥാനവിവരങ്ങൾ ക്രോഡീകരിക്കപ്പെടുന്ന ഒരു സംവിധാനം ആ നയത്തിന്റെ ഭാഗമായി ഒരുക്കണം.

ലഭ്യമായ കണക്കുകൾവച്ച് പരിശോധിക്കുമ്പോൾ, ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാതിയിൽ ആകെ പ്രസിദ്ധീകരിക്കപ്പെട്ട മലയാളപുസ്തകങ്ങളിൽ സാഹിത്യേതരം 41.13 ശതമാനവും സാഹിത്യം 58.86 ശതമാനവുമായിരുന്നു. എന്നാൽ 1850 മുതൽ 1900 വരെയുള്ള കാലത്ത് സാഹിത്യേതരം 56.26 ശതമാനവും സാഹിത്യം 43.73 ശതമാനവുമായിരുന്നെന്ന് കാണാം. 1950 മുതൽ 2000 വരെയുള്ള അരനൂറ്റാണ്ടു കാലത്താവട്ടെ ഇത് 39.17 ശതമാനവും 60.82 ശതമാനവുമായി മാറുന്നു.[63] അതായത്, സാഹിത്യേതര കൃതികളുടെ അളവ്, പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനപാദത്തിലെ 56.26 ശതമാനത്തിൽ നിന്ന് ഇരുപതാം നൂറ്റാണ്ടിന്റെ അവസാനപാദത്തിലേക്കെത്തുമ്പോൾ 39.17 ശതമാനത്തിലേക്ക് ഇടിയുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ അവസാനപാദം കേരള ശാസ്ത്രസാഹിത്യ

പരിഷത്ത്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ വൈജ്ഞാനിക ഗ്രന്ഥങ്ങൾ വലിയതോതിൽ സംഭാവന ചെയ്ത കാലഘട്ടം കൂടിയായിരുന്നു എന്നത് ഇതുമായി ചേർത്ത് വായിക്കേണ്ടതുണ്ട്. മറ്റു പ്രസാധകർ വൈജ്ഞാനികമേഖലയെ പൂർണമായി തഴഞ്ഞു എന്നായിരിക്കുമല്ലോ ഇതിന്റെ അർത്ഥം. വൈജ്ഞാനികധാരയോട് സമകാലീന പ്രസാധകരും മലയാളിസമൂഹവും കാണിക്കുന്ന സമീപനത്തിന്റെ നിദർശനമാണിത്.

ഏതെല്ലാം വൈജ്ഞാനികമേഖലകളിൽ എത്ര പുസ്തകങ്ങൾ വീതം ലഭ്യമാണെന്നും തീരെ പുസ്തകങ്ങൾ ലഭ്യമാവാത്ത മേഖലകളുണ്ടോ എന്നും പരിശോധിക്കേണ്ടതുണ്ട്. അത്തരമൊരു പരിശോധന നടക്കണമെങ്കിൽ വൈജ്ഞാനികമേഖലകളുടെ ഉൾപ്പിരിവുകൾകൂടി പരിഗണിച്ചുകൊണ്ടുള്ള ഗ്രന്ഥസൂചി ഉണ്ടാവേണ്ടതുണ്ട്. *മലയാള ഗ്രന്ഥസൂചി*യിൽ ഏറ്റവും ഒടുവിലിറങ്ങിയ ഒൻപതാം വാല്യത്തിൽ ഭാരതീയസാഹിത്യം, വിദേശസാഹിത്യം തുടങ്ങിയവയ്ക്ക് നിരവധി ഉൾപ്പിരിവുകൾ പുതുതായി നൽകിയെങ്കിലും വൈജ്ഞാനികശാഖയ്ക്ക് കൂടുതൽ വിഭാഗങ്ങൾ കൂട്ടിച്ചേർത്തിട്ടില്ല. എം. എൻ. സുബ്രഹ്മണ്യൻ രൂപംകൊടുത്ത *ശാസ്ത്രഗ്രന്ഥസൂചി*യെ പുതിയ കാലത്തിനനനുസരിച്ച് കൂടുതൽ ഇനങ്ങൾ കൂട്ടിച്ചേർത്ത് മുന്നോട്ടുകൊണ്ടുപോവുന്നത് പ്രസക്തമാണ് (മുരളീധരൻ, ശാസ്ത്രഗ്രന്ഥസൂചിക്ക് അമ്പത് ). വിജ്ഞാനപുസ്തകങ്ങളുടെ പ്രസാധനരംഗത്ത് രണ്ടുതരത്തിലുള്ള പ്രശ്നങ്ങൾ അഭിസംബോധന ചെയ്യേണ്ടതുണ്ട്. ഒന്ന്, വൈജ്ഞാനികമേഖലകൾ തുടർച്ചയായി വിപുലപ്പെട്ടുകൊണ്ടിരിക്കുകയും പുതിയ മേഖലകൾ ഉടലെടുക്കുകയും ചെയ്യുന്നു എന്നതാണ്. ഈ വളർച്ചയെ പിന്തുടരാൻ കഴിയണം. പഴയതുപോലെ ഭൗതികശാസ്ത്രപുസ്തകങ്ങൾ, ധനശാസ്ത്രപുസ്തകങ്ങൾ എന്ന രീതിയിൽ മാത്രം ആസൂത്രണം നടന്നാൽപ്പോരാ. സൂക്ഷ്മമേഖലകളിൽ പുസ്തകങ്ങൾ ഇറങ്ങണം. രണ്ടാമതായി, പുതിയ മുന്നേറ്റങ്ങളുടെ ഭാഗമായി പഴയ പുസ്തകങ്ങൾ വളരെ പെട്ടെന്ന് കാലാനുസൃതമല്ലാതായി മാറും. തുടർച്ചയായി പരിഷ്കരിച്ച പതിപ്പുകളിറക്കിയോ പുതിയ പുസ്തകങ്ങളിറക്കിയോ മാത്രമേ വിഷയമേഖലയോട് നീതി ചെയ്യാനാവൂ. അത്തരത്തിൽ പരിഷ്കരിച്ച പതിപ്പുകളിറക്കുന്ന കാര്യത്തിൽ മലയാളത്തിലെ പ്രസാധകരോ ഗ്രന്ഥകാരന്മാരോ ശ്രദ്ധിക്കാറില്ല. കേവലം ശാസ്ത്രവിഷയങ്ങൾക്കു മാത്രമല്ല, ഈ പുതുക്കൽ വേണ്ടത്. ഭാഷാവിദ്യാർത്ഥികളുടെ പാഠപുസ്തകങ്ങളിലടക്കം നിരന്തരമായ പുതുക്കലുകൾ ആവശ്യമായി വരും. ഗവേഷണ രീതിശാസ്ത്രഗ്രന്ഥങ്ങളിൽ ഉപാദാനശേഖരണത്തിന് 10 സെ. മീ. വീതിയും 12.5 സെ. മീ. നീളവുമുള്ള കാർഡുകൾ ഉപയോഗിക്കുന്നതിനെക്കുറിച്ചൊക്കെ ഇപ്പോഴും വിശദീകരിക്കുന്നത് കാലത്തിനനുസരിച്ചുള്ള പുതുക്കൽ നടക്കാത്തതിന്റെ ഉദാഹരണമാണ്.

വൈജ്ഞാനികപുസ്തകങ്ങളുടെ അളവ് കുറയുന്നു എന്നതുമാത്രമല്ല പ്രശ്നം. പുസ്തകങ്ങളിലെ ഉള്ളടക്കത്തിന്റെ ഗുണമേന്മ കൂടി കണക്കിലെടുത്താൽ സ്ഥിതി പിന്നെയും പരിതാപകരമാവുന്നു. മലയാളത്തിൽ ഇറങ്ങുന്ന വൈജ്ഞാനിക ഗ്രന്ഥങ്ങളുടെ ആധികാരികത എത്രത്തോളമുണ്ടെന്ന കാര്യം പഠനവിധേയമാക്കേണ്ടതുണ്ട്. എത്ര പ്രമുഖരായ എഴുത്തുകാരുടേതാണെങ്കിലും വിഷയാധിഷ്ഠിത എഡിറ്റിങ്ങും കോപ്പി എഡിറ്റിങ്ങും വൈജ്ഞാനിക ഗ്രന്ഥങ്ങൾക്ക് അത്യന്താപേക്ഷിതമാണ്. അക്കാര്യത്തിൽ മലയാളത്തിലെ പ്രസിദ്ധീകരണശാലകൾ പലപ്പോഴും കുറ്റകരമായ അനാസ്ഥ പുലർത്തുന്നതായി കാണാം. പുസ്തകങ്ങളിൽ ബിബ്ലിയോഗ്രാഫി, പദസൂചിക തുടങ്ങിയവ നൽകുന്നതിലും ഗ്രന്ഥകാരന്മാരോ പ്രസാധകരോ ശ്രദ്ധിക്കാറില്ല. അതത് വിഷയമേഖലയിലുൾപ്പെടാത്തവർ പുസ്തകങ്ങൾ വിവർത്തനം ചെയ്യുന്നതും പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്.

ലൈബ്രറി സംഘടനകളുടെ അന്താരാഷ്ട്രഫെഡറേഷനും (International Federation of Library Associations and Institutions–IFLA) യുനെസ്കോയും ചേർന്ന് തയ്യാറാക്കുന്ന പബ്ലിക്ക് ലൈബ്രറി മാനിഫെസ്റ്റോ, വിവരങ്ങളും അറിവുകളും ജനങ്ങൾക്കുവേണ്ടി എളുപ്പത്തിൽ ലഭ്യമാക്കുന്ന ലൈബ്രറികളെ വിജ്ഞാനസമൂഹത്തിലെ അവശ്യഘടകമായാണ് കാണുന്നത്. വിജ്ഞാനോൽപ്പാദനത്തിനും വിവരങ്ങളുടെയും സംസ്കാരത്തിന്റെയും കൈമാറ്റത്തിനും പൗരന്മാരുടെ പരസ്പരമുള്ള ഇടപെടലിനുമുള്ള പൊതുവായ ഇടം പ്രാപ്യമാക്കുന്നവയാണ് ലൈബ്രറികൾ(The IFLA-UNESCO Public Library Manifesto 2022). ലൈബ്രറികളെ ആശ്രയിച്ചുള്ള വായനയെന്ന പഴയ രീതി മാറുകയാണ്. ഇരുപത്തിയേഴ് ശതമാനം വീടുകളേ ഏതെങ്കിലും തരത്തിൽ ലൈബ്രറികളുമായി ബന്ധപ്പെടുന്നുള്ളൂ. ലൈബ്രറി അംഗത്വമുള്ള വീടുകൾ അതിലും കുറയും (21%) (കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ). അതേ അവസരത്തിൽ, മലയാള പുസ്തക പ്രസിദ്ധീകരണത്തിന്റെ ഗ്രാഫ് മുകളിലേക്കാണെന്നും പറയുന്നു. വർഷംപ്രതി മുവ്വായിരം പുതിയ ടൈറ്റിലുകളെങ്കിലും പുറത്തിറങ്ങുന്നു. പുതിയ പതിപ്പുകളുടെ എണ്ണം അതിലും കൂടുതൽ വരും (Sreekumar). വീട്ടുലൈബ്രറികളുടെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ് എന്നത് ഇതിനൊരു കാരണമാവാം. കേരള ശാസ്ത്രസാഹിത്യ പരിഷത്ത് 2004 ൽ നടത്തിയ കേരളപഠനം ചൂണ്ടിക്കാട്ടിയത് 71.8 ശതമാനം കുടുംബങ്ങളും വർഷത്തിൽ ഒരു പുസ്തകം പോലും വാങ്ങാത്തവരാണെന്നാണ്. കുടുംബങ്ങളുടെ സാമ്പത്തികനില പുസ്തകം വാങ്ങുന്നതിൽ നേരിട്ട് പ്രതിഫലിക്കുന്നുണ്ട്. ദരിദ്രരിൽ 87.9 ശതമാനവും പുസ്തകം വാങ്ങാത്തപ്പോൾ ഉയർന്ന ഇടത്തരക്കാരിൽ 48.7 ശതമാനമേ വാങ്ങാത്തവരായുള്ളൂ. വാങ്ങുന്ന പുസ്തകങ്ങളുടെ തരം പരിശോധിക്കുമ്പോൾ 33.3 ശതമാനം വിജ്ഞാനപുസ്തക

ങ്ങളാണ്. തൊട്ടടുത്തുള്ളത് 30.6 ശതമാനത്തോടെ ആത്മീയപുസ്തകങ്ങളും(അരവിന്ദൻ 141). 2019–2020 ലെ ലൈബ്രറി കൗൺസിൽ സർവെ പ്രകാരം[64] പുസ്തകങ്ങളേക്കാൾ വായിക്കപ്പെടുന്നത് പത്രങ്ങളും ആനുകാലികങ്ങളുമാണ്. ആനുകാലികങ്ങളുടെ വായനയിൽ വനിതകൾക്കായുള്ള പ്രസിദ്ധീകരണങ്ങളാണ് (14.4%) മുന്നിൽ. തൊട്ടുപുറകിൽ കുട്ടികൾക്കായുള്ള പ്രസിദ്ധീകരണങ്ങൾ (9.9%), ആത്മീയ പ്രസിദ്ധീകരണങ്ങൾ (9.8%), മത്സരപരീക്ഷകൾക്കുവേണ്ടിയുള്ള പ്രസിദ്ധീകരണങ്ങൾ (9%) എന്നിവയും.

## 2.11.2 പത്രമാധ്യമങ്ങൾ

ആർ.എൻ.ഐ. (രജിസ്ട്രാർ ഓഫ് ന്യൂസ് പേപ്പേർസ് ഫോർ ഇന്ത്യ)യുടെ 2022 മാർച്ച് 31 ലെ കണക്കുകൾ പ്രകാരം കേരളത്തിലെ രജിസ്റ്റർ ചെയ്യപ്പെട്ട പ്രസിദ്ധീകരണങ്ങളുടെ എണ്ണം 4565 ആണ്.[65] ഇവയിൽ മലയാളഭാഷയിലുള്ളവ 3256 ആണ്. ഇന്ത്യയിലെ മറ്റു പ്രദേശങ്ങളിൽനിന്ന് 241 മലയാള പ്രസിദ്ധീകരണങ്ങൾ പുറത്തിറങ്ങുന്നുണ്ട്.[66] കേരളത്തിലെ 3256 പ്രസിദ്ധീകരണങ്ങളിൽ ദിനപത്രങ്ങൾ 414, ദ്വൈ/ത്രൈമാസികകൾ 14, വാരികകൾ 345, പ്രതിപക്ഷ വാരികകൾ 313, മാസികകൾ 1905, ത്രൈമാസികകൾ 149, പ്രതിവത്സരങ്ങൾ 29, മറ്റുള്ളവ 87 എന്നിങ്ങനെയാണ് (Registrar of Newspapers for India 425). റജിസ്റ്റർ ചെയ്യാത്ത ആനുകാലികങ്ങൾ വേറെയുമുണ്ടാവാം. ഈ ആനുകാലികങ്ങളിൽ വൈജ്ഞാനികവിഷയങ്ങൾ മാത്രം കൈകാര്യം ചെയ്യുന്നവ ഏതൊക്കെയെന്ന് അറിയില്ല. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ *വിജ്ഞാനകൈരളി*, കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ *ശാസ്ത്രഗതി, ശാസ്ത്രകേരളം*, വിദ്യാഭ്യാസവകുപ്പിന്റെ നേതൃത്വത്തിൽ പുറത്തിറങ്ങുന്ന *ശാസ്ത്രരംഗം* മുതലായവയാണ് അറിയപ്പെടുന്ന വൈജ്ഞാനിക പ്രസിദ്ധീകരണങ്ങൾ. ആരോഗ്യവിഷയങ്ങൾ പ്രതിപാദിക്കുന്ന *ആരോഗ്യം, ആരോഗ്യമാസിക, ആയുരാരോഗ്യം*, കാർഷികവിഷയങ്ങൾ പ്രതിപാദിക്കുന്ന *കർഷകൻ, കർഷകശ്രീ, കേരള കർഷകൻ* എന്നിങ്ങനെ സവിശേഷമേഖലകളിലുള്ള പ്രസിദ്ധീകരണങ്ങളുണ്ട്. പ്രത്യേക മേഖലകളിൽ ഇടപെടുന്നവർക്കായുള്ള *ഇലക്ട്രോണിക്സ് ഫോർ യു, കേബിൾ സ്കാൻ, കേബിൾ ദർശൻ, ഇലക്ട്രോണിക്സ് കേരളം, ഇൻഫോ കൈരളി* പോലുള്ള പ്രസിദ്ധീകരണങ്ങളാണ് മറ്റൊരിനം. കുട്ടികൾക്കുവേണ്ടിയുള്ളതും യുവതക്കുവേണ്ടിയുള്ളതും സ്ത്രീകൾക്കുവേണ്ടിയുള്ളതുമായ പ്രസിദ്ധീകരണങ്ങളുമുണ്ട്. ഇത്തരം പ്രസിദ്ധീകരണങ്ങളും പൊതുവായ ആനുകാലികങ്ങളും വൈജ്ഞാനികവിഷയങ്ങൾ കൈകാര്യം ചെയ്യാറുണ്ട്.

പത്രമാധ്യമങ്ങളിലെ വൈജ്ഞാനിക ഉള്ളടക്കത്തെക്കുറിച്ച് 1967 ൽ ഡോ. ബാലകൃഷ്ണ കരുണാകരൻ നായർ നടത്തിയ പഠനം[67] മലയാളപത്രങ്ങളിൽ ശാസ്ത്രസാങ്കേതികവിഷയത്തെക്കുറിച്ചുള്ള വാർത്തകൾ, ലേഖനങ്ങൾ, പത്രാധിപക്കുറിപ്പുകൾ, കത്തുകൾ എന്നിവയ്ക്ക് 4.3 ശതമാനം സ്ഥലം *മാതൃഭൂമി*യും 2.2 ശതമാനം സ്ഥലം *മലയാള മനോരമ*യും നീക്കിവെക്കുന്നതായി കണ്ടെത്തിയിരുന്നു. മറ്റ് പത്രങ്ങൾ അതിലും കുറവ് പ്രാധാന്യമേ ഇത്തരം കാര്യങ്ങൾക്ക് നൽകിയിരുന്നുള്ളൂ. വാരാന്തപ്പതിപ്പുകളിലാണ് കൂടുതൽ ശാസ്ത്രകാര്യങ്ങൾ നൽകിയിരുന്നത്. പ്രധാനമായും ഇവയിൽ കൈകാര്യം ചെയ്യപ്പെടുന്നത് കൃഷി, ആഹാരം, പൊതുജനാരോഗ്യം, കാലാവസ്ഥ എന്നിവയാണ് ("വർത്തമാനപ്പത്രങ്ങളും ശാസ്ത്രചർച്ചയും" 56). അക്കാലത്ത് വാരികകളും മാസികകളും ദിനപത്രങ്ങളേക്കാൾ കൂടുതൽ താൽപ്പര്യം ശാസ്ത്രവിഷയങ്ങളിൽ കാണിച്ചിരുന്നു. ഒരർത്ഥത്തിൽ *മാതൃഭൂമി ആഴ്ചപ്പതിപ്പി*ലൂടെ എൻ. വി. വെട്ടിത്തെളിച്ച പാതയാകാമിത്.

*മാതൃഭൂമി ആഴ്ചപ്പതിപ്പി*ലെ എൻ.വിയുടെ പതിനെട്ടു വർഷങ്ങൾ ആധുനികകാലത്തെ മലയാള വിജ്ഞാനസാഹിത്യത്തിന്റെ ഒരു നിർണായകഘട്ടത്തെ കുറിക്കുന്നതായി എ.എൻ.പി.ഉമ്മർകുട്ടി ചൂണ്ടിക്കാട്ടുന്നു. ആധുനിക വിജ്ഞാനത്തിന്റെ എണ്ണമറ്റ ശാഖകളിൽ വെളിച്ചം വീശുന്നതും അറിവിന്റെ എല്ലാ തുറകളിലും മലയാളഭാഷയെ സമ്പന്നമാക്കുന്നതുമായ ലേഖനങ്ങൾ ആഴ്ചപ്പതിപ്പിൽ എൻ.വി. ഉൾപ്പെടുത്തി. എഴുതിക്കിട്ടിയവ മാത്രമായിരുന്നില്ല ഈ ഉള്ളടക്കം. മറിച്ച്, പത്രാധിപർ പറഞ്ഞ് എഴുതിപ്പിച്ചവയായിരുന്നു അവയിലേറെയും ("എൻ.വി.യുടെ ഭാഷാസേവനം" 57). ചുരുങ്ങിയത് ആയിരത്തിലേറെ വൈജ്ഞാനികലേഖനങ്ങൾ എൻ.വിയുടെ പത്രാധിപത്യക്കാലത്ത് വാരികയുടെ താളുകളിലൂടെ പ്രത്യക്ഷപ്പെട്ടിട്ടുണ്ടാകുമെന്ന് ഉമ്മർകുട്ടി കരുതുന്നു. 'നാം ജീവിക്കുന്ന ലോകം' (എം.ആർ.ചന്ദ്രശേഖരൻ), 'കേരളത്തിലെ വിഷപ്പാമ്പുകൾ' (ഡോ.കെ.ജി.അടിയോടി), 'കേരളത്തിലെ പക്ഷികൾ' (ഇന്ദുചൂഡൻ), 'കേരളത്തിലെ കാട്ടുപൂക്കൾ' (മാത്യു താമരക്കാട്), 'സൂര്യന്റെ ജനനവും മരണവും' (ഡോ.സി.പി. മേനോൻ), 'കമ്പ്യൂട്ടറുകൾ' (വി.കെ.ദാമോദരൻ) എന്നിങ്ങനെയുള്ള പരമ്പരകൾ മാതൃഭൂമിയിൽ എൻ.വി.യുടെ കാലത്താണ് പ്രത്യക്ഷപ്പെട്ടത്.

കാലം പിന്നിട്ടപ്പോൾ പത്രങ്ങൾ ശാസ്ത്ര-സാങ്കേതികകാര്യങ്ങൾക്കായി നീക്കിവെക്കുന്ന സ്ഥലത്തിൽ വലിയ ഇടിവുവന്നു. കൊച്ചി സർവകലാശാലയിലെ സെന്റർ ഫോർ സയൻസ് കമ്യൂണിക്കേഷൻ, 2010 ലെ പത്രങ്ങളെ അടിസ്ഥാനമാക്കി നടത്തിയ പഠനം ഇക്കാര്യം സ്ഥിരീകരിക്കുന്നു. ആറു മലയാളപത്രങ്ങൾ പരസ്യങ്ങളൊഴികെ വാർത്തകൾക്കായി മാറ്റിവച്ച സ്ഥലത്തിന്റെ 1.05 ശതമാനമാണ് (*മലയാള മനോരമ*

0.86, *മാതൃഭൂമി* 1.26, *ദേശാഭിമാനി* 1.85, *കേരളകൗമുദി* 0.53, *ജന്മഭൂമി* 0.77, *മാധ്യമം* 0.83) സയൻസിനായി മാറ്റിവച്ചത് (അനിൽകുമാർ, *ശാസ്ത്രമെഴുത്ത് മലയാളത്തിൽ* 92).

പലപ്പോഴും കേവലമായ കൗതുകവാർത്തകളുടെ പിറകെ മാധ്യമങ്ങൾ പോവുന്നതായി കാണാം. ഇതിന്റെ ഫലമായി 'രാമർ പെട്രോൾ', 'പ്ലാസ്റ്റിക്ക് അരി', 'ചൈനീസ് മുട്ട' പോലുള്ള തട്ടിപ്പുകളെയും കപടശാസ്ത്രങ്ങളെയും മലയാള മാധ്യമങ്ങൾ ആഘോഷമാക്കി മാറ്റുകയും ചെയ്യുന്നു. പ്രസിദ്ധീകരിക്കപ്പെടുന്ന ശാസ്ത്രകാര്യങ്ങൾക്ക് ആധികാരികത ഉറപ്പുവരുത്താൻ കഴിയുന്ന എഡിറ്റോറിയൽ സംവിധാനങ്ങളുടെ അപര്യാപ്തതയാണ് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്. സയൻസ് ജേണലിസം എന്നതിന് പത്രങ്ങൾ വലിയ പ്രാധാന്യം നൽകിയിട്ടില്ല എന്നതാണ് ഇത് സൂചിപ്പിക്കുന്നത്. ദിനപത്രങ്ങളിൽ ഇപ്പോൾ കുട്ടികളുടെ പഠനത്തെ സഹായിക്കാനുള്ള പ്രത്യേകപേജുകൾ ഉണ്ട്. 'കുട്ടി.കോം', 'വിദ്യ', 'അക്ഷരമുറ്റം', 'വെളിച്ചം', 'ചങ്ങാതി' തുടങ്ങിയവ ഉദാഹരണം. പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട വൈജ്ഞാനിക ഉള്ളടക്കം സ്ഥിരമായി ഇവയിൽ നൽകിവരുന്നു.

കുട്ടികൾക്കുവേണ്ടിയുള്ള പ്രസിദ്ധീകരണങ്ങളാണ് സമീപകാലത്ത് ഉള്ളടക്കപരമായി പഠിക്കപ്പെട്ടത്. കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വികസിപ്പിക്കുവാൻ ഉതകുന്ന തരത്തിൽ ഉള്ളടക്കം തിരഞ്ഞെടുത്തു നൽകുന്നതിൽ *യുറീക്ക, തളിര്, കുഞ്ഞാറ്റക്കിളി* എന്നിങ്ങനെ ഏതാനും പ്രസിദ്ധീകരണങ്ങളൊഴികെ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. പലപ്പോഴും കേവലകൗതുകത്തിൽ മാത്രമാണ് മറ്റു പ്രസിദ്ധീകരണങ്ങൾ ശ്രദ്ധിക്കുന്നത്. മാത്രമല്ല, *അമ്പിളി അമ്മാവൻ, കുസുമം* എന്നിവ പോലെയുള്ളവയിൽ അന്ധവിശ്വാസം വളരാൻ ഇടയാക്കുന്ന രചനകൾ ചിലപ്പോഴൊക്കെ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. മാന്ത്രികകഥകളാണ് മുഖ്യധാരാ പ്രസിദ്ധീകരണങ്ങൾക്ക് കൂടുതൽ താൽപര്യം (പുരുഷോത്തമൻ, "മലയാളത്തിലെ ബാലപ്രസിദ്ധീകരണങ്ങളും കുട്ടികളുടെ ബഹുമുഖവികാസവും" 330).

സമീപകാലത്ത് ആരംഭിച്ച ഓൺലൈൻ മാധ്യമങ്ങളിൽ വൈജ്ഞാനികവിഷയങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നവ ഏറെയില്ല. ഓൺലൈൻ പോർട്ടലായ *ലൂക്ക* ശാസ്ത്രവിഷയങ്ങൾക്കു മാത്രമായുള്ളതാണ്. ശാസ്ത്രസാഹിത്യ പരിഷത്തിന്റെ യു ട്യൂബ് ചാനലായ *സയൻസ് കേരള*യും വൈജ്ഞാനികവിഷയങ്ങൾക്ക് മുൻതൂക്കം നൽകുന്നു. ബ്ലോഗുകൾ സജീവമായിരുന്ന കാലത്ത് ശാസ്ത്രവിഷയങ്ങൾക്ക് പ്രാധാന്യം കൊടുത്ത *കിഴക്കുനോക്കി യന്ത്രം* (http://kizhakkunokkiyandram.blogspot.com/) പോലുള്ളവ ശ്രദ്ധപിടിച്ചുപറ്റിയിരുന്നു.

### 2.11.3 ദൃശ്യമാധ്യമങ്ങൾ

ദൃശ്യമാധ്യമമേഖലയിലെ വൈജ്ഞാനിക ഉള്ളടക്കമാണ് പരിശോധിക്കേണ്ട മറ്റൊരു രംഗം. *ദൂരദർശനാ*യിരുന്നു ഏറെക്കാലം മലയാളികളുടെ ഒരേയൊരു ചാനൽ. ഒരു മണിക്കൂർ നേരത്തെ പരിപാടികളും പത്തുമിനിറ്റ് നേരത്തേക്കുള്ള വാർത്തകളുമായി 1985 ജനുവരി ഒന്നിനാണ് കേരളത്തിലെ *ദൂരദർശൻ* പരിപാടികളുടെ ചരിത്രം ആരംഭിക്കുന്നത്. പടിപടിയായി വികസിച്ച് 2000 ജനുവരി ഒന്നോടെ ഇരുപത്തിനാലു മണിക്കൂർ പരിപാടികളവതരിപ്പിക്കുന്ന ചാനലായി *ദൂരദർശൻ* മാറി. ദേശീയതലത്തിൽ *ദൂരദർശ*ന്റെ അടിസ്ഥാന കാഴ്ചപ്പാടുതന്നെ വിജ്ഞാനത്തിനും വിദ്യാഭ്യാസത്തിനുമുള്ള പ്രക്ഷേപണം എന്നതാണ്. സീരിയലുകൾ പോലുള്ള വിനോദം മാത്രം ലക്ഷ്യമിട്ടുള്ള പരിപാടികൾ *ദൂരദർശ*ന്റെ അജണ്ടയിൽ ഇടംപിടിച്ചത് ഏറെക്കഴിഞ്ഞാണ്. 2009–2010 കാലത്ത് വിദ്യാഭ്യാസ–വിജ്ഞാന പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കിയ മികച്ച പ്രാദേശിക കേന്ദ്രത്തിനുള്ള പുരസ്കാരം തിരുവനന്തപുരം *ദൂരദർശൻ* കേന്ദ്രത്തിനു ലഭിക്കുകയുണ്ടായി.

സർക്കാർ പദ്ധതികളുടെ നിലപാടുകളും നേട്ടങ്ങളും ജനങ്ങളിലെത്തിക്കുക *ദൂരദർശ*ന്റെ ചുമതലയായതിനാൽ വിദ്യാഭ്യാസം, കൃഷി, വ്യവസായം, തൊഴിൽ, ആരോഗ്യം, പരിസ്ഥിതിസംരക്ഷണം തുടങ്ങിയ മേഖലകളെല്ലാം *ദൂരദർശൻ* പരിപാടികളിൽ ഇടംപിടിച്ചു. സാക്ഷരത, പ്രത്യേകിച്ച് സ്ത്രീസാക്ഷരത, ഗ്രാമീണവികസനം, ജലസംരക്ഷണം, നീർത്തടസംരക്ഷണം, മാലിന്യസംസ്കരണം, ശാസ്ത്രീയ കൃഷിരീതികൾ എന്നിവയെല്ലാം ഡോക്യുമെന്ററികളായും മറ്റ് രൂപങ്ങളായും സ്ഥിരമായി പ്രക്ഷേപണം ചെയ്യപ്പെട്ടു. 'കൃഷിദർശൻ', 'നാട്ടിൻപുറം' തുടങ്ങിയ പരിപാടികൾ വലിയ ശ്രദ്ധ നേടിയവയായിരുന്നു. ആദ്യത്തെ സോഷ്യൽ റിയാലിറ്റി ഷോ എന്നറിയപ്പെടുന്ന 'ഗ്രീൻ കേരള എക്സ്പ്രസ്', മികച്ച നിലവാരം കൈവരിച്ച വിദ്യാലയങ്ങളുടെ പ്രവർത്തനം വിശദീകരിച്ച 'ഹരിതവിദ്യാലയം' എന്നിവ തികച്ചും പുതുമയാർന്നവയുമായിരുന്നു. മികച്ച ഉള്ളടക്കത്തോടൊപ്പം മികച്ച ഭാഷയും *ദൂരദർശൻ* പരിപാടികളുടെ മാറ്റുകൂട്ടി. ദേശീയപരിപാടികൾ ഒഴികെയുള്ളവയുടെ പേരുകൾ മലയാളിത്തം നിറഞ്ഞുനിൽക്കുന്നവയായിരുന്നു എന്നും കാണാം. വിനോദത്തിന് 29.14 ശതമാനം സമയം മാത്രം നൽകുമ്പോൾ വിദ്യാഭ്യാസത്തിന് 40.04 ശതമാനവും വിജ്ഞാനത്തിന് 30.82 ശതമാനവും സമയവും *ദൂരദർശൻ* മാറ്റിവെച്ചു (സന്തോഷ്കുമാർ 57).

മലയാളത്തിലെ ആദ്യ സ്വകാര്യ ടെലിവിഷൻ ചാനലായ *ഏഷ്യാനെറ്റ്* തുടക്കകാലത്ത് വിനോദത്തോടൊപ്പം ഗൗരവമായ പരിപാടികൾക്കും ഇടംകൊടുത്തിരുന്നെങ്കിലും

അത് തുടർന്നില്ല. ചാനലുകളുടെ എണ്ണം വർധിച്ചതോടെ ടെലിവിഷൻ വിനോദത്തിനു മാത്രമായുള്ള ഉപകരണമായി മാറുകയാണുണ്ടായത്. *ദൂരദർശ*നൊഴികയുള്ള ചാനലുകളിൽ ഡോക്യുമെന്ററികൾ അപൂർവമാണിന്ന്. ചാനലുകളുടെ കഴുത്തറുപ്പൻ മത്സരങ്ങളുടെ ഫലമായി വിനോദപരിപാടികളിലേയ്ക്ക് മാത്രമായി ചുരുങ്ങിയെന്നു മാത്രമല്ല അവയിൽ അവതരിപ്പിക്കപ്പെടുന്ന ഭാഷയുടെ നിലവാരത്തിലും വലിയ ഇടിവുണ്ടായി. വൈജ്ഞാനിക ഉള്ളടക്കത്തിൽ പിന്നീട് *ദൂരദർശ*നൊപ്പം ചേർന്നത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ *വിക്ടേർസ് ചാനലാ*ണ്. സ്വകാര്യ ചാനലുകളിൽ ഇന്ന് *സഫാരി ചാനലാ*ണ് വൈജ്ഞാനിക ഉള്ളടക്കത്തിന് വലിയ പ്രാധാന്യം നൽകുന്നത്.

### 2.11.4 റേഡിയോ

ഇന്ത്യയിൽ ഏറ്റവും കൂടുതൽ ശതമാനം ആളുകളിലേക്ക് എത്തിച്ചേരാൻ കഴിഞ്ഞ മാധ്യമം റേഡിയോ തന്നെയായിരുന്നു. ഒരുകാലത്ത് ഗ്രാമീണജനതയുടെ വൈജ്ഞാനികനിലവാരം ഉയർത്തുന്നതിൽ റേഡിയോ വലിയ പങ്കുവഹിച്ചിട്ടുണ്ട്. ആരോഗ്യം, ശുചിത്വം, കൃഷി, മൃഗസംരക്ഷണം, ഗ്രാമവികസനം തുടങ്ങിയ പരിപാടികളും വാർത്താബുള്ളറ്റിനുകളുമാണ് ഇതിൽ പ്രധാന പങ്കുവഹിച്ചത്. 'വിദ്യാഭ്യാസ പരിപാടി', 'വയലും വീടും', പ്രഭാഷണങ്ങൾ തുടങ്ങിയവയാണ് ആകാശവാണി കൈകാര്യം ചെയ്യുന്ന പ്രധാന വൈജ്ഞാനിക പരിപാടികൾ. യുവാക്കൾക്കും സ്ത്രീകൾക്കും വേണ്ടി നടത്തപ്പെടുന്ന പരിപാടികളിലും പ്രഭാഷണങ്ങൾ, അഭിമുഖങ്ങൾ, ചർച്ചകൾ തുടങ്ങിയവ ഉണ്ടാകാറുണ്ട്.

### 2.11.5 സാഹിത്യത്തിലെ വൈജ്ഞാനികധാര

വൈജ്ഞാനികരംഗത്തെ വളർച്ച മറ്റുരംഗങ്ങളിലെന്നതുപോലെ മലയാള സാഹിത്യരംഗത്തും അതിന്റേതായ അലയൊലികൾ സൃഷ്ടിച്ചിട്ടുണ്ട്. പ്രകൃതിശാസ്ത്രങ്ങളെക്കാൾ സാമൂഹികശാസ്ത്രങ്ങളാണ് സാഹിത്യകാരന്മാരെ സ്വാധീനിച്ചിട്ടുള്ളത് (ബാലകൃഷ്ണൻ, *മലയാള ശാസ്ത്രസാഹിത്യപ്രസ്ഥാനം- ഒരു പഠനം* 114). സാമ്പത്തികാനീതികളെ അകറ്റുവാൻ സോഷ്യോളജിയുടെ സിദ്ധാന്തങ്ങളും സമുദായാംഗങ്ങളുടെ ലൈംഗികജീവിതത്തിലെ അനീതികളെ അകറ്റുവാൻ ലൈംഗികശാസ്ത്രസിദ്ധാന്തങ്ങളും പുരോഗമനപക്ഷത്ത് നിൽക്കുന്ന സാഹിത്യകാരന്മാർ പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ച് കേസരി ബാലകൃഷ്ണപ്പിള്ളയും ചൂണ്ടിക്കാണിക്കുന്നുണ്ട്. ഇതേപോലെ നാച്വറൽ സയൻസുകളെയും

പ്രയോജനപ്പെടുത്തേണ്ടതില്ലേ എന്നും അദ്ദേഹം ചോദിക്കുന്നു (*സാഹിത്യവിമർശനങ്ങൾ* 67).

ശാസ്ത്രനേട്ടങ്ങളും പരിസ്ഥിതിസംരക്ഷണത്തിന്റെ ആവശ്യകതയും കവിതകളിൽ വലിയതോതിൽ കടന്നുവന്നതായി കാണാം. ശാസ്ത്രസംബന്ധമായ അറിവുകളെ കാവ്യത്തിൽ അലിയിച്ചുചേർക്കുന്നതും ശാസ്ത്രീയവീക്ഷണം കൈക്കൊള്ളുന്നതും തമ്മിലുള്ള വ്യത്യാസം കണക്കിലെടുക്കേണ്ടതുണ്ട് (ലീലാവതി, *കവിതയും ശാസ്ത്രവും* 56). ശാസ്ത്രബോധത്തിന്റെ അടിത്തറയിൽ നിന്നുകൊണ്ട് മലയാളത്തിൽ കവിതാരചന നടത്തിയവരിൽ പ്രമുഖർ വൈലോപ്പിള്ളിയും എൻ.വി.യുമാണ്. 'പുള്ളിമാനിന്റെ പുറകേ പുലിയേയും വസന്തവായുവിൽ വസൂരി രോഗാണുക്കളേയും ദർശിക്കാതിരിക്കാൻ എനിക്ക് സാധ്യമല്ല' എന്ന പ്രഖ്യാപനം ഒരു കവിയുടേത് മാത്രമല്ല, ശാസ്ത്രബോധത്തെ ഉൾക്കൊണ്ട ഒരു ശാസ്ത്രാധ്യാപകന്റേതുകൂടിയാണ്. 'മർത്യവീര്യത്തെ കെട്ടിഞെരിക്കുന്ന അന്ധവിശ്വാസങ്ങളുടെ വള്ളികളെ ശാസ്ത്രബോധത്തിന്റെ വെണ്മഴു വീശി അറുത്തു വീഴ്ത്തുകയും പുതിയ യുഗത്തിലെ നാഗത്താന്മാരായി കർഷകബന്ധുക്കളായ ഞാഞ്ഞൂലുകളെ പൂജിക്കുകയും ചെയ്യുമ്പോൾ ശാസ്ത്രവികാസത്തിന് വാച്യമായ അംഗീകാരം കൊടുക്കുകയാണദ്ദേഹം ചെയ്യുന്നത്' (62). എൻ.വി. യ്ക്കും വൈലോപ്പിള്ളിക്കും ശേഷം ശാസ്ത്രത്തിലും ശാസ്ത്രബോധത്തിലുമടിയുറച്ച് കവിതാരചനയിൽ ഏർപ്പെട്ടവരിൽ ശ്രദ്ധേയൻ പി. മധുസൂദനനാണ്. ശാസ്ത്രവും ശാസ്ത്രബോധവും കാവ്യഭാവനയും ചേതോഹരമായി കൂട്ടിച്ചേർത്ത് അനുഭൂതിയുടെ മഴവില്ലുകൾ വിരിയിക്കുകയായിരുന്നു മധുസൂദനൻ (മുരളീധരൻ, "ശാസ്ത്രം, ശാസ്ത്രബോധം, കവിത:" 29). മനുഷ്യരാശിയുടെ വിജ്ഞാനാർജനപ്രയാണത്തിൽ മുന്നേനടന്ന് വഴിതെളിച്ചവരുടെ പേരുകൾ ചരിത്രത്തിൽ എവിടെയും രേഖപ്പെടുത്താതെപോയി. എങ്കിലും, കടലുകളവരുടെ ചങ്ങാടത്തെത്തോളിലെടുക്കാൻ തിര നൽകി എന്നും, നക്ഷത്രക്കതിരവരുടെ രാവിൻ തിരിയിൽ തെളിയാൻ തീ നൽകി എന്നും മധുസൂദനൻ ഓർമിപ്പിക്കുന്നു.

ശാസ്ത്രനേട്ടങ്ങൾ നേരിട്ട് പ്രതിഫലിക്കുന്നതാണ് സയൻസ് ഫിക്ഷനുകൾ അഥവാ ശാസ്ത്രകൽപ്പിതകഥകൾ. ശാസ്ത്രനേട്ടങ്ങളെ ഉയർത്തിക്കാട്ടുക മാത്രമല്ല, അത് ശാസ്ത്രത്തിന് മുന്നേ നടക്കുകയും ചെയ്യുന്നു. ഈ ശാഖയിൽ മലയാളത്തിലുണ്ടായ കൃതികൾ പരിമിതങ്ങളാണ്. എന്നാൽ രണ്ടായിരാമാണ്ടിനുശേഷം സയൻസ് ഫിക്ഷനുകൾ കൂടുതലായി അംഗീകരിക്കപ്പെടുന്നതായും (ഷിജൂ സാം വറുഗീസ് 611) നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ബാലസാഹിത്യരംഗത്ത് വൈജ്ഞാനികവിഷയങ്ങൾ വളരെ പ്രധാനപ്പെട്ട പങ്കുവഹിക്കേ

ണ്ടതുണ്ട്. മെച്ചപ്പെട്ട കുറേ കൃതികൾ ഈ ധാരയിൽ ലഭ്യമായിട്ടുണ്ടെങ്കിലും ഈ രംഗത്തും മലയാളം സമ്പന്നമാണെന്ന് പറയാൻ കഴിയില്ല.

### 2.11.6 ഗവേഷണരംഗം

മലയാള സർവകലാശാല ഒഴികെ മറ്റ സർവകലാശാലകളിലെ മലയാളവകുപ്പുകളിലെയും കേരളപഠനവകുപ്പുകളിലെയും ഗവേഷണപ്രബന്ധങ്ങൾ മാത്രമേ മലയാളത്തിൽ തയ്യാറാക്കാറുള്ളൂ. ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസിൽ കെ.എച്ച്.ഹുസൈൻ തയ്യാറാക്കിയ *ഗ്രന്ഥവിവരവ്യവസ്ഥാ നിർമിതി മലയാളലിപിയിൽ: യൂനിക്കോഡ് ഭാഷാ സാങ്കേതികതയുടെ പ്രയോഗവൽക്കരണം (Developing Bibliographic Information Systems Using Malayalam Script: Application of Unicode Language Technology*– Mahatma Gandhi University, 2018.) എന്ന പ്രബന്ധം മാത്രമേ ഇതിനൊരപവാദമുള്ളൂ. മലയാളഭാഷയിലെ ഗവേഷണപ്രബന്ധങ്ങൾതന്നെ ആദ്യകാലത്ത് ഇംഗ്ലീഷിലാണ് തയ്യാറാക്കിയിരുന്നത്. വി.എസ്.ശർമ തയ്യാറാക്കിയ *കുഞ്ചൻ നമ്പ്യാരും അദ്ദേഹത്തിന്റെ കൃതികളും* എന്ന ആദ്യ മലയാളഗവേഷണപ്രബന്ധം 1974 ലാണ് സമർപ്പിച്ചത്.

ആരംഭനാളുകളിൽ, മലയാളസാഹിത്യത്തിന്റെ വിപുലമായ രീതിയിലുള്ള ചരിത്രരചനയെയാണ് ഭാഷാഗവേഷണം ലക്ഷ്യംവെച്ചത്. പിന്നീട് ആധുനികസാഹിത്യം, ഗദ്യപ്രസ്ഥാനങ്ങളുടെ രചനാസവിശേഷതകൾ, അവ ഉൽപ്പാദിപ്പിക്കുന്ന സൗന്ദര്യവും അനുഭൂതിയും എന്നിങ്ങനെ നിരവധി വിഷയങ്ങളിലേക്ക് അത് വികസിക്കുകയുണ്ടായി. മൂന്നാം ഘട്ടമാവട്ടെ സൈദ്ധാന്തികവിമർശനത്തിന്റെയും സാംസ്കാരികവിമർശനത്തിന്റെയും പുതിയ തലങ്ങളിലേക്ക് കടക്കുകയും ചെയ്തു (രാധാകൃഷ്ണൻ ഇളയിടത്ത് 30). മലയാളഗവേഷണം അളവുപരമായി ഇപ്പോൾ വളരെ വർധിച്ചിട്ടുണ്ട്. എന്നാൽ, മലയാളസാഹിത്യഗവേഷണം ആധുനിക ഗദ്യസാഹിത്യത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നതായും സമകാലീനഗവേഷണരംഗത്ത് ഗുണനിലവാരം കുറഞ്ഞതായും (ബഞ്ചമിൻ, "മലയാളഗവേഷണം–സത്യങ്ങളും അപ്രിയസത്യങ്ങളും" 83) നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. കേരള സർവകലാശാലയുടെ നേതൃത്വത്തിൽ ആദ്യകാലത്ത് ആസൂത്രിതമായ ഗവേഷണം നടന്നിരുന്നത് പിന്നീട് തുടരാനായില്ലെന്നും പുതിയ തലമുറ ഫാഷനബിളായ വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതായും ബഞ്ചമിന് അഭിപ്രായമുണ്ട് (*സാഹിത്യഗവേഷണത്തിന്റെ രീതിശാസ്ത്രം* 65). മുക്കാൽഭാഗവും ശരാശരിയിൽ താഴെ

യുള്ളവയാണെന്ന പ്രസ്താവനയും (പ്രഭാകരവാരിയർ, "ഗവേഷണം" 933) ഗവേഷണപ്രബന്ധങ്ങളുടെ നിലവാരത്തകർച്ചയെ ചൂണ്ടിക്കാട്ടുന്നതുതന്നെ.

മറ്റുവിഷയങ്ങളിൽ മലയാളത്തിൽ ഗവേഷണം നടത്താനാവശ്യമായ അന്തരീക്ഷമൊരുക്കുകയെന്നത് വളരെ പ്രാധാന്യമർഹിക്കുന്നു. മലയാളത്തിൽ പ്രബന്ധമെഴുതുന്നത് മോശപ്പെട്ട കാര്യമാണെന്ന ധാരണ മാറ്റിയെടുക്കേണ്ടതുണ്ട്. അവയ്ക്ക് അംഗീകാരം ലഭിക്കില്ല എന്ന സ്ഥിതി മാറണം. തനതായ വിജ്ഞാനം ഭാഷയിൽ ഉണ്ടായിവരുമ്പോഴേ അത് യഥാർത്ഥ വിജ്ഞാനഭാഷയായി മാറുകയുള്ളൂ. ഭാഷയുടെ വൈജ്ഞാനികപദവി ഉയർത്തേണ്ടതിനെക്കുറിച്ചുള്ള ചർച്ചകൾ ഭാഷാവിദ്യാർത്ഥികൾക്കിടയിലും ഒരുപിടി ഭാഷാസ്നേഹികളുടെ ഇടയിലും ഒതുങ്ങിപ്പോവുന്നതായി കാണാം. ശാസ്ത്ര–സാമൂഹികശാസ്ത്ര മേഖലകളിലെ ഗവേഷകരെ ഇതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താനുള്ള പരിപാടികളാണ് ആവശ്യം.

## 2.12 വിജ്ഞാനഭാഷയും അധ്യയനമാധ്യമവും

സാമ്പത്തികമായി പിറകിലാണെങ്കിലും സാമൂഹികമായ ജീവിതഗുണത കൈവരിക്കാൻ കഴിഞ്ഞ കേരളവികസനാനുഭവങ്ങൾ ലോകശ്രദ്ധ ആകർഷിച്ചതാണ്. ഭൂപരിഷ്കരണം സൃഷ്ടിച്ച സാമൂഹികാന്തരീക്ഷം സ്കൂൾ പ്രവേശനനിരക്കിലും വലിയ മാറ്റങ്ങൾ കൊണ്ടുവരികയുണ്ടായി. എല്ലാവരേയും ഉൾക്കൊള്ളുന്ന സൗജന്യവും സാർവത്രികവുമായ ഒരു വിദ്യാഭ്യാസക്രമം കേരളത്തിൽ രൂപംകൊണ്ടത് അത്തരമൊരു പശ്ചാത്തലത്തിലാണ്.

വിദ്യാഭ്യാസരംഗത്തെ സഹസ്രാബ്ദ വികസനലക്ഷ്യങ്ങൾ (millennium development goals) വർഷങ്ങൾക്കു മുമ്പേ കേരളം കൈവരിച്ചിരുന്നു. എന്നാൽ, ഉൾക്കൊള്ളലിന്റെ മാതൃകയായിരുന്ന കേരള വിദ്യാഭ്യാസരംഗത്ത് പുറന്തള്ളലിന്റേതായ ആന്തരിക പ്രവണതകൾ 1990 കൾ മുതൽ ശക്തിപ്പെട്ടുവരികയാണ് (Kumar and George 56). എൺപതുകളിൽത്തന്നെ വിദ്യാഭ്യാസരംഗത്ത് ചില പുതിയ പ്രവണതകൾ തലപൊക്കിയിരുന്നു. ജാതിമതശക്തികളും മധ്യവർഗതാൽപ്പര്യങ്ങളും ചേർന്ന് പുതിയ തരത്തിലുള്ള ഇംഗ്ലീഷ് മീഡിയം അൺ എയ്ഡഡ് വിദ്യാലയങ്ങൾ പിറവിയെടുക്കുന്നത് ആ കാലഘട്ടത്തിലാണ്. തൊണ്ണൂറുകളോടെ ആഗോളീകരണനയങ്ങൾക്ക് മേൽക്കൈ വന്നത് പ്രശ്നങ്ങൾ രൂക്ഷമാകാനിടയാക്കി. പൊതുവിദ്യാഭ്യാസത്തിലൂടെ സാമൂഹികചലനാത്മകത നേടി മുൻനിരയിലേക്ക് എത്തിയ ഒരു വിഭാഗം അതേ പൊതുവിദ്യാഭ്യാസത്തെ തള്ളിപ്പറയുകയും തങ്ങളുടെ അടുത്ത തലമുറയെ വരേണ്യവിദ്യാഭ്യാസത്തിന്റെ പാതയിലേക്ക്

നയിക്കുകയും ചെയ്തു. ആഗോളതൊഴിൽവിപണിയിലെ വരുമാനദായകമായ തൊഴിലുകൾ നേടാൻ ഇംഗ്ലീഷുമാധ്യമവിദ്യാഭ്യാസം അനിവാര്യമാണെന്നാണ് ഇവർ വാദിച്ചത് (ഗണേശ്, *അറിവിന്റെ വിനിമയം കേരളത്തിൽ* 133). ഈ പുതിയ മധ്യവർഗം സംസ്ഥാനത്തിന്റെ നയരൂപീകരണത്തെപ്പോലും സ്വാധീനിക്കാൻ കെൽപ്പുള്ള വിഭാഗമായിരുന്നു.

വിദ്യാഭ്യാസമേഖലയുടെ സ്വകാര്യവൽക്കരണം രാഷ്ട്രീയനിലപാടുകളായി മാറുന്നതും ഇക്കാലയളവിലാണ്. വിദ്യാഭ്യാസം കമ്പോളതാൽപ്പര്യങ്ങൾക്ക് അടിപ്പെട്ടത് ഏറ്റവും പ്രതികൂലമായി ബാധിച്ചത് മാതൃഭാഷാധിഷ്ഠിത ബോധനരീതിയെയായിരുന്നു. സ്വാശ്രയമെന്ന പേരിൽ കൂണുകൾപോലെ മുളച്ചുവന്ന സ്ഥാപനങ്ങൾ ഉന്നതവിദ്യാഭ്യാസമേഖലയിലെ മുൻഗണനകളെയും സമീപനങ്ങളെയും മാത്രമല്ല അട്ടിമറിച്ചത്. അവ പ്രാഥമിക വിദ്യാഭ്യാസമേഖലയെയും പ്രതികൂലമായി ബാധിച്ചു. സ്വാശ്രയസ്ഥാപനങ്ങളെ നിലനിർത്താനാവശ്യമായ കാച്ച്മെന്റ് ഏരിയകളായി ഇംഗ്ലീഷ് മാധ്യമവിദ്യാലയങ്ങൾ മാറി (മുരളീധരൻ, *ഭാഷാസൂത്രണം: പൊരുളും വഴികളും* 185). ജനാധിപത്യത്തിലും സാമൂഹികനീതിയിലും തുല്യതയിലും അധിഷ്ഠിതമായിരുന്ന കേരളവിദ്യാഭ്യാസ സമ്പ്രദായത്തിന്റെ തകർച്ച കേരളത്തിന്റെ പൊതുമണ്ഡലത്തെ തന്നെ ശിഥിലീകരിക്കുന്നതായി (ഗണേശ്, *അറിവിന്റെ വിനിമയം കേരളത്തിൽ* 94)ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.

കഴിഞ്ഞ കുറച്ചുവർഷങ്ങളായി കേരളത്തിലെ അമ്പതുശതമാനത്തിനു മുകളിൽ വിദ്യാർത്ഥികൾ പത്താംക്ലാസ് പരീക്ഷ എഴുതുന്നത് ഇംഗ്ലീഷ് മാധ്യമത്തിലാണ്(മുരളീധരൻ, *ഭാഷാസൂത്രണം: പൊരുളും വഴികളും* 189). ഇത് സമീപഭാവിയിൽ വലിയതോതിൽ വർധിക്കുകയും ചെയ്യും. മാതൃഭാഷയെ കയ്യൊഴിഞ്ഞുള്ള 'സ്റ്റെയിറ്റ് ഫോർ ഇംഗ്ലീഷ്' സമീപനം ഒരേസമയം സാർവത്രികവിദ്യാഭ്യാസമെന്ന ലക്ഷ്യത്തിലും അതുവഴി രാജ്യങ്ങളുടെ സാമൂഹികവികസനത്തിലും വിലങ്ങുതടിയായി മാറുന്നു (Ricento, *Language policy and political economy* 277). ഇന്ത്യയടക്കമുള്ള നിരവധി രാജ്യങ്ങളിൽ വിദ്യാഭ്യാസമേഖലയിലെ ഭാഷാനയരൂപീകരണം ഇപ്പോൾ ഉപരിവർഗതാൽപ്പര്യങ്ങളാൽ നയിക്കപ്പെടുകയാണ്. വിജ്ഞാനോൽപ്പാദനം സാധ്യമാകുന്നത് അതത് വിഷയമേഖലകളിൽ പഠിതാക്കൾക്ക് അവഗാഹമുണ്ടാകുമ്പോഴാണ്. വിഷയത്തിൽ അവഗാഹം നേടാൻ ഏറ്റവും നല്ലത് സ്വന്തം ഭാഷയിൽ പഠിക്കുകയാണെന്നത് വിദ്യാഭ്യാസസിദ്ധാന്തങ്ങളിലെ അടിപ്പടവാണ്. വിജ്ഞാനോൽപ്പാദനം നടത്താതെ ഭാഷയെ വൈജ്ഞാനികഭാഷയായി മാറ്റാൻ കഴിയില്ല.

ഇഴപിരിച്ചെടുക്കാൻ കഴിയാത്ത ദ്വന്ദ്വങ്ങളാണ് മലയാളവും കേരളവുമെങ്കിലും കേരളവികസന അജണ്ടകളിൽ കേരളത്തിന്റെ വിലപിടിച്ച വിഭവം (Resource) എന്ന നിലയിൽ

മലയാളം ഇതുവരെ പരിഗണിക്കപ്പെട്ടില്ല. കേരളീയതയെന്നത് തുടർച്ചയായി രൂപപ്പെട്ടുത്തേണ്ടതും വളർത്തേണ്ടതുമായ ഒരാശയമാണെന്നതിനുപകരം അത് ഭൂതകാലത്തെക്കുറിച്ചുള്ള ഓർമകൾ അയവിറക്കാൻ മാത്രമായുള്ളതാണെന്ന ബോധമാണ് സമൂഹത്തിൽ നിലനിൽക്കുന്നത്.

## 2.13 ഉപസംഹാരം

വൈജ്ഞാനികഭാഷയായി മാറാനുള്ള മലയാളത്തിന്റെ ശ്രമങ്ങളുടെ ചരിത്രപരമായ ഒരു നഖചിത്രമാണ് ഇതുവരെ അവതരിപ്പിച്ചത്. ഇന്ന് അത് എവിടെ നിൽക്കുന്നു എന്നതിന്റെ ഒരു വിഗഹവീക്ഷണവും നടത്തി. വൈജ്ഞാനികഭാഷാ പരിവർത്തന ശ്രമങ്ങളിൽ ഏറ്റവും വിപുലവും സംഘടിതവുമായത് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങളാണെന്ന് സൂചിപ്പിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തിന്റെ ലക്ഷ്യങ്ങളെന്തായിരുന്നു, ആ ലക്ഷ്യങ്ങളോട് സ്ഥാപനത്തിന് എത്രത്തോളം നീതിപുലർത്താൻ കഴിഞ്ഞു, സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളോട് സമൂഹവും സമൂഹനേതൃത്വവും എങ്ങനെ പ്രതികരിച്ചു എന്നീ കാര്യങ്ങൾകൂടി പരിശോധിച്ചേ മലയാളത്തിന്റെ വൈജ്ഞാനികസ്വരൂപത്തെ വിലയിരുത്താൻ കഴിയൂ. അതിനുള്ള ശ്രമമാണ് അടുത്ത അധ്യായങ്ങൾ.

### കുറിപ്പുകൾ

1. പ്രസിദ്ധ ഗണിതജ്ഞനും ജ്യോതിശ്ശാസ്ത്രജ്ഞനുമായ ആര്യഭടൻ (സി. ഇ. 476–550) കേരളീയനായിരുന്നു എന്ന് പലരും വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ *ആര്യഭടീയം* എന്ന ഗ്രന്ഥം ഇന്ത്യയിൽ ലഭ്യമായിട്ടുള്ള ഏറ്റവും പഴയ ഗണിതശാസ്ത്ര ഗ്രന്ഥമാണ്. *ആര്യഭടീയ*ത്തിന് നിരവധി വ്യാഖ്യാനങ്ങൾ രചിക്കപ്പെട്ടത് കേരളത്തിലാണെന്നതാണ് ആര്യഭടൻ കേരളീയനായിരുന്നു എന്ന് വാദിക്കുന്നതിന് പിൻബലം.

2. വേദാംഗജ്യോതിഷം എന്ന സംസ്കൃതഗ്രന്ഥത്തിലെ "യഥാശിഖാ മയൂരാണാം/നാഗാനാം മണയോരഥാ/തദ്വേദാംഗ ശാസ്ത്രാണാം/ഗണിതം മൂർധ്നി സ്ഥിതം" എന്ന ശ്ലോകത്തെ അടിസ്ഥാനമാക്കിയാണ് ഈ ഗ്രന്ഥനാമം (മയൂരങ്ങൾക്ക് ശിഖപോലെ, നാഗങ്ങൾക്ക് രത്നം പോലെ, വേദാംഗങ്ങൾക്ക് ഗണിതം മൂർധാവിലെ ഭൂഷണമാണ്).

3. കർത്താവ് ആരെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്ത, *കണക്കുസാരം* എന്ന ഗ്രന്ഥം സി. അച്യുതമേനോൻ എഡിറ്റ് ചെയ്ത് ആമുഖപഠനത്തോടുകൂടി ഗവ. ഓറിയന്റൽ മാനുസ്ക്രിപ്റ്റ് ലൈബ്രറി, മദ്രാസ് പ്രസിദ്ധീകരിച്ചത് ഇപ്പോൾ https://schoolbooksarchive.azimpremjiuniversity.edu.in/displaybitstream?

handle=20.500.12497/3650&fileid=36666ee7-7cb74714-8227-6fb99cb71a06 എന്ന ലിങ്കിൽ ലഭ്യമാണ്. ഈ പുസ്തകവുമായി സഹോദരബന്ധമുള്ളതെന്ന വിശേഷണവുമായി *കണക്കുസാരം ബാലപ്രബോധം* എന്ന മറ്റൊരു പുസ്തകം ഓറിയന്റൽ മാനുസ്ക്രിപ്റ്റ് ലൈബ്രറി തന്നെ പ്രസിദ്ധീകരിച്ചിരുന്നു. അതിന്റെയും കർത്താവ് അജ്ഞാതം തന്നെ. ആ പുസ്തകം https://archive.org/details/1950-Kanakkathikaram-Balaprabhodham/page/n15/mode/2up ൽ ലഭ്യമാണ്.

4. സി. എം. എസ്. പ്രസ്സിൽ അച്ചടിച്ച രൂപം https://archive.org ൽ ഇപ്പോൾ ലഭ്യമാണ്.

5. ടോബിന്റെ തിരുവിതാംകൂറിലെ പ്രവർത്തനത്തിന് ആദ്യം വേലുത്തമ്പിദളവയിൽനിന്ന് അനുമതി ലഭിക്കാതെപോയി. പിന്നീട് റസിഡന്റ് മെക്കാളെ ഇടപെട്ടാണ് അദ്ദേഹത്തിന് മിഷണറി പ്രവർത്തനങ്ങൾക്ക് അനുമതി ലഭിക്കുന്നത്.

6. ആഞ്ചലോസ് ഫ്രാൻസിസ് എഴുതിയ *Gramatical Linguae Vulguris ab Episcopo Maleloponillano Angelos Franscicoa Theresea Carmel Disc* (ഉദ്ദേശം1717), ക്ലമന്റ് പാതിരിയുടെ *Alphabetum grandonico-malabaricum sive samscrudonicum* (1772) എന്നിങ്ങനെയുള്ള ചില ലത്തീൻകൃതികളാണ് ആദ്യസംരംഭങ്ങൾ. 1781 ൽ അർണോസുപാതിരി സംസ്കൃതത്തിലെ സിദ്ധരൂപത്തെ അടിസ്ഥാനമാക്കി രചിച്ചതാണ് *ഗ്രന്ഥഭാഷയുടെ വ്യാകരണം*. റോബർട്ട് ഡ്രുമണ്ടിന്റെ *ഗ്രാമർ ഓഫ് ദി മലബാർ ലാംഗ്വേജ്* (1799) ഇംഗ്ലീഷ് ഭാഷയിൽ എഴുതിയതാണ്. 1839 ൽ എഫ്. സ്പ്രിങിന്റെ *Outlines of a Grammar of the Malayalam Language as spoken in the province of North and South Malabar and Kingdom of Travancore and Cochin* ഉം 1841 ൽ ജോസഫ് പീറ്റിന്റെ *A Grammar of the Malayalam Language* ഉം പുറത്തിറങ്ങി.

7. അവയെ ഇങ്ങനെ പട്ടികപ്പെടുത്താം. അർണോസു പാതിരി (*മലയാളം- പോർത്തുഗീസ് നിഘണ്ടു, വൊക്കബുലാറിയം മലബാറിക്കോ ലൂസിതാനം*), ആഞ്ചലോസ് ഫ്രാൻസിസ് മെത്രാൻ (*മലയാളം-ലത്തീൻ-പോർത്തുഗീസ് നിഘണ്ടു*), പൗലിനോസ് പാതിരി (*മലയാളം- ഇംഗ്ലീഷ്- പോർത്തുഗീസ് നിഘണ്ടു*), ബിഷപ്പ് ഇൽദഫൊൻസ് (*മലയാളം- ലത്തീൻ- പോർത്തുഗീസ് നിഘണ്ടു*), ബെഞ്ചമിൻ ബെയിലി (*മലയാളം- ഇംഗ്ലീഷ് നിഘണ്ടു*), റിച്ചാർഡ് കോളിൻസ് (*മലയാണ്മ നിഘണ്ടു*), ഹെർമൻ ഗുണ്ടർട്ട് (*മലയാളം- ഇംഗ്ലീഷ് നിഘണ്ടു*).

8. മുണ്ടക്കയത്തെ ലിത്തോഗ്രാഫിക്ക് പ്രസ്സിൽ അച്ചടിച്ച ചിത്രങ്ങളാണ് ഇതിൽ ഉപയോഗിച്ചതെന്നും പ്രസിദ്ധീകരണകാലം 1858 മുതൽ 1860 വരെ നീളുന്നതായിരുന്നു എന്നും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട് (ഷിജു അലക്സ് et al.).

9. കോട്ടയം കോളെജിൽ പ്രിൻസിപ്പലായിരുന്ന ജോൺ ഹോക്സ്വർത്തിന്റെ *വിഭക്തപദസംഗ്രഹം* 1861 ലാണ് പ്രസിദ്ധീകൃതമാകുന്നത്. ആധുനികവിദ്യാഭ്യാസത്തിന്റെ പ്രചാരത്തെത്തുടർന്ന് നിരവധി വൈജ്ഞാനികമേഖലകൾ മലയാളഭാഷയിൽ അവതരിപ്പിക്കേണ്ടിവന്നു. ഈ ഘട്ടത്തിൽ പുതിയ സാങ്കേതികപദങ്ങൾ വലിയതോതിൽ രൂപപ്പെടുത്തേണ്ടതുണ്ടായിരുന്നു. പുസ്തകത്തിന്റെ ഉപതലക്കെട്ടായി *A*

*Collection of Terms in English and Malayalam arranged under various heads* എന്നുകൂടി കൊടുത്തിട്ടുണ്ട്.

10. 1–മിഷണറി നിഘണ്ടുവിജ്ഞാനം, 2–മിഷണറി വ്യാകരണവിജ്ഞാനം, 3–മലയാള ഗദ്യവികാസ സംഭാവന, 4–മിഷണറി സാഹിത്യം, 5–മിഷണറി വിവർത്തനം, 6–വിദ്യാഭ്യാസം, 7–പത്രപ്രവർത്തനം, 8–അച്ചടി–പ്രസാധനം, 9–ഫോക്‌ലോർ ശേഖരണം, 10–ചരിത്രരചന, 11–പൊതുമണ്ഡല രൂപീകരണം, 12–നവോത്ഥാന പശ്ചാത്തല നിർമിതി, 13–മലയാളവും വൈദേശികഭാഷാസമ്പർക്കവും, 14–യൂറോപ്യൻ–മലയാള സങ്കര ധൈഷണികത, 15–ആധുനിക ബോധ നിർമിതി

11. മാസികകൾ ആരംഭിച്ച വർഷങ്ങൾ പല സ്രോതസ്സുകളിലും വ്യത്യസ്തമായി കാണുന്നുണ്ട്.

12. *തിരുവിതാംകൂർ കർഷക ത്രിമാസിക*യാണ് പിന്നീട് *തിരുവിതാംകൂർ കൃഷി വ്യവസായ മാസിക*യായി മാറുന്നത്. രാജഭരണത്തിൻ കീഴിലെ വിവിധ വകുപ്പുകളുടെ സംയോജനത്തെത്തുടർന്ന് കൃഷി, വ്യവസായം, സഹകരണ വകുപ്പുകളുടെ മുഖപത്രമെന്ന നിലയിലായിരുന്നു ഈ മാറ്റം.

13. *ഗദ്യമാലിക* ഒന്നാം ഭാഗത്തിലെ മുഴുവൻ രചനകളും *വിദ്യാവിനോദിനി*യിൽ നിന്ന് എടുത്തവയാണ്. രണ്ടാം ഭാഗം *രസികരഞ്ജിനി*യിൽ നിന്നും. ഒന്നാം ഭാഗത്തിന്റെ അവതാരികയിൽ കേരളവർമ വലിയ കോയിത്തമ്പുരാൻ നിർദേശിച്ചതിനെത്തുടർന്ന് മൂന്നാം ഭാഗത്തിൽ *വിദ്യാവിനോദിനി, ഭാഷാപോഷിണി, രസികരഞ്ജിനി* എന്നിവയിൽ നിന്നും മറ്റു പുസ്തകങ്ങളിൽ നിന്നും ലേഖനങ്ങൾ എടുത്തുചേർത്തിട്ടുണ്ട്. *ഗദ്യമാലിക* ഒന്നാം ഭാഗം എഡിറ്റ് ചെയ്തത് എച്ച്. എച്ച്. രാമവർമ (കൊച്ചി ഒൻപതാം കൂറ് തിരുമനസ്സ്) ആണെന്നും ലേഖനങ്ങൾ തിരഞ്ഞെടുത്തത് ജി. രാമൻ മേനോൻ (എം. എ), കെ. പരമേശ്വരൻ പിള്ള (ബി. എ.), എസ്. പരമേശ്വര അയ്യർ (എം. എ. ബി. എൽ., എം. ആർ. എ. എസ്.), ഒ. എം. ചെറിയാൻ (ബി. എ. എൽ. ടി.), സി. എസ്. ഗോപാലപണിക്കർ (ബി. എ.), സി. എൻ. എ. രാമയ്യാശാസ്ത്രി (എം. എ. എം. ആർ. എ. എസ്.) കെ. എസ്. രാമൻ മേനോൻ മുതലായവരും ആണെന്ന് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 'മദ്രാസ്, തിരുവിതാംകൂർ, കൊച്ചി മുതലായ ഗവർമ്മേണ്ട് പാഠ്യപുസ്തകക്കമ്മിറ്റിക്കാർ പാഠ്യപുസ്തകമാക്കി വെച്ചിട്ടുള്ളത്' എന്നും പുസ്തകത്തിന്റെ ആദ്യഭാഗത്ത് രേഖപ്പെടുത്തിയിട്ടുണ്ട്. *ഗദ്യമാലിക*യുടെ ഒന്നാം ഭാഗത്തിൽനിന്ന് മൂന്നാം ഭാഗത്തിലേക്ക് എത്തുമ്പോൾ വിഷയവൈവിധ്യം വലിയതോതിൽ വർധിച്ചതായും കാണാം. മൂന്നാം ഭാഗത്തിലെ ഉള്ളടക്കം ഇപ്രകാരമാണ്. ഒന്നാം പ്രകരണം– ചരിത്രം, സീ. വീ. രംഗനാഥശാസ്ത്രി, ശുദ്ധജലം, കന്നുകാലിവളർത്തൽ, ആചാരഭാഷ, മോണാക്കോ, ഭാവനാശക്തി, രണ്ടാം പ്രകരണം– ആര്യപുരാതനന്മാർ, ആൻഡ്‌റു കർണീജി, ഊഷ്മാവ്, ജീവികളുടെ ആരോഗ്യസമ്പാദ്യം, തച്ചുശാസ്ത്രം, ടാജ്മഹൾ, ആത്മദമനം, മൂന്നാം പ്രകരണം– പന്നിയൂർ ഗ്രാമം, പാലിസി എന്ന പ്രസിദ്ധ കുശവൻ, നഭോമണ്ഡലത്തിലെ ചില വിശേഷങ്ങൾ (കാറ്റ്), പരമാണുക്കൾ അല്ലെങ്കിൽ അണുജന്തുക്കൾ, കേരളത്തിലെ ജ്യൗതിഷം, ചീനരാജ്യവും അതിലെ ജനങ്ങളും, അറിയുക അല്ലെങ്കിൽ മനസ്സിലാവുക, നാലാം പ്രകരണം– പെരുമനം ഗ്രാമം, രാജാ സർ ടി. മാധവരായർ, മണ്ണെണ്ണ, പ്രാണികളുടെ സമുദായവാസം, ഭാഷാപരിഷ്കാരം, അപരിഷ്കൃതസമുദായങ്ങളുടെ ചില ആചാരവിശേഷങ്ങൾ, സുഖസ്വപ്നമാർഗം, അഞ്ചാം പ്രകരണം– പുരുഷാർത്ഥത്തെക്കുറിച്ചുള്ള ഭാരതീയന്മാരുടെ അഭിപ്രായം, നളൻ, ഒരു തുള്ളി മഷി, സർപ്പം, വ്യവസായ വിദ്യാഭ്യാസം, എന്റെ മൃഗയാസ്മരണകൾ, ആത്മനിരൂപണം.

14. "...എഴുതി വന്നതിന്മണ്ണംതന്നെ ഈ വകക്കു ഓരോകൂട്ടം ഗ്രന്ഥം എഴുതി ശെഖരിച്ച അതതു മണ്ടപത്തുംവാതുക്കൽ തോറും കൊടുത്തയച്ച പിള്ളർക്ക് വശമാക്കുവാനുള്ളതാകകൊണ്ട്... മേലെഴുതിയ പ്രകാരം മലയാംഭാഷയിൽ ഒരു ഗ്രന്ഥം എഴുതിതീർക്കത്തക്കവണ്ണം നിദാനം വരുത്തിക്കൊള്ളുകയും..." (ഭാസ്കരനുണ്ണി 1069)

15. അണ്ണാജി രായർ അധ്യക്ഷനും സുബ്ബയ്യാ ദീക്ഷിതർ, രാമൻ തമ്പി എന്നിവർ അംഗങ്ങളുമായാണ് പാഠപുസ്തക കമ്മിറ്റി രൂപീകൃതമായത്. അണ്ണാജി രായർക്ക് മലയാളമറിയില്ലായിരുന്നു. സുബ്ബയ്യക്ക് സംസ്കൃതവും അറിയില്ല. രാമൻ തമ്പിക്കാണെങ്കിൽ മലയാളം മാത്രമേ അറിയൂ. അവർ നിർമിക്കേണ്ടതോ എഴുത്ത്, വായന, കണക്ക്, ഭൂമിശാസ്ത്രം, ചരിത്രം, സന്മാർഗപഠനം, ആരോഗ്യശാസ്ത്രം, രാഷ്ട്ര-ധനശാസ്ത്രം എന്നിവയും നാട്ടുഭാഷാജ്ഞാനത്തിന് സഹായകമാകുന്നിടത്തോളം സംസ്കൃതവും ഉൾക്കൊള്ളുന്ന ഒരു പാഠ്യപദ്ധതിയ്ക്ക് പൂരകമായ പാഠപുസ്തകങ്ങളും.

16. തുടക്കക്കാർക്ക് ഉപയോഗിച്ചുപോന്നത് ബാലപാഠമാണ്. ഒന്നാം പാഠം എന്ന പുസ്തകം രണ്ടാം ക്ലാസ്സുകാരുടേതാണ്. രണ്ടാം പാഠവും മൂന്നാം പാഠവും യഥാക്രമം മൂന്നാം ക്ലാസ്സുകാർക്കും നാലാം ക്ലാസ്സുകാർക്കും വേണ്ടിയുള്ളതായിരുന്നു. ലളിതമായതിൽനിന്ന് സങ്കീർണമായതിലേക്ക് എന്നതായിരുന്നു പാഠപുസ്തകത്തിലെ രീതി. രണ്ടാം പാഠവും മൂന്നാം പാഠവും ഒന്നാം പാഠത്തിലെ ഉള്ളടക്കങ്ങളെ കൂടുതൽ ആഴത്തിൽ അവതരിപ്പിച്ചിരുന്നു. അതുകൊണ്ട് കേരളവർമയുടെ പാഠാവലികൾ ബ്രൂണറിന്റെ സ്പൈറൽ കരിക്കുലം സങ്കൽപ്പത്തോട് സദൃശമായിരിക്കുന്നതായി കാണാമെന്ന് ശ്രീജിത്ത് നിരീക്ഷിക്കുന്നുണ്ട്.

17. ആദ്യഘട്ടത്തിൽ പദ്യപാഠാവലികൾ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിരുന്നില്ല. അതിനെക്കുറിച്ച് വിമർശനങ്ങൾ ഉയർന്നിരുന്നു. ഹെർമൻ ഗുണ്ടർട്ട് തയ്യാറാക്കിയ പാഠമാലയിലെ 216 പുറങ്ങളിൽ 32 പുറങ്ങൾ മാത്രമേ ഗദ്യമുണ്ടായിരുന്നുള്ളൂ എന്ന് വി. ഗംഗാധരൻ നായർ ചൂണ്ടിക്കാട്ടുന്നു. അതുമായി താരതമ്യം ചെയ്യുമ്പോഴാണ് കേരളവർമ പാഠപുസ്തകത്തിൽ ഗദ്യത്തിന് പ്രാമുഖ്യം കൊടുത്തതിന്റെ വിപ്ലവപരത മനസ്സിലാവുക.

18. ടി.കെ.കൃഷ്ണമേനോന്റെയും കൃഷ്ണൻ പണ്ടാലയുടെയും നേതൃത്വത്തിൽ കൊച്ചിയിൽ രൂപപ്പെട്ടതാണ് *ലഘുശാസ്ത്രപാഠാവലി* എന്ന ഗ്രന്ഥപരമ്പര.

19. പണ്ടാലയുടെ രസതന്ത്രപ്രവേശികയെക്കുറിച്ച് 1893 സെപ്തംബർ 16 ന്റെ *മലയാള മനോരമ* ഇങ്ങനെയെഴുതി– "തിരുവനന്തപുരം കോളേജിൽ പ്രസിദ്ധനായ സയൻസ് പണ്ഡിതൻ റീഡ്സായ്പ് അവർകളുടെ പ്രധാനശിഷ്യനായ കൃഷ്ണൻ പണ്ടാല താൻ സമ്പാദിച്ചിട്ടുള്ള അറിവിനെ സ്വദേശികൾക്ക് ഉപയോഗപ്പെടുത്തുവാൻ ഉത്സാഹിക്കുന്നതിൽ സന്തോഷിക്കേണ്ടിയിരിക്കുന്നു. സയൻസുവക പുസ്തകങ്ങൾ ഒന്നുംതന്നെ ഇതേവരെ മലയാളത്തിൽ പ്രസിദ്ധമായിട്ടുണ്ടെന്നു തോന്നുന്നില്ല. ഇക്കാലത്തെ വിദ്യാഭ്യാസക്രമത്തിൽ പഠിക്കാനുള്ള വിഷയങ്ങളിൽവെച്ച് മനുഷ്യരുടെ ഐഹികകാലക്ഷേപത്തിന് അത്യന്തം പ്രയോജനകരങ്ങളായ ഈ ശാസ്ത്രതത്വങ്ങളെ മലയാളികൾക്ക് അറിയാൻ ആദ്യമായി ഒരു വഴി ഉണ്ടാക്കിയ ഈ പരിഭാഷാകർത്താവിന്റെ പരിശ്രമം ആരാലും അഭിനന്ദനീയമാണ്." (ഗോവിന്ദനുണ്ണി XII)

20. ആദ്യത്തെ സാങ്കേതികശബ്ദകോശം പി. കെ. കോരുവും എം. നാരായണനും ചേർന്ന് തയ്യാറാക്കിയ *ഇംഗ്ലീഷ് മലയാളം സാങ്കേതിക നിഘണ്ടു*വാണെന്ന് എം. എൻ. സുബ്രഹ്മണ്യൻ പ്രസ്താവിച്ചത് തെറ്റാണ്

എന്ന് പറഞ്ഞുകൊണ്ടാണ് വാസുക്കുട്ടൻ എസ്. രാമനാഥന്റെ പുസ്തകം അവതരിപ്പിക്കുന്നത്. 1973 സെപ്റ്റംബർ 16 ലെ *കലാകൗമുദി*യിലെ എം. എൻ. സുബ്രഹ്മണ്യന്റെ ഒരു ലേഖനത്തെ ഉദ്ധരിച്ചുകൊണ്ടാണ് വാസുക്കുട്ടൻ ഇങ്ങനെ നിരീക്ഷിച്ചത്. എന്നാൽ 1971 ലെ *ശാസ്ത്രഗ്രന്ഥസൂചി*യിൽ രാമനാഥന്റെ പുസ്തകവും എം. എൻ. സുബ്രഹ്മണ്യൻ പട്ടികപ്പെടുത്തിയിട്ടുണ്ട്. പ്രസിദ്ധീകരണവർഷം ഗ്രന്ഥസൂചിയിൽ രേഖപ്പെടുത്തിക്കാണുന്നില്ലെങ്കിലും അതിന്റെ സ്ഥാനം പി. കെ. കോരുവിന്റെയും എം. നാരായണന്റെയും പുസ്തകത്തിന്റെ മുന്നേ ആണ് കൊടുത്തിട്ടുള്ളത്.

21. *ശാസ്ത്രസാഹിത്യപ്രസ്ഥാനം* എന്ന പുസ്തകത്തിൽ സി. കെ. മൂസ്സത് ഇത് 2500 എന്നു കാണിച്ചിരിക്കുന്നത് അച്ചടിപ്പിശകായിരിക്കാനാണ് സാധ്യത. കെ. എ. വാസുക്കുട്ടൻ 6500 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കാവുമ്പായി ബാലകൃഷ്ണന്റെ *മലയാള ശാസ്ത്രസാഹിത്യപ്രസ്ഥാനം- ഒരു പഠനം* എന്ന ഗ്രന്ഥത്തിൽ 2500 എന്ന് കാണുന്നുണ്ടെങ്കിലും ഒടുവിൽ പുറത്തിറക്കിയ പി. കെ. കോരുമാസ്റ്ററെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പുസ്തകത്തിൽ 6500 എന്നാണുള്ളത്.

22. പരിഷത്ത് ത്രൈമാസിക 1117 തുലാം ലക്കത്തിൽ വന്ന ഈ ലേഖനത്തിൽ മലയാളം സംസ്കൃതത്തിൽ വേരൂന്നി ഇംഗ്ലീഷുകൊണ്ട് പോഷിപ്പിക്കപ്പെടണം എന്ന ആശയമാണുള്ളത്. പത്തുതരത്തിലുള്ള ഗ്രന്ഥങ്ങൾ ഉണ്ടായിവരേണ്ടതുണ്ട് എന്ന് ശങ്കരൻ നമ്പ്യാർ അഭിപ്രായപ്പെടുന്നു. 1–പ്രസ്ഥാനചരിത്രം, 2–പദ്യമാതൃകകൾ, 3–ഗദ്യമാതൃകകൾ, 4–പഴയ പാട്ടുകൾ, 5–കേരളാദർശങ്ങളായ നോവലുകൾ, ചെറുകഥകൾ, നാടകങ്ങൾ, 6–ഉപന്യാസങ്ങൾ–നവീനരീതിയിൽ, 7–സാമാന്യവിജ്ഞാന വിതരണഗ്രന്ഥങ്ങൾ, 8–പഴയ പ്രശസ്തകൃതികളുടെ പുതിയ പതിപ്പുകൾ, അമുദ്രിതങ്ങളായ ഉൽകൃഷ്ടകൃതികളുടെ നല്ല പതിപ്പുകൾ, 9–പാശ്ചാത്യ ഭാഷകളിൽ നിന്നുള്ള തർജമകൾ, പൗരസ്ത്യഭാഷകളിൽ നിന്നുള്ള തർജമകൾ, 10–പ്രാഥമികഗ്രന്ഥങ്ങളും ഇംഗ്ലീഷിലേയ്ക്കും ഹിന്ദിയിലേക്കുമുള്ള തർജമകളും.

23. "...സാങ്കേതികപദങ്ങളുടെ പ്രയോഗത്തിലുള്ള അവ്യവസ്ഥനിലയെ ഈ പ്രസിദ്ധീകരണങ്ങളെല്ലാം വിളംബരം ചെയ്തു. ഹൈഡ്രജനെ ആർദ്രജനകമെന്നും നൈട്രജനെ നത്രജനകമെന്നും ഓക്സിജനെ അഗ്നിജനകമെന്നും ഉണ്ണിസാർ തർജമ ചെയ്തപ്പോൾ മദിരാശി പാരമ്പര്യമുള്ള കെ. വി. ശങ്കരൻ നായരും ഇതേ കണക്കിന് ഹൈഡ്രജനെ ആർദ്രവായുവാക്കി; ഓക്സിജനെ പ്രാണവായുവെന്നും. തിരുവനന്തപുരത്ത് ഏ. ഗോപാലമേനോന് നൈട്രജൻ പാക്യജനകമായിരുന്നു. നൈട്രജനെ ഏ. ആർ. യവകം എന്നു വിളിച്ചു. മുണ്ടശ്ശേരി ഓക്സിജനെ ജീവകം എന്നുവിളിച്ചു. ഒരേ പദത്തിന് അനേകം പര്യായപദങ്ങൾ നടപ്പിലാകുന്നതുകൊണ്ടുണ്ടായ ആശയക്കുഴപ്പമായിരുന്നു അന്നത്തെ പ്രശ്നം." (മൂസ്സത്, "വൈജ്ഞാനികസാഹിത്യം" 100)

24. സി. കെ. മൂസ്സത് ഈ ഭ്രമത്തിന് ഉദാഹരണമായി ശ്രീ ചിത്തിരപാഠാവലിയിലെ എട്ടാം പുസ്തകത്തിലെ കെ. ആർ. കൃഷ്ണപിള്ളയുടെ മഴവില്ലിനെക്കുറിച്ചുള്ള ലേഖനം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. വർണവിക്ഷേപം, പൂർണാഭ്യന്തര പ്രതിഫലനം എന്നിവയെല്ലാം വെടിപ്പായി പറഞ്ഞെങ്കിലും മഴവില്ലിനെക്കുറിച്ച് പറയാൻ കുമാരസംഭവം എട്ടാം സർഗത്തിലെ ഇന്ദ്രചാപപരിവേഷവും, രഘുവംശം നാലാം സർഗത്തിലെ കഥയുമെല്ലാം വിവരിക്കാൻ പേജുകൾതന്നെ ലേഖകൻ നീക്കിവച്ചിരിക്കുന്നു ("ശാസ്ത്രസാങ്കേതികഗ്രന്ഥങ്ങൾ" 90).

25. “ആ വക ശ്രമങ്ങൾ സ്വതന്ത്രങ്ങളും ഓരോരുത്തരുടെയും മനോധർമ്മമനുസരിച്ച വിവിധങ്ങളും ആകയാൽ, സാങ്കേതികശബ്ദസൃഷ്ടിയിൽ ഐകരൂപ്യത്തേക്കാൾ രുചിഭേദത്തെയാണ് അധികം പ്രത്യക്ഷമാക്കുന്നത്. ഗവേഷണവിഷയത്തിൽ വൈമുഖ്യംകൊണ്ടോ, ആലസ്യംകൊണ്ടോ, പുസ്തകസാമഗ്രികൾ സ്വാധീനത്തിൽ ഇല്ലായ്കകൊണ്ടോ, ഇതരഭാഷാപരിജ്ഞാനം പോരായ്കകൊണ്ടോ, എന്തെങ്കിലുമാകട്ടെ, പര്യാപ്തങ്ങളായ പഴയ ശബ്ദങ്ങൾ കാണാതെ പുതിയ സങ്കേതങ്ങൾ സൃഷ്ടിക്കുവാൻ വൃഥാ ക്ലേശം ചെയ്യുന്നതായും കാണുന്നു.” 1113 തുലാം ലക്കം പരിഷത്ത് ത്രൈമാസികത്തിൽ നിന്ന്.

26. “Cuprous sulphide, Cupric sulphide, Cuprous sulphite, Cupric sulphite, Cuprous sulphate, Cupric sulphate ഈ യോഗങ്ങൾക്ക് ഭാഷയിൽ സമാനശബ്ദങ്ങൾ നിർമിക്കുമ്പോൾ താമ്രഗന്ധി, താമ്രകഗന്ധി, താമ്രഗന്ധികം, താമ്രകഗന്ധികം, താമ്രഗന്ധീയം, താമ്രകഗന്ധിയം എന്നുതുടങ്ങി താമ്രശബ്ദത്തോടു യോജിപ്പിക്കേണ്ടതായിവരും.” 1113 തുലാം ലക്കം പരിഷത്ത് ത്രൈമാസികത്തിൽ നിന്ന്.

27. തിരുവിതാംകൂർ സർവകലാശാല പിറവിയെടുക്കുന്നതിനുമുന്നെ, 1933 ൽ മദ്രാസ് സർവകലാശാല, വാണിജ്യം, പ്രകൃതിശാസ്ത്രം, ഗണിതം, ഭൗതികം, രസതന്ത്രം, ചരിത്രം/ ധനതത്വശാസ്ത്രം/ ഭരണം/ രാഷ്ട്രതന്ത്രം/ പൗരധർമം, ഭൂമിശാസ്ത്രം എന്നിങ്ങനെ ഏഴ് ശബ്ദാവലികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മലയാളത്തിലെ ആദ്യ വിഷയനിഷ്ഠ ശബ്ദാവലികൾ അവയാണ്.

28. ഞങ്ങൾക്ക് എന്ന് ഉപയോഗിച്ചുകാണുന്നതിനാൽ പത്രാധിപസമിതിയുടെ അഭിപ്രായമായേ ഈ പുസ്തകാഭിപ്രായത്തെ കാണാൻ കഴിയൂ.

29. തിരുവിതാംകൂറിലെ ആദ്യത്തെ ജിയോളജിസ്റ്റായിരുന്ന ഐ. സി. ചാക്കോ പിന്നീട് വ്യവസായ ഡയറക്ടറും ആയി.

30. എങ്കിലും സർവകലാശാലയുടെ ശബ്ദകോശങ്ങളെ മുൻനിർത്തി തന്നെയായിരിക്കാം ഈ ലേഖനം തയ്യാറാക്കിയത്. അല്ലെങ്കിൽ, ടി. കെ. ജോസഫിന്റെ ലേഖനത്തിനുള്ള മറുപടി ആയുമാവാം.

31. നാമധാതുക്കൾ–സംസ്കൃതനാമധാതുക്കൾ കൊണ്ടുണ്ടാകുന്ന പ്രയോജനം എന്ന പേരിൽ ഐ. സി.ചാക്കോയുടെ മറ്റൊരു ലേഖനം ത്രൈമാസികത്തിന്റെ 1117 മകരം ലക്കത്തിലുണ്ട് ( വാല്യം 10, ലക്കം 2)

32. ഈ പദത്തെക്കുറിച്ചുള്ള ഡോ. എൽ. എ. രവിവർമയുടെ അഭിപ്രായം ഇങ്ങനെയായിരുന്നു. “Electricity എന്ന സംജ്ഞ Electron= amber; cito= to call up, summon എന്ന രണ്ടു പദങ്ങളിൽ നിന്നു ജനിച്ചതാണ്. ആലക്തകം എന്ന പദം സ്വീകരിച്ചാൽ ശബ്ദത്തിന് ഏതാണ്ടൊരു സാമ്യം കിട്ടുമെങ്കിലും ആലക്തശബ്ദത്തിനു ചെമ്പഞ്ഞിച്ചാറെന്നല്ലാതെ ആംബർ എന്നർത്ഥമില്ലാത്തതിനാൽ പദം അർത്ഥവാചിയാവുകയില്ല. ആലക്തകം എന്ന രൂപം ഇലക്ട്രിസിറ്റി എന്നതിന്റെ തത്ഭവരൂപമായും ഗണിക്കാൻ വയ്യ. വൈദ്യുതശബ്ദം ധാരാളം അർത്ഥമാകുന്നതും ഏറെക്കുറെ നടപ്പുള്ളതുമാകയാൽ വൈദ്യുതം എന്നോ വൈദ്യുതശക്തി എന്നോ സംജ്ഞ കൽപ്പിക്കുന്നതു യുക്തവും സുഖവും ആയിരിക്കും.”

33. പത്രാധിപക്കുറിപ്പുകൾ എന്ന ഭാഗത്ത് ഈ ലേഖനത്തെക്കുറിച്ച് ഇങ്ങനെ വായിക്കാം. "ലേഖനത്തിലെ അഭിപ്രായഗതിയെ സംബന്ധിച്ചുള്ള ഉത്തരവാദിത്വം തികച്ചും ലേഖകനിൽ സ്ഥിതിചെയ്യുന്നു. അദ്ദേഹം പറയുന്നതുപോലെ, കടിഞ്ഞാണില്ലാത്ത കുതിര കണക്കേ, ഭാഷയെ കണ്ട വഴികളിൽ കൂടിയെല്ലാം യഥേഷ്ടം സഞ്ചരിക്കാൻ അനുവദിക്കാമോ എന്നുള്ള സംഗതി ഭാഷാഭിമാനികൾ തീരുമാനിക്കേണ്ടതാണ്. സംസ്കൃതപക്ഷപാതികൾക്ക് ഹാലിളകിയേക്കും എന്നു ലേഖകൻതന്നെ പറയുന്ന സ്ഥിതിക്ക് എതിരഭിപ്രായത്തെ അദ്ദേഹം പ്രതീക്ഷിക്കുന്നുണ്ടെന്നുള്ളത് വ്യക്തമാകുന്നു. ഭാഷാഭിമാനികൾക്ക് ഇക്കാര്യത്തിൽ വല്ലതും പറയാനുണ്ടെങ്കിൽ അതറിയുന്നത് പ്രയോജനകരമായിരിക്കും."

34. അർത്ഥമുള്ളതും ധാതു-പ്രത്യയവർജിതങ്ങളുമായ ശബ്ദങ്ങളെയാണ് പ്രാതിപദികങ്ങൾ എന്ന് പറയുന്നത്. സംസ്കൃതത്തിൽ ലിംഗവ്യവസ്ഥ പദസ്വരൂപത്തെ ആശ്രയിക്കുന്നതിനാൽ സംസ്കൃതപദമായി സംജ്ഞ സൃഷ്ടിച്ചാൽ അനുഭവപ്പെടാവുന്ന പ്രശ്നങ്ങളെ ഒഴിവാക്കാനാണ് പ്രാതിപദികങ്ങളെ നിർദേശിക്കുന്നതെന്ന് രവിവർമ പറയുന്നു. പ്രാതിപദികങ്ങളാവുമ്പോൾ ഓരോ ദേശ്യഭാഷയ്ക്കും അവയ്ക്ക് യോജിച്ച വിധമുള്ള അന്തങ്ങൾ ചേർക്കാൻ കഴിയും.

35. "സംസ്കൃതവ്യാകരണനിയമങ്ങളെ കഴിവുള്ള ഇടങ്ങളിലൊക്കെയും മലയാളത്തിൽ അനുകരിക്കേണ്ടതാണെന്നു മുൻപു പലർക്കും ഇപ്പോൾ ചിലർക്കും ഉള്ള നിർബന്ധം അത്ര ദൂരത്തല്ലാത്ത ഒരു ഭാവിയിൽ കഥാവശേഷമാകുന്നതാണ്. ആയതിനാൽ വർജ്യങ്ങളെ എത്രയും മുൻകൂട്ടി വർജിക്കുന്നവർ, ഭാഷോന്നമനത്തെ സഹായിക്കുന്നവരാണെന്ന പ്രശംസയെ അർഹിപ്പാനല്ലാതെ മാർഗമില്ല." (രാജരാജവർമ, *ഏ ആർ രാജരാജവർമയുടെ തിരഞ്ഞെടുത്ത പ്രബന്ധങ്ങൾ* 81)

36. നാട്ടുഭാഷാവിദ്യാഭ്യാസക്കമ്മിറ്റിയുടെ സുവർണജൂബിലി സമ്മേളനത്തിൽ (1917) ചെയ്ത പ്രസംഗമാണിത്. അതായത് അദ്ദേഹത്തിന്റെ വിയോഗത്തിന്റെ തൊട്ടടുത്ത് (1918 ജൂൺ).

37. ഭാഷയെ മെച്ചപ്പെട്ട നിലയിലേക്ക് എത്തിക്കുന്നതിനുവേണ്ടി കമ്മിറ്റി വിഭാവനം ചെയ്യുന്ന പ്രവർത്തനങ്ങളെക്കുറിച്ച് എ. ഡി. ഹരിശർമയോട് വിവരിക്കവെ അപ്പൻ തമ്പുരാൻ ഇങ്ങനെ ചൂണ്ടിക്കാട്ടുകയുണ്ടായി. "...പ്രഥമവും പ്രധാനവുമായി വേണ്ടിയിരിക്കുന്നത് നമുക്ക് ഉള്ള സ്വത്ത് ഇത്രയാണെന്ന് തിട്ടപ്പെടുത്തുകയാണ്. ഉള്ളതിന്റെ കണക്ക് കിട്ടിക്കഴിഞ്ഞാൽ ഇല്ലാത്തതുണ്ടാക്കാനുള്ള ശ്രമം ആരംഭിക്കാം..." (പരിഷത്ത് ത്രൈമാസികം 1117 മേടം പേജ് 269)

38. പി. ശങ്കരൻ നമ്പ്യാർ, പി. എം. ശങ്കരൻ നമ്പ്യാർ, കൊളത്തേരി ശങ്കരമേനോൻ, ടി. കെ. കൃഷ്ണമേനോൻ, ജോസഫ് മുണ്ടശ്ശേരി, ടി. എ. രാമചന്ദ്രയ്യർ, കെ. എം. എബ്രാഹിം, കെ. ആർ. വിശ്വംഭരൻ, പൂത്തേഴത്ത് രാമൻ മേനോൻ എന്നിവരായിരുന്നു കമ്മിറ്റി അംഗങ്ങൾ.

39. 1-ഗവേഷണം-കേവലഭാഷാചരിത്രം, നിഘണ്ടു, വ്യാകരണം, ദേശചരിത്രം മുതലായ വിഷയങ്ങളിൽ ഗവേഷണം നടത്തുക. 2- സംഭരണം-പഴയ ഗ്രന്ഥങ്ങൾ, രേഖകൾ, പുസ്തകങ്ങൾ മുതലായവ അടങ്ങിയ ഗ്രന്ഥശാല ഏർപ്പെടുത്തുക. ഭാഷാചരിത്രം മുതലായ ചരിത്രങ്ങൾ ഉണ്ടാക്കുവാൻ സഹായിക്കുന്ന പദാർത്ഥങ്ങളടങ്ങിയ ഒരു പ്രദർശനശാല സ്ഥാപിക്കുക. 3-നിർമിതി- കൽപ്പിതങ്ങളും, വിവർത്തിതങ്ങളും അനുകൃതങ്ങളുമായ ഗ്രന്ഥങ്ങളുടെ നിർമിതി. 4-പ്രസാധനം-പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും പുതിയതുമായ

ഗ്രന്ഥങ്ങളെ നന്നാക്കി പ്രസാധനം ചെയ്യുക. 5–മുദ്രണം–ഭാഷാവ്യാകരണനിയമങ്ങൾക്കും സാഹിത്യനിയമങ്ങൾക്കും വിരോധം വരാതെ മുദ്രണത്തിനുവേണ്ടുന്ന വ്യവസ്ഥകൾ ചെയ്യുക. 6–വിമർശനം–ശരിയായ രീതിയിൽ വിമർശിച്ചു കാണിക്കുക. 7– പ്രവർത്തനം–വർത്തമാനപത്രങ്ങൾ, മാസികകൾ മുതലായവ ഉത്തമരീതിയിൽ നടത്താൻ അവയുടെ അധികൃതന്മാരെ പ്രേരിപ്പിക്കുക. 8–പ്രചരണം–ഗ്രന്ഥശാല, കലാശാല, പാഠശാല, പ്രസംഗം, പ്രദർശനം, ലഘുപത്രിക, മാസിക, ഇത്യാദി മാർഗങ്ങളിൽകൂടി ഭാഷാസാഹിത്യത്തിനു പ്രചാരംവരുത്തുക. (വിക്കിപീഡിയയിൽ നിന്ന്)

40. "മലയാളത്തിൽ നവീന ശാസ്ത്രത്തെസ്സംബന്ധിച്ചുള്ള പുസ്തകങ്ങൾ വളരെ കുറവാണ്. ശാസ്ത്രത്തെപ്പറ്റി എഴുതുന്നവരുടെ എണ്ണവും തുലോം പരിമിതമാണ്. മലയാളഭാഷയിൽ വളരെയധികം ശാസ്ത്രസംബന്ധിയായ പുസ്തകങ്ങൾ ഉണ്ടാവേണ്ടതായിട്ടുമുണ്ട്. ഇതിനെപ്പറ്റിയെല്ലാം കൂടിയാലോചിക്കുന്നത് നന്നായിരിക്കും. അതിന്നായി 1956 ഡിസംബർ 23–ാം തീയതി (പകൽ 2 മണിക്ക്) ഒറ്റപ്പാലം ഹൈസ്കൂളിൽവച്ച് മലയാളത്തിലെ ശാസ്ത്രലേഖകന്മാരുടെ ഒരു സുഹൃത്സമ്മേളനം ചേരുന്നുണ്ട്. സമ്മേളനത്തിൽ പങ്കെടുക്കാൻ എല്ലാ ശാസ്ത്രലേഖകന്മാരേയും ഞാൻ ക്ഷണിച്ചുകൊള്ളുന്നു. വല്ല കാരണവശാലും അന്നവിടെ വരാൻ സൗകര്യപ്പെടാത്തവർ ശ്രീ ഒ.പി.നമ്പൂതിരിപ്പാട്, ഹൈസ്കൂൾ, ഒറ്റപ്പാലം എന്ന മേൽവിലാസത്തിൽ അവരുടെ വിലപിടിച്ച അഭിപ്രായങ്ങൾ സദയം എഴുതി അറിയിക്കുകയെങ്കിലും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു." 1956 ഡിസംബർ 18 ലെ *മാതൃഭൂമി*യിൽ പി.ടി.ഭാസ്കരപ്പണിക്കരുടേതായി വന്ന അഭ്യർത്ഥന– https://luca.co.in/kssp-history/

41. *ശാസ്ത്രസാഹിത്യ പ്രസ്ഥാനം* എന്ന പുസ്തകത്തിൽ എം. എൻ. സുബ്രഹ്മണ്യൻ, ശാസ്ത്രസാഹിത്യ സമിതിയുടെ പ്രസിഡന്റ് പി.കെ. കോരുവായിരുന്നു എന്നെഴുതിയത് ഓർമയിൽ നിന്നെഴുതിയപ്പോൾ പറ്റിയ പിശകായിരിക്കാനാണ് സാധ്യത.

42. "ഒറ്റപ്പാലത്തെ ഒരു ലോഡ്ജ് മുറിയിൽ ശാസ്ത്രകുതുകികളായ ചിലർ, ശാസ്ത്രസാഹിത്യകാരന്മാർ, ഒത്തുകൂടാറുണ്ടായിരുന്നു. നേതാവ് പി.ടി.ബി. തന്നെ. കോരു മാസ്റ്റർ, ഒ.പി.നമ്പൂതിരിപ്പാട്, ഇ.വി.ദേവ്, ഞാൻ– ഇങ്ങനെ പലരും ഉണ്ടാവും. പലതവണ യോഗം ചേർന്നിട്ടുണ്ട്, ചർച്ചകൾ നടത്തിയിട്ടുണ്ട്. പരിപാടികൾ തയ്യാറാക്കിയിട്ടുണ്ട്. ശാസ്ത്രസാഹിത്യത്തിന്റെ വളർച്ചയ്ക്ക് എഴുത്തുകാർ ഉണ്ടായാൽ മാത്രം പോരാ, അവർക്കു പിന്നിൽ ഒരു സംഘടന കൂടി വേണം– ഇതായിരുന്നു പി.ടി.ബിയുടെ ശക്തമായ നിർദേശം. അതിനോട് എല്ലാവരും യോജിച്ചു. അങ്ങനെയാണ് ശാസ്ത്രസാഹിത്യസമിതിയുടെ രൂപീകരണത്തിന് പശ്ചാത്തലമൊരുങ്ങിയത്." (എം. സി. നമ്പൂതിരിപ്പാട്135)

43. പരിഷത്തിന്റെ രൂപീകരണത്തിലേക്കു നയിച്ച സാമൂഹികഘടകങ്ങളെക്കുറിച്ചും പരിഷത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും വിശദവായനയ്ക്ക് Isaac Thomas T M and B Ekbal, *Science for social revolution– The experience of Kerala Sasthra Sahitya Parishat*, 1988, പരമേശ്വരൻ എം. പി., *ജനകീയശാസ്ത്ര പ്രസ്ഥാനം*, 2008 എന്നീ പുസ്തകങ്ങൾ കാണുക.

44. ബോംബെ കേന്ദ്രീകരിച്ച് അക്കാലത്ത് വിവിധ ഭാഷകളെ മുൻനിർത്തി ശാസ്ത്രസംഘടനകൾ രൂപീകരിച്ചിരുന്നതിനാലാണ് ബ്രാക്കറ്റിൽ മലയാളം എന്ന് ചേർത്തിരുന്നത്. ശാസ്ത്രം മാതൃഭാഷയിൽ പ്രചരിപ്പിക്കുകയെന്ന പൊതുലക്ഷ്യത്തെ മുൻനിർത്തി മലയാളത്തിനു പുറമെ ശാസ്ത്രസാഹിത്യ പരിഷത്ത് (തെലുഗ്),

മറാഠി വിഗ്യാൻ പരിഷത്ത്, കന്നട വിജ്ഞാൻ പരിഷത്ത്, ഹിന്ദി വിഗ്യാൻ പരിഷത്ത്, ഗുജറാത്ത് വിഗ്യാൻ പരിഷത്ത്, വിഞ്ഞാന തമിൾ വളർച്ചിക്കഴകം എന്നിങ്ങനെ. ഇവയെയെല്ലാം ഏകോപിപ്പിച്ച് ഫിൽസ (FILSA– Federation of Indian Language Science Associations) യും നിലവിൽ വന്നിരുന്നു.

45. "സാങ്കേതിക പദപ്രശ്നത്തെ സംബന്ധിച്ച് ചർച്ചകൾ നടത്തി സ്വീകാര്യമായി തോന്നുന്ന ഒരു തീരുമാനത്തിലെത്തുക; ശാസ്ത്രലേഖനങ്ങളുടെയും പുസ്തകങ്ങളുടെയും പ്രസിദ്ധീകരണം സുഗമമാക്കുക; വാസനയുള്ളവരെ കണ്ടുപിടിച്ച് എഴുതാൻ പ്രോത്സാഹിപ്പിക്കുക; മലയാളത്തിൽ ശാസ്ത്രസാഹിത്യത്തിന്റെ വളർച്ചക്കുവേണ്ടി ഒരു പദ്ധതി തയ്യാറാക്കി അതനുസരിച്ച് ഗ്രന്ഥങ്ങൾ നിർമിക്കുകയും തർജമ നടത്തുകയും ചെയ്യുക; ശാസ്ത്രസാഹിത്യ പ്രവർത്തനത്തിൽ ഏർപ്പെട്ടവരുടെ ഒരു "ഹൂ ഈസ് ഹൂ" തയ്യാറാക്കി പ്രസിദ്ധീകരണാലയങ്ങൾക്കും മറ്റും അയച്ചുകൊടുക്കുക; മലയാളത്തിൽ ചെടികൾക്കും ജന്തുക്കൾക്കും മറ്റുമുള്ള പ്രാദേശികപ്പേരുകൾ സംഭരിച്ച് ഏറ്റവും യുക്തമെന്നു തോന്നുന്നവ അംഗീകരിക്കുക; ചർച്ചകൾ, സമ്മേളനങ്ങൾ, ശാസ്ത്രചലച്ചിത്രപ്രദർശനങ്ങൾ, പ്രദർശനങ്ങൾ, ക്യാമ്പുകൾ എന്നിവ സംഘടിപ്പിച്ച് പൊതുജനങ്ങളെ ശാസ്ത്രതൽപ്പരരാക്കുക; ശാസ്ത്രസാഹിത്യ പ്രവർത്തനത്തിൽ ഏർപ്പെട്ട എഴുത്തുകാർ തമ്മിൽ യോജിപ്പും പരസ്പരധാരണയും വളർത്തുക – എന്നീ കാര്യങ്ങൾ ഒരു സംഘടനയ്ക്കു ചെയ്യാൻ കഴിയും. ശാസ്ത്രസാഹിത്യസമിതിയുടെ അഭാവത്തിൽ ഒരു സംഘടന കൂടിയേ കഴിയൂ എന്ന നില വന്നു."

46. "ഇംഗ്ലീഷിലുള്ള പല ക്രിയകളും, അതിന്റെ ധാതു മാത്രമല്ല പ്രത്യയത്തെയും, ധാതുരൂപത്തിൽ എടുത്ത് മലയാളത്തിലെ സഹായകക്രിയ ആയ ചെയ്യുക ഉപയോഗിച്ച് മലയാളീകരിക്കുക എന്ന സമ്പ്രദായം മറ്റൊരു ഭാഷയിലും ഇല്ല. ധാതുവിനോട് അതതുഭാഷകളുടെ പ്രത്യയങ്ങൾ ചേർത്ത് ഭാഷാവത്കരിക്കുകയാണ് പതിവ്. ഉദാഹരണത്തിന് ഇംഗ്ലീഷിൽ അജിറ്റേറ്റ് (ഇളക്കുക) എന്ന പദമുണ്ട്. അതിന്റെ ലാറ്റിൻ ധാതു അജിറ്റ് എന്നാണ്. ഇംഗ്ലീഷിൽ അജിറ്റ്+ ഏറ്റ്, ലാറ്റിനിൽ അജിറ്റ്+ ആറെ, ജർമനിൽ അജിറ്റ്+ ഈറൻ, റഷ്യനിൽ അജിറ്റ്+ ഈറവാത് എന്നിങ്ങനെ പോകുന്നു.
മലയാളത്തിൽ നമ്മൾ അജിറ്റേറ്റ് ചെയ്യുക എന്നാണ് പറയുക. ആ സ്ഥാനത്ത് അജിറ്റ്+ ഉക എന്നാക്കിയാൽ പിന്നെ അജിറ്റി, അജിറ്റും, അജിറ്റൂ... ഇങ്ങനെ അത് മലയാളത്തിന്റെ ഭാഗമായിത്തീരും. ഇംഗ്ലീഷിലുള്ള ക്രിയാപദങ്ങൾ തർജമ ചെയ്യാതെ എവിടെയെങ്കിലും ഉപയോഗിക്കണമെങ്കിൽ സഹായകക്രിയയുടെ സഹായം തേടാതെ, അതിന്റെ ധാതുവിനോട് മലയാളപ്രത്യയം ചേർത്ത് മലയാളീകരിക്കണം എന്നാണ് ഞാൻ നിർദേശിച്ചത്. അങ്ങനെ ഫോണുക, പമ്പുക, ഡവലപ്പുക, വെൽഡുക മുതലായ പ്രയോഗങ്ങൾക്കുവേണ്ടി ഞാൻ വാദിച്ചു. മലയാളഭാഷയെ വ്യഭിചരിക്കുന്നു എന്നായിരുന്നു എന്റെ മേലുള്ള ആരോപണം. അരമണിക്കൂർ കൊണ്ട് ഞാൻ അവതരിപ്പിച്ച പ്രബന്ധത്തെ മുക്കാൽ മണിക്കൂർ നേരം വിമർശിച്ചിട്ടും ശ്രീ കുറുമാപ്പള്ളി കേശവൻ നമ്പൂതിരിക്ക് മതിവന്നില്ല." (പരമേശ്വരൻ, *ജനകീയശാസ്ത്ര പ്രസ്ഥാനം* 34)

47. റീജിയണൽ എൻജിനീയറിങ്ങ് കോളെജ് യൂണിറ്റ് തയ്യാറാക്കിയ പദങ്ങളുടെ മാതൃകകൾ– label ലേബൽ, നാമപത്രം (നാമം), labella(zoo) ലേബെല്ല, laboratory പ്രയോഗശാല, പരീക്ഷണശാല, laboratory assistant പ്രയോഗശാലാസഹായി, labour 1–അധ്വാനം, വേല, തൊഴിൽ, പ്രയത്നം, 2–തൊഴിലാളി, മസ്ദൂർ, 3–തൊഴിലാളിവർഗം, 4–അധ്വാനിക്കുക (ക്രി), labour contract കരാർ തൊഴിലാളി.
കോഴിക്കോട് ടൗൺ യൂണിറ്റ് തയ്യാറാക്കിയ പദങ്ങളുടെ മാതൃകകൾ P1(bio) പി1, പൈതൃകതലമുറ, pace

of urbanisation നഗരീകരണപ്രക്രിയ, pachyderm (zoo) ഘനചർമി, pacific coast (geog.) ശാന്തസമുദ്രതീരം, padlock ആമത്താഴ്, ആമപ്പൂട്ട്.

48. https://luca.co.in/ Last Universal Common Ancestor (ഭൂമിയിലെ എല്ലാ ജീവികളുടെയും പൊതു പൂർവികൻ) എന്നതിന്റെ ചുരുക്കരൂപമാണ് LUCA എന്നത്.

49. 1982 സ്റ്റെപ്സ് സെക്രട്ടറി എസ്. ബാലൻപിള്ള ഇതിനെക്കുറിച്ച് ഇങ്ങനെ എഴുതുന്നുണ്ട്. "ശാസ്ത്രസാഹിത്യ പരിഷത്തിന്റെ നേതാക്കളെല്ലാം സ്റ്റെപ്സിലുണ്ട്. ഏറ്റവും നല്ല പ്രവർത്തകരും സ്റ്റെപ്സിലുണ്ട്. എങ്കിലും സ്റ്റെപ്സ് പ്രവർത്തനം ശാസ്ത്രരംഗത്തെ പ്രവർത്തനമല്ലെന്ന് കരുതുന്ന ചിലരെങ്കിലും പരിഷത്തിൽ ഇന്നുണ്ട്. അവർ സ്റ്റെപ്സിന്റെ ചരിത്രം പഠിക്കാത്തവരാണ്. സ്റ്റെപ്സിന്റെ പ്രവർത്തനം നോക്കിക്കാണാത്തവരുമാണ്."

50. 1961 ൽ രൂപീകൃതമായ കേരള സാഹിത്യസമിതി ദ്വിഭാഷാനിഘണ്ടു, അന്യഭാഷാപരിചയം എന്നിവ പ്രസിദ്ധീകരിക്കണമെന്ന് തീരുമാനിച്ചിരുന്നെങ്കിലും അത് പ്രാവർത്തികമായില്ല. ഭാഷയുടെ വൈജ്ഞാനികതലം വളർത്തുന്ന പ്രവർത്തനങ്ങളിൽ ഇടപെട്ടില്ലെങ്കിലും മാതൃഭാഷാധിഷ്ഠിത വിദ്യാഭ്യാസം, ഭരണഭാഷ എന്നീ കാര്യങ്ങളിൽ സമിതി നിതാന്തജാഗ്രത പുലർത്തിയിരുന്നു. ഈ പ്രശ്നങ്ങളിൽ നിരന്തരം പ്രമേയങ്ങൾ പാസ്സാക്കിയതായി കാണാം.

51. "സാഹിത്യ അക്കാദമി നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങളെ ഇങ്ങനെ ക്രോഡീകരിക്കാം. മലയാളത്തിൽനിന്ന് മറ്റു ഭാഷകളിലേക്കും മറ്റു ഭാഷകളിൽ നിന്ന് മലയാളത്തിലേക്കും ഉത്കൃഷ്ട കൃതികൾ പരിഭാഷപ്പെടുത്തുക, സാഹിത്യചരിത്രം, ഗ്രന്ഥസൂചി, സാഹിത്യകാര ഡയറക്ടറി, വിജ്ഞാനകോശം തുടങ്ങിയ റഫറൻസ് ഗ്രന്ഥങ്ങൾ, ഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയ്ക്ക് ഉതകുന്ന ഉത്തമ ഗ്രന്ഥങ്ങൾ എന്നിവ പ്രസിദ്ധീകരിക്കുക, മികച്ച സാഹിത്യ ഗ്രന്ഥങ്ങൾക്ക് പുരസ്കാരങ്ങൾ നൽകുക, സാഹിത്യ ശിൽപ്പശാലകൾ നടത്തുക, യുവ എഴുത്തുകാർക്കും വിദ്യാർത്ഥികൾക്കും വേണ്ടി സാഹിത്യപഠനശിൽപ്പശാലകൾ നടത്തുക, ഭാഷയുടെയും സാഹിത്യത്തിന്റെയും സംസ്കാരത്തിന്റെയും മേഖലയിൽ ഗവേഷണം പ്രോത്സാഹിപ്പിക്കുക, സാഹിത്യകാരന്മാർക്ക് പഠനപര്യടനത്തിനും ഗ്രന്ഥരചനയ്ക്കും സ്കോളർഷിപ്പ് നൽകുക, ജനങ്ങളിൽ സാഹിത്യാഭിരുചി വളർത്തുന്ന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക, പുസ്തകപ്രസിദ്ധീകരണത്തിന് സഹായം നൽകുക, എഴുത്തുകാർക്ക് സഹായം നൽകുക." https://keralasahityaakademi.org/

52. https://grandham.in/ ൽ കാണുന്ന വിവരങ്ങൾ ഗ്രന്ഥസൂചിയിലെ പുസ്തകവിവരങ്ങളാണെന്ന് കരുതാം. ഒരു ഡിജിറ്റൽ ഡാറ്റാബേസിന്റെ സാധ്യതകളൊന്നും അതിൽ പ്രയോജനപ്പെടുത്തിക്കാണുന്നില്ല.

53. മലയാളഭാഷാപഠനം, സാഹിത്യം, കല, പൈതൃകപഠനം, പാരമ്പര്യവിജ്ഞാനം, മാധ്യമപഠനം, സാമൂഹ്യശാസ്ത്രം, പരിസ്ഥിതിപഠനം എന്നീ മേഖലകളിലുള്ള ഫാക്കൽറ്റികളുടെ കീഴിലായി താരതമ്യ സാഹിത്യ വിവർത്തനപഠനം, ഭാഷാശാസ്ത്രം, ചലച്ചിത്രപഠനം, സാഹിത്യപഠനം, സാഹിത്യരചന, സംസ്കാരപൈതൃകം, ജേർണലിസം & മാസ് കമ്യൂണിക്കേഷൻ, പരിസ്ഥിതി പഠനം, വികസനപഠനവും തദ്ദേശവികസ

നവും, സമൂഹശാസ്ത്രം, ചരിത്രപഠനം എന്നിവയിൽ ബിരുദാനന്തരബിരുദ കോഴ്സുകളും ഗവേഷണപഠന വുമാണ് ഇപ്പോൾ സർവകലാശാലയിലുള്ളത്.

54. തുടക്കത്തിൽ ഏഴ് വാല്യങ്ങളാണ് വിഭാവനം ചെയ്തിരുന്നത്.

55. കേരളപാണിനീയത്തിന്റെ പരിഷ്കരണം, ഒന്നാം പതിപ്പിനെക്കുറിച്ചുള്ള ചർച്ചകളിൽ ഉയർത്തിക്കാട്ടപ്പെട്ട തെറ്റുകളുടെ തിരുത്തലുകൾ മാത്രമായിരുന്നില്ല. സ്കറിയ സക്കറിയ നിരീക്ഷിച്ചതുപോലെ പാരമ്പര്യവും ആധുനികതയും തമ്മിലുള്ള വൈരുധ്യത്തിന്റെ പ്രശ്നങ്ങൾ കൂടി അതിലഭിമുഖീകരിക്കുന്നുണ്ട്. സമൂഹത്തിലെ പുതുചലനങ്ങളെ അത് ഉൾക്കൊള്ളുന്നുണ്ട്. വ്യാകരണമില്ലാത്ത ഭാഷ രാജാവില്ലാത്ത രാജ്യം പോലെയാകുന്നു എന്നു രേഖപ്പെടുത്തുന്ന എ. ആർ. തുടർന്ന് പറയുന്നത്, ഭരണത്തിലും തന്ത്രഭേദമുള്ളതുപോലെ അഭ്യൂഹിക വ്യാകരണം രാജാധിപത്യത്തിന്റെയും ആഗമികവ്യാകരണം പൗരാധിപത്യത്തിന്റെയും സ്ഥാനം വഹിക്കും എന്നാണ്.

56. ഇത് ഇംഗ്ലീഷിലുള്ള ഗ്രന്ഥമാണ്.

57. "വ്യത്യസ്തവും മൗലികവും സംശയമുക്തവുമായ വ്യാകരണചിന്തയിലേക്കെത്തിയില്ലെങ്കിലും (അത് സാധ്യമാണോ?), പല കാര്യങ്ങളിലും തെളിവും വെളിവും ഉണ്ടായിട്ടുണ്ട്. സംശയങ്ങൾ ബാക്കിനിൽക്കുന്ന മേഖലകളുമുണ്ട്. വർണതലത്തിൽ, അകാരത്തിന്റെ ധ്വനിമൂല്യങ്ങൾ, കേന്ദ്രസ്വരത്തിന് വർണവ്യവസ്ഥയിലുള്ള സ്ഥാനം, വർത്സ്യവർഗത്തിനുള്ള പ്രസക്തി എന്നിവയാണ് മുഖ്യപ്രശ്നങ്ങൾ. വ്യാകരണരൂപതലത്തിൽ, പദവർഗീകരണം പ്രശ്നങ്ങളിൽ മുഴച്ചുനിൽക്കുന്നു. അതിനുപുറമെ, വിഭക്തികളെത്ര, ഏതെല്ലാം എന്നീ ചോദ്യങ്ങൾ ഇനിയും ഉത്തരങ്ങളിലേക്കെത്തിയിട്ടില്ല. ഭൂതകാലരൂപവത്കരണം, വിശേഷണങ്ങളുടെ സ്വതന്ത്രത, സകർമക-പ്രയോജക വ്യവച്ഛേദനം എന്നിവയിലും വീണ്ടുവിചാരങ്ങൾക്ക് സാധ്യതയുണ്ട്. വാക്യതലത്തിൽ പാരമ്പര്യ വ്യാകരണങ്ങളിലെ വിവരണങ്ങൾ തീരെ അപര്യാപ്തമാണ്. തുടർന്നുവന്ന പഠനങ്ങളിൽ കുറെയധികം കാര്യങ്ങളിൽ വ്യക്തത ഉണ്ടായിട്ടുണ്ടെങ്കിലും പ്രശ്നങ്ങൾ ഇനിയുമുണ്ട്."

58. 1-വിശ്വം (ജ്യോതിശ്ശാസ്ത്രപരം), 2-ഭൂമി (ഭൂമിശാസ്ത്രപരം), 3-ദ്രവ്യവും ഊർജവും, 4-ജീവൻ- ഉൽപ്പത്തിയും വളർച്ചയും, 5-സസ്യലോകം, 6-ജന്തുലോകം, 7-മനുഷ്യൻ, 8-സാമൂഹികമനുഷ്യൻ, 9-മാനസികമനുഷ്യൻ, 10-ധിഷണാപരമായ മനുഷ്യൻ, 11-സാന്മാർഗികമനുഷ്യൻ, 12-ലോകചരിത്രം, 13-ലോകമഹാപുരുഷന്മാർ, 14-രാജ്യവും ജനങ്ങളും.

59. ഇന്ത്യൻ ഭാഷകളുടെ ഉപയോക്താക്കൾ എന്ന് ഈ പഠനത്തിൽ വിവക്ഷിക്കുന്നത്, ഇന്ത്യൻ ഭാഷകളിൽ സാക്ഷരരായവരിൽ, ഡിജിറ്റൽ മേഖലയിൽ എഴുതാനും വായിക്കാനും ആശയവിനിമയത്തിനും ഇംഗ്ലീഷിനു മേൽ സ്വന്തം ഭാഷ തിരഞ്ഞെടുക്കുന്നവരെയാണ്.

60. വി. ആർ. ഗോവിന്ദനുണ്ണി തയ്യാറാക്കിയ *മലയാള ശാസ്ത്രസാഹിത്യം പരിചയകോശ*ത്തിൽ ജീവിച്ചിരിക്കുന്നവരായ അന്നത്തെ (1973) എഴുത്തുകാരെയാണ് പരിചയപ്പെടുത്തുന്നത്. ഇരുനൂറ്റിനാല് എഴുത്തുകാരെയും അവരുടെ കൃതികളെയും ആ പുസ്തകം പരിചയപ്പെടുത്തുന്നുണ്ട്.

61. അവരുടെ വെബ്സൈറ്റിലെ വിവരങ്ങൾ അനുസരിച്ച് മലയാളശേഖരത്തിൽ 47,977 പുസ്തകങ്ങളാണു ള്ളത്.

62. മാത്രമല്ല, അത് വളരെ പുറകിലുമാണ്. ഏറ്റവുമൊടുവിൽ 2005 വരെയുള്ള ഗ്രന്ഥസൂചിയാണ് തയ്യാറായത്.

63. ഈ കണക്കുകൾ ഏകദേശ കണക്കുകൾ ആയി കണ്ടാൽ മതി. ലഭ്യമായ പുസ്തകങ്ങൾ ഇനം തിരിച്ച തിൽതന്നെ പ്രശ്നങ്ങൾ ഉണ്ടാവാനിടയുണ്ട്. ഗ്രന്ഥസൂചിയിലെ സാഹിത്യേതര വിഭാഗങ്ങളിൽ നിന്ന് വൈജ്ഞാനികഗ്രന്ഥങ്ങളിൽപ്പെടാത്തവ കൂടി ഒഴിവാക്കിയാൽ ഈ നിരക്ക് വീണ്ടു കുറയും. ഈ ശതമാ നക്കണക്ക് ശ്രീകുമാർ എ. ജി. മലയാള ഗ്രന്ഥസൂചിയിലെ പുസ്തകങ്ങളുടെ ക്രോഡീകരിച്ച പട്ടിക നൽകിയതിൽ (ശ്രീകുമാർ എ. ജി., "പുസ്തകചരിത്രം" 553) 1991–2000 ലെ കണക്കുകൾ കൂടെ കൂട്ടിച്ചേർത്ത് തയ്യാറാക്കിയതാണ്. പട്ടികയിലെ ആകെ എന്ന കോളത്തിൽ കണ്ട വ്യത്യാസം ശരിയാക്കിയിട്ടുമുണ്ട്.
1970 വരെ എഴുനൂറിൽ താഴെ കൃതികൾ മാത്രം ശാസ്ത്രമേഖലയിൽ പുറത്തിറങ്ങിയപ്പോൾ ഏതാണ്ട് അതിന്റെ അഞ്ചിരട്ടിയാണ് മതഗ്രന്ഥങ്ങൾ എന്ന വിഭാഗത്തിൽ പ്രസിദ്ധീകൃതമായതെന്ന് ഡോ. എം.വി.പൈലിയും ചൂണ്ടിക്കാണിച്ചിട്ടുണ്ട് (പൈലി 148).

64. അപ്രകാശിതപഠനം. കരടുരൂപത്തിൽ ലഭ്യമായ ഈ പ്രാഥമികവിവരങ്ങളിൽ മാറ്റം വന്നേക്കാം.

65. കേരളത്തിൽ നിന്നുള്ള പ്രസിദ്ധീകരണങ്ങൾ ഭാഷ തിരിച്ച് ബംഗാളി 3, ഗുജറാത്തി 3, ഹിന്ദി 20, കന്നഡ 17, കൊങ്കണി 3, മലയാളം 3256, മറാത്തി 3, ഒഡിയ 1, സംസ്കൃതം 3, തമിഴ് 26, തെലുങ്ക് 3, ഉറദു 1, ഇംഗ്ലീഷ് 559, ദ്വിഭാഷാ പ്രസിദ്ധീകരണങ്ങൾ 511, ബഹുഭാഷാ പ്രസിദ്ധീകരണങ്ങൾ 142, മറ്റുള്ളവ 14, ആകെ 4565.

66. ഇന്ത്യയിലെ മറ്റു പ്രദേശങ്ങളിൽ നിന്നുള്ള മലയാള പ്രസിദ്ധീകരണങ്ങൾ അന്തമാൻ നിക്കോബാർ 1, ആന്ധ്രപ്രദേശ് 1, ഛത്തീസ്ഗഡ് 1, ഡൽഹി 38, ഗോവ 1, ഗുജറാത്ത് 4, കർണാടക 25, ലക്ഷദ്വീപ് 6, മഹാരാഷ്ട്ര 71, മധ്യപ്രദേശ് 2, ഒഡീഷ 1, പുതുച്ചേരി 2, പഞ്ചാബ് 1, രാജസ്ഥാൻ 2, തെലുങ്കാന 5, തമിഴ്നാട് 74, ഉത്തരാഖണ്ഡ് 2, പശ്ചിമബംഗാൾ 4.

67. അഞ്ച് ഇംഗ്ലീഷ് പത്രങ്ങൾ, രണ്ട് മലയാളപത്രങ്ങൾ, രണ്ട് ഹിന്ദി പത്രങ്ങൾ, രണ്ട് തമിഴ് പത്രങ്ങൾ ഒരു മറാഠി പത്രം എന്നിങ്ങനെ പതിനാല് പത്രങ്ങളെ മുൻനിർത്തിയായിരുന്നു ഈ പഠനം. അന്ന് ഏറ്റവും കൂടുതൽ സ്ഥലം ശാസ്ത്രകാര്യങ്ങൾക്കായി നീക്കിവെച്ചത് ബോംബെയിൽ നിന്നിറങ്ങുന്ന *മറാഠാ* എന്ന പത്രമായിരു ന്നു.

# അധ്യായം 3

# കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് : രൂപീകരണവും പ്രവർത്തനങ്ങളും

## 3.1 ആമുഖം

നവീന വൈജ്ഞാനികമേഖലകളെ അനായാസം കൈകാര്യം ചെയ്യാനും അവതരിപ്പിക്കാനുമുള്ള വാഹകശേഷിയും പ്രകാശനക്ഷമതയും മലയാളഭാഷയ്ക്ക് ലഭ്യമാക്കുന്നതിനും, സർവകലാശാലാ നിലവാരത്തിലുള്ള പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നതിനുമായി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായിട്ട് അമ്പത്തിയഞ്ച് വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചരിത്രത്തിലേക്കും അതിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങളിലേക്കും കടന്നുചെല്ലാനാണ് ഈ അധ്യായം ശ്രമിക്കുന്നത്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാലാനുസൃതമായ ചരിത്രം രേഖപ്പെടുത്തുക ഈ പ്രബന്ധത്തിന്റെ ലക്ഷ്യമല്ല. പഠനകാലം ആദ്യത്തെ പത്തു വർഷങ്ങളായതിനാൽ അതിൽ ഒതുങ്ങി നിൽക്കാനാണ് ശ്രമിക്കുന്നത്. അതേ അവസരത്തിൽ, ചിലയിടങ്ങളിൽ പിൽക്കാലത്തെ ചില സംഭവങ്ങൾ പരാമർശിക്കുന്നുമുണ്ട്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനങ്ങളെ അടുത്ത അധ്യായത്തിൽ വിശകലനം ചെയ്യുന്നുണ്ട് എന്നതിനാൽ അതിന് സഹായകമാകും വിധത്തിൽ ഈ അധ്യായത്തിൽ സംഭവങ്ങളെയും പ്രവർത്തനങ്ങളെയും രേഖപ്പെടുത്തുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

## 3.2 പശ്ചാത്തലം

ബ്രിട്ടീഷുകാർ പിന്തുടർന്ന ഭരണകൂടവ്യവസ്ഥയുടെ അലകും പിടിയും മാറ്റാത്തതിനാൽ ഭരണവും പഠനവും നീതിനിർവഹണവും ജനങ്ങളുടെ ഭാഷയിലേക്ക് മാറ്റുന്ന ശക്തമായ നടപടികൾ സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഉണ്ടായില്ല. തങ്ങളുടെ പദവികളും അധി കാരവും നിലനിർത്താൻ ഇംഗ്ലീഷ് ഭാഷയുടെ പദവി അതേപടി നിലനിർത്തുകയാണ് നല്ലതെന്ന് പുതിയ അധികാരിവർഗം കരുതി. ഇത് ഒറ്റപ്പെട്ട പ്രവണതയായിരുന്നില്ല. കോളണിയാനന്തര രാജ്യങ്ങളിലെല്ലാം കൊളോണിയൽ ശക്തികളുടെ ഭാഷയേയും സംസ്കാരത്തേയും നിലനിർത്താനുള്ള ശ്രമങ്ങൾ ഉയർന്നുവരുന്നുണ്ട് (Phillipson 4). അധീശശക്തികൾ തങ്ങളുടെ ഭാഷയ്ക്കും സംസ്കാരത്തിനും അപ്രമാദിത്വം കൽപ്പിക്കുകയും അധിനിവേശിതരാജ്യങ്ങളിലെ ഭാഷകളുടെയും സംസ്കാരങ്ങളുടെയും പദവിയെ താഴ്ത്തി ക്കെട്ടുകയും ചെയ്തതിന്റെ ബാക്കിപത്രമാണിത്. ഇന്ത്യയിലാണെങ്കിൽ രണ്ടുതരത്തിലുള്ള അധിനിവേശത്തിന് പ്രാദേശികഭാഷകൾ കീഴ്പ്പെടുന്നുണ്ടെന്ന് കാണാം. കോളണി ഭാഷയായ ഇംഗ്ലീഷിൽനിന്നും രാജ്യത്തെ പ്രമുഖഭാഷയായ ഹിന്ദിയിൽനിന്നും. ഭരണ ഘടനാ നിർമാണസഭയിലെ ഭാഷാചർച്ചകളിൽ ഇന്ത്യയുടെ മുഖമുദ്രയായ ഭാഷാവൈ വിധ്യം, സാംസ്കാരികവൈവിധ്യം തുടങ്ങിയവ പരിഗണിക്കപ്പെട്ടില്ലെന്നും സഭയിലെ ഉപരിവർഗത്തിന്റെ താൽപ്പര്യങ്ങൾക്ക് കീഴടങ്ങിയ തീരുമാനങ്ങളാണ് രൂപപ്പെട്ടതെന്നു മുള്ള (Agnihotri 47)ശക്തമായ അഭിപ്രായങ്ങൾ ഉയർന്നുവന്നിട്ടുണ്ട്.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലാണ് ഇന്ത്യൻ ദേശീയപ്രസ്ഥാനം ജനകീ യമാവുന്നതും കരുത്താർജിക്കുന്നതും. 1920 ലെ നാഗ്പൂർ സമ്മേളനത്തിൽ വച്ച് ഭാഷാടി സ്ഥാനത്തിലുള്ള പ്രവിശ്യകൾ എന്ന നയം അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റി അംഗീ കരിച്ചു. ഇംഗ്ലീഷ് ഭാഷയ്ക്കും ഇംഗ്ലീഷിലുള്ള വിദ്യാഭ്യാസത്തിനും വേണ്ടി തുടക്കനാളുകളിൽ നിലയുറപ്പിച്ച ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നാട്ടുഭാഷകളോടുള്ള ഈ സമീപനം ക്രമാനുഗതമായി വളർന്നുവന്നതാണ്. ദേശീയപ്രസ്ഥാനത്തിന്റെ വളർച്ച, സാമൂഹിക–മതവിഭാഗങ്ങളുടെയും, ഒരേ ഭാഷ സംസാരിക്കുന്നവരും പൊതുവായ ഒരു സംസ്കാരമു ള്ളവരുമായ പ്രാദേശിക സാമൂഹികഗ്രൂപ്പുകളുടെയും, സ്വതന്ത്രമായ രാഷ്ട്രീയപ്രസ്ഥാനങ്ങ ളുടെയും, വളർച്ചയ്ക്ക് സമാന്തരമായിട്ടായിരുന്നു (ദേശായ് 492) എന്നു കാണാം. ഇന്ത്യ യിലെ ബഹുസ്വരസമൂഹങ്ങളിൽ ഭാഷാവൈവിധ്യത്തിനുള്ള സ്ഥാനവും അതിന്റെ പ്രാധാ ന്യവും മഹാത്മാഗാന്ധി തിരിച്ചറിഞ്ഞു. സാമ്രാജ്യവിരുദ്ധമുന്നേറ്റം കെട്ടിപ്പടുക്കുന്നതിന് ജനകോടികളുടെ ഹൃദയങ്ങളിലേക്ക് കടന്നുചെല്ലേണ്ടതുണ്ടെന്നും അതിന് അവരുടെ

ഭാഷകളിലൂടെയല്ലാതെ കഴിയില്ലെന്നും അദ്ദേഹം മനസ്സിലാക്കി. ഇന്ത്യ മുഴുവൻ വ്യാപിച്ച ഒരു ജനകീയ സംഘടനയായി മാറുന്നതിൽ കോൺഗ്രസ്സിന്റെ പുതിയ ഭാഷാനയം വലിയ പങ്കുവഹിച്ചു.

ഭാഷാടിസ്ഥാനത്തിൽ പ്രവിശ്യകളെ വിഭജിക്കണമെന്ന് നിർദേശിച്ച മോത്തിലാൽ കമ്മിറ്റിയിൽ ജവഹർലാൽ നെഹ്റു അംഗമായിരുന്നെങ്കിലും, സ്വാതന്ത്ര്യാനന്തരം പ്രധാനമന്ത്രിയായപ്പോൾ ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന പുനഃസംഘടനയോട് അദ്ദേഹം അനുകൂലമായ നിലപാടിലായിരുന്നില്ല (Fatihi). ഇന്ത്യാവിഭജനം സൃഷ്ടിച്ച മുറിവുകളും, ഭാഷയെ മുൻനിർത്തി സ്വാതന്ത്ര്യത്തിനുമുമ്പുതന്നെ രൂപപ്പെട്ട അസ്വാരസ്യങ്ങളും, ഭരണഘടനാനിർമാണ സഭയിൽ ഭാഷാചർച്ചകളിൽ രൂപപ്പെട്ട വലിയ ധ്രുവീകരണവും നെഹ്റുവിൽ ആശങ്കകൾ സൃഷ്ടിച്ചു. എങ്കിലും വിവിധ പ്രദേശങ്ങളിൽ രൂപപ്പെട്ട പ്രക്ഷോഭങ്ങളുടെ ഒരു ഘട്ടത്തിൽ ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന പുനഃസംഘടനയ്ക്ക് സർക്കാരിന് വഴങ്ങേണ്ടിവന്നു. ഭാഷാടിസ്ഥാനത്തിലുള്ള ഏകീകരണം രാജ്യത്തിന്റെ സാമൂഹിക–രാഷ്ട്രീയ–സാമ്പത്തിക മേഖലകളിലെ വളർച്ചയിൽ പ്രധാനപ്പെട്ട ഒരു കാൽവെപ്പായി മാറി. നേരത്തെ പല രീതികളിലായി ഇന്ത്യൻ യൂണിയനിലേക്ക് കൂട്ടിച്ചേർത്തിരുന്ന നാട്ടുരാജ്യങ്ങളെ രാഷ്ട്രശരീരത്തിലേക്ക് ഉദ്ഗ്രഥിക്കുന്നതിൽ ഈ പുനഃസംഘാടനം വലിയ പങ്കുവഹിച്ചു. മാത്രമല്ല, ഭാഷാടിസ്ഥാനത്തിലുള്ള പുനഃസംഘാടനത്തിനുവേണ്ടി സമരരംഗത്തിറങ്ങിയ പ്രാദേശികസമൂഹങ്ങളിൽ വലിയ തോതിലുള്ള ഐക്യവും പ്രതീക്ഷയും അത് പ്രദാനം ചെയ്യുകയുമുണ്ടായി.

സ്വതന്ത്ര ഇന്ത്യയിൽ ഭാഷകളെക്കുറിച്ചുള്ള ചർച്ചകളുടെ മറ്റൊരു ധാര വിദ്യാഭ്യാസരംഗവുമായി ബന്ധപ്പെട്ടായിരുന്നു. നിലവിലുണ്ടായിരുന്ന വിദ്യാഭ്യാസസമ്പ്രദായത്തിന്റെ പോരായ്മകളെക്കുറിച്ചുള്ള ദേശീയപ്രസ്ഥാനകാലത്തെ ചർച്ചകളിൽനിന്ന് രൂപംകൊണ്ട വാർധാ വിദ്യാഭ്യാസപദ്ധതി മാതൃഭാഷാധിഷ്ഠിതമായ വിദ്യാഭ്യാസമെന്ന സങ്കൽപത്തെ മുന്നോട്ടുവച്ചിരുന്നു (Gowrie 50). ഇതിന്റെ ചുവടുപിടിച്ചുകൊണ്ട്, പരിതാപകരമായിരുന്ന സാക്ഷരതാനിരക്കും വിദ്യാഭ്യാസനിലവാരവും, സ്വാതന്ത്ര്യാനന്തര ചർച്ചകളിൽ മുൻഗണനാവിഷയമായി കടന്നുവന്നു. 1948 ൽ രൂപീകൃതമായ രാധാകൃഷ്ണൻ കമ്മീഷൻ– സർവകലാശാലാ വിദ്യാഭ്യാസത്തെക്കുറിച്ച് നിർദേശങ്ങൾ സമർപ്പിക്കാനാണ് നിയോഗിക്കപ്പെട്ടതെങ്കിലും, അത്യന്തം പ്രാധാന്യത്തോടെ അഭിസംബോധന ചെയ്യേണ്ട ഒരു ദേശീയപ്രശ്നം എന്ന നിലയിൽ– പ്രാഥമികവിദ്യാഭ്യാസത്തെക്കൂടി തങ്ങളുടെ അന്വേഷണത്തിൽ ഉൾപ്പെടുത്തി. രാധാകൃഷ്ണൻ കമ്മിറ്റിക്കു തൊട്ടുപുറകെ സെക്കൻഡറി വിദ്യാഭ്യാസത്തെക്കുറിച്ച് പഠിക്കാനാണ് മുതലിയാർ കമ്മിറ്റി രൂപീകരി

ച്ചത്. ഈ രണ്ടു കമ്മിറ്റികളും അധ്യയനരംഗത്തെ ഭാഷയേതെന്ന ചോദ്യത്തെ ഗൗരവത്തോടെയാണ് സമീപിച്ചത്.[1] ഈ കമ്മീഷനുകൾ ചൂണ്ടിക്കാട്ടിയ മാതൃഭാഷാധിഷ്ഠിത വിദ്യാഭ്യാസസങ്കൽപം സമഗ്രമായി വികസിപ്പിക്കുകയാണ് തുടർന്നുവന്ന കോത്താരി കമ്മീഷൻ ചെയ്തത്. വിദ്യാഭ്യാസത്തിന്റെ എല്ലാ ഘട്ടങ്ങളിലുമുള്ള അധ്യയനമാധ്യമം പ്രാദേശികഭാഷയായിരിക്കണമെന്ന് (Education and National Development–Report of the Education Commission 1964–66 (vol 1) 34) കോത്താരി കമ്മീഷൻ നിലപാടെടുത്തു. പാഠപുസ്തകങ്ങൾ മാത്രമല്ല, മറ്റുതരത്തിലുള്ള ബോധനസാമഗ്രികളും ഭാരതീയഭാഷകളിൽ തയ്യാറാക്കണമെന്നും പത്തുവർഷത്തിനുള്ളിൽ ഉന്നതവിദ്യാഭ്യാസരംഗത്തെ മാധ്യമമാറ്റത്തിനുള്ള കർമപരിപാടി യു. ജി. സി. യും സർവകലാശാലകളും ചേർന്ന് തയ്യാറാക്കണമെന്നും കമ്മീഷൻ നിർദേശിച്ചിരുന്നു.

കോത്താരി കമ്മീഷൻ നിയോഗിക്കപ്പെടുന്നതിനുമുമ്പുതന്നെ 1962 ൽ ദേശീയോദ്ഗ്രഥനസമിതി ഉന്നതവിദ്യാഭ്യാസമേഖലയിലെ അധ്യയനമാധ്യമം ഇന്ത്യൻഭാഷകളിലേക്ക് കൊണ്ടുവരേണ്ടതിന്റെ പ്രാധാന്യത്തെ ചൂണ്ടിക്കാണിച്ചിരുന്നു. 1967 ഏപ്രിലിൽ ചേർന്ന സംസ്ഥാന വിദ്യാഭ്യാസമന്ത്രിമാരുടെ പത്താമത് സമ്മേളനം സർവകലാശാലകളിലെ അധ്യയനമാധ്യമമാറ്റത്തിനായുള്ള തീരുമാനം കൈക്കൊണ്ടു. സർവകലാശാലാ വൈസ് ചാൻസലർമാരുടെ ദേശീയതല കൂടിച്ചേരൽ ഈ സമീപനത്തെ പിന്തുണയ്ക്കുകയും ചെയ്തു. 1967 ജൂലൈ പതിനെട്ടിന് ചേർന്ന കേന്ദ്രമന്ത്രിസഭ ഇന്ത്യൻ ഭാഷകളിൽ സർവകലാശാലാതലത്തിലുള്ള പാഠപുസ്തകങ്ങൾ നിർമിക്കാനുള്ള പദ്ധതിക്കായി പതിനെട്ട് കോടി രൂപ നീക്കിവെക്കാൻ തീരുമാനിക്കുന്നത് ഈയൊരു പശ്ചാത്തലത്തിലാണ്. ഇതിൽ അഞ്ചുകോടി രൂപ ഹിന്ദിക്കും ബാക്കി ഓരോ കോടി വീതം പ്രാദേശികഭാഷകൾക്കുമായിരുന്നു ("Varsity teaching in local languages"). ഇതിനെത്തുടർന്ന്, എല്ലാ തലങ്ങളിലും എല്ലാ വിഷയങ്ങളിലും പഠനമാധ്യമമായി പ്രാദേശികഭാഷകൾ എന്ന സമീപനം സർക്കാർ തത്വത്തിൽ അംഗീകരിച്ചതായുള്ള പ്രഖ്യാപനം 1967 ജൂലൈ പത്തൊമ്പതിന് പാർലമെന്റിൽ കേന്ദ്ര വിദ്യാഭ്യാസമന്ത്രി ഡോ.ത്രിഗുണാസെൻ നടത്തുകയും ചെയ്തു. സെപ്റ്റംബറിൽ കേന്ദ്ര വിദ്യാഭ്യാസമന്ത്രിയുടെ അധ്യക്ഷതയിൽ സമ്മേളിച്ച വൈസ് ചാൻസലർമാർ ഡിഗ്രി തലംവരെയുള്ള പഠനം പ്രാദേശികഭാഷകളിലേക്ക് പത്ത് വർഷത്തിനുള്ളിൽ മാറ്റാനുള്ള നടപടികളിലേക്ക് കടക്കാനും തീരുമാനിച്ചു. അതേ അവസരത്തിൽത്തന്നെ, ഇംഗ്ലീഷിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് അതിന്റെ പഠനം ഉറപ്പാക്കണമെന്നും ആ യോഗം

തീരുമാനിച്ചിരുന്നു. ഇതിന്റെയെല്ലാം സ്വാഭാവികമായ പരിസമാപ്തിയായിരുന്നു 1968 ലെ ദേശീയ വിദ്യാഭ്യാസനയം.

നാലാം പഞ്ചവത്സര പദ്ധതിയുടെ വിദ്യാഭ്യാസരംഗത്തെ സമീപനം നിലവിലുള്ള വിദ്യാഭ്യാസവ്യവസ്ഥയുടെ പരിമിതികൾ ഇല്ലാതാക്കിക്കൊണ്ട് രാജ്യത്തിന്റെ സാമൂഹിക-സാമ്പത്തിക വികസനവുമായി അതിനെ കണ്ണിചേർക്കാൻ വിഭാവനം ചെയ്തു. ഇതിനായി എല്ലാ തലങ്ങളിലും ഗുണനിലവാരം വർധിപ്പിക്കുക, സാമൂഹികപ്രചോദനങ്ങളോടും സാമ്പത്തിക ആവശ്യങ്ങളോടും യോജിക്കുന്ന വിധത്തിൽ വിദ്യാഭ്യാസം വിപുലീകരിക്കുക എന്നിവ പദ്ധതിസമീപനത്തിൽ ഉൾപ്പെടുത്തിയിരുന്നു (Report 1966-67 2). ഉന്നതവിദ്യാഭ്യാസരംഗത്ത് ശാസ്ത്രവിദ്യാർത്ഥികളുടെ അനുപാതം നാൽപ്പതിൽനിന്ന് അമ്പത് ശതമാനമായി വർധിപ്പിക്കണമെന്നായിരുന്നു കാഴ്ചപ്പാട് (4). സർവകലാശാലാതലത്തിലുള്ള അധ്യയനമാധ്യമം പ്രാദേശികഭാഷകളിലേക്ക് മാറ്റുന്നതിന് ആ ഭാഷകളിൽ ശാസ്ത്ര-സാങ്കേതികവിഷയങ്ങളിലും മാനവികവിഷയങ്ങളിലും ഉന്നതനിലവാരമുള്ള പുസ്തകങ്ങളുടെ നിർമാണം ഒരു അടിയന്തിര ആവശ്യമായി മാറി. ആധുനികവിജ്ഞാനം പ്രാദേശികഭാഷകളിൽ വിനിമയം നടത്താൻ സർവകലാശാലാ അധ്യാപകരെ പ്രാപ്തരാക്കേണ്ടതുമുണ്ടായിരുന്നു. ചുരുക്കത്തിൽ, ഫലപ്രദമായ രീതിയിൽ ആധുനികവിജ്ഞാനം വിനിമയം ചെയ്യാൻ കഴിയുംവിധം സമ്പന്നവും ഉയർന്ന വിനിമയക്ഷമതയുള്ളവയുമായി ഇന്ത്യൻ ഭാഷകളെ ദ്രുതഗതിയിൽ വളർത്തേണ്ടതുണ്ടായിരുന്നു.

ഹിന്ദി, സംസ്കൃതം, ആധുനിക ഇന്ത്യൻ പ്രാദേശികഭാഷകൾ (Regional Languages) എന്നിവയെ ശക്തിപ്പെടുത്താനുള്ള നടപടികൾക്ക് വിദ്യാഭ്യാസവകുപ്പ് തുടക്കമിട്ടു. പ്രാദേശികഭാഷകളിൽ എൻസൈക്ലോപീഡിയകൾ, ദ്വിഭാഷാ നിഘണ്ടുക്കൾ, വൈജ്ഞാനികഗ്രന്ഥങ്ങൾ, ഹസ്തലിഖിതരേഖകളുടെ കാറ്റലോഗുകൾ തുടങ്ങിയവ തയ്യാറാക്കുന്നതിനായി ധനസഹായം നൽകിപ്പോന്നു. വിവിധ സമ്മേളനങ്ങളും സെമിനാറുകളും നടത്തുന്നതും പ്രോത്സാഹിപ്പിക്കപ്പെട്ടു (153). ഇവയ്ക്കുപുറമെയാണ് പ്രാദേശികഭാഷകളുടെ ദ്രുതവളർച്ചയെ ലക്ഷ്യമിട്ട് ഇന്ത്യൻ ഭാഷകൾക്കായുള്ള സംസ്ഥാന ഇൻസ്റ്റിറ്റ്യൂട്ടുകളും (State Institutes for Indian Languages) കേന്ദ്ര ഭാഷാസ്ഥാപനവും (Central Institute for Indian Languages) വിഭാവനം ചെയ്യപ്പെട്ടത്.[2] ഇന്ത്യൻ ഭാഷകളുടെ വികസനവും പ്രചാരണവും സംബന്ധിച്ച ഉപദേശങ്ങൾ നൽകാനായി അമ്പത്തിയൊന്ന് അംഗങ്ങളുള്ള ഭാരതീയ ഭാഷാസമിതി (Bharatiya Bhasha Samiti) എന്ന സംഘടന രൂപീകരിക്കുകയും ചെയ്തതും ഇതേ കാലത്തുതന്നെ. ഇത്തരം നടപടികളിലൂടെ ഇന്ത്യൻ ഭാഷകൾക്കിടയിലുള്ള വിനിമയം ഫലപ്രദമാക്കാമെന്നും, അങ്ങനെ,

രാജ്യത്തിന്റെ വൈകാരികവും സാംസ്കാരികവും സാമൂഹികവുമായ ഉദ്ഗ്രഥനം യാഥാർത്ഥ്യമാക്കാമെന്നും വിഭാവനം ചെയ്യപ്പെട്ടു.

പ്രാദേശികഭാഷകളുടെ വൈജ്ഞാനികനിലവാരം വർധിപ്പിക്കാനുള്ള പ്രത്യേക പദ്ധതി രൂപപ്പെടുന്നതിൽ മറ്റൊരു ശക്തമായ ഘടകംകൂടി പ്രവർത്തിച്ചിരുന്നതായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. പശ്ചിമബംഗാളിൽ നിന്നുള്ള ഡോ. ത്രിഗുണാസെന്നിന്റെ കേന്ദ്ര വിദ്യാഭ്യാസമന്ത്രിസ്ഥാനമായിരുന്നു അത്. വിദ്യാഭ്യാസവിദഗ്ധനും ജാധവ്പൂർ സർവകലാശാലയുടെ വൈസ് ചാൻസലറുമായ ത്രിഗുണാസെൻ കേന്ദ്ര വിദ്യാഭ്യാ സമന്ത്രിയാവുന്നത് 1967 മാർച്ചിലാണ്. കോത്താരി കമ്മീഷൻ റിപ്പോർട്ടിനെ പരി ശോധിക്കാനും ദേശീയ വിദ്യാഭ്യാസനയത്തിന്റെ കരട് തയ്യാറാക്കാനും ചുമതലപ്പെട്ട പാർലമെന്റ് കമ്മിറ്റിയുടെ അധ്യക്ഷനും ത്രിഗുണാസെൻ ആയിരുന്നു. ആദ്യമായിട്ടാ യിരുന്നു അഹിന്ദി പ്രദേശത്തുകാരനായ ഒരാൾ കേന്ദ്ര വിദ്യാഭ്യാസമന്ത്രിയാവുന്നത് (പരമേശ്വരൻ, *കാലഹരണമില്ലാത്ത സ്വപ്നങ്ങൾ* 121). ഔദ്യോഗികഭാഷയായ ഹിന്ദി ക്കുമാത്രം വലിയതോതിൽ ഫണ്ടുകൾ നൽകിയിരുന്ന പതിവുരീതിയിൽ (മുരളീധരൻ, *ഭാഷാസൂത്രണം: പൊരുളും വഴികളും* 142) നിന്നുമാറി മറ്റു ഭാഷകൾക്കുകൂടി ഫണ്ട് അനുവദിക്കപ്പെട്ടതിൽ ഈയൊരു ഘടകംകൂടി പ്രവർത്തിച്ചിരുന്നു എന്നുവേണം കരുതാൻ. ജനങ്ങളുടെ ഭാഷകളെ വിദ്യാഭ്യാസത്തിന്റെയും ഭരണത്തിന്റെയും നീതി നിർവഹണത്തിന്റെയും മാധ്യമമാക്കുന്നതിൽ തൊടുന്യായങ്ങൾ പറഞ്ഞ് കാലതാമസം വരുത്താൻ ഇന്ത്യയിലെ രാഷ്ട്രീയനേതാക്കളും ഉദ്യോഗസ്ഥരും ശ്രമിച്ചുകൊണ്ടിരുന്ന പ്പോൾ ആ ജനവഞ്ചനക്കെതിരെ ഫലപ്രദമായി പ്രവർത്തിച്ച രണ്ടുപേരാണ് രാം മനോഹർ ലോഹ്യയും ത്രിഗുണാസെന്നുമെന്നും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട് (കൃഷ്ണവാരിയർ, "ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് ഒരാമുഖം" 293).

സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ രൂപീകരണം മറ്റൊരു കണ്ണിയുമായി കൂടി ബന്ധിപ്പിച്ചിരുന്നു. ഇന്ത്യൻ ഭാഷകളിൽ ശാസ്ത്ര–സാങ്കേതികപദങ്ങൾ നിർമിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും വേണ്ടി 1961 ഒക്ടോബറിൽ രൂപീകൃതമായ, ശാസ്ത്ര– സാങ്കേതിക പദാവലി കമ്മീഷൻ (Commission for Scientific and Technical Terminology–CSTT)[3] അതിനകം തന്നെ ഭൗതികശാസ്ത്രം, രസതന്ത്രം, ഗണിത ശാസ്ത്രം, ഭൗമശാസ്ത്രം, ഭൂമിശാസ്ത്രം, സസ്യശാസ്ത്രം, ജന്തുശാസ്ത്രം എന്നീ മേഖലകളിലെ ഡിഗ്രി നിലവാരത്തിലുള്ള നാൽപ്പതിനായിരം വാക്കുകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ശാസ്ത്രപദാവലിയുടെ ഒന്നാം വാല്യം പ്രസിദ്ധീകരിച്ചിരുന്നു. ഇതേ വിഷയങ്ങളിൽ ബിരുദാ നന്തര ബിരുദതലത്തിലുള്ള വാക്കുകളുടെയും, ഡിഗ്രി തലത്തിൽ കൃഷി, വൈദ്യം, നരവം

ശശാസ്ത്രം, സാങ്കേതികശാസ്ത്രം, മാനവികശാസ്ത്രങ്ങൾ, സാമൂഹികശാസ്ത്രങ്ങൾ എന്നിവയിലെയും പദങ്ങളുടെ നിർമാണവുമായി മുന്നേറുകയുമായിരുന്നു (Report 1966–67 145). ഇന്ത്യൻ ഭാഷകളിൽ നിർമിക്കപ്പെടുന്ന ശാസ്ത്ര–സാങ്കേതികപദങ്ങളിൽ ഐകരൂപ്യമുണ്ടാക്കുക[4] എന്നതായിരുന്നു സി.എസ്.ടി.ടി. രൂപീകരിച്ചതിനു പിന്നിലെ യുക്തി.[5] ബി.ജി.ഖേർ അധ്യക്ഷനായുള്ള ഔദ്യോഗികഭാഷാ കമ്മിറ്റിയുടെ[6] റിപ്പോർട്ട് പഠിച്ച പാർലമെന്റ് കമ്മിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിലാണ് സി.എസ്.ടി.ടി. രൂപീകരിച്ചത് (PRESIDENT's ORDER, 1960 | Department of Official Language | Ministry of Home Affairs | GoI). കേന്ദ്ര വിദ്യാഭ്യാസ ഉപദേശകസമിതിയുടെ (Central Advisory Board of Education– CABE) കീഴിൽ 1950 ൽ രൂപീകരിച്ച ബോർഡ് ഓഫ് സയന്റിഫിക്ക് ആന്റ് ടെക്നിക്കൽ ടെർമിനോളജി, സി.എസ്.ടി.ടി. യുടെ പൂർവരൂപമാണ്.[7] ഇന്ത്യൻ ഭാഷകൾക്കിടയിൽ സൗഹൃദം വളർത്താനുള്ള ബോധപൂർവവും ചട്ടുലവുമായ പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയാണെങ്കിൽ ഏതാനും വർഷങ്ങൾക്കുള്ളിൽ അവ തമ്മിലുള്ള അകൽച്ച വലിയതോതിൽ കുറയ്ക്കാൻ കഴിയുമെന്ന നിലപാടായിരുന്നു ബി. ജി. ഖേർ കമ്മിറ്റി മുന്നോട്ടുവച്ചത്. എങ്കിലും, ഇംഗ്ലീഷിനെ ഹിന്ദികൊണ്ട് പകരം വെക്കാനുള്ള നിർദേശങ്ങൾക്കപ്പുറം പ്രാദേശികഭാഷകളുടെ വികസനത്തിനുള്ള നിർദേശങ്ങളൊന്നും തന്നെ കമ്മിറ്റി മുന്നോട്ടുവച്ചില്ല.

ഭരണഘടനാനിർമാണഅസംബ്ലിയിലെ ചേരിതിരിഞ്ഞതും രൂക്ഷമായതുമായ (ഓസ്റ്റിൻ 399–462)ചർച്ചകൾക്കൊടുവിലാണ് ഹിന്ദി ഔദ്യോഗികഭാഷയായി തീരുമാനിക്കപ്പെട്ടത്. ഒപ്പം 1965 ജനുവരി 26 വരെയുള്ള പതിനഞ്ചു വർഷക്കാലത്തേക്ക് ഔദ്യോഗിക ആവശ്യങ്ങൾക്ക് ഇംഗ്ലീഷ് തുടരാനും തീരുമാനിച്ചിരുന്നു. കേന്ദ്ര വിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ ഹിന്ദിവിഭാഗം പ്രവർത്തിച്ചുപോന്നെങ്കിലും ഹിന്ദിയുടെ വികസനത്തിനും പ്രചാരണത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ പ്രധാനം ആ രംഗത്ത് പ്രവർത്തിച്ചുപോരുന്ന സന്നദ്ധസംഘടനകൾക്കുള്ള സാമ്പത്തിക സഹായത്തിലാണ് ആദ്യകാലത്ത് ഊന്നിയത്. അറുപതുകളുടെ തുടക്കത്തോടെയാണ് ഹിന്ദിയുടെ വളർച്ചയ്ക്കുള്ള സ്ഥാപനപരമായ സംവിധാനങ്ങൾക്കുവേണ്ടി ഇതുവരെ കാര്യമായൊന്നും ചെയ്തില്ലെന്ന തിരിച്ചറിവ് ഉണ്ടാവുന്നത്. അതിനെത്തുടർന്നുണ്ടായ അടിയന്തിര നടപടികളായിരുന്നു 1960 ലെ സെൻട്രൽ ഹിന്ദി ഡയറക്ടറേറ്റിന്റെ രൂപീകരണവും 1961 ലെ സി.എസ്.ടി.ടി.യുടെ രൂപീകരണവും. വലിയതോതിലുള്ള ബജറ്റ് പിന്തുണയും പ്രവർത്തനസ്വാതന്ത്ര്യവും ഈ രണ്ട് സംവിധാനങ്ങൾക്കും നൽകപ്പെടുകയുണ്ടായി (Das Gupta 161). ഹിന്ദിയുടെ സർവതോമുഖമായ

വളർച്ചയുക്തകുന്ന പ്രവർത്തനങ്ങളിലേർപ്പെട്ടുകയായിരുന്നു ഹിന്ദി ഡയറക്ടറേറ്റി ന്റെ ചുമതല. വിവിധ തരത്തിലുള്ള പുസ്തകങ്ങളുടെ നിർമാണം, മാന്വലുകളുടെ നിർമാണം, ഹിന്ദി പഠനത്തിന്റെയും പരീക്ഷകളുടെയും സംയോജനച്ചുമതല, കീ ബോർഡുകളുടെ ഏകീകരണം, പ്രസാധകർക്കുള്ള സഹായങ്ങൾ എന്നിങ്ങനെ നിരവധി ഉത്തരവാദിത്വങ്ങൾ ഹിന്ദി ഡയറക്ടറേറ്റിൽ അർപ്പിതമായി. അതേ സമയം ശാസ്ത്ര–സാങ്കേതികപദങ്ങളുടെ നിർമാണവും നിയന്ത്രണവും എന്ന ഏക അജണ്ടയായി രുന്നു സി.എസ്.ടി.ടി.ക്ക് ഉണ്ടായിരുന്നത്.

സാങ്കേതികപദങ്ങളുടെ രൂപീകരണത്തിനുള്ള പതിനാല് ഇനങ്ങളടങ്ങിയ മാനദ ണ്ഡമാണ് കമ്മീഷൻ രൂപീകരിച്ചത് (കാ. അനുബന്ധം 1). അന്താരാഷ്ട്രീയ സംജ്ഞകൾ അവയുടെ ഇംഗ്ലീഷ് രൂപത്തിൽ, ഭാരതീയഭാഷകളുടെ പ്രകൃതത്തിന് ഇണങ്ങുംവിധം ലിപ്യന്തരണം ചെയ്ത് ഉപയോഗിക്കണമെന്നാണ് ഈ മാനദണ്ഡം നിഷ്കർഷിച്ചത്. ഒന്നിലേറെ പാശ്ചാത്യഭാഷകളിൽ ഒരേ രൂപത്തിൽ ഉപയോഗിച്ചുപോരുന്ന സാങ്കേതിക പദങ്ങളെയാണ് ഇവിടെ അന്താരാഷ്ട്രീയപദമെന്ന് വിവക്ഷിക്കുന്നത്. മൂലകനാമങ്ങൾ, അളവുകളും മാത്രകളും, വ്യക്തിനാമങ്ങളെ മുൻനിർത്തിയുള്ള സംജ്ഞകൾ, ദ്വിനാമസം ജ്ഞാപദ്ധതി അഥവാ ബൈനോമിയൻ നോമൻക്ലേച്ചർ, സ്ഥിരാങ്കങ്ങൾ, ലോകപ്ര സിദ്ധി നേടിയ വസ്തുനാമങ്ങൾ, ഗണിതശാസ്ത്രത്തിലെ ചിഹ്നങ്ങളും സൂത്രവാക്യങ്ങളും എന്നിങ്ങനെ ഏഴ് വിഭാഗത്തിൽപ്പെടുന്ന പദങ്ങളെ അന്താരാഷ്ട്രീയ സംജ്ഞകളായി നിഷ്കർഷിച്ചു. ഇവകഴിച്ച് ബാക്കിവരുന്ന പദങ്ങൾ തർജമ ചെയ്യുമ്പോൾ പരമാവധി സംസ്കൃതഭാഷയെ മുൻനിർത്തി തർജമ ചെയ്യാനും[8] അതുവഴി ഭാരതീയഭാഷകളിൽ ഐകരൂപ്യം വരുത്താനുമാണ് സി.എസ്.ടി.ടി. ലക്ഷ്യമിട്ടത്. സംസ്കൃതമൂലങ്ങളെ അടിസ്ഥാനമാക്കി ഹിന്ദിയിൽ നിർമിക്കുന്ന പദങ്ങളെ മുൻനിർത്തി വേണം മറ്റു ഭാഷകൾ പദനിർമാണത്തിലേർപ്പെടാൻ. ഒരു കോടി രൂപ സഹായധനം നൽകി പുതുതായി ആരം ഭിക്കുന്ന സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുകൾ സി.എസ്.ടി.ടി. യുടെ പദാവലികൾ അതത് ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തണമെന്നും അവയെ അടിസ്ഥാനമാക്കിവേണം സർവകലാശാലാനിലവാരത്തിലുള്ള പാഠപുസ്തകങ്ങൾ നിർമിക്കാനെന്നും വ്യവസ്ഥ ചെയ്തു. ഏകദേശം പത്ത് ശതമാനം അന്താരാഷ്ട്രപദങ്ങളും എൺപത് ശതമാനം സംസ്കൃതാധിഷ്ഠിതമായ പദങ്ങളുമാണ് വിഭാവനം ചെയ്തിരുന്നത്. പത്തുശതമാനം പദങ്ങൾ അതതു ഭാഷകളിലെ തനതുപദങ്ങളായിരിക്കും.

ഈ പദ്ധതിയനുസരിച്ചുള്ള പ്രവർത്തനങ്ങൾ എല്ലാ സംസ്ഥാനങ്ങളിലും ഏകീകൃ തമായ രീതിയിലല്ല നടന്നത്. പുതുതായി പ്രത്യേക സ്ഥാപനങ്ങളുണ്ടാക്കിയും നിലവി

ലുള്ള ഭാഷാസ്ഥാപനങ്ങളെയോ സർവകലാശാലകളെയോ ഈ ചുമതല ഏൽപ്പിച്ചും സംസ്ഥാനങ്ങൾ മുന്നോട്ടുപോയി. പല സംസ്ഥാനങ്ങളും ഭാഷാമാധ്യമമാറ്റത്തെക്കുറിച്ച് ചിന്തിക്കുകയോ പരിപാടികൾ തയ്യാറാക്കുകയോ ചെയ്തിരുന്നില്ല. തൽക്കാലം ഗ്രാന്റ് വരട്ടെ, ബാക്കി കാര്യം പിന്നീടാവാം എന്ന നിലപാടിലായിരുന്നു പല സംസ്ഥാനങ്ങളും (ഗുപ്തൻ നായർ, "ശാസ്ത്രവും ഭാരതീയ ഭാഷകളും" 388). പ്രത്യേകമായി സ്ഥാപിക്കപ്പെട്ട സ്ഥാപനങ്ങൾതന്നെ ഗ്രന്ഥ അക്കാദമി, ടെക്സ്റ്റ്ബുക്ക് ബോർഡ് എന്നിങ്ങനെ വ്യത്യസ്ത പേരുകൾ സ്വീകരിക്കുകയും ചെയ്തു. തെലുഗു അക്കാദമി, ബീഹാർ ഹിന്ദി ഗ്രന്ഥ് അക്കാദമി, ഗുജറാത്ത് യൂണിവേഴ്സിറ്റീസ് ബുക്ക് പ്രൊഡക്ഷൻ ബോർഡ്, ഹരിയാന ഹിന്ദി ഗ്രന്ഥ് അക്കാദമി, മധ്യപ്രദേശ് ഹിന്ദി ഗ്രന്ഥ് അക്കാദമി, മഹാരാഷ്ട്ര സ്റ്റേറ്റ് യൂണിവേഴ്സിറ്റീസ് ബുക്ക് പ്രൊഡക്ഷൻ ബോർഡ്, ഒറീസ സ്റ്റേറ്റ് ബ്യൂറോ ഓഫ് ടെക്സ്റ്റ്ബുക്ക് പ്രിപ്പറേഷൻ ആന്റ് പ്രൊഡക്ഷൻ, രാജസ്ഥാൻ ഹിന്ദി ഗ്രന്ഥ് അക്കാദമി, ഉത്തർപ്രദേശ് ഹിന്ദി ഗ്രന്ഥ് അക്കാദമി, പഞ്ചാബ് സ്റ്റേറ്റ് യൂണിവേഴ്സിറ്റി ടെക്സ്റ്റ്ബുക്ക് ബോർഡ്, തമിഴ്നാട് ടെക്സ്റ്റ്ബുക്ക് സൊസൈറ്റി, സ്റ്റേറ്റ് കോഓഡിനേഷൻ കമ്മിറ്റി ഫോർ ബുക്ക് പ്രൊഡക്ഷൻ– ആസ്സാം, വെസ്റ്റ് ബംഗാൾ സ്റ്റേറ്റ് ബുക്ക് ബോർഡ്, ഹിന്ദി പബ്ലിക്കേഷൻ ബോർഡ്–ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റി, ഡയറക്ടറേറ്റ് ഓഫ് യൂണിവേഴ്സിറ്റി ബുക്ക് പ്രൊഡക്ഷൻ– ഡൽഹി, എന്നിവയായിരുന്നു കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനൊപ്പം സർവകലാശാലാ പാഠപുസ്തക നിർമാണ പ്രവർത്തനങ്ങളിലേക്ക് ഇറങ്ങിയ സ്ഥാപനങ്ങൾ. കർണാടകത്തിലാവട്ടെ കോളെജിയേറ്റ് എഡ്യുക്കേഷൻ ഡയറക്ടർക്ക് ഈ ചുമതല കൂടി നൽകുകയാണുണ്ടായത്.[9] (കാ. അനുബന്ധം 2)

## 3.3 ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് രൂപീകരണം

1968 മാർച്ച് 11 ന് ഇറങ്ങിയ (P) 106/68/Edn എന്ന സംസ്ഥാനസർക്കാർ ഉത്തരവ് പ്രകാരമാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായത് (കാ. അനുബന്ധം 3). കേരള മുഖ്യമന്ത്രി (ഇ. എം. എസ്. നമ്പൂതിരിപ്പാട്), വിദ്യാഭ്യാസമന്ത്രി (സി. എച്ച്. മുഹമ്മദ് കോയ), ധനകാര്യ സെക്രട്ടറി (പി. വേലായുധൻ നായർ), വിദ്യാഭ്യാസസെക്രട്ടറി (കെ. സി. ശങ്കരനാരായണൻ), കേരള സർവകലാശാലാ വൈസ് ചാൻസലർ (പ്രൊഫ. സാമുവൽ മത്തായി), വിദ്യാഭ്യാസത്തിന്റെ ചുമതലയുള്ള ആസൂത്രണ ബോർഡ് അംഗം (പ്രൊഫ. ജോസഫ് മുണ്ടശ്ശേരി), എൻ. വി. കൃഷ്ണവാരിയർ, സി. കെ. മൂസ്സത്, വക്കം എം. അബ്ദുൾ

ഖാദർ എന്നിങ്ങനെ ഒമ്പത് പേരുള്ള ഒരു ഭരണസമിതി (ഗവേണിങ്ങ് ബോഡി)യും ഈ ഉത്തരവുപ്രകാരം നിലവിൽ വന്നു. നാലാം പഞ്ചവത്സരപദ്ധതിയിൽ പെട്ട ഈ പ്രോജക്ടിന്റെ നാൽപ്പതു ശതമാനം തുക കേരള സർക്കാരും അറുപത് ശതമാനം തുക കേന്ദ്ര സർക്കാരുമാണ് വഹിക്കേണ്ടിയിരുന്നത്.

ആധുനികവിജ്ഞാന പ്രചാരണത്തിനുള്ള ഫലപ്രദമായ മാധ്യമമായി സംസ്ഥാനത്തിന്റെ ഭാഷയെ വികസിപ്പിക്കുകയും അതിന്റെ സമ്പത്തും ശക്തിയും ദ്രുതഗതിയിൽ വളർത്തുകയും ചെയ്യുക എന്നത് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുഖ്യലക്ഷ്യമായി നിർവചിച്ചു. ഒപ്പം, ഇന്ത്യൻ ഭാഷകൾക്കിടയിലുള്ള സമ്പർക്കം പുഷ്ടിപ്പെടുത്തുക, പ്രാദേശികഭാഷയെ രാജ്യത്തിന്റെ സാമൂഹികവും വൈകാരികവുമായ ഉദ്ഗ്രഥനം യാഥാർത്ഥ്യമാക്കുന്നതിനുള്ള ഉപാധിയായി വളർത്തുക എന്നിവയും സ്ഥാപനലക്ഷ്യങ്ങളായി കണ്ടിരുന്നു. ഈ ലക്ഷ്യങ്ങൾ നിറവേറ്റാനായി പന്ത്രണ്ട് ഇനങ്ങളടങ്ങിയ ഒരു പരിപാടിയും സർക്കാർ ഉത്തരവിൽ മുന്നോട്ടുവച്ചിരുന്നു.

1. കേന്ദ്ര ശാസ്ത്ര–സാങ്കേതികപദാവലി കമ്മീഷൻ തയ്യാറാക്കിയ ശാസ്ത്ര– സാങ്കേതികപദങ്ങൾ സംസ്ഥാനത്തിന്റെ ഭാഷയിലേക്ക് സ്വീകരിക്കുകയും (adopt) അനുരൂപമാക്കുകയും (adapt) ചെയ്യുക.

2. വ്യത്യസ്തവിഷയങ്ങളിൽ സർവകലാശാലാ നിലവാരത്തിലുള്ള പാഠപുസ്തകങ്ങൾ– വിശിഷ്യാ ശാസ്ത്ര–സാങ്കേതിക വിഷയങ്ങളിലുള്ള പാഠപുസ്തകങ്ങൾ– പ്രാദേശികഭാഷകളിൽ തയ്യാറാക്കുന്ന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക, സമ്മാനങ്ങളും മറ്റു തരത്തിലുള്ള ഉത്തേജനങ്ങളും നൽകി ഇത്തരം ശ്രമങ്ങളെ പ്രോത്സാഹിപ്പിക്കുക.

3. ഫലപ്രദമായ രീതിയിൽ ഇന്ത്യൻ ഭാഷകളിൽ അധ്യാപനം നടത്താൻ കഴിയും വിധം സർവകലാശാലാ/കോളെജ് അധ്യാപകരെ സജ്ജമാക്കാനായി സെമിനാറുകൾ, വേനൽക്കാല കോഴ്സുകൾ, ശിൽപ്പശാലകൾ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുകയും സംഘടിപ്പിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക.

4. സംസ്ഥാനത്തെ പ്രാദേശികഭാഷകളിൽ അടിസ്ഥാന പദാവലികൾ സമാഹരിക്കുകയും വിവരണാത്മകവ്യാകരണഗ്രന്ഥങ്ങൾ നിർമിക്കുകയും ചെയ്യുക.

5. വ്യത്യസ്ത തലങ്ങളിൽ മാതൃഭാഷയെന്നനിലയിലും രണ്ടാം ഭാഷയെന്നനിലയിലും ഇന്ത്യൻ ഭാഷകൾ പഠിപ്പിക്കാൻ ആവശ്യമായ രീതിശാസ്ത്രവും പഠനോപകരണങ്ങളും രൂപപ്പെടുത്തുക.

6. ദ്വിഭാഷാ/ബഹുഭാഷാ നിഘണ്ടുക്കൾ, സർവവിജ്ഞാനകോശങ്ങൾ, മറ്റ് റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ തയ്യാറാക്കുക.

7. ഒരു ഭാഷയിലെ ക്ലാസിക്ക് ഗ്രന്ഥങ്ങൾ മറ്റൊരു ഭാഷയിലേക്ക് പരിഭാഷപ്പെടുത്തുകയും ലിപ്യന്തരണം നടത്തുകയും ചെയ്യുക.

8. ദ്വിഭാഷാ/ ബഹുഭാഷാ ജ്ഞാനമുള്ളവരെ വാർത്തെടുക്കാനായുള്ള പരിശീലനക്കളരികൾ സംഘടിപ്പിക്കുക.

9. ഇന്ത്യൻ ഭാഷകളുടെ വികാസത്തോടു ബന്ധപ്പെട്ട നാടോടി സാഹിത്യം മറ്റു സാഹിത്യം എന്നിവ സംഭരിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുക.

10. ഗോത്രഭാഷകൾ ഉൾപ്പെടെയുള്ള ഇന്ത്യൻ ഭാഷകളിൽ പ്രായോഗിക പ്രാധാന്യമുള്ള ഭാഷാശാസ്ത്രകാര്യങ്ങളിൽ ഗവേഷണം നടത്തുക.

11. പ്രാദേശികഭാഷയുടെയും മറ്റ് ഇന്ത്യൻ ഭാഷകളുടെയും വികസനത്തിനും അഭിവൃദ്ധിക്കും സഹായകമാകുന്ന സെമിനാറുകൾ സമ്മേളനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുക.

12. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ സഹായകമാകുന്ന മറ്റുതരത്തിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

ഭരണസമിതിയുടെ ആദ്യയോഗം ഏപ്രിൽ നാലിന് ചേർന്നപ്പോൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഘടനയെക്കുറിച്ചുള്ള ധാരണകൾ കുറേക്കൂടി മൂർത്തമാക്കി. ഭൗതികശാസ്ത്രങ്ങൾ, ജീവശാസ്ത്രങ്ങൾ, സാങ്കേതികശാസ്ത്രങ്ങൾ, സാമൂഹികശാസ്ത്രങ്ങൾ, ഭാഷ എന്നിങ്ങനെ അഞ്ച് വിഭാഗങ്ങൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് നിർണയിക്കുകയും ഓരോ വിഭാഗവും ഓരോ അസിസ്റ്റന്റ് ഡയറക്ടറുടെ കീഴിലായിരിക്കണമെന്ന് നിശ്ചയിക്കുകയും ചെയ്തത് ഈ യോഗമാണ് ("Minutes of the meeting of the Governing Body of the State Institute of Languages"). (കാ. അനുബന്ധം 4).

*മാതൃഭൂമി ആഴ്ചപ്പതിപ്പി*ന്റെ പത്രാധിപരായിരുന്ന എൻ.വി.യും മാതൃഭൂമി മാനേജ്മെന്റും തമ്മിലുണ്ടായിരുന്ന അകൽച്ച വലുതായിക്കൊണ്ടിരുന്ന ഘട്ടത്തിലാണ് സംസ്ഥാനങ്ങൾതോറും ഭാഷകൾക്കായുള്ള സ്ഥാപനങ്ങൾ ആരംഭിക്കുന്ന ചർച്ചകൾ സജീവമായത്. 1968 ജനുവരി ആദ്യം കോഴിക്കോട് സന്ദർശിച്ച മുഖ്യമന്ത്രി ഇ.എം.എസ്സിനെ താമസസ്ഥലത്ത് ചെന്നുകണ്ട് ഇത്തരമൊരു സ്ഥാപനത്തോട് ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിൽ

തനിക്കുള്ള താൽപര്യം എൻ.വി. അറിയിക്കുകയും ചെയ്തിരുന്നു (ഗോപാലകൃഷ്ണൻ കെ. 159). കൊച്ചി സർക്കാർ പാഠപുസ്തകനിർമാണത്തിനുവേണ്ടി രൂപീകരിച്ച കമ്മിറ്റിയുടെ കാര്യദർശിയായി പ്രവർത്തിച്ചത് എൻ.വി. ആയിരുന്നു. എൻ.വി. അവതരിപ്പിച്ച 'മലയാളസാഹിത്യത്തിന്റെ അഭിവൃദ്ധിക്ക് ഒരു പഞ്ചവത്സര പദ്ധതി' ഇ.എം.എസ്സിന്റെ ശ്രദ്ധയിലുണ്ടായിരുന്നു. ഓങ്ങല്ലൂരിലെ വായനശാലയിൽ അവതരിപ്പിച്ച പ്രബന്ധം (1956)[10] അതേ വർഷം മെയ് മാസത്തിൽ എറണാകുളത്തു നടന്ന സമസ്തകേരള സാഹിത്യപരിഷത്ത് സമ്മേളനത്തിലും എൻ.വി. അവതരിപ്പിച്ചിരുന്നു.[11] ആ സമ്മേളനത്തിലെ അധ്യക്ഷൻ ഇ.എം.എസ്. ആയിരുന്നു. മാത്രമല്ല, ഭാഷയെ ആധുനികീകരിക്കേണ്ടതിന്റെയും വൈജ്ഞാനികതലം വിപുലീകരിക്കേണ്ടതിന്റെയും പ്രാധാന്യം വലിയതോതിൽ എൻ.വി. ഉൾക്കൊണ്ടിരുന്നു.[12] *മാതൃഭൂമി ആഴ്ചപ്പതിപ്പി*ന്റെ പത്രാധിപരെന്ന നിലയിൽ വൈജ്ഞാനികലേഖനങ്ങളുടെ വലിയതോതിലുള്ള പ്രസിദ്ധീകരണം, ശാസ്ത്ര–സാങ്കേതികപദങ്ങൾ ചർച്ചയ്ക്കായി പ്രസിദ്ധപ്പെടുത്തൽ തുടങ്ങിയവയൊക്കെ എൻ.വി.യുടെ ഈ രംഗത്തുള്ള കാഴ്ചപ്പാടിന്റെ നിദർശനങ്ങളായിരുന്നു. ഈയൊരു പശ്ചാത്തലത്തിലാണ് പുതിയ സ്ഥാപനത്തിന്റെ ഭരണസമിതിയിൽ എൻ.വി. എത്തിച്ചേരുന്നത്.

ഏപ്രിൽ അവസാനവാരം ചേർന്ന ഭരണസമിതി യോഗത്തിൽ എൻ.വി. പങ്കെടുത്തിരുന്നില്ല. അന്നത്തെ യോഗത്തിൽ കെ.സി.ചാക്കോ ഡയറക്ടറും എൻ.വി. അസിസ്റ്റന്റ് ഡയറക്ടറും എന്ന നിർദേശമാണ് ഉയർന്നുവന്നത്.[13] എന്നാൽ ആ നിർദേശം അംഗീകരിക്കപ്പെട്ടില്ല. ഇക്കാര്യത്തിനായുള്ള ഉപസമിതി അംഗങ്ങളായ സി.എച്ച്.മുഹമ്മദ് കോയ, ജോസഫ് മുണ്ടശ്ശേരി എന്നിവരുടെ നിർദേശങ്ങൾ ചർച്ചചെയ്തുകൊണ്ട് മന്ത്രിസഭ എൻ.വി.യെ ഡയറക്ടറായി നിയമിക്കുകയാണ് ചെയ്തത്. 1968 ആഗസ്റ്റ് അവസാനം എൻ.വി. ഡയറക്ടറായി ചുമതലയേറ്റു. അതിനു മുമ്പുതന്നെ സി.കെ. മൂസ്സത് ഭൗതികശാസ്ത്രവിഭാഗത്തിന്റെ അസിസ്റ്റന്റ് ഡയറക്ടറായി ചുമതലയേറ്റിരുന്നു. ഭരണസമിതി അംഗങ്ങളായ എൻ.വി. ഡയറക്ടറായും സി.കെ.മൂസ്സത് അസിസ്റ്റന്റ് ഡയറക്ടറായും നിയമിതരായപ്പോൾ അവർക്കുപകരം ഭരണസമിതി അംഗങ്ങളായി പ്രൊഫ.കെ.സി.ചാക്കോയും പ്രൊഫ.കുറ്റിപ്പുഴ കൃഷ്ണപിള്ളയും നാമനിർദേശം ചെയ്യപ്പെട്ടു (Annual Report for the year ending 31st March 1969 2).

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഔപചാരികമായ ഉദ്ഘാടനം 1968 സെപ്തംബർ പതിനാറിന് കനകക്കുന്ന് കൊട്ടാരത്തിൽവച്ച് കേന്ദ്ര വിദ്യാഭ്യാസമന്ത്രി ഡോ. ത്രിഗുണാസെൻ നിർവഹിച്ചു. പ്രാദേശികഭാഷകൾ സർവകലാശാലാതലത്തിൽ അധ്യയനമാധ്യമമായി മാറ്റാനുള്ള സർക്കാർ തീരുമാനം വിപ്ലവാത്മകമായ ഒരു നടപടിയാണെന്ന് ത്രിഗുണാ

സെൻ ഈ അവസരത്തിൽ വിശേഷിപ്പിച്ചു. വിഷയമേതായാലും അത് ആഴത്തിൽ പഠിക്കാനും പഠിപ്പിക്കാനും കഴിയുക ജനങ്ങളുടെ സ്വന്തം ഭാഷയിലായതിനാൽ ഈ തീരുമാനം വിദ്യാഭ്യാസത്തെ സാമൂഹികപരിവർത്തനത്തിനുള്ള ആയുധമാക്കി മാറ്റാൻ പര്യാപ്തമാണെന്നും ത്രിഗുണാസെൻ ഈ വേളയിൽ നിരീക്ഷിക്കുന്നുണ്ട് (8).

1969 ഏപ്രിൽ 29 ന് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുക്കൊച്ചിയിലെ സാഹിത്യ- വിജ്ഞാനധർമ്മ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സൊസൈറ്റി ആക്ട് (1955 ലെ 12-ാം ആക്ട്) പ്രകാരം രജിസ്റ്റർ ചെയ്തപ്പോൾ രൂപീകരണ ഉത്തരവിൽ സ്ഥാപനത്തിന്റെ പരിപാടികളിൽ അക്കമിട്ട് പറഞ്ഞിരുന്ന കാര്യങ്ങളോടൊപ്പം താഴെ പറയുന്ന ഇനങ്ങൾകൂടി സംഘം മെമ്മോറാണ്ട (മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ) ത്തിൽ കൂട്ടിച്ചേർത്തതായി കാണാം (കാ. അനുബന്ധം 5).

- ഭരണഭാഷ മലയാളമാക്കി മാറ്റുന്ന പ്രവർത്തനങ്ങളിൽ സർക്കാരുമായി സഹകരിക്കുക.
- ഉന്നതവിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും മലയാളം അധ്യയനമാധ്യമമാക്കി മാറ്റുന്നതിൽ സർവകലാശാലകളുമായി സഹകരിക്കുക.
- മലയാള അക്ഷരമാല പരിഷ്കരിക്കാനും നവീകരിക്കാനുമുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും മറ്റു ഇന്ത്യൻ ഭാഷാകൃതികൾ മലയാളത്തിൽ അച്ചടിക്കുകയും ചെയ്യുക.
- ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയുമാറ് പുസ്തകങ്ങൾ, ആനുകാലികങ്ങൾ, ജേണലുകൾ, ഗവേഷണപ്രബന്ധങ്ങൾ എന്നിവ പ്രസാധനം ചെയ്യുക.
- ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തിന് ആവശ്യമായി തോന്നുന്ന കമ്മിറ്റികൾ, സെല്ലുകൾ, പഠനഗ്രൂപ്പുകൾ, പ്രവർത്തനസമിതികൾ തുടങ്ങിയവ രൂപീകരിക്കുക.
- ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലക്ഷ്യങ്ങളുമായി പൂർണമായോ ഭാഗികമായോ സാദൃശ്യമുള്ള ലോകത്തെവിടെയുമുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളുമായോ മറ്റ് സ്ഥാപനങ്ങളുമായോ അവയുടെ പൊതുവായ ലക്ഷ്യങ്ങൾക്ക് പ്രേരകമാവും വിധം സഹകരിക്കുക.

രൂപീകരണ ഉത്തരവിൽ ലക്ഷ്യങ്ങൾ വിശദമാക്കവെ പ്രാദേശികഭാഷകളിൽ/ഇന്ത്യൻ ഭാഷകളിൽ എന്ന് പറഞ്ഞിരുന്ന കാര്യങ്ങൾ ഇതോടൊപ്പം മലയാളത്തിൽ എന്നാക്കി മൂർത്തമാക്കുകയും ചെയ്തിരുന്നു. പുതുക്കിയ നിയമാവലി അനുസരിച്ച് ഭാഷാ

ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണസമിതിയുടെ അധ്യക്ഷൻ മുഖ്യമന്ത്രിയും ഉപാധ്യക്ഷൻ വിദ്യാഭ്യാസമന്ത്രിയും മെമ്പർ സെക്രട്ടറി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുമായി നിശ്ചയിച്ചു. ഇവർക്കു പുറമെ കേരള സർവകലാശാലയുടെയും കോഴിക്കോട് സർവകലാശാലയുടെയും വൈസ് ചാൻസലറോ, പ്രോ വൈസ് ചാൻസലറോ, വിദ്യാഭ്യാസത്തിന്റെ ചുമതലയുള്ള സംസ്ഥാന ആസൂത്രണ ബോർഡ് അംഗം, സംസ്ഥാന ധനകാര്യ സെക്രട്ടറി, വിദ്യാഭ്യാസവകുപ്പ് സെക്രട്ടറി, ഔദ്യോഗികഭാഷാ കമ്മീഷൻ ചെയർമാൻ, വിദ്യാഭ്യാസവകുപ്പ് ജോയന്റ് സെക്രട്ടറി, കേന്ദ്ര വിദ്യാഭ്യാസവകുപ്പ് പ്രതിനിധി, യു. ജി. സി. പ്രതിനിധി, സർക്കാർ കാലാകാലം നാമനിർദേശം ചെയ്യുന്ന രണ്ടിൽക്കുറയാത്ത അംഗങ്ങൾ എന്നിവർ ഭരണ സമിതി അംഗങ്ങളായിരിക്കും.[14]

## 3.4 പ്രവർത്തന പരിപ്രേക്ഷ്യം

പ്രാദേശികഭാഷകളുടെ വികസനത്തിനായി ഒരു കോടി രൂപയുടെ കേന്ദ്രഫണ്ട് പ്രഖ്യാപിക്കപ്പെട്ടതിനുശേഷം, അത് പ്രയോജനപ്പെടുത്തി മലയാളഭാഷയ്ക്കായുള്ള കർമപരിപാടി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് എങ്ങനെയാണ് തുടക്കം കുറിച്ചതെന്ന് സൂക്ഷ്മതലത്തിൽ മനസ്സിലാക്കാൻ കഴിയുന്ന രേഖകൾ കണ്ടെത്താൻ ഈ പഠനത്തിന്റെ ഭാഗമായി ശ്രമിച്ചെങ്കിലും വിജയിച്ചില്ല. 1967 ഡിസംബർ ഒൻപതിന് കോഴിക്കോട് നടന്ന കേരള സാഹിത്യസമിതിയുടെ വാർഷിക പൊതുയോഗം മലയാളഭാഷയുമായി ബന്ധപ്പെട്ട അഞ്ച് പ്രമേയങ്ങൾ അംഗീകരിക്കുന്നുണ്ട്. അതിലൊന്ന് ഇങ്ങനെയാണ്: "മലയാളത്തിന്റെ വികാസത്തിന് കേന്ദ്ര ഗവൺമെന്റ് നൽകാമെന്നു സമ്മതിച്ച ഒരു കോടി രൂപ ഉപയോഗിച്ച് മലയാളത്തിൽ ആധാരഗ്രന്ഥങ്ങൾ നിർമിക്കുവാനുള്ള കാര്യക്ഷമമായ ഒരു പരിപാടി ആവിഷ്കരിക്കുന്നതിന് കേരള ഗവൺമെന്റ് ഇതുവരെയും ഒരു പരിശ്രമവും ചെയ്തു കാണാത്തതിനെ ഈ യോഗം ആശങ്കയോടെ വീക്ഷിക്കുന്നു"(രഘുനാഥ് 59). വീണ്ടും രണ്ടുമാസം കഴിഞ്ഞ് മാർച്ച് പതിനൊന്നിനാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിറങ്ങുന്നത്. ഉദ്ഘാടനമാവുമ്പോഴേക്കും സെപ്തംബർ മാസമായി. കേന്ദ്ര പദ്ധതി 1967–68 കാലത്തുതന്നെ ആരംഭിച്ചതിനാൽ ഇപ്പോൾ ഒരു വർഷം പിറകിലാണ് [15] പ്രവർത്തനമെന്നും പ്രവർത്തനതീവ്രത വർധിപ്പിക്കേണ്ടതുണ്ടെന്നും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആദ്യ വാർഷിക റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നുണ്ട് (Annual Report for the year ending 31st March 1969 9).

ഉദ്യോഗസ്ഥതലത്തിലെ അലംഭാവം കൊണ്ടുണ്ടായ കാലതാമസമാണോ, അതോ പുതിയൊരു സ്ഥാപനം രൂപപ്പെടുത്തിയെടുക്കുന്നതിലുള്ള സ്വാഭാവികമായ കാലതാമസമാണോ[16] എന്ന് ഇന്ന് വിലയിരുത്താൻ കഴിയില്ല. എന്നാൽ, പുതിയ സ്ഥാപനത്തിന്റെ സ്വഭാവം എന്താണെന്നും അതിന്റെ പ്രവർത്തനമേഖലകൾ ഏതൊക്കെയായിരിക്കണമെന്നും ഉദ്യോഗസ്ഥതലത്തിൽ തയ്യാറാക്കിയ ഒരു പദ്ധതി ഉണ്ടായിരുന്നെന്നും ആ റിപ്പോർട്ടിനെ പിൻപറ്റിയിരുന്നെങ്കിൽ സമീപഭാവിയിലൊന്നും പ്രയോജനകരമായ ഒരു കാര്യവും ചെയ്യാൻ കഴിയുമായിരുന്നില്ലെന്നും ആദ്യത്തെ ഡയറക്ടർ പിന്നീട് ചൂണ്ടിക്കാട്ടിയിട്ടുണ്ട്.[17] അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, 'അസ്ഥിവാരം കുഴിക്കുക മാത്രമല്ല, അസ്ഥിവാരം കുഴിക്കാൻ വേണ്ട സ്ഥലം കണ്ടെത്തുകകൂടി ആവശ്യമായിരുന്നു' (കൃഷ്ണവാരിയർ, "ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് ഒരാമുഖം" 294). ഉദ്യോഗസ്ഥതലത്തിൽ തയ്യാറാക്കിയ പരിപാടിയെ പാടേ മാറ്റിവെച്ചാണ് എഴുന്നൂറിൽപ്പരം ഗ്രന്ഥങ്ങൾ നിർമിക്കാനുള്ള സമയബന്ധിത പരിപാടി തയ്യാറാക്കുന്നതും കേന്ദ്രസർക്കാരിന് സമർപ്പിച്ച് അംഗീകാരം വാങ്ങിക്കുന്നതും. ഇതോടൊപ്പം ഇൻസ്റ്റിറ്റ്യൂട്ടിന് ഒരു പരിപ്രേക്ഷ്യവും ('A Perspective Plan for The Development of The Institute') തയ്യാറാക്കപ്പെട്ടു. ഭരണസമിതിയിൽ ആദ്യത്തെ വാർഷികറിപ്പോർട്ടിനൊപ്പം ചർച്ചയ്ക്കായി ഈ പരിപ്രേക്ഷ്യരേഖയും അവതരിപ്പിക്കപ്പെട്ടു.

ദീർഘകാലലക്ഷ്യവും കാഴ്ചപ്പാടും തന്ത്രങ്ങളും പദ്ധതികളുമാണ് ഏതൊരു പരിപ്രേക്ഷ്യരേഖയും മുന്നോട്ടുവെക്കുന്നത്. ആ അർത്ഥത്തിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിലയിരുത്തലിൽ അത് വളരെ പ്രധാനപ്പെട്ടതാണ്. തുടർന്നുവരുന്ന അഞ്ചുവർഷത്തെ പ്രധാന ഊന്നൽ സർവകലാശാലാ തലത്തിലുള്ള പുസ്തകങ്ങളുടെ നിർമാണമാണെങ്കിലും അതിനപ്പുറം പോവുന്നതും തുടർച്ചയായി നടക്കേണ്ടതുമായ ഒരു പ്രവർത്തനമാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റേതെന്ന് പരിപ്രേക്ഷ്യത്തിൽ വിഭാവനം ചെയ്യുന്നുണ്ട്. സഫലമാക്കേണ്ട ദൗത്യവുമായി തട്ടിച്ചുനോക്കുമ്പോൾ കേന്ദ്രസർക്കാരിന് അതിനകം സമർപ്പിച്ച പദ്ധതി കേവലമൊരു തുടക്കം മാത്രമാണ്. സംഘം മെമ്മോറാണ്ടത്തിൽ വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ കൈവരിക്കാനുള്ള അന്വേഷണവും ഗവേഷണവും, ഇന്ത്യൻ ഭാഷകളിൽ കോഴ്സുകൾ നടത്താൻ കഴിയുംവിധം അധ്യാപനവിഭാഗം കെട്ടിപ്പടുക്കൽ, ലൈബ്രറിയെ വിപുലീകരിക്കൽ, ഭാഷാരംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഏജൻസികളെ ഏകോപിപ്പിക്കൽ തുടങ്ങിയവ പരിപ്രേക്ഷ്യത്തിന്റെ ഭാഗമായി അവതരിപ്പിക്കപ്പെട്ടു.

കേരളത്തിൽ നിലവിലുള്ള സർവകലാശാലകളുടെ[18] 'സിലബസുകളെ നിരന്തരമായി പിന്തുടരുകയും പഠിക്കുകയും' ചെയ്യേണ്ടതുണ്ട്. അല്ലെങ്കിൽ തയ്യാറാക്കുന്ന പുസ്തകങ്ങൾ 'കാലോചിതമല്ലാത്തതും' 'അപ്രസക്തവു'മായി മാറും. അഖിലേന്ത്യാതലത്തിൽ

'സർവകലാശാലകളിലെ സിലബസ്സുകളെക്കുറിച്ച് പഠിക്കാൻ എൻ. സി. ഇ. ആർ. ടി. തുടങ്ങിയ ശ്രമങ്ങളോട് കണ്ണിചേരേണ്ട'തുണ്ടെന്നും പരിപ്രേക്ഷ്യം രേഖ ചൂണ്ടിക്കാട്ടിയിരുന്നു. ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരും സർവകലാശാലകളിലെ പ്രൊഫസർമാരും ചേർന്നുള്ള സെല്ലുകൾ[19] രൂപീകരിച്ച് കോഴ്സുകളെ തുടർച്ചയായി പിന്തുടരേണ്ടതിന്റെ പ്രാധാന്യവും പരിപ്രേക്ഷ്യരേഖ ചൂണ്ടിക്കാണിക്കുന്നു. സർവകലാശാലകളെ പരസ്പരം ബന്ധിപ്പിക്കുന്ന സമ്പ്രദായം കേരളത്തിൽ ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, സർവകലാശാലാ വൈസ് ചാൻസലർമാർ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണസമിതിയിൽ അംഗങ്ങളായതുകൊണ്ട് സെല്ലുകൾക്ക് ഇന്റർ യൂണിവേഴ്സിറ്റി ബോർഡ് എന്നൊരു ദൗത്യം കൂടി ഒരളവോളം നിർവഹിക്കാൻ കഴിയുമെന്നും പരിപ്രേക്ഷ്യത്തിൽ പ്രത്യാശിച്ചു.

യുനെസ്കോ, ഡൽഹിയിലെ സോഷ്യൽ സയൻസ് റിസർച്ച് കൗൺസിൽ, സിംലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് തുടങ്ങിയ അക്കാദമിക സ്ഥാപനങ്ങളോടും സംവിധാനങ്ങളോടും സഹകരിച്ച് പ്രവർത്തിക്കണമെന്നും പരിപ്രേക്ഷ്യരേഖ നിർദേശിച്ചിരുന്നു. ഇവയിൽനിന്ന് ലഭ്യമാക്കാവുന്ന സാമ്പത്തികസഹായം പ്രയോജനപ്പെടുത്തി ശാസ്ത്രമേഖലയിലും സാമൂഹികമേഖലയിലും പ്രാധാന്യമുള്ള വിഷയങ്ങളിൽ ഗവേഷണം നടത്തുക എന്നതായിരുന്നു ലക്ഷ്യമിട്ടത്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ അക്കാദമികമികവാർന്ന സ്റ്റാഫിനുകീഴിൽ ഗവേഷകവിദ്യാർത്ഥികളെ പ്രവേശിപ്പിക്കുകയും മറ്റ് ഗവേഷണസ്ഥാപനങ്ങളും യൂണിവേഴ്സിറ്റികളുമായി കണ്ണിചേർക്കുകയും ചെയ്തുകൊണ്ട് സ്ഥാപനത്തെ ഒരു ഉന്നതപഠനകേന്ദ്രം (Institute of Advanced Studies) ആയി വളർത്തിയെടുക്കാൻ കഴിയും. ഭാഷ, സാമൂഹികശാസ്ത്രം എന്നീ മേഖലകളിൽ സർവകലാശാലകളിലെ ബന്ധപ്പെട്ട വകുപ്പുകൾ ചെയ്യുന്ന പ്രവർത്തനങ്ങളെ പരസ്പരം ബന്ധിപ്പിക്കുകയും പൂരിപ്പിക്കുകയും ചെയ്യുന്ന ഒന്നാംകിട സ്ഥാപനമായി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനെ വളർത്താൻ കഴിയും. ജന്തുശാസ്ത്രം, സസ്യശാസ്ത്രം തുടങ്ങിയ മേഖലകളിൽ സാങ്കേതികപദനിർമാണത്തിനായുള്ള അന്താരാഷ്ട്ര സംഘടനകളുടെ (The International Code on Zoological Nomenclature- ICZN, The International Code of Botanical Nomenclature- ICBN) മലയാളത്തിനുള്ള ഏജൻസി എന്ന നിലയിലേക്ക് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനെ വളർത്തിയെടുക്കാം. ഇന്ത്യയിൽ ഇത്തരം അന്താരാഷ്ട്ര സംഘടനകളോട് ബന്ധപ്പെടാനുള്ള ഔദ്യോഗിക സംവിധാനങ്ങൾ രൂപീകരിച്ചിട്ടില്ല എന്നതിനാലും പൊതുവേ ഇംഗ്ലീഷാണ് ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഉപയോഗിച്ചുപോന്നതെന്നതുകൊണ്ടും പ്രാദേശികഭാഷകൾക്ക് ഇക്കാര്യത്തിൽ തങ്ങളുടെതായ ഇടം സൃഷ്ടിക്കാൻ കഴിയും.

വിപുലമായ അധ്യാപനവിഭാഗം (Teaching Wing) കെട്ടിപ്പടുക്കൽ ഒരു പ്രധാന പ്രവർത്തനമായി പരിപ്രേക്ഷ്യത്തിൽ കണ്ടിരുന്നു. ഇന്ത്യൻ ഭാഷകൾക്കിടയിൽ വൈകാരികവും സാമൂഹികവുമായ സംയോജനം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപനലക്ഷ്യങ്ങളിലൊന്നായിരുന്നല്ലോ. ഇത് സാധ്യമാക്കാൻ കഴിയുംവിധം ദ്വിഭാഷാധിഷ്ഠിതമായും ബഹുഭാഷാധിഷ്ഠിതമായുമുള്ള സർട്ടിഫിക്കറ്റ് കോഴ്സുകൾ സംഘടിപ്പിക്കുക, നിഘണ്ടുക്കൾ തയ്യാറാക്കുക, പരിഭാഷകൾ യാഥാർത്ഥ്യമാക്കുക എന്നിവയെല്ലാം വിഭാവനം ചെയ്തു. വിദേശത്തും ഇന്ത്യയിലുമായി ഭാഷാധ്യാപനരംഗത്ത് പുതുതായി ഉണ്ടായ ബൃഹത്തായ മുന്നേറ്റങ്ങളെ ഉൾക്കൊണ്ട് ഹ്രസ്വകാല കോഴ്സുകൾ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിക്കുന്നതിനെക്കുറിച്ച് പരിപ്രേക്ഷ്യരേഖ സൂചിപ്പിച്ചു. ഒപ്പം മറ്റൊരു പ്രവർത്തനമേഖല കൂടി ചൂണ്ടിക്കാണിക്കുന്നുണ്ട്. സർവകലാശാലകളിലെ അധ്യയനമാധ്യമമാറ്റത്തിന് അനുസൃതമായി സെക്കൻഡറി വിദ്യാഭ്യാസരംഗത്തെ ഭാഷാധ്യാപനരംഗത്ത് കൊണ്ടുവരേണ്ട മാറ്റമായിരുന്നു അത്. നിലവിൽ ഭാഷാധ്യാപകർക്ക് കിട്ടിക്കൊണ്ടിരിക്കുന്ന പരിശീലനം ഭാഷാ ബോധനശാസ്ത്രതലത്തിൽ നിന്നു മാത്രമുള്ളതാണ്. ഇതിൽ നിന്ന് വ്യത്യസ്തമായി സാഹിത്യ–ഭാഷാശാസ്ത്രവശങ്ങൾക്ക് മുൻതൂക്കം ലഭിക്കുന്ന ഒരു പ്രത്യേക പരിശീലനം ആസൂത്രണം ചെയ്യേണ്ടതുണ്ട്. കർണാടകയിൽ തുടക്കം കുറിച്ച ബി. ലിറ്റ്.(B. Lit.) കോഴ്സ് പരിശോധിച്ച് സമാനമായ കാര്യങ്ങൾ പരിഗണിക്കാം. ഇതൊക്കെ സാധ്യമാവണമെങ്കിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് വിപുലമായൊരു അധ്യാപനവിഭാഗം സൃഷ്ടിക്കേണ്ടിവരുമെന്നും വിഭാവനം ചെയ്തു.

ഭരണഭാഷാമാറ്റം സുഗമമാക്കുന്നതിനായി നിയമങ്ങൾ, ചട്ടങ്ങൾ, ഫോറങ്ങൾ എന്നിവ പരിഭാഷപ്പെടുത്തുന്ന ജോലി വളരെ വൈപുല്യമാർന്നതാണ്. ഹിന്ദി ഡയറക്ടറേറ്റ് ഹിന്ദിയിലേക്ക് പരിഭാഷപ്പെടുത്തിയ ഇത്തരം രേഖകളുടെ അളവ് വളരെ വലുതായിരുന്നു.[20] മലയാളത്തിനും സമാനമായ ജോലികൾ ചെയ്തുതീർക്കേണ്ടതുണ്ട്. അതിനുള്ള സംവിധാനം ഒരുക്കേണ്ടതുണ്ടെന്നും പരിപ്രേക്ഷ്യരേഖ ചൂണ്ടിക്കാട്ടി. കൽക്കട്ട, ബോംബെ, മദ്രാസ് എന്നിവിടങ്ങളിലെ നാഷണൽ ലൈബ്രറികളുടെ മാതൃകയിൽ, മലയാളത്തിൽ പ്രസിദ്ധീകൃതമാകുന്ന എല്ലാ പുസ്തകങ്ങളും സംഭരിക്കുന്ന രീതിയിലേക്ക് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ലൈബ്രറിയെ വളർത്തുന്ന കാര്യവും ചർച്ചയ്ക്കായി അവതരിപ്പിക്കപ്പെട്ടു. മലയാളം പുസ്തകങ്ങൾക്കൊപ്പം മറ്റ് ഇന്ത്യൻ ഭാഷകളിലെയും പ്രധാന പുസ്തകങ്ങളെല്ലാം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ലൈബ്രറിയിൽ ലഭ്യമാക്കണം. വിദ്യാർത്ഥികൾക്കും ഗവേഷകർക്കും വലിയതോതിൽ പ്രയോജനപ്പെടുന്നതും ഭാഷകൾക്കിടയിൽ ആശയവിനിമയത്തിന് സാധ്യതകൾ തുറന്നിടുന്നതുമായ ഒന്നായാണ് ലൈബ്രറി മാറേണ്ടത്. സംസ്ഥാനത്ത്

ഭാഷ, സാഹിത്യം, സംസ്കാരം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ തുരുത്തുകൾപോലെ നിലകൊള്ളുന്ന ഏജൻസികളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് തനതായൊരു പങ്കുവഹിക്കാൻ കഴിയണമെന്നും പരിപ്രേക്ഷ്യം രേഖ ആശിച്ചു.

## 3.5 സ്ഥാപന ഘടന

നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നത് ഭരണസമിതിയാണ്. തുടക്കത്തിൽ ഒൻപത് അംഗങ്ങൾ ഉണ്ടായിരുന്ന ഭരണസമിതിയിൽ ഇപ്പോൾ എട്ട് ഔദ്യോഗിക അംഗങ്ങൾ ഉൾപ്പെടെ പതിനാറ് പേരാണുള്ളത്. ദൈനംദിന പ്രവർത്തനങ്ങളുടെ ഉത്തരവാദിത്വം സ്റ്റാൻഡിങ്ങ് കമ്മിറ്റിക്കാണ്. നിർവഹണസൗകര്യത്തിനായി ഇൻസ്റ്റിറ്റ്യൂട്ടിനകത്ത് അക്കാദമികവിഭാഗം, ഭരണവിഭാഗം എന്നിങ്ങനെ രണ്ടു ധാരകളുണ്ട്. പുസ്തകപ്രസാധനവുമായി ബന്ധപ്പെട്ട എല്ലാവിധ പ്രവർത്തനങ്ങൾക്കും പുറമെ സെമിനാറുകളുടെ സംഘാടനം തുടങ്ങിയവയും അക്കാദമികവിഭാഗത്തിന്റെ ചുമതലയാണ്. ഡയറക്ടർ, അസി. ഡയറക്ടർമാർ, റിസർച്ച് ഓഫീസർമാർ, എഡിറ്റോറിയൽ അസിസ്റ്റന്റുമാർ, സബ്ബ് എഡിറ്റർമാർ, പ്രൂഫ് ചുമതലക്കാർ, ആർട്ടിസ്റ്റ്, ലൈബ്രേറിയൻ എന്നിവരെല്ലാമടങ്ങുന്നതാണ് അക്കാദമികവിഭാഗം. ഓഫീസ് പ്രവർത്തനങ്ങളുടെ ഏകോപനം, സാമ്പത്തികം എന്നിവ ഭരണവിഭാഗത്തിന് കീഴിൽ വരുന്നു. അഡ്മിനിസ്ട്രേറ്റീവ് ഓഫീസറാണ് ഈ വിഭാഗത്തിന്റെ അധിപൻ. പ്രധാനമായും സർക്കാർ സർവീസിൽ നിന്ന് ഡെപ്യൂട്ടേഷനിൽ വരുന്നവരാണ് ഭരണവിഭാഗത്തിലുള്ളത്.

അക്കാദമിക് ധാരയിൽ അഞ്ചു ഉപവിഭാഗങ്ങൾ പ്രവർത്തിക്കുന്നു. ഭൗതികം, ജ്യോതിശ്ശാസ്ത്രം, രസതന്ത്രം, ഗണിതം, സാംഖ്യികം എന്നീ വിജ്ഞാനശാഖകളുൾക്കൊള്ളുന്ന ഭൗതികശാസ്ത്രവിഭാഗത്തിന്റെ ആദ്യത്തെ അസിസ്റ്റന്റ് ഡയറക്ടറായി സി. കെ. മൂസ്സതിനെയാണ് നിയമിച്ചത്. ഡോ. എ.എൻ.പി.ഉമ്മർകുട്ടിയുടെ നേതൃത്വത്തിലുണ്ടായിരുന്ന പ്രകൃതിശാസ്ത്രവിഭാഗത്തിൽ ജീവശാസ്ത്രം, സസ്യശാസ്ത്രം, ജന്തുശാസ്ത്രം, ഭൂവിജ്ഞാനം, കൃഷിശാസ്ത്രം, വൈദ്യശാസ്ത്രം, മൃഗസംരക്ഷണം എന്നീ വിഷയമേഖലകളാണ് ഉണ്ടായിരുന്നത്. ഡോ. കെ. പി. കരുണാകരനായിരുന്നു സാമൂഹികശാസ്ത്രവിഭാഗത്തിന്റെ അസിസ്റ്റന്റ് ഡയറക്ടർ. രാഷ്ട്രതന്ത്രം, ഭൂമിശാസ്ത്രം, ധനശാസ്ത്രം, സോഷ്യോളജി, ചരിത്രം, വിദ്യാഭ്യാസം, പൗരധർമം, വാണിജ്യം, ഗൃഹശാസ്ത്രം, മനശ്ശാസ്ത്രം, തത്വശാസ്ത്രം, തർക്കശാസ്ത്രം എന്നിവ ഉൾക്കൊള്ളുന്നതായിരുന്നു സാമൂഹികശാസ്ത്ര വിഭാഗം.

സാങ്കേതികശാസ്ത്ര വിഭാഗത്തിൽ ഡോ. എം. പി. പരമേശ്വരനും ഭാഷാവിഭാഗത്തിൽ പ്രൊഫ. എസ്. ഗുപ്തൻ നായരുമായിരുന്നു ആദ്യ ചുമതലക്കാർ. അസിസ്റ്റന്റ് ഡയറക്ടറോടൊപ്പം ഓരോ വിഭാഗത്തിലും ഒരു സീനിയർ റിസർച്ച് ഓഫീസറും രണ്ടുവീതം ജൂനിയർ റിസർച്ച് ഓഫീസർമാരുമുണ്ടായിരുന്നു. സെമിനാർ, പബ്ലിക്കേഷൻ എന്നീ വിഭാഗങ്ങളിൽ ഓരോ സീനിയർ റിസർച്ച് ഓഫീസറും ജൂനിയർ റിസർച്ച് ഓഫീസറും പ്രവർത്തിച്ചുപോന്നു.

ആദ്യകാലത്ത് ഗസ്റ്റ് എഡിറ്റർമാർ എന്ന നിലയിൽ കോളെജ് അധ്യാപകരെയും മറ്റും നിയമിച്ചതായി കാണാം. ഇങ്ങനെ നിയമിക്കപ്പെട്ടവരിൽ നിർദിഷ്ടകാലയളവ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ വന്ന് പ്രവർത്തിക്കുന്നവരും തങ്ങളുടെ സ്വന്തം സ്ഥാപനത്തിലിരുന്ന് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് വേണ്ടി പ്രവർത്തിക്കുന്നവരുമുണ്ടായിരുന്നു. സ്റ്റാൻഡിങ്ങ് കമ്മിറ്റി അംഗീകരിച്ച ലിസ്റ്റിൽ നിന്നാണ് ഇത്തരത്തിലുള്ള നിയമനം നടത്തിയിരുന്നത്. ഡോ. രാമവർമ (എസ്. എൻ. കോളെജ്, കൊല്ലം), പ്രൊഫ. വി.എം.എൻ.നമ്പൂതിരിപ്പാട് (മലബാർ ക്രസ്ത്യൻ കോളെജ്, കോഴിക്കോട്), എ.സി. മേനോൻ (യൂണിവേഴ്സിറ്റി കോളെജ്, തിരുവനന്തപുരം), പ്രൊഫ. ജേക്കബ് പി.മാത്യു (എസ്.എൻ. കോളെജ്, കൊല്ലം), കെ.ഗോവിന്ദൻ (യൂണിവേഴ്സിറ്റി കോളെജ്, തിരുവനന്തപുരം), പ്രൊഫ. കെ. രാമകൃഷ്ണ പിള്ള (സെന്റ് തോമസ് കോളെജ്, പാല), വി.കെ.ദാമോദരൻ (റീജിയണൽ എൻജിനീയറിങ്ങ് കോളെജ്, കോഴിക്കോട്), വിൻസെന്റ് പോൾ (റീജിയണൽ എൻജിനീയറിങ്ങ് കോളെജ്, കോഴിക്കോട്) എന്നിവരൊക്കെ ഇത്തരത്തിൽ ഗസ്റ്റ് എഡിറ്റർമാരായി ജോലി ചെയ്തവരാണ്.

റജിസ്റ്റർ ചെയ്ത സൊസൈറ്റിയായി മാറുന്നതോടെയാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് ഒരു സ്റ്റാൻഡിങ്ങ് കമ്മിറ്റി രൂപീകരിക്കപ്പെട്ടത്. മുഖ്യമന്ത്രി പ്രസിഡന്റും വിദ്യാഭ്യാസമന്ത്രി വൈസ് പ്രസിഡന്റും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ മെമ്പർ സെക്രട്ടറിയുമായുള്ള സ്റ്റാൻഡിങ്ങ് കമ്മിറ്റിയിൽ അഞ്ച് അംഗങ്ങളാണുള്ളത്. അക്കാദമിക മികവും പ്രതിബദ്ധതയും കഴിവുമുള്ളവരെ കണ്ടെത്തി സ്ഥാപന നടത്തിപ്പ് സുഗമമാക്കുകയെന്ന ആദ്യനടപടി ശ്രദ്ധേയമായ രീതിയിൽ സ്റ്റാൻഡിങ്ങ് കമ്മിറ്റി കൈകാര്യം ചെയ്തതായി കാണാം. അക്കാദമികമായ സംഭാവനകൾ എല്ലാ വിഷയമേഖലകളിൽനിന്നും രൂപപ്പെടാൻ കഴിയുംവിധം അതതുമേഖലകളിലെ ആളുകളെ കണ്ടെത്താൻ കഴിഞ്ഞു. ആളുകളെ റിക്രൂട്ട് ചെയ്യുന്നതിൽ കാര്യക്ഷമതയ്ക്കും യോഗ്യതയ്ക്കും മറ്റെന്തിലുമേറെ ഊന്നൽ കൊടുക്കാൻ കഴിഞ്ഞത് 'അന്നത്തെ മുഖ്യമന്ത്രിക്കും സഹപ്രവർത്തകർക്കും ഉണ്ടായിരുന്ന ഉദ്ബുദ്ധതാൽപര്യം' കൊണ്ടാണെന്ന് എൻ. വി. പിന്നീട് വിലയിരുത്തുകയുണ്ടായി ("ഭാഷാ

ഇൻസ്റ്റിറ്റ്യൂട്ടിന് ഒരാമുഖം" 295). 'ചുവപ്പുനാടയിൽ കുടുങ്ങിക്കിടക്കുന്ന സർക്കാർ നടപടികളിൽനിന്നു വ്യത്യസ്തമായ നടപടിക്രമങ്ങൾക്ക്' രൂപം നൽകാൻ ഇൻസ്റ്റിറ്റ്യൂട്ടിന് കഴിഞ്ഞതും ഈ പിന്തുണകൊണ്ടുതന്നെ. വിവിധ വിഷയമേഖലകളിൽ പ്രശസ്തരും പ്രഗത്ഭരുമായ ഒരു നിരയെ അണിനിരത്താൻ തുടക്കകാലത്ത് ഇൻസ്റ്റിറ്റ്യൂട്ടിന് കഴിഞ്ഞിട്ടുണ്ടെന്ന് കാണാം (കാ. അനുബന്ധം 6). തിരഞ്ഞെടുപ്പിൽ കാണിച്ച ഈ സൂക്ഷ്മത തന്നെയായിരിക്കാം 'പതിവ് സർക്കാർ ഓഫീസുകളിൽനിന്ന് വ്യത്യസ്തമായ പുതിയൊരു സംസ്കാരം' (പരമേശ്വരൻ, *കാലഹരണമില്ലാത്ത സ്വപ്നങ്ങൾ* 128) ഇൻസ്റ്റിറ്റ്യൂട്ടിൽ രൂപം കൊള്ളാനിടയാക്കിയതും.

പത്തുമുതൽ അഞ്ചുവരെ നീളുന്ന സർക്കാർ ഓഫീസ് സംവിധാനത്തിൽനിന്ന് വ്യത്യസ്തമായ ഒന്നായിരുന്നു ആദ്യകാലത്തെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. ലക്ഷ്യത്തിനുവേണ്ടിയുള്ള കൂട്ടായ്മയിലൂന്നിയ പ്രവർത്തനശൈലിയെ ആദ്യകാലത്തെ പ്രവർത്തകർ പലരും അടയാളപ്പെടുത്തുന്നു. ഡോ. എ.എൻ.പി. ഉമ്മർകുട്ടി, ഡോ. എം.പി. പരമേശ്വരൻ, കെ.കെ.കൃഷ്ണകുമാർ, ടി.കെ.കൊച്ചുനാരായണൻ, വിളക്കുടി രാജേന്ദ്രൻ, സി.പി.നാരായണൻ, വിജയനാഥൻ പിള്ള, കെ.എ.വാസുക്കുട്ടൻ എന്നിങ്ങനെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് കാലത്തെ അനുഭവങ്ങളെക്കുറിച്ച് നേരിട്ട് ചോദിച്ചറിയാൻ കഴിഞ്ഞവരൊക്കെ അന്നത്തെ 'ടീം വർക്കി'നെക്കുറിച്ച് ആഹ്ലാദത്തോടെയും ആവേശത്തോടെയുമാണ് സംസാരിച്ചത്. 'അതിലെ പ്രവർത്തകർ സർക്കാർ സേവനക്കാരായിരുന്നില്ല, തങ്ങൾക്കിഷ്ടപ്പെട്ടതും ചെയ്യാതിരിക്കാൻ പറ്റാത്തതുമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നവരായിരുന്നു അവർ' ("വിജ്ഞാനസാഹിത്യം മലയാളത്തിൽ 1968–1978" 320) എന്നും, 'നവമായ ഒരു ബൗദ്ധികലോകത്തിന്റെ നിർമാണപ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നു എന്ന ഉത്സാഹമായിരുന്നു ഇൻസ്റ്റിറ്റ്യൂട്ടിൽ ജോലിചെയ്യുന്നവർക്കെല്ലാം' (ഗുപ്തൻ നായർ, *മനസാസ്മരാമി* 214) എന്നുമുള്ള സാക്ഷ്യപ്പെടുത്തലുകൾ ഇതിനെ അടിവരയിടുന്നുണ്ട്.

അനൗപചാരികത ആദ്യഘട്ടത്തിലെ പ്രവർത്തനത്തിന്റെ മുഖമുദ്രയായിരുന്നു. സ്ഥാപനപരമായ സൗകര്യങ്ങളൊന്നുമില്ലാതിരുന്നതിനാൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ഘാടനപരിപാടിയുടെ സംഘാടനം വിജയിപ്പിക്കാനായി ഡയറക്ടർതന്നെ ടൈപ്പിസ്റ്റായി മാറിയെന്ന് കെ. ഗോപാലകൃഷ്ണൻ എൻ. വി. യുടെ ജീവചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തസ്തികകൾ തമ്മിലുള്ള ശ്രേണീബന്ധങ്ങൾക്കപ്പുറമായി സമഭാവനയോടെ ഇടപെടാനും ചൂടുപിടിച്ച സംവാദങ്ങളിൽ പങ്കാളികളാകാനും തർക്കിക്കാനും ക്ഷോഭിക്കാനുമുള്ള ഇടം പ്രദാനം ചെയ്യുന്നതായിരുന്നു ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അന്തരീക്ഷം.

'നാട്ടുക്കൂട്ടം എന്നുവിളിച്ചുപോന്ന സ്റ്റാഫ് മീറ്റിങ്ങുകളിൽ പൊട്ടിത്തെറികൾ കെട്ടടങ്ങു ന്നതും, കൊടുങ്കാറ്റുകൾ അമർന്നൊതുങ്ങുന്നതും, ഒടുക്കം എല്ലാവരും അവരവരുടെ ഇരിപ്പിടമെത്തുന്നതും.' (വിഷ്ണുനാരായണൻ നമ്പൂതിരി, "വാചസ്പതിയുടെ ആശ്രമത്തിൽ" 69) ഈ അനൗപചാരിക പ്രവർത്തനശൈലിയുടെ നിദർശനമാണ്. സർക്കാർ ഭരണസമ്പ്രദായങ്ങളുമായി ആദ്യകാല പ്രവർത്തകർക്ക് പരിചയമില്ലാതിരുന്നത് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുന്നോട്ടുള്ള പോക്കിനെ സഹായിച്ച ഘടകങ്ങളിലൊന്നാ യാണ് എൻ.വി. പിന്നീട് വിലയിരുത്തിയത്. സർക്കാർമുറകളെ മാനിച്ചും ഭയന്നും പ്രവർത്തനങ്ങളിൽനിന്ന് മാറി നിൽക്കുകയല്ല, കാര്യങ്ങൾ ഭംഗിയായും ഒപ്പം വേഗ ത്തിലും ചെയ്യുന്നതിനായിരുന്നു അന്നത്തെ പ്രവർത്തകരുടെ ഊന്നലെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു ("ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് ഒരാമുഖം" 295).

തുടക്കനാളുകൾ പിന്നിട്ടപ്പോൾ അനൗപചാരികതയിലൂന്നിയ പ്രവർത്തനശൈലി മാത്രമല്ല നഷ്ടപ്പെട്ടത്. സ്ഥാപനത്തിന്റെ ആൾശേഷിയിലും വലിയ മാറ്റങ്ങൾ കടന്നുവന്നു. എഴുപതുകളുടെ മധ്യത്തിൽ സാമ്പത്തിക പ്രതിസന്ധി രൂപപ്പെട്ടപ്പോൾ വലിയതോതിൽ ആളുകളെ വെട്ടിക്കുറച്ചു. വിവിധ വകുപ്പുകളിൽനിന്ന് ഡെപ്യൂട്ടേഷനിൽ വന്നവരെ മാതൃവകുപ്പുകളിലേക്ക് തിരിച്ചയച്ചു. അഞ്ചാം പദ്ധതിയിൽ പദ്ധതിക്ക് പഴയതുപോലെ കേന്ദ്രസർക്കാരിൽനിന്ന് സാമ്പത്തികപിന്തുണ ഉണ്ടാവില്ലെന്ന ഘട്ടം വന്നപ്പോഴായി രുന്നു ഇത്. നാലാം പദ്ധതിക്കാലത്ത് ചെലവഴിക്കാൻ കഴിയാതിരുന്ന തുക മാത്രമേ (unutilised balance carried over) അഞ്ചാം പദ്ധതിക്കാലത്ത് ലഭ്യമാക്കാൻ കേന്ദ്രം തയ്യാറായുള്ളൂ(Quarterly Report for the months of January, February and March 1974). പല തസ്തികകളും എടുത്തുകളയുകയോ തരംതാഴ്ത്തുകയോ ചെയ്തു. അപ്പോഴും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോവാൻ കഴിയുംവിധമുള്ള ഒരു സംവിധാനം നിലനിർത്തപ്പെട്ടിരുന്നു എന്നു കാണാം. പ്രഗത്ഭരും പ്രശസ്തരുമായ നിരവധി പണ്ഡിതന്മാർ ഒരുമിച്ച് പ്രവർത്തിച്ചിരുന്ന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ അക്കാ ദമികവിഭാഗത്തിൽ ഇപ്പോൾ (2023) മൂന്ന് സ്ഥിരം ജീവനക്കാർ മാത്രമാണുള്ളത്. ബാക്കിയെല്ലാവരും കരാറടിസ്ഥാനത്തിൽ ചുരുങ്ങിയ കാലത്തേക്ക് നിയമിക്കപ്പെട്ടവ രാണ്. വ്യത്യസ്ത അക്കാദമിക മേഖലകളിൽ പ്രാവീണ്യമുള്ളവരെ കണ്ടെത്തുന്നതിലും ശ്രദ്ധ പുലർത്തുന്നില്ല. അധികപേരും മലയാളസാഹിത്യത്തിൽ ബിരുദാനന്തരബിരുദം നേടിയവരാണ്.

## 3.6 സെമിനാറുകളും മാതൃകാക്ലാസുകളും

ഉന്നതനിലവാരമുള്ള പാഠപുസ്തകങ്ങൾ പ്രാദേശികഭാഷകളിൽ തയ്യാറാക്കിയാൽ മാത്രം അധ്യയനമാധ്യമമാറ്റം യാഥാർത്ഥ്യമാവില്ല. മാറ്റത്തിനാവശ്യമായ അന്തരീക്ഷസൃഷ്ടിയും പ്രധാനമാണ്. ഇംഗ്ലീഷിലൂടെയേ ഉന്നതവിദ്യാഭ്യാസം സാധ്യമാവൂ എന്ന ബോധം സമൂഹത്തിൽ ആഴത്തിൽ വേരുകളുള്ളതാണ്. ഇംഗ്ലീഷ് മാധ്യമത്തിലൂടെ വിദ്യാഭ്യാസം നേടുകയും അതേ മാധ്യമത്തിലൂടെ പലകാലമായി പഠിപ്പിച്ചുവരികയും ചെയ്യുന്നവരാണ് ഉന്നതവിദ്യാഭ്യാസമേഖലയിലെ അധ്യാപകർ. 1835 ലെ മെക്കാളെ മിനുട്സിന്റെ ബാക്കിപത്രം കൂടിയാണത്. അവരിൽ ഭൂരിഭാഗവും ഉയർന്ന ഇടത്തരം വിഭാഗങ്ങളെ പ്രതിനിധീകരിക്കുന്നവരുമാണ്. അവരുടെ വർഗതാൽപ്പര്യങ്ങൾ വരേണ്യഭാഷയായ ഇംഗ്ലീഷിനെ പിന്തുണയ്ക്കുന്നതായിരിക്കും. അവരുടെ അക്കാദമികധാരണകളും ഈ അടിത്തറയിൽ കെട്ടിപ്പടുത്തതായതിനാൽ അധ്യയനമാധ്യമമാറ്റത്തിന് വിലങ്ങുതടികൾ ഉയർന്നുവരിക സ്വാഭാവികമാണുതാനും. ഇത്തരം ധാരണകളെ തിരുത്തിയെഴുതിക്കൊണ്ടേ മാധ്യമമാറ്റം യാഥാർത്ഥ്യമാക്കാനാവൂ.

ഭാഷയിൽ ഉണ്ടായിവരേണ്ട പാഠപുസ്തകങ്ങളാണ് മറ്റൊരു കാര്യം. ഉന്നതവിദ്യാഭ്യാസരംഗത്തെ അധ്യാപകരാണ് ആ രംഗത്തെ പാഠപുസ്തകങ്ങൾ തയ്യാറാക്കേണ്ടത്. റിച്ചാർഡ് ഫെയ്ൻമാന്റെ പ്രസിദ്ധമായ *ഫെയ്ൻമാൻ ലക്ചേഴ്സ് (The Feynman Lectures On Physics)* എന്ന പുസ്തകപരമ്പരപോലെ, പ്രഗത്ഭരായ അധ്യാപകരുടെ ക്ലാസ്നോട്ടുകളാണ് പലപ്പോഴും മികച്ച പാഠപുസ്തകങ്ങളായി മാറാറുള്ളത്. ക്ലാസിൽചെയ്ത പ്രസംഗങ്ങളുടെ നോട്ടുകളാണല്ലോ *കേരളീയപാണിനീയ*മെന്ന പ്രസിദ്ധമായ പുസ്തകമായി മാറുന്നതും (രാജരാജവർമ, *കേരളപാണിനീയം* XXVI). പാഠപുസ്തകങ്ങൾ എക്കാലത്തും രൂപപ്പെട്ടത് അധ്യാപകരുടെ മുൻഗണനകളോട് പ്രതികരിച്ചുകൊണ്ടാണെന്ന നിരീക്ഷണത്തെ (Connors 178) ഇതുമായി ചേർത്തുവായിക്കാം. ഈ മുൻഗണനകളാകട്ടെ, പിൻപറ്റുന്ന സംസ്കാരത്തെ മുൻനിർത്തി അവർ ഉൾക്കൊണ്ട ആവശ്യങ്ങളിൽ അധിഷ്ഠിതമാണ്. ഇത്തരം പാഠപുസ്തകങ്ങളാൽ രൂപപ്പെടുത്തപ്പെട്ട, പിന്നീട് വരുന്ന അധ്യാപകരാവട്ടെ ഇവയെ പുനഃസൃഷ്ടിക്കുകയും ചെയ്യുന്നു. മികച്ച പുസ്തകങ്ങൾ അധ്യാപകരിൽനിന്ന് രൂപപ്പെട്ടുവരണമെങ്കിൽ അവരുടെ വിഷയങ്ങൾ അയത്നലളിതമായി സ്വന്തം ഭാഷയിൽ കൈകാര്യം ചെയ്യാനുള്ള ആത്മവിശ്വാസം അവർക്ക് കൈവരേണ്ടതുണ്ട്. വിദ്യാർത്ഥികളുടെ ഭാഷയിൽ പഠനം നടത്തേണ്ടതിന്റെ ആവശ്യകതയും സാധ്യതയും അവർക്ക് ബോധ്യപ്പെടേണ്ടതുമുണ്ട്.

ഒറ്റപ്പെട്ട പ്രവർത്തനമെന്നതിനുപകരം ഔദ്യോഗികസംവിധാനങ്ങളുടെയും അനൗപചാരിക ഏജൻസികളുടെയും സഹകരണത്തോടെയാണ് അന്തരീക്ഷസൃഷ്ടിയുടെ പ്രവർത്തനങ്ങളിലേക്ക് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് കടന്നത്. ജില്ലകൾ തോറുമുള്ള കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ പിന്തുണ സെമിനാറുകളുടെ സംഘാടനത്തിലും, സർവകലാശാലകളുടെ പിന്തുണ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പങ്കാളിത്തം ഉറപ്പിക്കുന്നതിലും പ്രയോജനപ്പെട്ടതായി കാണാം. ഔദ്യോഗിക സംവിധാനങ്ങളെന്ന നിലയിൽ കേരള-കോഴിക്കോട്-കാർഷിക സർവകലാശാലകൾക്കുപുറമെ സാങ്കേതികവിദ്യാഭ്യാസ ഡയറക്ടറേറ്റും നാഷണൽ ബുക്ക്ട്രസ്റ്റും സെമിനാറുകളുടെ സംഘാടനത്തിനായി ഇൻസ്റ്റിറ്റ്യൂട്ടിന് പിന്തുണ നൽകി. കേരള ശാസ്ത്രസാഹിത്യ പരിഷത്തിനു പുറമെ, ഫോറം ഓഫ് എജ്യുക്കേഷനൽ റിസേർച്ച് ആൻഡ് സ്റ്റഡീസ്, കേരള യൂണിവേഴ്സിറ്റി സെനറ്റേഴ്സ് ഫ്രണ്ട്, കേരള ഹിസ്റ്ററി അസോസിയേഷൻ, ശാസ്ത്രസാഹിത്യ സേവകസംഘം, കേരള ബയോളജി അക്കാദമി, സാഹിത്യ പ്രവർത്തക സഹകരണസംഘം, കേരള ഗവൺമെന്റ് കോളെജ് ടീച്ചേഴ്സ് അസോസിയേഷൻ എന്നിവയും സെമിനാറുകൾക്ക് പിന്തുണ നൽകിയ അനൗദ്യോഗിക സംഘടനകളായിരുന്നു. ഇൻസ്റ്റിറ്റ്യൂട്ടിനകത്ത് ഒരു സീനിയർ റിസർച്ച് ഓഫീസർക്ക് സെമിനാർ സംഘാടനത്തിന്റെ പ്രത്യേക ചുമതല നൽകുകയുണ്ടായി. പി. എ. വാരിയരായിരുന്നു ആദ്യത്തെ സെമിനാർ ഓഫീസർ.

സെമിനാർ ഓഫീസർ എന്ന നിലയിൽ ഒരു പ്രത്യേക ചുമതലക്കാരൻ യാഥാർത്ഥ്യമാകുന്നതിനുമുമ്പുതന്നെ സെമിനാർ പരമ്പരയ്ക്ക് തുടക്കം കുറിച്ചിരുന്നു. 'എ. ഡി. 2000' എന്ന വിഷയത്തെ മുൻനിർത്തി 1968 ഒക്ടോബർ 27 ന് തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് സെന്ററിൽ നടന്ന സെമിനാർ ജനസംഖ്യാപ്രശ്നം, ഭക്ഷണപ്രശ്നം, വിദ്യാഭ്യാസം, പ്രകൃതിവിഭവങ്ങൾ, വിനോദവും കലയും, ഗതാഗതവും വാർത്താവിനിമയവും, മതവും തത്വചിന്തയും എന്നീ വിഷയങ്ങൾ ചർച്ചചെയ്തു. ഡിസംബറിൽ ഇൻസ്റ്റിറ്റ്യൂട്ടിൽത്തന്നെ ചേർന്ന ദ്വിദിന സെമിനാർ ശബ്ദാവലീ നിർമാണത്തിന്റെ അടിസ്ഥാനപ്രമാണങ്ങളെയും രീതികളെയും ചർച്ചചെയ്യാൻ വേണ്ടിയായിരുന്നു. കേരളത്തിലെ നാൽപ്പതോളം പ്രമുഖരായ പണ്ഡിതർ പങ്കെടുത്ത ഈ സെമിനാറിനെ തുടർന്നാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ശബ്ദാവലീ നിർമാണ ശ്രമങ്ങൾ കരുത്താർജിക്കുന്നത്.

'വെള്ളം', 'ശാസ്ത്രപഠനം', 'സസ്യ- ജന്തുശാസ്ത്രാധ്യാപനം', 'ശാസ്ത്രങ്ങളുടെ പരസ്പരബന്ധം', 'ഗണിതം', 'ആധുനിക ഭരണഘടനകൾ', 'കൃഷിശാസ്ത്ര വിദ്യാഭ്യാസം',

‘കരിക്കുലം പ്ലാനിങ്ങ്’, ‘ജിയോളജി’, ‘ശാസ്ത്രവിദ്യാഭ്യാസം നമ്മുടെ കോളെജുകളിൽ’, ‘മൃഗചികിത്സ’, ‘എൻജിനീയറിങ്ങ് വിദ്യാഭ്യാസത്തിന്റെ വൈവിധ്യം’, ‘വിദ്യാഭ്യാസത്തിലെ ആധുനിക പ്രവണതകൾ’, ‘ശാസ്ത്രാധ്യാപനവും സാങ്കേതികപദങ്ങളും’, ‘ഉന്നതവിദ്യാഭ്യാസത്തിലെ പ്രശ്നങ്ങൾ’, ‘ചരിത്രപഠനത്തിൽ പുതിയ സമീപനം’, ‘ഗണിതവും സാംഖ്യികവും’, ‘പരിഭാഷാപ്രശ്നങ്ങൾ’, ‘വിദ്യാഭ്യാസം എഴുപതുകളിൽ’, ‘മലയാളം എഴുപതുകളിൽ’, ‘പുസ്തകനിർമാണത്തിന്റെ പ്രശ്നങ്ങൾ’, ‘സാമൂഹികശാസ്ത്ര ഗ്രന്ഥനിർമാണത്തിനുള്ള പ്രശ്നങ്ങൾ’, ‘ഗവേഷണത്തിന്റെ പ്രശ്നങ്ങൾ മലയാളത്തിൽ’ എന്നിങ്ങനെ വൈവിധ്യമാർന്ന വിഷയങ്ങൾ സെമിനാറിന് തിരഞ്ഞെടുത്തതായി കാണാം. മാതൃകാക്ലാസുകൾ മിക്ക സെമിനാറുകളുടെയും ഒരവിഭാജ്യഘടകമായി മാറിയിരുന്നു. ഇവ ഇഴപിരിയാത്ത ഘടകങ്ങളായി ചേർന്നതുകൊണ്ട് സെമിനാറുകളെത്ര, മാതൃകാക്ലാസുകളെത്ര എന്ന് വേർതിരിച്ചെടുക്കുക പ്രയാസമാണ്. ശാസ്ത്ര- സാമൂഹികശാസ്ത്ര വിഷയങ്ങളിലുള്ള ക്ലാസുകൾ എങ്ങനെ മലയാളത്തിൽ കൈകാര്യം ചെയ്യാമെന്നുള്ളതിന്റെ പ്രായോഗിക ഉദാഹരണങ്ങളായിരുന്നു മാതൃകാക്ലാസുകൾ. അധ്യാപകർക്കു വേണ്ടിയും വിദ്യാർത്ഥികൾക്കു വേണ്ടിയും രണ്ടു വിഭാഗത്തെയും ഒരുമിച്ച് പങ്കെടുപ്പിച്ചും മാതൃകാക്ലാസുകൾ നടന്നിട്ടുണ്ട്. നടത്തിയ സെമിനാറുകൾ/ മാതൃകാക്ലാസുകളെക്കുറിച്ചുള്ള ലഭ്യമായേടത്തോളം വിവരങ്ങൾ അനുബന്ധമായി (കാ. അനുബന്ധം 7) നൽകിയിട്ടുണ്ട്.[21]

‘സെറ്റ് സിദ്ധാന്തം’, ‘ലോഹങ്ങളുടെ ദ്രവിക്കൽ’, ‘വാർപ്പുവിദ്യ’, ‘ഭാഷാശാസ്ത്രം’, ‘ട്രാൻസ്ഫോർമറിന്റെ പ്രവർത്തനതത്വങ്ങൾ’, ‘അണുബോംബും ഹൈഡ്രജൻ ബോംബും’, ‘നമ്മുടെ ഭക്ഷ്യപ്രശ്നം’, ‘വസ്തുബലശാസ്ത്രത്തിന്റെ പ്രാഥമിക തത്വങ്ങൾ’, ‘മനുഷ്യന്റെ ദഹനേന്ദ്രിയം’, ‘ബീജാന്നം’, ‘പരമാണു’, ‘ഗ്രഹങ്ങൾ’, ‘സ്വയം പ്രകാശിക്കുന്ന ജീവികൾ’, ‘ക്ലോറിൻ’, ‘കോ-ഓർഡിനേഷൻ കോമ്പൗണ്ട്സ്’, ‘വാസ്തവികസംഖ്യ’, ‘താരങ്ങളുടെ ഉൽപത്തിയും അന്ത്യവും’, ‘താപശക്തി നിലയം’, ‘പരിണാമപ്രക്രിയയുടെ പ്രേരകശക്തികൾ’, ‘എക്സ് റേ’, ‘സാമ്പത്തികവികസന മാതൃകകൾ’, ‘ആധുനിക ഗണിതശാസ്ത്രത്തിന്റെ അടിസ്ഥാനോപാധികൾ’, ‘പ്രതിപ്രവർത്തനപ്രവേഗത്തിൽ ബാഹ്യശക്തികളുടെ സ്വാധീനവും രാസത്വരണവും’, ‘ദ്രവ്യതന്മാത്രാ ഗണിതസിദ്ധാന്തം’, ‘രക്തപര്യയനവ്യവസ്ഥ’, ‘സപുഷ്പികളായ ചെടികളുടെ പ്രധാന ഭാഗങ്ങൾ’, ‘വാണിജ്യത്തിന്റെ ഉദ്ഭവവും വളർച്ചയും’, ‘ഗ്രൂപ്പുകൾ’, ‘ജീവനസാരണികൾ’, ‘സാംഖ്യിക സങ്കൽപ്പപരിശോധന’, ‘$X^2$ വിതരണം’, ‘ജീവനും പാരമ്പര്യവും’, ‘ഗണിതശാസ്ത്രം രസതന്ത്രത്തിൽ’, ‘പദാർത്ഥ മൂലകണികകളുടെ അത്ഭുത വിക്രിയകൾ’, ‘ടോപ്പോളജി’, ‘സംയോജകത’, ‘ലൈംഗികപ്രജനനം സസ്യങ്ങളിൽ’, ‘ന്യൂട്ടന്റെ ചലനനിയമങ്ങൾ’, ‘വിര

ളീകൃത വാതകങ്ങളിലൂടെ വൈദ്യുതപ്രേഷണം', 'ഓക്സീകരണവും നിരോക്സീകരണവും', 'ഫ്രഞ്ചുവിപ്ലവം', 'വിതരണത്തിന്റെ ക്ലാസിക്കൽ സിദ്ധാന്തം', 'ബുക്ക് കീപ്പിങ്ങ്', 'ഇന്ത്യൻ ദേശീയതയുടെ വളർച്ച', 'ധനശാസ്ത്രത്തിലെ വിധിതന്ത്രം', 'ഇന്ത്യയുടെ രാഷ്ട്രീയസംവിധാനം', 'നാഡീ ആവേഗങ്ങളുടെ പ്രേഷണം'... എന്നിങ്ങനെ നിരവധി വിഷയങ്ങളിൽ പ്രഗത്ഭരായ അധ്യാപകർ ക്ലാസുകൾ നയിച്ചു.

1970 ൽ കേരള സർവകലാശാലയും 1971 ൽ കോഴിക്കോട് സർവകലാശാലയും സെമിനാർ നടത്തിപ്പിൽ ഔപചാരിക പങ്കാളികളായത് [22] അധ്യാപകരുടെ വർധിച്ച പങ്കാളിത്തത്തിന് ഇടയാക്കി. ഈ പരിപാടിയനുസരിച്ചുള്ള ആദ്യ സെമിനാറിൽത്തന്നെ (1971 ജനുവരി 29, 30) പതിമൂന്ന് കോളെജുകളിൽ നിന്നായി 340[23] അധ്യാപകർ പങ്കാളികളായി. രണ്ട് പൂർണദിവസങ്ങളിലായി നടക്കുന്ന രീതിയിലാണ് ഈ സെമിനാറുകൾ ആസൂത്രണം ചെയ്തത്. സെമിനാർ നടക്കുന്ന ദിവസങ്ങളിൽ ബന്ധപ്പെട്ട കോളെജുകൾക്ക് അവധി നൽകിയിരുന്നു. ഉദ്ഘാടന പൊതുസെഷനുപുറമെ, ഒൻപത് വിഷയമേഖലകളിലായി നാലുവീതം മാതൃകാക്ലാസുകൾ സെമിനാറിന്റെ ഭാഗമായിരുന്നു. വാണിജ്യശാസ്ത്രം, പൗരധർമം എന്നീ വിഷയങ്ങളിൽ രണ്ടുവീതം ക്ലാസുകളാണുണ്ടായിരുന്നത്. ആകെ 32 ക്ലാസുകൾ ഓരോ സെമിനാറിലും നടന്നു. ക്ലാസുകൾക്കുശേഷം, കൈകാര്യം ചെയ്ത വിഷയം, ക്ലാസിൽ ഉപയോഗിച്ച ഭാഷ, ഉപയോഗിച്ച സാങ്കേതിക പദങ്ങൾ, ആ വിഷയത്തിൽ ഇതിനകം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ആസൂത്രണം ചെയ്തിരുന്നതായി സെമിനാറിനെക്കുറിച്ച് തയ്യാറാക്കിയ കുറിപ്പിൽനിന്നു മനസ്സിലാക്കാം (കലാശാലാധ്യാപനം മലയാളത്തിലൂടെ– (അധ്യാപക പരിശീലനങ്ങളോടനുബന്ധിച്ച് തയ്യാറാക്കിയ കുറിപ്പ്)). സമാപന സമ്മേളനത്തിൽ ഇത്തരം ചർച്ചകളിലൂടെ രൂപപ്പെട്ട കാര്യങ്ങൾ അവതരിപ്പിച്ച് ക്രോഡീകരിക്കുകയും ചെയ്തു. കേരള സർവകലാശാലയുമായി ചേർന്ന് ഒൻപതും കോഴിക്കോട് സർവകലാശാലയുമായി ചേർന്ന് ഏഴും സെമിനാറുകൾ യാഥാർത്ഥ്യമായപ്പോൾ 116 കോളെജുകളിൽ നിന്നായി 2690 അധ്യാപകർ മാതൃകാക്ലാസുകളിലൂടെ കടന്നുപോയി. എല്ലാ കോളെജുകളിലെയും ഭാഷേതര വിഷയങ്ങളിൽ പ്രീ ഡിഗ്രി ക്ലാസുകളെടുക്കുന്ന അധ്യാപകരെ പരിമിതമായ തോതിലാണെങ്കിലും പരിശീലനപരിപാടിയിൽ ഉൾക്കൊള്ളിക്കാൻ അന്നത്തെ ശ്രമങ്ങൾക്ക് കഴിഞ്ഞിരുന്നു. കൂടുതൽ പരിശീലനം ആവശ്യമുണ്ടെങ്കിൽ അത് നൽകാനുള്ള സന്നദ്ധത ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അറിയിക്കുകയും ചെയ്തു.

അധ്യാപകരെ മാത്രമല്ല, വിദ്യാർത്ഥികളെക്കൂടി സെമിനാറുകളും മാതൃകാക്ലാസുകളും ലക്ഷ്യമിട്ടിരുന്നതായി സൂചിപ്പിച്ചുവല്ലൊ. 1969 മെയ് 26 മുതൽ ആറു ദിവസം തൃശ്ശൂരിൽ നടത്തിയ 'ശാസ്ത്രാഭ്യസന ക്യാമ്പ്' സ്കൂൾ പഠനം കഴിഞ്ഞ് കോളെജ് പഠനത്തിന് കാത്തിരിക്കുന്ന വിദ്യാർത്ഥികൾക്കായി നടത്തിയ ഒന്നായിരുന്നു. മലയാളത്തിൽ ശാസ്ത്രവിഷയങ്ങൾ കൈകാര്യം ചെയ്യാൻ കഴിയില്ലേ എന്ന് പരീക്ഷണാടിസ്ഥാനത്തിൽ നടത്തിയ ആദ്യ ക്യാമ്പുകളിലൊന്ന് എന്ന പ്രാധാന്യം ഇതിനുണ്ട്. ഗണിതം, ഭൗതികം, രസതന്ത്രം, സസ്യശാസ്ത്രം, ജന്തുശാസ്ത്രം എന്നീ വിഷയമേഖലകളിലാണ് 26 ക്ലാസുകൾ നടന്നത്. സംശയനിവാരണത്തോടെ മുന്നേറിയ ക്ലാസുകൾക്കൊടുവിൽ നടത്തിയ ചർച്ചകളും വിദ്യാർത്ഥികൾ നടത്തിയ മൂല്യനിർണയവും പ്രത്യേകം എടുത്തുപറയേണ്ട ഘടകങ്ങളായിരുന്നു. 'കൂടുതൽ ദിവസങ്ങൾകൊണ്ട് ഇംഗ്ലീഷിലൂടെ കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ ഒരു ദിവസത്തെ ക്ലാസിലൂടെ മലയാളത്തിലൂടെ സാധ്യമാകുന്നുവെന്ന് വിദ്യാർത്ഥികളും അധ്യാപകരും ക്യാമ്പിനൊടുവിൽ വിലയിരുത്തി' ("ഇൻസ്റ്റിറ്റ്യൂട്ട് വാർത്തകൾ" 86). വിവിധ സ്ഥലങ്ങളിലായി നടത്തിയ മലയാളമാധ്യമ ക്ലാസുകളിലൂടെ എണ്ണായിരം വിദ്യാർത്ഥികൾക്ക് കടന്നുപോവാൻ കഴിഞ്ഞെന്ന കാര്യം 1974 ലെ വാർഷിക റിപ്പോർട്ടിൽനിന്ന് വാസുക്കുട്ടൻ ഉദ്ധരിക്കുന്നുണ്ട് .

സെമിനാറിലെ ചർച്ചകളിൽനിന്ന് കൈവന്ന ആവേശവും ആത്മവിശ്വാസവും പുതിയ ചില സംരംഭങ്ങൾക്കും കാരണമായി. 1969 ജനുവരി 24, 25 തിയ്യതികളിൽ നടന്ന 'ജീവശാസ്ത്ര സെമിനാറി'നെ തുടർന്നാണ് കേരള ബയോളജി അക്കാദമി എന്ന സംഘടന രൂപപ്പെട്ടത് (വാസുക്കുട്ടൻ, *കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പശ്ചാത്തലവും പ്രവർത്തനവും* 71). കേരള ധനശാസ്ത്ര അക്കാദമി, കേരള കെമിസ്ട്രി അക്കാദമി എന്നീ സംരംഭങ്ങൾക്ക് തിരികൊളുത്തിയത് കേരള സർവകലാശാലയുമായി ചേർന്ന് സംഘടിപ്പിച്ച ആദ്യ ശാസ്ത്രാധ്യാപന സെമിനാറിൽ നിന്നാണ് ("ഇൻസ്റ്റിറ്റ്യൂട്ട് വാർത്തകൾ" 102).

1971 ജനുവരിയിൽ തിരുവല്ലയിൽ നടന്ന ജീവശാസ്ത്രക്ലാസുകളുടെ സംഘാടനത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിനൊപ്പം ബയോളജി അക്കാദമികൂടി പങ്കാളിയായിരുന്നു. അക്കാദമിയുടെ വാർഷികാഘോഷ പരിപാടിയുടെ ഭാഗമായിരുന്നു ഇത്. മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത ശാസ്ത്രജേണൽ പുറത്തിറക്കിയതും ബയോളജി അക്കാദമിയായിരുന്നു. വർഷത്തിൽ രണ്ടു ലക്കങ്ങൾ എന്ന നിലയിൽ പ്രസിദ്ധീകരണമാരംഭിച്ച *ജേണൽ ഓഫ് ദി അക്കാദമി ഓഫ് ബയോളജി*യുടെ ഒന്നാം ലക്കം 1969 ഒക്ടോബറിലും അവസാന ലക്കം 1973 ജൂലൈ മാസത്തിലും പുറത്തിറങ്ങി (എ. എൻ. നമ്പൂതിരി, "ശാസ്ത്രസാഹി

ത്യം" 789). മലയാളത്തിലെയെന്നല്ല, ഇന്ത്യൻ ഭാഷകളിലെതന്നെ ആദ്യത്തെ റിസർച്ച് ജേണലാണിത് എന്ന് *ശാസ്ത്രഗതി* ഇതിനെ വിശേഷിപ്പിക്കുകയുണ്ടായി. നേരത്തെ ശാസ്ത്ര സാഹിത്യപരിഷത്ത് (മലയാളം) ബോംബെ[24] ഒരു മലയാള റിസർച്ച് ജേണൽ പുറത്തിറക്കാൻ ആലോചനകൾ നടത്തിയിരുന്നെങ്കിലും(കെ. എം. നമ്പൂതിരി 115) അത് യാഥാർത്ഥ്യമായില്ല.

അന്താരാഷ്ട്രതലത്തിൽ ശ്രദ്ധിക്കപ്പെട്ട[25] ഒന്നായിരുന്ന ബയോളജി അക്കാദമിയുടെ മലയാള ശാസ്ത്രജേണൽ. അമേരിക്കയിലെ ലിറ്ററേച്ചർ റിസോഴ്സസ് ഡിപ്പാർട്ട്മെന്റ് തലവൻ ഡോ. എഡ്വൻ എച്ച്. ഫൈൻബെർഗ് പ്രസ്തുത ജേണലിനയച്ച കത്തിനെ[26] ആഹ്ലാദത്തോടെ *വിജ്ഞാനകൈരളി* അതിന്റെ വായനക്കാർക്ക് മുന്നിലെത്തിക്കുന്നുണ്ട്. ജേണലിന്റെ പ്രസാധനം 1973 ൽ നിന്നുപോയെങ്കിലും അക്കാദമിയുടെ പ്രവർത്തനം കുറെക്കാലം കൂടി മുമ്പോട്ടുപോയതായി മനസ്സിലാക്കുന്നു. 1975 സെപ്തംബറിൽ കോഴിക്കോട് സർവകലാശാലയുമായി ചേർന്ന് മൂന്ന് ദിവസം നീണ്ടുനിന്ന ഒരു അന്താരാഷ്ട്ര സിമ്പോസിയം അക്കാദമി നടത്തുന്നുണ്ട്. കെമിസ്ട്രി അക്കാദമിയുടെ നേതൃത്വത്തിലും കുറേ പ്രവർത്തനങ്ങൾ നടന്നു. പി. കെ. രവീന്ദ്രനായിരുന്നു അതിന്റെ സെക്രട്ടറി. അവരുടെ നേതൃത്വത്തിലും ഒരു ജേണൽ പുറത്തിറങ്ങുകയുണ്ടായി.[27] ടി. എ. കമാലുദ്ദീൻ, പ്രൊഫ. കെ.ജെ.മാത്യു തരകൻ, ഡോ. കെ.രാമചന്ദ്രൻ നായർ തുടങ്ങിയവരായിരുന്നു ഇക്കണോമിക്സ് അക്കാദമിയുടെ പ്രധാന പ്രവർത്തകർ. ധനശാസ്ത്ര അക്കാദമിയുടെ ആഭിമുഖ്യത്തിൽ *ധനശാസ്ത്രം* എന്ന ത്രൈമാസിക റജിസ്റ്റർ ചെയ്തുകഴിഞ്ഞതായി 1971 ഡിസംബറിലെ വിജ്ഞാനകൈരളിയിലെ കത്തുകൾ എന്ന പംക്തിയിൽ കാണുന്നുണ്ട്. കേരള അക്കാദമി ഓഫ് ടെക്നിക്കൽ സയൻസ് (KATS) മറ്റൊരു കൂട്ടായ്മയായിരുന്നു. അക്കാദമിക സമൂഹവുമായുള്ള ഇടപെടലിനുള്ള സാധ്യതകൾ തുറക്കുന്നതായിരുന്നു ഇത്തരം സംഘടനാരൂപങ്ങൾ. അക്കാദമിക സമൂഹങ്ങളുടെ ഈ കൂട്ടായ്മകൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനങ്ങളുടെ അനുരണനങ്ങൾ എന്ന നിലയിൽ നോക്കിക്കാണേണ്ടവയാണ്.

## 3.7 പുസ്തകനിർമാണ പദ്ധതി

കേന്ദ്രപദ്ധതി ആരംഭിച്ച് ഒരു വർഷം പിന്നിട്ടപ്പോഴാണ് സർവകലാശാലാ നിലവാരമുള്ള പുസ്തകങ്ങളുടെ നിർമാണം എന്ന ബൃഹത്തും എളുപ്പമല്ലാത്തതുമായ പ്രവർത്തനങ്ങളിലേക്ക് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് പ്രവേശിക്കേണ്ടി വന്നത്. മുൻ മാതൃ

കകൾ ഇല്ലാത്തതിനാൽ പാത പുതുതായി വെട്ടിത്തുറക്കേണ്ടതുമുണ്ടായിരുന്നു. എങ്കിലും പ്രീഡിഗ്രി–ഡിഗ്രി തലങ്ങളിലും പോളിടെക്നിക്കുകളിലും ആവശ്യമായി വരുന്ന 640 പുസ്തകങ്ങളുടെ പട്ടിക പെട്ടെന്നുതന്നെ തയ്യാറാക്കാൻ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനായി. ഇതോടൊപ്പം പൊതുപുസ്തകങ്ങളെന്ന നിലയിൽ നൂറ് പുസ്തകങ്ങൾകൂടി ലിസ്റ്റ് ചെയ്യപ്പെട്ടു. അധികവായനയ്ക്ക് പ്രയോജനപ്പെടുന്നവ എന്ന തരത്തിൽപ്പെടുന്നവയായിരുന്നു അവ. അഞ്ച് വർഷം കൊണ്ട് പൂർത്തിയാക്കാനുള്ള ആകെ 740 പുസ്തകങ്ങളുടെ പട്ടികയും പദ്ധതിയും കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചു. ഇതിനുപുറമെയായിരുന്നു പതിമൂന്ന് ശബ്ദാവലികൾ. 1968 ഡിസംബറിൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച പദ്ധതി ഫെബ്രുവരിയിൽ നിശ്ചിത വ്യവസ്ഥകളോടെ അംഗീകരിക്കപ്പെട്ടു. മൊത്തം പദ്ധതിച്ചെലവിന്റെ അഞ്ചുശതമാനത്തിൽ കുറഞ്ഞ തുകയേ സ്ഥാപനത്തിന്റെ ഭരണപരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടുണ്ടായിരുന്നുള്ളൂ.

ശബ്ദാവലികൾക്കു പുറമെ 740 പുസ്തകങ്ങളുടെ നിർമാണത്തിനുള്ള പദ്ധതിയാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് കേന്ദ്രസർക്കാരിന് സമർപ്പിച്ചതും അംഗീകാരം ലഭിച്ചതും.[28] അഞ്ചുവർഷം നീളുന്ന പദ്ധതിയുടെ മതിപ്പ് ചെലവ് 1,09,64,800 രൂപയായിരുന്നു. പുസ്തകനിർമാണത്തിനു പുറമെ ശിൽപ്പശാലകൾ, അധ്യാപകർക്കുള്ള ഓറിയന്റേഷൻ കോഴ്സുകൾ എന്നിവയുടെയെല്ലാം ചെലവ് ഇതിൽ ഉൾപ്പെടും. പദ്ധതിപ്രകാരം, അച്ചടിക്കുമ്പോൾ ഏതാണ്ട് അഞ്ഞൂറ് പേജുകൾ വീതം വരുന്ന നൂറ്റി ഇരുപത് പുസ്തകങ്ങളുടെ കയ്യെഴുത്തുപ്രതികൾ 1969–70 കാലത്ത് തയ്യാറാക്കേണ്ടതുണ്ടായിരുന്നു. അവയിൽ അമ്പതെണ്ണം അതേ വർഷംതന്നെ അച്ചടിയും പൂർത്തിയാക്കണം. പിന്നീടുള്ള മൂന്ന് വർഷങ്ങളിൽ നൂറ്റിയെൺപത് പുസ്തകങ്ങൾ വീതവും അവസാനവർഷം നൂറ്റിയമ്പത് പുസ്തകങ്ങളും അച്ചടിക്കണം. ഇതിനുപുറമെ ഒരു റിസർച്ച് ജേണൽ, ആവശ്യത്തിനനുസരിച്ച് മോണോഗ്രാഫുകൾ എന്നിവയും വിഭാവനം ചെയ്തു(Annual Report for the year ending 31st March 1969 9). പദ്ധതി പൂർത്തിയാവുമ്പോഴേക്കും പ്രീഡിഗ്രി–ഡിഗ്രി തലങ്ങളിലും പോളിടെക്നിക്കുകളിലും മലയാളത്തിൽ അധ്യയനം നടത്തുന്നതിന് ഏറ്റവും ചുരുങ്ങിയ തോതിൽ ആവശ്യമായ പുസ്തകങ്ങൾ ലഭ്യമായിരിക്കുമെന്ന് പദ്ധതിരേഖ കണക്കാക്കിയിരുന്നു.

കേന്ദ്രസർക്കാർ മുന്നോട്ടുവെച്ച വ്യവസ്ഥ പ്രകാരം ഈ പുസ്തകങ്ങൾ സർവകലാശാലാ അധ്യാപകരും അവിടങ്ങളിലെ ഗവേഷണവിഭാഗങ്ങളിലെ ഗവേഷകരുമാണ് തയ്യാറാക്കേണ്ടത്. എഴുത്തുകാരുമായുള്ള ധാരണകൾ ഉറപ്പിക്കുന്നതിനുമുമ്പ് പുസ്തകത്തിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങളെക്കുറിച്ച് അവരുമായി ചർച്ചകൾ നടത്തേണ്ട

തുണ്ടായിരുന്നു. കഴിയാവുന്നേടത്തോളം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ശബ്ദാവലികളിലെ സാങ്കേതികപദങ്ങൾ ഉപയോഗിക്കണമെന്ന് നിർദേശം നൽകി. ഏതാനും ഭാഗം മാതൃകയായി എഴുതിച്ച് അവ പരിശോധിച്ച് അംഗീകരിച്ചതിനുശേഷമാണ് ധാരണാപത്രം ഒപ്പുവച്ചിരുന്നത്. ഇങ്ങനെ ലഭിച്ച കയ്യെഴുത്തുപ്രതികൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തകർ ഉള്ളടക്കം, ഭാഷ എന്നിവ മുൻനിർത്തി പരിശോധിച്ചു. സ്ഥിരം സ്റ്റാഫിനുപുറമെ കൺസൾട്ടന്റ് എഡിറ്റർമാരുടെ സേവനംകൂടി ഇതിന് പ്രയോജനപ്പെടുത്തുകയുണ്ടായി. ഇതിനിടെ സിലബസ്സിലുണ്ടായ മാറ്റത്തിനനുസരിച്ച് പുസ്തകരൂപരേഖകളിൽ അതിനനുസരിച്ച മാറ്റങ്ങൾ കൊണ്ടുവരേണ്ടിവന്നു.

പ്രവർത്തനാനുഭവങ്ങളുടെ വെളിച്ചത്തിൽ ഒരുവർഷത്തിനുശേഷം പദ്ധതി 2,93,250 പേജുകൾ വരുന്ന 771 പുസ്തകങ്ങളായി വർധിപ്പിച്ചു (വാസുക്കുട്ടൻ, *കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പശ്ചാത്തലവും പ്രവർത്തനവും* 22). നിരന്തരമായ നവീകരണം ആവശ്യമായ മേഖലയെന്ന നിലയിൽ 1971–72 ൽ ഇത് 1278 പുസ്തകങ്ങളാക്കി വർധിപ്പിക്കുകയുണ്ടായി. പരിഷ്കരിച്ച തോതിൽ ലഭ്യമായ അവസാന ലിസ്റ്റ് 1972–73 ലെ വാർഷികറിപ്പോർട്ടിലെ അനുബന്ധമാണ്. ഈ പഠനത്തിൽ അവലോകനത്തിനായി പ്രയോജനപ്പെടുത്തുന്നത് പ്രസ്തുത ലിസ്റ്റാണ് (ഇനിമുതൽ 73ലെ ലിസ്റ്റ് ). ഇതിൽ 834 മൗലികരചനകളും 477 പരിഭാഷകളുമടക്കം 1311 പുസ്തകങ്ങളുടെ പദ്ധതിയാണ് കാണുന്നത്.

സൂക്ഷ്മമായി പരിശോധിക്കുമ്പോൾ 73ലെ ലിസ്റ്റ് ഒരു കറതീർത്ത ലിസ്റ്റ് അല്ലെന്ന് കാണാം. ചില പുസ്തകങ്ങൾക്ക് കൃത്യമായ ടൈറ്റിലും എഴുതേണ്ട ആളെ/ആളുകളെയും രേഖപ്പെടുത്തിയിട്ടുണ്ട്. ചിലത് പുസ്തകടൈറ്റിൽ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. മറ്റു ചിലതിലാവട്ടെ പുസ്തകവിഷയം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. പുസ്തകം രൂപപ്പെട്ടുവരുമ്പോൾ യഥാർത്ഥ ടൈറ്റിൽ ഇതാവണമെന്നില്ല. ഇത് വലിയൊരു പോരായ്മയായി പറയാൻ കഴിയില്ല. എന്നാൽ, ലിസ്റ്റിൽ മറ്റൊരു പോരായ്മ ഉണ്ട്. രണ്ടോ മൂന്നോ വാല്യങ്ങളുള്ള പുസ്തകങ്ങൾ ചിലയിടങ്ങളിൽ വെവ്വേറെ പുസ്തകങ്ങളായിത്തന്നെ കണക്കാക്കിയിട്ടുണ്ട്. ചില വിഷയമേഖലകളിലാവട്ടെ അവ ഒറ്റപ്പുസ്തകമായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. ഈ പഠനത്തിൽ ഇത്തരം വാല്യങ്ങളെ ഓരോന്നിനേയും പ്രത്യേകം പുസ്തകമായി കണക്കാക്കുന്നു. അങ്ങനെ ചെയ്യുമ്പോൾ ലിസ്റ്റിൽ രേഖപ്പെടുത്തിയതുപോലെ 1311 പുസ്തകങ്ങളല്ല യഥാർത്ഥത്തിലുള്ളത്. 843 മൗലിക രചനകളും 496 പരിഭാഷാകൃതികളും ഉൾപ്പെടെ മുപ്പത്തിമൂന്ന് വിഭാഗങ്ങളിലായി 1339 പുസ്തകങ്ങളുടേതാണ് പദ്ധതിയെന്നു കാണാം.

പതിമൂന്ന് ശബ്ദാവലികളടക്കമാണിത്. ഓരോ അക്കാദമിക് വിഭാഗത്തിന്റെയും പുസ്തക നിർമാണ ലക്ഷ്യങ്ങൾ 3.1 മുതൽ 3.5 വരെയുള്ള പട്ടികകളിൽ കാണിച്ചിരിക്കുന്നു.

പട്ടികകൾ വിശകലനം ചെയ്യുമ്പോൾ, ശാസ്ത്ര-സാങ്കേതികമേഖലകളിലെ പുസ്തകങ്ങളിലായിരുന്നു ഊന്നൽ എന്നുകാണാം. ആകെ വിഭാവനം ചെയ്ത പുസ്തകങ്ങളിൽ 78.57 ശതമാനവും ശാസ്ത്ര-സാങ്കേതിക മേഖലകളിൽ നിന്നായിരുന്നു. സാമൂഹികശാസ്ത്രമേഖലയിൽ 19.49 ശതമാനവും ഭാഷാശാസ്ത്ര-സാഹിത്യമേഖലകളിൽ ശബ്ദാവലികൾ ഉൾപ്പെടെ 1.94 ശതമാനവും പുസ്തകങ്ങളാണുണ്ടായിരുന്നത്. ശബ്ദാവലികളാവട്ടെ എല്ലാവരുടെയും ശ്രമങ്ങൾ ഉൾപ്പെടുന്നവയുമായിരുന്നു. മറ്റ് വിഭാഗങ്ങളിൽ നിന്ന് വ്യത്യസ്തമായി ഭൗതികശാസ്ത്രത്തിൽ മൗലികരചനകളേക്കാൾ പരിഭാഷാകൃതികളുടെ എണ്ണമായിരുന്നു കൂടുതൽ. എൻജിനീയറിങ് മേഖലയിൽ പുസ്തകങ്ങൾ വിഭാവനം ചെയ്തതുപോലെ മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് പുസ്തകങ്ങൾ വിഭാവനം ചെയ്തിട്ടില്ല. എൻജിനീയറിങ് രംഗത്തുതന്നെ കൂടുതൽ പുസ്തകങ്ങളും ബിരുദകോഴ്സുകൾക്ക് താഴെയുള്ള വിഭാഗങ്ങളെ ലക്ഷ്യമിട്ടവയായിരുന്നു താനും.

| പ്രകൃതിശാസ്ത്രവിഭാഗം പുസ്തകങ്ങൾ | | | | |
|---|---|---|---|---|
| **നമ്പർ** | **പുസ്തകമേഖലകൾ** | **മൗലികം** | **പരിഭാഷ** | **ആകെ** |
| 1 | കാർഷികം | 72 | 6 | 78 |
| 2 | മൃഗചികിത്സാശാസ്ത്രം | 41 | 4 | 45 |
| 3 | മെഡിക്കൽ & പാരാമെഡിക്കൽ | 10 | 2 | 12 |
| 4 | ജന്തുശാസ്ത്രം | 43 | 41 | 84 |
| 5 | സസ്യശാസ്ത്രം | 71 | 42 | 113 |
| 6 | ഭൗമശാസ്ത്രം | 31 | 30 | 61 |
| 7 | സമുദ്രവിജ്ഞാനം & ഫിഷറീസ് | 14 | 5 | 19 |
| **ആകെ** | | **282** | **130** | **412** |

പട്ടിക 3.1: ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകനിർമാണ പദ്ധതി. 1973 ൽ പരിഷ്കരിച്ച ലിസ്റ്റ് അനുസരിച്ച് പ്രകൃതിശാസ്ത്രവിഭാഗം തയ്യാറാക്കേണ്ട പുസ്തകങ്ങൾ

ഓരോ ഉപവിഷയമേഖലയെയും സമഗ്രമായി കണ്ടുകൊണ്ടാണ് പുസ്തകങ്ങളുടെ ടൈറ്റിലുകളെക്കുറിച്ചുള്ള ധാരണയുണ്ടാക്കിയത് എന്ന് അവയിലൂടെ കടന്നുപോവുമ്പോൾ കാണാൻ കഴിയും. വിഷയങ്ങളുടെ നാനാവശങ്ങളിലേക്കും സൂക്ഷ്മതലങ്ങളിലേ

ക്കും ഏറ്റവും പുതിയ ചലനങ്ങളിലേക്കും കടന്നുചെല്ലുന്ന വിധമായിരുന്നു പുസ്തകങ്ങൾ ലിസ്റ്റ് ചെയ്തത് (കാ. അനുബന്ധം 8).

| ഭൗതികശാസ്ത്രവിഭാഗം പുസ്തകങ്ങൾ | | | | |
|---|---|---|---|---|
| **നമ്പർ** | **പുസ്തകമേഖലകൾ** | **മൗലികം** | **പരിഭാഷ** | **ആകെ** |
| 1 | ഗണിതം | 65 | 76 | 141 |
| 2 | ഭൗതികശാസ്ത്രം | 37 | 54 | 91 |
| 3 | രസതന്ത്രം | 46 | 70 | 116 |
| 4 | ജ്യോതിശ്ശാസ്ത്രം | 15 | – | 15 |
| 5 | സ്റ്റാറ്റിസ്റ്റിക്സ് | 23 | – | 23 |
| **ആകെ** | | **186** | **200** | **386** |

പട്ടിക 3.2: ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകനിർമാണ പദ്ധതി. 1973 ൽ പരിഷ്കരിച്ച ലിസ്റ്റ് അനുസരിച്ച് ഭൗതികശാസ്ത്രവിഭാഗം തയ്യാറാക്കേണ്ട പുസ്തകങ്ങൾ

| സാങ്കേതികശാസ്ത്രവിഭാഗം പുസ്തകങ്ങൾ | | | | |
|---|---|---|---|---|
| **നമ്പർ** | **പുസ്തകമേഖലകൾ** | **മൗലികം** | **പരിഭാഷ** | **ആകെ** |
| 1 | രാസ എൻജിനീയറിങ്ങ് | 25 | 13 | 38 |
| 2 | സിവിൽ എൻജിനീയറിങ്ങ് | 31 | 35 | 66 |
| 3 | ഇലക്ട്രിക്കൽ എൻജിനീയറിങ്ങ് | 20 | 19 | 39 |
| 4 | മെക്കാനിക്കൽ എൻജിനീയറിങ്ങ് | 13 | 34 | 47 |
| 5 | പ്രായോഗിക എൻജിനീയറിങ്ങ് പരമ്പര | 12 | – | 12 |
| 6 | എൻജിനീയറിങ്ങ് അടിസ്ഥാനങ്ങൾ | 16 | – | 16 |
| 7 | പ്രിന്റിങ്ങ് ടെക്നോളജി | 8 | – | 8 |
| 8 | ടെക്സ്റ്റൈൽ ടെക്നോളജി | 7 | 2 | 9 |
| 9 | ജൂനിയർ ടെക്നിക്കൽ പുസ്തകങ്ങൾ | 9 | 8 | 17 |
| 10 | മിലിട്ടറി സയൻസ് | 2 | – | 2 |
| **ആകെ** | | **143** | **111** | **254** |

പട്ടിക 3.3: ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകനിർമാണ പദ്ധതി. 1973 ൽ പരിഷ്കരിച്ച ലിസ്റ്റ് അനുസരിച്ച് സാങ്കേതികശാസ്ത്രവിഭാഗം തയ്യാറാക്കേണ്ട പുസ്തകങ്ങൾ

| സാമൂഹികശാസ്ത്രവിഭാഗം പുസ്തകങ്ങൾ | | | | |
|---|---|---|---|---|
| **നമ്പർ** | **പുസ്തകമേഖലകൾ** | **മൗലികം** | **പരിഭാഷ** | **ആകെ** |
| 1 | ചരിത്രം | 28 | 19 | 47 |
| 2 | ധനശാസ്ത്രം | 54 | 11 | 65 |
| 3 | വിദ്യാഭ്യാസം | 15 | 3 | 18 |
| 4 | മനശ്ശാസ്ത്രം | 12 | 5 | 17 |
| 5 | തത്വശാസ്ത്രം | 16 | – | 16 |
| 6 | രാഷ്ട്രതന്ത്രം | 38 | 7 | 45 |
| 7 | സോഷ്യോളജി | 5 | – | 5 |
| 8 | സാമൂഹികശാസ്ത്രങ്ങൾ (പലവക) | 6 | 2 | 8 |
| 9 | വാണിജ്യം | 38 | 2 | 40 |
| **ആകെ** | | **212** | **49** | **261** |

പട്ടിക 3.4: ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകനിർമാണ പദ്ധതി. 1973 ൽ പരിഷ്കരിച്ച ലിസ്റ്റ് അനുസരിച്ച് സാമൂഹികശാസ്ത്രവിഭാഗം തയ്യാറാക്കേണ്ട പുസ്തകങ്ങൾ

| ഭാഷാവിഭാഗം പുസ്തകങ്ങൾ | | | | |
|---|---|---|---|---|
| **നമ്പർ** | **പുസ്തകമേഖലകൾ** | **മൗലികം** | **പരിഭാഷ** | **ആകെ** |
| 1 | ഭാഷാശാസ്ത്രം & സാഹിത്യം | 7 | 6 | 13 |
| 2 | ശബ്ദാവലികൾ | 13 | – | 13 |
| **ആകെ** | | **20** | **6** | **26** |

പട്ടിക 3.5: ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകനിർമാണ പദ്ധതി. 1973 ൽ പരിഷ്കരിച്ച ലിസ്റ്റ് അനുസരിച്ച് ഭാഷാവിഭാഗം തയ്യാറാക്കേണ്ട പുസ്തകങ്ങൾ

ഭൗതികശാസ്ത്രം, രസതന്ത്രം തുടങ്ങിയ മേഖലകളിലെ പരിഭാഷാ പുസ്തകങ്ങളുടെ പേരുകൾ അക്കാലത്ത് ആ വിഷയങ്ങളിൽ ലഭ്യമായിരുന്ന ഏറ്റവും മികച്ച റഫറൻസ് പുസ്തകങ്ങളായിരുന്നു. ഭാഷാവിഭാഗത്തിന്റെ മുഖ്യചുമതല ആ വിഭാഗത്തിൽ പുസ്തകങ്ങൾ ഉണ്ടാക്കുക എന്നതായിരുന്നില്ല എന്നും കാണാം. മറ്റു വിഭാഗങ്ങൾ തയ്യാറാക്കുന്ന പുസ്തകങ്ങളിലെ ഭാഷ മെച്ചപ്പെടുത്തുകയായിരുന്നു അവർ ചെയ്യേണ്ടിയിരുന്നത്.




ചിത്രം 3.1: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകനിർമാണ പദ്ധതി–1973, വിവിധ മേഖലകളുടെ പ്രാതിനിധ്യം വിശദമാക്കുന്ന പൈ ചാർട്ട്

1969 ൽ ശബ്ദാവലികൾ മാത്രമേ പുറത്തിറങ്ങിയുള്ളുവെങ്കിലും അടുത്തവർഷം മുതൽതന്നെ മറ്റു പുസ്തകങ്ങൾ പുറത്തിറങ്ങിത്തുടങ്ങി. പ്രീഡിഗ്രി ചരിത്ര വിദ്യാർത്ഥികൾക്ക് ഉപയോഗിക്കാനുള്ള *ഇന്ത്യാചരിത്രം*, കൊമേഴ്സ് ബിരുദവിദ്യാർത്ഥികൾക്കുള്ള *ആധുനിക ഭരണഘടനകൾ, സഹകരണവും സാമൂഹ്യവികസനവും*, പ്രീഡിഗ്രി സിവിക്സ് സിലബസ്സനുസരിച്ചുള്ള *പൗരധർമം, ഇന്ത്യയുടെ രാഷ്ട്രീയധർമം*, ജന്തുശാസ്ത്രം, ഡിഗ്രി വിദ്യാർത്ഥികൾക്കുള്ള *നവഡാർവിനിസം*, ബി. എഡ്. വിദ്യാർത്ഥികൾക്കുള്ള *ഇന്ത്യയിലെ വിദ്യാഭ്യാസം*, ജെ. ടി. എസ്. വിദ്യാർത്ഥികൾക്കുള്ള *ജെ. ടി. എസ്. രസതന്ത്രം, എൻജിനീയറിങ്ങ് വരപ്പ്, മെക്കാനിക്കൽ എൻജിനീയറിങ്ങ്*, കാർഷിക ബിരുദ–ബിരുദാനന്തര വിദ്യാർത്ഥികൾക്കുള്ള *കാർഷികവിളകൾ, വിളപരിപാലനം* തുടങ്ങിയവ ആദ്യഘട്ടത്തിൽ പ്രസിദ്ധീകരിച്ച പുസ്തകങ്ങളിൽ ചിലവയാണ്. 1973 സെപ്റ്റംബറിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അഞ്ചാം വാർഷികാഘോഷ പരിപാടിയാവുമ്പോഴേക്കും 206 പുസ്തകങ്ങളാണ് പ്രസിദ്ധീകരിക്കാൻ കഴിഞ്ഞത്.

പ്രവർത്തനങ്ങൾ മുന്നേറിക്കൊണ്ടിരിക്കെ പലതരത്തിലുള്ള പ്രശ്നങ്ങളിലേക്ക് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എത്തിച്ചേർന്നു. 1974 ൽ അനുഭവിക്കേണ്ടിവന്ന സാമ്പത്തിക പ്രതിസന്ധിയായിരുന്നു അതിൽ പ്രമുഖം. വളരെ പ്രതീക്ഷയോടെ മുന്നോട്ടുപോയിക്കൊണ്ടിരുന്ന പ്രത്യേക തൊഴിൽദാനപദ്ധതി സാമ്പത്തികപിന്തുണ നഷ്ടപ്പെട്ടതിനാൽ 1974

ജനവരി 31 ന് നിർത്തിവെക്കേണ്ടിവന്നു (കാ. 3.18). കേന്ദ്രസർക്കാരിന്റെ ചെലവുച്ചുരുക്കൽ പരിപാടി പ്രത്യേക പദ്ധതികളെ മാത്രമല്ല, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൈനംദിന പ്രവർത്തനങ്ങളെയും ബാധിച്ചു. പ്രഖ്യാപിച്ച ഒരു കോടിയിൽ, അറുപതു ലക്ഷം രൂപ മാത്രമേ അതിനകം കൈമാറിക്കിട്ടിയിരുന്നുള്ളൂ. പദ്ധതി തുടരാൻ കഴിയുമോ എന്നുള്ള ആശങ്ക രൂപപ്പെട്ട ഘട്ടത്തിൽ ആൾശേഷിയിൽ വലിയതോതിൽ വെട്ടിക്കുറവ് വരുത്തിയത് വിഭാവനം ചെയ്ത പുസ്തകനിർമാണപദ്ധതിയെ പ്രതികൂലമായി ബാധിക്കുകയുണ്ടായി.

പദ്ധതിരേഖയിൽ വിഭാവനം ചെയ്ത വേഗതയിൽ പുസ്തകനിർമാണം നീങ്ങിയിരുന്നില്ല. 1969 ൽ 4, 1970 ൽ 30, 1971 ൽ 42, 1973 ൽ 96, 1974 ൽ113 പുസ്തകങ്ങൾ എന്നിങ്ങനെ അത് ചുരുപിടിച്ച് വരുന്നതേയുണ്ടായിരുന്നുള്ളൂ. പ്രവർത്തനം ആരംഭിക്കുന്നതിലെ കാലതാമസം, ആദ്യവർഷം ശബ്ദാവലികളിൽ ഊന്നേണ്ടിവന്നത്, മലയാളത്തിൽ ഗ്രന്ഥരചനയ്ക്കുള്ള ആളുകളുടെ കുറവ്, പദ്ധതി തയ്യാറാക്കിയതിനുശേഷം എഴുത്തുകാരെ കണ്ടെത്തുന്നതിനും അവരെ സജ്ജരാക്കുന്നതിനും വേണ്ടിവരുന്ന സമയം, വൈജ്ഞാനികപുസ്തകങ്ങൾ അച്ചടിക്കാനുള്ള പ്രസ്സുകളുടെ പ്രാപ്തിക്കുറവ് എന്നിങ്ങനെ നിരവധി കാരണങ്ങൾ ഈ വേഗക്കുറവിന് പുറകിലുണ്ടായിരുന്നു. പ്രവർത്തനവേഗത്തിൽ ഗണ്യമായ പുരോഗതി കൈവരിച്ചുകൊണ്ടിരിക്കുന്ന സമയത്താണ് ലഭ്യമായ ആൾശേഷിയിൽ വെട്ടിക്കുറവ് ഉണ്ടാകുന്നത് എന്നു കാണാം. അൽപ്പംകൂടി കഴിഞ്ഞപ്പോൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃസ്ഥാനത്തുനിന്ന് എൻ. വി. ഒഴിയുന്നുമുണ്ട്.

നാലാം പദ്ധതിക്കാലത്തെ അനുഭവങ്ങളെയും നേട്ടങ്ങളെയും മുൻനിർത്തി അഞ്ചാം പദ്ധതിക്കാലത്ത് എന്തൊക്കെയാവാം എന്നുള്ള ഒരു രൂപരേഖ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിവരുന്നതിനിടയിലാണ് കേന്ദ്രസർക്കാരിന്റെ പിൻമാറ്റമുണ്ടായത്. ആ രൂപരേഖയിലെ പ്രധാന കാഴ്ചപ്പാടുകളും വാദഗതികളും ഇവയായിരുന്നു.

1. പ്രീഡിഗ്രിയ്ക്ക് മലയാളത്തിൽക്കൂടി പരീക്ഷ എഴുതാമെന്ന് തീരുമാനിച്ച സ്ഥിതിക്ക്, ഇതിനകം കുറച്ചുകോപ്പികൾ മാത്രം അച്ചടിച്ചിട്ടുള്ള പ്രീഡിഗ്രി പുസ്തകങ്ങൾ കൂടുതൽ കോപ്പികൾ അച്ചടിക്കാനുള്ള വലിയ മുതൽമുടക്ക് ആവശ്യമുണ്ട്.

2. പ്രീഡിഗ്രി പാഠപുസ്തകങ്ങൾക്ക് അനുപൂരകമായി അധികവായനയ്ക്കുള്ള പുസ്തകങ്ങൾ തയ്യാറാക്കേണ്ടതുണ്ട്.

3. ഇപ്പോൾ പ്രീഡിഗ്രി പരീക്ഷ മലയാളത്തിലെഴുതുന്ന വിദ്യാർത്ഥികൾക്ക് രണ്ടുവർഷം കഴിയുമ്പോഴേക്കും ഡിഗ്രി പാഠപുസ്തകങ്ങൾകൂടി മലയാളത്തിൽ

ആവശ്യമായി വരും. ഡിഗ്രി തലത്തിൽ കോഴ്സുകളുടെ എണ്ണം കൂടുന്നതുകൊണ്ട് തയ്യാറാക്കേണ്ട പുസ്തകങ്ങളുടെ എണ്ണം വലിയതായിരിക്കും.

4. ഇതിനകം വിവർത്തനത്തിന് അവകാശം ലഭ്യമായ ഇംഗ്ലീഷ് പുസ്തകങ്ങളുടെ നിർമാണം നിർദിഷ്ട കാലാവധി കഴിയുന്നതിനുമുമ്പെ തീർക്കേണ്ടതുണ്ട്. അല്ലെങ്കിൽ റോയൽറ്റിയായി കൊടുത്ത തുക നഷ്ടപ്പെടും.

5. ഡിഗ്രിതലത്തിലും അധികവായനയ്ക്കുള്ള പുസ്തകങ്ങളും റഫറൻസ് പുസ്തകങ്ങളും ആവശ്യമായി വരും. അത്തരം പുസ്തകങ്ങളുടെ നിലവാരം അന്താരാഷ്ട്രതലത്തിലുള്ളതാവണമെന്നതിനാൽ അവയുടെ ചെലവും ഉയർന്നതായിരിക്കും.

6. പ്രത്യേക തൊഴിൽദാനപദ്ധതി പ്രകാരം പരിശീലനം നൽകിയവരെ പ്രയോജനപ്പെടുത്താനുള്ള പുസ്തകങ്ങൾ അഞ്ചാം പദ്ധതിക്കാലത്ത് ഉൽപ്പാദിപ്പിക്കേണ്ടതുണ്ട്.

7. ഇതിനകം വൈജ്ഞാനികഗ്രന്ഥങ്ങളുടെ അച്ചടി നടത്താനായി പുതിയ ശേഷി കൈവരിച്ച പ്രസ്സുകളെ പ്രയോജനപ്പെടുത്തേണ്ടതുണ്ട്.'അക്കാദമിക് വ്യവസായം' എന്നു വിളിക്കാവുന്ന രീതിയിൽ ഇവയെയെല്ലാം ബന്ധിപ്പിച്ച് അച്ചടിയിലും അനുബന്ധമേഖലകളിലുമായി നിരവധി പേർക്ക് തൊഴിൽ ഉറപ്പുവരുത്താൻ കഴിയും.

ഇവയെല്ലാം പരിഗണിച്ചും നാലാം പദ്ധതിക്കാലത്തെ പ്രവർത്തനമികവ് പരിഗണിച്ചും മറ്റ് സംസ്ഥാനങ്ങളെക്കാൾ കൂടുതൽ തുക അഞ്ചാം പദ്ധതിക്കാലത്ത് കേരളത്തിന് അർഹമാണെന്ന് വാദിക്കേണ്ടതുണ്ട് (ഉമ്മർകുട്ടി, "ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടും അഞ്ചാം പദ്ധതിയും" 805–809).

നേരിട്ട പ്രശ്നങ്ങളിൽ രണ്ടാമത്തെ കാര്യം, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചിട്ട് അഞ്ചു വർഷമായെങ്കിലും അധ്യയനമാധ്യമം മാറ്റുന്നതിൽ സർവകലാശാലകൾ ജാഗ്രത കാണിച്ചില്ല എന്നതാണ്. മാറ്റത്തെ കണക്കാക്കി അച്ചടിച്ച പുസ്തകങ്ങൾ കെട്ടിക്കിടക്കുകയായിരുന്നു. നാൽപ്പത്തിയഞ്ച് ലക്ഷത്തിൽപ്പരം രൂപ മുഖവില വരുന്ന പുസ്തകങ്ങൾ അതിനകം പുറത്തിറങ്ങിയിരുന്നു. അതിൽ ചെറിയ അളവേ വിറ്റഴിഞ്ഞിരുന്നുള്ളൂ. ബാധ്യതയായി മാറുംവിധം പുസ്തകസ്റ്റോക്ക് വളർന്നുവന്നു. അധ്യയനമാധ്യമം മാറ്റാനുള്ള പ്രവർത്തനങ്ങളിലേക്ക് സർവകലാശാലകൾ കടക്കില്ലെന്നും പ്രവർത്തനങ്ങൾ വൃഥാവിലാവുമെന്നുമുള്ളത് പ്രവർത്തനലക്ഷ്യത്തിനേറ്റ തിരിച്ചടിയായിരുന്നു. രണ്ട് തരത്തിലാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഈ സാഹചര്യത്തോട് പ്രതികരിച്ചത് എന്നു കാണാം. ഒന്ന്, കൃഷി പുസ്തക കോർണർ പോലുള്ള പുതിയ പുസ്തകനിർമാണ സാധ്യതകൾക്ക് ആവശ്യമായ

സാമ്പത്തികപിന്തുണ കണ്ടെത്തുക. രണ്ട്, വലിയതോതിലുള്ള പുസ്തകപ്രചാരണം ഒരു സുപ്രധാന അജണ്ടയായി തീരുമാനിക്കുക.

അനൗപചാരികവിദ്യാഭ്യാസ പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയാണ് 'കൃഷിപുസ്തക കോർണർ' എന്ന ആശയം രൂപപ്പെടുത്തിയത്. കൃഷിക്കാർക്ക് നേരിട്ട് പുസ്തകമെത്തിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ കാതൽ. സംസ്ഥാനത്തെ ആയിരത്തിലധികം വരുന്ന ഗ്രന്ഥശാലകളിൽ കർഷകർക്ക് പ്രയോജനപ്പെടുന്ന പുസ്തകങ്ങളുൾക്കൊള്ളുന്ന പ്രത്യേക കോർണർ സജ്ജമാക്കുകയായിരുന്നു ലക്ഷ്യം. കൃഷി, മൃഗസംരക്ഷണം, മത്സ്യം വളർത്തൽ, ഗ്രാമവികസനം, പാരമ്പര്യത്തൊഴിലുകളുടെ നവീകരണം തുടങ്ങിയ മേഖലകളെ മുൻനിർത്തിയാണ് പുസ്തകങ്ങൾ തയ്യാറാക്കപ്പെട്ടത്. ആധുനിക കൃഷിവിജ്ഞാനം കർഷകരിൽ എത്തിക്കുക, അതുവഴി കാർഷികമേഖലയുടെ വളർച്ച സാധിതമാക്കുക എന്നതും പദ്ധതിയുടെ ലക്ഷ്യമായിരുന്നു. ലളിതമായ ഭാഷയിൽ സാധാരണക്കാരായ കർഷകർക്കുവേണ്ടിയാണ് ഈ പരമ്പരയിലെ പുസ്തകങ്ങൾ തയ്യാറാക്കിയത്. പുസ്തകങ്ങൾ തയ്യാറാക്കുന്നതിൽ ഫാം ഇൻഫർമേഷൻ ബ്യൂറോ, ഫാർമേഴ്സ് ട്രെയിനിങ്ങ് സെന്റർ എന്നിവയുടെ സഹകരണമുണ്ടായിരുന്നു.

ഗ്രാമങ്ങളിൽ വേരുകളുള്ള ഗ്രന്ഥശാലാപ്രസ്ഥാനത്തിലൂടെ കർഷകരിലേക്ക് എളുപ്പത്തിൽ എത്തിച്ചേരാൻ കഴിയുമെന്നതിനാൽ സംസ്ഥാന ഫാം ഇൻഫർമേഷൻ ബ്യൂറോയും ഗ്രന്ഥശാലാസംഘവും ഇൻസ്റ്റിറ്റ്യൂട്ടും സഹകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കിയത്. പദ്ധതിയിൽ പുസ്തകങ്ങളുടെ വിലയുടെ മൂന്നിലൊന്നുവീതം ഫാം ഇൻഫർമേഷൻ ബ്യൂറോയും ഗ്രന്ഥശാലാസംഘവും വഹിച്ചു. ആയിരത്തി മുന്നൂറിൽപ്പരം ഗ്രന്ഥശാലകളിൽ കൃഷിപുസ്തക കോർണർ ആരംഭിക്കുകയുണ്ടായി. *കേരളത്തിലെ ഫോഡർ വിളകളും പച്ചില വിളകളും, കേരളത്തിലെ കിഴങ്ങുവിളകൾ, കരിമ്പ്-കശുമാവ്, റബ്ബർ, കേരളത്തിലെ ധാന്യവിളകൾ, കേരളത്തിലെ സുഗന്ധ മസാലവിളകൾ, വീട്ടുവളപ്പിലെ കോഴിവളർത്തൽ, സസ്യസംരക്ഷണ ഉപകരണങ്ങൾ, ഉദ്യാനകൃഷി, ഫോഡർ വിളകൾ ചെറുകിട കൃഷിയിടങ്ങളിൽ, സസ്യപ്രജനനം, പ്രാഥമിക കൃഷിതത്വങ്ങൾ* തുടങ്ങിയവ കൃഷിപുസ്തക കോർണറിലെ ചില പുസ്തകങ്ങളാണ്.

ഡോ. എ.എൻ.പി.ഉമ്മർകുട്ടി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറുടെ ചുമതലയിലേക്ക് വന്നതോട്ടുകൂടിയാണ് പുസ്തകവിൽപ്പന പ്രധാന അജണ്ടയായി മാറുന്നത്. ഇതിനായി വിശദമായ ഒരു കർമപരിപാടി തയ്യാറാക്കപ്പെട്ടു. പുതിയ പുസ്തകങ്ങളുടെ നിർമാണത്തിന്റെ അളവ് ഇക്കാലഘട്ടത്തിൽ കുറയുന്നതുകാണാം. അക്കാദമിക്ക് വിഭാഗത്തിലുള്ളവർക്കെല്ലാം പുസ്തകപ്രചാരണത്തിന്റെ ചുമതല നൽകപ്പെട്ടു.

നിരവധി കോളെജുകളിൽ പുസ്തകപ്രദർനങ്ങൾ, വിദ്യാഭ്യാസജില്ലാ അടിസ്ഥാന ത്തിൽ സെയിൽസ് പ്രമോട്ടർമാരെ നിയമിക്കൽ, പുസ്തകങ്ങൾ തവണാവ്യവസ്ഥയിൽ വാങ്ങാനുള്ള പദ്ധതികൾ എന്നിങ്ങനെ വൈവിധ്യമാർന്ന ഘടകങ്ങൾ ഇതിലേക്ക് ചേരുകയുണ്ടായി. കേരളത്തിലെ പ്രധാന കോളെജുകളിലെല്ലാം രണ്ടും മൂന്നും ദിവസം നീണ്ടുനിൽക്കുന്ന പുസ്തകമേളകൾ സംഘടിപ്പിക്കപ്പെട്ടു. ഇതിന്റെ ഫലമായി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകങ്ങൾ വലിയതോതിൽ പ്രചരിക്കാനിടയായി. 1975–76 കാല യളവിൽ ഏതാണ്ട് പത്തുലക്ഷം രൂപ മുഖവിലയുള്ള പുസ്തകങ്ങൾ പ്രചരിപ്പിക്കാനായി. തൊട്ടടുത്ത വർഷവും വിൽപ്പന വലിയതോതിൽ തുടരുന്നുണ്ട്. കെട്ടിക്കിടന്ന പുസ്തകങ്ങൾ വലിയതോതിൽ ചെലവഴിക്കാനായി എന്നതു മാത്രമായിരുന്നില്ല ഈ കാമ്പെയ്ൻ കൊണ്ടുണ്ടായ മെച്ചം. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകങ്ങളെ വിദ്യാർത്ഥികൾക്ക് പരിചി തമാക്കുന്നതിൽ ഇത് വലിയ പങ്കുവഹിച്ചതായി കാണാം. അതേ അവസരത്തിൽത്തന്നെ പുസ്തകനിർമാണത്തിന് ചുമതലപ്പെട്ട അക്കാദമിക്ക് വിഭാഗത്തിലെ ഉദ്യോഗസ്ഥരെ പുസ്തകവിൽപ്പനക്കാരാക്കി മാറ്റിയത് വിമർശിക്കപ്പെട്ടിട്ടുണ്ട്. വിത്തിനുവെച്ച നെല്ലുകു ത്തി നിത്യവൃത്തി കഴിക്കുന്നതിന് തുല്യമാണിതെന്ന് പി. ടി. ബി. പിന്നീട് ഇതിനെ വിശേഷിപ്പിക്കുന്നുണ്ട് ("ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാവി" 366).

പ്രതിസന്ധികൾക്കിടയിലും പുസ്തകനിർമാണ പ്രവർത്തനങ്ങൾ മുന്നോട്ടുപോയി. പുസ്തകപ്രകാശനങ്ങൾ ശ്രദ്ധേയമായ പരിപാടികളാക്കി മാറ്റാൻ ശ്രമിച്ചിരുന്നതിനാൽ പുസ്തകങ്ങളെക്കുറിച്ച് പുറംലോകം തുടർച്ചയായി അറിഞ്ഞുകൊണ്ടിരുന്നു. ആദ്യഗ്രന്ഥ ങ്ങളായ *വിജ്ഞാനശബ്ദാവലിക്കും മാനവികശബ്ദാവലിക്കും* പുറമെ നൂറ്റിപ്പതിനൊന്നാ മത്തെ പുസ്തകമായ *പ്രീഡിഗ്രി രസതന്ത്ര*വും പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയാണ് പ്ര കാശനം ചെയ്തത്. രണ്ടാം വാർഷികവേളയിൽ വിദ്യാഭ്യാസമന്ത്രി സി. എച്ച്. മുഹമ്മദ് കോയ ഒൻപതു പുസ്തകങ്ങളുടെ പ്രകാശനം നിർവഹിക്കുകയുണ്ടായി. 1973 ജനുവരിയിൽ കോഴിക്കോട്ടുവച്ച് കെ. പി. കേശവമേനോൻ മുപ്പത്തിമൂന്ന് പുസ്തകങ്ങൾ പ്രകാശിപ്പിച്ചു. അഞ്ചാം വാർഷികവേളയിൽ അമ്പത്തിമൂന്ന് പുസ്തകങ്ങൾ പ്രകാശനം ചെയ്യപ്പെട്ടു. കേരള ഗവർണർ എൻ. എൻ. വാഞ്ചുവാണ് അന്ന് പ്രകാശനകർമം നിർവഹിച്ചത്. മുന്നൂറ്റി പ്പതിനാലാമത് പുസ്തകമായ *ദ്രവ്യത്തിന്റെ ഗുണധർമങ്ങൾ* രാഷ്ട്രപതി ഫക്രുദ്ദീൻ അലി അഹമ്മദ് പ്രകാശനം ചെയ്തു. നാനൂറ്റി നാൽപ്പത്തി നാലാമത് പുസ്തകമായ *കശേരുകി ശരീരം* പ്രകാശനം ചെയ്തതും അദ്ദേഹം തന്നെയായിരുന്നു. 1975 ജൂണിൽ വി. ആർ. കൃഷ്ണ യ്യർ ഇരുപത്തിയഞ്ച് പുസ്തകങ്ങൾ ഒരുമിച്ച് പ്രകാശനംചെയ്തു. *ശാസ്ത്രം ഇന്ത്യയിൽ–ഒരു സംക്ഷിപ്തചരിത്രം* ആയിരുന്നു അഞ്ഞൂറാമത്തെ പുസ്തകം. അത് പ്രകാശനം ചെയ്തത് മുഖ്യ

മന്ത്രി സി. അച്യുതമേനോനാണ്. അഞ്ഞൂറ്റി അമ്പത്തിയഞ്ചാമത്തെ പുസ്തകം അന്ന ത്തെ രാഷ്ട്രപതി നീലം സഞ്ജീവറെഡ്ഡി പ്രകാശനം ചെയ്തു. *ക്യാബിനറ്റ് ഗവൺമെന്റ്* എന്ന പുസ്തകമായിരുന്നു അത്. ഇത്തരം പ്രകാശനപരിപാടികൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനങ്ങളെ ബഹുജനശ്രദ്ധയിൽ എത്തിക്കുന്നതിന് സഹായിച്ചു എന്നു കാണാം.

| **ആദ്യദശകത്തിലെ പുസ്തക ഉൽപ്പാദനം** | |
|---|---|
| **വർഷം** | **പുസ്തകങ്ങളുടെ എണ്ണം** |
| 1969 | 4 |
| 1970 | 30 |
| 1971 | 42 |
| 1972 | 64 |
| 1973 | 96 |
| 1974 | 113 |
| 1975 | 66 |
| 1976 | 45 |
| 1977 | 28 |
| 1978 | 39 |
| **ആകെ** | **527** |

പട്ടിക 3.6: ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ആദ്യദശകത്തിൽ ഒന്നാം പതിപ്പായി പുറത്തിറക്കിയ പുസ്തകങ്ങൾ.

1979 ജനുവരി രണ്ടിനാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദശവാർഷികം ഔപചാരിക മായി ആചരിച്ചത്. പ്രധാനമന്ത്രി മൊറാർജി ദേശായി ആയിരുന്നു അന്ന് മുഖ്യാതിഥി. പത്തുവർഷങ്ങൾക്കുള്ളിൽ 586 പുസ്തകങ്ങളാണ് ആകെ പുറത്തിറങ്ങിയത്. അവയിൽ നിന്ന് പുതിയ പതിപ്പുകളെ ഒഴിവാക്കിയാൽ 527 പുസ്തകങ്ങൾ. 1973 നുശേഷം പുസ്തകലി സ്റ്റ് പുതുക്കി അവതരിപ്പിച്ചില്ല എന്നതിനർത്ഥം പുതിയ പുസ്തകങ്ങൾ കൂട്ടിച്ചേർക്കപ്പെട്ടിട്ടില്ല എന്നല്ല. ലിസ്റ്റിൽ ഇല്ലാത്ത പുസ്തകങ്ങൾ അഥവാ പദ്ധതിയേതര പുസ്തകങ്ങൾ പ്രസിദ്ധീക രിക്കപ്പെട്ടിട്ടുണ്ട്. *വിവർത്തനം, ചുരുക്കെഴുത്ത് മാനുവൽ* തുടങ്ങിയ പ്രത്യേക ആവശ്യങ്ങളു മായി ബന്ധപ്പെട്ടവയായിരുന്നു ആദ്യം ഇത്തരത്തിൽ പ്രസിദ്ധീകരിച്ചവ. പിന്നീട് പദ്ധതി യേതര പുസ്തകങ്ങളുടെ എണ്ണം കൂടിവരുന്നതു കാണാം. ആദ്യദശകത്തിലെ 527 ടൈറ്റിലു കളിൽ 117 എണ്ണം പദ്ധതിയേതര പുസ്തകങ്ങളായിരുന്നു.

കൃഷിപുസ്തക കോർണറിന്റെ മാതൃകയിൽ പിന്നീട് സഹകരണപുസ്തക കോർണർ (ആരംഭം 1981), വനപുസ്തക കോർണർ (ആരംഭം 1984) എന്നീ പദ്ധതികളും ആവിഷ്കരിച്ചിരുന്നു. വനശാസ്ത്ര പുസ്തകങ്ങൾ പ്രചരിപ്പിക്കാൻ വിഭാവനം ചെയ്ത വനപുസ്തക കോർണർ വനംവകുപ്പും ഗ്രന്ഥശാലകളുമായി കൈകോർത്താണ് നടപ്പിലാക്കിയത്. ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം, മലയിടിച്ചിൽ, വരൾച്ച തുടങ്ങിയ പ്രശ്നങ്ങളുമായി ബന്ധിപ്പിച്ച് വനസംരക്ഷണത്തിന്റെ പ്രാധാന്യം വെളിവാക്കാൻ ഈ പരമ്പരയിലെ പുസ്തകങ്ങൾ ലക്ഷ്യമിട്ടു. *കേരളത്തിലെ വനസസ്യങ്ങൾ, കേരളത്തിലെ വനങ്ങൾ നൂറ്റാണ്ടുകളിലൂടെ, കേരളത്തിലെ വന്യജീവികൾ–സസ്തനങ്ങൾ, ഔഷധസസ്യങ്ങൾ, സിൽവികൾച്ചർ* എന്നീ അഞ്ച് പുസ്തകങ്ങൾ പ്രകാശിപ്പിച്ചുകൊണ്ടായിരുന്നു പദ്ധതിയുടെ ഉദ്ഘാടനം. സഹകരണവകുപ്പ്, സഹകരണ യൂണിയൻ എന്നിവയുടെ സഹായത്തോടെയാണ് സഹകരണ പുസ്തക കോർണർ നടപ്പാക്കിയത്. ജെ. ഡി. സി. വിദ്യാർത്ഥികൾക്കുള്ള പുസ്തകങ്ങളും ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരുന്നു.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിമർശനമുന്നയിക്കുന്നവർക്കു പോലും, മലയാളത്തിലെ വൈജ്ഞാനികധാരയ്ക്ക് കുതിപ്പുനൽകി മുന്നോട്ടുകൊണ്ടുപോവുന്നതിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വഹിച്ച പങ്കിനെക്കുറിച്ച് എതിരഭിപ്രായമുണ്ടാവാൻ ഇടയില്ല. ശാസ്ത്ര–സാമൂഹികശാസ്ത്രരംഗങ്ങളിലെ വ്യത്യസ്ത മേഖലകളിലായി നിരവധി പുസ്തകങ്ങൾ തയ്യാറാക്കുന്നതിന് ഇതിനകം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് കഴിഞ്ഞിട്ടുണ്ട്. 2022 ഡിസംബർ അവസാനം വരെയായി 5238 പുസ്തകങ്ങളാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയത്. തുടർപ്പതിപ്പുകൾ ഒഴിവാക്കി ഒന്നാം പതിപ്പുകൾ മാത്രം കണക്കിലെടുത്താൽ 3161 എണ്ണം വരുമിത്. പാടത്തും ഗ്രാമീണപണിശാലകളിലും പണിയെടുക്കുന്നവർ തൊട്ട് സർവകലാശാലകളിൽ ഉന്നതപഠനം നടത്തുന്നവർവരെയുള്ളവർക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ തയ്യാറാക്കപ്പെട്ടിരുന്നു.

## 3.8 ശബ്ദാവലികൾ

സർവകലാശാലാതലത്തിലുള്ള പുസ്തകങ്ങൾ തയ്യാറാക്കുക എന്ന പ്രധാന ഉത്തരവാദിത്വത്തിൽമാത്രം ഒതുങ്ങിനിൽക്കുന്നവയായിരുന്നില്ല ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ. പുസ്തകങ്ങളോടൊപ്പം അടിസ്ഥാന ശബ്ദാവലികൾ തയ്യാറാക്കൽ, ആനുകാലികങ്ങളുടെ പ്രസിദ്ധീകരണം, ഭാഷയെ ടൈപ്പ് റൈറ്ററിന് അനുയോജ്യമാക്കൽ, ചുരുക്കെഴുത്ത് മാന്വൽ (shorthand manual) നിർമാണം, ലിപി പരിഷ്കരണം,

ഭാഷാ മാനകീകരണം, അച്ചടിരംഗത്തെ പരിഷ്കരണങ്ങൾ എന്നിങ്ങനെ കോർപ്പസ് തലത്തിലുള്ള ആസൂത്രണത്തിന്റെ വ്യത്യസ്തതലങ്ങളിലേക്ക് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് കടന്നുചെന്നു. ഒപ്പം അധ്യയനമാധ്യമ മാറ്റത്തിനും ഭരണഭാഷാ മാറ്റത്തിനും അനുകൂലമായ അന്തരീക്ഷമൊരുക്കുന്ന പ്രവർത്തനങ്ങളിലും സർട്ടിഫിക്കറ്റ് കോഴ്സുകളുടെ സംഘാടനം, ഭാരതീയ ഭാഷാ വിദ്യാലയത്തിന്റെ നടത്തിപ്പ് എന്നിവയിലും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വ്യാപൃതമായി.

പാഠപുസ്തകങ്ങളുടെ നിർമാണത്തിലേക്ക് കടക്കുംമുമ്പ് സാങ്കേതികപദങ്ങൾ ഉറപ്പിക്കേണ്ടതുണ്ട് എന്നതിനാൽ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആദ്യദിനങ്ങളിലെ പ്രധാന ഊന്നൽ ശബ്ദാവലികളുടെ നിർമാണമായിരുന്നു. സി.എസ്.ടി.ടി. ഹിന്ദിയിൽ പ്രസിദ്ധീകരിച്ച പദാവലികളെ കേന്ദ്രീകരിച്ചുവേണം മലയാളത്തിൽ ശബ്ദാവലികൾ നിർമിക്കാനെന്നത് പദ്ധതി അംഗീകരിക്കുന്ന വേളയിലെ വ്യവസ്ഥയിൽ ആവർത്തിച്ചിരുന്നു.

മലയാളത്തിൽ ശബ്ദാവലികൾ നിർമിക്കുന്നതിനെക്കുറിച്ച് ചർച്ചചെയ്യാനും പ്രവർത്തനപരിപാടികൾ ആസൂത്രണംചെയ്യാനുമായാണ് വിപുലമായ ദ്വിദിന സെമിനാർ (1968 ഡിസംബർ 12–13) തിരുവനന്തപുരത്ത് സംഘടിപ്പിച്ചത്. വിവിധ വൈജ്ഞാനികമേഖലകളിൽ നിന്നുള്ള നാൽപ്പതോളം പണ്ഡിതന്മാർ പങ്കാളികളായ സെമിനാറിൽ സമീപനനയങ്ങളടങ്ങിയ പ്രബന്ധങ്ങൾ എൻ.വി., സി.കെ. മൂസ്സത്, എ.എൻ.പി. ഉമ്മർകുട്ടി, കെ.പി. കരുണാകരൻ എന്നിവർ അവതരിപ്പിച്ചു. പ്രൊഫ. കുറ്റിപ്പുഴ കൃഷ്ണപിള്ള അധ്യക്ഷത വഹിച്ച സെമിനാറിൽ പ്രൊഫ. ജോസഫ് മുണ്ടശ്ശേരി, ഡോ. കെ. രാഘവൻ പിള്ള (മാനുസ്ക്രിപ്റ്റ് ലൈബ്രറി), പ്രൊഫ. ശ്രീനിവാസൻ (കാർഷിക കോളെജ്), പ്രൊഫ. സുകുമാരൻ (മെഡിക്കൽ കോളെജ്), പി.ടി.ബി. (വിശ്വവിജ്ഞാനകോശം), പ്രൊഫ. കൃഷ്ണൻ നായർ (ലോ കോളെജ്), ഡോ. കെ.എം. ജോർജ് (സാഹിത്യ അക്കാദമി), പ്രൊഫ. ലക്ഷ്മണ പണിക്കർ (സാമ്പത്തികശാസ്ത്ര വിഭാഗം, കേരള സർവകലാശാല), ഡോ. എൻ.എസ്. മണി (കാർഷിക കോളെജ്), പ്രൊഫ. വി.ഐ. സുബ്രഹ്മണ്യം (ഭാഷാശാസ്ത്ര വിഭാഗം, കേരള സർവകലാശാല), എ.പി. ഉദയഭാനു (പബ്ലിക്ക് സർവീസ് കമ്മീഷൻ), എം. പ്രഭ (ലാംഗ്വേജ് ലെജിസ്ലേറ്റീവ് കമ്മീഷൻ), ഡോ. ബി.സി. ബാലകൃഷ്ണൻ (മലയാളം ലെക്സിക്കൺ) തുടങ്ങിയവർ പങ്കാളികളായിരുന്നു.

സി.എസ്.ടി.ടി. യുടെ പദാവലികളിലെ ഇംഗ്ലീഷ് പദങ്ങൾ അതേ ക്രമത്തിൽതന്നെ ഉപയോഗപ്പെടുത്തി മലയാളത്തിൽ ശബ്ദാവലിക്ക് രൂപംനൽകണമെന്നും, കഴിയാവുന്നത്രയും അവർ കണ്ടെത്തിയ പദങ്ങളെ പ്രയോജനപ്പെടുത്തണമെന്നും, എന്നാൽ മലയാളത്തിന്റെ സ്വഭാവത്തിനനുസരിച്ചുള്ള മാറ്റങ്ങൾ സാധ്യമായിടങ്ങളിൽ വരുത്തണമെന്നും

സെമിനാറിൽ ധാരണയായി. ഇതിനകം അടിയുറച്ച മലയാളപദങ്ങളുണ്ടെങ്കിൽ അവയെ ഉപേക്ഷിക്കരുതെന്നും സെമിനാർ നിർദേശിച്ചു.

അഞ്ചു വർഷത്തിൽ തീർക്കേണ്ട പദ്ധതിപ്രവർത്തനം ആരംഭിക്കാനുണ്ടായ കാലതാമസം പരിഗണിച്ചും സാങ്കേതികപദങ്ങൾ അന്തിമമാക്കിയാലേ പാഠപുസ്തകങ്ങളുടെ ജോലി മുന്നോട്ടുനീക്കാനാവൂ എന്നതിനാലും പദാവലി നിർമാണം യുദ്ധകാലാടിസ്ഥാനത്തിലായിരുന്നു. ഡിസംബറിൽ ശബ്ദാവലി സെമിനാർ കഴിഞ്ഞ് 1969 മെയ് 19 ന് *വിജ്ഞാനശബ്ദാവലി*യുടെയും *മാനവികശബ്ദാവലി*യുടെയും ആദ്യ വാല്യങ്ങൾ പ്രകാശനം ചെയ്തു. പി.ടി.ബി.ക്കു നൽകിക്കൊണ്ട് പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയാണ് ഇവ പ്രകാശനം ചെയ്തത്. നേരത്തേ പ്രകാശനത്തിന് കണക്കാക്കിയിരുന്ന സെപ്റ്റംബർ–ഒക്ടോബർ കാലത്തുനിന്ന് പ്രധാനമന്ത്രിയുടെ കേരള സന്ദർശനസമയത്തേക്ക് പിന്നോട്ടാക്കേണ്ടി (prepone) വന്നത് വലിയ വെല്ലുവിളിയായിരുന്നു. ഓഫീസ് സമയം കഴിഞ്ഞ് രാത്രിയിലും ജോലി തുടർന്നുകൊണ്ടാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തകർ ഇത് മറികടന്നത് (പരമേശ്വരൻ, *കാലഹരണമില്ലാത്ത സ്വപ്നങ്ങൾ*).[29]

തിരുവിതാംകൂർ സർവകലാശാലയുടെ നേതൃത്വത്തിൽ തയ്യാറാക്കിയത് ഒഴികെ, [30] ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനുമുമ്പുള്ള മലയാളത്തിലെ സാങ്കേതികപദങ്ങൾ വ്യക്തികളുടെ സംഭാവനയായിരുന്നു. ശിഷ്യരോ സുഹൃത്തുക്കളോ നിർമിച്ച പദങ്ങളെ എ. ആർ. രാജരാജവർമ ചിലപ്പോൾ തിരുത്തുകയോ മെച്ചപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെന്ന് കഴിഞ്ഞ അധ്യായത്തിൽ കണ്ടു. എങ്കിലും അത് കൂട്ടായ പ്രവർത്തനമെന്ന നിലയിൽ കണക്കാക്കാനാവില്ല. എന്നാൽ ഇവിടെ ഓരോ പദവും വായിച്ച് ചർച്ച ചെയ്യുകയും ഉയർന്നുവരുന്ന അഭിപ്രായങ്ങൾക്കനുസരിച്ചുള്ള തിരുത്തലുകൾ വരുത്തുകയുമായിരുന്നു രീതി. നിത്യോപയോഗത്തിലുള്ള ചില പദങ്ങൾ സാങ്കേതികപദങ്ങളായി വന്നേക്കാമെങ്കിലും നിലവിലുള്ള അതിന്റെ അർത്ഥത്തിൽ നിന്ന് വ്യതിചലിക്കാനുള്ള സാധ്യതയുണ്ട്. ഉദാഹരണമായി, നിത്യോപയോഗത്തിൽ amplification, magnification എന്നീ പദങ്ങൾക്ക് വർധിപ്പിക്കുകയെന്നോ വിപുലീകരിക്കുകയെന്നോ ഉള്ള പരിഭാഷ മതിയാവുമെങ്കിലും ഭൗതികശാസ്ത്രത്തിൽ അത് പ്രവർധനവും ആവർധനവും ആണ്. speed വേഗവും velocity പ്രവേഗവും acceleration ത്വരണവും ആണ്. വിഷയമേഖലയ്ക്കനുസരിച്ചും സാങ്കേതികപദങ്ങളുടെ അർത്ഥം മാറും. വർധിച്ച സൂക്ഷ്മതയോടെ മാത്രമേ സാങ്കേതികപദങ്ങളെ കൈകാര്യം ചെയ്യാൻ കഴിയൂ എന്നാണിത് സൂചിപ്പിക്കുന്നത്. സങ്കൽപനങ്ങളുടെ സൂക്ഷ്മതയിലേക്ക് കടന്നുചെല്ലാനും പദങ്ങളെ മെച്ചപ്പെടുത്തുവാനുമുള്ള അവസരം കൂട്ടായ ചർച്ചകളിലൂടെ ലഭിക്കുന്നു. വിവിധ

വൈജ്ഞാനികമേഖലകളെ പ്രതിനിധീകരിക്കുന്നവരും ഭാഷാപണ്ഡിതരും ചേർന്നുള്ള ഒരു സംഘമാണ് ശബ്ദാവലീചർച്ചകളിൽ ഏർപ്പെട്ടിരുന്നത്.

പന്ത്രണ്ട് ശബ്ദാവലികളാണ് ആദ്യഘട്ടത്തിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയത്. പതിമൂന്ന് ശബ്ദാവലികൾ പ്രസിദ്ധീകരിക്കാൻ വിഭാവനം ചെയ്തതിൽ സാമ്പത്തികശാസ്ത്ര ശബ്ദാവലി മാത്രം യാഥാർത്ഥ്യമായില്ല. അതിന്റെ കാരണം വ്യക്തമല്ല.

### 3.8.1 വിജ്ഞാനശബ്ദാവലി

എൻ.വി.യുടെ വളരെ വിശദമായ ഒരു ആമുഖക്കുറിപ്പോടെയാണ് ആദ്യ ശബ്ദാവലികളായ *വിജ്ഞാനശബ്ദാവലി*യുടെയും *മാനവികശബ്ദാവലി*യുടെയും ഒന്നാം വാല്യം പുറത്തിറങ്ങിയത്. ശബ്ദാവലികൾ രൂപപ്പെടുന്നതിന്റെ പശ്ചാത്തലം, സ്വീകരിച്ച സമീപനങ്ങൾ, നിർമാണത്തിൽ നേരിടേണ്ടിവന്ന പ്രശ്നങ്ങൾ, പദങ്ങളുടെ സവിശേഷതകൾ, പദങ്ങളെക്കുറിച്ച് ഉയരാനിടയുള്ള വിമർശനങ്ങൾ, ഇനിയും നടക്കേണ്ട വിശദമായ ചർച്ചകൾ തുടങ്ങിയ കാര്യങ്ങളെല്ലാം ഈ ആമുഖത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുറച്ചു കോപ്പികൾ മാത്രം അച്ചടിച്ച് പ്രചരിപ്പിച്ച് ചർച്ചയ്ക്കു വിധേയമാക്കി അഭിപ്രായങ്ങൾ ശേഖരിച്ചതിനുശേഷം മാത്രമായിരുന്നു വിപുലമായ അച്ചടിയിലേക്ക് പോവേണ്ടിയിരുന്നതെന്നും, സമയം അനുവദിക്കാത്തതിനാൽ അതിലേക്ക് കടക്കാൻ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് കഴിയാതെ പോയി എന്നും ആമുഖക്കുറിപ്പ് വ്യക്തമാക്കുന്നു. പാഠപുസ്തകങ്ങൾ നിശ്ചിതസമയത്തിനകം തയ്യാറാക്കിയില്ലെങ്കിൽ കേന്ദ്രസഹായം ലഭിക്കാതെ പോവും എന്നതിനാലാണ് ശബ്ദാവലി ധൃതിപിടിച്ച് അച്ചടിക്കേണ്ടിവന്നത്. എങ്കിലും ചർച്ച ഇനിയും നടത്താവുന്നതും ആവശ്യമായ മാറ്റങ്ങൾ തുടർന്ന് സ്വീകരിക്കാവുന്നതുമാണെന്നും, അവ്യവസ്ഥകൾ പരിഹരിക്കുന്നതിലേക്കുള്ള ആദ്യപടിയെന്ന നിലയിൽ ഈ പദങ്ങളെ നോക്കിക്കാണണമെന്നും, ശബ്ദാവലിയിൽ നൽകിയിട്ടുള്ള പദങ്ങളേക്കാൾ നല്ല പദങ്ങളുണ്ടെങ്കിൽ അവയാണ് പ്രയോഗത്തിൽ വരിക എന്ന കാര്യത്തിൽ സംശയിക്കേണ്ടതില്ലെന്നും കുറിപ്പ് വ്യക്തമാക്കുകയുണ്ടായി. സാങ്കേതികപദനിർമാണത്തിന് സി.എസ്.ടി.ടി. സ്വീകരിച്ച തത്വങ്ങളുടെ മലയാളരൂപവും *വിജ്ഞാനശബ്ദാവലി*യിൽ പ്രത്യേകം ഉൾക്കൊള്ളിച്ചിരുന്നു.

അധ്യായം രണ്ടിൽ സൂചിപ്പിച്ചതുപോലെ, കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ കോഴിക്കോട് യൂണിറ്റും ബോംബെ ഘടകവും പരിഭാഷപ്പെടുത്തിയ പദങ്ങൾ ഇതിലേക്ക് പ്രയോജനപ്പെടുത്തുകയുണ്ടായി. ഒപ്പം തിരുവിതാംകൂർ, മദിരാശി സർവകലാശാലകൾ മുമ്പ് പ്രസിദ്ധീകരിച്ച ശബ്ദാവലികളും പ്രയോജനപ്പെടുത്തിയിരുന്നു. എൻ.വി., സി.കെ.

മൂസ്സത്, എ.എൻ.പി. ഉമ്മർകുട്ടി, കെ.പി. കരുണാകരൻ, എം.പി. പരമേശ്വരൻ, എം.ആർ. ചന്ദ്രശേഖരൻ, എൻ. രമേശൻ, സി.പി. നാരായണൻ, എ.വി. ശങ്കരൻ, ജോസ് കെ. മംഗലി, ആർ. ഗോപിമണി, ടി.എ. കമാലുദ്ദീൻ, എൻ.വി. ജയൻ, പി.എ. വാരിയർ എന്നിവർ ചേർന്നാണ് *വിജ്ഞാനശബ്ദാവലി* ഒന്നാം വാല്യം തയ്യാറാക്കിയത്. ഒന്നാം വാല്യത്തിൽ സസ്യശാസ്ത്രം, രസതന്ത്രം, ഭൂമിശാസ്ത്രം, ഭൂവിജ്ഞാനം, ഗണിതം, ഭൗതികം, ജന്തുശാസ്ത്രം എന്നിവയിലെ പദങ്ങളാണ് ഉൾപ്പെടുത്തിയത്(ഒരു സംഘം ലേഖകർ, *വിജ്ഞാനശബ്ദാവലി-1*).

1971 ഏപ്രിലിൽ പുറത്തിറങ്ങിയ രണ്ടാം വാല്യത്തിൽ[31] സി.എസ്.ടി.ടി. യുടെ ഹിന്ദി വിജ്ഞാനശബ്ദാവലിയുടെ മൂന്നു മുതൽ അഞ്ചു വരെയുള്ള വാല്യങ്ങളിൽ ഉൾപ്പെട്ടിരുന്ന 19175 പദങ്ങളാണ് ഉൾപ്പെട്ടിരുന്നത്. സസ്യശാസ്ത്രം (3775 പദങ്ങൾ), രസതന്ത്രം (7100), ഗണിതം (2500), ഭൗതികം (2500), ജന്തുശാസ്ത്രം (3300) എന്നീ മേഖലകളിലുള്ള ഈ പദങ്ങൾ ബിരുദാനന്തരതലത്തിൽ ഉപയോഗമുള്ളവയായിരുന്നു(*വിജ്ഞാനശബ്ദാവലി-2* v). ദ്വിപദനാമപദ്ധതിയിൽ പെട്ട പദങ്ങൾ അടിവരയിട്ടാണ് അച്ചടിച്ചിരുന്നത്. ചില പദങ്ങളോടൊപ്പം അതിന്റെ ഹിന്ദിരൂപം ബ്രാക്കറ്റിൽ കൊടുത്തതായി കാണാം. ഉദാ:- aculeate ശൂലരൂപി (ശൂലവത്), ambrosia beetle അംബ്രോസിയ വണ്ട് (അംബ്രോസിയ ഭൃംഗം). സി.എസ്.ടി.ടി. യുടെ പദാവലിയിലുള്ള ശുദ്ധഹിന്ദിപദങ്ങളെ ഒഴിവാക്കിയപ്പോൾ അവ എന്തായിരുന്നെന്ന് വായനക്കാർക്ക് അറിയാനായാണ് ഇത്തരത്തിൽ ബ്രാക്കറ്റിൽ നൽകിയത്. പത്താം ക്ലാസ് വരെയെങ്കിലും ഹിന്ദി പഠിക്കുന്നവരാണ് കേരളീയർ എന്നതിനാൽ ഇത് അവർക്ക് പ്രയോജനം ചെയ്യുമെന്ന് കരുതി. ഹിന്ദി വാക്കുകൾ നാഗരിലിപിയിൽത്തന്നെ നൽകാനാണ് ഉദ്ദേശിച്ചതെങ്കിലും അച്ചടിയിലെ പരിമിതികൾ മൂലം അത് മലയാളലിപിയിൽ നൽകുകയാണുണ്ടായത്. രണ്ടാം വാല്യത്തിന്റെ നിർമാണത്തിൽ പങ്കാളികളായത് എൻ. വി., സി. കെ. മൂസ്സത്, എ. എൻ. പി. ഉമ്മർകുട്ടി, ജോസ് കെ. മംഗലി, എ. വി. ശങ്കരൻ, സി. പി. നാരായണൻ, പി. എം. മധുസൂദനൻ, കെ. എസ്. സുബ്രഹ്മണ്യൻ നമ്പൂതിരി എന്നിവരായിരുന്നു.

രണ്ടു വാല്യങ്ങളായി പ്രസിദ്ധപ്പെടുത്തിയ *വിജ്ഞാനശബ്ദാവലി* കൂട്ടിച്ചേർത്ത് പരിഷ്കരിച്ച് ഒറ്റ വാല്യമായി 1987 സെപ്റ്റംബറിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. രണ്ടു വാല്യങ്ങളിലെയും തീരെ ഉപയോഗിക്കപ്പെടാതിരിക്കുന്ന പദങ്ങൾ ഈ പതിപ്പിൽ ഉപേക്ഷിച്ചിട്ടുണ്ടെന്നാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അവകാശപ്പെടുന്നത്(*വിജ്ഞാനശബ്ദാവലി* vi). അതേസമയം ഹൈസ്കൂൾ പാഠപുസ്തകങ്ങളിൽ പരക്കെ ഉപയോഗിക്കുന്ന പദങ്ങൾ കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്. മുപ്പത്താറായിരത്തിൽപ്പരം ഇംഗ്ലീഷ് പദങ്ങളാണ് ഇതിൽ

ഉൾക്കൊള്ളിച്ചതായി കണക്കാക്കുന്നത്. ആദ്യപതിപ്പിൽനിന്ന് വ്യത്യസ്തമായി ഭൗതികം, രസതന്ത്രം, ജന്തുശാസ്ത്രം, സസ്യശാസ്ത്രം, ഭൂവിജ്ഞാനം മേഖലകളിലെ പദങ്ങളുടെ നേരെ ബ്രാക്കറ്റിൽ അവ ഇന്ന മേഖലയിലെ പദമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഏതാനും പദങ്ങളുടെ കാര്യത്തിലൊഴികെ, ഒന്നാം പതിപ്പിൽ ഏത് വിഷയമേഖലയിലെ പദമാണെന്ന് തിരിച്ചറിയാൻ കഴിയുമായിരുന്നില്ല.

ഒറ്റനോട്ടത്തിൽത്തന്നെ രണ്ടാം പതിപ്പിൽ വലിയതോതിൽ പദങ്ങളിൽ വ്യത്യാസങ്ങൾ വരുത്തിയതായി കാണാം.[32] ഏതാനും ഉദാഹരണങ്ങളിലൂടെ ഇക്കാര്യം വ്യക്തമാക്കാം. ഒന്നാം പതിപ്പിൽ boiling point ന് ക്വഥനാങ്കം, ബോയിലിങ്ങ് പോയിന്റ്, തിളനില[33] എന്നീ മൂന്ന് രൂപങ്ങൾ നൽകിയത് പുതിയ പതിപ്പിൽ തിളനില, ക്വഥനാങ്കം എന്നാക്കിയിരിക്കുന്നു. ഇംഗ്ലീഷിൽ നൽകിയ രണ്ടാം രൂപം എടുത്തുമാറ്റുകയും തിളനില എന്ന മലയാളപദം ആദ്യപദമായി മാറ്റുകയും ചെയ്തു. ഒന്നാം പതിപ്പിൽ area എന്നതിനു സമമായി ക്ഷേത്രഫലം, ക്ഷേത്രം, ഏരിയ എന്ന് നൽകിയത് രണ്ടാം പതിപ്പിലേക്ക് എത്തിയപ്പോൾ area (Math., Phy.) ക്ഷേത്രഫലം, വിസ്തീർണം എന്നായി മാറി. ഇവിടെ ഇംഗ്ലീഷ് പദരൂപം എടുത്തുമാറ്റി. ഒന്നാം പതിപ്പിൽ camera എന്ന പദത്തിന് ഉപപദങ്ങളായി camera-binocular, camera-motion picture, camera-photographic, camera-pinhole, camera-reflex, camera-stereoscopic, camera-lucida, camera-obscura എന്നീ പദങ്ങൾ നൽകിയിരുന്നു. രണ്ടാം പതിപ്പിൽ ഈ ഉപപദങ്ങളെല്ലാം ഒഴിവാക്കി camera angle എന്ന പുതിയൊരു ഉപപദം മാത്രം നൽകിയിരിക്കുന്നു. നേരിയ സ്പെല്ലിങ്ങ് വ്യത്യാസമുള്ള ജിയോളജിയിലെ camerae കാമെറേ, വായുകക്ഷം എന്ന പദം പുതുതായി കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. cockscomb എന്ന പദത്തിന് കോഴിപ്പൂവ്, കുക്കുടശിഖാഭം എന്നീ വാക്കുകളാണ് ഒന്നാം പതിപ്പിലെങ്കിൽ രണ്ടാം പതിപ്പിൽ സംസ്കൃതരൂപം ഒഴിവാക്കുകയും മലയാളപദത്തിൽ നേരിയ വ്യത്യാസം വരുത്തി കോഴിപ്പൂരൂപം എന്നാക്കിയതായും കാണാം. നേരത്തെ ചൂണ്ടിക്കാണിച്ച aculeate ശൂലരൂപി (ശൂലവത്) എന്നത് പുതിയ പതിപ്പിൽ aculeate (Biol.) ശല്യകി എന്നാക്കിയിരിക്കുന്നു. ഹിന്ദിപദങ്ങൾ ബ്രാക്കറ്റിൽ നൽകിയതും രണ്ടാം പതിപ്പിൽ കാണുന്നില്ല. പദങ്ങളിൽ എത്രത്തോളം മാറ്റം വരുത്തിയെന്ന് ആമുഖക്കുറിപ്പിലൊന്നും പ്രത്യേക പരാമർശമില്ല. ഇത് കണ്ടെത്തണമെങ്കിൽ രണ്ടു പതിപ്പുകളിലെയും ഓരോ പദവും ഒത്തുനോക്കുകയേ വഴിയുള്ളൂ.

## 3.8.2 മാനവികശബ്ദാവലി

ചരിത്രം, പുരാതത്വം, രാഷ്ട്രതന്ത്രം എന്നീ മേഖലകളിൽനിന്നുള്ള സാങ്കേതികപദങ്ങളാണ് *മാനവികശബ്ദാവലി*യുടെ ഒന്നാം വാല്യത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. സി.എസ്.ടി.ടി. 1966 ൽ പ്രസിദ്ധീകരിച്ച *മാനവികശബ്ദാവലി*യെ അടിസ്ഥാനമാക്കിയാണ് ഇത് തയ്യാറാക്കിയത്. 1970 ൽ ഇറങ്ങിയ രണ്ടാം വാല്യം തത്വശാസ്ത്രം, സാമൂഹ്യശാസ്ത്രം, മനശ്ശാസ്ത്രം, സാമൂഹ്യമനശ്ശാസ്ത്രം, സാമൂഹ്യകാര്യവിജ്ഞാനം, വിദ്യാഭ്യാസം എന്നീ മേഖലകളെ അധികരിക്കുന്നു. ഇവയിൽ ഏതാണ്ട് മുപ്പതിനായിരത്തോളം പദങ്ങളാണ് ഉൾപ്പെടുത്തിയത്. സി.എസ്.ടി.ടി. യുടെ രണ്ട്, മൂന്ന്, നാല് വാല്യങ്ങളെ അധികരിച്ചാണ് ഇത് തയ്യാറാക്കിയത്. മുഖ്യമന്ത്രി സി. അച്യുതമേനോനാണ് രണ്ടാം വാല്യം പ്രകാശനം ചെയ്തത്. *മാനവികശബ്ദാവലി*യുടെ പതിപ്പുകൾ പിന്നീട് പ്രസിദ്ധീകരിച്ചിട്ടില്ല. 'ധൃതിപിടിച്ച് പ്രസിദ്ധീകരിച്ചതിനാൽ ചെറിയ ചില തെറ്റുകളും പോരായ്മകളും കടന്നുകൂടിയതായി'(ശരത്കുമാർ 119) അക്കാലത്തുതന്നെ ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നു.

*വിജ്ഞാനശബ്ദാവലി*യിലേതുപോലെ തികച്ചും സാങ്കേതികങ്ങളെന്നു പറയാനാവാത്ത ചില പദങ്ങളെ *മാനവികശബ്ദാവലി*യിലും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ക്ലിപ്തമായ ഒരർത്ഥത്തിൽ അവയെ തളച്ചിടുക എന്ന ഉദ്ദേശം മുൻനിർത്തിയാണ് അപ്രകാരം ചെയ്തിട്ടുള്ളത് എന്നാണ് വിശദീകരണം. ഇന്ത്യയിലെ മറ്റുഭാഷകൾ സംസാരിക്കുന്നവർക്ക് അവരുപയോഗിക്കുന്ന ഒരു സാങ്കേതികപദത്തിന്റെ മലയാളരൂപം എന്തെന്നറിയാൻ താൽപര്യപ്പെടുകയാണെങ്കിൽ പ്രയോജനപ്പെടാൻ എന്നു പ്രസ്താവിച്ചുകൊണ്ട് മലയാളത്തിലെ സ്വരങ്ങൾ, വ്യഞ്ജനങ്ങൾ, വ്യഞ്ജനങ്ങളോട് സ്വരചിഹ്നങ്ങൾ ചേരുമ്പോഴുണ്ടാകുന്ന രൂപങ്ങൾ എന്നിവ *വിജ്ഞാനശബ്ദാവലി*യിലേതുപോലെ *മാനവികശബ്ദാവലി*യിലും തുടക്കത്തിൽ നാഗരിലിപിയിൽ കൊടുത്തിട്ടുണ്ട്. എല്ലാ ഇന്ത്യൻ ഭാഷകൾക്കും യോജിക്കുന്ന സാങ്കേതികപദങ്ങൾ-പാൻ ഇന്ത്യൻ പദങ്ങൾ-എന്ന സങ്കൽപത്തെ പിന്തുടർന്നുകൊണ്ടാണ് ഈ ശ്രമമെന്ന് കാണാം. *വിജ്ഞാനശബ്ദാവലി*യിൽനിന്ന് വ്യത്യസ്തമായി ചില പദങ്ങൾക്ക് *മാനവികശബ്ദാവലി*യിൽ ചെറിയ വിശദീകരണം കാണുന്നുണ്ട്. ഉദാ:- agape- അഗെയ്പ്, ആദിമ ക്രിസ്തുമതത്തിലെ പ്രീതിഭോജനം, aegis(Gr. Hist.) പരിച, ഏജിസ്, സ്യൂസും അഥീനാദേവിയും ധരിക്കുന്ന ഒരു രക്ഷാപ്രതീകം, exarch എക്സാർക്, ബൈസന്റൈൻ ചക്രവർത്തിയുടെ സ്ഥാനപ്പേര്. *വിജ്ഞാനശബ്ദാവലി*യിലേതുപോലെ ചില പദങ്ങൾക്കുനേരെ ഹിന്ദി പദങ്ങൾ *മാനവികശബ്ദാവലി*യിലും ബ്രാക്കറ്റിൽ നൽകിയതുകാണാം.

*വിജ്ഞാനശബ്ദാവലി* ഒന്നാം വാല്യം തയ്യാറാക്കിയ അതേസംഘം തന്നെയാണ് *മാനവികശബ്ദാവലി* ഒന്നാം വാല്യവും തയ്യാറാക്കിയത്. രണ്ടാം വാല്യം എൻ.വി., കെ.പി. കരുണാകരൻ, കെ. വേലായുധൻ നായർ, എസ്. ഗുപ്തൻ നായർ, എൻ. രമേശൻ, പുനലൂർ കെ. ബാലൻ, വിഷ്ണുനാരായണൻ നമ്പൂതിരി, എം.എഫ്. തോമസ് എന്നിവരാണ് തയ്യാറാക്കിയത്.

### 3.8.3 കൃഷിശബ്ദാവലി

1969 സെപ്തംബർ മാസത്തിൽ ഗവർണർ വി. വിശ്വനാഥൻ പ്രകാശനം ചെയ്ത *കൃഷിശബ്ദാവലി* ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മൂന്നാമത്തെ പ്രസിദ്ധീകരണമായിരുന്നു. കാർഷികമേഖലയിലെ ഡിഗ്രിതലംവരെയുള്ള പതിനായിരത്തോളം സാങ്കേതികപദങ്ങൾ ഉൾക്കൊള്ളുന്നതായിരുന്നു *കൃഷിശബ്ദാവലി.* ദ്വിപദ നാമാവലി അനുസരിച്ചുള്ള പദങ്ങൾ ഇംഗ്ലീഷിലുള്ളത് ഇറ്റാലിക്സ് രൂപത്തിലും മലയാളത്തിലുള്ളവ അടിവര ഇട്ട രൂപത്തിലുമാണ് അച്ചടിച്ചിട്ടുള്ളത്. അനുബന്ധമായി കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ നിന്നുള്ള നൂറോളം ശബ്ദങ്ങൾ സമാഹരിച്ച് നൽകിയതായും കാണാം. മലയാളത്തിൽ പദം നൽകി അതിനുള്ള ഇംഗ്ലീഷ് പദം എന്ന രീതിയിലാണ് അവ ക്രമീകരിച്ചിരിക്കുന്നത്.

കാർഷിക സസ്യശാസ്ത്രം, കാർഷിക രസതന്ത്രം, കാർഷിക സാമ്പത്തികശാസ്ത്രം, കാർഷിക എൻജിനീയറിങ്ങ്, കാർഷിക സാംഖ്യികം, അഗ്രോണമി, മൃഗപരിപാലനം, തേനീച്ച വളർത്തൽ, ഷഡ്പദവിജ്ഞാനം, ഉദ്യാനവിജ്ഞാനം, രോഗവിജ്ഞാനം, മൃത്തികവിജ്ഞാനം, മൃഗവൈദ്യവിജ്ഞാനം എന്നീ ശാഖകളിലെ പദങ്ങൾ ബ്രാക്കറ്റിൽ പ്രത്യേകം അടയാളപ്പെടുത്തിയിട്ടുണ്ട്. പരിഷ്കരിച്ച പതിപ്പ് ഇറക്കുന്നതിലേക്കായി, M എന്ന അക്ഷരം വരെയുള്ള തെറ്റുകൾ തിരുത്തിയും നിരവധി പദങ്ങൾ ഒഴിവാക്കിക്കൊണ്ടും അടയാളപ്പെടുത്തിയ ഒരു കോപ്പി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ലൈബ്രറിയിൽ കാണാനിടയായി. എന്നാൽ *കൃഷിശബ്ദാവലി*യുടെ പരിഷ്കരിച്ച പതിപ്പ് പിന്നീട് ഇറങ്ങിയില്ല.

### 3.8.4 എൻജിനീയറിങ്ങ് ശബ്ദാവലി

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നാലാമത്തെ പ്രസിദ്ധീകരണമായിരുന്നു *എൻജിനീയറിങ്ങ് ശബ്ദാവലി.* 1969 ഡിസംബറിൽ പുറത്തിറങ്ങിയ ഈ ശബ്ദാവലി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് ആദ്യകോപ്പി നൽകിക്കൊണ്ട് ഇ.എം.എസ്. പ്രകാശനം ചെയ്തു. സോയിൽ മെക്കാനിക്സ്, ഹൈഡ്രോളിക് എൻജിനീയറിങ്ങ്,

ഭവനനിർമാണ പദാർത്ഥങ്ങൾ, ഇലക്ട്രിക്കൽ എൻജിനീയറിങ്ങ്, ഇലക്ട്രോണികവും വാർത്താവിനിമയവും, മെക്കാനിക്കൽ എൻജിനീയറിങ്ങ്, ജലസേചന എൻജിനീയറിങ്ങ്, റെയിൽവേ എൻജിനീയറിങ്ങ്, ഹൈവേ എൻജിനീയറിങ്ങ്, ഭവന നിർമാണം, സംരചനാസിദ്ധാന്തവും പദാർത്ഥങ്ങളുടെ ഉറപ്പും എന്നിങ്ങനെ 11 വിഭാഗങ്ങളിലെ കാൽലക്ഷത്തിലധികം സാങ്കേതികപദങ്ങൾ ഉൾക്കൊള്ളുന്നതായിരുന്നു *എൻജിനീയറിങ്ങ് ശബ്ദാവലി*. ഓരോ വിഭാഗത്തിലെയും പദങ്ങൾ വെവ്വേറെയാണ് നൽകിയത്. തൊഴിലാളികൾ ഉപയോഗിക്കുന്ന ഗ്രാമ്യപദങ്ങളാണ് ഈ രംഗത്തെ വലിയൊരു ഭാഗം പദങ്ങളെന്നും, മറ്റു കുറേ പദങ്ങൾ പരസ്യക്കാർ ഉപയോഗിച്ചുപോരുന്നവയാണെന്നും, ഇവയെ പൊതുവെ ജാർഗണുകളെന്നാണ് വിശേഷിപ്പിക്കുന്നതെന്നും, എൻജിനീയറിങ്ങ് മേഖലയിലെ പദങ്ങൾക്ക് മറ്റു വിഭാഗങ്ങളിലെ പദങ്ങളിൽനിന്നുള്ള വ്യത്യാസമായി ശബ്ദാവലിയുടെ ആമുഖത്തിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. ഇത്തരം പദങ്ങൾ പൊതുനിയമാവലികൾ അനുസരിച്ചുള്ള തർജമയ്ക്ക് വഴങ്ങുന്നവയല്ല.

മൂന്ന് വിഭാഗങ്ങളെ മുൻനിർത്തി *എൻജിനീയറിങ്ങ് ശബ്ദാവലി*യിലെ പദങ്ങൾക്കുള്ള ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

മെക്കാനിക്കൽ എൻജിനീയറിങ്ങ് വിഭാഗം:- Broaching- ബ്രോചനം, ബ്രോച്കരണം, ബ്രോച്ചൽ, caking coal- കട്ട കൽക്കരി, കോക്കുന്ന കൽക്കരി (പൂപീകോയിലി), calliper gauge- കാലിപർഗേജ്, കാലിപർ പ്രമാപി, abrasion pressure- ഉരയ്ക്കൽ മർദം, അപഘർഷണ മർദം, absorptive power- അവശോഷണശക്തി, acceleration- ത്വരണം, analysis- വിശ്ലേഷണം, അപഗ്രഥനം, വിശകലനം, bolting- ബോൾടൽ, ബോൾട്ടിടൽ.

ഇലക്ട്രിക്കൽ എൻജിനീയറിങ്ങ് വിഭാഗം:- rack, alarm equipment- അലാറയന്ത്ര ഉപതട്ട്, radial commutator- ത്രിജ്യദിക് പരിവർതകം, rail, conductor- ചാലക റെയിൽ, rail contact- സമ്പർക റെയിൽ magnetic alloy- കാന്തിക കൂട്ടുലോഹം magnetic axis- കാന്തിക അക്ഷം, magnetometer- കാന്തമാപകം മാഗ്നറ്റോമീറ്റർ, main- മെയ്ൻ, മുഖ്യം, heap wrapping tarred- ടാറിൽ മുക്കിയ ചണകൊണ്ടു പൊതിയൽ, gauss's theorem- ഗോസ്സിന്റെ പ്രമേയം, gauze brush- വലബ്രഷ്, ഗോസ് ബ്രഷ്.

ഭവനനിർമാണം വിഭാഗം:- angle block കോണ-ഖണ്ഡം, aneroid barometer അനിറോഡ് ബറോമീറ്റർ, bond ബോൺഡ്, കെട്ട്, bonded block കെട്ടു ബ്ലോക്ക്.

*എൻജിനീയറിങ്ങ് ശബ്ദാവലിക്ക്* 1975 ൽ രണ്ടാമത്തെ പതിപ്പ് പുറത്തിറങ്ങുകയുണ്ടായി.

### 3.8.5 ഭാഷാശാസ്ത്രശബ്ദാവലി

ബിരുദതലത്തിലും ബിരുദാനന്തരതലത്തിലും പ്രയോജനപ്പെടുന്ന നാലായിരത്തഞ്ഞൂറിൽപ്പരം പദങ്ങൾ *ഭാഷാശാസ്ത്രശബ്ദാവലി*യിൽ ഉൾക്കൊള്ളുന്നു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ ഭാഷാവിഭാഗത്തിന്റെ ഉത്തരവാദിത്വത്തിലാണ് 1970 ൽ *ഭാഷാശാസ്ത്രശബ്ദാവലി* പുറത്തിറക്കിയത്. സി.എസ്.ടി.ടി. യുടെ *മാനവികശബ്ദാവലി*യുടെ ഭാഷാവിജ്ഞാനം എന്ന അഞ്ചാം വാല്യത്തെ അടിസ്ഥാനമാക്കി എൻ.വി., പ്രൊഫ. എസ്.ഗുപ്തൻ നായർ, എം.ആർ.ചന്ദ്രശേഖരൻ, എൻ.രമേശൻ, വിഷ്ണുനാരായണൻ നമ്പൂതിരി, പുനലൂർ കെ.ബാലൻ എന്നിവരാണ് *ഭാഷാശാസ്ത്രശബ്ദാവലിക്ക്* രൂപം നൽകിയത്. ദൽഹി, പൂന, അണ്ണാമല യൂണിവേഴ്സിറ്റി എന്നിവിടങ്ങളടക്കം ഏഴ് സ്ഥലങ്ങളിൽ നടന്ന കൂടിച്ചേരലുകളുടെ ഉൽപ്പന്നമായിരുന്നു മൂലഗ്രന്ഥം.

*ഭാഷാശാസ്ത്രശബ്ദാവലി*യിലെ പദങ്ങളുടെ ഏതാനും മാതൃകകൾ:- irrelevant- അപരിച്ഛേദകം, അപ്രസക്തം, irreversibility- അനുൽക്രമണീയത, irritant- ശല്യകം, ഉത്തേജകം, isogloss- സമഭാഷാംശസീമാരേഖ, recutting- പുനർവിഭാജനം, reduced grade- സംപ്രസാരണം, reduction- ഹ്രാസം, ഹ്രസനം, verb- നിയതക്രിയ, നിയമിത ക്രിയ, reinforcement- പുനർദൃഢീകരണം, replacement- പ്രതിസ്ഥാപനം, ആദേശം.

### 3.8.6 ഭരണശബ്ദാവലി

ഭരണഭാഷാമാറ്റത്തിന് അവശ്യം ആവശ്യമായ *ഭരണശബ്ദാവലി* പ്രസിദ്ധീകരിക്കുന്നത് 1970 ആഗസ്റ്റ് മാസത്തിലാണ്. 5300 വാക്കുകൾ ഉൾക്കൊള്ളുന്നതായിരുന്നു ഇത്. ഔദ്യോഗികഭാഷാ കമ്മിറ്റിയുമായി സഹകരിച്ചായിരുന്നു ആദ്യപതിപ്പ് തയ്യാറാക്കിയത്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ശബ്ദാവലികളിൽ ഏറ്റവും കൂടുതൽ പ്രചരിച്ചത് *ഭരണശബ്ദാവലി*യാണ്. കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട വാക്കുകളടക്കം കൂട്ടിച്ചേർത്ത് 2014 ൽ *ഭരണശബ്ദാവലി* സമൂലമായി പരിഷ്കരിക്കുകയുണ്ടായി. 2023 ൽ പുറത്തിറങ്ങിയത് പതിമൂന്നാം പതിപ്പാണ്.

error- തെറ്റ്, പിശക്, escort- മാർഗരക്ഷി, എസ്കോർട്ട്, മാർഗരക്ഷ ചെയ്യുക, estimate- അനുമാനം, പ്രാക്കലനം, അടങ്കൽ, മതിപ്പ്, എസ്റ്റിമേറ്റ്, estimator- പ്രാക്കലകൻ, അടങ്കൽ തയ്യാറാക്കുന്ന ആൾ, evaluation- മൂല്യാങ്കനം, വിലയിരുത്തൽ, eviction- ഒഴിപ്പിക്കൽ, കുടിയിറക്ക്, നിഷ്കാസനം തുടങ്ങിയവ ഒന്നാം പതിപ്പിലെ പദങ്ങൾക്ക് ഉദാഹരണങ്ങളാണ്. 2014 ലെ പതിപ്പിൽ ഇവയിൽ escort- എസ്കോർട്ട്,

estimate– എസ്റ്റിമേറ്റ്, അടങ്കൽ, മതിപ്പ്, അനുമാനം, പ്രാക്കലനം, eviction– ഒഴിപ്പിക്കൽ, കുടിയിറക്ക് എന്നിങ്ങനെ മാറ്റിയതായി കാണാം.

### 3.8.7 മീറ്റിയറോളജി ശബ്ദാവലി

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മറ്റു ശബ്ദാവലികളുമായി തട്ടിച്ചുനോക്കുമ്പോൾ *മീറ്റിയറോളജി ശബ്ദാവലി* അഥവാ അന്തരീക്ഷശാസ്ത്ര ശബ്ദാവലി വളരെ ചെറുതാണ്. കേവലം 23 പേജുകൾ മാത്രമേ ഇതിനുള്ളൂ. സി.എസ്.ടി.ടി. തയ്യാറാക്കിയതല്ലാത്ത ശബ്ദാവലി എന്ന പ്രത്യേകതകൂടി ഇതിനുണ്ട്. അന്തരീക്ഷശാസ്ത്ര വകുപ്പിലെയും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രവർത്തകരുടെയും ഉൽപ്പന്നമാണത്. തിരുവനന്തപുരത്തെ മീറ്റിയറോളജിക്കൽ ഓഫീസിലെ പി. എ. ജോർജ്, പി. പി. കുര്യൻ, വി. എം. മാത്യു, സി. ഇ. കറുപ്പൻ, എ. ശ്രീകുമാർ, എ. കെ. ശിവാനന്ദൻ എന്നിവരോടൊപ്പം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് എൻ. വി., ഡോ. എം. പി. പരമേശ്വരൻ, എം. എൻ. സുബ്രഹ്മണ്യൻ എന്നിവരും ഈ ശബ്ദാവലിയുടെ നിർമാണത്തിൽ പങ്കാളികളായി. 1973 മാർച്ചിലാണ് *മീറ്റിയറോളജി ശബ്ദാവലി* തയ്യാറായത്.

സി.എസ്.ടി.ടി. യുടെ പദങ്ങളെ പിന്തുടരേണ്ടതില്ലാത്ത ഒരു ശബ്ദാവലിയിൽ ഏതുതരത്തിലുള്ള പദങ്ങളാണ് നിർദേശിക്കപ്പെട്ടത് എന്നത് പരിശോധനയർഹിക്കുന്ന കാര്യമാണ്. മലയാളികൾക്ക് ചിരപരിചിതമല്ലാത്ത കഠിന സംസ്കൃതപദങ്ങൾ ഈ ശബ്ദാവലിയിൽ കടന്നുവന്നിട്ടില്ല. Cyclonic rotation– സൈക്ലോണിക ചുറ്റൽ– ചക്രണം, earth tremor– ഭൂവിറ, ഭൂവിറയൽ, deteriorate (The weather will)– (അന്തരീക്ഷനില) മോശപ്പെട്ടേക്കാം, submontane (regions)– കീഴ്മല (പ്രദേശങ്ങൾ), tornado– ടൊർനാഡോ എന്നിങ്ങനെ പോകുന്നു പരിഭാഷ. Anemometer, anemograph തുടങ്ങിയ പദങ്ങൾ ലിപ്യന്തരണം ചെയ്യാതെ വായുവേഗമാപി, വായുവേഗലേഖി എന്നിങ്ങനെ പരിഭാഷപ്പെടുത്തിയിരിക്കുന്നതായും കാണാം.

### 3.8.8 വൈദ്യകശബ്ദാവലി

രണ്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്ന *വൈദ്യകശബ്ദാവലി*യിൽ ഒന്നാം ഭാഗത്ത് ഇരുപതിനായിരം പദങ്ങളാണ് ഉൾക്കൊള്ളിച്ചത്. ശാരീരം, ശരീരക്രിയാവിജ്ഞാനം (physiology), ജീവരസതന്ത്രം, ഭേഷജ ഗുണവിജ്ഞാനം (pharmacology), വികൃതിവിജ്ഞാനം (pathology), സൂക്ഷ്മജീവവിജ്ഞാനം, ബാലചികിത്സ അടക്കമുള്ള കായചികിത്സ,

ശസ്ത്രക്രിയ, പ്രസൂതിവിജ്ഞാനവും സ്ത്രീരോഗവിജ്ഞാനവും (gynaecology), നിരോധചികിത്സയും സാമൂഹ്യചികിത്സയും, നേത്രവിജ്ഞാനം, മനോരോഗചികിത്സ എന്നീ വിഷയമേഖലകളിലെ എം.ബി.ബി.എസ്. പാഠ്യപദ്ധതിയിൽ വരുന്ന പദങ്ങളാണ് ഈ ഭാഗത്ത്. രണ്ടാം ഭാഗത്തിൽ കർണ നാസാഗള ശല്യവിജ്ഞാനം (ENT), വികലാംഗവിജ്ഞാനം, ത്വക്‌വിജ്ഞാനം (dermatology), സംവേദനാഹരണ വിജ്ഞാനം (anesthesia), പരിചര്യ, നിയമ വൈദ്യകവിജ്ഞാനം എന്നീ മേഖലകളെ ഉൾക്കൊള്ളിച്ചിരിക്കുന്നു. വൈദ്യമേഖലയിലേയും ഭാഷാമേഖലയിലേയും നൂറ്റി നാൽപ്പത് പ്രശസ്തവ്യക്തികൾ ചേർന്ന് തയ്യാറാക്കിയ, സി.എസ്.ടി.ടി. യുടെ *ആയുർവിജ്ഞാനശബ്ദാവലി*യെ മുൻനിർത്തിയാണ് *വൈദ്യകശബ്ദാവലി* തയ്യാറാക്കിയത്.

Portal–പ്രതിഹാരസംബന്ധി–പ്രവേശദ്വാരസംബന്ധി, intestinal portal– ആന്ത്രപ്രവേശദ്വാരം, perisistent occipitoposterior portal– നിർബന്ധ പശ്ചകപാലപശ്ചസ്ഥിതി, familial nonhaemolytic jaundice– കുടുംബഗത രക്ത അസംലായി കാമല, enchondromatosis– അന്തരുപാസ്ഥ്യർബുദ എന്നിങ്ങനെ സംസ്കൃതീകൃതപദങ്ങളുടെ മുഴച്ചുനിൽക്കൽ ഏറ്റവും കൂടുതലുള്ളത് *വൈദ്യകശബ്ദാവലി*യിലാണെന്ന് പറയാം. ആമുഖക്കുറിപ്പിൽ കാണുന്ന, “പാശ്ചാത്യവൈദ്യശാസ്ത്രഗ്രന്ഥങ്ങളിലെ സാങ്കേതികപദങ്ങളിൽ പലതിനും പകരം നിൽക്കുന്ന പദങ്ങൾ സംസ്കൃതത്തിലെ പഴയതും പുതിയതുമായ വൈദ്യശാസ്ത്രഗ്രന്ഥങ്ങളിൽ കാണാം. ഇവ കഴിയുന്നത്ര സ്വീകരിച്ചിരിക്കുന്നു” എന്ന പ്രസ്താവന ഇതിനെ സാക്ഷ്യപ്പെടുത്തുന്നുണ്ട് (ഒരു സംഘം ലേഖകർ, *വൈദ്യക ശബ്ദാവലി* VI) *വിജ്ഞാനശബ്ദാവലി, മാനവികശബ്ദാവലി* എന്നിവയുടെയൊക്കെ കാര്യത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന കൂട്ടായ ചർച്ചകൾ *വൈദ്യകശബ്ദാവലി*യുടെ കാര്യത്തിൽ നടന്നിട്ടില്ല എന്നുവേണം കരുതാൻ.

*വൈദ്യകശബ്ദാവലി*യിലെ പദങ്ങൾ കോട്ടയ്ക്കൽ ആയുർവേദ കോളെജിലെ ഡോക്ടർമാരായ പി.എ.രവീന്ദ്രനും എസ്.രഘുനാഥയ്യരും ചേർന്നാണ് തയ്യാറാക്കിയത്. അവ മെഡിക്കൽ കോളെജ് പ്രിൻസിപ്പാളായ ഡോ.കെ.മാധവൻകുട്ടി പരിശോധിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ നിർദേശങ്ങൾ പരിഗണിച്ചും സംസ്കൃതശബ്ദങ്ങൾ അഖിലേന്ത്യാപ്രചാരസാധ്യതയുള്ളവ ആവണമെന്ന കാര്യം മുൻനിർത്തിയും പിന്നീട് പദങ്ങൾ പരിഷ്കരിക്കുകയും ചെയ്തതായി ആമുഖക്കുറിപ്പ് പ്രസ്താവിക്കുന്നുണ്ട്. പദാവലി തയ്യാറാക്കിയതിലെ ആളുകളുടെ എണ്ണക്കുറവ്, അവരുടെ ആയുർവേദ– സംസ്കൃത പാരമ്പര്യ പശ്ചാത്തലം എന്നിവ ഇവിടെ ശ്രദ്ധേയമാണ്. തയ്യാറാക്കപ്പെട്ട പദങ്ങൾ, ആധുനിക വൈദ്യശാസ്ത്രത്തിന്റെ പ്രതിനിധിയായി പരിശോധിച്ച മാധവൻകുട്ടിയും

സംസ്കൃതപശ്ചാത്തലം ഉള്ള ആളാണ്. എം.ബി.ബി.എസ്. പാഠ്യപദ്ധതിയ്ക്കനുസരിച്ച പദാവലി നിർമിക്കുന്ന പ്രവർത്തനത്തിൽ ആധുനികവൈദ്യശാസ്ത്രമേഖലയിലുള്ളവരെ കാര്യമായി പരിഗണിച്ചതേയില്ല എന്നത് അത്ഭുതകരമായിരിക്കുന്നു. Peri infarct angina എന്നതിന് പുരാഹൃദ്രോധഗളനഹൃദ്ശൂലം എന്നും myocardial infarction ന് ഹൃദ്പേശീരോധഗളനം എന്നും മറ്റുമുള്ള പദരൂപീകരണത്തെ വ്യവഹാരസാധ്യതയെയും പ്രായോഗികതയെയും പരിഗണിക്കാതെയുള്ളവയെന്നേ പറയാൻ കഴിയൂ.

## 3.8.9 സാഹിത്യശബ്ദാവലി

സാഹിത്യവിമർശനം, നാട്യശാസ്ത്രം, നാടകശാല, ജനവിജ്ഞാനം (folklore) എന്നീ മേഖലകളെ അടിസ്ഥാനമാക്കുന്ന *സാഹിത്യശബ്ദാവലി*യിൽ ആറായിരത്തിലധികം പദങ്ങളുണ്ട്. 1974 ൽ പുറത്തിറങ്ങി. സമാലോചന എന്ന പേരിലുള്ള, സി.എസ്.ടി.ടി. യുടെ *മാനവികശബ്ദാവലി* ഏഴാം വാല്യമാണ് ഇതിന് ആധാരമാക്കിയത്. സി.എസ്.ടി.ടി. അച്ചടിച്ച് പ്രസിദ്ധീകരിക്കും മുമ്പുതന്നെ അതിന്റെ കയ്യെഴുത്തു പ്രതിയെ മുൻനിർത്തിയാണ് മലയാള പരിഭാഷ തയ്യാറാക്കിയത്. എൻ. വി.ക്കു പുറമെ എസ്. ഗുപ്തൻ നായർ, പി. എ. വാരിയർ, പുനലൂർ ബാലൻ, പി. നാരായണക്കുറുപ്പ്, കെ. എസ്. നാരായണപിള്ള, സി. കെ. ലില്ലി, കെ. എ. വാസുക്കുട്ടൻ എന്നിവരാണ് *സാഹിത്യശബ്ദാവലിക്ക്* പിന്നിൽ പ്രവർത്തിച്ചത്. മറ്റു വിഷയമേഖലകളിൽനിന്ന് വ്യത്യസ്തമായി, ശബ്ദാവലിക്കുമുമ്പുതന്നെ മലയാളത്തിൽ സാഹിത്യവിമർശനം സമ്പുഷ്ടമായിരുന്നതിനാൽ ഒരേ അർത്ഥത്തിൽ വ്യത്യസ്തങ്ങളായ പല പദങ്ങളും ഉപയോഗിച്ചുവരുന്നതും, വ്യത്യസ്താശയങ്ങൾ സൂചിപ്പിക്കുവാൻ ഒരേ പദംതന്നെ ഉപയോഗിക്കുന്നതുമായ നടപ്പുരീതികൾ ശബ്ദാവലിയുടെ നിർമാണത്തിൽ ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചതായി ആമുഖത്തിൽ സൂചിപ്പിക്കുന്നുണ്ട്.

## 3.8.10 വാണിജ്യശബ്ദാവലി

ആറായിരത്തിലേറെ പദങ്ങളുള്ള *വാണിജ്യശബ്ദാവലി*യിൽ അക്കൗണ്ടൻസി, വ്യാപാരം, വിപണനം, ബിസിനസ് മാനേജ്മെന്റ്, ഇൻഷ്വറൻസ്, ചുരുക്കെഴുത്ത് തുടങ്ങിയ വിഷയങ്ങളാണ് ഉള്ളടങ്ങിയത്. എൻ. വി., എം. ആർ. തമ്പാൻ, ഡോ. കെ. വേലായുധൻ നായർ, എം. ആർ. വിജയനാഥൻ, എം. എൻ. സുബ്രഹ്മണ്യൻ എന്നിവരാണ് വാണിജ്യശബ്ദാവലിയുടെ നിർമാണത്തിൽ പങ്കുവഹിച്ചവർ. ഇവർക്കു പുറമെ പ്രൊഫ. കെ. ജെ. മാത്യു തരകൻ, പ്രൊഫ. ജേക്കബ് പി. മാത്യു എന്നിവരുടെ സഹായസഹകരണ

ങ്ങളും *വാണിജ്യശബ്ദാവലി*യുടെ പുറകിൽ ഉണ്ടായിരുന്നു. ഈ ശബ്ദാവലിയുടെ പരിഷ്ക രിച്ച പതിപ്പ് 1992 ൽ പുറത്തിറക്കുകയുണ്ടായി.

'ചില ഇംഗ്ലീഷ് പദങ്ങൾ ഉൾക്കൊള്ളുന്ന എല്ലാ ആശയവും മലയാളപദത്തിൽ ഉൾക്കൊള്ളിക്കാൻ ശ്രമിക്കുമ്പോൾ അത് വളരെ നീണ്ട സമസ്തപദമായി മാറുന്നു. ചെറുതാക്കുമ്പോഴാകട്ടെ ഇംഗ്ലീഷ് പദത്തിന്റെ പൂർണ അർത്ഥതലം പ്രതിഫലിക്കാതാ വുന്നു.' വാണിജ്യശാസ്ത്രശാഖ മലയാളത്തിൽ വളർച്ച പ്രാപിച്ചിട്ടില്ലാത്തതിനാൽ നേരിട്ട പ്രായോഗിക ബുദ്ധിമുട്ടുകൾ ആമുഖത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിനെ സമന്വയിപ്പിച്ചുള്ള സമീപനമാണ് പദരൂപീകരണത്തിൽ പിന്തുടർന്നതെന്നും അതിനാൽ പുതുതായി രൂപീകരിച്ച ചില പദങ്ങൾ അരോചകമായി ചിലപ്പോൾ അനുഭവപ്പെട്ടേക്കാമെ ന്നും ആമുഖക്കുറിപ്പ് വ്യക്തമാക്കുന്നുണ്ട്. ഒന്നാം പതിപ്പ് പ്രസിദ്ധീകരിക്കുന്ന വേളയിൽ വാണിജ്യശാസ്ത്രശാഖ മലയാളത്തിൽ വേണ്ടത്ര വികസിച്ചിരുന്നില്ലെന്നും അതിനുശേഷം പുതുതായി കടന്നുവന്ന മെച്ചപ്പെട്ട വാക്കുകളെ ഉൾക്കൊണ്ടും വ്യവഹാരത്തിൽ ഉറച്ചുക ഴിഞ്ഞ വാക്കുകളെ അതേപടി നിലനിർത്തിയുമാണ് പുതിയ പതിപ്പ് തയ്യാറാക്കിയതെന്ന് രണ്ടാം പതിപ്പിന്റെ ആമുഖത്തിൽ അവകാശപ്പെടുന്നു.

## 3.9 പത്രമാസികാപ്രസാധനം

ആദ്യകാല മലയാള ആനുകാലികങ്ങൾ വൈജ്ഞാനികസാഹിത്യത്തിന് നൽകിപ്പോന്ന പ്രാധാന്യം മുൻ അധ്യായത്തിൽ വിശദീകരിച്ചിട്ടുണ്ട്. പ്രധാനമായും രണ്ടു കാര്യങ്ങൾ ഇതിനു പുറകിലുണ്ട്. ഒന്ന്, തങ്ങളുടെ വായനക്കാരിലേക്ക് വൈജ്ഞാനികവിഷയങ്ങൾ എത്തിക്കേണ്ടതിന്റെയും ഭാഷയിൽ വൈജ്ഞാനികവ്യവഹാരങ്ങൾ വളരേണ്ടതിന്റെയും പ്രാധാന്യം തിരിച്ചറിഞ്ഞ പത്രാധിപന്മാരും പ്രസാധകരും. രണ്ട്, വൈജ്ഞാനികവിഷയ ങ്ങൾ വായിക്കാൻ താൽപ്പര്യപ്പെടുന്ന ഒരു വായനാവിഭാഗം. വലിയൊരു വിഭാഗം വായ നക്കാർ ആനുകാലികങ്ങളിലൂടെയാണ് വായനയുടെ ലോകത്തേക്ക് എത്തിപ്പെടുന്നതും ഗഹനമായ വായനയിലേക്ക് ചേക്കേറുന്നതും.

സാധാരണക്കാരായ വായനക്കാർ ഗഹനമായ വൈജ്ഞാനികപുസ്തകങ്ങളേക്കാൾ ചെറുകുറിപ്പുകളും ലേഖനങ്ങളും ഇഷ്ടപ്പെടുന്നു. ഒരേ വിഷയത്തെക്കുറിച്ച് ഒത്തിരിക്കാര്യ ങ്ങൾ വായിക്കുന്നതിനേക്കാൾ ഒത്തിരി വിഷയങ്ങളിലേക്ക് കടന്നുചെല്ലാൻ ആഗ്രഹി ക്കുന്നവരാണവർ. ആഴത്തേക്കാൾ പരപ്പിനാണ് അത്തരക്കാർ പ്രാധാന്യം കൊടുക്കു ന്നത്. ആനുകാലികങ്ങളിൽ വിഷയവൈവിധ്യം ഉണ്ടാവുമെന്നതിനാൽ ഇഷ്ടപ്പെടാത്തവ

മാറ്റിവച്ച് ഇഷ്ടമുള്ളവയിലൂടെ കടന്നുപോവാനും വായനക്കാർക്ക് കഴിയുന്നു. രചനാകാലം വരെയുള്ള കാര്യങ്ങളാണ് പുസ്തകങ്ങളിൽ ഉള്ളടങ്ങുന്നത്. അവയുടെ പുതിയ പതിപ്പുകൾ–പ്രത്യേകിച്ച് പരിഷ്കരിച്ച പതിപ്പുകൾ–ഉടനുടൻ ഇറങ്ങുകയുമില്ല. എന്നാൽ നന്നായി സംവിധാനം ചെയ്യുന്ന ആനുകാലികങ്ങൾക്ക് നിർദിഷ്ട വിഷയമേഖലകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പുതുചലനങ്ങളെ നിരന്തരമായി വായനക്കാരിലേക്കെത്തിക്കാൻ കഴിയും. ഇത്തരം നിരവധി കാരണങ്ങളാൽ വൈജ്ഞാനിക ആനുകാലികങ്ങൾക്ക് പ്രധാനപ്പെട്ടൊരു സ്ഥാനം വായനക്കാർക്കിടയിലുണ്ട്.

### 3.9.1 വിജ്ഞാനകൈരളി

ബഹുജനപ്രചാരം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവയ്ക്കും വിജ്ഞാനപ്രചാരണം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവയ്ക്കുമിടയിൽ മധ്യമാർഗം സ്വീകരിക്കുമെന്ന (*വിജ്ഞാനകൈരളി - വാല്യം 1 ലക്കം 1* 3)പ്രഖ്യാപനത്തോടെയാണ് *വിജ്ഞാനകൈരളിക്ക്* തുടക്കമിട്ടതെങ്കിലും[34] വിജ്ഞാനപക്ഷത്തേക്കു തന്നെയാണ് അതിന്റെ മുൻതൂക്കമെന്ന് കാണാം. ആദ്യത്തെ ഒന്നു രണ്ടുവർഷം ഏതാണ്ട് എല്ലാ ലക്കത്തിലും കഥയും കവിതയും ഒന്നുവീതമുണ്ടായിരുന്നെങ്കിലും പിന്നീട് അവയും ഇല്ലാതാവുന്നുണ്ട്. എന്നാൽ, വൈജ്ഞാനികലേഖനങ്ങളുടെ ഉള്ളടക്കസ്വഭാവത്തിൽ സാധാരണ വായനക്കാരുടെ താൽപ്പര്യങ്ങളോടായിരുന്നു കൂടുതൽ ചേർന്നുനിന്നത്. ശാസ്ത്രത്തെ ജനങ്ങളോടടുപ്പിക്കാനാണ് വിജ്ഞാനകൈരളി ശ്രമിച്ചതെന്ന് വ്യക്തം. ആദ്യത്തെ പത്രാധിപക്കുറിപ്പിൽ ഇക്കാര്യം വ്യക്തമാക്കുന്നുമുണ്ട്.

> "വിജ്ഞാനത്തെ ബഹുജനങ്ങൾക്ക് എത്തിച്ചുകൊടുക്കുക; ബഹുജനങ്ങളെ വിജ്ഞാനത്തിലേക്കാകർഷിക്കുക– ഈ ദ്വിമുഖമായ കർത്തവ്യമാണിതിനു നിറവേറ്റേനുള്ളത്. ഭാഷയിലും പ്രതിപാദനത്തിലും അങ്ങേയറ്റത്തെ ലാളിത്യം കൈവരുത്താൻ കഴിഞ്ഞാൽ വിജ്ഞാനം ബഹുജനങ്ങൾക്കു രുചികരമാകാതിരിക്കയില്ല. അതേസമയം തന്നെ, വിജ്ഞാനത്തിന്റെ ഉന്നതമേഖലകളിൽ, സയൻസിന്റെ കുട്ടുകൃഷിയിടങ്ങളിൽ, ഇടയ്ക്കെങ്കിലും വായനക്കാരെ കൂട്ടിക്കൊണ്ടുപോയി അവരുടെ അവബോധനിലവാരം ഉയർത്തേണ്ടതുമുണ്ട്."
> (3)

രണ്ടാമത്തെ ലക്കത്തിൽ ലേഖനങ്ങൾ ക്ഷണിച്ചുകൊണ്ടുള്ള 'ലേഖകരോട്' എന്ന കുറിപ്പിലും ഈ നിലപാട് മറ്റൊരു തരത്തിൽ ആവർത്തിച്ചുറപ്പിക്കുന്നുണ്ട്. സയൻസ്, മാനവി

കവിജ്ഞാനം, സാഹിത്യം എന്നിവയിൽ ഉയർന്ന ചിന്തയുടെ വേദിയായി വിജ്ഞാനകൈരളിയെ പ്രതിഷ്ഠിക്കാനും ശാസ്ത്രകാരന്മാരേയും സാമാന്യജനങ്ങളേയും ഒരുപോലെ പരിസേവിക്കാൻ കഴിയുംവിധം നിലനിർത്താനും കഴിയുമെന്ന് ഉറച്ചുവിശ്വസിക്കുകയും ചെയ്യുകയാണ് പത്രാധിപർ (*വിജ്ഞാനകൈരളി – വാല്യം 1 ലക്കം 2* 10).

വൈജ്ഞാനികവിഷയങ്ങൾ കൈകാര്യംചെയ്യുന്ന നിരവധി എഴുത്തുകാരെ വാർത്തെടുക്കാനുള്ള ഒരു കളരിയായി വിജ്ഞാനകൈരളി മാറി എന്നു കാണാം. *വിജ്ഞാനകൈരളി*യുടെ ഒന്നുമുതൽ ഒൻപതു വരെയുള്ള വാല്യങ്ങളിൽ[35] അറുനൂറിൽപരം എഴുത്തുകാർ അണിനിരക്കുന്നുണ്ട്. പംക്തികൾ, ചെറുകുറിപ്പുകൾ എന്നിവയും സർഗാത്മകരചനകളും മാറ്റിവച്ച് ബാക്കിയുള്ളവ പരിഗണിക്കുമ്പോൾ 1533 രചനകൾ[36] ഇക്കാലയളവിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. 1533 ലേഖനങ്ങളിൽ 772 എണ്ണം (50.36%) ശാസ്ത്രവിഷയങ്ങളേയും 337 എണ്ണം (21.98%) സാമൂഹികശാസ്ത്ര വിഷയങ്ങളേയും അധികരിച്ചുള്ളവയാണ്. ഭാഷ, സാഹിത്യം, സംസ്കാരം എന്നിവയെ മുൻനിർത്തിയുള്ളവ 268 ഉം (17.48%) മറ്റുള്ളവ 156 ഉം (10.18%) ആണ്.[37] ലേഖനങ്ങളിൽ 72.33 ശതമാനവും ശാസ്ത്ര–സാമൂഹികശാസ്ത്ര മേഖലകളെ അധികരിച്ചവയാണെന്ന് കാണാം. ലേഖനങ്ങൾക്കുപുറമെയുള്ള പംക്തികളിലും ഈ മേഖലകൾക്കുതന്നെയാണ് മുൻകൈ. (*വിജ്ഞാനകൈരളി*യുടെ ആദ്യ പത്തുവാല്യങ്ങളുടെ ലേഖനങ്ങളുടെ സൂചികയ്ക്ക് കാ. അനുബന്ധം 9)




ചിത്രം 3.2: വിജ്ഞാനകൈരളിയുടെ ആദ്യ ഒൻപതു വാല്യങ്ങളിലെ ലേഖനങ്ങളുടെ ഉള്ളടക്കച്ചേരുവയുടെ പൈ ചാർട്ട്.

ഉള്ളടക്കത്തിന്റെ സ്വഭാവം തിരിച്ചറിയാനായി ഒന്നാം ലക്കത്തിലെ വിഭവങ്ങളെ പരിശോധിക്കാം. ബാലാമണി അമ്മയുടെ 'ദേവദൂതി', ഒ. എൻ. വി. കുറുപ്പിന്റെ 'അജന്ത' എന്നീ കവിതകളും പുളക് ബന്ദോപാധ്യായയുടെ 'പരമാണുവീക്ഷണം' എന്ന കഥയുമാണ് സാഹിത്യ രചനകളായി അതിൽ ഉൾക്കൊള്ളിച്ചിരുന്നത്.[38] കെ. ജി. അടിയോടിയുടെ 'ഫെറമോണുകളൊഴിച്ചുള്ള ശലഭഹോർമോണുകൾ' ഒരു ഗവേഷണ പ്രബന്ധമായിരുന്നു. ലേഖനങ്ങളായി 'ബ്രിട്ടീഷ് രാഷ്ട്രീയസംവിധാനം' (പി. കെ. ശരത് കുമാർ), 'സ്പീഷീസിന് ഒരു നിർവചനം' (ഡോ. ജോസ് കെ. മംഗലി, കെ. ഗോപിമണി), 'മാപസിദ്ധാന്തത്തിന് ഒരു മുഖവുര' (പ്രൊഫ. കെ. രാമകൃഷ്ണപിള്ള), 'ശാസ്ത്രവികാസത്തിന്റെ നിമിത്തങ്ങൾ' (പി. ഗോവിന്ദപിള്ള), 'ആരോഗ്യവും സാമൂഹ്യക്രമവും' (ഡോ. കെ. മാധവൻകുട്ടി), 'നീർനായ' (കെ. കുഞ്ഞികൃഷ്ണൻ), 'വ്യാവസായിക വിഷവിജ്ഞാനീയം' (എ. പി. ജയരാമൻ), 'ലൂനാ–1 മുതൽ അപ്പോളോ–12 വരെ' (ബി. ബവംഡർ) എന്നിവയാണുണ്ടായിരുന്നത്. ഗ്രന്ഥസമീക്ഷയിൽ 'എന്തുകൊണ്ട് പിൻനില' എന്ന തലക്കെട്ടോടെ ഗുണ്ണർ മിർഡലിന്റെ *ഏഷ്യൻ ഡ്രാമ* (*Asian Drama* by Gunnar Myrdal) എന്ന പുസ്തകത്തെ പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയും ഡെസ്മണ്ട് മോറിസിന്റെ *നേകഡ് ഏപ്* (*The Naked Ape* by Desmond Morris) എന്ന പുസ്തകത്തെ 'നഗ്നവാനരൻ' എന്ന തലക്കെട്ടോടെ ഡോ. എ. എൻ. പി. ഉമ്മർകുട്ടിയും പരിചയപ്പെടുത്തി. ഇതിനു പുറമെ പംക്തികളായി 'പുസ്തകവാർത്തകൾ', 'കുറിപ്പുകൾ', 'ഇൻസ്റ്റിറ്റ്യൂട്ട് വാർത്തകൾ', എന്നിവയാണുണ്ടായിരുന്നത്. പത്രാധിപക്കുറിപ്പ് *വിജ്ഞാനകൈരളി*യെ പൊതുജനസമക്ഷം അവതരിപ്പിച്ചുകൊണ്ടുള്ളതായിരുന്നു. 'കുറിപ്പുകൾ' എന്ന പംക്തിയിൽ 'അപ്പോളോ 10', 'ശുക്രന്റെ അന്തരീക്ഷം', 'സിന്ധുതട സംസ്കാരം' എന്നിങ്ങനെ മൂന്നിനങ്ങളെക്കുറിച്ച് പരിചയപ്പെടുത്തി. ലേഖകരെയും പരിചയപ്പെടുത്തിയിരുന്നു.

കെ.ജി.അടിയോടിയുടെ ഗവേഷണ പ്രബന്ധത്തിനു പുറമെ 'സ്പീഷീസിന് ഒരു നിർവചനം', 'മാപസിദ്ധാന്തത്തിന് ഒരു മുഖവുര' എന്നീ ലേഖനങ്ങളോടൊപ്പം റഫൻസ് ഗ്രന്ഥങ്ങൾ ഏതൊക്കെയെന്ന് നൽകിയിട്ടുണ്ട്. അടിയോടിയുടെ പ്രബന്ധത്തിന്റെ ഇംഗ്ലീഷ് സംഗ്രഹം നൽകാനും ശ്രദ്ധിച്ചിട്ടുണ്ട്. അതിൽ ബയളോജിക്കൽ നോമൻക്ലേച്ചർ അനുസരിച്ച് പ്രതിപാദിച്ച നാമങ്ങൾ അടിവരയിട്ടുകൊണ്ടാണ് നൽകിയത്. 'ബ്രിട്ടീഷ് രാഷ്ട്രീയസംവിധാനം', 'സ്പീഷീസിന് ഒരു നിർവചനം', 'ആരോഗ്യവും സാമൂഹ്യക്രമവും', 'നീർനായ', 'വ്യാവസായിക വിഷവിജ്ഞാനീയം' എന്നീ ലേഖനങ്ങളിൽ ആവശ്യമുള്ള സാങ്കേതികപദങ്ങളുടെ ഇംഗ്ലീഷ് മൂലം ബ്രാക്കറ്റിൽ നൽകിയപ്പോൾ 'മാപസിദ്ധാന്തത്തിന് ഒരു മുഖവുര' എന്നതിൽ ലേഖനത്തിന് ഒടുവിൽ പദാവലി വേറെ

നൽകുകയാണുണ്ടായത്. 'ലൂനാ-1 മുതൽ അപ്പോളോ-12 വരെ', 'ഫെറമോണുകളൊഴിച്ചുള്ള ശലഭഹോർമോണുകൾ', 'നീർനായ' എന്നിവയിൽ വിശദീകരണത്തിന് രേഖാചിത്രങ്ങൾ ഉപയോഗിച്ചിരുന്നു. ഗവേഷണപ്രബന്ധത്തിൽ ചുരുക്കെഴുത്തു രൂപങ്ങൾ ADH, AH, AH (ALT) എന്നിങ്ങനെ പ്രബന്ധശരീരത്തിൽ ഇംഗ്ലീഷിൽത്തന്നെ നൽകുകയും ഒടുവിൽ ADH- Antidiuretic Hormone, AH- Activation Hormone, AH (ALT)- Activation Hormone (Allatotropin) അവ വിശദീകരിക്കുകയുമാണ് ചെയ്തത്. അമിതമായി സംസ്കൃതീകൃതപദങ്ങൾക്കു പിറകെ പോവാതെ അന്താരാഷ്ട്ര സാങ്കേതികപദങ്ങൾ അതേപടി പിന്തുടരുന്ന ശൈലിയാണ് അടിയോടി പ്രബന്ധത്തിൽ സ്വീകരിച്ചതെന്ന് ചുവടെ നൽകിയ ഉദാഹരണത്തിലൂടെ വ്യക്തമാക്കാം.

> "ഫോസ്ഫേറിലേസ് പ്രവർത്തനം ത്വരിതപ്പെടുത്തി ഫ്ലാറ്റ് ബോഡിയിലെ ഗ്ലൈക്കോജനെ ശിഥിലീകരിച്ച് രക്തത്തിലെ പഞ്ചസാരയുടെ, പ്രത്യേകിച്ച് ട്രെഹാലോസിന്റെ അളവ് കൂട്ടുന്ന ഒരു ഹൈപ്പർഗ്ലൈസേമിക് ഹോർമോൺ (HGH)[25] കോർപ്പസ് കാർഡിയാക്കത്തിൽ നിന്ന് ഇതിനകം വേർതിരിച്ചിട്ടുണ്ട്.[26] പെൺകൊതുകിൽ (ഏയ്ഡിസ്) മസ്തിഷ്കത്തിലെ മധ്യനാഡീ സ്രവസെല്ലുകൾ ഗ്ലൈക്കോജൻ സങ്കലനത്തെ പരിമിതപ്പെടുത്തുകയും ഗ്ലൂക്കോസിൽനിന്ന് ട്രൈഗ്ലിസറൈഡുകളുടെ സങ്കലനത്തെ സഹായിക്കുകയും ചെയ്യുന്നതായി വാനഹാൻഡലും ലീയും[27]റിപ്പോർട്ട് ചെയ്തു." (*വിജ്ഞാനകൈരളി – വാല്യം 1 ലക്കം 1* 60)

മറ്റ് ഇന്ത്യൻ ഭാഷകളിൽനിന്ന് പരിഭാഷപ്പെടുത്തിയ കഥകളാണ് ഉപയോഗിച്ചുപോന്നത്. ഭാരതീയഭാഷകൾക്കിടയിലുള്ള സമ്പർക്കം വർധിപ്പിക്കുകയെന്ന സ്ഥാപനത്തിന്റെ ലക്ഷ്യത്തെ മുൻനിർത്തി ആയിരിക്കാം ഇത്. പംക്തികളിൽ 'ഗ്രന്ഥസമീക്ഷ', 'ഇൻസ്റ്റിറ്റ്യൂട്ട് വാർത്തകൾ', 'സെമിനാർ വാർത്തകൾ', 'കത്തുകൾ', 'മാസികാപരിചയം', 'ശാസ്ത്രക്കുറിപ്പുകൾ', 'അന്യപത്രങ്ങൾ', 'ഉൽപ്പന്നങ്ങൾ ഉപയോഗങ്ങൾ', 'നമുക്കുചുറ്റും', 'താളുകൾക്കിടയിൽ', 'വൃത്താന്തബിന്ദുക്കൾ', 'പ്രശ്നവേദി' എന്നിങ്ങനെ പല ലക്കങ്ങളിലായി കാണാം. എട്ടാം വാല്യം തുടങ്ങുമ്പോഴേക്കും 'ഉൽപ്പന്നങ്ങൾ ഉപയോഗങ്ങൾ', 'നമുക്കുചുറ്റും', 'താളുകൾക്കിടയിൽ', 'വൃത്താന്തബിന്ദുക്കൾ' എന്നിങ്ങനെ ഡെസ്കിൽ തയ്യാറാക്കുന്ന വിഭവങ്ങളുടെ അളവ് അൽപ്പം കൂടി വരുന്നുണ്ട്.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ സെമിനാറുകളിലെ പ്രബന്ധങ്ങൾ പിന്നീട് *വിജ്ഞാനകൈരളി*യിൽ ലേഖനങ്ങളായി പ്രസിദ്ധീകരിക്കാനുള്ള ശ്രമങ്ങൾ നടന്നിട്ടുണ്ട്.[39] ഒന്നാം

ലക്കത്തിലെതന്നെ 'ആരോഗ്യവും സാമൂഹ്യക്രമവും', 'ശാസ്ത്രവികാസത്തിന്റെ നിമിത്ത ങ്ങൾ' എന്നിവ 'ശാസ്ത്രങ്ങളുടെ പരസ്പരബന്ധം' (1969 ഫെബ്രുവരി 23, തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് സെന്റർ) എന്ന സെമിനാറിലേതായിരുന്നു. 'ജീവശാസ്ത്ര സെമിനാറി'ലെ (1969 ജനുവരി 24–25, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്) പ്രബന്ധങ്ങൾ മൂന്നാം ലക്കത്തിലും നാലാം ലക്കത്തിലും കാണാം. നാലാം ലക്കത്തിൽ ആ മാസം നടക്കാൻ പോവുന്ന 'വിദ്യാഭ്യാസ സെമിനാറി'ലെ (1969 സെപ്റ്റംബർ 13–14, ഗവ. ട്രെയിനിങ്ങ് കോളെജ്, തിരുവനന്തപുരം) ചില പ്രബന്ധങ്ങൾ മുൻകൂട്ടി പ്രസിദ്ധീകരിക്കുകയുണ്ടായി.

വിശേഷാൽ പതിപ്പുകൾ *വിജ്ഞാനകൈരളി*യുടെ മറ്റൊരു സവിശേഷതയാണ്. പ്രത്യേക വിഷയങ്ങളുടെ വിവിധ വശങ്ങളിലേക്ക് വെളിച്ചംവീശുന്ന ലേഖനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഇത്തരം ലക്കങ്ങൾ സമഗ്രമായ കാഴ്ചപ്പാട് രൂപീകരിക്കു ന്നതിലേക്ക് വായനക്കാരെ നയിക്കും. അതേ അവസരത്തിൽ നിർദിഷ്ടവിഷയത്തിൽ താൽപര്യമില്ലാത്ത വായനക്കാർക്ക് ആ ലക്കം നിരാശ സമ്മാനിക്കുകയും ചെയ്യും. 1971 ലെ 'ഇന്ത്യാസമുദ്ര വിശേഷാൽപ്രതി' (ജനുവരി), 'രാമൻ പതിപ്പ്' (മാർച്ച്), 'ഗവ്യവ്യ വസായ വിശേഷാൽപ്രതി' (മെയ്), 'സാമൂഹ്യശാസ്ത്ര പതിപ്പ്' (ജൂലൈ), 'ഭാഷാശാസ്ത്രം' (നവംബർ), 1972 ലെ 'ദന്തസംരക്ഷണ പതിപ്പ്' (ജനുവരി), 'വിദ്യുച്ഛക്തി പതിപ്പ്' (ജൂലൈ), 'ഭൂവിജ്ഞാന വിശേഷാൽപ്രതി' (ഒക്ടോബർ), 'തോട്ടവിള വിശേഷാൽപ്രതി' (ഡിസംബർ), 1973 ലെ 'സാഹിത്യ–ഭാഷാശാസ്ത്ര വിശേഷാൽപ്രതി' (സെപ്റ്റംബർ), 1975 ലെ 'വ്യവസായപതിപ്പ്' (ആഗസ്റ്റ്), 'ദർശന വിശേഷാൽപതിപ്പ്' (സെപ്റ്റംബർ), 1976 ലെ 'നാളികേര ഗവേഷണം' (ഡിസംബർ), 1977 ലെ ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ് വാർഷികത്തിന്റെ പ്രത്യേക പതിപ്പ് (ജനുവരി) എന്നിവയൊക്കെ ഇത്തരത്തിൽ സവിശേഷ ലക്കങ്ങൾക്ക് ഉദാഹരണങ്ങളാണ്. 1978 സെപ്റ്റംബർ ലക്കം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദശവാർഷികാഘോഷത്തിന്റെ ഭാഗമായി തയ്യാറാക്കിയ പ്രത്യേക ലക്ക മായിരുന്നു. 'മലയാളത്തിലെ വിജ്ഞാനസാഹിത്യം 1861– 1947', 'ശാസ്ത്രസാഹിത്യം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് മുമ്പ്','വിജ്ഞാനസാഹിത്യം മലയാളത്തിൽ 1968–78', 'ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് ഒരാമുഖം', 'ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാവി' തുടങ്ങിയ പഠനലേഖനങ്ങൾ ഉൾപ്പെട്ടതായിരുന്നു ദശവർഷപതിപ്പ്.

### 3.9.2 വിജ്ഞാനപോഷിണി

ഏതൊരു അറിവുനിർമാണവും സാർത്ഥകമാകുന്നത് അത് ജനങ്ങളുടേതായി മാറുകയും അവരുടെ ജീവിതം മെച്ചപ്പെടുത്താനുള്ള ശ്രമങ്ങളിൽ അത് പ്രയോജനപ്പെടുകയും ചെയ്യുമ്പോഴാണ്. ജനങ്ങളുടെ പണം കൊണ്ടാണ് ഗവേഷണം നടക്കുന്നതെങ്കിലും സർവകലാശാലകളിൽ എന്തു നടക്കുന്നു എന്നറിയാൻ അവർക്കു കഴിയുന്നില്ല. അവരുടെ ജീവിതവുമായി ബന്ധപ്പെട്ട ഭാഷയിലുമല്ല അവയൊന്നും കൈകാര്യം ചെയ്യപ്പെടുന്നതും. കാർഷികരംഗത്ത് നടക്കുന്ന ഗവേഷണങ്ങൾ കർഷകരിലേക്ക് എത്താറില്ല. ഗവേഷണഫലങ്ങൾ സമൂഹത്തിൽ ആഴത്തിൽ കടന്നെത്താനും ജനങ്ങളാൽ അഭിനന്ദിക്കപ്പെടാനും അംഗീകരിക്കപ്പെടാനും അവ പ്രാദേശികഭാഷകളിൽ വിനിമയം ചെയ്യേണ്ടതുണ്ട് (Science in vernacular language)എന്ന് രാം മിശ്ര ചൂണ്ടിക്കാണിക്കുന്നത് സ്വന്തം ഗ്രാമത്തിലെ കർഷകരുമായി തന്റെ പഠനാനുഭവങ്ങൾ പങ്കുവച്ചതിനെ മുൻനിർത്തിയാണ്. ഗവേഷകവിദ്യാർത്ഥികൾ തയ്യാറാക്കുന്ന പ്രബന്ധങ്ങൾ സർവകലാശാലകളുടെ മുറികളിൽ ആരാലും ശ്രദ്ധിക്കപ്പെടാതെ പൊടിപിടിച്ച് കിടക്കുന്ന അവസ്ഥ പലപ്പോഴും ചർച്ചകളിൽ ഇടംപിടിക്കാറുണ്ടെങ്കിലും പരിഹാരനടപടികൾ രൂപപ്പെടാറില്ല എന്നതാണ് യാഥാർത്ഥ്യം.

ഗവേഷണ പ്രബന്ധങ്ങൾ അക്കാദമികസമൂഹത്തിന്റെയും ബഹുജനങ്ങളുടെയും അറിവിലേക്കായി കൊണ്ടുവരാനുള്ള ശ്രമമായിരുന്നു ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ *വിജ്ഞാനപോഷിണി* എന്ന പ്രസിദ്ധീകരണം. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഔദ്യോഗിക ചരിത്രഗ്രന്ഥത്തിൽ *വിജ്ഞാനപോഷിണി*യുടെ ആദ്യലക്കം 1980 നവംബർ ഒന്നിന് പുറത്തിറങ്ങിയതായാണ് പ്രസ്താവിക്കുന്നത്. എന്നാൽ *വിജ്ഞാനപോഷിണി*യുടെ ചരിത്രം അതിനുപിന്നിലേക്ക് നീളുന്നു. 1972 ജൂൺ മാസം പുറത്തിറങ്ങിയ *വിജ്ഞാനപോഷിണി*യുടെ ഒരു ലക്കം പഠനവേളയിൽ കണ്ടെടുക്കാൻ കഴിഞ്ഞു. വാല്യം 1 ലക്കം 1 എന്ന് രേഖപ്പെടുത്തിയ ഇതിന്റെ കവർ പേജിൽ കേരള സർവകലാശാലയുടെ അർധവാർഷിക പ്രസിദ്ധീകരണം എന്നും പ്രസാധകർ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. മൂന്നാം പേജിന്റെ മുകളിൽ കൊടുത്തിട്ടുള്ള ഉപതലക്കെട്ട് കേരള സർവകലാശാലയുടെ അടിസ്ഥാന വിജ്ഞാനശാഖകളെപ്പറ്റിയുള്ള അർധവാർഷിക പ്രസിദ്ധീകരണം എന്ന് വിപുലപ്പെടുത്തിയിട്ടുമുണ്ട്(*വിജ്ഞാനപോഷിണി വാല്യം 1, ലക്കം 1* 3). ഉള്ളടക്കം തയ്യാറാക്കുന്ന ചുമതല കേരള സർവകലാശാലയ്ക്കും അച്ചടിയും വിതരണവും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനും എന്ന നിലയിലാണ് പ്രസിദ്ധീകരണം ആരംഭിച്ചത്.

കേരള സർവകലാശാലയിലെ സയൻസ് ഫാക്കൽറ്റി ഡീൻ ആർ. അനന്തരാമനും ജന്തുശാസ്ത്രവിഭാഗം പ്രൊഫസർ കെ. കെ. നായരും *വിജ്ഞാനപോഷിണി*യുടെ പത്രാധിപന്മാരായിരുന്നു. മറ്റു പത്രാധിപസമിതി അംഗങ്ങളുടെ പേരുകളൊന്നും അച്ചടിച്ചിട്ടില്ല. സർവകലാശാലാ വൈസ് ചാൻസലറായിരുന്ന ജോർജ് ജേക്കബ് എഴുതിയ അവതാരികയിൽ പ്രസിദ്ധീകരണത്തെക്കുറിച്ച് വിശദീകരിക്കുന്നുണ്ട്. പ്രാദേശികഭാഷയിൽ പുസ്തകങ്ങൾ തയ്യാറാക്കുന്ന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരിപാടിയെക്കുറിച്ചും അതോടൊപ്പം ഉന്നതനിലവാരമുള്ള ജേണലുകൾ പ്രസിദ്ധീകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അതിൽ വിവരിക്കുന്നതിനാൽ ഇത് സർവകലാശാലയുടെ തനതായ പരിപാടിയെന്ന നിലയിൽ രൂപപ്പെട്ട ഒന്നല്ലയെന്നും ഇൻസ്റ്റിറ്റ്യൂട്ടുമായുള്ള ചർച്ചകളുടെ അടിസ്ഥാനത്തിൽ രൂപപ്പെട്ട സംയുക്തസംരംഭമാണെന്നും വ്യക്തമാണ്.[40] അടിസ്ഥാന വിജ്ഞാനശാഖകളെ മുൻനിർത്തിയുള്ള *വിജ്ഞാനപോഷിണി*ക്കു പുറമെ സാമൂഹ്യവിജ്ഞാനശാഖകളെ മുൻനിർത്തി മറ്റൊരു ജേണൽ കൂടെ പ്രസിദ്ധീകരിക്കാൻ സർവകലാശാല തീരുമാനിച്ചിട്ടുണ്ടെന്നും അവതാരിക വ്യക്തമാക്കുന്നുണ്ട്.

അവതാരികയ്ക്കു പുറമെ, പത്ത് പ്രബന്ധങ്ങളാണ് ഒന്നാം ലക്കത്തിലെ വിഭവങ്ങൾ. 'ഒരു ബൂലിയൻ ആൾജിബ്രയുടെ ഗ്രഹീതങ്ങളുടെ പുനഃസൂത്രണങ്ങൾ' (Reformulation of Axioms of Boolean Algebra- പി.വി.വെങ്കട നരസിംഹൻ, ഗണിതശാസ്ത്ര വിഭാഗം, കേരള സർവകലാശാല), 'സ്ഥാനഭ്രംശവും ക്രിസ്റ്റലിന്റെ വളർച്ചയും' (Dislocation and Growth of A Crystal- എം.എം.ഇട്ടിയച്ചൻ, ഭൗതികശാസ്ത്രവിഭാഗം, കേരള സർവകലാശാല), 'ജലേതര ലായകങ്ങളിലെ റിഡോക്സ് അനുമാപനം' (Redox titration in non-aqueous media-സി. ജി. രാമചന്ദ്രൻ നായർ, രസതന്ത്രവിഭാഗം, കേരള സർവകലാശാല), 'ഭൂരസതന്ത്ര പൂർവേക്ഷണ മാർഗങ്ങൾ' (Geochemical Prospecting - a Review- കെ. കുഞ്ഞുണ്ണി മേനോൻ, ഭൂവിജ്ഞാനവിഭാഗം, കേരള സർവകലാശാല), 'ഫോട്ടോ ജിയോളജി' (Photogeology- പി. കെ. രാജേന്ദ്രൻ നായർ, ഭൂവിജ്ഞാനവിഭാഗം, കേരള സർവകലാശാല), 'ടെമിനിസം: മോളിക്കുലർ ബയോളജിയിലെ ഒരാധുനിക സിദ്ധാന്തം' (Teminism: a Modern Theory in Molecular Biology- എ.എൻ.നമ്പൂതിരി, സസ്യശാസ്ത്രവിഭാഗം, കേരള സർവകലാശാല), 'ഷഡ്പദങ്ങളിലെ നിർണയ- വ്യതിയാനനിർണയ പ്രതിഭാസങ്ങൾ' (Determination and Transdetermination among Insects- സി. ആർ. നെഹ്റു, ജന്തുശാസ്ത്രവിഭാഗം, കേരള സർവകലാശാല), 'ഡയപ്പാസ് അഥവാ അർധനിദ്ര' (Diapause-ഗോപാലകൃഷ്ണ കാർണവർ, ജന്തുശാസ്ത്രവിഭാഗം, കേരള സർവകലാശാല), 'നാഡീസ്രാവം'

(Neurosecretion–വി. കെ. കെ. പ്രഭു, ജന്തുശാസ്ത്രവിഭാഗം,കേരള സർവകലാശാല), 'മണ്ണിലെ അകശേരുകികൾ' (Soil Invertebrates– എൻ. ആർ. പ്രഭു, ജന്തുശാസ്ത്രവിഭാഗം, കേരള സർവകലാശാല) എന്നിവയായിരുന്നു അവ (3–4).

മറ്റു ഭാഷകൾ ഉപയോഗിക്കുന്നവർക്ക് മനസ്സിലാക്കുവാനായി ഇംഗ്ലീഷിലുള്ള പ്രബന്ധസംഗ്രഹം ഉൾച്ചേർക്കുമെന്ന് വൈസ് ചാൻസലർ പറയുന്നുണ്ടെങ്കിലും ആദ്യലക്കത്തിൽ അങ്ങനെ നൽകിയിട്ടില്ല. പ്രബന്ധത്തിന്റെ പേര്, പ്രബന്ധകാരന്റെ പേര്, റഫറൻസുകൾ എന്നിവ മാത്രമേ ഇംഗ്ലീഷിൽ നൽകിയിട്ടുള്ളൂ. വെങ്കടനരസിംഹന്റെ പ്രബന്ധത്തിൽ മാത്രമേ സാങ്കേതികപദാവലി പ്രത്യേകമായി നൽകിയിട്ടുള്ളൂ. ചില പ്രബന്ധങ്ങളിൽ ഇംഗ്ലീഷ് സാങ്കേതികപദങ്ങൾ ബ്രാക്കറ്റിൽ നൽകിയിട്ടുണ്ട്. അച്ചടിപ്പിശകുകൾ (അവ സമൃദ്ധമാണ് ) അവസാനപേജിൽ തിരുത്തിനൽകാൻ ശ്രദ്ധിച്ചിട്ടുണ്ട്.

ആദ്യലക്കത്തിലെ ഭാഷാസ്വഭാവത്തിനുദാഹരണമായി ഷഡ്പദങ്ങളിലെ നിർണയ– വ്യതിയാനനിർണയ പ്രതിഭാസങ്ങൾ എന്ന പ്രബന്ധത്തിലെ ഒരു ഭാഗം ചുവടെ ചേർക്കുന്നു.

> "കോശ–അവയവ–വ്യക്തികളുടെ വേർതിരിവിന് (diversification) വ്യാവർത്തനം എന്നു പറയാം. ഒന്നോ അതിലധികമോ ജീൻ സമൂഹങ്ങളെ കർമയോഗ്യമാക്കുന്ന നടപടിയത്രെ നിർണയം. നിർണയാനന്തരം കോശങ്ങൾക്ക് വ്യക്തീകരണം സംഭവിക്കുന്നു. നിർണയത്തെ ശരീരക്രിയാപരമായ വ്യാവർത്തനം (physiological differentiation) എന്നും വിളിക്കാവുന്നതാണ്. എന്തെന്നാൽ നിർണയത്തെ തുടർന്ന് ശരീരക്രിയാത്മകമായ ചില മാറ്റങ്ങൾ പ്രകടമാകുന്നു. അന്തിമ അർഭകാവസ്ഥയുടെ (last nymphal stage) നിർണയഘട്ടത്തിൽ ജുവനൈൽ ഹോർമോൺ കുത്തിവെച്ചാൽ കായാന്തരണം തടസ്സപ്പെടുന്നതാണ് [വിഗിൾസ് വർത്ത് (1959)]." (49)

അടുത്തലക്കം ഡിസംബറിൽ പ്രസിദ്ധീകരിക്കുമെന്ന് ഒന്നാം ലക്കത്തിൽ പറയുന്നുണ്ടെങ്കിലും തുടർ ലക്കങ്ങൾ കണ്ടെടുക്കാൻ കഴിഞ്ഞിട്ടില്ല. 1978 ജനുവരി ഏഴിന് ചേരുന്ന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി യോഗത്തിനായി തയ്യാറാക്കിയ അജണ്ടാകുറിപ്പുകളിൽ *വിജ്ഞാനപോഷിണി*യുടെ ഒറ്റലക്കം മാത്രമേ അക്കാലത്ത് ഇറങ്ങിയുള്ളൂ എന്ന് സൂചനയുണ്ട്. ചെറിയ പത്രാധിപസമിതി ആയതിനാലാണ് പ്രസിദ്ധീകരണം നടത്തിക്കൊണ്ടുപോവാൻ കഴിയാതിരുന്നത് എന്നൊരു വിലയിരുത്തലും ആ കുറിപ്പിൽ കാണാം. ലോക

മലയാള സമ്മേളനത്തിൽ പങ്കെടുത്ത പലരും *വിജ്ഞാനപോഷിണി* വീണ്ടും തുടരേണ്ടതാണെന്ന് അഭിപ്രായപ്പെട്ടതായും ഡയറക്ടർ ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

ആദ്യസംരംഭം നിലച്ചുപോയ ശേഷം 1980 നവംബറിൽ അത് പുനരാരംഭിച്ചതായി വേണം കണക്കാക്കാൻ.[41] പുനപ്രസിദ്ധീകരണം തുടങ്ങിയ ആദ്യലക്കത്തിൽ കേരളത്തിലെ നാല് സർവകലാശാലകളിലെ പി.എച്ച്.ഡി. പ്രബന്ധങ്ങളുടെ സംഗ്രഹമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നതെന്നും കഴിയാവുന്നേടത്തോളം തിസീസ് തയ്യാറാക്കിയ വ്യക്തിയെക്കൊണ്ടുതന്നെയാണ് സംഗ്രഹം തയ്യാറാക്കിക്കുന്നതെന്നും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ.എ.എൻ.പി.ഉമ്മർകുട്ടി പ്രസ്താവിക്കുന്നു. ഡോ.സി.ജി. കർത്തയായിരുന്നു എഡിറ്റർ. ഈ ലക്കത്തിൽ ഭൗതികശാസ്ത്രം, പ്രകൃതിശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഭാഷാശാസ്ത്രം എന്നീ മേഖലകളിലുള്ള തിസീസുകളുടെ സംഗ്രഹമാണ് പ്രസിദ്ധീകരിച്ചത് (വാസുക്കുട്ടൻ, *കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പശ്ചാത്തലവും പ്രവർത്തനവും* 134). 1988 ൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഇരുപതാം വാർഷികവേളയിൽ, ആനുകാലിക പ്രസിദ്ധീകരണരംഗത്ത് *വിജ്ഞാനകൈരളിക്കും* *വിജ്ഞാനപോഷിണിക്കും* ഉള്ള സ്ഥാനം പ്രത്യേകം പറയേണ്ടതില്ലല്ലോ(പത്രാധിപക്കുറിപ്പ്, “ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് ഇരുപത് വയസ്” 512) എന്ന് പ്രസ്താവിക്കുന്നുണ്ട്. 1987 ജനുവരി മുതൽ *വിജ്ഞാനപോഷിണി* പുനഃപ്രസിദ്ധീകരിച്ചുവരുന്നതായും ആ ലക്കങ്ങളുടെ എഡിറ്റർ ഡോ. വി. എം. രാജലക്ഷ്മി അമ്മ ആണെന്നും *വിജ്ഞാനകൈരളി*യിൽ കാണുന്ന പരസ്യങ്ങളിൽനിന്ന് മനസ്സിലാക്കാനും കഴിയുന്നുണ്ട്. മൂന്ന് ലക്കങ്ങളുടെ പരസ്യം ഇത്തരത്തിൽ കാണാൻ കഴിഞ്ഞു.[42] ഇടയ്ക്ക് നിലച്ചുപോയ *വിജ്ഞാനപോഷിണി* വീണ്ടും പ്രസിദ്ധീകരിച്ചുവരുന്നുണ്ട് എന്നും എസ്. വിജയമ്മയാണ് ഇപ്പോൾ എഡിറ്ററുടെ ചുമതലയിലെന്നും വാസുക്കുട്ടൻ രേഖപ്പെടുത്തുന്നത് 1991 ലാണ്. അതിനാൽ *വിജ്ഞാനപോഷിണി*യുടെ അവസ്ഥ ഒരിക്കലും സ്ഥായിയായില്ല എന്നുവേണം കരുതാൻ.

2000 ജൂലൈ മുതൽ *വിജ്ഞാനപോഷിണി* വീണ്ടും ആരംഭിച്ചു. സാംസ്കാരികവകുപ്പ് മന്ത്രി ടി. കെ. രാമകൃഷ്ണൻ, കേരള സർവകലാശാലാ വൈസ് ചാൻസലർ ഡോ. ബി. ഇക്ബാലിന് നൽകി പുതിയ *വിജ്ഞാനപോഷിണി* പ്രകാശനം ചെയ്തു. പത്രാധിപസമിതി അംഗങ്ങളെല്ലാം ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാർ തന്നെയായിരുന്നു. എന്നാൽ കേരള, കോഴിക്കോട്, കണ്ണൂർ സർവകലാശാലകളിലെയും സംസ്കൃത സർവകലാശാല, ശാസ്ത്ര–സാങ്കേതിക സർവകലാശാല എന്നിവിടങ്ങളിലെയും വൈസ്ചാൻസലർമാർ ഉൾപ്പെടുന്ന ഒരു ഉപദേശകസമിതി രൂപീകരിച്ചിരുന്നു. ഭാഷ,

സാഹിത്യം, ചരിത്രം, ജീവശാസ്ത്രം, ഭൗതികശാസ്ത്രം, സൗന്ദര്യശാസ്ത്രം, നാടോടി വിജ്ഞാനീയം തുടങ്ങിയ വിഷയമേഖലകളിലെ പതിനാറ് തിസീസുകളുടെ സംഗ്രഹമാണ് പുതിയ ലക്കത്തിൽ നൽകിയിരുന്നത്.[43] തിസീസിന്റെ സ്വഭാവം, പ്രതിപാദനരീതി, വിഷയസംഗ്രഹം, ഉള്ളടക്കത്തിന്റെ പ്രസക്തി, സമീപനശൈലി എന്നിവ സംഗ്രഹമായി ഇംഗ്ലീഷിൽ നൽകിയിരുന്നു. അഞ്ച് പ്രബന്ധങ്ങൾക്കേ റഫറൻസുകൾ നൽകിയിട്ടുള്ളൂ. ശാസ്ത്രം 4, സാമൂഹികശാസ്ത്രം 5, ഭാഷ-സാഹിത്യം 7 എന്നിങ്ങനെയാണ് ഉള്ളടക്കച്ചേരുവ. കേരള സർവകലാശാല (10), കോഴിക്കോട് സർവകലാശാല (5), മഹാത്മാഗാന്ധി സർവകലാശാല (1) എന്നിവിടങ്ങളിൽ സമർപ്പിക്കപ്പെട്ട പി. എച്ച്. ഡി. പ്രബന്ധങ്ങളുടെ സംഗ്രഹമായിരുന്നു ഇവയെല്ലാം. രണ്ടായിരാമാണ്ടിൽ തുടങ്ങിയ സംരംഭവും എത്ര നാൾ നീണ്ടുനിന്നു എന്നറിയില്ല.[44] എന്നാൽ, 2009 ഏപ്രിൽ ലക്കം *വിജ്ഞാനകൈരളി*യിൽ *വിജ്ഞാനപോഷിണി* ദ്വൈവാർഷികമായി[45] പുനഃപ്രസിദ്ധീകരിക്കുന്നതായി പരസ്യമുണ്ട്. 2009 ജൂലൈ- ഡിസംബർ ലക്കവും 2010 ജൂലൈ-ഡിസംബർ ലക്കവും കണ്ടെത്താൻ കഴിഞ്ഞു. ഇവയിൽ *ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഗവേഷണജേണൽ* എന്ന പേരാണ് ഉപയോഗിച്ചിട്ടുള്ളത്.

### 3.9.3 വിജ്ഞാനരംഗം

*വിജ്ഞാനകൈരളി*ക്കും *വിജ്ഞാനപോഷിണി*ക്കും പുറമെ, *വിജ്ഞാനരംഗം* എന്ന മറ്റൊരു ആനുകാലിക പ്രസിദ്ധീകരണംകൂടി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചിരുന്നു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വാർത്താപത്രിക എന്നാണ് ഇത് വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 1978 ഡിസംബറിൽ ആരംഭിച്ച പ്രതിമാസ പ്രസിദ്ധീകരണമായ *വിജ്ഞാനരംഗം* പുതിയ പുസ്തകങ്ങളെക്കുറിച്ച് ആവശ്യമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചതായിരുന്നു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ ജനങ്ങൾക്കും വായനശാലകൾക്കും പരിചയപ്പെടുത്താൻ ഉദ്ദേശിച്ചുള്ള ഈ പ്രസിദ്ധീകരണം സാമ്പത്തികകാരണങ്ങളാൽ നിലച്ചുപോയി എന്നാണ് വാസുക്കുട്ടൻ രേഖപ്പെടുത്തിയത്. ആദ്യകാല ലക്കങ്ങൾ ലഭ്യമായില്ലെങ്കിലും വാല്യം രണ്ട് ലക്കം ഏഴ് എന്ന് രേഖപ്പെടുത്തിയ 2008 ജൂലൈ ലക്കം കാണാൻ സാധിച്ചു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകവിവരങ്ങൾക്കുപുറമെ 'ശിശിരത്തിലെ അവസാനത്തെ ഇല' (ഒ. എൻ. വി. കുറുപ്പ്), 'അനുതാപം എഴുതുമ്പോൾ' (കെ. പി. രാമനുണ്ണി-എൻ. ജയകൃഷ്ണൻ അഭിമുഖം), 'ജൂലൈ 11 ലോക ജനസംഖ്യാദിനം' (എം. ആർ. വിജയനാഥൻ), 'ടി. കെ. സി. വടുതല' (ടി. കെ. അനിൽകുമാർ), 'പ്രക്ഷോഭത്തിന്റെ ജ്വാലകൾ' (ഡോ. എൻ. രാജൻ), 'എൻ. കൃഷ്ണപിള്ള'

(അയ്യപ്പപ്പണിക്കർ), 'രാമായണത്തിന്റെ വായനാനുഭവം' (ജെ. കെ.), 'ഉമ്മർ ഫിലിപ്പോസ്' ' (ഡോ. ജി. ബഞ്ചമിൻ), 'ശാന്തമായി, ആത്മസമർപ്പണം ചെയ്യുന്നതുപോലെ' (ഇ. പി. രാജഗോപാലൻ), 'കഥകളി നൃത്യത്തിന്റെ സൗകുമാര്യം' (ഡോ. എൻ. പി. വിജയകൃഷ്ണൻ), 'മരണത്തിന്റെ നിന്ദ്യമായ യശസ്സ്' ' (കെ. പി. അപ്പൻ), 'വിത്തും മുത്തും' (സുരേഷ് മുതുകുളം), 'അയ്യനേത്തിന്റെ അക്ഷരലോകം' (ഒലീന എ. ജി.), 'ചരിത്രത്തിന്റെ ചിത്രം-ദാമോധർ ധർമാനന്ദ് കൊസാംബി' (ഡോ. ആർ. രാധാകൃഷ്ണൻ) എന്നീ രചനകളായിരുന്നു ഈ ലക്കത്തിലെ ഉള്ളടക്കം. 'ഇൻസ്റ്റിറ്റ്യൂട്ട് വാർത്തകൾ', 'സ്മരണീയ ദിനങ്ങൾ' എന്നീ പംക്തികളും ഉണ്ടായിരുന്നു.

## 3.10 ഭാഷാമാനകീകരണം

ഭാഷാസൂത്രണത്തിന്റെ ആദ്യകാലനിർവചനങ്ങളിൽ തന്നെ മാനകീകരണം സ്ഥാനം പിടിച്ചിരുന്നു. "അക്കാദമികളും വിവിധ ഭാഷാസമിതികളും നിർദേശാത്മക സ്വഭാവത്തിൽ നടത്തുന്ന ഭാഷാപോഷണത്തിനുവേണ്ടിയുള്ള രൂപപരിഷ്കരണങ്ങൾ, ഭാഷയുടെ പരിഷ്കരണത്തിനും മാനകീകരണത്തിനും വേണ്ടി സമർപ്പിക്കുന്ന നിർദേശങ്ങൾ എന്നിവയാണ് ഭാഷാസൂത്രണം കൊണ്ട് ഉദ്ദേശിക്കുന്നത്" (മുരളീധരൻ, *ഭാഷാസൂത്രണം: പൊരുളും വഴികളും* 248) എന്നാണ് എയ്നർ ഹോഗൻ നിർവചിച്ചതുതന്നെ. കോർപ്പസ് പ്ലാനിങ്ങിന്റെ ഉപവിഭാഗങ്ങളായി പരമ്പരാഗതമായി കരുതിപ്പോന്നത് ലിപി ആവിഷ്കരണം (Graphization), മാനകീകരണം (Standardization), ആധുനികീകരണം (Modernization) എന്നിവയാണ് (Cooper 125). കോഡീകരണം (Codification), വിപുലീകരണം (Elaboration) എന്നിവ കോർപ്പസ് പ്ലാനിങ്ങിന്റെ ഘടകങ്ങളായി ചൂണ്ടിക്കാണിക്കാറുണ്ടെങ്കിലും അവ മാനകീകരണത്തിലും ആധുനികീകരണത്തിലും ഉള്ളടങ്ങുന്നുവെന്നാണ് കൂപ്പറുടെ അഭിപ്രായം.

ലിപിതലത്തിലും പദതലത്തിലും ധാരാളം അവ്യവസ്ഥകൾ മലയാളത്തിൽ നിലനിൽക്കുന്നുണ്ട്. ലിപിഭേദവും രൂപഭേദവും അഭിസംബോധന ചെയ്യേണ്ട പ്രശ്നങ്ങളാണ്. നിരവധി വാക്കുകൾ പല വിധത്തിൽ എഴുതാൻ കഴിയുന്നവയായുണ്ട് (ഉദാഹരണം:- ഉത്പാദനം, ഉൽപ്പാദനം, ഉൽപാദനം, ഉല്പാദനം, താത്പര്യം, താൽപര്യം, താൽപ്പര്യം, താല്പര്യം, താല്പര്യം, വിദ്യാർത്ഥി, വിദ്യാർത്ഥി, വിദ്യാർഥി എന്നിങ്ങനെ). ഇത് ലിപിഭേദം അഥവാ സ്പെല്ലിംഗ് തലത്തിലുള്ള പ്രശ്നമാണ്. ഇതിൽനിന്ന് വ്യത്യസ്തമാണ് രൂപഭേദം. അർത്ഥത്തിന് വ്യത്യാസമില്ലാതെതന്നെ രണ്ടുരീതിയിൽ പദം എഴുതുകയും ഉച്ചരിക്കുകയും

(കനൽ/കണൽ, ഓഗസ്റ്റ്/ആഗസ്റ്റ് ഇവ ഒരേ അർത്ഥത്തിൽ ഉപയോഗിക്കപ്പെടുന്നു) ചെയ്യുന്നതാണ് രൂപഭേദം (സോമശേഖരൻ നായർ 7). മറ്റ് ഭാഷാപദങ്ങൾ (പരകീയപദങ്ങൾ) ലിപ്യന്തരണം ചെയ്യുമ്പോഴും ഏകീകരണമില്ല. ഇംഗ്ലീഷ്, ഫ്രഞ്ച് തുടങ്ങിയ ഭാഷകളിലെ ചില ശബ്ദങ്ങളെ പ്രതിനിധീകരിക്കാൻ ഉതകുന്ന ലിപികൾ മലയാളത്തിലില്ല എന്നതും വസ്തുതയാണ്.[46] ഭാഷയിലെ പദങ്ങൾ പിരിച്ചെഴുതുന്നതും കൂട്ടിയെഴുതുന്നതും എങ്ങനെയാവണം, ചിഹ്നങ്ങൾ ചേർക്കുന്നതിലെ കൃത്യത എങ്ങനെയാവണം എന്നതിലൊന്നും പുസ്തകപ്രസാധകരോ മാധ്യമസ്ഥാപനങ്ങളോ തമ്മിൽ ഐകരൂപ്യമില്ല. എന്നുമാത്രമല്ല, ഒരേ ലേഖനത്തിൽത്തന്നെ ഇവയെല്ലാം പല തരത്തിൽ ഉപയോഗിക്കുന്നതും കണ്ടുവരുന്നു.

ഭാഷാഭേദങ്ങളുടെ തനിമകളെയും പ്രാധാന്യത്തെയും അംഗീകരിച്ചുകൊണ്ടുതന്നെ മാനകഭാഷ വളർത്തിയെടുക്കേണ്ടതുണ്ട്. മാനകഭാഷ എല്ലായ്പോഴും അധികാരത്തോട് ചേർന്നുനിൽക്കുന്നതാണെന്ന വിമർശനമുയർന്നിട്ടുണ്ടെങ്കിലും, അതിനെ ഒഴിവാക്കിക്കൊണ്ട് ഒരു സമൂഹത്തിനും മുന്നേറാൻ കഴിയില്ല. വ്യാകരണകാര്യങ്ങളിൽ, അമിതശുഷ്കാന്തി പുലർത്തി ഇന്ന പ്രയോഗങ്ങൾ തെറ്റ്, ഇന്ന പ്രയോഗങ്ങൾ ശരി എന്ന് വിധിക്കുന്നതിൽ നിന്ന് മാനകീകരണശ്രമങ്ങൾ വിഭിന്നമാണ്. മാനകീകരണത്തിന്റെ യഥാർത്ഥ തട്ടകം ഔദ്യോഗികരേഖകൾ, പാഠപുസ്തകങ്ങൾ, വിജ്ഞാനഭാഷ എന്നിവയാണ്. ഇത്തരം രംഗങ്ങളിലെ ഉപയോഗത്തിനായി സമന്വിതമായ ഒരു രീതി ഉരുത്തിരിച്ചെടുക്കലാണത്. 'വിവിധ ഭാഷാഭേദങ്ങളുടെ പ്രത്യേകതകളിൽനിന്നുയർന്നു നിന്ന് ഭാഷണസമുദായങ്ങളിൽ ഏവർക്കും സമ്മതമാവാനിടയുള്ള രൂപങ്ങൾ കണ്ടെത്തി പാഠപുസ്തകങ്ങളിലും പ്രക്ഷേപണ-സംപ്രേഷണങ്ങളിലും സർക്കാരാഭിമുഖ്യത്തിലുള്ള പ്രസിദ്ധീകരണങ്ങളിലും മറ്റും പ്രയോഗിക്കാൻ പാകത്തിൽ ചിട്ടപ്പെടുത്തുന്നതാണ് മാനകീകരണം'(പ്രബോധചന്ദ്രൻ 36) എന്ന് നിർവചിക്കപ്പെട്ടിട്ടുണ്ട്. ഭാഷാക്ലാസുകളിൽ വിവിധ ഭാഷാഭേദങ്ങളെ കുട്ടികൾക്ക് പഠിക്കാനായി നൽകാമെങ്കിലും വിഷയങ്ങളുടെ പഠനത്തിൽ മാനകഭാഷ ഒഴിച്ചുകൂടാൻ വയ്യാത്ത ഒന്നാണ്.

വിജ്ഞാനഭാഷയിൽ മാനകീകരണത്തിന് വലിയ പ്രാധാന്യമുണ്ട്. ഭാഷയിലെ ചെറിയ ഭേദങ്ങൾപോലും അവിടെ വലിയ അർത്ഥവ്യത്യാസം സൃഷ്ടിച്ചേക്കാം. സാങ്കേതികപദങ്ങൾ, അളവുകൾ, ഏകകങ്ങൾ, സ്ഥലനാമങ്ങൾ, വ്യക്തിനാമങ്ങൾ, മൂലകങ്ങളുടെ പേരുകൾ എന്നിങ്ങനെ നിരവധി ഘടകങ്ങളുടെ കൃത്യത വിജ്ഞാനഭാഷയിൽ ഉറപ്പാക്കേണ്ടതുണ്ട്. ലിപിപരിഷ്കരണത്തെ സ്വാഗതം ചെയ്തുകൊണ്ട് 1971 മെയ്-ജൂൺ ലക്കം *ശാസ്ത്രഗതി* എഴുതിയ മുഖപ്രസംഗത്തിൽ, ലിപിപരിഷ്കരണത്തെപ്പോലെയോ

അതിലേറെയോ പ്രാധാന്യമുള്ള വിഷയം എന്ന നിലയിൽ വിജ്ഞാനഭാഷയിലെ ഏകീകരണത്തിന്റെ ആവശ്യകത ചൂണ്ടിക്കാട്ടുന്നുണ്ട്. ഉച്ചാരണത്തിലുള്ള അൽപ്പസ്വൽപ്പം വ്യത്യാസങ്ങൾ അർത്ഥവ്യത്യാസത്തെ കുറിക്കുമെന്നതിനാൽ ഇത്തരം കാര്യങ്ങളെക്കുറിച്ച് പഠിക്കാൻ ഒരു സമിതിക്ക് രൂപം നൽകുന്നത് നന്നായിരിക്കുമെന്നും *ശാസ്ത്രഗതി* അഭിപ്രായപ്പെടുന്നുണ്ട്.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു ഭാഷയിലെ മാനകീകരണം. ലിപിവിന്യാസരീതി ഏകീകരിക്കാനായി ആദ്യകാലത്ത് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ ശ്രമങ്ങളെ ഇപ്രകാരം ക്രോഡീകരിക്കാം.[47] (പൂർണരൂപത്തിന് കാ. അനുബന്ധം 10).

- ൽ, ൾ, ർ എന്നിവയ്ക്കുശേഷം വരുന്ന ക, ച, ട, ത, പ എന്നിവയൊഴികെയുള്ളവയുടെ ഇരട്ടിപ്പ് ഒഴിവാക്കുക (ഉദാഃ– വർഗ്ഗം– വർഗം, വർണ്ണം– വർണം).

- തുടർന്നുവരുന്ന വ്യഞ്ജനചിഹ്നത്തിനു തലക്കത്ത് (മുകളിൽ ഒരു കുത്ത്) നൽകി ർ എന്ന സ്വനത്തെ സൂചിപ്പിക്കുന്ന രീതി ഒഴിവാക്കി ർ എന്നുതന്നെ എഴുതുക (ഉദാഃ– ഗ്, വ്– ർഗ, ർവ).

- ഒരക്ഷരം ഒഴിവാക്കിയാലും ഉച്ചാരണസന്ദേഹം വരാത്ത ഇടങ്ങളിൽ കൂട്ടക്ഷരങ്ങൾ ലഘൂകരിക്കുക (ഉദാഃ– അദ്ധ്യായം– അധ്യായം, വിദ്യാർത്ഥി– വിദ്യാർഥി, മിത്ഥ്യ– മിഥ്യ).

- സൗകര്യത്തെ മുൻനിർത്തി സംവൃതത്തിൽ അവസാനിക്കുന്ന പദങ്ങൾക്ക് ഉകാരം ഒഴിവാക്കി മീത്തൽ മാത്രം കാണിക്കുക (ഉദാഃ– കാഞ്ഞങ്ങാട്ടു്– കാഞ്ഞങ്ങാട്).

- താലവ്യങ്ങളായ ഇ, എ എന്നിവയ്ക്കുശേഷം യകാരം ചേർന്ന രൂപം വേണ്ടെന്ന് വെക്കുക (ഉദാഃ–പിരിയ്ക്കുക– പിരിക്കുക).

- പൌ, കൌ തുടങ്ങിയ രൂപങ്ങൾ പൗ, കൗ എന്ന് എഴുതുക.

- തത്സമങ്ങളായും തദ്ഭവങ്ങളായും ഇംഗ്ലീഷുവാക്കുകൾ ഉപയോഗിക്കുമ്പോൾ ഏകീകൃതരൂപം കൊണ്ടുവരിക. (ഉദാഃ–ഗവൺമെന്റ്, ഗവർമെന്റ്, ഗവർമേണ്ട് തുടങ്ങിയ രൂപങ്ങളിൽനിന്ന് ഗവൺമെന്റ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സ്വീകരിച്ചു). വോട്ടിംഗ്, റൂളിംഗ് തുടങ്ങിയ പദങ്ങൾ ഉച്ചാരണത്തെ മുൻനിർത്തി വോട്ടിങ്, റൂളിങ് എന്നിങ്ങനെയാക്കുക.

- പ്രസിദ്ധാ വ്യക്തികളുടെ പേരുകൾ ദേശായി, മാളവ്യ, ബാസു, ചാറ്റർജി തുടങ്ങിയവയ്ക്കു പകരം ദേസായി, മാളവീയ, ബസു, ചട്ടർജി എന്നിങ്ങനെ ഉപയോഗിക്കുക. ശാസ്ത്രജ്ഞരുടെയും കലാകാരന്മാരുടെയും മറ്റും പേരുകൾ അവരുടെ മാതൃഭാഷയിൽ ഉച്ചരിക്കപ്പെടുന്ന രീതിയിലാവണം എന്നതായിരുന്നു നിലപാട്.

- സ്ഥലനാമങ്ങൾ അലാഹാബാദ്, കാഠിയാവാഡ്, ഹൈദരാബാദ് എന്നിങ്ങനെ ശരിയായ രൂപം ഉപയോഗിക്കണം (ഇതിനായി സ്ഥലനാമ നിഘണ്ടു തയ്യാറാക്കേണ്ടതുണ്ട് എന്നാണ് എൻ.വി.യുടെ അഭിപ്രായം). ഇൻഡ്യയെ ഇന്ത്യയും ഡെൽഹിയെ ദില്ലിയും ആയി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഉറപ്പിച്ചു.

ഭാഷയിലെ 'സൗന്ദര്യപക്ഷവും പ്രയോജനപക്ഷവും' എന്നോ, 'യാഥാസ്ഥിതികപക്ഷവും ഉത്പതിഷ്ണുപക്ഷവും' എന്നോ വിളിക്കാവുന്ന ഇൻസ്റ്റിറ്റ്യൂട്ടിനകത്തെ രണ്ടു ഗ്രൂപ്പുകൾ തമ്മിലുള്ള രൂക്ഷമായ ആശയസംവാദത്തിലൂടെയാണ് ഇത്തരം നിർദേശങ്ങൾ രൂപപ്പെട്ടുവന്നത് (വിഷ്ണുനാരായണൻ നമ്പൂതിരി, "വാചസ്പതിയുടെ ആശ്രമത്തിൽ" 74). ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആദ്യ ജോലിയായിരുന്ന സാങ്കേതികപദനിർമാണ വേളയിൽ തന്നെ രൂപപ്പെട്ട ഒരു ചേരിതിരിവായിരുന്നു ഇത് (കാ. 4.6.2). യാഥാസ്ഥിതികപക്ഷത്ത് എസ്. ഗുപ്തൻ നായരും ഉത്പതിഷ്ണുപക്ഷത്ത് എം. പി. പരമേശ്വരനുമായിരുന്നു നേതൃത്വം.[48] സൗന്ദര്യപക്ഷത്തേയും പ്രയോജനപക്ഷത്തേയും സമന്വയിപ്പിക്കുന്ന സമീപനമായിരുന്നു ഡയറക്ടർ എന്ന നിലയിൽ എൻ. വി. കൈക്കൊണ്ടിരുന്നത് എന്നും വിഷ്ണുനാരായണൻ നമ്പൂതിരി അഭിപ്രായപ്പെടുന്നുണ്ട്. സംസ്കൃതപണ്ഡിതനായിരുന്നെങ്കിലും ഭാഷയെ പുതിയ തലങ്ങളിലേക്ക് നയിക്കാനുള്ള മാറ്റങ്ങൾക്ക് അനുകൂലമായ നിലപാടായിരുന്നു എൻ. വി. യുടേത്.

ഏകീകരണമില്ലായ്മ മുദ്രണകലയ്ക്കു മാത്രമല്ല, ഭാഷയ്ക്കും അപകർഷമാണ് എന്നായിരുന്നു (കൃഷ്ണവാരിയർ, "മലയാളപദങ്ങൾക്ക് ഒരു ഏകീകൃത ലിപിവിന്യാസരീതി" 43) നിലപാട്. എങ്കിലും, പ്രധാനമായും അച്ചടിയുടെ തലത്തിൽനിന്നുകൊണ്ടാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഈ ശ്രമങ്ങൾ രൂപപ്പെട്ടത്. തലക്കുത്തുള്ള അക്ഷരങ്ങൾ ഉപയോഗിക്കുകയാണെങ്കിൽ മുപ്പതോളം അക്ഷരങ്ങൾ കൂടുതലായി വരുമെന്നു മാത്രമല്ല, തേയ്മാനം കൊണ്ട് വര്‍ണ്ണവും വണ്ണവും തിരിച്ചറിയാൻ കഴിയാതെ പോവുമെന്നും (43) പറയുന്നത് അച്ചടിയുടെ തലത്തിൽനിന്ന് പ്രശ്നത്തെ സമീപിച്ചതുകൊണ്ടാണ്.

മാനകീകരണശ്രമങ്ങളുടെ ഭാഗമായി കേരളത്തിലെ സ്ഥലനാമകോശം തയ്യാറാക്കാനുള്ള ശ്രമങ്ങൾ എഴുപതുകളുടെ അവസാനമാണ് തുടങ്ങുന്നത്. റിസർച്ച് ഫെലോ

ആയ കെ.പി.രാജേന്ദ്രൻ നായരായിരുന്നു (വിളക്കുടി രാജേന്ദ്രൻ) ഇതിന്റെ ചുമതല ക്കാരൻ. ഇതിലേക്ക് വിദഗ്ധരുടെ അഭിപ്രായങ്ങൾ ശേഖരിക്കാനായി 1978 മെയ് അവസാനം ഡോ.കെ.എം. ജോർജിന്റെ അധ്യക്ഷതയിൽ പ്രത്യേകയോഗം വിളിച്ചു ചേർത്തിരുന്നു (Annual Report for the year ending 31st March 1979 13). 1974 ഒക്ടോബർ ലക്കം *വിജ്ഞാനകൈരളി*യിൽ എൻ.വി. എഴുതിയ 'ഇന്ത്യയിലെ സ്ഥലനാ മങ്ങൾ' എന്ന ലേഖനം കാണാം. 1976 ആഗസ്റ്റിൽ 'സ്ഥലനാമങ്ങളുടെ ഏകീകരണം' എന്ന എഡിറ്റോറിയലിൽ സ്ഥലനാമങ്ങളുടെ ഏകീകരണത്തിനുള്ള നിയമപരമായ സംവിധാനങ്ങളെക്കുറിച്ചൊക്കെ അദ്ദേഹം വിശദീകരിക്കുകയും ചെയ്തു. 1984 ൽ സ്ഥല നാമകോശത്തിന്റെ ഒന്നാം വാല്യം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കി.

## 3.11 ടൈപ്പ്റൈറ്റർ പരിഷ്കരണം

1967 ജൂലൈ മാസത്തിൽ പാലക്കാട്നിന്നുള്ള നിയമസഭാംഗം ആർ.കൃഷ്ണൻ മലയാളം ടൈപ്പ്റൈറ്ററിന്റെ കീ ബോർഡ് പരിഷ്കരണത്തെക്കുറിച്ച് ഉന്നയിച്ച ചോദ്യങ്ങൾക്ക് മറുപടി പറയവെ, തിരുവനന്തപുരം വിമൻസ് പോളിടെക്നിക്ക് പ്രിൻസിപ്പാൾ കൺവീനറും സ്റ്റേഷനറി ഡിപ്പാർട്ടുമെന്റിലെ ചീഫ് മെക്കാനിക്ക്, സെക്രട്ടറിയേറ്റിലെ ഒരു മലയാളം ടൈപ്പിസ്റ്റ് എന്നിവർ അംഗങ്ങളുമായ ഒരു കമ്മിറ്റിയെ ഇക്കാര്യത്തിന് നിയോഗിച്ചതായി മുഖ്യമന്ത്രി ഇ. എം. എസ്. സഭയെ അറിയിക്കുന്നുണ്ട് (Proceedings of the Kerala Legislative Assembly- Second Session 1967 2447). ആ കമ്മിറ്റിയുടെ റിപ്പോർട്ട് എങ്ങനെയായിരുന്നുവെന്ന് അറിയില്ല. 1970 ൽ മലയാളം ടൈപ്പ്റൈറ്റർ കീ ബോർഡ് അന്തിമമാക്കുന്നതിനായുള്ള ടെക്നിക്കൽ കമ്മിറ്റി എന്ന പേരിൽ ഡോ. കെ. ഭാസ്കരൻ നായർ[49] അധ്യക്ഷനായുള്ള ഒരു കമ്മിറ്റി (GO MS No 72 Public (Miscellaneous) Departement പ്രകാരം) രൂപീകരിക്കപ്പെട്ടു. രാഘവമേനോൻ, കെ. സി. അബ്രഹാം, കെ. സ്വാമിനാഥൻ എന്നിവരായിരുന്നു കമ്മിറ്റി അംഗങ്ങൾ. പിന്നീട് ഈ കമ്മിറ്റിയിലേക്ക് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ എന്ന നിലയിൽ എൻ. വി. കൂട്ടിച്ചേർക്കപ്പെടുകയായിരുന്നു എന്നു വേണം കരുതാൻ.

ടൈപ്പ്റൈറ്റർ കീ ബോർഡ് രൂപപ്പെടുത്താനുള്ള ശ്രമങ്ങൾക്ക് അടിസ്ഥാനമായ പഠനങ്ങൾ നടത്തിയത് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടാണ്. 'മലയാളത്തിൽ അക്ഷരങ്ങളുടെ ആവൃ ത്തിവിഭജനം' എന്ന പേരിൽ എം. പി. പരമേശ്വരനും ടി. ശേഷയ്യങ്കാറും നടത്തിയ പഠന മാണ് ഇതിൽ ആദ്യത്തേത്. പരിമിതമായ തോതിൽ അന്ന് നിലവിലുണ്ടായിരുന്ന അച്ചെ

ഴുത്തുയന്ത്രങ്ങൾ ഭംഗിയോ വേഗതയോ പ്രദാനം ചെയ്യാത്ത സാഹചര്യത്തിലാണ് പുതിയ അച്ചെഴുത്തുയന്ത്രങ്ങൾ സംവിധാനം ചെയ്യുന്നതിനായി പഠനം നടത്തിയത്. ലിപിപരിഷ്കരണ റിപ്പോർട്ട് അംഗീകരിക്കുന്നതിനുമുമ്പെ നടത്തിയതാണെങ്കിലും പുതിയ ലിപി സമ്പ്രദായത്തെ[50] മുൻനിർത്തിയായിരുന്നു ഈ പഠനം. വിതരണക്രമത്തെക്കുറിച്ചുള്ള താരതമ്യപഠനത്തിനായി റോമൻ ലിപിയെ ആസ്പദമാക്കിയ 'റോമലയാള'[51] ലിപിയെ ക്കൂടി ഉപയോഗിച്ചു. ലിപികളുടെ ആവൃത്തി കണക്കാക്കാൻ ആധുനികവും പുരാതനവുമായ ശൈലികളിൽ എഴുതപ്പെട്ട ഗ്രന്ഥങ്ങൾ ഉപയോഗിച്ചിരുന്നു. കാലവ്യത്യാസത്തിനു പുറമെ കഥ, കവിത, നാടകം, നോവൽ, ചെറുകഥ, ശാസ്ത്രം, നിരൂപണം, ഉപന്യാസം, കത്തുകൾ, പരസ്യങ്ങൾ, വിവർത്തനങ്ങൾ എന്നിങ്ങനെ വ്യത്യസ്ത മേഖലകളിൽ നിന്നുള്ള പാഠങ്ങളും ഉപയോഗിക്കപ്പെട്ടു. ' ു', 'ന',' ി',' ്','ക',' ാ', 'ത' എന്നീ ഏഴ് ലിപികൾ ആകെ ഉപയോഗ ത്തിന്റെ 52.21 ശതമാനം ഉപയോഗിക്കുന്നതായി (പരമേശ്വരൻ and ശേഷയ്യങ്കാർ 61) പഠനം കണ്ടെത്തിയിരുന്നു.

പുതിയ ലിപിസമ്പ്രദായം ഔപചാരികമായി നിലവിൽ വന്നതിനുശേഷമാണ് എം. ആർ. വിജയനാഥൻ പിള്ള നടത്തിയ രണ്ടാമത്തെ പഠനം നടന്നത് (കാ. അനുബന്ധം 11). ആദ്യപഠനത്തിലേതുപോലെ ഈ പഠനത്തിലും വ്യത്യസ്തവിഭാഗങ്ങളിൽ പെട്ട പാഠങ്ങൾ റാൻഡം സാമ്പിളിങ്ങ് തന്ത്രം പ്രകാരം ഉപയോഗിച്ചു. പതിനായിരം ലിപികൾ ഉപയോഗിക്കുമ്പോൾ എത്ര പ്രാവശ്യം ലിപികൾ ആവർത്തിക്കുന്നു എന്ന് കണക്കാക്കി അവയോട് പതിനായിരം ലിപികൾ കൂടി കൂട്ടിച്ചേർക്കുമ്പോൾ ആവൃത്തിവിതരണത്തിൽ വരുന്ന മാറ്റം കണക്കാക്കി. ഇങ്ങനെ ഒരു ലക്ഷം ലിപികൾ ഉപയോഗിക്കുമ്പോഴേക്കും സ്ഥിരമായ ആവൃത്തിവിതരണം നടക്കുന്നതായി കണ്ടെത്തി.[52] പരിഷ്കരിച്ച ലിപി അനുസരിച്ച് ഏറ്റവും കൂടുതൽ ആവർത്തിക്കുന്നത് ' ്' (ആകെ ലിപികളുടെ 8.96 ശതമാനം) ആണെന്നും തൊട്ടടുത്ത് നിൽക്കുന്നത് ' ി' (ആകെ ലിപികളുടെ 8.66 ശതമാനം) ആണെന്നും പഠനം കണ്ടെത്തി. 7.7 ശതമാനം ആവർത്തിക്കുന്ന' ാ' ആയിരുന്നു മൂന്നാം സ്ഥാനത്ത്. ഒരു ശതമാനത്തിൽ കൂടുതൽ 27 ലിപികൾ മാത്രമേ ആവർത്തിക്കുന്നുള്ളൂ എന്നതായിരുന്നു മറ്റൊരു കണ്ടെത്തൽ. മാത്രവുമല്ല, ആകെ ലിപികളുടെ 80.8 ശതമാനവും ഈ ലിപികളാണുതാനും. ലിപിപരിഷ്കരണ കമ്മിറ്റി നിർദേശിച്ച 90 ലിപികളും ടൈപ്പ്റൈറ്ററിൽ ഉൾക്കൊള്ളിക്കാൻ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെന്നതിനാൽ താഴെ പറയുന്ന അക്ഷര രൂപങ്ങളെ ടൈപ്പ്റൈറ്ററിൽ ഉപയോഗിക്കാൻ പഠനം നിർദേശിച്ചു (വിജയനാഥൻ പിള്ള 70).

| | | | | | | |
|---|---|---|---|---|---|---|
| അ | | | | | | |
| ഇ | ഉ | ക | ഖ | ഗ | ഘ | ങ |
| എ | ഏ | ച | ഛ | ജ | ഝ | ഞ |
| ഒ | ഋ | ട | ഠ | ഡ | ഢ | ണ |
| െ | േ | ത | ഥ | ദ | ധ | ന |
| ി | ീ | പ | ഫ | ബ | ഭ | മ |
| ാ | ം | യ | ര | ല | വ | |
| ്യ | ്വ | ശ | ഷ | സ | ഹ | |
| ൗ | ് | ള | ഴ | റ | | |
| ു | ൂ | ൺ | ൻ | ർ | ൽ | ൾ |
| ്ര | ൃ | ക്ക | ട്ട | പ്പ | ന്ന | |

പട്ടിക 3.7: ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനു വേണ്ടി സാംഖ്യിക വിദഗ്ധനായ എസ്. വിജയനാഥൻ പിള്ള നടത്തിയ പഠനം മലയാളം ടൈപ്പ് റൈറ്ററുകളിലേക്ക് നിർദേശിച്ച ലിപിരൂപങ്ങൾ



ചിത്രം 3.3: ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് രൂപകൽപ്പന ചെയ്ത മലയാളം ടൈപ്പ്റൈറ്റർ കീബോർഡ്.

ആവൃത്തിവിതരണത്തെ മുൻനിർത്തി വേണ്ട ലിപികളെ നിശ്ചയിച്ചതിനുശേഷം മറ്റൊന്നുകൂടി ചെയ്യാനുണ്ടായിരുന്നു. ഏതേതു കട്ടകളിൽ ഏത് ലിപിയാണ് ഉറപ്പിക്കേണ്ടത്

എന്നതായിരുന്നു അത്. ആ പ്രവർത്തനം പ്രധാനമായും നിർവഹിച്ചത് സാങ്കേതിക ശാസ്ത്ര വിഭാഗത്തിന്റെ അസിസ്റ്റന്റ് ഡയറക്ടറായിരുന്ന എം.പി.പരമേശ്വരനാണ്. വിരൽശേഷി അഥവാ ഓരോ വിരലിനുമുള്ള പ്രവർത്തനശേഷി (ഇതിനെ പ്രൊപ്രി ഷ്യസ്നസ് എന്നു വിളിക്കുന്നു), ടൈപ്പ്റൈറ്ററിലെ കട്ടകളുടെ സ്ഥാനം എന്നിവയെക്കൂടി ലിപികളുടെ ആവൃത്തിവിതരണവുമായി ബന്ധിപ്പിച്ചാണ് ഇത് ചെയ്തത് (പരമേശ്വരൻ, "മലയാളം ടൈപ്പ്റൈറ്റർ ഭാഷ" 55) (കാ. അനുബന്ധം 12). ഒരു കയ്യിലെ ഒരു വിരൽ ഉപയോഗിച്ചാൽ അതേ കയ്യിലെ മറ്റൊരു വിരലുപയോഗിക്കുന്നതിനു പകരം മറുകയ്യിലെ ഒരു വിരലുപയോഗിക്കുന്നതാണ് എളുപ്പം.' ി',' ീ ',' ു',' ൗ' തുടങ്ങിയ സ്വരചിഹ്നങ്ങൾ വ്യഞ്ജനങ്ങളുടെ വലതുഭാഗത്ത് വരുന്നതിനാൽ കീ ബോർഡിലും അവ വലതുഭാഗത്തു വരുന്നത് സുഖകരമാവും, കട്ടകൾ ഓർത്തുവെക്കുന്നതിന് സാമ്യമുള്ള ലിപികൾ കീഴ് ഷിഫ്റ്റിലും മേൽ ഷിഫ്റ്റിലും ഘടിപ്പിക്കുന്നതാണ് നല്ലത് എന്നിങ്ങനെ നിരവധി ഘടകങ്ങളെ പരിഗണിച്ചുകൊണ്ടാണ് കീ ബോർഡ് ഡിസൈൻ ചെയ്യേണ്ടത്. ഹിന്ദി ടൈപ്പ് റൈറ്റർ കമ്മിറ്റി നടത്തിയ പഠനവും ഇതിലേക്ക് പ്രയോജനപ്പെടുത്തിയിരുന്നു.[53]

വായിക്കാനുള്ള എളുപ്പം പ്രധാനമായും അക്ഷരങ്ങളുടെ വലിപ്പപ്പൊരുത്തം, കറുപ്പ്-വെളുപ്പ് പ്രദേശങ്ങളുടെ സമതുലനം എന്നീ രണ്ടു കാര്യങ്ങളെ മുൻനിർത്തിയാണ് കൈവരുന്നത്. ഇക്കാര്യത്തിൽ കെ. ഭാസ്കരൻ നായർ അതുവരെ കണ്ടെത്തിയ കാര്യങ്ങളെ പ്രയോജനപ്പെടുത്തിയെന്ന് പരമേശ്വരൻ രേഖപ്പെടുത്തിയിട്ടുണ്ട്. കേരള സർക്കാർ നിയമിച്ച കെ. ഭാസ്കരൻ നായർ അധ്യക്ഷനായ ഷോർട്ട്ഹാന്റ് കമ്മിറ്റി ഈ കീ ബോർഡ് അംഗീകരിച്ചതും ആർട്ടിസ്റ്റ് ശ്രീധരൻ നായർ തോതൊപ്പിച്ച് അക്ഷരരൂപങ്ങൾ വരച്ചുണ്ടാക്കിയതും എൻ. വി. യും എഴുതിയിട്ടുണ്ട്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയ കീ ബോർഡ് സർക്കാർ അംഗീകരിക്കുകയും റെമിങ്ടൺ കമ്പനി അതനുസരിച്ചുള്ള ടൈപ്പ്റൈറ്ററുകൾ തയ്യാറാക്കി നൽകുകയും ചെയ്തു.

## 3.12 ചുരുക്കെഴുത്ത് മാന്വൽ

ഭരണഭാഷാമാറ്റത്തിന്റെ മുന്നോടിയായുള്ള മറ്റൊരു പ്രധാന ദൗത്യമായിരുന്നു മലയാളം ചുരുക്കെഴുത്ത് രൂപങ്ങളുടെ ആവിഷ്കരണം. എ. കെ. രാമകൃഷ്ണൻ നായർ ചെയർമാനും പൊതുവകുപ്പ് സെക്രട്ടറി മെമ്പർ സെക്രട്ടറിയും വി. കേശവൻ നായർ, എൻ. ബാലകൃഷ്ണ പിള്ള എന്നിവർ അംഗങ്ങളുമായി സർക്കാർ രൂപീകരിച്ച കമ്മിറ്റിയിലേ

ക്ക്[54] ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറെ പിന്നീട് കൂട്ടിച്ചേർക്കുകയാണുണ്ടായത് (GO (Rt) No 1186/71/PD).

അതിനുമുമ്പ് മലയാളത്തിൽ തയ്യാറാക്കപ്പെട്ട രണ്ട് ചുരുക്കെഴുത്ത് പുസ്തകങ്ങളും മറ്റ് ഇന്ത്യൻ ഭാഷകളിൽ തയ്യാറാക്കപ്പെട്ട പുസ്തകങ്ങളും കമ്മിറ്റി പഠനവിധേയമാക്കുകയുണ്ടായി. അതിനകം പ്രസിദ്ധമായി കഴിഞ്ഞിട്ടുള്ള പിറ്റ്മാൻ സമ്പ്രദായം അനുസരിച്ചുള്ള ചുരുക്കെഴുത്തുരൂപങ്ങൾ പല ഇന്ത്യൻ ഭാഷകളും ഉപയോഗിച്ചു തുടങ്ങിയിരുന്നു. നേരത്തെ മലയാളത്തിൽ ഇറങ്ങിയവയിൽ എൻ. എസ്. പണ്ടാല രചിച്ച പുസ്തകം പിറ്റ്മാൻ സമ്പ്രദായത്തെ അനുകരിച്ച് തയ്യാറാക്കിയതുമായിരുന്നു. കമ്മിറ്റി പിറ്റ്മാൻ സമ്പ്രദായത്തെ പിന്തുടരുകയും അതിൽ ആവശ്യമായ മാറ്റങ്ങൾ കൊണ്ടുവരികയും ചെയ്തു (രാമകൃഷ്ണൻ നായർ). മലയാളവാക്കുകളുടെ ആവൃത്തി വിഭജനത്തെക്കുറിച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ എസ്. വിജയനാഥൻ പിള്ള നടത്തിയ 'മലയാളവാക്കുകളുടെ ആവൃത്തിവിതരണം' എന്ന പഠനം മാനുവൽ തയ്യാറാക്കുന്നതിനുവേണ്ടി പ്രയോജനപ്പെടുത്തി. ഈ പഠനം 1971 നവംബർ ലക്കം *വിജ്ഞാനകൈരളി*യിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർക്കാർ കമ്മിറ്റി തയ്യാറാക്കിയ മാനുവൽ, *മലയാളം ചുരുക്കെഴുത്ത് മാനുവൽ* എന്ന പേരിൽ (1973 ൽ സിൽ നമ്പർ 171) ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തന്നെയാണ് പ്രസിദ്ധീകരിച്ചത്.

## 3.13 ലിപിപരിഷ്കരണം

നിശ്ചിതഭാഷയുടെ വർണവിന്യാസക്രമത്തിനനുസരിച്ച് ലിപികളുടെ തിരഞ്ഞെടുപ്പ് (selection), മെച്ചപ്പെടുത്തൽ (modification), വിപുലനം (development) എന്നിവയെല്ലാം ചേർന്നതാണ് ഗ്രാഫൈസേഷൻ അഥവാ ലിപി ആവിഷ്കരണം എന്നത്. ലിപികളില്ലാത്ത ഭാഷകൾക്ക് ലിപിയൊരുക്കലും ലിപികളുള്ള ഭാഷകൾക്ക് ലിപികളുടെ പോരായ്മകൾ പരിഹരിക്കലും പ്രധാനമായി മാറുന്നു.

മാമ്മൻ മാപ്പിളയും എൻ. വി. യും നേരത്തെ മുന്നോട്ടുവച്ചിരുന്ന ലിപിപരിഷ്കരണ നിർദേശങ്ങൾ സ്വീകരിക്കപ്പെടാതെ പോയി എന്ന് അധ്യായം രണ്ടിൽ ചൂണ്ടിക്കാട്ടിയിരുന്നല്ലോ. 1951 ൽ തിരുവിതാംകൂർ സർവകലാശാല തുടങ്ങിവെച്ച ശ്രമങ്ങളും[55] ഫലവത്തായില്ല. അതിനൊരു തുടർച്ചയുണ്ടായത് 1971 ലെ ലിപിപരിഷ്കരണത്തോടെയാണ്. ലിപിപരിഷ്കരണത്തിന് അടിസ്ഥാനമായത് കേരള സർക്കാർ നിയമിച്ച ശൂരനാട് കമ്മിറ്റിയുടെ റിപ്പോർട്ടാണ്.[56] എങ്കിലും ലിപിപരിഷ്കരണവുമായി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ബന്ധപ്പെട്ടിരുന്നു. ശൂരനാട് കമ്മിറ്റിയുടെ നിർദേശങ്ങളെ പരിശോധിക്കാൻ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

ഡയറക്ടർ അധ്യക്ഷനായുള്ള ഒരു കമ്മിറ്റിയെ (1969 ൽ) സർക്കാർ നിയോഗിക്കുകയുണ്ടായി. ആ കമ്മിറ്റി നിർദേശിച്ച നേരിയ മാറ്റങ്ങളോടെയാണ് സർക്കാരിന്റെ ലിപി പരിഷ്കരണ ഉത്തരവ് ഇറങ്ങുന്നത്.

## 3.14 ഭരണഭാഷാരംഗം

ടൈപ്പ്റൈറ്റർ പരിഷ്കരണം, ചുരുക്കെഴുത്ത് മാന്വൽ എന്നിവയ്ക്കു പുറമെ മറ്റുചില കാര്യങ്ങൾ കൂടി ഭരണഭാഷാ മാറ്റത്തിനുവേണ്ടി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗത്തുനിന്നുണ്ടായി. സർക്കാർ തലത്തിലുള്ള പ്രവർത്തനങ്ങളുമായി ഏകോപനം സാധ്യമാക്കും വിധം ഔദ്യോഗികഭാഷാസമിതിയിലും അതിന്റെ മുഖപത്രമായ *ഭരണഭാഷ*യുടെ പത്രാധിപസമിതിയിലും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ അംഗമായിരുന്നു. ഭരണഭാഷാ ബിൽ, സെക്രട്ടറിയേറ്റ് തലത്തിലുള്ള ഔദ്യോഗികഭാഷാ കമ്മിറ്റി, സാങ്കേതിക കമ്മിറ്റികളുടെ രൂപീകരണം, തർജമ കമ്മിറ്റി എന്നിങ്ങനെ ഉടൻ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് *വിജ്ഞാനകൈരളി* (പത്രാധിപക്കുറിപ്പ്, "ഭരണമാധ്യമ പരിവർത്തനത്തിന്റെ പ്രായോഗികപ്രശ്നങ്ങൾ" 7–8) തുടക്കത്തിൽത്തന്നെ ചൂണ്ടിക്കാണിച്ചിരുന്നു. സമർത്ഥമായ ആസൂത്രണവും ദീർഘകാലത്തെ ക്ഷമാപൂർവമായ പ്രവർത്തനവും കൊണ്ടുമാത്രമേ, ഇംഗ്ലീഷിനു പകരം പ്രാദേശികഭാഷയെ ഭരണഭാഷയായി മാറ്റുവാൻ കഴിയൂ എന്ന് ആ മുഖപ്രസംഗം ഓർമിപ്പിച്ചു.

ഏതാനും മാസങ്ങൾ കഴിഞ്ഞ് സെക്രട്ടറിയേറ്റ് തലത്തിലുള്ള കമ്മിറ്റി രൂപീകരിച്ചതിലുള്ള ആഹ്ലാദം രേഖപ്പെടുത്തിക്കൊണ്ട് ഗവൺമെന്റിന് രാഷ്ട്രീയ ഇച്ഛാശക്തിയുണ്ടെങ്കിൽ 'സ്വതവേ യാഥാസ്ഥിതികവും ആഢ്യംമന്യവുമായ ഉദ്യോഗസ്ഥമേധാവിത്വത്തിന്റെ എതിർപ്പ്' വലിയ പ്രശ്നമാകില്ലെന്ന് മറ്റൊരു മുഖപ്രസംഗം നിരീക്ഷിക്കുന്നു ("കേരളഭരണം മലയാളത്തിൽ" 7–8). ഇന്ത്യാ ഗവൺമെന്റിന്റെ *പ്രശാസനശബ്ദാവലി*, മഹാരാഷ്ട്ര ഗവൺമെന്റിന്റെ *ശാസനവ്യവഹാരകോശം*, തമിഴ്നാട് ഗവൺമെന്റിന്റെ *ആട്ചിച്ചൊല്ലകരാതി*യും *ചട്ടച്ചൊല്ലകരാതി*യും, കർണാടകത്തിലെ *ആഡളിത ശബ്ദകോശം* തുടങ്ങിയവയെ മാതൃകയാക്കി മലയാളത്തിൽ ഭരണശബ്ദാവലി പ്രസിദ്ധീകരിക്കേണ്ടതിന്റെ പ്രാധാന്യവും പ്രസ്തുത പത്രാധിപക്കുറിപ്പ് ചൂണ്ടിക്കാട്ടിയിരുന്നു. ഭരണഭാഷയും അധ്യയനഭാഷയും മാറ്റേണ്ടതിന്റെ പ്രാധാന്യം ഓർമിപ്പിച്ചുകൊണ്ടും നിർദേശങ്ങൾ സമാഹരിച്ചുകൊണ്ടും നിരന്തരമായി *വിജ്ഞാനകൈരളി* ഈ വിഷയങ്ങളെ പിന്തുടരുന്നതായി കാണാം.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയ *ഭരണശബ്ദാവലി* 1970 ൽ പുറത്തിറങ്ങി. 5300 വാക്കുകൾക്ക് തത്തുല്യമായ മലയാളവാക്കുകൾ ഈ ശബ്ദാവലി ഉൾക്കൊണ്ടു. പലതവണ പുതിയ പതിപ്പുകൾ ഇറക്കാൻ കഴിഞ്ഞത് *ഭരണശബ്ദാവലിക്ക്* ലഭിച്ച പിന്തുണയെ കാണിക്കുന്നു. കേരള സർക്കാരിനുവേണ്ടിയും തപാൽ വകുപ്പിനുവേണ്ടിയും മറ്റുചില കേന്ദ്രവകുപ്പുകൾക്കു വേണ്ടിയും നിരവധി ഫോറങ്ങൾ മലയാളത്തിലാക്കുന്ന ജോലി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്ത് വിജയിപ്പിക്കുകയുണ്ടായി. കോർപ്പറേഷനുകൾ, ബാങ്കുകൾ, മറ്റ് അർധസർക്കാർ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഉപകാരപ്പെടുമാറ് ഭരണ മാധ്യമ കൺസൾട്ടൻസി സർവീസ് തുടങ്ങുവാൻ ആഗ്രഹിക്കുന്നതായി രേഖപ്പെടുത്തി കാണുന്നുണ്ടെങ്കിലും അത് യാഥാർത്ഥ്യമായില്ല.

## 3.15 അധ്യയനമാധ്യമരംഗം

ഇന്ത്യയൊട്ടാകെ അധ്യയനമാധ്യമം പ്രാദേശികഭാഷകളിലേക്ക് കൊണ്ടുവരാനുള്ള ധീരമായ പ്രഖ്യാപനത്തിന്റെയും പ്രവർത്തനരൂപരേഖയുടെയും അടിസ്ഥാനത്തിലാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അടക്കമുള്ള സ്ഥാപനങ്ങൾ ജന്മമെടുക്കുന്നതെങ്കിലും ഇതത്ര എളുപ്പമുള്ള പ്രക്രിയയായിരുന്നില്ല. പ്രതിരോധം വളരെ ശക്തമായിരുന്നു. നേരിട്ടുള്ള പ്രതിരോധത്തേക്കാൾ അല്ലാതെയുള്ള രീതിയാണ് അവലംബിക്കപ്പെട്ടത്. രേഖകളിലും പ്രസ്താവനകളിലും മാതൃഭാഷാധിഷ്ഠിത വിദ്യാഭ്യാസത്തെ പിന്താങ്ങുകയും അത് നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങളിലേക്ക് കടക്കാതിരിക്കുകയോ, മെല്ലെപ്പോക്ക് സമീപനം സ്വീകരിക്കുകയോ ചെയ്യുക എന്ന രീതിയാണ് ഇക്കാര്യത്തിൽ കേരളത്തിലെ സർവകലാശാലകൾ ചെയ്തത് എന്നുകാണാം. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗത്തുനിന്നുള്ള പ്രവർത്തനങ്ങൾക്ക് സമാന്തരമായി സർവകലാശാലകളുടെ ഭാഗത്തുനിന്നുള്ള പ്രവർത്തനങ്ങളും ഒരേ വേഗതയോടെ നീങ്ങിയിരുന്നെങ്കിൽ മാത്രമേ അധ്യയനമാധ്യമ മാറ്റം പ്രാവർത്തികമാകുമായിരുന്നുള്ളൂ.

സ്ഥാപനതലത്തിലുള്ള ഏകോപനത്തിനുള്ള ശ്രമങ്ങൾ ആരംഭിച്ചിരുന്നതായി കാണാം. കേരള–കോഴിക്കോട് സർവകലാശാലകളിലെ വൈസ് ചാൻസലർമാരും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറും വിദ്യാഭ്യാസമന്ത്രിയുടെ നേതൃത്വത്തിൽ കൂടിയിരുന്ന് ചർച്ച ചെയ്ത് ധാരണയുണ്ടാക്കിയത് ഇതിന്റെ തെളിവാണ്. 1968 സെപ്തംബർ എട്ടിന് ചേർന്ന യോഗത്തിൽ ഇവർക്കുപുറമെ സംസ്ഥാന ആസൂത്രണ ബോർഡിനെ പ്രതിനിധീകരിച്ച് ജോസഫ് മുണ്ടശ്ശേരിയും കൊളീജിയേറ്റ് വിദ്യാഭ്യാസ ഡയറക്ടറേറ്റിനെ

പ്രതിനിധീകരിച്ച് ഗോപാലമേനോനും സംസ്ഥാന വിദ്യാഭ്യാസ വകുപ്പിനെ പ്രതിനിധീകരിച്ച് കെ. സി. ശങ്കരനാരായണനും ഉണ്ടായിരുന്നു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കുന്ന പുസ്തകങ്ങൾക്ക് സർവകലാശാലകൾ അംഗീകാരം നൽകുന്നതിനെക്കുറിച്ച് ചില ധാരണകൾ യോഗത്തിൽ രൂപപ്പെട്ടു. ഓരോ വിഷയത്തിനും രണ്ടു വിദഗ്ധരടങ്ങുന്ന ഒരു പാനൽ സർവകലാശാലകൾ തയ്യാറാക്കണമെന്നും അതിൽനിന്ന് രണ്ടുപേരെ ചുരുക്കപ്പട്ടികയിലേക്ക് കൊണ്ടുവരണമെന്നും ധാരണയാക്കി. ഈ ടീം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കുന്ന പുസ്തകങ്ങൾ അച്ചടിക്കുമുമ്പെ രണ്ടു ഘട്ടങ്ങളിലായി പരിശോധിച്ച് അംഗീകാരം നൽകണമെന്നും അങ്ങനെ തയ്യാറാവുന്ന പുസ്തകങ്ങൾക്ക് ബോർഡ് ഓഫ് സ്റ്റഡീസ് അംഗീകാരം നൽകണമെന്നുമായിരുന്നു തീരുമാനം (Minutes of the conference held on 8th September 1969). ഇതിനനുസൃതമായ രീതിയിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനപരിപാടി മുന്നോട്ടുനീക്കി. 1970 അവസാനമാവുമ്പോഴേക്ക് പ്രീഡിഗ്രിതലത്തിലെ എല്ലാ വിഷയങ്ങൾക്കും ചുരുങ്ങിയത് ഓരോ പുസ്തകമെങ്കിലും തയ്യാറാക്കുക, ക്രമത്തിൽ അത് വ്യാപിപ്പിച്ച് ബിരുദതലത്തിലുള്ള പുസ്തകങ്ങളിലേക്ക് കടക്കുക എന്നതായിരുന്നു പരിപാടി (പത്രാധിപക്കുറിപ്പ്, "വിദ്യാഭ്യാസമാധ്യമം മലയാളമാക്കുവാൻ" 9). പുസ്തകങ്ങളുടെ അച്ചടിവരെ കാര്യങ്ങൾ നീങ്ങിയെങ്കിലും ബോർഡ് ഓഫ് സ്റ്റഡീസിന്റെ അംഗീകാരം എന്നതിൽ പുരോഗതി ഉണ്ടായില്ല. നിലവാരമുള്ള പാഠപുസ്തകങ്ങൾ ഭാഷയിൽ തയ്യാറായാലേ അധ്യയനമാധ്യമം യാഥാർത്ഥ്യമാവൂ എന്ന് പറയുക; അത് തയ്യാറാവുമ്പോൾ അംഗീകാരം നൽകാതിരിക്കുക എന്ന സമീപനമാണ് സ്വീകരിക്കപ്പെട്ടതെന്നു കാണാം.

പാഠപുസ്തകനിർമാണത്തിനും അധ്യയനമാധ്യമ നടപടികൾക്കും വലിയതോതിൽ പിന്തുണ നൽകുന്ന തീരുമാനങ്ങളാണ് 1970 മാർച്ച് 13 ന് ചേർന്ന കേരള സർവകലാശാല സിൻഡിക്കേറ്റ് കൈക്കൊണ്ടത്. മലയാളത്തിൽ പാഠപുസ്തകങ്ങൾ നിർമിക്കുന്നതിന് വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ പ്രോത്സാഹിപ്പിക്കാൻ സർവകലാശാല നടപടികളെടുക്കേണ്ടതുണ്ട്, മലയാളത്തിൽ പാഠപുസ്തകങ്ങൾ എഴുതുന്നവർക്ക് ബഹുമതിപത്രങ്ങൾ, ശമ്പളവർധന തുടങ്ങിയ പ്രോത്സാഹനങ്ങൾ നൽകേണ്ടതുണ്ട്, ഇംഗ്ലീഷിൽ സമർപ്പിക്കുന്ന ഗവേഷണപ്രബന്ധങ്ങളോടൊപ്പം അതിന്റെ മലയാളസംഗ്രഹം–മാതൃഭാഷ മലയാളമല്ലാത്തവർ അവർക്കറിയുന്ന ഭാരതീയഭാഷയിൽ–സമർപ്പിക്കണം തുടങ്ങിയവയായിരുന്നു അന്നത്തെ തീരുമാനങ്ങൾ ("സർവകലാശാലയും പാഠപുസ്തകനിർമാണവും" 8). സെനറ്റ് യോഗത്തിൽ ഇംഗ്ലീഷുമാധ്യമം ഉപേക്ഷിക്കുന്ന അവസാനത്തെ സർവകലാശാലയായിരിക്കണം നമ്മുടേതെന്ന്

വാദിച്ച അംഗം കൂടി ഉൾക്കൊണ്ട സിൻഡിക്കേറ്റ് യോഗത്തിൽ നിന്നാണ് ഇത്തര മൊരു തീരുമാനമുണ്ടായത് എന്നത് അവിടെ നടന്ന സംവാദങ്ങളിലധിഷ്ഠിതമായ ജനാധിപത്യപ്രക്രിയയുടെ ഉദാഹരണമാണെന്നും തീരുമാനം എത്രയും പെട്ടെന്ന് നടപ്പിലാക്കണമെന്നും *വിജ്ഞാനകൈരളി* ആവശ്യപ്പെടുന്നുണ്ട്.

അധ്യയനമാധ്യമ വിഷയത്തിൽ കോഴിക്കോട് സർവകലാശാലാ സിൻഡിക്കേറ്റ് നിയമിച്ച കമ്മിറ്റി തങ്ങളുടെ റിപ്പോർട്ട് 1970 ജൂലായ് മാസത്തിൽ സമർപ്പിച്ചിരുന്നു. അധ്യയനമാധ്യമം മാതൃഭാഷയാവണമെന്ന ആശയത്തെ ശരിയായ നില പാടെന്ന് വിശേഷിപ്പിച്ച കമ്മിറ്റി, 1972 ഏപ്രിൽ/മെയ് പ്രീഡിഗ്രി പരീക്ഷകളിൽ വിദ്യാർത്ഥികളാഗ്രഹിക്കുന്ന പക്ഷം മറ്റ് ഭാഷാവിഷയങ്ങളൊഴികെ മലയാളത്തിൽ ഉത്ത രമെഴുതുവാൻ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുകയുണ്ടായി ("മലയാളത്തിൽ പ്രീഡിഗ്രി കോഴ്സ് തുടങ്ങുക" 5). ഇക്കാര്യം പിന്നീട് സിൻഡിക്കേറ്റ് അംഗീകരിക്കുക യുമുണ്ടായി. എങ്കിലും ഇത് ഉത്തരവായി വരാൻ 1976 വരെ കാത്തിരിക്കേണ്ടിവന്നു.[57] പ്രീഡിഗ്രി പരീക്ഷകൾ മലയാളത്തിൽക്കൂടി എഴുതാനുള്ള കേരള സർവകലാശാലയുടെ തീരുമാനം ഇതിന് അൽപം മുമ്പ് 1975 സെപ്റ്റംബർ മാസം മുതൽ പ്രാബല്യത്തിൽ വന്നിരുന്നു.[58] എങ്കിലും അധ്യയനഭാഷയുടെ കാര്യത്തിൽ തീരുമാനമുണ്ടായില്ല. പരീക്ഷാ ചോദ്യങ്ങൾ മലയാളത്തിൽ നൽകണമെന്ന ആവശ്യം പോലും സർവകലാശാലകൾ ചെവിക്കൊണ്ടില്ല. അധ്യയനമാധ്യമപ്രശ്നത്തിൽ നിശ്ചയദാർഢ്യത്തോടുകൂടിയ ഒരു തീരുമാനമെടുക്കാൻ സർവകലാശാലകൾ മടിച്ചുനിന്ന വേളയിൽ എൻ. വി. പുതിയൊരു നിർദേശം മുന്നോട്ടുവെച്ചു. സർക്കാർ കോളെജുകളിൽ മലയാളം മീഡിയം ബാച്ചുകൾ ആരംഭിക്കാനും സ്വകാര്യ കോളെജുകളെ ഇക്കാര്യത്തിൽ പ്രേരിപ്പിക്കാനുമായിരുന്നു ഇത് ("പ്രീഡിഗ്രി ക്ലാസ്സുകളിൽ മലയാളമാധ്യമം ഏർപ്പെടുത്തുക"). പ്രത്യേക ബാച്ചു കളാവുമ്പോൾ മലയാളത്തിൽ പഠിക്കുന്നതിന് താൽപര്യമുള്ള കുട്ടികളാണ് അവിടെ ചേരുക. ഇംഗ്ലീഷുമാധ്യമവിദ്യാഭ്യാസം ആഗ്രഹിക്കുന്നവരുടെ താൽപര്യങ്ങളെ അത് ഹനിക്കുകയുമില്ല. ഇതും നടപ്പിലായില്ല.

അധ്യയനമാധ്യമമാറ്റത്തെക്കുറിച്ചുള്ള ശുഭപ്രതീക്ഷ എൻ. വി. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ സ്ഥാനം ഒഴിയുന്ന വേളയിൽപ്പോലും പുലർത്തുന്നുണ്ടെന്ന് കാണാം. മൂന്നു കാര്യങ്ങൾ അദ്ദേഹം പോസിറ്റീവായി കണ്ടു. മലയാളത്തിലൂടെ പഠിപ്പിക്കുവാ നുള്ള പരിചയം അതിനകം നടന്ന പരിശീലനങ്ങളിലൂടെ അധ്യാപകർക്ക് കൈവ ന്നിരിക്കുന്നു, മാധ്യമമാറ്റത്തിനുള്ള ചില നിയമഭേദഗതികൾ സർവകലാശാലകൾ കൈക്കൊണ്ടിരിക്കുന്നു, മലയാളമാധ്യമത്തിനനുകൂലമായ നിലപാടിലേക്ക്

വിദ്യാർത്ഥിസംഘടനകളെത്തിയിരിക്കുന്നു എന്നിവയാണവ. ഈ അനുകൂലഘടക ങ്ങളെ കൈമുതലാക്കി അടുത്ത നടപടി സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാവുകയേ വേണ്ടൂ എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു ("വിട" 71). ഓരോ ഗ്രൂപ്പിലും രണ്ടോ അതി ലധികമോ ബാച്ചുകൾ ഉള്ള എല്ലാ കോളെജുകളിലും ഒരു ബാച്ചിന്റെ മാധ്യമം മലയാ ളമാക്കുക പ്രയാസമുള്ള കാര്യമല്ലെന്നും, ഐച്ഛികാടിസ്ഥാനത്തിൽ മലയാളമാധ്യമ ബാച്ചുകൾ യാഥാർത്ഥ്യമാക്കിക്കഴിഞ്ഞാൽ അത് മലയാളഭാഷയിൽ വൈജ്ഞാനിക ഗ്രന്ഥങ്ങളുടെ രൂപവൽക്കരണത്തെ ത്വരിതഗതിയിൽ പുരോഗമിപ്പിക്കുമെന്നും വിട പറഞ്ഞുകൊണ്ടെഴുതിയ ആ കുറിപ്പിൽ അദ്ദേഹം ആശിച്ചിരുന്നു.

സർവകലാശാലകളുടെ ഈ നയം ഒറ്റപ്പെട്ട പ്രതിഭാസമായിരുന്നില്ല. അധ്യയ നമാധ്യമവും ഭരണഭാഷയും മലയാളത്തിലേക്ക് മാറ്റാനായി എന്തെല്ലാം തീരുമാന ങ്ങൾ കൈക്കൊണ്ടാലും എവിടെയെല്ലാമോവച്ച് അവ നിലച്ചുപോകുന്നതായി ഇക്കാ ര്യങ്ങളുടെ ചരിത്രം പരിശോധിച്ചാൽ കാണാൻ കഴിയും (മുരളീധരൻ, *ഭാഷാസ്വാതന്ത്ര്യം: പൊരുളും വഴികളും* 167,190–193). ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സാങ്കേതികശബ്ദാവലികൾ തയ്യാ റാക്കുന്ന വേളയിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷനെക്കൂടി അതിൽ പങ്കാളിക ളാക്കാനും അങ്ങനെ സർവകലാശാലാതലത്തിലും സ്കൂൾതലത്തിലും ഉപയോഗിക്കുന്ന പദങ്ങൾക്ക് ഐകരൂപ്യം വരുത്താനും നടത്തിയ ശ്രമങ്ങൾ അന്നത്തെ ഡി.പി.ഐ.യുടെ താൽപ്പര്യമില്ലായ്മ മൂലം നടപ്പാവാതെ പോവുകയാണുണ്ടായത് (പരമേശ്വരൻ, *കാലഹ രണമില്ലാത്ത സ്വപ്നങ്ങൾ* 127). 2015 ൽ കേരള നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ മലയാളഭാഷാ (വ്യാപനവും പരിപോഷണവും) ബിൽ ആവശ്യമില്ലാതിരുന്നിട്ടും രാഷ്ട്രപതി യുടെ അംഗീകാരത്തിനായി അയച്ചതുപോലുള്ള സംഗതികൾ മലയാളഭാഷയ്ക്കെതിരായി നിലകൊള്ളുന്ന വിഭാഗങ്ങളുടെ ശക്തിയെയാണ് കാണിക്കുന്നത്.

സർവകലാശാലാ വിദ്യാഭ്യാസത്തിന്റെ അധ്യയനമാധ്യമമാറ്റം വഴിമുട്ടിനിന്നെ ങ്കിലും സാങ്കേതികവിദ്യാഭ്യാസരംഗത്ത് വിജയകരമായ ചില മുന്നേറ്റങ്ങളുണ്ടായി. 1976 മുതൽ ജൂനിയർ ടെക്നിക്കൽ സ്കൂളുകളിലെ (ജെ.ടി.എസ്.) പരീക്ഷകൾ മലയാള ത്തിൽ നടത്താനുള്ള തീരുമാനം സാങ്കേതികവിദ്യാഭ്യാസ ഡയറക്ടറേറ്റ് കൈക്കൊ ണ്ടു (വാസുക്കുട്ടൻ, *കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പശ്ചാത്തലവും പ്രവർത്തനവും* 36). ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ എ.എൻ.പി.ഉമ്മർകുട്ടി, സാങ്കേതികവിദ്യാഭ്യാസ ഡയറക്ടർ, ഡെപ്യൂട്ടി കമ്മീഷണർ ഫോർ ഗവൺമെന്റ് എക്സാമിനേഷൻസ്, കെ.ഐ.ഇട്ടിക്കുള, പ്രൊഫ.എം.സി.കുറുപ്പ് എന്നിവരടങ്ങിയ ഒരു കമ്മിറ്റിയുടെ

നിർദേശങ്ങളെ മുൻനിർത്തിയായിരുന്നു ഈ തീരുമാനം. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയ ജെ.ടി.എസ്. പുസ്തകങ്ങൾ നല്ല രീതിയിൽ പ്രചരിക്കുകയുമുണ്ടായി.

മലയാളമാധ്യമത്തിലുള്ള അധ്യയനത്തിനുവേണ്ടി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നിരന്തരം ശബ്ദിക്കുകയും പരിമിതികൾക്കുള്ളിൽനിന്നുള്ള ഇടപെടലുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. അധ്യയനം മാതൃഭാഷയിലാകേണ്ടതിന്റെ വിദ്യാഭ്യാസപരവും സാമൂഹികവുമായ പ്രാധാന്യം വെളിവാക്കുന്ന ലേഖനങ്ങളും പത്രാധിപക്കുറിപ്പുകളും *വിജ്ഞാനകൈരളി*യിൽ തുടർച്ചയായി പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രത്യക്ഷമായ സമരരൂപങ്ങളിലേക്കുകൂടി ഇൻസ്റ്റിറ്റ്യൂട്ടിനു കടക്കേണ്ടതായും വന്നു. ഭാഷാപോഷണത്തിനുവേണ്ടി ഔദ്യോഗികമായി രൂപപ്പെട്ട മറ്റേതെങ്കിലുമൊരു സ്ഥാപനം തങ്ങളുടെ ലക്ഷ്യത്തിനുവേണ്ടി സമരരംഗത്തിറങ്ങിയിട്ടുണ്ടോ എന്ന് സംശയമാണ്. കേരള സർവകലാശാല ബോധനമാധ്യമ കാര്യത്തിൽ അറച്ചുനിന്ന വേളയിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറും സഹപ്രവർത്തകരും മുദ്രാവാക്യം വിളിച്ച് ജാഥ നടത്തേണ്ടി വന്നു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബാനറിൽ തന്നെയായിരുന്നു സമരപരിപാടി. 1973 ൽ അക്കാദമിക് കൗൺസിൽ യോഗം നടക്കുന്ന വേളയിലായിരുന്നു ഇത്. ബോധനമാധ്യമം മാറ്റുന്ന പ്രമേയം ബോർഡ് ഓഫ് സ്റ്റഡീസ് അംഗീകരിച്ചില്ലെങ്കിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അതിനകം തയ്യാറാക്കിയ പാഠപുസ്തകങ്ങൾ യോഗം നടക്കുന്ന ഹാളിനു പുറത്തുവച്ച് പെട്രോളൊഴിച്ച് കത്തിക്കുമെന്ന് എൻ. വി. പ്രഖ്യാപിച്ചു. സമരം നടന്ന സ്ഥലത്ത് ഒരു വാനിൽ പുസ്തകങ്ങൾ അതിനായി തയ്യാറാക്കിവച്ചിരുന്നു. അന്നത്തെ യോഗം പി. ടി. ബി. അവതരിപ്പിച്ച ബോധനമാധ്യമം മലയാളമാക്കാനുള്ള പ്രമേയം അംഗീകരിച്ചതിനാൽ പുസ്തകങ്ങൾ കത്തിച്ചില്ല.

## 3.16 ഭാരതീയ ഭാഷാവിദ്യാലയം

വ്യത്യസ്തമായ ഭാരതീയ ഭാഷകൾക്കിടയിൽ സമ്പർക്കം പുലർത്തുകയും അതുവഴി ദേശീയൈക്യവും സാമൂഹിക ഉദ്ഗ്രഥനവും പുഷ്ടിപ്പെടുത്തുകയും ചെയ്യുക എന്ന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപകലക്ഷ്യത്തെ മുൻനിർത്തിയാണ് ഭാരതീയ ഭാഷാവിദ്യാലയം (School of Indian Languages) എന്ന പ്രവർത്തനപരിപാടി രൂപപ്പെടുന്നത്. വിവിധ ഇന്ത്യൻ ഭാഷകൾ പഠിക്കാനുള്ള അവസരമൊരുക്കുന്നതായിരുന്നു പദ്ധതി. ഭാഷകൾ പഠിക്കുന്നതിനുള്ള അവശ്യോപാധിയെന്ന നിലയിൽ ദ്വിഭാഷാ നിഘണ്ടുക്കളുടെ നിർമാണവും ഇതിന്റെ ഭാഗമായി വിഭാവനം ചെയ്തിരുന്നു. നിശ്ചിത ഇന്ത്യൻ ഭാഷ

യിൽ ഇരുപത് ആഴ്ചകൾ നീളുന്ന കോഴ്സ് പൂർത്തിയാവുമ്പോൾ പഠിതാക്കൾക്ക് എസ്. എസ്. എൽ. സി. നിലവാരമാണ് വിഭാവനം ചെയ്തത്.

| ഭാഷ | കോഴ്സ് | കാലം | അധ്യാപകർ | പഠിതാക്കൾ | പരീക്ഷ എഴുതിയവർ | പാസ്സായവർ |
|---|---|---|---|---|---|---|
| തമിഴ് | i | 1971 ആഗസ്റ്റ് 31 | ഡോ. വീരസ്വാമി<br>കെ. നാച്ചിമുത്തു | 17 | 12 | 12 |
| | ii | 1972 മാർച്ച് 20 | ഡോ. എസ്. വി. സുബ്രഹ്മണ്യം | 41 | 24 | 24 |
| | iii | 1973 ഡിസം. 3 | ഡോ. എസ്. വി. സുബ്രഹ്മണ്യം | 9 | | |
| | iv | 1978 | ഡോ. കുറ്റാലം പിള്ള<br>പ്രൊഫ. വിനായക പെരുമാൾ<br>കെ. നാച്ചിമുത്തു | 40 | | |
| കന്നഡ | i | 1971 ആഗസ്റ്റ് 31 | ഡോ. ബി. രാജപുരോഹിത്<br>ടി. ചന്ദ്രിക<br>എം. മഹിളമ്മ<br>സോളമൻ | 13 | 6 | |
| | ii | 1972 മാർച്ച് 20 | എം. രാമ | 14 | 13 | 13 |
| | iii | 1973 ഡിസം. 3 | രാമചന്ദ്ര ഗൗഡ<br>എം. രാമ | 7 | | |
| ബംഗാളി | i | 1972 മാർച്ച് 20 | ബ്രഹ്മാനന്ദ മുഖോപാധ്യായ | 32 | 12 | 11 |

പട്ടിക 3.8: ഭാരതീയ ഭാഷാവിദ്യാലയം പദ്ധതിയിൽ തമിഴ്, കന്നഡ, ബംഗാളി ഭാഷകളിൽ നടന്ന കോഴ്സുകളുടെ വിവരങ്ങൾ

തമിഴിലും കന്നഡയിലുമുള്ള കോഴ്സുകളോടെ 1970 ആഗസ്റ്റ് 31 നാണ് ഭാരതീയ ഭാഷാവിദ്യാലയം ഔപചാരികമായി ആരംഭിക്കുന്നത്. കേരള സർവകലാശാലയിലെ തമിഴ് വിഭാഗത്തിന്റെ സഹകരണത്തോടെ നടത്തിയ ആദ്യബാച്ചിൽ പതിനേഴ് വിദ്യാർത്ഥികൾ പങ്കാളികളായി. അഞ്ചുമാസം നീണ്ടുനിൽക്കുന്ന പാഠ്യക്രമമായിരുന്നു സായാഹ്ന ക്ലാസുകളായി നടത്തപ്പെട്ട ഈ സർട്ടിഫിക്കറ്റ് കോഴ്സിനുണ്ടായിരുന്നത്. പതിനേഴുപേരിൽ പന്ത്രണ്ടുപേർ പരീക്ഷയെഴുതുകയും എട്ടുപേർ ഒന്നാം ക്ലാസോടെ വിജയം നേടുകയും ചെയ്തു. കന്നഡ കോഴ്സിൽ പതിമൂന്നുപേർ ചേർന്നെങ്കിലും ആറുപേരേ പരീക്ഷക്കിരുന്നുള്ളൂ. നഗരത്തിൽനിന്ന് അകലെയുള്ള സ്ഥലത്ത് ക്ലാസ് നടത്തുന്നത് പഠിതാക്കളുടെ എണ്ണം കുറയാൻ കാരണമായിരുന്നു. രണ്ടാം ബാച്ചോടെ ക്ലാസുകൾ തിരുവനന്തപുരം നഗരത്തിൽത്തന്നെയുള്ള സംസ്കൃതകോളെജിലേക്ക് മാറ്റുവാനായി. നേരത്തെ ഉണ്ടായിരുന്ന ഭാഷകൾക്കുപുറമെ ബംഗാളികൂടി ഇത്തവണ കൂട്ടിച്ചേർത്തിരുന്നു. മൂന്നാം ബാച്ച് വീണ്ടും ശാസ്തമംഗലത്തേക്കുതന്നെ മാറ്റേണ്ടി വന്നത് വീണ്ടും പഠിതാക്കൾ കുറയുന്നതിനിടയാക്കി. മൂന്നാം ബാച്ചിലെ കന്നഡ പഠനത്തിന് മൈസൂർ സർവകലാശാലയുടെ സാമ്പത്തികസഹായം ലഭ്യമായിരുന്നു.

സാമ്പത്തിക പ്രയാസങ്ങൾക്കൊപ്പം അനുയോജ്യമായ സ്ഥലം ലഭ്യമാവാതിരുന്നതും കൂടിയായപ്പോൾ മൂന്നാം ബാച്ചോടെ ഭാരതീയ ഭാഷാവിദ്യാലയം നിലച്ചു. തമിഴ് ഡെവലപ്മെന്റ് കൗൺസിലിന്റെ സാമ്പത്തികസഹായത്തോടെ 1978 ലാണ് പിന്നീട് പദ്ധതി പുനരാരംഭിക്കാനായത്. തമിഴ് കോഴ്സിന്റെ കാലയളവ് എട്ട് മാസമായി വർധിപ്പിച്ചിരുന്നു. 1984 ൽ സാമ്പത്തികസഹായം നിലച്ചതോടെ വീണ്ടും കോഴ്സ് നിലച്ചു.

കേന്ദ്ര ഹിന്ദി ഡയറക്ടറേറ്റിന്റെ സഹായത്തോടെ ഹിന്ദി–മലയാളം–ഇംഗ്ലീഷ് നിഘണ്ടുവും മലയാളം–ഹിന്ദി–ഇംഗ്ലീഷ് നിഘണ്ടുവും തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചതായും ആദ്യത്തേതിന്റെ മാനുസ്ക്രിപ്റ്റ് ലെക്സിക്കോഗ്രാഫർമാരുടെ അംഗീകാരം കിട്ടിക്കഴിഞ്ഞതിനുശേഷം ഹിന്ദി ഡയറക്ടറേറ്റിന് അയച്ചുകൊടുത്തതായും 1976–77 വാർഷികറിപ്പോർട്ടിൽ കാണുന്നുണ്ട്. രണ്ടാമത്തേതിന്റെ ക്രോഡീകരണ ജോലിയും, മലയാളം–കന്നഡ നിഘണ്ടുവിന്റെയും കന്നഡ–മലയാളം നിഘണ്ടുവിന്റെയും അച്ചടി ജോലികളും നടന്നുകൊണ്ടിരിക്കുന്നതായും ഈ റിപ്പോർട്ടിലുണ്ട്. 1977–78 റിപ്പോർട്ടിലും ഇതേ കാര്യങ്ങൾ ആവർത്തിക്കുന്നതായി കാണാം. ഡോ.കെ.എൻ. എഴുത്തച്ഛൻ, ഡോ.എ.എസ്.കെദിലായ എന്നിവർ ചേർന്ന് തയ്യാറാക്കിയ മലയാളം–കന്നഡ നിഘ

ണ്ടു 1980 ൽ (സിൽ നമ്പർ 646) പുറത്തിറങ്ങി. ഹിന്ദി നിഘണ്ടുക്കൾ ഡയറക്ടറേറ്റ് അംഗീകരിക്കാത്തതാണോ എന്നറിയില്ല. അത് പുറത്തിറങ്ങിയതായി കാണുന്നില്ല.

## 3.17 മലയാളം ബ്രിഡ്ജ് കോഴ്സ്

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹകരണത്തോടെ മൈസൂരിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാംഗ്വേജസ് 1975–76 കാലത്ത് നടപ്പാക്കിയ ഒരു പരിപാടിയായിരുന്നു ബ്രിഡ്ജ് കോഴ്സ്. ഒരു സൈക്കോ ലിംഗ്വിസ്റ്റിക്സ് പരീക്ഷണം (psycholinguistics experiment) എന്നാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഇതിനെ വിശേഷിപ്പിച്ചിരുന്നത്(Annual Report for the year ending 31st March 1977 13). രണ്ടുതലത്തിലും മാതൃഭാഷാധിഷ്ഠിതമായ സ്ഥിതി നിലനിൽക്കെത്തന്നെ, സ്കൂൾ തലത്തിൽ നേടുന്ന ഭാഷാസിദ്ധികളും (language achievement) കോളെജ് തലത്തിൽ ആവശ്യമായ ഭാഷാസിദ്ധികളും തമ്മിൽ അന്തരമുണ്ടോയെന്ന് പരിശോധിക്കുക എന്നതായിരുന്നു പഠനത്തിന്റെ ലക്ഷ്യം. ഏതെങ്കിലും തരത്തിലുള്ള അന്തരം നിലനിൽക്കുന്നുണ്ടെങ്കിൽ അതിനെ ഭാഷാനൈപുണികളെന്ന നിലയിലേക്ക് അടയാളപ്പെടുത്താൻ (mapping in terms of language skills) കഴിയുമോ, നൈപുണികൾ തമ്മിൽ ഏതെങ്കിലും തരത്തിലുള്ള ശ്രേണീപരമായ ബന്ധങ്ങൾ നിലനിൽക്കുന്നുണ്ടോ എന്നീ അന്വേഷണങ്ങളും പഠനലക്ഷ്യങ്ങളിൽ ഉൾപ്പെട്ടു.

ആശയഗ്രഹണത്തോടെയുള്ള ശ്രവണം (listening comprehension), കേട്ടുമനസ്സിലാക്കാനും കുറിപ്പുകളെടുക്കാനുമുള്ള കഴിവ് (listening and note making comprehension), വായിക്കാനുള്ള കഴിവ് (reading comprehension), മാർഗനിർദേശത്തോടെയുള്ള രചന (guided composition), സംഗ്രഹിക്കൽ (epitomizing) എന്നീ അഞ്ച് അടിസ്ഥാന ഭാഷാനൈപുണികൾ കുട്ടികളിൽ വികസിപ്പിക്കാൻ പര്യാപ്തമായ നൂറുമണിക്കൂർ നീളുന്ന ഒരു കോഴ്സ് രൂപപ്പെടുത്തുകയായിരുന്നു ലക്ഷ്യം. ഇതുപയോഗിച്ച് അധ്യാപകർക്ക് പരിശീലനംനൽകാനും അവർവഴി പരിശീലനം ലഭിച്ച വിദ്യാർത്ഥികളെ പരിശീലനം ലഭിക്കാത്ത മറ്റൊരു വിഭാഗം വിദ്യാർത്ഥികളുമായി താരതമ്യം ചെയ്യാനും വിഭാവനം ചെയ്തു. തയ്യാറാക്കിയ സാമഗ്രികൾ തിരുവനന്തപുരം ജില്ലയിലെ ചില സ്കൂളുകളിൽ പ്രയോഗിച്ചുനോക്കിയാണ് അന്തിമമാക്കിയത്. തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട്, തലശ്ശേരി എന്നീ കേന്ദ്രങ്ങളിലാണ് പദ്ധതി നടപ്പാക്കിയത്. അഞ്ച് കേന്ദ്രങ്ങളിൽനിന്നുള്ള മുപ്പത്തിനാല് അധ്യാപകർക്ക് രണ്ടുദിവസം നീണ്ടുനിന്ന പരിശീലനം നൽകി. 1976 ഏപ്രിൽ 22

മുതൽ മെയ് 21 വരെ നടന്ന ബ്രിഡ്ജ് കോഴ്സിൽ 63 മുതൽ 120 വരെ ആയിരുന്നു കുട്ടികളുടെ പങ്കാളിത്തം. പഠനത്തിന്റെ പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കി മൈസൂരിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ടിന് കൈമാറി.

## 3.18 പ്രത്യേക തൊഴിൽദാന പദ്ധതി

സംസ്ഥാനത്തെ രൂക്ഷമായ തൊഴിലില്ലായ്മ പ്രശ്നത്തിൽ ഒരിടപെടലും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗത്തുനിന്ന് ഉണ്ടായി. കേരളത്തിലെ ഒരു പ്രധാന സാമൂഹ്യപ്രശ്നമായ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കാൻ ശ്രമിച്ചു എന്നത് ലോക ഭാഷാസൂത്രണചരിത്രത്തിലെതന്നെ സവിശേഷമായ ഇടപെടലായി കണക്കാക്കാം.

സ്ഫോടനാത്മകമായ നിലയിലെത്തിയ കേരളത്തിലെ തൊഴിലില്ലായ്മയെ യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിക്കുന്നതിലേക്കുള്ള നിർദേശങ്ങൾ സമർപ്പിക്കാനായി പ്രൊഫ. പി.ജി.കെ.പണിക്കർ, ടി.എൻ.കൃഷ്ണൻ, പ്രൊഫ. കെ.എസ്.എൽ.പണിക്കർ, ഡോ. പി.കെ.ഗോപാലകൃഷ്ണൻ എന്നിവരുൾക്കൊള്ളുന്ന ഒരു കമ്മിറ്റിയെ 1970 നവംബർ മാസത്തിൽ (G. O. (Rt) No. 255/70 Plg. Dated 13-11-1970 പ്രകാരം) കേരളസർക്കാർ നിയമിക്കുകയുണ്ടായി. 1971 ൽ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ പ്രത്യേകവിഭാഗങ്ങൾക്കുള്ള തൊഴിൽസാധ്യതകൾ (employment opportunities for special groups) എന്ന അധ്യായത്തിൽ ബിരുദാനന്തരബിരുദധാരികൾക്കുള്ള പ്രത്യേക തൊഴിൽസാധ്യതയായി കോളെജ് ക്ലാസുകളിലേക്കുള്ള പുസ്തകനിർമാണം ചൂണ്ടിക്കാണിച്ചിരുന്നു (Panikar et al. 52). ഇതിനടിസ്ഥാനമായി കമ്മിറ്റി ചൂണ്ടിക്കാണിച്ച കാര്യങ്ങൾ ഇവയായിരുന്നു. സർവകലാശാലകളിലെ അധ്യയനമാധ്യമം പ്രാദേശികഭാഷയിലാക്കണമെന്ന് തീരുമാനിച്ചിരിക്കുന്നതിനാൽ വ്യത്യസ്ത വിഷയമേഖലകളിൽ ആവശ്യമായ പുസ്തകങ്ങൾ നിർമിക്കുന്നതിനുള്ള ഒരു തീവ്രപദ്ധതിക്ക് ഇപ്പോൾ വലിയ പിൻബലമുണ്ട്. ഇന്നത്തെ സ്ഥിതിയിലാണ് പോവുന്നതെങ്കിൽ പാഠപുസ്തകനിർമാണത്തിന് എത്രയോ കാലം പിടിക്കും. മറ്റു ഭാഷകളിൽ ലഭ്യമായ വൈജ്ഞാനിക ഉള്ളടക്കവും മലയാളത്തിലെ ഉള്ളടക്കവും തമ്മിൽ വലിയ അന്തരവും നിലനിൽക്കുന്നു. ശാസ്ത്ര-സാങ്കേതികരംഗത്തെ പുരോഗതിയോടൊപ്പമെത്തുന്നതിന് പ്രാദേശികഭാഷകളിലെ ഗ്രന്ഥനിർമാണ പ്രയത്നങ്ങളെ ഇന്നുള്ളതിന്റെ എത്രയോ ഇരട്ടിയാക്കേണ്ടതുമുണ്ട്. ഈ സാഹചര്യത്തിൽ ഭൗതികശാസ്ത്രങ്ങൾ, സാങ്കേതികശാസ്ത്രങ്ങൾ, മാനവിക വിഷയങ്ങൾ, സാമൂഹികശാസ്ത്രങ്ങൾ

എന്നിങ്ങനെ എല്ലാ മേഖലകളിൽ നിന്നും പ്രാതിനിധ്യമുള്ള അഞ്ഞൂറ് ബിരുദാനന്തരബിരുദധാരികളുടെ ഒരു ടാസ്ക് ഫോഴ്സിനെ രൂപീകരിക്കാൻ കമ്മിറ്റി ശുപാർശ ചെയ്തു. ഇവർക്ക് ആവശ്യമായ പരിശീലനം നൽകി പുതിയ പുസ്തകങ്ങൾ നിർമിക്കുകയും പരിഭാഷപ്പെടുത്തുകയും ചെയ്യണം. ഒരു വർഷത്തേക്ക് മുപ്പതു ലക്ഷം വീതം മൂന്ന് വർഷത്തേക്ക് ആകെ ഒരു കോടി രൂപ ചെലവു വരുമെന്നും അവർ കണക്കാക്കി.

ഈ നിർദേശത്തെ മുൻനിർത്തി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വിശദമായൊരു പദ്ധതി തയ്യാറാക്കി. 1971 മെയ് മാസത്തിൽ സ്റ്റാൻഡിങ്ങ് കമ്മിറ്റി പദ്ധതി രൂപരേഖയ്ക്ക് അംഗീകാരം നൽകുകയും സർക്കാരിലേക്ക് സമർപ്പിക്കുകയും ചെയ്തു(Annual Report for the year ending 31st March 1973 4). 500/ 600 ബിരുദാനന്തരബിരുദ/പ്രൊഫഷണൽ ബിരുദധാരികളെ 2-3 കൊല്ലക്കാലത്തേക്ക് ഉൾക്കൊള്ളുന്ന പദ്ധതിയാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയത്. അമ്പതുപേരുള്ള ബാച്ചുകൾക്ക് പരിഭാഷയിലും ഗ്രന്ഥനിർമാണത്തിലും മൂന്നുമാസം നീളുന്ന, സൈദ്ധാന്തികമായും പ്രായോഗികമായുമുള്ള പരിശീലനം പദ്ധതി മുന്നോട്ടുവച്ചു. പരിശീലനാനന്തരം ഇവരെ അഞ്ച് പ്രാദേശിക കേന്ദ്രങ്ങളിൽ ബന്ധിപ്പിക്കും. പരിഭാഷയ്ക്കുശേഷം ഇവർതന്നെയാണ് അത് പുസ്തകരൂപത്തിലാക്കാനുള്ള ജോലികൾക്ക് മേൽനോട്ടം വഹിക്കേണ്ടത്. പരിഭാഷപ്പെടുത്തേണ്ട പുസ്തകങ്ങളേതൊക്കെയെന്ന് നിശ്ചയിക്കുക ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചുമതലയാണ്. പരിഭാഷകർ ചെയ്യുന്ന ജോലികൾക്ക് മേൽനോട്ടം വഹിക്കാനും തെറ്റുകൾ തിരുത്തി സ്ക്രിപ്റ്റ് കുറ്റമറ്റതാക്കാനും പത്തുപേർക്ക് ഒരാളെന്ന വിധത്തിൽ അസിസ്റ്റന്റ് എഡിറ്റർമാരെ നിയമിക്കുമെന്നും പദ്ധതിരേഖ വ്യക്തമാക്കിയിരുന്നു (കൃഷ്ണവാരിയർ, "കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിവർത്തനപരിശീലന പദ്ധതി"- സ്വാഗതപ്രസംഗം).

പദ്ധതിയുടെ നടത്തിപ്പിനായി പി.ടി.ബി.യെ എഡിറ്ററുടെ ചുമതലയിലേക്ക് നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവായി. പദ്ധതിയിലേക്ക് അപേക്ഷിച്ചവരുടെ എണ്ണം ഉന്നതവിദ്യാഭ്യാസം ലഭിച്ച തൊഴിലന്വേഷകരുടെ വർധിച്ച തോതിനെ വെളിപ്പെടുത്തുന്നതായിരുന്നു. അസിസ്റ്റന്റ് എഡിറ്റർമാരുടെ തസ്തികകളിലേക്ക് 412 പേരും ട്രെയിനികളുടെ ഒഴിവിലേക്ക് 2100 പേരും അപേക്ഷിച്ചു. എഴുത്തുപരീക്ഷയും അഭിമുഖവും നടത്തിയാണ് ഇതിൽനിന്ന് റാങ്ക്ലിസ്റ്റ് ഉണ്ടാക്കിയത്. പരിശീലനപരിപാടിക്കു വേണ്ടി *വിവർത്തനം* എന്ന പുസ്തകം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയിരുന്നു.

മൂന്നുമാസത്തെ പരിശീലനത്തിൽ 'ശാസ്ത്രചരിത്രം', 'കേരളചരിത്രം', 'മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും ചരിത്രം', 'ഭാഷാശാസ്ത്ര സിദ്ധാന്തങ്ങൾ', 'വിവർത്തനത്തിന്റെയും വ്യാഖ്യാനത്തിന്റെയും സിദ്ധാന്തങ്ങൾ' എന്നീ വിഷയങ്ങ

ളിൽ ക്ലാസുകൾ നൽകുകയുണ്ടായി. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സ്റ്റാഫിനു പുറമെ അതിഥികളായി മറ്റു സ്ഥാപനങ്ങളിൽ നിന്നുള്ളവരുടെ സേവനങ്ങളും ക്ലാസുകൾക്ക് പ്രയോജനപ്പെടുത്തി. പരിശീലനകാലത്തിനകം നിർദിഷ്ട ഇംഗ്ലീഷ് പുസ്തകങ്ങളിൽനിന്നുള്ള 120 പേജുകൾ പരിശീലകർ ഭാഷാന്തരം ചെയ്യേണ്ടതുണ്ടായിരുന്നു. പി. കെ. ശരച്ചന്ദ്രൻ നായർ, ഡോ. എം. എസ്. ഗോമതി അമ്മാൾ, കെ. കേശവൻ, എം. സി. ഇൽഡഫോൺസ്, കെ. കെ. വാസു എന്നിവർ ഒന്നാം ബാച്ചിലെയും ഹേമചന്ദ്രൻ മൂസത് മനഴി, എസ്. കെ. വസന്ത സാഘൻ, വർഗീസ് എൻ. എഫ്., ഡാൻ എം. പീറ്റേഴ്സ്, എം. ആർ. വിജയനാഥൻ പിള്ള എന്നിവർ രണ്ടാം ബാച്ചിലേയും അസിസ്റ്റന്റ് എഡിറ്റർമാരായിരുന്നു(Quarterly Report for the Month of April,May and June 1973).

പരിശീലനം കഴിഞ്ഞവരെ കോഴിക്കോട് (സാങ്കേതികശാസ്ത്രം), തൃശ്ശൂർ (പ്രകൃതിശാസ്ത്രം), കൊച്ചി (ഭൗതികശാസ്ത്രം), കോട്ടയം (ഭാഷ), കൊല്ലം (സാമൂഹികശാസ്ത്രം) എന്നീ കേന്ദ്രങ്ങളിൽ പരിഭാഷാ സബ് എഡിറ്റർമാർ എന്ന നിലയിൽ നിയമിച്ചു. രണ്ട് ബാച്ചുകളുടെ പരിശീലനം പൂർത്തിയാക്കാനേ കഴിഞ്ഞുള്ളൂ. അപ്പോഴേക്കും സാമ്പത്തികപിന്തുണ നഷ്ടപ്പെട്ടതിനാൽ പദ്ധതി നിർത്തിവെക്കേണ്ടി വന്നു. 1973 മാർച്ച് ഒന്നിന് ആരംഭിച്ച പദ്ധതി 1974 ജനുവരി 31 ന് അവസാനിപ്പിക്കുമ്പോഴേക്കും ആറ് പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും മുപ്പതിലധികം കയ്യെഴുത്തു പ്രതികൾ തയ്യാറാവുകയും ചെയ്തു(വാസുക്കുട്ടൻ, *കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പശ്ചാത്തലവും പ്രവർത്തനവും* 147) എന്നുള്ളത് പദ്ധതിയുടെ സാധ്യതകളിലേക്ക് വിരൽചൂണ്ടുന്നുണ്ട്. 1976–77 പ്രവർത്തനവർഷത്തെ വാർഷിക റിപ്പോർട്ട് പദ്ധതിയിലൂടെ തയ്യാറായ 23 തനത് പുസ്തകങ്ങളും 20 പരിഭാഷാ പുസ്തകങ്ങളുമടക്കം 43 പുസ്തകങ്ങൾ അച്ചടിച്ചു കഴിഞ്ഞതായും ഒരു പുസ്തകത്തിന്റെ സ്ക്രിപ്റ്റ് പരിഷ്കരിച്ചുകൊണ്ടിരിക്കുന്നതായും ഒരു പുസ്തകം അച്ചടിച്ചുകൊണ്ടിരിക്കുന്നതായും രേഖപ്പെടുത്തുന്നുണ്ട്.

പരിശീലനപരിപാടിയിലെ എല്ലാവരും ചേർന്ന് (ഒന്നാം ബാച്ചിലെ അമ്പതുപേർ) തയ്യാറാക്കിയ *സയൻസ് നിഘണ്ടു* ഈ പദ്ധതിയുടെ മികച്ച ഒരു സ്മരണികയാണെന്നു പറയാം. സാഹിത്യം, വാണിജ്യം, എൻജിനീയറിങ്ങ്, ജീവശാസ്ത്രം, ഗണിതം, ധനശാസ്ത്രം, ഭാഷാശാസ്ത്രം, ഭൗതികം, മനശ്ശാസ്ത്രം, നിയമം, ചരിത്രം, കൃഷിശാസ്ത്രം, തത്വശാസ്ത്രം, രസതന്ത്രം എന്നീ മേഖലകളിലെ നാലായിരത്തോളം വാക്കുകളെ ഈ നിഘണ്ടുവിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. മലയാളവാക്കുകൾ–അവയുടെ ഇംഗ്ലീഷ് വാക്കുകൾ–മലയാളത്തിലുള്ള വിവരണം എന്ന രീതിയാണ് നിഘണ്ടുവിൽ സ്വീകരിച്ചത്. പുസ്തകത്തിന്റെ ഒടുവിൽ ഇംഗ്ലീഷ് പദങ്ങളെ മുൻനിർത്തി പദാവലി നൽകുകയും

ചെയ്യുത് നിഘണ്ടു ഉപയോക്താക്കൾക്ക് രണ്ടുതരത്തിലുള്ള ഉപയോഗവും സാധ്യമാക്കി ത്തീർത്തിരിക്കുന്നു.

തൊഴിൽദാന പദ്ധതിയിലൂടെ കടന്നുവന്നവരിൽ പിൽക്കാലത്ത് മികച്ച എഴുത്തുകാ രായി മാറിയവരുമുണ്ടായിരുന്നു. മാത്യൂസ് വർഗീസ് (പിൽക്കാലത്ത് അസോ. എഡിറ്റർ മലയാള മനോരമ), എസ്.രമേശൻ നായർ, വി.മധുസൂദനൻ നായർ, ചുനക്കര ഗോപാ ലകൃഷ്ണൻ, എ.പ്രഭാകരൻ (പിൽക്കാലത്ത് ആകാശവാണി), എസ്.കെ.വസന്തൻ, വിള ക്കുടി രാജേന്ദ്രൻ, ഫാലലോചനൻ നായർ, ദേശമംഗലം രാമകൃഷ്ണൻ, വിജയനാഥൻ പിള്ള, കെ.പാപ്പൂട്ടി, എം.എസ്.ഏലിയാമ്മ തുടങ്ങിയവരൊക്കെ ഉദാഹരണങ്ങളാണ്.

ഒരു കോടി രൂപ ചെലവ് കണക്കാക്കി പ്രവർത്തനങ്ങൾ നീക്കിത്തുടങ്ങിയ പദ്ധതി ക്ക് ഇൻസ്റ്റിറ്റ്യൂട്ടിന് ആകെ ലഭിച്ചത് 6,29,499 രൂപ മാത്രമാണെന്ന് കാണാം (Annual Report for the year ending 31st March 1977 13). പദ്ധതിയനുസരിച്ച് നിയമിച്ചവർക്ക് ഇരുന്ന് ജോലി ചെയ്യാൻ താൽക്കാലികമായ ഷെഡ്ഡുകൾ പണിയുകയാണ് ആദ്യം ചെയ്തി രുന്നത്. പിന്നീട് ഇത് ഒരു അർധ താൽക്കാലിക (സെമി പെർമനന്റ്) കെട്ടിടമാക്കി. എന്നാൽ കെട്ടിടം പണിതതും ഫർണിച്ചർ വാങ്ങിയതും പദ്ധതിക്ക് നിരക്കാത്തതാണെ ന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം വിധിയെഴുതിയതിനാൽ ആയിനത്തിൻ ചെലവായ 1,12,597.38 രൂപ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ തനത് ഫണ്ടിൽനിന്ന് എടുക്കേണ്ടിയും വന്നു.

## 3.19 പരിഭാഷാ പരിശീലനം

അധ്യയനമാധ്യമമാറ്റം യാഥാർത്ഥ്യമാക്കാൻ പാഠപുസ്തകങ്ങൾ മാത്രം പോരാ. എല്ലാ വിഷയങ്ങളിലും അധികവായനയ്ക്കുള്ള പുസ്തകങ്ങൾ ധാരാളമായി വേണം. വിദേശഭാ ഷകളിൽനിന്നുള്ള ആധികാരിക പുസ്തകങ്ങൾ മൊഴിമാറ്റം നടത്തി മലയാളത്തിലേ ക്ക് വലിയതോതിൽ കൊണ്ടുവന്നേ ഈ പ്രശ്നം പരിഹരിക്കാൻ കഴിയുമായിരുന്നുള്ളൂ. സർഗാത്മകകൃതികൾ പലതും മലയാളത്തിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും വൈജ്ഞാനികകൃതികൾ പരിമിതമായേ ഭാഷയിലേക്ക് കടന്നുവന്നിരുന്നുള്ളൂ. അവയുടെ പരിഭാഷയിൽ പ്രാവീണ്യമുള്ള ആളുകൾ വേണ്ടത്ര ലഭ്യമായിരുന്നില്ല. മാത്രമല്ല, വൈജ്ഞാ നികകൃതികൾ ഏത് രൂപത്തിലാണ് മലയാളത്തിലേക്ക് കൊണ്ടുവരേണ്ടത് എന്ന കാര്യ ത്തിലും യോജിച്ച ധാരണകൾ സൃഷ്ടിക്കേണ്ടിയിരുന്നു. വൈദേശികകൃതികൾ അതേരൂപ ത്തിൽ ഭാഷാന്തരീകരണം നടത്തണോ, അതോ, അവയെ സംഗ്രഹിച്ചും ഇവിടുത്തെ വായനക്കാർക്ക് എളുപ്പമുള്ളതുമായ രീതിയിലേക്ക് മാറ്റണമോ, വൈദേശികനാമങ്ങൾ

ഏതു രീതിയിലാണ് ഉപയോഗിക്കേണ്ടത് എന്നെല്ലാം തീരുമാനിക്കേണ്ടിയിരുന്നു. അത്തരമൊരു സാഹചര്യത്തിലാണ് നാഷണൽ ബുക്ക് ട്രസ്റ്റുമായി സഹകരിച്ചുകൊണ്ട് 1972 ആഗസ്റ്റ് 25 മുതൽ 30 വരെ ഒരു പരിഭാഷാ പരിശീലനപരിപാടിക്ക് തിരുവനന്തപുരത്ത് വേദിയൊരുക്കിയത്.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ അക്കാദമികവിഭാഗത്തിൽ ഉള്ളവർക്കുപുറമെ ഡോ.കെ.എം. ജോർജ്, വൈലോപ്പിള്ളി ശ്രീധരമേനോൻ, റോസ്കോട്ട് കൃഷ്ണപിള്ള എന്നിവരും പരിശീലകരായി ക്യാമ്പിലെത്തി. പരിഭാഷയെപ്പറ്റി ചില പൊതുതത്വങ്ങൾ (പ്രൊഫ. എസ്. ഗുപ്തൻ നായർ), ഭാഷാന്തരണത്തിന്റെ പ്രശ്നങ്ങൾ– ശാസ്ത്രസാങ്കേതിക ഗ്രന്ഥങ്ങളിൽ (സി. കെ. മൂസ്സത്), സർഗാത്മകസാഹിത്യത്തിന്റെ വിവർത്തനം (വൈലോപ്പിള്ളി ശ്രീധരമേനോൻ), ബഹുജനമാധ്യമം (റോസ്കോട്ട് കൃഷ്ണപിള്ള), ബാലസാഹിത്യം തർജമ–ചില പ്രശ്നങ്ങൾ (പി. എ. വാരിയർ) എന്നീ അവതരണങ്ങളും ചർച്ചയും പ്രായോഗിക പരിശീലനവുമായിരുന്നു ക്യാമ്പിലെ ഉള്ളടക്കം. പരന്ന വായനയും തെളിഞ്ഞ ബുദ്ധിയും തിളങ്ങുന്ന ശൈലിയും ഒപ്പം നിരന്തരപരിശീലനവും ഉണ്ടെങ്കിലേ നല്ലൊരു പരിഭാഷകനാവാൻ കഴിയൂ എന്ന് പങ്കാളികളെ ബോധ്യപ്പെടുത്താൻ ക്യാമ്പ് ഉതകി.

*വിവർത്തനം* എന്ന പുസ്തകം ഈ ക്യാമ്പിന്റെ തുടർച്ചയായിരുന്നു. വിവർത്തനത്തെക്കുറിച്ചുള്ള പൊതുകാര്യങ്ങളും ഓരോ വിഷയമേഖലയിലെ സവിശേഷപ്രശ്നങ്ങളും വിശദമാക്കുന്ന ഈ ഗ്രന്ഥത്തിൽ 30 ലേഖനങ്ങളും 'കൈയെഴുത്തുപ്രതി തയ്യാറാക്കുമ്പോൾ', 'മലയാളപദങ്ങൾക്ക് ഒരു ഏകീകൃത ലിപിവിന്യാസ രീതി', 'പ്രൂഫ് തിരുത്തൽ' എന്നിങ്ങനെ മൂന്ന് അനുബന്ധങ്ങളുമുണ്ട്. പരിശീലന ക്യാമ്പിൽ അവതരിപ്പിച്ച അഞ്ച് പ്രബന്ധങ്ങളും പിന്നീട് പ്രത്യേകം എഴുതിച്ച ലേഖനങ്ങളുമായിരുന്നു പുസ്തകത്തിന്റെ ഉള്ളടക്കം. പുസ്തകത്തിന് എൻ. വി. എഴുതിയ അവതാരിക ഈ വിഷയത്തിൽ ഇന്നും ആധികാരികമായ ഒന്നായി നിലകൊള്ളുന്നു.

## 3.20 മറ്റു പ്രവർത്തനങ്ങൾ

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആദ്യദശകത്തിലെ പ്രധാന പ്രവർത്തനങ്ങളിലൂടെയാണ് ഇതുവരെ കടന്നുപോയത്. ആദ്യദശകത്തിലെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്ന ഒന്നല്ലെങ്കിലും മലയാളഭാഷയിൽ സർട്ടിഫിക്കറ്റ് കോഴ്സുകൾ നടപ്പാക്കിയത് സൂചിപ്പിക്കേണ്ടതുണ്ട്. 1986 ൽ ആരംഭിച്ച സർട്ടിഫിക്കറ്റ് കോഴ്സുകൾ ഐ.എ.എസ്., ഐ.പി.എസ്. കേഡറിൽ മറ്റു സംസ്ഥാനങ്ങളിൽനിന്ന് വരുന്ന ഉദ്യോഗസ്ഥർക്കു വേണ്ടിയാണ്

ആരംഭിച്ചത്. ആറാഴ്ച ദൈർഘ്യമുള്ള കോഴ്സിനുവേണ്ടി പുസ്തകങ്ങളും കാസെറ്റുകളും തയ്യാറാക്കിയിരുന്നു. നിരവധി ബാച്ചുകളിലായി ഈ കോഴ്സ് നടന്നിട്ടുണ്ട്.

പുസ്തകപ്രസാധനരംഗത്തേക്ക് കടന്നതോടുകൂടിയാണ് അച്ചടിക്കാനുള്ള സൗകര്യങ്ങളുടെ പരിമിതി ഇൻസ്റ്റിറ്റ്യൂട്ടിന് തിരിച്ചറിയാൻ കഴിഞ്ഞത്. ശാസ്ത്രപുസ്തകങ്ങളുടെ അച്ചടിക്ക് പ്രസ്സുകളിൽ സാധാരണ ഉപയോഗിച്ചുപോരുന്ന ടൈപ്പുകൾ മാത്രം മതിയാവില്ല. ഉയർന്ന നിലവാരത്തിലുള്ള ഒരു ഗണിതശാസ്ത്രഗ്രന്ഥം അച്ചടിക്കണമെങ്കിൽ സാധാരണടൈപ്പുകൾക്കു പുറമെ, ഏതാണ്ട് നാലായിരത്തോളം സിംബലുകളുടെ ടൈപ്പുകൾ കൂടി വേണ്ടിവരും എന്ന് എൻ. വി. ചൂണ്ടിക്കാണിക്കുന്നു. പല വലിപ്പത്തിലുള്ള അച്ചുകൾ ഉപയോഗിക്കുമ്പോൾ അതിനനുസൃതമായ വലിപ്പമുള്ള സിംബലുകളും ഉപയോഗിക്കണം. ശാസ്ത്രഗ്രന്ഥങ്ങളിൽ, വിശിഷ്യ ജീവശാസ്ത്ര ഗ്രന്ഥങ്ങളിൽ ചെരിഞ്ഞ അക്ഷരരൂപങ്ങൾ ധാരാളമായി വേണം (പത്രാധിപക്കുറിപ്പ്, "സർവകലാശാലകളുടെ ശ്രദ്ധയ്ക്ക്: ഫെല്ലോഷിപ്പും പ്രസ്സും" 10). ഇവ ഉപയോഗിക്കാനറിയുന്ന തൊഴിലാളികൾ, പ്രൂഫ് നോക്കാൻ ആവശ്യമായ ആളുകൾ എന്നിങ്ങനെ കേരളത്തിലെ പ്രസ്സുകളിലൊന്നും ഇത്തരം സൗകര്യങ്ങൾ ഉണ്ടായിരുന്നില്ല. നാൽപ്പതോളം പ്രസ്സുകളുടെ സേവനം പ്രയോജനപ്പെടുത്തിയിരുന്നെങ്കിലും കൂടുതൽ എണ്ണം വലിയ പുസ്തകങ്ങൾ സമയബന്ധിതമായി അച്ചടിച്ചെടുക്കുകയെന്നത് എളുപ്പമല്ലെന്ന് ബോധ്യമായി.

സർക്കാർ ഉടമസ്ഥതയിലുള്ള പ്രസ്സിൽ പ്രത്യേകവിഭാഗം ഏർപ്പെടുത്തി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗ്രന്ഥങ്ങൾ അച്ചടിക്കാൻ വഴിയുണ്ടാക്കണമെന്ന് സർക്കാരിലേക്ക് ഡയറക്ടർ എഴുതിയിരുന്നു. ബന്ധപ്പെട്ട അധികാരികളുടെ പ്രത്യേകയോഗം ചേർന്ന് ഷൊർണ്ണൂരിലെ സർക്കാർ പ്രസ്സിൽ പ്രത്യേക ഷിഫ്റ്റ് ഇതിനുവേണ്ടി തുടങ്ങാൻ ധാരണയാക്കി (Krishna Warrior 1). എങ്കിലും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആവശ്യങ്ങളുമായി വലിയ അന്തരം നിലനിന്നു. സർവകലാശാലകളുടെ കീഴിൽ അക്കാദമിക ഗ്രന്ഥങ്ങളുടെ അച്ചടിക്ക് മികച്ച പ്രസ്സുകൾ സ്ഥാപിക്കാൻ യു. ജി. സി. നൽകുന്ന പ്രത്യേക സാമ്പത്തികസഹായം ഉപയോഗപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സർവകലാശാലാ അധികാരികളോട് ചൂണ്ടിക്കാട്ടിയെങ്കിലും (പത്രാധിപക്കുറിപ്പ്, "സർവകലാശാലകളുടെ ശ്രദ്ധയ്ക്ക്: ഫെല്ലോഷിപ്പും പ്രസ്സും" 10) നടപടികൾ ഉണ്ടായില്ല. അച്ചടിയിൽ മാനകീകരണത്തിനുള്ള ശ്രമങ്ങളോടൊപ്പം ശാസ്ത്രഗ്രന്ഥങ്ങൾ അച്ചടിക്കാനുള്ള ശേഷി കേരളത്തിലെ പ്രസ്സുകൾക്ക് കൈവരിക്കാനുള്ള സഹായങ്ങളും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയിരുന്നു. ആദ്യകാലത്ത് ശാസ്ത്രഗ്രന്ഥങ്ങൾ അച്ചടിക്കാനുള്ള പ്രത്യേകം ടൈപ്പുകൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുതന്നെ തയ്യാറാക്കി പ്രസ്സുകൾക്ക് നൽകുകയുണ്ടായി. ഗൗരവമുള്ള പുസ്ത

കങ്ങളുടെ അച്ചടി ഏറ്റെടുക്കാൻ കഴിയുംവിധം സ്വയം സജ്ജമാകാൻ പ്രസ്സുകളെ പ്രേരിപ്പിക്കുകയും ചെയ്തു. ഇത്തരമൊരു സാഹചര്യത്തിലാണ് ശാസ്ത്രഗ്രന്ഥങ്ങളുടെ അച്ചടിക്ക് സുസജ്ജമായ ഒരു പ്രസ്സ് സ്വന്തമായി ആരംഭിക്കുക എന്ന തീരുമാനത്തിലേക്ക് കടക്കുന്നത്. 1972 മെയ് മാസത്തോടെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിജ്ഞാനമുദ്രണം പ്രസ്സ് പ്രവർത്തനമാരംഭിച്ചു. ഇതോടെ ഗണിതശാസ്ത്രപുസ്തകങ്ങളും മറ്റ് സാങ്കേതികപുസ്തകങ്ങളും അച്ചടിക്കുന്നതിലെ പ്രയാസങ്ങൾ ഒരളവോളം മറികടക്കാൻ കഴിഞ്ഞതായി 1972–73 വർഷത്തെ വാർഷികറിപ്പോർട്ടിൽ ഡയറക്ടർ റിപ്പോർട്ടു ചെയ്യുന്നുണ്ട്. അപ്പോഴേക്കും 65 പേർ തൊഴിലെടുക്കുന്ന ഒരു സംവിധാനമായി വിജ്ഞാനമുദ്രണം പ്രസ് മാറിക്കഴിഞ്ഞിരുന്നു. അന്താരാഷ്ട്ര പ്രതീകങ്ങൾ, ചിഹ്നങ്ങൾ, സൂത്രവാക്യങ്ങൾ എന്നിവയെല്ലാം എത്രമാത്രം സങ്കീർണമായ രീതിയിൽ ഉൾക്കൊള്ളുന്ന പുസ്തകങ്ങളായാലും അവയെല്ലാം അച്ചടിക്കാൻ സജ്ജമായ ഒരു പ്രസ്സ് മലയാളക്കരയിലുണ്ടായി എന്നതാണ് വിജ്ഞാനമുദ്രണം പ്രസ്സിന്റെ ഉദ്ഘാടനത്തോടെ സാധിതമായത്. കമ്പോസിങ്ങ്, പ്രൂഫ് വായന, പ്രിന്റിങ്ങ്, ബയന്റിങ്ങ് എന്നിങ്ങനെ എല്ലാ കാര്യങ്ങൾക്കുമുള്ള സംവിധാനങ്ങളും അവ നടത്തിക്കൊണ്ടുപോവുന്നതിൽ വൈദഗ്ധ്യമുള്ള ആളുകളും ചേർന്ന ഒന്നായി അൽപ്പകാലം കൊണ്ടുതന്നെ വിജ്ഞാനമുദ്രണം പ്രസ്സിനെ വളർത്തിക്കൊണ്ടുവരാൻ കഴിഞ്ഞു. കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നുള്ള വായ്പയിലൂടെയായിരുന്നു ഇതിനുള്ള മൂലധനം സ്വരൂപിച്ചത്. എഴുപതുകളുടെ ഒടുവിൽ തമിഴ്നാടിനു വേണ്ട ശാസ്ത്ര–ഗണിതശാസ്ത്ര പുസ്തകങ്ങളുടെ അച്ചടിയും വിജ്ഞാനമുദ്രണം പ്രസ് ഏറ്റെടുക്കുകയുണ്ടായി.

സർവകലാശാലാ നിലവാരത്തിലുള്ള പുസ്തകങ്ങൾ സ്വന്തമായി അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നതിന് ഗ്രന്ഥകാരന്മാർക്ക് സഹായധനം നൽകുന്ന ഒരു പദ്ധതിയും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുന്നോട്ടുവെക്കുകയുണ്ടായി. പാഠപുസ്തകമായോ അധികവായനയ്ക്കായോ ഉപയോഗിക്കാൻ കഴിയുംവിധം മലയാളത്തിൽ തയ്യാറാക്കിയിട്ടുള്ള– പ്രത്യേകിച്ചും ശാസ്ത്ര–സാങ്കേതികവിഷയങ്ങളിൽ തയ്യാറാക്കിയ– പുസ്തകങ്ങൾക്കാണ് സഹായം നൽകിയിരുന്നത്. വിദഗ്ധർ പരിശോധിച്ച് അംഗീകാരം നൽകിയ പുസ്തകങ്ങളുടെ ആയിരം കോപ്പികൾ അച്ചടിക്കാൻ വേണ്ട തുകയുടെ പകുതിയാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വഹിച്ചിരുന്നത് (കൃഷ്ണവാരിയർ, "ഗ്രന്ഥരചനയ്ക്ക് ധനസഹായം" 97). ഈ പദ്ധതി എത്രമാത്രം പ്രയോജനപ്പെട്ടു എന്നറിയില്ല. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നൽകിയ സാമ്പത്തികസഹായത്തോടെ നൂറോളം പുസ്തകങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടെന്ന് ദശവാർഷികവേളയിൽ തയ്യാറാക്കിയ *വിജ്ഞാനകൈരളി*യുടെ പ്രത്യേകപതിപ്പിൽ

ഡോ. എ. എൻ. പി. ഉമ്മർകുട്ടി ഒരു പരാമർശം നടത്തിയതുമാത്രമേ ഇതുമായി ബന്ധപ്പെട്ട് കാണാൻ കഴിഞ്ഞിട്ടുള്ളൂ. എം. ഐ. ഉമ്മൻ രചിച്ച *വിദ്യുച്ഛക്തിയും അപകടങ്ങളും* (പേജ് 144, വില 3.25), *ഇലക്ട്രോണിക് യുഗം* (പേജ് 124, വില 2.5) എന്നീ പുസ്തകങ്ങൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സാമ്പത്തികസഹായത്തോടുകൂടി പ്രസിദ്ധീകരിച്ചവയാണെന്ന് *ശാസ്ത്രഗതി*യിൽ പ്രസിദ്ധീകരിച്ച 'പുസ്തകാഭിപ്രായ'ത്തിൽനിന്ന് മനസ്സിലാവുന്നുണ്ട്. രണ്ടു പുസ്തകങ്ങളുടെയും വിതരണം നാഷണൽ ബുക്ക് സ്റ്റാൾ ആയിരുന്നു.

ഓക്സ്ഫോർഡ് പ്രസ്സുമായി സഹകരിച്ച് ചില പ്രവർത്തനങ്ങൾക്ക് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തുടക്കമിട്ടിരുന്നു. പക്ഷേ, ഇത് *ഓക്സ്ഫോർഡ് ചിത്ര നിഘണ്ടു, ഓക്സ്ഫോർഡ് ജൂനിയർ ചിത്ര അറ്റ്ലസ്* എന്നീ രണ്ട് പുസ്തകങ്ങളുടെ പ്രസിദ്ധീകരണത്തിൽ ഒതുങ്ങുകയാണുണ്ടായത്. ഇവ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അച്ചടിച്ച് പുറത്തിറക്കിയ പുസ്തകങ്ങളായിരുന്നില്ല. ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടി ഓക്സ്ഫോർഡ് പ്രസ്സാണ് അച്ചടി നിർവഹിച്ചത്. അതിനാൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകങ്ങളുടെ ലിസ്റ്റിൽ ഇവ കാണില്ല. ഇംഗ്ലീഷുഭാഷ പഠിക്കുന്ന കുട്ടികൾക്കും മുതിർന്നവർക്കും വേണ്ടി തയ്യാറാക്കിയതായിരുന്നു ചിത്രനിഘണ്ടു. തൊണ്ണൂറ് പേജുകളിലായി രണ്ടായിരത്തിൽപ്പരം വാക്കുകൾ ഉൾക്കൊള്ളുന്ന ചിത്രനിഘണ്ടുവിന് ഏഴര രൂപയായിരുന്നു വില. അറ്റ്ലസ് മലയാളത്തിലും ഇംഗ്ലീഷിലും തയ്യാറാക്കിയിരുന്നു. ഇവ രണ്ടിനും നാലര രൂപ വീതമായിരുന്നു വില. കേരളത്തിന് സവിശേഷമായും ഇന്ത്യയ്ക്കും ലോകരാജ്യങ്ങൾക്കും സാമാന്യമായും പ്രാധാന്യം നൽകിക്കൊണ്ടുള്ള അറ്റ്ല്സ് ഭൂപടങ്ങൾ ഉപയോഗിക്കേണ്ടതിനെക്കുറിച്ചു സൂചിപ്പിച്ചതിനുപുറമെ ഭൂമിശാസ്ത്രത്തിൽ സാധാരണ ഉപയോഗിക്കുന്ന പദങ്ങളെ പരിചയപ്പെടുത്തുകയും ചെയ്തു. 1976 ലാണ് ഇവ പുറത്തിറങ്ങിയത്. അറ്റ്ലസ് അച്ചടിക്കാനുള്ള നിയമപരമായ നൂലാമാലകളും മാപ്പ് അച്ചടിക്കുന്നതിലെ സാങ്കേതികതയും ഓക്സ്ഫോർഡ് പ്രസ്സിനുള്ള ആധികാരികത പരിഗണിച്ചുമാണ് ഈ കൂട്ടുകെട്ട് രൂപപ്പെടുത്തിയതെന്നു കരുതാം. മാപ്പുകളിൽ മലയാളത്തിൽ സ്ഥലനാമങ്ങൾ രേഖപ്പെടുത്തുകയാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗത്തുനിന്നുണ്ടായ പ്രവർത്തനം.

ജർമനിയിലെ എഡിഷൻ ലൈപ്സിഗ് എന്ന പ്രസാധനശാലയുമായി സഹകരിച്ച് ചില സാങ്കേതികശാസ്ത്ര പുസ്തകങ്ങൾ തയ്യാറാക്കിയതായി കാണാം. അവ പക്ഷേ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തന്നെ പ്രസിദ്ധീകരിക്കുന്ന രീതിയിലായിരുന്നു. *ഗ്രാമപാതകൾ, മോട്ടോർ സൈക്കിൾ, അപകടനിവാരണം വ്യവസായശാലകളിൽ, വാതക വെൽഡനം* എന്നിവയൊക്കെ ലൈപ്സിഗുമായുള്ള സഹകരണത്തിലൂടെ രൂപപ്പെട്ട പുസ്തകങ്ങളാണ്.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ രൂപീകരണവും ആദ്യദശകത്തിലെ പ്രവർത്തനങ്ങളുടെ രൂപരേഖയുമാണ് മുകളിൽ വിശദീകരിച്ചത്. ഭാഷാസൂത്രണസമീപനങ്ങളുടെ പശ്ചാത്തലത്തിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളെ വിശകലനം ചെയ്യാനുള്ള ശ്രമമാണ് അടുത്ത അധ്യായം.

## കുറിപ്പുകൾ

1. ഉന്നതവിദ്യാഭ്യാസത്തിന്റെ അധ്യയനമാധ്യമം എത്രയും പെട്ടെന്ന് ഇംഗ്ലീഷിൽ നിന്ന് സംസ്കൃതമല്ലാത്തൊരു ഇന്ത്യൻ ഭാഷയിലേക്ക് കൊണ്ടുവരണമെന്ന് നിർദേശിച്ച രാധാകൃഷ്ണൻ കമ്മീഷൻ സാങ്കേതികപദങ്ങളുടെ കാര്യം വിശദമായി പരിശോധിക്കുന്നുണ്ട്. ഇതിനായി ശാസ്ത്രജ്ഞരും ഭാഷാപണ്ഡിതരുമടങ്ങുന്ന ഒരു ബോർഡിനെ നിയമിച്ച് എല്ലാ ഇന്ത്യൻ ഭാഷകൾക്കും ഉപയോഗിക്കാവുന്ന പൊതുപദാവലി നിർമിക്കണമെന്നും കമ്മീഷൻ അഭിപ്രായപ്പെട്ടു. അന്താരാഷ്ട്രപദങ്ങൾ സ്വീകരിക്കുമ്പോൾ അവ ഇന്ത്യൻ ഭാഷകളുടെ ഉച്ചാരണവ്യവസ്ഥയ്ക്ക് അനുയോജ്യമാകുംവിധം സാൽമീകരിക്കണമെന്നും (the borrowed words be properly assimilated) കമ്മീഷൻ കരുതി.

2. ഈയൊരു സമീപനത്തെ പിൻപറ്റിയതുകൊണ്ടാണ് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഇംഗ്ലീഷിലുള്ള പേര് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാംഗ്വേജസ് എന്നായത്.

3. പിന്നീട് ദേശീയ വിദ്യാഭ്യാസകമ്മീഷനിലൂടെ പ്രസിദ്ധനായ ഡി. എസ്. കോത്താരിയായിരുന്നു സി.എസ്.ടി.ടി. യുടെ ആദ്യത്തെ അധ്യക്ഷൻ

4. പൊതുവായ സാങ്കേതികപദങ്ങൾ മാത്രമല്ല, ഭാരതീയഭാഷകൾക്ക് പൊതുലിപിതന്നെ വേണമെന്ന ചർച്ച ഒരു ഘട്ടത്തിൽ നടന്നിരുന്നതായി വേണം മനസ്സിലാക്കാൻ. സാഹിത്യപരിഷത്ത് മാസികയിൽ ഇതിനെക്കുറിച്ച് ജി. ശങ്കരക്കുറുപ്പ് എഴുതിയ പത്രാധിപക്കുറിപ്പിൽ (പുസ്തകം 20– 1952 ഏപ്രിൽ, ലക്കം 4,) റോമൻ ലിപി വേണമെന്ന് അന്തർദേശീയവാദികളും, നാഗരിലിപി വേണമെന്ന് ദേശീയവാദികളും വാദിക്കുന്നതായി ചൂണ്ടിക്കാട്ടിയിട്ടുണ്ട്. റോമൻ ലിപിയെ അനുകൂലിച്ചുകൊണ്ട് പി. ശങ്കരൻ നമ്പ്യാരുടെ ഒരു കത്തും ഈ ലക്കത്തിൽ കാണാം. ഇതേക്കുറിച്ച് തൊട്ടടുത്ത ലക്കത്തിലെ ചർച്ചയിൽ എൻ. വി, കെ. ഭാസ്കരൻ നായർ, വടക്കുംകൂർ രാജരാജവർമ എന്നിവർ പങ്കെടുക്കുന്നുണ്ട്. തുടർ ലക്കങ്ങളിലും ഈ ചർച്ച തുടരുന്നുണ്ട്.

5. Duties and Functions of the CSTT

    - To evolve and define scientific and technical terms in Hindi and all Indian Languages and publish technical glossaries, definitional dictionaries, encyclopedia etc.
    - To see that the evolved terms and their definitions reach to students, teachers, scholars, scientists, officers etc.

- To ensure proper usage/necessary updation/correction/improvement on the work done by obtaining feedback (through Workshops/Training programmes/Orientation programmes/ Seminars).
- To encourage technical writings in Hindi and other Indian Languages by sponsoring Seminars/Conferences/Symposia on scientific and technical subjects.
- To coordinate with all states to ensure uniformity of terminology in Hindi and other Indian languages. (Through State Government/Granth Academies/University Cells/ Glossary Clubs or other agencies)
- To encourage publication of books, magazines and journals in Hindi and Indian Languages to popularize the usage of standard terminology evolved by the Commission.

(Duties and Functions of the Commission | Official Website of Commission for Scientific and Technical Terminology,Ministry of Education,Government of India)

6. ഔദ്യോഗിക ഭാഷാ കമ്മീഷന്റെ നിയമനംതന്നെ വിമർശിക്കപ്പെട്ട ഒന്നാണ്. "ഔദ്യോഗികഭാഷയെന്ന നിലയിൽ ഹിന്ദിയുടെ ക്രമാനുഗതമായ ഉപയോഗം ഉറപ്പാക്കാനും ഇംഗ്ലീഷിന്റെ ഉപയോഗം കുറച്ചുകൊണ്ടുവരാനുമുള്ള നടപടികൾ നിർദേശിക്കുകയായിരുന്നു കമ്മീഷനിൽ നിക്ഷിപ്തമായിരുന്ന മുഖ്യകടമ. ഇംഗ്ലീഷിനെ ഹിന്ദികൊണ്ട് പകരം വെക്കാനുള്ള ഒരു സമയക്രമം തയ്യാറാക്കേണ്ടതുമുണ്ടായിരുന്നു. വിദ്യാഭ്യാസമാധ്യമത്തെക്കുറിച്ചുള്ള ആലോചനകളും പ്രാദേശികഭാഷകളുടെ വികസനവും കമ്മീഷന്റെ പരിഗണനാവിഷയങ്ങളിലേക്ക് കൊണ്ടുവന്നിരുന്നില്ല എന്നത് ശ്രദ്ധേയമാണ്."(മുരളീധരൻ, *ഭാഷാസൂത്രണം: പൊരുളും വഴികളും* 122)

7. ബോർഡ് ഓഫ് സയന്റിഫിക്ക് ആന്റ് ടെക്നിക്കൽ ടെർമിനോളജി പിന്നീട് കേന്ദ്ര ഹിന്ദി ഡയറക്ടറേറ്റിന് കീഴിലായി. ഹിന്ദി ഡയറക്ടറേറ്റ് രൂപീകരിച്ച ഇരുപത്തിയാറ് വിദഗ്ധകമ്മിറ്റികളുടെ നേതൃത്വത്തിൽ മൂന്നുലക്ഷത്തിലേറെ സാങ്കേതികപദങ്ങൾ തയ്യാറാക്കുകയുണ്ടായി. ഈ പദങ്ങളെ പ്രയോജനപ്പെടുത്തിയാണ് കേന്ദ്ര വിദ്യാഭ്യാസവകുപ്പ് 1962 ൽ *പാരിഭാഷികശബ്ദസംഗ്രഹം* എന്ന പേരിൽ 1370 പേജുകളുള്ള ഒരു നിഘണ്ടു പ്രസിദ്ധീകരിച്ചത്. പ്രധാനമായും ഹിന്ദിയെ മുൻനിർത്തി പ്രസിദ്ധീകരിച്ച ഈ നിഘണ്ടുവിൽ ഇംഗ്ലീഷ് പദങ്ങൾ റോമൻ ലിപിയിൽ നൽകുകയും അവയ്ക്ക് തത്തുല്യമായ ഭാരതീയഭാഷാപദങ്ങൾ ദേവനാഗരി ലിപിയിൽ നൽകുകയും ചെയ്തു. സി.എസ്.ടി.ടി. യുടെ ശബ്ദാവലികളുടെ അടിത്തറ *പാരിഭാഷികശബ്ദസംഗ്രഹം* ആയിരുന്നു.

8. ഹിന്ദിയെ സംസ്കൃതവൽക്കരിക്കാനുള്ള ശ്രമങ്ങൾക്ക് ചരിത്രത്തിൽ ആഴത്തിലുള്ള വേരുകളുണ്ട്. അത് സ്വതന്ത്ര ഇന്ത്യയുടെ രാഷ്ട്രഭാഷ ഹിന്ദിയാവണോ ഹിന്ദുസ്ഥാനിയാവണോ എന്നുള്ള തർക്കങ്ങളിൽ ഒതുങ്ങി നിൽക്കുന്നതല്ല. ഇന്ത്യയിലെ തദ്ദേശീയ ജനവിഭാഗങ്ങളും പേർഷ്യൻ, തുർക്കി, അറബി ഭാഷകൾ സംസാരിക്കുന്ന കുടിയേറ്റക്കാരും ഇടപഴകിയപ്പോഴാണ് ഹിന്ദുസ്ഥാനി എന്ന പുതിയ ഭാഷ രൂപംകൊണ്ടത്. പിന്നീട് ഹിന്ദുസ്ഥാനി ഹിന്ദിയും ഉറുദുവുമായി മാറുന്ന പ്രക്രിയ ഉടലെടുത്തു. വാമൊഴിയിൽ ഹിന്ദിയും ഉർദുവും തമ്മിൽ ഭേദങ്ങൾ വളരെ പരിമിതമാണ്. വ്യാകരണനിയമങ്ങളിലും സാമ്യതയുണ്ട്. എന്നാൽ സാഹി

ത്യത്തിലും സാങ്കേതികപദങ്ങളിലും ഹിന്ദിയിൽ സംസ്കൃതസ്വാധീനവും ഉർദുവിൽ പേർഷ്യൻ/അറബി സ്വാധീനവും വലിയതോതിലുണ്ട്. ഹിന്ദുസ്ഥാനി മതഭേദങ്ങൾക്കപ്പുറം പ്രചാരമുള്ള ഒന്നായിരുന്നെങ്കിൽ ഹിന്ദിയുടെയും ഉറുദുവിന്റെയും പിന്നിൽ മതപരമായ അണിചേരലുകൾകൂടി ഉണ്ടെന്നു പറയാം. ഇന്ത്യാ വിഭജനം യാഥാർത്ഥ്യമാവുമ്പോഴേക്കും ഹിന്ദുസ്ഥാനിക്കുപകരം ഹിന്ദിയെ ഉയർത്തിക്കാട്ടാനുള്ള ശ്രമങ്ങളാണ് ഉണ്ടായത്. അതുതന്നെ ബഹുജനങ്ങൾ ഉപയോഗിച്ചുപോരുന്ന ഹിന്ദിയിൽനിന്നും വ്യത്യസ്തമായ സംസ്കൃതവൽക്കരിച്ച ഹിന്ദിയായിരുന്നു എന്നും കാണാം. ഹിന്ദു-മുസ്ലീം ഐക്യത്തിന് പരമപ്രാധാന്യം കണ്ടിരുന്ന ഗാന്ധിയെപ്പോലുള്ള നേതാക്കൾ, നാഗരി ലിപിയിലും പേഴ്സ്യൻ ലിപിയിലും എഴുതാൻ കഴിയുന്ന ഹിന്ദുസ്ഥാനിക്കുവേണ്ടി നിലകൊണ്ടെങ്കിലും നാഗരി ലിപിയിലെഴുതുന്ന സംസ്കൃതാധിഷ്ഠിതമായ ഹിന്ദിക്കുവേണ്ടി വലിയതോതിലുള്ള പ്രചാരണങ്ങളാണ് മറ്റൊരുവിഭാഗം നടത്തിയത്. ഭരണഘടനാ നിർമാണ അസംബ്ലിയിൽ ഈ വിഭാഗത്തിന് മേൽക്കൈ നേടാൻ കഴിഞ്ഞു. ഈ മേൽക്കൈ സി.എസ്.ടി.ടി. പദങ്ങളുടെ രൂപത്തിൽ പ്രാദേശികഭാഷാ വികസന പരിപാടികളിലേക്കും സ്വാധീനമുറപ്പിച്ചു എന്നു കരുതുന്നതിൽ തെറ്റുണ്ടാവില്ല.

9. 1978 ൽ ഡൽഹിയിൽ നടന്ന ഗ്രന്ഥ് അക്കാദമി/ ബുക്ക് പ്രൊഡക്ഷൻ ബോർഡുകളുടെ ഡയറക്ടർമാരുടെ മൂന്നാം സമ്മേളനത്തിന്റെ അജണ്ടാ കുറിപ്പുകളിൽ നിന്നാണ് ഈ പേരുകൾ ക്രോഡീകരിച്ചത്. ഗുപ്തൻ നായരുടെ *വിജ്ഞാനകൈരളി* ലേഖനത്തിൽ കൊടുത്തിട്ടുള്ള സ്ഥാപനനാമങ്ങളിൽ ഇതിൽനിന്ന് ചെറിയ വ്യത്യാസം കാണുന്നുണ്ട്.

10. എൻ.വി.യുടെ *പരിപ്രേക്ഷ്യം* എന്ന പുസ്തകത്തിൽ 'മലയാളസാഹിത്യത്തിന്റെ അഭിവൃദ്ധിക്ക് ഒരു പഞ്ചവത്സര പദ്ധതി' എന്ന പ്രബന്ധം കെ.ടി.(കല്ലുമ്മാർതൊടി) രാമുണ്ണിമേനോൻ സ്മാരക വായനശാലയിൽ അവതരിപ്പിച്ചത് 1952 എന്നാണ് കാണുന്നത്. പ്രൊഫ. ഗോപാലകൃഷ്ണന്റെ പുസ്തകത്തിൽ ഇത് 1956 ലാണ് എന്നാണ് കാണുന്നത്. അതേ വർഷം മെയ് മാസത്തിൽ പരിഷത്ത് സമ്മേളനത്തിലും അവതരിപ്പിച്ചു എന്ന് കാണുന്നുണ്ട്. 1956 മെയ് 13 ന് എറണാകുളത്ത് ചേർന്ന പരിഷത്ത് രജതജൂബിലി സമ്മേളനത്തിലാണ് എൻ.വി. പ്രബന്ധം അവതരിപ്പിക്കുന്നതെന്ന് സാഹിത്യപരിഷത്ത് പുസ്തകം 25 ലക്കം 7 ൽ ആർ.വി.ശൂലപാണിവാരിയർ എഴുതിയ പരിഷദ് രജതജൂബിലി എന്ന റിപ്പോർട്ടിൽ കാണുന്നു. തുടർന്ന് സംസാരിച്ചവർ എൻ.വി.യുടെ അഭിപ്രായത്തെ പൊതുവെ സ്വാഗതം ചെയ്തുവെങ്കിലും 'വൈകാരികസാഹിത്യ'ത്തിന് ഇതുകൊണ്ട് എന്തുഗുണമാണ് കിട്ടുകയെന്ന് ചിലർ സംശയിച്ചു എന്ന് ശൂലപാണിവാരിയർ എഴുതുന്നുണ്ട്.

11. ഭാഷയിൽ കൊണ്ടുവരേണ്ട ആസൂത്രണത്തെക്കുറിച്ച് 1961 ൽ കേരള സാഹിത്യ അക്കാദമി സംഘടിപ്പിച്ച ഒരു ചർച്ചയിൽ അവതരിപ്പിച്ച 'മലയാളസാഹിത്യം 1950 മുതൽ 1960 വരെ' എന്ന പ്രബന്ധത്തിലും എൻ.വി. ആവർത്തിക്കുന്നുണ്ട്. "കവിത, നാടകം, നോവൽ, ചെറുകഥ, ലഘുപന്യാസം മുതലായവയുടെ നിർമാണത്തിനനുഗുണമായ അന്തരീക്ഷം സൃഷ്ടിക്കുകയും ഇവയിലെ ഉത്തമരചനകൾക്കു സമ്മാനങ്ങൾ നൽകിയും മറ്റും ആവശ്യമായ പ്രോത്സാഹനം ഏർപ്പെടുത്തുകയും അല്ലാതെ, ഈ വിഭാഗത്തിൽ നമുക്കൊന്നും ചെയ്യാനില്ല. എന്നാൽ സാഹിത്യത്തിലെ വൈജ്ഞാനികശാഖയുടെ സ്ഥിതി അതല്ല. ബോധപൂർവമായ ആസൂത്രണം അവിടെ ഫലവത്തെന്നു മാത്രമല്ല, അനുപേക്ഷണീയം കൂടിയാണ്." (*പരിപ്രേക്ഷ്യം* 112)

12. രാജരാജവർമ്മയെക്കുറിച്ചു പറയവെ ഭാഷയുടെ ആധുനികീകരണത്തെക്കുറിച്ചുള്ള തന്റെ അഭിപ്രായം പിൽക്കാലത്ത് എൻ.വി. ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്: "ഒരു ഭാഷയെ ആധുനികീകരിക്കുക എന്ന തിനർത്ഥം, വിജ്ഞാനവ്യാപനത്തിനുള്ള നിഷ്കൃഷ്ടവും(Precise) അസന്ദിഗ്ധവും (Non-Ambiguous) പര്യാപ്തവും (adequate) ആയ മാധ്യമം എന്ന നിലയിൽ ആ ഭാഷയെ പരിഷ്കൃത ജീവിതവ്യവഹാരത്തിന്റെ എല്ലാ തലങ്ങളിലും ഉപയോഗപ്പെടുത്തുന്നതിനുള്ള അടിസ്ഥാനം നിർമിക്കുക എന്നതാകുന്നു."(*സംസ്കൃത വ്യാകരണത്തിന് കേരളപാണിനിയുടെ സംഭാവന* 1)

13. ഡയറക്ടർ തസ്തികയിൽ സീനിയറായ ഉദ്യോഗസ്ഥരെ നിയമിക്കേണ്ടതുണ്ടെന്ന് ചില നിയമവിദ ഗ്ധർ ഇ.എം.എസ്സിനോട് ഒരു ഘട്ടത്തിൽ പറഞ്ഞതും അങ്ങനെയെങ്കിൽ ഒരു ഡെപ്യൂട്ടി ഡയറക്ടറുടെ തസ്തിക സൃഷ്ടിച്ച് എൻ.വി.യെ അതിൽ നിയമിക്കാനും ഡയറക്ടർക്ക് തുല്യമായ ശമ്പളം കൊടുക്കാനും ഇ.എം.എസ്. അഭിപ്രായപ്പെട്ടിരുന്നതായും എൻ.വി.രാമവാരിയർ എഴുതിയ, *ഞങ്ങളുടെ കുഞ്ഞേട്ടൻ* എന്ന പുസ്തകത്തിൽ പറയുന്നുണ്ട്. മറ്റൊരാളുടെ കീഴിൽ ഡെപ്യൂട്ടി ഡയറക്ടറായി ജോലി ചെയ്യുന്നതിൽ വിഷമമുണ്ടോ എന്ന ഇ.എം.എസ്സിന്റെ ചോദ്യത്തോട്, "ജീവിക്കാൻ വേണ്ട പ്രതിഫലം കിട്ടണമെന്നല്ലാതെ ആരുടെ കീഴിലും അറിയാവുന്ന എന്തു ജോലിയും ചെയ്യുന്നതിന് തനിക്കൊരു വിരോധവുമില്ലെന്ന് കുഞ്ഞേട്ടൻ മറുപടി പറഞ്ഞു."(*ഞങ്ങളുടെ കുഞ്ഞേട്ടൻ* 149)

14. ഈ ഘടനയിൽ പിന്നീട് മാറ്റം വരുന്നുണ്ട്. ഇപ്പോൾ സാംസ്കാരികവകുപ്പിന്റെ കീഴിലാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

15. സമാന സാഹചര്യത്തിൽ ആന്ധ്രപ്രദേശിൽ രൂപം കൊണ്ട തെലുങ്കു അക്കാദമി 1968 ജൂണിൽ ഇറങ്ങിയ സർക്കാർ ഉത്തരവിനെ തുടർന്നാണ് രൂപംകൊണ്ടത്. ജെ. പി. എൽ. ഗ്വിൻ (J P L Gwynn) അധ്യക്ഷനായ വിദഗ്ധസമിതിയുടെ ശുപാർശയെത്തുടർന്നാണ് തെലുങ്കു അക്കാദമി രൂപീകരിച്ചത്(Reddy 266).

16. എൻ.വി.യെ ഡയറക്ടറായി നിയമിക്കാൻ മന്ത്രിസഭ തീരുമാനിച്ചെങ്കിലും ഒരു മാസം കഴിഞ്ഞിട്ടും തുടർനടപടികൾ ഒന്നുമുണ്ടായിരുന്നില്ലെന്ന് കെ. ഗോപാലകൃഷ്ണൻ എൻ.വി.യുടെ ജീവചരിത്രത്തിൽ രേഖ പ്പെടുത്തിയിട്ടുണ്ട്. അത് സി.എച്ച്. മുഹമ്മദ് കോയ അമേരിക്കയിലായതിനാൽ ആയിരുന്നു. സി.എച്ച്. തിരി ച്ചെത്തിയെങ്കിലും ഫയലിൽ കേരള സർവകലാശാല വൈസ് ചാൻസലറുടെ ഒരു ക്വറി ഉണ്ടായിരുന്നു. ക്വ റിക്ക് പിന്നെ സമാധാനമെഴുതാം, ആദ്യം നിയമനകൽപ്പന അയയ്ക്കുക എന്ന് സി.എച്ച്. ഫയലിൽ എഴുതി (ഗോപാലകൃഷ്ണൻ കെ. 163).

17. ഇൻസ്റ്റിറ്റ്യൂട്ടിനെക്കുറിച്ച് ആശയം രൂപപ്പെടുത്താൻ സർക്കാർ ഒരു സബ്കമ്മിറ്റിയെ നിയോഗിച്ചിരുന്ന തായും ആ കമ്മിറ്റിക്ക് വീക്ഷണമുണ്ടായിരുന്നില്ലെന്നും പി. ടി. ബി.യും അഭിപ്രായപ്പെട്ടിട്ടുണ്ട്. എൻ. വി. യും ശാസ്ത്രസാഹിത്യ പരിഷത്തിന്റെ സെക്രട്ടറി എന്ന നിലയിൽ താനും ചേർന്ന് തയ്യാറാക്കിയ കത്ത് മുഖ്യമന്ത്രിക്കും വിദ്യാഭ്യാസമന്ത്രിക്കും നൽകിയെന്നും മുഖ്യമന്ത്രിയുമായി പലതവണ ചർച്ചനടത്തിയെന്നും പി.ടി.ബി. കൂട്ടിച്ചേർക്കുന്നുണ്ട് (ഒരു സംഘം ലേഖകർ, *എൻ വിയും വിജ്ഞാനസാഹിത്യവും* 24). "സർക്കാർ നിയമിച്ച കമ്മിറ്റിയുടെ സങ്കൽപ്പമെന്തായിരുന്നെന്ന് ഇപ്പോൾ പറയുന്നില്ല" എന്ന് അദ്ദേഹവും ഒഴിഞ്ഞുമാ റുന്നതിനാൽ അതെന്തായിരുന്നുവെന്ന് കണ്ടെത്താൻ കഴിയുന്നില്ല.

18. അന്ന് കേരള, കോഴിക്കോട് സർവകലാശാലകളാണ് നിലവിലുണ്ടായിരുന്നത്. കൊച്ചി ശാസ്ത്ര–സാങ്കേതിക സർവകലാശാല (1971), കേരള കാർഷിക സർവകലാശാല (1972) യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുകയായിരുന്നു.

19. 1968 ൽ എഴുതിയ ഒരു ലേഖനത്തിൽ തമിഴ്നാട്ടിലെ തമിഴ് വികസന ഗവേഷണ കൗൺസിൽ നടപ്പാക്കിയ സെല്ലുകളെക്കുറിച്ച് എൻ. വി. വിശദീകരിക്കുന്നുണ്ട്. ഒരുപക്ഷേ, തമിഴ്നാട്ടിലെ അനുഭവത്തെ മുൻനിർത്തിയാവാം സെല്ലുകളെക്കുറിച്ചുള്ള ഈ നിർദേശം. എൻ. വി. ഇങ്ങനെ എഴുതുന്നു: "ഗ്രന്ഥകാരന്മാരുടെ സെല്ലുകൾ ഏർപ്പെടുത്തുകയാണ് ഗ്രന്ഥരചനയ്ക്ക് മദ്രാസുകാർ കൈക്കൊണ്ടിട്ടുള്ള മറ്റൊരുപായം. ഓരോ വിഷയത്തിലും താൽപ്പര്യമുള്ള അഞ്ചോ ആറോ കോളെജധ്യാപകരെ ഒഴിവുകാലത്ത് സൗകര്യമുള്ള ഒരു സ്ഥലത്ത് വിളിച്ചുകൂട്ടുന്നു. അവർക്ക് താമസസൗകര്യം, യാത്രപ്പടി, ദിനബത്ത മുതലായവയും ചുരുങ്ങിയ ഒരു ബോണസ്സും നൽകുന്നു. ഈ അധ്യാപകർ ഒന്നിച്ചുചേർന്ന് ചർച്ചചെയ്ത് ഗ്രന്ഥങ്ങൾ രചിക്കുന്നു; പരസ്പരം വിമർശിച്ച് കറതീർക്കുന്നു. ഇങ്ങനെ നിർമിച്ചുകഴിഞ്ഞ ഗ്രന്ഥങ്ങൾക്ക് നിശ്ചിതമായ തോതിൽ പ്രതിഫലം വേറെ കിട്ടും. പാഠപുസ്തകങ്ങൾ സ്വതന്ത്രമായി എഴുതിക്കിട്ടാനും തർജിമചെയ്തുകിട്ടാനും ഈ സെൽ സമ്പ്രദായം അത്യന്തം ഉപകരിച്ചിട്ടുണ്ട്." ("മലയാളത്തിൽ ശാസ്ത്രസാഹിത്യപോഷണം : ഒരു കരടു പദ്ധതി" 46)

20. ഹിന്ദി ഡയറക്ടറേറ്റിന്റെ 1964–65 വർഷത്തെ റിപ്പോർട്ടിൽ 16072 ഫോറങ്ങൾ, 946 ചട്ടങ്ങൾ തുടങ്ങിയവ പരിഭാഷപ്പെടുത്തിയതായി പ്രസ്താവിക്കുന്നു. 83000 ത്തിലധികം പേജുകൾ വരുമിത്.

21. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് പഴയ സെമിനാറുകളുടെ ഫയൽ കണ്ടെത്താൻ കഴിഞ്ഞില്ല. കെ. എ. വാസുക്കുട്ടന്റെ, *കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്: പശ്ചാത്തലവും പ്രവർത്തനവും* എന്ന പുസ്തകത്തിലാണ് സെമിനാറുകളെക്കുറിച്ച് ഏറെ വിവരങ്ങളുള്ളത്. മറ്റു സ്രോതസ്സുകൾ *വിജ്ഞാനകൈരളി*യുടെയും *ശാസ്ത്രഗതി*യുടെയും വിവിധ ലക്കങ്ങളാണ്. ഇവ മൂന്നും ആധാരമാക്കിയാലും എല്ലാ സെമിനാറുകളുടെയും വിശദാംശങ്ങൾ ലഭ്യമാവില്ല. സർവകലാശാലകളുമായി ചേർന്നുള്ള സെമിനാറിനോടനുബന്ധിച്ച് തയ്യാറാക്കിയ കുറിപ്പും 'ശാസ്ത്രാധ്യാപനവും സാങ്കേതികപദങ്ങളും' എന്ന സെമിനാറിന്റെ പ്രോഗ്രാം നോട്ടീസും ലഭിച്ചത് ഇൻസ്റ്റിറ്റ്യൂട്ടിലെ മുൻ അസിസ്റ്റന്റ് ഡയറക്ടർ കെ. കെ. കൃഷ്ണകുമാറിന്റെ ശേഖരത്തിൽ നിന്നാണ്.

22. കേരള സർവകലാശാലയുമായി രൂപപ്പെട്ട ധാരണയുടെ അടിസ്ഥാനത്തിൽ രൂപീകരിച്ച കമ്മിറ്റിയിൽ വൈസ് ചാൻസലർ (ചെയർമാൻ), സയൻസ് ഫാക്കൽറ്റി ഡീൻ, ആർട്സ് ഫാക്കൽറ്റി ഡീൻ, കൊളീജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടർ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ, ഭൗതികശാസ്ത്രവിഭാഗം അസി. ഡയറക്ടർ, സാമൂഹ്യശാസ്ത്രവിഭാഗം അസി. ഡയറക്ടർ, സർവകലാശാല പബ്ലിക്ക് റിലേഷൻസ് ഓഫീസർ (ജോയിന്റ് കൺവീനർ), സെമിനാർ ഓഫീസർ (ജോയിന്റ് കൺവീനർ) എന്നിവർ അംഗങ്ങളായിരുന്നു. കോഴിക്കോട് സർവകലാശാലയുമായി ചേർന്ന് രൂപീകരിച്ച കമ്മിറ്റിയിൽ പ്രൊഫ. കെ. എ. ജലീൽ (കൺവീനർ), പ്രൊഫ. ഐ. ജി. ഭാസ്കരപ്പണിക്കർ, സയൻസ് ഫാക്കൽറ്റി ഡീൻ, പ്രൊഫ. ശിവപ്രസാദ്, ആർട്സ് വിഭാഗം ഡീൻ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ എന്നിവർ അംഗങ്ങളായിരുന്നു.

23. കെ. എ. വാസുക്കുട്ടന്റെ പുസ്തകത്തിൽ 430 അധ്യാപകർ പങ്കെടുത്തു എന്നാണ് കാണുന്നത്. *വിജ്ഞാനകൈരളി*യിൽ കാണുന്ന 340 എന്ന കണക്കാണ് ഇവിടെ സ്വീകരിച്ചത്.

24. 1966 ജനുവരിയിൽ ബോംബെയിലെ ഭാഭാ അറ്റോമിക് റിസർച്ച് സെന്റർ കേന്ദ്രീകരിച്ച് രൂപീകരിച്ച ശാസ്ത്രസാഹിത്യ പരിഷത്ത് (മലയാളം) ബോംബെ, കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ഒരു ഘടകം എന്ന നിലയിലാണ് പ്രവർത്തിച്ചത്. ഇന്ത്യയിലെ എല്ലാ പ്രമുഖ ഭാഷകളിലും വൈജ്ഞാനികപ്രചാരണത്തിനുള്ള സംഘടനകൾ രൂപീകരിക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തി സംഘടനകൾ രൂപീകരിക്കുന്നതിന്റെ ഭാഗമായതിനാലാണ് മലയാളം എന്ന് പേരിനൊപ്പം ചേരാൻ കാരണം. മലയാളത്തിനു പുറമെ മറാത്തി വിജ്ഞാൻ പരിഷത്ത്, വിജ്ഞാനത്തമിഴ് വളർച്ചിക്കഴകം, കന്നഡ വിജ്ഞാൻ പരിഷത്ത്, ശാസ്ത്രസാഹിത്യ പരിഷത്ത് (തെലുങ്ക്), ഹിന്ദി വിഗ്യാൻ പരിഷത്ത്, ഗുജറാത്തി വിഗ്യാൻ പരിഷത്ത് എന്നീ സംഘടനകൾ കൂടി രൂപമെടുക്കുകയും അവയെ ഏകോപിപ്പിച്ചുകൊണ്ട് ഫിൽസ (FILSA– Federation of Indian Language Science Association) നിലവിൽ വരികയുമുണ്ടായി. മലയാളത്തിൽ റിസർച്ച് ജേണൽ വിശദമായ ചർച്ചകൾക്ക് ശേഷം ആരംഭിക്കാമെന്നായിരുന്നു അവരുടെ കാഴ്ചപ്പാട്. അതിലേക്ക് ശാസ്ത്രജ്ഞരുടെയും മറ്റുള്ളവരുടെയും സഹായങ്ങളും അഭിപ്രായങ്ങളും അഭ്യർത്ഥിച്ചുകൊണ്ടുള്ള ഒരു കുറിപ്പായിരുന്നു ശാസ്ത്രഗതിയിൽ വന്നത്.

25. ലേഖനങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുമ്പോൾ തന്നെ കേരളത്തിന് പുറത്തുള്ളവർക്ക് പ്രയോജനപ്പെടാനായി അവയുടെ ഇംഗ്ലീഷ് സംഗ്രഹവും ജേണലിൽ ഉൾപ്പെടുത്തിയിരുന്നു. മാത്രമല്ല, ചിത്രങ്ങളുടെ വിവരങ്ങൾ, പട്ടികകളുടെ ശീർഷകങ്ങൾ എന്നിവയും ഇംഗ്ലീഷിൽ നൽകി. തികഞ്ഞ അക്കാദമിക ചിട്ടവട്ടങ്ങൾ പിന്തുടർന്നതും ഉയർന്ന ഗുണനിലവാരം ഉറപ്പുവരുത്തിയതുമായ ഈ ജേണൽ ഫിലാഡൽഫിയയിലെ ബയോസയൻസ് ഇൻഫർമേഷൻ സർവീസ് നിലവാരമുള്ള പ്രസിദ്ധീകരണമായി പരിഗണിക്കുകയും *ബയോളജിക്കൽ അബ്സ്ട്രാക്റ്റ്* എന്ന പ്രസിദ്ധീകരണത്തിൽ ഇതിലെ പ്രബന്ധങ്ങളുടെ സംഗ്രഹം പ്രസിദ്ധീകരിക്കുകയും ചെയ്തു.

26. "We are pleased to include it in our coverage of the world's research literature dealing with Sciences. An announcement of your journal will be published in our 'New Books and Periodicals' section ..." ("ജേണൽ ഓഫ് ദി കേരള അക്കാദമി ഓഫ് ബയോളജി" 80)

27. കേരളത്തിൽ രൂപപ്പെടേണ്ട സയൻസ് അക്കാദമിയെക്കുറിച്ചുള്ള തന്റെ അഭിപ്രായങ്ങൾ പങ്കുവെച്ചുകൊണ്ട് പി. ടി. ബി. ശാസ്ത്രഗതിയിൽ എഴുതിയ ലേഖനത്തിൽ അതിനകം രൂപപ്പെട്ട ഈ മൂന്ന് അക്കാദമികൾക്കുപുറമെ ഫിസിക്സ് അക്കാദമിയെക്കുറിച്ചും ഭൂശാസ്ത്ര പഠനസമിതിയെക്കുറിച്ചും സൂചിപ്പിക്കുന്നുണ്ട്. ഫിസിക്സ് അക്കാദമി 1974 ൽ കൊച്ചി സർവകലാശാലയുമായി ചേർന്ന് സെമിനാർ സംഘടിപ്പിച്ചതായും ഭൂശാസ്ത്രപഠനസമിതി ജേണൽ പുറത്തിറക്കിയതായും അദ്ദേഹം പറയുന്നു. ഡോ. കെ. ജി. നായരായിരുന്നു ഫിസിക്സ് അക്കാദമിയുടെ മുഖ്യ ഊർജസ്രോതസ്സ് എന്നാണ് കൊച്ചി ശാസ്ത്ര–സാങ്കേതിക സർവകലാശാലയുടെ മുൻ വൈസ് ചാൻസലർ ഡോ. ബാബു ജോസഫിൽ നിന്ന് അറിയാൻ കഴിഞ്ഞത്. കെ. ജി. നായർക്കു പുറമെ ഡോ. ഗിരിജാവല്ലഭൻ, ടി. ആർ. അനന്തകൃഷ്ണൻ, ഡോ. ബാബു ജോസഫ് എന്നിവരൊക്കെ ഫിസിക്സ് അക്കാദമിയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവരാണ്. ഫിസിക്സ് അക്കാദമിയുടെ സെമിനാറിന്റെ പ്രബന്ധങ്ങൾ ഇംഗ്ലീഷിലാണ് പ്രസിദ്ധീകരിച്ചത് എന്നാണ് അറിയാൻ കഴിഞ്ഞത്.

28. ഈ ലിസ്റ്റും പദ്ധതിരേഖയും ഏറെ അന്വേഷിച്ചെങ്കിലും കണ്ടെടുക്കാൻ കഴിഞ്ഞില്ല. 1971–72, 1972–73 കാലയളവുകളിലെ വാർഷിക റിപ്പോർട്ടുകളിൽ അതതവസരങ്ങളിലെ പുതുക്കിയ ലിസ്റ്റ് അച്ചടിച്ചിട്ടുണ്ട്.

1972–73 വർഷത്തെ റിപ്പോർട്ടിലുള്ള ലിസ്റ്റാണ് ഈ പഠനത്തിൽ ഉപയോഗപ്പെടുത്തുന്നത്. കേരളത്തിലെ സർവകലാശാലകളിലെ വൈസ് ചാൻസലർമാരുടെയും അധ്യാപകരുടെയും പ്ലാനിങ്ങ് ബോർഡിലെ വിദ്യാഭ്യാസ വിദഗ്ധരുടെയും അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിലാണ് പദ്ധതി രൂപരേഖ തയ്യാറാക്കിയിരുന്നത്.

29. പദങ്ങളുടെ നിർമാണം വിജയകരമായി പൂർത്തിയാക്കിയെങ്കിലും പ്രസ്സിലെ പ്രശ്നങ്ങളാൽ അച്ചടി പൂർത്തിയാവാതെ പോയെന്നും ബ്ലാങ്ക് പേപ്പർ ചേർത്ത് ബയന്റ് ചെയ്ത കോപ്പിയാണ് അന്ന് പ്രകാശനം നടത്തിയതെന്നും പരമേശ്വരൻ ആത്മകഥയിൽ വെളിപ്പെടുത്തുന്നുണ്ട്. അച്ചടി പൂർത്തിയായില്ല എന്ന പരാമർശം ശരിയാണെങ്കിലും തുടർന്നുപറഞ്ഞ കാര്യം ഓർമപ്പിശകാണെന്ന് തോന്നുന്നു. പ്രകാശന വേളയിൽ ഇന്ദിരാഗാന്ധി ഒപ്പിട്ട *വിജ്ഞാനശബ്ദാവലി*യുടെ കോപ്പി ഈ ലേഖകന് കാണാൻ കഴിഞ്ഞു. J വരെയുള്ള അക്ഷരങ്ങളുൾക്കൊള്ളുന്ന 336 പേജുകളുള്ള പ്രത്യേകം ബയന്റുചെയ്ത ഒരു കോപ്പിയാണത്. വിജ്ഞാനശബ്ദാവലിയുടെ ഒന്നാം വാല്യം അച്ചടി പൂർത്തിയായപ്പോൾ 657 പേജുകളുണ്ടായിരുന്നു.

30. തിരുവിതാംകൂർ സർവകലാശാല തയ്യാറാക്കിയ പദാവലികൾ ഓരോന്നും അതത് വിഷയങ്ങളിലെ വിദഗ്ധരുടെ കൂട്ടായ്മയിലാണ് രൂപംകൊണ്ടത്. *Terms in Elementary Physics* എന്ന പുസ്തകത്തിന്റെ ആമുഖത്തിൽ പദങ്ങൾ നിശ്ചയിച്ച പ്രക്രിയ വിശദീകരിച്ചിട്ടുണ്ട്. മൂന്നും നാലും മണിക്കൂർ നീണ്ട യോഗങ്ങളിൽ പലപ്പോഴും ഏതാനും വാക്കുകളുടെ ചർച്ച മാത്രമേ പൂർത്തിയാക്കാൻ കഴിഞ്ഞിരുന്നുള്ളൂ എന്ന് കമ്മിറ്റി ചൂണ്ടിക്കാണിക്കുന്നു. ഊർജതന്ത്രത്തിലെ പദങ്ങൾ അന്തിമമാക്കിയത് എ. ഗോപാലമേനോൻ, ഡോ. കെ. എൽ. മൂഡ്ഗിൽ, എസ്. രാമകൃഷ്ണയ്യർ, ഡോ. എൽ. എ. രവിവർമ, വി. ശിവരാമകൃഷ്ണയ്യർ, എം. ആർ. ബാലകൃഷ്ണ വാരിയർ, പി. കെ. കൃഷ്ണപിള്ള, ടി. കെ. ജോസഫ് എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയായിരുന്നു.

31. ഈ വാല്യത്തിന്റെ പ്രകാശനം 1971 മെയ് 14 ന് യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് സെന്ററിൽ വച്ച് കേരള ഗവർണർ വി വിശ്വനാഥൻ നിർവഹിച്ചു. മാതൃഭാഷയെ വികസിപ്പിക്കുമ്പോൾ ലോകഭാഷ അവഗണിക്കപ്പെടരുത് എന്ന് അദ്ദേഹം തദവസരത്തിൽ ഓർമിപ്പിക്കുന്നുണ്ട്. ഇതേ കാര്യം ഒന്നാം വാല്യത്തിന്റെ പ്രകാശനവേളയിൽ പ്രധാനമന്ത്രിയും ചൂണ്ടിക്കാണിച്ചിരുന്നു. പ്രധാനമന്ത്രിയുടെ പ്രസംഗത്തിൽ മറ്റൊരു പ്രധാനകാര്യം കൂടി പറയുകയുണ്ടായി. "ഗവൺമെന്റ് മുഖേന മാത്രം ഭാഷാവികസനം സാധ്യമായെന്നുവരില്ല. ഗവൺമെന്റിന് പ്രോത്സാഹനം നൽകാനേ കഴിയൂ. എഴുത്തുകാർക്കും ശാസ്ത്രജ്ഞർക്കുമാണ് മഹത്തായ പങ്കു വഹിക്കാനുള്ളത്." (വാസുക്കുട്ടൻ, *കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പശ്ചാത്തലവും പ്രവർത്തനവും* 62)

32. രണ്ടു വാല്യങ്ങളിലുമായി എണ്ണൂറിൽപ്പരം പേജുകളുണ്ടായിരുന്നത് 646 പേജുകളായി ചുരുങ്ങിയിട്ടുണ്ട്. ഒന്നാം വാല്യത്തിൽ നാൽപ്പതിനായിരം പദങ്ങളും (*കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പശ്ചാത്തലവും പ്രവർത്തനവും* 61) രണ്ടാം വാല്യത്തിൽ 19175 പദങ്ങളും ഉണ്ടായിരുന്നത് കൂട്ടിച്ചേർത്ത് പുതുക്കിയ വാല്യത്തിൽ മുപ്പത്താറായിരം പദങ്ങളാണ് എന്നാണ് കാണുന്നത്. പദങ്ങളുടെ എണ്ണം പറയുന്നതിൽ എത്രത്തോളം കൃത്യത ഉണ്ടെന്ന് അറിയില്ല. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണങ്ങളിൽ കാണുന്ന എണ്ണം കണക്കിലെടുക്കുകയേ വഴിയുള്ളൂ.

33. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പദങ്ങളെക്കുറിച്ചുള്ള വിമർശനങ്ങളിൽ ഇപ്പോഴും ഉദാഹരണമായി ഉയർന്നുകേൾക്കുന്ന പദമാണ് ക്വഥനാങ്കം. സമീപകാലത്ത് ആരോ നിർദേശിച്ച പദമായി തിളനില ചൂണ്ടിക്കാണിക്കാറുണ്ട്. എന്നാൽ ആദ്യപതിപ്പിൽ തന്നെ തിളനില *വിജ്ഞാനശബ്ദാവലി*യിൽ ഉണ്ടായിരുന്നു.

34. 1969 ജൂൺ പതിനഞ്ചിന് കോഴിക്കോട് നടന്ന ചടങ്ങിൽ കേരള സർവകലാശാലാ വൈസ് ചാൻസലർ പ്രൊഫ. കെ. സി. ചാക്കോ പ്രകാശനം ചെയ്തു. എൻ. വി. (എഡിറ്റർ), എം. ആർ. ചന്ദ്രശേഖരൻ (എക്സിക്യൂട്ടീവ് എഡിറ്റർ), പി. എ. വാരിയർ (മാനേജിങ്ങ് എഡിറ്റർ), പ്രൊഫ. സി. കെ. മൂസ്സത്, ഡോ. കെ. പി. കരുണാകരൻ, ഡോ. എ. എൻ. പി. ഉമ്മർകുട്ടി, ഡോ. എം. പി. പരമേശ്വരൻ (പത്രാധിപസമിതി അംഗങ്ങൾ). വില ഒരു രൂപ, വാർഷിക വരിസംഖ്യ 10 രൂപ.

35. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ച് ഏതാനും മാസങ്ങൾ കഴിഞ്ഞ് 1969 ജൂണിലാണ് *വിജ്ഞാനകൈരളി* പ്രസിദ്ധീകരണമാരംഭിക്കുന്നത്. 1978 മെയ് വരെയുള്ള ഒൻപത് പൂർണ വാല്യങ്ങളാണ് ഇവിടെ പരിഗണിക്കുന്നത്. ജൂൺ മുതൽ മെയ് വരെയുള്ള വാല്യങ്ങൾ എന്ന രീതി 1980 മുതൽ മാറിയിട്ടുണ്ട്. ഇപ്പോൾ കലണ്ടർ വർഷത്തിലാണ് വാല്യങ്ങൾ കണക്കാക്കുന്നത്.

36. ലേഖനങ്ങൾക്ക് പുറമെ പത്രാധിപക്കുറിപ്പുകളും ഈ കൂട്ടത്തിൽ പെടുത്തിയിട്ടുണ്ട്. കാരണം അവയിൽ ഭൂരിഭാഗവും മികച്ച ലേഖനങ്ങളെന്ന് വിളിക്കാവുന്നവയാണ്. ബോക്സ് മാറ്ററുകളായ നിരവധി ചെറുകുറിപ്പുകൾ എല്ലാ ലക്കത്തിലുമുണ്ട്. കൗതുകം പകരുന്ന വിവരങ്ങളാണവയിലധികവും.

37. ഇത് ഒരു ഏകദേശ തരംതിരിവ് മാത്രമാണ്. പല ലേഖനങ്ങളും ഒന്നിലധികം മേഖലകളെ സ്പർശിക്കുന്നവയാണ്. ഉദാഹരണമായി ആണവശക്തിയെക്കുറിച്ചുള്ള ഒരു ലേഖനമാണെങ്കിൽ അത് അതിന്റെ ശാസ്ത്രത്തേയും സാമൂഹിക പ്രത്യാഘാതങ്ങളേയും വിവരിക്കുന്നതായിരിക്കും. ഇത്രയും ലേഖനങ്ങൾ നിർദിഷ്ട കോഡ് പോയന്റുകൾ നൽകി ശാസ്ത്രീയമായ ഒരു തരംതിരിവ് നടത്തുകയെന്നത് ഈ പഠനത്തിന്റെ പരിധിയിലേക്ക് വരുന്നില്ല. *വിജ്ഞാനകൈരളി*യെക്കുറിച്ചു മാത്രമുള്ള സവിശേഷമായ ഒരു പഠനത്തിലേ അത്തരം സൂക്ഷ്മമായ തരംതിരിവ് സാധ്യമാവൂ.

38. കഥ, കവിത എന്നിവ ക്രമേണ കുറഞ്ഞുവരുന്നതും മൂന്നാം വാല്യത്തോടെ കവിതയും അഞ്ചാം വാല്യത്തോടെ കഥയും പൂർണമായും നിലയ്ക്കുന്നതും കാണാം.

39. സെമിനാർ പ്രബന്ധങ്ങൾ ആദ്യകാലത്ത് *ശാസ്ത്രഗതി*യിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിശേഷിച്ചും *വിജ്ഞാനകൈരളി* ആരംഭിക്കുന്നതിന് മുമ്പ്. ഉദാഹരണമായി *ശാസ്ത്രഗതി*യുടെ എട്ടാം ലക്കം (1969 ഫെബ്രുവരി–ഏപ്രിൽ) 'ശാസ്ത്രപഠന സിമ്പോസിയ വിശേഷാൽ പ്രതി'യാണ്. തിരുവനന്തപുരം, കോഴിക്കോട്, കൊല്ലം, തൃശ്ശൂർ എന്നിവിടങ്ങളിൽ നടന്ന സെമിനാറുകളിലെ തിരഞ്ഞെടുത്ത പ്രബന്ധങ്ങളാണ് ഈ ലക്കത്തിൽ ഉൾക്കൊള്ളിച്ചത്. 'അധ്യയനമാധ്യമമാറ്റപ്രശ്നം' (സി. കെ. മൂസ്സത്), 'സാങ്കേതികപദങ്ങൾ' (പി. രാമചന്ദ്രമേനോൻ), 'സസ്യശാസ്ത്രപഠനം മലയാളത്തിലൂടെ' (പ്രൊഫ. കെ. ഗോപിനാഥൻ), 'ഗവേഷണനൈപുണ്യം നമ്മുടെ സസ്യ–ജന്തുശാസ്ത്ര ബിരുദാനന്തര വിദ്യാർത്ഥികൾക്കിടയിൽ' (ഡോ. എൻ. ബാലകൃഷ്ണൻ നായർ), 'സസ്യ–ജന്തുശാസ്ത്രാധ്യാപനം– നമ്മുടെ കോളെജുകളിലും സർവകലാശാലകളിലും' (ഡോ. എ. എൻ. പി. ഉമ്മർകുട്ടി), 'അധ്യയനമാധ്യമമാറ്റ പ്രശ്നങ്ങൾ– ഇലക്ട്രിക്കൽ വിഷയങ്ങളിൽ' (വി. കെ. ദാമോദരൻ) എന്നീ പ്രബന്ധങ്ങൾ ഈ ലക്കത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

40. 1973 മാർച്ചിൽ അവസാനിക്കുന്ന വർഷത്തേക്കുള്ള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിപ്പോർട്ടിൽ *വിജ്ഞാനപോഷിണി*യെക്കുറിച്ച് സൂചിപ്പിക്കുന്നില്ല. എന്നാൽ സാമ്പത്തിക ഭാഗത്ത് sale of research journals Rs 200/- എന്ന് കാണുന്നുമുണ്ട്.

41. 1978-79 വാർഷിക റിപ്പോർട്ടിൽ "The Institute took up preliminary work on the Publication of a half-yearly research journal entitled "Vijnana Poshini". This journal will contain summaries in Malayalam of all Ph.D theses that are approved by the Universities in the State."(15) എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ പുനപ്രസിദ്ധീകരണമാണ് എന്ന കാര്യം വരാത്തതിനാലാവാം 1980 ലാണ് *വിജ്ഞാനപോഷിണി* ആരംഭിച്ചതെന്ന് വാസുക്കുട്ടൻ കരുതിയത്. ഇൻസ്റ്റിറ്റ്യൂട്ടിലെ ഓഫീസ് രേഖകളിൽ 7.1.1978 ൽ ചേർന്ന ജനറൽ ബോഡിയിൽ *വിജ്ഞാനപോഷിണി* വീണ്ടും തുടങ്ങാൻ തീരുമാനിച്ചതായി മിനുട്സ് രേഖപ്പെടുത്തിയതും കാണാം. 1980 മുതലുള്ള ലക്കങ്ങളെ ഇൻസ്റ്റിറ്റ്യൂട്ടിലും മറ്റ് ലൈബ്രറികളിലും അന്വേഷിച്ചെങ്കിലും കണ്ടെത്താൻ കഴിഞ്ഞില്ല. 2000 ജൂലൈ ലക്കം കിട്ടിയിട്ടുണ്ട്.

42. 1987 ജനുവരി ലക്കം (മൂന്നാം വാല്യം ഒന്നാം ലക്കം) ഉള്ളടക്കം: 'മൗലിക കണങ്ങളുടെ ഘടനയെയും സവിശേഷ ഗുണധർമങ്ങളെയും സംബന്ധിച്ചുള്ള പഠനം' (ഡോ. എം. എൻ. ശ്രീധരൻ നായർ), 'ക്ലീനൻറ്റൊഡൻ കാൻസിലയെക്കുറിച്ചൊരു ജീവശാസ്ത്രപഠനം' (ഡോ. ബി. ചന്ദ്രിക), 'വിദ്യാർത്ഥികളുടെ സംഘവ്യവഹാരവും വിദ്യാഭ്യാസലക്ഷ്യസിദ്ധിയും സ്കൂളുകളിൽ' (ഡോ. കെ. ആർ. ശിവദാസൻ), 'കേരളത്തിലെ മുസ്ലിം വനിതകളുടെ വിദ്യാഭ്യാസവും സാമൂഹികപദവിയും' (ഡോ. എം. ഇന്ദുകുമാരി), 'വിദ്യാഭ്യാസവും സാമ്പത്തികവൃദ്ധിയും' (ഡോ. പി. എം. ജലീൽ), 'ജി. ശങ്കരക്കുറുപ്പിന്റെ ധൈഷണികവും ഭാവനാപരവുമായ സാഹിത്യപ്രപഞ്ചം' (ഡോ. തോന്നയ്ക്കൽ നാരായണൻ), 'പി. കുഞ്ഞിരാമൻ നായരുടെ കവിത: ഒരു വിമർശനാത്മക പഠനം' (ഡോ. ബി. ഭാനുമതി അമ്മ).

1987 ജൂലൈ ലക്കം (മൂന്നാം വാല്യം രണ്ടാം ലക്കം) ഉള്ളടക്കം: 'വഴുതിന(കത്തിരി) യുടെ ബാക്ടീരിയാ വാട്ടരോഗ പ്രതിരോധവുമായി ബന്ധപ്പെട്ട ജനിതക പഠനങ്ങൾ' (ഡോ. ആർ. ഗോപിമണി), 'ഓന്തിന്റെ മെറ്റബോളിസത്തിൽ തൈറോയിഡും സ്റ്റീറോയിഡും ഹോർമോണുകളുടെ സ്വാധീനം' (ഡോ. കെ. കെ. ശ്രീദേവി), 'കേരളത്തിലെ വിദ്യാഭ്യാസവും സാമ്പത്തികവികസനവും' (ഡോ. പി. ആർ. ഗോപിനാഥൻ നായർ), 'ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ തലശ്ശേരി ഫാക്ടറിയുടെ ചരിത്രം (1683-1794)' (ഡോ. കെ. കെ. എൻ. കുറുപ്പ്), 'കേരളത്തിലെ രാഷ്ട്രീയനേതൃത്വത്തിന്റെ സാമൂഹ്യപശ്ചാത്തലം' (ഡോ. ജി. നാരായണ പിള്ള), 'കുടിയേറ്റവും കേരളത്തിന്റെ സാമ്പത്തികവികസനവും' (ഡോ. കെ. വി. ജോസഫ്), 'സാമൂഹ്യപരിവർത്തനത്തിൽ ആദ്യകാല മലയാളനാടകങ്ങൾക്കുള്ള പങ്ക്' (ഡോ. സി. സ്റ്റീഫൻ)

1988 ജനുവരി ലക്കം ഉള്ളടക്കം: 'ജീവിതകാലസാരണിയിലെ ഫലനങ്ങളുടെ സാംഖികാനുമാനം' (ഡോ. എൻ. ഉണ്ണിക്കൃഷ്ണൻ നായർ), 'റൈസക്ടോണിയ സൊളാനിയുടെ അതിജീവനത്തിൽ സംസ്യസംരക്ഷണ രാസവസ്തുക്കളുടെ പ്രയോഗഫലങ്ങൾ' (ഡോ. ലൂർദ്ദാസ്), 'ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ ചരിത്രം 1757 വരെ' (ഡോ. എ. ജി. മേനോൻ), 'പാഠ്യവിഷയവും വ്യക്തിത്വവും' (ഡോ. വി. ജോർജ് മാത്യു), 'ഹരിജന വനിതകളുടെ സാമൂഹ്യപദവിയിലെ വ്യതിയാനങ്ങൾ' (ഡോ. പി. നിർമലാഭായി), 'രാമചരിതത്തിന്റെ വ്യാകരണം' (ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ)

43. 'മലയാളസാഹിത്യപഠനത്തിന് എ. ആർ. രാജരാജവർമയുടെ സംഭാവനകൾ' (ഭാഷയും സാഹിത്യവും), 'മൂലധനരൂപീകരണം കേരളത്തിൽ' (ധനശാസ്ത്രം), 'വേദാന്താചാര്യരുടെ കാവ്യപ്രകാശോത്തേജിനി–ഒരു പഠനം' (കാവ്യമീമാംസ), 'അറബിക്കവിതയിലെ നൂതനപ്രസ്ഥാനങ്ങൾ' (ഭാഷയും സാഹിത്യവും), 'മലബാറിലെ കുടിയായ്മ നിയമങ്ങൾ (1880–1970)–ഒരു ചരിത്രാപഗ്രഥനം' (ചരിത്രം), 'തിരുവിതാംകൂറിലെ നായർപട (1729–1835)' (ചരിത്രം), 'കൂട്ടുകക്ഷിഭരണം കേരളത്തിൽ' (രാഷ്ട്രമീമാംസ), 'കുറിച്യരുടെ ജീവിതവും സംസ്കാരവും' (നാടോടിവിജ്ഞാനീയം), 'ബിംബകൽപന കുമാരനാശാന്റെയും വള്ളത്തോളിന്റെയും കവിതകളിൽ–ഒരു താരതമ്യപഠനം' (ഭാഷയും സാഹിത്യവും), 'കേരളത്തിലെ സംവരണനയം–ഒരു പഠനം' (ചരിത്രം), 'ഭൗമോഷ്മാവും കിഴക്കൻ ഉഷ്ണമേഖലാപ്രദേശത്തെ കാലാവസ്ഥാഘടകങ്ങളും തമ്മിലുള്ള ബന്ധം' (ഭൂമിശാസ്ത്രം), ' HF ഡോപ്ലാർ റഡാർ ഉപയോഗിച്ചുള്ള വിഷുവരേഖീയ മേഖലയിലെ ഭൂകാന്തികബലരേഖകൾക്ക് ലംബമായ പ്ലാസ്മാപ്രവാഹത്തെക്കുറിച്ചുള്ള പഠനം' (ഭൗതികശാസ്ത്രം), 'ടി. പത്മനാഭന്റെ കലയും ജീവിതവും' (ഭാഷയും സാഹിത്യവും), 'കേരളത്തിലെ കായലോര കണ്ടൽവനങ്ങളുടെ ഇക്കോബയോളജി–ഒരു താരതമ്യപഠനം' (പ്രകൃതിശാസ്ത്രം), 'പരിവർത്തനവിധേയമായ കാർബണുകളും മരപ്പൊടിയും; അതിശോഷണ സ്വഭാവത്തിന്റെ മൂല്യകരണം' (രസതന്ത്രം), 'വിവർത്തനം–ഒരു പഠനം–മലയാളത്തിൽ നിന്ന് ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യപ്പെട്ട രണ്ടു സാഹിത്യകൃതികളെ ആസ്പദമാക്കിയുള്ളത്' (ഭാഷയും സാഹിത്യവും) എന്നിവയായിരുന്നു ഈ ലക്കത്തിലെ പ്രബന്ധങ്ങൾ.

44. ജൂലൈ 2000 ലക്കത്തിന് പുറം ചട്ടയിൽ *വിജ്ഞാനപോഷിണി റിസർച്ച് ജേണൽ* വാല്യം 1 ലക്കം 1 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെങ്കിലും ആദ്യപേജിൽ വാല്യം 5 ലക്കം 1 എന്നാണുള്ളത്. ഏപ്രിൽ 2002 ലെ മറ്റൊരു ലക്കം കാണാൻ കഴിഞ്ഞിട്ടുണ്ട്. അതിൽ വാല്യം 5 ലക്കം 3 എന്നാണ് കാണുന്നത്. 'ഭരണഘടനയുടെ 356–ാം വകുപ്പ്: വാഗ്ദാനവും നിർവഹണവും' (കെ സൂര്യപ്രസാദ്), 'നായർ സർവീസ് സൊസൈറ്റിയും കേരള രാഷ്ട്രീയവും 1970 മുതൽ: ഒരു പഠനം' (എസ്. യമുനാദേവി), 'പൊർഫേറിയയുടെ കാമുകൻ അറബിക്കവിതയിൽ' (എ. അബൂബക്കർ), 'സ്വാഭാവിക റബർ സംസ്കരണ വ്യവസായങ്ങളിലെ മലിനജല ഉപചരണത്തെ സംബന്ധിച്ച പഠനങ്ങൾ' (ജി. മധു), 'ഇക്കോ ടൂറിസവും സുസ്ഥിരവികസനവും' (ബി. വിജയകുമാർ), 'കേരളത്തിലെ രാസവള ഉപഭോഗവളർച്ചയും നിർണയഘടകങ്ങളും ഒരു പ്രാഥമികതല പഠനം' (മേരി ജോർജ്), 'വ്യക്തിയും സമൂഹവും സ്ത്രീയുടെ കാഴ്ചപ്പാടിൽ: മലയാളത്തിലെ വനിതാനോവലിസ്റ്റുകളുടെ രചനകളെയാധാരമാക്കി ഒരു പഠനം' (ജി. ഹേമലതാ ദേവി), 'ഒരു മാർഗനിർദേശരേഖ വികസിപ്പിച്ചെടുക്കുക എന്ന ഉദ്ദേശ്യത്തോടെ സർവകലാശാല ആദ്യവർഷ വിദ്യാർത്ഥികളുടെ ഗണിതശാസ്ത്രത്തിലെ അണ്ടർ അച്ചീവ്മെന്റിനെക്കുറിച്ചൊരു പഠനം' (ജെ. ഡബ്ല്യു. ക്രിസ്റ്റൽ ഫ്ലോറി), 'ശ്രീരാമനെ പ്രാധാന്യേന പരിഗണിച്ചുകൊണ്ട് മലയാളത്തിലെ ക്ലാസിക് കവിതകളിലും ചുവർചിത്രങ്ങളിലും വിഗ്രഹങ്ങളിലും ഉള്ള ദേവതാ പ്രതിനിധാനവും അതിന്റെ സ്വാധീനവും' (എം. ജി. ശശിഭൂഷൺ) എന്നിങ്ങനെ ഒൻപത് പ്രബന്ധങ്ങളാണ് ഈ ലക്കത്തിലുള്ളത്. 2000 ത്തിന് മുമ്പ് നാല് വാല്യങ്ങൾ തുടർച്ചയായാണോ ഇറങ്ങിയത് എന്ന് തീർച്ചപ്പെടുത്താനാവില്ല.

45. ദ്വൈവാർഷികം എന്നത് അർധവാർഷികം എന്നതിന് പകരം തെറ്റായി പ്രയോഗിച്ചിരിക്കാനാണ് സാധ്യത.

46. ഇംഗ്ലീഷിലെ f എന്ന അക്ഷരത്തെ 'പ'വർഗത്തിലെ അതിഖരാക്ഷരം കൊണ്ട് (അതിന്റെ ഉച്ചാരണം വേറെയാണെങ്കിലും) പകരം വെക്കുകയാണല്ലോ മലയാളം ചെയ്യുന്നത്. ലിപ്യന്തരണത്തിലെ പ്രശ്നങ്ങൾ വിവരിക്കവെ ജി. നാരായണസ്വാമി കൗതുകകരമായ ഒരു നിർദേശം *വിജ്ഞാനകൈരളി*യിലൂടെ മുന്നോട്ടുവെക്കുകയുണ്ടായി. "ഇംഗ്ലീഷിലെ zoo മലയാളിയുടെ 'സൂ' അല്ല; വടക്കന്റെ 'ജൂ'-ഉം അല്ല. അത് z ൂ ആണ്. z ന്റെ ഉച്ചാരണം മലയാളിക്കു വശമാണെങ്കിലും എഴുതാൻ വകുപ്പില്ല. പുരോഗമനോന്മുഖനായ മലയാളിക്ക് മുട്ടുശാന്തിക്ക് z എന്ന ലിപി തന്നെ കടമെടുത്താലെന്ത്? അച്ചിനോ അച്ചടിക്കോ വിഷമം വരില്ല. ദീർഘവും വള്ളിയും പുള്ളിയുമെല്ലാം (പരിഷ്കരിച്ച ലിപിയിൽ) കൂട്ടിച്ചേർക്കാം. z ുവോളജി, z ീറോ, െ zനിത്ത്, േ z ാൺ." ("ലിപി പരിഷ്കരണം, ലിപ്യന്തരണം" 116)

47. ഇവയൊക്കെ കൃത്യമായി ഡോക്യുമെന്റ് ചെയ്യപ്പെട്ടിട്ടില്ല എന്നതിനാൽ ദ്വിതീയ സ്രോതസ്സുകളെ ആധാരമാക്കാനേ കഴിയൂ. എൻ. വി. എഴുതിയ 'കൈയെഴുത്തുപ്രതി തയ്യാറാക്കുമ്പോൾ', 'മലയാളപദങ്ങൾക്ക് ഒരു ഏകീകൃത ലിപിവിന്യാസ രീതി', 'പ്രൂഫ് തിരുത്തൽ' (ഈ ലേഖനം എൻ. വി.യുടേതാണോ എന്ന് ഉറപ്പില്ല) എന്നീ ലേഖനങ്ങൾ വിവർത്തനം എന്ന പുസ്തകത്തിന്റെ ഒന്നാം പതിപ്പിൽ അനുബന്ധങ്ങളായി നൽകിയിരുന്നു. രണ്ടാം പതിപ്പിൽ അവ ഉൾപ്പെടുത്തിയിട്ടില്ല. 'മലയാളപദങ്ങൾക്ക് ഒരു ഏകീകൃത ലിപിവിന്യാസ രീതി' എന്ന ലേഖനം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പിൽക്കാലത്ത് തയ്യാറാക്കിയ 'മലയാളം അച്ചടിയും എഴുത്തും– ഒരു സ്റ്റൈൽ പുസ്തകം' എന്ന ഗ്രന്ഥത്തിൽ പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ലേഖനത്തിലും ഇംഗ്ലീഷ് പദങ്ങൾ, സ്ഥലനാമങ്ങൾ, മഹാന്മാരുടെ പേരുകൾ എന്നിവയ്ക്കൊക്കെ രണ്ടോ മൂന്നോ ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടുന്നേയുള്ളൂ. "കയ്യെഴുത്തു പ്രതികൾ എഡിറ്റ് ചെയ്യുമ്പോഴും പ്രൂഫ് തിരുത്തുമ്പോഴും ഉപയോഗപ്പെടുത്താൻ വേണ്ടി ഈ രംഗത്തെ ധാരാളം പദങ്ങൾ എൻ. വി. യും പ്രൊഫ. എസ്. ഗുപ്തൻ നായരും ബുക്കുകളിൽ കുറിച്ചിട്ടിരുന്നത് ശേഖരിച്ച് അച്ചടിക്കാതെ പോയത് ഒരു നഷ്ടമാണ്" (*കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പശ്ചാത്തലവും പ്രവർത്തനവും* 154)എന്ന് പ്രസ്താവിക്കുന്നതിനാൽ അവ സ്റ്റൈൽ ബുക്ക് എന്ന നിലയിൽ അച്ചടിച്ചിരുന്നില്ല എന്നുവേണം കരുതാൻ.

48. കേവലം വ്യക്തികളെ മുൻനിർത്തിയുള്ള ഗ്രൂപ്പുകളായിരുന്നില്ല ഇത്. വിഷയത്തെ അടിസ്ഥാനമാക്കി ഗ്രൂപ്പുകളുടെ രൂപം മാറിക്കൊണ്ടിരുന്നു. സാങ്കേതികപദചർച്ചയിൽ എം. പി. പരമേശ്വരനൊപ്പം വാദിച്ച വിഷ്ണുനാരായണൻ നമ്പൂതിരി ചില്ലിനുശേഷം വരുന്ന വ്യഞ്ജനങ്ങൾ ഇരട്ടിക്കേണ്ടതില്ല എന്ന നിർദേശത്തിൽ ഇതിനെതിരായി ഗുപ്തൻ നായർ പക്ഷത്തായിരുന്നു. " മലയാളത്തിൽ ഇരട്ടിച്ചും ഇരട്ടിക്കാതെയും, രണ്ടുതരത്തിലും ഉച്ചാരണം ഉണ്ട്; രണ്ടുതരത്തിലും എഴുതാൻ സൗകര്യവും ഉണ്ട്. ഈ സ്വാച്ഛന്ദ്യം കൈവിടാതെ നിലനിർത്തണം എന്നാണ് ഞങ്ങൾ കരുതിയത് " എന്ന് വിഷ്ണുനാരായണൻ നമ്പൂതിരി ഓർക്കുന്നുണ്ട്.

49. ലിപി പരിഷ്കരണവുമായി ബന്ധപ്പെട്ടുള്ള ഡോ. കെ. ഭാസ്കരൻ നായരുടെ പ്രവർത്തനങ്ങൾക്ക് ഏറെ പഴക്കമുണ്ടെന്ന് ഇയ്യിടെ നടന്ന ഒരു പഠനം (Malli) വെളിച്ചത്ത് കൊണ്ടുവന്നിരിക്കയാണ്. 1951 ൽ തിരുവിതാംകൂർ യൂണിവേഴ്സിറ്റി നിയമിച്ച ലിപി പരിഷ്കരണ കമ്മിറ്റിയിൽ അംഗമായിരുന്നു അദ്ദേഹം. 1950 കൾ മുതൽ ടൈപ്പ്റൈറ്റർ കീ ബോർഡുകളുടെ ഡിസൈനിങ്ങിൽ അദ്ദേഹം പ്രവർത്തിച്ചുപോന്നു.

50. ലിപിപരിഷ്കരണ കമ്മിറ്റി നിർദേശിച്ച തരത്തിലുള്ള ലിപി സമ്പ്രദായമായിരുന്നില്ല ഇതിനുവേണ്ടി ഉപയോഗിച്ചിരുന്നത്. "മലയാളത്തിന് ലഘൂകരിച്ച ഒരു ലിപിസമ്പ്രദായം ഏറെ താമസിയാതെതന്നെ അംഗീകരിക്കപ്പെടുന്നതാണ്. എത്രകണ്ട് ലഘൂകരിക്കാം എന്നതിനെപ്പറ്റി ഇന്ന് തർക്കമുണ്ടെങ്കിലും ഏതാനും

കൂട്ടക്ഷരങ്ങളെ നിലനിർത്തിക്കൊണ്ട് നൂറിൽപ്പരം വ്യത്യസ്ത ലിപികളുള്ള ഒരു സമ്പ്രദായമാണ് ലിപി പരിഷ്കരണ കമ്മിറ്റി ശിപാർശി ചെയ്തിട്ടുള്ളത്. 'പാതിക്കിടങ്ങ്' ചാടിയ ഫലമേ ഇതുകൊണ്ട് ലഭിക്കൂ. യന്ത്രവൽക്കരണത്തിനു വഴങ്ങണമെങ്കിൽ ലിപിസംഖ്യ ഇനിയും ഗണ്യമായി കുറയ്ക്കണം."(പരമേശ്വരൻ and ശേഷയ്യങ്കാർ 60) അപ്രകാരം പരിഷ്കരിച്ച ഒരു രൂപമായിരുന്നു പഠനത്തിൽ ഉപയോഗിച്ചത്. ഇതിൽ ഉപയോഗിച്ചിരുന്നത് ചന്ദ്രക്കലയിട്ട് പിരിച്ചെഴുതിയ രൂപങ്ങളായിരുന്നില്ല എന്ന് കാണാം. കുത്തനെയുള്ള ഒരു വരയാണ് കൂട്ടക്ഷരങ്ങളെ വേർതിരിച്ചെഴുതാൻ ഉപയോഗിച്ചിട്ടുള്ളത്. ഉദാഹരണമായി അച്ചെഴുത്തുയന്ത്രം എന്നുള്ളത് അച|ചഴുത|തുയന|ത|റം എന്നാണ് കാണിച്ചിട്ടുള്ളത്.

51. 'accezuttuyantRam' എന്നാണ് അച്ചെഴുത്തുയന്ത്രം എന്നതിന്റെ റോമലയാള രൂപം.

52. സാമ്പിളുകളുടെ എണ്ണം വർധിക്കുമ്പോൾ ആവൃത്തി സ്ഥിരമായ സംഖ്യയിലേക്ക് എത്തുന്നത് ബൃഹത് സംഖ്യാനിയമം അഥവാ Law of large numbers അനുസരിച്ചാണ്.

53. ടൈപ്പ് റൈറ്റിങ്ങിൽ പ്രചുരപ്രചാരം ലഭിച്ച ക്വർട്ടി (QWERTY) കീ ബോർഡിനെക്കാൾ മെച്ചപ്പെട്ട ഡി.എസ്.കെ കീ ബോർഡ് (Dvorak Simplified Keyboard) തയ്യാറാക്കിയ ആഗസ്റ്റ് ദ്വോറാക്ക് (August Dvorak) എഴുതിയ *ടൈപ്പ്റൈറ്റർ ബിഹേവിയർ* എന്ന പുസ്തകത്തെക്കുറിച്ച് അന്ന് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തകർക്ക് അറിവുണ്ടായിരുന്നില്ല എന്ന് എൻ. വി. 1973 ൽ എഴുതിയ ഒരു പത്രാധിപക്കുറിപ്പിൽ (നവംബർ ലക്കം *വിജ്ഞാനകൈരളി*) വ്യക്തമാക്കുന്നുണ്ട്. എങ്കിലും ഹിന്ദി ടൈപ്പ്റൈറ്റർ ആന്റ് ടെലി പ്രിന്റർ കമ്മിറ്റിയുടെ റിപ്പോർട്ടും അമേരിക്ക ആസ്ഥാനമായുള്ള റോയൽ ടൈപ്പ്റൈറ്റർ കമ്പനിയിലെ ഫാർലോ റിച്ചാർഡ്സൺ അയച്ച കത്തും വിരൽസ്വാധീനം പോലുള്ള കാര്യങ്ങളിൽ മാർഗദർശകമായി മാറിയെന്നും എൻ. വി. ചൂണ്ടിക്കാണിക്കുന്നുണ്ട്.

54. ഔദ്യോഗിക ഭാഷ മലയാളമാക്കുന്നതിനുവേണ്ടി 26-2-1970 ന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ രൂപീകരിക്കപ്പെട്ട കമ്മിറ്റിയുടെ ഒരു ഉപഘടകമെന്ന നിലയിലാണ് 26-9-1970 ന് ചുരുക്കെഴുത്ത് മാന്വൽ തയ്യാറാക്കുന്നതിനുള്ള ഈ കമ്മിറ്റി രൂപീകരിക്കുന്നത്.

55. 1951 ൽ തിരുവിതാംകൂർ സർവകലാശാല ലിപി പരിഷ്കരണത്തിന് നിയമിച്ച കമ്മിറ്റിയിൽ ഡോ. കെ. ഭാസ്കരൻ നായർ, ജി. എഫ്. അമലനാഥൻ (തിരു-കൊച്ചി ഗവ. പ്രസ്സ് സൂപ്രണ്ട്), കെ. ഗോദവർമ തുടങ്ങിയവരാണ് ഉണ്ടായിരുന്നത്. പ്രധാന ഉദ്ദേശം മോണോടൈപ്പ് അച്ചടിയിലെ പ്രശ്നങ്ങൾ പരിഹരിക്കലായിരുന്നു. കമ്മിറ്റിയുടെ റിപ്പോർട്ട് 1953 ൽ സർവകലാശാലയ്ക്ക് സമർപ്പിച്ചെങ്കിലും തുടർപ്രവർത്തനങ്ങൾ ഉണ്ടായില്ല. ദീപം, മലയാള മനോരമ തുടങ്ങിയവ കമ്മിറ്റി നിർദേശങ്ങളോട് രൂക്ഷമായാണ് പ്രതികരിച്ചത് (Malli).

56. ശൂരനാട് കുഞ്ഞൻ പിള്ളയോടൊപ്പം പ്രൊഫ. ജോസഫ് മുണ്ടശ്ശേരി, എം. കെ. കുമാരൻ, പി. ടി. ബി. (വിശ്വവിജ്ഞാനകോശം), ഡി. സി. കിഴക്കേമുറി (എൻ. ബി. എസ്.), ഡോ. കെ. ഭാസ്കരൻ നായർ (കോളെജ് വിദ്യാഭ്യാസ ഡയറക്ടർ), ഡോ. പി. കെ. നാരായണ പിള്ള (കേരള യൂണിവേഴ്സിറ്റി), കെ. എസ്. അബ്രഹാം (ചെയ്സൺ ആൻഡ് കമ്പനി), കെ. സ്വാമിനാഥൻ (സൂപ്രണ്ട്, ഗവ. പ്രസ്), എ. പി. നമ്പ്യാർ (മാതൃഭൂമി), മാമ്മൻ വർഗീസ് (മലയാള മനോരമ), കെ. കൃഷ്ണൻ (എക്സ്പ്രസ്, തൃശൂർ), കെ.

മുഹമ്മദാലി (ഹെഡ് മാസ്റ്റർ, ഗുജറാത്തി സ്കൂൾ, കൊച്ചി) എന്നിവരാണ് കമ്മിറ്റി അംഗങ്ങളായിരുന്നത്. 1967 ഡിസംബർ 18 ന് സെക്രട്ടറിയേറ്റ് ഡർബാർ ഹാളിൽ മുഖ്യമന്ത്രി ഇ. എം. എസ്സിന്റെ അധ്യക്ഷതയിൽ ചേർന്ന വിപുലമായ ആലോചനായോഗത്തെത്തുടർന്നാണ് ലിപിപരിഷ്കരണത്തിനുള്ള കമ്മിറ്റി രൂപീകരിക്കപ്പെട്ടത്. അച്ചടിയുടെയും ടൈപ്പ്റൈറ്ററിന്റെയും ലഘൂകരണത്തിനുവേണ്ടി പരിഷ്കരണങ്ങൾ കൊണ്ടുവരുമ്പോൾ നിലവിലിരിക്കുന്ന ലിപിസമ്പ്രദായത്തെ ബഹുജനങ്ങൾക്ക് വൈഷമ്യങ്ങൾ ഉണ്ടാക്കുന്ന തരത്തിൽ മൗലികമായ മാറ്റങ്ങൾ വരുത്താൻ പാടില്ലെന്ന് മുഖ്യമന്ത്രിയും വിദ്യാഭ്യാസമന്ത്രിയും വ്യക്തമാക്കിയിരുന്നു. അതുകൊണ്ടാണ് നിലവിൽ ലിപിയില്ലാത്ത ശബ്ദരൂപങ്ങൾക്ക് ലിപി കൊണ്ടുവരുന്ന കാര്യത്തിലേക്കൊന്നും തങ്ങൾ കടക്കാത്തത് എന്ന് കമ്മിറ്റി റിപ്പോർട്ട് വ്യക്തമാക്കുന്നു(മലയാള ലിപിപരിഷ്കരണ റിപ്പോർട്ടും സർക്കാർ ഉത്തരവും 5).

57. ബി. എഡ്. വിദ്യാർത്ഥികൾക്ക് മലയാളത്തിൽ പരീക്ഷ എഴുതാനുള്ള തീരുമാനം 1969 ൽ തന്നെ കോഴിക്കോട് സർവകലാശാല കൈക്കൊണ്ടിരുന്നു.

58. കേരള സർവകലാശാല പ്രീഡിഗ്രി വിദ്യാർത്ഥികൾക്ക് മലയാളത്തിൽ ഉത്തരമെഴുതാൻ അനുവാദം കൊടുത്ത ആദ്യ പരീക്ഷയിൽ മാനവിക വിഷയങ്ങളിൽ ഇരുപത് ശതമാനം വിദ്യാർത്ഥികളും ശാസ്ത്രവിഷയങ്ങളിൽ അഞ്ച് ശതമാനം വിദ്യാർത്ഥികളും മലയാളത്തിൽ ഉത്തരമെഴുതുകയുണ്ടായി.

# അധ്യായം 4

# ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടും മലയാള ഭാഷാസൂത്രണവും

## 4.1 ആമുഖം

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനങ്ങളെ ഭാഷാസൂത്രണസങ്കൽപനങ്ങൾ മുൻനിർത്തി വിശകലനവിധേയമാക്കുകയാണ് ഈ അധ്യായം. കോർപ്പസ് തലത്തിൽ നടത്തിയ ഇടപെടലുകൾ ഭാഷയെ മുന്നോട്ടുനയിക്കുവാൻ എത്രത്തോളം പര്യാപ്തമായിരുന്നു എന്നും, മലയാളത്തിന്റെ വൈജ്ഞാനികസ്വരൂപം നിർണയിക്കുന്നതിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ എത്രത്തോളം പ്രയോജനപ്പെട്ടു എന്നും ഇവിടെ പരിശോധിക്കുന്നു. ജോഷ്വാ ഫിഷ്മാൻ ചൂണ്ടിക്കാണിച്ചതുപോലെ സാമൂഹികപശ്ചാത്തലത്തോട് കണ്ണിചേർത്തുകൊണ്ടാണ് ഈ പരിശോധന. മറ്റു സംസ്ഥാനങ്ങളിൽ രൂപംകൊണ്ട സ്ഥാപനങ്ങളും സംവിധാനങ്ങളുമായി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനെ താരതമ്യം ചെയ്തശേഷം കേരളത്തിലെ സവിശേഷ സാഹചര്യങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളെ വിശകലന വിധേയമാക്കുകയാണ് ചെയ്യുന്നത്. പുസ്തകപ്രസിദ്ധീകരണം, ആനുകാലികങ്ങൾ, സാങ്കേതികപദകോശങ്ങൾ, പ്രസിദ്ധീകരണങ്ങളിലെ ഭാഷാപരിചരണം, മാനകീകരണശ്രമങ്ങൾ, ആധുനികീകരണശ്രമങ്ങൾ എന്നിങ്ങനെ വ്യത്യസ്തതലങ്ങൾ സവിശേഷമായെടുത്ത് പരിശോധനാവിധേയമാക്കുന്നു. തുടർന്ന് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളിൽ മുരടിപ്പ് നേരിട്ടതിന്റെ ആന്തരികവും ബാഹ്യവുമായ കാരണങ്ങൾ പരിശോധിച്ചുകൊണ്ട് ഇന്നത്തെ സാഹചര്യത്തിൽ

ഇൻസ്റ്റിറ്റ്യൂട്ടിനെ പുനർനിർവചിക്കേണ്ടതിന്റെ ആവശ്യകതയും പ്രബന്ധത്തിനൊടുവിൽ സൂചിപ്പിക്കുന്നുണ്ട്.

## 4.2 ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടും സമാനസ്ഥാപനങ്ങളും

കേന്ദ്രതലത്തിൽ തയ്യാറാക്കപ്പെട്ട ഒരു പദ്ധതിയുടെ ഭാഗമാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എന്നതിനാൽ അഖിലേന്ത്യാതലത്തിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടും മൊത്തം പദ്ധതിയും എങ്ങനെ വിലയിരുത്തപ്പെട്ടു എന്ന് പരിശോധിക്കുക പ്രധാനമാണ്.

ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെയും മൊത്തം പ്രവർത്തനങ്ങളുടെയും കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളിലെ സ്ഥാപനങ്ങളുടെ മുന്നിലായിരുന്നു കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.[1] ഇക്കാര്യം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർമാർ എഴുതിയ കുറിപ്പുകളിലും കാണാം (ഉമ്മർകുട്ടി, "മാധ്യമപ്രശ്നം വീണ്ടും" 196; തമ്പാൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് : പിന്നിട്ട 30 വർഷം– നേട്ടങ്ങളുടെ പരമ്പര 1).

ഹിന്ദിക്ക് കൂടുതൽ ഫണ്ടും കൂടുതൽ സ്ഥാപനങ്ങളും ഉണ്ടായിരുന്നെങ്കിലും മലയാളത്തിൽ 865 പുസ്തകങ്ങൾ തയ്യാറാക്കിയിരുന്ന വേളയിൽ ഹിന്ദിയിലുള്ള പത്ത് സ്ഥാപനങ്ങളും കൂടി 1660 പുസ്തകങ്ങളേ പുറത്തിറക്കിയിരുന്നുള്ളൂ എന്ന് ഗുപ്തൻ നായർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. പുസ്തകനിർമാണത്തിന്റെ കണക്കുകൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിപ്പോർട്ടുകളിൽ സാധാരണയായി കണ്ടുവരാറുള്ളത് പുതിയ പതിപ്പുകളുടെ എണ്ണം കൂടി ചേർത്താണ്. എന്നാൽ, 'മറ്റു പല സർക്കാർ സ്ഥാപനങ്ങളിലും പുസ്തകങ്ങളുടെ പുറപ്പാട് ഗജപ്രസവം പോലെ അപൂർവമായിരുന്നപ്പോൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അജപ്രസവം തന്നെ നടത്തി! ഇന്ത്യയിൽ ഏറ്റവും നന്നായി പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ടുകളിലൊന്ന് എന്ന പ്രശസ്തിയും നേടി' ("ശാസ്ത്രവും ഭാരതീയ ഭാഷകളും"388) എന്ന നിരീക്ഷണം ഒന്നാം പതിപ്പുകളെ മാത്രം കണക്കിലെടുത്തുകൊണ്ടാണ് (ലേഖനത്തിൽ കൊടുത്ത പട്ടികയിൽ വിശദാംശങ്ങൾ വ്യക്തമാക്കിയിട്ടില്ലെങ്കിലും) എന്നാണ് കരുതേണ്ടത്. ഗുപ്തൻ നായരുടെ ലേഖനത്തിൽ കൊടുത്ത ഇന്ത്യൻ ഭാഷകളിലെ പുസ്തകനിർമാണത്തെക്കുറിച്ചുള്ള പട്ടിക (4.1)ചുവടെ ചേർക്കുന്നു. ലേഖനത്തിൽ പട്ടികയുടെ സ്രോതസ്സ് വ്യക്തമാക്കിയിരുന്നില്ല. അതിൽ കാണിച്ച സ്ഥാപനനാമങ്ങളിൽ ചെറിയ വ്യത്യാസം കാണുന്നുമുണ്ട്. സ്ഥാപനങ്ങളുടെ എണ്ണത്തിലുള്ള വ്യത്യാസം ഒരുപക്ഷേ, പിന്നീട് ഈ രംഗത്തേക്ക് കടന്നുവന്ന സ്ഥാപനങ്ങൾ ഉൾപ്പെടുന്നതാവാം.

| നമ്പർ | സ്ഥാപനം | നിർമിച്ച പുസ്തകങ്ങൾ |
|---|---|---|
| 1 | മധ്യപ്രദേശ് ഹിന്ദി ഗ്രന്ഥ് അക്കാദമി | 380 |
| 2 | രാജസ്ഥാൻ ഹിന്ദി ഗ്രന്ഥ് അക്കാദമി | 306 |
| 3 | ഉത്തരപ്രദേശ് ഹിന്ദി സംസ്ഥാൻ | 269 |
| 4 | ബീഹാർ ഹിന്ദി ഗ്രന്ഥ് അക്കാദമി | 275 |
| 5 | ഹരിയാന ഹിന്ദി ഗ്രന്ഥ് അക്കാദമി | 96 |
| 6 | പന്ത്നഗർ കൃഷി വിശ്വവിദ്യാലയ് | 61 |
| 7 | ബനാറസ് ഹിന്ദു സർവകലാശാല | 56 |
| 8 | ഡൽഹി സർവകലാശാല | 53 |
| 9 | ഹിസാർ കാർഷിക സർവകലാശാല | 1 |
| 10 | സി.എസ്.ടി.ടി. | 193 |
| 11 | അസം യൂണിവേഴ്സിറ്റി ടെക്സ്റ്റ്ബുക്ക് കമ്മിറ്റി | 525 |
| 12 | വെസ്റ്റ് ബംഗാൾ ടെക്സ്റ്റ്ബുക്ക് കമ്മിറ്റി | 242 |
| 13 | ഗുജറാത്ത് യൂണിവേഴ്സിറ്റി ടെക്സ്റ്റ്ബുക്ക് ബോർഡ് | 725 |
| 14 | കന്നഡ ഇൻസ്റ്റിറ്റ്യൂട്ട് | 319 |
| 15 | കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് | 865 |
| 16 | മഹാരാഷ്ട്ര സ്റ്റേറ്റ് ലാംഗ്വേജ് ഇൻസ്റ്റിറ്റ്യൂട്ട് | 324 |
| 17 | ഒറീസാ സ്റ്റേറ്റ് ലാംഗ്വേജ് ഇൻസ്റ്റിറ്റ്യൂട്ട് (ഒറിയ) | 368 |
| 18 | പഞ്ചാബ് സ്റ്റേറ്റ് യൂണിവേഴ്സിറ്റി ടെക്സ്റ്റ് ബുക്ക് ബോർഡ് | 137 |
| 19 | തമിഴ് അക്കാദമി | 864 |
| 20 | ആന്ധ്രാപ്രദേശ് ടെക്സ്റ്റ്ബുക്ക് കമ്മിറ്റി | 602 |
| | **ആകെ** | **6661** |

പട്ടിക 4.1: കേന്ദ്ര പദ്ധതി പ്രകാരം ഇരുപത് വർഷങ്ങൾ കൊണ്ട് ഇന്ത്യൻ ഭാഷകളിൽ നിർമിക്കപ്പെട്ട വൈജ്ഞാനികഗ്രന്ഥങ്ങളുടെ എണ്ണം.

ഈ കണക്ക് അനുസരിച്ച് തമിഴ്നാട് ആണ് പുസ്തകങ്ങളുടെ എണ്ണത്തിൽ കേരളത്തോടൊപ്പം പ്രവർത്തിച്ചത്. പുറകെ ഗുജറാത്തും. എന്നാൽ തമിഴ്നാടും ഗുജറാത്തും

ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിട്ടുള്ളതുപോലെ ബൃഹത്തും സമഗ്രവുമായ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടില്ല (ഉമ്മർകുട്ടി, "വളർച്ചയുടെ ഒൻപതു വർഷങ്ങൾ" 820). ഇടത്തരം പാഠപുസ്തകങ്ങളുടെ പ്രസിദ്ധീകരണത്തിലാണ് അവർ ശ്രദ്ധ കേന്ദ്രീകരിച്ചത്.

ഇരുപതു കൊല്ലക്കാലയളവിനുള്ളിൽ ആറായിരത്തി അറുന്നൂറിൽപ്പരം വൈജ്ഞാനിക പുസ്തകങ്ങളാണ് ഇന്ത്യൻ ഭാഷകളിൽ പ്രത്യേകപദ്ധതി പ്രകാരം ഉണ്ടാക്കപ്പെട്ടത്. ഏതാണ്ട് ആറുദിവസത്തിൽ ഒന്നെന്ന തോതിലാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകനിർമാണമെന്ന് ദശവാർഷികാഘോഷങ്ങളുടെ ഭാഗമായി എഴുതിയ 'തിരിഞ്ഞുനോക്കുമ്പോൾ' എന്ന *വിജ്ഞാനകൈരളി* മുഖക്കുറിപ്പിൽ അന്നത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ രേഖപ്പെടുത്തുന്നുണ്ട്. പ്രതിവർഷം മുന്നൂറ് പുസ്തകങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കുമ്പോൾ മറ്റു സംസ്ഥാനങ്ങളിൽ പരമാവധി ഇരുപത്തിയഞ്ച് പുസ്തകങ്ങളാണ് പുറത്തിറക്കുന്നതെന്നും അദ്ദേഹം പറയുന്നു.

1987 ലെ ദയാൽ കമ്മിറ്റി, 2015 ലെ കൊൽഹാക്കർ കമ്മിറ്റി എന്നിവ ഇൻസ്റ്റിറ്റ്യൂട്ടിനെ അഖിലേന്ത്യാതലത്തിൽ മികച്ച സ്ഥാപനമായി അംഗീകരിച്ചതായി പറയുന്നുണ്ടെങ്കിലും അവയുടെ റിപ്പോർട്ടുകൾ ലഭ്യമല്ല. കൊൽഹാക്കർ കമ്മിറ്റിയുടെ കണ്ടെത്തലിനെത്തുടർന്ന് ഇതര സംസ്ഥാനങ്ങളിലെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും മാർഗനിർദേശം നൽകുന്നതിനുമുള്ള കൺസോർഷ്യമായി ഇൻസ്റ്റിറ്റ്യൂട്ടിനെ സി.എസ്.ടി.ടി. നിയോഗിച്ചിരുന്നതായും തമ്പാൻ രേഖപ്പെടുത്തുന്നു. എന്നാൽ ഇത് മുന്നോട്ടുപോയില്ല.

ഇൻസ്റ്റിറ്റ്യൂട്ടിനൊപ്പം ആന്ധ്രാപ്രദേശിൽ പ്രവർത്തനമാരംഭിച്ച തെലുഗു അക്കാദമിയെക്കുറിച്ചാണ് കുറച്ചുവിവരങ്ങൾ ലഭ്യമായത്. അക്കാദമിക്ക് മൂന്ന് വിഭാഗങ്ങളാണുണ്ടായിരുന്നത്. 1–ഗവേഷണവും സർവെയും, 2–അധ്യാപനവും പരിശീലനവും (Teaching and Training), 3–പ്രസിദ്ധീകരണം. സാമൂഹികഭാഷാശാസ്ത്ര സർവെയുടെ നടത്തിപ്പും നിഘണ്ടു, പദാവലികൾ തുടങ്ങിയവയുടെ നിർമാണവുമായിരുന്നു ഒന്നാമത്തെ വകുപ്പിന്റെ പ്രധാന ചുമതലകൾ. തെലുങ്കുഭാഷകരല്ലാത്ത ഉദ്യോഗസ്ഥർക്കുള്ള പരിശീലനം, അധ്യയനമാധ്യമമാറ്റത്തിന് അനുഗുണമായ ഓറിയന്റേഷൻ പ്രോഗ്രാമുകളുടെ നടത്തിപ്പ്, കോഴ്സുകൾക്കുള്ള വിഭവങ്ങൾ തയ്യാറാക്കൽ തുടങ്ങിയവയായിരുന്നു രണ്ടാമത്തെ വിഭാഗത്തിൽ അർപ്പിതമായത്. ഇന്റർമീഡിയറ്റു തുടങ്ങി ബിരുദാനന്തരബിരുദംവരെയുള്ള പാഠപുസ്തകങ്ങളുടെ നിർമാണമായിരുന്നു പ്രസിദ്ധീകരണവിഭാഗത്തിന്റെ ചുമതല. അക്കാദമികവിഭാഗത്തിനും ഭരണവിഭാഗത്തിനും വെവ്വേറെ സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ ഉണ്ടായിരുന്നു എന്നതാണ് കേരളത്തിൽനിന്നുള്ള മറ്റൊരു

വ്യത്യാസം. വർധിച്ച തോതിലുള്ള ഉദ്യോഗസ്ഥവൽക്കരണം തെലുഗു അക്കാദമിയുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിരുന്നു. ആരംഭം തൊട്ട് 1998 മാർച്ച് വരെ പുനഃപ്രസിദ്ധീകരണം ഉൾപ്പെടെ, ഇന്റർമീഡിയറ്റ് തലം 315, ബിരുദതലം 661, ബിരുദാനന്തരതലം 78, മറ്റുള്ളവ 412 എന്നിങ്ങനെ 1466 പുസ്തകങ്ങളാണ് തെലുഗു അക്കാദമി പ്രസിദ്ധീകരിച്ചത്. 1999 മുതൽ ഇന്റർമീഡിയറ്റ്തലത്തിൽ ഇംഗ്ലീഷ്മാധ്യമവിദ്യാഭ്യാസത്തിനുള്ള പുസ്തകങ്ങൾക്കൂടി നിർമിക്കാൻ തെലുഗു അക്കാദമി തുടക്കമിട്ടു. ദിശാബോധം നഷ്ടപ്പെട്ടതിനു പുറമേ ഫണ്ടുകളുടെ ദൗർലഭ്യം, മാനവവിഭവശേഷിയിലുള്ള ശോഷണം എന്നിവയെല്ലാം തെലുഗു അക്കാദമിയുടെ പ്രവർത്തനങ്ങൾക്കുള്ള വിലങ്ങുതടിയാണ് (Reddy 280).

പുസ്തകങ്ങളുടെ എണ്ണത്തിൽ തമിഴ്നാട് മുന്നിട്ടുനിന്നിരുന്നെങ്കിലും അവർക്ക് അവരുടേതായ വഴികളായിരുന്നു. 1961 ൽ രൂപംകൊണ്ട തമിഴ്നാട് ടെക്സ്റ്റ്ബുക്ക് സൊസൈറ്റിയെയാണ് (തമിഴ്നാട് ടെക്സ്റ്റ്ബുക്ക് കോർപ്പറേഷൻ എന്നും അറിയപ്പെട്ടിരുന്നു) അവിടത്തെ സംസ്ഥാന സർക്കാർ ഈ ചുമതല ഏൽപ്പിച്ചിരുന്നത്. ഇപ്പോഴിത് തമിഴ്നാട് ടെക്സ്റ്റുബുക്ക് ആന്റ് എഡ്യുക്കേഷണൽ സർവീസസ് കോർപ്പറേഷൻ (TNTBESC) എന്ന പേരിലാണ് അറിയപ്പെടുന്നത്. മുപ്പത്തിരണ്ട് വിഷയങ്ങളിലായി ഉന്നതവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട 1016 പുസ്തകങ്ങൾ ഇതുവരെ പ്രസിദ്ധീകരിച്ചതായാണ് അവരുടെ വെബ്സൈറ്റിൽനിന്ന് (Tamil Nadu Text Book and Educational Services Corporation) മനസ്സിലാക്കാൻ കഴിയുന്നത്. എന്നാൽ, പുസ്തകനിർമാണത്തിനായി ഒരു കോടി രൂപയുടെ ഫണ്ട് ലഭിച്ച കാര്യമൊന്നും എവിടെയും സൂചിപ്പിച്ചുകാണുന്നില്ല.

1978ൽ ചേർന്ന ഡയറക്ടർമാരുടെ അഖിലേന്ത്യാസമ്മേളനത്തിൽ,'ബുക്ക് ബോർഡുകളുടെയും ഗ്രന്ഥ അക്കാദമികളുടെയും പ്രവർത്തനങ്ങളുടെ ഭാവിയെക്കുറിച്ചുള്ള ആലോചന' എന്ന അജണ്ടയിലെ ഏഴാം ഇനത്തിലെ അവലോകനത്തിൽ, ചില സ്ഥാപനങ്ങളുടെ എട്ടുവർഷത്തെ പ്രവർത്തനം തൃപ്തികരമാണെന്ന് കരുതാനാവില്ല എന്ന് വിലയിരുത്തുന്നുണ്ട്. പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ എണ്ണം, അംഗീകരിക്കപ്പെട്ട പുസ്തകങ്ങളുടെ എണ്ണം, നടത്തിപ്പിനും പ്രസിദ്ധീകരണത്തിനും വേണ്ടിവന്ന ഏറ്റവും ഉയർന്ന ചെലവ്, സാമൂഹികവും സാമ്പത്തികവുമായ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിക്ഷേപത്തിന്റെ ഇൻപുട്ട്-ഔട്ട്പുട്ട് സ്ഥാനം എന്നീ ഘടകങ്ങളെ മുൻനിർത്തിയാണ് ഈ വിലയിരുത്തൽ നടത്തിയത്. അഖിലേന്ത്യാതലത്തിൽ പദ്ധതിയുടെ നടത്തിപ്പിൽ വന്ന പോരായ്മകളെ താഴെ പറയുംപ്രകാരം സംഗ്രഹിക്കുകയുണ്ടായി. ഈ വിലയിരു

ത്തലുകൾ പൂർണമായും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളിൽ നിഴലിക്കുന്നില്ല. എങ്കിലും പൊതുവായ ദൗർബല്യങ്ങൾ ഉണ്ടെന്നുകാണാം.

- സമഗ്രമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ നികത്തേണ്ട വിടവുകളെക്കുറിച്ചുള്ള ധാരണ രൂപീകരിച്ചുകൊണ്ടല്ല ചില പുസ്തകങ്ങളെങ്കിലും നിർമിച്ചത്.

- മാധ്യമമാറ്റത്തെ സഹായിക്കുന്നതിന് ആവശ്യമല്ലാത്ത, സാഹിത്യവുമായി ബന്ധപ്പെട്ട ചില പുസ്തകങ്ങൾ നിർമിക്കപ്പെട്ടു.

- വിദേശപുസ്തകങ്ങളുടെ പരിഭാഷ വലിയതോതിൽ നടത്തിയെങ്കിലും ചിലതെല്ലാം ഏറ്റവും പുതിയ പതിപ്പിനെ പ്രയോജനപ്പെടുത്താതെ ആയിരുന്നു.

- ഒരേ വിഷയത്തിൽ ഒന്നിലധികം പുസ്തകം ഒരേ സ്ഥാപനംതന്നെ നിർമിച്ചു.

- ഒട്ടേറെ സർവകലാശാലകൾക്ക് പൊതുവായി സ്വീകാര്യമാവുമായിരുന്ന പുസ്തകങ്ങളുടെ രൂപരേഖ മുൻകൂട്ടി തയ്യാറാക്കാൻ കഴിഞ്ഞില്ല.

- മൗലികകൃതികൾ എഴുതിക്കുന്നതിലേക്ക് ഏറ്റവും മികച്ച പ്രതിഭകളെ പ്രയോജനപ്പെടുത്താൻ കഴിഞ്ഞില്ല.

- ഇൻസ്റ്റിറ്റ്യൂട്ട്/ ഗ്രന്ഥ അക്കാദമി/ ബുക്ക് ബോർഡുകൾ എന്നിവയുടെ ഭരണസമിതിയിൽ വൈസ് ചാൻസലർമാർ അംഗങ്ങളായിരുന്നെങ്കിലും പദ്ധതി നടത്തിപ്പിൽ അവരുടെ സക്രിയമായ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിൽ പരാജയപ്പെട്ടു.

- ദൈനംദിന നടത്തിപ്പിൽ സംസ്ഥാനസർക്കാരുകളുടെയും സർവകലാശാലകളുടെയും സഹകരണം ഉറപ്പുവരുത്തുന്നതിന് ഭരണപരമായ പ്രശ്നങ്ങളും നേരിട്ടു.

- നാലാം പദ്ധതിയിൽ ചെലവഴിക്കാൻ കഴിയാതെവന്ന തുക അഞ്ചാം പദ്ധതിക്കാലത്ത് ഉപയോഗിക്കാൻ അനുവദിച്ച് രണ്ടുവർഷം പിന്നിട്ടെങ്കിലും 862 കോടി രൂപ മാത്രമേ ഇതുവരെ ചെലവഴിക്കാൻ കഴിഞ്ഞുള്ളൂ.

- ചില സ്ഥാപനങ്ങൾക്ക് അവരുടെ ഭരണപരമായ ചെലവുകൾ അനുവദിക്കപ്പെട്ടിരുന്ന അഞ്ച് ശതമാന പരിധിക്കുള്ളിൽ ഒതുക്കാൻ കഴിഞ്ഞില്ല.

- ചെലവഴിക്കുന്ന തുകയ്ക്കനുസരിച്ച് പുസ്തകരൂപത്തിൽ മൂലധനം സൃഷ്ടിക്കുന്നതിൽ വീഴ്ച സംഭവിക്കുകയും നിർമിച്ച പുസ്തകങ്ങൾ യഥാസമയം വിറ്റഴിക്കാൻ കഴിയാതെ

വരികയും ചെയ്തതിനാൽ പദ്ധതിയുടെ സാമ്പത്തികനേട്ടം ലക്ഷ്യമിട്ടതുപോലെ നടന്നില്ല.

- പുസ്തകങ്ങൾ സർവകലാശാലകളാൽ വേണ്ടത്ര അംഗീകരിക്കപ്പെടാത്തതിനാൽ അവ വിദ്യാർത്ഥിസമൂഹത്തിലേക്ക് എത്തിയില്ല. പദ്ധതിയിൽനിന്ന് ലഭിക്കേണ്ട സാമൂഹികനേട്ടം കുറയാൻ ഇത് ഇടയാക്കി. ("Notes on Item no. 7 of The Agenda")

ഗൗരവമേറിയ ചില നിരീക്ഷണങ്ങളാണ് ചർച്ചാക്കുറിപ്പിലൂടെ മുന്നോട്ടുവെക്കപ്പെട്ടത്. ഈ വിലയിരുത്തലുകളുടെ അടിസ്ഥാനത്തിൽ, പാർലമെന്റ് പാസാക്കിയ ഭാഷാപ്രമേയം അതിന്റെ സത്തയിൽ നടപ്പാക്കണമെങ്കിൽ പദ്ധതിയുടെ സംവിധാനങ്ങൾ ഒട്ടാകെ സർവകലാശാലകൾ പൂർണമായും പങ്കാളികളാവുന്ന തരത്തിൽ പുനസ്സംഘടിപ്പിക്കണമെന്നും അവലോകനക്കുറിപ്പ് നിർദേശിക്കുയുണ്ടായി. കേന്ദ്രാവിഷ്കൃത പദ്ധതി എന്നതിൽ നിന്ന് കേന്ദ്രപദ്ധതി എന്ന നിലയിലേക്ക് ഇതിനെ മാറ്റേണ്ടതുണ്ടെന്ന് ആസൂത്രണക്കമ്മീഷൻ നിർദേശിച്ചതായും കേന്ദ്രതലത്തിലുള്ള ഒരു പുസ്തകനിർമാണ ബോർഡ് രൂപീകരിക്കുന്നതിനെക്കുറിച്ചുള്ള ആലോചനകൾ നടന്നുവരുന്നതായും സൂചിപ്പിക്കുന്നുണ്ടെങ്കിലും അത്തരം നീക്കങ്ങൾ പിന്നീട് ഉണ്ടായില്ല.

അഖിലേന്ത്യാതലത്തിൽ സ്ഥാപനങ്ങളെ താരതമ്യം ചെയ്യുമ്പോൾ പ്രവർത്തനങ്ങളിൽ മുന്നിട്ടുനിന്നു എന്നത് ശരിയാണെങ്കിലും ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളെ സംസ്ഥാനത്തെ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ വിശദമായി പരിശോധിക്കേണ്ടതുണ്ട്. കാരണം സാക്ഷരത, വിദ്യാഭ്യാസം, പൊതുവികസന സൂചികകൾ എന്നിങ്ങനെ പല കാര്യങ്ങളിലും അഖിലേന്ത്യാസാഹചര്യങ്ങളിൽനിന്ന് വ്യത്യസ്തമായ ഒരു ചിത്രമാണ് കേരളം മുന്നോട്ടുവയ്ക്കുന്നത്. സാമൂഹികപ്രസ്ഥാനങ്ങളും ഐക്യകേരള പ്രസ്ഥാനവും ഉഴുതുമറിച്ച മണ്ണിലാണ് ഇൻസ്റ്റിറ്റ്യൂട്ട് പിറന്നുവീണത്. അവയുടെ തുടർച്ചയുടെ അംശവും അതിൽ ഉൾപ്പെട്ടിരുന്നു. അത്തരമൊരു പരിശോധനയാണ് തുടർന്നുള്ള ഭാഗത്ത്.

## 4.3 പുസ്തകപ്രസിദ്ധീകരണം

മലയാളത്തിൽ ആധുനിക വൈജ്ഞാനിക പുസ്തകങ്ങളുടെ എണ്ണത്തിൽ വലിയൊരു കുതിച്ചുചാട്ടമുണ്ടാക്കുന്നതിന് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനങ്ങൾ കാരണമായി.

എന്നാൽ, ' X അക്ഷത്തിൽ കൊല്ലവും Y അക്ഷത്തിൽ ഓരോ വർഷവും മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെടുന്ന പുസ്തകങ്ങളുടെ പേജുകളുടെയോ മുഖവിലയുടെയോ അടിസ്ഥാനത്തിൽ നോക്കിയാൽ കിട്ടുന്ന വൈജ്ഞാനികരചനകളുടെ ശതമാനവും അടയാളപ്പെടുത്തി ഒരു ഗ്രാഫ് തയ്യാറാക്കുകയാണെങ്കിൽ X അക്ഷത്തിന് ഏതാണ്ട് സമാന്തരമായി പോയിക്കൊണ്ടിരുന്ന വര 1969–70 മുതൽ കുത്തനെ മുകളിലോട്ട് കയറുന്നതുകാണാമെന്ന' (പരമേശ്വരൻ, "വിജ്ഞാനസാഹിത്യം മലയാളത്തിൽ 1968–1978" 320) നിരീക്ഷണം പൂർണമായും ശരിയാണോയെന്ന് പരിശോധിച്ചു നോക്കാൻ വഴിയില്ല. ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ പുസ്തകങ്ങളുടെ എണ്ണത്തെ അടിസ്ഥാനമാക്കി പരിശോധിച്ചപ്പോൾ സാഹിത്യേതരകൃതികളുടെ പങ്ക്, പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനപാദത്തിലെ 56.26 ശതമാനത്തിൽ നിന്ന് ഇരുപതാം നൂറ്റാണ്ടിന്റെ അവസാനപാദത്തിലേക്കെത്തുമ്പോൾ 39.17 ശതമാനത്തിലേക്ക് ഇടിയുന്നതായി അധ്യായം രണ്ടിൽ കണ്ടുകഴിഞ്ഞതാണ്. ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനത്തിന്റെ വ്യാപ്തി ശരിയായി നിർണയിക്കണമെങ്കിൽ, *മലയാളഗ്രന്ഥസൂചി*യിൽ അവലംബിച്ച സാഹിത്യം- സാഹിത്യേതരം എന്ന ദ്വന്ദ്വത്തിൽ നിന്നും വ്യത്യസ്തമായി ശാസ്ത്ര–സാമൂഹികശാസ്ത്രമേഖലകളിലെ പുസ്തകങ്ങളെ പ്രത്യേകമായി പട്ടികപ്പെടുത്തേണ്ടിവരും. അത്തരത്തിലൊരു ഡാറ്റാബേസ് ലഭ്യമല്ലെന്നത് കൃത്യമായ വിശകലനം അസാധ്യമാക്കുന്നുണ്ട്. *മലയാള ഗ്രന്ഥസൂചി*യിലെ വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്യാൻ കഴിയുംവിധം ഡിജിറ്റൈസ് ചെയ്തുകൊണ്ടുമാത്രമേ ഈ വിഷയത്തിലൊരു തീർപ്പു കൽപ്പിക്കാനാവൂ.

എന്നാൽ, വൈജ്ഞാനികപുസ്തകമേഖലയിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെയും ഇടപെടലുകൾ അനുരണനങ്ങൾ സൃഷ്ടിച്ചിട്ടുണ്ടു താനും. വൈജ്ഞാനികപുസ്തകങ്ങളുടെ കേരളീയമാതൃക നിർമിച്ചെടുക്കാൻ ഒരു പരിധിവരെയെങ്കിലും സഹായിച്ചത് സർക്കാർ മേഖലയിലെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടും ജനകീയകൂട്ടായ്മയിലെ കേരള ശാസ്ത്രസാഹിത്യ പരിഷത്തുമാണെന്ന (ശ്രീകുമാർ ഏ. ജി., *പുസ്തകങ്ങൾ നിർമിച്ച കേരളം* 107) നിരീക്ഷണം ശരിയാണ്. പിന്നീട് പല പ്രസാധകരും വൈജ്ഞാനികപുസ്തകങ്ങളുടെ പ്രസാധനത്തിലേക്ക് കടന്നുചെന്നത് ഈ അടിത്തറ നൽകിയ ബലത്തിലാണ്. എഴുപതുകളിൽ കേരളത്തിലെ വൈജ്ഞാനിക പ്രസിദ്ധീകരണരംഗത്ത് ചില പ്രത്യേകതകൾ കാണാൻ കഴിയും. പത്ത് വാല്യങ്ങളുള്ളതും അറുന്നൂറ് രൂപ മുഖവില വരുന്നതും (അന്നത്തെ വിലനിലവാരത്തിൽ ഇത് വലിയ സംഖ്യയാണ്)




ചിത്രം 4.1: 1850–1860 മുതൽ 1991–2000 വരെയുള്ള കാലയളവിൽ മലയാളത്തിൽ പുറത്തിറങ്ങിയ സാഹിത്യകൃതികളുടെയും സാഹിത്യേതരകൃതികളുടെയും എണ്ണം–താരതമ്യം.

ആയ വിശ്വവിജ്ഞാനകോശം പതിനായിരം കോപ്പിയാണ് അക്കാലത്ത് കേരളത്തിൽ ചെലവായത്. ഇരുപത് വാല്യങ്ങളുള്ളതും ആയിരത്തി ഇരുനൂറ് രൂപ മുഖവിലയുള്ളതുമായ സർവവിജ്ഞാനകോശത്തിന് പതിനെട്ടായിരം കോപ്പിയുടെ ഓർഡർ അക്കാലത്തുണ്ടായി. കേരള ശാസ്ത്രസാഹിത്യ പരിഷത്ത് കുട്ടികൾക്ക വേണ്ടി തയ്യാറാക്കിയ ശാസ്ത്രപുസ്തകങ്ങളുടെ സമ്മാനപ്പെട്ടിക്ക് പതിനായിരത്തിലധികം പ്രീ പബ്ലിക്കേഷൻ വരിക്കാർ ചേർന്നതും ബാലവിജ്ഞാനകോശം, ആരോഗ്യവിജ്ഞാനകോശം തുടങ്ങിയ പ്രസിദ്ധീകരണങ്ങൾക്ക് ആയിരക്കണക്കിന് ആവശ്യക്കാരുണ്ടായതും ഇതേ കാലത്തു തന്നെയാണ്(പരമേശ്വരൻ, “വിജ്ഞാനസാഹിത്യം മലയാളത്തിൽ 1968–1978” 316). ഈയൊരു അന്തരീക്ഷത്തിലാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകങ്ങളും പിറന്നുവീണത്. ഇവ ഏതെങ്കിലുമൊന്ന് മറ്റൊന്നിന് കാരണമായി എന്നല്ല, മറിച്ച് ഇവ പരസ്പരം പോഷിപ്പിച്ചു എന്നതാണ് പ്രധാനം.

കേവലം പുസ്തകങ്ങളുടെ എണ്ണത്തിലുള്ള വർധനവ് മാത്രമല്ല പ്രസക്തം. അതിന്റെ ഉള്ളടക്കസ്വഭാവവും പരിഗണിക്കേണ്ടതുണ്ട്. സർവകലാശാലാനിലവാരത്തിലുള്ള പുസ്തകങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമാവുന്നതിനുമുമ്പേ കാര്യമായി മലയാളത്തിൽ ഉണ്ടായിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. വിജ്ഞാനശാഖ ഏതായാലും അതിന്റെ വാഹകമാ

കാനുള്ള ശേഷി മലയാളഭാഷയ്ക്കുണ്ടെന്ന് ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ തെളിയിച്ചു എന്ന് നിസ്സംശയം വിലയിരുത്താം. ഒരുവശത്ത് ഭാഷയുടെ ശേഷി ഉയരുന്നതോടൊപ്പം മറുവശത്ത് എഴുത്തുകാരുടെ ശേഷിയിലും വളർച്ചയുണ്ടായി. ഭാഷയ്ക്ക് വഴങ്ങിക്കഴിഞ്ഞിട്ടില്ലാത്ത വിഷയങ്ങളെയും ഭാഷ വഴങ്ങിക്കഴിഞ്ഞിട്ടില്ലാത്ത എഴുത്തുകാരെയും മുൻനിർത്തിയാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗ്രന്ഥനിർമാണപരിപാടി ആരംഭിച്ചത്. അറച്ചും മടിച്ചും നിന്നവർക്ക് മലയാളത്തിൽ ഉന്നതനിലവാരമുള്ള പുസ്തകങ്ങൾ എഴുതാൻ കഴിയുമെന്ന ആത്മവിശ്വാസം കൈവന്നു. നൂറുകണക്കിന് എഴുത്തുകാരാണ് രംഗത്തുവന്നത്. പുതിയ എഴുത്തുകാരെ രംഗത്തിറക്കുന്ന ഇത്രയും വ്യാപകമായ ഒരു പദ്ധതി അതിനുമുമ്പ് മലയാളത്തിലുണ്ടായിട്ടില്ല. വൈജ്ഞാനികവിഷയങ്ങൾ മലയാളത്തിൽ അവതരിപ്പിക്കുന്നതിനുള്ള വിപുലമായ ഒരു പ്രായോഗികപരിശീലനമെന്ന് ഇതിനെ വിശേഷിപ്പിക്കാം.

സമൂഹത്തിലെ വ്യത്യസ്തശ്രേണികളെ പരിഗണിക്കാനും അവർക്ക് അനുയോജ്യമായ പുസ്തകങ്ങൾ ആസൂത്രണം ചെയ്യാനും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ആദ്യകാലത്ത് ശ്രമിക്കുകയുണ്ടായി. ഓട്ടൊമൊബൈൽ വർക്ക്ഷോപ്പ് രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളി തൊട്ട് മെക്കാനിക്കൽ എൻജിനീയറിങ്ങ് ബിരുദവിദ്യാർത്ഥിക്കുവരെയുള്ള പുസ്തകങ്ങളും, കർഷകർക്കും കർഷകത്തൊഴിലാളികൾക്കും പ്രയോജനപ്പെടുന്ന പുസ്തകങ്ങൾതൊട്ട് കാർഷികബിരുദവിദ്യാർത്ഥികൾക്കുവരെയുള്ള പുസ്തകങ്ങളും, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണങ്ങളിൽ ഇടംപിടിച്ചതായി കാണാം. പ്രീഡിഗ്രി, ബിരുദം, ബിരുദാനന്തര ബിരുദം, ബി.എഡ്, ജെ.ടി.എസ്., പോളിടെക്നിക്, ഐ.ടി.ഐ., എൻജിനീയറിങ്ങ്, ആർക്കിടെക്റ്റ്, നിയമം, വെറ്ററിനറി, ഫിഷറീസ്, കൃഷി–മൃഗസംരക്ഷണം, സഹകരണരംഗം, എച്ച്.ഡി.സി.–ജെ.ഡി.സി., പാരാ മെഡിക്കൽ, നഴ്സിംഗ്, വൈദ്യശാസ്ത്രം, നാടകപഠനം എന്നീ രംഗങ്ങളിലെ വിദ്യാർത്ഥികൾ, കൃഷി ഉദ്യോഗസ്ഥർ, സാമൂഹികവികസനരംഗങ്ങളിലെ ഗ്രാമതലപ്രവർത്തകർ, ഫിറ്റർമാർ, പ്ലംബർമാർ, വെൽഡിങ്ങ് തൊഴിലാളികൾ, സാങ്കേതിക തൊഴിലാളികൾ, ലോഹപ്പണിക്കാർ, സ്റ്റെനോഗ്രാഫർമാർ, ടൈപ്പിസ്റ്റുമാർ, സാക്ഷരതാ പ്രവർത്തകർ എന്നിങ്ങനെ വൈവിധ്യമാർന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള പുസ്തകങ്ങൾ തയ്യാറാക്കിയിരുന്നു.

സർവകലാശാലാ വിദ്യാഭ്യാസത്തിനുതകുന്ന പുസ്തകങ്ങൾ തയ്യാറാക്കുകയായിരുന്നു മുഖ്യപ്രവർത്തനമെങ്കിലും പ്രാഥമികതലത്തിലുള്ളവരെക്കൂടി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പരിഗണിച്ചിരുന്നു. ഉദാഹരണമായി, *വിളപരിപാലനം, പ്രാഥമിക കൃഷിതത്വങ്ങൾ, മണ്ണും സസ്യപോഷണവും, ഉദ്യാനകൃഷി, മൃഗസംരക്ഷണം, സസ്യസംരക്ഷണം, കാർഷികവിജ്ഞാനവ്യാപനം, ഗ്രാമവികസനം* എന്നീ പുസ്തകങ്ങൾ, സാങ്കേതികവിദ്യാ

ഭ്യാസവിഭാഗം നടത്തുന്ന കൃഷി സർട്ടിഫിക്കറ്റ് കോഴ്സ് പരീക്ഷ (KGTE), തവനൂർ റൂറൽ ഇൻസ്റ്റിറ്റ്യൂട്ടിലെ കൃഷിപഠന കോഴ്സ്, ഗ്രാമസേവക പരിശീലനങ്ങൾ, കൃഷി ഡിപ്പാർട്ട്മെന്റിലെ ഫീൽഡ്മാൻമാർക്കുള്ള പരിശീലനം തുടങ്ങിയ കോഴ്സുകൾ മലയാളത്തിലേക്ക് മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമായിരുന്നു.

ഔപചാരിക വിദ്യാഭ്യാസരംഗത്തു മാത്രമല്ല, അനൗപചാരിക വിദ്യാഭ്യാസരംഗത്തും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഇടപെടലുകൾ നടത്തിയിരുന്നു. ഔപചാരിക വിദ്യാഭ്യാസം ലഭിക്കാത്ത, എന്നാൽ വർക്ക്ഷോപ്പുകളിലും മറ്റും ജോലിയെടുത്ത് വിദഗ്ധതൊഴിലാളികളായി മാറിയവരെ ലക്ഷ്യമിട്ടുള്ള സാങ്കേതികപാഠ പരമ്പരയും തയ്യാറാക്കിയതായി കാണാം. കൃഷി, മൃഗസംരക്ഷണം, ശിശുപരിപാലനം, ഗൃഹശാസ്ത്രം, പൗരധർമം മുതലായ രംഗങ്ങളിലുള്ള ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഇടപെടലുകൾ സക്രിയമായിരുന്നു.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ കടന്നുചെന്ന വിഷയമേഖലകളുടെ വൈപുല്യമാണ് പരിഗണിക്കേണ്ട മറ്റൊരു കാര്യം. മുപ്പത്തിമൂന്ന് മേഖലകൾ കണ്ടെത്തി അവയിൽ പുസ്തകങ്ങൾ ആസൂത്രണം ചെയ്യുന്ന രീതി അവലംബിച്ചതിനാൽ വിപുലമായൊരു ചട്ടക്കൂട് രൂപപ്പെടുകയുണ്ടായി. ഈ മേഖലകളിലോരോന്നിലും വിഷയത്തെ സമഗ്രമായി സമീപിച്ചുകൊണ്ടാണ് ആവശ്യമായ പുസ്തകങ്ങളെ പട്ടികപ്പെടുത്തിയത്. ഉദാഹരണമായി സസ്യശാസ്ത്രമേഖലയിൽ ആസൂത്രണം ചെയ്ത് പുറത്തിറക്കിയ പുസ്തകങ്ങളുടെ പേരുകൾ പരിശോധിക്കാം. *സസ്യവർഗീകരണതത്വങ്ങൾ, അനാവൃതബീജികൾ, കോശം, സസ്യപരിസ്ഥിതി വിജ്ഞാനം, സസ്യഫിസിയോളജി, പുഷ്പവും ഫലവും, സസ്യ അനാറ്റമി, ബ്രയോഫൈറ്റ, ഫോസിൽ സസ്യശാസ്ത്രം, സസ്യലോകം, ആവൃതബീജികളുടെ രൂപവിജ്ഞാനം, സൈദ്ധാന്തിക സസ്യശാസ്ത്രം, ഫോസിൽ സസ്യശാസ്ത്രപ്രവേശിക, അപുഷ്പി സസ്യശാസ്ത്രം, ഔഷധസസ്യങ്ങൾ, ആവൃതബീജികളുടെ ഭ്രൂണവിജ്ഞാനം, പരാഗണത്തിന്റെ കഥ, വിഷസസ്യങ്ങൾ, സംവഹനസസ്യങ്ങളുടെ രൂപവിജ്ഞാനം, ഇരപിടിയൻ ചെടികൾ, കേരളത്തിലെ വനസസ്യങ്ങൾ, ആൽഗകൾ, സസ്യപ്രജനനം* തുടങ്ങിയവ ആ മേഖലയിലെ നവീനവിജ്ഞാനത്തിന്റെ എല്ലാ തലങ്ങളിലേക്കും വെളിച്ചംവീശുന്നവയായിരുന്നു. സിവിൽ എൻജിനീയറിങ്ങ് മേഖലയിൽ തയ്യാറാക്കിയ പുസ്തകങ്ങളുടെ പേരുകൾ *സിവിൽ എൻജിനീയറിങ്ങ്, വസ്തുബലതന്ത്രം, ജ്യാമിതീയ വരപ്പ്, ഗ്രാമപാതകൾ, ഗ്രാമ ആസൂത്രണം, കെട്ടിടവരപ്പ്, ചെലവുകുറഞ്ഞ കെട്ടിട നിർമാണം, സർവെ, അടങ്കൽ, ശുദ്ധജല വിതരണം, പാലങ്ങൾ, പ്രയുക്ത ബലതന്ത്രം, റയിൽവേ എൻജിനീയറിങ്ങ്, ജലസേചനം, ശുചീകരണ എൻജിനീയറിങ്ങ്, അണക്കെട്ടുകൾ, പദാർത്ഥപരിശോധനയും പരീക്ഷണങ്ങളും, പൂർവനിർമിത കോൺക്രീറ്റ്, എൻജിനീയറിങ്ങ് ബലതന്ത്രം, മൺബലതന്ത്രം...*

എന്നിങ്ങനെ നീളുന്നു. 'ഇത്ര വൈവിധ്യവും നിലവാരവും പുലർത്തുന്ന പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവാൻ മറ്റു സംസ്ഥാനങ്ങൾക്ക് കഴിഞ്ഞിട്ടില്ലെന്ന്' *വിജ്ഞാനകൈരളി*യിലെ ഒരു ലേഖനത്തിൽ എ.എൻ.പി ഉമ്മർകുട്ടി ("വളർച്ചയുടെ ഒൻപതു വർഷങ്ങൾ" 820) ചൂണ്ടിക്കാട്ടുന്നുണ്ട്.

നവീന വൈജ്ഞാനികമേഖലകളിലെ പുതിയ ചലനങ്ങളെപ്പോലും മലയാളത്തിലെത്തിക്കാനുള്ള ശ്രമങ്ങളാണ് നടന്നതെന്നു കാണാം. *ആവൃതബീജികളുടെ രൂപവിജ്ഞാനം, സംവഹനസസ്യങ്ങളുടെ രൂപവിജ്ഞാനം, സൈദ്ധാന്തിക സസ്യശാസ്ത്രം, പുരാജീവിവിജ്ഞാനം- അകശേരുകികൾ, പരിണാമം- പ്രക്രിയയും ഉൽപ്പന്നവും, സമുദ്രജന്തുഭൂമിശാസ്ത്രം, ചില ജൈവപ്രക്രിയകളുടെ രസതന്ത്രം, രാസബന്ധവും തന്മാത്രാജ്യാമിതിയും, അകാർബണിക രസതന്ത്രത്തിലെ സമമിതി, തന്മാത്രാ സ്പെക്ട്രോസ്കോപ്പിക്ക് ഒരു മുഖവുര, ക്വാണ്ടം ബലതന്ത്രത്തിന്റെ ഹരിശ്രീ, അണുകേന്ദ്രീയശാസ്ത്രവും റിയാക്ടറുകളും, സാംഖ്യികതാപഗതികം അടിസ്ഥാനതത്വങ്ങൾ, ഖരസ്ഥിതി ഭൗതികം, ഫെയ്ൻമാൻ പ്രസംഗങ്ങൾ* തുടങ്ങി ഒട്ടേറെ പുസ്തകങ്ങൾ പരിഭാഷവഴി മലയാളത്തിലെത്തിച്ചു. പരിഭാഷ ചെയ്യാൻ കണ്ടെത്തിയ പുസ്തകങ്ങൾ അതത് വിഷയമേഖലകളിൽ അക്കാലത്ത് ലഭ്യമായ മികച്ചതും കാലികവുമായ പുസ്തകങ്ങളായിരുന്നു എന്നു കാണാം. കാലിഫോർണിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി അഥവാ കാൾടെക്കിൽ 1961–1964 കാലത്ത് റിച്ചാർഡ് ഫെയ്ൻമാൻ നടത്തിയ ക്ലാസുകൾ ഭൗതികശാസ്ത്രവിദ്യാർത്ഥികൾക്കിടയിൽ ഏറെ പ്രസിദ്ധമാണ്. അവ ക്രോഡീകരിച്ച റിച്ചാർഡ് ഫെയ്ൻമാൻ പ്രസംഗങ്ങളുടെ ആദ്യവാല്യം 1963 ലാണ് പ്രസിദ്ധീകരിച്ചത്. 1975 ൽ അത് മലയാളഭാഷയിലേക്ക് പരിഭാഷ ചെയ്യപ്പെട്ടുവെന്നത് ചെറിയ കാര്യമല്ല.[2]

ആദ്യദശകത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുസ്തകങ്ങളെ വിവിധ തരത്തിൽ പട്ടികപ്പെടുത്തി വിശകലനം ചെയ്യാനുള്ള ശ്രമമാണ് തുടർന്നുള്ള ഭാഗങ്ങളിൽ. പഠനകാലയളവിലെ പ്രവർത്തനത്തിന്റെ ധനാത്മകവും ഋണാത്മകവുമായ വശങ്ങളെ കണ്ടെത്താൻ തൊട്ടടുത്ത ദശകത്തിൽ പ്രസിദ്ധീകരിച്ച പുസ്തകങ്ങളുമായി താരതമ്യം ചെയ്യുന്നുമുണ്ട്. 1968 അവസാനത്തിലാണ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചത് എന്നതിനാലും ആ വർഷത്തിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടില്ല എന്നതിനാലും 1969 ജനുവരി മുതൽ പത്ത് പൂർണവർഷങ്ങൾ കണക്കിലെടുക്കുന്നു. അതായത് 1978 അവസാനം വരെ പ്രസിദ്ധീകരിച്ച പുസ്തകങ്ങളാണ് ആദ്യദശകത്തിലെ കണക്കിൽ ഉൾപ്പെടുത്തുന്നത്. രണ്ടാം ദശകത്തിൽ 1979 ആദ്യം മുതൽ 1988 അവസാനംവരെയുള്ള പുസ്തകങ്ങൾ ഉൾപ്പെടും. പുസ്തകത്തിന്റെ സിൽ നമ്പർ, പുസ്തകത്തിന്റെ പേര്, രചയിതാവ്, പ്രസിദ്ധീകരണവർഷം,

പേജുകളുടെ എണ്ണം, പുസ്തകത്തിൽ സാങ്കേതികപദാവലി നൽകിയിട്ടുണ്ടോ എന്നീ വിവരങ്ങൾ പട്ടികരൂപത്തിൽ തയ്യാറാക്കി. ഇത്തരത്തിൽ വരുന്ന 1126 പുസ്തകങ്ങളിൽനിന്ന് [3] പുതിയ പതിപ്പുകൾ എന്ന നിലയിൽ പുറത്തിറക്കിയ പുസ്തകങ്ങളെ ഒഴിച്ചുനിർത്തി ഒന്നാം പതിപ്പായി പുറത്തിറക്കിയ പുസ്തകങ്ങൾ മാത്രമാണ് ഈ വിശകലനത്തിൽ ഉപയോഗിക്കുന്നത്. അതനുസരിച്ച് ആദ്യദശകത്തിൽ 527 പുസ്തകങ്ങളും രണ്ടാം ദശകത്തിൽ 331 പുസ്തകങ്ങളുമാണ് പുറത്തിറങ്ങിയത്.

| മേഖല | എണ്ണം | | | ശതമാനം | | |
|---|---|---|---|---|---|---|
| | 69–78 | 79–88 | ആകെ | 69–78 | 79–88 | ആകെ |
| കാർഷികം | 35 | 37 | 72 | 6.6 | 11.2 | 8.4 |
| മൃഗചികിത്സാശാസ്ത്രം | 10 | 6 | 16 | 1.9 | 1.8 | 1.9 |
| മെഡിക്കൽ&പാരാമെഡിക്കൽ | 12 | 7 | 19 | 2.3 | 2.1 | 2.2 |
| ജന്തുശാസ്ത്രം | 41 | 13 | 54 | 7.8 | 3.9 | 6.3 |
| സസ്യശാസ്ത്രം | 31 | 15 | 46 | 5.9 | 4.5 | 5.4 |
| വനം, പരിസ്ഥിതി | 0 | 6 | 6 | 0.0 | 1.8 | 0.7 |
| ഭൗമശാസ്ത്രം | 7 | 2 | 9 | 1.3 | 0.6 | 1.0 |
| സമുദ്രവിജ്ഞാനം&ഫിഷറീസ് | 6 | 0 | 6 | 1.1 | 0.0 | 0.7 |
| മറ്റുള്ളവ (പ്രകൃതിശാസ്ത്രം) | 1 | 1 | 2 | 0.2 | 0.3 | 0.2 |
| ഗണിതം | 30 | 17 | 47 | 5.7 | 5.1 | 5.5 |
| ഭൗതികശാസ്ത്രം | 51 | 10 | 61 | 9.7 | 3.0 | 7.1 |
| രസതന്ത്രം | 27 | 9 | 36 | 5.1 | 2.7 | 4.2 |
| ജ്യോതിശ്ശാസ്ത്രം | 6 | 2 | 8 | 1.1 | 0.6 | 0.9 |
| സ്റ്റാറ്റിസ്റ്റിക്സ് | 2 | 14 | 16 | 0.4 | 4.2 | 1.9 |
| മറ്റുള്ളവ(ഭൗതികശാസ്ത്രം) | 3 | 3 | 6 | 0.6 | 0.9 | 0.7 |
| രാസ എൻജിനീയറിങ്ങ് | 6 | 0 | 6 | 1.1 | 0.0 | 0.7 |
| സിവിൽ എൻജിനീയറിങ്ങ് | 19 | 2 | 21 | 3.6 | 0.6 | 2.4 |
| ഇലക്ട്രിക്കൽ എൻജി. | 14 | 6 | 20 | 2.7 | 1.8 | 2.3 |
| മെക്കാനിക്കൽ എൻജി. | 12 | 2 | 14 | 2.3 | 0.6 | 1.6 |
| പ്രായോഗിക എൻജി.പരമ്പര | 11 | 10 | 21 | 2.1 | 3.0 | 2.4 |

| | | | | | | |
|---|---|---|---|---|---|---|
| എൻജി. അടിസ്ഥാനങ്ങൾ | 6 | 5 | 11 | 1.1 | 1.5 | 1.3 |
| പ്രിന്റിങ്ങ് ടെക്നോളജി | 1 | 0 | 1 | 0.2 | 0.0 | 0.1 |
| ടെക്സ്റ്റൈൽ ടെക്നോളജി | 1 | 1 | 2 | 0.2 | 0.3 | 0.2 |
| ജെ.ടി.എസ്. പുസ്തകങ്ങൾ | 15 | 0 | 15 | 2.8 | 0.0 | 1.7 |
| മിലിട്ടറി സയൻസ് | 3 | 0 | 3 | 0.6 | 0.0 | 0.3 |
| ഭാഷാശാസ്ത്രം& വ്യാകരണം | 15 | 13 | 28 | 2.8 | 3.9 | 3.3 |
| സാഹിത്യം | 3 | 43 | 46 | 0.6 | 13 | 5.4 |
| ശബ്ദാവലികൾ | 13 | 0 | 13 | 2.5 | 0.0 | 1.5 |
| മറ്റുള്ളവ(ഭാഷ) | 9 | 21 | 30 | 1.7 | 6.3 | 3.5 |
| ചരിത്രം | 35 | 16 | 51 | 6.6 | 4.8 | 5.9 |
| ധനശാസ്ത്രം | 33 | 15 | 48 | 6.3 | 4.5 | 5.6 |
| വിദ്യാഭ്യാസം | 10 | 5 | 15 | 1.9 | 1.5 | 1.7 |
| സഹകരണം,ഗ്രാമവികസനം | 0 | 15 | 15 | 0 | 4.5 | 1.7 |
| നിയമം | 0 | 3 | 3 | 0 | 0.9 | 0.3 |
| മനശ്ശാസ്ത്രം | 4 | 4 | 8 | 0.8 | 1.2 | 0.9 |
| തത്വശാസ്ത്രം | 6 | 3 | 9 | 1.1 | 0.9 | 1.0 |
| രാഷ്ട്രതന്ത്രം | 13 | 8 | 21 | 2.5 | 2.4 | 2.4 |
| സോഷ്യോളജി | 4 | 1 | 5 | 0.8 | 0.3 | 0.6 |
| സാമൂഹ്യശാസ്ത്രം (പലവക) | 11 | 9 | 20 | 2.1 | 2.7 | 2.3 |
| വാണിജ്യം | 21 | 7 | 28 | 4.0 | 2.1 | 3.3 |
| **ആകെ** | **527** | **331** | **858** | **100.0** | **100.0** | **100.0** |

പട്ടിക 4.2: വിവിധ വൈജ്ഞാനികമേഖലകളിൽ 1969–78, 1979–88 ദശകങ്ങളിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ എണ്ണം താരതമ്യം

വിശകലനത്തിനായി പുസ്തകങ്ങളെ മൗലിക (Original–O)രചനകൾ, പരിഭാഷകൾ (Translation–T), പുനരാഖ്യാനം (ReTold–RT) എന്നിങ്ങനെ മൂന്ന് തരമായി തിരിച്ചിരിക്കുന്നു. പാഠപുസ്തകങ്ങൾ (Text Books–TB), അധികവായനയ്ക്കുള്ള പുസ്തകങ്ങൾ (Extra Reading–ER), റഫറൻസ് പുസ്തകങ്ങൾ (Reference Books– RB), പോപ്പുലർ പുസ്തകങ്ങൾ (Popular Books–PB) എന്നിങ്ങനെ നാല് വിഭാഗങ്ങളായി മറ്റൊരു വേർതിരിവും

നടത്തുന്നുണ്ട്. പുസ്തകം ഏത് വിഷയമേഖലയിലുള്ളതാണ് എന്നതിനെ അടിസ്ഥാനമാക്കി നാൽപ്പത് ഇനങ്ങളാക്കിയുള്ളതാണ് മറ്റൊരു അടയാളപ്പെടുത്തൽ. 1973 ലെ പുസ്തക നിർമാണ പദ്ധതിയിൽ ഉണ്ടായിരുന്ന മുപ്പത്തിമൂന്ന് വിഭാഗങ്ങളോടൊപ്പം പിൽക്കാലത്ത് രൂപപ്പെട്ട വിഷയമേഖലകൾ കൂടി ചേർത്ത് പരിഗണിച്ചതാണിത്.

അഞ്ചുവർഷംകൊണ്ട് 1339 പുസ്തകങ്ങൾ (ആദ്യ ലിസ്റ്റിൽ 740 പുസ്തകങ്ങൾ) നിർമിക്കാൻ പദ്ധതിയിട്ടെങ്കിലും ആദ്യത്തെ പത്തുവർഷത്തിനുള്ളിൽ 527 പുസ്തകങ്ങൾ പുറത്തിറക്കാനേ കഴിഞ്ഞിട്ടുള്ളൂ എന്ന് പട്ടിക 4.2 വ്യക്തമാക്കുന്നു. പദ്ധതി ആരംഭിക്കുന്നതിലും സർവകലാശാലാ നിലവാരത്തിലുള്ള പുസ്തകങ്ങൾ മാതൃഭാഷയിൽ എഴുതാൻ പ്രാപ്തിയുള്ളവരെ കണ്ടെത്തുന്നതിലുമുള്ള കാലതാമസം, സാമ്പത്തിക പ്രതിസന്ധി തുടങ്ങിയ പ്രതികൂലഘടകങ്ങൾ നേരിട്ടുകൊണ്ടാണ് ഇത്രയും പ്രവർത്തനം മുന്നോട്ടുകൊണ്ടുപോവാൻ കഴിഞ്ഞത്. അടുത്ത പത്തുവർഷങ്ങളിൽ പുതിയ പുസ്തകനിർമാണത്തിന്റെ അളവ് കുറഞ്ഞുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ആദ്യദശകത്തിലെ 527 നു പകരം 331 പുസ്തകങ്ങൾ മാത്രമേ രണ്ടാം ദശകത്തിൽ (1979–1988) പുറത്തിറങ്ങിയുള്ളൂ. അതായത്, ആദ്യദശകത്തിലെ ഉൽപ്പാദനത്തിന്റെ 62.8% മാത്രം. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉൽപ്പാദനക്ഷമത കുത്തനെയിടിഞ്ഞു എന്ന് ഇതിനർത്ഥമില്ല. പുതിയ പതിപ്പുകളെക്കൂടി കണക്കിലെടുത്താൽ 540 പുസ്തകങ്ങൾ രണ്ടാം ദശകത്തിൽ പുറത്തിറക്കിയിട്ടുണ്ട്. ആദ്യദശകത്തിൽ പുതിയ പതിപ്പുകളെന്ന നിലയിൽ 59 പുസ്തകങ്ങൾ പുറത്തിറങ്ങിയപ്പോൾ രണ്ടാം ദശകത്തിൽ അത് 209 പുസ്തകങ്ങൾ ആയിരുന്നെന്ന് കാണാം. 1978 ജനുവരി ലക്കം *വിജ്ഞാനകൈരളി*യിലെ പത്രാധിപക്കുറിപ്പ് പുസ്തകനിർമാണരംഗത്തെ അതുവരെയുള്ള നേട്ടങ്ങളെ ക്രോഡീകരിക്കുന്നത് ഇങ്ങനെയാണ്.

> ‘ഒരുകോടി രൂപ പൂർണമായും ഫലവത്തായും പ്രയോജനപ്പെടുത്താൻ ഇൻസ്റ്റിറ്റ്യൂട്ടിന് കഴിഞ്ഞിട്ടുണ്ട്. 740 പുസ്തകങ്ങൾ ലക്ഷ്യമിട്ടതിൽ 71–73 വർഷങ്ങളിലുണ്ടായ വമ്പിച്ച വിലക്കയറ്റം, പ്രസിദ്ധീകരണരംഗത്ത് പ്രകടമായ നിരവധി തടസ്സങ്ങൾ എന്നിവയൊക്കെ നേരിടേണ്ടി വന്നിട്ടും ലക്ഷ്യത്തിന്റെ 80 ശതമാനത്തിലേറെ സഫലീകരിക്കാൻ ഇൻസ്റ്റിറ്റ്യൂട്ടിന് കഴിഞ്ഞു. 530 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചുകഴിഞ്ഞു. നാല്പതോളം പുസ്തകങ്ങൾ ഇപ്പോൾ വിവിധ പ്രസ്സുകളിലുണ്ട്. അവയിൽ മുപ്പതെണ്ണമെങ്കിലും മാർച്ച് മാസത്തിനു മുമ്പ് പുറത്തുവരും.’

ആദ്യദശകത്തിലെ പുസ്തകനിർമാണത്തിൽ 51 പുസ്തകങ്ങളോടെ (ആകെ ഉൽപ്പാദനത്തിന്റെ 9.7%) ഭൗതികശാസ്ത്രം മുന്നിട്ടുനിന്നു. ജന്തുശാസ്ത്രം 41 (7.8%), കാർഷികം 35 (6.6%), ചരിത്രം 35 (6.6%), ധനശാസ്ത്രം 33 (6.3%), സസ്യശാസ്ത്രം 31 (5.9%), ഗണിതം 30 (5.7%), രസതന്ത്രം 27 (5.1%) വാണിജ്യം 21 (4%) എന്നിവയാണ് തൊട്ടടുത്തുനിൽക്കുന്ന വിഷയമേഖലകൾ. രണ്ടാം ദശകത്തിലാവട്ടെ 43 പുസ്തകങ്ങളോടെ (13%) സാഹിത്യമേഖല മുന്നിലെത്തി. കാർഷികം 37 (11.2%), മറ്റുള്ളവ (ഭാഷ) 21 (6.3%), ഗണിതം 17 (5.1%), ചരിത്രം 16 (4.8%), സസ്യശാസ്ത്രം 15 (4.5%), ധനശാസ്ത്രം 15 (4.5%) എന്നിവയായിരുന്നു മുന്നിൽനിന്ന പുസ്തകമേഖലകൾ. രണ്ടു ദശകങ്ങളേയും ഒരുമിച്ച് പരിഗണിക്കുമ്പോൾ ഇത് കാർഷികം 72 (8.4%), ഭൗതികശാസ്ത്രം 61 (7.1%), ജന്തുശാസ്ത്രം 54 (6.3%), ചരിത്രം 51 (5.9%), ധനശാസ്ത്രം 48 (5.6%), ഗണിതം 47 (5.5%), സസ്യശാസ്ത്രം 46 (5.4%), സാഹിത്യം 46 (5.4%), രസതന്ത്രം 36 (4.2%) എന്നിങ്ങനെയാണ്.

ആദ്യദശകത്തിൽ പുറത്തിറക്കിയ പുസ്തകങ്ങളിൽ പദ്ധതി പുസ്തകങ്ങൾ നാനൂറ്റിപ്പത്തും പദ്ധതിയേതരം നൂറ്റിപ്പതിനേഴും ആയിരുന്നു. രണ്ടാം ദശകത്തിൽ ഇത് അൻപത്തിയൊൻപതും ഇരുനൂറ്റി എഴുപത്തിരണ്ടും ആയി മാറുന്നതു കാണാം. അതായത് പദ്ധതിപ്രകാരം നേരത്തെ വിഭാവനംചെയ്ത പുസ്തകങ്ങളേക്കാൾ കൂടുതൽ രണ്ടാം ദശകത്തിലുണ്ടായത് പുതിയ ടൈറ്റിലുകളായിരുന്നു. രണ്ടാം ദശകവും കഴിയുന്നതോടെ 73 ലെ ലിസ്റ്റ് അപ്രസക്തമായിപ്പോവുന്നതായും കാണാം. ആദ്യദശകത്തിൽ മൊത്തം പുസ്തകനിർമാണത്തിന്റെ 77.8 ശതമാനമായിരുന്നു പദ്ധതി പുസ്തകങ്ങളെങ്കിൽ രണ്ടാം ദശകത്തിൽ അത് 22.2 ശതമാനമായി കുറഞ്ഞു. രണ്ടു ദശകങ്ങളിലുംകൂടി ഉൽപ്പാദിപ്പിച്ച 858 പുസ്തകങ്ങളിൽ 54.7 ശതമാനം പുസ്തകങ്ങൾ മാത്രമേ പദ്ധതി പുസ്തകങ്ങളായി ഉണ്ടായിരുന്നുള്ളൂ. ആകെ വിഭാവനം ചെയ്ത പുസ്തകങ്ങളെ പരിഗണിക്കുമ്പോൾ അതിന്റെ 35.02 ശതമാനം മാത്രവും.

| **ഇനം** | **എണ്ണം** | | | **ശതമാനം** | | |
|---|---|---|---|---|---|---|
| | **1969–78** | **1979–88** | **ആകെ** | **1969–78** | **1979–88** | **ആകെ** |
| പദ്ധതി | 410 | 59 | 469 | 77.8 | 17.8 | 54.7 |
| പദ്ധതിയേതരം | 117 | 272 | 389 | 22.2 | 82.2 | 45.3 |
| **ആകെ** | **527** | **331** | **858** | **100** | **100.0** | **100.0** |

പട്ടിക 4.3: 1969–78, 1979–88 ദശകങ്ങളിൽ പദ്ധതി–പദ്ധതിയേതര ഇനങ്ങളിലായി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയ പുസ്തകങ്ങൾ താരതമ്യം

കാലത്തിനനുസരിച്ചുള്ള പുതിയ ടൈറ്റിലുകളുടെ ആവശ്യം എന്നതിനുപുറമേ മറ്റെന്തെങ്കിലും കാരണം ഇതിനു പുറകിലുണ്ടാവുമോ? പദ്ധതിയനുസരിച്ചുള്ള പുസ്തകങ്ങൾ അപ്പോഴും യാഥാർത്ഥ്യമാകാതെ ഉണ്ടായിരുന്നു എന്നതിനാൽ, സർവകലാശാലകൾ പാഠപുസ്തകങ്ങളെ അംഗീകരിക്കാതെ വന്നപ്പോൾ കൂടുതൽ സാധ്യതയുള്ള മേഖലകളിലേക്ക് പതിയെ കടക്കുന്നതിന്റെ സൂചനകൂടിയാവാം ഇതെന്ന് കരുതാവുന്നതാണ്.

ഇനി, പദ്ധതി പുസ്തകങ്ങൾ എത്രമാത്രം യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞു എന്നത് പരിശോധിച്ചുനോക്കാം. മൗലികഗ്രന്ഥങ്ങൾ (843 എണ്ണം), പരിഭാഷാഗ്രന്ഥങ്ങൾ (496 എണ്ണം) എന്നിങ്ങനെ രണ്ടു ധാരകളായിരുന്നു പദ്ധതിരേഖയിലെ പുസ്തകങ്ങൾ. ആദ്യദശകത്തിലെ 527 പുസ്തകങ്ങളിൽ 311 എണ്ണം (59.0%) മൗലികരചനകളായിരുന്നു. 214 എണ്ണം പരിഭാഷകളും (40.6%) രണ്ടെണ്ണം നേരിട്ടുള്ള പരിഭാഷയല്ലാതെ പുനരാഖ്യാനം (0.4%) എന്ന് രേഖപ്പെടുത്തിയവയുമാണ്. രണ്ടാം ദശകത്തിലേക്ക് കടക്കുമ്പോൾ പരിഭാഷാ പുസ്തകങ്ങളുടെ തോത് കുറയുകയും (18.1%) മൗലികരചനകളുടെ തോത് കൂടുകയും (81.9%) ചെയ്യുന്നതായി കാണാം. പുറത്തിറങ്ങിയ പുതിയ പുസ്തകങ്ങളുടെ എണ്ണത്തിൽ രണ്ടാം ദശകത്തിൽ കുറവു വരുന്നുണ്ടെങ്കിലും മൗലികരചനകളുടെ തോതിൽ ഉണ്ടായി വരുന്ന ഈ മാറ്റം ശ്രദ്ധേയമായിരുന്നു.

| തരം | എണ്ണം | | | ശതമാനം | | |
|---|---|---|---|---|---|---|
| | 69–78 | 79–88 | ആകെ | 69–78 | 79–88 | ആകെ |
| മൗലികം | 311 | 271 | 582 | 59.0 | 81.9 | 67.8 |
| പരിഭാഷ | 214 | 60 | 274 | 40.6 | 18.1 | 31.9 |
| പുനരാഖ്യാനം | 2 | 0 | 2 | 0.4 | 0.0 | 0.2 |
| **ആകെ** | **527** | **331** | **858** | **100.0** | **100.0** | **100.0** |

പട്ടിക 4.4: 1969–78, 1979–88 ദശകങ്ങളിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയ പുസ്തകങ്ങളിലെ മൗലികഗ്രന്ഥങ്ങൾ, പരിഭാഷാ ഗ്രന്ഥങ്ങൾ, പുനരാഖ്യാനം എന്നിവ തമ്മിലുള്ള അനുപാതം

പാഠപുസ്തകങ്ങൾ, അധികവായനയ്ക്കുള്ള പുസ്തകങ്ങൾ, റഫറൻസ് പുസ്തകങ്ങൾ, പോപ്പുലർ പുസ്തകങ്ങൾ എന്നിവ തമ്മിലുള്ള ചേരുവ ഒന്നാം ദശകത്തിൽ TB 33.8%, ER 43.8%, RB 7.4%, PB 15.0% എന്നിങ്ങനെയായിരുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട പാഠപുസ്തകങ്ങൾ, അധികവായനയ്ക്കുള്ള പുസ്തകങ്ങൾ, റഫറൻസ് പുസ്തകങ്ങൾ എന്നിവയായിരുന്നു 85 ശതമാനവും. എന്നാൽ രണ്ടാം ദശക

ത്തിൽ ഈ ഊന്നൽ നഷ്ടപ്പെടുകയും ആകെ പുസ്തകങ്ങളുടെ 40.2 ശതമാനവും പോപ്പുലർ പുസ്തകങ്ങളായി മാറുകയും ചെയ്തു. ഇന്ന് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങളിൽ കാണുന്ന പോപ്പുലർ പുസ്തകങ്ങളിലേക്കുള്ള വ്യതിയാനം രണ്ടാം ദശകത്തിൽതന്നെ ആരംഭിച്ചതായി വേണം കണക്കാക്കാൻ.

| വിഭാഗം | എണ്ണം | | | ശതമാനം | | |
|---|---|---|---|---|---|---|
| | 69–78 | 79–88 | ആകെ | 69–78 | 79–88 | ആകെ |
| പാഠപുസ്തകങ്ങൾ | 178 | 72 | 250 | 33.8 | 21.8 | 29.1 |
| അധികവായനാ പുസ്തകങ്ങൾ | 231 | 110 | 341 | 43.8 | 33.2 | 39.7 |
| റഫറൻസ് പുസ്തകങ്ങൾ | 39 | 16 | 55 | 7.4 | 4.8 | 6.4 |
| പോപ്പുലർ പുസ്തകങ്ങൾ | 79 | 133 | 212 | 15.0 | 40.2 | 24.7 |
| **ആകെ** | **527** | **331** | **858** | **100.0** | **100.0** | **100.0** |

പട്ടിക 4.5: 1969–78, 1979–88 ദശകങ്ങളിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയ പുസ്തകങ്ങൾ അവയുടെ ഉള്ളടക്കസ്വഭാവം അനുസരിച്ച്

| മേഖല | എണ്ണം | | | ശതമാനം | | |
|---|---|---|---|---|---|---|
| | 69–78 | 79–88 | ആകെ | 69–78 | 79–88 | ആകെ |
| പ്രകൃതിശാസ്ത്രങ്ങൾ | 143 | 87 | 230 | 27.1 | 26.3 | 26.8 |
| ഭൗതികശാസ്ത്രങ്ങൾ | 119 | 55 | 174 | 22.6 | 16.6 | 20.3 |
| സാങ്കേതികശാസ്ത്രങ്ങൾ | 88 | 26 | 114 | 16.7 | 7.9 | 13.3 |
| ഭാഷ,സാഹിത്യം,കല | 40 | 77 | 117 | 7.6 | 23.3 | 13.6 |
| സാമൂഹികശാസ്ത്രങ്ങൾ | 137 | 86 | 223 | 26.0 | 26.0 | 26.0 |
| **ആകെ** | **527** | **331** | **858** | **100.0** | **100.0** | **100.0** |

പട്ടിക 4.6: 1969–78, 1979–88 ദശകങ്ങളിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയ പുസ്തകങ്ങൾ ഇൻസ്റ്റിറ്റ്യൂട്ടിലെ അക്കാദമികവിഭാഗങ്ങൾ അനുസരിച്ച്

വിഷയമേഖല മുൻനിർത്തി പരിശോധിച്ചാലും ഈ വ്യതിയാനം വ്യക്തമാണ്. പട്ടിക 4.2 നെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ അക്കാദമികവിഭാഗങ്ങളിലേക്ക് ക്രോഡീകരിച്ചാൽ ആദ്യ ദശകത്തിലെ പുസ്തകനിർമാണം പ്രകൃതിശാസ്ത്രങ്ങൾ 27.1%, ഭൗതികശാസ്ത്രങ്ങൾ 22.6%, സാങ്കേതികശാസ്ത്രങ്ങൾ 16.7%, സാമൂഹികശാസ്ത്രങ്ങൾ 26.0%, ഭാഷ 7.6% എന്നിങ്ങനെയാണെന്നു കാണാം. വിവിധ വിഷയമേഖലകളിൽ തയ്യാറാക്കിയ ശബ്ദാവലികൾ

ഉൾപ്പെടെയാണ് ഭാഷാവിഭാഗത്തിലെ പുസ്തകങ്ങൾ എന്നുകൂടി കാണേണ്ടതുണ്ട്. ഭാഷയുടെ വൈജ്ഞാനികതല വളർച്ച ലക്ഷ്യമിട്ടതിനാൽ ശാസ്ത്ര–സാങ്കേതികശാസ്ത്ര, സാമൂഹികശാസ്ത്ര മേഖലകളിലെ പുസ്തകങ്ങളായിരുന്നു ഏതാണ്ട് 95 ശതമാനത്തിലേറെയും. ഭാഷാമേഖലയിൽ വന്ന പുസ്തകങ്ങൾതന്നെ ഭാഷാശാസ്ത്രം, വ്യാകരണം എന്നിവയെ മുൻനിർത്തിയവയുമായിരുന്നു. എന്നാൽ രണ്ടാം ദശകത്തോടെ സാഹിത്യപുസ്തകങ്ങൾ കടന്നുവന്നു. ഇതോടൊപ്പം ഭാഷ–സാഹിത്യ മേഖലയിലുള്ള പുസ്തകങ്ങളുടെ ചേരുവ 7.6 ശതമാനത്തിൽ നിന്ന് 23.3 ശതമാനത്തിലേക്ക് വർധിക്കുകയും മറ്റു മേഖലകളിലെ പുസ്തകങ്ങളുടെ അളവ് കുറഞ്ഞുവരികയും ചെയ്തു. സാമൂഹികശാസ്ത്ര മേഖലയാണ് ഇതിന് അപവാദം. സാമൂഹികശാസ്ത്രമേഖലയിലെ പുസ്തകങ്ങൾ ഒന്നാം ദശകത്തിലും രണ്ടാം ദശകത്തിലും ആകെ പുസ്തകങ്ങളുടെ 26 ശതമാനമായി നിലകൊണ്ടു. പട്ടിക 4.6 ഇക്കാര്യം വ്യക്തമാക്കുന്നു.

ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ അവയുടെ നിർമാണത്തിന്റെ പാറ്റേൺ അനുസരിച്ച് ഒരുപോലെ ഉള്ളവയല്ല. ഭൂരിപക്ഷം പുസ്തകങ്ങളും ഡിമൈ $\frac{1}{8}$ വലിപ്പത്തിലുള്ളവയാണെങ്കിലും ക്രൗൺ $\frac{1}{4}$, റോയൽ സൈസ്, ഡിമൈ $\frac{1}{4}$ തുടങ്ങിയ വിവിധ രൂപങ്ങളിലുള്ള പുസ്തകങ്ങളുമുണ്ട്. വലിപ്പത്തിൽ ഐകരൂപ്യം ഇല്ലെന്നതിനാൽ കേവലമായി പേജുകളുടെ എണ്ണം മാത്രം കണക്കിലെടുത്ത് അവലോകനം ചെയ്യുന്നതിൽ പോരായ്മകളുണ്ട്. എങ്കിലും ഏകദേശരൂപം ലഭിക്കാൻ വേണ്ടിമാത്രം പുസ്തകവലിപ്പം പരിശോധനാവിധേയമാക്കുകയുണ്ടായി. ശരാശരി പേജുകൾ ആദ്യദശകത്തിൽ 313 ആയിരുന്നത് രണ്ടാം ദശകത്തിൽ 257 പേജുകളായി മാറുന്നുണ്ട്. വലിയ പുസ്തകങ്ങളിൽനിന്നുള്ള പിന്മടക്കമാണ് ഇത് സൂചിപ്പിക്കുന്നത്. *സമുദ്രങ്ങൾ–ഭാഗം 1, സമുദ്രങ്ങൾ–ഭാഗം 2, സൈദ്ധാന്തിക സസ്യശാസ്ത്രം, ഫെയ്ൻമാൻ പ്രസംഗങ്ങൾ–ഭാഗം 1, ലോകനാഗരികതയുടെ ചരിത്രം, കാർഷികവിളകൾ,* തുടങ്ങിയ ഒന്നാം ദശകത്തിലെ പുസ്തകങ്ങൾ ആയിരം പേജുകളിൽ കൂടുതലുള്ളവയാണ്. എണ്ണൂറിനും ആയിരത്തിനും ഇടയിൽ പേജുകളുള്ള, *അപുഷ്പി സസ്യശാസ്ത്രം–ഭാഗം 1, ജനിതക തത്വങ്ങൾ, ഉപരിഗണിതപദ്ധതി, കണക്കെഴുത്തും ഗണനശാസ്ത്രവും, ധനശാസ്ത്രം– ഭാഗം രണ്ട്, മനശ്ശാസ്ത്രം വിദ്യാഭ്യാസത്തിൽ, ക്രിസ്തുദർശനം, സാംഖ്യികം ധനശാസ്ത്രത്തിൽ, അടിസ്ഥാനഭൗതികം സർവകലാശാലകൾക്ക്–ഭാഗം 2, അടിസ്ഥാനഭൗതികം സർവകലാശാലകൾക്ക്–ഭാഗം 3, താപം, ജന്തുരോഗങ്ങൾ, ഷട്പദങ്ങൾ– പ്രയോജനകാരികളും നാശകാരികളും, സസ്യപരിസ്ഥിതി വിജ്ഞാനം, കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ, സാമാന്യരസതന്ത്രം* തുടങ്ങിയവയും ഒന്നാം ദശകത്തിൽ പ്രസിദ്ധീകരിച്ചവയായിരുന്നു. ഒന്നാം ദശകത്തിലെ 39.1 ശതമാനം പുസ്തകങ്ങൾ 200

പേജുകൾ വരെയുള്ളവയായപ്പോൾ 45.9 ശതമാനം പുസ്തകങ്ങൾ 201 മുതൽ 500 വരെ പേജുകളുള്ളവയും 15 ശതമാനം പുസ്തകങ്ങൾ 500 പേജുകളിൽ കൂടുതൽ ഉള്ളവയുമായി രുന്നു. രണ്ടാം ദശകത്തിലാവട്ടെ 53 ശതമാനം പുസ്തകങ്ങൾ 200 പേജുകൾ വരെയുള്ള വിഭാഗത്തിലാണ്. 201 മുതൽ 500 പേജുവരെയുള്ളവ 34.9 ശതമാനവും 500 പേജുകളിൽ കൂടുതലുള്ളവ 12.1 ശതമാനവുമായി കുറയുന്നുണ്ട്. പൊതുവേ പരിഭാഷാ കൃതികളിലാണ് കൂടുതൽ പേജുകൾ വരുന്നത്. പാഠപുസ്തകങ്ങളും അധികവായനയ്ക്കുള്ള പുസ്തകങ്ങളും മൗലി കരചനകളാവുമ്പോൾ പുസ്തകവലിപ്പം കുറയുന്നു എന്നു കാണാം.

വൈജ്ഞാനികപുസ്തകങ്ങൾ പുറത്തിറക്കുമ്പോൾ നിരവധി കാര്യങ്ങളിൽ ശ്രദ്ധി ച്ചേ കഴിയൂ. ഏറ്റവും പ്രധാനം ആധികാരികത തന്നെയാണ്. കൃത്യതയില്ലാത്ത പരാമർശങ്ങളോ വസ്തുതകളോ പുസ്തകങ്ങളിൽ കടന്നുകൂടരുത്. വസ്തുതകളിലും ലിപിവിന്യാസത്തിലും കടന്നുകൂടുന്ന ചെറിയ തെറ്റുകൾപോലും വലിയ ആശയക്കുഴ പ്പം സൃഷ്ടിക്കും. പ്രമുഖരായ എഴുത്തുകാരായാൽപ്പോലും വൈജ്ഞാനികഗ്രന്ഥങ്ങൾ സൂക്ഷ്മമായ എഡിറ്റിങ്ങിന് വിധേയമാക്കേണ്ടതുണ്ട്. പ്രൂഫ് വായനയ്ക്ക് സാഹിത്യപുസ്ത കങ്ങൾ മാത്രം നോക്കി പരിചയിച്ചവർ പോരാ. വിഷയത്തിൽ ഗ്രാഹ്യമുള്ളവരല്ലെങ്കിൽ ചിഹ്നങ്ങൾ, സൂത്രവാക്യങ്ങൾ തുടങ്ങിയവയിലെ തെറ്റുകൾ കണ്ടെത്തി തിരുത്താൻ കഴി യില്ല. പദാവലികൾ, വിവിധതരം സൂചികകൾ, റഫറൻസുകൾ എന്നിവ നിർബന്ധമായും വൈജ്ഞാനികപുസ്തകങ്ങളുടെ ഭാഗമായിരിക്കണം. ഇവയ്ക്കെല്ലാംപുറമേ മാനകീകരണം കൃത്യമായി പാലിക്കേണ്ടതുമുണ്ട്. ഇത്തരം ഘടകങ്ങളിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എത്രമാത്രം സൂക്ഷ്മത പുലർത്തി എന്നത് പരിശോധിക്കേണ്ടതുണ്ട്. പുസ്തകത്തിൽ സാങ്കേതികപ ദാവലി നൽകുന്നതിൽ ആദ്യദശകത്തിൽ വലിയ ശ്രദ്ധ നൽകിയതായി കാണാം. 527 പുസ്തകങ്ങളിൽ 12 എണ്ണം (2.3%) പദാവലി നൽകേണ്ടതില്ലാത്ത ശബ്ദാവലികളാണ്. ബാക്കിയുള്ളവയിൽ 394 എണ്ണത്തിലും (74.8%) പദാവലി നൽകിയിരിക്കുന്നതായി കാണാം. 121 പുസ്തകങ്ങളിൽ (23%) പദാവലി നൽകിയിട്ടില്ല. സാമൂഹികശാസ്ത്രമേഖല യിലെ പുസ്തകങ്ങളാണ് പൊതുവേ പദാവലിയിൽ പിന്നാക്കം പോയത്. എന്നാൽ രണ്ടാം ദശകത്തിലെത്തുമ്പോൾ പദാവലി നൽകുന്നതിൽ ഉപേക്ഷ വരുത്തുന്നതായി കാണാം. അക്കാലത്ത് 63.7 ശതമാനം പുസ്തകങ്ങളിലും പദാവലി നൽകിയിട്ടില്ല. പദസൂചികയുടെ കാര്യത്തിലും ആദ്യം കാണിച്ച ശുഷ്കാന്തി പിന്നീട് തുടരുന്നതായി കാണുന്നില്ല. ശബ്ദാവ ലികളൊഴികെയുള്ള ആദ്യ ഇരുനൂറുപുസ്തകങ്ങൾ പരിശോധിച്ചപ്പോൾ അമ്പത് ശതമാനം പുസ്തകങ്ങളിലും പദസൂചിക നൽകിയിട്ടുണ്ട്. ബിബ്ലിയോഗ്രാഫി നൽകുന്നതിൽ വലിയ പ്രാധാന്യം നൽകിയതായി കാണുന്നില്ല. അപൂർവം പുസ്തകങ്ങളിലേ അത് കാണുന്നുള്ളൂ.

ശുദ്ധിപത്രമാണ് ആദ്യകാലപുസ്തകങ്ങളിൽ കാണുന്ന മറ്റൊരു പ്രത്യേകത. പ്രസ്സുകളുടെ പരാധീനതകളും അക്കാലത്തെ അവികസിതമായ അച്ചടി സൗകര്യങ്ങളുമായിരിക്കാം തെറ്റുകൾ കടന്നുകൂടുന്നതിന് ഇടയാക്കിയത്. ആദ്യമേ പരിഹരിക്കേണ്ട പ്രശ്നമാണെങ്കിലും വിതരണത്തിന് പോകുന്നതിനുമുമ്പെങ്കിലും ശുദ്ധിപത്രം കൂട്ടിച്ചേർത്തുകൊണ്ട് തെറ്റുകൾ തിരുത്താൻ ശ്രമിച്ചത് നല്ലകാര്യംതന്നെ.

*മാനവികശബ്ദാവലി* രണ്ടാം വാല്യം ഉപയോഗിക്കുമ്പോൾ നേരിട്ട പരിമിതി കൽക്കത്ത നാഷണൽ ലൈബ്രറിയിലെ ലൈബ്രേറിയനായ കെ. എം. ഗോവി ഒരു കത്തിലൂടെ ചൂണ്ടിക്കാട്ടിയതു കാണാം. പദങ്ങൾ ക്രമീകരിക്കുന്നതിൽ ഒന്നാം വാല്യത്തിലേതിൽനിന്ന് വ്യത്യസ്തമായി മൂന്ന് ഖണ്ഡങ്ങളായി ഉള്ളടക്കം നൽകിയത് പദങ്ങൾ കണ്ടെത്താൻ ഉപയോക്താവിന് ബുദ്ധിമുട്ടാവുന്നതിനെക്കുറിച്ചാണ് ഗോവി എഴുതിയത്. തുടക്കത്തിൽ ഉള്ളടക്ക വിവരങ്ങൾ നൽകി ഖണ്ഡങ്ങൾ തുടങ്ങുന്ന പേജ് നമ്പർ കാണിക്കുകയോ, ഖണ്ഡങ്ങൾ തുടങ്ങുന്നിടത്ത് തടിച്ച കടലാസുകൊണ്ടോ മറ്റോ ബുക്ക്മാർക്ക് കൊടുക്കുകയോ ചെയ്യേണ്ടതായിരുന്നു എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ, ശബ്ദാവലിയുടെ രണ്ടാം വാല്യം 'യൂസർ ഫ്രണ്ട്ലി അല്ല' എന്നാണ് അന്ന് ഗോവി ചൂണ്ടിക്കാണിച്ചത്.

ഉള്ളടക്കംപോലെതന്നെ പ്രധാനമാണ് പുസ്തകങ്ങളുടെ കെട്ടും മട്ടും. ആകർഷകമല്ലാതെ പുറത്തിറക്കിയ പുസ്തകങ്ങൾ, അവയുടെ ഉള്ളടക്കം എത്ര മെച്ചപ്പെട്ടതാണെങ്കിലും വായനക്കാർ സ്വീകരിച്ചെന്നുവരില്ല. എന്നാൽ പുസ്തകങ്ങൾ ആകർഷകമാക്കി പ്രസിദ്ധീകരിക്കാനും അന്ന് ലഭ്യമായിരുന്ന സാധ്യതകൾ മുഴുവൻ പ്രയോജനപ്പെടുത്താനും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറായിരുന്നുവോ എന്നത് സംശയമാണ്.[4] കവറുകളും മറ്റും അനാകർഷകങ്ങളായിരുന്നു. വില കുറച്ചാണ് പുസ്തകങ്ങൾ ലഭ്യമാക്കുന്നത് എന്നത് ശരി തന്നെ. എങ്കിലും, ഗുണനിലവാരം ഏറ്റവും കുറഞ്ഞ പേപ്പറിൽ അച്ചടിച്ചാൽ മതിയായിരുന്നില്ല. 1970 കളിൽ അച്ചടിച്ച ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ തൊടുമ്പോൾ പൊടിഞ്ഞുപോവുന്ന അവസ്ഥയിലാണ് ഇന്ന് . അവ ഡിജിറ്റൈസ് ചെയ്ത് സംരക്ഷിക്കാൻ പോലും പ്രയാസമാണ്. അതിനേക്കാൾ എത്രയോ വർഷം മുമ്പ് അച്ചടിച്ച മറ്റ് പ്രസാധകരുടെ പുസ്തകങ്ങൾ ഇതിലും മെച്ചപ്പെട്ട അവസ്ഥയിൽ ഇന്ന് ലഭ്യമാണുതാനും.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സാമൂഹികശാസ്ത്രഗ്രന്ഥങ്ങളിൽ പാഠപുസ്തകങ്ങൾ, അധികവായനയ്ക്കായി ഇംഗ്ലീഷിൽനിന്ന് പരിഭാഷപ്പെടുത്തിയ പുസ്തകങ്ങൾ, സാധാരണ വായനക്കാരുടെ അറിവു വർധിപ്പിക്കാനായുള്ള പുസ്തകങ്ങൾ എന്നിവയ്ക്കു പുറമേ കേരളത്തിന്റെ ചരി

ത്രവും സംസ്കാരവും സംബന്ധിച്ച മൗലികഗവേഷണകൃതികൾ കൂടി ഉൾപ്പെട്ടതായിരുന്നു എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട് (കെ. കെ. എൻ. കുറുപ്പ്, "ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടും സാമൂഹ്യ ശാസ്ത്ര ഗ്രന്ഥങ്ങളും" 754). പി.കെ.ഗോപാലകൃഷ്ണൻ രചിച്ച *കേരളത്തിന്റെ സാംസ്കാരി കചരിത്രം*, കെ.കെ.എൻ കുറുപ്പ് രചിച്ച *പഴശ്ശി സമരങ്ങൾ, ആര്യദ്രാവിഡഘടകങ്ങൾ മലബാറിലെ നാടൻകലയിൽ, വില്യം ലോഗൻ – മലബാറിലെ കാർഷിക ബന്ധ ങ്ങളിൽ ഒരു പഠനം, ആധുനിക കേരളം– ചരിത്ര ഗവേഷണ പ്രബന്ധങ്ങൾ* എന്നിവ, എം. ആർ. രാഘവവാരിയരുടെ *അശോകന്റെ ധർമശാസനങ്ങൾ*, കെ. ദാമോദര ന്റെ *ഭാരതീയചിന്ത*, പ്രൊഫ.കെ.എ.*ജലീലിന്റെ ലിപികളും മാനവസംസ്കാരവും*, ഡോ. രാഘവൻ പയ്യനാടിന്റെ *ഫോക്‌ലോർ* തുടങ്ങിയ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ സാമൂഹിക ശാസ്ത്രമേഖലയിലെ ഈടുറ്റ ശേഖരങ്ങളാണ്. *കേരളത്തിന്റെ സാംസ്കാരികചരിത്രം, ഭാര തീയചിന്ത, ഫോക്‌ലോർ* തുടങ്ങിയ ഗ്രന്ഥങ്ങൾ നിരവധി പതിപ്പുകൾ പിന്നിട്ടുകഴിഞ്ഞു. *ലോകചരിത്രം, ഇന്ത്യാചരിത്രം, വാണിജ്യപരമായ കത്തിടപാടുകൾ* എന്നീ പാഠപുസ്തക ങ്ങളും ഒട്ടേറെ പതിപ്പുകൾ പിന്നിട്ട് ഇപ്പോഴും പ്രചരിച്ചുകൊണ്ടിരിക്കുന്നു. *ഇന്ത്യൻ ദേശീ യതയുടെ സാമൂഹ്യപശ്ചാത്തലം* (എൻ. ആർ. ദേശായ്), *രാഷ്ട്രീയ സിദ്ധാന്തചരിത്രം* (വില്യം ആർച്ചിബാൾഡ് ഡണ്ണിങ്ങ്), *ശാസ്ത്രം ഇന്ത്യയിൽ–ഒരു സംക്ഷിപ്തചരിത്രം* (എസ്. എൻ. സെൻ, ബി. വി. സുബ്ബരായപ്പ), *ഭാരത ബൃഹച്ചരിത്രം* (ആർ. സി. മജുംദാർ, എച്ച്. സി. റായ് ചൗധരി, കാളീകിങ്കർ ദത്ത) തുടങ്ങിയവ പരിഭാഷചെയ്ത മികച്ച സാമൂ ഹികശാസ്ത്രകൃതികളാണ്. ശാസ്ത്രമേഖലയിലെ പുസ്തകങ്ങൾ നേരിട്ടത്ര വിമർശനങ്ങൾ സാമൂഹികശാസ്ത്രമേഖലയിലെ പുസ്തകങ്ങൾ നേരിട്ടിട്ടില്ല. അവയിലെ ശൈലിയെ വായന ക്കാർക്ക് ഇഷ്ടമായിരുന്നു എന്നുവേണം കരുതാൻ. മൂന്ന്, നാല് ഗ്രൂപ്പുകാരായ പ്രീഡിഗ്രി വിദ്യാർത്ഥികൾ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയ പാഠപുസ്തകങ്ങൾ വലിയതോതിൽ ഉപയോഗി ക്കാൻ തയ്യാറാവുകയുണ്ടായി. ശാസ്ത്രവിദ്യാർത്ഥികളെ അപേക്ഷിച്ച് കൂടുതൽ സാമൂഹിക ശാസ്ത്ര വിദ്യാർത്ഥികൾ പ്രീഡിഗ്രി പരീക്ഷ മലയാളത്തിലെഴുതിയിരുന്നത് ഈ പുസ്തക ങ്ങൾ പ്രയോജനപ്രദമായിരുന്നു എന്നതു കൊണ്ടുകൂടിയായിരിക്കാം.

*പ്രീഡിഗ്രി ബീജഗണിതം, പ്രീഡിഗ്രി ത്രികോണമിതി, പ്രീഡിഗ്രി ഗണിതം*– രണ്ടു ഭാഗ ങ്ങൾ, *അടിസ്ഥാനഗണിതം* എന്നിവ പ്രീഡിഗ്രി വിദ്യാർത്ഥികളെ ലക്ഷ്യമിട്ട് പ്രസിദ്ധീക രിച്ച ഗണിതശാസ്ത്ര ഗ്രന്ഥങ്ങളായിരുന്നു. ഇതിൽ *അടിസ്ഥാനഗണിത*മെന്ന പുസ്തകം അക്കാലത്ത് സെക്കന്റ് ഗ്രൂപ്പ് വിദ്യാർത്ഥികൾക്ക് പഠിക്കാനുണ്ടായിരുന്ന ഗണിതശാസ്ത്ര സിലബസ്സിനെ അധികരിച്ചുള്ളതായിരുന്നു. *ബീജഗണിതം, കലനം, സബ്സിഡിയറി ഗണിതം, വിശ്ലേഷക ജ്യാമിതി, സംഖ്യാത്മക വിശ്ലേഷണം, സബ്സിഡിയറി ഗണിതം*

–*സദിശം, ഗണങ്ങൾ*, സംഖ്യകൾ തുടങ്ങിയവ ഗണിതശാസ്ത്ര ബിരുദവിദ്യാർത്ഥികൾക്കു വേണ്ടി തയ്യാറാക്കിയവയാണ്; *ടെൻസർ വിശ്ലേഷണം* ബിരുദാനന്തര തലത്തിലുള്ളവരെ ഉദ്ദേശിച്ചുള്ളതും. പരിഭാഷയിലൂടെ മലയാളത്തിലെത്തിച്ച *ഒന്ന് രണ്ട് മൂന്ന്... അനന്തം (One Two Three...Infinity)* എന്ന ഗണിതശാസ്ത്രഗ്രന്ഥം ഏറെ പ്രശസ്തമായി. പ്രൊഫ. കെ. ഗോപാലകൃഷ്ണൻ നായർ തർജമ ചെയ്ത, ജോർജ് ഗാമോവിന്റെ ഈ ഗ്രന്ഥം ഇപ്പോഴും ആവശ്യക്കാരുള്ള ഒന്നാണ്. മൂലപുസ്തകത്തിന്റെ തനിമയും ഗാംഭീര്യവും അതിലെ നർമബോധവും ഒട്ടും ചോരാതെ മലയാളത്തിലേക്ക് കൊണ്ടുവന്നതിനാൽ ശാസ്ത്രപുസ്തകങ്ങളുടെ മികച്ച പരിഭാഷയുള്ള ഉദാഹരണമായി എട്ടാം പതിപ്പിലെത്തിയ ഈ പുസ്തകത്തെ ചൂണ്ടിക്കാണിക്കാം.

ആദ്യദശകത്തിൽ ഏറ്റവും കൂടുതൽ പുസ്തകങ്ങളുണ്ടായത് പ്രകൃതിശാസ്ത്രമേഖലകളിലാണ് (143 പുസ്തകങ്ങൾ). ഒരു വിഷയത്തിൽ ഏറ്റവും കൂടുതൽ പുസ്തകങ്ങൾ ഉണ്ടായത് ഫിസിക്സിലുമായിരുന്നു (51 പുസ്തകങ്ങൾ). ഇവയ്ക്കുപുറമേ ആറ് ജ്യോതിശ്ശാസ്ത്ര ഗ്രന്ഥങ്ങൾ വേറെയും ഉണ്ടായിരുന്നു. പാഠപുസ്തകങ്ങൾക്കുപുറമെ *ഐൻസ്റ്റൈനും ആപേക്ഷികതാസിദ്ധാന്തവും, മൗലികകണങ്ങൾ, ക്വാണ്ടം ബലതന്ത്രത്തിന്റെ ഹരിശ്രീ, അണുകേന്ദ്രീയ ശക്തി, നമുക്കു കേൾക്കാൻ കഴിയാത്ത ശബ്ദങ്ങൾ, അണുശാസ്ത്രപ്രവേശിക, അണുകേന്ദ്രീയശാസ്ത്രവും റിയാക്ടറുകളും, കേവല പൂജ്യത്തിലേക്ക്, തന്മാത്രീയ സ്പെക്ട്രോസ്കോപ്പി, വിശിഷ്ട ആപേക്ഷികതാസിദ്ധാന്തത്തിന് ഒരു ആമുഖപഠനം, റേഡിയോ തരംഗസഞ്ചരണം, പ്രകൃതിയുടെ ബലങ്ങൾ* തുടങ്ങിയ പുസ്തകങ്ങൾ അധികവായനയ്ക്കായി തയ്യാറാക്കിയിരുന്നു.

പ്രകൃതിശാസ്ത്രമേഖലയിൽ കൃഷി, മൃഗസംരക്ഷണം തുടങ്ങിയ മേഖലകളിൽ പുസ്തകങ്ങൾ ഇറക്കാൻ ശ്രമിച്ചതുപോലെ ആരോഗ്യമേഖലയെ പരിഗണിച്ചില്ല എന്നുകാണാം. വൈദ്യശാസ്ത്രവിദ്യാർത്ഥികളെ ലക്ഷ്യമിട്ടല്ലെങ്കിലും പൊതുജനങ്ങൾക്കുള്ള ആരോഗ്യപുസ്തകങ്ങൾക്ക് വലിയ സാധ്യത ഉണ്ടായിരുന്നു. രോഗങ്ങൾ, രോഗകാരണങ്ങൾ, രോഗപ്രതിരോധം തുടങ്ങിയ മേഖലകളിൽ ആധികാരികമായ പുസ്തകങ്ങൾ ഇറക്കിയിരുന്നെങ്കിൽ ഇൻസ്റ്റിറ്റ്യൂട്ടിന് സാമ്പത്തിക നേട്ടമുണ്ടാക്കാനും അത് പ്രയോജനപ്പെടുമായിരുന്നു. ഈ സാധ്യത ഇൻസ്റ്റിറ്റ്യൂട്ട് എന്തുകൊണ്ട് ഉപയോഗിച്ചില്ല എന്നറിയില്ല[5]. ആദ്യത്തെ ഇരുപത് വർഷങ്ങളിലെ പ്രകൃതിശാസ്ത്ര പുസ്തകങ്ങളിൽ കൂടുതലെണ്ണവും കൃഷിയെ മുൻനിർത്തിയവയായിരുന്നു. പിറകേ വരുന്നത് ജന്തുശാസ്ത്രവും സസ്യശാസ്ത്രവുമാണ്. ആദ്യദശകത്തിൽ മുന്നിൽ നിന്നിരുന്നത് ജന്തുശാസ്ത്രപുസ്തകങ്ങളായി

രുന്നു. കൃഷി പുസ്തകകോർണർ പദ്ധതിയാണ് കാർഷികരംഗത്തെ പുസ്തകങ്ങളെ മുൻനിരയിലേക്കെത്തിച്ചത്.

16.7 ശതമാനം പുസ്തകങ്ങളോടെ ആദ്യദശകത്തിൽ സാങ്കേതികശാസ്ത്രമേഖല യ്ക്ക് ഇൻസ്റ്റിറ്റ്യൂട്ട് നല്ല പ്രാധാന്യം നൽകുകയുണ്ടായി. *ജ്യാമിതീയ വരപ്പ്, ഖരജ്യാമിതി, സാങ്കേതികവരപ്പ്, കെട്ടിടവരപ്പ്, എൻജിനീയറിങ്ങ് വരപ്പ്, വസ്തുബലതന്ത്രം, പ്രയു ക്തബലതന്ത്രം, എൻജിനീയറിങ്ങ് ബലതന്ത്രം, പദാർത്ഥപരിശോധനയും പരീക്ഷ ണങ്ങളും, സിവിൽ എൻജിനീയറിങ്ങ് (ജനറൽ), അടിസ്ഥാന ഹൈഡ്രോളിക്സ്, ചെല വുകുറഞ്ഞ കെട്ടിടനിർമാണം, സർവേ, റെയിൽവേ എൻജിനീയറിങ്ങ്, ശുചീകരണ എൻജിനീയറിങ്ങ്, താപ എൻജിനീയറിങ്ങ്, മെക്കാനിക്കൽ എൻജിനീയറിങ്ങ്, വൈദ്യുത എൻജിനീയറിങ്ങ്(ജനറൽ), എ.സി. എൻജിനീയറിങ്ങ്, പ്ലംബിങ്ങ്* എന്നിങ്ങനെ എൻജിനീയറിങ്ങ് മേഖലയുടെ വിവിധ വശങ്ങളിൽ പുസ്തകങ്ങൾ രൂപപ്പെട്ടു. *ലോഹപ്പണി, ഫിറ്റർ, രൂപപ്പെടുത്തൽ, വാതക വെൽഡനം, ആർക് വെൽഡനം, ലെയ്ഥ്, ലോഹം മുറിപ്പ്, വർക്ക്ഷോപ്പ് ടെക്നോളജി, ടർണർ, വർക്ക്ഷോപ്പ് സയൻസ്, വർക്ക്ഷോപ്പ് കാൽക്കുലേഷൻ* എന്നിങ്ങനെ വർക്ക്ഷോപ്പ് പ്രവർത്തനങ്ങളിലേർപ്പെടുന്നവർക്ക് പ്രയോജനപ്പെടുന്ന ഒരു പിടി പരിഭാഷാ ഗ്രന്ഥങ്ങൾ കാണാം. ഇവയിൽ പലതും റഷ്യൻ, ജർമൻ ഭാഷകളിൽ നിന്നുള്ള കൃതികളെ പ്രയോജനപ്പെടുത്തിയായിരുന്നു. പോളി ടെക്നി ക്ക്, ജെ. ടി. എസ്. വിദ്യാർത്ഥികൾക്ക് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയ പുസ്തകങ്ങൾ വളരെ സഹായകമായിരുന്നു. ഇക്കാര്യത്തിൽ സാങ്കേതികവിദ്യാഭ്യാസവകുപ്പ് നല്ല സഹകരണം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് നൽകുകയുണ്ടായി.

മെക്കാനിക്കൽ എൻജിനീയറിങ്ങ്, സിവിൽ എൻജിനീയറിങ്ങ്, ഇലക്ട്രിക്കൽ എൻജിനീയറിങ്ങ് തുടങ്ങിയ പതിവുമേഖലകളിൽ ഒതുങ്ങിനിൽക്കാതെ പ്രിന്റിങ്ങ് ടെക്നോളജി, ടെക്സ്റ്റൈൽ ടെക്നോളജി തുടങ്ങിയ മേഖലകളെക്കൂടി പരിഗണിച്ചു എന്നത് പ്രസ്താവ്യമാണ്. തയ്യൽ പരീക്ഷകളിൽ പങ്കെടുക്കുന്നവർക്ക് പ്രയോജനപ്പെ ടുംവിധം രചിച്ചതാണ് *നീഡിൽവർക്ക്* എന്ന പുസ്തകം. സാങ്കേതികമേഖലയ്ക്ക് ഇത്രയും പ്രാധാന്യം ആദ്യകാലത്ത് നൽകിയെങ്കിലും പിൽക്കാലത്ത് ഈ മേഖല പിറകോട്ട് പോയതായിക്കാണാം. ഇലക്ട്രോണിക്സ്–കമ്പ്യൂട്ടർ മേഖലയിൽ പിന്നീട് ചില പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും ആവശ്യങ്ങളും സാധ്യതകളുമായി ബന്ധപ്പെട്ട് പരിശോധി ക്കുമ്പോൾ അവ പരിമിതമാണെന്ന് കാണാം. വർക്ക്ഷോപ്പ് തൊഴിലാളികളെ ലക്ഷ്യമിട്ട് പ്രായോഗിക എൻജിനീയറിങ്ങ് പരമ്പര രൂപകൽപ്പന ചെയ്തതുപോലെ ഇലക്ട്രോണിക്സ്

രംഗത്ത് ഉൽപ്പാദനമേഖലയിലും റിപ്പയർ മേഖലയിലും പ്രവർത്തിക്കുന്നവർക്കായി എത്രയോ പുസ്തകങ്ങൾക്ക് സാധ്യതയുണ്ട്.

ഭാഷാമേഖലയിൽ ആദ്യദശകത്തിൽ കൂടുതൽ പുസ്തകങ്ങളിലേക്ക് ഊന്നിയിരുന്നില്ലെങ്കിലും *അർഥവിജ്ഞാനം, ആധുനികഭാഷാശാസ്ത്രം, ദ്രാവിഡഭാഷാവ്യാകരണം, വിവർത്തനത്തിന്റെ ഭാഷാശാസ്ത്രഭൂമിക, ഭാഷാശാസ്ത്രദർപ്പണം, മലയാളഭാഷാപഠനങ്ങൾ, ദ്രാവിഡം, ഭാഷയും മനശ്ശാസ്ത്രവും* തുടങ്ങിയ ഗ്രന്ഥങ്ങൾ മലയാളത്തിന് സംഭാവന ചെയ്യാൻ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനായി. കെ. സുകുമാരപിള്ളയുടെ ശ്രദ്ധേയമായ *കൈരളീശബ്ദാനുശാസനം* 1980 ലാണ് പ്രസിദ്ധീകൃതമായത്. 'വിശ്വമഹാഗ്രന്ഥങ്ങൾ' എന്ന പരമ്പരയും ആദ്യദശകത്തിന്റെ ഉൽപ്പന്നമാണ്.

ആദ്യകാലത്തെ പുസ്തകനിർമാണം ആസൂത്രണത്തിൽ അധിഷ്ഠിതമായിരുന്നു. വേണ്ട വിഷയമേഖലകളും ടൈറ്റിലുകളും നിശ്ചയിച്ച് അതിനനുയോജ്യരായവരെ കണ്ടെത്തുകയായിരുന്നു രീതി. ഇന്നാകട്ടെ കിട്ടിയ കയ്യെഴുത്തുപ്രതികൾ പ്രസിദ്ധീകരിക്കുന്ന ഒരു കേവല പ്രസിദ്ധീകരണസ്ഥാപനമായി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മാറിയിരിക്കുന്നു. പുതിയ മേഖലകളെയും പുതിയ എഴുത്തുകാരെയും തേടുന്നതിനെ കളിയാക്കിക്കൊണ്ട് എൻ. വി.യെ കഥാപാത്രമാക്കി പല തമാശക്കഥകളും പ്രചരിച്ചിരുന്നു. തന്റെ വീട്ടിലെ മോഷണശ്രമം അന്വേഷിക്കുവാൻ വന്ന പോലീസുദ്യോഗസ്ഥനോട് പോലീസിനെക്കുറിച്ച് ഒരു പുസ്തകമെഴുതിക്കൂടെ എന്ന് എൻ. വി. ചോദിച്ചതായുള്ള കഥകളൊക്കെ (ഗുപ്തൻ നായർ, “ഓർമകളിലെ എൻ.വി” 14)ഇത്തരത്തിൽ പെട്ടതാണ്.

ലക്ഷ്യമിട്ട ഒരു ടൈറ്റിൽ യാഥാർത്ഥ്യമാക്കാൻവേണ്ടി എത്രമാത്രം അതിനെ പിന്തുടർന്നിരുന്നു എന്നതിന്റെ നല്ലൊരുദാഹരണമായിരിക്കും *ക്രിസ്തുദർശനം* എന്ന കൃതി. തത്വശാസ്ത്രമേഖലയിൽ ഉൾപ്പെടുത്തി 1975 ൽ പുറത്തിറക്കിയ എണ്ണൂറിൽപ്പരം പുറങ്ങളുള്ള സാമാന്യം വലിയൊരു പുസ്തകമാണിത്. ഇരുപത്തിയൊൻപതുപേരുടെ ലേഖനങ്ങളുടെ സമാഹാരമാണെങ്കിലും കേവലം കുറേ ലേഖനങ്ങൾ ചേർത്തുവച്ച ഒരു പുസ്തകമല്ല *ക്രിസ്തുദർശനം*. ആസൂത്രിതമായി തയ്യാറാക്കിയ പുസ്തകഭാഗങ്ങളാണവ. സമ്പാദകർ പുസ്തകം രൂപപ്പെട്ടതിനെക്കുറിച്ച് ആമുഖത്തിൽ വിശദീകരിച്ചിട്ടുണ്ട്. 1970 ന്റെ തുടക്കത്തിലാണ് ജേക്കബ് കട്ടയ്ക്കലിനോട് ഇത്തരമൊരു പുസ്തകത്തെക്കുറിച്ച് എൻ. വി. സംസാരിക്കുന്നത്. ക്രിസ്തുമതം കേരളത്തിൽ വേരൂന്നിയിട്ട് രണ്ടായിരത്തോളം വർഷങ്ങളായെങ്കിലും അതിന്റെ എല്ലാ വശങ്ങളും വിശദമാക്കുന്ന സമഗ്രമായൊരു പുസ്തകം മലയാളത്തിലില്ല. അത്തരമൊന്നിന് രൂപം നൽകിക്കൂടേ എന്നായിരുന്നു എൻ. വി. യുടെ ചോദ്യം. ശ്രമിക്കാമെന്ന കട്ടയ്ക്കലിന്റെ മറുപടി കേട്ട് എൻ. വി. അടങ്ങിയിരുന്നില്ല.

അദ്ദേഹം കർദിനാൾ മാർ ജോസഫ് പാലക്കാട്ടിലിന് ഈ വിഷയത്തിൽ തുടർച്ചയായി കത്തുകളയച്ചു. തിരുവനന്തപുരത്തുള്ള ആർച്ച് ബിഷപ്പിനെ നേരിട്ടുകണ്ടു. അടുത്ത ബിഷപ്പ് കോൺഫ്രൻസിൽ ഇതിനെക്കുറിച്ച് സംസാരിക്കാൻ കട്ടയ്ക്കലിനെ ഏർപ്പാടാക്കി. അങ്ങനെ ചെയ്തതിനാൽ ബിഷപ്പ് കോൺഫ്രൻസിന്റെ പിന്തുണ ലഭിക്കുകയും അവർ ജോർജ് പുഞ്ചക്കലിനെ ഈ ആവശ്യത്തിനുള്ള പൂർണസമയ പ്രവർത്തകനായി നിയോഗിക്കുകയും ചെയ്തു. എഴുതിത്തയ്യാറായ രൂപം വായിച്ച് ചില തിരുത്തലുകളും എൻ. വി. നിർദേശിച്ചു (ജോർജ് പുഞ്ചക്കുന്നേൽ and കട്ടയ്ക്കൽ).

സംഘപ്രവർത്തനങ്ങളിലൂടെ രൂപപ്പെട്ട നിരവധി പുസ്തകങ്ങൾ ആദ്യകാലങ്ങളിൽ കാണാം. ശരിയായി ആസൂത്രണം ചെയ്യുകയും നന്നായി എഡിറ്റ് ചെയ്യുകയും ചെയ്തില്ലെങ്കിൽ ഇത്തരം പുസ്തകങ്ങൾ വളരെ മോശമാവാനിടയുണ്ട്. എന്നാൽ നന്നായി ഇടപെടുകയാണെങ്കിൽ വൈജ്ഞാനികകൃതികൾ സംഘരചനകളാവുന്നതാണ് നല്ലത്. വിഷയത്തിന്റെ എല്ലാ വശങ്ങളിലേക്കും കടന്നുചെല്ലാൻ ഇത്തരം കൃതികൾ വഴിയൊരുക്കും. ലേഖകർ ഒരുമിച്ചിരുന്ന് വായിച്ച് ചർച്ചചെയ്ത് പോരായ്മകൾ പരിഹരിക്കുകയാണെങ്കിൽ തെറ്റുകൾ ഇല്ലാതെ പുസ്തകത്തിന്റെ ഗുണനിലവാരം വർധിക്കുകയും ചെയ്യും. ആദ്യകാലത്ത് പ്രസിദ്ധീകരിച്ച വിവർത്തനകൃതികളിലും മറ്റും ഒന്നിലധികം പേരുടെ പങ്കാളിത്തം കാണാൻ കഴിയും. സമയപരിധിക്കുള്ളിൽ പുസ്തകപ്രസാധനം സാധിതമാക്കാനും ഈ കൂട്ടായ വിവർത്തനപരിപാടി പ്രയോജനപ്പെടുത്തിയിട്ടുണ്ടാവാം.

## 4.4 ആനുകാലികങ്ങൾ

മൂന്ന് ആനുകാലികങ്ങൾക്ക് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തുടക്കമിട്ടെങ്കിലും അവയിൽ *വിജ്ഞാനകൈരളി* മാത്രമേ ഇപ്പോഴും തുടരുന്നുള്ളൂ. പുസ്തകപ്രചാരണം ലക്ഷ്യമാക്കി തുടക്കമിട്ട *വിജ്ഞാനരംഗം* സാമ്പത്തിക ബുദ്ധിമുട്ടുകളാൽ ഏറെക്കാലം നിലനിന്നില്ല. ഗവേഷണ പ്രബന്ധങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കാനായി ആരംഭിച്ച *വിജ്ഞാനപോഷിണി* ഒരിക്കലും സുസ്ഥിരമായതുമില്ല. ഓരോ തവണയും ഏതാനും ലക്കങ്ങളോടെ നിലച്ചുപോവുകയും വീണ്ടും ആരംഭിക്കുകയും ചെയ്യുക എന്നതായിരുന്നു അതിന്റെ പൊതുരീതി. ബാലാരിഷ്ടത വിട്ടുമാറാത്ത ഒരു പ്രസിദ്ധീകരണം എന്ന വിശേഷണം അർഹിക്കുന്നു *വിജ്ഞാനപോഷിണി.*

രണ്ടായിരാമാണ്ടുവരെയുള്ള *വിജ്ഞാനപോഷിണി*യുടെ ലക്കങ്ങളിൽ ഗവേഷണ തിസീസ്സുകളുടെ സംഗ്രഹമാണ് പ്രസിദ്ധീകരിച്ചിരുന്നത്. അതിനുശേഷം ഈ രീതിയിൽ

മാറ്റങ്ങൾ വന്നുചേർന്നു. *ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഗവേഷണ ജേണൽ* എന്ന് പേരുമാറ്റി പ്രസിദ്ധീകരിച്ച 2009 ലെയും 2010 ലെയും ലക്കങ്ങളിൽ ഈ കണിശത പാലിച്ചിട്ടില്ല. 1988 കാലത്തെ ലക്കത്തെക്കുറിച്ചുള്ള *വിജ്ഞാനകൈരളി*യിലെ പരസ്യങ്ങളിൽ പ്രബ ന്ധകർത്താക്കൾക്ക് പ്രതിഫലം ലഭിക്കുമെന്ന് എടുത്തുപറഞ്ഞതിൽനിന്ന് പ്രബന്ധ സംഗ്രഹങ്ങൾ ലഭിക്കാനുള്ള പ്രയാസമാണ് മനസ്സിലാക്കാൻ കഴിയുക. അപ്പോഴേക്കും കേരളത്തിലെ സർവകലാശാലകളിൽനിന്ന് വർഷംതോറും പുറത്തുവരുന്ന ഗവേഷണ പ്രബന്ധങ്ങളുടെ എണ്ണം വലിയതോതിൽ വർധിച്ചിരുന്നു എന്നതുകൂടി ഓർക്കണം.

*വിജ്ഞാനപോഷിണി*യുടെ 1972 ലെ ആദ്യസംരംഭം ഒറ്റ ലക്കത്തിൽ ഒതുങ്ങിപ്പോ യതിന്റെ കാരണം എൻ. വി. നിരീക്ഷിച്ചതുപോലെ ചെറിയ ഗ്രൂപ്പിൽ മാത്രം ചുമതല ഒതുങ്ങിപ്പോയതുതന്നെയാവാം. വിവിധ വൈജ്ഞാനികമേഖലകളിലെ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കേണ്ട ഒരു ജേണൽ രണ്ടുപേർക്ക് മാത്രമായി നടത്തിക്കൊണ്ടുപോ വാൻ കഴിയില്ല. വിവിധ അക്കാദമികൾ രൂപീകരിച്ച് പണ്ഡിതരുടെ ഒരു നിരയുമായി ബന്ധം വളർത്തിയെടുക്കാനുള്ള ശ്രമം ഫലവത്തായതുമില്ല. *വിജ്ഞാനപോഷിണി* സ്ഥായിയാവാത്തതിന്റെ കാരണങ്ങളായി ചൂണ്ടിക്കാട്ടാവുന്ന കാര്യങ്ങൾ ഇവയാണ്. 1–സർവകലാശാലകൾക്ക് ഇക്കാര്യത്തിലുള്ള ബോധ്യക്കുറവും താൽപ്പര്യമില്ലായ്മയും. 2–മലയാളത്തിൽ വൈജ്ഞാനികവിനിമയം നടത്തുന്നതിൽ താൽപ്പര്യമില്ലാത്ത ബഹു ഭൂരിപക്ഷം വരുന്ന അധ്യാപകരും ഗവേഷകരും. 3–ഇംഗ്ലീഷിൽ പ്രബന്ധങ്ങൾ പ്രസിദ്ധീ കരിക്കുന്നതിലൂടെ ഗവേഷകർക്ക് ലഭിക്കുന്ന പ്രശസ്തി, മറ്റ് സാധ്യതകൾ മുതലായവ. 4–അക്കാദമിക ചിട്ടവട്ടങ്ങളോടെ ജേണലുകൾ നടത്തിക്കൊണ്ടുപോവാനാവശ്യമായ സംവിധാനങ്ങളുടെയും അതിനാവശ്യമായ വിഭവത്തിന്റെയും അഭാവം. 5–അക്കാ ദമികസമൂഹവുമായുള്ള ഇഴയടുപ്പത്തോടെയുള്ള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബന്ധം നിലച്ചുപോയത്.

പ്രാദേശികഭാഷകളിൽ ഗവേഷണജേണലുകളുടെ പ്രസിദ്ധീകരണം പലതരത്തിൽ പ്രാധാന്യമർഹിക്കുന്നു. ഒരുവശത്ത്, കുത്തകവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന വൈജ്ഞാനികരംഗത്തെ മോചിപ്പിക്കാനുള്ള വിശാലാർത്ഥമുള്ള രാഷ്ട്രീയപോരാട്ട ങ്ങളുടെ ഭാഗമാണത്. ഈ കുത്തകവൽക്കരണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു മണ്ഡലമാണ് ഇന്ന് അക്കാദമിക ജേണലുകൾ. സ്ഥാപനങ്ങൾക്കുപോലും വാങ്ങിക്കാൻ കഴിയാത്തത്രയും ഭാരിച്ച വിലയാണ് പല മുൻനിര ജേണലുകൾക്കും. എഴുത്തുകാർക്ക് അവ പ്രതിഫലം നൽകാറുമില്ല. ഇത്തരം കാര്യങ്ങളോടുള്ള പ്രതികരണമെന്ന നില യിൽ ഉയർന്നുവന്നതാണ് സ്വതന്ത്രലഭ്യതാപ്രസ്ഥാനം, ഓപ്പൺ സയൻസ് തുടങ്ങിയ

കൂട്ടായ്മകൾ. വിജ്ഞാനം സമൂഹത്തിന്റെ പൊതുസ്വത്താണെന്ന കാഴ്ചപ്പാടോടെ അലക്സാണ്ട്രാ എൽബാക്കിയാനെപ്പോലുള്ള ആക്ടിവിസ്റ്റുകളും ഇത്തരം ശ്രമങ്ങ ളോട് ഐക്യപ്പെട്ടുകൊണ്ട് വിജ്ഞാനത്തിന്റെ സ്വതന്ത്രലഭ്യത ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങളിലേർപ്പെടുന്നു. മറ്റെല്ലാ ഭാഷകളേയും അരികുവൽക്കരിച്ചുകൊണ്ട് ഇംഗ്ലീഷ് ഭാഷയ്ക്ക് ശാസ്ത്രരംഗത്ത് അപ്രതിരോധ്യമായ സ്ഥാനം ഉറപ്പിക്കുന്നതിൽ ഇന്ന ത്തെ പ്രമുഖ അക്കാദമിക ജേണലുകൾക്കും അവയെ പിന്തുണയ്ക്കുന്ന സൈറ്റേഷൻ ഇൻഡക്സ് പോലുള്ള സംവിധാനങ്ങൾക്കും പങ്കുണ്ട്. പ്രാദേശികഭാഷകളുടെ പുതിയ സമരമുഖമായി അക്കാദമിക പ്രസിദ്ധീകരണങ്ങൾ വളർന്നുവരണം. മൂന്നാമതായി, ഭാഷയിൽ വിജ്ഞാനം ഉൽപ്പാദിപ്പിക്കപ്പെടുമ്പോഴേ അത് യഥാർത്ഥത്തിൽ വൈജ്ഞാനി കഭാഷയായി മാറുന്നുള്ളൂ എന്ന് തിരിച്ചറിഞ്ഞ് അതിനുള്ള ശ്രമങ്ങളിലേർപ്പെടേണ്ടതുണ്ട്. വൈജ്ഞാനികസമൂഹം എന്ന ലക്ഷ്യത്തിലേക്കുള്ള പ്രാഥമികമായ ചുവടുവെപ്പാണത്.

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണകാര്യങ്ങൾ ജനങ്ങളുടെ ഭാഷയിൽ കൊണ്ടുവരികയെന്നത് അതീവ പ്രാധാന്യമർഹിക്കുന്ന ഒരു വസ്തുതയാ ണെങ്കിലും, ശാസ്ത്രവിഷയങ്ങളിൽ മലയാളത്തിൽ ജേണലുകൾ പ്രസിദ്ധീകരിക്കുകയെ ന്നത് ഇന്ന് കേരളത്തിലെ സർവകലാശാലകളുടെയോ സർവകലാശാലാ വകുപ്പുകളു ടെയോ മുഖ്യപരിഗണനയിൽ കാണാറില്ല. മലയാളഭാഷയിലും സാഹിത്യത്തിലും ഗവേഷ ണപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കുപോലും ഉന്നതനിലവാരമുള്ള പിയർ റിവ്യൂഡ് ജേണൽ സൗകര്യം പരിമിതമാണ്. ഭാഷാശാസ്ത്രമേഖലയിലും ഭാഷാസാങ്കേതികരംഗ ത്തുമൊക്കെ പ്രവർത്തിക്കുന്നവർ തങ്ങളുടെ പ്രബന്ധങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ പ്രസിദ്ധീ കരിക്കാൻ നിർബന്ധിക്കപ്പെടുന്നു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനാവട്ടെ, തികഞ്ഞ അക്കാദമിക ചിട്ടവട്ടങ്ങളോടെ ഒരു ഗവേഷണ ജേണൽ പ്രസിദ്ധീകരിക്കാനുള്ള അക്കാദമികസംവി ധാനങ്ങൾ ഇന്ന് ഇല്ലതാനും.

*വിജ്ഞാനപോഷിണി*യിൽ നിന്നും വിഭിന്നമായ മറ്റൊരു തലത്തിലാണ് *വിജ്ഞാന കൈരളി*യുടെ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തത്. 'പരമ്പരാഗത സമ്പ്രദായങ്ങളിൽ രൂഢമൂലമായിരിക്കുന്ന നമ്മുടെ സാഹിത്യത്തെയും സംസ്കാരത്തെയും ആധുനിക വിജ്ഞാനങ്ങളുടെയും ചിന്താധാരകളുടെയും വിശാലമായ വിഹായസ്സിലേക്ക് ആനയി ക്കുവാനുള്ള എളിയതും എന്നാൽ ധീരവുമായ' ശ്രമമെന്നും 'ഉപ്പുതൊട്ടു കർപ്പൂരം വരെ യുള്ള വിഷയങ്ങളെക്കുറിച്ചുള്ള' ഉള്ളടക്കത്തിന്റെ എണ്ണവും വൈവിധ്യവും ഭാഷയുടെ ഉൾക്കരുത്തു വെളിപ്പെടുത്തുന്നവയാണെന്നുമുള്ള (പത്രാധിപക്കുറിപ്പ്, "വിജ്ഞാനകൈ രളിക്ക് ഇരുപതുവയസ്സ്" 385–86)പത്രാധിപരുടെ വാക്കുകൾ കേവലം ആലങ്കാരിക

പ്രയോഗങ്ങളായിരുന്നില്ല. പ്രസിദ്ധീകൃതമായ ലേഖനങ്ങളുടെ വിഷയവൈവിധ്യം സവിശേഷമായ ശ്രദ്ധയർഹിക്കുന്നു. ഏറ്റവും കുറഞ്ഞത് ശരാശരി നൂറ്റമ്പത് ലേഖനങ്ങൾ ഒരു വർഷത്തിൽ എന്ന് കണക്കാക്കിയാൽപ്പോലും ഏഴായിരത്തി അഞ്ഞൂറ് ലേഖനങ്ങൾ ഇതിനകം *വിജ്ഞാനകൈരളി*യിലൂടെ പുറത്തുവന്നുകാണും. പംക്തികൾ, ഫില്ലർ ബോക്സുകൾ എന്നിവയിലൂടെ വെളിച്ചംകണ്ട ഇനങ്ങൾ ഇതിനുപുറമേ വേറെയുമുണ്ട്. നൂറുകണക്കിന് പുതിയ എഴുത്തുകാർ *വിജ്ഞാനകൈരളി*യിലൂടെ രംഗപ്രവേശം ചെയ്തു. അവരിൽ പലരും പിന്നീട് ഗ്രന്ഥകാരന്മാരുമായി മാറി. വൈജ്ഞാനികഗ്രന്ഥങ്ങളുടെ എഴുത്തുകാർക്കുള്ള ഒരു പരിശീലനക്കളരിയായിരുന്നു *വിജ്ഞാനകൈരളി*. *വിജ്ഞാനകൈരളി*യും *ശാസ്ത്രഗതി*യും മലയാളത്തിലെ വൈജ്ഞാനിക ഉള്ളടക്കത്തിന്റെ തോത് വർധിപ്പിക്കുന്നതിൽ വഹിച്ച പങ്ക് വളരെ വലുതാണ്. ഈ രണ്ടു പ്രസിദ്ധീകരണങ്ങളും പിന്തുടർന്ന പാത മറ്റ് ആനുകാലികങ്ങളിലെ വൈജ്ഞാനിക ഉള്ളടക്കത്തിന്റെ അനുപാതത്തെ വർധിപ്പിക്കുന്നതിൽ സ്വാധീനിക്കുകയും ചെയ്തു.

ഒരു വൈജ്ഞാനികപ്രസിദ്ധീകരണം മുടക്കമില്ലാതെ[6] അമ്പത്തിനാല് വർഷങ്ങൾ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞു എന്നത് പ്രധാനപ്പെട്ട ഒരു നേട്ടമാണെങ്കിലും ഉള്ളടക്കത്തിന്റെ പ്രാധാന്യത്തിനനുസരിച്ച പ്രചാരണം *വിജ്ഞാനകൈരളിക്ക്* കിട്ടുന്നില്ല എന്നത് വലിയൊരു പോരായ്മയായി നിലനിൽക്കുന്നു. ആദ്യദശകത്തിലെ ലഭ്യമായ വാർഷിക റിപ്പോർട്ടുകളിൽ ആയിരത്തിനടുത്താണ് സർക്കുലേഷൻ.[7] മലയാളഭാഷയുടെ വൈജ്ഞാനികപദവി വളർത്താനുള്ള ഒരു ആനുകാലികത്തിനെ വിദ്യാഭ്യാസ സ്ഥാപനങ്ങളും ലൈബ്രറി പ്രസ്ഥാനവും പിന്തുണയ്ക്കുന്നില്ല എന്നാണ് ഇത് കാണിക്കുന്നത്.

'വിജ്ഞാനസാഹിത്യവും ഭാഷാധ്യാപകരും' എന്ന പേരിൽ *വിജ്ഞാനകൈരളി*യിൽ എൻ.വി. എഴുതിയ പത്രാധിപക്കുറിപ്പ് ഊന്നിയത് പുസ്തകങ്ങളിലാണെങ്കിലും മാസികയുടെ പ്രചാരവുമായിക്കൂടി ബന്ധപ്പെട്ട ഒന്നുകൂടിയാണത്. അധ്യാപകരുടെ വായനാശീലത്തെക്കുറിച്ച് പറയവേ ഭാഷാധ്യാപകരെ പ്രത്യേകമായെടുത്ത് ചില നിരീക്ഷണങ്ങൾ അദ്ദേഹം മുന്നോട്ടുവച്ചു. രസതന്ത്രവും ജീവശാസ്ത്രവും മാത്രം വായിക്കുന്ന അതതുമേഖലകളിലെ അധ്യാപകരെ അധികം കുറ്റപ്പെടുത്തേണ്ടതില്ല; എന്നാൽ മലയാളസാഹിത്യം മാത്രം വായിക്കുന്ന മലയാള ഭാഷാധ്യാപകരെ കുറ്റപ്പെടുത്താതെ നിർവാഹമില്ല. ശാസ്ത്രവും സാമൂഹികശാസ്ത്രവും മലയാളത്തിൽ ലഭ്യമായിട്ടും വായിക്കാത്ത അധ്യാപകർ വിദ്യാർത്ഥികളുടെ ജീവിതവീക്ഷണം സങ്കുചിതമാക്കുന്നവരാണ്. ഭാഷയെന്നാൽ സാഹിത്യം മാത്രമാണ് എന്ന ചിന്താധാരയെ വിചാരണയ്ക്ക് വിധേയമാക്കുകയാണ് ഈ പത്രാ

ധിപക്കുറിപ്പ്. ഭാഷാധ്യാപകർ ശാസ്ത്രപരിചയം നേടുന്നതുകൊണ്ട് മറ്റൊരു നേട്ടം കൂടിയുണ്ട്. ശാസ്ത്രം പഠിപ്പിക്കുന്നവർ തങ്ങളേക്കാൾ ഉൽക്കൃഷ്ടരല്ലെന്ന് തിരിച്ചറിയാനും ആവശ്യം വരുമ്പോൾ ശാസ്ത്രത്തെക്കുറിച്ച് അവരോടുതന്നെ തർക്കിക്കാനും ഈ വായന സഹായിക്കും ("വിജ്ഞാനസാഹിത്യവും ഭാഷാധ്യാപകരും" 925). എന്നാൽ, ഭാഷാധ്യാപകർ മാത്രമല്ല ശാസ്ത്രാധ്യാപകരും സാമൂഹ്യശാസ്ത്രാധ്യാപകരും *വിജ്ഞാനകൈരളി*യുടെ വായനക്കാരായി മാറിയില്ല എന്നാണ് അതിന്റെ താഴ്ന്ന സർക്കുലേഷൻ നിരക്ക് വെളിപ്പെടുത്തുന്നത്. വൈപുല്യമാർന്ന ഉള്ളടക്കം ഒരുക്കുന്നതിനുവേണ്ടി ചെലവഴിച്ച അധ്വാനം ഫലപ്രാപ്തിയിലെത്തുന്നതിന് വർധിച്ച സർക്കുലേഷൻ ആവശ്യമായിരുന്നു.

സി.എസ്.ഐ.ആറിന്റെ (Council of Scientific and Industrial Research–CSIR) നേതൃത്വത്തിൽ ഇന്ത്യൻ ഭാഷകളിലുള്ള ശാസ്ത്ര ആനുകാലികങ്ങളുടെ സംഘടന എന്ന നിലയിൽ രൂപംനൽകിയ ഭാരതീയ വിജ്ഞാൻ പത്രികാസമിതിയിൽ *വിജ്ഞാനകൈരളി* അംഗത്വമെടുത്തിരുന്നു. 1971 ൽ ഇന്ത്യയിലെ ശാസ്ത്രപത്രാധിപന്മാരുടെ സമ്മേളനം ഇന്ത്യൻ നാഷണൽ സയൻസ് അക്കാദമിയിൽ ചേർന്നപ്പോൾ അതോടനുബന്ധിച്ച് സംഘടിപ്പിച്ച ശാസ്ത്രമാസികകളുടെ പ്രദർശനത്തിൽ 62 മാസികകളാണ് അണിനിരന്നത്. അവയിൽ പതിനേഴെണ്ണം മെറിറ്റ് സർട്ടിഫിക്കറ്റ് നേടുകയുണ്ടായി. മലയാളത്തിൽനിന്ന് മൂന്ന് ആനുകാലികങ്ങൾ മെറിറ്റ് സർട്ടിഫിക്കറ്റ് നേടിയതായി *ശാസ്ത്രഗതി* റിപ്പോർട്ട് ചെയ്യുന്നുണ്ട്. രണ്ടാം സ്ഥാനം *വിജ്ഞാനകൈരളി*ക്കായിരുന്നു ("ശാസ്ത്രപത്രാധിപസമ്മേളനം; അഖിലേന്ത്യാശാസ്ത്രവാരം" 54).

ഉള്ളടക്കം നിലവാരം പുലർത്തുന്നു എന്ന് പറയുമ്പോഴും ഒരു വൈജ്ഞാനിക പ്രസിദ്ധീകരണത്തിന് ഉണ്ടാവേണ്ട ശുഷ്കാന്തി നിരന്തരം പുലർത്തിപ്പോരാൻ *വിജ്ഞാനകൈരളിക്ക്* കഴിഞ്ഞിട്ടില്ല. പലപ്പോഴും വായനക്കാർതന്നെ ലേഖനങ്ങളിലെ തെറ്റുകളും പോരായ്മകളും കത്തുകളിലൂടെ ചൂണ്ടിക്കാണിച്ചിരുന്നു. ഉദാഹരണമായി 1977 ഡിസംബർ ലക്കത്തിൽ ചെറിയാൻ പി. ചെറിയാൻ എഴുതിയ 'പാരമ്പര്യവും പരിസരവും' എന്ന ലേഖനം ജീവശാസ്ത്രത്തിലെ അടിസ്ഥാനകാര്യങ്ങൾപോലും അറിയാതെ എഴുതിയതാണെന്ന് എം. എ. റഷീദ് തലശ്ശേരി എന്ന വായനക്കാരൻ ചൂണ്ടിക്കാട്ടിയതായി കാണാം. 'തലമുടിയെക്കുറിച്ച് അൽപ്പം ചിന്ത' എന്ന പേരിൽ നർമം കലർത്തി വിഷ്ണുനാരായണൻ നമ്പൂതിരി 1970 ഏപ്രിൽ ലക്കത്തിൽ എഴുതിയ ലേഖനം *വിജ്ഞാനകൈരളി*യിൽ ഉൾപ്പെടുത്തിയത് പന്തിയായില്ലെന്ന് കോളെജധ്യാപകനായ ഒരു വായനക്കാരൻ ചൂണ്ടിക്കാണിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ 'ജനപ്രിയം' എന്ന് വിശേഷിപ്പി

ക്കാവുന്ന ആനുകാലികങ്ങളിൽ വരേണ്ട ലേഖനമായിരുന്നു അത് (തോമസ് വർഗീസ് 76).

'വിജ്ഞാനത്തെ ബഹുജനങ്ങൾക്ക് എത്തിച്ചുകൊടുക്കുക; ബഹുജനങ്ങളെ വിജ്ഞാനത്തിലേക്കാകർഷിക്കുക' എന്ന ദൗത്യവുമായി പിറന്ന, ജനകീയതലത്തിലുള്ള ഒരു വൈജ്ഞാനികപ്രസിദ്ധീകരണമെന്ന നിലയിലുള്ള *വിജ്ഞാനകൈരളി*യുടെ സ്ഥാനം അത്യന്തം പ്രാധാന്യമർഹിക്കുന്നതാണെങ്കിലും പ്രഖ്യാപിതലക്ഷ്യങ്ങളിൽനിന്ന് അത് വ്യതിചലിച്ചതായി (വിനീത 44) നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. 1975 ലെയും 2013 ലെയും *വിജ്ഞാനകൈരളി*ലക്കങ്ങൾ പഠനവിധേയമാക്കിയാണ് വിനീത തന്റെ നിഗമനത്തിലെത്തിയത്. ശാസ്ത്രവിഷയങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് ആരംഭിച്ച *വിജ്ഞാനകൈരളി* 2013 ലെത്തുമ്പോഴേയ്ക്കും ഏറെക്കുറെ സാഹിത്യസംബന്ധിയായ ലേഖനങ്ങളുടെ സഞ്ചയമായി മാറിയതായി വിനീത കണ്ടെത്തുന്നു. ലേഖനങ്ങളുടെ എണ്ണത്തിലും സ്വഭാവത്തിലും വലിയ മാറ്റങ്ങൾ വന്നതായും പഠനം സൂചിപ്പിക്കുന്നുണ്ട്. എന്നാൽ ഈ പഠനത്തിന്റെ അടിസ്ഥാനഡാറ്റ ലഭ്യമാക്കിയിട്ടില്ല. അതിനാൽ *വിജ്ഞാനകൈരളി*യിലെ ഇരുപത് വർഷങ്ങൾ ഇടവിട്ടുള്ള മൂന്ന് വാല്യങ്ങളിലെ ലേഖനങ്ങളുടെ സ്വഭാവം പരിശോധിക്കാനുള്ള ശ്രമമാണ് ചുവടെ.

| ഇനം | വാല്യം 1 | | വാല്യം 21 | | വാല്യം 41 | |
|---|---|---|---|---|---|---|
| | എണ്ണം | % | എണ്ണം | % | എണ്ണം | % |
| ശാസ്ത്രം | 101 | 62.35 | 48 | 26.09 | 12 | 6.59 |
| സാമൂഹികശാസ്ത്രം | 38 | 23.46 | 36 | 19.57 | 23 | 12.64 |
| ഭാഷ,സാഹിത്യം,സംസ്കാരം | 18 | 11.11 | 60 | 32.61 | 121 | 66.48 |
| മറ്റുള്ളവ | 5 | 3.09 | 40 | 21.74 | 26 | 14.29 |
| **ആകെ** | **162** | **100.00** | **184** | **100.00** | **182** | **100.00** |

പട്ടിക 4.7: വിജ്ഞാനകൈരളിയുടെ 1, 21, 41 വാല്യങ്ങളിലെ ലേഖനങ്ങളുടെ ഉള്ളടക്ക സ്വഭാവം താരതമ്യം

പട്ടിക 4.7 ൽ *വിജ്ഞാനകൈരളി*യുടെ 1, 21, 41 വാല്യങ്ങളിലെ 36 ലക്കങ്ങളിലെ ലേഖനങ്ങളിലെ ഉള്ളടക്ക അനുപാതം നൽകിയിരിക്കുന്നു. ലേഖനങ്ങളെ ശാസ്ത്രം, സാമൂഹികശാസ്ത്രം, ഭാഷ–സാഹിത്യം–സംസ്കാരം, മറ്റുള്ളവ എന്നിങ്ങനെ നാലായി ഇൻഡക്സ് ചെയ്ത് ക്രോഡീകരിച്ചിരിക്കുകയാണ് ഇവിടെ. ശാസ്ത്രലേഖനങ്ങളുടെ എണ്ണം ഈ വാല്യങ്ങളിൽ 101, 48, 12 എന്നിങ്ങനെ കുറഞ്ഞുവരുന്നതായി കാണാം. വാല്യങ്ങളിലെ

ഉള്ളടക്കത്തിന്റെ ശതമാനക്കണക്കിൽ ഇത് 62.35, 26.09, 6.59 എന്നിങ്ങനെ വരും. നാൽപ്പത്തിയൊന്നാം വാല്യത്തിൽ ഒരു ലക്കത്തിൽ ശരാശരി ഒരു ശാസ്ത്രലേഖനമാണുള്ളത്. സാമൂഹികശാസ്ത്ര ലേഖനങ്ങളിലും കുറവുവരുന്നതായി കാണുന്നു. 23.46%, 19.57%, 12.64% എന്ന തോതിലാണ് അത് കുറഞ്ഞത്. ഭാഷ–സാഹിത്യം–സംസ്കാരം ഇനത്തിൽ ആദ്യവാല്യത്തിൽ 11.11% ലേഖനങ്ങളുണ്ടായിരുന്നത് 32.61% ആയും പിന്നീട് 66.48% ആയും വർധിച്ചു. മറ്റുള്ളവ എന്ന വിഭാഗത്തിലാവട്ടെ 3.09 ശതമാനത്തിൽ നിന്ന് 21.74 ശതമാനത്തിലേക്ക് വർധിച്ചെങ്കിലും പിന്നീട് 14.29 ശതമാനത്തിലേക്ക് കുറയുകയാണുണ്ടായത്. ഇവിടെ ലേഖനങ്ങളെ ഇൻഡക്സ് ചെയ്യുന്നതിൽ പരിമിതികളുണ്ടാവാമെങ്കിലും ശാസ്ത്ര–സാമൂഹികശാസ്ത്ര വിഷയങ്ങളിൽനിന്ന് ഭാഷാ ഉള്ളടക്കത്തിലേക്കുള്ള വലിയ വ്യതിയാനമാണ് കാണാൻ കഴിയുക (ചിത്രം 4.2). *വിജ്ഞാനകൈരളി* എന്ന പേര് അന്വർത്ഥമാക്കും വിധത്തിലുള്ള ആദ്യകാല ഉള്ളടക്കത്തിൽ നിന്ന് ഇത്തരമൊരു വ്യതിയാനത്തിന് ന്യായീകരണം കണ്ടെത്താൻ പ്രയാസമാണ്. സ്ഥാപനത്തിന്റെ ലക്ഷ്യങ്ങളിൽനിന്നുള്ള പിൻമടക്കമാണിത്.




ചിത്രം 4.2: വിജ്ഞാനകൈരളി ലേഖനങ്ങളിൽ ശാസ്ത്രം, സാമൂഹികശാസ്ത്രം, ഭാഷ, മറ്റുള്ളവ എന്നീ വിഭാഗങ്ങളിൽ 1, 21, 41 വാല്യങ്ങളിൽ വന്ന വ്യതിയാനം.

വിഷയച്ചേരുവയിൽ വലിയതോതിൽ മാറ്റങ്ങളുണ്ടായി എന്നതോടൊപ്പം ശ്രദ്ധേയമായൊരു കാര്യം ഉള്ളടക്കസ്വഭാവത്തിൽ നിരന്തരമായി വന്നുകൊണ്ടിരിക്കുന്ന ചാഞ്ചാട്ടങ്ങളാണ്. ഉള്ളടക്കസ്വഭാവത്തിൽ ചുമതലക്കാർ മാറുന്നതിനനുസരിച്ച് മാറ്റങ്ങൾ വന്നു

കൊണ്ടിരിക്കുന്നുണ്ട്.[8] മാറ്റങ്ങൾ വേണം. പക്ഷേ, അവ മുന്നോട്ട് നയിക്കുന്നവയാവണം. 'ഏതു യക്ഷിക്കഥയാണ് സയൻസിന്റെ കഥയേക്കാൾ കൂടുതൽ ആവേശകരമായിട്ടുള്ളത്' എന്ന് ആദ്യ പത്രാധിപക്കുറിപ്പിലൂടെ വായനക്കാരെ അഭിസംബോധന ചെയ്ത *വിജ്ഞാനകൈരളി* അതിന്റെ ഒരു ലക്കത്തിലൂടെ 'ആർഷഭാരതത്തിന്റെ പൈതൃകമായ ആധ്യാത്മികതയെ ആധുനികശാസ്ത്രവുമായി കൂട്ടിയിണക്കാൻ' ലക്ഷ്യമിട്ടുള്ള വിഭവങ്ങളുമായി പുറത്തിറങ്ങിയത് (*വിജ്ഞാനകൈരളി-വാല്യം XXIV ലക്കം 2* ) പൂർവാപരബന്ധത്തെ (consistency) വിട്ടുകളഞ്ഞതുകൊണ്ടാണ്. പ്രസിദ്ധീകരണത്തിനും സ്ഥാപനത്തിനും ഒരു ലക്ഷ്യപ്രസ്താവന (vision statement) ഉണ്ടായേ തീരൂ.

ഇന്ന് യു.ജി.സി.യുടെ അംഗീകാരമുള്ള മലയാള പ്രസിദ്ധീകരണമാണ് *വിജ്ഞാനകൈരളി*. എന്നാൽ ഗവേഷകവിദ്യാർത്ഥികൾക്ക് ഒരു കളരിയായി പ്രയോജനപ്പെടുത്താൻ കഴിയുംവിധം *വിജ്ഞാനകൈരളി*യുടെ സ്വഭാവം മാറ്റിയെടുക്കാൻ കഴിഞ്ഞിട്ടില്ല. അതിന്റെ ആനുകാലികസ്വഭാവം പൂർണമായി ഒഴിവാക്കാൻ ബുദ്ധിമുട്ടുകളുണ്ടായേക്കാം. *വിജ്ഞാനപോഷിണി* പുനരാരംഭിക്കാൻ കഴിയില്ലെങ്കിൽ *വിജ്ഞാനകൈരളി*യുടെ പകുതി പേജുകളെങ്കിലും ഗവേഷകസ്വഭാവമുള്ള രചനകൾക്കായി മാറ്റിവെക്കുകയാവും കരണീയം. 2005 കാലയളവിൽ ഏതാനും പേജുകളുമായി അത്തരത്തിലുള്ള ചില നീക്കങ്ങൾക്ക് തുടക്കമിട്ടതായി കാണുന്നുണ്ടെങ്കിലും അതു മുമ്പോട്ടുപോയില്ല. പേജുകൾ നീക്കിവച്ചതുകൊണ്ടു മാത്രമായില്ല, എല്ലാവിധ ചിട്ടവട്ടങ്ങളും പാലിക്കുന്നതും പിയർ റിവ്യൂവിന് വിധേയമായതുമായ പ്രബന്ധങ്ങളേ ആ വിഭാഗത്തിൽ ഉൾപ്പെടുത്താവൂ. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനകത്തുള്ള ആളുകൾ മാത്രം ഉൾക്കൊള്ളുന്ന പത്രാധിപസമിതി എന്ന സങ്കൽപ്പം മാത്രം മതിയാകില്ല അതിന്.

പരിമിതികൾ ചൂണ്ടിക്കാണിക്കാൻ കഴിയുമെങ്കിലും മലയാളത്തിൽ ആധുനികവിജ്ഞാനത്തിന്റെ ഭാഷാസ്വരൂപം നിർണയിക്കുന്നതിൽ തനതായ ഒരു പങ്ക് വഹിക്കാൻ *വിജ്ഞാനകൈരളിക്ക്* കഴിഞ്ഞിരുന്നു. നൂറുകണക്കിന് പുതിയ വിഷയങ്ങളെയും നൂറുകണക്കിന് പുതിയ എഴുത്തുകാരെയും അത് കൈരളിക്ക് സംഭാവന ചെയ്തു. *ഭാഷാപോഷിണി* കൊളുത്തിയ ഭാഷയിലെ വിജ്ഞാനധാരയുടെ പന്തം കൂടുതൽ തെളിച്ചത്തോടെ ജ്വലിപ്പിക്കാനാണ് *വിജ്ഞാനകൈരളി* ശ്രമിച്ചത്.

## 4.5 ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഷാപരിചരണം

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങളിലെയും ആനുകാലികങ്ങളിലെയും ഭാഷ വായിച്ച് മനസ്സിലാക്കാൻ പ്രയാസമാണെന്നും ഭാഷ ഒഴുക്കില്ലാത്തതാണെന്നും ചിലർ കരുതുന്നു. അതിലെ ഭാഷ മണിപ്രവാള ഭാഷയാണെന്നാണ് മറ്റൊരഭിപ്രായം (ഗോപാലൻ 714; രാമൻ പിള്ള 415). സാങ്കേതികപദങ്ങളെ മുൻനിർത്തി മാത്രമല്ല ഇത്തരം അഭിപ്രായങ്ങൾ ഉയരുന്നത്. മറിച്ച് പുസ്തകങ്ങളിലെ ഭാഷാരീതിയെക്കുറിച്ചാണ്. ഈ വിലയിരുത്തലിൽ അടിസ്ഥാനപരമായ ഒരു പ്രശ്നം നിലനിൽക്കുന്നുണ്ട്. പോപ്പുലർ സയൻസ് പുസ്തകങ്ങളെപ്പോലെ വായിച്ചുപോവാനായല്ല ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ വിഭാവനം ചെയ്തത്. അവയിൽ നല്ലൊരു പങ്ക് ശാസ്ത്ര–സാങ്കേതിക മേഖലകളിലുള്ള സർവകലാശാലാ നിലവാരത്തിലുള്ള പാഠപുസ്തകങ്ങളാണ് എന്ന കാര്യം പരിഗണിച്ചുകൊണ്ടുവേണം ഭാഷയുടെ കാഠിന്യത്തെക്കുറിച്ച് വിലയിരുത്താൻ. വിഭാവനം ചെയ്ത ഗ്രൂപ്പിനനുസരിച്ച് വിഷയത്തിന്റെ കാഠിന്യം മാറും.[9] ആധുനിക വൈജ്ഞാനികവിഷയങ്ങൾ എഴുതുമ്പോഴാകട്ടെ അവയിൽ സാങ്കേതികപദങ്ങളും അതിനുയോജിച്ച ശൈലികളും വലിയതോതിൽ കടന്നുവരും.

താഴെ നൽകുന്ന ഉദാഹരണം *സൈദ്ധാന്തിക അകാർബണിക രസതന്ത്രം* എന്ന പുസ്തകത്തിലെ ചെറിയൊരു ഭാഗമാണ്. അതിനു ചുവടെ *Theoretical Inorganic Chemistry* എന്ന മൂലഗ്രന്ഥത്തിൽ നിന്നുള്ള ബന്ധപ്പെട്ട ഭാഗവും നൽകിയിരിക്കുന്നു.

> "ഈ ആശയമുപയോഗിച്ച് പ്ലാങ്ക് താഴെ കാണുന്ന സമീകരണം വ്യുത്പാദിപ്പിച്ചു.
>
> $$E = \frac{2\pi c}{\lambda^4} \frac{e_0}{e^{\frac{e_0}{KT}} - 1} \qquad (1\text{–}5)$$
>
> ഇവിടെ E എന്നത് ഒരു കറുത്ത വസ്തുവിന്റെ ഏകവർണക ഉത്സർജനക്ഷമതയാണ്; c പ്രകാശവേഗവും k ബോൾട്ട്സ്മാൻ സ്ഥിരാങ്കവുമാണ്. പക്ഷേ സമീകരണം (1–2) താപഗതികത്തിൽനിന്ന് വ്യുത്പാദിതമാകയാൽ അത് അടിസ്ഥാനപരമായി ശരിയായിരിക്കണം. അതിനാൽ പ്ലാങ്ക് നിയമത്തിലും, സമീകരണം (1–2) ലെപ്പോലെ λT എന്ന പദം ഉണ്ടായിരിക്കണം. പക്ഷേ λ=c/v ആയതിനാൽ മേൽപ്പറഞ്ഞ പദത്തിനു പകരം T/v അല്ലെങ്കിൽ v/T എന്ന പദങ്ങളായാലും മതി. ഈ നിലപാടിൽ നിന്നുകൊണ്ട്

സമീകരണം (1–5) പരിശോധിക്കുമ്പോൾ ഒരു കാര്യം വ്യക്തമാവുന്നു: ഊർജക്വാണ്ടം ϵ0 യും 1/λ യും പരസ്പരം അനുലോമാനുപാതികമായിരിക്കണം.” (ഡെ and സെൽബിൻ 8)

“Using this idea, Planck was able to derive the equation

$$E = \frac{2\pi c}{\lambda^4} \frac{e_0}{e^{\frac{e_0}{KT}} - 1} \qquad (1\text{–}5)$$

for the monochromatic emissive power of a black body. Here c is the velocity of light and k is the Boltzmann constant. Since Eq. (1–2) is of thermodynamic origin, and therefore basically correct, it is necessary for the distribution law of Planck to contain the temperature in the combination λT, or since λ=c/v, the combinations T/v or v/T are also acceptable. Consequently, it can be seen from Eq. (1–5) that the quantum of energy ϵ0, must be proportional to 1/λ.” (Day and Selbin 7)

ഈ പാഠഭാഗം യഥാക്രമം മലയാളവും ഇംഗ്ലീഷും അറിയുന്ന സാധാരണക്കാരായ വായനക്കാർക്ക് മനസ്സിലാക്കാൻ പ്രയാസമുള്ള കാര്യമാണ്. വിഷയം പുതുതായി പഠിച്ചുതുടങ്ങുന്ന ഒരു വിദ്യാർത്ഥിക്ക് സാങ്കേതികപദങ്ങൾ മലയാളത്തിലായാലും ഇംഗ്ലീഷിലായാലും അവ പുതിയവയാണ്. ഉൾക്കൊണ്ട് പഠിച്ചെടുക്കേണ്ടതുണ്ട്. എന്നാൽ നേരത്തേ ഇംഗ്ലീഷിൽ ഇക്കാര്യങ്ങൾ പഠിച്ച ഒരു അധ്യാപകന് മലയാളത്തിലെ പദങ്ങൾ കഠിനങ്ങളാണെന്നും ഭാഷ ഒഴുക്കില്ലാത്തതാണെന്നും തോന്നും. യഥാർത്ഥത്തിൽ ഇതാണ് വലിയൊരളവോളം സംഭവിച്ചത്. ഇംഗ്ലീഷിൽ വിഷയം പഠിച്ചവർ മലയാളപദങ്ങളെ കണ്ടുമുട്ടിയപ്പോൾ അവർക്കനുഭവപ്പെട്ട അപരിചിതത്വമാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകങ്ങളിലെ ഭാഷ വലിയതോതിൽ വിമർശനവിധേയമായതിനു കാരണം.

സാങ്കേതികപദങ്ങൾക്ക് മാത്രമായി യാതൊരാശയവും പ്രകടിപ്പിക്കാൻ കഴിയില്ലെന്നും നിയതമായും വ്യക്തമായുമുള്ള ഒരു ശാസ്ത്രീയ ഗ്രന്ഥരചനാശൈലി വളർന്നുവരികയാണ് പ്രധാനമെന്നും ഹരിപ്പാട് നിന്നുള്ള പി. രാമൻ പിള്ള എന്ന വായനക്കാരൻ *വിജ്ഞാനകൈരളിക്ക*യച്ച കത്തിൽ (1977 നവംബർ ലക്കത്തിൽ)വ്യക്തമാക്കുന്നുണ്ട്. അത്തരമൊരു ശൈലി വളർത്തിയെടുക്കാൻ *വിജ്ഞാനകൈരളി* മുൻകയ്യെടുക്കേണ്ടതുണ്ട്. ഇപ്പോഴിറങ്ങുന്ന ശാസ്ത്രഗ്രന്ഥങ്ങളിലെ വക്രവും

സ്ഥൂലവുമായ ശൈലി വായനക്കാരെ അകറ്റുകയേ ഉള്ളൂ എന്ന് അദ്ദേഹം നിരീക്ഷിച്ചു. എന്നാൽ, അതേ ലക്കത്തിൽത്തന്നെ ആർ. എം. മനക്കലാത്ത് എല്ലാമെല്ലാം ഉൾക്കൊള്ളാൻ കഴിയുംവിധം മലയാളത്തെ പരിവർത്തിപ്പിക്കുന്നതിൽ *വിജ്ഞാനകൈരളി*യെ ശ്ലാഘിക്കുന്നുമുണ്ട്. പുതുതായി നിരവധി എഴുത്തുകാരെ അരങ്ങിലെത്തിച്ചതിലും അദ്ദേഹം *വിജ്ഞാനകൈരളി*യെ അഭിനന്ദിക്കുന്നു.

*വിജ്ഞാനകൈരളി*യിലെ ഉള്ളടക്കം ക്ലിഷ്ടമാണെന്നും അത് സാധാരണക്കാർക്ക് പ്രയോജനപ്പെടില്ലെന്നും പരാതിപ്പെട്ട വായനക്കാരന് (വാല്യം മൂന്ന്; ലക്കം ഏഴ്) പത്രാധിപർ നൽകിയ മറുപടി, അവ കുറെയൊക്കെ ദുർഗ്രഹമായിരിക്കുമെന്നും *വിജ്ഞാനകൈരളി*യെ ഒരു പോപ്പുലർ സയൻസ് മാസികയായിട്ടല്ല ഞങ്ങൾ വിഭാവനം ചെയ്യുന്നതെന്നുമാണ്. പോപ്പുലർ സയൻസ് മാസികകൾ മലയാളത്തിൽ ഒന്നുരണ്ടെണ്ണം വേറെയുണ്ടെന്നും അതിൽനിന്ന് ഭിന്നമായി നിലവാരമുള്ള ഒരു മാസികയായി *വിജ്ഞാനകൈരളി* വേറിട്ടുനിൽക്കാൻ ആഗ്രഹിക്കുന്നെന്നും പത്രാധിപർ വ്യക്തമാക്കി. ഒരൊറ്റ വിഷയമേഖലയെ അധികരിച്ചുള്ള പ്രസിദ്ധീകരണമല്ലാത്തതിനാൽ *വിജ്ഞാനകൈരളിക്ക്* പല മേഖലകളിൽ താൽപ്പര്യമുള്ളവർ വായനക്കാരായുണ്ട്. അവരിൽ പലർക്കും തങ്ങളുടെ വിഷയമേഖലയിൽപ്പെടാത്തവ ദുർഗ്രാഹ്യമായി തോന്നാമെന്നതിനാൽ 'മാസിക ഒട്ടു ദുർഗ്രഹവും ഒട്ടു കൃച്ഛ്രഗാമ്യവും ആയിട്ടിരിക്കയേ നിർവാഹമുള്ളൂ' എന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് പത്രാധിപർ നിലപാട് ഉറപ്പിക്കുന്നത്.

'മാസിക ഒട്ടു ദുർഗ്രാഹ്യവും ഒട്ടു കൃച്ഛ്രഗാമ്യവും' ആകുന്നത് മനസ്സിലാക്കാൻ കഴിയുമെങ്കിലും അതിൽ തെറ്റുകൾ ധാരാളമായി കടന്നുകൂടുന്നത് ഒട്ടും ആശാസ്യമല്ല എന്ന് ഇതിനോട് പ്രതികരിച്ചുകൊണ്ട് മറ്റൊരു വായനക്കാരനായ ഡോ.വി.പത്മനാഭൻ നായർ 1972 മെയ് ലക്കത്തിൽ എഴുതി. തുടർന്ന് വിവിധ ലക്കങ്ങളിൽവന്ന തെറ്റുകളെ ചൂണ്ടിക്കാണിക്കാനും സാങ്കേതികപദങ്ങൾ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ വ്യക്തമാക്കാനും പത്മനാഭൻ നായർ തയ്യാറാവുന്നുണ്ട്. എഴുത്തുകാരുടെ അശ്രദ്ധയോ, പ്രതിപാദ്യവിഷയത്തിലുള്ള പരിജ്ഞാനക്കുറവോ, പ്രൂഫ് തിരുത്തുന്നവരുടെ അശ്രദ്ധയോ, കാരണമെന്തായാലും *വിജ്ഞാനകൈരളി*യിൽ തെറ്റുകൾ കടന്നുകൂടുന്നത് വായനക്കാർ തെറ്റായവിധത്തിൽ കാര്യങ്ങൾ ഉൾക്കൊള്ളുന്നതിലേക്ക് നയിക്കുമെന്ന അദ്ദേഹത്തിന്റെ നിരീക്ഷണം കൃത്യമാണ്.

ഭാഷാശൈലിയുമായി ബന്ധപ്പെട്ട വിമർശനങ്ങൾ സ്ഥാപനത്തിന്റെ പേരിനെ മുൻനിർത്തിത്തന്നെ ഉയർന്നിരുന്നു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എന്നതുതന്നെ ഇംഗ്ലീഷ് വാക്കു കലർന്നതായിപ്പോയി എന്നതാണ് പ്രശ്നം. നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ

സംസ്ഥാനങ്ങൾ തോറുമുള്ള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുകളും കേന്ദ്രതലത്തിലുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ടും എന്ന സങ്കൽപ്പത്തെ മുൻനിർത്തിയാണ് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാംഗ്വേജസ്, കേരള എന്ന പേര് സ്വീകരിക്കുന്നത്. അതിനെ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എന്ന് മലയാളീകരിക്കുകയും ചെയ്തു. വിവിധ സംസ്ഥാനങ്ങളിൽ വ്യത്യസ്ത പേരുകളാണ് സ്വീകരിക്കപ്പെട്ടത് എന്നതിനാൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാംഗ്വേജസ് എന്നു തന്നെ പേര് സ്വീകരിക്കണമെന്ന് നിർബന്ധമില്ലായിരുന്നു എന്നുവേണം കരുതാൻ. ഇൻസ്റ്റിറ്റ്യൂട്ട് എന്ന പദം മലയാളത്തിൽ മറ്റു പല സ്ഥാപനങ്ങൾക്കും ഉപയോഗിച്ചുപോരുന്നുണ്ട്. ഈ വാദമുയർത്തുന്നവർ ഇതിനുപകരം സംസ്കൃതപദമാണ് ഉപയോഗിച്ചതെങ്കിൽ എതിർക്കാനും സാധ്യതയില്ല. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എന്ന മലയാളം–ഇംഗ്ലീഷ് മണിപ്രവാളപ്പേരിനു പകരം കേരള വിജ്ഞാനസമിതി എന്നോ മറ്റോ ആകാമായിരുന്നു എന്ന് ഗുപ്തൻ നായർ അദ്ദേഹത്തിന്റെ ആത്മകഥയിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലോഗോയിലുള്ള ഗീർനഃ ശ്രേയഃ (വാക്ക് ശ്രേയസ്സാകട്ടെ) എന്ന സംസ്കൃതപദത്തോട് ഇത്തരക്കാരാരും താൽപ്പര്യക്കുറവ് പറഞ്ഞുകേട്ടിട്ടില്ല. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പേരിലെ മണിപ്രവാളത്തെ തള്ളിപ്പറയുന്ന അതേ അവസരത്തിൽത്തന്നെ ഗീർനഃ ശ്രേയഃ എന്ന അർത്ഥഗഹനമായ മുഖവാക്യം കണ്ടെടുത്തത് എൻ. വി. ആയിരുന്നു എന്നതിൽ ഗുപ്തൻ നായർ അഭിമാനം കൊള്ളുകയും ചെയ്യുന്നു (*മനസാസ്മരാമി* 214).

ഭാഷാപുസ്തകങ്ങൾക്കല്ല, ശാസ്ത്രപുസ്തകങ്ങൾക്കാണ് പ്രാധാന്യം എന്നതിനാൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എന്നായിരുന്നില്ല വേണ്ടിയിരുന്നത് എന്ന വാദം കഴമ്പില്ലാത്തതാണ്. അത് ഭാഷയുടെ വൈജ്ഞാനികതലത്തിന്റെ പ്രാധാന്യം ഉൾക്കൊള്ളാത്തതുകൊണ്ടാണ്. ഭാഷയെന്നാൽ സാഹിത്യം മാത്രമല്ലല്ലോ. വേണമെങ്കിൽ മലയാളച്ചുവയുള്ള ഒരു പേര് ആവാമായിരുന്നു എന്നു മാത്രം. *ശാസ്ത്രഗതി*യുടെ 1969–70 കാലഘട്ടത്തിലെ ലക്കങ്ങളിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനെ കേരള ഭാഷാസ്ഥാപനം (ചിലയിടങ്ങളിൽ സംസ്ഥാന ഭാഷാസ്ഥാപനം എന്നും) എന്നാണ് വിശേഷിപ്പിച്ചുകാണുന്നത്. എന്നാൽ പിന്നീട് *ശാസ്ത്രഗതി*യും ആ പേരിൽ ഉറച്ചുനിന്നില്ല. അതിനിടെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനെ കളിയാക്കാനായി വാരിയം എന്ന് ചിലർ വിശേഷിപ്പിച്ചിരുന്നു. എൻ.വി.യെ മുൻനിർത്തിയായിരുന്നു ഈ പേരിടൽ. പക്ഷേ, എൻ.വി. അതിനെ അധിക്ഷേപമായി എടുത്തില്ലെന്നു മാത്രമല്ല, തമിഴിൽ വാരിയമെന്നത് കാര്യാലയമാണെന്ന് ചൂണ്ടിക്കാണിക്കുകയും ചെയ്തു.[10]

വൈജ്ഞാനികമേഖലകളിൽ ആഴത്തിൽ അറിവുനേടിയ ആളുകൾ പൊതുവേ ഭാഷയുടെ സർഗാത്മകത ഉൾക്കൊള്ളാത്തവരായിരിക്കും എന്നത് അവരെഴുതുന്ന പുസ്തകങ്ങളിലെ ഭാഷാശൈലിയെ ബാധിക്കുന്ന ഒരു പ്രശ്നമാണ്. ഭാഷയിൽ പ്രാവീണ്യമുള്ള ആളുകളുടെ എഡിറ്റിങ്ങിലൂടെയാണ് അവരുടെ രചനകളെ മെച്ചപ്പെടുത്താൻ കഴിയുക. ഭാഷയ്ക്ക് പ്രത്യേകശ്രദ്ധ നൽകി എഡിറ്റിങ്ങിന് വിധേയമാക്കുമ്പോൾ അതിലെ വൈജ്ഞാനിക ഉള്ളടക്കത്തിന് പോറലേൽക്കാതെയും ലളിതവൽക്കരിച്ച് നേർത്തുപോകാതെയും ശ്രദ്ധിക്കേണ്ടതുമുണ്ട്. ആദ്യകാലത്ത് എല്ലാ പുസ്തകങ്ങളും അതത് വിഷയമേഖലകളിൽ വൈദഗ്ധ്യമുള്ളവർ പരിശോധിച്ചിട്ടുണ്ട്. പക്ഷേ, അവരുടെ പരിശോധനയിൽ ഉള്ളടക്കപരമായ തെറ്റുകളേ പരിഗണിക്കപ്പെടുകയുള്ളൂ. ഭാഷാപരമായ എഡിറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടിനകത്തു തന്നെയുള്ളവരാണ് ചെയ്തത്.

ഇന്ന് പരിശോധിക്കുമ്പോൾ, തട്ടും തടവുമില്ലാത്ത ഭാഷയെന്ന കാര്യത്തിൽ ആദ്യകാല പുസ്തകങ്ങളിൽ വേണ്ടത്ര ശ്രദ്ധ ഉണ്ടായിട്ടില്ല എന്ന് കാണാം. എത്രയും പെട്ടെന്ന് പരമാവധി പുസ്തകങ്ങൾ കൊണ്ടുവരിക എന്ന ലക്ഷ്യം മുൻനിർത്തി പ്രവർത്തിച്ചതിന്റെ ഫലമായിരിക്കാം ഇത്. എന്നാൽ അതുമാത്രമല്ല ഇതിന് കാരണമെന്നും കരുതേണ്ടിവരും. 'അംശങ്ങളിലെ ചാരുതയല്ല വിജ്ഞാനഗ്രന്ഥങ്ങളിൽ ലക്ഷ്യം; സമഗ്രതയും സ്പഷ്ടതയുമാണ് ' എന്നാണ് ജോലിക്കു ചേർന്ന ആദ്യദിനം കയ്യിൽക്കിട്ടിയ സ്ക്രിപ്റ്റ് സമൂലമായി എഡിറ്റുചെയ്യാൻ ശ്രമിച്ച തനിക്ക് എൻ. വി. നൽകിയ മാർഗനിർദേശം (വിഷ്ണുനാരായണൻ നമ്പൂതിരി, “സ്മൃതിപരിമളം” 822) എന്ന പ്രസ്താവം അതിന് തെളിവാണ്. വ്യാപകമായ തോതിൽ ശാസ്ത്രഗ്രന്ഥങ്ങൾ നിർമിക്കുമ്പോൾ തെറ്റുകൾ സംഭവിക്കുമെന്നും അവ ചൂണ്ടിക്കാട്ടുമ്പോൾ അടുത്ത പതിപ്പിൽ തിരുത്താമെന്നുമാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സമീപനമെന്നും മറ്റൊരു ലേഖനത്തിലും കാണാം (മൂസ്സത്, “ശാസ്ത്രഗ്രന്ഥങ്ങൾ; തെറ്റും തിരുത്തും” 10). സമഗ്രതയുടെയും സ്പഷ്ടതയുടെയുംകൂടെ ഭാഷാപരമായ മേന്മയും കൂടിച്ചേരുമ്പോൾ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ വായനക്കാർ തേടിപ്പിടിച്ച് വായിക്കുന്ന സ്ഥിതി സംജാതമാവും. ഉള്ളടക്കപരമായ മേന്മയോടൊപ്പം ചാരുതയുള്ള ഭാഷയും ചേരുന്നതിന്റെ ഉദാഹരണമായി *ഒന്ന്, രണ്ട്, മൂന്ന്,... അനന്തം* എന്ന പുസ്തകത്തെ നേരത്തേ ചൂണ്ടിക്കാണിച്ചിരുന്നല്ലൊ.

## 4.6 സാങ്കേതികപദാവലികൾ

സാങ്കേതികപദങ്ങളെ മുൻനിർത്തിയാണ് കടുത്ത വിമർശനങ്ങൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനു നേരെ എല്ലാകാലവും ഉയർന്നുവന്നത്. ഇന്നും ഉയരുന്നതും. 'ഭാഷയെ വെങ്കല ഭാഷയാക്കുന്നു', കടുകട്ടിയായ സംസ്കൃതപദങ്ങളെ സ്വീകരിക്കുകവഴി ഭാഷയുടെ 'തെളിമയെ നശിപ്പിക്കുന്നു', ഇംഗ്ലീഷ് പദങ്ങൾ അതേപടി സ്വീകരിച്ച് 'പുതിയൊരു മണിപ്രവാളം' സൃഷ്ടിക്കുന്നു എന്നിങ്ങനെ വിവിധ കോണുകളിൽനിന്നുള്ള വിമർശനങ്ങൾ ഉയരുകയുണ്ടായി. സി.എസ്.ടി.ടി. നിർമിച്ച പദങ്ങളെ മുൻനിർത്തി വേണമായിരുന്നല്ലോ ഇവിടെ സാങ്കേതികപദങ്ങൾ നിർമിക്കാൻ. അതിനാണ് ഫണ്ട് ലഭിച്ചത്. സി.എസ്.ടി.ടി.യുടെയും കേന്ദ്ര വിദ്യാഭ്യാസമന്ത്രാലയത്തിന്റെയും നിർദേശങ്ങളെ മറികടക്കാൻ ഇൻസ്റ്റിറ്റ്യൂട്ടിനാവുമായിരുന്നോ എന്ന ചോദ്യം പ്രസക്തമാണ്. എങ്കിൽ എങ്ങനെ, ഏതളവുവരെ പോകാൻ കഴിയുമായിരുന്നു എന്നതും പരിശോധിക്കേണ്ടതുണ്ട്. സി.എസ്.ടി.ടി. യുടെ പദാവലികളെ സ്വീകരിക്കാൻ തമിഴ്നാട് തയ്യാറായിരുന്നില്ല. ത്രിഭാഷാനയത്തോടും തമിഴ്നാട് ഇതേ സമീപനമാണ് സ്വീകരിച്ചത്. ഭാഷാകാര്യത്തിൽ മൗലികവാദത്തോളമെത്തുന്ന സമീപനങ്ങൾ സ്വീകരിക്കുന്ന തമിഴ് ജനതയിൽനിന്ന് വിഭിന്നമായ സമീപനമാണ് എക്കാലവും മലയാളിസമൂഹം സ്വീകരിച്ചുപോന്നത്. മാത്രമല്ല, ചരിത്രപരമായ കാരണങ്ങളാൽ സംസ്കൃതവുമായി തമിഴിനേക്കാൾ വലിയതോതിൽ ചാർച്ചയുള്ള ഭാഷയുമാണ് മലയാളം.

'സ്പുത്നിക്'' പറന്നുയർന്നത് സോവിയറ്റ് ക്ലാസ്സ്മുറികളിൽ നിന്നാണെന്ന കാഴ്ചപ്പാടോടെ ശാസ്ത്രവിദ്യാഭ്യാസരംഗത്ത് നടത്തേണ്ട അഴിച്ചുപണിയെപ്പറ്റി അമേരിക്കയിൽ വലിയ ചർച്ചകൾ 1950 കളുടെ അവസാനം അരങ്ങേറുകയുണ്ടായി (Powel). സോവിയറ്റ് യൂണിയനിൽ ശാസ്ത്രരംഗത്തുണ്ടായ പുരോഗതിയും വിദ്യാഭ്യാസരംഗത്ത് അവർ കൊണ്ടുവന്ന മാറ്റങ്ങളും ഇന്ത്യയിലും ചർച്ചയായിരുന്നു . ഇന്ത്യയുടെ ശാസ്ത്രനയത്തെക്കുറിച്ചുള്ള ചർച്ചകളൊക്കെ ഈയൊരു പശ്ചാത്തലത്തിലാണ് നടന്നത്. സോവിയറ്റ് യൂണിയനിൽ കൊണ്ടുവന്ന 'പാൻ സോവിയറ്റ് സാങ്കേതികപദങ്ങൾ' എന്ന സങ്കൽപം ഇവിടുത്തെ നയരൂപീകരണകർത്താക്കളുടെ ശ്രദ്ധ പിടിച്ചുപറ്റുകയുണ്ടായി. അതിന്റെകൂടി പശ്ചാത്തലത്തിലാണ് 'പാൻ ഇന്ത്യൻ പദാവലി' എന്ന സങ്കൽപം രൂപമെടുക്കുന്നത്. ഇന്ത്യയൊട്ടാകെ ഉപയോഗിക്കപ്പെടുന്ന സാങ്കേതികപദങ്ങളിലൂടെ ഇന്ത്യൻ ശാസ്ത്രരംഗത്തിന്റെ ഏകോപനവും കുതിച്ചുചാട്ടവും വിഭാവനം ചെയ്യപ്പെട്ടു. വൈജാത്യങ്ങൾക്കപ്പുറം ഏകതയിലൂന്നി ഇന്ത്യൻ ദേശീയതയുടെ ഏകീകരണമെന്നത് വിഭജനാനന്തരകാലത്തെ മുഖ്യ

അജണ്ടയുമായിരുന്നു. ദേശീയതലത്തിൽ അതിനകം നടന്നിരുന്ന ഭാഷാചർച്ചകളെ ഇതു മായി ബന്ധിപ്പിക്കുകയാണ് ചെയ്തത്. എന്നാൽ, പാൻ ഇന്ത്യൻ പദാവലിയെന്നാൽ സംസ്കൃതാധിഷ്ഠിത പദാവലിയാണെന്നും അതിനെ മുൻനിർത്തിയ ഹിന്ദി പദാവലിയാണെന്നുമുള്ള കാഴ്ചപ്പാടിനെ അക്കാലത്ത് ആരും ചോദ്യം ചെയ്തില്ല. പാൻ ഇന്ത്യൻ പദാവലിയെന്നാൽ ഇന്ത്യയിലെ എല്ലാ ഭാഷകളെയും പരിഗണിക്കണമെന്നും അവയിലെ സവിശേഷമായ പദങ്ങളെ സ്വീകരിക്കണമെന്നും ഇക്കാലത്തും സി.എസ്.ടി.ടി. യുടെ അജണ്ടയായിട്ടില്ല. അതിനുള്ള സമ്മർദം ആരും ചെലുത്തുന്നുമില്ല.

| **നമ്പർ** | **ശബ്ദാവലി** | **പദങ്ങളുടെ ഏകദേശ എണ്ണം** |
|---|---|---|
| 1 | വിജ്ഞാനശബ്ദാവലി– 1 | 40000 |
| 2 | വിജ്ഞാനശബ്ദാവലി– 2 | 19000 |
| 3 | മാനവികശബ്ദാവലി– 1 | 9000 |
| 4 | മാനവികശബ്ദാവലി– 2 | 20000 |
| 5 | കൃഷിശബ്ദാവലി | 10000 |
| 6 | എൻജിനീയറിങ് ശബ്ദാവലി | 25000 |
| 7 | ഭാഷാശാസ്ത്രശബ്ദാവലി | 4500 |
| 8 | ഭരണശബ്ദാവലി | 5300 |
| 9 | മീറ്റിയറോളജി | 1000 |
| 10 | വൈദ്യകശബ്ദാവലി | 23000 |
| 11 | സാഹിത്യശബ്ദാവലി | 6000 |
| 12 | വാണിജ്യശബ്ദാവലി | 6000 |
| | **ആകെ** | **168800** |

പട്ടിക 4.8: ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ശബ്ദാവലികളിലെ സാങ്കേതികപദങ്ങളുടെ ഏകദേശ എണ്ണം

ആദ്യവർഷങ്ങളിലെ ശബ്ദാവലികളിലൂടെ ഇൻസ്റ്റിറ്റ്യൂട്ട് മലയാളത്തിന് സംഭാവന ചെയ്ത സാങ്കേതികപദങ്ങളെ ഗുണപരമായി പരിശോധിക്കുന്നതിനുമുമ്പേ ഗണപരമായി അത് എത്ര വരുമെന്ന് നോക്കാം. ശബ്ദാവലികളിലെ പദങ്ങൾ എണ്ണി തിട്ടപ്പെടുത്തി അവതരിപ്പിക്കുന്ന കണക്കല്ല ഇത്. ശബ്ദാവലികളുടെ (ഒരു സംഘം ലേഖകർ, *വൈദ്യക ശബ്ദാവലി* v) ആമുഖങ്ങളിൽനിന്നും വാസുക്കുട്ടന്റെ പ്രബന്ധത്തിൽനിന്നും (297).

*വിജ്ഞാനകൈരളി*യിലെ കുറിപ്പുകളിൽനിന്നുമെല്ലാം ക്രോഡീകരിച്ച വിവരങ്ങളാണ് പട്ടിക 4.8 ൽ നൽകുന്നത്.

ഒന്നേമുക്കാൽ ലക്ഷത്തോളം പദങ്ങൾ രൂപപ്പെടുത്തിയെന്ന് ഡോ.എ.എൻ.പി. ഉമ്മർകുട്ടി എഴുതുന്നുണ്ടെങ്കിലും എണ്ണം ഒരു ലക്ഷത്തി എഴുപതിനായിരത്തിനടുത്തേ വരുന്നുള്ളൂ.[11] ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയ പുസ്തകങ്ങളിലെ സാങ്കേതികപദങ്ങൾകൂടി പരിഗണിക്കുമ്പോൾ ആകെ പദങ്ങളുടെ എണ്ണം രണ്ടരലക്ഷത്തോളം വരുമെന്ന് എൻ. വി. ഒരു പത്രാധിപക്കുറിപ്പിൽ അവകാശപ്പെടുന്നുണ്ടെങ്കിലും അത് യാഥാർത്ഥ്യത്തോട് അടുത്തുനിൽക്കുന്നതാവാൻ തരമില്ല.[12] എങ്കിലും, ചുരുങ്ങിയ കാലയളവിനുള്ളിൽ ഇത്രയും പദങ്ങൾ നിർമിക്കാൻ കഴിഞ്ഞു എന്നുള്ളത് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് അഭിമാനകരമായ കാര്യമാണ്. മലയാളത്തിന്റെ ഇതഃപര്യന്തമുള്ള സാങ്കേതികപദനിർമാണ ചരിത്ര ത്തിലെ ഏറ്റവും വലിയ ശ്രമമാണിത്. 1950 കളുടെ തുടക്കത്തിൽ തിരുവിതാംകൂർ സർവകലാശാല ഊർജതന്ത്രം, രസതന്ത്രം, ഗണിതശാസ്ത്രം, സസ്യശാസ്ത്രം, വിദ്യാ ഭ്യാസം, ജന്തുശാസ്ത്രം എന്നീ വിഷയങ്ങളിലായി തയ്യാറാക്കിയ പദാവലി ഏതാണ്ട് പതിനായിരം പദങ്ങൾ[13] മാത്രം ഉൾക്കൊള്ളുന്നതായിരുന്നു എന്നോർക്കണം.

*വിജ്ഞാനശബ്ദാവലി*യുടെ ആദ്യപതിപ്പിൽ എൻ. വി. എഴുതിയ ആമുഖം സാങ്കേതിക പദസ്വീകരണവുമായി ബന്ധപ്പെട്ട ഒട്ടേറെ കാര്യങ്ങൾ വിശദീകരിക്കുന്നുണ്ട്. അതനുസ രിച്ച്

1. കമ്മീഷൻ ശബ്ദാവലികളിലെ ഇംഗ്ലീഷുപദങ്ങൾ അവയുടെ ക്രമത്തിനു മാറ്റംവരു ത്താതെ അതേപടി നിലനിർത്തിയാണ് മലയാളത്തിലെ ശബ്ദാവലികൾക്ക് രൂപം നൽകിയത്.

2. ഇംഗ്ലീഷ് പദങ്ങൾക്ക് 'കമ്മീഷൻ നിർദേശിച്ച ഭാരതീയപദങ്ങളിൽനിന്നും ഇപ്പോൾ മലയാളത്തിൽ നടപ്പുള്ളവയും പ്രയാസം കൂടാതെ നടപ്പിലാക്കാവുന്നവയും രൂപ ഭേദം വരുത്താതെയും, മറ്റുള്ളവ ആവശ്യമായ രൂപഭേദം വരുത്തിയു'മാണ് സ്വീക രിച്ചത്.

3. ചുരുക്കം ചിലേടത്ത് കമ്മീഷൻ ശബ്ദാവലികളിലില്ലാത്ത കേരളീയശബ്ദങ്ങൾ കൈക്കൊണ്ടിട്ടുണ്ട് (*വിജ്ഞാനശബ്ദാവലി-1* v).

വ്യത്യസ്തമായ അർത്ഥത്തിൽ മലയാളത്തിൽ അതിനകം പ്രസിദ്ധമായിക്കഴിഞ്ഞ സംസ്കൃതപദങ്ങളെയും തീരെ അപ്രസിദ്ധങ്ങളായവയെയും ഒഴിവാക്കിയിട്ടുണ്ടെന്നും

ആമുഖക്കുറിപ്പ് വിശദീകരിക്കുന്നുണ്ട്. മറ്റൊരു ശ്രദ്ധേയമായ വസ്തുത ചൂണ്ടിക്കാണിച്ചത് ശുദ്ധ ഹിന്ദിപദങ്ങളെ മിക്കവാറും ഒഴിവാക്കി തനി മലയാളപദങ്ങളോ മലയാളത്തിന് പരിചിതമായ സംസ്കൃതപദങ്ങളോ ഉപയോഗിച്ചിരിക്കുന്നു എന്നതാണ്. അങ്ങനെ പദങ്ങൾ ഒഴിവാക്കിയ വേളകളിൽ സി.എസ്.ടി.ടി. ഉപയോഗിച്ച പദം ഏതെന്ന് മനസ്സിലാക്കാനായി അത് ബ്രാക്കറ്റിനകത്ത് കൊടുക്കുകയും ചെയ്തിട്ടുണ്ട്.

സാങ്കേതികപദങ്ങളുടെ നിർമാണത്തിന് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സ്വീകരിച്ച ഒൻപത് രീതികളെ വാസുക്കുട്ടൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 1–സംസ്കൃതരൂപങ്ങൾ, 2–സംസ്കൃതസൃഷ്ടി, 3–മലയാളരൂപങ്ങൾ, 4–മലയാളസൃഷ്ടി, 5–ഇംഗ്ലീഷ് ലിപ്യന്തരണം, 6–സങ്കരരൂപനിഷ്പാദനം, 7– അർത്ഥം പറയൽ, 8–പദാനുപദ പരിഭാഷ, 9–സങ്കരപദസൃഷ്ടി എന്നിവയാണവ (“ആധുനിക ശാസ്ത്രവിഷയങ്ങളുടെ പ്രതിപാദനം മലയാളത്തിൽ” 298). ഇംഗ്ലീഷ് ലിപ്യന്തരണത്തിൽ അതിനകം മലയാളത്തിൽ പ്രചാരം നേടിയ പദങ്ങളെ അതേപടി നിലനിർത്തൽ, മൂലകങ്ങൾ/യൗഗികങ്ങൾ തുടങ്ങിയവയുടെ നാമങ്ങൾ, അളവുകൾ/തൂക്കങ്ങൾ, വ്യക്തിനാമങ്ങളെ ആസ്പദിച്ചുള്ളവ, ഗണിതം പോലുള്ള മേഖലകളിലെ സംഖ്യകൾ/പ്രതീകങ്ങൾ/ചിഹ്നങ്ങൾ തുടങ്ങിയവ എന്നിങ്ങനെ ഉപഗ്രൂപ്പുകളായും അദ്ദേഹം അടയാളപ്പെടുത്തുന്നുണ്ട്. സങ്കരപദസൃഷ്ടി ഇംഗ്ലീഷും മലയാളവും കൂടിച്ചേർന്നത്, ഇംഗ്ലീഷും സംസ്കൃതവും കൂടിച്ചേർന്നത്, മലയാളവും ഇംഗ്ലീഷും കൂടിച്ചേർന്നത്, ഇംഗ്ലീഷും സംസ്കൃതവും ഇംഗ്ലീഷും കൂടിച്ചേർന്നത്, ഇംഗ്ലീഷും മലയാളവും ഇംഗ്ലീഷും കൂടിച്ചേർന്നത്, മലയാളവും മലയാളവും കൂടിച്ചേർന്നത്, മൂന്ന് സംസ്കൃതവാക്കുകൾ കൂടിച്ചേർന്നത്, സംസ്കൃതവും സംസ്കൃതവും ഇംഗ്ലീഷും കൂടിച്ചേർന്നത്, മലയാളപരിഭാഷയും സംസ്കൃതവും കൂടിച്ചേർന്നത് എന്നിങ്ങനെ വാസുക്കുട്ടൻ വേർതിരിച്ചു. ഇരുപത്തൊമ്പതുതരം ഉപസർഗങ്ങൾ ചേർത്തുള്ള പദങ്ങളുടെ നിർമാണവും അദ്ദേഹം ഉദാഹരിക്കുകയുണ്ടായി (കാ.അനുബന്ധം 13).

പദനിർമാണത്തെക്കുറിച്ച് ഉയർന്നുവരാനിടയുള്ള വിവിധ തരത്തിലുള്ള വിമർശനങ്ങൾ മുൻകൂട്ടി ചൂണ്ടിക്കാണിച്ചുകൊണ്ട്,[14] എന്തുകൊണ്ട് ഇത്തരത്തിലുള്ള പദങ്ങളിലേക്ക് കടക്കേണ്ടതുണ്ടെന്ന കാര്യം വിശദീകരിക്കാൻ എൻ. വി.യുടെ ആമുഖക്കുറിപ്പ് ശ്രമിക്കുന്നുണ്ട്. നിലവിലുള്ള ചട്ടക്കൂടുകളിൽ ഒതുങ്ങിക്കൂടാതെ ഭാഷയ്ക്ക് വികസിച്ചേ പറ്റൂ എന്നതാണ് അതിന്റെ ഉത്തരം. ഒറ്റതിരിച്ച് പദങ്ങളെ പരിശോധിക്കുന്നതിനപ്പുറം സ്വീകരിച്ചിരിക്കുന്ന ചട്ടക്കൂടിന്റെ പശ്ചാത്തലത്തിൽ അവയെ പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുന്ന ഈ കുറിപ്പ്, നിരന്തരമായ വ്യവഹാരങ്ങളിലൂടെയാണ് പദങ്ങൾ ഭാഷയിൽ സ്വീകരിക്കപ്പെടുന്നതും പുറന്തള്ളപ്പെടുന്നതുമെന്നതിനാൽ അർഹതയുള്ള

പദങ്ങളേ ഭാഷയിൽ സ്വീകരിക്കപ്പെടുകയുള്ളൂ എന്ന് ഓർമിപ്പിക്കുകയും ചെയ്തു. വലിയ തോതിൽ നിലനിൽക്കുന്ന അവ്യവസ്ഥിതി പരിഹരിക്കുന്നതിന്റെ ആദ്യപടി മാത്രമാണ് ഇപ്പോൾ തയ്യാറാക്കുന്ന ശബ്ദാവലികളെന്നും ഇവയിലുള്ളതിനേക്കാൾ സരളവും പരിചിതവുമായ പദങ്ങളുണ്ടെങ്കിൽ അവ പ്രയോഗത്തിലേക്ക് കടന്നുവരുമെന്നും എൻ. വി. അർത്ഥശങ്കക്കിടയില്ലാതെ ചൂണ്ടിക്കാണിച്ചു.

## 4.6.1 പരിമിതികളും പ്രശ്നങ്ങളും

കളിയാക്കലുകളുടെയും പുച്ഛം പ്രകടിപ്പിക്കലിന്റെയും രീതിയിലല്ലാതെ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയ പദങ്ങളോട് ഗൗരവമായ രീതിയിൽ സംവദിക്കാനും വിമർശനങ്ങൾ ഉയർത്താനും വലിയ തോതിലുള്ള ശ്രമങ്ങൾ ഉണ്ടായിട്ടില്ലെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. 'വിദ്യുത് ഗമനാഗമന നിയന്ത്രണ കേന്ദ്രം'/ 'വൈദ്യുതഗമനാഗമന നിയന്ത്രണയന്ത്രം' എന്നിങ്ങനെയൊക്കെയുള്ള കളിയാക്കലുകൾക്കാണ് മുൻകൈ ലഭിച്ചത്. *വിജ്ഞാനശബ്ദാവലി*യുടെ ആദ്യപതിപ്പിൽത്തന്നെ switch എന്ന ഇംഗ്ലീഷ് വാക്കിന് ലിപ്യന്തരണ രൂപത്തിൽ സ്വിച്ച് എന്നുതന്നെയാണ് നൽകിയിരുന്നത്.

Switch എന്ന പദവുമായി ബന്ധപ്പെട്ട വാക്കുകൾ *വിജ്ഞാനശബ്ദാവലി*യുടെ ഒന്നും രണ്ടും പതിപ്പുകളിൽ നൽകിയിരിക്കുന്നത് പട്ടിക 4.9 ൽ നൽകുന്നു. അപ്രസക്തമായവ ഒഴിവാക്കിക്കൊണ്ട് രണ്ടാം പതിപ്പ് പരിഷ്കരിച്ചതെങ്ങനെയെന്നതിന് ഒരു ഉദാഹരണം കൂടിയാണിത്. switch, double pole double throw പോലുള്ള ഇംഗ്ലീഷ് പദങ്ങളും കറന്റ് ഓടിക്കുക പോലുള്ള മലയാള പ്രയോഗങ്ങളും രണ്ടാം പതിപ്പിൽ വിട്ടുകളഞ്ഞതായി കാണാം. ഇംഗ്ലീഷ്, പോർട്ടുഗീസ്, ഫ്രഞ്ച് മുതലായ ഭാഷകളിൽനിന്ന് കടമെടുത്തവയും ഇവിടെ പ്രചുരപ്രചാരം ലഭിച്ചതുമായ പദങ്ങൾ അതേപടി നിലനിർത്തണമെന്ന നയത്തിന്റെ ഭാഗമായാണ് സ്വിച്ച് എന്ന പദം *വിജ്ഞാനശബ്ദാവലി*യിൽ ഉപയോഗിച്ചത്. ഇത് മറച്ചുവച്ചുകൊണ്ടാണ് 'വിദ്യുത് ഗമനാഗമന നിയന്ത്രണ കേന്ദ്രം' എന്നതാണ് സ്വിച്ചിന്റെ മലയാളപദമായി ഇൻസ്റ്റിറ്റ്യൂട്ട് നിർദേശിച്ചത് എന്ന് പ്രചരിപ്പിച്ചത്. ഈ തെറ്റായ പ്രചരണം സത്യമായിരുന്നെന്ന് ഇന്നും പലരും കരുതുകയും ചെയ്യുന്നു.

വിപുലമായ ചർച്ചകൾ നടത്തി പദങ്ങൾ അന്തിമമാക്കാനുള്ള സമയം ലഭിക്കാത്ത സാഹചര്യത്തിൽ അച്ചടിച്ച *വിജ്ഞാനശബ്ദാവലി*യുടെ ഒന്നാം പതിപ്പിനെക്കുറിച്ചുള്ള ചർച്ചകൾ വ്യാപകമായി നടക്കേണ്ടതുണ്ടായിരുന്നു. കത്തുകളുടെ രൂപത്തിലും മറ്റും എത്രത്തോളം നിർദേശങ്ങളും അഭിപ്രായങ്ങളും അക്കാലത്ത് ലഭിച്ചിരുന്നു എന്നറിയില്ല.

| വിജ്ഞാനശബ്ദാവലി ഒന്നാം വാല്യം ഒന്നാം പതിപ്പ്– പേജ് 594 | |
|---|---|
| switch | സ്വിച്ച് |
| **വിജ്ഞാനശബ്ദാവലി രണ്ടാം വാല്യം ഒന്നാം പതിപ്പ്– പേജ് 382** | |
| switch, double pole | ദ്വിധ്രുവ സ്വിച്ച് |
| switch, double pole double throw | ദ്വിധ്രുവ ദ്വിക്ഷേപസ്വിച്ച് |
| switch, single pole | ഏകധ്രുവ സ്വിച്ച് |
| switch single pole double throw | ഏകധ്രുവ ദ്വിക്ഷേപസ്വിച്ച് |
| switch tumbler | ടംബ്ളർ സ്വിച്ച് |
| switch back design (= cross over design) | വ്യത്യസ്ത ഡിസൈൻ, വ്യത്യസ്ത അഭികൽപ്പന |
| switch board | സ്വിച്ച് പലക |
| switch off (current) | (കറന്റ്) സ്വിച്ച് ഓഫ് ചെയ്യുക, കറന്റ് നിർത്തുക |
| switch on (current) | (കറന്റ്) സ്വിച്ച് ഓൺ ചെയ്യുക, കറന്റ് ഓടിക്കുക |
| **വിജ്ഞാനശബ്ദാവലി രണ്ടാം പതിപ്പ്– പേജ് 583** | |
| switch (Phy) | സ്വിച്ച് |
| switch board | സ്വിച്ച് പലക |
| switch double pole | ദ്വിധ്രുവ സ്വിച്ച് |
| switch off | സ്വിച്ച് ഓഫ് ചെയ്യുക, കറന്റ് നിർത്തുക |
| switch on | സ്വിച്ച് ഓൺ ചെയ്യുക |

പട്ടിക 4.9: വിജ്ഞാനശബ്ദാവലിയുടെ ഒന്നും രണ്ടും പതിപ്പുകളിൽ സ്വിച്ച് എന്ന പദത്തിനും ഉപപദങ്ങൾക്കും നൽകിയ മലയാളപദങ്ങൾ.

*വിജ്ഞാനകൈരളി*യിലൂടെ വെളിച്ചം കണ്ട കത്തുകളൊക്കെ വളരെ പരിമിതമാണ്. ആദ്യപതിപ്പിൽ ചേർത്തിരുന്നതും ഇപ്പോൾ തീരെ ഉപയോഗത്തിലില്ലാത്തതുമായ പദങ്ങൾ രണ്ടാം പതിപ്പിൽ ചേർത്തിട്ടില്ല എന്ന് അതിന്റെ ആമുഖത്തിൽ കാണുന്നതിനാൽ, ലഭ്യമായ നിർദേശങ്ങളുടെ അടിസ്ഥാനത്തിലും സ്ഥാപനത്തിനകത്തുതന്നെ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിലും സമഗ്രമായി പരിഷ്കരിച്ചാണ് രണ്ടാം വാല്യം തയ്യാറാ

ക്കിയത് എന്ന് കരുതാം. ക്രിയാത്മകമായ വിമർശനങ്ങൾ കൂടുതലായി നടന്നിരുന്നെങ്കിൽ പരിഷ്കരണം അതിനനുസരിച്ച് മെച്ചപ്പെടുമായിരുന്നു എന്നുവേണം കരുതാൻ. പുതിയ പതിപ്പിലും പാകപ്പിഴകൾ ചൂണ്ടിക്കാട്ടാനും പുതിയ നിർദേശങ്ങളുണ്ടെങ്കിൽ അവ നൽകാനും ആവശ്യപ്പെടുന്നുണ്ട്.

സവിസ്തരം പരിശോധിച്ചതിനുശേഷം, *കൃഷിശബ്ദാവലി*യെപ്പറ്റി കാർഷിക കോളെജിലെ പ്രൊഫ. ശ്രീനിവാസൻ സാമാന്യം ദീർഘമായി എഴുതുകയുണ്ടായി. ഒരേ പദത്തിന് പല അർത്ഥങ്ങളും കൽപ്പിക്കുക, പല പദങ്ങൾ ഒരേ അർത്ഥത്തിൽ പ്രയോഗിക്കുക തുടങ്ങിയ പ്രശ്നങ്ങൾ അദ്ദേഹം ചൂണ്ടിക്കാട്ടിയിരുന്നു. അന്താരാഷ്ട്രീയപദങ്ങളും സംജ്ഞകളും ഏറ്റവും ചുരുങ്ങിയ രൂപഭേദത്തോടെ സ്വീകരിക്കുന്ന നയം നന്നായി നടപ്പാക്കിയെങ്കിലും തത്സമരൂപങ്ങൾ നിർമിക്കാനുള്ള ഔത്സുക്യം ചിലപ്പോഴെങ്കിലും ശബ്ദാവലീനിർമാതാക്കളെ വഴിതെറ്റിച്ചതായി ശ്രീനിവാസൻ ചൂണ്ടിക്കാട്ടുന്നുണ്ട്. chroma– ക്രോമ, chromatin– ക്രോമാറ്റിൻ, വർണകം എന്നീ രൂപങ്ങൾ കൊണ്ടുവന്ന ശബ്ദാവലിയിൽ പിന്നെയെന്തിനാണ് chromogenic– വർണജനകവും chromophoric– വർണവാഹിയുമാക്കുന്നത് എന്ന് അദ്ദേഹം ചോദിച്ചു. പദനിഷ്പാദനത്തിലുണ്ടാകുന്ന അസ്പഷ്ടതകൾ, അർത്ഥശങ്കകൾ പദങ്ങളുടെ പരസ്പരബന്ധത്തിലും പൊരുത്തത്തിലും ഐകരൂപ്യത്തിലും വരുന്ന ക്രമഭംഗം എന്നിവയൊക്കെ ഒഴിവാക്കേണ്ടതുണ്ടെന്നാണ് ശ്രീനിവാസൻ ചൂണ്ടിക്കാണിച്ചിരുന്നത് ("ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കൃഷി ശബ്ദാവലി" 86–89). *വിജ്ഞാനകൈരളി*യിലൂടെ ചില കാര്യങ്ങൾക്ക് വിശദീകരണം നൽകുകയും, ചിലതൊക്കെ അടുത്ത പതിപ്പിൽ പരിഹരിക്കാമെന്ന ഉറപ്പുനൽകുകയും ചെയ്യുന്ന, മാതൃകാപരമായ സമീപനമാണ് ഈ വിമർശനങ്ങളോട് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സ്വീകരിച്ചത്.

ഗ്ലോസറി ചർച്ചകൾ പൂർത്തിയാക്കിയ സംഘടനാ ഘടകങ്ങൾ അവരുടെ നിർദേശങ്ങൾ സെപ്തംബർ പതിനഞ്ചിനുമുമ്പായി കേന്ദ്രഘടകത്തിന് അയച്ചു നൽകണമെന്ന് ഒരറിയിപ്പ് പതിമൂന്നാം ലക്കം *ശാസ്ത്രഗതി*യിൽ (1970 ജൂലൈ–സെപ്തംബർ) കാണാം. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ശബ്ദാവലികളെ വിപുലമായി ചർച്ച ചെയ്യാനും ആശയരൂപീകരണം നടത്താനും കേരള ശാസ്ത്രസാഹിത്യ പരിഷത്ത് തീരുമാനിച്ചിരുന്നു എന്നാണ് ഇത് സൂചിപ്പിക്കുന്നത്. എന്നാൽ ഈ ചർച്ചകളിൽനിന്ന് എന്തഭിപ്രായങ്ങളാണ് രൂപപ്പെട്ടതെന്ന് കാണുന്നില്ല. പതിനൊന്നാം ലക്കത്തിൽ 'പരിഷദ്വാർത്തകൾ' എന്ന പംക്തിയിൽ, പരിഷത്ത് ദിനത്തിൽ കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളെജിൽ സംഘടിപ്പിച്ച ചർച്ചായോഗത്തിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ശബ്ദാവലികൾ ചർച്ചയ്ക്കു വിധേയമാക്കിയതായി കാണാം. എ. അച്യുതൻ, വി. കെ. ദാമോദരൻ, വി.

എം. എൻ. നമ്പൂതിരിപ്പാട്, പ്രൊഫ. കെ. ഗോപിനാഥൻ നായർ, ലക്ഷ്മി നാരായണൻ തന്ത്രി എന്നിവരാണ് ആ ചർച്ചയിൽ സംസാരിച്ചത്. കോഴിക്കോടിനു പുറമേ തൃശ്ശൂർ, കൊല്ലം, റീജിയണൽ എൻജിനീയറിങ്ങ് കോളെജ്, ഷൊർണ്ണൂർ, തിരുവനന്തപുരം യൂണിറ്റുകളിലും ചർച്ച തുടങ്ങിക്കഴിഞ്ഞതായി മറ്റൊരു ലക്കത്തിലുണ്ട്. *ശാസ്ത്രഗതി*യുടെ വിവിധ ലക്കങ്ങളിലായി ശബ്ദാവലികളെ റിവ്യൂ ചെയ്തിട്ടുണ്ട്. അവ പരിഷത്തിന്റെ അഭിപ്രായങ്ങളെന്നതിലുപരി റിവ്യൂ ചെയ്ത വ്യക്തികളുടെ അഭിപ്രായങ്ങളായി പരിഗണിക്കുന്നതായിരിക്കും ഉചിതം.

*ശാസ്ത്രഗതി*യിൽ *കൃഷിശബ്ദാവലി* വിലയിരുത്തവേ, ആസിഡ് എന്നതിനെ അമ്ലം എന്ന് പരിഭാഷപ്പെടുത്തിയിട്ട് ലാക്ടിക അമ്ലം, ഫോർമിക അമ്ലം, അസിറ്റിക അമ്ലം എന്ന വിധത്തിൽ ഉപയോഗിക്കുന്നത് മൂലരൂപങ്ങളിൽനിന്ന് അധികവ്യത്യാസം വരാതിരിക്കാനും അതേ അവസരത്തിൽ മലയാളവാക്യങ്ങളിൽ മുഴച്ചുനിൽക്കാതെ പ്രയോഗിക്കാനും സഹായിക്കുമെന്ന് കെ. ഉണ്ണികൃഷ്ണൻ നിരീക്ഷിച്ചു. അതേ അവസരത്തിൽത്തന്നെ division, class, order, family, genus, species, variety എന്നിവയിൽ ചിലത് മാത്രം തർജമ ചെയ്യുകയും ചിലത് ചെയ്യാതിരിക്കുകയും ചെയ്തത് ഭംഗിയായില്ല എന്നും ഉണ്ണികൃഷ്ണൻ അഭിപ്രായപ്പെടുന്നുണ്ട്. ആൽഗ, ബാക്ടീരിയം, എന്നിങ്ങനെ ഇംഗ്ലീഷിലെ ഏകവചനരൂപങ്ങളെ അതേപടി മലയാളത്തിലെടുക്കുകയും ബഹുവചനമാക്കേണ്ടപ്പോൾ അവയോട് 'കൾ' എന്നോ 'ങ്ങൾ' എന്നോ (ആൽഗകൾ, ബാക്ടീരിയങ്ങൾ) കൂട്ടിച്ചേർക്കുകയുമാണ് നല്ലത് എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി ("കൃഷിശബ്ദാവലി–1 (പുസ്തകാഭിപ്രായം)" 142). ജീനസ്സ്, സ്പീഷീസ് എന്നീ പദങ്ങൾ അങ്ങനെതന്നെ സ്വീകരിച്ച് മലയാളലിപികളിൽ എഴുതണമെന്നും അവയ്ക്ക് നാമകരണപദ്ധതികൾക്കുള്ള അന്താരാഷ്ട്ര കമ്മീഷനുകൾ നിർദേശിച്ച അതേ അർത്ഥം കൽപ്പിക്കണമെന്നുമുള്ളത് 1969 ജനുവരിയിൽ നടന്ന 'ജീവശാസ്ത്ര സെമിനാറി'ൽ അംഗീകരിച്ച പ്രമേയത്തിലെ (കാ. അനുബന്ധം 14) ഒരിനമായിരുന്നു. class, order, family എന്നിവ വർഗം, ഗോത്രം, കുടുംബം എന്ന് തർജമ ചെയ്യണമെന്നും പ്രമേയം നിബന്ധിച്ചിരുന്നു. അതാണ് ശബ്ദാവലിയിലേക്ക് കടന്നുവന്നത്. ഈ പ്രമേയം ഉണ്ണികൃഷ്ണന്റെ ശ്രദ്ധയിൽപ്പെടാതെ പോയി എന്നുവേണം കരുതാൻ. എന്നാൽ ബാക്ടീരിയ എന്ന പദത്തെക്കുറിച്ച് പ്രമേയത്തിലുള്ള പരാമർശം ശബ്ദാവലിയിലേക്ക് കടന്നുവന്നതായി കാണുന്നില്ല. പ്രമേയം ഇങ്ങനെ പറയുന്നു.

> "ബാക്ടീരിയം എന്നതിന്റെ ബഹുവചനമാണ് ബാക്ടീരിയ. മലയാളത്തിലിന്ന് ബാക്ടീരിയ എന്ന വാക്ക് ഏകവചനമായാണ് ഉപയോഗിക്കുന്നതെ

ങ്കിലും ഇംഗ്ലീഷിലെ ഏകവചനം അതേപടി മലയാളത്തിൽ സ്വീകരിക്കുന്നതായിരിക്കും ഉചിതം. എന്നിട്ട് ഭാഷയുടെ ഘടനയ്ക്കനുസരിച്ച് ബഹുവചനരൂപം ഉണ്ടാക്കാവുന്നതാണ്. ഉദാ:– ബാക്ടീരിയം (ഏ. വ) ബാക്ടീരിയകൾ (ബ. വ)."

രണ്ട് വ്യത്യസ്ത ഇംഗ്ലീഷ് പദങ്ങൾക്ക് മലയാളത്തിൽ ഒരേപദം നൽകുന്നതുപോലുള്ള പോരായ്മകൾ ഒഴിവാക്കേണ്ടതായിരുന്നുവെന്ന് *മാനവികശബ്ദാവലി*യെ പരിശോധിച്ചു കൊണ്ട് പി.കെ. ശരത്കുമാർ ചൂണ്ടിക്കാണിച്ച വിമർശനവും പ്രസക്തമാണ്. adjacent എന്ന പദത്തിന് സമീപസ്ഥം, ആസന്നം എന്നീ പദങ്ങൾ നൽകുന്നുണ്ട് മാനവിക ശബ്ദാവലി. അതിൽത്തന്നെ imminent ന് ആസന്നം എന്ന് നൽകിയിരിക്കുന്നതും കാണാം. adult education ന് വയോജനവിദ്യാഭ്യാസം, adult franchise ന് പ്രായപൂർത്തി വോട്ടവകാശം എന്നീ വാക്കുകൾ ചിരപരിചിതമായിരിക്കെ ആദ്യപദത്തിന് പ്രൗഢവിദ്യാഭ്യാസം, വയസ്ക വിദ്യാഭ്യാസം എന്നും രണ്ടാം പദത്തിന് പ്രൗഢവോട്ടവകാശം, വയസ്കമതാധികാരം എന്നും പുതിയ പദങ്ങൾ നൽകിയത് പോരായ്മയാണ്. ഇതേ കാര്യം മറ്റുചിലയിടങ്ങളിലും ആവർത്തിക്കുന്നതായി കാണുന്നു ("മാനവികശബ്ദാവലി– വാല്യം –1,2 (പുസ്തകാഭിപ്രായം)" 119). stone age ശിലായുഗവും neolithic age നവീനശിലായുഗവും paleolithic age പ്രാചീനശിലായുഗവുമായി മലയാളികൾ ഉപയോഗിച്ചുപോരുമ്പോൾ അവയ്ക്കുപകരം പാഷാണയുഗവും നവപാഷാണയുഗവും പ്രാചീനപാഷാണയുഗവും തേടിപ്പോവേണ്ടിയിരുന്നില്ല എന്ന ശരത്കുമാറിന്റെ അഭിപ്രായവും കൃത്യതയാർന്നതായിരുന്നു.

സയൻസ് ഗ്ലോസറിക്ക് *വിജ്ഞാനശബ്ദാവലി* എന്ന പേര് സ്വീകരിച്ചതിനോടുതന്നെ വിയോജിപ്പുകൾ ഉയർന്നുവന്നിരുന്നു. വളരെ പ്രചാരം കിട്ടിക്കഴിഞ്ഞ ശാസ്ത്രം എന്ന പദത്തെ വിജ്ഞാനം എന്നതുകൊണ്ട് മാറ്റിപ്രതിഷ്ഠിക്കേണ്ട ആവശ്യമെന്താണ് എന്നായിരുന്നു വി. എം. എൻ. നമ്പൂതിരിപ്പാട് ഉയർത്തിയ ചോദ്യം. മറ്റു പ്രമുഖ വൈജ്ഞാനികധാരകൾക്കെല്ലാം വെവ്വേറെ പദാവലികൾ തയ്യാറാക്കുന്ന സ്ഥിതിക്ക് സയൻസ് ഗ്ലോസറി എന്ന പേര് തന്നെയായിരുന്നു നല്ലതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഹിന്ദിയിലെ പേര് അതേപടി തർജമ ചെയ്തു ഉപയോഗിച്ചതുകൊണ്ടുള്ള പ്രശ്നമാണിതെന്നും ("കുറെ ശാസ്ത്രപ്രസിദ്ധീകരണങ്ങൾ (പുസ്തകാഭിപ്രായം)" 99)അദ്ദേഹം നിരീക്ഷിക്കുന്നുണ്ട്. ഇതേ കാര്യം എ.അച്യുതനും കെ.വിൻസന്റ് പോളും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. സി.എസ്.ടി.ടി. യുടെ ശബ്ദാവലികളിലില്ലാതെ പോയി എന്ന കാരണത്താൽ ധാരാളം ഇംഗ്ലീഷ് പദങ്ങൾ *വിജ്ഞാനശബ്ദാവലി*യിൽ ഇല്ലാതെ പോയി എന്ന അവരുടെ വിമർശനവും ("ശബ്ദാവ

ലികൾ" 112) പ്രാധാന്യമുള്ളതുതന്നെ[15]. വിഗ്യാൻ ശബ്ദാവലിയെ പിന്തുടരുന്നതോടൊപ്പം അവയിലില്ലാത്ത പദങ്ങളെ കണ്ടെത്തി കൂട്ടിച്ചേർക്കുകയും അവയെ മലയാളത്തിലേക്ക് കൊണ്ടുവരികയും ചെയ്യേണ്ടതായിരുന്നു. *മാനവികശബ്ദാവലി* യൂസർ ഫ്രണ്ട്‌ലി ആയില്ലെന്ന് കെ.എം.ഗോവി ഉയർത്തിയ വിമർശനം *വിജ്ഞാനശബ്ദാവലി*യുടെ കാര്യത്തിലും ശരിയാണ്. ഒന്നാം വാല്യം അക്ഷരക്രമത്തിൽ കൊടുക്കുകയും രണ്ടാം വാല്യത്തിൽ വിഷയമേഖലകൾക്കനുസരിച്ച് അക്ഷരക്രമത്തിൽ കൊടുക്കുകയുമാണ് *വിജ്ഞാനശബ്ദാവലി*യിലും ചെയ്തത്. രണ്ട് രീതികൾക്കും അവയുടേതായ മെച്ചങ്ങളും ദോഷങ്ങളുമുണ്ട്. ഇവയിൽ ഏതെങ്കിലും ഒരു രീതി രണ്ട് വാല്യങ്ങളിലും പുലർത്തേണ്ടതുണ്ടായിരുന്നു. വിഷയമേഖലകൾക്ക് അനുസരിച്ചാണ് പദങ്ങൾ നൽകുന്നതെങ്കിൽ ഓരോ മേഖലയും ഏത് പേജിൽ ആരംഭിക്കുന്നുവെന്ന കാര്യം ഉപയോക്താവിന് എളുപ്പം കണ്ടെത്താനുള്ള വഴികൾ തുറക്കുകയും വേണം.

പദങ്ങൾ വിന്യസിക്കുന്നതിൽ കാണിച്ച ഏകതാനതയില്ലായ്മയും അധികപദങ്ങൾ കണ്ടെത്തി നൽകുകയും ചെയ്യാതിരുന്നത് ഹിന്ദി ശബ്ദാവലികളെ അന്ധമായി പിന്തുടർന്നതുകൊണ്ടാണ്. ഹിന്ദിയെ ഇങ്ങനെ പിന്തുടർന്നതുകൊണ്ടാണ് *മാനവികശബ്ദാവലി*യിൽ history ചരിത്രമാവാതെ ഇതിഹാസമായി മാറുന്നതും. *എൻജിനീയറിങ്ങ് ശബ്ദാവലി*യിലും, വാക്കുകളുടെ ഉച്ചാരണം ചിലയിടങ്ങളിൽ ഇംഗ്ലീഷിലുള്ളതിൽനിന്ന് ഭിന്നമായി, ഹിന്ദിയിലുള്ളതിനെ ആശ്രയിച്ചതിനാൽ വികൃതമാക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി pitot എന്നതിനെ പിടട് എന്ന് കാണിച്ചത് ഹിന്ദി ഉച്ചാരണത്തെ അടിസ്ഥാനമാക്കിയതിനാലാണ്. ഹിന്ദി ശബ്ദാവലിയുടെ തർജമ എന്നതിലേറെ മലയാളത്തിൽ മികച്ച ഒരു ശബ്ദാവലി എന്നതാവേണ്ടിയിരുന്നു ലക്ഷ്യം. അങ്ങനെ ചെയ്യാതെ പോയതിന് സമയപരിമിതി എന്നുമാത്രം പറയാൻ കഴിയില്ല.

*വിജ്ഞാനശബ്ദാവലി*യിലെ ഒരു പ്രധാന ന്യൂനതയായി അച്യുതനും വിൻസന്റ് പോലും ചൂണ്ടിക്കാട്ടിയത് പുസ്തകത്തിൽ പലയിടത്തും കാണുന്ന അടിവര, നക്ഷത്രചിഹ്നം, ഇറ്റാലിക്സ് എന്നിവയൊക്കെ എന്താണെന്ന് ആമുഖത്തിൽ വിശദീകരിക്കാൻ വിട്ടുപോയി എന്നതാണ് (113). ഇത് വലിയൊരു പോരായ്മയായിരുന്നു. ഇറ്റാലിക്സ് അക്ഷരങ്ങളിലുള്ളവ ഇംഗ്ലീഷിൽ അച്ചടിച്ച ശാസ്ത്രനാമങ്ങളാണെന്നും അടിവരയിട്ടവ മലയാളത്തിലുള്ള ശാസ്ത്രനാമങ്ങളാണെന്നും ഉപയോക്താക്കൾക്ക് മനസ്സിലാക്കിയെടുക്കാൻ കഴിഞ്ഞേക്കുമെങ്കിലും നക്ഷത്രചിഹ്നം എന്തിനെക്കുറിക്കുന്നു എന്ന് മനസ്സിലാക്കാൻ കഴിയില്ല. ദ്വിപദ നാമപദ്ധതി പ്രകാരമുള്ള പദങ്ങൾ രണ്ടാം പതിപ്പിൽ ഒഴിവാക്കിയതിനാൽ

ഇറ്റാലിക്സ്, അടിവര എന്നിവ അതിൽ കാണാനില്ല. രണ്ടാം പതിപ്പിലും നക്ഷത്രചിഹ്നമുള്ള പദങ്ങൾ കാണുന്നുണ്ടെങ്കിലും അതിലും വിശദീകരണം കാണുന്നില്ല.

ഒരേ വാക്കിന് ഒരേ വിഷയത്തിൽ രണ്ടിടത്ത് രണ്ടുതരത്തിലുള്ള പരിഭാഷ നൽകുന്നതിനെ അച്യുതനും വിൻസന്റ് പോളും വിമർശിക്കുന്നു. hydraulic jump എന്നത് പേജ് 19 ൽ ഹൈഡ്രോളികകുതിയായും പേജ് 32 ൽ ദ്രാവകപ്ലുതി, ജലമർദകുതിയായും വരുന്നത് അവർ ഉദാഹരണമായി ചൂണ്ടിക്കാണിക്കുന്നുണ്ട്. അതേപോലെ buttress dam പേജ് 25 ൽ താങ്- അണയാണെങ്കിൽ പേജ് 28 ൽ അത് വപ്ര- അണ ആയി മാറുന്നു. പല അർത്ഥവും കൽപ്പിക്കാനാണെങ്കിൽ അവയെല്ലാം ഒരേ സ്ഥലത്ത് ലഭ്യമാക്കുകയാണ് വേണ്ടിയിരുന്നത്.

ഒരേ ശബ്ദാവലിക്കകത്ത് ഒരു പദത്തിന് വ്യത്യസ്ത മലയാളപദങ്ങൾ വന്നതുപോലെ ശബ്ദാവലികൾ തമ്മിൽ തമ്മിലും പൊരുത്തമില്ലായ്മയുണ്ട്. Fertility *വിജ്ഞാനശബ്ദാവലിക്ക്* ഫലപുഷ്ടിയും[16] *എൻജിനീയറിങ്ങ് ശബ്ദാവലിക്ക്* ഉർവരതയുമാണ്. saddle നെ ജീനിയെന്നും പല്യാണമെന്നും *വിജ്ഞാനശബ്ദാവലി* പരിഭാഷപ്പെടുത്തിയപ്പോൾ *എൻജിനീയറിങ്ങ് ശബ്ദാവലി*യിൽ അത് പല്യാണം മാത്രമായി. രൂപപ്പെടുത്തിയ നയമനുസരിച്ച് sine, cosine തുടങ്ങിയ ത്രികോണമിതിയിലെ പദങ്ങൾ പരിഭാഷപ്പെടുത്താതെ ലിപ്യന്തരണം ചെയ്യുകയാണ് വേണ്ടത്. *വിജ്ഞാനശബ്ദാവലി*യിൽ സൈൻ[17] എന്നതിന് പുറമെ ജ്യാ എന്നും നൽകി. *എൻജിനീയറിങ്ങ് ശബ്ദാവലി*യാകട്ടെ സൈനിനെ ജ്യാ മാത്രമാക്കി നിർത്തുകയും ചെയ്തു.

*വിജ്ഞാനശബ്ദാവലി*യിൽ Alsinoidae-ആൽസിനോയിഡി (ശരിരൂപം:ആൽസിനോയിഡേ), Ambystomidae-ആംബിസ്റ്റോമിഡെ (ശരിരൂപം: ആംബിസ്റ്റോമിഡേ), Amphiumidae- ആംഫിയൂമിഡെ (ശരിരൂപം: ആംഫിയൂമിഡേ), Chirogalinae-കയിറോഗാലിനെ (ശരിരൂപം: കയിറോഗാലിനേ) എന്നിങ്ങനെ പദാന്ത്യത്തിൽ ഓയ്ഡിയ (oidia), ഇഡേ (idae), ഇനേ (inae), ഇനി (ini) തുടങ്ങിയവയുടെ ഉച്ചാരണം നൽകിയത് പലയിടത്തും തെറ്റിച്ചു എന്നത് ജന്തുശാസ്ത്രത്തിലെ വർഗീകരണതത്വങ്ങളിൽ സൂക്ഷ്മത പുലർത്താതിരുന്നതിന്റെ ഉദാഹരണമായി ചൂണ്ടിക്കാട്ടാം. നിലനിൽക്കുന്ന അവ്യവസ്ഥ ഇല്ലാതാക്കാൻ ലക്ഷ്യമിട്ട പദാവലീ നിർമാണത്തിൽ വന്ന സൂക്ഷ്മതക്കുറവിനെയാണ് ഇതെല്ലാം സൂചിപ്പിക്കുന്നത്.

സാങ്കേതികപദരംഗത്തെ അവ്യവസ്ഥിതി പരിഹരിക്കാനുള്ള ശ്രമമായിരുന്നെങ്കിലും ഒരു ശബ്ദാവലിയിലെ വ്യത്യസ്ത സന്ദർഭങ്ങളിലെ പദങ്ങൾ തമ്മിലും, വിവിധ ശബ്ദാവലികൾ പരസ്പരവും ഐകരൂപ്യമുള്ളവയായി മാറിയില്ല എന്നതാണ് വസ്തുത. വിശ

ദമായ ചർച്ചകൾക്ക ശേഷമാണ് പദങ്ങൾ ഉറപ്പിച്ചതെന്ന് പറയുന്നുണ്ടെങ്കിലും *വിജ്ഞാനശബ്ദാവലി*യിലെ ചില പ്രത്യേക സ്ഥലങ്ങളിൽ തുടർച്ചയായി സംസ്കൃതാധിക്യമുള്ള പദങ്ങൾ കാണുന്നതും, ചില പ്രത്യേക സ്ഥലങ്ങളിൽ അന്താരാഷ്ട്രപദങ്ങൾ കൂടുതൽ കാണുന്നതും, വിഭജിച്ചെടുത്ത് പരിഭാഷപ്പെടുത്തിയപ്പോൾ പരിഭാഷകരുടെ കാഴ്ചപ്പാടിനനുസരിച്ച് മുൻതൂക്കങ്ങൾ മാറിയതാണോ എന്ന് സംശയമുണർത്തുന്നു. രൂപപ്പെടുത്തിയ ചട്ടങ്ങൾ കൃത്യതയോടെ പിന്തുടർന്നിരുന്നില്ല എന്നതിന് തെളിവാണല്ലോ സൈൻ എന്ന അന്താരാഷ്ട്രപദത്തിന് ചിലയിടത്തെങ്കിലും ജ്യാ എന്നുപയോഗിച്ചതും ബാക്ടീരിയം, ബാക്ടീരിയ തുടങ്ങിയ വ്യത്യാസം പരിഗണിക്കാതിരുന്നതും മറ്റും.

സാങ്കേതികപദങ്ങളെക്കുറിച്ചുള്ള വിമർശനങ്ങൾ ശബ്ദാവലിയുടെയോ പുസ്തകങ്ങളുടെയോ രംഗത്ത് ഒതുങ്ങിനിൽക്കുന്നതായിരുന്നില്ല. *വിജ്ഞാനകൈരളി*യിലെ പദങ്ങളെക്കുറിച്ച് ആദ്യലക്കം ഇറങ്ങിയ ഉടനെത്തന്നെ വായനക്കാരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഗണിതശാസ്ത്രലേഖനങ്ങളിലെ പദങ്ങളെ മുൻനിർത്തിയാണ് പ്രൊഫ. കെ.രാമകൃഷ്ണപിള്ള തന്റെ അഭിപ്രായം പറഞ്ഞത്. ഹിന്ദിയിൽ ഉപയോഗിക്കുന്ന പദങ്ങൾ കൂടുതലായി ഉപയോഗിച്ചുകാണുന്നതായും അവയിൽ ചിലത് മലയാളശൈലിയുമായി പൊരുത്തപ്പെടാതിരിക്കുന്നതുമായാണ് രാമകൃഷ്ണപിള്ള നിരീക്ഷിച്ചത്. സാങ്കേതികപദങ്ങൾക്ക കൊടുത്ത തർജമകൾ പിടികിട്ടാൻ പ്രയാസമുള്ളവയാണെന്നും അവയോടൊപ്പം ഇംഗ്ലീഷ് പദങ്ങൾ കൂടി ചേർക്കുന്നത് സൗകര്യമായിരിക്കുമെന്നും സി. പി. എൻ. പിഷാരടി എന്ന വായനക്കാരൻ അഭിപ്രായപ്പെടുന്നുണ്ട്. സാങ്കേതികപദങ്ങൾക്ക് തർജമ കണ്ടുപിടിക്കുന്നതിലും പ്രധാനം അവ ലളിതമായി വിശദീകരിക്കാൻ അധ്യാപകർക്ക് കഴിവുണ്ടാക്കലാണ് എന്ന് നേരത്തേതന്നെ ഇ. എം. എസ്. ഓർമിപ്പിച്ചിരുന്നു എന്ന കാര്യം ഈ അഭിപ്രായവുമായി ചേർത്തുവെക്കാം.

ശബ്ദാവലികളിലെ തെറ്റുകൾ, പരസ്പരപ്പൊരുത്തമില്ലായ്മ, സൂക്ഷ്മതക്കുറവ്, അംഗീകൃതനയങ്ങളിൽനിന്ന് സംഭവിച്ച വ്യതിയാനങ്ങൾ തുടങ്ങിയവ ചൂണ്ടിക്കാണിക്കലാണ് പ്രധാനമായും പുസ്തകാഭിപ്രായങ്ങളിലൂടെയും വായനക്കാരുടെ കത്തുകളിലൂടെയും പ്രകടിതമായി കാണുന്നത്. അവയെല്ലാം പ്രധാനംതന്നെയെങ്കിലും, ഇത്തരം കാര്യങ്ങൾക്കുപരിയായി പദാവലീരൂപീകരണത്തിന് അടിസ്ഥാനമായ സമീപനത്തെ പരിശോധിച്ചുകൊണ്ടോ, അതിൽ തിരുത്തലുകൾ ആവശ്യപ്പെട്ടുകൊണ്ടോ ഉള്ള വിലയിരുത്തലുകൾ അവയിലൊന്നും കാണാൻ കഴിയുന്നില്ല. എന്നാൽ, *ഭരണഭാഷ* എന്ന ആനുകാലികത്തിൽ ഡോ. സതീശ് ചന്ദ്രൻ എഴുതിയ 'വൈദ്യശാസ്ത്രം മലയാളത്തിൽ' എന്ന ലേഖനം ഇൻസ്റ്റിറ്റ്യൂട്ടിന്റെ സാങ്കേതികപദങ്ങളെക്കുറിച്ച് ഗൗരവമാർന്ന ചില കാര്യങ്ങൾ

ചർച്ചയ്ക്കായി ഉയർത്തുകയുണ്ടായി. അന്താരാഷ്ട്രതലത്തിൽ പ്രചാരം നേടിയ സാങ്കേതികപദങ്ങൾ അതേപടി ഉപയോഗിക്കുകയാണ് ശാസ്ത്രീയമെന്ന് സതീശ് ചന്ദ്രൻ വാദിക്കുന്നു. പ്രത്യേക പ്രദേശങ്ങളിൽ മാത്രം പ്രചാരമുള്ള പദങ്ങൾ ചിന്താക്കുഴപ്പം സൃഷ്ടിക്കാനേ ഉതകൂ. ശാസ്ത്രത്തിന്റെ വളർച്ച ഏതെങ്കിലും പ്രത്യേക സമൂഹങ്ങളിലോ പ്രത്യേക ഭാഷകളിലോ ഒതുങ്ങിനിൽക്കില്ലെന്ന കാര്യം ഓർക്കണം. ചോറിൽ കല്ലുകടിക്കുന്നതുപോലുള്ള പദങ്ങൾ പ്രയോഗത്തിലൂടെ സാർവത്രികമാകുമെന്ന് കരുതുന്നത് യാഥാർത്ഥ്യങ്ങൾക്ക് നിരക്കുന്നതല്ല. പ്രയോഗസൗകര്യവും ലാളിത്യവുമുള്ള പദങ്ങൾ മാത്രമേ ജനങ്ങൾ അംഗീകരിക്കുകയുള്ളൂ. അവ മാത്രമേ സാർവത്രികമാകൂ. ഇത്രയും വിശദീകരിച്ചശേഷം *വൈദ്യകശബ്ദാവലി*യിൽ ഉപയോഗിച്ചിട്ടുള്ള പദങ്ങൾ അംഗീകരിക്കപ്പെടാനോ സാർവത്രികമാകാനോ പോവുന്നില്ലെന്ന് സതീശ് ചന്ദ്രൻ നിരീക്ഷിക്കുന്നു.[18] അന്താരാഷ്ട്രപദങ്ങൾ സ്വീകരിച്ചുകൊണ്ട് തയ്യാറാക്കുന്ന ശബ്ദാവലിയുടെ രൂപമെന്തായിരിക്കണമെന്നും ഒരു ഉദാഹരണത്തിലൂടെ അദ്ദേഹം വ്യക്തമാക്കുകയുണ്ടായി.

- Angina (ആഞ്ചൈന)– ഹൃദയത്തിലെ പേശികൾക്കു ലഭിക്കുന്ന രക്തത്തിന്റെ കുറവുകൊണ്ട് ഹൃദയഭാഗത്തുണ്ടാകുന്ന വേദന.
- Aorta (അയോർട്ട)– ഹൃദയത്തിന്റെ ഇടതുകീഴറയിൽ നിന്നും രക്തം വെളിയിലേക്ക് കൊണ്ടുപോകുന്ന കുഴൽ. ("വൈദ്യശാസ്ത്രം മലയാളത്തിൽ" 14)

ഒരു ഭാഗത്ത്, കഠിന സംസ്കൃതപദങ്ങളാണ് ഇൻസ്റ്റിറ്റ്യൂട്ട് പദാവലികൾക്കുനേരെ വിമർശനങ്ങൾ വിളിച്ചുവരുത്തിയതെങ്കിൽ മറ്റൊരു ഭാഗത്ത് അന്താരാഷ്ട്രപദങ്ങൾ സ്വീകരിച്ചതിനെ മുൻനിർത്തിയായിരുന്നു പഴിചാരലുകൾ. ഭാഷയുടെ തനിമയും ശുദ്ധിയും നഷ്ടപ്പെടുന്നു എന്നായിരുന്നു ഈ വിമർശനമുന്നയിച്ചവരുടെ വേവലാതി. പുതുപദങ്ങൾ സൃഷ്ടിക്കുന്നതിൽ തമിഴർ പുലർത്തുന്ന ശ്രദ്ധയും ലാളിത്യവും അവർ ഉയർത്തിക്കാട്ടി. വൈജ്ഞാനികമേഖലകളിലെ എല്ലാ സങ്കൽപ്പങ്ങളെയും മലയാളത്തിന്റെ തനതുപദങ്ങൾകൊണ്ട് പകരം വെക്കാൻ കഴിയുമോ, ഇനി അഥവാ കഴിഞ്ഞാൽത്തന്നെ അതുകൊണ്ട് പ്രശ്നങ്ങൾ തീരുമോ എന്നത് ഇത്തരക്കാർ പരിശോധിച്ചില്ലെന്ന് വേണം കരുതാൻ. ഒരുകാലത്ത് സംസ്കൃതത്തിൽനിന്ന് ഇഷ്ടംപോലെ പദങ്ങൾ സ്വീകരിച്ചുകൊണ്ടായിരുന്നു മലയാളം വളർന്നതെന്ന കാര്യംപോലും ഇക്കൂട്ടർ ഓർത്തില്ല. ഏതുഭാഷയും വളരുന്നത് മറ്റുഭാഷകളിൽനിന്ന് ലോഭമില്ലാതെ പദസ്വീകരണം നടത്തിക്കൊണ്ടാണ്.

മറ്റൊരു വിമർശനം ഇംഗ്ലീഷുപദങ്ങളെ തദ്ഭവരൂപത്തിൽ മലയാളത്തിലേക്ക് സ്വീകരിക്കുന്നതിനെക്കുറിച്ചായിരുന്നു. 'സ്ഥിതവ്യവസ്ഥ നിലനിർത്തുന്നതിനുള്ള മനോവ്യ

വസ്ഥയിൽ നിന്നുയർന്നുവന്ന ആശങ്കകൾ' എന്ന് ഇത്തരം അഭിപ്രായങ്ങളെ വിശേഷിപ്പിച്ചത് ഡോ.എം.ലീലാവതിയായിരുന്നു. തീവ്രമായ ത്വരണങ്ങളാൽ സ്ഥിതവ്യവസ്ഥ തകർക്കപ്പെടുമ്പൊഴുള്ള ഊർജത്തിൽനിന്നാണ് പുതിയ ചൈതന്യങ്ങൾ രൂപപ്പെടുന്നത് എന്ന് അവർ ചൂണ്ടിക്കാട്ടി ("ശാസ്ത്രഭാഷയിലെ വാക്യഘടന- ചില പ്രശ്നങ്ങൾ" 24). പത്തു ശതമാനം വാക്കുകൾ മാത്രമേ അന്താരാഷ്ട്രപദങ്ങളെ രൂപഭേദം വരുത്താതെ സ്വീകരിക്കുന്നുള്ളൂ എന്നതിനെ കഷ്ടമെന്ന് വിശേഷിപ്പിച്ചുകൊണ്ട്, വദിക്കുക, നമിക്കുക, ഹസിക്കുക തുടങ്ങിയ രൂപങ്ങൾ സംസ്കൃതത്തെ മുൻനിർത്തി രൂപപ്പെടുത്തിയതുപോലെ ഇംഗ്ലീഷിനെ മുൻനിർത്തിയും പദരൂപീകരണം നടന്നേ പറ്റൂ എന്നും അവർ ചൂണ്ടിക്കാട്ടി. സങ്കരരൂപങ്ങളിലൂടെ സാങ്കേതികപദങ്ങൾ നിർമിക്കുകയെന്നത് ഭാഷാശുദ്ധിയുടെ പേരിൽ മാറ്റിനിർത്തേണ്ട ഒന്നല്ലെന്നും സങ്കരരൂപങ്ങളിലൂടെ പദങ്ങളുണ്ടാക്കുന്ന രീതി എല്ലാ ഭാഷകളിലും നിലനിൽക്കുന്ന ഒന്നാണെന്നും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസസ്സിലെ പി. ഗണേശസുന്ദരവും ചൂണ്ടിക്കാട്ടുന്നു. സംസ്കൃതപദങ്ങളെ ഇകാരാന്തമാക്കി ഉപയോഗിച്ചതിന് ഉദാഹരണമാണ് അനുഭൂ എന്നതിനെ അനുഭവി-ക്കുക എന്നും അധികൃ എന്നതിനെ അധികരി-ക്കുക എന്നും ഉപയോഗിച്ചത്. തമിഴിലും ഈ രീതി കാണാം. മേൽക്കൊടുത്ത പദങ്ങൾ തമിഴിൽ അനുപവി, അതികരി എന്നിങ്ങനെയാണ്. ഇതനുസരിച്ച് analyse എന്നതിനെ അനലസിക്കുക എന്നും analysis എന്നത് അനലസിക്കൽ (പ്) എന്നും ഉപയോഗിക്കുന്നതിൽ കുഴപ്പമില്ലെന്ന് ഗണേശസുന്ദരം നിരീക്ഷിക്കുന്നുണ്ട് ("പ്രാദേശികഭാഷകളിലെ സാങ്കേതികപദാവലി" 979).

| ഭാഷ | പദം | ഉച്ചാരണം | പദം | ഉച്ചാരണം |
|---|---|---|---|---|
| ഇംഗ്ലീഷ് | helium | ഹീലിയം | hydrodynamics | ഹൈഡ്രോഡൈനാമിക്സ് |
| ഫ്രഞ്ച് | hélium | ഏലിയ | hydrodynamique | ഈദ്രോ ദീനാമിക്ക് |
| ജർമൻ | Helium | ഹേലിയു | Hydrodynamik | ഹീഡ്രോ ഡീനാമിക്ക് |
| ഇറ്റാലിയൻ | elio | ഏലിയോ | idrodinamica | ഈദ്രോ ദീനാമിക്കാ |
| റഷ്യൻ | гелий | ഗെലിയ് | гидродинамика | ഗിദ്രോദിനാമിക്ക |

പട്ടിക 4.10: ഹീലിയം, ഹൈഡ്രോഡയനാമിക്സ് എന്നീ സാങ്കേതികപദങ്ങളുടെ ഉപയോഗം ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമൻ, ഇറ്റാലിയൻ, റഷ്യൻ ഭാഷകളിൽ

മറ്റു ഭാഷകളിൽനിന്ന് പദങ്ങൾ സ്വീകരിച്ചാൽ ഭാഷയുടെ സൗന്ദര്യവും മഹത്വവും ശുദ്ധിയും നഷ്ടപ്പെട്ടുപോകുമെന്നത് തെറ്റായ ഒരു ധാരണയാണ്. നേരിട്ട് സ്വീകരിക്കുകയും നമ്മുടെ ഭാഷയുടെ കരുക്കളിലേക്ക് അവയെ സംയോജിപ്പിക്കുകയുമാവാം.

ആഗോള ശാസ്ത്രഭാഷകൾപോലും ചെയ്തുപോരുന്ന ഒരു രീതിയാണിതെന്ന് ചില ഉദാഹരണങ്ങളിലൂടെ ഗണേശസുന്ദരം വ്യക്തമാക്കിയിട്ടുണ്ട്. ഹീലിയം, ഹൈഡ്രോഡയനാമിക്സ് എന്നീ പദങ്ങൾ പ്രമുഖമായ ചില ശാസ്ത്രഭാഷകളിൽ എപ്രകാരം ഉപയോഗിക്കപ്പെട്ടു എന്നു നോക്കാം (പട്ടിക 4.10).

ഓരോ ഭാഷയും അതത് ഭാഷയുടെ ഉച്ചാരണത്തിനും ഭാഷയുടെ വ്യാകരണനിയമങ്ങൾക്കുമനുസരിച്ചുമാണ് പദങ്ങളെ സ്വീകരിക്കുന്നത് എന്നുകാണാം. വ്യത്യസ്തഭാഷകളിൽ നിശ്ചിതപദങ്ങളുടെ ഉച്ചാരണം വ്യത്യസ്തമായിരിക്കെ മലയാളത്തിലേക്ക് അവയെ കൊണ്ടുവരുമ്പോൾ എങ്ങനെ സ്വീകരിക്കണം എന്നൊരു പ്രശ്നമുണ്ട്. ഇവിടെ പൊതുവായി ഇന്ന് സ്വീകരിച്ചുകാണുന്ന രീതി ഇംഗ്ലീഷിൽ ആ പദം ഉച്ചരിതമാകുന്ന രീതിയിൽ നമ്മുടെ ഭാഷയിൽ സ്വീകരിക്കുകയെന്നതാണ്. എന്നാൽ, വ്യക്തികൾ, സ്ഥലനാമങ്ങൾ എന്നിവ മൂലഭാഷയിലെ അതേ രീതിയിൽ ഉപയോഗിക്കണമെന്ന വാദവും പ്രബലമായുണ്ട്. സി. ജി. രാമചന്ദ്രൻ നായരുടെ പുസ്തകങ്ങളിലും ലേഖനങ്ങളിലും അത്തരം പ്രയോഗങ്ങൾ സുലഭമായി കാണാം. എല്ലാവരും ഉപയോഗിക്കുന്ന മാഡം ക്യൂറി മദാം ക്യൂറിയായും സ്ക്ലോഡോവ്സ്ക സ്ക്വോദോവ്സ്ക ആയും പിയറി പിയേർ ആയും അദ്ദേഹത്തിന്റെ എഴുത്തുകളിൽ മാറുന്നു. ആംഗലീകൃതമായ ഉച്ചാരണത്തിനുപകരം മൂലഭാഷയിലെ ഉച്ചാരണത്തെ സ്വീകരിക്കുകയാണിവിടെ.

## 4.6.2 പദരൂപീകരണം: കാഴ്ചപ്പാടിലെ വൈരുധ്യങ്ങൾ

സാങ്കേതികപദങ്ങളെ സംബന്ധിച്ച് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനകത്ത് ചൂടുപിടിച്ചതും ചേരിതിരിഞ്ഞതുമായ ചർച്ചകൾ നടന്നതായി വിഷ്ണുനാരായണൻ നമ്പൂതിരി സാക്ഷ്യപ്പെടുത്തുന്നുണ്ടെങ്കിലും അവയൊന്നും ഡോക്യുമെന്റ് ചെയ്യപ്പെടാത്തതിനാൽ വിശദാംശങ്ങൾ അറിയാൻ വഴിയില്ല. അക്കാലത്തെ പ്രവർത്തനങ്ങളിൽ പങ്കെടുത്തവരിൽ ഇന്ന് ജീവിച്ചിരിക്കുന്നവരുടെ ഓർമയിലും അത്തരം വിശദാംശങ്ങൾ ഇല്ല. വലിയ ചർച്ചയായിരുന്നു എന്നു മാത്രമേ അവർക്കും പറയാനാവുന്നുള്ളൂ. ക്രിയാപദങ്ങളുടെ തർജമ പ്രശ്നത്തിലാണ് ചേരിതിരിഞ്ഞ ചർച്ച ഉണ്ടാവുന്നത്. ഈ വിഷയത്തിൽ എം.പി.പരമേശ്വരന്റെ നിർദേശങ്ങൾ കേവലം ഗോഷ്ഠികളാണെന്ന് ഗുപ്തൻ നായർ കരുതി (വിഷ്ണുനാരായണൻ നമ്പൂതിരി, “വാചസ്പതിയുടെ ആശ്രമത്തിൽ” 73). ക്രിയാപദങ്ങളെയും മലയാളഭാഷയിലേക്ക് മെരുക്കിയെടുക്കണമെന്ന വാദമാണല്ലോ നേരത്തേതന്നെ കേരള ശാസ്ത്രസാഹിത്യ പരിഷത്ത് വാർഷികത്തിൽ പരമേശ്വരൻ ഉയർത്തിയത്. “വിസിറ്റുന്നതിന് മുമ്പ് ഫോണുവാനും

ടിക്കറ്റ് നേരത്തേ റിസർവാനും മറ്റും മൂപ്പർക്ക് ഒരു മടിയുമില്ല" എന്ന് വിഷ്ണുനാരായണൻ നമ്പൂതിരി ഓർക്കുന്നു (73). ഇംഗ്ലീഷ് പദങ്ങളെ മലയാളത്തിന്റെ ഘടനയിലേക്ക് മാറ്റിയെടുക്കുകയായിരുന്നു പരമേശ്വരന്റെ മറ്റൊരു നിർദേശം. ഇതനുസരിച്ച് റേഡിയോ ആക്ടിവിറ്റി, റേഡിയോ ആക്ടിവത ആകും. മാല്ലിയെബിലിറ്റി തല്ലിപ്പരത്തലിമ ആകും. ഇത്തരം പരീക്ഷണങ്ങളോട് വലിയൊരളവോളം എൻ. വി. അനുകൂലമായിരുന്നെന്ന് വിഷ്ണുനാരായണൻ പറയുന്നു. അയവും വഴക്കവും ഭാഷയുടെ ജീനിയസ്സിന്റെ ഭാഗമാണെന്നും കടുംപിടിത്തവും ചിട്ടയും അതിനെ നശിപ്പിക്കുമെന്നുമായിരുന്നത്രേ എൻ. വി. യുടെ ഇക്കാര്യത്തിലുള്ള അഭിപ്രായം. സാങ്കേതികശാസ്ത്ര വിഭാഗത്തിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ *എൻജിനീയറിങ്ങ് ശബ്ദാവലി*യിൽ ഇത്തരം കുറേ വാക്കുകൾ കാണാം. അന്ന് പലരും നെറ്റി ചുളിച്ച ഇത്തരം പ്രയോഗങ്ങൾ[19] 'ഞാൻ പോസ്റ്റി', 'നീ ലൈക്കിയോ', 'അവൻ ഷെയറും', 'ആരും കമന്റിയില്ല' എന്നിങ്ങനെ ഇന്ന് പുതിയ തലമുറയുടെ ഉപയോഗത്തിൽ സ്വാഭാവികതയോടെ കടന്നുവരുന്നതായി കാണാം. 'ആക്ടീവത, ഇലാസ്തികത എന്നെല്ലാമുള്ള വിലക്ഷണ പ്രയോഗങ്ങൾ ഗ്ലോസറികളെ പരിഹാസ്യമാക്കുമ്പോഴും ഞാൻ മുൻപേ, ഞാൻ മുൻപേ എന്ന ആഹ്ലാദത്തിലായിരുന്നു എൻ. വി. യും എം. പി. പരമേശ്വരനും' എന്ന് 2006 ലെഴുതിയ ലേഖനത്തിലും ഇത്തരം പ്രയോഗങ്ങളോടുള്ള വിപ്രതിപത്തി ഗുപ്തൻ നായർ തുടരുന്നുണ്ട് ("വാക്കുതന്നെ ശ്രേയസ്സ്" 6).

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളിൽ മുഖ്യപങ്കുവഹിച്ചവരിലൊരാളായ സി. കെ. മൂസ്സത് അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ അന്താരാഷ്ട്രപദങ്ങൾ സ്വീകരിക്കേണ്ടതിന്റെ പ്രാധാന്യം ചൂണ്ടിക്കാട്ടുന്നതു കാണാം. 'മഡ്ഗാർഡിനെ മൺതട്ടിയായും പെഡലിനെ പാദുകമായും ഹാൻഡിൽ ബാറിനെ പിടിത്തണ്ടായും പറയുന്ന കാലം തനിക്ക് വിഭാവനം ചെയ്യാൻ കഴിയില്ലെ'ന്നാണ് ഒരാൾ സൈക്കിളുമായി ബന്ധപ്പെട്ട സാങ്കേതികപദങ്ങൾ പുതുതായുണ്ടാക്കിയതിനോട് മൂസ്സത് പ്രതികരിക്കുന്നത്. നിത്യപരിചിതമായിക്കഴിഞ്ഞ പ്രിൻസിപ്പാൾ, കളക്ടർ, പ്രൊഫസർ, സെക്രട്ടറി തുടങ്ങിയ പദങ്ങൾക്ക് പകരംപദങ്ങളുണ്ടാക്കാനുള്ള ശ്രമങ്ങളെ പാഴ്വേലയെന്ന് വിളിക്കാനേ കഴിയൂ എന്ന് അദ്ദേഹം കരുതി. ശാസ്ത്രം സാർവലൗകികമായ മാറ്റങ്ങളെ ഉൾക്കൊണ്ടുകഴിഞ്ഞ ഒരു കാലഘട്ടത്തിൽ സാർവലൗകികമായ പദാവലി കൂടാതെ കഴിയില്ലെന്നായിരുന്നു മൂസ്സതിന്റെ നിലപാട്. 'പഴയ അമരകോശത്തിന്റെ മുഴക്കോലും വടക്കനുളിയുംകൊണ്ട് പുതിയ ശാസ്ത്രത്തിനും സാങ്കേതികഗണിതങ്ങൾക്കും വേണ്ട പദങ്ങളെ ചെത്തിക്കൂർപ്പിച്ചെടുക്കാമെന്ന് കരുതുന്നതിനെ' അബദ്ധമെന്ന് ("ശാസ്ത്രസാങ്കേതികഗ്രന്ഥങ്ങൾ" 95)വിശേഷിപ്പിക്കാനും മൂസ്സതിന് മടിയേതുമില്ല. ശാസ്ത്രഭാഷയിൽ കാവ്യാത്മകതയ്ക്ക് പ്രസക്തിയില്ലെന്നും വ്യാകര

ണകാര്യങ്ങളിൽ അയവുവരുത്തിക്കൊണ്ടേ ഈ രംഗത്ത് മുന്നേറ്റമുണ്ടാക്കാൻ കഴിയൂ എന്നും അദ്ദേഹം വിശ്വസിച്ചു. നൂതനാശയങ്ങളെ സമീപിക്കണമെങ്കിൽ നൂതനപദാവലികൾ സ്വീകരിച്ചേ കഴിയൂ. പക്ഷേ, ഇതിനർത്ഥം അന്താരാഷ്ട്രപദങ്ങളേ ഉപയോഗിക്കാവൂ എന്നുമല്ല. 1969 ൽ കൊല്ലത്തുനടന്ന മാതൃകാക്ലാസ്സുകളുടെ ആരംഭത്തിൽ മൂസ്സത് അർത്ഥശങ്കയില്ലാതെ ഇങ്ങനെ പറയുന്നുണ്ട്. 'ആധുനികശാസ്ത്രഗ്രന്ഥങ്ങൾ ഇംഗ്ലീഷും മലയാളവും കലർത്തി ഒരുതരം വെങ്കലഭാഷയിൽത്തന്നെ പഠിപ്പിക്കാനേ നാം മുതിരേണ്ടതുള്ളൂ.'

ഇംഗ്ലീഷുപദങ്ങൾക്ക് രൂപഭേദം വരുത്തുന്ന കാര്യത്തിലും മൂസ്സതിന് തനതായ അഭിപ്രായമുണ്ടായിരുന്നു. ആക്ടിവത, ബേസികത എന്നൊക്കെ പറയുന്നതിനു പകരം ആക്ടിവിറ്റി, ബേസിസിറ്റി എന്ന് തന്റേടത്തോടെ പറയണമെന്നായിരുന്നു അദ്ദേഹത്തിന്റെ പക്ഷം ("അധ്യാപനമാധ്യമ മാറ്റപ്രശ്നം" 10). പദങ്ങൾ ഉള്ളവരിൽനിന്ന് മടികൂടാതെ കൈനീട്ടി വാങ്ങുകയാണ് വേണ്ടത്. സാങ്കേതികപദങ്ങൾ അന്താരാഷ്ട്രതലത്തിലുള്ളത് ഉപയോഗിക്കുന്നത് സൂത്രവാക്യങ്ങൾ ഉപയോഗിക്കുന്നതിനും സഹായകമാകും. മറ്റു പദങ്ങൾ ഉപയോഗിക്കുമ്പോൾ സൂത്രവാക്യങ്ങളിലെ ഓരോ അക്ഷരവും എന്തിനെയാണ് പ്രതിനിധാനം ചെയ്യുന്നതെന്ന് പ്രത്യേകം പറയേണ്ടി വരും. മൂസ്സതിന്റെ ഇത്തരം അഭിപ്രായങ്ങൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളിലേക്ക് മുഴുവനായി പ്രതിഫലിച്ചില്ല എന്നു കാണാം. ശാസ്ത്രമെഴുത്തുകാരൻ എന്ന നിലയിൽ പ്രസിദ്ധനായിരുന്ന ഡോ. കെ. ഭാസ്കരൻ നായർ ശബ്ദാവലീരൂപീകരണത്തിൽ പങ്കുവഹിച്ചതായ പരാമർശങ്ങളൊന്നും കാണുന്നില്ല. ധാതുവും നിഷ്പത്തിയും തേടിപ്പിടിച്ചുള്ള സാങ്കേതികപദരൂപീകരണത്തിന്റെ പ്രയോജനമില്ലായ്മയെക്കുറിച്ച് വർഷങ്ങൾക്കുമുമ്പുതന്നെ അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുണ്ട് ("പാശ്ചാത്യശാസ്ത്രവും മലയാളഭാഷയും" 182).[20]

സംസ്കൃതപ്രകൃതത്തോട് മലയാളപ്രത്യയം ചേർത്തുണ്ടാക്കൽ, മൂലപദത്തിന്റെ പ്രകൃതിയോട് മലയാളപ്രത്യയം ചേർത്തുണ്ടാക്കൽ, മലയാളത്തിനിണങ്ങിയ രൂപഭേദങ്ങളോടെ കന്നഡ, തുർക്കി, പാഴ്സി, അറബി തുടങ്ങിയ ഭാഷകളിലെ പദങ്ങൾ സ്വീകരിക്കൽ, അന്താരാഷ്ട്രപദങ്ങൾ ലിപ്യന്തരണം ചെയ്ത് അതേപടി സ്വീകരിക്കൽ, തനി ദ്രാവിഡപദങ്ങൾ ഉപയോഗിക്കൽ എന്നിങ്ങനെ പദരൂപീകരണത്തിന് വ്യത്യസ്തരീതികൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് കൈക്കൊണ്ടിട്ടുണ്ട് എന്ന് സി.കെ മൂസ്സത് നിരീക്ഷിച്ചിട്ടുണ്ട് . അയോണീകരണം, ഓക്സീകരണം, കൊയാഗുലനം, കാപ്പിലാരത, ആൽക്കഹോളിക, ഫിസിയോളജീയ, ഇലാസ്തികത, ഫൈബ്രിനോജകം തുടങ്ങിയവ മൂലപദത്തിന്റെ പ്രകൃതത്തോട് മലയാളപ്രത്യയം ചേർത്തുണ്ടാക്കിയതിനുള്ള ഉദാഹരണങ്ങളാണ്. രൂപഭേദങ്ങളോടെ

കന്നഡ, തുർക്കി മുതലായ ഭാഷകളിലെ പദങ്ങൾ സ്വീകരിച്ചതിന്റെ ഉദാഹരണമായി bladder –സഞ്ചി (കന്നഡ), barrel– തോക്കുകുഴൽ (തുർക്കി), balance– തുലാസ് (പാഴ്സി), bog– ചതുപ്പ് (പോർതുഗീസ്) തുടങ്ങിയവയും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. തിളനില (boiling point), അലനീളം (wavelength) എന്നിവയൊക്കെ ശുദ്ധ ദ്രാവിഡശ്രു പങ്ങളാണ് (ഒരു സംഘം ലേഖകർ, *ശാസ്ത്രസാഹിത്യ പ്രസ്ഥാനം* 168).

1662 ൽ ബ്രിട്ടനിലാരംഭിച്ച റോയൽ സൊസൈറ്റി തുടക്കംമുതലേ സ്വീകരിച്ച ഭാഷാനയം *വിജ്ഞാനകൈരളി*യിലെ പത്രാധിപക്കുറിപ്പിൽ എൻ.വി. ചൂണ്ടിക്കാട്ടിയിരുന്നു. സാധാരണക്കാരോട് ഏറ്റവും അടുത്തതും അനലംകൃതവും സ്വാഭാവികവുമായ സംഭാഷണരീതിയാണ് വേണ്ടതെന്നും വാഗ്മികളുടെയും വിദ്വാന്മാരുടെയും ഭാഷയിൽനിന്ന് വിട്ട് കമ്മാളരുടെയും ഉൾനാടന്മാരുടെയും കച്ചവടക്കാരുടെയും ഭാഷയേ ഉപയോഗിക്കാവൂ എന്നും സൊസൈറ്റിയുടെ ഭരണഘടനയിലുണ്ടായിരുന്നു. റോയൽ സൊസൈറ്റിയുടെ ഈ നയത്തെ വിവേകപൂർണമായ ഭാഷാനയം എന്ന് താത്വികമായി വിശേഷിപ്പിക്കുമ്പോഴും (പത്രാധിപക്കുറിപ്പ്, "ശാസ്ത്രവിപ്ലവവും ഭാഷാവിപ്ലവവും" 8) സംസ്കൃതജടിലമായ പദങ്ങൾ ശാസ്ത്രഭാഷയെ മലയാളികളിൽനിന്ന് അകറ്റില്ലേ എന്ന ഉള്ളുതുറന്ന ഒരു പരിശോധന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗത്തുനിന്നുണ്ടായില്ല എന്നു വേണം കരുതാൻ. ഭാഷാവികസനത്തിനുവേണ്ടി വിശ്രമമില്ലാതെ പ്രവർത്തിച്ച എ. ആർ. രാജരാജവർമ്മ പ്രവർത്തനാനുഭവങ്ങളിലൂടെ ഒടുവിൽ എത്തിച്ചേർന്ന നിഗമനങ്ങൾ ഈ വേളയിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് മാർഗദർശകമാകേണ്ടതായിരുന്നു. നൂതനാഭിപ്രായ പ്രകടനത്തിനു ആവശ്യമായ പദങ്ങൾ(ധാതുക്കൾ) കഴിയുന്നതും സംസ്കൃതത്തിൽനിന്നു തന്നെയാണ് ഭാഷയിലേക്ക് നയിക്കപ്പെടേണ്ടത്(*ഏ ആർ രാജരാജവർമയുടെ തിരഞ്ഞെടുത്ത പ്രബന്ധങ്ങൾ* 83) എന്ന് വിശ്വസിച്ചിരുന്ന എ. ആർ. ഒടുവിൽ, 'ഈ വക പദങ്ങളെ ഇംഗ്ലീഷിൽ നിന്നുതന്നെ കടം വാങ്ങാം; നമ്മുടെ ഭാഷയിൽ ഉള്ള പര്യായങ്ങളിൽ ഒന്നിനെ, പരിഭാഷകൊണ്ട് അർത്ഥത്തിനു വ്യാപ്തിയോ സങ്കോചമോ ആവശ്യംപോലും ചെയ്തു, വിവക്ഷിതമായ ഉപയോഗത്തിനുമാത്രമായി നീക്കിവെയ്ക്കാം. പുതിയ പദങ്ങളെ സൃഷ്ടിക്കാം' (35–36)എന്ന നിലപാടിലേക്ക് വന്നുചേർന്നിരുന്നുവല്ലോ.

സംസ്കൃതത്തെ മുൻനിർത്തിയായാലും നാട്ടുപ്രയോഗങ്ങളെ മുൻനിർത്തിയായാലും പദരൂപീകരണത്തിൽ എൻ.വി.ക്ക് ഉണ്ടായിരുന്നത് അസാധാരണ വൈഭവമാണെന്ന് വിഷ്ണുനാരായണൻ നമ്പൂതിരി ഓർക്കുന്നുണ്ട്. ശരഭം (എട്ടടിമാൻ), black rot (കരിഞ്ചീയൽ), pear shaped (കുമ്പളക്കുരു പോലെ), rusty spotted cat (തുരുമ്പു പുള്ളിപ്പൂച്ച), leaf spot (ഇലക്കുത്ത്), heart shake (ഉള്ളുവിള്ളൽ), poultry farm (കോഴി

ക്കളം), meditation (ധ്യാനം), speculation (അനുധ്യാനം), reflection (പ്രതിചിന്തനം), retrospection (പ്രത്യവലോകനം), introspection (അന്തർവീക്ഷണം) എന്നിങ്ങനെ നൊടിയിടയിൽ എൻ.വി. തർജമ ചെയ്യാറുണ്ടായിരുന്നു ("വാചസ്പതിയുടെ ആശ്രമത്തിൽ" 71). നാട്ടുപ്രയോഗങ്ങളെ മുൻനിർത്തിയുള്ള തർജമകൾ സ്വയം തയ്യാറാക്കുമ്പോഴും എം.പി. പരമേശ്വരനെപ്പോലുള്ളവർ കൊണ്ടുവരുന്ന പൊളിച്ചെഴുത്തുകളെ ഒരളവോളം പ്രോത്സാഹിപ്പിക്കുമ്പോഴും സംസ്കൃതപണ്ഡിതനായ എൻ.വി. അടിസ്ഥാനപരമായി പദരൂപീകരണത്തിൽ സംസ്കൃതത്തിന്റെ സാധ്യതകളിൽ അടിയുറച്ച് വിശ്വസിക്കുന്ന ആളുമാണ്. ക്രിയാപദങ്ങളെ ഉൾക്കൊള്ളാനും പുതിയതായി നിർമിക്കാനും ഏറ്റവും കഴിവുള്ള ഭാഷയാണ് സംസ്കൃതം എന്നായിരുന്നു അദ്ദേഹത്തിന്റെ മതം (മണി 80).

സി.എസ്.ടി.ടി.യുടെ നിബന്ധനകൾക്കനുസരിച്ചുള്ള പദങ്ങൾ നിർമിക്കുമ്പോൾ തന്നെ രണ്ടാം പദമെന്ന നിലയിൽ കഠിന സംസ്കൃതപദങ്ങളല്ലാത്തവയും ദ്രാവിഡധാരയോട് ചേർന്നുപോവുന്നതുമായ പദങ്ങളെ അണിനിരത്താനുള്ള ശ്രമം നടത്താൻ കഴിയുമായിരുന്നില്ലേ എന്ന ചോദ്യം പ്രസക്തമാണ്. സമയപരിമിതിയാണോ അതിന് വിഘാതമായത് അതോ സംസ്കൃതപക്ഷപാതിത്വബോധം[21] അബോധമായി നിലനിന്നതുകൊണ്ടാണോ എന്നതിന് ഉത്തരം പറയുക എളുപ്പമല്ല. ഫിഷ്മാൻ ചൂണ്ടിക്കാണിച്ചതുപോലെ കോർപ്പസ് പ്ലാനിങ്ങിനകത്തുള്ള പരസ്പരം വേർതിരിഞ്ഞിരിക്കുന്നതും വ്യത്യസ്തധ്രുവങ്ങളിലുള്ളതുമായ പ്രത്യയശാസ്ത്രസമീപനങ്ങൾ ഇവിടെ പ്രവർത്തിച്ചുവോ എന്ന് പരിശോധിക്കേണ്ടതുണ്ട്. ഫിഷ്മാൻ ചൂണ്ടിക്കാണിച്ച ദ്വന്ദ്വങ്ങൾ തന്നെയാണോ ഇന്ത്യൻ പശ്ചാത്തലത്തിൽ പ്രസക്തം എന്നതുകൂടി പരിശോധിച്ചുകൊണ്ടേ ഇത് സാധ്യമാവൂ. സൗന്ദര്യപക്ഷവും പ്രയോജനപക്ഷവും തമ്മിലുള്ള ബലാബലത്തിൽ സമവായമെന്ന നിലയിലുള്ള തീരുമാനങ്ങൾ കുറെയൊക്കെ കടന്നുവന്നിട്ടുണ്ടാവും എന്നു കരുതാം.

### 4.6.3 പദങ്ങളുടെ സ്ഥായിത്വം

*വിജ്ഞാനശബ്ദാവലി*യുടെ ആമുഖത്തിൽ സി.എസ്.ടി.ടി. തയ്യാറാക്കിയ ശബ്ദാവലികളിൽ പത്തു ശതമാനത്തോളം പദങ്ങൾ ഇംഗ്ലീഷിൽനിന്ന് ലിപ്യന്തരണം ചെയ്തവയാണെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.[22] ബാക്കി എൺപതു ശതമാനത്തോളം സംസ്കൃതജന്യങ്ങളും പത്തു ശതമാനം ഹിന്ദിപദങ്ങളും സങ്കരസൃഷ്ടികളും. *വിജ്ഞാനശബ്ദാവലി* ഒന്നാം വാല്യത്തിലെ എ മുതൽ ജെ വരെയുള്ള 18307 പദങ്ങളെ (കാ. അനുബന്ധം 15) പരിശോധിച്ചപ്പോൾ അവയ്ക്ക് തുല്യമായി ഒന്നാം പദമായി നൽകിയവയിൽ ഇംഗ്ലീഷ്

രൂപങ്ങളിൽ നിന്ന് നേരിട്ട് ലിപ്യന്തരണം ചെയ്ത 4872 വാക്കുകൾ (26.61%) കാണ കയുണ്ടായി. തനി ലിപ്യന്തരണമല്ലാതെ മലയാളത്തിന്റെ പ്രത്യേകതകൾക്കനുസരിച്ച് അൽപസ്വൽപം വ്യത്യാസം വരുത്തി മെരുക്കിയെടുത്ത (ഉദാ:- amerospore- അമരോ സ്പോറം, amphitrichous- ആംഫിട്രൈക്കമായ, anionic- ആനയോണികം, annealing- അനീലൽ തുടങ്ങിയവ) 423 വാക്കുകൾ വേറെയുമുണ്ട്. ഇംഗ്ലീഷ് മിശ്രമെന്ന് വിളിക്കാ വുന്ന 1903 വാക്കുകൾ ഇതിനുപുറമേയാണ്. സംയുക്തപദങ്ങളിൽ ആദ്യപദമോ അന്ത്യ പദമോ ഇംഗ്ലീഷുരൂപം തനതുരൂപത്തിലോ ചെറിയ തോതിൽ വ്യത്യാസം വരുത്തിയോ ഉപയോഗിക്കുകയും മറുപദം തനി മലയാളപദമോ സംസ്കൃതാധിഷ്ഠിതപദമോ ഉപയോ ഗിക്കുകയും ചെയ്യുന്നവയാണ് ഇവ. annelid ancestry- അന്നേലിഡ് പൂർവജപരമ്പര, anode circuit- ആനോഡ്-പരിപഥം, generative apospory- ജനക-അപസ്പോറത തുടങ്ങിയവ ഇത്തരം പദങ്ങൾക്ക് ഉദാഹരണമാണ്.

| അന്താരാഷ്ട്ര പദങ്ങളുടെ ഉപയോഗം<br>വിജ്ഞാനശബ്ദാവലിയിലെ ഒന്നാം പദങ്ങളിൽ | | | | | |
|---|---|---|---|---|---|
| ഇംഗ്ലീഷ് അക്ഷരം | ആകെ പദങ്ങൾ | ലിപ്യന്തരണം വഴി | നേരിയ വ്യത്യാസം വരുത്തി | ഇംഗ്ലീഷ് മിശ്രം | ആകെ ഉപയോഗം |
| A | 3131 | 1050 | 78 | 197 | 1325 |
| B | 1568 | 554 | 31 | 159 | 744 |
| C | 4361 | 1316 | 117 | 526 | 1959 |
| D | 1848 | 390 | 30 | 166 | 586 |
| E | 1720 | 367 | 40 | 175 | 582 |
| F | 1574 | 244 | 18 | 160 | 422 |
| G | 1178 | 376 | 47 | 216 | 639 |
| H | 1290 | 393 | 49 | 178 | 620 |
| I | 1542 | 151 | 12 | 104 | 267 |
| J | 95 | 31 | 1 | 22 | 54 |
| ആകെ | 18307 | 4872 | 423 | 1903 | 7198 |

പട്ടിക 4.11: വിജ്ഞാനശബ്ദാവലി ഒന്നാം വാല്യത്തിലെ A മുതൽ J വരെയുള്ള അക്ഷ രങ്ങളിലെ പദങ്ങളിൽ വ്യത്യസ്തരീതികളിൽ ഒന്നാം പദമായി അന്താരാഷ്ട്ര പദങ്ങൾ നൽകിയവയുടെ എണ്ണം

| അന്താരാഷ്ട്ര പദങ്ങളുടെ ഉപയോഗം<br>വിജ്ഞാനശബ്ദാവലിയിലെ രണ്ടാം പദങ്ങളിൽ | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് അക്ഷരം | ലിപ്യന്തരണം വഴി | നേരിയ വ്യത്യാസം വരുത്തി | ഇംഗ്ലീഷ് മിശ്രം | ആകെ ഉപയോഗം |
| A | 21 | 9 | 12 | 42 |
| B | 30 | 1 | 3 | 34 |
| C | 46 | 5 | 27 | 78 |
| D | 7 | 3 | 7 | 17 |
| E | 13 | 9 | 5 | 27 |
| F | 14 | 1 | 4 | 19 |
| G | 10 | 3 | 9 | 22 |
| H | 17 | 5 | 7 | 29 |
| I | 10 | 1 | 3 | 14 |
| J | 0 | 0 | 0 | 0 |
| ആകെ | 168 | 37 | 77 | 282 |

പട്ടിക 4.12: വിജ്ഞാനശബ്ദാവലി ഒന്നാം വാല്യത്തിലെ A മുതൽ J വരെയുള്ള അക്ഷരങ്ങളിലെ പദങ്ങളിൽ ഒന്നാം പദമായി അന്താരാഷ്ട്രപദങ്ങൾ നൽകാത്തവയ്ക്ക് രണ്ടാം പദമായി കൊണ്ടുവന്ന അന്താരാഷ്ട്ര പദങ്ങളുടെ എണ്ണം

ഈ മൂന്ന് തരങ്ങളിലായി 39.31ശതമാനം പദങ്ങൾ ഈ പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞു. ദ്വിപദ നാമപദ്ധതിയനുസരിച്ചുള്ള ശാസ്ത്രനാമങ്ങൾ പരിശോധനാവിധേയമാക്കിയ പദങ്ങളുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു എന്നത് ഈ ഉയർന്ന ശതമാനത്തിന് കാരണമായേക്കാം. എന്നാൽ അത്തരം പദങ്ങളും സി.എസ്.ടി.ടി. യുടെ പദാവലിയിൽ ഉണ്ടായിരുന്നവ തന്നെയാണ്. രണ്ടാം പദമായി നൽകിയവയെ പരിശോധിച്ചപ്പോൾ ഇംഗ്ലീഷ് ബന്ധമുള്ള 436 വാക്കുകളാണ് ഉണ്ടായിരുന്നത്. അവയിൽ, ഒന്നാം പദമായി ഇംഗ്ലീഷുപദങ്ങൾ (മൂന്ന് രൂപങ്ങളിലേതെങ്കിലുമായി) നൽകാത്തവയ്ക്കുള്ളവ 282 എണ്ണമാണ് (1.54%). അതായത് ഒന്നാം പദമായോ രണ്ടാം പദമായോ 40.85 ശതമാനം വാക്കുകളെ അന്താരാഷ്ട്രപദങ്ങളോട് ബന്ധിപ്പിച്ചിരുന്നു.[23] ഇംഗ്ലീഷ് മിശ്രപദങ്ങളെ ഒഴിച്ചു നിർത്തിയാലും ഇത് 30.04 ശതമാനം വരും. പക്ഷേ, മലയാളികൾക്ക് പരിചിതമല്ലാത്ത

കഠിന സംസ്കൃതപദങ്ങളുടെ മുഴച്ചുനിൽക്കലിൽ ഈ പ്രത്യേകത ശ്രദ്ധിക്കപ്പെടാതെ പോവുകയാണുണ്ടായത്.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയ സാങ്കേതികപദങ്ങൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെതന്നെ പ്രസിദ്ധീകരണങ്ങളിലും മറ്റുള്ള പ്രസിദ്ധീകരണങ്ങളിലും തുടർന്ന് എത്രമാത്രം ഉപയോഗിക്കപ്പെട്ടു എന്നാണ് പരിശോധിക്കേണ്ട മറ്റൊരു കാര്യം. ഭൗതികശാസ്ത്രത്തിലെ അമ്പത് അടിസ്ഥാനപദങ്ങൾ *വിജ്ഞാനശബ്ദാവലി*യിലും അതിനുശേഷവും എങ്ങനെ ഉപയോഗിക്കപ്പെട്ടു എന്ന് പരിശോധിക്കാനുള്ള ഒരു ശ്രമമാണ് ചുവടെ. *വിജ്ഞാനശബ്ദാവലി*യുടെ 1969 ലെ ഒന്നാം പതിപ്പ്, 1987 ലെ രണ്ടാം പതിപ്പ്, സി.എസ്.ടി.ടി. യുടെ പുതുക്കിയ പദാവലിയെ മുൻനിർത്തി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തന്നെ 2010 ൽ പ്രസിദ്ധീകരിച്ച *ഭൗതികശാസ്ത്രം–ത്രിഭാഷാപദകോശം*, കേരള ശാസ്ത്രസാഹിത്യ പരിഷത്ത് 2010 ൽ പ്രസിദ്ധീകരിച്ച *ശാസ്ത്ര നിഘണ്ടു*, 2021 ൽ സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്. സി. ഇ. ആർ. ടി.) പ്രസിദ്ധീകരിച്ച *സാങ്കേതികപദാവലി (ശാസ്ത്രവിഷയങ്ങൾ)* എന്നിവയിൽ നിശ്ചിതപദങ്ങൾ ഏതുതരത്തിലാണ് ഉപയോഗിക്കപ്പെട്ടത് എന്ന് രേഖപ്പെടുത്തുകയാണ് പട്ടിക 4.13 ൽ.

| **പദം** | **വിജ്ഞാന ശബ്ദാവലി** 1969 | **വിജ്ഞാന ശബ്ദാവലി** 1987 | **ത്രിഭാഷാ പദകോശം** 2010 | **ശാസ്ത്ര നിഘണ്ടു** 2010 | **സാങ്കേതിക പദാവലി** 2021 |
|---|---|---|---|---|---|
| absolute | നിരപേക്ഷം<br>പരമം<br>പരിശുദ്ധം<br>പൂർണം<br>അചരം<br>സ്ഥിരം<br>വിശിഷ്ടം | കേവലം | കേവലം | കേവലം<br>നിരപേക്ഷം<br>ആബ്സൊ–ല്യൂട്ട് | കേവലം |
| accelera–tion | ത്വരണം | ത്വരണം | ത്വരണം | ത്വരണം | ത്വരണം |
| action | ക്രിയ<br>പ്രവർത്തനം | ക്രിയ<br>പ്രവർത്തനം | പ്രവൃത്തി<br>ക്രിയ | ആക്ഷൻ | പ്രവർത്തനം |

| | | | | | |
|---|---|---|---|---|---|
| apparent | അവാസ്തവം<br>പ്രകടം | പ്രത്യക്ഷം<br>പ്രകടം | പ്രത്യക്ഷ | പ്രത്യക്ഷ | പ്രതീതി-<br>മാത്രമായ,<br>പ്രതീതി-<br>ഉളവാക്കുന്ന |
| atom | അണു | അണു<br>ആറ്റം | അണു<br>ആറ്റം | ആറ്റം | കണം<br>ആറ്റം |
| Boiling point | ക്വഥനാങ്കം<br>ബോയിലിങ്ങ്-<br>പോയിന്റ്<br>തിളനില | തിളനില<br>ക്വഥനാങ്കം | തിളനില | തിളനില | തിളനില |
| buoyancy | ബോയൻസി<br>ഉൽപ്ലാവകത | ഉത്പ്ലവകത<br>ഉത്പ്ലാവനം | ബോയൻസി | പ്ലവക്ഷമ-<br>ബലം | പ്ലവക്ഷമത |
| character-<br>istic | ലക്ഷണം<br>സവിശേഷത<br>അഭിലക്ഷണം | ലക്ഷണം<br>അഭിലക്ഷണം<br>വിശേഷത | വിശേഷികം<br>അഭിലക്ഷ-<br>ണികം | ക്യാരക്-<br>റ്ററിസ്റ്റിക് | കാരക്-<br>റ്ററിസ്റ്റിക്<br>സവിശേഷ |
| coeffici-<br>ent | ഗുണാങ്കം | ഗുണാങ്കം<br>ഗുണോത്തരം | സ്ഥിരാങ്കം<br>ഗുണാങ്കം | ഗുണോത്തരം | ഗുണാങ്കം |
| collision | സംഘട്ടനം | സംഘട്ടനം | സംഘട്ടനം.<br>കൂട്ടിമുട്ടൽ | സംഘട്ടനം | സംഘട്ടനം<br>കൂട്ടിമുട്ടൽ |
| conductor | ചാലകം | ചാലകം | ചാലകം | ചാലകം | ചാലകം |
| conserva-<br>tion | സംരക്ഷണം | സംരക്ഷണം | സംരക്ഷണം | - | സംരക്ഷണം |
| convex | ഉത്തലം | ഉത്തലം<br>അവമുഖം | ഉത്തലം | - | - |

| | | | | | |
|---|---|---|---|---|---|
| Cosmo-gony | ബ്രഹ്മാ-ണ്ഡോൽ-പ്പത്തി, ബ്രഹ്മാ-ണ്ഡോൽ-പ്പത്തി-സിദ്ധാന്തം | കോസ്മോ-ഗണി പ്രപഞ്ചോ-ൽപ്പത്തി | – | പ്രപഞ്ചോ-ൽപ്പത്തി-ശാസ്ത്രം | – |
| deforma-tion | വിരൂപണം വികൃതി | വിരൂപണം വൈകൃതം | വിരൂപണം | – | രൂപാന്തരം വിരൂപമാ-ക്കൽ |
| density | ഘനത്വം | ഘനത്വം സാന്ദ്രത | സാന്ദ്രത | ഘനത്വം സാന്ദ്രത | സാന്ദ്രത |
| displace-ment | വിസ്ഥാപനം | വിസ്ഥാപനം | സ്ഥാനാന്തരം | സ്ഥാനാന്തരം വിസ്ഥാപനം | സ്ഥാനാന്തരം |
| elasticity | ഇലാസ്തികത | ഇലാസ്റ്റികത | ഇലാസ്തികത | – | ഇലാസ്തികത |
| energy | ഊർജം | ഊർജം | ഊർജം | ഊർജം | ഊർജം |
| explosion | വിസ്ഫോടനം | വിസ്ഫോടനം | – | – | വിസ്ഫോടനം സ്ഫോടനം |
| fission | ഫിഷൺ വിദളനം വിഖണ്ഡനം മുറിയൽ | വിഖണ്ഡനം | അണുവിഭജനം വിഖണ്ഡനം | വിഘടനം | വിഭജനം ഫിഷൻ |
| friction | ഘർഷണം | ഘർഷണം | ഘർഷണം | ഘർഷണം | ഘർഷണം |
| gravita-tion | ഗുരുത്വം ഗുരുത്വാ-കർഷണം | ഗുരുത്വാ-കർഷണം | ഗുരുത്വാ-കർഷണം | ഗുരുത്വാ-കർഷണം | ഗുരുത്വാ-കർഷണം ഗുരുത്വം |

| | | | | | |
|---|---|---|---|---|---|
| Hypothe-sis | പരികൽപ്പന | പരികൽപ്പന | സങ്കൽപ്പനം | പരികൽപ്പന | പരികൽപ്പനം |
| inci-dence | ആപതനം | ആപതനം | – | – | – |
| induction | പ്രേരണം | പ്രേരണം ആഗമനം | പ്രേരണം | പ്രേരണം | – |
| Intensity | തീവ്രത | തീവ്രത | – | – | തീവ്രത |
| Interval | അന്തരം അന്തരാളം ഇടവേള | അന്തരം അന്തരാളം ഇടവേള | ആവൃത്തി അനുപാതം അന്തരാളം | – | – |
| Magnet-ism | കാന്തത | കാന്തത | കാന്തികത | – | കാന്തികത |
| molecule | തന്മാത്ര | തന്മാത്ര | തന്മാത്ര | തന്മാത്ര | തന്മാത്ര |
| momen-tum | സംവേഗം | സംവേഗം | ആക്കം | സംവേഗം | ആക്കം |
| nucleus | അണുകേന്ദ്രം | അണുകേന്ദ്രം | ന്യൂക്ലിയസ് അണുകേന്ദ്രം | അണുകേന്ദ്രം | – |
| Parameter | പരാമീറ്റർ അന്തഃഖണ്ഡാ-അനുപാതം | പരാമീറ്റർ അന്തഃഖണ്ഡാ-അനുപാതം | പ്രാചലം രാശി | – | പരാമീറ്റർ മാനദണ്ഡം ഘടകം |
| Potential | പൊടൻ-ഷിയൽ | പോട്ടൻഷ്യൽ | പൊട്ടൻഷ്യൽ | പൊട്ടൻഷ്യൽ | പൊട്ടൻഷ്യൽ |
| power | ശക്തി | ശക്തി | പവർ പ്രവർത്തി-നിരക്ക് | പവർ | ശക്തി പവർ |
| propulsion | പ്രേഷണം നോദനം | പ്രേഷണം നോദനം | നോദനം പ്രയാണം | – | – |

| | | | | | |
|---|---|---|---|---|---|
| radiation | വികിരണം | വികിരണം | വികിരണം | വികിരണം | വികിരണം |
| random | യാദൃച്ഛികം അനിയമിതം | യാദൃച്ഛികം അനിയമിതം | അനിയത | – | അനിയത ക്രമരഹിത |
| reflection | പ്രതിഫലനം പരാ– വർത്തനം | പ്രതിഫലനം പരാ– വർത്തനം | പ്രതിപതനം | പ്രതിഫലനം | പ്രതിപതനം |
| space | ബഹിരാ– കാശം സമഷ്ടി | ബഹിരാ– കാശം സമഷ്ടി | സ്പേസ് | സമഷ്ടി സ്പേസ് | സ്പേസ് ബഹിരാ– കാശം |
| Spectrum | സ്പെക്ട്രം | സ്പെക്ട്രം | വർണരാജി സ്പെക്ട്രം | വർണരാജി | വർണരാജി കിരണാവലി |
| symme– try | സമമിതി | സമമിതി | സമമിതി | പ്രതിസാമ്യത | സമമിതി |
| Tempera– ture | താപം താപമാനം താപനില | താപം, താപമാനം, താപനില | താപനില | താപനില | താപനില |
| thrust | പ്രണോദം | പ്രണോദം | വ്യാപകമർദം | പ്രണോദം തള്ളൽബലം | വ്യാപകമർദം |
| Translu– cent | പാരഭാസകം | പാരഭാസകം | അർധതാര്യം | – | അർധതാര്യം |
| Transpa– rent | പാരദർശകം സുതാര്യം | പാരദർശകം സുതാര്യം | സുതാര്യം | ട്രാൻസ്– പാരന്റ് | സുതാര്യം |
| vector | സദിശം | വെക്ടർ സദിശം | സദിശം | സദിശം | സദിശം |
| velocity | പ്രവേഗം | പ്രവേഗം | പ്രവേഗം | പ്രവേഗം | പ്രവേഗം |
| Viscosity | ശ്യാനത | ശ്യാനത | ശ്യാനത | ശ്യാനത | ശ്യാനത വിസ്കോസിറ്റി |

| voltage | വോൾട്ടത | വോൾട്ടത | വോൾട്ടത | വോൾട്ടേജ് | വോൾട്ടത |
|---|---|---|---|---|---|

പട്ടിക 4.13: സാങ്കേതികപദങ്ങൾ വിജ്ഞാനശബ്ദാവലിയിലും അതിനുശേഷവും: വിജ്ഞാനശബ്ദാവലി ഒന്ന്-രണ്ട് പതിപ്പുകൾ, ത്രിഭാഷാപദകോശം, ശാസ്ത്രനിഘണ്ടു, സാങ്കേതികപദാവലി എന്നിവയിൽ തിരഞ്ഞെടുക്കപ്പെട്ട ഭൗതികശാസ്ത്ര പദങ്ങൾ ഉപയോഗിക്കപ്പെട്ട വിധം

| | വിജ്ഞാന ശബ്ദാവലി 1969 | വിജ്ഞാന ശബ്ദാവലി 1987 | ത്രിഭാഷാ പദകോശം 2010 | ശാസ്ത്ര നിഘണ്ടു 2010 | സാങ്കേതിക പദാവലി 2021 |
|---|---|---|---|---|---|
| ആകെ പദങ്ങൾ | 50 | 50 | 46 | 37 | 43 |
| അന്താരാഷ്ട്ര പദങ്ങൾ എണ്ണം | 5 | 5 | 5 | 7 | 4 |
| അന്താരാഷ്ട്ര പദങ്ങൾ ശതമാനം | 10 | 10 | 11 | 19 | 9 |

പട്ടിക 4.14: തിരഞ്ഞെടുത്ത ഭൗതികശാസ്ത്രപദങ്ങളിൽ അന്താരാഷ്ട്രപദങ്ങളുടെ ഉപയോഗനിരക്ക്: വിജ്ഞാനശബ്ദാവലി ഒന്ന്-രണ്ട് പതിപ്പുകൾ, ത്രിഭാഷാപദ കോശം, ശാസ്ത്രനിഘണ്ടു, സാങ്കേതികപദാവലി എന്നിവയെ മുൻനിർത്തി.

| പദതരം | വിജ്ഞാന ശബ്ദാവലി 1987 | ത്രിഭാഷാ പദകോശം 2010 | ശാസ്ത്ര നിഘണ്ടു 2010 | സാങ്കേതിക പദാവലി 2021 |
|---|---|---|---|---|
| B | 42 | 20 | 18 | 21 |
| B0 | 1 | 1 | 2 | 1 |
| B1 | 7 | 24 | 9 | 16 |
| B2 | 0 | 1 | 7 | 3 |
| B2-0 | 0 | 0 | 0 | 2 |
| B3 | 0 | 0 | 1 | 0 |

പട്ടിക 4.15: വിജ്ഞാനശബ്ദാവലി ഒന്നാം പതിപ്പിലെ അമ്പത് ഭൗതികശാസ്ത്രപദ ങ്ങൾക്ക് പിന്നീട് വിവിധ സാങ്കേതികപദകോശങ്ങളിൽ സംഭവിച്ച വ്യതിയാനം

ഈ പദങ്ങളെ വിശകലനം ചെയ്യാനായി 1969 ലെ *വിജ്ഞാനശബ്ദാവലി*യിലെ അമ്പത് പദങ്ങളെ അടിസ്ഥാനപദങ്ങളായി നിശ്ചയിച്ചു. അവയ്ക്ക് B എന്ന് കോഡ് നൽകി. പദങ്ങൾ മറ്റ് പദകോശങ്ങളിൽ അതേപടി ആവർത്തിക്കുന്നുണ്ടെങ്കിൽ അവയുടെയും കോഡുകൾ B തന്നെ. പഠനസൗകര്യത്തിനായി ഈ വിശകലനത്തിൽ ഒന്നാം പദമായി നൽകിയവ മാത്രമേ പരിഗണിച്ചിട്ടുള്ളൂ. നേരിയ വ്യത്യാസത്തോടെ B ഉപയോഗിക്കുകയാണെങ്കിൽ അവയെ B0 എന്ന് രേഖപ്പെടുത്തി (ഉദാഹരണം– ഗുരുത്വം B, ഗുരുത്വാകർഷണം B0). B യിൽ നിന്ന് മാറി പുതിയ പദങ്ങൾ സ്വീകരിച്ചത് B1 ആയും അതിൽ നിന്ന് വീണ്ടും മാറി പുതിയൊരു പദം വരുന്നവയെ B2 ആയും, വിണ്ടും പുതിയ പദം സ്വീകരിച്ചവയെ B3 ആയും കണക്കാക്കി (ഉദാഹരണമായി ക്രിയ എന്ന പദം *ത്രിഭാഷാപദകോശ*ത്തിൽ പ്രവൃത്തി (B1) ആയും *ശാസ്ത്രനിഘണ്ടു*വിൽ ആക്ഷൻ(B2) ആയും മാറി).

അമ്പത് പദങ്ങൾക്കും തത്തുല്യമായ പദങ്ങൾ എല്ലാ പദകോശങ്ങളിലും നൽകിയിരുന്നില്ല. *ത്രിഭാഷാപദകോശ*ത്തിൽ 46 ഉം *ശാസ്ത്രനിഘണ്ടു*വിൽ 37 ഉം എസ്. സി. ഇ. ആർ. ടി. യിൽ 43 ഉം പദങ്ങളേ ഉണ്ടായിരുന്നുള്ളൂ (പട്ടിക 4.14). അന്താരാഷ്ട്രപദങ്ങൾ അതേപടി സ്വീകരിച്ചത് *വിജ്ഞാനശബ്ദാവലി* 1969 ലും 1987 ലും അഞ്ചുപദങ്ങൾ വീതമായിരുന്നു (10%). *ത്രിഭാഷാപദകോശ*ത്തിൽ 5 (11%), *ശാസ്ത്രനിഘണ്ടു* 7 (19%), എസ്.സി.ഇ.ആർ.ടി. 4 (9%) എന്ന തോതിലാണ്. *ശാസ്ത്രനിഘണ്ടു* അന്താരാഷ്ട്രപദങ്ങൾ ഉപയോഗിക്കുന്ന നിരക്ക് വർധിപ്പിച്ചതായി കാണാം. എസ്.സി.ഇ.ആർ.ടി. അതേ വർഷംതന്നെ പ്രസിദ്ധീകരിച്ചതാണെങ്കിലും അന്താരാഷ്ട്രപദങ്ങൾ അതേപടി ഉപയോഗിക്കുന്നതിൽ *വിജ്ഞാനശബ്ദാവലി*യേക്കാളും ഒരുശതമാനം പുറകിലാണ്. പദങ്ങളിൽ വന്ന വ്യതിയാനം ക്രോഡീകരിച്ചത് പട്ടിക 4.15 ൽ നൽകിയിരിക്കുന്നു.

അടിസ്ഥാനപദങ്ങളായെടുത്ത അമ്പതെണ്ണത്തിൽ 1987ലെ *വിജ്ഞാനശബ്ദാവലി*യിൽ 42 എണ്ണം അതേപടി തുടർന്നു. വ്യത്യാസമില്ലാതെ തുടർന്ന പദങ്ങൾ *ത്രിഭാഷാപദകോശം*, *ശാസ്ത്രനിഘണ്ടു*, എസ്. സി. ഇ. ആർ. ടി. എന്നിവയിൽ യഥാക്രമം 20, 18, 21 എന്നിങ്ങനെയാണ്. 84ശതമാനം അടിസ്ഥാനപദങ്ങൾ *വിജ്ഞാനശബ്ദാവലി*യുടെ രണ്ടാംപതിപ്പിൽ മാറ്റമില്ലാതെ സ്വീകരിച്ചപ്പോൾ 40ശതമാനം പദങ്ങളേ *ത്രിഭാഷാനിഘണ്ടു*വിൽ തുടർന്നുള്ളൂ. *ശാസ്ത്രനിഘണ്ടു* 36 ശതമാനവും എസ്. സി. ഇ. ആർ. ടി. 42 ശതമാനവും പദങ്ങൾ നിലനിർത്തി. നേരിയ വ്യത്യാസത്തോടെ പദങ്ങൾ സ്വീകരിക്കപ്പെട്ടത് യഥാക്രമം 1, 1, 2, 1 എന്നിങ്ങനെയാണ്. പഴയ പദത്തെ മാറ്റി നിർത്തി പുതിയ പദനിർമിതിയിലേക്ക് കടന്നതിന്റെ എണ്ണം യഥാക്രമം 7, 24, 9, 16 ആണ്. അവിടെയും നിൽക്കാതെ വീണ്ടും പുതിയ പദം തേടിയത് 0, 1, 7,3 എന്നിങ്ങനെയും.

ഭൗതികശാസ്ത്രത്തിലെ കേവലം അമ്പത് പദങ്ങൾ മാത്രമെടുത്തുള്ള വിശകലനമാണെന്ന പരിമിതി ഇതിലുണ്ട്. നിർദിഷ്ട പദകോശങ്ങളിലെ പൊതുസ്വഭാവം ഇതാണെന്ന് ഉറപ്പിച്ച് പറയാൻ കഴിയില്ല. മറ്റൊരു തരത്തിൽ കൂടി പദങ്ങളെ സമീപിച്ചുനോക്കാം. 1969 ലെ *വിജ്ഞാനശബ്ദാവലി* ഒന്നാം വാല്യത്തിലും 2010 ലെ *ശാസ്ത്രനിഘണ്ടു*വിലും പൊതുവായുള്ള പദങ്ങൾ (അവ ഭൗതികശാസ്ത്രങ്ങളിലെയും പ്രകൃതിശാസ്ത്രങ്ങളിലെയും പദങ്ങളാണ്) എത്രമാത്രം വ്യത്യസ്തത പുലർത്തുന്നുണ്ട് എന്ന് പരിശോധിക്കാനാണ് ഇനി ശ്രമിക്കുന്നത്. വിവിധ വിഷയമേഖലകളിലെ ഒരു കൂട്ടം വിദഗ്ധരുടെ കൂട്ടായ ചർച്ചയിലൂടെ രൂപപ്പെട്ട[24] ഒന്നെന്ന നിലയിലാണ് *ശാസ്ത്രനിഘണ്ടു*വിനെ താരതമ്യത്തിനായി തിരഞ്ഞെടുക്കുന്നത്. നേരത്തേ പിന്തുടർന്ന അതേ രീതി ഉപയോഗിച്ച് പദങ്ങളെ B, B0, B1, എന്നിങ്ങനെ കോഡുകൾ നൽകുകയാണിവിടെ. പഠനസൗകര്യത്തിനായി A എന്ന അക്ഷരത്തിൽ ആരംഭിക്കുന്ന പദങ്ങളിൽമാത്രം വിശകലനം പരിമിതപ്പെടുത്തുന്നു. A യിൽ ആരംഭിക്കുന്ന 318 ഇംഗ്ലീഷ് പദങ്ങളാണ് രണ്ടിലും പൊതുവായുള്ളത്. *ശാസ്ത്രനിഘണ്ടു*വിൽ A യിൽ ആരംഭിക്കുന്ന ആകെ പദങ്ങൾ 567 ആണ്[25]. വിജ്ഞാനശബ്ദാവലിയിലെ 179 പദങ്ങൾ (56.3%) അതേപടി *ശാസ്ത്രനിഘണ്ടു* പിന്തുടർന്നു. 26 പദങ്ങൾ (8.2%) നേരിയ വ്യത്യാസത്തോടെ ഉപയോഗിക്കപ്പെട്ടു. 113 പദങ്ങളാണ് (35.5%) മാറ്റി പുതിയവ കൊണ്ടുവന്നത്. അതായത് *ശാസ്ത്രനിഘണ്ടു*വിനെ മുൻനിർത്തിയുള്ള പരിശോധനയിൽ A യിൽ ആരംഭിക്കുന്ന പദങ്ങളിൽ 64.5 ശതമാനം അത് *വിജ്ഞാനശബ്ദാവലി*യെ പിന്തുടർന്നിട്ടുണ്ട്. *വിജ്ഞാനശബ്ദാവലി*യിലെ പദങ്ങളിൽ ഗണ്യമായൊരു ഭാഗം ഭാഷയിൽ സ്ഥിരപ്രതിഷ്ഠ നേടിയതിന്റെ സൂചനയായി അതിനെ കണക്കാക്കാം. *ശാസ്ത്രനിഘണ്ടു*വിൽ മാറ്റം വന്ന 113 പദങ്ങളിൽ 44 എണ്ണം അന്താരാഷ്ട്രപദങ്ങളിലേക്ക് മാറിയവയാണ്. ഇവയോടൊപ്പം ഏഴെണ്ണം ഇംഗ്ലീഷ് പദങ്ങൾ ചേർത്തുള്ള മിശ്രപദങ്ങളുമുണ്ട്. അതായത് മാറിയ പദങ്ങളിൽ ആകെ 45.13 ശതമാനം അന്താരാഷ്ട്രപദങ്ങളിലേക്കുള്ള മടക്കമാണ്. 39 (34.51%) എണ്ണം മെച്ചപ്പെട്ട മലയാളപദങ്ങളിലേക്ക് കടന്നവയുമാണ്.

*വിജ്ഞാനശബ്ദാവലി*ക്കുമുമ്പേ, നേരത്തേ പരിശോധിച്ച ഭൗതികശാസ്ത്ര പദങ്ങളുടെ സ്ഥിതിയെന്തായിരുന്നു എന്നുകൂടി പരിശോധിച്ചുനോക്കാം. 1952 ൽ തിരുവിതാംകൂർ സർവകലാശാല തയ്യാറാക്കിയ *ഭൗതികശാസ്ത്രം പദാവലി* യിൽ (*Terms in Elementary Physics*) ഈ അമ്പത് പദങ്ങളിൽ പതിനാറെണ്ണം ഉണ്ടായിരുന്നില്ല. ബാക്കി 34 പദങ്ങളിൽ അണു, ക്വഥനാങ്കം, ഊർജം, ഘർഷണം, തീവ്രത, ശക്തി, വികിരണം, സ്പെക്ട്രം, പ്രവേഗം എന്നിങ്ങനെ ഒൻപതെണ്ണം *വിജ്ഞാനശബ്ദാവലി*യിലെ അതേ രൂപത്തിൽ തന്നെയുണ്ടായിരുന്നു. *വിജ്ഞാനശബ്ദാവലി*യിലെ രണ്ടാം പദങ്ങളായി ഉപയോഗിച്ച

പ്രവർത്തനം, സുതാര്യം എന്നീ പദങ്ങൾ സർവകലാശാലയുടെ പദാവലിയിൽ ഒന്നാം പദങ്ങളായി ഉപയോഗിച്ചിരുന്നവയാണ്. ഗുണകാങ്കം, ഗുരുത, കാന്തകം, തന്മാത്രം, പ്ര തിപതനം, വോൾട്ടളവ് എന്നീ പദങ്ങൾ നേരിയ വ്യത്യാസത്തോടെ ഗുണാങ്കം, ഗുരുത്വം, കാന്തത, തന്മാത്ര, പ്രതിഫലനം, വോൾട്ടത എന്നിങ്ങനെ *വിജ്ഞാനശബ്ദാവലി*യിൽ ഇടം പിടിക്കുകയാണുണ്ടായത്. സർവകലാശാലയുടെ പദാവലിയിൽ ഉണ്ടായിരുന്ന കേവലം, സാന്ദ്രത എന്നീ പദങ്ങൾ *വിജ്ഞാനശബ്ദാവലി*യുടെ രണ്ടാം പതിപ്പിലൂടെയും, പ്ലവക്ഷമത പിന്നീടും ( എസ്. സി. ഇ. ആർ. ടി. യിലൂടെ) പദാവലിയിൽ ഇടംനേടുന്നതായും കാണാം.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണങ്ങളിൽ സാങ്കേതികപദങ്ങൾ ഉപയോഗിക്കു ന്നതിൽ എത്രമാത്രം സൂക്ഷ്മത പുലർത്തി എന്നുകൂടി പരിശോധിക്കാം. വായന ക്കാരെ വൈജ്ഞാനികലോകത്തേക്ക് ആകർഷിക്കുക എന്നതായിരുന്നു *വിജ്ഞാ നകൈരളി*യുടെ പ്രാഥമിക ലക്ഷ്യമെന്നതിനാൽ വലിയതോതിൽ സാങ്കേതികപദ ങ്ങൾ ഉപയോഗിക്കുക അതിന് സാധ്യമായിരുന്നില്ല. എങ്കിലും സാങ്കേതികപദങ്ങളെ പൂർണമായും അകറ്റിനിർത്താനും കഴിയുമായിരുന്നില്ല. സാങ്കേതികപദങ്ങൾ ഉപയോ ഗിക്കുന്ന കാര്യത്തിൽ അയഞ്ഞ ഒരു സമീപനമാണ് *വിജ്ഞാനകൈരളി* സ്വീകരിച്ചിരു ന്നതെന്നു കാണാം. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗീകൃതപദങ്ങൾ, ശൈലികൾ എന്നിവ *വിജ്ഞാനകൈരളി* പിന്തുടരണമെന്ന നിർബന്ധബുദ്ധി പുലർത്തിയിരുന്നില്ല. ലേഖകർ അവരുടെ മനോധർമം പിന്തുടർന്നു എന്നുവേണം കരുതാൻ. ഉദാഹരണമായി 1974 ഒക്ടോബർ ലക്കത്തിലെ രണ്ട് ലേഖനങ്ങൾ രണ്ട് സമീപനം പുലർത്തുന്നതായി കാണു ന്നു. കെ. കമലാ കുഞ്ഞിരാമനെഴുതിയ 'ജീവനാവശ്യമായ രാസമൂലകങ്ങൾ' എന്ന ലേഖനം അപരിചിതവും കഠിനവുമായ സംസ്കൃതപദങ്ങൾക്ക് മുൻതൂക്കം നൽകാത്ത രീതിയിലാണ് എഴുതിയത്. അതേ അവസരത്തിൽ 'അപ്പെൻഡിക്സി'നെക്കുറിച്ചുള്ള ഡോ. കെ. എ. ശങ്കരപ്പിള്ളയുടെ ലേഖനത്തിൽ കഠിനസംസ്കൃതരൂപങ്ങൾക്കാണ് പ്രാധാന്യം. 'വൻകുടലിന്റെ പ്രഥമഭാഗമായ ഉണ്ഡുകത്തിന്റെ പശ്ച അഭിമധ്യഭാഗത്തുനി ന്നാണ് അപ്പെൻഡിക്സും തുടങ്ങുന്നത്', 'ചെറുകുടലിനെ ഉദരത്തിന്റെ പിൻവശവുമായി ആന്ത്രയോജിനി എന്ന ശ്ലേഷ്മസ്തരം ബന്ധിച്ചിരിക്കുന്നു', 'ശേഷാന്ത്രം എന്ന ചെറു കുടൽ ഭാഗത്തിന്റെ ആന്ത്രയോജിനിയുടെ തുടർച്ചയായുള്ള ഒരു ആന്ത്രയോജിനി അപ്പെൻഡിക്സിനുമുണ്ട്' തുടങ്ങിയ വാചകങ്ങൾ വായനക്കാർക്ക് കല്ലുകടികളാണ് സൃഷ്ടിക്കുന്നത്. ഉണ്ഡുകം (caecum), ഉണ്ഡുകപുച്ഛം (appendix), ഉണ്ഡൂകസന്ധി (Ileo caecal junction), ശേഷാന്ത്രം (Ileum), ഉണ്ഡുകപുച്ഛശോഥം (appendicitis), പര്യുദര്യ (peritoneum), പശ്ച അഭിമധ്യ (postero medial), ആന്ത്രയോജിനി (mesentery)[26]

തുടങ്ങിയ പദങ്ങളിലൂടെ കടന്നുപോവുന്ന വായനക്കാരന് അവയുടെ അന്താരാഷ്ട്രപദങ്ങളിൽനിന്ന് കിട്ടുന്നതിനെക്കാൾ എന്തെങ്കിലും തരത്തിലുള്ള അധികധാരണ ലഭിക്കുന്നില്ല.

*വിജ്ഞാനശബ്ദാവലി*യിലെ പദങ്ങൾതന്നെ ഉപയോഗിക്കണമെന്ന് ഇൻസ്റ്റിറ്റ്യൂട്ട് ആദ്യകാലത്ത് നിഷ്കർഷിച്ചിരുന്നതായി, എഡ്വേർഡ് ഒ ഡോട്സൺ എഴുതിയ *Evolution: Process & Product* എന്ന പുസ്തകം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയ (*പരിണാമം: പ്രക്രിയയും ഉൽപ്പന്നവും*, പ്രസാധനം 1974 ൽ) ബാലകൃഷ്ണൻ ചെറൂപ്പ ഓർക്കുന്നു.[27] അഥവാ, മറ്റുപദങ്ങൾ ഏതെങ്കിലും ഉപയോഗിച്ചിരുന്നെങ്കിൽ അത് എഡിറ്റിങ്ങ് വേളയിൽ തിരുത്താറുമുണ്ടായിരുന്നു. പിന്നീട് ഈ നിഷ്കർഷ കുറഞ്ഞുവന്നതായും അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി.

ഗോപാലകൃഷ്ണ കാരണവർ എഴുതി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 1976 ൽ പ്രസിദ്ധീകരിച്ച *ഷട്പദങ്ങൾ* എന്ന ഗ്രന്ഥത്തിൽ occipital എന്ന സാങ്കേതികപദത്തിന് *വിജ്ഞാനശബ്ദാവലി*യിലെ അനുകപാല എന്ന രൂപം ഉപയോഗിക്കാതെ ലിപ്യന്തരണത്തിൽ ഓക്സിപിറ്റൽ എന്നുതന്നെയാണ് നൽകിയിരിക്കുന്നത്. Fronto clypeal area അഗ്രമുഖപാളക്ഷേത്രം എന്നുപയോഗിക്കാതെ ഫ്രോൺടോക്ലൈപ്പിയൽ ഭാഗം എന്നും osmotic pressure ന് പരാസരണ മർദം, ഓസ്മോസിക മർദം എന്നും ഉപയോഗിക്കാതെ ഓസ്മോട്ടിക മർദം എന്നുമാണ് ഉപയോഗിക്കുന്നത്. പുസ്തകത്തിന്റെ ആമുഖത്തിൽ കാരണവരുടെ ലളിതവും സുഗ്രാഹ്യവുമായ ആശയപ്രതിപാദനരീതി സാധാരണക്കാരായ വായനക്കാർക്കുപോലും ഇഷ്ടപ്പെടുമെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

പരിമിതികൾ നിലനിൽക്കെത്തന്നെ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സംഭാവന ചെയ്ത വാക്കുകൾ വലിയതോതിൽ പൊതുമണ്ഡലത്തിലേക്ക് ഉപയോഗത്തിൽ വന്നിട്ടുണ്ട് എന്നത് യാഥാർത്ഥ്യമാണ്. പത്രങ്ങളിലും ആനുകാലികങ്ങളിലും പുസ്തകങ്ങളിലും പാഠപുസ്തകങ്ങളിലും ഇത്തരം വാക്കുകൾ കടന്നുചെന്നിട്ടുണ്ട്. അവയിൽ പലതും സ്ഥിരപ്രതിഷ്ഠ നേടിയിട്ടുമുണ്ട്. അവ എത്രത്തോളമുണ്ട് എന്നത് വിപുലവും വിശദവുമായ മറ്റൊരു പഠനത്തിലൂടെയേ സാധ്യമാവൂ. അതുപോലെ, ശബ്ദാവലികളിലെ പദങ്ങൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകങ്ങളിൽ ഉപയോഗിക്കപ്പെട്ടതിന്റെ അളവും, പുസ്തകങ്ങളിലൂടെ പുതുതായി കടന്നുവന്ന പദങ്ങളുടെ അളവും വിപുലമായ ഡാറ്റാബേസിനെ മുൻനിർത്തി സാങ്കേതികവിദ്യാസഹായത്തോടെ മാത്രമേ നടത്താൻ കഴിയൂ. വൈജ്ഞാനികസാഹിത്യത്തിലെ പദസമ്പത്ത് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് മുമ്പും പിമ്പും എന്ന് വിഭജിക്കാൻ കഴിയുംവിധം വൈപുല്യമുള്ളതായിരുന്നു ഇൻസ്റ്റിറ്റ്യൂട്ടിന്റെ പദരൂപീകരണശ്രമങ്ങൾ എന്നതിൽ സംശയമില്ല.

എന്നാൽ നേരത്തേ സൂചിപ്പിച്ചതുപോലെ, പോസിറ്റീവായ ഘടകങ്ങളെ സ്വാഗതം ചെയ്തും തിരുത്താനുള്ള ഘടകങ്ങളെ ചൂണ്ടിക്കാണിച്ച് തിരുത്തിക്കാനുമുള്ള മനോഭാവം രൂപപ്പെട്ടില്ല. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളെ മൊത്തത്തിലും സാങ്കേതികപദങ്ങളെ സവിശേഷമായും ഇകഴ്ത്താനുള്ള ത്വരയാണ് മുന്നിട്ടുനിന്നത്. 'സ്വിച്ചി'ന്റെ മലയാളത്തെക്കുറിച്ചുള്ള പ്രചരണമൊക്കെ ഈ പ്രവണതയുടെ നിദർശനമാണ്. പദരൂപീകരണത്തിലെ തത്വങ്ങളനുസരിച്ച് 'സ്വിച്ച്' പരിഭാഷപ്പെടുത്തേണ്ട പദമല്ലെന്നുള്ള കാര്യം മൂടിവെക്കപ്പെട്ടു. പുതുതായി വന്ന പദങ്ങളോട് അപരിചിതത്വം തോന്നുക സാധാരണമാണെന്നും ഉപയോഗത്തിലൂടെയാണ് അവ പരിചിതമാവുകയും ഭാഷയിലുറയ്ക്കുകയും ചെയ്യുകയെന്നും പൊതുസമൂഹത്തെ ബോധ്യപ്പെടുത്താനുള്ള ശ്രമങ്ങൾ ആരുടെ ഭാഗത്തുനിന്നും ഉണ്ടായതുമില്ല.

## 4.6.4 സി.എസ്.ടി.ടി.യുടെ പങ്ക്

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സാങ്കേതികപദ സംഭാവനകളെ വിലയിരുത്തുമ്പോൾ തീർച്ചയായും സി.എസ്.ടി.ടി.യുടെ പ്രവർത്തനങ്ങൾകൂടി പരിഗണിക്കേണ്ടതുണ്ട്. സാങ്കേതികപദ നിർമിതിയെക്കുറിച്ച് വിവിധ വ്യക്തികളും സംഘടനകളും ഇന്ത്യയിൽ ഉയർത്തിയിരുന്ന വ്യത്യസ്തവും പരസ്പരവിരുദ്ധവുമായ അഭിപ്രായങ്ങൾ സി.എസ്.ടി.ടി.യുടെ രൂപീകരണത്തോടെ ഇല്ലാതായില്ലെന്ന് ഡോ. പി. ഗോപാൽ ശർമയെ ഉദ്ധരിച്ചുകൊണ്ട് ജയന്താ റെ ചൂണ്ടിക്കാണിക്കുന്നുണ്ട്. അവ സി.എസ്.ടി.ടി.യിലും പ്രതിഫലിച്ചു. നിലനിർത്തൽവാദികൾ (Retentionist), മൗലികവാദികൾ (Radicalist), പരീക്ഷണവാദികൾ (Experimentalist), സമന്വയവാദികൾ (Synthecalist) എന്നിങ്ങനെ നാലു ധാരകൾ സജീവമായിരുന്നു. നിലനിർത്തൽവാദികൾ അന്താരാഷ്ട്രപദങ്ങളെ അതേപടി നിലനിർത്താൻ വാദിച്ചപ്പോൾ മൗലികവാദികൾ പൂർണമായും സംസ്കൃതമൂലങ്ങളുപയോഗിച്ചുള്ള പരിഭാഷയ്ക്കായി നിലകൊണ്ടു. സംസ്കൃതം, പേർഷ്യൻ, അറബി, ഇംഗ്ലീഷ് വാക്കുകളുടെ മൂലങ്ങളോട് ഹിന്ദുസ്ഥാനി പ്രത്യയങ്ങൾ ചേർത്തുള്ള സങ്കര (hybrid) പദരൂപീകരണം എന്നതായിരുന്നു പരീക്ഷണവാദികളുടെ നിലപാട്. ഇവയ്ക്കിടയിലുള്ള സന്തുലിതമായ നിലപാടുകളായിരുന്നു സമന്വയവാദികളുടേത് ("A review of terminological work being done in Indian languages" 90). ഈ ധാരകളുടെയെല്ലാം ബലാബലങ്ങളിലൂടെയാണ് സി.എസ്.ടി.ടി. സമീപനവും പദങ്ങളും രൂപംകൊണ്ടത്.

സി.എസ്.ടി.ടി.യുടെ പദസമീപനം ഇന്ത്യൻ ഭാഷകളിലെ സാങ്കേതികപദ പ്രശ്നത്തിനുള്ള ഉത്തരമായി മാറിയോ എന്ന് ഇനിയെങ്കിലും വിശദമായി പരിശോധിക്കേണ്ടതുണ്ട്. പാൻ–ഇന്ത്യൻ പദാവലിയെന്നത് ഇന്ത്യൻ ഭാഷകളിലും അവയ്ക്ക് പരസ്പരവും വൈജ്ഞാനികവിനിമയത്തിനുള്ള ഒറ്റമൂലിയാണോ, പാൻ–ഇന്ത്യൻ പദങ്ങളെന്നാൽ സംസ്കൃതപദങ്ങളാണോ, ഇൻഡോ–ആര്യൻ ഗോത്രത്തിലുൾപ്പെടാത്ത, ദ്രാവിഡ ഗോത്രത്തിലെയും മറ്റു ഗോത്രങ്ങളിലെയും ഭാഷകളുടെ സ്ഥാനമെന്താണ്, എല്ലാ ഭാഷകളിൽനിന്നുമുള്ള പദങ്ങൾക്ക് പ്രാതിനിധ്യം നൽകാതെ പാൻ–ഇന്ത്യൻ പദാവലി നിർമിക്കാനാവുമോ, സംസ്കൃതത്തിന് ആധുനിക വൈജ്ഞാനികധാരകളെയെല്ലാം ഉൾക്കൊള്ളാൻ കഴിയുമോ തുടങ്ങിയ കാര്യങ്ങൾ ചർച്ചയാവേണ്ടതുണ്ട്. സി.എസ്.ടി.ടി.യുടെ നേതൃത്വത്തിൽ ലക്ഷക്കണക്കിന് പദങ്ങൾ ഇതിനകം രൂപീകരിച്ചിട്ടുണ്ടെങ്കിലും പദാവലി നിർമാണത്തിന്റെ ലക്ഷ്യം എത്രത്തോളം സാക്ഷാത്കരിക്കാനായി എന്നതാണ് പരിശോധിക്കേണ്ട മറ്റൊരു കാര്യം. ഹിന്ദികേന്ദ്രിത തർജമകൾക്കല്ലാതെ സ്വയം വികസനത്തിനുള്ള വിഭവപിന്തുണ മലയാളത്തിനോ മറ്റ് ഇന്ത്യൻ ഭാഷകൾക്കോ കാര്യമായി ലഭിക്കുന്നില്ല എന്നതാണ് വസ്തുത. സി.എസ്.ടി.ടി. പദങ്ങൾ തർജമയിലൂടെ തങ്ങളുടേതാക്കി മാറ്റിയ മലയാളമടക്കമുള്ള ഇന്ത്യൻ ഭാഷകളുടെ വൈജ്ഞാനിക വിനിമയശേഷിയിൽ ധനാത്മകമായ വളർച്ചയുണ്ടായോ എന്നും അന്വേഷിക്കണം. അക്ഷരാർത്ഥത്തിൽ ആഗോളവത്കൃതമായിക്കൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്ത് പദാവലി നിർമാണത്തിന്റെ ലക്ഷ്യങ്ങളും സമീപനങ്ങളും പുനഃപരിശോധിക്കേണ്ടതുമുണ്ട്. എന്നാൽ 2020 ൽ അവതരിപ്പിക്കപ്പെട്ട പുതിയ വിദ്യാഭ്യാസനയത്തിന്റെ (The National Education Policy –NEP) ഭാഗമായി ഇപ്പോൾ കേന്ദ്രതലത്തിൽ നടക്കുന്ന പരിപാടികളിലും സി.എസ്.ടി.ടി. യുടെ പദങ്ങൾ അതേപടി പ്രചരിപ്പിക്കാനുള്ള ശ്രമങ്ങൾ തന്നെയാണ് കാണുന്നത്.

വൈജ്ഞാനികവിഷയങ്ങൾ പ്രാദേശികഭാഷകളിലേക്ക് കൊണ്ടുവരുമ്പോൾ പദാനുപദവിവർത്തനം നടത്തുകയാവരുത് ലക്ഷ്യം. ശാസ്ത്രസങ്കൽപനങ്ങളെ ഭാഷയിലേക്ക് വിളക്കിച്ചേർക്കാൻ കഴിയുക എന്നതിനാണ് ഊന്നൽ നൽകേണ്ടത്. മലയാളത്തിൽ ഇനി സാങ്കേതികപദങ്ങൾ നിർമിക്കേണ്ടതില്ലെന്നും, പൂർണമായും അന്താരാഷ്ട്രപദങ്ങൾ ഉപയോഗിക്കണമെന്നുമുള്ള നിലപാടല്ല മുന്നോട്ടുവെക്കുന്നത്. സാധ്യമായേടത്തോളം മലയാളിക്ക് സംവേദനക്ഷമമായ വാക്കുകൾ രൂപപ്പെടുത്തേണ്ടതുണ്ട്. പുതുപദനിർമാണം നടത്തിയേ പറ്റൂ എന്ന നിലയിൽ തികച്ചും കൃത്രിമമായ രൂപങ്ങളിലേക്ക് പോകരുതെന്നേ വിവക്ഷയുള്ളൂ. ഒരേസമയം അതിരുകടന്ന സംസ്കൃതാരാധനയേയും ഇംഗ്ലീഷാ

രാധനയേയും ഒഴിവാക്കിക്കൊണ്ടുള്ള സമീപനമാണ് കരണീയമെന്നു കാണാം. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മീറ്റിയറോളജി ശബ്ദാവലിയിൽ സ്വീകരിച്ചിരിക്കുന്ന സമീപനം വ്യത്യസ്തമാവുന്നത് ഈയൊരു പശ്ചാത്തലത്തിലാണ്. എന്തുകൊണ്ടാണ് സംസ്കൃതാധിഷ്ഠിതമായ സാങ്കേതികപദങ്ങൾ മലയാളത്തിൽ വേരുറയ്ക്കാതെ പോയത് എന്നതും പരിശോധിക്കേണ്ടതുണ്ട്.

## 4.6.5 സംസ്കൃതാധിഷ്ഠിതപദങ്ങളും ആധുനികശാസ്ത്രവും

ഇരുപതാം നൂറ്റാണ്ടിൽ ശാസ്ത്രമേഖലയ്ക്കുണ്ടായ അഭൂതപൂർവമായ വളർച്ചയും വലിയതോതിൽ യാഥാർത്ഥ്യമായ അതിന്റെ അന്താരാഷ്ട്രവൽക്കരണവും സവിശേഷശ്രദ്ധയർഹിക്കുന്നു. ശുദ്ധശാസ്ത്രരംഗത്തായാലും പ്രായോഗികശാസ്ത്രരംഗത്തായാലും ഇരുപതാം നൂറ്റാണ്ടിലുണ്ടായ കുതിപ്പ് അതുവരെയുള്ള സ്ഥിതിയിൽനിന്ന് സങ്കൽപ്പിക്കാൻപോലും കഴിയാത്ത വിധമായിരുന്നു. നിലവിലുള്ള മേഖലകളിലെ ധാരണകളെ കടപുഴക്കുകയോ, മുച്ചൂടും മാറ്റിമറിക്കുകയോ ചെയ്യുന്നതിനൊപ്പംതന്നെ പുതിയ നിരവധി മേഖലകളിലേക്ക് ശാസ്ത്രം ഇക്കാലയളവിൽ കടന്നുചെന്നു. നിറയെ ശാഖകളും ഉപശാഖകളുമുള്ള ഒരു വൻവടവൃക്ഷമായി അത് മാറുകയായിരുന്നു. സൂക്ഷ്മലോകത്തേക്കും സ്ഥൂലലോകത്തേക്കും ഒരുപോലെ അതിന്റെ അന്വേഷണങ്ങൾ കടന്നുചെന്നു. ഗ്രഹാന്തരയാത്രകൾ യാഥാർത്ഥ്യമാക്കുന്ന അതേവേളയിൽത്തന്നെ കൃത്രിമമായി ജീവൻ സൃഷ്ടിച്ചെടുക്കുന്നതിലും വിവരവിനിമയരംഗത്തും വിപ്ലവങ്ങൾക്ക് അത് നേതൃത്വം നൽകി. ഓരോ വിഷയമേഖലയും രൂപപ്പെടുന്നതിനനുസരിച്ച് ആ മേഖലയിൽ നിരവധി സാങ്കേതികപദങ്ങളും പിറക്കുന്നു. ഈ വിഷയമേഖലകൾ പരസ്പരം ചേർന്ന് അന്തർവൈജ്ഞാനികമേഖലകൾ രൂപപ്പെടുമ്പോൾ സവിശേഷമായ സാങ്കേതികപദങ്ങൾ വീണ്ടും രൂപപ്പെടുന്നു.

വിസ്മയകരമായ ഈ കുതിച്ചുചാട്ടത്തിന്റെ പശ്ചാത്തലത്തിൽ ശാസ്ത്രരംഗം വലിയതോതിൽ സംഘടനാരൂപം കൈവരിക്കുന്നതും കാണാം. പ്രാമാണികമായ അക്കാദമിക സംഘടനകൾ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽതന്നെ രൂപംകൊണ്ടിരുന്നെങ്കിലും അവയെ ഏകോപിപ്പിക്കാനുള്ള ശ്രമങ്ങൾ ഇക്കാലയളവിലാണുണ്ടാവുന്നത്. അക്ഷരാർത്ഥത്തിൽ അന്താരാഷ്ട്രവൽക്കരണമായിരുന്നു ഇതിന്റെ ഫലം. 1870–80 കാലഘട്ടത്തിൽ 25 അന്താരാഷ്ട്രസംഘടനാരൂപങ്ങളാണ് പിറന്നതെങ്കിൽ ഒന്നാം ലോകയുദ്ധത്തിന്റെ കാലമാവുമ്പോഴേക്കും മുന്നൂറോളം അന്താരാഷ്ട്ര ശാസ്ത്രസംഘടനാ

രൂപങ്ങൾ യാഥാർത്ഥ്യമായിക്കഴിഞ്ഞിരുന്നു. സാങ്കേതികപദങ്ങളുടെ നിർമാണത്തിനുള്ള സ്ഥാപനപരമായ സംവിധാനങ്ങളും ഇതോടൊപ്പം ആഗോളതലത്തിൽ രൂപപ്പെട്ടു. ശാസ്ത്രവ്യവഹാരങ്ങൾക്കു മാത്രമായി പ്രത്യേകഭാഷ നിർമിച്ചെടുക്കാനുള്ള ശ്രമങ്ങളും ഇരുപതാം നൂറ്റാണ്ടിൽ അരങ്ങേറുകയുണ്ടായി.

ശാസ്ത്രത്തിന്റെ ഈ വളർച്ചയെയും അന്താരാഷ്ട്രവൽക്കരണത്തെയും പരിഗണിക്കാത്ത ഒന്നായിരുന്നു സംസ്കൃതാധിഷ്ഠിതമായ പാൻ ഇന്ത്യൻ പദാവലി എന്ന കാഴ്ചപ്പാട്. ആധുനികശാസ്ത്രത്തിന്റെ നവീനമേഖലകളെ മുഴുവൻ വൈദികകാല പദാവലികൾകൊണ്ട് കൈകാര്യം ചെയ്യാമെന്ന ധാരണ യാഥാർത്ഥ്യങ്ങൾക്ക് നിരക്കാത്തതായിരുന്നു. മാത്രവുമല്ല, മലയാളികളെ സംബന്ധിച്ചിടത്തോളം പുതുതായുണ്ടാക്കുന്ന ഇത്തരം പദങ്ങൾ എന്തെങ്കിലും തരത്തിലുള്ള അർത്ഥബോധം പകർന്നുനൽകുന്നവ ആയിരുന്നില്ല. സംസ്കൃതപഠനം നടത്തിയിരുന്ന പഴയകാലത്തെ പണ്ഡിതന്മാർക്ക് അത്തരം പദങ്ങൾ പരിചിതമായിരുന്നെങ്കിലും പുതിയതലമുറയ്ക്ക് അവ തികച്ചും അപരിചിതമായിരുന്നു. ചില പദങ്ങളാവട്ടെ സംസ്കൃതത്തിലെ മൂലാർത്ഥത്തിൽനിന്ന് വ്യത്യസ്തമായ അർത്ഥത്തിൽ മലയാളത്തിൽ അതിനകം സ്ഥാനംപിടിച്ചവയുമായിരുന്നു. രണ്ടാം ഭാഷയെന്ന നിലയിൽ ഇംഗ്ലീഷ് പഠനം വ്യാപകമായിരുന്നതിനാൽ അതിലൂടെ കടന്നുവരുന്ന സാങ്കേതികപദങ്ങളെ കുറേക്കൂടി എളുപ്പത്തിൽ മനസ്സിലാക്കാൻ അവർക്ക് കഴിയുകയും ചെയ്തു. അന്താരാഷ്ട്രതലത്തിലുള്ള ആശയവിനിമയത്തിനും മറ്റും സംസ്കൃതാധിഷ്ഠിതപദങ്ങൾ ഒരുതരത്തിലും പ്രയോജനപ്പെടുകയില്ലായിരുന്നു. ഇതെല്ലാം ചേർന്നാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ പദങ്ങൾ കളിയാക്കപ്പെടുന്നതിലേക്ക് നയിച്ചത്.

ആദ്യഘട്ടത്തിലെ ശബ്ദാവലികൾക്കുശേഷം സി.എസ്.ടി.ടി.യുമായി സഹകരിച്ച് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സാങ്കേതികശബ്ദങ്ങളുടെ രംഗത്ത് നടത്തിയ പ്രധാന പ്രവർത്തനം ത്രിഭാഷാപദകോശ പരമ്പര ആയിരുന്നു.[28] 2009 കാലത്ത് ആരംഭിച്ച ഈ പ്രവർത്തനത്തിന്റെ ആദ്യഘട്ടത്തിൽ ഊർജതന്ത്രം, രസതന്ത്രം, സസ്യശാസ്ത്രം, ജന്തുശാസ്ത്രം, മൃഗസംരക്ഷണശാസ്ത്രം, തത്വശാസ്ത്രം, ചരിത്രം, ജേണലിസം എന്നീ വിഷയങ്ങളിലുള്ള ത്രിഭാഷാപദകോശങ്ങളാണ് തയ്യാറാക്കിയത്. രണ്ടാം ഘട്ടത്തിൽ സാമ്പത്തികശാസ്ത്രം, ഭൂമിശാസ്ത്രം, കൃഷിശാസ്ത്രം എന്നീ വിഷയങ്ങളിലും പദകോശങ്ങൾ തയ്യാറാക്കി. അതത് വിഷയമേഖലകളിലെ വിദഗ്ധരും ഭാഷാവിദഗ്ധരുമടങ്ങുന്ന ഒരു സംഘമാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ചത്. ഇംഗ്ലീഷുപദങ്ങൾക്ക് മലയാളം, ഹിന്ദി പദങ്ങൾ നൽകുന്ന രീതിയാണ് ഈ പദകോശങ്ങളിൽ അനുവർത്തിച്ചത്. ആദ്യത്തെ ശബ്ദാവലിയോട് വായനക്കാർക്കുണ്ടായിരുന്ന പ്രതികരണവും വിവർത്തനസങ്കൽപ്പങ്ങളിലുണ്ടായ

മാറ്റങ്ങളും പുതിയ ശബ്ദാവലീനിർമാണത്തിൽ പരിഗണിച്ചിട്ടുണ്ടെന്ന് പുസ്തകത്തിന്റെ ആമുഖത്തിൽ പറയുന്നുണ്ടെങ്കിലും ആദ്യശ്രമത്തെ ഏതെങ്കിലും തരത്തിലുള്ള വിലയിരുത്തലിന് വിധേയമാക്കിയതായി അറിയില്ല. സി.എസ്.ടി.ടി. യിൽ നിന്ന് ലഭ്യമാവുന്ന ഫണ്ടിനെ പ്രയോജനപ്പെടുത്തുക എന്ന രീതിയിൽ ഒരു പ്രവർത്തനം നടത്തി എന്നേ കണക്കാക്കാൻ കഴിയൂ.

ഇന്ത്യൻ പ്രാദേശികഭാഷകളിലേക്ക് ശാസ്ത്ര–സാങ്കേതികപദങ്ങൾ കൊണ്ടുവരേണ്ടത് എങ്ങനെയായിരിക്കണമെന്ന ചർച്ചകൾ സ്വാതന്ത്ര്യാനന്തരകാലത്ത് ആരംഭിച്ചതല്ല. ബഹുമുഖപ്രതിഭയും ഏഷ്യാറ്റിക്ക് സൊസൈറ്റി ഓഫ് ബംഗാൾ അധ്യക്ഷനുമായിരുന്ന രാജാ രാജേന്ദ്രലാൽ മിത്ര 1877 ൽ ഇന്ത്യൻ ഭാഷകളിലേക്ക് യൂറോപ്യൻ ശാസ്ത്ര–സാങ്കേതികശബ്ദങ്ങൾ വിവർത്തനം ചെയ്യാനുള്ള ഒരു പദ്ധതി (Scheme for the Rendering of European Scientific terms in India) തയ്യാറാക്കുന്നതോടെയാണ് ഈ ചർച്ച ആരംഭിക്കുന്നത് (Singh 5). മലയാളത്തിൽ സാങ്കേതികപദങ്ങളുടെ നിർമിതിക്ക് സംസ്കൃതത്തെ ആശ്രയിക്കണമോ, ഇംഗ്ലീഷിനെ മുൻനിർത്തണമോ എന്ന ചോദ്യം പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഒടുക്കം മുതൽ കേരളീയരും ചർച്ചചെയ്യുന്നു. ശാസ്ത്രത്തിന്റെ സാർവദേശീയവാഹകം ഇംഗ്ലീഷാണെന്ന വാദത്തെ രാജാ രാജേന്ദ്രലാൽ മിത്ര അംഗീകരിച്ചില്ല. ബംഗാളി, ഉറുദു എന്നീ ഭാഷകളിലേക്ക് ഇംഗ്ലീഷിൽനിന്ന് ശാസ്ത്രപദങ്ങളെ പരിഭാഷപ്പെടുത്തുന്നതിൽ ഏർപ്പെട്ട മിത്ര അതിന് സംസ്കൃതത്തിന്റെ മാധ്യസ്ഥം വേണ്ടെന്ന പക്ഷക്കാരനായിരുന്നു. യൂറോപ്യൻ സാങ്കേതികപദങ്ങൾ പൂർണമായും അതേപടി കടമെടുക്കുന്നതിനോടും അദ്ദേഹം യോജിച്ചില്ല. പ്രാദേശികഭാഷകളിലേക്ക് ശാസ്ത്രം പരിഭാഷപ്പെടുത്തുമ്പോൾ ശാസ്ത്രത്തിന്റെ കൃത്യത (scientific precision) ആയിരുന്നു മിത്ര വിലമതിച്ചത്. ലിപ്യന്തരണത്തേക്കാളും പരിഭാഷയെ പ്രധാനമായി കണ്ടെങ്കിലും കൂടുതൽ വഴക്കമുള്ള ഒരു നിലപാടായിരുന്നു അദ്ദേഹത്തിന്റേത്. സന്ദർഭത്തിന്റെ ആവശ്യത്തിനനുസരിച്ച് ലിപ്യന്തരണമോ പരിഭാഷയോ തിരഞ്ഞെടുക്കാൻ എഴുത്തുകാർക്ക് സ്വാതന്ത്ര്യം നൽകുന്ന സമീപനമായിരുന്നു മിത്ര മുന്നോട്ടുവച്ചത്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഒടുവിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാതിയിലും മലയാളത്തിലുള്ള സാങ്കേതികപദ നിർമാണത്തിന്റെ വഴികളെക്കുറിച്ച് ചർച്ച ചെയ്തവർ അതിന്റെ പ്രായോജകരായി മുന്നിൽകണ്ടത് വിദ്യാഭ്യാസരംഗത്തേക്ക് അന്ന് കടന്നുവരുന്ന ഉപരിവിഭാഗത്തിലുള്ള ആളുകളെ ആയിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പാതിയിലേക്ക് കടക്കുമ്പോൾ വിദ്യാഭ്യാസരംഗം സമൂലമായ പരിവർത്തനത്തിന് സാക്ഷ്യംവഹിക്കുന്നുണ്ട്. സംസ്ഥാനരൂപീകരണസമയത്ത് പത്താംക്ലാസുവരെയുള്ള

വിദ്യാർത്ഥികളായി ഇരുപത്തിയേഴ് ലക്ഷം പേരാണ് ഉണ്ടായിരുന്നത്. 1970–71 വർഷമാവുമ്പോഴേക്കും ഇത് നാൽപ്പത്തിയെട്ട് ലക്ഷമായി ഉയർന്നു. കാർഷികബന്ധ ബില്ലിന്റെയും കുടിയൊഴിപ്പിക്കൽ നിരോധനനിയമത്തിന്റെയും മറ്റും പ്രതിഫലനം ഈ ഉയർന്ന എൻറോൾമെന്റ് നിരക്കുകളിൽ പ്രതിഫലിച്ചിരുന്നു. ഫീസിളവ് വന്നപ്പോൾ പത്താം ക്ലാസ് പൂർത്തിയാക്കുന്നവരുടെ എണ്ണം വർധിക്കുകയും ചെയ്തു. പുതിയ സാഹചര്യങ്ങളോട് പ്രതികരിച്ചുകൊണ്ട് നഗരകേന്ദ്രിതമായ അവസ്ഥയിൽനിന്ന് മാറി ഉൾപ്രദേശങ്ങളിലേക്ക് കോളെജുകൾ വ്യാപിച്ചു. തീരദേശങ്ങളിലും മലയോരപ്രദേശങ്ങളിലും കോളെജുകൾ യാഥാർത്ഥ്യമായി. ഒറ്റയടിക്ക് നിരവധി ജൂനിയർ കോളെജുകൾ ഉയർന്നുവന്നതും ഇക്കാലത്താണ്. 1956–57ൽ 28 ആർട്സ് & സയൻസ് കോളെജുകളിലായി പ്രീഡിഗ്രി മുതൽ ബിരുദാനന്തരബിരുദം വരെയുള്ള കോഴ്സുകളിൽ പഠിക്കുന്ന 22,254 വിദ്യാർത്ഥികളാണുണ്ടായിരുന്നത്. 1982–83 ആവുമ്പോഴേക്കും ഇത് 174 കോളെജുകളും 2.82 ലക്ഷം വിദ്യാർത്ഥികളുമായി വർധിച്ചിരുന്നു (*കേരള വിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ട്* 59). പുതിയ സാമൂഹികവിഭാഗങ്ങൾ വലിയതോതിൽ ഉന്നതവിദ്യാഭ്യാസരംഗത്തേക്ക് കടന്നുവരികയായിരുന്നു.

ഇൻസ്റ്റിറ്റ്യൂട്ടിന്റെ പദനിർമാണപ്രവർത്തനങ്ങളുടെ തൊട്ടുമുന്നെയുള്ള ഘട്ടത്തിലാണ് ഈ പരിവർത്തനം കേരളത്തിൽ ആരംഭിക്കുന്നത്. വിദ്യാഭ്യാസരംഗത്ത് നടന്നുകൊണ്ടിരിക്കുന്ന ഈ മാറ്റം സാങ്കേതികപദനിർമാണത്തിന്റെ ആലോചനകളിൽ ഇടംപിടിക്കേണ്ടതായിരുന്നു. പുതുതായി വിദ്യാഭ്യാസരംഗത്തേക്ക് കടന്നുവന്നവർക്കും കടന്നുവന്നുകൊണ്ടിരിക്കുന്നവർക്കും സംസ്കൃതാധിഷ്ഠിതമായ പശ്ചാത്തലമേ ഉണ്ടായിരുന്നില്ല. ഇംഗ്ലീഷ് ഒരു വിഷയമായി പാഠ്യപദ്ധതിയിലുണ്ട്. സംസ്കൃതപഠനം പാഠ്യപദ്ധതിയുടെ ഭാഗമേയല്ല. ഈ പുതിയ വിഭാഗത്തിന് കഠിനസംസ്കൃതപദങ്ങൾ ബാലികേറാമലയായിരുന്നു. 'വിഷമമുള്ള ഒരു ഭാഷയ്ക്കു പകരം തുല്യവിഷമമുള്ള മറ്റൊരു ഭാഷ ഏർപ്പെടുത്തിയിട്ട് ഭാരതീയത പരിരക്ഷിക്കുന്നതിനേക്കാൾ ആവശ്യം നിവൃത്തിയുള്ളിടത്തോളം അന്താരാഷ്ട്രീയാംഗീകാരമുള്ള സാങ്കേതികപദങ്ങൾ നിലനിർത്തുന്നതല്ലേ' (ലീലാവതി, "ശാസ്ത്രഭാഷയിലെ വാക്യഘടന– ചില പ്രശ്നങ്ങൾ" 27) എന്ന ചോദ്യം ഈ പശ്ചാത്തലത്തിൽക്കൂടിവേണം ചർച്ചചെയ്യാൻ.

കേന്ദ്ര പദാവലീ കമ്മീഷൻ മുന്നോട്ടുവച്ചതും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പിന്തുടർന്നതുമായ നയം അനുഭവങ്ങളെ മുൻനിർത്തി പുനരവലോകനം ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിലുള്ള കർമപരിപാടികൾക്ക് രൂപംനൽകുകയും ചെയ്യുകയെന്നത് ഇന്നിന്റെ ആവശ്യ

മാണ്. താഴെനിന്ന് മുകളിലേക്കുള്ള ഭാഷാസൂത്രണപരിപാടികളിൽ അത്യന്തം പ്രാധാന്യമർഹിക്കുന്ന ഒന്നാണിത്.

## 4.7 ലിപിപരിഷ്കരണം, മാനകീകരണം, ആധുനികീകരണം

കോർപ്പസ് ആസൂത്രണത്തിൽ മാനകീകരണത്തിന് സുപ്രധാനമായൊരു സ്ഥാനമുണ്ടെന്നും, മാനകീകരണവും നിലവാരപ്പെടുത്തലും പ്രസക്തമാവുന്നത് ഔദ്യോഗിക രേഖകളിലും വിജ്ഞാനഭാഷയിലുമാണെന്നും നേരത്തേ ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ (കാ. 1.11.1). ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മാനകീകരണ/ലിപി പരിഷ്കരണശ്രമങ്ങളോട് അനുകൂലവും പ്രതികൂലവുമായ വാദങ്ങൾ വിവിധ കാലങ്ങളിൽ ഉയർന്നുവന്നിട്ടുണ്ട്. അനുകൂല വാദങ്ങൾ മിക്കവാറും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഭാരവാഹികളിൽനിന്നോ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനങ്ങളിൽ ഒപ്പം നിൽക്കുന്നവരിൽനിന്നോ ആണ് ഉയരാറുള്ളത്.

ടൈപ്പ്റൈറ്ററിൽ മലയാളത്തെ പ്രയോജനപ്പെടുത്താൻ കഴിഞ്ഞതാണ് ലിപിപരിഷ്കരണത്തിന് അനുകൂലമായി ചൂണ്ടിക്കാണിക്കപ്പെടുന്ന ഏറ്റവും പ്രധാന നേട്ടം. ഒപ്പം ലിനോടൈപ്പ് അച്ചടിയിലും മലയാളത്തിന് സാധ്യതകൾ വർധിച്ചു. സംയുക്തലിപികളുടെ എണ്ണം കുറച്ചുകൊണ്ട് അച്ചടിയുടെ വേഗത വർധിപ്പിക്കാനും എഴുത്തിലും വായനയിലും സങ്കീർണതകൾ കുറയ്ക്കാനും കഴിഞ്ഞതായി പരിഷ്കരണത്തെ അനുകൂലിക്കുന്നവർ ചൂണ്ടിക്കാണിക്കുന്നു. ഏകീകൃതരൂപം കൊണ്ടുവന്നതിനാൽ ഉ, ഊ എന്നിവയുടെ ഉപലിപികൾ ഉപയോഗിക്കുന്ന കാര്യത്തിൽ കുട്ടികൾക്കും മറ്റ് ഭാഷാപഠിതാക്കൾക്കും അതുവരെ നേരിട്ടിരുന്ന പ്രയാസങ്ങൾ ഇല്ലാതായതായും അവകാശപ്പെടാറുണ്ട്. പ്രത്യേക ഉപലിപികൾ വന്നതോടെ ലെറ്റർ പ്രസ്സുകളിലെ കമ്പോസിങ്ങ് രംഗത്തും സൗകര്യങ്ങൾ വർധിച്ചു. എന്നാൽ ലിപിപരിഷ്കരണത്തോടെ ഭാഷയിൽ അവ്യവസ്ഥകൾ വലിയതോതിൽ വർധിച്ചതായി മറുഭാഗം വാദിക്കുന്നു. റ/രകാരത്തിന്റെ ഉപലിപിയുടെ സ്ഥാനം മാറ്റിയത് ഉച്ചാരണരീതിക്ക് വിരുദ്ധമായ ഒന്നാണ്. ക്+റ ചേർന്നുണ്ടാകുന്ന ക്ര, ത്+ റ ചേർന്നുണ്ടാകുന്ന ത്ര തുടങ്ങിയ അക്ഷരരൂപങ്ങൾ പുതുക്കിയ ലിപിയിൽ എഴുതുമ്പോൾ റകാരത്തിന്റെ ചിഹ്നമാണ് ആദ്യം വരുന്നത്.[29] ലിപിപരിഷ്കരണത്തോടെ സംവൃതോകാരം ഭാഷയ്ക്ക് നഷ്ടമായി എന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു.[30] സംയുക്തലിപികൾ പിരിച്ച് എഴുതുമ്പോൾ എഴുത്തിന്റെ വേഗത കുറയുന്നതായും പഴയ ലിപിരൂപം സ്ഥല

ലാഭം നൽകുന്നതായും ഇവർ കൂട്ടിച്ചേർക്കുന്നു. പഴയലിപിയുടെ സൗന്ദര്യത്തെയും ചിലർ ഉയർത്തിക്കാണിക്കുന്നു. രണ്ടു ലിപികളും ഇടകലർത്തി ഉപയോഗിക്കുന്ന രീതി വന്നു ചേർന്നതിനാൽ വിദ്യാർത്ഥികളിൽ ആശയക്കുഴപ്പം വന്നുചേരുകയാണുണ്ടായത്.

ലിപിപരിഷ്കരണ കമ്മിറ്റിയെ നിർണായകമായി സ്വാധീനിച്ചിരുന്ന ആളായിരുന്നു എൻ. വി.[31] മാതൃഭൂമിക്കുവേണ്ടി 1956 ൽ അദ്ദേഹം മുന്നോട്ടുവച്ച നിർദേശങ്ങളെയാണ് കമ്മിറ്റി അടിസ്ഥാനമായെടുത്തതെന്നുവേണം കരുതാൻ. അവ തമ്മിൽ അത്രമാത്രം സാദൃശ്യമുണ്ട്. മാതൃഭൂമിയുടെ ശ്രമം പത്രരംഗത്തെ മുൻനിർത്തി കണ്ടത്തിൽ വർഗീസ് മാപ്പിള വർഷങ്ങൾക്കുമുമ്പ് കൊണ്ടുവരാൻ ശ്രമിച്ച ധാരയുടെ തുടർച്ചയായിരുന്നു. പത്ര പ്രവർത്തനരംഗത്താണ് ലിപിപരിഷ്കാരങ്ങളുടെ ആവശ്യകത ഏറ്റവും കൂടുതലുള്ളതെന്ന് എൻ. വി. 1956 ൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. അതോടൊപ്പം വർധിച്ചുവരുന്ന വായനാശീലം കൂടുതൽ പുസ്തകങ്ങളെ ആവശ്യമാക്കുമെന്നും ടൈപ്പുകൾ പെറുക്കിവെക്കുന്ന അച്ചടി രീതിയിൽ കൂടുതൽ കോപ്പികൾ അച്ചടിക്കുമ്പോൾ അക്ഷരങ്ങളുടെ ഗുണനിലവാരം കുറയുന്നതിനാൽ അവയുടെ അച്ചടിയും യന്ത്രസഹായത്താലുള്ള അച്ചടിരീതിയിലേക്ക് കടക്കേണ്ടതുണ്ടെന്നും അദ്ദേഹം നിരീക്ഷിച്ചു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ലിപിപരിഷ്കരണത്തിൽ രണ്ട് കാര്യങ്ങൾക്ക് പരമപ്രാധാന്യം നൽകേണ്ടതുണ്ടായിരുന്നു. പരിഷ്കരിക്കും മുമ്പുള്ള ലിപി പരിചയപ്പെട്ടവർക്ക് പുതിയ സമ്പ്രദായം വിഷമങ്ങൾ സൃഷ്ടിക്കരുത് എന്നതായിരുന്നു ഒന്നാമത്തെ കാര്യം. രണ്ടാമത്തേതാകട്ടെ, പുതിയ സമ്പ്രദായം എല്ലാവർക്കും സ്വീകാര്യമായിരിക്കണം എന്നതും. പത്രക്കാരും ചെറുകിട പ്രസ്സുകളും സ്വമേധയാ സ്വീകരിക്കും വിധം അത് സൗകര്യപ്രദമായിരിക്കണം (കൃഷ്ണവാരിയർ, "പരിഷ്കരിച്ച മലയാള ലിപി" 7). എന്നാൽ, പ്രസ്സുകൾ സ്വമേധയാ വേഗത്തിൽ പുതിയ പരിഷ്കാരം സ്വീകരിച്ചിരുന്നില്ല എന്നുകാണാം.

ഔപചാരികമായി ലിപിപരിഷ്കരണം നടപ്പിലായെങ്കിലും അച്ചടിശാലകൾ പല കാലഘട്ടങ്ങളിലായാണ് പരിഷ്കാരത്തിലേക്ക് കടന്നത്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പിന്തുണച്ച മാനകീകരണവും ലിപിപരിഷ്കരണവും സ്വന്തം പ്രസിദ്ധീകരണങ്ങളിൽ എത്രത്തോളം പ്രാവർത്തികമാക്കി എന്ന് പരിശോധിച്ചുനോക്കാം. 1971 ലെ പരിഷ്കരിച്ച ലിപിരൂപത്തിലേക്ക് വൈകിയാണ് ഇൻസ്റ്റിറ്റ്യൂട്ട് കടക്കുന്നത്. അച്ചടിക്ക് സ്വകാര്യപ്രസ്സുകളെ ആശ്രയിച്ചത് ഇതിന് ഒരു കാരണമായിരുന്നിരിക്കാം. സ്വകാര്യപ്രസ്സുകളിലെ അച്ചടി പുതിയ സമ്പ്രദായത്തിലേക്ക് പതുക്കെ മാത്രമേ കടന്നുള്ളൂ എന്നുള്ളതിന് ഉദാഹരണം കൂടിയാണിത്. 1975 ൽ കൊച്ചിയിലെ അമരകേരള ഇൻഡസ്ട്രീസിൽ അച്ചടിച്ച *ഫെയ്ൻമാൻ പ്രസംഗങ്ങൾ*, കൊച്ചിയിലെതന്നെ വിമല പ്രിന്റേഴ്സിൽ അച്ചടിച്ച *ഭൗതികം–അസ്തിവാ*

*രങ്ങളും അതിരുകളും*, കോഴിക്കോട്ടെ പരസ്പരസഹായി കോ–ഓപ് പ്രിന്റിങ്ങ് & പബ്ലിഷിങ്ങ് വർക്സിൽ അച്ചടിച്ച *ജന്തുശാസ്ത്ര വർഗീകരണതത്വങ്ങൾ* എന്നീ പുസ്തകങ്ങളിലൊക്കെ ലിപിപരിഷ്കരണത്തിനു മുമ്പുള്ള ലിപിരൂപങ്ങളാണുള്ളത്. സ്വകാര്യപ്രസ്സുകളിലെ പരിമിതിയുടെ മറ്റൊരു നിദർശനമാവാം *ജന്തുശാസ്ത്ര വർഗീകരണതത്വങ്ങളിൽ* ദ്വിപദനാമപദ്ധതിയനുസരിച്ചുള്ള പദങ്ങൾ ഇറ്റാലിക്സ് അക്ഷരരൂപങ്ങളിലല്ല അച്ചടിച്ചത് എന്നത്. ഇവ റണ്ണിങ്ങ് മാറ്ററിൽനിന്ന് ചെറിയ പോയിന്റിലേക്ക് മാറ്റുകയും അടിവരയിടുകയും ചെയ്യുന്ന രീതിയാണ് അനുവർത്തിച്ചിട്ടുള്ളത്. 1974 ൽ തിരുവനന്തപുരത്തെ അന്നപൂർണ പ്രിന്റേഴ്സ് & പബ്ലിഷേഴ്സിൽ നിന്നും അച്ചടിച്ച *സമകാലിക ഭാരതചരിത്രം* എന്ന പുസ്തകം പുതിയ ലിപിരൂപത്തിലേക്ക് കടന്നിട്ടില്ല. എന്നാൽ 'തൊഴിലാളിപ്റശ്നങ്ങളോടുള്ള', 'അഭിപ്റായം', 'അധ്യക്ഷപ്റസംഗത്തിൽ', 'സാമ്റാജ്യം', 'അദ്ധ്വാനസമയം', 'സ്വാതന്ത്റ്യമായിരിക്കണമെന്നും' എന്നെല്ലാമുള്ള രൂപങ്ങൾ ഇതിലുണ്ട്.

പുതിയ ലിപിരൂപത്തിലേക്ക് മാറാത്തത് സ്വകാര്യപ്രസ്സുകൾ മാത്രമായിരുന്നില്ല. വിജ്ഞാനമുദ്രണം പ്രസ്സിൽ 1976 ൽ അച്ചടിച്ച *ആവൃതബീജികളുടെ ഭ്രൂണവിജ്ഞാനം*, *ഷട്പദങ്ങൾ* എന്നീ പുസ്തകങ്ങളിലൊക്കെ പഴയ ലിപിരൂപങ്ങൾ തന്നെയാണുള്ളത്. എന്നാൽ ഈ പുസ്തകങ്ങളിൽ ശാസ്ത്രനാമങ്ങൾ ഇറ്റാലിക്സിൽ നൽകിയിട്ടുണ്ട്. അതേ അവസരത്തിൽ 1974 ൽ തിരുവനന്തപുരത്തെ അനുപമ പ്രിന്റേഴ്സ് & പബ്ലിഷേഴ്സിൽ അച്ചടിച്ച *പ്ലാസ്മ പരീക്ഷണശാലയിലും പ്രപഞ്ചത്തിലും* എന്ന പുസ്തകത്തിൽ പുതിയ ലിപിരൂപം ഉപയോഗിച്ചിട്ടുണ്ടുതാനും. 1977 ൽ അച്ചടിച്ച പുസ്തകത്തിൽപോലും (*ജീവപരിണാമം*– എസ്. ബി. പ്രസ്, തിരുവനന്തപുരം) പഴയ ലിപിരൂപങ്ങൾ തന്നെയാണുള്ളത്. 1988 മെയ് ലക്കം മുതൽ മാത്രമേ *വിജ്ഞാനകൈരളി*യുടെ പേജുകളിൽ പുതിയ ലിപി കടന്നുവരുന്നുള്ളൂ. ഇതിൽനിന്നും മാറി 1992–1994 കാലഘട്ടത്തിൽ വീണ്ടും പഴയലിപി ഉപയോഗിക്കുന്നതും കാണുന്നുണ്ട്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്വന്തം പുസ്തകങ്ങളിലും ആനുകാലികത്തിലും ലിപിപരിഷ്കാരം പൂർണതോതിൽ കടന്നെത്താൻ വർഷങ്ങളെടുത്തു എന്നാണ് ഈ ഉദാഹരണങ്ങൾ വ്യക്തമാക്കുന്നത്. 2017 മുതൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അച്ചടിയിൽ യൂണിക്കോഡ് ലിപികൾ പ്രയോജനപ്പെടുത്തിയതിനാൽ *വിജ്ഞാനകൈരളി*യിലും പുതിയ പുസ്തകങ്ങളിലും 1971 ലെ പരിഷ്കരണത്തിനുമുമ്പുള്ള ലിപിരൂപങ്ങളാണ് ഇപ്പോൾ ഉപയോഗത്തിലുള്ളത്.

സ്കൂൾ പാഠപുസ്തകങ്ങളിലെ അച്ചടി പുതിയ ലിപിയിലേക്ക് മാറിയെങ്കിലും മറ്റു പ്രസാധകരുടെ പുസ്തകങ്ങളിലും പത്രങ്ങളിലും ആനുകാലികങ്ങളിലുമെല്ലാം പലരീതിയിലാണ് അച്ചുനിരത്തൽ നടന്നത്. സാഹിത്യ പ്രവർത്തക സഹകരണസംഘം 1979

ൽ പുറത്തിറക്കിയ *കൊച്ചുതൊമ്മനി*ലും (എൻ. വി.) 1984 ൽ പുറത്തിറക്കിയ *വയലാർ കവിത*കളിലും (വയലാർ രാമവർമ) പ്രോഗ്രസ് പബ്ലിഷേഴ്സ് 1983 ൽ പുറത്തിറക്കിയ *മതത്തെപ്പറ്റി*യിലും (മാർക്സ്, എംഗൽസ്) പുസ്തകപ്രസാധകസംഘം 1986 ൽ പുറത്തിറക്കിയ *ഇന്ത്യൻ ഫിലോസഫി*യിലും (ദേവീപ്രസാദ് ചതോപാധ്യായ) ഡി സി ബുക്സ് 1988 ൽ പുറത്തിറക്കിയ *അതിർത്തിയിലേക്ക് ഒരു യാത്ര*യിലും (വിഷ്ണുനാരായണൻ നമ്പൂതിരി) ലിപി പരിഷ്കരണത്തിനു മുമ്പുള്ള രൂപങ്ങൾ തന്നെയാണ് കാണുന്നത്. പുതിയ ലിപി പിന്തുടർന്ന അച്ചടിശാലകളിൽത്തന്നെ പിരിച്ചെഴുതിയിരുന്ന കൂട്ടക്ഷരരൂപങ്ങളിൽ പലതും കുറച്ചുകഴിഞ്ഞപ്പോൾ തിരിച്ചെത്തുകയും ചെയ്തു. ഡി. ടി. പി. സാങ്കേതികവിദ്യ അച്ചടിയിലേക്ക് കടന്നതോടെ കൂട്ടക്ഷരരൂപങ്ങളുടെ എണ്ണം വലിയതോതിൽ വർധിച്ചു.

മുകളിൽ ചൂണ്ടിക്കാണിച്ച ഉദാഹരണങ്ങളെല്ലാം ലെറ്റർ പ്രസ്സുകളുടേതാണ്. അപ്പോൾ ലിനോടൈപ്പ് അച്ചടി ഉപയോഗപ്പെടുത്തിയിരുന്ന പത്രമാധ്യമങ്ങളിൽ മാത്രമേ ഏറെക്കാലത്തേക്ക് പരിഷ്കരിച്ച ലിപിയുടെ ഉപയോഗം പ്രധാനമായും കടന്നിരുന്നുള്ളൂ എന്ന് കരുതേണ്ടിവരും. അക്ഷരങ്ങളുടെ എണ്ണം കുറയുന്നത് ലെറ്റർ പ്രസ്സുകളിൽ കമ്പോസിങ്ങിൽ സൗകര്യം പ്രദാനം ചെയ്യുന്നുണ്ടെങ്കിലും പ്രസ്സുകൾ പുതിയ രീതിയിലേക്ക് ഉടൻ മാറിയില്ല. നിലവിലുള്ള ടൈപ്പുകൾ മാറ്റി പുതിയവ വാങ്ങുന്നതിലുള്ള സാമ്പത്തികച്ചെലവായിരിക്കും അതിൽനിന്ന് അവരെ തടഞ്ഞിട്ടുണ്ടാവുക. മാറ്റത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കലും പ്രധാനമായിരുന്നു. ലിപി പരിഷ്കരണം കൊണ്ടുവരുന്നതിനെക്കുറിച്ചോ, പരിഷ്കരണ ഉത്തരവ് ഇറക്കിയതിനുശേഷം അത് നടപ്പിൽ വരുത്തുന്നത് സംബന്ധിച്ചോ ജനകീയ ബോധവൽക്കരണവും നടന്നിരുന്നില്ല. പത്രമുടമകളെ വിളിച്ചുചേർക്കുക മാത്രമാണുണ്ടായത്.[32] സമൂലമായ മാറ്റമാണ് പ്രതീക്ഷിക്കുന്നതെങ്കിൽ അത്തരത്തിലുള്ള കാര്യങ്ങൾ കൂടി ആസൂത്രണം ചെയ്യേണ്ടതുണ്ടെന്നാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്. കേവലമായ ഉത്തരവുകൾകൊണ്ടുമാത്രം ലിപിയുടെയും ഭാഷയുടെയും രംഗത്ത് മാറ്റങ്ങൾ കൊണ്ടുവരാൻ കഴിയില്ല. പത്രമാധ്യമങ്ങളിൽ പുതിയ ലിപി ഉപയോഗിക്കുന്നതിൽ ചില ദുഷ്പ്രവണതകൾ കാണുന്നു എന്നു ചൂണ്ടിക്കാട്ടി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ വി. കേശവൻ നായരെഴുതിയ കത്ത് *വിജ്ഞാനകൈരളി* പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലിപിപരിഷ്കരണത്തിലുൾപ്പെടാത്ത ള്ള വിന് പകരം റ്റ ഉപയോഗിക്കുന്നതിനെയാണ് അദ്ദേഹം ദുഷ്പ്രവണതയെന്ന് വിശേഷിപ്പിക്കുന്നത്. *മലയാള മനോരമ, ദീപിക* പത്രങ്ങളെയും അവയുടെ വാരികകളെയുമാണ് കേശവൻ നായർ ഉദാഹരണമായി കാണിച്ചിട്ടുള്ളത്.

അച്ചടി, ടൈപ്പ് റൈറ്റർ എന്നിവയിൽ മാത്രം പ്രയോജനപ്പെടുത്താനാണ് ലിപിപരിഷ്കരണം കൊണ്ടുവരുന്നതെന്നും ലേഖനരീതിയെ ഇതിൽ ബന്ധിപ്പിക്കേണ്ടെന്നുമായിരുന്നു ശൂരനാട് കമ്മിറ്റിയുടെ നിലപാട്. എഴുത്തിൽ സൗകര്യം പ്രദാനം ചെയ്യുന്നു എന്നതിനു പുറമേ, നിലവിലിരിക്കുന്ന ലിപിവ്യവസ്ഥയിൽ അച്ചടിച്ച പുസ്തകങ്ങളും മറ്റും ലുപ്തപ്രചാരമാകാതിരിക്കാനും അത് സഹായിക്കുമെന്ന് കമ്മിറ്റി അഭിപ്രായപ്പെട്ടു (മലയാള ലിപി പരിഷ്കരണ റിപ്പോർട്ടും സർക്കാർ ഉത്തരവും 7). ഇതിനെ മുൻനിർത്തി സംസ്ഥാന വിദ്യാഭ്യാസവകുപ്പ് പുറത്തിറക്കിയ ഉത്തരവിൽ രണ്ടാം ക്ലാസിനു മുകളിലോട്ട് പഴയ ലിപി രൂപത്തിൽ തന്നെയായിരിക്കണം എഴുത്തെന്നും നിർദേശിച്ചിരുന്നു. ഇത് ആരും എവിടെയും പ്രാവർത്തികമാക്കിയില്ല. പ്രാവർത്തികമാകുന്നുണ്ടോയെന്ന് വിദ്യാഭ്യാസവകുപ്പ് പരിശോധിച്ചതുമില്ല. കുട്ടികളുടെ എഴുത്തുരീതി പൂർണമായും പുതിയ രീതിയെ പിന്തുടർന്നു എന്നല്ല ഇതിനർത്ഥം. പഴയതും പുതിയതുമായ രീതികളുടെ മിശ്രണത്തിലേക്ക് ലേഖന രൂപവും മാറുകയാണുണ്ടായത്. ഇവയിൽനിന്ന് പുതിയ ചില രൂപങ്ങൾ ഉടലെടുത്തതും അപൂർവം സന്ദർഭങ്ങളിൽ കാണാം.' ു' ചിഹ്നത്തിന്റെ ചുവട്ടിലുള്ള കുനിപ്പ് ക, ത എന്നിങ്ങനെയുള്ള അക്ഷരങ്ങളോട് ചേർത്തെഴുതുന്ന സംഭവങ്ങളും അധ്യാപകർ ചൂണ്ടിക്കാണിക്കാറുണ്ട്.

ലിപിപരിഷ്കരണംമൂലം ചില പ്രശ്നങ്ങൾ ഉടലെടുത്തു എന്നത് ശരിവെക്കുമ്പോഴും, ലിപി പരിഷ്കരണം 'തിരക്കിട്ട് നടപ്പാക്കിയതിന്റെ ഉദ്ദേശശുദ്ധി സംശയിക്കണമെന്നും', ആഗോളീകരണം ആരംഭിക്കുന്നതിന് രണ്ടുപതിറ്റാണ്ടുമുമ്പ് 'മലയാളഭാഷയെ നശിപ്പിക്കുന്നതിനുള്ള നീക്കങ്ങൾ അതിന്റെ ലിപിപരിഷ്കരണത്തിലൂടെ നടപ്പാക്കിക്കഴിഞ്ഞിരുന്നു' (ശ്രീകുമാർ എസ്. എസ്. 23,24)എന്നൊക്കെയുള്ള വാദങ്ങൾ അതിവാദങ്ങളായേ കണക്കാക്കാൻ കഴിയൂ. ടൈപ്പ്റൈറ്റർ ഓർമയായി മാറിയിരിക്കുകയും അച്ചടിയുടെ രംഗവും ഭാഷാസാങ്കേതികവിദ്യാരംഗവും പാടേ മാറിയിരിക്കുകയും ചെയ്തതിനാൽ ലിപിസംഖ്യ കുറയ്ക്കലെന്നത് ഇന്ന് ഒരാവശ്യമായി നമ്മുടെ മുന്നിലില്ല. എന്നാൽ ലിപിപരിഷ്കരണം നടക്കുന്ന കാലത്ത് അതൊരു പ്രശ്നമായിരുന്നു എന്നംഗീകരിക്കാതിരുന്നാൽ അത് വസ്തുതകളെ കാണാതിരിക്കലായിരിക്കും. സാങ്കേതികരംഗത്ത് പിൽക്കാലത്ത് വന്നുചേർന്ന മാറ്റങ്ങൾ അക്കാലത്ത് വിഭാവനം ചെയ്യാൻ കഴിയുമായിരുന്നില്ല. ടൈപ്പ്റൈറ്ററിനും അന്നത്തെ അച്ചടിസാങ്കേതികവിദ്യയ്ക്കുമനുസരിച്ച് കൊണ്ടുവന്ന പരിഷ്കാരങ്ങൾ മാറിയ സാഹചര്യത്തിൽ എത്രമാത്രം പ്രസക്തമാണ് എന്നാണ് ഇന്ന് ചർച്ച ചെയ്യേണ്ടത്.

ലിപിപരിഷ്കരണം നടത്താനേ പാടില്ലെന്നും 1971 നു മുമ്പുള്ള ലിപിരൂപം തനതാണെന്നും പറയുന്നത് വൈകാരികമായ സമീപനമാണ്. ലിപിയിൽ പരിഷ്കരണം ഇപ്പോഴും ഒരാവശ്യമായി നിലനിൽക്കുന്നു. അക്ഷരരൂപമില്ലാത്ത ഉച്ചാരണങ്ങൾക്ക് ലിപി നിർമിക്കാനുള്ള ശ്രമം ഇപ്പോഴും പ്രസക്തംതന്നെ. പരിഷ്കാരങ്ങൾ കൊണ്ടുവരുമ്പോൾ തികഞ്ഞ അവധാനതയോടെയേ അത് ചെയ്യാവൂ. പരിഷ്കാരം ജനങ്ങൾക്ക് സ്വീകാര്യമാവുന്നതുമാവണം. 1971 ലെ പരിഷ്കരണം നിർദേശിക്കപ്പെട്ട രണ്ട് രംഗങ്ങളിലൊഴികെ മറ്റിടങ്ങളിലേക്കും കടന്നുചെന്നു എന്നതാണ് പ്രശ്നം. പാഠപുസ്തകങ്ങളിലെ അച്ചടിയിൽ മാത്രമായി ഒരു പരിഷ്കാരം നിലനിൽക്കുമോ എന്നതും പ്രസക്തംതന്നെ. പത്രങ്ങൾക്കപ്പുറമുള്ള അച്ചടിയിലേക്ക് പരിഷ്കരിച്ച ലിപി കടന്നുചെല്ലാൻ നിരവധി വർഷങ്ങളെടുത്തു എന്ന കാര്യംകൂടി പരിഗണിച്ചുകൊണ്ട്, പരിഷ്കാരം ടൈപ്പ്റൈറ്റിങ്ങ് രംഗത്ത് മാത്രമായി ഒതുക്കിനിർത്തിയിരുന്നു എന്ന് സങ്കൽപിച്ചുനോക്കാവുന്നതാണ്. പരിഷ്കാരം അതിനപ്പുറവും ഇപ്പുറവുമായി ഭാഷയെ വിഭജിക്കുന്നു എന്ന വാദത്തിലും കഴമ്പില്ല. ബെയിലി 'ഇ', 'ഈ' കാരങ്ങൾക്കുള്ള ഉപലിപികളെ സ്വതന്ത്രങ്ങളാക്കിയപ്പോഴും ഈ വിഭജനം നടന്നിട്ടുണ്ട്. അന്ന് അച്ചടിച്ച കൃതികൾ അധികമില്ലാത്തതിനാൽ ഇന്നത്തെയത്ര അത് അനുഭവവേദ്യമായില്ല എന്നു മാത്രമേയുള്ളൂ. പരിഷ്കാരം വരുത്തുമ്പോൾ പഴയ രൂപങ്ങളെ പൂർണമായി ഇല്ലാതാക്കാനും കഴിയില്ല. അത് എന്നും ഭാഷയുടെ ഭാഗമായുണ്ടാവും.

ഉദ്ദേശ്യശുദ്ധി, ഭാഷയെ തകർക്കാനുള്ള നീക്കം എന്നീ ആരോപണങ്ങളിൽ നിന്നെല്ലാം ആദ്യഘട്ടത്തിലെ പരിഷ്കാരനിർദേശങ്ങളെ വിമുക്തമാക്കുമ്പോൾതന്നെ പിൽക്കാലത്തുനടന്ന ചില കാര്യങ്ങളെക്കൂടി ഈ ചർച്ചകളിലേക്ക് ബന്ധിപ്പിക്കേണ്ടതുണ്ട്.

ഒന്ന്, 1990 കളിൽ ചർച്ചയ്ക്കുവേണ്ടി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അവതരിപ്പിച്ച ലിപിപരിഷ്കരണ നിർദേശങ്ങളാണ്. റകാരമോ രേഫമോ വ്യഞ്ജനത്തിനുശേഷം വരുന്ന കൂട്ടക്ഷരങ്ങളെ പിരിച്ചെഴുതാനും ഋ എന്ന അക്ഷരം ഒഴിവാക്കാനുമൊക്കെയായി കേരളത്തനിമ എന്ന പരിപാടിയിലുൾപ്പെടുത്തി അന്ന് അവതരിപ്പിച്ച നിർദേശങ്ങൾ വലിയതോതിലുള്ള വിമർശനങ്ങൾ വിളിച്ചുവരുത്തുകയുണ്ടായി. ക്ര, ത്ര, പ്ര തുടങ്ങിയ അക്ഷരങ്ങൾ 'ക്റ', 'ത്റ', 'പ്റ' എന്നിങ്ങനെയെഴുതാനും ഋഷി, കൃതി തുടങ്ങിയവ 'റ്ഷി', 'ക്റ്തി' എന്നിങ്ങനെ എഴുതാനുമുള്ള നിർദേശങ്ങൾ യാഥാർത്ഥ്യബോധത്തിന് നിരക്കാത്തതും ഭാഷയുടെ തനിമയെ പരിഗണിക്കാത്തതുമായിരുന്നു.' ്ര ' ഉപലിപി ഉച്ചാരണത്തിനു വിരുദ്ധമായി വ്യഞ്ജനത്തിനുമുമ്പ് എഴുതുന്നത് ഒഴിവാക്കാനായിരുന്നു ഈ നിർദേശം. എന്നാൽ ഉച്ചാരണത്തിന് വിരുദ്ധമായി എഴുതുന്ന അവ്യവസ്ഥ ഈ പരിഷ്കാരംകൊണ്ട് തീരുന്ന

തായിരുന്നില്ല. കേ, തേ വേ, കൈ തുടങ്ങിയ രൂപങ്ങളിലെല്ലാം ഉച്ചാരണത്തിൽ ആദ്യംവരുന്ന വ്യഞ്ജനശബ്ദമല്ലല്ലോ ആദ്യമെഴുതുന്നത്.

രണ്ട്, ഡിജിറ്റൽ സാങ്കേതികവിദ്യ വലിയതോതിൽ വളർന്നു തുടങ്ങിയപ്പോൾത്തന്നെ ഭാഷയെ മുന്നോട്ടുനയിക്കാൻ അതിനെ പ്രയോജനപ്പെടുത്താനാവശ്യമായ നടപടികളിലേക്ക് മുൻകൂട്ടി കടന്നുചെല്ലാൻ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനായില്ല. ചെയ്യേണ്ട സമയത്ത് ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാനായില്ല, എന്നുമാത്രമല്ല, ചെയ്ത കാര്യങ്ങൾ ശാസ്ത്രീയമായ കാഴ്ചപ്പാടില്ലാത്തതിനാൽ പുറകോട്ട് നടക്കുന്നതുമായി. ടൈപ്പ്റൈറ്ററും കമ്പ്യൂട്ടറും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാൻ ആദ്യഘട്ടത്തിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനു കഴിയാതെ പോയി. ഭാഷയെ യന്ത്രങ്ങൾക്കനുസരിച്ച് മാറ്റുകയെന്ന പഴഞ്ചൻ സമീപനത്തിൽ മാറ്റം വരുത്താത്തതിനാൽ ഭാഷയ്ക്കനുസരിച്ച് യന്ത്രങ്ങളെയും സാങ്കേതികവിദ്യകളെയും പരിവർത്തിപ്പിക്കുന്നതിനുള്ള അന്വേഷണങ്ങളിലേക്ക് കടന്നുചെല്ലാനോ, കടന്നുചെല്ലുന്നവരെ പ്രോത്സാഹിപ്പിക്കാനോ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് കഴിഞ്ഞില്ല. ഭാഷയുടെ വളർച്ചയ്ക്കായി തൽപ്പരരായ വ്യക്തികളും കൂട്ടായ്മകളും മുന്നിട്ടിറങ്ങിയപ്പോൾ അറിഞ്ഞോ അറിയാതെയോ അവരുടെ മുന്നിലെ വിലങ്ങുതടിയായി ഇൻസ്റ്റിറ്റ്യൂട്ടും ബന്ധപ്പെട്ട സർക്കാർ ഏജൻസികളും മാറിയെന്നും വിലയിരുത്തപ്പെട്ടിട്ടുണ്ട് (മഹേഷ് മംഗലാട്ട്25). അവ്യവസ്ഥിതികൾ പരിഹരിക്കേണ്ട ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ആണവച്ചില്ലുകളുടെ എൻകോഡിങ്ങിൽ എടുത്ത നിലപാട് വലിയ അവ്യവസ്ഥകൾ ഭാഷയിൽ കൊണ്ടുവരുന്നതിനെ പിന്താങ്ങുന്നതുമായി. ഇത്തരം കാര്യങ്ങളിൽ പഠനം നടത്താനോ തീരുമാനങ്ങളെടുക്കാനോ ഉതകുന്ന സാങ്കേതികപരിജ്ഞാനമുള്ള ആൾശേഷി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനുണ്ടായിരുന്നില്ല.

മൂന്ന്, 'ു', 'ൂ' എന്നിവയുടെ ഉപലിപികളുടെ ഉപയോഗമൊഴികെ 1971 നു മുമ്പുള്ള സ്ഥിതിയിലേക്ക് മടങ്ങിപ്പോവാൻ 2022 ൽ കേരള സർക്കാർ കൈക്കൊണ്ട തീരുമാനവും ശാസ്ത്രീയമായ പഠനങ്ങളുടെയും വിലയിരുത്തലുകളുടെയും അടിസ്ഥാനത്തിൽ എത്തിച്ചേർന്നതല്ല. ഈ പരിഷ്കാരത്തിലും തീരുമാനം മുകളിൽനിന്ന് കൈക്കൊള്ളുകയും അത് ജനങ്ങളിലേക്ക് ഉത്തരവായി കൈമാറുകയും ചെയ്യുന്ന രീതിയാണ് കൈക്കൊണ്ടത്. ഭാഷയുടെ ആസൂത്രണം എന്ന ചുമതല അർപ്പിതമായിട്ടുള്ള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് ഈ കമ്മിറ്റിയിൽ എന്തെങ്കിലും തരത്തിലുള്ള റോളുകൾ നിർവഹിക്കാനുണ്ടായിരുന്നില്ല.[33] ഇന്ന് ഭാഷയുടെ വളർച്ച ഡിജിറ്റൽരംഗത്തെ നടപടികളുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നെങ്കിലും ആ മേഖലയുമായി ബന്ധപ്പെട്ട വിദഗ്ധരെ ഈ കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിരുന്നില്ല.[34]

ലിപിവിന്യാസത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് കൊണ്ടുവന്ന മാനകീകരണം എത്രത്തോളം നടപ്പിലായി എന്ന് വിലയിരുത്തുക എളുപ്പമല്ല. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചില കുറിപ്പുകളിലെല്ലാം കേരളത്തിലെ പത്രങ്ങളും മറ്റ് മാധ്യമങ്ങളും മാനകീകരണനിർദേശങ്ങളെ സ്വാംശീകരിച്ചു എന്ന് കാണാമെങ്കിലും ഇത് യാഥാർത്ഥ്യത്തോട് പൊരുത്തപ്പെടില്ല. മലയാളത്തിൽ ഇറങ്ങുന്ന പത്രങ്ങൾ, ആനുകാലികങ്ങൾ, പുസ്തകങ്ങൾ എന്നിവയിലെല്ലാം ലിപിവിന്യാസവും വാക്കുകൾക്കിടയിലെ അകലമിടലുമെല്ലാം പലമാതിരിയാണ്. പ്രൂഫ് വായന മലയാള പ്രസിദ്ധീകരണരംഗം ഗൗരവമായി എടുക്കാറില്ല. ഒരേ പ്രസിദ്ധീകരണത്തിനകത്തുതന്നെ ഒരേ വാക്കിന് വ്യത്യസ്ത ലിപിവിന്യാസങ്ങൾ കാണാൻ കഴിയും. അക്ഷരത്തെറ്റുകൾതന്നെ പ്രമുഖ പ്രസിദ്ധീകരണശാലകളുടെ പുസ്തകങ്ങളിൽ ധാരാളം കാണാറുണ്ട്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിദ്ധീകരണങ്ങളിൽ ലിപിവിന്യാസത്തിന്റെ കാര്യത്തിൽ ആദ്യകാലങ്ങളിൽ കാണിച്ച ശ്രദ്ധ പിൽക്കാലത്ത് ഉണ്ടായിട്ടില്ല. അക്ഷരത്തെറ്റ് തിരുത്തുന്നതിൽവരെ അക്ഷന്തവ്യമായ ശ്രദ്ധാക്കുറവ് ഉണ്ടാവാറുണ്ട്. ഉദാഹരണമായി *ലോകചരിത്രം (ഒന്നാം ഭാഗം)* എന്ന പുസ്തകത്തിന്റെ 2005 ൽ ഇറങ്ങിയ പതിപ്പിൽ നിറയെ അക്ഷരത്തെറ്റുകൾ കാണാം. പുസ്തകത്തിലെ 96 മുതൽ 108 വരെയുള്ള 13പേജുകളിൽ ഉള്ളടങ്ങുന്ന പതിനഞ്ചാമധ്യായമായ 'പ്രാചീന ഗ്രീസിലെ നഗരരാഷ്ട്രങ്ങൾ' പരിശോധനാവിധേയമാക്കിയപ്പോൾ 36 അക്ഷരപ്പിശകുകളാണുള്ളത്. 'ന്റെ' എന്ന അക്ഷരം ചേർത്തിരിക്കുന്നതിലെ പിശകുകൂടി ('ൻറെ') പരിഗണിച്ചാൽ ഇത് 114 ആയി ഉയരും.[35] പരിശോധിച്ച പേജുകളിൽത്തന്നെ ഏഴിടങ്ങളിൽ 'ന്റ' എന്ന രൂപം കാണുന്നതിനാൽ അന്നുപയോഗിച്ച ഫോണ്ടിലെ പരിമിതിയല്ല ഇതെന്ന് കാണാം. സമസ്തപദങ്ങൾ കൂട്ടിച്ചേർക്കാതെ എഴുതുക, ഇൻസ്റ്റിറ്റ്യൂട്ട് മുന്നോട്ടുവച്ച മാനകീകരണനിർദേശങ്ങൾ പിന്തുടരാതിരിക്കുക, വാക്കിനിടയിൽ അനാവശ്യസ്ഥലം കിടക്കുക (ഉദാഹരണം:-അനുസ്മരി പ്പിക്കുന്നത്) തുടങ്ങിയ പ്രശ്നങ്ങൾ ഇതിനുപുറമേ വേറെയുമുണ്ട്. ഭാഷാഉപയോഗത്തിൽ പ്രാമാണ്യം പുലർത്തേണ്ട സ്ഥാപനത്തിന്റെ പുസ്തകം ഇങ്ങനെയായാൽ മറ്റുള്ളവരുടെ പുസ്തകങ്ങളെങ്ങനെയാവുമെന്നത് ചിന്തനീയമാണ്.

'ർ' എന്നതിനുശേഷം ക, ച, ട, ത, പ എന്നിവയൊഴികെ മറ്റക്ഷരങ്ങൾ ഇരട്ടിക്കേണ്ടതില്ല എന്നായിരുന്നല്ലോ ആദ്യഘട്ടത്തിലെ മാനകീകരണത്തിലെ ഒരു നിർദേശം. ചില്ലക്ഷരത്തിനുശേഷം വരുന്ന വ്യഞ്ജനങ്ങൾ ഇരട്ടിക്കാതെ ഉച്ചരിക്കാൻ കഴിയാത്തതിനാൽ എഴുത്തിൽ ഇരട്ടിപ്പ് പ്രത്യേകം കാണിക്കേണ്ടതില്ല എന്ന വാദമുന്നയിച്ചാണ് ഈ പരിഷ്കാരം കൊണ്ടുവന്നതെങ്കിലും അങ്ങനെ ഇരട്ടിക്കാതെ ഉച്ചരിക്കുന്ന സന്ദർഭങ്ങളുണ്ടെന്നും മാർകഴി, വളർമതി തുടങ്ങിയ വാക്കുകളിൽ ചില്ലിനുശേഷം

വരുന്ന വ്യഞ്ജനം ഇരട്ടിക്കാതെയാണ് ഉച്ചരിക്കുന്നത് എന്നും വിമർശനം ഉയരാറുണ്ട് (സോമനാഥൻ 59). 'ര്' എന്നതിനുശേഷം ദൃഢവും അനുനാസികവും ഇരട്ടിക്കേണ്ടതി ല്ലെന്ന തീരുമാനത്തിന് താൻ എതിരായിരുന്നെന്നും ഇ. എം. എസ്. പറഞ്ഞുകേട്ട് എൻ. വി. അങ്ങനെ ചെയ്തതാണെന്നും പിൽക്കാലത്ത് ഗുപ്തൻ നായർ പറഞ്ഞിട്ടുണ്ട് ("മലയാളത്തനിമയെപ്പറ്റി" 63). പാർടി, ഓർമ, മർമം എന്നൊക്കയുള്ളത് വൈകൃത മാണെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. മാത്രമല്ല, ഇരട്ടിച്ച രൂപം ഈ പരിഷ്കാരം കൊണ്ട് ഭാഷയിൽ ഇല്ലാതാവാത്തതിനാൽ അത് അച്ചടിയിൽ ഏതെങ്കിലും തരത്തിലുള്ള അധികസൗകര്യം ഉണ്ടാക്കിയിരുന്നുമില്ല എന്നും വിലയിരുത്തപ്പെടുന്നു (സോമനാഥൻ 59).

ഇത്തരം വിമർശനങ്ങളിൽ പലതും നിർദേശങ്ങളെന്താണെന്ന് പൂർണമായി മനസ്സിലാക്കാതെയാണെന്നു കാണാം. പൊതുനിയമം സൂചിപ്പിച്ചതിനുശേഷം രേഫത്തി നുശേഷം വരുന്ന ഖരാക്ഷരങ്ങൾ ദൃഢമായി ഉച്ചരിക്കുന്നവയാണെന്നതിനാൽ അവയ്ക്ക് ഇരട്ടിപ്പ് ആവശ്യമാണെന്ന് എൻ.വി. പ്രത്യേകം എടുത്തുപറഞ്ഞിരുന്നു. അച്ചടിയിലെ അധികസൗകര്യത്തിനായി കൊണ്ടുവന്നത് ലിപിപരിഷ്കരണമായിരുന്നു എന്നും മാന കീകരണനിർദേശങ്ങൾ കേവലം അച്ചടിയിലെ സൗകര്യത്തിനായിരുന്നില്ല എന്നതും കാണാതെപോയി. എൻ.വി. യുടെ ലേഖനത്തിൽ ഖരാക്ഷരങ്ങൾ ഇരട്ടിക്കണമെന്ന് പറഞ്ഞതിനുശേഷം ഉദാഹരണങ്ങളായി അർക്കൻ, ചർച്ച, പാർട്ടി, വാർത്ത, അർപ്പണം എന്നീ വാക്കുകളായിരുന്നു നൽകിയിരുന്നത്. മാർകഴി, വാർതിങ്കൾ എന്നിവ ഇരട്ടി ക്കാത്ത രൂപങ്ങൾക്ക് ഉദാഹരണമായും ചൂണ്ടിക്കാട്ടിയിരുന്നു. എന്നാൽ അക്കാലത്ത് ദേശാഭിമാനി പത്രവും കമ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയും പാർടി എന്നാണ് ഉപയോഗിച്ചി രുന്നത്.[36] ഇത് ഇ. എം എസ്സിന്റെ സ്വാധീനം മൂലമാവാം. ദേശാഭിമാനി ഇരട്ടിപ്പില്ലാത്ത രൂപം പിന്നീട് ഒഴിവാക്കി. ഇ. എം. എസ്. പറഞ്ഞുകൊണ്ടാണ് എൻ. വി. ഇത്ത രമൊരു നിർദേശം മുന്നോട്ടുവെച്ചത് എന്നത് ശരിയല്ല എന്നുവേണം ഇതിൽനിന്ന് മനസ്സിലാക്കാൻ.

ലിപിപരിഷ്കരണം പോലെ മാനകീകരണശ്രമങ്ങൾക്കും ഉണ്ടായ പ്രധാന പോരായ്മ അത് ജനങ്ങളിൽനിന്ന് രൂപപ്പെടുത്തിയതോ, രൂപപ്പെടുത്തിയതിനുശേഷം ജനങ്ങളുടേതാക്കി മാറ്റിയതോ ആയില്ല എന്നതാണ്. ഇൻസ്റ്റിറ്റ്യൂട്ട് മുന്നോട്ടുവെച്ച മാർഗനിർദേശങ്ങളെ നിരന്തരമായി പിന്തുടരാനും ബോധവൽക്കരണത്തിലൂടെ അത് തുടരുന്നതിനുമുള്ള ശ്രമങ്ങളുണ്ടായില്ല. ഒരു ഘട്ടത്തിനുശേഷം പുതിയ സാങ്കേതികപദങ്ങ ളുണ്ടാക്കാതിരുന്നതിനും ഉണ്ടാക്കിയ പദങ്ങളെ പരിഷ്കരിച്ച് പോരായ്മകൾ പരിഹരി

ക്കാതിരുന്നതിനും സമാന്തരമായിരുന്നു ഇത്. സ്വന്തം പ്രസിദ്ധീകരണങ്ങളിൽപ്പോലും മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ ജാഗ്രത പുലർത്താനായില്ല. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലക്ഷ്യബോധത്തിൽ ഉണ്ടാവുന്ന ഇടർച്ചയാണിത്.

മാനകീകരണത്തെക്കുറിച്ചുള്ള ചർച്ചകൾ 1997 ൽ മലയാളത്തനിമ എന്ന പരിപാടി യുമായി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുന്നോട്ടുവന്നപ്പോൾ ഒരിക്കൽക്കൂടി സജീവമായി. അക്ഷര വിന്യാസം,[37] ലിപ്യന്തരണം, ചിഹ്നനം, അകലമിടൽ എന്നിവയിലെ മാനകീകരണമാ യിരുന്നു മലയാളത്തനിമയുടെ ആദ്യ ഊന്നൽ. ഡിജിറ്റൽരംഗത്തെ മുൻനിർത്തിയുള്ള ഭാഷയുടെ ആധുനികീകരണം, ഭരണഭാഷ, കോടതിഭാഷ, അധ്യയനമാധ്യമം എന്നീ മേഖലകളെ മുൻനിർത്തിയുള്ള പരിപാടികളും ഉണ്ടായിരുന്നു. ആദ്യഘട്ടത്തിലെ മാന കീകരണ നിർദേശങ്ങളെക്കൂടി വിമർശനാത്മകമായി പരിശോധിക്കാനുള്ള ഒരവസര മായി ഈ ചർച്ചകളെ പലരും പ്രയോജനപ്പെടുത്തി.

1998 ആഗസ്റ്റ് 17 മുതൽ 27 വരെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാംഗ്വേജസ്സി ന്റെ സഹകരണത്തോടെ നടത്തിയ ശിൽപ്പശാലയിലായിരുന്നു വി. ആർ. പ്രബോധ ചന്ദ്രന്റെ നേതൃത്വത്തിൽ മാനകീകരണത്തിനായുള്ള പുതിയ നിർദേശങ്ങൾ തയ്യാറാ ക്കിയത്. ഈ ശിൽപ്പശാലയിലൂടെ രൂപപ്പെട്ട *മലയാളം അച്ചടിയും എഴുത്തും ഒരു സ്റ്റൈൽ പുസ്തകം* ചർച്ചയ്ക്കായി പുറത്തുവിട്ടപ്പോഴാണ് വലിയ വിമർശനങ്ങൾ ഉയർന്നത്. കാര്യ മാത്രപ്രസക്തമായ കുറേ നിർദേശങ്ങൾ കരടുരൂപത്തിലുണ്ടായിരുന്നെങ്കിലും നേര ത്തേ ചൂണ്ടിക്കാണിച്ച, റകാരമോ രേഫമോ വ്യഞ്ജനത്തിനുശേഷം വരുന്ന കൂട്ടക്ഷര ങ്ങളെ പിരിച്ചെഴുതാനും ഌകാരം ഒഴിവാക്കാനുമുള്ള നിർദേശങ്ങളാണ് വിവാദമായി മാറിയത്. അക്ഷരരൂപങ്ങളിൽ അനാവശ്യമായ കീറിമുറിക്കലുകൾ കൊണ്ടുവരുന്നതിനെ തിരെ നടത്തിയ ചെറുത്തുനിൽപ്പിൽ രചന അക്ഷരവേദി നേതൃത്വപരമായ പങ്കുവഹി ച്ചു. സ്വരാക്ഷരങ്ങളോടൊപ്പം കൂട്ടക്ഷരങ്ങളേയും വേഡ് പ്രോസസിങ്ങിൽ അനായാസം കൈകാര്യം ചെയ്യാമെന്ന് രചനയുടെ പ്രവർത്തകർ ചൂണ്ടിക്കാട്ടി. ഈ നിർദേശങ്ങൾ പിൻവലിച്ചുകൊണ്ടും ചർച്ചയിൽ ഉയർന്നുവന്ന പല നിർദേശങ്ങൾ കൂട്ടിച്ചേർത്തുമാണ് ഒടുവിൽ സ്റ്റൈൽപുസ്തകം അന്തിമമാക്കിയത്. ആദ്യഘട്ടത്തിലേതിൽനിന്ന് വ്യത്യസ്തമായി ഇത്തവണ ചർച്ചയ്ക്കുള്ള അവസരമൊരുക്കിയിരുന്നു എന്നത് തീർച്ചയായും നല്ല കാര്യമാ യിരുന്നു.

പുതിയ സ്റ്റൈൽ പുസ്തകത്തിൽ ഏഴ് അടിസ്ഥാനതത്വങ്ങളെ അടിസ്ഥാനമാക്കിയായി രുന്നു മാനകീകരണതത്വങ്ങൾ രൂപപ്പെടുത്തിയത്. അവ ചുവടെ നൽകുന്നു.

1. ചിഹ്നങ്ങളുടെ എണ്ണം ആവുന്നത്ര കുറയ്ക്കുക.

2. ഉച്ചാരണവുമായുള്ള ബന്ധം ഉറപ്പിക്കുക.

3. ആവൃത്തി കൂടുതലുള്ള കൂട്ടക്ഷരങ്ങളെ എഴുതാനുള്ള സൗകര്യം കണക്കിലെടുത്ത് പിരിച്ചെഴുതാതെ കൂട്ടക്ഷരങ്ങളായി നിലനിർത്തുക.

4. മറ്റു ഭാഷകളുടെ വ്യാകരണനിയമങ്ങൾക്ക് മുൻതൂക്കം നൽകാതെ അടിസ്ഥാനപരിഗണന മലയാളത്തിന് നൽകുക.

5. അച്ചടിയുടെയും മറ്റു സാങ്കേതികവിദ്യകളുടെയും ആവശ്യങ്ങൾകൂടി പരിഗണിച്ച് മാനകരൂപം ഉറപ്പിക്കുക.

6. പഠിതാക്കളുടെ പ്രശ്നങ്ങൾ ലഘൂകരിക്കുക.

7. ലാളിത്യത്തിന് ഊന്നൽ നൽകുക.

ലേഖനവ്യവസ്ഥയിൽ ഐകരൂപ്യം വരുത്താൻവേണ്ട നിർദേശങ്ങൾ, ചിഹ്നനത്തിനുള്ള നിർദേശങ്ങൾ, അകലമിടലിനുള്ള നിർദേശങ്ങൾ, പദവിഭജനം നടത്തേണ്ടിവരുമ്പോൾ അതിനുള്ള നിർദേശങ്ങൾ എന്നിവയാണ് സ്റ്റൈൽ പുസ്തകത്തിലെ പ്രധാന ഉള്ളടക്കം. വിവാദങ്ങൾ ഉയർന്നതുകൊണ്ടുതന്നെ മാനകീകരണത്തിനായി കൊണ്ടുവന്ന ഈ നിർദേശങ്ങൾ ശ്രദ്ധിക്കപ്പെടാതെപോയി എന്നതാണ് വസ്തുത. അധ്യായം രണ്ടിൽ ചൂണ്ടിക്കാണിച്ചതുപോലെ പല പ്രസാധകരും അവരവരുടേതായ സ്റ്റൈൽ പുസ്തകങ്ങൾ ഉപയോഗിക്കുന്ന രീതിയാണ് ഇപ്പോൾ നിലവിലുള്ളത്. സർക്കാരിന്റെ ഭാഗത്തുനിന്നുതന്നെ വ്യത്യസ്ത സ്റ്റൈൽബുക്കുകൾ ഉണ്ടായിവരുന്നത് ഒരുതരത്തിലും ആശാസ്യമല്ല. ഭാഷയിലെ മാനകീകരണം, സാങ്കേതികപദങ്ങൾ തുടങ്ങിയ കാര്യങ്ങൾക്ക് ജനകീയചർച്ചകളെ അടിസ്ഥാനമാക്കി അന്തിമതീരുമാനമെടുക്കാനുള്ള ഒരു അതോറിറ്റി ഉണ്ടാവണം. പാഠപുസ്തക നിർമാണത്തിനാവശ്യമായ പദങ്ങൾ എസ്. സി. ഇ. ആർ. ടി. ഉറപ്പിക്കുന്നതും പി. എസ്. സി. ചോദ്യപേപ്പർ മലയാളത്തിൽക്കൂടി ലഭ്യമാക്കാനാവശ്യമായ സാങ്കേതികപദങ്ങളെക്കുറിച്ച് പി. എസ്. സി. തീരുമാനിക്കാൻ ശ്രമിക്കുന്നതും മറ്റും ഏകീകരണത്തിലേക്കല്ല നയിക്കുക.

# 4.8 പരിണിതിയും പ്രതിസന്ധിയും

## 4.8.1 ആന്തരിക കാരണങ്ങൾ

ഭാഷയുടെ സർവതോമുഖമായ വികാസം ലക്ഷ്യമാക്കി അമ്പത്തിയഞ്ച് വർഷം മുമ്പ് രൂപം നൽകിയ ഇൻസ്റ്റിറ്റ്യൂട്ട് അതിന്റെ ലക്ഷ്യം നിറവേറ്റുന്നതിൽ എന്തു പങ്കുവഹിച്ചു–അത് വിജയമോ, പരാജയമോ എന്ന ചോദ്യത്തിന് അതെ എന്നോ അല്ല എന്നോ നിർണയിക്കൽ ഈ പ്രബന്ധത്തിന്റെ ലക്ഷ്യമല്ല. മറിച്ച്, ഭാഷാചരിത്രത്തിലും ഭാഷാവികാസത്തിലും അതെങ്ങനെ അടയാളപ്പെടുത്തപ്പെട്ടുവെന്ന് സൂക്ഷ്മാംശത്തിൽ അന്വേഷിക്കുകയാണ് വേണ്ടത്. വിഭാവനം ചെയ്തതും നേടാൻ കഴിഞ്ഞതും നേടാൻ കഴിയാതെ പോയതും എന്തൊക്കെയെന്നും, അവയ്ക്കുപുറകിലുള്ള കാരണങ്ങൾ എന്തൊക്കെയെന്നും പരിശോധിക്കണം. പഠനകാലയളവായ ആദ്യദശകം കഴിഞ്ഞതിനുശേഷം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനരീതികളിലും ലക്ഷ്യങ്ങളിലും പോസിറ്റീവായോ നെഗറ്റീവായോ എന്തെങ്കിലും തരത്തിലുള്ള വ്യതിയാനങ്ങൾ ഉണ്ടായിട്ടുണ്ടോ, ഉണ്ടെങ്കിൽ അവ തമ്മിലുള്ള പാരസ്പര്യവും പൊരുത്തക്കേടുകളും എന്തൊക്കെയെന്നും അപഗ്രഥിക്കേണ്ടതുമുണ്ട്.

പരിമിതികൾ ഉള്ളതായിരുന്നെങ്കിലും ഒന്നേമുക്കാൽ ലക്ഷത്തോളം സാങ്കേതികപദങ്ങളുടെ നിർമാണം, മറ്റ് ഇന്ത്യൻ ഭാഷകൾക്കുതന്നെ മാതൃകയായി സ്വീകരിക്കാവുന്ന വൈജ്ഞാനികപുസ്തക നിർമാണപദ്ധതി, അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയെ അഭിസംബോധന ചെയ്യുന്ന പ്രത്യേക തൊഴിൽദാനപദ്ധതി എന്നിങ്ങനെ പ്രവർത്തനങ്ങൾ ചൂടുപിടിച്ചുവരുന്ന ഘട്ടത്തിലാണ് രണ്ട് വലിയ പ്രതിസന്ധികൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുന്നിലെത്തുന്നത്. ഏതൊരു സാഹചര്യത്തെ മുൻനിർത്തിയാണോ സ്ഥാപനത്തിന് രൂപം നൽകിയത് ആ സാഹചര്യം ഒരു മിഥ്യാദർശനമായിരുന്നു എന്ന തിരിച്ചറിവാണ് ആദ്യത്തേത്. അഖിലേന്ത്യാതലത്തിലും സംസ്ഥാനതലത്തിലും സർവകലാശാലാതലത്തിലും തീരുമാനങ്ങൾ കൈക്കൊണ്ടെങ്കിലും അധ്യയനമാധ്യമമാറ്റം യാഥാർത്ഥ്യമായില്ല. താൽപ്പര്യമുള്ള വിദ്യാർത്ഥികൾക്കായി പ്രത്യേകബാച്ച് അനുവദിച്ച് ഭാഗികമായെങ്കിലും മാറ്റത്തിനുള്ള കളമൊരുക്കാൻ സർവകലാശാലകളെ പ്രേരിപ്പിച്ചെങ്കിലും അതുപോലും യാഥാർത്ഥ്യമായില്ല.

അധ്യാപകരെയും വിദ്യാർത്ഥികളെയും തയ്യാറാക്കാനുള്ള നൂറുകണക്കിന് മാതൃകാക്ലാസുകൾ, സർവകലാശാലാപ്രതിനിധികൾ ഉൾപ്പെടെ പരിശോധിച്ച് അച്ചടിച്ച് തയ്യാറാക്കിയ പാഠപുസ്തകങ്ങൾ, വൈവിധ്യമാർന്ന വിഷയമേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള

വിപുലമായ പുസ്തകനിർമാണപദ്ധതി ഇവയെല്ലാം പാഴായി എന്ന തോന്നൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് നൽകിയ പുറകോട്ടടി വലിയതായിരുന്നു. അടിയന്തിരസാഹചര്യത്തെ മുൻനിർത്തി, ഓഫീസ് സമയമെന്ന ചിട്ടവട്ടങ്ങളെയെല്ലാം മാറ്റിനിർത്തി നടത്തിയ തീവ്രമായ പ്രവർത്തനങ്ങൾ നടക്കാനിടയില്ലാത്ത ഒന്നിനുവേണ്ടിയായിരുന്നു എന്ന തിരിച്ചറിവ് അതിലേർപ്പെട്ടവർക്ക് നിരാശ നൽകിയിരിക്കണം.

സർവകലാശാലാനിലവാരത്തിലുള്ള വൈജ്ഞാനികഗ്രന്ഥങ്ങളുടെ നിർമിതിയിലൂടെ ഭാഷയുടെ വൈജ്ഞാനികപദവി ഉയർത്തുകയെന്ന പ്രാഥമികലക്ഷ്യത്തിൽനിന്നാണ് ഇവിടെ വ്യതിചലനം സംഭവിക്കുന്നത്. അതോടെ, നേരത്തേ വിഭാവനംചെയ്ത പുസ്തകങ്ങളുടെ തുടർപ്രവർത്തനങ്ങൾ മന്ദഗതിയിലായി. നിരന്തരമായി പുതുക്കി വിപുലപ്പെടുത്തിക്കൊണ്ടിരുന്ന പുസ്തകലിസ്റ്റിനെ കയ്യൊഴിയുകയും ചെയ്തു. കിട്ടിയ അഭിപ്രായങ്ങളെ പ്രയോജനപ്പെടുത്തിയും വൈദഗ്ധ്യമുള്ളവരിൽനിന്ന് ബോധപൂർവം അഭിപ്രായം ശേഖരിച്ചും സാങ്കേതികപദാവലിയിൽ മാറ്റങ്ങൾ വരുത്തുകയെന്ന പ്രധാനമായ ദൗത്യവും ഉപേക്ഷിക്കപ്പെട്ടു. നേരത്തേ ചൂണ്ടിക്കാണിച്ചതുപോലെ ക്ലാസ്മുറിയിലെ വിനിമയത്തിലൂടെ വേണമായിരുന്നു സാങ്കേതികപദങ്ങളെ ചേറിക്കൊഴിക്കാൻ. സി.എസ്.ടി.ടി. യുടെ ശബ്ദാവലിയിൽ ഇല്ലാത്തതിനാൽ ഒന്നാം പതിപ്പിലേക്ക് കടന്നുവരാത്ത ആയിരക്കണക്കിന് സാങ്കേതികപദങ്ങൾ പുറത്തുണ്ടായിരുന്നു. അവയെ കണ്ടെത്തി നിയതാർത്ഥത്തിൽ ഭാഷയിൽ വ്യവസ്ഥപ്പെടുത്തേണ്ട ചുമതല ഇതിനുപുറമേയായിരുന്നു. അതൊന്നും നടന്നില്ല.

*ഭരണശബ്ദാവലി*ക്കുപുറമേ *എൻജിനീയറിങ് ശബ്ദാവലി* മാത്രമേ ആദ്യദശകത്തിൽ പരിഷ്കരിക്കുകയും പുനഃപ്രസിദ്ധീകരിക്കുകയും ചെയ്തുള്ളൂ. രണ്ടാം ദശകത്തിലും ശബ്ദാവലികളുടെ പ്രസിദ്ധീകരണം ഏറെ നടന്നില്ല. *ഭരണശബ്ദാവലി*ക്കുപുറമേ *വിജ്ഞാനശബ്ദാവലി*യും *സാഹിത്യശബ്ദാവലി*യുമാണ് ഇക്കാലയളവിൽ പ്രസിദ്ധീകരിക്കപ്പെട്ടത്. 1969 ലും 1971 ലും പുറത്തിറക്കിയ *വിജ്ഞാനശബ്ദാവലി*യുടെ രണ്ടു വാല്യങ്ങൾ കൂട്ടിച്ചേർത്ത് പരിഷ്കരിക്കുവാൻ 1987 വരെ കാത്തുനിൽക്കേണ്ടിവന്നു. രണ്ടാം പതിപ്പിന്റെ ആമുഖത്തിൽ കാണുന്ന, 'ഈ രണ്ടു വാല്യങ്ങളും കൂട്ടിച്ചേർത്ത് ഒറ്റ വാല്യമായി പ്രസിദ്ധീകരിക്കുവാനുള്ള ശ്രമങ്ങൾ അന്നേ തുടങ്ങിയെങ്കിലും ആ പ്രവർത്തനത്തിന്റെ പുരോഗതിക്കിടയിൽ പല പ്രതിബന്ധങ്ങളും ഉണ്ടായി' എന്ന വാചകത്തിൽ ഈ പ്രതിസന്ധിയുടെ ആഴമുണ്ട്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അഭിമാനമെന്ന നിലയിൽ ഉയർത്തിക്കാട്ടിയിരുന്നതും ആദ്യമായി പ്രസിദ്ധീകരിച്ചതുമായ ഗ്രന്ഥത്തിന്റെ ഗതിയാണിത്. *ഭരണശബ്ദാവലി*യല്ലാതെ മറ്റുപദകോശങ്ങളിലേക്ക്

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് കടന്നുചെല്ലാൻ 2010 വരെ കാത്തുനിൽക്കേണ്ടിവന്നു. പുസ്തകങ്ങളിലെയും *വിജ്ഞാനകൈരളി*യിലെയും ഉള്ളടക്കത്തിൽ രണ്ടാം ദശകത്തോടെ കാണപ്പെട്ട ശാസ്ത്ര–സാമൂഹ്യശാസ്ത്രമേഖലകളിൽനിന്ന് ഭാഷാരംഗത്തേക്കുള്ള ചായ്‌വും ഇതോടുബന്ധപ്പെട്ടതുതന്നെ.

രണ്ടാമത്തെ ഘടകം സാമ്പത്തികമായിരുന്നു. വളരെ പ്രതീക്ഷയോടെ തുടക്കമിട്ട പ്രത്യേക തൊഴിൽദാനപദ്ധതി ഏതാനും മാസങ്ങൾകൊണ്ട് അവസാനിപ്പിക്കേണ്ടിവന്ന കാര്യം കഴിഞ്ഞ അധ്യായത്തിൽ വിശദീകരിച്ചതാണ്. ഒരു കോടി രൂപ പ്രയോജനപ്പെടുത്താൻ പ്രതീക്ഷിച്ച പദ്ധതിയ്ക്ക് 6.29 ലക്ഷം രൂപ മാത്രമേ ലഭിച്ചുള്ളൂ. കണ്ടെത്തിയ മിടുക്കരായ എഴുത്തുകാരെ ഉപയോഗപ്പെടുത്താൻ കഴിയാതെ പോയി. അതേ കാലയളവിൽത്തന്നെയാണ് മുഖ്യപദ്ധതിക്കുള്ള വിഭവത്തിലും വെട്ടിക്കുറവ് എന്ന പ്രശ്നം ഉടലെടുത്തത്. പ്രാദേശികമായ പ്രത്യേകതകൾക്കനുസരിച്ച് പദ്ധതിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താനുള്ള സ്വാതന്ത്ര്യം ലഭിക്കാതെ പോവുകയെന്നത് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഒരു പൊതു പരിമിതിയാണ്. പ്രവർത്തനങ്ങൾ തുടങ്ങിവരുമ്പോഴേക്കും ഫണ്ട് വെട്ടിക്കുറയ്ക്കുക, പദ്ധതി തുടങ്ങിവെക്കുകയല്ലാതെ അവ മുന്നോട്ട് കൊണ്ടുപോവാനുള്ള സംവിധാനങ്ങൾ വിഭാവനം ചെയ്യാതിരിക്കുകയോ ഉറപ്പാക്കാതിരിക്കുകയോ ചെയ്യുക എന്നിങ്ങനെ എല്ലാ പൊതു പദ്ധതികൾക്കുമുണ്ടാവുന്ന പരിമിതികൾ വേറെയുമുണ്ട്. ഇത്തരം പദ്ധതികൾ തുടർന്നുപോവുന്നതിനുള്ള സാമ്പത്തികശേഷി സംസ്ഥാനസർക്കാരുകൾക്ക് പരിമിതവുമായിരിക്കും.

നാലാം പദ്ധതിയിലുൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാന സെക്ടറിൽ ആരംഭിച്ച ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചെലവിൽ നാൽപ്പതുശതമാനം കേന്ദ്രസർക്കാരും അറുപത് ശതമാനം സംസ്ഥാന സർക്കാരും വഹിക്കുന്ന തരത്തിലായിരുന്നു വിഭാവനം ചെയ്തത്. പ്രാദേശിക ഭാഷകളിൽ പാഠപുസ്തകങ്ങളുണ്ടാക്കാനുള്ള ആറു വർഷത്തേക്കുള്ള കേന്ദ്ര സ്കീം പ്രയോജനപ്പെടുത്തി പ്രവർത്തിക്കുന്നതിന് പിന്നീട് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനെ സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തുകയാണുണ്ടായത്. വ്യവസ്ഥയനുസരിച്ച് പുസ്തകവിൽപ്പനയിലൂടെ ലഭിക്കുന്ന തുക പ്രത്യേക എക്കൗണ്ടിൽ റിവോൾവിങ്ങ് ഫണ്ടായി [38] മാറ്റണം. അതിലെ നിശ്ചിത ശതമാനം തുക പുതിയ പുസ്തകങ്ങളുടെ നിർമാണത്തിന് ഉപയോഗിക്കാം. അവ വിറ്റുകിട്ടുന്ന മുറയ്ക്ക് ആ പണവും റിവോൾവിങ്ങ് ഫണ്ടിലേക്ക് മാറ്റണം. പുസ്തകനിർമാണച്ചെലവിന്റെ അഞ്ചു ശതമാനം തുക ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണപരമായ ചെലവുകൾക്ക് ഉപയോഗിക്കാം. ഇതാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സാമ്പത്തികരീതി. ആദ്യമുണ്ടായ ആശങ്ക കേന്ദ്രത്തിന്റെ ചെലവുചുരുക്കലിന്റെ ഭാഗമായി അതിനകം കിട്ടിക്കഴി

ഞ്ഞിരുന്ന അറുപത്തിയാറ് ലക്ഷം രൂപ കഴിച്ചുള്ള തുക ലഭിക്കില്ലെന്നാണ്. 'ഇത്രയും തുക ചെലവഴിച്ച് ഇത്രയും പ്രവർത്തനം നടത്തിയശേഷം' അത് വേണ്ടെന്ന് കേന്ദ്ര സർക്കാരിനും കേരള സർക്കാരിനും തോന്നുന്നതിനെ 'മഹാകഷ്ട'മെന്നാണ് മലയാള മനോരമ മുഖപ്രസംഗത്തിൽ വിശേഷിപ്പിച്ചത്. ഭാഷയ്ക്ക് മുതൽക്കൂട്ടാവുന്ന നിലവാരമുള്ള പുസ്തകങ്ങൾ എന്ന നിലയിൽ ഇവയുടെ വിൽപ്പനയല്ല, വിതരണമാണ് നടക്കേണ്ടതെന്നും അതിനാൽ പുസ്തകം സൗജന്യമായി വിതരണം ചെയ്യാൻ കഴിയുംവിധത്തിൽ ഗ്രാന്റായി പണം നൽകുന്നതിന് സർക്കാർ തയ്യാറാവണമെന്നും മനോരമ ചൂണ്ടിക്കാട്ടി. ("ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സ്തംഭനം").

പിന്നീട്, നേരത്തേ സൂചിപ്പിച്ചതുപോലെ ബാക്കിവന്ന തുക അടുത്ത പദ്ധതിക്കാലത്ത് ചെലവഴിക്കാനുള്ള അനുമതിയായി (നാലാംപദ്ധതിക്കാലത്ത് ഉപയോഗിക്കാനാവാതെ വന്ന തുക- unutilised balance carried over from the fourth plan period- ലഭിക്കും). അഞ്ചാം പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകാനായി സമർപ്പിച്ചിരുന്ന പദ്ധതി അംഗീകരിക്കപ്പെടാതെ പോയി. നടന്നുവന്ന പ്രവർത്തനങ്ങളുടെ സത്ത നഷ്ടപ്പെടുന്നൊരു സ്ഥിതിയായിരുന്നു അത്. ആ അവസരത്തിലാണ് ആൾശേഷിയിൽ കടുത്ത വെട്ടിക്കുറയ്ക്കലുകൾ നടന്നത്. സംവിധാനം തകരാതെ നിലനിർത്താനായി കൃഷിപുസ്തക കോർണർ തുടങ്ങിയ ആശയങ്ങളിലേക്ക് പോവുന്നതും ഈ ഘട്ടത്തിലാണ്.

1974 മാർച്ച് 25 ന് കൂടിയ ഭരണസമിതിയോഗം അഞ്ചാം പദ്ധതിക്കാലത്ത് കേന്ദ്രസഹായം കിട്ടില്ലെന്ന സാഹചര്യത്തെ വിലയിരുത്തുകയും ആൾശേഷിയിൽ വലിയതോതിൽ കുറവുവരുത്താനുള്ള തീരുമാനങ്ങളെടുക്കുകയും ചെയ്തു. വിവിധ സർക്കാർ വകുപ്പുകളിൽനിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അക്കാദമിക് വിഭാഗത്തിൽ പ്രവർത്തിക്കുന്നവരെ അവരുടെ മാതൃവകുപ്പുകളിലേക്ക് ഉടൻ തിരിച്ചയയ്ക്കാനായിരുന്നു ഒരു തീരുമാനം. കരാറടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവരുടെ കരാർ പുതുക്കുന്നതു സംബന്ധിച്ച ചില മാർഗനിർദേശങ്ങളും യോഗം രൂപപ്പെടുത്തി. സീനിയർ പബ്ലിക്കേഷൻ ഓഫീസറുടെ തസ്തിക ഇല്ലാതാക്കി അസിസ്റ്റന്റ് സൂപ്രണ്ടിന്റെ ഗ്രേഡിലുള്ള പബ്ലിക്കേഷൻ ഓഫീസറുടെ തസ്തിക സൃഷ്ടിക്കുക, ജൂനിയർ പബ്ലിക്കേഷൻ ഓഫീസറുടെ തസ്തിക ഇല്ലാതാക്കുക, അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെയും ഫിനാൻഷ്യൽ അസിസ്റ്റന്റിന്റെയും തസ്തികകൾ ഡൗൺഗ്രേഡ് ചെയ്യുക, സൂപ്രണ്ട് പോസ്റ്റ് ഇല്ലാതാക്കുക തുടങ്ങി നിരവധി തീരുമാനങ്ങൾ ഈ യോഗം കൈക്കൊള്ളുകയുണ്ടായി. പരിഷ്കാരങ്ങൾക്കുശേഷം ഭൗതികശാസ്ത്രവിഭാഗം വലിയ പരിക്കുകളുള്ളതായി മാറുമെന്നും യോഗ്യതയുള്ള റിസർച്ച് ഓഫീസറുടെ സേവനം പല വിഷയമേഖലകൾക്കും ഇല്ലാതാകുമെന്നും യോഗമിനുട്സിൽ

രേഖപ്പെടുത്തിയിട്ടുണ്ട്. കേന്ദ്രഫണ്ട് കിട്ടാതായ വേളയിൽ സംസ്ഥാനസർക്കാരിന്റെ സാമ്പത്തികപിന്തുണയിലാണ് ഇൻസ്റ്റിറ്റ്യൂട്ടിന് പിടിച്ചുനിൽക്കാൻ കഴിഞ്ഞത്.

ഇൻസ്റ്റിറ്റ്യൂട്ടിൽ 1970, 1973, കാലത്ത് നിലവിലുണ്ടായിരുന്ന തസ്തികവിന്യാസവും തസ്തിക ചുരുക്കലിനെത്തുടർന്ന് അത് എപ്രകാരം മാറിയെന്ന് 1978 ലെ കണക്കും പട്ടികയായി ചുവടെ നൽകുന്നു. അക്കാദമികവിഭാഗത്തിനെയാണ് തസ്തികകുറയ്ക്കൽ ബാധിച്ചതെന്ന് കാണാം. അക്കാദമികവിഭാഗത്തിനും ഭരണവിഭാഗത്തിനും പുറമേ വിജ്ഞാനമുദ്രണം പ്രസ്സിലെ ജീവനക്കാരാണ് മറ്റൊരു വിഭാഗം. ഇവരിൽ ഭൂരിഭാഗവും ഫോർമാൻ, അസിസ്റ്റന്റ് ഫോർമാൻ, വെയർഹൗസ്മാൻ, കമ്പ്യൂട്ടർ, ടൈം കീപ്പർ, വാച്ചർ, ഗേറ്റ്കീപ്പർ, യു. ഡി. ക്ലർക്ക്, കമ്പോസിറ്റർമാർ, കോപ്പി ഹോൾഡർമാർ, പ്രിന്റർമാർ, ബൈൻഡർമാർ, ഗാലി പ്രസ്മാൻ, ലസ്കാർ എന്നിങ്ങനെ പ്രസ് നടത്തിപ്പിനുള്ള സാങ്കേതികവിഭാഗം ജീവനക്കാരായിരുന്നു. [39]

| നമ്പർ | തസ്തിക | ശമ്പള സ്കെയിൽ 1970 ലേത് | എണ്ണം 1970 | എണ്ണം 1973 | എണ്ണം 1978 |
|---|---|---|---|---|---|
| | **അക്കാദമിക് വിഭാഗം** | | | | |
| 1 | ഡയറക്ടർ | 1800 | 1 | 1 | 1 |
| 2 | അസിസ്റ്റന്റ് ഡയറക്ടർമാർ | 1100–1500 | 5 | 5 | 1 |
| 3 | സീനിയർ റിസർച്ച് ഓഫീസർ | 700–1250 | 7 | 4 | 2 |
| 4 | ജൂനിയർ റിസർച്ച് ഓഫീസർ | 400–950 | 12 | 26 | 15 |
| 5 | എഡിറ്റോറിയൽ അസിസ്റ്റന്റ് | | | 5 | 6 |
| 6 | സീനിയർ പബ്ലി. ഓഫീസർ | | | 1 | |
| 7 | പബ്ലിക്കേഷൻ ഓഫീസർ | | | | 1 |
| 8 | സെയിൽസ് ഓഫീസർ | | | | 1 |
| 9 | സബ് എഡിറ്റർമാർ | | | 4 | 3 |
| 10 | ലൈബ്രേറിയൻ | 250–500 | 1 | 1 | 1 |
| 11 | ലൈബ്രറി അസിസ്റ്റന്റ് | 90–160 | 1 | 1 | |
| 12 | ആർട്ടിസ്റ്റ് | 300–500 | 1 | 1 | 1 |
| 13 | ജൂനിയർ പബ്ലിക്കേഷൻ ഓഫീസർ | | | 1 | |

| | | | | | |
|---|---|---|---|---|---|
| 14 | പ്രൂഫ് റീഡർ | | | | 2 |
| | **ആകെ** | | **28** | **50** | **34** |
| | **ഭരണവിഭാഗം** | | | | |
| 1 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 800–1100 | 1 | 1 | 1 |
| 2 | ഫിനാൻഷ്യൽ അസിസ്റ്റന്റ് | 550–800 | 1 | 1 | 1 |
| 3 | ഓഫീസ് സൂപ്രണ്ട് | 250–500 | 1 | 1 | 1 |
| 4 | യു. ഡി. ക്ലാർക്ക് | 130–250 | 1 | 1 | 3 |
| 5 | എൽ. ഡി. ക്ലാർക്ക് | 90–160 | 2 | 1 | 4 |
| 6 | സ്റ്റെനോ–ടൈപ്പിസ്റ്റ് (മലയാളം) | 90–250 | 1 | 4 | |
| 7 | സ്റ്റെനോ–ടൈപ്പിസ്റ്റ് (ഇംഗ്ലീഷ്) | 90–250 | 1 | | |
| 8 | സ്റ്റെനോ ടൈപ്പിസ്റ്റ് ഗ്രേഡ് 1 | | | | 2 |
| 9 | സ്റ്റെനോ ടൈപ്പിസ്റ്റ് ഗ്രേഡ് 2 | | | | 2 |
| | എൽ. ഡി. ടൈപ്പിസ്റ്റ് | | | | 1 |
| 10 | കാഷിയർ | 250–500 | 1 | 1 | 1 |
| 11 | അക്കൗണ്ടന്റ് (അസി. കാഷിയർ) | 190–300 | 1 | 1 | |
| 12 | റോണിയോ ഓപ്പറേറ്റർ | 80–160 | 1 | 1 | |
| 13 | ഡ്രൈവർ | 80–150 | 1 | 2 | |
| 14 | പ്യൂൺ | 60–100 | 5 | 8 | 7 |
| 15 | നൈറ്റ് വാച്ച്മാൻ | 60–100 | 1 | | 1 |
| 16 | സ്വീപ്പർ | 60 | 1 | | 1 |
| 17 | മോട്ടോർ സൈക്കിൾ ഓർഡർലി | | | 1 | |
| 18 | സ്റ്റോർ കീപ്പർ | | | 1 | |
| 19 | സീനിയർ ഗ്രേഡ് അസിസ്റ്റന്റ് | | | 1 | 2 |
| 20 | ജൂനിയർ ഗ്രേഡ് അസിസ്റ്റന്റ് | | | | 1 |
| 21 | പി. എ. ടു ദി ഡയറക്ടർ | | | 1 | |
| 22 | ക്ലറിക്കൽ അറ്റൻഡർ | | | 1 | 1 |
| 23 | ബൈൻഡർ കം അറ്റൻഡർ | | | 1 | 1 |
| | **ആകെ** | | **19** | **28** | **30** |

| | **വിജ്ഞാനമുദ്രണം പ്രസ്** | | | | |
|---|---|---|---|---|---|
| 1 | ഭരണവിഭാഗം | | | 6 | 5 |
| 2 | സാങ്കേതികവിഭാഗം | | | 59 | 71 |
| | **ആകെ** | | | **65** | **76** |

പട്ടിക 4.16: ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ അക്കാദമികവിഭാഗം, ഭരണ വിഭാഗം എന്നിവയിലെ സ്റ്റാഫ് നില 1970, 1973, 1978 വർഷങ്ങളിൽ, വിജ്ഞാനമുദ്രണം പ്രസ്സിലെ സ്റ്റാഫ് നില 1978 ൽ

ഈ രണ്ട് പ്രശ്നങ്ങളും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളുടെ താളംതെറ്റിക്കുന്നവയായിരുന്നു. രണ്ടാം ദശകത്തിൽ ചെറിയതോതിൽ കണ്ടുതുടങ്ങിയ പ്രവണതകൾ പിന്നീട് വർധിച്ചുവന്നു.

ലക്ഷ്യബോധം ഇല്ലാതായതിനാൽ പിന്നീടുള്ള ദശകങ്ങളിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് സംഭവിച്ച പ്രധാന പ്രശ്നം അതിന്റെ പരിപ്രേക്ഷ്യവും കർമപരിപാടിയും പുതുക്കാൻ ശ്രമിച്ചില്ല എന്നതാണ്. നേരത്തെ വിഭാവനംചെയ്ത പരിപാടികൾ നടപ്പിലാക്കാനാവില്ലെന്ന് കാണുമ്പോൾ പുതിയ രീതിയിൽ അതിനെ എങ്ങനെ മുന്നോട്ടുകൊണ്ടുപോവാമെന്ന ബൗദ്ധികാന്വേഷണങ്ങൾ (Brainstorming) ഉണ്ടായില്ല. മുകളിൽ സൂചിപ്പിച്ച പ്രതിസന്ധികൾ നേരിട്ടിട്ടില്ലായിരുന്നെങ്കിൽപ്പോലും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വഴികളിൽ നവീകരണം കാലം ആവശ്യപ്പെടുന്നുണ്ടായിരുന്നു. 1900 വരെയുള്ള കാലഘട്ടത്തിൽ ഒരുനൂറ്റാണ്ടുകൊണ്ടായിരുന്നു വിജ്ഞാനം ഇരട്ടിച്ചിരുന്നതെങ്കിൽ 1982 ആവുമ്പോഴേക്കും അത് പന്ത്രണ്ടോ പതിമൂന്നോ വർഷങ്ങൾകൊണ്ട് ഇരട്ടിക്കുന്ന സ്ഥിതിയിലേക്ക് വരുന്നുണ്ട് (Cole). പഴയ അറിവുകൾ പലതും അപ്രസക്തമാവുകയോ, പൂർണമായും പുതുക്കിയെഴുതപ്പെടുകയോ ചെയ്യുന്നു എന്നത് മാത്രമല്ല ഇതിന്റെ അനന്തരഫലം. വൈജ്ഞാനികരംഗത്ത് അതിവേഗം വളരുന്ന അതിസൂക്ഷ്മതലത്തിലുള്ള വിശേഷവൽക്കരണ(specialization)വും നൂറുകണക്കിന് പുതുവിഷയമേഖലകളുടെ ആവിർഭാവവും അതോടൊപ്പമുണ്ടായിരുന്നു. വൈജ്ഞാനികരംഗത്ത് മൂലധനത്തിന് കൈവന്ന ആധിപത്യം, ആഗോള വൈജ്ഞാനികഭാഷകളുടെ രംഗത്തുണ്ടായിക്കൊണ്ടിരുന്ന മാറ്റങ്ങൾ എന്നിങ്ങനെയുള്ള നിരവധി ഘടകങ്ങൾ വേറെയുമുണ്ടായിരുന്നു. ഇവയെയെല്ലാം പരിഗണിക്കേണ്ടതും പരിശോധിക്കേണ്ടതുമുണ്ടായിരുന്നു. ആഗോള വൈജ്ഞാനികരംഗത്ത് സംഭവിച്ച സർവതലസ്പർശിയായ മാറ്റങ്ങളെ[40] അഭിസംബോധന

ചെയ്യാൻ അപ്പോഴെന്നല്ല, ഇപ്പോഴും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറായിട്ടില്ല. ഈ മാറ്റത്തെ പരിഗണിച്ചുകൊണ്ടേ ഭാഷയെ വൈജ്ഞാനികഭാഷയായി പരിവർത്തിപ്പിക്കാനുള്ള ശ്രമങ്ങൾ ഫലപ്രാപ്തിയിലെത്തൂ.

അക്കാദമികസമൂഹവുമായി കാത്തുസൂക്ഷിച്ചിരുന്ന ബന്ധങ്ങളിലുണ്ടായ വിള്ളലുകൾ മറ്റൊരു പ്രധാന പ്രശ്നമാണ്. കേരളത്തിലെ അക്കാദമികസമൂഹത്തിന്റെ ഒരു പരിച്ഛേദം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനകത്തുണ്ടായിരുന്നു എന്നതുമാത്രമല്ല ആദ്യകാലത്തിന്റെ പ്രത്യേകത. അതോടൊപ്പം, പുറത്തുണ്ടായിരുന്ന വലിയൊരു വിഭാഗവുമായി നിരന്തരമായ ബന്ധം പുലർത്താൻ ആദ്യകാലത്ത് കഴിഞ്ഞിരുന്നു. എൻ.വി.യെപ്പോലൊരു ബഹുമുഖ പണ്ഡിതന്റെ നേതൃത്വവും സൗഹൃദവലയവും, അതത് മേഖലകളിൽ ഇൻസ്റ്റിറ്റ്യൂട്ടിനകത്തുണ്ടായിരുന്ന വിദഗ്ധരുടെ വിപുലമായ ബന്ധങ്ങളും പുറത്തുള്ള അക്കാദമിക സമൂഹത്തെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുമായി അടുപ്പിച്ചുനിർത്തുന്നതിൽ വലിയ പങ്കുവഹിച്ചു. നിരന്തരമായ സെമിനാറുകളിലെയും ചർച്ചകളിലെയും പങ്കാളികളായും പുസ്തകമെഴുത്തുകാരായും പരിഭാഷകരായും അവർ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനൊപ്പമുണ്ടായിരുന്നു. ഒരുതരത്തിലുള്ള കൊടുക്കൽ വാങ്ങൽ (give and take) പ്രക്രിയ– അതായിരുന്നു ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കരുത്ത്. വിഷയമേഖലകളെ കേന്ദ്രീകരിച്ച് സംസ്ഥാനതലത്തിലുള്ള അക്കാദമികളുടെ രൂപീകരണവും അവയുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങളുമൊക്കെ ഈ ഊട്ടുറ്റ ബന്ധത്തിൽനിന്നാണ് പിറക്കുന്നത്. ഔപചാരികമായ ബന്ധങ്ങൾക്കപ്പുറത്ത് നിലനിന്നിരുന്ന നിരന്തരമായ ഈ അനൗപചാരികബന്ധങ്ങൾ പിൽക്കാലത്ത് കുറഞ്ഞുപോയി.

ചുറ്റുമുള്ളതിനോടെല്ലാം ബന്ധപ്പെട്ട് പ്രവർത്തിക്കേണ്ടതിന്റെ പ്രാധാന്യം, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനുള്ള ഉത്തരവിറങ്ങിയ ഘട്ടത്തിൽത്തന്നെ, *ശാസ്ത്രഗതി* ഗൗരവപൂർവം ചൂണ്ടിക്കാണിക്കുന്നുണ്ട് (പത്രാധിപക്കുറിപ്പ്, "ലാൻഗ്വേജ് ഇൻസ്റ്റിറ്റ്യൂട്ട്" 3). *ശാസ്ത്രഗതി* ചൂണ്ടിക്കാണിക്കുന്നവയിൽ സർവകലാശാലകളാണ് പ്രധാനപ്പെട്ട ഒരിനം. അവിടങ്ങളിലെ വകുപ്പുകളുടെയും അധ്യാപകരുടെയും പിന്തുണനേടൽ പ്രധാനമാണെന്ന് പറയവേ *ശാസ്ത്രഗതി* നടത്തിയ ഒരു പ്രസ്താവന കൗതുകകരമാണ്. 'സ്വതവേ അറുപിന്തിരിപ്പന്മാരാണെങ്കിലും പ്രായോഗികബുദ്ധിയുള്ള സർവകലാശാലാധികൃതർ ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിക്കും' എന്ന നിരീക്ഷണമാണത്. സാഹിത്യ അക്കാദമി, ലെക്സിക്കൺ, എൻസൈക്ലോപീഡിയ, മാനുസ്ക്രിപ്റ്റ് ലൈബ്രറി തുടങ്ങിയവയുമായും സുദൃഢമായ ബന്ധം കാത്തുസൂക്ഷിക്കണമെന്ന് അഭിപ്രായപ്പെട്ട പത്രാധിപക്കുറിപ്പ് എല്ലാറ്റിൽനിന്നും അകന്നുനിന്നുകൊണ്ടൊരു സാമ്രാ

ജ്യമുണ്ടാക്കലാകരുത് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലക്ഷ്യമെന്ന് ഓർമിപ്പിക്കുയും ചെയ്യുന്നുണ്ട്. ഇക്കാര്യം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആദ്യകാലപ്രവർത്തനത്തിൽ കാണാനായെങ്കിലും പിൽക്കാലപ്രവർത്തനങ്ങളിൽ ചോർന്നുപോയി.

അക്കാദമികസമൂഹത്തോടുള്ള ബന്ധത്തിൽ കുറവുവരുന്നതോടൊപ്പം പൊതുസമൂഹവുമായുണ്ടായിരുന്ന ബന്ധത്തിലും ഇടർച്ചകൾ വരികയും ഇൻസ്റ്റിറ്റ്യൂട്ട് ഒരുതരത്തിൽ ഒറ്റപ്പെടുകയും തുരുത്തിലാകുകയും ചെയ്യുന്നുണ്ട്. ആദ്യനാളുകളിലെ സെമിനാറുകളുടെയും ക്ലാസ്സുകളുടെയും സംഘാടനത്തിൽ കേരള ശാസ്ത്രസാഹിത്യ പരിഷത്ത് പോലുള്ള ബഹുജനസംഘടനകളുമായി കൈകോർത്തതിനാൽ വലിയതോതിലുള്ള പങ്കാളിത്തം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരിപാടികൾക്കുണ്ടായിരുന്നു (കാ. 3.6). ഔദ്യോഗികസ്ഥാപനവും ബഹുജനസംഘടനകളും ഒന്നിച്ച് നടത്തിയതിനാൽ ഈ പരിപാടികൾക്ക് ഔദ്യോഗികസ്ഥാപനവും ബഹുജനസംഘടനകളും തനിയെ നടത്തുമ്പോൾ അനുഭവപ്പെടുന്ന ദൗർബല്യങ്ങളെ ഒഴിവാക്കാൻ കഴിഞ്ഞിരുന്നു. ആദ്യകാലത്തു നടത്തിയ സെമിനാറുകളും മറ്റുതരത്തിലുള്ള മണ്ണൊരുക്കൽ പരിപാടികളും നിർത്തിവെക്കേണ്ട ഒന്നായിരുന്നില്ല. തുടർച്ചയായ അത്തരം പരിപാടികളിലൂടെ ബഹുജനബന്ധം കാത്തുസൂക്ഷിക്കാനും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആവശ്യകത സമൂഹത്തെ ബോധ്യപ്പെടുത്താനും പ്രവർത്തനങ്ങളിൽ ഒപ്പംനിർത്താനും കഴിയേണ്ടതുണ്ടായിരുന്നു. എന്നാലത് പരിഗണനയിൽ വന്നതേയില്ല.

സാങ്കേതികപദങ്ങളുടെ രംഗത്ത് തുടർച്ചയുണ്ടായില്ല എന്ന വീഴ്ചയോടൊപ്പം ക്രമേണ മറ്റൊരു പ്രശ്നംകൂടി ഉടലെടുത്തു. വൈജ്ഞാനിക-സാഹിത്യ അനുപാതത്തിൽ ഉള്ളടക്കത്തിൽ സംഭവിച്ച മാറ്റമായിരുന്നു അത്. പുസ്തകമേഖലയിലും *വിജ്ഞാനകൈരളി*യിലെ ഉള്ളടക്കത്തിലും രണ്ടാം ദശകത്തിൽത്തന്നെ രൂപപ്പെട്ട സാഹിത്യരംഗത്തേക്കുള്ള വ്യതിയാനം കഴിഞ്ഞ അധ്യായത്തിൽ ചൂണ്ടിക്കാണിച്ചിരുന്നു. *വിജ്ഞാനകൈരളി*യുടെ നാൽപ്പത്തിയൊന്നാം ലക്കത്തിലേക്കെത്തുമ്പോൾ ശാസ്ത്ര-സാമൂഹികശാസ്ത്രങ്ങൾ എത്രമാത്രം പുറന്തള്ളപ്പെട്ടു എന്ന കാര്യവും വിശദീകരിച്ചു (കാ. 4.4). പുസ്തകനിർമാണരംഗവും വിഭിന്നമല്ല. ഇൻസ്റ്റിറ്റ്യൂട്ടിന്റെ അഞ്ചാം ദശകത്തിലുള്ള (2009–2018) പുസ്തകങ്ങളെ പരിശോധിച്ചുനോക്കാം. പുതിയ ടൈറ്റിലുകളായി 1266 പുസ്തകങ്ങളാണ് ഇക്കാലയളവിൽ പുറത്തിറങ്ങിയത്. അവയിലെ വിഷയമേഖലകളുടെ അനുപാതം ഇങ്ങനെയാണ്. ശാസ്ത്രം 279, സാങ്കേതികശാസ്ത്രം 7, ഭാഷ, സാഹിത്യം, കലകൾ 730, സാമൂഹികശാസ്ത്രങ്ങൾ 250.[41]

| വിഷയമേഖല | എണ്ണം 1969–78 | % 1969–78 | എണ്ണം 2009–2018 | % 2009–2018 |
|---|---|---|---|---|
| പ്രകൃതിശാസ്ത്രങ്ങൾ+ ഭൗതിക ശാസ്ത്രങ്ങൾ | 262 | 49.7 | 279 | 22.0 |
| സാങ്കേതികശാസ്ത്രങ്ങൾ | 88 | 16.7 | 7 | 0.6 |
| ഭാഷ,സാഹിത്യം,കല | 40 | 7.6 | 730 | 57.7 |
| സാമൂഹികശാസ്ത്രങ്ങൾ | 137 | 26.0 | 250 | 19.7 |
| **ആകെ** | **527** | **100.0** | **1266** | **100.0** |

പട്ടിക 4.17: ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകങ്ങൾ വിഷയമേഖലകൾക്കനുസരിച്ച്– ഒന്നാം ദശകവും അഞ്ചാം ദശകവും തമ്മിലുള്ള താരതമ്യം

ഒന്നാം ദശകത്തിൽ മൊത്തം പുസ്തകോൽപ്പാദനത്തിന്റെ ഏതാണ്ട് അമ്പതു ശതമാനത്തിനടുത്തുവന്നിരുന്ന ശാസ്ത്രമേഖലയിലെ പ്രസിദ്ധീകരണം അഞ്ചാം ദശകത്തിൽ 22 ശതമാനമായി മാറി. ഐ. ടി. മേഖലയുടെ കടന്നുവരവുണ്ടായിട്ടും സാങ്കേതികമേഖലയിലെ പുസ്തകങ്ങൾ 16.7 ശതമാനത്തിൽ നിന്ന് 0.6 ശതമാനത്തിലേക്ക് ക്ലപ്പുകുത്തി. സാമൂഹികശാസ്ത്രമേഖലയിലും പുസ്തകങ്ങൾ കുറഞ്ഞു. അതേസമയം 7.6 ശതമാനത്തിലായിരുന്ന ഭാഷ–സാഹിത്യ മേഖലയിലെ പുസ്തകങ്ങൾ അറുപത് ശതമാനത്തോട് അടുത്തുകൊണ്ടിരിക്കുന്നു. ആരോഗ്യമേഖലയിലെ പുസ്തകങ്ങളാണ് ശാസ്ത്രമേഖലയെ വലിയൊരു പതനത്തിൽനിന്നും പിടിച്ചുനിർത്തിയത്. ശാസ്ത്രപുസ്തകങ്ങളുടെ പൊതുസ്വഭാവം പോപ്പുലർ സയൻസ് പുസ്തകങ്ങളുടേതാണ്. ആഴത്തിലുള്ള ശാസ്ത്രപുസ്തകങ്ങൾ ഉണ്ടാവുന്നില്ല. സാമൂഹികശാസ്ത്രമേഖലയിൽ ചരിത്രപുസ്തകങ്ങൾ മുന്നിൽനിൽക്കുന്നു. തത്വശാസ്ത്രം എന്ന പഴയ മേഖല തത്വശാസ്ത്രം, ആധ്യാത്മികം എന്നായി മാറിയിരിക്കുന്നു. ആധ്യാത്മിക പുസ്തകങ്ങൾ ഭാഷയുടെ വൈജ്ഞാനികവളർച്ചയിൽ എങ്ങനെ പ്രസക്തമാകുന്നുവെന്ന് ഇതുവരെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വിശദീകരിച്ചതായി കാണുന്നില്ല. 2018 നുശേഷം ഇതുവരെയുള്ള (2023) കാലയളവിൽ ശാസ്ത്രമേഖലയിലെ പുസ്തകങ്ങളുടെ എണ്ണം വീണ്ടും കുറയുന്നതായി കാണാൻ കഴിയും. 2022 ൽ പുറത്തിറക്കിയ കാറ്റലോഗിൽ ലഭ്യമായ പുസ്തകങ്ങളിൽ പുതിയ പതിപ്പുകളെ ഒഴിവാക്കിനോക്കുമ്പോൾ ഇക്കാര്യം വ്യക്തമാകും.

| നമ്പർ | മേഖല | വിഷയം | ലഭ്യമായ പുസ്തകങ്ങൾ | ഇവയിൽ പുതിയ പതിപ്പുകൾ | ഒന്നാം പതിപ്പിൽ 2008ന് മുമ്പുള്ളവ |
|---|---|---|---|---|---|
| 1 | ശാസ്ത്രം | കൃഷിശാസ്ത്രം | 96 | 62 | 5 |
| | | മൃഗപരിപാലനം | 21 | 12 | – |
| | | ആരോഗ്യശാസ്ത്രം | 94 | 34 | 4 |
| | | ആയുർവേദം പ്രകൃതിചികിത്സ | 16 | 9 | 2 |
| | | ജീവശാസ്ത്രം | 13 | 2 | – |
| | | ജന്തുശാസ്ത്രം | 2 | 2 | – |
| | | മത്സ്യവിജ്ഞാനീയം | 11 | 10 | – |
| | | ജനിതകവിജ്ഞാനം | 4 | 2 | 2 |
| | | വനശാസ്ത്രം | 26 | 15 | 2 |
| | | ശാസ്ത്രം–ജനറൽ | 59 | 9 | 4 |
| | | പരിസ്ഥിതിശാസ്ത്രം | 52 | 10 | – |
| | | ഗണിതശാസ്ത്രം | 18 | 9 | 1 |
| | | ഭൗതികശാസ്ത്രം | 37 | 14 | 3 |
| | | രസതന്ത്രം | 16 | 5 | 1 |
| | | സാംഖ്യികം | 1 | – | 1 |
| 2 | എൻജിനീയറിങ്ങ് | സിവിൽ എൻജിനീയറിങ്ങ് | 1 | 1 | – |
| | | മെക്കാനിക്കൽ എൻജിനീയറിങ്ങ് | 2 | 1 | 1 |
| | | ഇലക്ട്രിക്കൽ, ഇലക്ട്രോണിക്ക് | 9 | 3 | 2 |
| | | ഇൻഫർമേഷൻ ടെക്നോളജി | 19 | 10 | 1 |

| | | | | | |
|---|---|---|---|---|---|
| | | ഐ ടി ഐ/ കെ ജി ടി ഇ പാഠപുസ്തകങ്ങൾ | 11 | 9 | 1 |
| 3 | ഭാഷ,സാഹിത്യം കലകൾ | ഭാഷാശാസ്ത്രം വ്യാകരണം | 129 | 35 | 18 |
| | | സാഹിത്യം | 342 | 73 | 5 |
| | | സൗന്ദര്യശാസ്ത്രം | 21 | 12 | 7 |
| | | ഫോക്‌ലോർ | 134 | 31 | 13 |
| | | ചിത്രകല | 26 | 6 | 3 |
| | | നാടകം | 43 | 9 | 6 |
| | | സംഗീതം | 47 | 18 | 3 |
| | | സിനിമ, ടെലിവിഷൻ | 47 | 20 | 4 |
| | | ശബ്ദാവലികൾ നിഘണ്ടുക്കൾ | 40 | 11 | – |
| | | പദകോശങ്ങൾ | 14 | 1 | – |
| 4 | സാമൂഹിക ശാസ്ത്രങ്ങൾ | കേരളചരിത്രം | 86 | 28 | 7 |
| | | ഇന്ത്യാചരിത്രം | 32 | 13 | – |
| | | ലോകചരിത്രം | 31 | 15 | 6 |
| | | രാഷ്ട്രതന്ത്രം | 26 | 5 | 7 |
| | | സാമ്പത്തികശാസ്ത്രം | 31 | 10 | 15 |
| | | ടൂറിസം | 12 | 2 | 2 |
| | | നരവംശശാസ്ത്രം | 4 | – | 3 |
| | | മാനേജ്മെന്റ് | 10 | 4 | 5 |
| | | വാണിജ്യം | 18 | 9 | 6 |
| | | സഹകരണം ഗ്രാമവികസനം | 16 | 7 | 7 |
| | | വിദ്യാഭ്യാസം– പ്രീ പ്രൈമറി | 3 | 3 | – |

| | | | | | |
|---|---|---|---|---|---|
| | | വിദ്യാഭ്യാസം | 31 | 12 | 9 |
| | | മനശ്ശാസ്ത്രം | 4 | 2 | 1 |
| | | തത്വശാസ്ത്രം ആധ്യാത്മികം | 104 | 25 | 9 |
| | | നിയമം | 24 | 12 | 3 |
| | | ജേർണലിസം | 20 | 8 | 6 |
| | | സ്പോർട്സ്& ഗെയിംസ് | 16 | 1 | 7 |
| | | ജനറൽ | 58 | 9 | 3 |
| | | സ്ത്രീപഠനങ്ങൾ | 9 | 3 | – |
| | | ജീവചരിത്രങ്ങൾ | 46 | 7 | 2 |
| 5 | അറിവ് നിറവ് പരമ്പര | ജീവചരിത്രഗ്രന്ഥങ്ങൾ | 264 | 71 | – |
| 6 | | അംബേദ്കർ സമ്പൂർണകൃതികൾ | 40 | – | – |
| 7 | പുതിയ പുസ്തക ങ്ങൾ | (ഇനം തിരിക്കാത്തവ) | 144 | – | – |
| | **ആകെ** | | **2380** | **577** | **184** |

പട്ടിക 4.18: ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2022 ലെ കാറ്റലോഗിൽ ലഭ്യമായ പുസ്തകങ്ങളുടെ ഇനം തിരിച്ചുള്ള വിശകലനം

2022 ലെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് കാറ്റലോഗിൽ ലഭ്യമായ പുസ്തകങ്ങളുടെ ഇനംതിരിച്ചുള്ള വിവരങ്ങളാണ് പട്ടിക 4.18 ൽ. ലഭ്യമായ പുസ്തകങ്ങളിൽ പുതിയ പതിപ്പുകൾ 577 എണ്ണമുണ്ട്. ഇതിനുപുറമേ ഒന്നാം പതിപ്പിലെ 2009 നു മുമ്പുള്ള പുസ്തകങ്ങൾ 184 ഉം. ഇവ രണ്ടും ഒഴിവാക്കുമ്പോൾ ശാസ്ത്ര– സാമൂഹികശാസ്ത്ര മേഖലകളിലെ പുസ്തകങ്ങളുടെ എണ്ണം വളരെ പരിമിതമാണെന്നു കാണാം. കാറ്റലോഗിൽ ഇനം തിരിക്കാതെ നൽകിയ 144 പുതിയ പുസ്തകങ്ങളിൽ ശാസ്ത്രം 30, സാങ്കേതികശാസ്ത്രം –(ഇല്ല), ഭാഷ/സാഹിത്യം 80, സാമൂഹികശാസ്ത്രങ്ങൾ 34 എന്നിങ്ങനെയാണുള്ളത്.

സ്ഥാപനലക്ഷ്യത്തിൽനിന്ന് വിഭിന്നമായ ഒരുനിര പുസ്തകങ്ങളുടെ പ്രസാധനത്തിലേക്ക് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് കടന്നുചെല്ലുന്നതായാണ് ഇക്കാലമെത്തുമ്പോഴേക്കും കാണാൻ കഴിയുന്നത്. പുസ്തകങ്ങളുടെ എണ്ണം മാത്രമെടുത്തുള്ള ഒരു താരതമ്യത്തിലൂടെ സ്ഥാപനത്തിനുവന്ന ദിശാവ്യതിയാനത്തെ പൂർണമായും അടയാളപ്പെടുത്താൻ കഴിയില്ല. ഒന്നാം ദശകത്തിലെ പുസ്തകങ്ങളുടെ സ്വഭാവവുമായി തട്ടിച്ചുനോക്കുമ്പോഴാണ് ഇൻസ്റ്റിറ്റ്യൂട്ടിന് കൈവന്ന മാറ്റത്തിന്റെ ആഴം മനസ്സിലാവുക. അത് പുതിയകാലത്തെ പുസ്തകങ്ങളെക്കുറിച്ചുള്ള വിശദമായ മറ്റൊരു പഠനത്തിലൂടെമാത്രമേ സാധ്യമാവൂ. എങ്കിലും, അന്താരാഷ്ട്രതലത്തിൽത്തന്നെ ശ്രദ്ധേയങ്ങളായ വൈജ്ഞാനികഗ്രന്ഥങ്ങളുടെ പരിഭാഷകളും ആ മേഖലകളിലുള്ള മൗലികരചനകളും പ്രസിദ്ധീകരിച്ചിരുന്നതിൽനിന്നാണ് ഈ വ്യതിയാനം വരുന്നത് എന്നത് പ്രധാനമാണ്.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുഖ്യമേഖലയിൽ വേണ്ടത്ര പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാതിരിക്കുക, സ്ഥാപന ലക്ഷ്യങ്ങളുമായി ഒരുതരത്തിലും ബന്ധമില്ലാത്ത പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക തുടങ്ങിയ നടപടികളിലേക്ക് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പിൽക്കാലത്ത് കടക്കുന്നതായി കരുതേണ്ടിയിരിക്കുന്നു. പുസ്തകത്തിന്റെ പ്രസക്തി, ഗുണനിലവാരം എന്നിവ പരിഗണിക്കുന്നതിൽ വീഴ്ച വരുന്നതായി പ്രസിദ്ധീകരിച്ച പുസ്തകങ്ങളിലൂടെ കടന്നുപോവുമ്പോൾ ബോധ്യപ്പെടും. സംസ്ഥാനസർക്കാരിന്റെ കീഴിൽത്തന്നെയുള്ള കേരള സാഹിത്യ അക്കാദമി, സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, സംഗീത നാടക അക്കാദമി, കേരള ലളിതകലാ അക്കാദമി, ഫോക്‌ലോർ അക്കാദമി, സംസ്ഥാന പുരാരേഖാവകുപ്പ് തുടങ്ങിയ പ്രസാധനസംവിധാനമുള്ള മറ്റ് സ്ഥാപനങ്ങൾ പ്രസിദ്ധീകരിക്കേണ്ട പുസ്തകങ്ങൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന രീതിയും കാണാം. അതതുഭരണകാലത്ത് കൂടുതൽ പ്രസിദ്ധീകരണങ്ങൾ വരുത്തിത്തീർക്കാനുള്ള ശ്രമങ്ങളും കാണാൻ കഴിയും. ഇതിന്റെ ഭാഗമായി നൂറിലധികം പുസ്തകങ്ങളൊക്കെ പ്രകാശനം ചെയ്യുന്ന സമ്പ്രദായവും വന്നുതുടങ്ങി.

'അറിവ് നിറവ്' എന്ന പേരിൽ ഇറങ്ങിയ പരമ്പര, പുസ്തകങ്ങളുടെ എണ്ണം വർധിപ്പിച്ച് കാണിക്കാനുള്ള പ്രവണതയുടെ നല്ലൊരു ഉദാഹരണമായിരിക്കും. ഒരു തരത്തിലുള്ള മാനദണ്ഡവുമില്ലാതെയുള്ള പുസ്തകങ്ങൾ ആയിരുന്നു ആ പരമ്പരയിലേത്. ജീവചരിത്ര ഗ്രന്ഥങ്ങൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കണമോ എന്നതുതന്നെ പരിശോധിക്കേണ്ട കാര്യമാണ്. അഥവാ പ്രസിദ്ധീകരിക്കുകയാണെങ്കിൽ അത് ഏത് തരത്തിലുള്ളതായിരിക്കണം, ആരുടെയൊക്കെ ജീവചരിത്രങ്ങൾ പ്രസിദ്ധീകരിക്കണം, എന്തായിരിക്കണം അതിന്റെ രീതികൾ എന്നിവയൊക്കെ കൃത്യമാക്കേണ്ടതുണ്ട്.

‘അറിവ് നിറവ്’ പരമ്പര ‘പുതിയ തലമുറയുടെ വൈജ്ഞാനികതൃഷ്ണയെ സാരവത്താക്കാനുള്ള ശ്രമം’ എന്ന പേരിലാണ് പുറത്തിറക്കുന്നത്. ഇക്കാലത്ത് ആർക്കും വളരെ എളുപ്പത്തിൽ സംഘടിപ്പിച്ചെടുക്കാൻ പറ്റുന്ന കുറച്ച് വിവരങ്ങളുമായി തയ്യാറാക്കുന്ന ജീവചരിത്ര പുസ്തകങ്ങൾ പുതിയ തലമുറയുടെ വൈജ്ഞാനികതൃഷ്ണയെ തൃപ്തിപ്പെടുത്തുന്നവയാണെന്ന വാദം വിചിത്രമാണ്.[42] ക്രൗൺ എട്ടിലൊന്ന് വലിപ്പത്തിൽ ഏതാണ്ട് നൂറുപേജുകളുള്ള ഈ പരമ്പര ട്രെയിൻ യാത്രയ്ക്കിടയിൽ ഇരുപതുരൂപയ്ക്ക് വിറ്റുകൊണ്ടിരുന്ന ചില സ്വകാര്യപ്രസാധകരുടെ പുസ്തകങ്ങളെ ഓർമിപ്പിക്കുന്നു. ശാസ്ത്രത്തിനും ശാസ്ത്രബോധത്തിനും തരിമ്പും ഇടംനൽകാത്ത പുസ്തകങ്ങളും ഇക്കൂട്ടത്തിലുണ്ട്. *നവജ്യോതി ശ്രീകരുണാകരഗുരു* എന്ന പുസ്തകം ഭക്തിയുടെ പേരിൽ യുക്തിക്കുനിരക്കാത്ത കാര്യങ്ങൾ പ്രചരിപ്പിക്കുന്ന ഒന്നാണ്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മറ്റു പുസ്തകങ്ങളിൽനിന്ന് വ്യത്യസ്തമായി ഒരു വർഷത്തിനുള്ളിൽ പതിമൂന്ന് പതിപ്പുകളിലായി മൂന്നേകാൽ ലക്ഷം കോപ്പികൾ അച്ചടിച്ച ഒരു പുസ്തകമാണിത്. ശാന്തിഗിരി ആശ്രമത്തിനുവേണ്ട ഉള്ളടക്കം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബാനറിൽ അച്ചടിച്ചുനൽകി എന്നാണ് ഈ വർധിച്ച സർക്കുലേഷനിൽനിന്ന് മനസ്സിലാക്കാൻ കഴിയുക. ഈ പുസ്തകത്തിൽ നിന്നുള്ള ഒരു ഭാഗം ചുവടെ ഉദ്ധരിക്കുന്നു.

> “രാത്രി കോടതിവരാന്തയിൽ എല്ലാവരും കിടന്നുറങ്ങുകയാണ്. പാതിരാത്രി കഴിഞ്ഞ സമയം ശാന്തിയുടെ മനസ്സ് സാവധാനം ബോധതലത്തിലേക്കെത്തപ്പെട്ടു. ആത്മീയദർശനത്തിന്റെ സുകൃതധന്യമായ ഒരനുഭവം മുന്നിൽ തെളിയുന്നു. അനന്തകോടി സൗരയൂഥങ്ങളുടെ ഇഴുകിച്ചേർന്ന ദീപ്തഭാവം. ആ ദീപ്തിപ്പെരുമയിൽ ഈ പ്രപഞ്ചം സകല വൈവിധ്യങ്ങളേയും ഒന്നായി ചേർത്ത് ഒരു ഗോളമായി രൂപം പ്രാപിക്കുന്നു. ക്രമേണ അത് ശാന്തിയുടെ മുന്നിൽ വന്നുനിന്ന് പ്രകാശിച്ച് ശാന്തിയിലേക്ക് വന്നണയുന്നു. അതും താനും ഒന്നായി ലയിക്കുന്ന അവസ്ഥ. ഉൾത്തടം വിങ്ങുന്നു. ഏതുനിമിഷവും പൊട്ടിത്തെറിക്കാവുന്ന അവസ്ഥ. ശരീരമാസകലം ഒരു കടുകുമണി രൂപത്തിൽ ഉരുണ്ടുകൂടുന്നതുപോലെ. ഇപ്പോൾ പൊട്ടിത്തെറിക്കും എന്ന അവസ്ഥ.” (സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി 63)

ഈ പരമ്പരയിലെ, *ചെമ്പൈ വൈദ്യനാഥ ഭാഗവതർ, പുന്നശ്ശേരി നമ്പി നീലകണ്ഠശർമാവ്* എന്നീ പുസ്തകങ്ങളിലും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുലർത്തേണ്ട അക്കാദമിക കാഴ്ചപ്പാടിൽനിന്ന് ഭിന്നമായി എഴുത്തുകാരുടെ ഭക്തി, പുരാണങ്ങളോടും പഴമയോടുമുള്ള ആരാധന തുടങ്ങിയവയാണ് മുന്നിട്ടുനിൽക്കുന്നത്. ‘അറിവ് നിറവ്’ പരമ്പരയിൽ 2016

ൽ പ്രസിദ്ധീകരിച്ച മറ്റൊരു പുസ്തകമാണ് *ഷീലട്രീച്ചർ- തൊഴിലറിവിന്റെ കർമശ്രീ.* ഒരു സ്ഥാപനം അതിന്റെ ലക്ഷ്യങ്ങളിൽനിന്ന് എത്രമാത്രം വ്യതിചലിക്കുന്നു എന്നതിന്റെ മകുടോദാഹരണമായി ഈ പുസ്തകത്തെ ചൂണ്ടിക്കാണിക്കാം.[43]

ഒരു പുസ്തകം ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കാൻ കൈക്കൊള്ളുന്ന പ്രക്രിയ എത്രമാത്രം ലാഘവത്വം നിറഞ്ഞതാണെന്നത് ഇ. കെ. നായനാരുടെ *എന്റെ പത്രപ്രവർത്തനാനുഭവങ്ങൾ* എന്ന പുസ്തകം പ്രസിദ്ധീകരിക്കാനിടയായ സാഹചര്യത്തെപ്പറ്റി എം. ആർ. തമ്പാൻ എഴുതിയ കുറിപ്പ് തന്നെ ഉദാഹരണമാണ്.[44]നായനാരുടെ ഒരു പുസ്തകം പുനഃപ്രസിദ്ധീകരിക്കാൻ കേരളത്തിൽ നിരവധി സംവിധാനങ്ങളുണ്ട് എന്നിരിക്കെ *എന്റെ പത്രപ്രവർത്തനാനുഭവങ്ങൾ* എന്ന പുസ്തകത്തിന്റെ പുതിയ പതിപ്പ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിദ്ധീകരണ അജണ്ടയിലേക്ക് കൊണ്ടുവരേണ്ടതില്ല. *ജി. കാർത്തികേയന്റെ തിരഞ്ഞെടുത്ത ലേഖനങ്ങൾ* എന്ന പുസ്തകവും പ്രസിദ്ധീകരണ മാനദണ്ഡത്തിന്റെ അപ്പുറത്തുള്ള ഒന്നുതന്നെ. 'ലജിസ്ലേച്ചർ', 'ഖുർ ആനും സാമൂഹിക നവോത്ഥാനവും', 'കാവുകളും പരിസരസംരക്ഷണവും', 'കുട്ടികളിലെ ആരോഗ്യശീലങ്ങൾ' എന്നിങ്ങനെ ചിതറിക്കിടക്കുന്ന വിഷയമേഖലകളിലെ 23 ലേഖനങ്ങൾ ഒന്നിച്ചുചേർത്ത് ഒരു പുസ്തകമാക്കിയിരിക്കുന്നു. ഭാഷാവികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പ്രസിദ്ധീകരണ അജണ്ടയിൽ ഇവയ്ക്കൊന്നും സ്ഥാനമില്ലതന്നെ. നിർദിഷ്ട താൽപര്യങ്ങളെ മുൻനിർത്തിയല്ല, കൃത്യമായ നയത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം പുസ്തകങ്ങൾ നിർമിക്കേണ്ടത്.

പ്രസിദ്ധീകരിച്ച രണ്ട് പുസ്തകങ്ങളുടെ വിൽപന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് നിർത്തിവെക്കേണ്ടിവന്നത് 2018 ലാണ്. *ഫ്രാൻസ്- കാൽപനികതയുടെ കവാടം, സിനിമ- ഇന്നലെ ഇന്ന് നാളെ* എന്നീ പുസ്തകങ്ങൾ. അവയിലെ ഉള്ളടക്കം മറ്റു പുസ്തകങ്ങളിൽനിന്ന് കോപ്പിയടിച്ചതാണെന്ന പരാതി ഉയർന്നതിനെത്തുടർന്നായിരുന്നു ഇത്.

ഭാഷയുടെ വികാസം ലക്ഷ്യമാക്കി മലയാളത്തിൽ മൗലിക വൈജ്ഞാനികകൃതികൾ പ്രസിദ്ധീകരിക്കുകയും ഒപ്പം മറ്റു ഭാഷകളിലെ വൈജ്ഞാനികകൃതികൾ മലയാളത്തിലേക്ക് പരിഭാഷയിലൂടെ കൊണ്ടുവരികയും ചെയ്യുക എന്നീ ലക്ഷ്യങ്ങളോടെ പ്രവർത്തിച്ചുതുടങ്ങിയ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 2008 മുതൽ ഇംഗ്ലീഷിൽ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാനും തുടങ്ങി. മലയാളത്തിനുപുറമേ മറ്റ് ഇന്ത്യൻ ഭാഷകൾ കൂടി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരിഗണനയിൽ വരുമെങ്കിലും ഇംഗ്ലീഷിലുള്ള പ്രസിദ്ധീകരണങ്ങൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപനലക്ഷ്യങ്ങളിൽ ഉൾപ്പെടില്ല. എന്നാൽ മലയാളഭാഷയെക്കുറിച്ചും

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഷാപോഷണ ശ്രമങ്ങളെക്കുറിച്ചും മലയാളികളല്ലാത്ത വായനാസമൂഹത്തിന് മനസ്സിലാക്കാനായി ഇംഗ്ലീഷ് പുസ്തകങ്ങൾ തയ്യാറാക്കുകയാണെങ്കിൽ അത് നല്ലതുമായിരിക്കും. പക്ഷേ, ഇൻസ്റ്റിറ്റ്യൂട്ട് ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ അത്തരം മേഖലകളിൽ നിന്നൊന്നുമുള്ളതല്ല. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഇതുവരെ പ്രസിദ്ധീകരിച്ച ഇംഗ്ലീഷ് പുസ്തകങ്ങളുടെ സിൽ നമ്പർ, പുസ്തകനാമം, ഗ്രന്ഥകർത്താവ് എന്നീ വിവരങ്ങൾ ചുവടെ നൽകുന്നു.

- 2289– Tourism Employment and labour market issues (ഡോ. ബി. വിജയകുമാർ, ഡോ. കെ. ആർ പിള്ള)
- 3183– Gesture of Kathakali (ആർ. ശ്രീകുമാർ)
- 3293 – Notations to study Karnatic music (വി. ഗോപിനാഥൻ)
- 3617– An introduction to Western Music (ഡോ. എം. പി. ജോർജ്)
- 3829– 72 Brahma nada sruties (സായ് ബാബു)
- 3874– Koodiyattam (ഡോ. ആർ. ശ്രീകുമാർ)
- 4171– History straight from the horse's mouth (വി. ശങ്കുണ്ണി നായർ)
- 4339– Nanchinadu: Harbinger of rice and plough culture in the ancient world (ഡോ. വി. ശങ്കരൻ നായർ)
- 4352– Kumaranasan: The poet of renaissance (രാജേന്ദ്രൻ ചെറുപൊയ്ക)
- 4389– Downpouring devotion of vaggeyakaras (പ്രൊഫ. പി. പി. രാമകൃഷ്ണൻ)
- 4944– A journey through the sound world (ഡോ. സ്മിത എം. പിഷാരടി)
- 4993– Swathi Thirunal A Composer Born to a Mother (ഡോ. അച്യുത് ശങ്കർ എസ്. നായർ)
- 5017–Trees and Garden Plants of Kanakakkunnu Palace Thiruvananthapuram– India's First Digital Garden (ഡോ. ഗംഗാ പ്രസാദ്)
- 5045– Dr C. G. Krishnadas A Role Model CEO (കെ. എ. മുരളീധരൻ)

- 5125– Embroidery (സുജ ഷാജി)
- 5161– Wings of Poetry Dr. APJ Abdul Kalam Life and Poems (ദീപ്തി കെ. ആർ.)
- 5227– Corporate Strategic Management (ഡോ. ലതാ നായർ)

ബിരുദ– ബിരുദാനന്തര വിദ്യാർത്ഥികളുടെ ഉപയോഗത്തിനായി ഡോ. എൻ. ജി. കുറുപ്പ് എഴുതി 1973 ൽ പ്രസിദ്ധീകരിച്ച *ക്രിസ്റ്റേഷിയൻ അന്തഃസ്രാവീയം* എന്ന പുസ്തകം പ്രസിദ്ധീകരണത്തിനുമുമ്പ് പരിശോധിച്ച സമിതി അതിന്റെ മൗലികത കണ്ട് ഈ പുസ്തകം ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തേണ്ടതാണെന്ന് അഭിപ്രായപ്പെട്ടിരുന്നു. മലയാളത്തിൽനിന്ന് ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തേണ്ടതാണ് എന്ന് ഒരു വിദഗ്ധസമിതിക്ക് ബോധ്യപ്പെടുംവിധമുള്ള പുസ്തകങ്ങൾ നിർമിക്കാൻ കഴിഞ്ഞിരുന്ന ഒരു സ്ഥാപനമാണ് ഈ വിധം ഇംഗ്ലീഷിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതെന്നത് അത്ഭുതകരമാണ്. എന്തിനാണ് ഇംഗ്ലീഷിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നത്, ആരായിരിക്കണം അതിന്റെ വായനാസമൂഹം, ഏതൊക്കെതരം പുസ്തകങ്ങളാണ് പ്രസിദ്ധീകരിക്കേണ്ടത് തുടങ്ങിയ അടിസ്ഥാനകാര്യങ്ങളിൽപോലും കൃത്യമായ നയം ഇല്ല എന്ന് ഈ പട്ടിക തെളിയിക്കുന്നു.

ചുരുക്കത്തിൽ, വ്യക്തമായ ദിശാബോധത്തോടെയും കൃത്യമായ ആസൂത്രണത്തോടെയും ഇന്നിന്ന മേഖലകളിൽ പുസ്തകങ്ങൾ വേണമെന്ന് തീരുമാനിച്ച് അതിന് ഏറ്റവും അനുയോജ്യരായവരെ കണ്ടെത്തി എഴുതിച്ച് ഭാഷാപരമായ എഡിറ്റിങ്ങ് നടത്തിയ ഒരു സ്ഥാപനം ഒരുതരത്തിലുമുള്ള ആസൂത്രണവുമില്ലാതെ തോന്നിയതുപോലെ പുസ്തകങ്ങൾ അച്ചടിക്കുന്നതിലേക്ക് എത്തിച്ചേർന്നു. വൈജ്ഞാനികവിഷയങ്ങളിലെ ഭാഷാ എഡിറ്റിങ്ങ് മുഖ്യ ചുമതലയായിക്കണ്ട ഭാഷാവിഭാഗം എന്ന സങ്കൽപ്പത്തിൽനിന്ന് ഭാഷാ–സാഹിത്യ പുസ്തകങ്ങൾക്ക് പ്രാമുഖ്യം എന്ന നിലയിലേക്കുള്ള മാറ്റം. അതാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് സംഭവിച്ച പരിണാമം. പുസ്തകപ്രസിദ്ധീകരണം സജീവമാക്കി നിലനിർത്താനാവാം, പലരുടെ സാഹിത്യലേഖനങ്ങൾ സമാഹരിച്ച് ഒരു എഡിറ്ററുടെ പേരിൽ പ്രസിദ്ധീകരിക്കുന്ന എളുപ്പവഴിയിലേക്കും ഇൻസ്റ്റിറ്റ്യൂട്ട് കടന്നുചെല്ലുന്നുണ്ട്.

തങ്ങളുടെ വിഷയമേഖലയിൽ പുസ്തകങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുക എന്ന അക്കാദമികവിഭാഗങ്ങളുടെ പ്രവർത്തനത്തിൽനിന്ന് വിടുതൽ നൽകി പുസ്തകവിൽപ്പനയുടെ ചുമതല അവരിലേൽപ്പിച്ച 1976 ലെ നടപടിയിൽത്തന്നെ നയത്തിൽനിന്നുള്ള വ്യതിചലനത്തിന്റെ ആദ്യഅങ്കുരം കാണാം. പുസ്തകങ്ങൾ കെട്ടിക്കിടക്കാതെ പ്രചരിക്കേണ്ടതുണ്ട് എന്നത് ശരിതന്നെയെങ്കിലും അത് തെറ്റായ ഒരു

കാൽവെപ്പായിരുന്നു. പി.ടി.ബി. മാത്രമാണ് ആ നടപടിയെ വിമർശനാത്മകമായി വിലയിരുത്തിയത് ("ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാവി" 366). വിജ്ഞാനപുസ്തകങ്ങളുടെ നിർമാണം നടത്തി അനുഭവസമ്പത്തുനേടിയ ജീവനക്കാരാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഏറ്റവും വലിയ സ്വത്തെന്നും അവർ നേടിയ കഴിവുകൾ ആ മേഖലയിൽ പ്രയോഗിക്കാനുള്ള അവസരം ലഭിച്ചില്ലെങ്കിൽ നഷ്ടം നാടിനാണെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. അതുവരെ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ നന്നായി പരിശോധിച്ച് പോരായ്മകൾ തീർത്തും പണിക്കുറവുകൾ കൂടാതെയും പുതിയ പുസ്തകങ്ങളിലേക്ക് കടക്കാനുള്ള അവസരം സൃഷ്ടിക്കുന്നതിനുപകരം അവരെ പുസ്തകവിൽപ്പനയെന്ന, മറ്റാർക്കും ചെയ്യാവുന്ന ഒരു ജോലിയിലേക്ക് വഴിതിരിച്ചുവിട്ടതിനെയാണ് അദ്ദേഹം വിമർശിച്ചത്. വേണ്ടതെല്ലാം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണാധികാരികൾ ചെയ്യുമെന്ന് കരുതി വെറുതെ ഇരിക്കരുതെന്നും, പൊതുമേഖലയിലുള്ള സ്ഥാപനത്തിന്റെ നടത്തിപ്പ് സമൂഹത്തിന്റെ ഉത്തരവാദിത്വമാണെന്നും ഓർമിപ്പിക്കാനും അദ്ദേഹം ശ്രമിക്കുന്നുണ്ട്.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് പത്തുവർഷം തികയുമ്പോൾ, അതുവരെ നേടിയതിനെക്കുറിച്ച് പറയാതെ, നേടാനുള്ളതിനെക്കുറിച്ചും നേടേണ്ടതിനെക്കുറിച്ചും ഓർമിപ്പിക്കുകയായിരുന്നു പി.ടി.ബി. പക്ഷേ, ഭാവിയിലേക്കുള്ള ആ നോട്ടം ആരും ഏറ്റെടുത്തില്ല. ഇൻസ്റ്റിറ്റ്യൂട്ട് ജീവനക്കാർ ആർജിച്ച സവിശേഷജ്ഞാനത്തെ പ്രയോജനപ്പെടുത്തുന്ന കാര്യം ഓർമിപ്പിച്ചതോടൊപ്പം ഇനിവേണ്ട പുസ്തകങ്ങളെക്കുറിച്ചുള്ള ആലോചനകളിലേർപ്പെടൽ, ഇതിനകം ലഭ്യമായ എഴുത്തുകാരുടെ കഴിവ് തുരുമ്പിക്കാതെ നോക്കൽ തുടങ്ങിയ കാര്യങ്ങളും അദ്ദേഹം മുന്നോട്ടുവച്ചു. അതിനെല്ലാം മുന്നോടിയായി അതുവരെ പ്രസിദ്ധീകരിച്ച പുസ്തകങ്ങളെ ഒരു സ്വതന്ത്ര ഏജൻസിയെക്കൊണ്ട് ശാസ്ത്രീയമായും വസ്തുനിഷ്ഠമായും മൂല്യനിർണയം ചെയ്യിക്കേണ്ടതുണ്ട്. ഭാവിപരിപാടിയില്ലാത്ത സ്ഥാപനത്തിന് നിലനിൽക്കാനെന്തധികാരം എന്ന അദ്ദേഹത്തിന്റെ അന്നത്തെ ചോദ്യം ആരും ചെവിക്കൊണ്ടില്ല എന്നാണ് മുകളിൽ വിവരിച്ച കാര്യങ്ങൾ ചൂണ്ടിക്കാണിക്കുന്നത്.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനെ വിലയിരുത്താനുള്ള ഒരു ശ്രമം, നേരത്തേ 1973–74 കാലത്ത് നടത്തിയിരുന്നു. അഞ്ചാം വാർഷികത്തിലേക്ക് കടക്കുന്ന വേളയിലായിരുന്നു അത്. 1973 ജൂൺ 12 ന് ചേർന്ന സ്റ്റാൻഡിങ്ങ് കമ്മിറ്റിയാണ് ഒരു മൂല്യനിർണയ സമിതിയെ (evaluation committee) നിയമിക്കാൻ സർക്കാരിനോട് ആവശ്യപ്പെടുന്നത്. കമ്മിറ്റി പരിഗണിക്കേണ്ട കാര്യങ്ങളിൽ പ്രധാനമെന്ന് തോന്നിയ നാല് കാര്യങ്ങളും സ്റ്റാൻഡിങ്ങ് കമ്മിറ്റി ചൂണ്ടിക്കാണിച്ചിരുന്നു. ഒന്ന്, ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലക്ഷ്യങ്ങൾ എത്രത്തോളം പൂർത്തിയാക്കാൻ കഴിഞ്ഞു? രണ്ട്, ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിൽ

ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിലവിലുള്ള സംവിധാനം എത്രമാത്രം അനുയോജ്യമാണ്? മൂന്ന്, സംവിധാനത്തിൽ മാറ്റം വരുത്തണമെങ്കിൽ അതിനുള്ള നിർദേശങ്ങളെന്തെല്ലാം? നാല്, സ്വതന്ത്രകൃതികളായും പരിഭാഷാകൃതികളായും ഇതുവരെ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ എത്രമാത്രം പ്രസക്തവും വിദ്യാർത്ഥികൾക്ക് ഉപകാരപ്രദവുമാണ് ? ഈ പുസ്തകങ്ങൾ സർവകലാശാലകളും മറ്റ് സ്ഥാപനങ്ങളും പാഠപുസ്തകങ്ങളായോ അധികവായനയ്ക്കുള്ള പുസ്തകങ്ങളായോ അംഗീകരിക്കാൻ എന്തൊക്കെയാണ് ചെയ്യാൻ കഴിയുക? (Quarterly Report for the months of July, August and September 1973)അടിസ്ഥാനചോദ്യങ്ങളിലൂന്നി ആന്തരികമായ വിലയിരുത്തലിനുള്ള ശരിയായ ഒരു കാൽവെപ്പായിരുന്നു ഈ ശ്രമമെന്ന് കാണാം. ഇത്തരത്തിലുള്ള ശ്രമങ്ങൾ പിൽക്കാലത്ത് നടന്നതായറിവില്ല.

ഗവേണിങ്ങ് ബോഡി മുന്നോട്ടുവച്ച ആവശ്യത്തെ പരിഗണിച്ചുകൊണ്ട് 1973 ഒക്ടോബർ മൂന്നിന് ഇറങ്ങിയ G. O. Rt no /1693/73/H. Edn പ്രകാരം ഇനി പറയുന്നവരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു മൂല്യനിർണയ കമ്മിറ്റിയെ സർക്കാർ നിയമിച്ചു. പ്രൊഫ. സെയ്ദ് മൊഹ്ദീൻ ഷാ (കുർക്കഞ്ചേരി, തൃശ്ശൂർ), ഡോ. കെ. മാധവൻകുട്ടി (പ്രിൻസിപ്പാൾ, ആലപ്പുഴ മെഡിക്കൽ കോളെജ്), ഡോ. ബി. കെ. നായർ (സെക്രട്ടറി, ഇന്ത്യൻ നാഷണൽ സയൻസ് അക്കാദമി, ന്യൂഡൽഹി), പി. കെ. ഉമാശങ്കർ (ഗവ. സെക്രട്ടറി, ഉന്നതവിദ്യാഭ്യാസം), പ്രൊഫ. ജോസഫ് മുണ്ടശ്ശേരി (വൈസ് ചാൻസലർ, കൊച്ചിൻ സർവകലാശാല), ഡയറക്ടർ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് (കൺവീനർ). 1974 മാർച്ച് നാലിന് കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയുണ്ടായി.[45] ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ മിക്കതും കമ്മിറ്റിക്ക് ചാരിതാർത്ഥ്യജനകമായി തോന്നിയെന്നും ഭാവിയിൽ സ്വീകരിക്കേണ്ട നിരവധി നടപടികളെക്കുറിച്ചുള്ള നിർദേശങ്ങൾ അവർ സമർപ്പിച്ചിട്ടുണ്ടെന്നും ഗവേണിങ്ങ് ബോഡിയിൽ ഡയറക്ടർ അവതരിപ്പിച്ച റിപ്പോർട്ടിൽ കാണാം.

മൂല്യനിർണയ കമ്മിറ്റി നിർദേശിച്ചതനുസരിച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ അക്കാദമികവിഭാഗം ജീവനക്കാരുടെ ജോലിയെ വിലയിരുത്താൻ ഗവേണിങ്ങ് ബോഡി ഉടൻതന്നെ ഒരു അസസ്മെന്റ് കമ്മിറ്റിയെ നിയമിക്കുകയുണ്ടായി. ഡോ. അനന്തരാമൻ (സയൻസ് ഡീൻ, കേരള സർവകലാശാല), ഡോ. കെ.എം.ജോർജ് (ചീഫ് എഡിറ്റർ, മലയാളം എൻസൈക്ലോപീഡിയ), വി. ഭാസ്കരൻ നായർ (ജോയിന്റ് സെക്രട്ടറി, വിദ്യാഭ്യാസവകുപ്പ്), രാമൻ നായർ (ജോയിന്റ് സെക്രട്ടറി, ധനവകുപ്പ്), എൻ. വി. (ഡയറക്ടർ- കമ്മിറ്റി കൺവീനർ) എന്നിവരടങ്ങുന്ന കമ്മിറ്റി വിശദമായ മൂന്ന് കൂടിയിരിപ്പുകൾക്കുശേഷം റിപ്പോർട്ട് മുഖ്യമന്ത്രിക്ക് സമർപ്പിച്ചു. ഓരോ ജീവനക്കാരനും പ്രത്യേകം

വർക്കുഷീറ്റുകൾ തയ്യാറാക്കുകയും അവയെ ഗ്രേഡ് ചെയ്യുകയുമാണ് കമ്മിറ്റി ചെയ്തത്. ഈ ഗ്രേഡിങ്ങിൽ എ, ബി വിഭാഗങ്ങളിൽ വന്നവരുടെ കോൺട്രാക്റ്റ്/ഡെപ്യൂട്ടേഷൻ പുതുക്കാനായി കമ്മിറ്റി ശുപാർശ ചെയ്തു. തുടർന്നുള്ള കാലത്ത് വിപുലീകരണ ത്തേക്കാൾ ഏകീകരണത്തിനായിരിക്കണം ഊന്നൽ എന്ന് ചൂണ്ടിക്കാട്ടിയ കമ്മിറ്റി അതിനായി സർവകലാശാലാ പാഠപുസ്തകങ്ങളുടെയും ഐ.ടി.ഐ., പോളിടെക്നിക്, ഡിപ്ലോമ/സർട്ടിഫിക്കറ്റ് കോഴ്സുകൾ, കെ.ജി.ടി. പരീക്ഷകൾ എന്നിവയ്ക്കുള്ള പാഠപു സ്തകങ്ങളുടെയും നിർമാണത്തിൽ തീവ്രത കൈവരുത്താൻ നിർദേശിക്കുകയുണ്ടായി. വിൽപ്പനവിഭാഗത്തെ പുനക്രമീകരിച്ചുകൊണ്ട് പുസ്തകപ്രചാരണം വർധിപ്പിക്കാനുള്ള നിർദേശങ്ങളും കമ്മിറ്റി നൽകിയിരുന്നു.

പുസ്തകങ്ങൾ കെട്ടിക്കിടന്ന് സ്ഥാപനത്തിന്റെ സാമ്പത്തികനില പരുങ്ങലിലാവാതെ സൂക്ഷിക്കണമെന്ന വസ്തുത അംഗീകരിക്കുമ്പോഴും ഗൗരവപൂർവം ചർച്ച ചെയ്യാതി രുന്ന ഒരു കാര്യം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കുന്ന എല്ലാ പുസ്തകങ്ങളും/ മെറ്റീരിയലു കളും അച്ചടിക്കേണ്ടതുണ്ടോ എന്നതാണ്. ഇല്ലെന്നതാണ് വസ്തുത. ചിലതെല്ലാം ഭാഷ യിൽ ഇക്കാര്യം പ്രാവർത്തികമാകുമെന്ന് തെളിയിക്കാനുള്ള പരീക്ഷണങ്ങളാവാം. ചില തെല്ലാം ചില മാതൃകകൾ അക്കാദമിക് സമൂഹത്തിന് പ്രയോജനപ്പെടുന്ന രൂപത്തിൽ സൃഷ്ടിക്കുന്നതാവാം. ഡിജിറ്റൽ സാങ്കേതികവിദ്യകൾ വളരെയധികം വികസിച്ച ഇക്കാല ത്ത് ഇത്തരം ഇടപെടലുകൾക്ക് വളരെയധികം സാധ്യതകളുണ്ട്. തയ്യാറാക്കിയ സാങ്കേ തികപദങ്ങളൊക്കെ അച്ചടിച്ച് ബാധ്യതയാക്കേണ്ട കാര്യമില്ല. അവ ഏവർക്കും സ്വതന്ത്ര മായി ഉപയോഗിക്കാൻ കഴിയുംവിധം പൊതുമണ്ഡലത്തിൽ ഡിജിറ്റൽപകർപ്പായി ലഭ്യമാ ക്കുകയാണ് വേണ്ടത്. വിപുലമായ ചർച്ചകളും അവയുടെ അടിസ്ഥാനത്തിൽ പദങ്ങളെ ഉറപ്പിക്കുന്ന പ്രക്രിയയും ഇന്ന് വെബ് അധിഷ്ഠിതമായി ചെയ്യാവുന്നതേയുള്ളൂ. മലയാ ളത്തിലുള്ള പാഠപുസ്തകങ്ങൾ തയ്യാറാക്കി പൊതുമണ്ഡലത്തിൽ ലഭ്യമാക്കിയാൽ വലിയ തോതിൽ അവ ഉപയോഗിക്കപ്പെടും എന്നതിൽ സംശയമില്ല.

ജീവനക്കാരുടെ പ്രശ്നങ്ങളെ മുൻനിർത്തി പിൽക്കാലത്തും ചില കമ്മിറ്റികളൊക്കെ രൂപംകൊണ്ടിട്ടുണ്ടെങ്കിലും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളെ വിലയിരുത്താൻ പിന്നീട് എന്തെങ്കിലും ശ്രമം നടത്തിയതായി അറിവില്ല. എന്നാൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പതി നഞ്ചാം വാർഷികവേളയിൽ അതുവരെയുള്ള പ്രവർത്തനം, ഭരണഭാഷ, അധ്യയനമാ ധ്യമം, സാങ്കേതികപദങ്ങൾ തുടങ്ങിയവയെ മുൻനിർത്തി പതിനൊന്ന് ചോദ്യങ്ങൾ തയ്യാ റാക്കി പ്രമുഖരായ എഴുപതോളം പേർക്ക് അയച്ചുകൊടുത്തിരുന്നു. വളരെക്കുറച്ചുപേർ മാത്രമേ ചോദ്യാവലിയോട് പ്രതികരിക്കാൻ തുനിഞ്ഞുള്ളൂ. ഇ. എം. എസ്. നമ്പൂതിരി

പ്പാട്, സി. അച്യുതമേനോൻ, തായാട്ട് ശങ്കരൻ, പവനൻ, സി. പി. നായർ, ഡോ. പി. ജെ. ജോർജ്, പ്രൊഫ. സെയ്ദ് മൊഹ്ദീൻ ഷാ, പ്രൊഫ. കെ. എ. ജലീൽ, ബി. സി. ബാലകൃഷ്ണൻ, ഡോ. സി. ജെ. റോയ്, പ്രൊഫ. എം. ആർ. ചന്ദ്രശേഖരൻ, എം. പ്രഭ എന്നിവർ മാത്രമാണ് ചോദ്യാവലിയോട് പ്രതികരിച്ചത്. സി. അച്യുതമേനോൻ ചൂണ്ടിക്കാണിച്ചതുപോലെ, ഒരു വിദഗ്ധസമിതി തയ്യാറാക്കിയ റിവ്യൂ റിപ്പോർട്ടിനെ മുൻനിർത്തി മാത്രമേ, ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ എത്രമാത്രം ഫലപ്രദമായി എന്ന ചർച്ച അർത്ഥസമ്പുഷ്ടമാകൂ. അല്ലാതുള്ള വിലയിരുത്തലുകൾക്ക് പരിമിതികളുണ്ട്. ഇ. എം. എസ്. ആകട്ടെ, പുസ്തകങ്ങൾ ധാരാളമായി ഉണ്ടാക്കി എന്ന വസ്തുതയെ അംഗീകരിക്കുകയും എന്നാൽ അവയുടെ രചനയിൽ വലിയ കൃത്രിമത്വം നിലനിൽക്കുന്നതായി അഭിപ്രായപ്പെടുകയും ചെയ്തു. ആധുനികശാസ്ത്രങ്ങളെ സ്വായത്തമാക്കാൻ കഴിയുന്ന മലയാളികളായ ജനലക്ഷങ്ങളെ സൃഷ്ടിക്കാൻ ഉതകുന്നവയായി മാറാൻ ഈ പുസ്തകങ്ങൾക്ക് കഴിഞ്ഞില്ല എന്നദ്ദേഹം നിരീക്ഷിച്ചു. ഇത് സംഭവിച്ചതാകട്ടെ, മലയാളം മാത്രമറിയുന്ന വായനക്കാർക്ക് പറ്റുന്ന വിധത്തിൽ ലളിതവും ശുദ്ധവും ഓജസ്സുറ്റതുമായ മലയാളം എന്നതിനു പകരം ഇംഗ്ലീഷുപദങ്ങൾക്ക് തൽസമമായ കഠിനപദങ്ങൾ കണ്ടെത്തുക എന്ന രീതി സ്വീകരിച്ചതിനാലാണ് എന്നും ഇ. എം. എസ്. വിലയിരുത്തി.

കാലാകാലങ്ങളിൽ നിയമപരമായ ഓഡിറ്റിങ്ങിന് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വിധേയമാകാറുണ്ട്. എന്നാലത് സാമ്പത്തികരംഗത്തെ തികച്ചും സാങ്കേതികമായ ഒരു പതിവു പ്രവർത്തനം മാത്രമാണ്. ചെലവഴിച്ച തുകകൊണ്ട് എന്തു പ്രയോജനമുണ്ടായി, എങ്ങനെയായിരുന്നെങ്കിൽ കൂടുതൽ പ്രയോജനപ്പെടുത്താമായിരുന്നു എന്ന് ഇത്തരം ഓഡിറ്റിങ്ങുകൾ പരിഗണിക്കാറേയില്ല. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട് അതിനെന്ത് ചെയ്യാൻ കഴിഞ്ഞുവെന്ന ഒരു വിലയിരുത്തലിന് 1973-74 ലെ ചെറിയ ശ്രമമൊഴികെ ഇതുവരെ സർക്കാർ തുനിഞ്ഞിട്ടില്ല. യഥാർത്ഥത്തിൽ, വിപുലമായ ഒരു സാമൂഹിക ഓഡിറ്റിങ്ങിന് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനെ വിധേയമാക്കേണ്ടതുണ്ട്.

സ്ഥാപനപരമായ പ്രശ്നങ്ങളാണ് പരിശോധിക്കേണ്ട മറ്റൊരു മേഖല. സംഘം ചേർന്നുള്ള കൂട്ടായ്മയുടെ മികച്ച ഉദാഹരണമായാണ് ആദ്യവർഷങ്ങളിലെ പ്രവർത്തനങ്ങളെ പലരും ചൂണ്ടിക്കാട്ടിയിട്ടുള്ളതെന്ന് നേരത്തേ വിശദീകരിച്ചു (കാ. 3.5). എന്നാലധികം കഴിയുന്നതിനുമുമ്പുതന്നെ ഇതിൽ പുള്ളിക്കുത്തുകൾ വീണിരുന്നു. ഇൻസ്റ്റിറ്റ്യൂട്ടിലെ ഭരണവിഭാഗത്തിലുള്ളവരും-അവർ സെക്രട്ടേറിയേറ്റിൽനിന്ന് ഡെപ്യൂട്ടേഷനിൽ വന്നവരായിരുന്നു-അക്കാദമികവിഭാഗത്തിലുള്ളവരും തമ്മിലാണ് അകൽച്ച ആദ്യം രൂപപ്പെട്ടത്. ഇൻസ്റ്റിറ്റ്യൂട്ടിൽ രൂപപ്പെട്ട അനൗപചാരികരീതി ഉൾക്കൊള്ളാൻ

സെക്രട്ടേറിയറ്റ് ധാരയ്ക്ക് പ്രയാസമായിരുന്നു. അവർ ആ സംസ്കാരത്തിന് തുരങ്കം വെച്ചതായി എം.പി.പരമേശ്വരൻ ആത്മകഥയിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. അക്കാദമിക വിഭാഗത്തിന് സഹായമായി മാറുന്നതിനുപകരം അവർ ഭരിക്കുന്നവരാകാൻ ശ്രമിച്ചു. ഈ അകൽച്ച കുറയ്ക്കുന്നതിൽ ഡയറക്ടറെന്ന നിലയിൽ എൻ.വി. വേണ്ടതുപോലെ ഇടപെട്ടില്ല എന്നുമാത്രമല്ല ഒടുവിൽ എൻ.വി. അവരുടെ ഭാഗം ചേരുകയും ചെയ്തു (*കാലഹരണമില്ലാത്ത സ്വപ്നങ്ങൾ* 131). ചിലരെ അമിതമായി വിശ്വാസത്തിലെടുക്കുക എന്നത് എൻ. വി.യുടെ ഒരു രീതിയായിരുന്നു എന്ന് പഴയകാല സഹപ്രവർത്തകർ ഓർക്കുന്നുണ്ട്.[46] ഇത് മറ്റൊരുതരത്തിൽ പി.ടി.ബി. സൂചിപ്പിക്കുന്നുണ്ട്. 'ബ്യൂറോക്രസിയുടെ ഇരുമ്പുചക്രങ്ങൾ ഇൻസ്റ്റിറ്റ്യൂട്ടിനകത്തുള്ള മനുഷ്യാത്മാക്കളെ ഞെരിച്ചു'വെന്നും 'അതിലേറ്റവും ഞെരിഞ്ഞത് എൻ.വി.ആയിരു'ന്നെന്നും അദ്ദേഹം ഓർക്കുന്നു. പി.ടി.ബി. തുടരുന്നു. 'ചിന്താശീലനും ബുദ്ധിശാലിയുമായ എൻ.വി.ക്ക് ആദ്യകാലപ്രശ്നങ്ങൾ മനസ്സിലാക്കാനും കുറെയൊക്കെ പരിഹരിക്കാനും കഴിഞ്ഞു. എന്നാൽ വൈകാരികാംശം എൻ.വി.ക്ക് നഷ്ടപ്പെടുകയായിരുന്നുവോ?' (ഒരു സംഘം ലേഖകർ, *എൻ വിയും വിജ്ഞാനസാഹിത്യവും* 18,19)

ആദർശാത്മകമായൊരു ലക്ഷ്യത്തിനുവേണ്ടി ഒറ്റമനസ്സോടെ പ്രവർത്തിച്ചവരുടെ ഇടയിൽ നേരിയ തോതിലെങ്കിലും വന്നുഭവിച്ച അകൽച്ച സ്ഥാപനത്തിന്റെ തുടർപ്രവർത്തനങ്ങളുടെ ഒഴുക്കിൽ തടസ്സങ്ങളായി മാറിയിട്ടുണ്ടോ എന്ന് സംശയിക്കാവുന്നതാണ്. എൻ.വി.യുടെ മരണാനന്തരം, എഴുപത്തഞ്ചാം ജന്മദിനത്തോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച എൻ.വി.യും വിജ്ഞാനസാഹിത്യവും എന്ന പുസ്തകത്തിലെ പി.ടി.ബി.യുടെ ലേഖനത്തിൽ ഉടനീളം അടക്കിപ്പിടിച്ച മാനസികവ്യഥകൾ നിറഞ്ഞുനിൽക്കുന്നത് കാണാം. 'ഇങ്ങനെ പോയാൽ പോരെന്ന് എന്നെപ്പോലുള്ളവരും, ഇങ്ങനെയൊക്കെ മാത്രമേ ഇതു നടക്കൂ എന്ന് എൻ. വി.യെപ്പോലുള്ളവരും വാദിച്ചു' എന്നും ഈ വാദഗതികളിലേതാണ് ശരിയെന്ന് ഇനിയും ചിന്തിക്കേണ്ടതുണ്ടെന്നും പി.ടി.ബി. ആ ലേഖനത്തിൽ പറയുന്നുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആരംഭത്തിൽ ഉദ്യോഗസ്ഥമേധാവികൾ തയ്യാറാക്കിയ പരിപാടിയെ മാറ്റിവച്ച് ജനകീയമായ മറ്റൊന്ന് എഴുതിത്തയ്യാറാക്കുന്നതും അത് ബന്ധപ്പെട്ടവരെക്കൊണ്ട് അംഗീകരിപ്പിക്കുന്നതും എൻ.വി.യും പി.ടി.ബി.യും ചേർന്നാണ്. കേരളത്തിന്റെ രാഷ്ട്രീയ- സാമൂഹിക മണ്ഡലങ്ങളിൽ പി.ടി.ബി.ക്കുണ്ടായിരുന്ന സ്ഥാനവും അതിന് സഹായകമായിട്ടുണ്ടാവും. പ്രത്യേക തൊഴിൽദാന പദ്ധതി നിർത്തിവെക്കാനുള്ള തീരുമാനത്തെ തുടർന്നാണ് അവരുടെ നിലപാടുകളിൽ ഈഷൽഭേദങ്ങളുണ്ടാവുന്നത്. പദ്ധതിയുടെ പ്രാധാന്യം ഉൾക്കൊണ്ട്

ഏതെങ്കിലും രൂപത്തിൽ അത് തുടർന്നുകൊണ്ടുപോവണമെന്ന പക്ഷത്തായിരുന്നു പി.ടി.ബി. പദ്ധതിയിൽ പരിശീലനം കഴിഞ്ഞവർ സമരമുഖത്തെത്തിയപ്പോൾ അതിന് പി.ടി.ബി. യുടെ മാനസികമായ ആശീർവാദവും ഉണ്ടായിരുന്നു (ശങ്കരൻ കുട്ടിനായർ 197). 'എന്റെ പരിചയത്തിനപ്പുറം ഒരു എൻ.വി. ഉണ്ടായിരുന്നുവെന്നും ആ എൻ.വി.യെ നമുക്കാർക്കും ഇനിയും മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലെന്നും ഞാൻ വീണ്ടും പറയട്ടെ' എന്നു പറഞ്ഞുകൊണ്ടാണ് പി.ടി.ബി. തന്റെ എൻ.വി. അനുസ്മരണക്കുറിപ്പ് അവസാനിപ്പിക്കുന്നത്.

പല കാര്യങ്ങളിലും എൻ.വി.യുമായി വഴക്കിടേണ്ടി വന്നത് എം.പി. പരമേശ്വരനും രേഖപ്പെടുത്തിയിട്ടുണ്ട്. എൻ.വി. യുമായുള്ള പരമേശ്വരന്റെ നിരന്തരമായ ആശയസംഘട്ടനം രേഖപ്പെടുത്തപ്പെട്ട ഫയൽ ഇന്ന് ലഭ്യമല്ലെങ്കിലും 'ന ഹി വന്ധ്യാ വിജാനാതി ഗുർവീം പ്രസവവേദനാം' എന്ന ശ്ലോകാർധം പെട്ടെന്ന് വായിൽനിന്ന് പുറത്തേക്കുവന്നതും മറ്റും *കാലഹരണമില്ലാത്ത സ്വപ്നങ്ങളിൽ* വായിക്കാം. അക്കാലത്ത് ഇൻസ്റ്റിറ്റ്യൂട്ടിൽ ഉടലെടുത്ത പ്രശ്നങ്ങൾക്കുപിറകിൽ അന്നത്തെ കേരളീയാന്തരീക്ഷത്തിൽ സജീവമായി നിന്നിരുന്ന രാഷ്ട്രീയപ്രശ്നങ്ങൾക്കും സ്വാധീനം ഉണ്ടാവാം. അതെന്തായാലും, കൂട്ടായ്മയിൽ വിള്ളലുകൾ വീഴുമ്പോൾ നവീനമായ പ്രവർത്തനങ്ങളുടെ ഏകോപനവും ആശയങ്ങളുടെ പിറവിയും പിറകോട്ടടിക്കും എന്നത് വസ്തുതയാണ്.

അന്നത്തെ അസ്വാരസ്യങ്ങൾ വലിയതോതിൽ പടർന്നു പന്തലിച്ചില്ലെങ്കിലും 1979 ആഗസ്റ്റ് മാസത്തിൽ ജീവനക്കാർ വിവിധ ആവശ്യങ്ങളുമായി സമരരംഗത്തെത്തിയിരുന്നു. അതിനുമുമ്പുതന്നെ മറ്റൊരുതരത്തിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സമരവേദിയായി മാറിയിട്ടുണ്ട്. പ്രത്യേക തൊഴിൽദാനപദ്ധതി പെട്ടെന്ന് നിർത്തലാക്കിയപ്പോഴായിരുന്നു അത്. പദ്ധതിയിൽ പരിശീലനം കഴിഞ്ഞ് പിരിച്ചുവിടപ്പെട്ടവർ നടത്തിയ സമരം അന്ന് ഒരു മാസത്തോളം നീണ്ടുനിന്നിരുന്നു. ഈ സമരങ്ങളൊക്കെ ജീവനക്കാരുടെ അവകാശസമരങ്ങളാണ്. എന്നാൽ നേരത്തേ ചൂണ്ടിക്കാണിച്ച പ്രശ്നങ്ങൾ വേറൊരു തരത്തിലുള്ളതാണ്. പൊതുസ്ഥാപനങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് പി. ടി. ബി. മുമ്പ് ചോദിച്ച ചോദ്യം പ്രസക്തമാവുന്നത് ഇവിടെയാണ്.

> "പൊതുമേഖലയിലെ വിജ്ഞാനസ്ഥാപനങ്ങൾ എങ്ങനെ നടക്കണം, നടത്തണം എന്നതിനെപ്പറ്റി ശരിയായൊരു ധാരണ ഇന്നു നമുക്കുണ്ടോ? അതിനു പറ്റിയ പ്രവർത്തനശൈലി ഉണ്ടോ? അധികാരവടംവലിക്കും വ്യക്തിസ്പർധയ്ക്കും ഇത്തരം സ്ഥാപനങ്ങൾ ഇടം നൽകാമോ? അശ്രദ്ധയും ആലസ്യവും ഇത്തരം സ്ഥാപനങ്ങളെ വശം കെടുത്താമോ? സ്വയം

വിമർശനം നടത്തേണ്ട കാര്യങ്ങളാണിവ." (ഒരു സംഘം ലേഖകർ, *എൻ വിയും വിജ്ഞാനസാഹിത്യവും* 18)

വിജ്ഞാനസ്ഥാപനങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച ഈ ചോദ്യം പിൽക്കാലത്ത് ഇൻസ്റ്റിറ്റ്യൂട്ടിന്റെ തലപ്പത്ത് ഭരണമാറ്റത്തിനനുസരിച്ച് നടക്കുന്ന മാറ്റങ്ങളുമായി ബന്ധപ്പെട്ട് ഇന്നും പ്രസക്തമാണ്. ഓരോ അഞ്ചു വർഷത്തിലും ഭരണം മാറുന്നതിനനുസരിച്ച് ഇത്തരം സ്ഥാപനങ്ങളിലെ നേതൃത്വം മാറേണ്ടതുണ്ടോയെന്നും ഓരോ മാറ്റത്തിലും പുതിയ പേജിൽ വീണ്ടും എഴുതിത്തുടങ്ങേണ്ടതുണ്ടോ എന്നുമുള്ള കാര്യം വളരെ ഗൗരവത്തോടെ ചർച്ച ചെയ്യേണ്ടതുണ്ട്. എൻ.വി. യെപ്പോലെ ബഹുമുഖപ്രതിഭയും ഭാഷാവികസനത്തെക്കുറിച്ച് ഉൾക്കാഴ്ചകളുമുള്ള ഒരാളെ[47] ഇൻസ്റ്റിറ്റ്യൂട്ടിന്റെ തലപ്പത്തേക്ക് കണ്ടെത്താൻ കഴിഞ്ഞു എന്നതായിരുന്നു ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആദ്യത്തെ വിജയം. താരതമ്യേന ഇളമുറക്കാരനായിരുന്ന എൻ. വി.യെ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായി നിയമിച്ചത് പണ്ഡിതപ്രമുഖരിൽ പലരുടെയും ഉദ്യോഗസ്ഥമേധാവികളുടെയും നെറ്റി അന്ന് ചുളിച്ചിരുന്നു. മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ്സിന്, എൻ.വി.യുടെ ഈ വിഷയത്തിലുള്ള താൽപ്പര്യവും അറിവും കഴിവും തിരിച്ചറിയാൻ കഴിഞ്ഞതുകൊണ്ടു മാത്രമാണ് അന്ന് എൻ. വി. നിയമിതനായത് (കാ. 3.3). ബഹുമുഖമായ തലങ്ങളിൽനിന്ന് വിഷയത്തെ സമീപിക്കുന്ന പരിപ്രേക്ഷ്യവും പ്രവർത്തനപരിപാടികളും കൊണ്ട് ആ തീരുമാനം ശരിയായിരുന്നെന്ന് അദ്ദേഹം തെളിയിക്കുകയും ചെയ്തു. എന്നാൽ ഇതേ എൻ.വി. തന്നെ 1975 ൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് മാറ്റിനിർത്തപ്പെട്ടു. രണ്ടുതവണ ടേം പൂർത്തിയാക്കിയ എൻ.വി. ഒരു തവണകൂടി ചുമതലയേറ്റെടുത്തുകൊണ്ട് തുടക്കമിട്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ ആഗ്രഹിച്ചിരുന്നു. അനൗപചാരികമായി അദ്ദേഹത്തോട് ഇക്കാര്യം സംസാരിച്ചവരോട് തനിക്കുള്ള സമ്മതം രേഖപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ, ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ നിയമനത്തിലെ ആദ്യ രാഷ്ട്രീയ ഇടപെടൽ പൊടുന്നനെ ഉണ്ടായി. വിദ്യാഭ്യാസവകുപ്പ് കൈകാര്യം ചെയ്തിരുന്ന മുസ്ലീം ലീഗിന് അവർക്ക് താൽപ്പര്യമുള്ള ഒരാളെ ഡയറക്ടറാക്കണം. അസിസ്റ്റന്റ് ഡയറക്ടറായിരുന്ന ഡോ.എ.എൻ.പി.ഉമ്മർകുട്ടിയായിരുന്നു അവരുടെ നിർദേശം. മറിച്ച് ഇടപെടാൻ കഴിയുമായിരുന്ന മുഖ്യമന്ത്രി അച്യുതമേനോൻ ഈ ഘട്ടത്തിൽ മൗനം പാലിച്ചു.[48] ഏറ്റവും കൂടുതൽ കാലം ഇൻസ്റ്റിറ്റ്യൂട്ടിനെ നയിച്ച വ്യക്തിയായിരുന്നു എ. എൻ. പി. ഉമ്മർകുട്ടി. ശാസ്ത്രമേഖലയിൽ അവഗാഹമുള്ളയാളും അതിനകം ഇൻസ്റ്റിറ്റ്യൂട്ടിൽ അസിസ്റ്റന്റ് ഡയറക്ടറായി പ്രവർത്തിച്ച് പരിചയമുള്ളയാളും ആയിരുന്നു അദ്ദേഹം. എങ്കിലും എൻ.വി.ക്കുണ്ടായിരുന്നതുപോലെ ബഹുഭാഷാപാണ്ഡിത്യമോ ബഹുവൈജ്ഞാനി

കമേഖലളെക്കുറിച്ചുള്ള അറിവോ ഭാഷാവികാസത്തെക്കുറിച്ചുള്ള സമഗ്രകാഴ്ചപ്പാടോ അദ്ദേഹത്തിന് അവകാശപ്പെടാൻ കഴിയുമായിരുന്നില്ല.

നിരവധി പേർ ഇതിനകം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർമാരായി വന്നു. ഇടയ്ക്കൊക്കെ ഉദ്യോഗസ്ഥമേധാവികളും ഭരിച്ചു. പതിവിൻപടിയുള്ള (business as usual) നീക്കങ്ങളല്ലാതെ ആദ്യദശകത്തിലെ പരിപ്രേക്ഷ്യത്തെ പുനസ്സന്ദർശിച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് പുതുവഴി വെട്ടിത്തെളിക്കാനുള്ള ശ്രമങ്ങൾ കാര്യമായുണ്ടായില്ല. സുതാര്യവും ആവശ്യങ്ങളോട് നീതിപുലർത്തുന്നതുമായ രീതിയിൽ ഡയറക്ടറെ കണ്ടെത്തുന്നതിനുള്ള ഒരുനയം ഇതുവരെ പൊതുസമൂഹത്തിനുമുന്നിൽ അവതരിപ്പിക്കപ്പെട്ടിട്ടില്ല. എ.എൻ.പി.ഉമ്മർകുട്ടിക്ക് ശേഷം ശാസ്ത്രമേഖലയിൽ നിന്നുള്ളവരാരും ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിലേക്ക് വന്നിട്ടേയില്ല എന്നതും ശ്രദ്ധേയമാണ്. വിവിധ കാലങ്ങളിൽ ഡയറക്ടർമാരായി സേവനമനുഷ്ഠിച്ചവരെ പട്ടിക 4.19 ൽ നൽകിയിരിക്കുന്നു.

| ഡയറക്ടർ | പ്രവർത്തന കാലം | |
|---|---|---|
| എൻ. വി. കൃഷ്ണവാരിയർ | 16.09.1968 | 31.03.1975 |
| എ. എൻ. പി. ഉമ്മർകുട്ടി | 01.04.1975 | 30.11.1992 |
| പഴവിള രമേശൻ I/C | 01.12.1992 | 17.12.1992 |
| കെ. പി. ശശിധരൻ | 18.12.1992 | 31.03.1994 |
| കെ. ജയകുമാർ IAS | 01.04.1994 | 31.03.1995 |
| ഡോ. എം. ആർ. തമ്പാൻ | 01.04.1995 | 30.09.2000 |
| രാജമ്മാൾ (അഡീ. സെക്രട്ടറി) I/C | 01.10.2000 | 25.10.2000 |
| ഡോ. എൻ. വി. പി. ഉണിത്തിരി | 25.10.2000 | 01.06.2001 |
| ഡോ. എം. വേലായുധൻ നായർ I/C | 02.06.2001 | 04.09.2001 |
| പ്രൊഫ. എം. തോമസ് മാത്യു | 05.09.2001 | 30.06.2002 |
| ഡോ. വെള്ളായണി അർജ്ജുനൻ I/C | 01.07.2002 | 02.02.2003 |
| ഡോ. രാജൻ വർഗീസ് | 03.02.2003 | 14.03.2006 |
| മോഹനകുമാരൻ നായർ (അഡീ. സെക്രട്ടറി) I/C | | |
| വിജയകുമാരൻ നായർ (അഡീ. സെക്രട്ടറി) I/C | | |
| ബി. ഗീതാദേവി (അഡീ. സെക്രട്ടറി) I/C | 18.08.2006 | 30.11.2006 |
| പ്രൊഫ. പി. കെ. പോക്കർ | 01.12.2006 | 31.05.2011 |
| ഡോ. എം. ആർ. തമ്പാൻ | 06.06.2011 | 04.08.2016 |

| | | |
|---|---|---|
| പ്രൊഫ. വി. കാർത്തികേയൻ നായർ | 05.08.2016 | 24.02.2022 |
| ഡോ. പി. എസ്. ശ്രീകല | 24.02.2022 | 27.06.2022 |
| ഡോ. മ്യൂസ് മേരി ജോർജ് I/C | 04.07.2022 | 17.08.2022 |
| ഡോ. സത്യൻ എം. | 18.08.2022 | – |

പട്ടിക 4.19: ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിവിധ കാലങ്ങളിലെ ഡയറക്ടർമാരും അവരുടെ പ്രവർത്തനകാലയളവും

കെ.പി.ശശിധരൻ, കെ.ജയകുമാർ, ഡോ. എൻ.വി.പി. ഉണിത്തിരി, പ്രൊഫ. എം.തോമസ് മാത്യു, ഡോ. പി.എസ്.ശ്രീകല എന്നിവർ ഏറെക്കാലം ഡയറക്ടർ പദവിയിൽ തുടർന്നില്ല. അക്കാദമികവിഭാഗത്തിലുള്ള അസിസ്റ്റന്റ് ഡയറക്ടർമാർ മുതൽ താഴോട്ടുള്ള ഉദ്യോഗസ്ഥരും പലപ്പോഴും ഇടയ്ക്കിടെ മാറിവരുന്നതു കാണാം. സ്ഥാപനത്തിന് കൃത്യമായ തുടർച്ച ഉണ്ടാക്കാൻ കഴിയുന്നില്ല എന്നത് വലിയൊരു പോരായ്മയാണ്.

ഏതാനും പേരൊഴികെ കരാറടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിക്കപ്പെട്ടുന്നവരാണ് ഇന്ന് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാർ. അവർ വരുന്നതുതന്നെ മെച്ചപ്പെട്ട തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനിടയിലുള്ള ഒരിടത്താവളം എന്ന നിലയിലാണ്. അത്തരം ഒരു തൊഴിൽനിരയിൽനിന്ന് മെച്ചപ്പെട്ട ഫലങ്ങൾ പ്രതീക്ഷിക്കാനാവില്ല. സ്ഥാപനത്തിന്റെ ചരിത്രവും ലക്ഷ്യവും അവർക്ക് അന്യമായിരിക്കും. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിദ്ധീകരണങ്ങളുടെയും ചരിത്രരേഖകളുടെയും കൃത്യമായ ഡോക്യുമെന്റേഷൻ പോലും നടന്നിട്ടില്ല എന്നത് ഈ സ്ഥിരതയില്ലാത്ത സംവിധാനത്തിന്റെ ബാക്കിപത്രമാണ്.

വ്യത്യസ്തമേഖലകളിൽ പ്രാവീണ്യം നേടിയവരായിരുന്നു സ്ഥാപനത്തിന്റെ ആദ്യകാലത്തെ ശക്തി. മലയാളസാഹിത്യത്തിൽ ബിരുദങ്ങൾ നേടിയവരെക്കൊണ്ടുമാത്രം ഭാഷയുടെ വൈജ്ഞാനികതലത്തെ മെച്ചപ്പെടുത്തിയെടുക്കാൻ കഴിയില്ല. ഭാഷാസാങ്കേതിക രംഗവുമായി ബന്ധപ്പെട്ട് ഇൻസ്റ്റിറ്റ്യൂട്ട് കൈക്കൊണ്ട നടപടികളൊക്കെ വിവാദമായി മാറിയത് ആ മേഖലയിൽ പ്രാപ്തിയുള്ളവരുടെ സാന്നിധ്യം ഒരിക്കലും ഇൻസ്റ്റിറ്റ്യൂട്ടിൽ ഉണ്ടായിരുന്നില്ല എന്നതുമായി ചേർത്തുവെച്ചുകൂടി കാണേണ്ടതുണ്ട്. സാങ്കേതികവിദ്യാരംഗത്ത് നൈപുണിയുള്ള മാനവവിഭവശേഷിയില്ലാതെ എങ്ങനെയാണ് ഇന്നത്തെ കാലത്ത് ഒരു ഭാഷാസ്ഥാപനത്തിന് പ്രവർത്തിക്കുവാൻ കഴിയുക എന്ന് ഇതുവരെ

നയകർത്താക്കളാരും പരിശോധിച്ചിട്ടില്ല. പുതിയ മേഖലകളിലേക്ക് കടക്കാൻ കഴിയണമെങ്കിൽ അതിനനുസരിച്ച മാനവവിഭവശേഷി ഉണ്ടായേ തീരൂ.

### 4.8.2 ബാഹ്യകാരണങ്ങൾ

ഒന്നാം ദശകവും അതിനുശേഷവും എന്ന രീതിയിലുള്ളൊരു വിഭജനം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചരിത്രത്തിൽ അടയാളപ്പെട്ടിരിക്കുന്നു. മൂന്നാം ദശകത്തോടെ ഈ പിളർപ്പ് ആഴത്തിലുള്ളതാവുകയും ചെയ്യുന്നു. പ്രതിസന്ധികൾ ഉടലെടുത്തപ്പോൾ ആദ്യം അന്ധാളിച്ച് നിൽക്കുകയും തുടർന്ന് പരിപ്രേക്ഷ്യത്തിൽനിന്ന് മെല്ലെ അകലാൻ തുടങ്ങുകയും പിന്നീട് പരിപ്രേക്ഷ്യമേ ഇല്ലാതെ ഒഴുകുകയും ചെയ്തു എന്നതാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചരിത്രം. പരിമിതികൾ ഉണ്ടായിരുന്നെങ്കിലും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാഴ്ചപ്പാടിലും ആരംഭകാലത്ത് മുന്നോട്ടുവച്ച പ്രവർത്തനങ്ങളിലും ഭാഷയെ സമൂലമായി പുതിയൊരു തലത്തിലേക്കുയർത്താൻ പര്യാപ്തമായ ഉള്ളടക്കമുണ്ടായിരുന്നു എന്ന് ഇതിനകം വ്യക്തമാക്കുകയുണ്ടായി. പലതലങ്ങളിലുള്ള ഇടപെടലുകളിലൂടെ ഭാഷയുടെ ചിട്ടയായ ആസൂത്രണം അത് ലക്ഷ്യമിട്ടു. ഭാഷയുടെ വൈജ്ഞാനികതല വളർച്ചയിൽ കുതിച്ചുചാട്ടത്തിന്റെ കാലമായിരുന്നു അത്. മറ്റെല്ലാം മാഞ്ഞുപോയാലും മലയാളത്തിൽ വൈജ്ഞാനികവിഷയങ്ങൾ എഴുതാൻ പ്രാപ്തരായ വലിയൊരു നിരയെ സജ്ജമാക്കി എന്ന കാര്യം എക്കാലവും നിലനിൽക്കും. വിഷയമേതായാലും മലയാളഭാഷയിലൂടെ അത് പ്രകാശിപ്പിക്കാൻ കഴിയുമെന്ന ആത്മവിശ്വാസം എഴുത്തുകാർക്ക് കൈവന്നു. ഭാഷയുടെ രംഗത്ത് അതുവരെയില്ലാത്ത പുതിയൊരു സമരമുഖം വെട്ടിത്തുറക്കുകയായിരുന്നു ഇൻസ്റ്റിറ്റ്യൂട്ട്. അത് പാതിവഴിയിൽ ദുർബലപ്പെട്ടുപോയതാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചരിത്രം.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനുണ്ടായ ഇടർച്ചകളും വീഴ്ചകളും സ്ഥാപനത്തിന്റ ആന്തരികപ്രശ്നങ്ങളിലും അതിന്റെ സാമ്പത്തികപിന്തുണയിലും മാത്രം ഒതുങ്ങിനിൽക്കുന്നതായിരുന്നില്ല. അധ്യയനമാധ്യമപ്രശ്നത്തിൽ സർവകലാശാലകൾ സ്വീകരിച്ച നിലപാട് ഇതിനകം വ്യക്തമാക്കിയിട്ടുള്ളതാണ്. കേരളത്തിലെ ഉന്നതവിദ്യാഭ്യാസചർച്ചകളിൽ സാധാരണയായി അവഗണിക്കപ്പെടുന്ന ഒരു പ്രശ്നം മാതൃഭാഷയുടെ പങ്കാണെന്ന് കേരളത്തിലെ ഉന്നതവിദ്യാഭ്യാസത്തെക്കുറിച്ച് പഠിക്കാൻ നിയോഗിക്കപ്പെട്ട യു. ആർ. അനന്തമൂർത്തി കമ്മിറ്റി ചൂണ്ടിക്കാണിച്ചിട്ടുണ്ട് (Report of the Committee on The Kerala State Policy on Higher Education). എന്തുകൊണ്ട് സർവകലാശാലകൾ മാധ്യമമാറ്റത്തിന് തയ്യാ

റായില്ല എന്നുകൂടി പരിശോധിക്കേണ്ടതുണ്ട്. അഥവാ സർവകലാശാലകൾ തയ്യാറാവാതിരുന്നപ്പോൾ സർക്കാരും പൊതുസമൂഹവും എന്തുകൊണ്ട് ഇടപെട്ടില്ല എന്ന ചോദ്യവും പ്രസക്തമാണ്.

സർവകലാശാലകളും അതുമായി ബന്ധപ്പെട്ട പണ്ഡിതരും തുടക്കംമുതൽ ഭാഷാവികസനത്തെയും മാധ്യമമാറ്റത്തെയും ഗൗരവതരമായി കണ്ടിരുന്നില്ല എന്നതാണ് വസ്തുത. ഈ സമീപനം ഇപ്പോഴും തുടരുന്നു. സർവകലാശാലകളിലെയും കോളെജുകളിലെയും അധ്യാപകരുടെയും മറ്റ് ഉന്നതരുടെയും വർഗതാൽപ്പര്യങ്ങളാണ് മാധ്യമമാറ്റം യാഥാർത്ഥ്യമാകാതിരിക്കാൻ കാരണമെന്ന് വിലയിരുത്താം. സ്വന്തം സാംസ്കാരികച്ചുറ്റുപാടുകൾ സൃഷ്ടിച്ച അധ്യാപകരുടെ മുൻഗണനകളോട് പ്രതികരിച്ചുകൊണ്ടാണ് പാഠപുസ്തകങ്ങളും അതിലൂടെ വിഷയമേഖലകളും രൂപപ്പെട്ടതെന്ന റോബർട്ട് ജെ. കോണോർസിന്റെ നിരീക്ഷണം ഇവിടെയും പ്രസക്തമാണ്. അക്കാലത്തെ ബഹുഭൂരിപക്ഷം അധ്യാപകരും ഉപരിവർഗങ്ങളിൽനിന്ന് വന്നവരായിരുന്നു. അവരുടെ വർഗതാൽപ്പര്യങ്ങളും അതിനനുസൃതമായ അക്കാദമികധാരണകളും അധ്യയനമാധ്യമമാറ്റത്തിന് അനുകൂലമായിരുന്നില്ല. തങ്ങൾ പഠിച്ചതും ശീലിച്ചതുമായ ഇംഗ്ലീഷിൽനിന്ന് മാറിക്കൊണ്ട് മലയാളത്തിലേക്ക് കടക്കുകയെന്നത് പലർക്കും താൽപ്പര്യമുള്ളതായിരുന്നില്ല. അധ്യാപകരുടെ സ്ഥാപിതതാൽപ്പര്യത്തെക്കുറിച്ച് അക്കാലത്ത് മുഖ്യമന്ത്രിയായിരുന്ന ആളും ചൂണ്ടിക്കാട്ടിയിട്ടുണ്ട് (അച്യുതമേനോൻ. സി. 613). മാധ്യമമാറ്റത്തിന് ഏറ്റവും കൂടുതൽ തയ്യാറാവേണ്ടതും അധ്വാനിക്കേണ്ടതും അധ്യാപകരായിരുന്നു. സർവകലാശാലയുടെ ഉത്തരവുള്ളതിനാൽ മാത്രം ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ച മാതൃകാക്ലാസുകളിലും സെമിനാറുകളിലും പങ്കെടുത്തവരായിരുന്നു വലിയവിഭാഗം കോളെജ് അധ്യാപകരും. മാധ്യമമാറ്റം ഏറ്റവും അവസാനം നടപ്പാക്കുന്ന സർവകലാശാലയായിരിക്കണം കേരള സർവകലാശാലയെന്ന് ആവേശപൂർവം വാദിച്ച ഒരാളെക്കുറിച്ച് എൻ. വി. സൂചിപ്പിച്ചിട്ടുണ്ട് (പത്രാധിപക്കുറിപ്പ്, "സർവകലാശാലയും പാഠപുസ്തകനിർമാണവും"8). മലയാളത്തിൽ പാഠപുസ്തകങ്ങളും അധികവായനയ്ക്കുള്ള പുസ്തകങ്ങളും ഇല്ലാത്തതുകൊണ്ട് അധ്യയനമാധ്യമം മാറ്റാൻ കഴിയില്ലെന്ന് വാദിച്ചവർ, അവ രൂപപ്പെടാൻ തുടങ്ങിയപ്പോൾ അവയ്ക്ക് നിലവാരമില്ലെന്നും അവയിലെ പദങ്ങൾ കഠിനങ്ങളാണെന്നും വായിച്ചുമനസ്സിലാക്കാൻ കഴിയില്ലെന്നുമുള്ള വാദങ്ങൾ ഉയർത്താൻ തുടങ്ങി. പുതുതായി തയ്യാറാക്കപ്പെട്ട പാഠപുസ്തകങ്ങളോട് ബോർഡ് ഓഫ് സ്റ്റഡീസ് കൈക്കൊള്ളുന്ന ഉദാസീനമായ സമീപനത്തിൽ യു. ജി. സി. ഇടപെടണമെന്ന് ആവശ്യപ്പെട്ട് ഇൻസ്റ്റിറ്റ്യൂട്ട് കത്തു നൽകുകയും ഇതിനെത്തുടർന്ന്

യു. ജി. സി. യും കേന്ദ്ര വിദ്യാഭ്യാസവകുപ്പും സർവകലാശാലകൾക്ക് സർക്കുലറുകൾ അയയ്ക്കുകയും ചെയ്തു. എങ്കിലും സർവകലാശാലകളുടെ നിലപാടിൽ മാറ്റമൊന്നുമുണ്ടായില്ല.

നിലനിന്നിരുന്ന പാഠപുസ്തകങ്ങളുടെ നിർമാതാക്കളുടെയും എഴുത്തുകാരുടെയും താൽപ്പര്യങ്ങൾ ഏതെങ്കിലും തരത്തിൽ അധ്യയനമാധ്യമമാറ്റത്തെ പ്രതിരോധിച്ചിരുന്നുവോ എന്നത് അക്കാലത്തെ പാഠപുസ്തകങ്ങളെ വിശദമായി പഠിച്ചുകൊണ്ടേ തീർപ്പുകൽപ്പിക്കാൻ കഴിയൂ. എണ്ണത്തിൽ വളരെയേറെയില്ലെങ്കിലും, ഇംഗ്ലീഷിൽ പാഠപുസ്തകങ്ങൾ തയ്യാറാക്കിയ അധ്യാപകരുമുണ്ടായിരുന്നു. അധ്യയനമാധ്യമമാറ്റത്തിനും പ്രാദേശികഭാഷയിൽ തയ്യാറാക്കപ്പെട്ട പുസ്തകങ്ങൾ അംഗീകരിക്കാനുമുള്ള വൈമുഖ്യം കേരളത്തിൽ മാത്രമുള്ള ഒരു പ്രതിഭാസവുമായിരുന്നില്ല. പല സർവകലാശാലകളും അധ്യയനത്തിനും പരീക്ഷക്കുമുള്ള തിരഞ്ഞെടുക്കാവുന്ന ഒരു സാധ്യതയായി പ്രാദേശികഭാഷകളെ കൊണ്ടുവരികയാണുണ്ടായത്. മറ്റു സംസ്ഥാനങ്ങളിലും പുസ്തകങ്ങൾ കെട്ടിക്കിടക്കുന്ന പ്രശ്നവും ഉടലെടുക്കുകയുണ്ടായിട്ടുണ്ട്. 1978 ൽ നടന്ന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്/ ഗ്രന്ഥ അക്കാദമികളുടെ ഡയറക്ടർമാരുടെ മൂന്നാം സമ്മേളനത്തിൽ ഉദ്ഘാടനപ്രസംഗം നിർവഹിച്ചുകൊണ്ട് അന്നത്തെ കേന്ദ്ര വിദ്യാഭ്യാസ സഹമന്ത്രി രേണുകാദേവി ബർകത്തകി ഇത്തരം പ്രശ്നങ്ങൾ ഉന്നയിക്കുകയുണ്ടായി. സർവകലാശാലകളിലെ പ്രമുഖരായ പണ്ഡിതർതന്നെ പ്രാദേശികഭാഷയിൽ എഴുതിയ പുസ്തകങ്ങൾ അതത് സർവകലാശാല പോലും അംഗീകരിക്കുന്നില്ല എന്നത് തന്നെ അത്ഭുതപ്പെടുത്തുന്നതായി അവർ പ്രസ്താവിച്ചു (Inagural address 2).

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് രൂപംനൽകിയ സാങ്കേതികപദങ്ങൾ സർവകലാശാലകളിലേക്ക് കടന്നുചെന്നില്ലെങ്കിലും സ്കൂൾ പാഠ്യപദ്ധതിയിൽ ചില മാറ്റങ്ങൾ ഇക്കാലത്ത് സംഭവിച്ചു. 1970 കളുടെ തുടക്കത്തിൽ ശാസ്ത്രപാഠപുസ്തകങ്ങളുടെ രംഗത്ത് വലിയതോതിലുള്ള പരിഷ്കാരങ്ങൾ അരങ്ങേറുകയുണ്ടായി. സ്പുത്നിക്ക് വിക്ഷേപണം സൃഷ്ടിച്ച അനുരണനങ്ങളുടെ ഭാഗമായി ശാസ്ത്രപാഠപുസ്തകങ്ങളിൽ അറുപതുകളിൽ എൻ.സി.ഇ.ആർ.ടി. വരുത്തിയ പരിഷ്കാരങ്ങളുടെ തുടർച്ചയായിരുന്നു കേരളത്തിലെ ഈ മാറ്റം. ആറാം ക്ലാസു മുതൽ സയൻസ് പാഠപുസ്തകങ്ങളിൽ ഈ പരിഷ്കാരം ആരംഭിച്ചു. ആറാം ക്ലാസുമുതൽ ഊർജതന്ത്രം, ജീവശാസ്ത്രം, രസതന്ത്രം എന്നിങ്ങനെ സയൻസ് മൂന്ന് പാഠപുസ്തകങ്ങളായി മാറുന്നതും ഈ പരിഷ്കരണകാലത്താണ്.[49] പുതിയ പുസ്തകങ്ങൾ 1976 ആവുമ്പോഴേക്കും പത്താംക്ലാസുവരെ എത്തി. ഈ പുതിയ പുസ്തകങ്ങളിൽ ക്വഥനാങ്കം, ദ്രവണാങ്കം, സ്വേദനം തുടങ്ങിയ സാങ്കേതികപദങ്ങൾ കടന്നുവന്നു. അതുവരെ നിലവിലുണ്ടായി

രുന്ന ഇംഗ്ലീഷ് പദങ്ങളെ മാറ്റിക്കൊണ്ടാണ് ഈ പരിഷ്കരണം കടന്നുവന്നത്. ഇത് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേരിട്ടുള്ള ഇടപെടൽ കൊണ്ടാവാൻ സാധ്യതയില്ല.[50] മറിച്ച് പാഠപുസ്ത കനിർമാതാക്കളിൽ അത് ചെലുത്തിയ സ്വാധീനമോ, കോത്താരി കമ്മീഷൻ പ്രാദേശി കഭാഷകളിലെ പഠനത്തിനുനൽകിയ ഊന്നലോ ആയിരിക്കാം പുതിയ പാഠപുസ്തകങ്ങ ളിലെ സാങ്കേതികപദങ്ങളിലെ മാറ്റത്തിൽ പ്രതിഫലിച്ചത്.

എസ്.സി.ഇ.ആർ.ടി. യുടെ ആർക്കൈവ്സിൽ എല്ലാ പാഠപുസ്തകങ്ങളും ലഭ്യമല്ലാത്ത തിനാൽ, അവയിൽ ഇംഗ്ലീഷ് സാങ്കേതികപദങ്ങളുടെ ഉപയോഗം ഏത് വർഷം മുതലാണ് തുടങ്ങിയതെന്ന് കൃത്യമായി പറയാനാവില്ല. എല്ലാകാലവും അത് അങ്ങിനെയായിരു ന്നില്ല. പരിശോധനാവിധേയമാക്കിയ ക്വഥനാങ്കം, ദ്രവണാങ്കം, സ്വേദനം എന്നീ പദങ്ങ ളാണ് 1950 ൽ പുറത്തിറങ്ങിയ ഒൻപതാം ക്ലാസിലേക്കുള്ള പാഠപുസ്തകത്തിൽ ഉള്ളത്.[51] തിരുവിതാംകൂർ സർവകലാശാലയുടെ പദാവലിയിലും അങ്ങനെതന്നെ. സ്കൂൾ പാഠപു സ്തകങ്ങളിൽ ബോയ്‌ലിങ്ങ് പോയന്റ്, മെൽട്ടിങ്ങ് പോയന്റ് തുടങ്ങിയ ഇംഗ്ലീഷ് സാങ്കേതി കപദങ്ങൾ മുമ്പുണ്ടായിരുന്ന പദങ്ങൾക്കുപകരമായി കടന്നുവന്നത് എപ്പോൾ മുതലാണെ ന്നും,[52] അത് എത്ര മാത്രമുണ്ടായിരുന്നെന്നും, ഏത് സാഹചര്യത്തിലായിരുന്നു എന്നും വിശദമായി പഠിക്കേണ്ടതുണ്ട്.

സ്കൂൾ പാഠപുസ്തകങ്ങളിൽ ഇത്തരം പദങ്ങൾ കടന്നുവരികയും സർവകലാശാലകൾ അധ്യയനമാധ്യമമാറ്റത്തിന് തയ്യാറാവാതിരിക്കുകയും ചെയ്തതിനാൽ വലിയൊരു പ്ര ശ്നം ഇവിടെ ഉടലെടുക്കുന്നുണ്ട്. പത്താംക്ലാസ് വരെ ക്വഥനാങ്കവും മറ്റും പഠിച്ചുവരുന്ന വിദ്യാർത്ഥികൾ പ്രീഡിഗ്രി ക്ലാസുകളിലെത്തുമ്പോൾ അവർ പഠിച്ച സാങ്കേതികപദങ്ങൾ അപ്പടി മാറ്റിപ്പഠിക്കേണ്ടി വരുന്നു. തുടർന്നുവന്നിരുന്ന രീതിയിൽ നിന്നുണ്ടായ ഈ മാറ്റം ശാസ്ത്രവിദ്യാർത്ഥികളുടെ ഒരു പ്രധാന പ്രശ്നമാകുകയും ചർച്ചയായി മാറുകയും ചെയ്തു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പദങ്ങൾക്കെതിരെയുള്ള മനോഭാവം വളർന്നുവരുന്നതിന് ഇത് കാരണമായി. ഒപ്പം, എൺപതുകളിൽ ചെറിയതോതിൽ ആരംഭിച്ച ഇംഗ്ലീഷുമാധ്യമവിദ്യാ ഭ്യാസത്തിലേക്കുള്ള ചായ്‌വിൽ ഈ അസംതൃപ്തികൾക്കും ഒരു പങ്കുണ്ടെന്ന് വിലയിരുത്താം.

കേന്ദ്രാവിഷ്കൃതപദ്ധതിയിലെ വലിയൊരു പോരായ്മകൂടി ഇവിടെ വെളിപ്പെടുന്നു ണ്ട്. അത് ഉന്നതവിദ്യാഭ്യാസത്തിലെ പാഠപുസ്തകങ്ങളെയും സാങ്കേതികപദങ്ങളെയും സ്വയം നിലനിൽപ്പുള്ള ഒന്നായി കണ്ടു എന്നതാണ്. അത് സ്കൂൾ പാഠപുസ്തകങ്ങ ളെയും അവയിൽ ഉപയോഗിച്ചുപോരുന്ന സാങ്കേതികപദങ്ങളെയും പരിഗണിക്കുകയോ അവയുടെ ഉദ്ഗ്രഥനം ഉറപ്പുവരുത്തുകയോ ചെയ്തില്ല. ഈ തുടർച്ച ഉറപ്പുവരുത്തേണ്ടതി ന്റെ പ്രാധാന്യം ഔപചാരികമായി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനപരിപാടിയിലും

ഉണ്ടായിരുന്നില്ല. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രതിനിധി അത്തരത്തിലൊരു ദൗത്യം മുന്നോട്ടു വെച്ചപ്പോൾ വിദ്യാഭ്യാസവകുപ്പിന്റെ നേതൃത്വം അതിനോട് പിന്തിരിഞ്ഞ് നിൽക്കുകയും ചെയ്തു. വിദ്യാഭ്യാസവകുപ്പിന്റെ സ്കൂൾ പാഠപുസ്തകങ്ങളിൽ സാങ്കേതികപദങ്ങൾ മുകളിൽ ചൂണ്ടിക്കാണിച്ചതുപോലെ ഇടയ്ക്കിടെ മാറി മാറി വന്നത് രേഖപ്പെടുത്തപ്പെട്ട നയങ്ങളെ പിന്തുടർന്നുകൊണ്ടായിരുന്നുവോ എന്ന് പരിശോധിക്കേണ്ടതുണ്ട്.

അധ്യയനമാധ്യമമാറ്റം അകന്നുപോവുകയും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അതിന്റെ ഭാഷാവികസന ലക്ഷ്യങ്ങളിൽനിന്ന് അകലുകയും ചെയ്യുമ്പോൾ അക്കാദമിക പണ്ഡിതരും അതിനോട് പ്രതികരിച്ചില്ല. വൈജ്ഞാനികഭാഷയായി മലയാളത്തെ പരിവർത്തിപ്പിക്കേണ്ടതിന്റെ പ്രാധാന്യം അവരും ഉൾക്കൊണ്ടിരുന്നില്ല. സമീപവർഷങ്ങളിൽ മാത്രമാണ് വൈജ്ഞാനികഭാഷയെക്കുറിച്ചുള്ള സെമിനാറുകളും ചർച്ചകളുമൊക്കെ മലയാളം വകുപ്പുകളുടെ നേതൃത്വത്തിൽ കേരളത്തിൽ ആരംഭിക്കുന്നത്. ആ ചർച്ചകളാകട്ടെ മലയാളം വിദ്യാർത്ഥികളുടെയിടയിൽ മാത്രമായൊതുങ്ങുകയും ചെയ്യുന്നു. മറ്റു വൈജ്ഞാനികമേഖലകളിലെ അധ്യാപകരെയും ഗവേഷകരെയും വിദ്യാർത്ഥികളെയും ഇത്തരത്തിലുള്ള ചർച്ചകളിലേക്ക് ഉൾച്ചേർക്കാൻ കഴിയാറുമില്ല. അതുകൊണ്ടുതന്നെ ഈ ചർച്ചകൾ വലിയ മാറ്റങ്ങളിലേക്ക് വഴിതുറക്കുകയുമില്ല.

ഭരണഭാഷയായി മലയാളത്തെ മാറ്റാനുള്ള ശ്രമങ്ങളെ ദുർബലപ്പെടുത്താനുള്ള ശ്രമങ്ങൾ ഇതിനു സമാന്തരമായി നടക്കുന്നുണ്ടായിരുന്നു. 1957 ലെ കോമാട്ടിൽ അച്യുതമേനോൻ കമ്മിറ്റി നിർദേശങ്ങൾ, 1965 ഒക്ടോബറിലെ സർക്കാർ ഉത്തരവ്, 1966 ഏപ്രിലിലെ ഉത്തരവ്, 1969 ലെ ഔദ്യോഗികഭാഷാ ആക്ട്, 1973 ലെ ഭേദഗതി എന്നിവയെല്ലാം പ്രായോഗികരംഗത്തെത്താതെ ഫയലുകളിൽ സുഷുപ്തിയിലാണ്ടു. കോടതിഭാഷ മലയാളമാക്കാനുള്ള തീരുമാനങ്ങളുടെയും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. ഭരണഭാഷയും കോടതിഭാഷയും ജനങ്ങളുടെ ഭാഷയിലാവാതിരിക്കാൻ ജാഗരൂകരായ ഒരു വിഭാഗം ഉദ്യോഗസ്ഥമേധാവിമാർ എക്കാലവുമുണ്ടായിരുന്നു. പ്രത്യക്ഷമായും പരോക്ഷമായും സെക്രട്ടറിയറ്റ് തലത്തിലുള്ള നടപടികൾതന്നെ ഭരണഭാഷാമാറ്റത്തിനുള്ള വിലങ്ങുതടിയാണെന്ന് നിയമസഭയുടെ എസ്റ്റിമേറ്റ് കമ്മിറ്റി വിലയിരുത്തുകയും അതിൽ അസംതൃപ്തി രേഖപ്പെടുത്തുകയുമുണ്ടായി (എസ്റ്റിമേറ്റ്സ് കമ്മിറ്റി മൂന്നാമത് റിപ്പോർട്ട് 6). നിയമങ്ങളും ഉത്തരവുകളും എത്ര ഇറങ്ങിയാലും നടപ്പുരീതികളിൽ ഒരു മാറ്റവും വരാത്ത രീതിയിൽ ഈ വിഭാഗം കാത്തുപോന്നു. ഭരണഭാഷയായി മലയാളം മാറിയിരുന്നെങ്കിൽ അധ്യയനമാധ്യമമാറ്റ ശ്രമങ്ങൾക്ക് അത് കരുത്തുപകരുമായിരുന്നു.

നിലനിൽക്കുന്ന അവസ്ഥയിൽനിന്ന് മാറുന്നതിനെതിരെയുള്ള ആന്തരികപ്രതിരോധം ഏത് വ്യവസ്ഥയ്ക്കുള്ളിലും അടങ്ങിയിട്ടുണ്ട്. നിലവിലുള്ള സ്ഥിതി (status quo) നിലനിർത്താൻ അത് ശ്രമിച്ചുകൊണ്ടേയിരിക്കും. ഇവിടെ, ആ ആന്തരികപ്രതിരോധത്തെ മുറിച്ചുകടക്കുവാൻ പര്യാപ്തമായ സമ്മർദശക്തികൾ ഉടലെടുത്തില്ല. അധ്യയനമാധ്യമമാറ്റമെന്നത് ഒരു രാഷ്ട്രീയപ്രശ്നമാണെന്നും അടിസ്ഥാനവിഭാഗത്തിന്റെ പുരോഗതിക്കുള്ള മുന്നുപാധിയാണെന്നും തിരിച്ചറിഞ്ഞ്, അതിനെ രാഷ്ട്രീയവിദ്യാഭ്യാസത്തിന്റെ അജണ്ടയിലേക്ക് ഉൾച്ചേർത്തുകൊണ്ട് അധ്യാപകസമൂഹത്തെയും പൊതുസമൂഹത്തെയും ബോധ്യപ്പെടുത്താനുള്ള തീവ്രമായ ശ്രമങ്ങൾ അധ്യാപകസംഘടനകളുടെയോ സാമൂഹികസംഘടനകളുടെയോ[53] ഭാഗത്തുനിന്ന് ഉണ്ടായില്ല. ഭാഷാവികാസത്തിന്റെയും ആസൂത്രണത്തിന്റെയും രാഷ്ട്രീയ ബോധ്യമില്ലായ്മ ഐക്യകേരളപ്പിറവിക്കുശേഷം മലയാളത്തിന്റെ ചരിത്രത്തിൽ ഉടനീളം നിഴലിക്കുന്നു. ഐക്യകേരളപ്രസ്ഥാനം ഉയർത്തിയ മുദ്രാവാക്യങ്ങളുടെ സ്വാഭാവികമായ തുടർച്ചയും വളർച്ചയും ഇല്ലാതെപോയി എന്നാണ് ആധുനികകേരളത്തിന്റെ ചരിത്രം ചൂണ്ടിക്കാണിക്കുന്നത്. കേരളീയരുടെ ഭാഷയെയും സംസ്കാരത്തെയും കുറിച്ചുള്ള ബോധ്യങ്ങളെ രാഷ്ട്രീയവൽക്കരിക്കാൻ ശ്രമിച്ച ഐക്യകേരളപ്രസ്ഥാനം (മുരളീധരൻ, *ഭാഷാസൂത്രണം: പൊരുളും വഴികളും* 150) കേരളസംസ്ഥാന രൂപീകരണത്തോടെ നിലച്ചുപോകേണ്ടിയിരുന്ന ഒന്നായിരുന്നില്ല.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എന്തിനുവേണ്ടിയാണ്, എന്താണ് ചെയ്യേണ്ടത് എന്നതിൽ ഭരണനേതൃത്വത്തിനോ രാഷ്ട്രീയനേതൃത്വത്തിനോ രൂപീകരണകാലഘട്ടത്തിനുശേഷം കൃത്യമായ ധാരണ ഉണ്ടായിരുന്നില്ല. പുതുക്കിയ പരിപ്രേക്ഷ്യം തയ്യാറാക്കുന്നതിനുള്ള പ്രേരണ സ്ഥാപനത്തിൽ ചെലുത്തുകയും അതിനനുയോജ്യരായവരെ കണ്ടെത്തി ചുമതലയേൽപ്പിക്കുകയും ചെയ്യേണ്ടത് രാഷ്ട്രീയനേതൃത്വത്തിന്റെ കടമയായിരുന്നു. സാംസ്കാരികവകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനത്തിന്റെ ദൈനംദിനഭരണം നടത്തുക എന്നതിലുപരി മലയാളഭാഷയുടെ ആസൂത്രണത്തിൽ അതിനുള്ള പങ്ക് തിരിച്ചറിയുകയോ അത് നിർവഹിക്കാൻ കഴിയുംവിധമുള്ള പശ്ചാത്തലമൊരുക്കുകയോ ഉണ്ടാവുന്നില്ല. കേരള നിയമസഭയുടെ ആർക്കൈവ്സ് പരിശോധിക്കുമ്പോൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനെക്കുറിച്ച് നടന്നിട്ടുള്ള ചർച്ചകളിലധികവും അവിടത്തെ നിയമനങ്ങളുമായി ബന്ധപ്പെട്ട് ഉയർത്തിയ ചോദ്യങ്ങളെ മുൻനിർത്തിയാണെന്ന് കാണാം. നയപരമായ കാര്യങ്ങൾ അവിടെ അപൂർവമായി മാത്രമേ ഉയർന്നുവന്നുള്ളൂ.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നടത്തിപ്പിൽ സുപ്രധാനമായൊരു പങ്കുവഹിക്കേണ്ടത് ഭരണസമിതിയാണ്. ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിൽ

പിന്തുടരേണ്ട പൊതുനയം രൂപപ്പെടുത്തേണ്ടതും ഓരോ വർഷവും നടപ്പാക്കേണ്ട പ്രവർത്തനപദ്ധതികൾ അംഗീകരിക്കേണ്ടതും ഭരണസമിതിയാണ്. കേരളത്തിലെ ഏറ്റവും പ്രഗത്ഭരായ ആളുകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ആദ്യകാല ഭരണസമിതി കളുടെ രൂപത്തിൽനിന്ന് ക്രമേണ ഭരണസമിതികളുടെ രൂപത്തിലും മാറ്റം വരുന്നുണ്ട്. ഓരോ മന്ത്രിസഭയുടെയും കാലത്ത് പുതുക്കപ്പെടുന്നതുമായി അതുമാറി. ഭരണസമിതി അംഗത്വം ആലങ്കാരികമായ ഒന്നായി മാറുന്നുണ്ടോ എന്നും ഭരണസമിതി അംഗങ്ങ ളെയും ഡയറക്ടർമാരെയും നിശ്ചയിക്കുന്ന കാര്യത്തിൽ ആഴത്തിലുള്ള ആലോചനകൾ നടക്കുന്നുണ്ടോ എന്നും പഠിക്കേണ്ടതുണ്ട്. എൻ. വി. സ്ഥാപനത്തോട് വിട പറയു മ്പോൾ എഴുതിയ കുറിപ്പിൽ അനൗദ്യോഗിക അംഗങ്ങളായിരുന്ന കുറ്റിപ്പുഴ കൃഷ്ണപിള്ള, വക്കം അബ്ദുൾ ഖാദർ, ജോസഫ് മുണ്ടശ്ശേരി, പി. ടി. ബി. എന്നിവർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളിൽ കാണിച്ച താൽപര്യം പ്രത്യേകം എടുത്തുപറയേണ്ടതുണ്ടെന്ന് രേഖ പ്പെടുത്തിയിരുന്നു. അവരെപ്പോലെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളെ സ്വാംശീ കരിക്കുകയും നിരന്തരം പിന്തുടരുകയും ചെയ്തവർ പിന്നീട് ഭരണസമിതി അംഗങ്ങളായി വന്നിട്ടുണ്ടെന്ന് തോന്നുന്നില്ല.

സ്ഥാപനത്തിന്റെ ലക്ഷ്യങ്ങൾ, പരിപാടികൾ, അതിന്റെ നടത്തിപ്പ് എന്നിവ നിരന്തരം പിന്തുടരാനും നവീകരിക്കാനും കഴിയാതെപോവുന്ന ഈ അവസ്ഥ സംസ്ഥാനത്ത് ഭാഷയ്ക്കായുള്ള സ്ഥാപനങ്ങളുടെയെല്ലാം കാര്യത്തിൽ നിലനിൽക്കുന്നു. സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, മലയാളം ലെക്സിക്കൺ എന്നിവയെല്ലാം ഇതേ പ്ര ശ്നങ്ങൾ നേരിടുന്നുണ്ട്. അറുപത് വർഷങ്ങൾ പിന്നിട്ടിട്ടും സർവവിജ്ഞാനകോശത്തിന്റെ ഇരുപത് വാല്യങ്ങൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ലെക്സിക്കൺ പ്രവർത്തനം ഇഴഞ്ഞുനീങ്ങുന്നു. ഈ സ്ഥാപനങ്ങളെല്ലാം ആരംഭകാലത്ത് മറ്റ് ഇന്ത്യൻ ഭാഷകളുടെ മുന്നിൽ തലയെടുപ്പോടെ നിൽക്കാൻ മലയാളത്തെ അർഹമാക്കിയവയായിരുന്നു. സ്ഥാപനങ്ങൾ തുടങ്ങിവച്ചാൽ മാത്രം ഭാഷ വൈജ്ഞാനികഭാഷയായി വളരില്ല.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തിലുള്ള വളർച്ചയോടൊപ്പം ആ രംഗത്തെ ജനാധിപത്യവൽക്കരണശ്രമങ്ങളും കേരളത്തിൽ വളർന്നുവരാൻ തുടങ്ങിയിരുന്നു. സ്കൂളുകളിലും കോളെജുകളിലുമുള്ള തെരഞ്ഞെടുക്കപ്പെട്ട സംവിധാനങ്ങൾ തൊട്ട് സർവകലാശാലകളുടെ ഭരണരംഗത്തടക്കം ജനാധിപത്യവൽക്കരണ സംവിധാ നങ്ങൾ രൂപപ്പെട്ടു. വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും ജീവനക്കാരുടെയും സംഘടനകളും കരുത്താർജിച്ചു. എന്നാൽ സമഗ്രവും ശാസ്ത്രീയവുമായ ഒരു വിദ്യാ ഭ്യാസപദ്ധതി കരുപ്പിടിപ്പിക്കുകയെന്നത് ഈ സംവിധാനങ്ങളുടെയൊന്നും പരി

ഗണനയിലേക്ക് കടന്നുവന്നില്ല. ജനപക്ഷവിദ്യാഭ്യാസമെന്ന കാഴ്ചപ്പാടിലൂന്നി സമൂലമായ മാറ്റങ്ങൾക്കായുള്ള പ്രവർത്തനങ്ങൾ ഇത്തരം സംവിധാനങ്ങളിലൂടെ വളർന്നുവരാത്തതിനാൽ സർവകലാശാലാതലത്തിലുള്ള അധ്യയനമാധ്യമമാറ്റ കാര്യം സജീവമായ അജണ്ടയായില്ല.

ഏറ്റവും ചുരുങ്ങിയ പക്ഷം ഇൻസ്റ്റിറ്റ്യൂട്ട് ഒടുവിൽ ആവശ്യപ്പെട്ടതുപോലെ താൽപ്പര്യമുള്ളവർക്കായി പ്രത്യേകബാച്ചുകൾ എന്നതെങ്കിലും യാഥാർത്ഥ്യമാക്കാൻ മുന്നിട്ടിറങ്ങേണ്ടതായിരുന്നു. പോപ്പുലർ സമീപനങ്ങൾക്കൊപ്പം ഒഴുകുന്നതല്ല, സമൂഹത്തിന് ദിശാബോധം നൽകുന്നതാണ് യഥാർത്ഥരാഷ്ട്രീയം. 'ഇന്ന് അസാധ്യമായി തോന്നുന്നതിനെ നാളെ സാധ്യമാക്കാൻ, നിലവിലുള്ള മൂർത്തമായ സാഹചര്യത്തിൽ അന്തർലീനമായ സാധ്യതകൾ കണ്ടുപിടിക്കുക' എന്നതായിരിക്കണം ലക്ഷ്യം. കാരണം 'അസാധ്യത്തെ സാധ്യമാക്കുന്ന കലയാണ് രാഷ്ട്രീയം' (ഹാർനേക്കർ 85) എന്ന നിരീക്ഷണം ഇവിടെ പ്രസക്തമാണ്. മാതൃഭാഷയുടെ പ്രാധാന്യം, വിദ്യാഭ്യാസത്തിൽ അതിനുള്ള പ്രാധാന്യം തുടങ്ങിയ പ്രശ്നങ്ങളിലുള്ള രാഷ്ട്രീയനേതൃത്വത്തിന്റെ ബോധ്യക്കുറവിനെയാണ് ഇത് കാണിക്കുന്നത്. അതിന്റെ മറ്റൊരു നിദർശനമാണ് ഇന്ന് കേരളത്തിലെ പൊതുവിദ്യാഭ്യാസരംഗത്തെ കീഴടക്കിയ ഇംഗ്ലീഷുമാധ്യമ ഡിവിഷനുകൾ.

ഭാഷാവികസനത്തിന് കേന്ദ്രത്തിൽനിന്ന് ഫണ്ട് നേടിയെടുക്കൽ, ലഭിക്കുന്ന ഫണ്ടുകൾക്ക് പിറകിലുള്ള കേരളത്തിനനുയോജ്യമല്ലാത്ത വ്യവസ്ഥകൾ ഒഴിവാക്കാനുള്ള സമ്മർദങ്ങൾ രൂപപ്പെടുത്തൽ, സി.എസ്.ടി.ടി.യുടെ പദരൂപീകരണനയത്തിലെ തെറ്റായ സമീപനങ്ങൾ തിരുത്തണമെന്നുള്ള ആവശ്യമുയർത്തൽ തുടങ്ങിയ കാര്യങ്ങളൊന്നും ഇവിടുത്തെ രാഷ്ട്രീയ അജണ്ടകളിൽ കടന്നുവന്നില്ല. യഥാർത്ഥത്തിൽ പ്രാദേശികഭാഷകളെ എട്ടാം ഷെഡ്യൂളിലെ പ്രത്യേക പദവിയിൽ തളച്ചിടുകയും ഹിന്ദിയുടെ വികസനത്തിനുമാത്രമായി വൻതോതിൽ ഫണ്ട് ചെലവഴിക്കുകയും ചെയ്യുകയാണ് കേന്ദ്രഗവൺമെന്റ് ചെയ്യുന്നത് (Mallikarjun). ആ വിവേചനം ഇപ്പോഴും തുടരുന്നു.[54] നൽകിയ സഹായംപോലും ഹിന്ദിയിലെ ശബ്ദാവലികളെ ചുറ്റിപ്പറ്റിയുള്ളതായി മാറുകയും ചെയ്തു. സമീപകാലത്ത് വലിയതോതിൽ ഫണ്ട് ചെലവഴിക്കുന്ന മറ്റൊരു രംഗം സംസ്കൃതഭാഷയുടെ വികസനത്തിനു വേണ്ടിയുള്ളതാണ്. 2020 ൽ പാർലമെന്റിൽ ജയറാം രമേശ് ചൂണ്ടിക്കാണിച്ചത്, കഷ്ടിച്ച് പതിനഞ്ചായിരം പേർ മാത്രം സംസാരിക്കുന്ന സംസ്കൃതഭാഷയുടെ വികസനത്തിന് തൊട്ടുമുന്നെയുള്ള മൂന്ന് വർഷംകൊണ്ട് 640 കോടിരൂപ ചെലവഴിച്ചു എന്നാണ്. ക്ലാസിക് ഭാഷകളായി അംഗീകരിച്ച മറ്റ് ഭാഷകളായ തമിഴിന് ഇതേ കാലയളവിൽ ഇരുപത്തിനാല് കോടിയും തെലുങ്കിനും കന്നഡയ്ക്കും മൂന്ന് കോടി

വീതവും ചെലവഴിച്ചു. മലയാളത്തിനായി ഒന്നുമുണ്ടായില്ല (Sansad TV). ഫെഡറൽ സംവിധാനത്തിനകത്ത് പ്രവർത്തിച്ചുപോരുന്ന സംസ്ഥാനങ്ങളോട് പൊതുവേയും കേരളത്തോട് സവിശേഷമായും കേന്ദ്രസർക്കാർ പുലർത്തിപ്പോരുന്ന അവഗണന വർഷങ്ങളായി ഇവിടെ രാഷ്ട്രീയചർച്ചകളുടെ ഭാഗമാണെങ്കിലും ഭാഷയുമായി ബന്ധപ്പെട്ട ഇത്തരം കാര്യങ്ങളൊന്നും ഇതുവരെ ആ ചർച്ചയുടെ ഭാഗമായിട്ടില്ല.

ഒരു സമൂഹമെന്ന നിലയിൽ കേരളീയർ മലയാളഭാഷയോട് പുലർത്തുന്ന സമീപനം ചർച്ചയാവേണ്ടത് ഈയൊരു പശ്ചാത്തലത്തിലാണ്. ഭാഷയുടെ സർവതോമുഖമായ വികാസത്തിനുവേണ്ടി ആരംഭിച്ച സ്ഥാപനം അതിന്റെ പ്രഖ്യാപിതലക്ഷ്യങ്ങളിൽനിന്ന് അകന്നുപോവുമ്പോൾ സമൂഹം നിസ്സംഗമായി അത് കണ്ടുനിൽക്കുന്നത് മലയാളികളുടെ ഭാഷാമനോഭാവത്തിന്റെ പ്രതിഫലനമാണ്. മലയാളിയുടെ ഭാഷാമനോഭാവം ആഴത്തിൽ വേരുകളുള്ള ഒന്നാണ് (മുരളീധരൻ, “മാതൃഭാഷ: വിഗ്രഹവൽക്കരണമല്ല വേണ്ടത്” 36). കണക്കും സയൻസും ഇംഗ്ലീഷും പഠിപ്പിക്കുന്ന അധ്യാപകർക്ക് നൽകിയിരുന്ന സ്ഥാനം മലയാളം പഠിപ്പിക്കുന്ന അധ്യാപകർക്ക് നൽകാതെ അവരെ മുൻഷിമാരെന്നും, മലയാളം ബി. എ. കോഴ്സിനെ ശീലാവതി മലയാളമെന്നും വിളിച്ച് കളിയാക്കിപ്പോന്നിരുന്ന പാരമ്പര്യവും ഇവിടെയുണ്ട്. ‘മലയാളഭാഷയുടെ അഭിവൃദ്ധിയെ തടയുന്നതിനുള്ള കാരണങ്ങളിൽ പ്രധാനമായിട്ടുള്ളത് അഭിവൃദ്ധി വരുത്തുവാൻ അവകാശപ്പെട്ടവരുടെ ഇക്കാര്യത്തിലുള്ള സ്വാർത്ഥപരത, അല്ലെങ്കിൽ ഉദാസീനത ഈ രണ്ടിലൊന്നോ, രണ്ടുംകൂടിയോ തന്നെയാണ്’ എന്ന് വർഷങ്ങൾക്കുമുമ്പേ എ. ആർ. നിരീക്ഷിച്ചിരുന്നു (*ഏ ആർ രാജരാജവർമയുടെ തിരഞ്ഞെടുത്ത പ്രബന്ധങ്ങൾ* 22). വിദ്യാഭ്യാസം നേടി ഉയർന്നുവന്ന വിഭാഗം മലയാളഭാഷയോട് പുറംതിരിഞ്ഞു നിൽക്കുന്ന സമീപനം കാലംചെല്ലുന്തോറും വർധിച്ചുവന്നു. ആദ്യകാലത്ത് മലയാളി സമൂഹം പുലർത്തിയത് സംസ്കൃതത്തോടുള്ള ആരാധന ആയിരുന്നെങ്കിൽ ഇന്നത് ഇംഗ്ലീഷ് ഭാഷയോടാണ്. വൈജ്ഞാനികകാര്യങ്ങൾ പഠിക്കാൻ മലയാളം പോരെന്നും മലയാളത്തിന് വൈജ്ഞാനികവിഷയങ്ങൾ കൈകാര്യം ചെയ്യാൻ കഴിവില്ലെന്നും നിരന്തരം പറഞ്ഞുകൊണ്ടിരിക്കുകയാണ് പ്രബലമായ ഒരു വിഭാഗം മലയാളികൾ. വിവിധ ജനസമൂഹങ്ങൾ സ്വന്തം ഭാഷയിൽ വിജ്ഞാനം കൈകാര്യം ചെയ്യാൻ തുടങ്ങിയപ്പോഴാണ് ആ ഭാഷകൾ വളർന്നുവികസിച്ചതെന്ന കാര്യം ഇത്തരക്കാർ വിസ്മരിക്കുന്നു.

മലയാളികളുടെ ഭാഷാമനോഭാവത്തോട് ചേർത്തുകാണേണ്ട മറ്റൊരു വശവുമുണ്ട്. ഭാഷയുടെ വളർച്ചയിലെ ഒരു വൈരുധ്യമാണത്. പത്തൊമ്പതാം നൂറ്റാണ്ടിൽ വാമൊഴിരൂപങ്ങൾക്കപ്പുറം മലയാളത്തിൽ വളർന്നുവന്ന രൂപങ്ങളിൽ പ്രധാനപ്പെട്ടവ രണ്ടെ

ണ്ണമായിരുന്നു. സംസ്കൃതാധിഷ്ഠിതമായതെന്നോ, സംസ്കൃതത്തിന്റെ അതിപ്രസരമുള്ളതെന്നോ വിളിക്കാവുന്ന ഒരു രൂപം. നാട്ടുവാഴികാലത്തിന്റെ മുദ്രകൾ പേറുന്ന ഒന്നായിരുന്നു അത്. രണ്ടാമത്തേത്, മിഷണറികാലത്ത് വളർന്നുവന്നതും പിന്നീട് പത്രങ്ങളുടെ ഭാഷയായി മാറുന്നതുമായ മറ്റൊരു രൂപമാണ്. നവോത്ഥാനത്തിന്റെ ആദ്യഘട്ടം കഴിയുമ്പോഴേക്കും നിരവധി മൊഴിരൂപങ്ങളെയും വകഭേദങ്ങളെയും ഓരത്തേക്ക മാറ്റിനിർത്തിക്കൊണ്ട് മാനകമലയാളമെന്ന രൂപത്തിലേക്ക് രൂപപ്പെട്ടത് ആഢ്യഭാഷയെന്നു പറയാവുന്ന ഒരു രൂപമാണ്. ഈ മാനകമലയാളത്തിന്റെ മുന്നിൽ മറ്റ് രൂപങ്ങൾ മ്ലേഛവും ഹീനവുമായി മുദ്രകുത്തപ്പെട്ടു. വലിയതോതിലുള്ള സംസ്കൃതവൽക്കരണത്തിന്റെ ഭാരം പേറുന്ന ഈ രൂപം വ്യത്യസ്ത സാഹിത്യരൂപങ്ങളെയും വൈജ്ഞാനികസാഹിത്യത്തെയും സ്വാധീനിച്ചു. വൈജ്ഞാനികമലയാളത്തിന്റെ ചരിത്രത്തിലുടനീളം ഈ ഭാരം കാണാൻ കഴിയും. ആധുനിക വൈജ്ഞാനികത മലയാളത്തിലേക്ക് കുടിയേറുന്ന കാലത്തുള്ള മിക്കവാറും പണ്ഡിതന്മാർ സംസ്കൃതപശ്ചാത്തലം കൂടിയുള്ളവരായിരുന്നു. ഇങ്ങേയറ്റത്ത് അമ്പതുകളിലെയും അറുപതുകളിലെയും കേരളീയ പണ്ഡിതരിൽവരെ വലിയൊരു ഭാഗം സംസ്കൃതത്തിൽ അവഗാഹമുള്ളവരായിരുന്നു എന്നു കാണാം. അതുകൊണ്ടുതന്നെ മലയാളത്തിലേക്ക് കടന്നുവന്ന ആധുനികവിജ്ഞാനത്തിന് ഇംഗ്ലീഷ് പദങ്ങളുടെ സംസ്കൃതതൽസമങ്ങളെന്ന ഒരു സംസ്കൃതച്ചുവ മേമ്പൊടിയായി കാണാം. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്കു പിറകിലും ഇതിന്റെ സ്വാധീനം കാണാം. സാധാരണക്കാരെ വൈജ്ഞാനികമേഖലയിൽനിന്ന് അകറ്റിനിർത്തുന്ന ഒരു ഘടകമായി ഇത് പ്രവർത്തിച്ചു. വർഷങ്ങൾക്കുമുമ്പേ ഒഴുക്ക് നിലച്ചുപോയ ഒരു ഭാഷാവ്യവഹാരത്തിലേക്ക് ആധുനികതയുടെ സങ്കൽപനങ്ങളെ പറിച്ചുനടാനുള്ള ഈ ശ്രമം ഭാഷയോടുള്ള ബഹുജനങ്ങളുടെ നെഗറ്റീവ് സമീപനം ഊട്ടിയുറപ്പിക്കുന്നതിൽ ചെറുതല്ലാത്ത പങ്കം വഹിച്ചു.

കേരള വികസനാനുഭവം എന്ന് ഇന്ന് വിശേഷിപ്പിച്ചുപോരുന്ന അവസ്ഥയിൽനിന്ന് 1970 കളോടെയും അതിനുശേഷവും കേരളസമൂഹവും സമ്പദ്ഘടനയും മാറി സഞ്ചരിക്കാൻ തുടങ്ങി (കുഞ്ഞിക്കണ്ണൻ, "കേരളത്തിന്റെ ആധുനികീകരണം– പഴയ അനുഭവങ്ങളും പുതിയ സമസ്യകളും മുൻനിർത്തി ഒരന്വേഷണം" 17). ഇതിലേക്ക് നയിച്ചത് വൻതോതിൽ ഗൾഫ് രാജ്യങ്ങളിലേക്കുള്ള കുടിയേറ്റവും അതിലൂടെ കടന്നുവന്ന വിദേശനാണ്യത്തിന്റെ വരവുമാണ്. വ്യാവസായികമേഖലയുടെ മുരടിപ്പും കാർഷികമേഖലയുടെ പിന്നോട്ടടിയും വലിയതോതിലുള്ള തൊഴിലില്ലായ്മ സൃഷ്ടിച്ചു. ഇതെല്ലാം അനുരണനങ്ങൾ സൃഷ്ടിച്ചത് സമ്പദ്ഘടനയിൽ മാത്രമായിരുന്നില്ല. ഉയർന്ന വിദ്യാഭ്യാസം നേടി

പുറത്തുവരുന്നവരുടെ എണ്ണം വർധിച്ചതിനനുസരിച്ച് സേവനമേഖലയ്ക്ക് അവരെയെല്ലാം ഉൾക്കൊള്ളാൻ കഴിയുമായിരുന്നില്ല. അതുമൂലം സേവനമേഖലയിൽ കയറിക്കൂടാനും അതുവഴി സാമൂഹികപദവി ഉറപ്പുവരുത്താനുമുള്ള മത്സരം കടുത്തതായി മാറുകയും ചെയ്തു. സാംസ്കാരികരംഗത്ത് ഉണ്ടായ പ്രവണതകളിൽ പ്രമുഖമായ ഒന്ന് ഇംഗ്ലീഷു മാധ്യമവിദ്യാഭ്യാസത്തോടുള്ള അഭിനിവേശമായിരുന്നു. സർവകലാശാലകളടക്കമുള്ള വിദ്യാഭ്യാസസംവിധാനങ്ങൾ കേവലം പരീക്ഷാനടത്തിപ്പിനുള്ള കേന്ദ്രങ്ങളെന്ന നിലയിലേക്ക് മാറുകയും അവയിലെ അധ്യയനനിലവാരം കുറയുകയും ചെയ്യുന്നതും ഇതേ കാലത്തുതന്നെ. അപ്പോഴേക്കും പൊതുവിദ്യാഭ്യാസമടക്കമുള്ള പൊതുസംവിധാനങ്ങളെയെല്ലാം തള്ളിപ്പറയുന്നവരായി പുതിയ മധ്യവർഗം കേരളത്തിൽ മാറി. തൊണ്ണൂറുകളോടെ പുതിയ സാമ്പത്തികനയങ്ങളുടെ പശ്ചാത്തലത്തിൽ ഈ മധ്യവർഗം കേരളത്തിൽ കൂടുതൽ കരുത്താർജിക്കുകയും മാതൃഭാഷാധിഷ്ഠിത വിദ്യാഭ്യാസസങ്കൽപ്പത്തെ ഏതാണ്ട് പൂർണമായും നിരാകരിക്കുകയും ചെയ്യുന്നുണ്ട്. വിദ്യാഭ്യാസത്തിന്റെ സാമൂഹികലക്ഷ്യങ്ങളെ പാടേ അവഗണിക്കുകയും കേവലം വ്യക്തികളുടെ ഉയർച്ചക്കുള്ള ചവിട്ടുപടിയായി അതിനെ വ്യാഖ്യാനിക്കുകയും ചെയ്യുന്ന സമീപനമായിരുന്നു ഇത്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അടക്കമുള്ള ഭാഷാസ്ഥാപനങ്ങൾ ദുർബലപ്പെടുന്നതും ഭാഷ പുതുമണ്ഡലങ്ങളിലേക്ക് കടക്കുന്നതിനുപകരം നിലവിലുള്ള മണ്ഡലങ്ങളിൽത്തന്നെ ശോഷിക്കുകയും ചെയ്യുന്നതിന്റെ മുഖ്യകാരണം മലയാളികളുടെ ഭാഷാമനോഭാവം തന്നെയാണ്.

ഒരു സമൂഹത്തിന്റെ ഭാഷയുടെ ധർമപരമായ നിർണയങ്ങളിൽ മാറ്റം സ്വീകാര്യമായി വരുമ്പോഴാണ് പൊതുവേ പദവിപരമായ ആസൂത്രണം പ്രചോദിപ്പിക്കപ്പെടുന്നത്. എന്നാൽ വരേണ്യവിഭാഗം അവരുടെ വിലയിരുത്തലുകൾക്കനുസരിച്ച് നിലവിലുള്ള അവസ്ഥയിൽനിന്നുള്ള മാറ്റത്തെ മന്ദഗതിയിലാക്കാൻ ശ്രമിക്കും. തങ്ങളുടെ വിലയിരുത്തലുകൾ പൊതുസമൂഹത്തെക്കൊണ്ട് അംഗീകരിപ്പിക്കാനും അവർ ശ്രമിക്കും. സർവകലാശാലകളിലെ അധ്യയനമാധ്യമമാറ്റത്തിൽ അതാണ് കേരളത്തിൽ കണ്ടത്. അധ്യയനമാധ്യമമാറ്റം ആർക്കാണോ സഹായമായിത്തീരുന്നത് ആ വിഭാഗത്തെ ഇക്കാര്യം ബോധ്യപ്പെടുത്താനും കഴിയാതെ പോയി. ഒരേസമയം മാറ്റങ്ങളെക്കുറിച്ച് പൊതുസമൂഹത്തെ ബോധ്യപ്പെടുത്താനും വരേണ്യവിഭാഗത്തെ തങ്ങളോടൊപ്പം നിർത്താനും ആവശ്യമായ പരിപാടികൾ ഉണ്ടാവേണ്ടത് ആവശ്യമായിരുന്നു.

കേരളത്തിലെ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾ പൊതുവേ, വിജ്ഞാനോൽപ്പാദനം എന്നതിലുപരി വിജ്ഞാനവ്യാപനമാണ് തങ്ങളുടെ ലക്ഷ്യമായി കാണുന്നത്. സർവകലാശാലകൾ യഥാർഥ വിജ്ഞാനോൽപ്പാദനകേന്ദ്രങ്ങളായി മാറണമെ

ങ്കിൽ വിജ്ഞാനസമൂഹസങ്കൽപ്പവുമായി മാതൃഭാഷയെ കൂട്ടിയിണക്കേണ്ടതുണ്ട്. ഇതിനു വിഘാതമായി നിൽക്കുന്ന കേരളീയസമൂഹത്തിന്റെ ഭാഷാമനോഭാവത്തെ സ്വാധീനിക്കാൻ പര്യാപ്തമായ പരിപാടികൾ ഉയർന്നുവരേണ്ടതുണ്ട്. ഉന്നതവിദ്യാഭ്യാസമേഖലയിൽ മാറ്റങ്ങൾ കൊണ്ടുവരാൻ ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്ന ഉന്നതവിദ്യാഭ്യാസ കൗൺസിലും ഇത്തരത്തിലൊരു കാഴ്ചപ്പാട് മുന്നോട്ടുവെച്ചതായി കാണുന്നില്ല.[55]

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളുടെ ഊന്നൽ മാനകീകരണത്തിന്റെയും ആധുനികീകരണത്തിന്റെയും ലിപി ആവിഷ്കരണത്തിന്റെയും തലങ്ങളിൽ അഥവാ കോർപ്പസ് തലത്തിലുള്ള ആസൂത്രണമായിരുന്നു. ഉന്നതവിദ്യാഭ്യാസമേഖലയിലെ അധ്യയനമാധ്യമമെന്ന നിലയിലേക്ക് ഭാഷയിൽ നടക്കാൻ പോവുന്ന പദവിപരമായ ആസൂത്രണത്തിന്റെയും അതിന്റെ തുടർച്ചയായ സമാർജനപരമായ ആസൂത്രണത്തിന്റെയും പശ്ചാത്തലത്തിലാണത് ആരംഭിച്ചത്. എന്നാൽ കോർപ്പസ് ആസൂത്രണ ശ്രമങ്ങൾ മാത്രം മുന്നേറുകയും മറ്റുധാരകൾ നിശ്ചലമാകുകയും ചെയ്തു. ഭാഷയുടെ ഉപയോഗമണ്ഡലങ്ങളിൽ മാറ്റം വരുത്തുന്നതിനു മുമ്പേ നടക്കുന്ന കോർപ്പസ് ആസൂത്രണശ്രമങ്ങൾ ഫലപ്രദമാവാതെ പോവാനാണ് സാധ്യതയെന്ന് (Cooper 184) നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. പുതിയ ധർമങ്ങൾക്കായി (functions) ഒരു ഭാഷ ഉപയോഗിക്കാൻ തുടങ്ങിയതിനുശേഷം മാത്രമേ ആ ധർമങ്ങൾക്ക് വേണ്ടിയുള്ള കോർപ്പസ് ആസൂത്രണം ഫലപ്രദമാകൂ.

ഒന്നിച്ചുനടക്കേണ്ട പ്രവർത്തനങ്ങളെ സമഗ്രമായി കാണാനും അവ പൊതുസമൂഹത്തിന് ബോധ്യപ്പെടും വിധം അവതരിപ്പിക്കാനുമുള്ള ഒരു കർമപരിപാടിയോ അതിനെ മുന്നോട്ടുവെക്കുന്ന സമഗ്രമായ ഭാഷാസൂത്രണനയങ്ങളോ സർക്കാർതലത്തിൽ മുന്നോട്ടുവെക്കപ്പെട്ടില്ല. സ്ഥാപനമെന്ന നിലയിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് കോർപ്പസ് രംഗത്തെ പ്രവർത്തനങ്ങളെ മുന്നോട്ടുനീക്കുമ്പോൾ ബാക്കിയെല്ലാം സ്വാഭാവികമായി മാറിത്തീരുമെന്നുള്ള തെറ്റായ കാഴ്ചപ്പാട് നിലനിന്നു. കോർപ്പസ് പ്രവർത്തനമെന്നത് അക്കാദമികതലത്തിലുള്ള പ്രവർത്തനമാണെന്നും പദവി ആസൂത്രണം ഭാഷയിലുള്ള രാഷ്ട്രീയപ്രവർത്തനമാണെന്നും ഇവയെ പരസ്പരം ഉദ്ഗ്രഥിക്കേണ്ടതുണ്ടെന്നും തിരിച്ചറിഞ്ഞില്ല. മറ്റൊരുതരത്തിൽ പറഞ്ഞാൽ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് ലഭിക്കേണ്ടിയിരുന്ന ഭരണകൂടപിന്തുണ ലഭിക്കാതെപോവുകയും ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനങ്ങൾക്ക് സമാന്തരമായി നടക്കേണ്ടിയിരുന്ന പ്രവർത്തനങ്ങൾ നടക്കാതെ പോവുകയും ചെയ്തു.

ഇന്ന് വിലയിരുത്തുമ്പോൾ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് പറ്റിയ ഏറ്റവും വലിയ പിഴവ് സർവകലാശാലകൾ പിന്തുണച്ചില്ലെങ്കിലും പ്രഖ്യാപിതലക്ഷ്യമായ വൈജ്ഞാനികഭാ

ഷാവികസനത്തിൽ ഉറച്ചുനിൽക്കുമെന്നുള്ള തീരുമാനം കൈക്കൊണ്ടില്ല എന്നതാണ്. പുസ്തകപ്രസിദ്ധീകരണശാലയോ പുസ്തക വിൽപ്പനശാലയോ ആയല്ല, ഭാഷയിൽ വൈജ്ഞാനിക ഉള്ളടക്കം സൃഷ്ടിക്കുന്ന, അതിന് സഹായകമായ അന്തരീക്ഷം സൃഷ്ടിക്കുന്ന, അതിന്റെ പ്രാധാന്യം നിരന്തരം സമൂഹത്തെ ഓർമിപ്പിക്കുന്ന ഒരു സംവിധാനമായി നിലനിൽക്കും എന്ന ദൃഢമായ തീരുമാനം കൈക്കൊള്ളുകയായിരുന്നു വേണ്ടിയിരുന്നത്. അധ്യയനമാധ്യമം ഇംഗ്ലീഷായി തുടരുമ്പോൾപോലും വിദ്യാർത്ഥികൾ അന്വേഷിച്ചു കണ്ടെത്തുംവിധമുള്ള പഠനവസ്തുക്കൾ തയ്യാറാക്കുന്ന ഒരു ഭാഷാസ്ഥാപനം. അത്തരത്തിൽ ചിന്തിക്കാനും ബന്ധപ്പെട്ടവരെക്കൊണ്ട് അംഗീകരിപ്പിക്കാനും പ്രവർത്തനപരിപാടികൾ തയ്യാറാക്കാനുമുള്ള ശേഷിയും സർഗാത്മകതയുമുള്ള നേതൃത്വം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനുണ്ടായില്ല. നേതൃത്വപരവും ആസൂത്രണപരവുമായ സർഗാത്മകത സ്ഥാപനനടത്തിപ്പിൽ അനിവാര്യമാണ്. കൃത്യമായ കാഴ്ചപ്പാടും കർമപരിപാടിയും രൂപപ്പെടുമ്പോൾ അതിനാവശ്യമായ ഫണ്ടും മറ്റു സൗകര്യങ്ങളും അതിനെ പിന്തുടരും. ഒറ്റയടിക്ക് വിജയകരമായി ഭാഷാസൂത്രണം നടത്തി വിജയിപ്പിച്ച അനുഭവങ്ങൾ ലോകത്തെവിടെയും ഉണ്ടെന്നു തോന്നുന്നില്ല.

മലയാളത്തിൽ തുടക്കമിട്ടിരുന്ന ഭാഷാസൂത്രണശ്രമങ്ങളെ പോരായ്മകൾ പരിഹരിച്ചുകൊണ്ടും പരിമിതികളെ മുറിച്ചുകടന്നും മുന്നോട്ടുകൊണ്ടുപോവാൻ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനെ കാലത്തിനനുസരിച്ച് പുനർനിർവചിക്കേണ്ടതുണ്ട്. ഭാഷ, മാതൃഭാഷ, വിജ്ഞാനം, വിജ്ഞാനഭാഷ, വിജ്ഞാനസമൂഹം തുടങ്ങിയവയെക്കുറിച്ച് പുതിയകാലം നൽകുന്ന ഉൾത്തെളിച്ചങ്ങളും ഭാഷാസാങ്കേതികവിദ്യകളിലുണ്ടായ സാധ്യതകളും തീർച്ചയായും അതിന് സഹായകമാകും. ജനകീയ ചർച്ചകളിലൂടെയും ഇടപെടലുകളിലൂടെയും താഴെനിന്ന് മുകളിലേക്ക് രൂപപ്പെടുന്ന ഒരു ഭാഷാസൂത്രണശ്രമം. വിജ്ഞാനഭാഷയായിത്തീരുക, അല്ലെങ്കിൽ സ്വാഭാവികനാശത്തിലേക്കടുക്കുക എന്നതാണ് ഇന്ന് മലയാളഭാഷയുടെ മുന്നിലുള്ള വഴി.

## കുറിപ്പുകൾ

1. "In the proper utilization of the funds, the Institute is next only to the Telugu Academy, Hyderabad and in the production of University-level books, the State Institute of Languages ranks with Tamil Nadu and Gujatat. However in the overall performance and in the multiplicity of useful activities the Institute occupies an unrivaled position in the whole country." (Annual Report For the year ending 31st March 1978 13)

2. *ഫെയ്ൻമാൻ പ്രസംഗങ്ങൾ* എന്ന പുസ്തകപരമ്പര ഇംഗ്ലീഷിൽ മൂന്ന് വാല്യങ്ങളായാണ് പ്രസിദ്ധീകരിച്ചത്. മലയാളത്തിലും മൂന്ന് വാല്യങ്ങളായാണ് പ്രസിദ്ധീകരിക്കുന്നതെന്ന് ആമുഖക്കുറിപ്പിൽ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഒന്നാം വാല്യവും മൂന്നാം വാല്യവുമേ കാണാൻ കഴിഞ്ഞുള്ളൂ. ഒന്നാം വാല്യത്തിന്റെ സിൽ നമ്പർ നാനൂറും മൂന്നാം വാല്യത്തിന്റെ സിൽ നമ്പർ നാനൂറ്റി എട്ടുമാണ്. ഇതിനിടയിലോ ശേഷമോ രണ്ടാം വാല്യത്തിന് സിൽ നമ്പർ നൽകിയതായും കാണുന്നില്ല. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ലൈബ്രറിയിലും പുറത്തുള്ള മറ്റ് ലൈബ്രറികളിലും പരതിയെങ്കിലും രണ്ടാം വാല്യം കണ്ടെത്താൻ കഴിഞ്ഞില്ല. അതിനെക്കുറിച്ച് പഴയകാല പ്രവർത്തകരായ പലരോടും ചോദിച്ചെങ്കിലും കൃത്യമായി ആർക്കും ധാരണയില്ല.

3. പുസ്തകത്തിൽ കാണിച്ചിട്ടുള്ള പ്രസിദ്ധീകരണവർഷത്തെ അടിസ്ഥാനമാക്കിയാണ് ഈ പട്ടികയിൽ പുസ്തകങ്ങളെ വിഭജിച്ചിരിക്കുന്നത്. ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾക്ക് ഓരോന്നിനും പ്രസിദ്ധീകരണത്തിന്റെ ക്രമനമ്പർ എന്ന നിലയിൽ സിൽ (SIL) നമ്പർ നൽകിവരുന്നുണ്ടെങ്കിലും വർഷാവസാനമുള്ള ചില പുസ്തകങ്ങളിൽ സിൽ നമ്പറിന്റെ ക്രമത്തിൽ വ്യത്യാസം വരുന്നതായി കാണാം. ഉദാഹരണമായി *കേരളത്തിലെ ധൂമചർവണവിളകൾ* (SIL 637), *അലങ്കാരശാസ്ത്രം മലയാളത്തിൽ* (SIL 638), *കരിമ്പ്, കശുമാവ്, റബ്ബർ* (SIL 639) എന്നീ പുസ്തകങ്ങൾ 1980 ൽ പ്രസിദ്ധീകരിച്ചതിനുശേഷം വരുന്ന പ്രീഡിഗ്രി രസതന്ത്രം (SIL 640) 1979 ലെ പ്രസിദ്ധീകരണമാണെന്നു കാണാം.

4. അതേ അവസരത്തിൽത്തന്നെ, സംസ്ഥാന സർക്കാരിന്റെ ബുക്ക് ഡവലപ്മെന്റ് കമ്മിറ്റിയുടെ മികച്ച അച്ചടിക്കുള്ള പുരസ്കാരം 1983–84 വർഷത്തേത് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച, അടൂർ ഗോപാലകൃഷ്ണന്റെ *സിനിമയുടെ ലോകം* എന്ന പുസ്തകത്തിനായിരുന്നു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച വിജയകൃഷ്ണന്റെ *ചലച്ചിത്രത്തിന്റെ പൊരുൾ* എന്ന പുസ്തകത്തിന് ഏറ്റവും മികച്ച ചലച്ചിത്ര ഗ്രന്ഥത്തിനുള്ള സംസ്ഥാന അവാർഡും ലഭിക്കുകയുണ്ടായി.

5. അഞ്ചാം ദശകത്തിൽ ആരോഗ്യപുസ്തകങ്ങളുടെ നിർമാണത്തിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ശ്രദ്ധിക്കുന്നുണ്ട്.

6. ഏതാനും ചില ലക്കങ്ങൾ ഇടയ്ക്കൊക്കെ പ്രസിദ്ധീകരിക്കാൻ കഴിയാതെ പോയിട്ടുണ്ട്. ഉദാഹരണമായി 1979 സെപ്റ്റംബർ, ഒക്ടോബർ, നവംബർ ലക്കങ്ങൾ മുടങ്ങിയിട്ടുണ്ട്. അത് ഒഴിവാക്കാൻ കഴിയാത്ത സാങ്കേതികകാരണങ്ങളാലായിരുന്നു എന്ന് 1979 ഡിസംബർ ലക്കത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

7. 1971–72 വാർഷികറിപ്പോർട്ടിൽ ശരാശരി 930 കോപ്പികൾ, 1972–73 ൽ 1059, 1975–76 ൽ 1220, 1976–77 ൽ 1800, 1977–78 ൽ 1000, 1978–79 ൽ 800. 2012 കാലത്ത് സർക്കുലേഷൻ 15000 വരെ എത്തിയതായും 2018 ൽ 35000 ന് മുകളിൽ എത്തിയതായും അനൗപചാരികമായി അറിയാൻ കഴിഞ്ഞു. ഹയർ സെക്കന്ററി വിദ്യാലയങ്ങളുമായി ബന്ധിപ്പിച്ചുള്ള പ്രചാരണ നടപടികളെ തുടർന്നായിരുന്നു ഈ വർധന. എന്നാൽ കോവിഡ് വ്യാപനത്തോടെ ഇത് കുത്തനെ ഇടിഞ്ഞു. ഇപ്പോൾ (2023) രണ്ടായിരം കോപ്പികൾ മാത്രമേ സർക്കുലേഷനുള്ളൂ.

8. ഡോ. ആർ രാജേന്ദ്രൻ എന്ന വായനക്കാരൻ 2005 ജനുവരി മുതൽ 2006 ഫെബ്രുവരി വരെയുള്ള പതിനാല് ലക്കങ്ങൾ വിശകലനം ചെയ്തുകൊണ്ട് *വിജ്ഞാനകൈരളി*ക്കെഴുതിയ കത്തിൽ ഉള്ളടക്കച്ചേരുവയെ ശ്ലാഘിക്കുന്നുണ്ട്. അദ്ദേഹം നടത്തിയ വിഭജനം വ്യത്യസ്തമാകയാൽ നേരത്തെ നൽകിയ വിവരങ്ങളുമായി

താരതമ്യപ്പെടുത്താനാവില്ല. എന്നാൽ ഈ ലക്കങ്ങളിൽ ശാസ്ത്രലേഖനങ്ങളുടെ പങ്ക് 28.3 ശതമാനമായി അദ്ദേഹം അടയാളപ്പെടുത്തിയിട്ടുണ്ട്.

9. വിഷയമേഖലയിലെ സാങ്കേതികപദങ്ങൾ ധാരാളമായി കടന്നുവരുന്നു എന്നതിനപ്പുറം താഴെ കൊടുക്കുന്ന ഗ്രന്ഥഭാഗത്ത് ഒരുതരത്തിലുള്ള കാഠിന്യവും ചൂണ്ടിക്കാണിക്കാൻ കഴിയില്ല. ഒരു സാധാരണ വായനക്കാരനെ ലക്ഷ്യം വച്ച പുസ്തകമല്ലിത്. ബിരുദാനന്തരതലത്തിലുള്ളവർക്ക് അധികവായനയ്ക്കായി പരിഭാഷപ്പെടുത്തിയതാണ്. എങ്കിലും ഭാഷ ഒഴുക്കോടെ നീങ്ങുന്നുണ്ട്.

"ക്ലാസ് ഓസ്റ്റിക്തിസ്: വളരെക്കാലമായി ലോകത്തിലെ പ്രമുഖ മൽസ്യങ്ങൾ ഓസ്റ്റിക്തിസ് അഥവാ അസ്ഥിമൽസ്യങ്ങളാണ്. ആദിമസ്രാവുകളിൽ നിന്നാണ് ഇവ ഉദ്ഭവിച്ചതെന്ന ഹെക്കലിന്റെ അഭിപ്രായം വളരെക്കാലം നിലനിന്നു. കോൺഡ്രിക്തിസുകൾ ഉദ്ഭവിക്കുന്നതിനു മുൻപുതന്നെ ഓസ്റ്റിക്തിസുകൾ ഉദ്ഭവിച്ചെന്നു ഫോസിൽ തെളിവുകൾ കാണിക്കുന്നതിനാൽ ഈ അഭിപ്രായം ശരിയാണെന്നു തോന്നുന്നില്ല. കൂടാതെ ശുദ്ധജലത്തിലാണു അസ്ഥിമൽസ്യങ്ങൾ ഉദ്ഭവിച്ചത്. വളരെ യുഗങ്ങളോളം അവ ശുദ്ധജലത്തിൽ മാത്രമേ ഉണ്ടായിരുന്നുള്ളു. സ്രാവുകൾ സമുദ്രത്തിലാണ് ഉദ്ഭവിച്ചതു്. ഇങ്ങിനെ നോക്കിയാൽ രണ്ടു ഗ്രൂപ്പുകളും പ്ലാകോഡേം പൂർവജരിൽ നിന്നും സ്വതന്ത്രമായി ഉണ്ടായിത്തീർന്നിരിക്കാനാണ് സാധ്യത. അസ്ഥില അസ്ഥിപഞ്ജരം അടിസ്ഥാനമാക്കിയാണ് ഓസ്റ്റിക്തിസ് എന്ന പേർ ഈ ക്ലാസിന് നൽകിയിരിക്കുന്നത്. പൊതുസ്വഭാവമാണെങ്കിലും ഇതിനും അപവാദങ്ങൾ കാണാം. ചില "അസ്ഥിമൽസ്യ"ങ്ങളുടെ അസ്ഥിപഞ്ജരം അധികപങ്കും ഉപാസ്ഥികൾ കൊണ്ട് നിർമിതമാണ്. അസ്ഥില അസ്ഥിപഞ്ജരം ഓസ്ട്രകോഡേമുകളിലും പ്ലാകോർഡേമുകളിലും നല്ലവണ്ണം വികാസം പ്രാപിച്ചിരിക്കുന്നതിനാൽ ഓസ്റ്റിക്തിസുകളുടേതു് ഒരു ആദിമ സ്വഭാവമായാണ് ഇന്നു കണക്കാക്കുന്നത്. സ്രാവുകളുടെ ഉപാസ്ഥി അസ്ഥിപഞ്ജരവും ചില അസ്ഥിമൽസ്യങ്ങളുടെ, ഭാഗികമായി ഉപാസ്ഥികളുള്ള അസ്ഥിപഞ്ജരവും ഭ്രൂണസ്വഭാവം ദ്വിതീയമായി നിലനിർത്തുന്നതാണെന്ന് കരുതിവരുന്നു." (ഡോഡ്സൺ 228)

10. ക്വിറ്റിന്ത്യാസമരകാലത്ത് തലശ്ശേരി കേന്ദ്രീകരിച്ച് സ്വതന്ത്രഭാരതം പത്രം രഹസ്യമായി തയ്യാറാക്കുന്നതിലേക്ക് വേണ്ടി ഒരു പ്രസ്സിൽവച്ച് കമ്പോസിങ്ങും പ്രൂഫ് വായനയും അഭ്യസിക്കാൻ സഹായിച്ച ഒരു പ്രസ് ജീവനക്കാരനെ വർഷങ്ങൾക്കുശേഷം എൻ.വി. തിരുവനന്തപുരത്തുവച്ച് അവിചാരിതമായി കണ്ടുമുട്ടുകയുണ്ടായി. ഇതിനെക്കുറിച്ച് കവി വിഷ്ണുനാരായണൻ നമ്പൂതിരി രസകരമായി ഇങ്ങനെ പറയുന്നുണ്ട്. "മൂപ്പർ നേരെ നടന്ന് മുന്നിലെത്തി എൻ.വി.യുടെ തോളിൽ അമർത്തിപ്പിടിച്ചുകൊണ്ട് പരുക്കൻ ഒച്ചയിൽ ഒരു ചോദ്യം:– അല്ലാ താനിപ്പഴ് ഇവിടെയാ? –അതേ എന്ന് എൻ.വി. ഭവ്യതയോടെ. –എന്തു ചെയ്യുന്നു? –ഇവിടെ ഒരു ഭാഷാവാരിയം ഉണ്ട്. അതിന്റെ കാര്യസ്ഥനാണ്. –ഓഹോ, അപ്പോൾ വൻപുള്ളിയാണല്ലോ താൻ! ഞാനറിഞ്ഞില്ല." ("സ്മൃതിപരിമളം")

11. പദങ്ങൾ ആവർത്തിക്കപ്പെടുന്നത് കാണുന്നുണ്ട്. ആവർത്തിക്കുന്നവയെ ഒഴിവാക്കിയാണോ പദങ്ങളുടെ എണ്ണം കണക്കാക്കിയത് എന്നത് വ്യക്തമല്ല.

12. എ. എൻ. പി. ഉമ്മർകുട്ടിയുടെ മറ്റൊരു ലേഖനത്തിൽ മൂന്ന് ലക്ഷം പദങ്ങൾ രൂപപ്പെടുത്തി എന്നും കാണുന്നുണ്ട്. അവയെ കൃത്യമായി പരിമാണപ്പെടുത്തിയിരുന്നില്ല എന്നാണ് ഇതെല്ലാം തെളിയിക്കുന്നത്. ശബ്ദാവലിയിൽ വരാത്ത കുറേ പദങ്ങൾ പിന്നീടിറങ്ങിയ പുസ്തകങ്ങളിലൂടെ വെളിച്ചംകണ്ടിട്ടുണ്ട് എന്നത് വാസ്തവമാണ്.

13. ആകെ 415 പേജുകൾ. ഒരു പേജിൽ ശരാശരി 25 വാക്കുകൾ വച്ച് കണക്കാക്കിയാൽ 10375 വാക്കുകൾ.

14. "ഈ ശബ്ദാവലികളിൽ ഉൾപ്പെടുത്തിയിട്ടുള്ള പദങ്ങളെപ്പറ്റി ധാരാളം അഭിപ്രായഭേദങ്ങളുണ്ടാകുമെന്ന് ഞങ്ങൾക്കറിയാം. മലയാളഭാഷയെ ഇംഗ്ലീഷ് മയമാക്കുവാനുള്ള പരിശ്രമമാണിതെന്ന് ഒരു വശത്തു നിന്നും, സംസ്കൃതീകരണമാണിതിന്റെ പിന്നിലുള്ള ഉദ്ദേശ്യമെന്ന് മറുവശത്തു നിന്നും ആരോപണം ഉയർന്നേക്കാം. നിലവിലുള്ള വ്യാകരണനിയമങ്ങളനുസരിച്ച് സാധുത്വമില്ലാത്ത സന്ധികളും സമാസങ്ങളും കൃത്തദ്ധിതപ്രത്യയങ്ങളും ഈ ശബ്ദങ്ങളിൽ വിരളമല്ല. ഇവയിൽ കാണുന്ന ഇംഗ്ലീഷ് പ്രകൃതികളിൽ നിന്നുള്ള സങ്കരരൂപനിഷ്പാദനം പലർക്കും ഇഷ്ടപ്പെട്ടുവെന്ന് വരില്ല. ഇംഗ്ലീഷ് നാമപദങ്ങളെ ധാരാളമായി കടംവാങ്ങാൻ മടിക്കാത്തവർ പോലും, ആ ഭാഷയിലെ ക്രിയാപദങ്ങളെ ക്രിയാപദങ്ങളായി ഉചിതരൂപഭേദങ്ങളോടെ മലയാളത്തിലും പ്രയോഗിക്കാമെന്നു കേട്ടാൽ നെറ്റി ചുളിച്ചേയ്ക്കും."

15. വിജ്ഞാനശബ്ദാവലിയിലെ ആമുഖത്തിൽ ഈ പ്രശ്നത്തെക്കുറിച്ച് ഇങ്ങനെ പറഞ്ഞിട്ടുണ്ട്. "ഈ ശബ്ദാവലികളിൽ ഉൾപ്പെടുത്താത്ത എത്രയോ പദങ്ങൾ ഇംഗ്ലീഷിൽനിന്നും മറ്റും ഇനിയങ്ങോട്ട് സ്വീകരിക്കേണ്ടിവരുമെന്ന് തീർച്ചയാണ്. വിദേശഭാഷകളിൽ നിന്ന് പദങ്ങൾ സ്വീകരിക്കുന്നതു സംബന്ധിച്ച മൗലികനിയമങ്ങൾക്ക് വിധേയമായി ആർക്കും അങ്ങിനെ ചെയ്യാവുന്നതേയുള്ളൂ."

16. രണ്ടാം പദമായി ഉർവരത നൽകിയിട്ടുണ്ട്.

17. Sine എന്നതിന് സൈൻ എന്നു തന്നെയാണ് *വിജ്ഞാനശബ്ദാവലി*യിൽ കാണുന്നത്. അതേ അവസരത്തിൽ sine arc ആർക് സൈൻ, ചാപജ്യാ, sine versed വർസ്ഡ് സൈൻ, ശരജ്യാ, sine curve സൈൻ വക്രം, ജ്യാവക്രം എന്നെല്ലാം നൽകിയിട്ടുണ്ട്.

18. *വൈദ്യകശബ്ദാവലി*യിലെ സംസ്കൃതാധിഷ്ഠിത പദങ്ങൾ ഉപയോഗിച്ച് എഴുതിയ ഒരു ഖണ്ഡികയും, താരതമ്യത്തിനായി അതേ ഖണ്ഡികതന്നെ അന്താരാഷ്ട്രപദങ്ങൾ ഉപയോഗിച്ചും സതീശ് ചന്ദ്രൻ നൽകിയിട്ടുണ്ട്. ഇംഗ്ലീഷ് പദങ്ങൾ ലിപ്യന്തരണം ചെയ്ത് ഉപയോഗിച്ചാൽ മതി എന്ന നിർദേശത്തോടെ ഇംഗ്ലീഷിൽതന്നെയാണ് അദ്ദേഹം ലേഖനത്തിൽ ഉപയോഗിച്ചത്.
"അരക്തത കൊണ്ട് ഹൃദയഭാഗത്തുണ്ടാകുന്ന വേദനയാണു ഹൃദ്ശൂലം. ഈ ഘട്ടത്തിന്റെ ലക്ഷണങ്ങൾ ഹൃദ്ധമനി ഘനാസ്രുതാ ഘട്ടത്തിലെന്നപോലെ തന്നെ അനുഭവപ്പെട്ടേക്കും. പക്ഷേ, ഹൃദ്ശൂലത്തിൽ വിദ്യുത് ഹൃല്ലേഖി അൽപവ്യത്യാസങ്ങളേ കാണിക്കൂ. സ്ഥിരീകൃത ഹൃദ്ശൂലമെന്നും അസ്ഥിത ഹൃദ്ശൂലമെന്നും ഹൃദ്ശൂലം രണ്ടു വിധത്തിലുണ്ട്. അസ്ഥിത ഹൃദ്ശൂല രോഗികളിൽ 20–25 % തീവ്രഹൃദ്പേശീ രോധഗളനം എന്ന നിലയിലേക്ക് വഴുതിപ്പോകാം. ഈ ഘട്ടത്തിന് പുരാരോധഗളന സംലക്ഷണം അഥവാ തീവ്ര ഹൃദ്ധമനീ അപര്യാപ്തതാ എന്നു നാമകരണം ചെയ്യപ്പെടുന്നു. വികൃതി വിജ്ഞാന പരീക്ഷണശാലയിൽ ചില രക്തജൈവ രാസസംയുക്ത പരീക്ഷണങ്ങൾ ഹൃദ്ധമനീരോധ ഗളനാവസ്ഥയെ നിർണയിക്കുന്നതിനു സഹായകമായി ചെയ്യപ്പെടാറുണ്ട്." (വൈദ്യകശബ്ദാവലിയിലെ പദങ്ങൾ ഉപയോഗിച്ച്)
"രക്തക്കുറവുകൊണ്ട് ഹൃദയഭാഗത്തുണ്ടാവുന്ന വേദനയാണ് ANGINA. ഇതിന്റെ ലക്ഷണങ്ങൾ CORONORY THROMBOSIS ലെപ്പോലെ തന്നെ അനുഭവപ്പെട്ടേക്കും. പക്ഷേ, ANGINA യിൽ ECG അൽപവ്യത്യാസങ്ങളേ കാണിക്കൂ. STABLE ANGINA എന്നും UNSTABLE ANGINA എന്നും ANGINA

രണ്ടുവിധത്തിലുണ്ട്. UNSTABLE ANGINA രോഗികളിൽ 20–25 ശതമാനം ACUTE MYOCARDIAL INFARCTION എന്ന നിലയിലേക്ക വഴുതിപ്പോകാം. ഈ ഘട്ടത്തിൽ PREINFARCTION SYNDROME അല്ലെങ്കിൽ ACUTE CORONARY INSUFFICIENCY എന്നു പറയുന്നു. PATHOLOGICAL LABORATORY യിൽ ചെയ്യാവുന്ന ചില BLOOD ENZYME TEST കൾ MYOCARDIAL INFARCTION നിർണയിക്കുന്നതിനു സഹായിക്കും." (വൈദ്യകശബ്ദാവലിയിലെ പദങ്ങൾക്ക് പകരം അന്താരാഷ്ട്ര പദങ്ങൾ ഉപയോഗിച്ച്)
സതീശ് ചന്ദ്രൻ പ്രകടിപ്പിക്കുന്ന ആശയം പ്രധാനമാകുമ്പോൾപോലും ശബ്ദാവലിയിലെ പദങ്ങളിൽ തന്റെ വാദമുറപ്പിക്കാനായി ചില തിരഞ്ഞെടുപ്പുകൾ നടത്തുന്നു എന്നും കാണേണ്ടതുണ്ട്. angina– അഞ്ജൈന, ഹൃദ്ശൂലം, മുഖപാകം, ഗളരോഗം എന്നിങ്ങനെയാണ് വൈദ്യകശബ്ദാവലിയിൽ കൊടുത്തിരിക്കുന്നത്. ഒന്നാം പദം അഞ്ജൈനയാണ്. അതിൽനിന്ന് അദ്ദേഹം രണ്ടാമത്തെ പദം തിരഞ്ഞെടുത്തു. thrombosis എന്നതിന് ശബ്ദാവലിയിൽ ഘനാസ്രുത എന്നതിന്റെ രണ്ടാംപദമായി ത്രോംബോസിസ് എന്ന് നൽകിയിട്ടുണ്ട്. അത് പരിഭാഷയിലേക്ക് എടുത്തില്ല. electrocardiograph എന്നതിന് ഒന്നാംപദം ഇലക്ട്രോകാർഡിയോഗ്രാം രണ്ടാം പദം വിദ്യുത്ഹൃല്ലേഖം എന്ന് കൊടുത്തതിൽനിന്ന് രണ്ടാം പദം തിരഞ്ഞെടുത്തു.

19. ഞാൻ വർക്ക് ചെയ്തു എന്നല്ലാതെ ഞാൻ വർക്കി എന്ന് പറയുമോ എന്നായിരുന്നു ഒരു കുസൃതിച്ചോദ്യം.

20. ലളിതവും ആകർഷകവുമായ രീതിയിൽ ശാസ്ത്രം മലയാളത്തിൽ കൈകാര്യം ചെയ്തിരുന്ന ആളായിരുന്നെങ്കിലും, ശാസ്ത്രം ഭാഷയിലേക്ക് കൊണ്ടുവരുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ കൃത്യമായി അവതരിപ്പിച്ച ആളായിരുന്നെങ്കിലും, മലയാളഭാഷയുടെ ശാസ്ത്രവിനിമയശേഷിയെക്കുറിച്ച് ആശങ്ക പുലർത്തിയിരുന്ന ആളായിരുന്നു ഭാസ്കരൻ നായർ. ഇത്തരം വൈരുധ്യങ്ങൾ അദ്ദേഹത്തിന്റെ നിലപാടുകളിൽ വേറെയുമുണ്ടായിരുന്നു.

21. ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായിരുന്ന എൻ. വി. ബഹുഭാഷാപണ്ഡിതൻ ആയിരുന്നെങ്കിലും അടിസ്ഥാനപരമായി സംസ്കൃതപണ്ഡിതനായിരുന്നു. പെരുവനം സംസ്കൃത സ്കൂൾ, തൃപ്പൂണിത്തുറ സംസ്കൃത കോളേജ് എന്നിവിടങ്ങളിലായിരുന്നു അദ്ദേഹത്തിന്റെ ഔപചാരിക വിദ്യാഭ്യാസം. ക്രിയാപദങ്ങളെ ഉൾക്കൊള്ളാനും പുതിയതായി നിർമിക്കുവാനും ഏറ്റവും കഴിവുള്ള ഭാഷ സംസ്കൃതമാണെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ട്.

22. വാസുക്കുട്ടന്റെ പുസ്തകത്തിൽ ഇത് മുപ്പത് ശതമാനമാണെന്നാണ് പറയുന്നത്.

23. *വിജ്ഞാനശബ്ദാവലി*യുടെ തുടർഭാഗങ്ങളിലും ഈ രീതി തുടർന്നിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടില്ല.

24. എഡിറ്റർ– പ്രൊഫ. കെ. ശ്രീധരൻ, എക്സിക്യൂട്ടിവ് എഡിറ്റർമാർ– വേലായുധൻ പന്തീരാങ്കാവ്, എം. ടി. മുരളി, ലേഖകരും പരിശോധകരും– ഡോ. ആർ. വി. ജി. മേനോൻ, പ്രൊഫ. എം. ശിവശങ്കരൻ, പ്രൊഫ. കെ. പാപ്പൂട്ടി, ഡോ. ബാലകൃഷ്ണൻ ചെറൂപ്പ, പ്രൊഫ. എം. കെ. പ്രസാദ്, പ്രൊഫ. പി. കെ. രവീന്ദ്രൻ, ഡോ. എൻ. ഷാജി, പ്രൊഫ. എം. ചന്ദ്രൻ, കെ. കെ. ഹരീഷ് കുമാർ, ബി. മധു, പ്രൊഫ. കെ. ആർ. ജനാർദ്ദനൻ, ഡോ. പി. മുഹമ്മദ് ഷാഫി, ഡോ. കെ. വി. മോഹനൻ, ഇ. രാജൻ, ഡോ. എൻ. ഇ. രാജീവ്, പി. സുനിൽ ദേവ്, കെ. രമ, പ്രവീൺ ചന്ദ്ര, ഡോ. കെ. കെ. വിജയൻ, പ്രൊഫ. ടി. ശങ്കരൻ നായർ, പി. വി. കൃഷ്ണൻ

നായർ, ഡോ. കെ. എസ്. സുബ്രഹ്മണ്യൻ മൂസത്, എം. രാജശേഖരൻ നായർ, നവനീത് കൃഷ്ണൻ, രഞ്ജിത് എസ്. തുറവൂർ, എം. അരുൺ, പ്രൊഫ. പി. സി. കെ. നമ്പൂതിരിപ്പാട്, കെ. മുകുന്ദരാജ, ഡോ. കോശിക്കുഞ്ഞ്, കെ. കെ. കൃഷ്ണകുമാർ, കെ. കെ. ദേവദാസൻ, ടി. പി. സുകുമാരൻ, ഡോ. ജെ. ഉദയകുമാർ, ബിനിജോസ്, ഡോ. കെ. ഗോപിനാഥൻ.

25. *വിജ്ഞാനശബ്ദാവലി*യുടെ ഒന്നാം വാല്യത്തിൽ A യിൽ ആരംഭിക്കുന്ന 3132 പദങ്ങളാണ് ഉണ്ടായിരുന്നത്

26. ഈ പദങ്ങൾക്കാധാരം വൈദ്യകശബ്ദാവലിയാണ്.

27. സ്വകാര്യസംഭാഷണത്തിൽനിന്ന്.

28. ശബ്ദാവലികൾ പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുവാനുള്ള ഒരു ശ്രമം 2004 ൽ ആരംഭിച്ചിരുന്നു. ആദ്യത്തെ ശബ്ദാവലികളും *കേരള ഭാഷാ നിഘണ്ടു, സംഗ്രഹീത ശബ്ദതാരാവലി* എന്നിവയും പുതിയ പദങ്ങൾ കൂടി കൂട്ടിച്ചേർത്തുകൊണ്ട് സമഗ്രമായി പരിഷ്കരിക്കുകയെന്നതായിരുന്നു ലക്ഷ്യം. ഇതിനായി സംഘടിപ്പിച്ച ശിൽപ്പശാല എസ് ഗുപ്തൻ നായരാണ് ഉദ്ഘാടനം ചെയ്തത്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ജീവനക്കാർക്കുപുറമേ ഡോ. സി. ജി. രാമചന്ദ്രൻ നായർ, ഡോ. എം. ആർ. തമ്പാൻ, ഡോ. ഡി. ബഞ്ചമിൻ, പ്രൊഫ. കെ. എസ്. നാരായണപിള്ള, പ്രൊഫ. വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള, ഡോ. ജെ. എം. ഐ. സേട്ട്, എം. പി. സദാശിവൻ, എം. വി. തോമസ്, ഡോ. രാജു മാവുങ്കൽ, ആറ്റിങ്ങൽ രാമചന്ദ്രൻ, എം. ആർ. വിജയനാഥൻ എന്നിവർ ഈ ശിൽപ്പശാലയിൽ പങ്കെടുത്തു. എന്നാൽ ഇതിന്റെ പുരോഗതി പിന്നീട് എവിടെയും പ്രസ്താവിച്ചുകാണുന്നില്ല.

29. ‘റ’കാരം കൂട്ടിച്ചേർക്കുന്നതിന് പ്രത്യേക ഉപലിപിയുടെ നിർദേശം വേറൊരുതരത്തിൽ വന്നിരുന്നെങ്കിലും ശൂരനാടിന് സമ്മതമല്ലാത്തതിനാലാണ് അത് നടപ്പിലാവാതെ പോയത് എന്ന് പി. ഗോവിന്ദപ്പിള്ള പറയുന്നുണ്ട്. “അതുപോലെതന്നെ ‘റ’ കാരം ചേർക്കുന്നതും ‘റ’കാരം ക്ര, ഭ്രാന്ത് എന്നിവയിലെപോലെ വ്യഞ്ജനത്തോട് ഘടിപ്പിക്കുന്നതിനു പകരം വ്യഞ്ജനം കഴിഞ്ഞ് ചെറിയൊരു കുനിപ്പോട്ടുകൂടി ‘റ’കാരം എഴുതിയാൽ മതിയെന്നായിരുന്നു നിർദേശം. പക്ഷേ ശൂരനാടനും കൂട്ടരും ഇതംഗീകരിച്ചില്ല. അതിനു പകരം ‘റ’കാരം വ്യഞ്ജനത്തിൽ നിന്നടർത്തി വ്യഞ്ജനത്തിന്റെ മുമ്പിൽ ‘റ’കാരം മുകളിൽ നിന്ന് കീഴോട്ട് എന്ന നിലയിൽ ചേർത്താൽ മതിയെന്നായിരുന്നു തീരുമാനം.” (“മലയാളഭാഷയും മാധ്യമങ്ങളും ഉത്ഭവവും വളർച്ചയും”)

30. ചില്ലക്ഷരങ്ങൾക്ക് പകരം നിൽക്കുക, സംയുക്തലിപികൾ പിരിക്കുക, സംവൃതോകാരം കുറിക്കുക എന്നീ മൂന്ന് ധർമങ്ങളാണ് പരിഷ്കരണത്തിനുശേഷം ചന്ദ്രക്കലയ്ക്ക് ഉണ്ടായത്. സംവൃതോകാരമേതാണ്, ചില്ലക്ഷരമേതാണ്, കൂട്ടക്ഷരമേതാണ് എന്ന് അതുകൊണ്ട് തിരിച്ചറിയാൻ കഴിയാതെ വന്നു എന്നു പരിഷ്കരണത്തെ എതിർക്കുന്നവർ അഭിപ്രായപ്പെടുന്നു. സംവൃതോകാരം ഭാഷയ്ക്ക് നഷ്ടമായെന്ന് പറയാനാവില്ലെന്നും സംവൃതോകാരം എങ്ങനെ രേഖപ്പെടുത്തുമെന്നതായിരുന്നു പ്രശ്നമെന്നും നിസാർ അഹമ്മദ് നിരീക്ഷിക്കുന്നുണ്ട്. “സ്വരരഹിതമായ വ്യഞ്ജനം കുറിക്കാനാണ് ആദ്യഘട്ടത്തിൽ ചന്ദ്രക്കലാചിഹ്നം ഉപയോഗിച്ചിരുന്നത്. എ. ആർ. രാജരാജവർമ പദാന്ത്യത്തിൽ സ്വരരഹിതമായ വ്യഞ്ജനമല്ലയുള്ളതെന്നും അരയുകാരം (സംവൃതോകാരം) വരുമെന്നും ചൂണ്ടിക്കാണിച്ചു. ചില്ലക്ഷരത്തിൽനിന്ന് സംവൃതോകാരം വേർതിരിച്ചറിയാൻ പദാന്ത്യത്തിൽ ഉകാരത്തിന്റെ ഉപലിപിയോടൊപ്പം ചന്ദ്രക്കലാചിഹ്നം

ചേർക്കണമെന്ന് അദ്ദേഹം നിർദേശിച്ചു (കേരളപാണിനീയം–1971: 73). ടൈപ്പ്റൈറ്റർ ലിപിപരിഷ്കരണത്തിൽ ഉകാരത്തിന്റെ ഉപലിപി വ്യഞ്ജനങ്ങളിൽനിന്ന് പിരിച്ചതോടെ എ. ആർ. നിർദേശിച്ചമട്ടിൽ സംവൃതോകാരം രേഖപ്പെടുത്തുന്നത് അഭംഗിയാണെന്ന അഭിപ്രായങ്ങളുയർന്നു (കാടു്). ഇതുമൂലം ലിപിപരിഷ്കരണത്തിനുശേഷം സംവൃതോകാരം ചന്ദ്രക്കലകൊണ്ടുമാത്രം രേഖപ്പെടുത്തുന്നത് പതിവായി. ഇതോടെ ചില്ലക്ഷരലിപികൾക്ക് പകരംനിൽക്കുക, സംയുക്തലിപികൾ പിരിക്കുക, സംവൃതോകാരം കുറിക്കുക എന്നിങ്ങനെ മൂന്ന് ധർമങ്ങൾ ചന്ദ്രക്കലാചിഹ്നത്തിന് മലയാളമെഴുത്തിലുണ്ടായി. തൽഫലമായി സംവൃതോകാരമേത്, കൂട്ടക്ഷരമേത്, ചില്ലക്ഷരമേത് എന്നുള്ളത് കാഴ്ചയിലൂടെ തിരിച്ചറിയാനാവാതെ വന്നു. ഇതാണ് സംവൃതോകാരം ലിപിപരിഷ്കരണത്തിലൂടെ ഭാഷയ്ക്ക് നഷ്ടമായെന്ന് പറയുന്നതിന് കാരണം." (*മലയാളം ഭാഷ,ലിപി, കമ്പ്യൂട്ടിങ്* 53)

31. 1967 ൽ രൂപീകരിച്ച ലിപിപരിഷ്കരണ കമ്മിറ്റിയിൽ എൻ. വി. അംഗമായിരുന്നില്ല. പിന്നീട് ഏതെങ്കിലും ഘട്ടത്തിൽ എൻ. വി. യെ കമ്മിറ്റിയിൽ ഉൾപ്പെടുത്തിയോ? രേഖകൾ ലഭ്യമല്ല. എന്നാൽ, മലയാളഭാഷയും മാധ്യമങ്ങളും ഉത്ഭവവും വളർച്ചയും എന്ന ലേഖനത്തിൽ പി. ഗോവിന്ദപ്പിള്ള, എൻ. വി. ഈ കമ്മിറ്റിയിൽ അംഗമായിരുന്നു എന്നെഴുതിയത് ഓർമപ്പിശകാകുമോ? കമ്മിറ്റിയിൽ ഒരു ഘട്ടത്തിൽ എത്തിച്ചേർന്ന താനും എൻ. വി. യുമൊക്കെ നിർദേശിച്ച പലതും അധ്യക്ഷനായ ശൂരനാടിന് സമ്മതമല്ലാത്തതിനാൽ തള്ളിപ്പോയെന്ന് അദ്ദേഹം പറയുന്നുണ്ട്. ഒപ്പം സൂചിപ്പിക്കുന്ന കെ. ഭാസ്കരൻ നായർ, കെ. സി. അബ്രഹാം എന്നിവർ കമ്മിറ്റി അംഗങ്ങളായിരുന്നു താനും.

32. "In January 1971 a conference of Managing Editors of important newspapers in the State was convened to discuss the question of adoption of the new Malayalam script for use. The conference has recommended that the reformed script as revised by the committee might be adopted for use with effect from 15 th April 1971 (Vishu Day)." (കേരള സർക്കാർ ) "The Director of Public Relations is requested to give wide publicity to the scheme and to publish an advertisement in all newspapers about the programme for the change over of the script" എന്നും ഇതേ ഉത്തരവിൽ കാണാം.

33. ഇതിനുവേണ്ടി രൂപീകരിച്ച കമ്മിറ്റിയിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രതിനിധി എന്ന പേരിൽ ഒരാളെ ഉൾക്കൊള്ളിച്ചിരുന്നു എന്നുമാത്രം. ഔദ്യോഗികഭാഷാവകുപ്പിലെ ഭാഷാവിദഗ്ധനായിരുന്നു കമ്മിറ്റിയുടെ സെക്രട്ടറി.

34. സർക്കാർ നിയോഗിച്ച ഭാഷാമാർഗനിർദേശക വിദഗ്ധസമിതിയിലെ അംഗങ്ങൾ ഇനി പറയുന്നവരായിരുന്നു. ഡോ. വി. പി. ജോയി. ഐ. എ. എസ്– ചീഫ് സെക്രട്ടറി (അധ്യക്ഷൻ), ഡോ. ടി. ബി. വേണുഗോപാലപ്പണിക്കർ, ഡോ. ചാത്തനാത്ത് അച്യുതനുണ്ണി, ഡോ. പി. സോമൻ, ഡോ. വി. ആർ. പ്രബോധചന്ദ്രൻ, പ്രൊഫ. വി. മധുസൂദനൻ നായർ, ഡോ. അനിൽ വള്ളത്തോൾ, ചാക്കോ പെരിയത്ത്, ഡോ. എൻ. പി. ഉണ്ണി, ഡോ. എസ് രാജശേഖരൻ, ഡോ. കെ. കെ. ശിവദാസ് (മലയാളം ലെക്സിക്കൺ), എൻ. ജയകൃഷ്ണൻ (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്), ഡോ. ആർ. ശിവകുമാർ (ഔദ്യോഗിക ഭാഷാവകുപ്പ്)

35. 'ന്റെ' എന്നത് 'ൻറെ' എന്നെഴുതുന്നത് പഴയ ചില പുസ്തകങ്ങളിൽ കാണാനുണ്ട്. പുതിയ ലിപി വരുന്നതിനു മുമ്പുതന്നെ ഇങ്ങനെ അച്ചടിക്കുന്നുണ്ട്. ഈ പുസ്തകത്തിൽ ഏഴിടങ്ങളിൽ അത് ശരിയായി 'ന്റെ'എന്നുതന്നെ ഉപയോഗിച്ചിരിക്കുന്നു എന്നതിനാലാണ് ഇവിടെ അത് പിശകായി പരിഗണിക്കുന്നത്. ലിപി ഉപയോഗത്തിൽ മാനകീകരണത്തിന്റെ അഭാവമാണല്ലോ അത്.

36. പ്രബന്ധകാരന്റെ ചെറുപ്പത്തിൽ ഒരു കടയിലെ പോസ്റ്ററിൽ പാർടിഫണ്ടിലേക്ക് സംഭാവന ചെയ്യുക എന്നെഴുതിയത് കണ്ട്, അത് അക്ഷരത്തെറ്റല്ലേ എന്ന് മുതിർന്നവരോട് ചോദിച്ചത് ഓർമയിലുണ്ട്.

37. പുതിയ നിർദേശങ്ങളിൽ ഏറ്റവും കൂടുതൽ വിമർശിക്കപ്പെട്ടത് പ്ര, ഗ്ര എന്നിവയുടെ ഉച്ചാരണവ്യത്യാസം മനസ്സിലാക്കാൻ ഭാഷ പഠിക്കുന്നവർക്ക് കഴിയുന്നില്ലെന്ന പേരിൽ കൊണ്ടുവന്ന പരിഷ്കാരമായിരുന്നു. പ്റ, ഗ്ര എന്ന രീതിയിൽ പിരിച്ചെഴുതുന്ന രീതിയായിരുന്നു ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുന്നോട്ടുവച്ചത്. ഇതോടൊപ്പം ഋ എന്ന സ്വരം ഒഴിവാക്കാനായി ഋഷി എന്നത് റ്ഷി എന്നെഴുതിയാൽ മതി എന്നും നിർദേശിച്ചിരുന്നു. വ്യാപകമായ എതിർപ്പിനെത്തുടർന്ന് ഈ നിർദേശങ്ങൾ പിൻവലിക്കേണ്ടിവന്നു.

38. സർക്കാർ ഗ്രാന്റ് കിട്ടാൻ വൈകുന്ന വേളകളിൽ ശമ്പളവും മറ്റും കൊടുക്കാനായി റിവോൾവിങ് ഫണ്ടിലെ തുക താൽക്കാലികമായി പലപ്പോഴും ഇൻസ്റ്റിറ്റ്യൂട്ട് ഉപയോഗിച്ചിട്ടുണ്ട്. സാമ്പത്തികനിലയെക്കുറിച്ച് പഠിച്ച് നിർദേശങ്ങൾ സമർപ്പിക്കാൻ 1989-90 കാലത്ത് ഗവേണിങ് ബോഡി നിയമിച്ച കെ. ടി. ചാണ്ടി കമ്മിറ്റി വരവും ചെലവും തമ്മിൽ നിലനിൽക്കുന്ന വലിയ വിടവിനെക്കുറിച്ചും റിവോൾവിങ് ഫണ്ടിൽനിന്ന് പണം പിൻവലിച്ചതിനെക്കുറിച്ചുമൊക്കെ പരാമർശിക്കുന്നുണ്ട് (Report of Shri. K. T. Chandy committee for reviewing the financial position of the State Institute of Languages and for suggesting remedial measures).

39. ഇതിൽ കമ്പ്യൂട്ടർ എന്നത് ഒരു തസ്തികയുടെ പേരാണ്. ഇന്നത്തെ കമ്പ്യൂട്ടറുകളുമായി ഇതിന് ഒരു ബന്ധവുമില്ല. കമ്പോസിങ്, പ്രിന്റിങ്, ബയന്റിങ് തുടങ്ങിയ ജോലികൾ ചെയ്യുന്ന ജീവനക്കാരുടെ ഔട്ട്ടേൺ ഷീറ്റുകൾ പരിശോധിച്ച് അവർ ചെയ്ത ജോലി മണിക്കൂറുകൾ കണക്കാക്കലാണ് ഇവരുടെ ജോലി. അതുപോലെ ഓരോ പ്രിന്റ് ഓർഡറിനും വേണ്ടിവന്ന മണിക്കൂറുകൾ, കടലാസ്, മറ്റ് ചെലവുകൾ എല്ലാം കണക്കാക്കി ഇൻവോയ്സ് തയ്യാറാക്കേണ്ടതും ഇവരുടെ ജോലിയാണ്. പ്രസ്സിലെ ജോലികളെ കമ്പ്യൂട്ടിങ് ചെയ്യുന്ന ആൾ എന്ന നിലയിലാണ് തസ്തികയ്ക്ക് കമ്പ്യൂട്ടർ എന്ന പേര്.

40. വൈജ്ഞാനികരംഗത്തും വൈജ്ഞാനികഭാഷാരംഗത്തും ആഗോളതലത്തിൽ സംഭവിച്ച മാറ്റങ്ങളുടെ വിശദാംശങ്ങൾക്ക് *വിജ്ഞാനവും വിജ്ഞാനഭാഷയും* എന്ന പുസ്തകം കാണുക.

41. അംബേദ്കർ സമ്പൂർണകൃതികൾ പരിഭാഷയ്ക്കായുള്ള പ്രത്യേക പദ്ധതിയിലെ പുസ്തകങ്ങൾ ഈ കണക്കിൽ ഉൾപ്പെട്ടിട്ടില്ല. നാൽപ്പത് വാല്യങ്ങളുള്ളതായിരുന്നു ഈ പദ്ധതി.

42. ഈ പരമ്പരയിൽ 2017 ൽ പുറത്തിറക്കിയ *തിക്കോടിയൻ* എന്ന പുസ്തകത്തിലെ ആമുഖത്തിൽ ഈ പരാമർശം കാണുന്നില്ല.

43. ഭാരത് സേവക് സമാജിന്റെ വനിതാ കോ ഓഡിനേറ്ററായിരുന്ന ഷീല എന്ന വ്യക്തിയെക്കുറിച്ചുള്ള ഈ പുസ്തകം എഴുതിയിരിക്കുന്നത് ഭാരത് സേവക് സമാജത്തിൽ പ്രോഗ്രാം ഓഫീസറായ രഞ്ജിനി പ്രശാന്താണ്. പുസ്തകത്തിലുടനീളം ഭാരത് സേവക് സമാജത്തിന്റെ സെക്രട്ടറി ബി. എസ്. ബാലചന്ദ്രനേയും അദ്ദേഹത്തിന്റെ ഭാര്യയായ ഷീലയേയും മഹത്വവൽക്കരിക്കാനുള്ള ശ്രമങ്ങളാണ്. പുസ്തകത്തിന്റെ 69 മുതൽ 96 വരെയുള്ള പേജുകൾ അനുബന്ധമായി ഓർമക്കുറിപ്പുകൾക്കായി നീക്കിവച്ചിരിക്കയാണ്. ഈ ഓർമക്കുറിപ്പുകൾ മുൻമന്ത്രിമാരായ എം. എം. ഹസ്സൻ, എം. വിജയകുമാർ, രാമചന്ദ്രൻ കടന്നപ്പള്ളി, എം. പി. ആയ ശശി തരൂർ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ ഡോ. എം. ആർ. തമ്പാൻ, സ്പീക്കർ ജി. കാർത്തികേയൻ, ഷീലയുടെ ഭർത്താവായ ബി. എസ്. ബാലചന്ദ്രൻ, ഷീലയുടെ അമ്മ വാസന്തി രാമാനുജൻ, ഷീലയുടെ സഹോദരങ്ങളായ ഷിബു രാമാനുജൻ, രാജു രാമാനുജൻ, മധു രാമാനുജൻ, മക്കളായ അരുഷി, അർജ്ജുൻ, നിധിയ, മഹാലക്ഷ്മി, ദീപ്തി, ഷീല ബ്യൂട്ടീഷ്യൻ കോഴ്സ് പഠിപ്പിച്ച വിദ്യാർത്ഥികൾ തുടങ്ങിയവർ എഴുതിയതാണ്.

44. "പുസ്തകങ്ങളെ അതിരറ്റ് സ്നേഹിച്ച രാഷ്ട്രീയനേതാവായിരുന്നു നായനാർ. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ പ്രസിദ്ധീകരണങ്ങൾ ഞാൻ നേരിട്ട് കൊണ്ടുകൊടുക്കുകയായിരുന്നു പതിവ്. ഇഷ്ടപ്പെട്ട കളിപ്പാട്ടങ്ങൾ കിട്ടിയ കുട്ടിയുടെ സന്തോഷത്തോടെയായിരുന്നു അദ്ദേഹം പുസ്തകങ്ങൾ സ്വീകരിച്ചിരുന്നത്. ഒരിക്കൽ നൽകിയ പുസ്തകങ്ങളുടെ കൂട്ടത്തിൽ ജോയി തിരുമൂലപുരം രചിച്ച *പത്രവും വാർത്തയും* എന്ന ഗ്രന്ഥവും ഉണ്ടായിരുന്നു. ഈ പുസ്തകം മറിച്ചുനോക്കിയശേഷം ഗൗരവത്തോടെ അദ്ദേഹം പറഞ്ഞു. ഞാനും പത്രപ്രവർത്തകനാണ്. ആരാടോ, ഈ ജോയി തിരുമൂലപുരം. ഓനേക്കാൾ മുമ്പേ പത്രപ്രവർത്തനത്തെക്കുറിച്ച് ഞാൻ പുസ്തകം എഴുതിയിട്ടുണ്ട്. ഇപ്പോഴത് കിട്ടാനില്ല. തനിക്കത് പ്രസിദ്ധീകരിക്കാമോ? ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടി സന്തോഷത്തോടെ ആ ദൗത്യം ഞാൻ ഏറ്റെടുത്തു. പുസ്തകത്തിന്റെയും പ്രസാധകന്റെയും പേരു ഞാൻ ചോദിച്ചു. അതൊന്നും എനിക്കോർമയില്ല. അതൊക്കെ താൻ കണ്ടുപിടിക്കണം എന്നദ്ദേഹം പറഞ്ഞു. അപ്പോൾ മുതൽ ഞാൻ അന്വേഷണമാരംഭിച്ചു. എസ്. എഫ്. ഐ. നേതാവായിരുന്ന എന്റെ സ്നേഹിതൻ സി. ഭാസ്കരൻ പുസ്തകം കണ്ടെത്തി. പഴയ കൃതിയെ ആധാരമാക്കി വർത്തമാനകാലപ്രസക്തിയുള്ള വിഷയങ്ങൾകൂടി ഉൾക്കൊള്ളിച്ച് കയ്യെഴുത്തുപ്രതി അദ്ദേഹം തന്നു. ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ കൂടിയായ മുഖ്യമന്ത്രിയുടെ പുസ്തകം *എന്റെ പത്രപ്രവർത്തനാനുഭവങ്ങൾ* എന്ന പേരിൽ റിക്കാർഡ് സമയത്തിനുള്ളിൽ ഞങ്ങൾ പ്രസിദ്ധീകരിച്ചു." ("ഇ കെ നായനാർ– ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദീർഘകാല ചെയർമാൻ, പ്രശസ്തനായ ഗ്രന്ഥകർത്താവ്" 13,14).

45. ഈ റിപ്പോർട്ടിന്റെ കോപ്പി കണ്ടെത്താൻ കഴിഞ്ഞില്ല. അതുകൊണ്ട് എത്രമാത്രം ആഴത്തിൽ പരിശോധന നടന്നിരുന്നു എന്നറിയാൻ കഴിയുന്നില്ല.

46. കെ.കെ.കൃഷ്ണകുമാർ സ്വകാര്യസംഭാഷണത്തിൽ സൂചിപ്പിച്ചത്

47. സപ്തതി വേളയിൽ തന്നെത്തന്നെ വിലയിരുത്തവേ, എൻ.വി. ഇങ്ങനെ രേഖപ്പെടുത്തി: 'മാതൃഭാഷയായ മലയാളത്തെ ആധുനികവിജ്ഞാനത്തിന്റെ വാഹകവും കേരളത്തിലെ ഉന്നതവിദ്യാഭ്യാസത്തിന്റെ മാധ്യമവും ആക്കുകയെന്നത് എന്റെ യൗവനാരംഭസ്വപ്നങ്ങളിലൊന്നായിരുന്നു. രാഷ്ട്രീയസ്വാതന്ത്ര്യത്തിന് അർത്ഥം നൽകുന്നത് ഇത്തരം സാംസ്കാരികപരിവർത്തനങ്ങളാണെന്ന പാഠമാണ് ഗാന്ധിജിയിൽനിന്ന് ഞാൻ പഠിച്ചിരുന്നത്. ഈ സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി പ്രയത്നിക്കുന്നതിനുള്ള അവസരം

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ എനിക്കു കിട്ടി. ഇൻസ്റ്റിറ്റ്യൂട്ടിൽ ഞാൻ കഴിച്ചുകൂട്ടിയ ഏഴുകൊല്ലക്കാലം, ഉന്നതമായ ഒരു ലക്ഷ്യം നേടുന്നതിനുവേണ്ടിയുള്ള തപസ്യയായിരുന്നു എന്നെ സംബന്ധിച്ചിടത്തോളം. ഈ തപസ്യ നിഷ്ഫലമായെന്ന് ഞാൻ വിഷാദിക്കുന്നില്ല.' ("എഴുപത് തികഞ്ഞപ്പോൾ")

48. 'ഒഴിവുവരുന്ന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ സ്ഥാനം തങ്ങൾക്ക് അവകാശപ്പെട്ടതാണെന്ന് ലീഗു കാർ പറഞ്ഞപ്പോൾ എനിക്കുവേണ്ടി എന്തെങ്കിലും പറയുമെന്ന് കരുതിയിരുന്ന– പറയാൻ കഴിവുള്ള– ഏകവ്യക്തി അച്യുതമേനോൻ മാത്രമായിരുന്നു. അദ്ദേഹം ഒന്നും മിണ്ടിയില്ല.' എൻ.വി. യുടെ കത്ത് എൻ.വി.രാമവാരിയർ *ഞങ്ങളുടെ കുഞ്ഞേട്ടൻ* എന്ന പുസ്തകത്തിൽ ഉദ്ധരിക്കുന്നത്.

49. കേന്ദ്ര ഗവണ്മെന്റിന്റെ ക്ഷണമനുസരിച്ച് യുനെസ്കോയുടെ പഠനസംഘം ഇന്ത്യ സന്ദർശിച്ച് ശാസ്ത്രവിദ്യാഭ്യാസം മെച്ചപ്പെടുത്താനുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായി. പാഠ്യപദ്ധതി, പാഠപുസ്തകങ്ങൾ, ബോധനസഹായികൾ, അധ്യാപക പരിശീലനം തുടങ്ങിയവയെല്ലാം ഈ റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്നു. ഇതിനുപുറമെ, ശാസ്ത്രപഠനം ഒരു നിർബന്ധിത വിഷയമായി ആദ്യഘട്ടം മുതൽ പത്താം ക്ലാസുവരെ പഠിപ്പിക്കണമെന്ന് കോത്താരി കമ്മീഷൻ നിർദേശിച്ചിരുന്നു. ലോവർ പ്രൈമറി ഘട്ടത്തിൽ ജനറൽ സയൻസായി പഠിപ്പിക്കണമെന്നും അത് അപ്പർപ്രൈമറി ഘട്ടംമുതൽ ഭൗതികശാസ്ത്രം, രസതന്ത്രം, ജീവശാസ്ത്രം, ഭൂഗർഭശാസ്ത്രം, വാനശാസ്ത്രം എന്ന രീതിയിലേക്ക് മാറ്റണമെന്നുമായിരുന്നു കമ്മീഷൻ നിർദേശിച്ചിരുന്നത്. ലോവർപ്രൈമറിയിൽ സയൻസ് കോർണറുകളും അപ്പർപ്രൈമറിയിൽ സയൻസ് ലബോറട്ടറികളും സ്ഥാപിക്കാനും നിർദേശിക്കപ്പെട്ടു.

50. "ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മാൻഡേറ്റ്, സർവകലാശാലാതലത്തിലുള്ള പഠനത്തിന് ആവശ്യമായ പുസ്തകങ്ങൾ തയ്യാറാക്കുക എന്നതായിരുന്നു. സ്കൂൾതല പാഠപുസ്തകങ്ങളുടെ ഉത്തരവാദിത്തം SIE ക്ക് (SIE ആണ് പിന്നീട് SCERT ആയത്) ആയിരുന്നു. സ്കൂൾ പാഠപുസ്തകങ്ങളിൽ ഉപയോഗിച്ചിരുന്ന സാങ്കേതികപദങ്ങൾ ഒട്ടുംതന്നെ ശാസ്ത്രീയമായല്ല രൂപപ്പെടുത്തിയിരുന്നത്. അർഥത്തിൽ ഈഷൽ വ്യത്യാസമുള്ള അനേകം പദങ്ങളുണ്ട് ഇംഗ്ലീഷിൽ. അവയെ ഒരുമിച്ചെടുത്ത് ഏതേത് മലയാളപദം ഏതേത് ഇംഗ്ലീഷ് പദത്തിനാണ് ഏറ്റവും അനുയോജ്യമായത് എന്ന് നോക്കി തീരുമാനിക്കണം. അതിനാൽ സാങ്കേതികശബ്ദാവലിയുടെ നിർമാണത്തിൽ SIE യുടെ കൂടി പങ്കാളിത്തം ഉണ്ടായിരിക്കണം. ഈ ലക്ഷ്യം വച്ച് അന്നത്തെ DPI ആയിരുന്ന ശ്രീ. എ. കെ. നാരായണൻ നമ്പ്യാരെ ചെന്നുകണ്ടു. മിതമായ ഭാഷയിൽ പറഞ്ഞാൽ, അത്തരം ഒരു പങ്കാളിത്തത്തിന്റെ ആവശ്യം കാണാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. അങ്ങനെ സ്കൂൾതലവും സർവകലാശാലാതലവും രണ്ടും രണ്ടുവഴിക്കുപോയി." (പരമേശ്വരൻ, *കാലഹരണമില്ലാത്ത സ്വപ്നങ്ങൾ* 127)

51. 'അഞ്ചാം ഫറത്തിലേക്ക് പുതിയ പാഠ്യപദ്ധതി അനുസരിച്ച് തയ്യാറാക്കിയത് – Approved by Government' എന്ന മുഖക്കുറിപ്പോടെ എ. സുബ്രഹ്മണ്യയ്യർ ബി. ഏ. എൽ. ടി. തയ്യാറാക്കിയ 1950 ലെ ഹൈസ്കൂൾ കെമിസ്ട്രി രണ്ടാം ഭാഗം (നാലാം പതിപ്പ്) എന്ന പാഠപുസ്തകത്തിൽ ഈ പദങ്ങൾ കാണുന്നുണ്ട്. തിരുവിതാംകൂർ സർവകലാശാല തയ്യാറാക്കിയ *Terms in Elementary Physics Malayalam* രണ്ടാം പതിപ്പ് 1952 ൽ ഈ മൂന്ന് പദങ്ങളും തന്നെയാണ് കാണുന്നത്.

52. 1964 ലെ ഏഴാം ക്ലാസ് ജനറൽ സയൻസ് പുസ്തകത്തിൽ ഇംഗ്ലീഷ് പദങ്ങൾ പ്യൂപ (Pupa), ടെൻഡ്രിൽസ് (Tendrils), കാർബോ ഹൈഡ്രേറ്റ്സ് (Carbohydrates), പ്രോട്ടീൻസ് (Proteins), ഫാറ്റ്സ് (Fats) എന്നിങ്ങനെ ലിപ്യന്തരണം ചെയ്ത് ഉപയോഗിക്കുകയും ബ്രാക്കറ്റിൽ ഇംഗ്ലീഷ് ലിപിയിൽത്തന്നെ പദങ്ങൾ നൽകുകയും ചെയ്യുന്നു. മുള്ളങ്കി (Raddish), കാരറ്റ് (Carrot) എന്നിങ്ങനെ മലയാളവാക്കുകൾക്ക് ബ്രാക്കറ്റിൽ ഇംഗ്ലീഷ് പദങ്ങൾ നൽകുന്ന രീതിയും ഇതിൽ കാണുന്നു. ചിത്രങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന പേരുകളെല്ലാം ഇംഗ്ലീഷ് ലിപിയിൽ തന്നെയാണ്. പുസ്തകത്തിന്റെ ആമുഖത്തിൽ 1962–63 മുതൽ നടപ്പിലാക്കിയ പുതിയ പാഠ്യപദ്ധതിയനുസരിച്ചുള്ള പുസ്തകമാണിതെന്നും ഈ പാഠ്യപദ്ധതിയിൽ ശാസ്ത്രത്തിന്റെയും ശരിയായ ശാസ്ത്രപഠനത്തിന്റെയും പ്രാധാന്യം കണക്കാക്കി അതിന് പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ടെന്നും പറയുന്നുണ്ട്.

പ്രബന്ധകാരൻ ഫേസ്ബുക്കിലൂടെ നടത്തിയ ഒരു ചർച്ചയിലൂടെയും മുതിർന്ന തലമുറയിൽപ്പെട്ടവരോട് നടത്തിയ ആശയവിനിമയത്തിലൂടെയും മനസ്സിലാക്കാൻ കഴിഞ്ഞത് 1961 ൽ S.S.L.C. എഴുതിയവരൊക്കെ ക്വഥനാങ്കം, ദ്രവണാങ്കം, സ്വേദനം തുടങ്ങിയ പദങ്ങൾ പഠിച്ചവരാണ് എന്നാണ്. എന്നാൽ പിന്നീട് ഒരു തലമുറ ഇംഗ്ലീഷ് പദങ്ങൾ പഠിച്ചവരായുണ്ട്. അത് 1975 ലെ S.S.L.C. ബാച്ച് വരെ തുടർന്നു.

1973 ൽ പുതുതായി വന്ന എട്ടാം ക്ലാസിലെ ശാസ്ത്രപാഠപുസ്തകങ്ങൾ 1976 ൽ പരിഷ്കരിക്കപ്പെട്ടു. ആ പരിഷ്കരണത്തിലെ ഒരു ഘടകം മാതൃഭാഷയിൽ നൽകിയിരുന്ന സാങ്കേതികപദങ്ങൾക്ക് തുല്യമായ ഇംഗ്ലീഷ് പദങ്ങൾ അതാതിടങ്ങളിൽ ബ്രാക്കറ്റിനകത്ത് നൽകാൻ തുടങ്ങി എന്നതായിരുന്നു. ആ വർഷത്തെ ആറാം ക്ലാസ് പുസ്തകങ്ങളിലും ഈ മാറ്റം കാണുന്നുണ്ട്. ഇത് പിന്നീട് തുടർന്നുപോരുന്നുമുണ്ട്.

53. ഭാഷയുടെ വൈജ്ഞാനികതലം ഉയർത്തുന്നതിൽ ഇൻസ്റ്റിറ്റ്യൂട്ടിനൊപ്പം തോളോടുതോൾ ചേർന്നുനിന്ന് പ്രവർത്തിച്ചിരുന്ന കേരള ശാസ്ത്രസാഹിത്യ പരിഷത്തും 1980 കളോടെ ഈ രംഗത്ത് ഏതാണ്ട് മൗനം പുലർത്തുന്നതായി കാണാം.

54. ഹിന്ദിയുടെ വികാസത്തിനുവേണ്ടി കേന്ദ്രസർക്കാർ വിവിധ കാലങ്ങളിൽ നടപ്പാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾക്ക് *ഭാഷാസൂത്രണം: പൊരുളും വഴികളും* എന്ന പുസ്തകം കാണുക.

55. ശ്യാം ബി. മേനോൻ അധ്യക്ഷനായുള്ള ഹയർ എഡ്യുക്കേഷൻ റിഫോംസ് കമ്മിറ്റി അതിന്റെ റിപ്പോർട്ടിൽ "The Commission recognises that Malayalam and the other languages spoken in Kerala have a critical role to play in fostering the development of a knowledge society. They must be strengthened as languages in which knowledge is produced and disseminated, and vehicles through which access to the knowledge produced in English and other languages of wider communication is ensured." (Commission for Reforms in Higher Education 75) എന്ന് രേഖപ്പെടുത്തുകയും അതിനുതകുന്ന ഒരുനടപടിയും നിർദേശിക്കാതിരിക്കുകയുമാണ് ചെയ്തത്.

# ഉപസംഹാരം

മാനവജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഇംഗ്ലീഷ് ഭാഷയുടെ അപ്രമാദിത്വം യാഥാർത്ഥ്യമാക്കുന്നതിലേക്കാണ് ആഗോളീകരണനയങ്ങൾ നയിച്ചത്. വിവരസാങ്കേതികവിദ്യാരംഗത്തുണ്ടായ കുതിച്ചുചാട്ടവും ഈ നയങ്ങൾക്ക് കീഴ്പ്പെട്ടിരിക്കുന്നതിനാൽ അറിവിന്റെ സാർവത്രികവൽക്കരണമെന്ന ലക്ഷ്യത്തിൽനിന്ന് അകന്നുപോവുകയും ഡിജിറ്റൽ ഡിവൈഡെന്ന പുതിയ വേർതിരിവുകൂടി സമൂഹത്തിൽ സംജാതമാവുകയും ചെയ്തിരിക്കുന്നു. നിരവധിയായ ഭാഷകൾ വലിയതോതിൽ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന സമകാലീനാവസ്ഥയിൽ മാറ്റങ്ങളോട് നിസ്സംഗമായിരിക്കുക, അല്ലെങ്കിൽ പുതിയ കാലത്തിന്റെ വെല്ലുവിളികളെ നേരിടാൻ കഴിയും വിധം സ്വയം സജ്ജമാവുക എന്നീ രണ്ടുവഴികളാണ് പ്രാദേശികഭാഷകളുടെ ഉപയോക്താക്കളുടെ മുന്നിലുള്ളത്.

വിജ്ഞാനഭാഷയെന്ന നിലയിൽ മലയാളത്തെ പ്രശ്നവൽക്കരിച്ചുകൊണ്ടുള്ള അന്വേഷണങ്ങൾക്ക് പ്രസക്തിയും സാധ്യതകളും ഏറെയുണ്ടെങ്കിലും അക്കാദമിക പണ്ഡിതരുടെ സജീവ പരിഗണനാവിഷയമായി അതിനിയും മാറിയിട്ടില്ല. ഭാഷാപരമായ അധീശത്വത്തിനെതിരായ സമരം സ്വന്തം ഭാഷയുടെ നവീകരണം ഉറപ്പുവരുത്തിക്കൊണ്ടും വൈജ്ഞാനികമേഖലകളിൽ അതിന്റെ സാന്നിധ്യവും ചൈതന്യവും നിലനിർത്തിക്കൊണ്ടും മാത്രമേ സാക്ഷാത്കരിക്കാനാവൂ. അത്തരമൊരു സമരമുഖം ആത്യന്തികമായി വിജ്ഞാനം, ഭാഷാവൈവിധ്യം, സാംസ്കാരികവൈവിധ്യം തുടങ്ങിയവയെ മാനവവംശത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന്റെ അടിസ്ഥാനഘടകങ്ങളായി കാണുന്നതും ശാസ്ത്രമേഖലയിൽ ഒരു ബഹുഭാഷാവീക്ഷണം വളർത്താൻ സഹായകമാകുന്നതുമായിരിക്കും. ഈയൊരു ചിന്താധാരയെ പിൻപറ്റി ഭാഷാസൂത്രണ സങ്കൽപ്പനങ്ങളുടെ വെളിച്ചത്തിൽ മലയാളത്തിന്റെ വൈജ്ഞാനികഭാഷാസ്വരൂപത്തെ വിലയിരുത്താനും അതിനെ നിർണയിക്കുന്നതിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എത്രത്തോളം സ്വാധീനം ചെലുത്തി എന്ന് പരിശോധിക്കാനുമാണ് നാല് അധ്യായങ്ങളിലൂടെ ഈ പ്രബന്ധം ശ്രമിച്ചത്.

## 0.1 പഠന നിരീക്ഷണങ്ങൾ

സാമൂഹികപ്രസ്ഥാനങ്ങൾ, ദേശീയപ്രസ്ഥാനം, കമ്യൂണിസ്റ്റ് പ്രസ്ഥാനം തുടങ്ങിയവ യെല്ലാം ചേർന്ന് സൃഷ്ടിച്ച പുതിയ കേരളദേശീയസങ്കൽപം മറ്റു പലരംഗങ്ങളോടൊപ്പം ഭാഷയിലെ വൈജ്ഞാനികധാരയ്ക്കും കരുത്തുനൽകിയിരുന്നു. കേരളരൂപീകരണത്തിനു ശേഷം ഭാഷയുടെ വൈജ്ഞാനികതലം ശക്തിപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ പ്രധാനമായും നടന്നത് ശാസ്ത്രസാഹിത്യ സമിതി, കേരള ശാസ്ത്രസാഹിത്യ പരിഷത്ത് പോലുള്ള സംഘടനകളിലൂടെയും മാതൃഭൂമി ആഴ്ചപതിപ്പ് പോലുള്ള പ്രസിദ്ധീകരണങ്ങളിലൂടെയും സർക്കാരിന്റെ നേതൃത്വത്തിലുള്ള സ്ഥാപനങ്ങളിലൂടെയുമാണ്. സംസ്ഥാനരൂപീകരണത്തിനുശേഷം മലയാളത്തിലെ വൈജ്ഞാനികസാഹിത്യം വളർച്ച നേടിയിട്ടുണ്ടെങ്കിലും, ആവശ്യവുമായി താരതമ്യം ചെയ്യുമ്പോൾ അത് നിരവധി വെല്ലുവിളികളെ നേരിടുന്നതായി കാണാം. ഭാഷാപോഷണത്തിനായി സ്ഥാപനങ്ങളും സംവിധാനങ്ങളും വർഷങ്ങളായി പ്രവർത്തിച്ചുപോരുന്നുണ്ടെങ്കിലും, ഇപ്പോഴും സാഹിത്യപ്രധാനമായ ഒരു ഭാഷയായി മലയാളം നിലകൊള്ളുന്നു. അധ്യയനമാധ്യമമെന്ന നിലയിൽ ഭാഷാന്യൂനപക്ഷ പ്രദേശങ്ങളിലൊഴികെ ഏതാണ്ട് സമ്പൂർണ ആധിപത്യമുണ്ടായിരുന്ന മലയാളം സ്കൂൾ വിദ്യാഭ്യാസരംഗത്തുനിന്നും വളരെ പുറകോട്ടുപോയിക്കൊണ്ടിരിക്കുന്നതിനാൽ ഭാഷയുടെ വൈജ്ഞാനികവളർച്ചയിൽ പുതിയ പ്രതിസന്ധി വളർന്നുവരികയുമാണ്.

മലയാളത്തിലെ ഭാഷാപോഷണശ്രമങ്ങളിൽ ഏറ്റവും വിപുലമായതും ആസൂത്രിതവുമായിരുന്നതും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങളായിരുന്നു. ആധുനിക വിജ്ഞാനപ്രചാരണത്തിനുള്ള ഫലപ്രദമായ മാധ്യമമായി മലയാളഭാഷയെ വികസിപ്പിക്കുകയും അതിന്റെ സമ്പത്തും ശക്തിയും ദ്രുതഗതിയിൽ വളർത്തുകയും ചെയ്യുക എന്നതായിരുന്നു ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുഖ്യലക്ഷ്യം. മലയാളഭാഷയുടെ വികസനത്തിനായുള്ള പരിപ്രേക്ഷ്യവും അതിനനുസരിച്ച വൈവിധ്യമാർന്ന പ്രവർത്തനപരിപാടികളും ആസൂത്രണം ചെയ്യാൻ തുടക്കത്തിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് കഴിഞ്ഞു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളെ മൊത്തത്തിലും ആദ്യദശകത്തിലെ പ്രവർത്തനങ്ങളെ സവിശേഷമായും പരിശോധിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ കാണാൻ കഴിയും.

- ഭാഷാസൂത്രണത്തിന്റെ നിരവധി ഘടകങ്ങൾ ഉൾക്കൊള്ളുന്നതായിരുന്നു ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആദ്യദശകത്തിലെ പ്രവർത്തനങ്ങൾ.

- കൃത്യമായ ആസൂത്രണത്തെ മുൻനിർത്തിയുള്ള ഒന്നാം ദശകത്തിലെ പുസ്തക നിർമാണ പരിപാടിയിൽ പാഠപുസ്തകങ്ങൾ, അധികവായനയ്ക്കുള്ള പുസ്തകങ്ങൾ, റഫറൻസ് പുസ്തകങ്ങൾ എന്നിവയ്ക്കായിരുന്നു മുൻതൂക്കം.

- പുസ്തകനിർമാണത്തിന് തിരഞ്ഞെടുത്ത വിഷയമേഖലകളുടെ വൈപുല്യം, അതിലൂടെ പരിഗണിച്ച ഗുണഭോക്തൃവിഭാഗങ്ങളുടെ വൈവിധ്യം എന്നിവ ശ്രദ്ധേയമായിരുന്നു.

- വിവിധ വൈജ്ഞാനികമേഖലകളിലെ ആധികാരികവും കാലികവുമായ പുസ്തകങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു.

- പ്രസിദ്ധീകരിക്കപ്പെട്ടവയിൽ പരിഭാഷാ പുസ്തകങ്ങൾ ധാരാളമുണ്ടായിരുന്നുവെങ്കിലും മൗലികരചനകൾ തന്നെയായിരുന്നു എണ്ണത്തിൽ കൂടുതൽ.

- അക്കാദമികസമീപനത്തോടെ വിഷയത്തെ പരിചരിക്കുന്നതിനൊപ്പം സാങ്കേതികപദാവലി, ബിബ്ലിയോഗ്രാഫി തുടങ്ങിയവ പുസ്തകങ്ങളിൽ നൽകുന്നതിലും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അക്കാലത്ത് ശ്രദ്ധ പുലർത്തിയിരുന്നു.

- സമയപരിമിതി ഉള്ളതിനാൽ, ജനകീയചർച്ചയ്ക്കു വിധേയമാക്കാത്ത കരട് സാങ്കേതികപദങ്ങളെ മുൻനിർത്തി ആദ്യഘട്ട പുസ്തകങ്ങൾ തയ്യാറാക്കുകയാണെന്നും, പദാവലി കറതീർത്തതിനുശേഷം അവ പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുമെന്നും, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വ്യക്തമാക്കാതിരുന്നത് പുസ്തകങ്ങളിലെ ഭാഷാപരിചരണത്തെക്കുറിച്ച് പ്രതികൂല അഭിപ്രായങ്ങൾ രൂപപ്പെടുന്നതിനിടയാക്കി.

- ഉന്നതവിദ്യാഭ്യാസമേഖലയിലെ പാഠപുസ്തകങ്ങൾ എന്ന ലക്ഷ്യത്തിൽനിന്ന് പോപ്പുലർ പുസ്തകങ്ങളുടെ രംഗത്തേക്കുള്ള ചുവടുമാറ്റം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ രണ്ടാം ദശകത്തിൽത്തന്നെ ആരംഭിക്കുന്നതു കാണാം.

- പ്രകൃതിശാസ്ത്രങ്ങൾ, ഭൗതികശാസ്ത്രങ്ങൾ, സാങ്കേതികശാസ്ത്രങ്ങൾ എന്നീ മേഖലകളിലെല്ലാം രണ്ടാം ദശകത്തോടെ പുസ്തകങ്ങളുടെ തോത് കുറഞ്ഞുതുടങ്ങുകയും ഭാഷ/സാഹിത്യം മേഖലയിൽ കൂടുതൽ പുസ്തകങ്ങൾ പുറത്തുവരികയും ചെയ്തു. ഈ വ്യതിയാനം പിന്നീട് വർധിക്കുകയും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങളുടെ വലിയ പങ്കും ഭാഷ/സാഹിത്യം മേഖലകളിലായി മാറുകയും ചെയ്തു.

- ശാസ്ത്ര–സാമൂഹികശാസ്ത്ര രംഗങ്ങളിൽ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾതന്നെ പോപ്പുലർ പുസ്തകങ്ങളായി മാറിയതും കാണാം. അതിനാൽ ഉയർന്ന നിലവാരത്തിലുള്ള വൈജ്ഞാനികപുസ്തകങ്ങൾ ഭാഷയിൽ വിരളമായേ ഇന്ന് കടന്നുവരുന്നുള്ളൂ.

- അക്കാദമിക സ്ഥാപനം എന്ന നിലയിൽ പരിഗണിക്കേണ്ടതില്ലാത്ത പുസ്തകങ്ങളും പിൽക്കാലത്ത് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിദ്ധീകരണപദ്ധതിയിൽ ഇടംപിടിച്ചു.

- സാഹിത്യസംബന്ധമായ പുസ്തകങ്ങൾ പുറത്തിറക്കാനും പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും സർക്കാർതലത്തിലും അല്ലാതെയും മറ്റ് നിരവധി സംവിധാനങ്ങൾ ഉണ്ട്. വൈജ്ഞാനികപുസ്തകങ്ങൾ പ്രസിദ്ധീകരിക്കാൻ മറ്റ് സംവിധാനങ്ങൾ ഏറെ ഇല്ലെന്നിരിക്കെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഈ രംഗത്തുനിന്നുള്ള പിന്മാറ്റം ഭാഷയുടെ വൈജ്ഞാനികവളർച്ചയെ പ്രതികൂലമായി ബാധിക്കുന്നതായി മാറി.

- അഞ്ചുപതിറ്റാണ്ടുകളിലായി വളരെ വലിയ സംഭാവന മലയാള വൈജ്ഞാനികശേഖരത്തിലേക്ക് നൽകാനും എഴുത്തുകാരുടെ നീണ്ട നിരയെ സൃഷ്ടിക്കാനും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആനുകാലികമായ വിജ്ഞാനകൈരളിക്ക് കഴിഞ്ഞിട്ടുണ്ട്.

- വ്യത്യസ്ത വൈജ്ഞാനികധാരകളുടെ സമഞ്ജസമായ ആദ്യകാല ഉള്ളടക്കസ്വഭാവം തുടരാൻ വിജ്ഞാനകൈരളിക്കും കഴിഞ്ഞില്ല. ശാസ്ത്ര–സാമൂഹികശാസ്ത്രമേഖലയിലുള്ള ഉള്ളടക്കം ഭാഷ/സാഹിത്യം മേഖലയ്ക്ക് വലിയതോതിൽ വഴിമാറി.

- വൈജ്ഞാനികഭാഷാവികാസത്തിൽ വലിയ പ്രാധാന്യമുള്ള ഗവേഷണജേണൽ– വിജ്ഞാനപോഷിണി– മുന്നോട്ടുകൊണ്ടുപോവാൻ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് കഴിയാതെ പോയി.

- ഭാഷാസൂത്രണവുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനമേഖലകളിലും ആദ്യകാലത്തെ കാഴ്ചപ്പാടിൽ നിന്ന് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വ്യതിചലിച്ചു. വിവരസാങ്കേതികവിദ്യാരംഗത്തെ മാറ്റങ്ങൾക്കൊപ്പമെത്താൻ ഭാഷയെ ഒരുക്കുന്ന പ്രവർത്തനങ്ങളിലും ഇൻസ്റ്റിറ്റ്യൂട്ടിന് മുന്നേറാനായില്ല.

- സാങ്കേതികപദങ്ങൾ രൂപപ്പെടുത്താനുള്ള ഇൻസ്റ്റിറ്റ്യൂട്ടിന്റെ ശ്രമങ്ങൾ അതിന്റെ സംസ്കൃതാഭിമുഖ്യത്തെ മുൻനിർത്തി വലിയതോതിൽ വിമർശിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ വിമർശനങ്ങളിലേറെയും സൃഷ്ടിപരമായിരുന്നില്ല.

- ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമാവുംമുമ്പേ മലയാളത്തിൽ ഉപയോഗിച്ചുപോന്ന ക്വഥനാങ്കം, ദ്രവണാങ്കം തുടങ്ങിയ പദങ്ങളെ മുൻനിർത്തി ഇൻസ്റ്റിറ്റ്യൂട്ടിനെതിരെ വിമർശനങ്ങൾ ഉയർന്നുവന്നത് ശാസ്ത്രസാങ്കേതികപദങ്ങളെക്കുറിച്ചുള്ള ചർച്ച പൊതുമണ്ഡലത്തിലേക്ക് എത്തിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ടിന് കഴിഞ്ഞു എന്നതിന്റെ നിദർശനമായും വിലയിരുത്താവുന്നതാണ്.
- ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന പ്രവർത്തനമായിരുന്നു സാങ്കേതികപദ നിർമാണം. സാങ്കേതികപദമേഖലയിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഇടപെടലുകളെ വിലയിരുത്തുമ്പോൾ താഴെ പറയുന്ന കാര്യങ്ങളിലേക്ക് എത്തിച്ചേരും.

1. ശാസ്ത്ര–സാമൂഹികശാസ്ത്ര മേഖലകളിലെ സാങ്കേതികപദങ്ങൾ ഭാഷയിൽ വ്യവസ്ഥപ്പെടുത്താൻ നടത്തിയ സംഘടിതവും ഏറ്റവും വിപുലമായതുമായ ശ്രമമായിരുന്നു ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആദ്യകാലത്ത് നടന്ന പ്രവർത്തനം.

2. സി.എസ്.ടി.ടി.യുടെ പദാവലികളെ മുൻനിർത്തി വേണം മലയാളത്തിലെ പദനിർമാണമെന്നത് പദ്ധതിക്ക് ലഭിച്ച ഫണ്ടുമായി ഉൾച്ചേർന്ന വ്യവസ്ഥയായിരുന്നു.

3. സി.എസ്.ടി ടി.യുടെ പദാവലികളെ അടിസ്ഥാനമാക്കിയതിനാൽ രൂപപ്പെടുത്തിയ പദങ്ങളിൽ വലിയൊരു ഭാഗം സംസ്കൃതാധിഷ്ഠിതപദങ്ങളുടെ നേർ ഉപയോഗമായി മാറി.

4. അതേ അവസരത്തിൽ വിജ്ഞാന ശബ്ദാവലിയിൽ ലിപ്യന്തരണം, മിശ്രരൂപങ്ങൾ എന്നിവയിലൂടെ ഭാഷയുമായി വിളക്കിച്ചേർത്ത അന്താരാഷ്ട്രപദങ്ങൾ ഏതാണ്ട് നാൽപ്പതുശതമാനം വരുമായിരുന്നു. പക്ഷേ, പരിചിതമല്ലാത്ത സംസ്കൃതപദങ്ങളുടെ മുഴച്ചുനിൽക്കലിനിടയിൽ ഇക്കാര്യം വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ പോയി.

5. ശബ്ദാവലികൾ അച്ചടിക്കുംമുമ്പ് ജനകീയചർച്ചയ്ക്ക് വിധേയമാക്കാൻ സമയപരിമിതി മൂലം കഴിയാതെ പോയത് വലിയ വീഴ്ചയായിരുന്നു. ധൃതിപിടിച്ച് പദാവലികൾ അച്ചടിച്ച് പുറത്തിറക്കിയതിനാൽ ആവർത്തനങ്ങളും തെറ്റുകളും മറ്റുതരത്തിലുള്ള പോരായ്മകളും അവയിൽ വന്നുചേർന്നു.

6. സംവാദത്തിന്റെയും അതിന്റെ അടിസ്ഥാനത്തിലുള്ള തിരുത്തലിന്റെയും ഇടം ഇൻസ്റ്റിറ്റ്യൂട്ട് തുറന്നിട്ടിരുന്നുവെങ്കിലും അതിനോട് ക്രിയാത്മകമായി പ്രതികരിക്കാ

നുള്ള ശ്രമങ്ങൾ ഏറെ ഉണ്ടായില്ല. ഇടപെട്ട് തിരുത്തുന്നതിനു പകരം ന്യൂനതകളെ പെരുപ്പിച്ചുള്ള അടച്ചാക്ഷേപിക്കലുകൾക്കാണ് മുൻതൂക്കം ലഭിച്ചത്.

7. പുതിയ സാങ്കേതികപദങ്ങൾ അപരിചിതങ്ങളായി തോന്നുക സ്വാഭാവികമാണ്. അതത് വിഷയമേഖലയിലുള്ള പുസ്തകങ്ങളിൽ ഉപയോഗിക്കപ്പെടുന്ന അവസരത്തിലാണ് അവ ഭാഷയുമായി ഇണങ്ങിച്ചേരുന്നുണ്ടോ, സ്വീകാര്യമാണോ, തള്ളേണ്ടതാണോയെന്ന് അന്തിമമായി തീരുമാനിക്കപ്പെടുക. അധ്യയനമാധ്യമം മാറ്റാൻ സർവകലാശാലകൾ തയ്യാറാകാത്തതിനാൽ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയ പദാവലികൾ പ്രയോഗിച്ചുനോക്കി നെല്ലും പതിരും വേർതിരിക്കാനുള്ള അവസരവും നഷ്ടമായി.

8. അധ്യയനമാധ്യമകാര്യത്തിലുണ്ടായ വഴിമുട്ടൽ, ക്രിയാത്മകമായ ചർച്ചകൾ ഉയർന്നുവരാതിരിക്കൽ എന്നിവമൂലം തുടർന്ന് സാങ്കേതികപദനിർമാണരംഗത്ത് ഇൻസ്റ്റിറ്റ്യൂട്ട് സക്രിയമായി പ്രവർത്തിച്ചില്ല. ഇതുമൂലം സാങ്കേതികപദനിർമാണമെന്നത് നിരന്തരമായി നടക്കേണ്ട ഒന്നാണെന്നതിനു പകരം ഒറ്റത്തവണ ചെയ്തുനിർത്തുന്ന ഒരു പ്രവർത്തനമായി ഏതാണ്ട് മാറി.

9. കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്തേക്ക് അക്കാലത്ത് പുതുതായി വലിയ തോതിൽ കടന്നുവന്നുകൊണ്ടിരുന്ന വിഭാഗം പഴയ തലമുറയെപ്പോലെ സംസ്കൃതപരിചയമുള്ളവരല്ലെന്നും അവർക്ക് അൽപ്പമെങ്കിലും പരിചയമുള്ളത് ഇംഗ്ലീഷാണെന്നുമുള്ള വസ്തുത പദരൂപീകരണത്തിൽ പരിഗണിക്കപ്പെടാതെ പോയി.

10. സി.എസ്.ടി.ടി.യുടെ നിബന്ധനകൾക്കനുസരിച്ച് പദനിർമാണം നടത്തവേ തന്നെ രണ്ടാം പദങ്ങളെന്ന നിലയിൽ സംസ്കൃതപദങ്ങൾക്ക് പകരം മറ്റുതരത്തിലുള്ള പദങ്ങൾ മുന്നോട്ടുവെക്കുക എന്ന രീതി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആലോചനയിൽ വരാതെ പോയി. പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവരുടെ സംസ്കൃതാഭിമുഖ്യം ഇതിൽ അബോധമായി പ്രവർത്തിച്ചിട്ടുണ്ടാവാം.

11. അന്താരാഷ്ട്രപദങ്ങൾ ധാരാളമായി ഉപയോഗിക്കണമെന്ന, ഇൻസ്റ്റിറ്റ്യൂട്ടിനകത്തു തന്നെയുള്ളവരുടെ അഭിപ്രായങ്ങൾക്ക് വേണ്ടത്ര പരിഗണന കിട്ടാതെ പോയി.

12. സി.എസ്.ടി.ടി.യുടെ പാൻ–ഇന്ത്യൻ പദാവലി സങ്കൽപ്പനത്തെ വിമർശനാത്മകമായി പരിശോധിക്കാനും അതിൽ പൊളിച്ചെഴുത്തുകൾ വേണമെ

ന്ന് ആവശ്യപ്പെടാനും കേരളത്തിലെ അക്കാദമികസമൂഹവും രാഷ്ട്രീയസമൂഹവും തയ്യാറായില്ല.

13. സർവകലാശാലാ നിലവാരത്തിലുള്ള പദങ്ങളെ സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങളിലേർപ്പെട്ടെങ്കിലും അതിന്റെ മുന്നോടിയായ സ്കൂൾ വിദ്യാഭ്യാസരംഗത്തെ സാങ്കേതികപദങ്ങളെ പരിശോധിക്കാനോ, പഠിക്കാനോ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗത്തുനിന്ന് ശ്രമങ്ങളുണ്ടായില്ല.

14. ഭാഷയിൽ നടത്തിയ ശക്തമായ ഒരിടപെടലായിരുന്നു സാങ്കേതികപദശ്രീകരണമെങ്കിലും, സൃഷ്ടിച്ച പദങ്ങളെക്കുറിച്ചും അതിന്റെ സ്വീകാര്യത സംബന്ധിച്ചും ആന്തരികമായ സംവിധാനങ്ങൾ ഉപയോഗിച്ചോ, പുറത്തുനിന്നുള്ള ഏജൻസികളുടെ സഹായത്താലോ ശാസ്ത്രീയമായ പഠനങ്ങൾക്ക് ഇൻസ്റ്റിറ്റ്യൂട്ട് മുതിർന്നില്ല. സി.എസ്.ടി.ടി.യുടെ ഫണ്ട് ലഭിക്കാനുള്ള സാധ്യത വീണ്ടും പ്രയോജനപ്പെടുത്തിയ വേളയിലും മുൻ അനുഭവങ്ങളെ ശാസ്ത്രീയമായ വിലയിരുത്തുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് മുതിർന്നില്ല.

15. ഉപയോഗശൂന്യമായ പദങ്ങൾ തള്ളിക്കൊഴിച്ച് അവയ്ക്കുപകരം പുതുപദനിർമാണം നടത്തി ഈ പ്രവർത്തനവും അതുവഴി ഭാഷയെയും മുന്നോട്ടുകൊണ്ടുപോവാനുള്ള സാമൂഹ്യസമ്മർദങ്ങൾ ഉയർന്നുവന്നതേയില്ല. പ്രവർത്തനങ്ങളിൽ പറ്റിയ പോരായ്മകളെ മുൻനിർത്തിയുള്ള പരിഹാസമാണ് ഉയർന്നത്. മെച്ചപ്പെടുത്തി ശ്രമം മുന്നോട്ടു കൊണ്ടുപോവേണ്ടതിന്റെ പ്രാധാന്യം അക്കാദമിക് സമൂഹം പോലും തിരിച്ചറിഞ്ഞില്ല.

- പരിമിതികളും പോരായ്മകളുമുണ്ടായിരുന്നെങ്കിലും ഒന്നാം ദശകത്തിലെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ ശരിയായ ദിശയിലുള്ളതായിരുന്നു. പോരായ്മകൾ പരിഹരിച്ചുകൊണ്ട് മുന്നോട്ടുപോവുന്നതിനുപകരം ദിശ മാറിയുള്ള സഞ്ചാരമാണ് സംഭവിച്ചത്.

- ഭാഷയുടെ കോർപ്പസ് തലത്തിൽ ഇടപെടുന്നതിനുള്ള സ്ഥാപനം എന്നതിനുപകരമായി ഒരു പുസ്തകപ്രസാധന സ്ഥാപനം എന്ന നിലയിലേക്ക് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മാറിയത് എവിടെയും ചർച്ചാവിഷയമായില്ല.

- അധ്യയനമാധ്യമമാറ്റത്തിൽ കേരളത്തിലെ സർവകലാശാലകൾ ആത്മാർത്ഥത പുലർത്താതിരുന്നതും കേന്ദ്രഫണ്ടിനെ സംബന്ധിച്ചുണ്ടായ പ്രശ്ന

ങ്ങളുമാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രതിസന്ധികളുടെ തുടക്കം. എന്നാൽ, ഇവയ്ക്കപ്പുറമുള്ള കാര്യങ്ങളും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഇന്നത്തെ അവസ്ഥയ്ക്ക് കാരണമാണ്.

- ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഇന്നത്തെ സ്ഥിതിയെ വിലയിരുത്തുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ അടയാളപ്പെടുത്താൻ കഴിയും.

1. പരിപ്രേക്ഷ്യവും കർമപരിപാടിയും പുതുക്കാനും കാലാനുസൃതമാക്കാനുമുള്ള ശ്രമങ്ങളുണ്ടായില്ല
2. അക്കാദമികസമൂഹവുമായുണ്ടായിരുന്ന ബന്ധം കാത്തുസൂക്ഷിക്കാൻ കഴിഞ്ഞില്ല.
3. പൊതുസമൂഹവുമായുള്ള ബന്ധത്തിൽ കുറവുവരുകയും സ്ഥാപനം ഒരു തുരുത്തായി മാറുകയും ചെയ്തു.
4. വേറിട്ട പ്രവർത്തനശൈലി തുടക്കത്തിൽ രൂപപ്പെടുത്തിയെങ്കിലും അത് നിലനിർത്താനായില്ല.
5. സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ വിശകലനം ചെയ്യാനുള്ള ശ്രമം ആന്തരികമായോ ബാഹ്യമായോ ഉണ്ടായില്ല.
6. പുതുവഴികളിലൂടെ സ്ഥാപനത്തെ മുന്നോട്ടുനയിക്കാൻ കെൽപ്പുള്ള നേതൃത്വത്തെ കണ്ടെത്താൻ ഭരണസംവിധാനങ്ങൾക്ക് കഴിഞ്ഞില്ല.

- ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഇന്നത്തെ അവസ്ഥ വെളിപ്പെടുത്തുന്നത് മാതൃഭാഷാസംരക്ഷണത്തിന്റെ രാഷ്ട്രീയവും ഭാഷാസൂത്രണത്തിന്റെ പ്രാധാന്യവും ഉൾക്കൊള്ളാൻ കഴിയാത്ത സാമൂഹിക-രാഷ്ട്രീയനേതൃത്വങ്ങളുടെ പരിമിതിയും മലയാളികളുടെ മാതൃഭാഷാ മനോഭാവവുമാണ്. അധ്യയനമാധ്യമകാര്യത്തിൽ സർവകലാശാലകൾ കൈക്കൊണ്ട സമീപനം അതിന്റെ നിദർശനമായിരുന്നു.

- അവജ്ഞയോട് അടുത്തുനിൽക്കുന്ന മലയാളികളുടെ മാതൃഭാഷാമനോഭാവം ആഴത്തിൽ വേരുകളുള്ള ഒന്നാണ്. എന്നാൽ അതിന്റെ വേരുകളിലേക്കും കാരണങ്ങളിലേക്കും ചെന്നെത്തുന്ന അന്വേഷണങ്ങൾ ഇതുവരെ ഉണ്ടായിട്ടില്ല. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ ലക്ഷ്യത്തിൽ നിന്ന് അകലുമ്പോൾ അതിനോട് സമൂഹത്തിന്റെ പ്രതികരണങ്ങൾ രൂപപ്പെട്ടുവരാഞ്ഞത് ഈ മാതൃഭാഷാ മനോഭാവത്തിന്റെ ഫലമെന്നേ വിലയിരുത്താനാവൂ.

- വിജ്ഞാനവിസ്ഫോടനത്തിന്റെയും ഡിജിറ്റൽ വിപ്ലവത്തിന്റെയും വൈജ്ഞാനിക വിനിമയരംഗത്തെ സമകാലീന പ്രശ്നങ്ങളുടെയും പശ്ചാത്തലത്തിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലക്ഷ്യപ്രസ്താവനകളും പരിപ്രേക്ഷ്യവും പരിഷ്കരിക്കേണ്ടതുണ്ട്.

## 0.2 ഉപരിചർച്ച

- വിജ്ഞാനഭാഷയെന്ന നിലയിൽ വികസിക്കാനുള്ള സാധ്യതകൾ നിലനിൽക്കുന്ന ഒരു ഭാഷയാണ് മലയാളമെന്ന കാര്യം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തുടക്കകാലത്ത് നടത്തിയിരുന്ന പ്രവർത്തനങ്ങളിലൂടെ തെളിയിച്ചിട്ടുണ്ട്.
- തദ്ഭവമായോ തത്സമമായോ മിശ്രരീതിയിലോ സാങ്കേതികപദങ്ങളെ ഉൾക്കൊള്ളാനുള്ള ശേഷിയും മലയാളഭാഷയ്ക്കുണ്ട്. ഉപയോഗത്തിലൂടെ അവ ഭാഷയിൽ ഉൾച്ചേരുന്നുണ്ടോയെന്ന് പരിശോധിക്കുകയും ഇല്ലെങ്കിൽ എങ്ങിനെ ഉൾച്ചേർക്കാമെന്നുള്ള അന്വേഷണത്തിലേർപ്പെടുകയും ചെയ്യേണ്ടതുണ്ട്.
- സാങ്കേതികപദങ്ങൾ ഭാഷയിലേക്ക് കൊണ്ടുവരുന്നതിലപ്പുറം ശാസ്ത്രസങ്കൽപനങ്ങളെ ഭാഷയിലേക്ക് വിളക്കിച്ചേർക്കാൻ കഴിയുക എന്നതിലായിരിക്കണം ഊന്നൽ. സാങ്കേതികപദങ്ങൾ അതിനുപുറകെ കടന്നുവരും.
- വൈജ്ഞാനികവളർച്ചയുടെ തോത്, പരസ്പരം ഇടപഴകാത്ത അറകൾ (compartments) എന്ന രീതി കൈവെടിഞ്ഞ് വലിയ തോതിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന വിഷയമേഖലകളുടെ ഉദ്ഗ്രഥനം, ഈ അന്തർവൈജ്ഞാനികമേഖലകൾക്ക് കൈവരുന്ന പ്രാധാന്യം, ആഗോളഗ്രാമമെന്ന നിലയിലേക്കുള്ള മാറ്റം തുടങ്ങിയ ഘടകങ്ങളെ മുൻനിർത്തി അന്താരാഷ്ട്ര സാങ്കേതികപദങ്ങൾക്ക് വലിയതോതിലുള്ള മുൻതൂക്കം കാലഘട്ടത്തിന്റെ ആവശ്യമാണ്.
- നവംനവങ്ങളായ വിഷയങ്ങളെ ഭാഷയുമായി വിളക്കിച്ചേർക്കുമ്പോൾ ഒരു പുതിയ മണിപ്രവാളഭാഷ ഉണ്ടാവുകയെന്നത് സ്വാഭാവികമാണ്. അതിനെ നോക്കി നെറ്റി ചുളിക്കുകയോ ശുദ്ധവാദമുയർത്തുകയോ ക്ലാസിക്കലാവണമെന്ന് വാശിപിടിക്കുകയോ ചെയ്യുന്നതിൽ അർത്ഥമില്ല. വിവിധ ഭാഷകൾ വളർന്നുവന്ന വഴി അതാണ്.

- വൈജ്ഞാനികതലത്തിലുള്ള ഭാഷയുടെ വളർച്ച ഏകമുഖമായ നടപടികളാൽ മാത്രം സാധിതമാകുന്നതല്ല. സാങ്കേതികപദങ്ങളുടെ പ്രശ്നം മാത്രമായി വൈജ്ഞാനികഭാഷയുടെ പ്രശ്നത്തെ ചുരുക്കിക്കാണാനും കഴിയില്ല. അക്കാദമിക ജേണലുകൾ, വിവിധ തലങ്ങളിലുള്ള ശാസ്ത്രസമ്മേളനങ്ങൾ, അധ്യയനമാധ്യമം, ഭാഷയുടെ ആധുനികവത്കരണം, വിപുലമായ റഫറൻസ് മെറ്റീരിയലുകളുടെ നിർമാണം, ഭാഷാമാനകീകരണം, വിവരസാങ്കേതികവിദ്യയുടെ വികാസവും ലഭ്യതയും ഉറപ്പുവരുത്തൽ, ഭാഷാമനോഭാവങ്ങളിലെ മാറ്റങ്ങൾ സാധിതമാക്കൽ എന്നിങ്ങനെ നിരവധി ഘടകങ്ങളെ പരിഗണിച്ചുകൊണ്ടുള്ള പരിഹാരനടപടികളിലൂടെയേ അത് സാധ്യമാവൂ.

- സമഗ്രമായ മാറ്റങ്ങൾ സാധിതമാക്കാൻ കഴിയുംവിധമുള്ള ഭാഷാനയവും ഭാഷാസൂത്രണ പരിപാടികളും ഉണ്ടാക്കിക്കൊണ്ടുമാത്രമേ വൈജ്ഞാനികഭാഷാ പരിവർത്തനം സാധിതമാകയുള്ളൂ.

- പദവി ആസൂത്രണത്തേക്കാൾ വിപുലനം, മാനകീകരണം, ആധുനികീകരണം എന്നിവയിൽ ഊന്നി കോർപ്പസ് ആസൂത്രണത്തിനാണ് ഇന്ന് മലയാളത്തിൽ പ്രാധാന്യം നൽകേണ്ടത്.

- കോർപ്പസ് ആസൂത്രണ പ്രവർത്തനങ്ങൾക്ക് പൂരകമായി പുതിയ ധർമങ്ങളുടെ നിർവഹണത്തിലേക്ക് ഭാഷയെ നയിച്ചുകൊണ്ടുമാത്രമേ അതിനെ ഫലപ്രാപ്തിയിലേക്ക് എത്തിക്കാനാവൂ.

- 'മറ്റുള്ളവരുടെ പെരുമാറ്റശീലങ്ങളിൽ മാറ്റം വരുത്താനുള്ള ബോധപൂർവമായ പരിശ്രമമെന്ന' റോബർട്ട് കൂപ്പറുടെ ഭാഷാസൂത്രണ നിർവചനത്തിന്റെ ചുവടുപിടിച്ച് മലയാളികളുടെ ഭാഷാമനോഭാവത്തിൽ ഇടപെടുകയെന്നത് കേരളത്തിൽ നടക്കേണ്ട ഭാഷാസൂത്രണപരിപാടികളുടെ ആദ്യപടിയാവേണ്ടതുണ്ട്. ഭാഷാസൂത്രണ ചർച്ചകളിൽ ഭാഷാമനോഭാവവും ബന്ധപ്പെട്ട കാര്യങ്ങളും പതിവായി കടന്നുവരാറുണ്ട്. മനോഭാവം മാറ്റാമെന്നോ, മാറ്റണമെന്നോ ഉള്ള അനുമാനം തീർച്ചയായും ഭാഷാസൂത്രണപരിപാടികളിൽ വ്യക്തമായോ പരോക്ഷമായോ അടങ്ങിയിരിക്കുകയും ചെയ്യും.

- ലോകശ്രദ്ധ പിടിച്ചുപറ്റിയ കേരളവികസനാനുഭവം/കേരള വികസനമാതൃകയിൽ, ഐക്യകേരളത്തിന്റെ അടിസ്ഥാനഘടകമായിരുന്ന മലയാളം ഒരിക്കലും പരിഗ

ണിക്കപ്പെട്ടിരുന്നില്ല. ഭാഷയെ ഒരു വിഭവമായി പരിഗണിച്ചുകൊണ്ടുള്ള വികസനസമീപനം കരുപ്പിടിപ്പിക്കേണ്ടതുണ്ട്. മാതൃഭാഷയിലധിഷ്ഠിതമായ ബഹുഭാഷാസമീപനം എന്നതായിരിക്കണം ഭാഷാനയത്തിന്റെ അടിസ്ഥാന കാഴ്ചപ്പാട്.

- ഭാഷാവൈവിധ്യം പരിഹരിക്കപ്പെടേണ്ട ഒരു പ്രശ്നമാണെന്ന കാഴ്ചപ്പാടിനു പകരം ഭാഷ ഒരു വിഭവമെന്ന നിലയിൽ പരിഗണിക്കുമ്പോൾ സഹകരണാധിഷ്ഠിതമായ ഭാഷാസൂത്രണ നടപടികളിലേക്ക് കടക്കാൻ കഴിയുമെന്ന് റിച്ചാർഡ് റൂയിസ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

- വിജ്ഞാനസമൂഹമായി കേരളത്തെ മാറ്റാനുള്ള ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ മലയാളത്തെ വിജ്ഞാനഭാഷയായി മാറ്റുകയെന്ന ലക്ഷ്യത്തിന് മുമ്പെന്നത്തേക്കാളും പ്രാധാന്യം കൈവരുന്നുണ്ട്. അറിവിന്റെ ഉൽപ്പാദനം മാത്രമല്ല, അതിന്റെ പ്രസാരണവും വൈജ്ഞാനികസമൂഹനിർമിതിയിൽ പ്രാധാന്യമർഹിക്കുന്ന ഘടകമാണ്. "വിവരങ്ങളെ ഉപയോഗിച്ചുകൊണ്ട് മാനവപുരോഗതിക്കുവേണ്ടി വിജ്ഞാനം നിർമിക്കാനും പ്രയോഗിക്കാനുമായി തിരിച്ചറിയൽ, ഉൽപ്പാദിപ്പിക്കൽ, ക്രമീകരിക്കൽ, പരിവർത്തിപ്പിക്കൽ, പ്രസരിപ്പിക്കൽ, എന്നീ ശേഷികളുള്ള സമൂഹങ്ങളാണ് വിജ്ഞാനസമൂഹങ്ങൾ." എന്നാണ് യുനെസ്കോ വിജ്ഞാനസമൂഹത്തെ നിർവചിക്കുന്നത്.

- അന്താരാഷ്ട്ര വൈജ്ഞാനികഭാഷയായി മാറ്റാനല്ല, മറിച്ച് ഉൾറിഷ് അമോൺ നിരീക്ഷിച്ചതുപോലെ, സ്വന്തം ഭാഷകസമൂഹത്തിന് പ്രയോജനം ലഭിക്കുന്ന തരത്തിൽ പ്രാദേശികഭാഷകളുടെ വൈജ്ഞാനികവിനിമയക്ഷമത വർധിപ്പിക്കുക എന്നതിനെ മുൻനിർത്തി മലയാളത്തെ വിജ്ഞാനഭാഷയായി മാറ്റാനുള്ള പ്രവർത്തനങ്ങളുടെ പ്രസക്തി വർധിച്ചുവരികയാണ്. മാതൃഭാഷയിലൂടെയുള്ള വിജ്ഞാനാർജനം പുതിയ തലങ്ങൾ തുറക്കുകയും വിജ്ഞാനോൽപ്പാദനത്തെ ത്വരിപ്പിക്കുകയും ചെയ്യും.

- ഭാഷാസൂത്രണമെന്നത് ഭാഷാശാസ്ത്രത്തിന്റെയും സാമൂഹികഭാഷാശാസ്ത്രത്തിന്റെയും അതിരുകൾ ഭേദിച്ച ഒന്നാണ്. അക്കാദമിക കാഴ്ചപ്പാടിൽ നിന്ന് നോക്കുമ്പോൾ ഒരു അന്തർവൈജ്ഞാനികവിഷയമാണ് അത്. എന്നാൽ പ്രായോഗികതലത്തിലെത്തുമ്പോഴാകട്ടെ സംശയലേശമന്യേ അത് ഒരു രാഷ്ട്രീയപ്രശ്നമാണ്.

## 0.3 തുടർപഠന സാധ്യതകൾ

ഈ പഠനത്തിന്റെ അനുബന്ധമെന്നോണം നടത്താവുന്ന ചില തുടർപഠനങ്ങളുടെ സാധ്യതയെക്കുടി സൂചിപ്പിക്കുന്നു

- ശാസ്ത്ര–സാമൂഹികശാസ്ത്ര വിഷയങ്ങളിലെ മലയാള സാങ്കേതികപദങ്ങൾ– ഭാഷാശാസ്ത്രതലത്തിൽ നിന്നുള്ള പഠനം.
- മലയാളത്തിലെ ശാസ്ത്ര–സാങ്കേതികപദങ്ങളെക്കുറിച്ച് നടന്ന ചർച്ചകളെ നിർണയിച്ച ഘടകങ്ങളും അവയിലെ സംഘർഷവും.
- യുക്തിചിന്ത, ശാസ്ത്രബോധം, കപടശാസ്ത്രം– മലയാള പത്രങ്ങളിലേയും ആനുകാലികങ്ങളിലേയും വൈജ്ഞാനിക ഉള്ളടക്കത്തിൽ വന്നിട്ടുള്ള മാറ്റങ്ങളെക്കുറിച്ചുള്ള ആഴത്തിലുള്ള പഠനം.
- മലയാള ഓൺലൈൻ ശേഖരത്തിലെ വൈജ്ഞാനിക ഉള്ളടക്കം– സവിശേഷതകളും പ്രശ്നങ്ങളും.
- മലയാള പുസ്തകപ്രസാധനമേഖലയും വൈജ്ഞാനികസാഹിത്യവും– ഐക്യകേരളപ്പിറവിക്കുശേഷമുള്ള ഇടർച്ചയും തുടർച്ചയും.
- ശാസ്ത്രസങ്കൽപനങ്ങളും സാങ്കേതികപദങ്ങളും– മലയാളത്തിലെ സ്കൂൾ ശാസ്ത്ര പാഠപുസ്തകങ്ങളെ മുൻനിർത്തിയുള്ള ചരിത്രപരവും വിശകലനാത്മകവുമായ പഠനം.
- പ്രമുഖരായ ശാസ്ത്രരചയിതാക്കളുടെ കൃതികളെ മുൻനിർത്തി മലയാളത്തിലെ ശാസ്ത്രകൃതികളുടെ പാഠാപഗ്രഥനം.
- 1960 കളിൽ കേരളത്തിലെ ഉന്നതവിദ്യാഭ്യാസമേഖലയിൽ നിലവിലുണ്ടായിരുന്ന സ്വകാര്യ പാഠപുസ്തകങ്ങളും സർവകലാശാലകളിലെ അധ്യയനമാധ്യമമാറ്റവും തമ്മിൽ സംഘർഷം ഉടലെടുത്തിരുന്നുവോ എന്നുള്ള അന്വേഷണം.
- ഭൗതികശാസ്ത്രങ്ങൾ, പ്രകൃതിശാസ്ത്രങ്ങൾ, സാങ്കേതികശാസ്ത്രങ്ങൾ, സാമൂഹികശാസ്ത്രങ്ങൾ എന്നീ മേഖലകളിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയ പുസ്തകങ്ങളുടെ വെവ്വേറെയുള്ള പാഠാപഗ്രഥനങ്ങൾ.

- കൊച്ചി ഭാഷാ പരിഷ്കരണ കമ്മിറ്റിയുടെ സംഭാവനകളുടെ അപഗ്രഥനം.

- വിജ്ഞാനത്തിന്റെ ജനകീയവൽക്കരണം എത്രത്തോളം?– കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ വൈജ്ഞാനികസാഹിത്യ സംഭാവനകളെ മുൻനിർത്തിയുള്ള അപഗ്രഥനം.

- മലയാളികളുടെ ഭാഷാമനോഭാവത്തിന്റെ പ്രത്യേകതകളും അതിലേക്ക് നയിച്ച ചരിത്ര/സാമൂഹിക ഘടകങ്ങളും.

- ഇംഗ്ലീഷുമാധ്യമവിദ്യാഭ്യാസവും മാതൃഭാഷാമാധ്യമവിദ്യാഭ്യാസവും ശാസ്ത്ര–സാമൂഹികശാസ്ത്ര പഠനങ്ങളെ എങ്ങനെ ബാധിക്കുന്നു. കേരളത്തിലെ ക്ലാസ് മുറികളെ മുൻനിർത്തിയുള്ള താരതമ്യപഠനം.

- വ്യത്യസ്ത വൈജ്ഞാനിക ശാഖകളിൽ മലയാളത്തിന്റെ ഇതഃപര്യന്തമുള്ള ഉള്ളടക്കത്തെ അളവുപരമായും ഗുണപരമായും വിലയിരുത്തുന്ന പഠനങ്ങൾ.

- കേരളത്തിലെ ഭാഷാസ്ഥാപനങ്ങളുടെ പ്രവർത്തനം– വിശകലനം.

- വിജ്ഞാനവും സമൂഹവും– വിജ്ഞാനകൈരളിയെ മുൻനിർത്തിയുള്ള സാംസ്കാരിക പഠനം.

- ഭാഷാകമ്പ്യൂട്ടിങ്ങ് രംഗത്ത് പ്രയോജനപ്പെടുത്താൻ കഴിയുന്ന രീതിയിലുള്ള മലയാള മാനകീകരണ ചട്ടക്കൂടിനുവേണ്ടിയുള്ള അന്വേഷണം.

# ശുപാർശകൾ

ഈ വിശകലനത്തിലൂടെ കണ്ടെത്താൻ കഴിഞ്ഞ വസ്തുതകളെ മുൻനിർത്തി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാവിയെപ്പറ്റിയുള്ള ആലോചനകൾക്ക് പ്രസക്തിയുണ്ട്. അത്തരമൊരു ചർച്ചയിൽ പരിഗണിക്കേണ്ട ഏതാനും കാര്യങ്ങൾ ചൂണ്ടിക്കാണിക്കാം.

- കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനെ കേവലമൊരു പുസ്തകപ്രസാധനശാലയായി കാണുന്ന ഇന്നത്തെ സമീപനം തിരുത്തണം. മലയാളഭാഷയുടെ വളർച്ചയ്ക്കുള്ള പ്രധാന സ്ഥാപനമായി അതിനെ വിഭാവനം ചെയ്യണം. വിജ്ഞാനയുഗത്തിന് അനുയോജ്യമായ വിധത്തിൽ മലയാളഭാഷയെ ഒരുക്കുകയെന്ന ജോലിയാണ് ഇന്ന് ഇൻസ്റ്റിറ്റ്യൂട്ടിന് ചെയ്യാനുള്ളത്.

- മലയാളത്തിനായുള്ള ഭാഷാസൂത്രണനയം രൂപപ്പെടുത്തുകയും അതിനായുള്ള പരിപാടികൾ നടപ്പിലാക്കുകയുമാവണം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രാഥമിക കർത്തവ്യം.

- ആധുനിക വൈജ്ഞാനികമേഖലകളിൽ മൗലികമായ ഗ്രന്ഥങ്ങൾ പുറത്തിറക്കുന്നതോടൊപ്പം ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലുള്ള സാങ്കേതികവിദ്യാമുന്നേറ്റങ്ങളെ പ്രയോജനപ്പെടുത്തി മറ്റു ഭാഷകളിലെ വൈജ്ഞാനികകൃതികളെ വലിയതോതിൽ മലയാളത്തിലേക്ക് കൊണ്ടുവരാനുള്ള ശ്രമങ്ങളും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചുമതലയായിരിക്കണം.

- ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, മലയാള സർവകലാശാല, സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, മലയാളം ലെക്സിക്കൺ, കേരള സാഹിത്യ അക്കാദമി തുടങ്ങിയ സ്ഥാപനങ്ങൾ ഏകോപിപ്പിക്കുകയും ആവർത്തനം ഉണ്ടാവില്ലെന്ന് ഉറപ്പുവരുത്തി അവയുടെ പ്രവർത്തനം പരസ്പരപൂരകമാവും വിധം ആസൂത്രണം ചെയ്യുകയും വേണം.

- കേരളത്തിലെ സർവകലാശാലകൾ മലയാളഭാഷയുടെ വളർച്ചയ്ക്ക് ബാധ്യതപ്പെട്ടുന്നവയാവുംവിധം നിയമനിർമാണം നടത്തുകയും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്നു പ്രവർത്തിക്കാൻ അവയെ ചുമതലപ്പെടുത്തുകയും വേണം.

